# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 16, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 160 - നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 16, ബുധൻ

സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. പാലോട് രവി**

സെക്രട്ടറി

**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...25
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...25
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...59

**II. അടിയന്തരപ്രമേയം**

ആരോഗ്യമേഖലയുടെ തകർച്ച—
(അവതരണാനുമതി നിഷേധിച്ചു) ...352

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) തെരുവ് നായ്ക്കളുടെ ആക്രമണം—
ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ) ...378

(2) വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ പൂർത്തീകരണം—
ശ്രീ. എ.കെ.ബാലൻ ...385

**IV. സബ്മിഷൻ**

(1) ചേരി നിവാസികളുടെ കരം സ്വീകരിക്കൽ—
പ്രതിപക്ഷനേതാവ്
(ശ്രീ. വി.എസ്.അച്ചുതാനന്ദൻ) ...391

(2) കരാറുകാരുടെ ദുരിതാശ്വാസ കുടിശ്ശിക തുക—
ശ്രീ. കെ.രാധാകൃഷ്ണൻ ...393

(3) തീരദേശ വാസികൾ നേരിടുന്ന ബുദ്ധിമുട്ട്—
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ...394

(4) എൻഡോസൾഫാൻ ദുരിതബാധിതരുടെ ആവലാതികൾ—
ശ്രീ. എൻ.എ. നെല്ലിക്കുന്ന് ...395

(5) 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന്റെ മൂന്നാംഖണ്ഡികയുടെ ഭേദഗതി—
ശ്രീ. റോഷി അഗസ്റ്റിൻ ...398

പേജ്

(6) വിദ്യാഭ്യാസ വായ്പ തിരികെ ഈടാക്കുവാനുള്ള ചുമതല—

ശ്രീമതി ഇ. എസ്. ബിജിമോൾ ...401

(7) കശുവണ്ടിഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത—

ശ്രീ. എ.എ.അസീസ് ...403

(8) ഭാരതപ്പുഴ നദീതട വികസന അതോറിറ്റി—

ശ്രീ. സി. പി. മുഹമ്മദ് ...405

(9) കുന്നമ്മൽ കുടിവെള്ളപദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത—

ശ്രീ. ഇ. കെ. വിജയൻ ...407

(10) പാഠ്യപദ്ധതിയിൽ കൃഷിസംസ്കാരം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത—

ഡോ. എൻ. ജയരാജ് ...408

11) ആന്തൂർ നഗരസഭയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ—

ശ്രീ. ജെയിംസ് മാത്യു ...410

(12) വിദ്യാഭ്യാസ സംവരണം—

ശ്രീ. ലൂഡി ലൂയിസ് ...412

(13) വിശ്വകർമ്മജർക്ക് പെൻഷൻ—

ശ്രീ. വി. പി. സജീന്ദ്രൻ ...413

(14) ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കൽ—

ശ്രീ. വി.റ്റി.ബൽറാം ...414

(15) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ—

ശ്രീ. ആർ.രാജേഷ് ...417

(16) ദേശീയപാതയിലെ അപകട സാധ്യത—

ശ്രീ. വർക്കല കഹാർ ...419

പേജ്

(17) റെയിൽവേ ഗേറ്റും എസ്കലേറ്ററും സ്ഥാപിക്കൽ—

ശ്രീ. ഷാഫി പറമ്പിൽ ...421

(18) ഗ്രാമീണ റോഡുകളുടെ കരാർ—

ശ്രീ. എ. റ്റി. ജോർജ് ...422

(19) സേവന-വേതന പരിഷ്കരണം—

ശ്രീ. കെ. മുരളീധരൻ ...423

(20) പി.എച്ച്.ലാബ് പ്രവർത്തനസജ്ജമാക്കൽ—

ശ്രീ. പി. ഉബൈദുള്ള ...426

(21) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തൽ—

ശ്രീ. എം.ഹംസ ...427

(22) ശമ്പള പരിഷ്കരണം—

ശ്രീ. കെ. വി.വിജയദാസ് ...428

**V. മേശപ്പുറത്തു വച്ച കടലാസ്സുകൾ**

1. ലിസ്റ്റ് I പ്രകാരമുള്ള കടലാസ്സുകൾ

2. ചട്ടം 47(2) പ്രകാരമുള്ള കടലാസ്സുകൾ ...429

**VI. റിപ്പോർട്ട് സമർപ്പണം**

1. 'ലബോറട്ടറികളുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ റിപ്പോർട്ട് ...437

2. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപത്തിഒൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ ... 437

3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ ... 438

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ട് മുതൽ

മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ ... 438

**VII. സ്റ്റാറ്റ്യൂട്ടറി പ്രമേയം**

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ)

ആക്ടിലെ (1974-ലെ 29-ാം ആക്ട്) 3 എ വകുപ്പിലെ(1)-ാം
ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരമുള്ള പ്രമേയം

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) ...438

**VIII. നിയമനിർമ്മാണകാര്യം**

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും

1. 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ ... 439

2. 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ ...439

3. 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ ...439

**IX. അറിയിപ്പ്**

സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

—മി. സ്പീക്കർ ...465

**(നിയമനിർമ്മാണകാര്യം - തുടർച്ച)**

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ

പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(1) 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസ്സുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

**X. പ്രമേയം**

കാര്യോപദേശക സമിതി റിപ്പോർട്ടിലെ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) ...465

**(നിയമനിർമ്മാണകാര്യം - തുടർച്ച)**

(2) 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) ...465

**XI. ക്രമപ്രശ്നം**

ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലെ പിഴവ്

ശ്രീ. എ. കെ. ബാലൻ ...562

**(നിയമനിർമ്മാണകാര്യം - തുടർച്ച)**

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2015 ഡിസംബർ 16, ബുധൻ*

വാല്യം 160] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2015 ഡിസംബർ മാസം 16-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയും മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ബാനറുകളും പ്ലക്കാർഡുകളും പിടിച്ചുകൊണ്ട് എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം നിശബ്ദരാകുകയും സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ......ഓർഡർ......ചോദ്യം നമ്പർ (*271*299) എന്നിവ ക്ലബ് ചെയ്യാവുന്നതാണ്.

### ബഹുനില മന്ദിരങ്ങൾക്ക് അനുമതി

1(*271) ശ്രീ. എസ്. ശർമ്മ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനില മന്ദിരങ്ങൾക്ക് അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട്

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ഏതെല്ലാമാണ്;

(ബി) പ്രസ്തുത കെട്ടിടങ്ങൾ വാസയോഗ്യമാണെന്ന അന്തിമ അനുമതി നൽകുന്നതാരാണ്; ഇതിനാവശ്യമായ രേഖകൾ/എൻ.ഒ.സി. ഏതെല്ലാമാണ്;

(സി) പ്രസ്തുത രേഖകളിൽ ഏതെങ്കിലും സമീപകാലത്ത് ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ;

(ഡി) പ്രസ്തുത മാറ്റം വരുത്തിയത് കേന്ദ്ര കെട്ടിട നിർമ്മാണച്ചട്ടത്തിന് അനുസൃതമായിട്ടാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ,

(എ) കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ബഹുനില മന്ദിരങ്ങൾ ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത്. കേരള മുനിസിപ്പാലിറ്റി ആക്ടിലേയും കേരള പഞ്ചായത്ത് രാജ് ആക്ടിലേയും വ്യവസ്ഥകൾ പ്രകാരമാണ് പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ബഹുനില മന്ദിരങ്ങളുടെ സുരക്ഷാ വ്യവസ്ഥകൾ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾ അദ്ധ്യായം XVII-ലും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ അദ്ധ്യായം XIX-ലും പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകളും മറ്റുനിയമ വ്യവസ്ഥകളും പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തി അതത് നഗരസഭ/ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ് കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത്.

(ബി) കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണച്ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിയും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 25 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമാണ് കെട്ടിടങ്ങൾ വാസയോഗ്യമാണെന്ന് അന്തിമ സർട്ടിഫിക്കറ്റ് നൽകുന്നത്. ഇതിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് ഉടമസ്ഥൻ സമർപ്പിക്കേണ്ടതാണ്. കൂടാതെ, ആവശ്യമെങ്കിൽ ഫയർ വകുപ്പ്, ഡിഫൻസ് വകുപ്പ്, റെയിൽവെ വകുപ്പ്, ആർട്ട് & ഹെറിറ്റേജ് കമ്മീഷൻ, എയർപോർട്ട് അതോറിറ്റി, പരിസ്ഥിതി വകുപ്പ് എന്നീ വകുപ്പുകളുടെ എൻ.ഒ.സി.-കളും സമർപ്പിക്കേണ്ടതാണ്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**ബഹുനില കെട്ടിടങ്ങളുടെ സുരക്ഷ**

2 (*299) ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. എ. കെ. ബാലൻ:
ശ്രീ. വി. ശിവൻകുട്ടി:
ശ്രീ.പി.ശ്രീരാമകൃഷ്ണൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനില കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള നാഷണൽ ബിൽഡിംഗ് കോഡ് സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി)നാഷണൽ ബിൽഡിംഗ് കോഡിന്റേയും സർക്കാർ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ വിശദീകരിക്കാമോ ;

(സി) ഫയർ ഫോഴ്സ് മേധാവിയായിരിക്കെ ഡി.ജി.പി. ഡോ. ജേക്കബ് തോമസ്, എൻ.ബി.സി. പാലിച്ച കെട്ടിടങ്ങൾക്ക് മാത്രം അനുമതി നൽകിയാൽ മതിയെന്ന് തീരുമാനിച്ചതായി അറിവുണ്ടോ; എങ്കിൽ ഇപ്രകാരം അനുമതി നിഷേധിക്കപ്പെട്ട പ്രോജക്ടുകൾ എത്രയായിരുന്നു; അവ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ഡി) മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിലെടുത്ത നിലപാട് എന്താണ്; വിശദമാക്കാമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ,

(എ) ഇല്ല.

(ബി) കേരള മുനിസിപ്പൽ/പഞ്ചായത്ത് കെട്ടിട നിർമ്മാണച്ചട്ടങ്ങളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് കെട്ടിട നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നത്. നാഷണൽ ബിൽഡിംഗ് കോഡ് കെട്ടിട നിർമ്മാണത്തിനുള്ള ഒരു മാർഗ്ഗരേഖ മാത്രമാണ്. അത് നിയമമല്ല. എന്നാൽ നാഷണൽ ബിൽഡിംഗ് കോഡിന്റെ ചില ഭാഗങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 8-12-2015-ൽ പുറപ്പെടുവിച്ച സ.ഉ. (എംഎസ്.) 249/2015/ആഭ്യന്തരം നമ്പർ ഉത്തരവിൽ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ-2005 കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ നിയമവ്യവസ്ഥകൾ അനുവർത്തിക്കുവാനും പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത

മേഖലകളിൽമാത്രം നാഷണൽ ബിൽഡിംഗ് കോഡ്-2005 അനുവർത്തിച്ചാൽ മതിയെന്നും തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്. ഫയർ ആന്റ് റസ്ക്യൂ സർവ്വീസസിന്റെ എൻ.ഒ.സി. ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച 46 അപേക്ഷകൾ ഡോ. ജേക്കബ് തോമസ്, ഡി.ജി.പി. താൽക്കാലികമായി നിരസിച്ചിരുന്നു. പ്രസ്തുത അപേക്ഷകരുടെ പേരും മേൽവിലാസവും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ - 2005 കെട്ടിട നിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിട നിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ, കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾ എന്നിവയിലെ നിയമവ്യവസ്ഥകൾ അനുവർത്തിക്കുവാനും പ്രസ്തുത നിയമത്തിലെ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽമാത്രം നാഷണൽ ബിൽഡിംഗ് കോഡ്-2005 അനുവർത്തിച്ചാൽ മതിയെന്നും തീരുമാനിച്ച് 8-12-2015-ൽ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 249/2015/ആഭ്യന്തരം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗുരുതരമായ ആരോപണങ്ങളും ആക്ഷേപങ്ങളും നിലനിൽക്കുകയാണ്. സമീപകാലത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ് പാറ്റൂർ ഫ്ലാറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം. പാറ്റൂർ ഫ്ലാറ്റ് നിർമ്മാണത്തിൽ ക്രമക്കേടും ഭൂമി കയ്യേറ്റവും നടന്നിട്ടുണ്ടെന്നും ഗുരുതരമായ ചട്ടലംഘനത്തിലൂടെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും വിശദീകരിച്ചുകൊണ്ട് വിജിലൻസ് നമ്പർ T2/1456/2015 എന്ന ഫയൽ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഫയൽ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധനാകുമോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ആ ഫയൽ ഇപ്പോൾ എന്റെ കയ്യിലില്ല. പരിശോധിച്ചശേഷം മാത്രമേ അതിനെക്കുറിച്ച് പറയാൻ കഴിയൂ. കഴിഞ്ഞ സഭാ സമ്മേളനകാലത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പാറ്റൂർ ഫ്ലാറ്റ് നിർമ്മാണത്തെക്കുറിച്ച് വളരെ വിശദമായി സംസാരിച്ചുകൊണ്ട് സബ്മിഷൻ അവതരിപ്പിച്ചിരുന്നു. 24-12-2011-ൽ നൽകിയ പെർമിറ്റിന് 17-6-2014-ൽ റിവൈസ്ഡ് പെർമിറ്റ് നൽകിയപ്പോൾ വസ്തുവിന്റെ വിസ്തീർണ്ണം 16.5 സെന്റ് കുറച്ചാണ് നൽകിയിരുന്നതെങ്കിലും പഴയ പ്ലാൻ അപ്പാടെ പുതുക്കി നൽകുകയായിരുന്നു. പഴയ പ്ലാനിൽ ഭൂമിയുടെ അതിരിന്റെ അളവുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകിയിരുന്നുമില്ല. മാത്രവുമല്ല കെട്ടിട വിസ്തീർണ്ണം കൂടിയെങ്കിലും ചീഫ് ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരം വാങ്ങാതെയാണ് പുതുക്കി നൽകിയത്. ഇത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. ഈ വീഴ്ചയ്ക്കുത്തര വാദികളെന്ന് പ്രഥമദൃഷ്ട്യാ കണ്ടെത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. ആനന്ദ രാജുവിനെയും പബ്ലിക് ഓവർസീയർ എസ്. ജയകുമാറിനെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, ക്രമവിരുദ്ധമായി എന്തെങ്കിലും ചെയ്തതിന്റെ പേരിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറേയോ ഓവർസീയറേയോ സസ്പെൻഡ് ചെയ്ത കാര്യമല്ല ഞാൻ ഇവിടെ പറഞ്ഞത്. എല്ലാവരും കേട്ട കാര്യമാണ്. ഞാൻ ഫയൽ നമ്പർ ക്വാട്ട് ചെയ്തു. T2/1456/2015 നമ്പരായി ഗവൺമെന്റിന് സമർപ്പിച്ച ഫയൽ മേശപ്പുറത്ത് വയ്ക്കാൻ സന്നദ്ധനാണോ എന്നാണ് എനിക്കറിയേണ്ടത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അത് വിജിലൻസിന്റെ ഫയലാണ്. ആ ഫയൽ എന്റെ കയ്യിലില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിലെ ജനസംഖ്യാ വർദ്ധനവിന്റെ തോതും വിസ്തൃതിയുടെ കുറവും പരിഗണിച്ച് കേരളത്തിൽ ബഹുനിലക്കെട്ടിടങ്ങൾ വേണ്ട എന്നുള്ള അഭിപ്രായം ഞങ്ങൾക്കില്ല. കേരളത്തിൽ ബുർജ് ഖലീഫയെപ്പോലെയുള്ള വലിയ കെട്ടിടങ്ങൾ വരുന്നതിനും ഞങ്ങൾ എതിരല്ല. പക്ഷേ ആവശ്യമായ സുരക്ഷാമാനദണ്ഡങ്ങൾ ഉറപ്പുവരുത്തണമെന്നതാണ് വിഷയം. ഇവിടെ ബഹുമാന്യനായ മന്ത്രി നാഷണൽ ബിൽഡിംഗ് കോഡിനെ സംബന്ധിച്ച് പറഞ്ഞു. അതൊരു ഗൈഡ്‌ലൈൻ മാത്രമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പക്കൽ C.M. Dinesh Mani Vs State of Kerala എന്ന കേസ്സിന്റെ വിധിയുടെ പകർപ്പുണ്ടാകുമെന്ന് ഞാൻ കരുതുന്നു.'Therefore, the various provisions are included in KMBR itself where NBC had been made applicable which indicates that the Government had taken into consideration NBC while enacting the KMBR' എന്ന് ആ വിധിയിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഒരു വലിയ കെട്ടിടത്തിൽ തീ പിടുത്തമുണ്ടായാൽ അതിന് ആര് മറുപടി പറയും. അത്തരം തീ പിടുത്തങ്ങൾ ഒഴിവാക്കുന്നതിന് നാഷണൽ ബിൽഡിംഗ് കോഡിൽ പറയുന്ന കാര്യങ്ങൾ ഉറപ്പുവരുത്താൻ ശ്രമിച്ചതിന്റെ പേരിലാണ് ബഹുമാന്യനായ ഡി.ജി.പി.യെ തൽസ്ഥാനത്തുനിന്നും മാറ്റിയത്. അപ്പോൾ സുരക്ഷാ മാനദണ്ഡങ്ങൾ ആവശ്യമില്ലേ; NBC യഥാർത്ഥത്തിൽ KMBR നടപ്പാക്കുമ്പോൾ അതിലെ നിർദ്ദേശങ്ങൾ അല്ലെങ്കിൽ മാനദണ്ഡങ്ങൾ പാലിക്കേണ്ടതല്ലേ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, NBC നമ്മുടെ KMBR-ൽ ഉൾപ്പെടുത്തിയ പല കാര്യങ്ങളും അതേ രീതിയിൽത്തന്നെയാണ് പാലിക്കുന്നത്. അതിൽ

യാതൊരു വ്യത്യാസവും വരുത്തിയിട്ടില്ല. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ NBC വ്യത്യാസമാണ്. ഓരോ സംസ്ഥാനങ്ങളിലും വ്യത്യാസമാണ്. അപ്പോൾ NBC ഫോളോ ചെയ്യുകയാണെങ്കിൽ എല്ലായിടത്തും ഒരുപോലെ ആയിരിക്കണ്ടേ? ഇപ്പോൾ അങ്ങനെയല്ലല്ലോ. നമ്മൾ NBC കൃത്യമായി ഫോളോ ചെയ്യുന്നുണ്ട്. NBC ഒരു ഗൈഡ്ലൈൻ മാത്രമാണ്. 'It is only a guideline' എന്ന് ആ വിധിയിൽ കൃത്യമായി പറയുന്നുണ്ട്. ആ ഗൈഡ്ലൈൻ ഉപയോഗിച്ച് KMBR-ൽ എന്തെല്ലാം ഉൾപ്പെടുത്താൻ കഴിയുമോ അതെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൾപ്പെടുത്താത്ത എന്തെങ്കിലും കാര്യമുണ്ടെങ്കിൽ NBC ഫോളോ ചെയ്യണമെന്ന് KMBR-ൽ പറഞ്ഞിട്ടുമുണ്ട്. അക്കാര്യത്തിൽ ഒരു കൺഫ്യൂഷനും ഉണ്ടായിട്ടില്ല. പഴയകാലത്ത് തുടർന്നുവന്നിരുന്ന അതേ നയംതന്നെയാണ് ഇപ്പോഴും തുടരുന്നത്. ഒരു വ്യത്യാസവും വരുത്തിയിട്ടില്ല.
ശ്രീ. കെ. വി. വിജയദാസ്: സർ, സംസ്ഥാനത്ത് കോർപ്പറേഷൻ ഏരിയകളിൽ മാത്രം 25,000 അനധികൃത കെട്ടിടങ്ങളുണ്ടെന്നും 9 മുനിസിപ്പൽ പ്രദേശങ്ങളിലായി കെട്ടിട നിർമ്മാണച്ചട്ടം ലംഘിച്ച 5000 കെട്ടിടങ്ങളുണ്ടെന്നും അങ്ങ് നിയമസഭയിൽ അറിയിച്ചതാണ്. സുരക്ഷ, സംരക്ഷണരീതി, പരിസ്ഥിതി എന്നിവ ബലികഴിക്കാതെ ഭീമമായ പിഴ ഈടാക്കി ഇത്തരം കെട്ടിടങ്ങളെ നിയമാനുസൃതമാക്കാൻ ഉദ്ദേശിക്കുന്നതായി അങ്ങ് നിയമസഭയിൽ പറഞ്ഞു. ഇത്തരത്തിൽ നിയമവിരുദ്ധമായി കെട്ടിയുണ്ടാക്കിയ എത്ര കെട്ടിടങ്ങളെ നിയമാനുസൃതമാക്കി; ഇവരിൽനിന്നും എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ട് എന്നുള്ളതിനെക്കുറിച്ച് പറയാമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ നിയമസഭയിൽ അങ്ങ് പറഞ്ഞ രീതിയിൽ പറഞ്ഞിട്ടില്ല. സുരക്ഷയ്ക്ക് ഭീഷണിയില്ലാത്ത കെട്ടിട നിർമ്മാണങ്ങൾ മാത്രമേ റെഗുലറൈസ് ചെയ്യുകയുള്ളൂ. ഇക്കാര്യത്തെക്കുറിച്ച് പല പ്രാവശ്യം സഭയിൽ പറഞ്ഞതാണ്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലുമായി ഏകദേശം 25000 മുതൽ 30000 കെട്ടിടങ്ങൾക്ക് unauthorised ആയി നമ്പരുകൾ കൊടുത്തിട്ടുണ്ട്. ചെറിയ കെട്ടിടങ്ങളാണ്. ഈ നിയമം വന്നതിനുശേഷം ആകെ 50 കെട്ടിടങ്ങൾ മാത്രമേ റെഗുലറൈസ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. ധാരാളം ആളുകൾ അപേക്ഷിച്ചുവെങ്കിലും പല കാരണങ്ങളാൽ റിജെക്ട് ചെയ്യേണ്ടിവന്നു. 50 കെട്ടിടങ്ങൾ എന്നുപറഞ്ഞാൽ 20 വീടുകളും 30 കെട്ടിടങ്ങളും മാത്രമാണ്. 3.4 കോടി രൂപയാണ് ഫൈൻ ഇനത്തിൽ കളക്ട് ചെയ്തത്. പത്തിരുന്നൂറോളം ആപ്ലിക്കേഷനുകൾ ലഭിച്ചുവെങ്കിലും സുരക്ഷാ വീഴ്ചയുണ്ടെന്ന് മനസ്സിലാക്കിയപ്പോൾ റിജെക്ട് ചെയ്തു. അല്ലാതെ അപ്ലൈ ചെയ്യുന്ന എല്ലാവർക്കും റെഗുലറൈസ് ചെയ്ത് കൊടുക്കുന്നില്ല. അതിന് കൃത്യമായ നിബന്ധന വച്ചിട്ടുണ്ട്. സുരക്ഷാവീഴ്ചയില്ലെങ്കിൽ മാത്രമേ റെഗുലറൈസ് ചെയ്യുകയുള്ളൂ.

<u>ശ്രീ. കെ സുരേഷ് കുറുപ്പ്</u> : സർ, മൂന്ന് നില കെട്ടിടങ്ങൾ മാത്രം മതിയോ, ബഹുനിലകെട്ടിടങ്ങളും വേണ്ടേയെന്നാണ് മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും പറഞ്ഞുകൊണ്ടിരിക്കുന്നത്. ആരെങ്കിലും എതിര് നിൽക്കുന്നുണ്ടെന്നാണ് ഇതുകേട്ടാൽ തോന്നുന്നത്. ബഹുനില കെട്ടിടങ്ങൾ പണിയുമ്പോൾ അതിനനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളുണ്ടാക്കുന്നതിനു വേണ്ടിയിട്ടല്ലേ നിയമത്തിൽ വ്യവസ്ഥകൾ ഉണ്ടാക്കിവച്ചിട്ടുള്ളത്? ചട്ടങ്ങൾ മറികടന്നും ലഘൂകരിച്ചും ബഹുനില മന്ദിരങ്ങൾ കെട്ടിപ്പൊക്കുന്നതിന് ഗവൺമെന്റ് പറയുന്നത്, ഫയർ ഫോഴ്സും മറ്റും പറയുന്ന നിബന്ധനകൾ ആവശ്യമില്ലായെന്നാണ്. ഇതിനുമുമ്പ് ആരുമറിയാതെ ബഹുനില മന്ദിരങ്ങളിലേക്ക് പോകുന്ന വഴിയുടെ വീതി ഇത്രയാകണമെന്നുള്ള റൂൾസ് അമെന്റ് ചെയ്തില്ലേ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുനില മന്ദിരങ്ങളെ സംബന്ധിച്ച പ്രധാനപ്പെട്ട സുരക്ഷാ റിക്വയർമെന്റ്സെല്ലാം ഘട്ടംഘട്ടമായി അമെന്റ് ചെയ്തു. ഒരു ഫയർ എഞ്ചിനോ ആംബുലൻസിനോ കടന്നുപോകാൻ പറ്റാത്ത രീതിയിൽ വേണമെങ്കിൽ ബഹുനില മന്ദിരങ്ങളുണ്ടാക്കാം. ഈ ചട്ടങ്ങൾ അമെന്റ് ചെയ്യുന്നതിലൂടെ ഇതാണ് ഗവൺമെന്റ് നിരന്തരമായി ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് നിയമവിരുദ്ധവും ജനവിരുദ്ധവുമാണ്. ഇത് നാട്ടിലെ വൻകിട കെട്ടിട ലോബിയെ സഹായിക്കാൻവേണ്ടി മാത്രമുള്ളതാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ മുമ്പിൽവന്ന നിർദ്ദേശങ്ങളെയെല്ലാം മറികടന്നുകൊണ്ട് അമെന്റ് ചെയ്ത റൂൾസ് പുനഃസ്ഥാപിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് ഗവൺമെന്റ് തയ്യാറാണോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, അമെന്റ് ചെയ്ത റൂൾസ് പുനഃസ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറല്ല. കാരണം, 2010-ൽ എൽ.ഡി.എഫ്. സർക്കാർ ഉണ്ടാക്കിയ മാറ്റങ്ങൾ റിവേഴ്സ് ചെയ്തുവെന്നേയുള്ളൂ. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഒന്നുമിവിടെ ചെയ്തിട്ടില്ല. അന്ന് നിങ്ങൾ കൊടുത്തിട്ടുള്ള പാർക്കിംഗ് കുറച്ചുകൂടി കൂട്ടി. രണ്ട് കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഒന്ന്, ഫയർ എൻ.ഒ.സി.-യുടെ കാര്യം. കോഴിക്കോട്ടുള്ള ഒരു ബിൽഡിംഗിന്റെ ചിത്രമാണിത്. 2009-ൽ എൻ.ഒ.സി. കൊടുത്തതാണ്. കോർപ്പറേഷൻ ഓഫീസുകളിലും ടൗൺ പ്ലാനിംഗ് ഓഫീസിലും CTP ഓഫീസിലും രണ്ട് വർഷം കറങ്ങിയിട്ടാണ് ബിൽഡിംഗ് പെർമിറ്റ് കിട്ടിയത്. അതിന്റെ എല്ലാ കടലാസ്സുമിവിടെ കൊടുത്തു. ഫയർ ഡിപ്പാർട്ടുമെന്റ് വന്ന് എൻ.ഒ.സി. വാങ്ങി, 100 ഫ്ലാറ്റുള്ള ഒരു കെട്ടിടം നിർമ്മിച്ചശേഷം ഫൈനൽ ലൈസൻസിന് കോർപ്പറേഷനിൽ ചെല്ലുമ്പോൾ പറയുന്നത് തരാൻ പറ്റില്ല, കാരണം, ഇത് മൂന്ന് നിലയിൽ കൂടുതലുള്ള കെട്ടിടമാണ്, അതിനുള്ള

സൗകര്യമിവിടെയില്ല എന്നുപറഞ്ഞ് മടക്കിയാൽ എന്തായിരിക്കും സ്ഥിതി? മീഡിയം ക്ലാസ്സിലുള്ള ആളുകളിൽനിന്ന് പണം വാങ്ങിയാണ് ഈ 100 ഫ്ലാറ്റുകൾ ഉണ്ടാക്കിയിട്ടുള്ളത്. അഡ്വാൻസായി പണം വാങ്ങുന്നതുകൊണ്ട് പ്രൊമോട്ടർക്ക് നഷ്ട മൊന്നുമില്ല. ഗൾഫ് മലയാളികളായ ധാരാളം ആളുകൾ അവരുടെ ജീവിത സമ്പാദ്യം മുഴുവൻ ഒരു ഫ്ലാറ്റിനുവേണ്ടി ചെലവഴിക്കുകയാണ്. ലൈസൻസ്, നമ്പർ, ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ എന്നിവ കിട്ടാതെ അവർ അവിടെ കഷ്ടപ്പെടുന്നത് നോക്കിയിരിക്കാൻ പറ്റുമോ? അതുകൊണ്ട്, മുൻകാലങ്ങളിൽ കൊടുത്തിരുന്ന അതേരീതിയിലാണ് കൊടുക്കുന്നത്. അതിൽ ഒരു വ്യത്യാസവും വരുത്തിയിട്ടില്ല, ആ സേഫ്റ്റി പെർമിഷനെല്ലാം ഇതിലുണ്ട്. കെ.എം.ബി.ആർ.നെപ്പറ്റി മനസ്സിലാക്കേണ്ട ഒരുകാര്യം, കേരളത്തിൽ ലാന്റ് വളരെ കുറവാണ്. ഈ ലാന്റിൽ എല്ലാവർക്കും വീട് വച്ചുകൊടുക്കാൻ സാധിക്കില്ല. ഒരേക്കർ സ്ഥലത്ത് 100 ഫ്ലാറ്റുകളുണ്ടാക്കുകയാണെങ്കിൽ 100 ആളുകളെ താമസിപ്പിക്കാം. പക്ഷേ, 100 ആൾക്കാരെ വീടുവച്ച് താമസിപ്പിക്കുന്നതിന് ചുരുങ്ങിയത് 10 ഏക്കർ സ്ഥലം വേണം. ഈ 10 ഏക്കർ സ്ഥലത്ത് റോഡ്, വേസ്റ്റ് മാനേജ്മെന്റ്, സിവറേജ്, സെപ്റ്റേജ് എന്നിവ വേണം. ഇന്നത്തെ നിലയിൽ മുനിസിപ്പാലിറ്റിക്കത് കഴിയില്ല. ഫ്ലാറ്റാണെങ്കിൽ അവിടുത്തെ വേസ്റ്റ് മാനേജ്മെന്റ്, സിവറേജ്, മറ്റുള്ള സെപ്റ്റേജ് മുഴുവൻ ആ ഫ്ലാറ്റുകളാണ് മാനേജ് ചെയ്യുന്നത്. ഒരു കൺസ്ട്രക്ഷൻ തുടങ്ങുമ്പോൾ വർഷാവർഷം നല്ല രീതിയിലുള്ള ടാക്സും അത് ഫിനിഷ് ചെയ്യുമ്പോൾ ബിൽഡിംഗ് ടാക്സും കിട്ടുന്നു. ഇതുകൊണ്ടുതന്നെയാണ് കുറേയധികം മുനിസിപ്പാലിറ്റികൾ നിലനിൽക്കുന്നത്. വേറൊരു മാറ്റവും വരുത്തിയിട്ടില്ല. ജനങ്ങളുടെ പണംകൊണ്ട് കെട്ടിടങ്ങൾ കെട്ടിപ്പൊക്കുന്നു. അതിന് നമ്മൾ സഹായിക്കാതിരിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഇന്ന് ചോദ്യോത്തരത്തിൽ പ്രധാനമായും ഉയർന്നു വരുന്നത് കേവലം ബിൽഡിംഗ് റൂൾസിന്റെ കാര്യം മാത്രമല്ല. നമ്മളിവിടെ കെട്ടിപ്പൊക്കിക്കൊണ്ടിരിക്കുന്ന ബഹുനില കെട്ടിടങ്ങളാണ് കേരളം ഭാവിയിൽ നേരിടാൻ പോകുന്ന വലിയ ദുരന്തമെന്നാണ് മാധ്യമങ്ങളെല്ലാം റിപ്പോർട്ട് ചെയ്തു കൊണ്ടിരിക്കുന്നത്. ബഹുനില കെട്ടിടങ്ങളിൽ പലതും ചട്ടം ലംഘിച്ചും വേണ്ടത്ര സുരക്ഷാ ക്രമീകരണവുമില്ലാതെയാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. നിർമ്മാണ സാമഗ്രികൾ പരിശോധിക്കുന്നതിനായി യാതൊരു സംവിധാനവുമില്ല. ലോ ക്വാളിറ്റിയുള്ള നിർമ്മാണ സാമഗ്രികളുപയോഗിച്ചുകൊണ്ടാണ് ബഹുനില കെട്ടിടങ്ങൾ പലതും നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. എപ്പോൾ വേണമെങ്കിലും Natural calamity പോലുള്ള ദുരന്തം ഈ രംഗത്തുണ്ടാകാൻ സാധ്യതയുണ്ടെന്നാണ് വിദഗ്ധരായിട്ടുള്ള ആളുകൾ പറയുന്നത്. ഇത് എൽ.ഡി.എഫ്.ന്റെ കാലത്ത് തുടങ്ങിയതായതുകൊണ്ട്

ഞങ്ങളും തുടരുന്നുവെന്ന് പറഞ്ഞിരുന്നാൽ ദുരന്തമുണ്ടാകുമ്പോൾ അതിൽനിന്ന് സംരക്ഷണം കിട്ടില്ല. പ്രകൃതി ദുരന്തങ്ങൾ വർദ്ധിച്ചു വരുന്ന ഈ വർത്തമാനകാലത്തിൽ എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം പണ്ടങ്ങനെ ചെയ്തുവെന്ന് പറഞ്ഞു കൊണ്ടിരിക്കുകയല്ല ചെയ്യേണ്ടത്. ലോകത്ത് വ്യത്യസ്ത രീതിയിലാണ് പ്രകൃതി ദുരന്തങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. ആ സമയത്ത് അതിനെ അതിജീവിക്കാൻ കഴിയുന്ന രീതിയിലുള്ള സംവിധാനമൊരുക്കുന്നതിന് നിർദ്ദേശം കിട്ടുമ്പോൾ അത് എൽ.ഡി.എഫ്.-ന്റേയോ യു.ഡി.എഫ്.-ന്റേയോ കാലത്തേതെന്നുപറഞ്ഞ് മാറ്റിവയ്ക്കാതെ കെട്ടിടങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കാനുള്ള സംവിധാനമുണ്ടാക്കണം. ആ സുരക്ഷിതത്വം വേണം, ചട്ടങ്ങൾ പാലിക്കണം എന്നു പറയുന്ന ഉദ്യോഗസ്ഥരുടെമേൽ നടപടിയെടുത്തുകൊണ്ട് ഈ രംഗത്തെ വൻകിടക്കാർക്ക് കൊള്ള നടത്താനുള്ള സൗകര്യം ചെയ്തുകൊടുക്കുന്ന നിലപാടിൽനിന്നും മാറാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : സർ, ഇതിന്റെ ഉത്തരമാണ് ഇത്രയുംനേരം പറഞ്ഞത്. ശ്രീ. കെ. രാധാകൃഷ്ണൻ ഇപ്പോൾ വന്നതാണെന്നെനിക്ക് തോന്നുന്നു. ഇതിനെപ്പറ്റി വളരെ കൃത്യമായിട്ടിവിടെ പറഞ്ഞു. ഒരു മാറ്റങ്ങളും ഈ ചട്ടങ്ങളിൽ വരുത്തിയിട്ടില്ല. സേഫ്റ്റി സെക്യൂരിറ്റി ഒഴിവാക്കിക്കൊണ്ട് ഒരാൾക്കും ഒരു ലൈസൻസും കൊടുക്കുന്നില്ല. നിലവിലുള്ള നിയമത്തിനനുസരിച്ച് മാത്രമാണ് നൽകിക്കൊണ്ടിരിക്കുന്നത്. വൻകിട ഫ്ലാറ്റ് ലോബിയെ സഹായിക്കാൻ ഒരിക്കലും തയ്യാറായിട്ടില്ല. പഴയ കാലത്തുള്ള നിയമം അതേരീതിയിൽ തുടർന്നു പോകണമെന്ന് മാത്രമാണ് പറയുന്നത്. ഇതിൽ ഒരു മാറ്റവും ഒരു ഭേദഗതിയും വരുത്തിയിട്ടില്ലെന്ന് മൂന്ന് നാല് ദിവസമായി പറയുന്നു. പക്ഷേ, എൻഫോഴ്സ് ചെയ്യണമെന്ന് പറയുന്നു. ഒരാളിനെ വ്യക്തിപരമായി പറയാൻ ഇഷ്ടപ്പെടാത്തതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. ആപ്ലിക്കേഷൻ ഇവിടെ കിട്ടിയിട്ടുണ്ട് അത് മുഴുവൻ പരിശോധിച്ചു നോക്കണം. മുൻ കാലങ്ങളിൽ കൊടുക്കുന്ന അതേ നിയമത്തിനനുസരിച്ച് കൊടുക്കേണ്ടതാണ്. പക്ഷേ, അദ്ദേഹം ഒരു ദിവസം വന്ന് എല്ലാം നിർത്തുക എന്നുപറഞ്ഞാൽ എങ്ങനെയാണ്? അതാണിവിടെ പറഞ്ഞത്, എല്ലാവർക്കും ഒരേ തരത്തിലുള്ള മറുപടി. 24 മീറ്റർ ഹൈറ്റും 40 മീറ്റർ ഹൈറ്റുമുള്ള കെട്ടിടത്തിന് ഒരു മറുപടിയേ ഉള്ളൂ, ഹെലിപാഡ് വയ്ക്കണം. 24 മീറ്റർ ഹൈറ്റുള്ള കെട്ടിടത്തിന് എവിടെയാണ് ഹെലിപാഡ്? ആദ്യമായി എൻ.ഒ.സി.-ക്ക് അപ്ലൈ ചെയ്യുന്ന ആൾക്കും ഫൈനൽ എൻ.ഒ.സി.ക്ക് അപ്ലൈ ചെയ്യുന്ന ആൾക്കും ഒരേ മറുപടി. അദ്ദേഹം കൃത്യമായി പഠിച്ചിട്ടില്ല. ആരുടെയൊക്കെയോ ഉപദേശങ്ങൾക്കനുസരിച്ച് എന്തൊക്കെയോ ചെയ്തുവെന്ന് മാത്രമേയുള്ളൂ. അത് നൂറ് ശതമാനം ശരിയായിരുന്നില്ല. അത് ബോധ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിലാണ് ഇതുപോലുള്ള നടപടി സ്വീകരിച്ചത്.

ശ്രീ. എ. കെ. ബാലൻ: സർ, ഒരു ഭേദഗതിയും വരുത്തിയിട്ടില്ലന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വസ്തുതാവിരുദ്ധമാണ്. ക്യാബിനറ്റ് ചേർന്നതിന്റെ രേഖ വേണമെങ്കിൽ ഞാൻ ഹാജരാക്കാം. ബഹുനില മന്ദിരങ്ങളിൽ ചട്ടപ്രകാരമുള്ള അഗ്നിശമന സുരക്ഷാ സംവിധാനങ്ങൾ ഒരുക്കാത്തതിനാൽ ഫയർ ഫോഴ്സ് ഡയറക്ടർ അനുമതി നൽകിയില്ല. സർക്കാർ ഒരു ഉദ്യോഗസ്ഥനെ വേട്ടയാടി എന്നുള്ള കാരണത്താലാണ് ഞാൻ ഇത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. അതിൽ പറയുന്നത്, Rule 54 4(a) - In the case of buildings exceeding three floors from the ground level under the education, medical/hospital or office/business occupancy, a certificate of approval from the Director of Fire Force or an Officer authorized by him in the behalf shall be obtained and produced by the applicant before issuing permit. ഇതിനപ്പുറം അദ്ദേഹം ഒന്നും ചെയ്തിട്ടില്ല. ഇനി മറ്റൊരു റൂൾ കൂടി ഞാൻ വായിക്കാം. Rule 44 - Fire Protection Requirements:- “ All requirements in respect of protection shall be as in Part IV, Fire Protection in National Building Code of India, 1983 and amendment no. 3 under Fire Protection Annexure II” എന്നാണ്. നാഷണൽ ബിൽഡിംഗ് കോഡ് നമ്മുടെ ബിൽഡിംഗ് റൂളിന്റെ ഭാഗമായി. എന്നിട്ട് ഏകപക്ഷീയമായി തീരുമാനിക്കുകയാണ് ചെയ്തത്. ഇതൊന്നും ഇവിടെ ബാധകമല്ല. ഫയർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട് ഡി.ജി.പി.-ക്ക് കൊടുത്ത അധികാരം വേണ്ടെന്ന് വച്ചശേഷം പിൻവലിക്കുകയാണ്. ക്യാബിനറ്റ് ചേർന്ന് തീരുമാനിച്ച ഒരു ചട്ടത്തിന്റെ ഭേദഗതി ബഹുമാനപ്പെട്ട സ്പീക്കർ കണ്ടിട്ടുണ്ടോ, നിയമസഭ കണ്ടിട്ടുണ്ടോ, സബ്ജക്ട് കമ്മിറ്റി കണ്ടിട്ടുണ്ടോ? ഒരു നിയമനിർമ്മാണംപോലെ തന്നെ വളരെ പ്രധാനപ്പെട്ടതാണ് ചട്ടവുമായി ബന്ധപ്പെട്ടുള്ള കാര്യം. ഒരുപക്ഷേ അതിനേക്കാളും ഗാംഭീര്യമുള്ളതായിരിക്കാം. ചട്ടവുമായി ബന്ധപ്പെട്ടുകൊണ്ട് നമ്മൾ വളരെ കോൺഷ്യസ് ആയിരിക്കണം. ഈ പ്രക്രിയകളൊന്നും പാലിക്കാതെ, നിയമം കംപ്ലൈ ചെയ്യുവെന്ന ഒറ്റ കാരണത്താലാണ് ഒരു ഉദ്യോഗസ്ഥനെ ഇവർ വേട്ടയാടുന്നത്. അത് പ്രോപ്പറായിരുന്നോ; അത് ഒരു മന്ത്രിസഭയ്ക്ക് യോജിച്ചതാണോ; അത് ഒരു മന്ത്രിക്ക് യോജിച്ചതാണോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ആ ഉദ്യോഗസ്ഥനെ സർക്കാർ വേട്ടയാടി എന്ന് ശ്രീ. എ. കെ. ബാലൻ ഇവിടെ പറയുകയുണ്ടായി. വാസ്തവത്തിൽ ആ ഉദ്യോഗസ്ഥൻ സർക്കാരിനെ വേട്ടയാടുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ആയതുകൊണ്ടാണ് ആ ഉദ്യോഗസ്ഥൻ ഇപ്പോഴും സർവ്വീസിലിരിക്കുന്നത്.

ഞാനോ മറ്റോ മുഖ്യമന്ത്രി ആയിരുന്നെങ്കിൽ ആ ഉദ്യോഗസ്ഥൻ ഇപ്പോൾ വീട്ടിലിരിക്കും. ...........(ബഹളം)..........(ബഹളം)..........

ശ്രീ. എ. കെ. ബാലൻ : ..........(മൈക്ക് ഓഫ്)......... (ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, .......പ്ലീസ്.........പ്ലീസ്....... (ബഹളം)......... നിങ്ങൾക്ക് ഉപചോദ്യങ്ങൾ ചോദിക്കാനുള്ള അവസരമുണ്ട്. ആ അവസരം തരാം. .......(ബഹളം)...... എല്ലാവരുംകൂടി എഴുന്നേറ്റ് നിൽക്കണോ? ....... ശ്രീ. സി. ദിവാകരൻ, ..........

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിലെ ഒരു ഡി.ജി.പി. മുഖ്യമന്ത്രിയുടെ ഔദാര്യത്തിലാണ് സർവ്വീസിൽ തുടരുന്നതെന്ന് പറഞ്ഞ് വ്യക്തിപരമായി ഒരു ഉദ്യോഗസ്ഥനെ സഭയ്ക്കകത്ത് ആക്ഷേപിക്കാമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ........പ്ലീസ്......... ശ്രീ. പി. ശ്രീരാമകൃഷ്ണൻ.....,

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഒരു ഉദ്യോഗസ്ഥൻ സർക്കാരിനെ വേട്ടയാടുന്നുവെന്ന് ഒരു മന്ത്രിനിയമസഭയിൽ പറഞ്ഞിരിക്കുകയാണ്. സർക്കാരിനെ വേട്ടയാടുന്ന, നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാൻ ഈ സർക്കാരിന് എന്തുകൊണ്ട് കഴിഞ്ഞില്ല എന്നുള്ള ചോദ്യത്തിനുംകൂടി ഉത്തരം നൽകണം. നാഷണൽ ബിൽഡിംഗ് കോഡ് ഒരു ഗൈഡ്‌ലൈൻ മാത്രമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് മാത്രമാണെന്നതിന്റെ ഭാഗമായി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ പേജ് 48-ൽ പറയുന്നത് 'Wherever the provisions of the National Building Code are mentioned in these rules, the provisions of the Code in force shall be adopted' എന്നാണ്. ഇതൊക്കെ എവിടെയാണ് ബാദ്ധ്യതപ്പെട്ടതെന്ന് ഈ റൂളിൽ കൃത്യമായി പറഞ്ഞിട്ടുണ്ട്. ഇത് നിലനിൽക്കെയാണ് ചട്ടത്തിൽ മാറ്റം വരുത്തിയിരിക്കുന്നത്. ഈ മാറ്റം നിയമസഭയെ അറിയിച്ചിട്ടുണ്ടോ; ചട്ടത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ലെന്ന് പറയുന്നത് നിയമവിരുദ്ധവും സത്യവിരുദ്ധവുമാണ്. അദ്ദേഹം പറഞ്ഞത്, ഒരു ആംബുലൻസ് കടന്നുപോകാൻ കഴിയാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്ന ബിൽഡിംഗുകൾക്ക് അനുമതി കൊടുക്കാൻ സാധിക്കില്ലെന്നും അഗ്നിശമനസേനാ വിഭാഗത്തിലെ സാങ്കേതിക വിദഗ്ദ്ധരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിച്ചുകൂട്ടിയപ്പോൾ അതിനെ റിജക്ട് ചെയ്തത് അംഗീകരിക്കാൻ കഴിയില്ലെന്നുമാണ്. ഈ യോഗത്തിലുണ്ടായ നിർദ്ദേശത്തെ തള്ളിക്കളഞ്ഞതിനോട് മന്ത്രിക്ക് എന്ത് മറുപടിയാണ് പറയാനുള്ളത്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഫയർ ഫോഴ്സിന്റെ കാര്യം ഞാൻ പറയാം. C.M. Dinesh Mani V/s State of Kerala എന്ന കേസ്സിലെ കോടതി വിധിയിൽ വളരെ

കൃത്യമായി പറയുന്നത്, 'NBC guideline itself indicates that it is non statutory in nature, whereas it is for general application. It is for the respective State Government to either decide to incorporate any provisions in the NBC as applicable to their Building Rules or to modify such provisions or to incorporate the same with such modifications as may be required in a particular State as the case may be' എന്നാണ്. ഇതൊരു ഗൈഡ്‌ലൈൻ മാത്രമാണെന്ന് വളരെ കൃത്യമായി പറയുന്നുണ്ട്. കെ.എം.ബി.ആർ. ഉണ്ടാക്കിയ സമയത്ത് കഴിവിന്റെ പരമാവധി വച്ച് അതിൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ഉൾപ്പെടുത്താത്ത എന്തെങ്കിലുമുണ്ടെങ്കിൽ അത് എൻ.ബി.സി.-യിൽ പോകാമെന്ന് പറയുന്നുണ്ട്. പക്ഷേ ഇത് ഉൾപ്പെടുത്തിയതുകൊണ്ട് കെ.എം.ബി.ആർ. തന്നെയാണ് നമുക്ക് ബാധകമായിട്ടുള്ളത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, നഗരസഭകളിൽ ബിൽഡിംഗുമായി ബന്ധപ്പെട്ടുള്ള ആപ്ലിക്കേഷൻ ക്ഷണിക്കുന്ന ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയ ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ശരാശരി എത്ര അപേക്ഷകൾ ലഭ്യമാകുന്നുണ്ട്; ഇതിന് കൂടുതൽ സുതാര്യതയും വേഗതയും ഉറപ്പുവരുത്താൻ കഴിയുമോ; ഇതിൽ ഗവൺമെന്റിന് എത്രമാത്രം സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്; കേരളത്തിന്റെ ഓരോ നഗരങ്ങൾക്കും വ്യത്യസ്തമായ സാംസ്കാരിക പൈതൃകങ്ങളും സവിശേഷതകളുമൊക്കെയുണ്ട്. അത് മനസ്സിലാക്കിക്കൊണ്ട് അതത് നഗരങ്ങൾക്ക് വ്യത്യസ്തമായ വാസ്തുശിൽപ്പ ഭംഗിയോടുകൂടിയ കെട്ടിടങ്ങൾ പണിയുന്നതിനുള്ള നടപടികൾകൂടി സർക്കാർ ആലോചിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബിൽഡിംഗുമായി ബന്ധപ്പെട്ട് ഇന്ത്യയിൽത്തന്നെ അതായത്, മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓൺലൈൻ ആപ്ലിക്കേഷൻ സംവിധാനം നിലവിൽവന്ന ആദ്യത്തെ സംസ്ഥാനമാണ് കേരളം. ഓൺലൈൻ സംവിധാനത്തിലൂടെ വീട്ടിൽ ഇരുന്നുകൊണ്ടുതന്നെ മുനിസിപ്പാലിറ്റികളിലേക്കോ കോർപ്പറേഷനുകളിലേക്കോ വീട് നിർമ്മിക്കാൻ അപേക്ഷ സമർപ്പിക്കാം. ആ അപേക്ഷ ടൗൺ പ്ലാനിംഗ് ഓഫീസിലേക്കും അതിനുശേഷം ചീഫ് ടൗൺ പ്ലാനിംഗ് ഓഫീസിലേക്കുമാണ് പോകുന്നത്. അതിനുശേഷം ആ രീതിയിൽതന്നെ മടക്കി അയയ്ക്കുകയുമാണ് ചെയ്യുന്നത്. മുൻകാലങ്ങളിലൊക്കെ പ്ലാൻ വരച്ച് പല പ്രാവശ്യം ഓഫീസുകൾ കയറിയിറങ്ങുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ഇന്ന് അതിന് വിപരീതമായി paperless office ആക്കി മാറ്റുന്നതിന്റെ ഭാഗമായാണ് ഓൺലൈൻ ആക്കുന്നത്. ഇതുവരെ ഒരു ലക്ഷത്തിലധികം ആപ്ലിക്കേഷൻസ് ലഭിച്ചിട്ടുണ്ട്. 45,000-ത്തോളം അപേക്ഷകൾക്ക് പെർമിറ്റ് കൊടുക്കുകയും 7650 അപേക്ഷകൾ റിജെക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനം നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്. ആദ്യം

ചില പ്രോബ്ലംസൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ അതൊക്കെ പരിഹരിച്ചുകൊണ്ട് നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ട്.

രണ്ടാമതായി ഹെറിറ്റേജ് സോണിനെ സംബന്ധിച്ചാണ് ചോദിച്ചത്. നമ്മുടെ പ്രധാനപ്പെട്ട നഗരങ്ങളിലൊക്കെ ഹെറിറ്റേജ് സോണുകളുണ്ട്. ആ പ്രദേശത്ത് പഴയ രീതിയനുസരിച്ചാണ് കൺസ്ട്രക്ഷൻ നടക്കുന്നത്. അതിൽ പല ആളുകളും ചില ബുദ്ധിമുട്ടുകളൊക്കെ പറയുന്നുണ്ട്. നമ്മുടെ പൈതൃകം നിലനിർത്താൻ വളരെ സ്ട്രിക്ടായി ഇക്കാര്യങ്ങൾ ബിൽഡിംഗ് റൂളിൽ വച്ചിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ശ്രീ. എസ്. ശർമ്മ സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ആവശ്യപ്പെട്ട, T2/1456/2015/Vigilance എന്ന ഫയൽ ബഹുമാനപ്പെട്ട മന്ത്രിയുടെ വകുപ്പിൽ അല്ല എന്നാണ് മറുപടി പറഞ്ഞത്. ഇത് വിജിലൻസിന്റെ ഫയൽ ആണെന്നും പറഞ്ഞു. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഈ ഫയൽ മേശപ്പുറത്തുവയ്ക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ നിർദ്ദേശം നൽകുമോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഫയൽ വിജിലൻസിന്റെ കയ്യിലാണെന്നാണ് പറഞ്ഞത്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വന്നതിനുശേഷം ഇക്കാര്യം അദ്ദേഹത്തോട് സംസാരിച്ച് എന്താണ് വേണ്ടത് എന്നുള്ളത് അറിയിക്കാം.

ശ്രീ. സി. മമ്മൂട്ടി : സർ, പരിമിതമായ സ്ഥലത്ത് ബഹുനില കെട്ടിടങ്ങൾ ഉയർന്നു വരുമ്പോൾ സ്വാഭാവികമായും സുരക്ഷ ഉറപ്പാക്കിക്കൊണ്ട് പ്ലാനിംഗ് അപ്രൂവൽ കൊടുക്കേണ്ടതായിവരും. കുടുംബങ്ങൾക്ക് കുറഞ്ഞ സ്ഥലം അവകാശമായി കൊടുത്തുകഴിഞ്ഞാൽ പിന്നീട് മക്കളുണ്ടാകുമ്പോൾ അവരുടെ കൈവശം ആകെ ഈയൊരു സ്ഥലം മാത്രമേ ഉണ്ടാകുകയുള്ളൂ. പ്രത്യേകമായി സ്ഥലമില്ലാത്ത അത്തരം ആളുകൾക്ക് ഫ്ലാറ്റുകൾ കെട്ടുന്നതിന് പ്രത്യേകമായ ഇളവുകൾ അനുവദിക്കാൻ കഴിയുമോ? അതോടൊപ്പം തന്നെ കടലോര മേഖലയിലെ സാധാരണക്കാരായ പാവപ്പെട്ടവർ ആയിരം സ്ക്വയർ ഫീറ്റിന് താഴെ അഞ്ഞൂറോ അറുന്നൂറോ സ്ക്വയർ ഫീറ്റുള്ള വീട് വച്ചിട്ടും CRZ-ന്റെ പേരിൽ പെർമിഷൻ കിട്ടാതെ കഷ്ടപ്പെടുന്ന ഇത്തരം ആളുകൾക്ക് വീട്ടുനമ്പർ കൊടുക്കാനുള്ള സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, CRZ മേഖലയിലുള്ള പ്രശ്നങ്ങൾ വളരെ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കണ്ടപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യങ്ങൾ വളരെ കാര്യമായി

സംസാരിച്ചു. കുറച്ചു കാലങ്ങൾക്കുമുൻപെ പല പ്രാവശ്യം ഇക്കാര്യം സംസാരിച്ചിട്ടുണ്ട്. ഇപ്പോൾ താൽക്കാലികമായി വീട്ടുനമ്പർ കൊടുക്കുന്നുണ്ട്. അത് ഇലക്ട്രിസിറ്റി കണക്ഷൻ, വോട്ടർലിസ്റ്റ്, റേഷൻകാർഡ് പോലുള്ള കാര്യങ്ങൾ ക്കുവേണ്ടിയാണ്. പക്ഷെ, അത് പെർമനന്റായി നടപ്പിലാക്കാൻ സമ്മതിക്കാത്ത മുൻസിപ്പാലിറ്റികളുടെ കാര്യം സംബന്ധിച്ച് നമുക്ക് പരിഹരിക്കാൻ കഴിയുന്നതാണ്. അങ്ങനെ നിയമമുണ്ട്. സ്വാഭാവികമായും താൽക്കാലിക നമ്പർ കൊടുക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. പിന്നെ ചെറിയ വീടുകളുടെ കാര്യം അങ്ങ് പറഞ്ഞു. അതുസംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. പെട്ടെന്നൊരു തീരുമാനം എടുക്കാൻ കഴിയില്ല.

<u>ശ്രീ. ഇ. കെ. വിജയൻ</u> : സർ, നമ്മുടെ നാടിന്റെ ഭാവി കാണാതെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളിലേയ്ക്ക് പോയിക്കൂടാ. സമീപ ദിവസങ്ങളിലായി ചെന്നൈ നഗരത്തിലുണ്ടായ ഭീകരമായ ദുരന്തം നമ്മൾ ഏവരുടേയും കണ്ണ് മനസ്സിലേയ്ക്ക് തന്നെ ടോർച്ചടിച്ച് നോക്കേണ്ടുന്ന നിലയിലേയ്ക്ക് വരികയാണ്. ഒരിക്കലും ചെന്നൈ നഗരം ഇങ്ങനെയൊരു പ്രതിസന്ധി യിൽപ്പെടുമെന്ന് ആ ഗവൺമെന്റ് പ്രതീക്ഷിച്ചതല്ല. പക്ഷെ, കെട്ടിട നിർമ്മാതാക്കൾ അവിടത്തെ പാവപ്പെട്ട മനുഷ്യരെ ചൂഷണം ചെയ്തുകൊണ്ട് ആ നഗരത്തിന്റെ മർമ്മപ്രധാനമായ സ്ഥലങ്ങളൊക്കെ കൈവശപ്പെടുത്തി, വലിയ കെട്ടിടസൗധങ്ങൾ ഉയർന്ന് ഇന്ന് ഈ അവസ്ഥയിലേയ്ക്ക് വന്നതിനെ തുടർന്നാണ് ലക്ഷക്കണക്കിന് മനുഷ്യർ വഴിയാധാരമാകുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നത്. അതുപോലെ നമ്മുടെ കേരളവും മാറുകയാണ്.ഇതിനൊരു പരിഹാരമുണ്ടാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മൾ എത്ര മുകളിലേയ്ക്ക് വളരുന്നതും സന്തോഷമുള്ള കാര്യമാണ്. പക്ഷെ, മനുഷ്യന്റെ ജീവിതം തകർത്തുകൊണ്ടാണ് ഇത് വരാൻ പോകുന്നത് എന്നത് ഭാവിതലമുറയെ ബാധിക്കുമെന്ന കാര്യം നാം കാണേണ്ടതുണ്ട്. ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാതെ ഉണ്ടാക്കിയ കെട്ടിടങ്ങൾ, ഒരു അപരാധം ചെയ്തു പോയാൽ, ചെയ്തുപോയതിന് പണം മുടക്കിയല്ലോ എന്നതിന്റെ അടിസ്ഥാനത്തിൽ അത് വേവ് ചെയ്ത് കൊടുക്കുന്ന വഴിവിട്ട നടപടികളെ നമുക്ക് അംഗീകരിക്കാൻ കഴിയുമോ? അതാണ് കോഴിക്കോടുമായി ബന്ധപ്പെട്ടൊരു കെട്ടിടത്തിന്റെ കാര്യം മന്ത്രി നേരത്തെ സൂചിപ്പിച്ചത്. ഇങ്ങനെ എല്ലാ കുറ്റങ്ങളേയും നമുക്ക് അംഗീകരിച്ചു കൊടുക്കുവാൻ കഴിയുമോ. യഥാർത്ഥത്തിൽ ഫയർ ആന്റ് സേഫ്റ്റി വിഷയം മാത്രമല്ല ഇതുപോലുള്ള കെട്ടിടങ്ങൾ ഉയരുമ്പോൾ അതിന്റെ ഭാഗമായി അവിടെ ഉപയോഗിക്കുന്ന എ.സി, ഫ്രിഡ്ജ് അതുമായി ബന്ധപ്പെട്ട് പുറത്തേയ്ക്കു വിടുന്ന കാർബൺഡൈഓക്സൈഡിന്റെ പ്രശ്നങ്ങൾകൂടി പരിഹരിക്കാനുള്ള ശ്രമം

നടത്തിയില്ലായെങ്കിൽ ഭാവി തലമുറയുടെ ഗതി എന്താകുമെന്നതിനെക്കുറിച്ച് ആലോചിക്കണം. ഡൽഹി നഗരം ഇപ്പോൾ ഡീസൽ നിരോധിത മേഖലയാക്കി മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. അതുപോലൊരു സമീപനത്തിലേയ്ക്ക് കേരളം മാറണം. ഇത്ര സുന്ദരമായ കേരളം എന്ന് നമ്മൾ പാടിയെങ്കിൽ അതല്ല ഇവിടെ ഗൾഫ് നാടുകളിൽ കാണുന്നതു പോലെ ആർ.സി. കെട്ടിടങ്ങളുടെ ഒരു കേന്ദ്രമാക്കി കേരളത്തെ മാറ്റുമ്പോൾ അതിന് പരിഹാരമുണ്ടാക്കുന്ന നിലപാട് സ്വീകരിക്കാനുള്ള പദ്ധതിയാണ് ആവിഷ്കരിക്കേണ്ടത്. ഇത്തരം വഴിവിട്ട നിലപാടുകളിലേയ്ക്ക് പോകുകയല്ല, പരിഹാര നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കുമോ എന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഇതൊരു ചോദ്യമല്ല; സ്റ്റേറ്റ്മെന്റാണ്. അദ്ദേഹം തമിഴ്നാട്ടിൽ ഉണ്ടായ കാര്യം പറഞ്ഞു. ഇതുവരെ ഇല്ലാത്ത രീതിയിലുള്ള കനത്തമഴ വന്നതിന്റെ അടിസ്ഥാനത്തിലാണ് ചെന്നൈയിൽ ഈ ദുരന്തം ഉണ്ടായത്. സ്വാഭാവികമായും പല സ്ഥലങ്ങളിലും ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. മാസ്റ്റർ പ്ലാൻ ഇന്ന് വലിയൊരു പ്രശ്നമായി അവശേഷിക്കുകയാണ്. നമ്മൾ രൂപംകൊടുത്ത മാസ്റ്റർ പ്ലാനുകളൊന്നും അത് പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും ജനപ്രതിനിധികൾ സമ്മതിക്കുന്നില്ലെന്ന വസ്തുതയുണ്ട്. നാൽപ്പത് വർഷം പഴക്കമുള്ള മാസ്റ്റർ പ്ലാനാണ് ഇപ്പോൾ തിരുവനന്തപുരത്ത് ഉപേയാഗിക്കുന്നത്. അതിന് മാറ്റം വരുത്തണമെന്നതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കി കോർപ്പറേഷന് കൊടുത്തു. അവർ അത് എഗ്രീ ചെയ്തതാണ്. പല പ്രാവശ്യം നമ്മൾ ജനങ്ങളുടെ സംശയങ്ങൾ ദൂരീകരിച്ചു. വീണ്ടും അത് നിയമമാക്കി മടങ്ങി ചെന്നപ്പോൾ മേയറും ശ്രീ. വി. ശിവൻകുട്ടി, ശ്രീ. എം. എ. വാഹീദ് ഉൾപ്പെടെയുള്ള എം.എൽ.എ.-മാരും ചേർന്ന് അതിനെ എതിർത്തതു കാരണം തൽക്കാലം ഫ്രീസ് ചെയ്യേണ്ടി വന്നു. മാസ്റ്റർ പ്ലാൻ നമുക്ക് നിർബന്ധമാണ്. അത് ഉണ്ടായെങ്കിൽ മാത്രമേ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഒഴിവാക്കാൻ കഴിയുകയുള്ളൂ. പക്ഷെ, ജനപ്രതിനിധികൾ തന്നെ ആ മാസ്റ്റർ പ്ലാനിന് പലപ്പോഴും എതിര് നിൽക്കുന്നുണ്ട് എന്നുള്ളതാണ് വാസ്തവം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ബഹുനില മന്ദിരങ്ങളുടെ അനുമതി സംബന്ധിച്ച വിഷയമാണ് ചർച്ച ചെയ്യുന്നത്. ചട്ട ലംഘനങ്ങൾ നടത്തി കെട്ടിടങ്ങൾ പണിയുന്നതിനെക്കുറിച്ച് ഒത്തിരി വിവാദങ്ങളുണ്ട്. ഈ അടുത്ത കാലത്ത് എന്റെ നിയോജകമണ്ഡലത്തിൽ ചട്ടം ലംഘിച്ച് ഡി.എൽ.എഫ്. കെട്ടിടം പണിതതിനെ കുറിച്ച് വിവാദമുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്

ഉൾപ്പെടെ അവിടെ സന്ദർശനം നടത്തുകയും ചെയ്യതാണ്. ഏത് കാലഘട്ടത്തിലാണ് കൊച്ചി തൃക്കാക്കര കടവന്ത്രയിലെ ഡി.എൽ.എഫ്. കെട്ടിടത്തിന് അനുമതി കൊടുത്തത്, അങ്ങനെ അനുമതി കൊടുത്ത സമയത്തെ കോർപ്പറേഷൻ ഭരണാധികാരികളുടെയും ഉദ്യോഗസ്ഥരുടെയും പേരിൽ നടപടി സ്വീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, ഡി.എൽ.എഫ്. കെട്ടിടം പോലെ ഏകദേശം പത്തൊൻപത് കൺസ്ട്രക്ഷൻസ് വേറെയുമുണ്ട്. അതായത് ചിലവന്നൂർ കായൽ കയ്യേറി നിർമ്മിച്ച കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകിയത് 22-10-2007-ൽ ആണ്. …….(ബഹളം)……….

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്, മറുപടി പറയട്ടെ......

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഇതിൽ രാഷ്ട്രീയം കാണുന്നില്ല. ഉദ്യോഗസ്ഥൻമാരായിരിക്കണം അനുമതി കൊടുത്തിട്ടുണ്ടാവുക. സ്വാഭാവിക മായിട്ടും അത് അവരുടെ ഉത്തരവാദിത്തമാണ്. കോടതിയുടെ പരിഗണനയിൽ ഇല്ലാത്ത എല്ലാ കേസുകളിന്മേലും കൃത്യമായി നടപടി എടുക്കണമെന്ന് നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ബഹുമാനപ്പെട്ട അംഗം കെ. മുരളീധരൻ തിരുവനന്തപുരത്തെ ഫ്ലാറ്റുകളെക്കുറിച്ചും ഫ്ലാറ്റുകൾ കെട്ടി ആൾ താമസമില്ലാതെ കിടക്കുന്നതിനെക്കുറിച്ചും അതിന്റെ പൊതു നഷ്ടത്തെക്കുറിച്ചുമെല്ലാം പറയുന്നുണ്ട്. ഇന്ന് ചെന്നൈ ദുരന്തംകൂടി ഉണ്ടായ സാഹചര്യത്തിലാണ് നമ്മൾ ഈ വിഷയം ചർച്ച ചെയ്യുന്നത്. ഇപ്പോൾ പല യൂറോപ്പ്യൻ നഗരങ്ങളും, ഒരു നഗരത്തിന് താങ്ങാവുന്ന ഫ്ലാറ്റുകൾ എത്രയാണ്, അവിടത്തെ പ്രകൃതിക്ക് ദോഷം വരാത്തവണ്ണമുള്ള നിർമ്മാണപ്രവർത്തനങ്ങൾ എങ്ങനെയാണ് എന്നതിനെക്കുറിച്ചെല്ലാം ആധുനിക കാലത്ത്, പ്രത്യേകിച്ച് പാരീസ് സമ്മിറ്റ് കൂടി നടന്നുകഴിഞ്ഞ ഈ കാലത്ത് പഠനം നടത്തുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് നഗരങ്ങളിൽ ഇപ്പോഴുള്ള ഫ്ലാറ്റുകൾ എത്ര; ഇനി എത്രത്തോളം കൂടുതൽ കെട്ടാം; ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്ക് മറ്റ് എവിടെയെങ്കിലും വീടുകൾ ഉണ്ടോ; അത്തരം ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു നഗരത്തിന്റെ പ്രകൃതിക്ക് ദോഷമില്ലാതെ താങ്ങാവുന്ന ഫ്ലാറ്റുകളേയോ കെട്ടിടങ്ങളേയോ കുറിച്ച് സമഗ്രമായൊരു പഠനം നടത്തി

മാത്രം പുതിയതിന് അനുമതി കൊടുക്കാനുള്ള ഒരു സംവിധാനം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി : സർ, മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് എറ്റവും കൂടുതൽ നഗരവൽക്കരണം നടക്കുന്നത് കേരളത്തിലാണ്. ഏകദേശം 52 ശതമാനത്തോളം ജനങ്ങൾ ഇന്ന് നഗരത്തിലാണ് താമസിക്കുന്നത്, വില്ലേജുകളിൽ അല്ല. സ്വാഭാവികമായും അവർ ഓരോരോ വീടുകൾ ഉണ്ടാക്കുന്നു. വീടുകൾ കൂടുതലും ഉണ്ടാക്കുന്നത് NRIs ആണ്. എല്ലാവരുടെയും സ്വപ്നമാണ് ഒരു വീട് എന്നത്. അവർക്ക് നഗരത്തിൽത്തന്നെ വീട് വേണം. അവർ വീട് വാങ്ങി പൂട്ടിയിട്ടിട്ട് വിദേശത്ത് പോകും. സർക്കാരിന് അതുകൊണ്ട് ദോഷമൊന്നുമില്ല. സർക്കാരിന് ടാക്സ് കിട്ടുന്നുണ്ട്. പക്ഷെ, ആ ഫ്ലാറ്റ് ഉപയോഗിക്കുന്നില്ല എന്നുള്ളതാണ്. അതൊരു ഡെഡ് മണിയാണ്. പക്ഷെ, അതൊരു ഇൻവെസ്റ്റ്മെന്റ് ആയിട്ടാണ് വിദേശമലയാളികൾ കണക്കാക്കുന്നത്. വിദേശരാജ്യങ്ങളിൽ പ്രകൃതിക്ഷോഭം പോലുള്ള എന്തെങ്കിലും പ്രശ്നം സംഭവിക്കുകയാണെങ്കിൽ ആൾക്കാർക്ക് നാട്ടിൽവന്ന് താമസിക്കാൻ ഒരു ഇടമുണ്ടാകും. അതാണ് പ്രധാനമായും പ്രവാസികൾ ഉദ്ദേശിക്കുന്നത്. പക്ഷെ, കുറെ ആളുകൾക്ക് രണ്ട് വീടുകളുണ്ട് എന്നത് സത്യമാണ്. ഇങ്ങനെ രണ്ട് വീടുകളുള്ള ആളുകൾക്ക് നഗരത്തിലൊന്ന്, വില്ലേജിലൊന്ന് അല്ലെങ്കിൽ ഇവിടെതന്നെ രണ്ടുംമൂന്നും വീടുകൾ ഉള്ളവർക്ക് കൂടുതൽ ടാക്സ് ചുമത്തുന്നത് സംബന്ധിച്ച് കൂട്ടായി ആലോചിക്കേണ്ട ഒരു വിഷയമാണ്.

ശ്രീ. ലൂഡി ലൂയിസ്: സർ, നമ്മുടെ സംസ്ഥാനത്ത് രണ്ടുംമൂന്നും നില കെട്ടിടങ്ങൾ പണിയുന്നതിനായി പെർമിറ്റ് എടുത്തതിനുശേഷം പത്തും പതിനഞ്ചും നിലയുള്ള കെട്ടിടങ്ങൾ പണിയുന്ന ഒട്ടനവധി സംഭവങ്ങളുണ്ട്. പ്രത്യേകിച്ച് കൊച്ചി നഗരത്തിൽ ഇത്തരത്തിലുള്ള അനവധി കെട്ടിടങ്ങളുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇതിനെതിരെ ഒരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഈയടുത്ത സമയത്ത് തിരുവനന്തപുരം ജില്ലയിൽ ഒരു കെട്ടിടം പൊളിക്കുന്നതിനു വേണ്ടിയുള്ള ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റ് തീരുമാനമെടുക്കുകയും അത് സംബന്ധിച്ച് ധാരാളം വാർത്തകൾ വരികയും ചെയ്തു. എന്നാൽ ആ കെട്ടിടം പൊളിക്കുന്നതിനുവേണ്ടി ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഇതുപോലുള്ള കെട്ടിടങ്ങൾ പൊളിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇതുപോലുള്ള അൺആതറൈസ്ഡ് കൺസ്ട്രക്ഷൻ കാണുമ്പോൾ നിർബന്ധമായും അത് പൊളിക്കുന്നതിനുവേണ്ടി കോർപ്പറേഷൻ സെക്രട്ടറിമാർക്ക് നിർദ്ദേശം കൊടുക്കാറുണ്ട്. പല പ്രാവശ്യം ഇങ്ങനെചെയ്തിട്ടുണ്ട്. അങ്ങ് ഉദ്ദേശിക്കുന്നത് ഏത് കെട്ടിടമാണെന്ന് എനിക്കറിയില്ല. മറ്റുള്ള നഗരങ്ങളേക്കാൾ കൂടുതലായി തിരുവനന്തപുരത്ത് അൺആതറൈസ്ഡ് കൺസ്ട്രക്ഷൻസ് കൂടുതലാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇവിടെ ഒരു ഉദ്യോഗസ്ഥൻ വിചാരിച്ചാൽ ഗവൺമെന്റിനെ വിറപ്പിക്കാൻ കഴിയുന്നതിന് കാരണം ഈ ഗവൺമെന്റ് ചെയ്യുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ ചോദ്യം ചെയ്യുന്നതു കൊണ്ടാണ്. ഞാൻ ഉദ്യോഗസ്ഥനെ മാത്രം ന്യായീകരിക്കുകയല്ല. ഒരു ഉദ്യോഗസ്ഥൻ വിചാരിച്ചാൽ ഗവൺമെന്റ് വിറയ്ക്കാൻ കാരണം. ഗവൺമെന്റ് വിറയ്ക്കാവുന്ന വിധത്തിൽ ദുർബ്ബലരായതുകൊണ്ടാണ് എന്ന കാര്യംകൂടി ആദ്യം അംഗീകരിക്കണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഫയർ ആന്റ് റെസ്ക്യൂവുമായി ബന്ധപ്പെട്ട് ഒരു അമെന്റ്മെന്റും വരുത്തിയിട്ടില്ല എന്നാണ്. 8-12-2015-ന് സർക്കാർ ഇറക്കിയിരിക്കുന്ന ഒരു ഉത്തരവിന്റെ ഹെഡിംഗ് ഞാൻ വായിക്കാം. ഞാൻ ഇന്നലെ വായിച്ചതിന് മറുപടി പറയാത്തതുകൊണ്ടാണ് ഇന്നും പറയുന്നത്. നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ ജനം അറിയട്ടെ. "കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് 12 മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അഗ്നിസുരക്ഷാ വകുപ്പിന്റെ എൻ.ഒ.സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു" എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഇതിന്റെ അർത്ഥം എന്താണ്? മാനദണ്ഡം പരിഷ്കരിച്ചിട്ടില്ല എന്ന് മന്ത്രി പറയുമ്പോൾ ഓർഡറിൽ മാനദണ്ഡം പരിഷ്കരിച്ചിരിക്കുന്നു. ആ ഉത്തരവിൽ പറയുന്ന കാര്യം അതിനെക്കാൾ വിചിത്രമാണ്. ഇതും ഇന്നലെ വായിച്ച കാര്യം തന്നെയാണ്, പക്ഷേ ജനങ്ങൾ അറിയാൻവേണ്ടി വായിക്കുകയാണ്, 'സർക്കാർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ 2005 കെട്ടിട നിർമ്മാണത്തിലെ മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിടനിർമ്മാണം സംബന്ധിച്ചും കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിലെ നിയമവ്യവസ്ഥകൾ അനുവർത്തിക്കുവാനും പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ് 2005 അനുവർത്തിച്ചാൽ മതിയെന്ന് തീരുമാനിച്ച് ഉത്തരവാകുന്നു' എന്നാണ് പറയുന്നത്. ഇതിന്റെ അർത്ഥമെന്താണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇതിന്റെ പിന്നിൽ വലിയ അഴിമതിയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഈ വിഷയം സംബന്ധിച്ച് വളരെ വിശദമായി ഇന്നലെയും രണ്ടുദിവസം മുമ്പും ഞാൻ പറഞ്ഞതാണ്. ആ സർക്കുലറിന്റെ അവസാനഭാഗം അങ്ങ് ഇവിടെ വായിച്ചതുകൊണ്ട് ഞാൻ ഒന്നുകൂടി വായിക്കാം. "സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നാഷണൽ ബിൽഡിംഗ് കോഡ് ഓഫ് ഇന്ത്യ 2005 കെട്ടിടനിർമ്മാണത്തിനുള്ള മാർഗ്ഗരേഖ മാത്രമായതിനാൽ കെട്ടിടനിർമ്മാണം സംബന്ധിച്ച് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലെ നിയമവ്യവസ്ഥകൾ അനുവർത്തിക്കുവാനും പ്രസ്തുത നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടില്ലാത്ത മേഖലകളിൽ മാത്രം നാഷണൽ ബിൽഡിംഗ് കോഡ് 2005 അനുവർത്തിച്ചാൽ മതിയെന്നും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു" എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഇത് വളരെ ശരിയാണ്. ഇതേ രീതിയിൽത്തന്നെയാണ് കെ.എം.ബി.ആർ. അതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. വീണ്ടുംവീണ്ടും അദ്ദേഹം ഇങ്ങനെ പറയുന്നതിന് എന്ത് ചെയ്യാനാണ്?

**ന്യൂട്രിമിക്സ് പാക്കറ്റ് വിതരണം**

3 (*272) ശ്രീ. കെ. രാജു:
ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മുഖേന അംഗനവാടികൾക്ക് ന്യൂട്രിമിക്സ് പാക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ടോ; എങ്കിൽ പ്രതിമാസം എത്ര പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്;

(ബി) ന്യൂട്രിമിക്സ് പായ്ക്കറ്റ് ഒന്നിന് എത്ര രൂപവരെ കൺസോർഷ്യങ്ങൾ ചെലവഴിക്കുന്നുണ്ട്; പ്രസ്തുത കവറുകൾ വാങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ന്യൂട്രിമിക്സ് കവർ വിതരണം സ്വകാര്യ ഏജൻസികൾക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ,

(എ) ഉണ്ട്. പ്രതിമാസം ശരാശരി 23.4 ലക്ഷത്തോളം എണ്ണം കവറുകളാണ് വാങ്ങുന്നത്.

(ബി) ന്യൂട്രിമിക്സ് പാക്കറ്റ് ഒന്നിന് 1.40 പൈസ മുതൽ 1.70 പൈസ വരെ ചെലവാക്കുന്നുണ്ട്. ജില്ലാ ന്യൂട്രിമിക്സ് കൺസോർഷ്യം ക്വട്ടേഷൻ ക്ഷണിച്ചാണ്

കവറുകൾ വാങ്ങുന്നത്.

(സി) നിലവിൽ ജില്ലാ ന്യൂട്രിമിക്സ് കൺസോർഷ്യം വിവിധ സ്വകാര്യ ഏജൻസികളിൽ നിന്നാണ് കവറുകൾ വാങ്ങുന്നത്. പൊതുമേഖലയിൽ ഇത്തരം കവറുകൾ ഉല്പാദിപ്പിക്കുന്നില്ല. അതിനാൽ എല്ലാക്കാലത്തും സ്വകര്യമേഖലയിൽ നിന്നാണ് കവറുകൾ വാങ്ങിവരുന്നത്.

ശ്രീ. കെ. രാജു: സർ, 1 രൂപ 10 പൈസയ്ക്ക് കവർ സപ്ലൈ ചെയ്യാമെന്ന് ഏതെങ്കിലും ഏജൻസി ഗവൺമെന്റിന് ഉറപ്പ് നൽകിയിട്ടുണ്ടോ; അതുകൊണ്ടാണോ ജില്ലാടിസ്ഥാനത്തിൽ കവറുകൾ വാങ്ങുന്ന സംവിധാനം നിർത്തലാക്കി കേന്ദ്രീകൃത സ്വഭാവത്തോടുകൂടി വാങ്ങുന്നതിന് തീരുമാനിക്കുന്നത്? 23 ലക്ഷം കവറുകളാണ് ഒരുമാസം ആവശ്യമായിവരുന്നത്. ഇങ്ങനെയൊരു സംവിധാനം നടപ്പിലാക്കുമ്പോൾ 20 കോടിയിലധികം രൂപയുടെ തട്ടിപ്പാണ് ഇതുമായി ബന്ധപ്പെട്ടുണ്ടാ കുന്നതെന്ന വിവരം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. എം. കെ. മുനീർ: സർ, കവറുകൾ കേന്ദ്രീകൃതമായി വാങ്ങുന്നത് സംബന്ധിച്ച് ഇതുവരെ ആലോചിച്ചിട്ടില്ല. തുടക്കത്തിൽ ജില്ലയിൽത്തന്നെ വിവിധ ന്യൂട്രിമിക്സ് യൂണിറ്റുകളാണ് കവറുകൾ വാങ്ങിക്കൊണ്ടിരുന്നത്. വിവിധ വിലകളിൽ വാങ്ങുന്നത് ഒഴിവാക്കാൻവേണ്ടിയാണ് അതിനെ ഏകീകരിക്കുന്നത്. ഇപ്പോൾ 1.40 പൈസയും 1.70 പൈസയുമാണ് വന്നുകൊണ്ടിരിക്കുന്നത്. ഏതെങ്കിലും ഒരു ജില്ലയിൽ ഏറ്റവും അവസാനമായി വരുന്നത് 1.70 പൈസയാണെങ്കിൽ അതിന് വാങ്ങേണ്ടിവരും, മറ്റൊരു ജില്ലയിൽ 1.40 പൈസയാണെങ്കിൽ അതിന് വാങ്ങുകയെന്നുള്ളതാണ് ഇപ്പോഴുള്ള അവസ്ഥ. ഏതെങ്കിലും ഏജൻസിയെ ഏൽപ്പിക്കുക എന്നത് ഇവിടെ നടക്കുന്ന കാര്യമല്ല. എന്താണെങ്കിലും ബിഡിംഗിലൂടെയല്ലാതെ നടപ്പിലാക്കാൻ കഴിയില്ല. കുറഞ്ഞ പൈസയ്ക്ക് കിട്ടുകയാണെങ്കിൽ നമുക്ക് നോക്കാം. പക്ഷേ അതൊക്കെ ബിഡ്ഡിംഗ് പ്രോസസിലൂടെയല്ലാതെ നടപ്പിലാക്കാൻ ഈ ഗവൺമെന്റ് തയ്യാറാവുകയില്ല. അങ്ങനെയുള്ള ഒരു സംശയവും നിങ്ങൾ വച്ചുപുലർത്തേണ്ടതില്ല.

ശ്രീ. കെ. രാജു: സർ, അംഗനവാടികളിലൂടെയും സ്കൂളുകളിലൂടെയുമുള്ള പോഷകാഹാര വിതരണം പരാജയത്തിന്റെ നിലയിലേക്ക് എത്തിയിരിക്കുന്ന എന്നതാണ് അവസാന കണക്കുകൾ സൂചിപ്പിക്കുന്നത്. പോഷകാഹാരക്കുറവുമൂലം ആദിവാസി മേഖലയിൽ ഇപ്പോഴും മരണം സംഭവിക്കുന്നു. ഇന്നലെ എന്റെ നിയോജക മണ്ഡലത്തോട് ചേർന്ന് റവന്യൂ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിന്റെ അതിർത്തിയിൽ ആദിവാസി മേഖലയിൽ പത്ത് വയസ്സുള്ള ബാലിക

പോഷകാഹാരക്കുറവും മരുന്ന് കൃത്യസമയത്ത് ലഭിക്കാത്തതും കാരണം മരണപ്പെട്ടു. ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയോട് ഈ വിവരം സൂചിപ്പിച്ചിരുന്നു. അംഗനവാടികളിലൂടെയുള്ള പോഷകാഹാരവിതരണം ക്രമമായും നല്ല രീതിയിലും നടത്തുന്നതിനാവശ്യമായ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുമോ; മരണപ്പെട്ട ആദിവാസി ബാലികയുടെ കുടുംബത്തിന് ധനസഹായം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, ഈ വിഷയം ഞങ്ങളുടെ ശ്രദ്ധയിൽ വന്നിട്ടില്ല. ഇപ്പോൾ വളരെ നല്ല രീതിയിലാണ് അംഗനവാടികളിൽ ആവശ്യമായ പോഷകാഹാരം നൽകുന്നത്. ഞാനത് അവതരിപ്പിച്ചപ്പോൾ അന്ന് പലരും എതിർത്തിരുന്നു. ഡോ. ടി. എം. തോമസ് ഐസകിന് Jean Dreze-നെക്കുറിച്ച് അറിയാമായിരിക്കും. Jean Dreze-ഉം അമർത്യാസെന്നും ഒരുമിച്ച് പുസ്തകം എഴുതിയവരാണ്. Jean Dreze ഈയടുത്ത് എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ പറയുന്നത് ചൈൽഡ് ഡെവലപ്മെന്റിൽ, പ്രത്യേകിച്ച് പോഷകവുമായി ബന്ധപ്പെട്ട കാര്യത്തിൽ, ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനം കേരളമാണെന്നാണ്. കേന്ദ്ര ഗവൺമെന്റ് നടത്തിയിട്ടുള്ള ഒരു സർവേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. മാത്രമല്ല, ഇപ്പോൾ ഗ്ലോബൽ ഹംഗർ ഇൻഡക്സുംകൂടി വന്നിരിക്കുന്നു. അതിലും കേരളം മുന്നിലാണ്. കേരളത്തെ ഒഴിവാക്കിയിട്ടാണ് ലോകത്തുള്ള രാഷ്ട്രങ്ങളെക്കുറിച്ച് സംസാരിക്കുന്നത്. അങ്ങനെ ഈ കാര്യത്തിൽ നമ്മൾ വളരെ മുന്നിലാണ്. അട്ടപ്പാടിയിൽ ഇപ്പോൾ 2 കിലോ ഗ്രാമിൽ കൂടുതൽ വെയിറ്റുള്ള കുട്ടികളാണ് ജനിക്കുന്നത്. 10 വയസ്സായ കുട്ടി പോഷകാഹാര കുറവുമൂലം മരിച്ചു എന്നാണ് പറഞ്ഞത്. ചെറുപ്പത്തിലാണ് പോഷകാഹാരത്തിന്റെ പ്രശ്നം വരുന്നത്. 10 വയസ്സായതിനുശേഷം പോഷകാഹാര കുറവുമൂലം മരണപ്പെട്ടെങ്കിൽ എന്താണ് കാരണമെന്നുകൂടി പരിശോധി ക്കേണ്ടതാണ്. എന്റെ ശ്രദ്ധയിൽ ഇതുവരെ വന്നിട്ടില്ല. അംഗനവാടിയിൽക്കൂടി വിതരണം ചെയ്യുന്ന പോഷകാഹാരം ശരിയല്ലാത്തതു കൊണ്ട് 10 വയസ്സുള്ള കുട്ടി മരിച്ചു എന്നു പറയുന്നത് ശരിയല്ല, 10 വയസ്സുള്ള കുട്ടി അംഗനവാടിയിൽ വരില്ലല്ലോ. ഈ മരണം എങ്ങനെയാണുണ്ടായത് എന്നത് ഗൗരവമായി പരിശോധിക്കാം. സാമൂഹ്യനീതി വകുപ്പിന് പ്രത്യേകിച്ച് എന്താണ് ചെയ്യാനുള്ളതെന്ന് എനിക്കറിയില്ല. ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ ചെയ്യാൻ തയ്യാറാണ്. ഇത്തരം കാര്യങ്ങൾ ലാഘവത്തോടുകൂടി കാണാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. സി. ദിവാകരൻ : സർ, കേരളത്തിലെ ശിശുക്കളുടെ കാര്യമാണ്

ഇവിടെപ്പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി സാധാരണ ചോദ്യങ്ങൾക്ക് മറുപടി പറയുന്നതുപോലെ പറയുന്നത് നിർഭാഗ്യകരമാണ്. കുറച്ചുകൂടി ജീവകാരുണ്യമായി മറുപടി പറയണം. വസ്തുതകളുടെ അടിസ്ഥാനത്തിലാണ് നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കുന്നത്. കേരളത്തിലെ 70 ശതമാനം കുഞ്ഞുങ്ങൾക്ക് യാതൊരു ആനുകൂല്യവും കിട്ടുന്നില്ലെന്നാണ് ഈ വിഷയം സംബന്ധിച്ച് പഠനം നടത്തിയതിൽ പുറത്തുവന്നിട്ടുള്ളത്. അതുപോലെ കേരളത്തിൽ അഞ്ച് കുട്ടികളിൽ ഒരാൾക്ക് ഭാരക്കുറവും രോഗങ്ങളും പോഷകാഹാരക്കുറവുമുണ്ട്. ഇത് പരിഹരിക്കാൻവേണ്ടി, കേന്ദ്ര ഗവൺമെന്റ് അയൺ ഗുളികകൾ വിതരണം ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അയൺ ഗുളിക വിതരണം ചെയ്യാനുള്ള തുക അനുവദിച്ചുവെങ്കിലും ഇപ്പോൾ ആ പദ്ധതി നടക്കുന്നില്ല. കുട്ടികളോട് ഇത്തരത്തിലുള്ള സമീപനമാണോ കാണിക്കേണ്ടത്. ഗവൺമെന്റ് വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് പായ്ക്കറ്റിലുള്ള ഉള്ളടക്കത്തിന്റെ ക്വാളിറ്റി മോശമാണെന്ന് ഫുഡ് ആന്റ് സേഫ്റ്റി കമ്മീഷണർ ശ്രീമതി അനുപമയുടെയും ഫുഡ് ആന്റ് സേഫ്റ്റി കമ്മിറ്റിയുടെയും റിപ്പോർട്ടുകളിൽ പറയുന്നുണ്ട്. അങ്ങയുടെ ഉത്തരത്തിൽ എല്ലാക്കാലത്തും സ്വകാര്യ മേഖലയിൽ നിന്നാണ് പായ്ക്കറ്റുകൾ വാങ്ങിയിരുന്നതെന്ന് പറയുകയുണ്ടായി. അത് ശരിയല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഫുഡ് ആന്റ് സിവിൽ സപ്ലൈസ് വകുപ്പിനെയാണ് കാര്യങ്ങൾ ഏൽപ്പിച്ചിരുന്നത്. പൊതുമേഖലയിലുള്ള ഏതെങ്കിലും ഏജൻസിയെ സാധനങ്ങൾ വാങ്ങുന്നതിന് ഏൽപ്പിച്ചുകൂടെ?

<u>ഡോ. എം. കെ. മുനീർ</u>: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് എന്റെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് സാമൂഹ്യ നീതി വകുപ്പ് മാത്രമേ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും വാങ്ങാനുള്ള നിർദ്ദേശം കൊടുത്തിട്ടുള്ളുവെന്നാണ്. ന്യൂട്രിമിക്സിൽ ഉൾപ്പെടുത്തേണ്ട ഗോതമ്പ് എഫ്.സി.ഐ.-യിൽ നിന്നും കോമ്പീറ്റ് ചെയ്ത് വാങ്ങുകയാണ്. 28-02-2011-നാണ് എന്റെ കയ്യിലുള്ള ഈ ഉത്തരവ് ഇറക്കിയിട്ടുള്ളത്. വിദ്യാധിരാജ എൻ.എസ്.എസ്. ആഡിറ്റോറിയത്തിൽ വച്ചുനടന്ന യോഗത്തിലാണ് കൺസോർഷ്യം ഉണ്ടാക്കാനുള്ള തീരുമാനമെടുത്തത്. കൺസോർഷ്യം ഉണ്ടാക്കിയതുമുതൽ സിവിൽ സപ്ലൈസിൽ നിന്നോ മറ്റെവിടെ നിന്നെങ്കിലുമോ വാങ്ങാനുള്ള ഉത്തരവില്ല. അത്തരത്തിൽ ഉത്തരവുണ്ടെങ്കിൽ അതിന്റെ കോപ്പി കാണിച്ചാൽ അതിനനുസരിച്ച് വാങ്ങാം. സാമൂഹ്യനീതി വകുപ്പിൽ നിശ്ചിത സ്ഥലങ്ങളിൽനിന്നും വാങ്ങണമെന്ന പഴയ ഉത്തരവാണ് നിലവിലുള്ളത്. ക്വാളിറ്റിയും വിലയും നോക്കിമാത്രം വാങ്ങണമെന്നാണ് എപ്പോഴും പറഞ്ഞിട്ടുള്ളത്. കൺസോർഷ്യത്തിൽ ഗവൺമെന്റ് ഇടപെടുന്നതേയില്ല. തെരഞ്ഞെടുക്കപ്പെടുന്നതും കുടുംബശ്രീയിൽ നിന്നും വരുന്നതുമാണ് കൺസോർഷ്യം.

കൺസോർഷ്യത്തിന്റെ കാര്യങ്ങളിൽ ഇടപെടുന്നില്ലെങ്കിലും ക്വാളിറ്റി ഉറപ്പുവരുത്തണമെന്നും പ്രൈസ് നോക്കണമെന്നുമുള്ള പൊതുനിർദ്ദേശമാണ് നൽകിയിട്ടുള്ളത്. 1.40-1.70 രൂപ എന്നുള്ളത് ബിഡ്ഡിംഗിലൂടെ ഇനിയും താഴ്ത്തി ക്വാളിറ്റിയുള്ളത് കണ്ടുപിടിക്കണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ന്യൂട്രിമിക്സ് പായ്ക്കറ്റ് വിതരണത്തിൽ എന്തോ ഒന്ന് പുകയുന്നുണ്ടെന്നുള്ളത് സത്യമാണ്. ഞാൻ അഴിമതി ആരോപണമൊന്നും ഉന്നയിക്കുന്നില്ല. കുടുംബശ്രീ മിഷൻ ഡയറക്ടർ അങ്ങേക്ക് ഒരു കത്തയച്ചിട്ടുണ്ട്. ആ കത്തിൽ ഗൗരവമായ ചില പരാമർശങ്ങളുണ്ട്. കൺസോർഷ്യത്തിൽ അനാവശ്യമായി ഇടപെടില്ലെന്ന് മന്ത്രി പറഞ്ഞതിനുശേഷം കരാർ നിയമനവുമായി ബന്ധപ്പെട്ട് ജനറൽ മാനേജരെ പോസ്റ്റ് ചെയ്യുന്നതിൽ ഇടപെട്ടിട്ടുണ്ട്. സാധനങ്ങൾ വാങ്ങുന്നതിലും കവറിന്റെ ഗുണനിലവാരം നിർണ്ണയിക്കുന്നതിലുമെല്ലാം ഗുരുതരമായ ഇടപെടൽ ഉണ്ടാകുന്നുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്തിന്റെ അടിസ്ഥാനത്തിൽ ജനറൽ മാനേജരെ മാറ്റി. പിന്നീട് എക്സിക്യൂട്ടീവ് ഡയറക്ടറെ മാറ്റുകയും ജനറൽ മാനേജരെ വീണ്ടും പോസ്റ്റ് ചെയ്യുകയും മുൻകാല പ്രാബല്യത്തോടുകൂടി അദ്ദേഹത്തിന് ശമ്പള വർദ്ധനവ് നടപ്പാക്കുകയും ചെയ്തത് അങ്ങ് പരിശോധിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, ഇത് ന്യൂട്രിമിക്സുമായി ബന്ധമുള്ള ചോദ്യമല്ല. മാത്രമല്ല, ഇതിൽ യാതൊരു തരത്തിലുള്ള ഇടപെടലും ഉണ്ടായിട്ടില്ല. പുതിയ ആരോപണങ്ങളാണെങ്കിൽ ആ രീതിയിൽ കാണാം. വളരെ നല്ല രീതിയിൽ നടക്കുന്ന പ്രസ്ഥാനത്തിൽ ഇതുപോലുള്ള സംശയങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോൾ വേൾഡ് ഫുഡ് ഓർഗനൈസേഷൻ ന്യൂട്രിമിക്സിന്റെ ഗുണമേന്മ കണ്ട്, മൈക്രോ ന്യൂട്രിയന്റ് ഫോർട്ടിഫിക്കേഷൻ നടത്തി മാനന്തവാടിയിൽ ക്വാളിറ്റി മെച്ചപ്പെടുത്തിക്കൊണ്ട് ഇന്ത്യയിൽ മുഴുവൻ വ്യാപിപ്പിക്കുന്നതിന് യു.എൻ.ഒ. യുടെ നേതൃത്വത്തിൽ പഠനം നടന്നുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിൽ ആശയ കുഴപ്പങ്ങൾ ഉണ്ടാക്കുന്നത് ശരിയല്ല. അന്വേഷണങ്ങളോ മറ്റോ ഉണ്ടെങ്കിൽ അത് അതിന്റെ വഴിക്ക് നടക്കട്ടെ. അതിൽ എനിക്ക് യാതൊരു ഭയവുമില്ല. കാരണം അങ്ങനെ ഏതെങ്കിലും അഴിമതി നടത്തി ജീവിക്കേണ്ട ഗതികേട് എനിക്കില്ലെന്നുകൂടി ഞാൻ അറിയിക്കുന്നു.

ശ്രീമതി ഗീതാ ഗോപി: സർ, ദേശീയ പോഷകാഹാര നയം 1993 മുതൽ നടപ്പിലാക്കിയതാണ്. പോഷകാഹാരക്കുറവിന്റെ ഭാഗമായി പിഞ്ചുകുഞ്ഞുങ്ങൾ മരണപ്പെടുന്ന സാഹചര്യത്തിലേക്ക് കേരളം പോവുകയാണ്. ഇത് പരിഹരിക്കാൻ വേണ്ടിയാണ് ദേശീയതലത്തിൽ 1993 മുതൽ ദേശീയ പോഷകാഹാര നയം നടപ്പിലാക്കിയിട്ടുള്ളത്. ഇതുസംബന്ധിച്ച് സംയോജിത ശിശുവികസന സേവനങ്ങൾ

പ്രകാരം കേരളത്തിൽ ധാരാളം പദ്ധതികൾ നടപ്പിലാക്കാനാണ് ഈ നയത്തിൽ പറയുന്നത്. പദ്ധതി തുടങ്ങിവയ്ക്കുന്നത് അംഗനവാടികളിലാണ്. അംഗനവാടികളിൽ ഈ സേവനത്തിന്റെ 26.6 ശതമാനം മാത്രമാണ് നടക്കുന്നത്. ന്യൂട്രീഷ്യൻ ഫുഡ് എന്നുപറയുന്ന അമൃതം പൊടിയും ചെറുപയറും ഒഴിച്ച് ബാക്കി എന്തൊക്കെ പദ്ധതികളും ആസൂത്രണവുമാണ് സാമൂഹ്യ വകുപ്പുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാൻ സാധിക്കുന്നത്? അമൃതം പൊടി വളരെ ക്വാളിറ്റിയുള്ള പൊടിയാണ്. ഇത് കുടുംബശ്രീ തലത്തിൽ വിപണിയിൽ എത്തിച്ച് അംഗനവാടികളിൽ എത്തിക്കുകയാണെങ്കിൽ നല്ല ശതമാനം പോഷകാഹാരക്കുറവ് പരിഹരിക്കാൻ സാധിക്കും. തീരദേശ മേഖലയിൽ പി.എച്ച്.സി. പോലുള്ള ആശുപത്രികളിൽ അയൺ ഗുളികകളുടെ അപര്യാപ്തതമൂലം വളരെ പ്രതിസന്ധി നേരിടുന്നു. 6 മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് ആഴ്ചയിൽ ഒരു അയൺ ഗുളികയാണ് സ്കൂൾതലത്തിൽ കൊടുത്തുകൊണ്ടിരുന്നത്. അതിപ്പോൾ നിർത്തുന്ന സാഹചര്യത്തിലേയ്ക്കാണ് പോകുന്നത്. ഇക്കാര്യം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡോ. എം. കെ. മുനീർ: സർ, ശ്രീമതി ഇ. എസ്. ബിജിമോൾ പറഞ്ഞതിന്റെ വിപരീതമായിട്ടാണ് ശ്രീമതി ഗീതാ ഗോപി ഇവിടെ പറഞ്ഞിരിക്കുന്നത്. അമൃതം പൊടി തന്നെയാണ് ന്യൂട്രിമിക്സ്. രണ്ടും രണ്ടാണെന്നാണോ വിചാരിച്ചത്? ഏറ്റവും ക്വാളിറ്റിയുള്ളതെന്നാണ് ശ്രീമതി ഗീതാ ഗോപി പറഞ്ഞിരിക്കുന്നത്. ...... (ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്......... മിനിസ്റ്റർ മറുപടി പറയൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ജനറൽ മാനേജരെ മാറ്റി നിയമിച്ച കാര്യമാണ് ഞാൻ പറഞ്ഞത്.

ഡോ. എം. കെ. മുനീർ: സർ, ആ വിഷയം സംബന്ധിച്ച് നോട്ടീസ് തന്നാൽ കൃത്യമായി മറുപടി പറയാം. അതിലൊന്നും യാതൊരു പ്രശ്നവുമില്ല. പോഷകാഹാരത്തിന്റെ അളവും തൂക്കവുമെല്ലാം നോക്കുന്നത് അംഗനവാടികൾ വഴിയാണ്. എന്നാൽ കൂടുതൽ കുട്ടികളും പഠിക്കുന്നത് പ്രൈവറ്റ് സ്കൂളുകളിലും ഗവൺമെന്റ് സ്കൂളുകളിലെ പ്രീ-സ്കൂളുകളിലുമാണ്. അവിടെയും പോഷകാഹാരത്തിന്റെ അളവും തൂക്കവും നോക്കാനുള്ള സംവിധാനം മെച്ചപ്പെടുത്തിയെടുത്താൽ മാത്രമെ നമുക്ക് സമ്പൂർണ്ണമായി പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. എല്ലാ കുട്ടികളെയും കവർ ചെയ്യുന്ന രീതിയിൽ ന്യൂട്രീഷ്യൻ പോളിസി കൊണ്ടുവന്നിട്ടുണ്ട്. അതനുസരിച്ച് തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പോളിസി മറ്റ്

മേഖലകളിലേയ്ക്കും വ്യാപിപ്പിക്കാൻ കഴിയും. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽക്കൂടി ഈ വിഷയം കൊണ്ടുവരികയാണ്. പ്രീ-സ്കൂൾ എന്ന കൺസപ്റ്റ് യഥാർത്ഥത്തിൽ അംഗനവാടികളിലേയ്ക്ക് കൊണ്ടുവന്നാൽ, പഠനം മാത്രമല്ല കുട്ടികളുടെ ശുക്കവും ആരോഗ്യപ്രശ്നങ്ങളുംകൂടി കവർ ചെയ്യുന്ന രീതിയിലേക്ക് വന്ന് വളരെ നല്ല രീതിയിൽ നടത്താൻ കഴിയും. വലിയ കുടുംബങ്ങളിലെ കുട്ടികൾക്ക് Obesity ഉണ്ടാകുന്നതും ഒരു ന്യൂട്രീഷ്യൻ ഇഷ്യൂ ആണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ന്യൂട്രിമിക്സ് ഇന്ന് വിശ്വപ്രസിദ്ധമാണ്. അതുകൊണ്ട് തന്നെയാണ് ഗൗരവമായി ചില കാര്യങ്ങൾ അറിയുവാൻ ശ്രമിക്കുന്നത്. കവറിനേക്കാൾ പ്രധാനമാണ് കവറിനുള്ളിലെ പൊടി. 13000 ടൺ ന്യൂട്രിമിക്സ് കഴിഞ്ഞ വർഷം ഉണ്ടാക്കി. അതിന് 6500 ടൺ ഗോതമ്പ് മതി. എന്നാൽ 8000 ടൺ ഗോതമ്പാണ് 4 രൂപ നിരക്കിൽ എഫ്.സി.ഐ.-യിൽ നിന്നും ലിഫ്റ്റ് ചെയ്തത്. 16 രൂപ നിരക്കിൽ ബാക്കി 1500 ടൺ ബ്ലാക്കിൽ പോയി. രണ്ടാമതായി, 50 കോടി രൂപയുടെ നിലക്കടല, സോയാബീൻ, പഞ്ചസാര തുടങ്ങിയവ. അംഗനവാടികൾക്ക് ആവശ്യമായ സാധനങ്ങൾ സിവിൽ സപ്ലൈസിൽ നിന്നും വാങ്ങണമെന്നുള്ള ഓർഡറുണ്ട്. ഇപ്പോൾ മാറിയ എക്സിക്യൂട്ടിവ് ഡയറക്ടറുടെ റീ-ഇൻ-സ്റ്റേറ്റ് അംഗീകരിച്ചുകൊണ്ട് വീണ്ടും ഉത്തരവിറക്കി. പുറത്ത് സ്വകാര്യ ഏജൻസിയിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് ഗുണനിലവാരം ഇല്ലെന്ന് ഫുഡ് ആന്റ് സേഫ്റ്റി കമ്മീഷണർ അറിയിച്ചിട്ടുണ്ടെന്നുള്ള കത്ത് നിങ്ങൾക്ക് കിട്ടിയിട്ടില്ലേ; ആ കത്തിൽ 1.70 രൂപയ്ക്ക് വാങ്ങുന്നത് 1.10 രൂപയ്ക്ക് കിട്ടുമെന്ന് പറഞ്ഞിട്ടില്ലേ? ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം വേണമെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ അങ്ങേക്ക് എഴുതിയിരുന്നു. അത്തരം വിജിലൻസ് അന്വേഷണത്തിന് അങ്ങ് തയ്യാറാകുമോ?

ഡോ. എം. കെ. മുനീർ: സർ, ഈ ചോദ്യം എവിടെ നിന്നും വന്നതാണെന്നും എന്താണ് ഉദ്ദേശ്യമെന്നും എനിക്ക് രാവിലെ തന്നെ മനസ്സിലായി. കുടുംബശ്രീ എന്നുപറയുന്നത് അങ്ങേക്ക് മാത്രം കൊണ്ട് നടക്കാൻ പറ്റുന്നതല്ലെന്ന് ബോദ്ധ്യപ്പെടുകയും അത് നല്ല രീതിയിലാണെന്ന് ലോകം പറയുകയും ചെയ്യുന്നതിൽ താങ്കൾക്ക് വിഷമം ഉണ്ടെങ്കിൽ എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. എന്ത് അന്വേഷണം വേണമെങ്കിലും നടത്താം. എക്സിക്യൂട്ടീവ് ഡയറക്ടർ വിജിലൻസ് അന്വേഷണമെന്ന് പറഞ്ഞിട്ടില്ല. ഡിപ്പാർട്ടുമെന്റൽ എൻക്വയറി എന്നാണ് പറഞ്ഞിട്ടുള്ളത്. അത് നടക്കുന്നുണ്ട്. അത് ബോദ്ധ്യമാകുന്നില്ലെങ്കിൽ ഏത് അന്വേഷണവും നടത്തട്ടെ.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**അധികാര വികേന്ദ്രീകരണ പ്രക്രിയ**

4 (*273) ശ്രീ. ബി. സത്യൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി നടത്തിപ്പിലെ ഏകോപനം അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് എത്രത്തോളം അനുപേക്ഷണീയമാണ് ; വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രാദേശിക വികസനം മൂന്ന് മന്ത്രിമാരുടെ കീഴിൽ കൊണ്ടുവന്ന നടപടി പ്രസ്തുത ഏകോപിത പ്രവർത്തനത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(സി) മൂന്ന് മന്ത്രിമാരുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ എന്ന നിലയിൽ കൊണ്ടുവന്ന പകരം സംവിധാനങ്ങൾ ഏതെല്ലാമായിരുന്നു ; അവയുടെ പ്രവർത്തനം കൊണ്ടുണ്ടായ ഗുണപരമായ മാറ്റങ്ങൾ അറിയിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) പദ്ധതി നടത്തിപ്പിലെ ഏകോപനം വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമാണ്. ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും അതിന്റെ ഭൂപ്രദേശത്തിന്റെയും ജനങ്ങളുടെയും സമഗ്ര വികസനം, പുരോഗതി എന്നിവയാണ് വികേന്ദ്രീകൃത ആസൂത്രണത്തിന്റെ മുഖ്യ ലക്ഷ്യം. പങ്കാളിത്ത വികസന സമീപനത്തിലൂടെ സമഗ്ര വികസനം സാധ്യമാകണമെങ്കിൽ കൃത്യമായി ഓരോ ഘട്ടത്തിലും വിവിധ വികസന കൂട്ടാളികൾ തമ്മിലും പദ്ധതിയുടെ വിവിധ ഘടകങ്ങൾ തമ്മിലും ഏകോപനം ആവശ്യമാണ്. പദ്ധതി നടത്തിപ്പിലും ഇത് അനിവാര്യമാകുന്നു.

(ബി & സി) പ്രാദേശിക വികസനം മൂന്ന് മന്ത്രിമാരുടെ കീഴിൽ കൊണ്ടുവന്ന നടപടി ഏകോപിത പ്രവർത്തനങ്ങളെ ഒരു വിധത്തിലും പ്രതികൂലമായി ബാധിച്ചിട്ടില്ല. മറിച്ച് ആസൂത്രണ പ്രക്രിയയെ കൂടുതൽ സഹായിക്കുകയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്ത്, നഗരകാര്യം, ഗ്രാമ വികസനം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ഏകോപനം ആവശ്യമായി വരുന്നപക്ഷം തീരുമാനമെടുക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് വകുപ്പുമന്ത്രി, നഗരകാര്യ വകുപ്പുമന്ത്രി, ഗ്രാമവികസന വകുപ്പുമന്ത്രി എന്നിവർ ഉൾപ്പെടുന്ന ഒരു ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആസൂത്രണ പ്രക്രിയയിൽ ഏതെങ്കിലും തരത്തിലുള്ള സംശയങ്ങളോ തടസ്സങ്ങളോ പ്രത്യേക സർക്കാർ അനുമതിയോ വേണ്ട സന്ദർഭങ്ങളുണ്ടായാൽ അവ അടിയന്തരമായി പരിഹരിക്കുന്നതിനുള്ള

സംവിധാനമാണ് സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി. ഈ കമ്മിറ്റിയിൽ വകുപ്പിലെ മൂന്ന് മന്ത്രിമാരും അംഗങ്ങളാണ്. മിക്കവാറും എല്ലാ ആഴ്ചയിലും കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ചേർന്ന് പ്രധാനപ്പെട്ട തീരുമാനങ്ങൾ എടുക്കാറുണ്ട്. അങ്ങനെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സമയ ബന്ധിതമായി നടപ്പാക്കാൻ സാധിക്കുന്നു. കൂടാതെ, പ്രത്യേക അനുമതി, യഥേഷ്ടാനുമതി വിഷയങ്ങളിൽ അനന്തമായ കാത്തിരിപ്പ് അവസാനിച്ച് അടിയന്തര പരിഹാരം കാണുന്നതിനും സഹായകരമാകുന്നു.

**അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി**

5(*274) ശ്രീ. ആർ . സെൽവരാജ്:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :
(എ) ഉണ്ട്.

(ബി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശത്ത് കായികാദ്ധ്വാനത്തിന് തയ്യാറുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതിയാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി. നഗരപ്രദേശങ്ങളിലെ താമസക്കാരായ അവിദഗ്ദ്ധ, കായികാദ്ധ്വാനം ചെയ്യുവാൻ തയ്യാറുള്ള പ്രായപൂർത്തിയായ കുടുംബാംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ നൽകുക എന്നുള്ളതാണ് ഉദ്ദേശ്യലക്ഷ്യം.

(സി)പദ്ധതി നടത്തിപ്പിനുവേണ്ടി നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും ഡി.പി.സി. അംഗീകരിച്ച് നഗരകാര്യ മേഖലാ ഡയറക്ടർമാർ സൂക്ഷ്മപരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ അംഗീകരിക്കുന്ന പക്ഷം ബന്ധപ്പെട്ട നഗരസഭകൾക്ക് തുക അനുവദിച്ചു നൽകുകയുമാണ് ചെയ്യുന്നത്. 2012-13 മുതൽ 2015-16 വരെ വിവിധ നഗരസഭകളിലായി 9,31,291 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.


3157/2017

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ചെലവ്**

6(*275) ശ്രീ. ജെയിംസ് മാത്യു:

ശ്രീ. എം. എ. ബേബി:

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതി ചെലവ് അനുവദിക്കുന്നതിന് ബിൽ സിസ്റ്റം നടപ്പിലാക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സിസ്റ്റത്തിന്റെ നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത സിസ്റ്റത്തിനെതിരെ വ്യാപകമായ പരാതി ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത രീതി തദ്ദേശഭരണ സ്ഥാപനങ്ങളെ ഒരു സർക്കാർ വകുപ്പാക്കി മാറ്റുന്നതാണെന്ന ആക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുന്ത്രി (ഡോ. എം. കെ. മുനീർ):

(എ&ബി) ഉപയോഗിക്കാതെ ഭീമമായ തുക തദ്ദേശഭരണ സ്ഥാപനങ്ങളുടെ പബ്ലിക് അക്കൗണ്ടുകളിൽ കിടക്കുന്നുണ്ടായിരുന്നു. സംസ്ഥാന സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ഭാഗമായാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തേതിൽ നിന്നും വ്യത്യസ്തമായി, തദ്ദേശഭരണ സ്ഥാപനങ്ങൾ അവരുടെ പക്കലുള്ള "സാംഖ്യ" കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന കണ്ടിജന്റ് ബില്ലിനോടൊപ്പം വൗച്ചറുകളും കൂടി ട്രഷറിയിൽ സമർപ്പിക്കുമ്പോൾ പദ്ധതി പണം ലഭ്യമാകുന്ന രീതി ഈ വർഷം നടപ്പിലാക്കിയത്. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ പദ്ധതിച്ചെലവ് ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതു സംബന്ധിച്ച് ശിപാർശ തന്നിരുന്നു. ഇത് പദ്ധതി പണ വിനിയോഗത്തിനു യാതൊരു തടസ്സവും സൃഷ്ടിക്കുന്നതായി കാണുന്നില്ല.

(സി) ഇല്ല.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരണഘടനാനുസൃതമായ പ്രാദേശിക സർക്കാരുകളാണ്. പുതിയ രീതി പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനെയോ സ്വയംഭരണ പദവിയെയോ ബാധിച്ചിട്ടില്ല. ഒരു സർക്കാർ നയത്തിലൂടെയോ ഉത്തരവിലൂടെയോ അവയെ സർക്കാർ വകുപ്പാക്കി മാറ്റാൻ കഴിയുന്നതല്ല.

**വിലത്തകർച്ച നേരിടുന്ന കാർഷിക ഉൽപ്പന്നങ്ങൾ**

7 (*276) ശ്രീ. രാജു എബ്രഹാം:
ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. എം. ഹംസ:
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ വിലത്തകർച്ച നേരിടുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലത്തകർച്ചയ്ക്കുള്ള കാരണങ്ങളെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ;

(സി) കാർഷിക തോട്ടം മേഖലയിലെ വിദേശ നിക്ഷേപത്തെ സംബന്ധിച്ച് കേന്ദ്രസർക്കാർ ഈ അടുത്ത കാലത്ത് കൈക്കൊണ്ട തീരുമാനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് അറിയിക്കുമോ ;

(ഡി) വിലത്തകർച്ചമൂലം കഷ്ടത അനുഭവിക്കുന്ന കർഷകർക്ക് സഹായം നൽകുന്നതിൽ സർക്കാർ സംവിധാനങ്ങൾ എത്രത്തോളം ഫലപ്രദമായി പ്രവർത്തിക്കുന്നു ; വിശദമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) സംസ്ഥാനത്തെ കാർഷിക ഉല്പന്നങ്ങളിൽ റബ്ബറാണ് ഇപ്പോൾ പ്രധാനമായും വിലയിടിവ് നേരിടുന്നത്.

(ബി) ഉണ്ട്.

(സി) തേയില, കാപ്പി, റബ്ബർ, ഏലം, ഓയിൽപാം എന്നീ തോട്ടം മേഖലകളിലെ വിദേശ നിക്ഷേപം 100 ശതമാനമാകാമെന്ന് കേന്ദ്ര സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. 2015 മേയ് 12-ാം തീയതി മുതലാണ് ഇതിന് പ്രാബല്യം നൽകിയിട്ടുള്ളത്.

(ഡി) കാർഷിക ഉല്പന്നങ്ങളിൽ റബ്ബറാണ് ഇപ്പോൾ വിലയിടിവ് നേരിടുന്നത്. റബ്ബർ വിലയിടിവ് തടയുന്നതിനായും, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും, കർഷകരെ സഹായിക്കുന്നതിനുമായി

വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നുണ്ട്.

**കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കുള്ള മാച്ചിംഗ് ഗ്രാന്റും സബ്സിഡിയും**

8(*277) ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. വി. ശിവൻകുട്ടി:
ശ്രീ. ജി. സുധാകരൻ:
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങൾ മുഖേന സി.ഡി.എസിനു നൽകേണ്ട മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും മാസങ്ങളായി മുടങ്ങിക്കിടക്കുന്നതിനാൽ കുടുംബശ്രീക്ക് പുതിയ സംരംഭങ്ങൾ ഒന്നും ആരംഭിക്കാനായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അവസ്ഥയിൽ മാസങ്ങളായി മുടങ്ങിക്കിടക്കുന്ന മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും പൂർണ്ണമായും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് സി.ഡി.എസ്. മുഖേന നൽകേണ്ട മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും മുടങ്ങിക്കിടക്കുന്നു. എന്നാൽ മാച്ചിംഗ് ഗ്രാന്റും പലിശ സബ്സിഡിയും മുടങ്ങിയത് കുടുംബശ്രീ സംരംഭങ്ങൾ തുടങ്ങുന്നതിനെ ബാധിച്ചിട്ടില്ല.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

**പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷനും മുനിസിപ്പാലിറ്റികളും**

9(*278) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷന്റെയും മുനിസിപ്പാലിറ്റികളുടെയും ഭരണ നിർവ്വഹണ സംവിധാനങ്ങൾ പൂർണ്ണതോതിൽ ഏർപ്പെടുത്തി കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഇത്തരം സ്ഥാപനങ്ങൾക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അധിക ജീവനക്കാരെ ആവശ്യമായി വരുമോ; എങ്കിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നിയമിക്കും എന്നറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ ആവശ്യമായ മുന്നൊരുക്കം നടത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) പുതുതായി രൂപീകരിക്കപ്പെട്ട കോർപ്പറേഷനിലും മുനിസിപ്പാലിറ്റികളിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതുവരെ ടി നഗരസഭകളിലെ ഭരണ സംവിധാനം സംബന്ധിച്ച നിർദ്ദേശങ്ങൾ 17-11-2015-ലെ സ.ഉ.(സാധാ) നം.3371/15/തസ്വഭവ. പ്രകാരവും 5-12-2015-ലെ സ.ഉ.(സാധാ) നമ്പർ 3655/15/തസ്വഭവ. പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*. തളിപ്പറമ്പ് മുനിസിപ്പാലിറ്റി വിഭജിച്ച് പുതുതായി രൂപീകരിക്കപ്പെട്ട ആന്തൂർ മുനിസിപ്പാലിറ്റിയുടെ ഭരണ സമിതിയായിക്കൂടി തളിപ്പറമ്പ് നഗരസഭാ ഭരണസമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് നഗരകാര്യ ഡയറക്ടർ പുറപ്പെടുവിച്ച 31-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നം. 331/15/തസ്വഭവ. പ്രകാരം സാധൂകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ മുൻകാലങ്ങളിൽ അനുവദിച്ചതു പ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഓരോ നഗരസഭയ്ക്കും ഒരു കോടി രൂപ വീതം 2015-16 സാമ്പത്തിക വർഷത്തിൽത്തന്നെ അനുവദിക്കണമെന്ന നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചു വരുന്നു.

(സി) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനിലും നിലവിലുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അധിക ജീവനക്കാരെ ആവശ്യമായിവരും. അധിക ജീവനക്കാരെ നിയമിച്ചിട്ടില്ല. ആവശ്യമായ അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നഗരകാര്യ വകുപ്പ് ഡയറക്ടറുടെ ശിപാർശകൾ പരിശോധിച്ചു വരുന്നു.

(ഡി) ഉണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ 1-11-2015 മുതലുള്ള പ്രവർത്തനം സംബന്ധിച്ച് അധികമായി വരുന്ന പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരെ ഒരു താൽക്കാലിക സംവിധാനമെന്നോണം നിലനിർത്തിക്കൊണ്ട് 31-10-2015 ലെ സ.ഉ.(കൈ) നമ്പർ 333/15/തസ്വഭവ. പ്രകാരവും (ഉത്തരവിന്റെ പകർപ്പ് അനുബന്ധം IV* ആയി ചേർത്തിരിക്കുന്നു.) 17-11-2015-ലെ സ.ഉ.(സാധാ)നമ്പർ 3371/15/ തസ്വഭവ. പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധം ആയി ചേർത്തിരിക്കുന്നു.) കൂടാതെ നഗരകാര്യ ഡയറക്ടർ 29-10-2015-ൽ പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അത്യാവശ്യ ക്രമീകരണങ്ങൾ നടത്തുന്നത് സംബന്ധിച്ച് നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുടുംബശ്രീ സി.ഡി.എസുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ്**

10 (*279) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):

ശ്രീ. എം. ചന്ദ്രൻ:

ശ്രീ. ബി. സത്യൻ:

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സി.ഡി.എസുകൾക്ക് നൽകിവരുന്ന അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് കുടിശ്ശിക എന്നത്തേക്ക് നൽകാൻ കഴിയുമെന്നും ആയതിലേയ്ക്ക് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ;

(ബി) കുടുംബശ്രീയെ സ്വകാര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) കുടുംബശ്രീ സി.ഡി.എസുകൾക്ക് അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റ് ഇനത്തിൽ ഉള്ള കുടിശ്ശിക സംബന്ധിച്ച കണക്ക് എല്ലാ ജില്ലകളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. ആയത് നൽകുന്നതിനുള്ള നടപടി പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

**റബ്ബർ വിലസ്ഥിരതാ പദ്ധതി**

11 (*280) ശ്രീ. കെ. സുരേഷ് കുറുപ്പ്:

ശ്രീ. രാജു എബ്രഹാം:

ശ്രീ. സാജു പോൾ:

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലയിടിവ് പിടിച്ചു നിർത്താൻ ആവിഷ്ക്കരിച്ച വിലസ്ഥിരതാ പദ്ധതി അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനിടയിലും റബ്ബർ വില കഴിഞ്ഞ ആറുവർഷത്തിനിടയിലെ ഏറ്റവും താഴ്ന്ന നിലയിലേക്കെത്തിയ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ പശ്ചാത്തലത്തിൽ പദ്ധതി നടത്തിപ്പ് കൂടുതൽ ഫലപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) റബ്ബറിന്റെ വിലയിടിവ് പിടിച്ച് നിർത്തുവാൻ 3-7-2015-ലെ സ.ഉ(പി) നമ്പർ 269/2015/ധന പ്രകാരം ആവിഷ്കരിച്ച റബ്ബർ പ്രൊഡക്ഷൻ "ഇൻസെന്റീവ് സ്കീം" പദ്ധതി നടത്തിപ്പ് പ്രാരംഭഘട്ടത്തിലാണ്. പദ്ധതി പുരോഗമിക്കുന്നതിനനുസരിച്ച് റബ്ബറിന്റെ വിലയിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) റബ്ബർ വിലയിൽ ഉണ്ടായ ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. ധനകാര്യ വകുപ്പുമന്ത്രികൂടി പങ്കെടുത്ത റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ അവലോകന യോഗത്തിൽ റബ്ബർ കർഷകരുടെ രജിസ്ട്രേഷൻ കാലാവധി ദീർഘിപ്പിക്കുവാനും റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുവാൻ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റിനു കീഴിലുള്ള റോഡുകൾ റബ്ബറൈസ് ചെയ്യുന്ന കാര്യം പരിശോധിക്കുവാനും ഇറക്കുമതി നിരക്കിൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന RSS IV റബ്ബർ സംഭരിക്കാനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കാനും തീരുമാനം എടുക്കുകയുണ്ടായി.

## തെങ്ങുകൃഷി

12(*281) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തെങ്ങുകളുടെ എണ്ണം വളരെയധികം കുറഞ്ഞു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ തന്മൂലം സംസ്ഥാനത്തിന്റെ സാമൂഹ്യ, സാമ്പത്തിക,

പാരിസ്ഥിതിക മേഖലകളിൽ ഉണ്ടാകാവുന്ന പ്രതികൂല മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തെങ്ങുകൃഷിയിലും വിഭവശേഖരണ, വിപണന മേഖലകളിലുള്ള പ്രശ്നങ്ങളെ കൃഷിക്കാരുമായും തൊഴിലാളികളുമായും ബന്ധപ്പെട്ട്, മനസ്സിലാക്കി പരിഹാരം കാണുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) തെങ്ങുകളുടെ എണ്ണം വളരെയധികം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ കണക്കുപ്രകാരം 2009-10 വർഷം തെങ്ങ് കൃഷി വിസ്തൃതി 7,78,976 ഹെക്ടർ ഉണ്ടായിരുന്നത് 2013-14 വർഷമായപ്പോൾ 8,08,647 ഹെക്ടറായി വർദ്ധിച്ചതായി കാണുന്നുണ്ട്. 2014-15 വർഷത്തെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) തെങ്ങു കൃഷിയിൽ കർഷകരും തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. 2014-15 മുതൽ തെങ്ങു കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സമഗ്ര നാളികേര കൃഷി വികസന പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 30 കേരഗ്രാമങ്ങളിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കൃഷിക്കാവശ്യമായ വിഭവ ശേഖരണത്തിന് 'കേരഗ്രാമം' പദ്ധതിയിൽ ആനുകൂല്യം നൽകിവരുന്നുണ്ട്. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക കർമ്മസേനകൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ, പഞ്ചായത്തുകളിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ കേരഗ്രാമം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി തെങ്ങുകയറ്റ യന്ത്രം സബ്സിഡി നിരക്കിൽ നൽകി വരുന്നു.

തെങ്ങു കൃഷിയുടെ വിപണന മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നം നാളികേരത്തിനുണ്ടാകുന്ന വിലയിടിവാണ്. ഇതിനു പരിഹാരമായി സംസ്ഥാന സർക്കാർ പച്ച നാളികേര സംഭരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി 1-1-2013 മുതൽ ആരംഭിച്ച ടി പദ്ധതി കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കി വരുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകുന്നത്. കർഷകരിൽ നിന്നും സംഭരിക്കുന്ന നാളികേരം കേരഫെഡ്

ഏറ്റെടുത്ത് കൊപ്രയാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇതിനോടകം 371 കൃഷി ഭവനുകൾ വഴി 65680 ടൺ പച്ച നാളികേരം സംഭരിച്ചിട്ടുണ്ട്.

**നഗരസഭകളുടെ ഭൂമിയിൽ വരുമാന വർദ്ധനവിന് പദ്ധതി**

13 (*282) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ ഭൂമിയിൽനിന്നും വരുമാനം നേടാൻ കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) നഗരസഭകളുടെ ഉടമസ്ഥതയിലുള്ള ഭൂമി ഉപയോഗപ്പെടുത്തി പി.പി.പി. വ്യവസ്ഥയിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ നഗരസഭകളിൽ ഭൂരിഭാഗവും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കാൻ സാധിക്കാതെ വരുന്നതിനാൽ നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. മേൽ സാഹചര്യത്തിലാണ് നഗരസഭകളുടെ സമഗ്ര വികസനവും നികുതിയേതര വരുമാനവും ലക്ഷ്യമാക്കി വികസന പദ്ധതികൾക്ക് സ്വകാര്യ പങ്കാളിത്തം സ്വീകരിച്ചുകൊണ്ട് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാദ്ധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചി ടാജ് ഗേറ്റ് വേയിൽ വച്ച് നിക്ഷേപ സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27-9-2014-ലെ 2540/2014/തസ്വഭവ ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷൻ

രൂപീകരിച്ചിട്ടുണ്ട്.

**പച്ചക്കറി വില വർദ്ധനവ്**

14(*283) ഡോ. ടി. എം. തോമസ് ഐസക്:

ശ്രീ. രാജു എബ്രഹാം:

ശ്രീ. ബാബു എം. പാലിശ്ശേരി:

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി വില വർദ്ധിക്കുന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; പച്ചക്കറി വില അനിയന്ത്രിതമായി വർദ്ധിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) വില വർദ്ധന തടയാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ;

(സി) പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എത്രത്തോളം വിജയിച്ചിട്ടുണ്ട്; വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് ഓണം, റംസാൻ, ശബരിമല സീസണുകളിൽ പച്ചക്കറി വില വർദ്ധിക്കാറുണ്ട്. കൂടാതെ കാലാവസ്ഥ വ്യതിയാനങ്ങളും തുടർച്ചയായി ഉണ്ടാകുന്ന മഴയും മൂലം പച്ചക്കറി ഉല്പാദനം കുറയുന്നതും വില വർദ്ധനയ്ക്ക് കാരണമാകുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിലുണ്ടായ വിളനാശവും ഇതിനൊരു കാരണമാണ്.

(ബി) വില വർദ്ധനവ് തടയുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. പച്ചക്കറികളുടെ വില വർദ്ധനവ് തടയുന്നതിനായി ഹോർട്ടികോർപ്പ് സർക്കാർ നിർദ്ദേശപ്രകാരം വിപണിയിടപെടൽ നടത്തുകയും, വില കൂടിയ പച്ചക്കറി ഇനങ്ങളായ അമര, വെണ്ട, പാവയ്ക്ക, പയർ, വലിയ മുളക്, പടവലം, കാരറ്റ്, ബീൻസ്, വെള്ളരി, തക്കാളി, സവാള, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവ വിപണി വിലയേക്കാൾ 30 ശതമാനം വിലക്കുറവിലും ബാക്കിയെല്ലാ ഇനം പച്ചക്കറികളും 10 മുതൽ 15 ശതമാനം വരെ വിലക്കുറവിലും നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2012-13 വർഷം മുതൽ കൃഷി വകുപ്പ് കാര്യക്ഷമമായ രീതിയിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതു വഴി 2012-13-ൽ 54,820 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 9.1 ലക്ഷം ടൺ പച്ചക്കറിയും 2013-14-ൽ 75,320 ഹെക്ടർ സ്ഥലത്തു നിന്നും 11.90 ലക്ഷം ടൺ പച്ചക്കറിയും 2014-15-ൽ 90,533 ഹെക്ടർ സ്ഥലത്തു നിന്നും 15.32 ലക്ഷം ടൺ പച്ചക്കറിയും ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2015-16 വർഷം 100953 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 18 ലക്ഷത്തിൽപ്പരം ടൺ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി

വികാസ് യോജനയുടെ ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ ഹെക്ടറിന് 15000 രൂപ സബ്സിഡി നിരക്കിൽ 4057.33 ഹെക്ടറിൽ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിവരുന്നു. പച്ചക്കറി ഉല്പാദനം വർദ്ധിക്കുവാൻ ഈ പദ്ധതി സഹായിക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുള്ള സീഡ് വെൻഡിംഗ് മെഷിനുകളിൽ നിന്നും 10 രൂപ നിരക്കിൽ നല്ലയിനം പച്ചക്കറി വിത്തുകൾ ലഭ്യമാണ്.

**അഗ്രോ സർവ്വീസ് സെന്ററുകൾ**

15(*284) ശ്രീ. കെ. അച്ചുതൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) കർഷക തൊഴിലാളികളുടെ സേവനം യഥാസമയം കർഷകർക്ക് ലഭിക്കുന്നതിനും കാർഷിക രംഗത്തെ യന്ത്രവൽക്കരണം ത്വരിതപ്പെടുത്തുന്നതിനും പദ്ധതി നടത്തിപ്പിലൂടെ സാദ്ധ്യമാവുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. നടീൽ വസ്തുക്കൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവയൊക്കെ ടി കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, മണ്ണ് പരിശോധനയും രോഗ-കീടം എന്നിവയുടെ നിർണ്ണയവും നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിൽ ടി കേന്ദ്രങ്ങൾ സഹായം നൽകുന്നു.

2. ട്രാക്ടർ, തെങ്ങ് കയറ്റ് യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രെയർ, ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകയ്ക്ക് ലഭ്യമാക്കുകയും

കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നുണ്ട്.

3. അഗ്രോ സർവ്വീസ് സെന്റർ വഴി വിവിധ കാർഷികവൃത്തികൾക്ക് പരിശീലനം ലഭിച്ച തൊഴിലാളികളുടെ സേവനം ന്യായമായ കൂലിയ്ക്ക് ലഭ്യമാണ്. നിലം ഒരുക്കുക, കാടുവെട്ടുക, തേങ്ങയിടൽ, മരുന്ന് തളിക്കുക എന്നീ പ്രവൃത്തികൾക്ക് ഇവരുടെ സേവനം ലഭ്യമാണ്.

(സി) സംസ്ഥാനത്ത് 14 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 49 ബ്ലോക്കുകളിൽ അഗ്രോസർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം വിലയിരുത്തുകയും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവച്ച അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് ബയോഫാർമസി, നഴ്സറി, യന്ത്രങ്ങൾ, മൂന്ന് ചക്ര വാഹനങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ തുടങ്ങിയിട്ടുണ്ട്. നിലവിൽ കുത്തുപറമ്പ്, കോതമംഗലം, പഴയന്നൂർ എന്നിവിടങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2015-16-ൽ 15 ബ്ലോക്കുകളിൽ കൂടി അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

**ഡയാലിസിസിന് വിധേയരാകുന്ന രോഗികൾ**

16(*285) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസിന് വിധേയരാകുന്ന രോഗികൾക്കായി സാമൂഹ്യനീതി വകുപ്പ് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) വൃക്ക തകരാറുമൂലം സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന 'സമാശ്വാസം' പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ 1100 രൂപ പ്രതിമാസ ധനസഹായമായി നൽകി വരുന്നു.

(ബി) സംസ്ഥാനത്ത് വൃക്കരോഗങ്ങൾമൂലം ഡയാലിസിസിന് വിധേയരാകുന്നവരിൽ ഭൂരിഭാഗം പേരും ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളിൽ പെടുന്നവരാണ്. തുടർച്ചയായുള്ള ഡയാലിസിസും മരുന്നും ആശുപത്രിയിലേക്കുള്ള യാത്രാ ചെലവുകളും വൃക്ക രോഗികളെ മാനസികമായി തളർത്തുകയും കുടുംബത്തിന്റെ സാമ്പത്തിക ഭദ്രത നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. രോഗിയെ പരിചരിക്കാൻ ഒരു കുടുംബാംഗത്തിന്റെ സേവനം പൂർണ്ണമായും ആവശ്യമായതിനാൽ കുടുംബത്തിന്റെ വരുമാനവും നിലക്കുന്നു. കേവലം ആരോഗ്യ പ്രശ്നമെന്നതിലുപരി സാമൂഹ്യപ്രശ്നമായി തന്നെ വൃക്ക തകരാറിലായി ഡയാലിസിസിനു വിധേയമാകുന്നവരുടെ പ്രശ്നങ്ങൾ കണക്കാക്കി ഇവർക്ക് ചെറിയൊരു ആശ്വാസമെന്ന നിലയിൽ പ്രതിമാസ ധനസഹായം അനുവദിച്ച് സഹായിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "സമാശ്വാസം" പദ്ധതി.

(സി) 2012-13 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയ്ക്ക് 2235-60-200-72(00) നോൺ പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തി 3.15 കോടി രൂപ അനുവദിച്ച് നൽകുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്കും മിഷൻ നടപ്പിലാക്കുന്ന പുതിയ പദ്ധതികൾക്കുമായി 2235-60-200-72(00) നോൺ പ്ലാൻ ശീർഷകത്തിൽ 3.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. ബി.പി.എൽ. വിഭാഗത്തിലുള്ള രോഗികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷഫോറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസറുടെ ശിപാർശയോടുകൂടി കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നൽകുന്ന മുറക്ക് അർഹതക്ക് വിധേയമായി തുക അനുവദിച്ചു വരുന്നു. ബഡ്ജറ്റ് വിഹിതത്തിന് പുറത്തുള്ള തുക മിഷന് ലഭിക്കുന്ന സംഭാവന തുകയിൽ നിന്നാണ് ചെലവഴിക്കുന്നത്.

**മാതൃകാ അങ്കണവാടികൾ**

17(*286) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടികളുടെ നിർമ്മാണത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഓരോ അങ്കണവാടി വീതം മാതൃകാ അങ്കണവാടിയാക്കി ഉയർത്തി, 23.75 ലക്ഷം രൂപ ചെലവിൽ കെട്ടിടം നിർമ്മിക്കുന്നതിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സംയോജിത ശിശു വികസന സേവന പദ്ധതിയുടെ കീഴിൽ ഒരു നിയോജക മണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ ആകെ 140 നിയോജക മണ്ഡലത്തിൽ 10 സെന്റ് സ്ഥലത്തിനകത്ത് രണ്ട് നിലകളിലായി 1584 ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് മാതൃകാ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നത്. ക്ലാസ് റൂം, അടുക്കള, വയോജനങ്ങൾക്കുള്ള പകൽ പരിപാലന ഹാൾ, ഫീഡിംഗ് റൂം,വർക്ക്ഏര്യാ, കുടിവെള്ളം, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ, അമ്മമാരുടെ യോഗങ്ങൾ, കുമാരി ക്ലബ്ബുകൾ, ഇമ്മ്യൂണൈസേഷൻ എന്നീ സൗകര്യങ്ങളും വൃദ്ധർക്കുള്ള വായനാമുറി മറ്റു വിവിധ വകുപ്പുകളുമായി ഏകോപിച്ച് നടപ്പിലാക്കേണ്ട വിവിധ പദ്ധതികൾ എന്നീ സൗകര്യങ്ങൾ ഒരുക്കുക എന്ന ലക്ഷ്യത്തിലാണ് മാതൃകാ അങ്കണവാടി നിർമ്മിക്കാൻ തീരുമാനിച്ചിരിക്കുന്നത്. മാതൃകാ അങ്കണവാടികളിൽ 3 തലമുറകൾക്ക് അതായത് കുട്ടികൾ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ/സ്ത്രീകൾ, വയോജനങ്ങൾ എന്നിവർക്ക് വിവിധ സേവനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) മാതൃകാ അങ്കണവാടികൾ നിർമ്മിക്കുന്നതിന് ചുരുങ്ങിയത് 10 സെന്റ് ഭൂമിയും ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശയും ലഭിക്കുന്നതനുസരിച്ച് ഭരണാനുമതി നൽകുന്നുണ്ട്. നിലവിൽ 115 അങ്കണവാടികളെ മാതൃകാ അങ്കണവാടികളാക്കി ഉയർത്തി കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 51 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് കഴിഞ്ഞു. ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിംഗ് മുഖാന്തരമാണ് മാതൃകാ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം നടപ്പിലാക്കിവരുന്നത്.

**സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം**

18(*287) ശ്രീമതി കെ. കെ. ലതിക:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. എം. ചന്ദ്രൻ:

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ആവശ്യമായ പച്ചക്കറിയുടെ എത്ര ശതമാനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എല്ലായിനം പച്ചക്കറികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുന്നതിന് ഏതെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(സി) പച്ചക്കറി ഉല്പാദനരംഗത്ത് സർക്കാരിൻെറ നേരിട്ടുള്ള സംരംഭങ്ങൾ എന്തൊക്കെയാണ് ; സർക്കാർ ഭൂമിയിൽ സർക്കാരിൻെറ ഏതെങ്കിലും ഏജൻസി പച്ചക്കറി ഉല്പാദനം നടത്തുന്നുണ്ടോ ; വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): (എ) സംസ്ഥാനത്ത് ആവശ്യമായ പച്ചക്കറിയുടെ നാലിൽ മൂന്ന് ഭാഗത്തോളം തദ്ദേശമായി ഉല്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായ 5320 മെട്രിക് ടൺ പച്ചക്കറിയിൽ ഏതാണ്ട് 3900 മെട്രിക് ടൺ കേരളത്തിൽ നിന്നുതന്നെ ലഭ്യമാവുന്നുണ്ട്.

(ബി) എല്ലായിനം പച്ചക്കറികളുടെയും കാര്യത്തിൽ സ്വയം പര്യാപ്തത കൈവരിയ്ക്കുന്നതിന് വേണ്ടി കൃഷി വകുപ്പ് കഴിഞ്ഞ 4 വർഷമായി സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി നമുക്ക് ആവശ്യമായ പച്ചക്കറിയുടെ നാലിൽ മൂന്നു ഭാഗത്തോളം തദ്ദേശീയമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷം 5.64 കോടി രൂപയുടെ പച്ചക്കറി വികസനപദ്ധതികൾ വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്നു. പച്ചക്കറി കൃഷി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുക, പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(സി) പച്ചക്കറി ഉല്പാദിപ്പിക്കുന്ന കർഷകർക്ക് കൃഷിവകുപ്പ് നേരിട്ട് ധനസഹായം നൽകുന്നുണ്ട്. അതോടൊപ്പം കൃഷി വകുപ്പിന്റെ കീഴിലുള്ള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ എന്നീ സ്ഥാപനങ്ങളും കൃഷിക്കാർക്ക് നേരിട്ട് ധനസഹായം നൽകുന്നു. സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കാർഷിക ഫാമുകളിൽ പ്രധാനമായും വിത്തുല്പാദനത്തിനാണ് മുൻതൂക്കം നൽകുന്നത്. പ്രതിവർഷം 2 ടണ്ണോളം വിവിധയിനം പച്ചക്കറി വിത്തുകൾ ഫാമുകൾ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കൂടാതെ ഫാമിൽ ജൈവ രീതിയിൽ പച്ചക്കറി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

പച്ചക്കറി ഉത്പാദനം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ 4057.33 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി കേരളത്തിലെ എല്ലാ ജില്ലകളിലുമായി നടപ്പിലാക്കി വരുന്നുണ്ട്.

**കീടനാശിനി പ്രയോഗം**

19(*288) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. റ്റി. യു. കുരുവിള:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഏലത്തിൽ കീടനാശിനി വിഷാംശം ഉയർന്ന തോതിൽ അടങ്ങിയിട്ടുള്ളതായി കേന്ദ്രകൃഷി മന്ത്രാലയം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണമെന്താണ്; സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം ; വ്യക്തമാക്കുമോ:

(ബി) സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളിൽ അനുവദനീയമായതിൽ കൂടുതൽ അളവിൽ കീടനാശിനി പ്രയോഗിക്കുന്നത് നിയന്ത്രിക്കുന്നതിനും ജൈവകീടനീശിനികളുടെ ഉൽപാദനവും ഉപയോഗവും പ്രചരിപ്പിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. കേരളത്തിൽ നിന്നുള്ള സാമ്പിളുകൾ പരിശോധിച്ചതിൽ ഏലത്തിൽ ക്വിനാൽഫോസ് എന്ന കീടനാശിനിയുടെ അംശം കൂടുതലായി കാണുന്നുവെന്ന റിപ്പോർട്ട് കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശില്പശാലകൾ, പരിശീലനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയിലൂടെ കീടനാശിനികളുടെ അവശിഷ്ടങ്ങൾ സുഗന്ധ വർഗ്ഗ വിളകളിൽ നിർദ്ദിഷ്ട അളവിലും കൂടുതൽ ഉണ്ടാകുന്നത് തടയുന്നതിന് സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങളും നല്ല കൃഷി മുറകളും (Good Agricultural Practices) അവലംബിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുന്നുണ്ട്. കൂടാതെ കീടനാശിനികളുടെ അമിത ഉപയോഗം മൂലമുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചും കർഷകർക്ക് ബോധവൽക്കരണം നടത്തുന്നുണ്ട്. ഏലം കൃഷിക്കായുള്ള പദ്ധതികൾ മുഖ്യമായും സ്പൈസസ് ബോർഡുവഴിയാണ് നടപ്പിലാക്കുന്നത്. ഈ സീസണിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.


3157/2017

(1) പ്രധാന ഏലം കൃഷി മേഖലകളിൽ സംയോജിത കീട നിയന്ത്രണവും നല്ല കൃഷി മുറകളും സംബന്ധിച്ച് കർഷകർക്കായി 143 സെന്ററുകളിൽ സ്പെഷ്യൽ ക്യാമ്പെയിനുകൾ നടത്തുകയും ഇതു സംബന്ധിച്ച ലഘുലേഖകൾ കർഷകർക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(2) നല്ല കൃഷി മുറകൾ അനുവർത്തിക്കുന്നതിനുള്ള ജൈവ ഉല്പാദനോപാധികൾ അടങ്ങിയ കിറ്റുകൾ 50% സബ്സിഡി നിരക്കിൽ ഒരു ഹെക്ടറിന് പരമാവധി 2500 രൂപ എന്ന നിരക്കിൽ കർഷകർക്ക് വിതരണം നടത്തുന്നുണ്ട്.

(3) ഏലം കർഷകർക്ക് ആവശ്യമായ ജൈവ ഉല്പാദനോപാദികൾ മൈലാടു പാറയിലെ ഏലം ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.

(ബി) കീടനാശിനികളുടെ അമിത ഉപയോഗം നിയന്ത്രിക്കുന്നതിനും ജൈവ കീടനാശിനികൾ പ്രോൽസാഹിപ്പിക്കുന്നതിനും താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്.

(1) അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷലിപ്തമല്ലാത്ത ഭക്ഷ്യ ഉല്പന്നങ്ങളുടെ ഉല്പാദനം സംബന്ധിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ, പരിശീലനങ്ങൾ, ശില്പശാലകൾ എന്നിവയിലൂടെ കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്.

(2) സംസ്ഥാനത്ത് ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാസകീട/കളനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനായി 28-7-2015-ലെ സ.ഉ.(എം എസ്)നമ്പർ 128/2015 കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്.

(3) വിള ആരോഗ്യപരിപാലന പദ്ധതിയിൻ കീഴിൽ കീടരോഗ നിരീക്ഷണത്തിനും നിയന്ത്രണത്തിനും പ്രതിരോധത്തിനുമുള്ള മാർഗ്ഗങ്ങൾ സംബന്ധിച്ച് കർഷകർക്ക് യഥാസമയം നിർദ്ദേശം നൽകുന്നതിനായി പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

(4) കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിൽ ജൈവ കീടരോഗ നിയന്ത്രണോപാധികൾക്കാണ് മുൻതൂക്കം നൽകുന്നത്.

(5) മണ്ണുത്തിയിലെ സംസ്ഥാന ബയോകൺട്രോൾ ലാബിൽ നിന്നും കീടരോഗ നിയന്ത്രണത്തിനുള്ള ജൈവിക ഉപാധികളായ സ്യൂഡോമോണാസ്, ബ്യൂവേറിയ, ട്രൈക്കോകാർഡ്സ്, ട്രൈക്കോഡർമ എന്നിവ ആവശ്യമനുസരിച്ച് ഉല്പാദിപ്പിച്ച് കർഷകർക്ക് നേരിട്ടും കൃഷിഭവനുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവ മുഖേനയും ലഭ്യമാക്കുന്നുണ്ട്.

(6) സംസ്ഥാനത്തെ നിലവിലുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ ശാക്തീകരിച്ച് ജൈവിക കീടരോഗ നിയന്ത്രണോപാധികളും ഫിറമോൺ ട്രാപ്പുകളും ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(7) മങ്കൊമ്പ് ആസ്ഥാനമായുള്ള കീടനിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് ഒരു ഫിറമോൺല്യൂർ ഉല്പാദന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(8) കർഷകർക്ക് ആവശ്യമായ ട്രൈക്കോഡർമ (രോഗ നിയന്ത്രണത്തിനുള്ള ജൈവികമാർഗ്ഗം) അവരുടെ കൃഷിയിടങ്ങളിൽ തന്നെ ഉണ്ടാക്കുന്നതിന് സഹായകരമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## അർബൻ 2020

20(*289) ശ്രീ. പി. ബി. അബ്ദുൽ റസാക്ക്
ശ്രീ. സി. മോയിൻ കുട്ടി
ശ്രീ. കെ. എം. ഷാജി
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ 2020 പദ്ധതി വിശദമാക്കുമോ;

(ബി) ഇതിനായി കരാറിലേർപ്പെട്ടിട്ടുള്ള നഗരസഭകളുടെ വിശദവിവരം നല്കുമോ;

(സി) പദ്ധതി നടത്തിപ്പു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) നഗരവികസനവുമായി ബന്ധപ്പെട്ട സമസ്ത മേഖലകളുടേയും ദീർഘകാല വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക എന്നതാണ് അർബൻ 2020 പദ്ധതിയുടെ ഉദ്ദേശ്യ

ലക്ഷ്യം. സ്വന്തം നിലയിൽ  പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ നൂതനമായ സാങ്കേതിക പരിജ്ഞാനവും തനത്ഫണ്ടും ലഭ്യമല്ലാത്ത നഗരസഭകൾക്ക് ഉയർന്ന സാങ്കേതിക വൈദഗ്ദ്ധ്യമുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.-കൾ) കാലേക്കൂട്ടി തയ്യാറാക്കാനും പ്രസ്തുത ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രസർക്കാരും മറ്റ് ഫണ്ടിങ് ഏജൻസികളും നൽകിവരുന്ന ഗ്രാന്റുകൾ നേടിയെടുക്കുന്നതിനും നഗരസഭകളെ  സഹായിക്കുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ചിറ്റൂർ-തത്തമംഗലം, കൽപ്പറ്റ, പെരിന്തൽമണ്ണ, ചാലക്കുടി, ഷൊർണ്ണൂർ, ഇരിഞ്ഞാലക്കുട, അങ്കമാലി, തൃശ്ശൂർ, മരട്, ചേർത്തല, കൊല്ലം, മഞ്ചേരി, ചങ്ങനാശ്ശേരി, പാല, പൊന്നാനി, ചെങ്ങന്നൂർ, ഗുരുവായൂർ  ഇവിടങ്ങളിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ വിശദവിവരങ്ങൾ 'അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി)  അർബൻ 2020 പദ്ധതിയുടെ നോഡൽ  ഏജൻസി കേരള സുസ്ഥിര നഗരവികസനപദ്ധതി (കെ.എസ്.യു.ഡി.പി.)-യാണ്. നഗരസഭകൾ സമർപ്പിക്കുന്ന പ്രോജക്ട് ആശയങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 ഏജൻസികളെ എംപാനൽ ചെയ്തിട്ടുണ്ട്. കൺസൾട്ടിംഗ് ഏജൻസികളെ നഗരസഭകൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്. നഗരസഭകൾ കൺസൾട്ടിംഗ് ഏജൻസികൾ മുഖേന തയ്യാറാക്കി സമർപ്പിക്കുന്ന പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വിലയിരുത്തുന്നതും അംഗീകാരം നൽകുന്നതും ഇതിനായി രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികളാണ്.

ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകാരം നൽകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സർക്കാരുമായുള്ള ത്രികക്ഷി കരാറിൽ നഗരസഭയ്ക്കും കൺസൾട്ടിംഗ് ഏജൻസിക്കും ഏർപ്പെടാവുന്നതാണ്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിരക്കിലും നിബന്ധനയിലും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ഫീ ബന്ധപ്പെട്ട ഏജൻസികൾക്ക്  കെ.എസ്.യു.ഡി.പി. മുഖേന നൽകുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ടുകൾ നേടിയെടുക്കേണ്ട ചുമതല അതത് നഗരസഭകൾക്കാണ്. ഇതിനായുള്ള പ്രവർത്തനങ്ങൾ സുഗമമാക്കാൻ നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം**

21 (*290) ശ്രീ. പുരുഷൻ കടലുണ്ടി:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളെ സംബന്ധിച്ച ഇന്ദിരാ ചന്ദ്രശേഖരൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നു; പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത് എന്നായിരുന്നു;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച ശിപാർശകൾ നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചതായ കാര്യം അറിയാമോ;

(ഡി) വിവിധ വകുപ്പുകളുടെ അച്ചടി ജോലികൾ സ്വകാര്യ പ്രസ്സുകൾക്ക് നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ ഗവ. പ്രസ്സുകളുടെ ആധുനികവൽക്കരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>) :

(എ&ബി) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി ശ്രീമതി ഇന്ദിരാ ചന്ദ്രശേഖർ അദ്ധ്യക്ഷയായി 23-2-2010-ലെ ജി.ഒ. (എം.എസ്.) നം.35/10 ഉ.വി.വ. പ്രകാരം രൂപീകരിച്ച കമ്മിറ്റി 11-05-2011-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

ഇന്ദിരാ ചന്ദ്രശേഖർ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് 21-03-2013, 25-03-2013 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾക്കനുസൃതമായി നടപടികൾ കൈക്കൊള്ളുകയും ശിപാർശയിലെ എല്ലാ നിർദ്ദേശങ്ങളും പരിശോധിച്ചു വരുകയും ചെയ്യുന്നു. പ്രസ്തുത റിപ്പോർട്ടിലെ (1) (2) ശിപാർശകളായ പ്രിന്റിംഗ്, സ്റ്റേഷനറി വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു മേജർ വകുപ്പാക്കി ഉയർത്തുന്നതിനും പ്രിന്റിംഗ് & സ്റ്റേഷനറി ഡയറക്ടറായി ഐ.എ.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കണമെന്നുള്ള ശിപാർശകളിന്മേൽ തുടർനടപടി കൈക്കൊള്ളുന്നതിനായി പൊതുഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ശിപാർശ പ്രായോഗികമായി നടപ്പാക്കാൻ വൈഷമ്യമുള്ളതിനാൽ ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല എന്ന് പൊതുഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ 3, 4 ശിപാർശകളായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അച്ചടിവകുപ്പിൽ നിലവിലുള്ള പ്രസ്സ് മാന്വൽ പരിഷ്കരിച്ച് ഭേദഗതി വരുത്തുന്നതിനെക്കുറിച്ചും നിലവിലുള്ള സ്പെഷ്യൽ റൂൾ പരിഷ്ക്കരണവും ആധുനിക വൽക്കരണത്തിന്റെ ഭാഗമായി നിലവിൽ വന്നിട്ടുള്ള പുതിയ തസ്തികകൾക്കും പുതുതായി സൃഷ്ടിക്കേണ്ട തസ്തികകൾക്കുമുള്ള നിയമനരീതി, യോഗ്യത എന്നിവ നിശ്ചയിക്കുന്നതിനെക്കുറിച്ചും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായും ശിപാർശ 5,6,7,8 എന്നിവ പരിഗണിക്കുന്നതിനുമായി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി അത്യാധുനിക വെബ്ഓഫ് സെറ്റ് മെഷീനുകൾ 3 എണ്ണം മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് പ്രസ്സുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ കോഴിക്കോട്, ഷൊർണ്ണൂർ, വാഴൂർ എന്നീ ഗവൺമെന്റ് പ്രസ്സുകളിൽ റീൽപേപ്പർ ഗോഡൗണുകളും സ്ഥാപിച്ചിട്ടുണ്ട്.

ആധുനികവൽക്ക രണത്തിന്റെ ഭാഗമായി 220.1 ലക്ഷം രൂപ ചെലവിൽ ഓഫീസ് ഓട്ടോമേഷൻ പ്രവർത്തനങ്ങൾ അച്ചടി വകുപ്പിൽ നടന്നുവരുന്നു. COMPOSE എന്ന പേരിലുള്ള ഈ പദ്ധതി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.ഐ.സി.-യാണ് നടപ്പാക്കുന്നത്.

**കാലിത്തീറ്റ ലഭ്യത**

22(*291) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ):
ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്ക് കാലിത്തീറ്റ ലഭ്യത ഉറപ്പു വരുത്തുന്നതിനായുള്ള സർക്കാർതല സംവിധാനങ്ങൾ എന്തൊക്കെ യാണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സംവിധാനങ്ങൾ മുഖേന ഉല്പാദിപ്പിക്കപ്പെടുന്ന കാലിത്തീറ്റ ക്ഷീരകർഷകരുടെ ആവശ്യത്തിന് പര്യാപ്തമാണോ;

(സി) കേരള ഫീഡ്സും മിൽമയും അവരുടെ കാലിത്തീറ്റ ഉൽപന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ വില വർദ്ധനവ് ക്ഷീരകർഷകരെ ദുരിതത്തിലാഴ്ത്തിയ കാര്യം സർക്കാരിനറിയാമോ;

(ഇ) ന്യായമായ വിലയിൽ ആവശ്യത്തിനനുസരിച്ച് സംസ്ഥാനത്തിനുള്ളിൽ തന്നെ ഗുണമേന്മയുള്ള കാലിത്തീറ്റ ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): (എ) ക്ഷീരവികസന വകുപ്പിന് കീഴിലുള്ള സഹകരണ സ്ഥാപനമായ മിൽമയുടേതായി ആലപ്പുഴ ജില്ലയിലെ പട്ടണക്കാടും പാലക്കാട് ജില്ലയിലെ മലമ്പുഴയിലുമായി 2 കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഓരോ പ്ലാന്റിനും ദിവസേന 300 ടൺ കാലിത്തീറ്റ ഉല്പാദിപ്പിക്കുവാനുള്ള ശേഷിയുണ്ട്.

മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡ് പ്രതിദിനം 1000 ടൺ കാലിത്തീറ്റ ഉല്പാദിപ്പിച്ച് ന്യായമായ വിലയ്ക്ക് കേരളത്തിലുടനീളം വിപണിയിൽ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു. കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരിയിൽ 300 ടൺ കാലിത്തീറ്റയും 60 ടൺ ആട്ടിൻ തീറ്റയും പ്രതിദിന ഉല്പാദനശേഷിയുള്ള ഫാക്ടറി നിർമ്മാണം പൂർത്തിയായി ട്രയൽ റൺ നടത്തിവരികയാണ്. കൂടാതെ ഇടുക്കി ജില്ലയിലെ തൊടുപുഴക്കടുത്ത് 500 ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള ഫാക്ടറിയുടെ പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

തീറ്റച്ചെലവ് കുറച്ച് ക്ഷീരോല്പാദനം ലാഭകരമാക്കുന്നതിന് വർഷം മുഴുവനും തീറ്റപ്പുല്ല് ലഭ്യമാക്കുന്നതിലേയ്ക്കായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ക്ഷീരകർഷകർ സംഘങ്ങളിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡിയും വകുപ്പ് നൽകിവരുന്നുണ്ട്.

(ബി) ക്ഷീരസഹകരണ സംഘങ്ങളിൽ നിന്നും ലഭിക്കുന്ന ഇൻഡന്റ് പ്രകാരം ആവശ്യമായ കാലിത്തീറ്റ എത്തിച്ചുകൊടുക്കുന്നതിനുള്ള സംവിധാനങ്ങൾ മിൽമ ഒരുക്കിയിട്ടുണ്ട്. കൂടുതലായി ആവശ്യകത ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഇതര കാലിത്തീറ്റ ഫാക്ടറികളുമായി ഉടമ്പടിയിൽ ഏർപ്പെട്ടശേഷം മിൽമയുടെ ഫോർമുല അനുസരിച്ച് തീറ്റ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങളും

മിൽമയ്ക്കുണ്ട്.

കേരളാ ഫീഡ്സ് നിലവിലുള്ള പ്രതിദിന 1000 ടൺ ഉല്പാദന വിപണന ശേഷി ഉടൻ തന്നെ 1300 ടണ്ണായി വർദ്ധിപ്പിക്കുന്നതാണ്. തൊടുപുഴ ഫാക്ടറിയുടെ നിർമ്മാണം പൂർത്തിയാകുമ്പോൾ നിലവിലുള്ള ഉല്പാദന വിപണന ശേഷി 1800 ടണ്ണായി വർദ്ധിക്കുന്നതാണ്.

(സി) വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി&ഇ) അസംസ്കൃത വസ്തുക്കൾക്ക് അനിയന്ത്രിതമായ വിലക്കയറ്റം ഉണ്ടായതുകൊണ്ടാണ് വില വർദ്ധന വേണ്ടിവന്നത്. കർഷകർക്ക് ആശ്വാസം എന്ന നിലക്ക് മിൽമയുടെ മേഖലാ യൂണിയനുകൾ സ്വന്തം പ്രവർത്തന ഫണ്ടിൽ നിന്നും കാലിത്തീറ്റയ്ക്ക് സബ്സിഡിയും ഇൻസെന്റീവുകളും നൽകിവരുന്നുണ്ട്. കേരളാ ഫീഡ്സ് ലിമിറ്റഡ് ക്ഷീരകർഷകർക്ക് കഴിഞ്ഞ വർഷം കാലിത്തീറ്റ വിലയിൽ ഡിസ്കൗണ്ട് ഇനത്തിൽ 6 കോടിയിൽപ്പരം രൂപ നൽകിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ് മുഖേന 2015-2016-ൽ 12.5 കോടി രൂപ കാലിത്തീറ്റ സബ്സിഡി നൽകിയിട്ടുണ്ട്. പുൽക്കൃഷി വ്യാപകമാക്കുന്നതിനായി പലവിധ സാമ്പത്തിക സഹായങ്ങളും നൽകിവരുന്നുണ്ട്. കേരളാ ഫീഡ്സിന്റെ കാലിത്തീറ്റ ഉല്പാദനം താമസിക്കാതെ പ്രതിദിനം 1800 ടൺ ആയി വർദ്ധിപ്പിക്കുന്നതാണ്.

**നെൽകൃഷി വ്യാപന പദ്ധതി**

23(*292) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. സദാശിവൻ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടപ്പാക്കി വരുന്ന നെൽകൃഷി വ്യാപന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കപ്പെടുമ്പോഴും, നെല്ലുല്പാദനത്തിലും വയലുകളുടെ വിസ്തൃതിയിലും ഗണ്യമായ കുറവ് സംഭവിക്കുന്നത് എന്തുകൊണ്ടാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) നടപ്പാക്കിവരുന്ന പദ്ധതികളിൽ പോരായ്മകൾ ഉണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ അവ പരിഹരിച്ച് പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ മുൻകൈയെടുക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) നെല്ലുൽപ്പാദനത്തിലും വയലുകളുടെ വിസ്തൃതിയിലും കുറവ് സംഭവിക്കുന്നത് നെൽ വയലുകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമൂലമാണ്. ഇതിന് പരിഹാരമായി നെൽകർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പിലാക്കുകമൂലം ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2010-2011-ൽ 522740 മെ.ടൺ ഉൽപ്പാദനം ആയിരുന്നത് 2011-12 വർഷം 568993 മെ.ടൺ ആയി ഉയർന്നു. 2012-2013-ൽ ഉൽപ്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-14-ൽ 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. ഉൽപ്പാദനക്ഷമത 2010-11-ൽ 2452 കി.ഗ്രാം ആയിരുന്നത് 2011-12-ൽ 2733 കി.ഗ്രാമായും 2012-13-ൽ 2577 കി.ഗ്രാം ആയിരുന്നത് 2013-14 വർഷം 2827 കി.ഗ്രാമായും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. നെൽവയൽ സംരക്ഷണ ആക്ട് 2008-ൽ നിലവിൽ വന്നതോടെ വയൽ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുന്നത് തടയാനും സാധിച്ചിട്ടുണ്ട്. തരിശായി കിടന്നിരുന്ന നെൽ വയലുകൾ കൃഷിയോഗ്യമാക്കുകയും കരനെൽകൃഷി പ്രോൽസാഹിപ്പിക്കുകയും ചെയ്തത് വഴി നെൽകൃഷി 2012-2013-ൽ 197279 ഹെക്ടറിൽ ആയിരുന്നത് 2013-2014 -ൽ 199611 ഹെക്ടറിലായി വർദ്ധിച്ചു.

(സി) കൃഷി വകുപ്പ് വഴി നിരവധി നെൽകൃഷി വികസന പദ്ധതികൾ കർഷകർക്ക് ഉപയോഗപ്രദമായ രീതിയിൽ നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്.

## സ്ത്രീ-പുരുഷ സൗഹൃദ സംസ്കാരം

24(*293) ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ .എ. നെല്ലിക്കുന്ന്:

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാമ്പസുകളിൽ പെൺകുട്ടികൾ കടുത്ത വിവേചനവും മാനസിക പീഡനവും അനുഭവിക്കുന്നുണ്ടെന്ന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച സമിതിയുടെ കണ്ടെത്തൽ സാമൂഹ്യനീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനു പരിഹാരമായി പ്രസ്തുത സമിതി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഗൗരവപൂർവ്വം പരിശോധിക്കുമോ ;

(സി) കുടുംബങ്ങളിലും സ്കൂളുകളിലും ആരോഗ്യകരമായ സ്ത്രീ പുരുഷ സൗഹൃദ സംസ്കാരം വളർത്തിയെടുക്കാനുള്ള ശാസ്ത്രീയ നടപടികൾ കൈക്കൊള്ളുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഇല്ല.

(ബി) കാമ്പസുകളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 'ജണ്ടർ ജസ്റ്റീസ് ഓൺ കാമ്പസസ്' എന്ന പഠന കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

(സി) കോളേജുകളിലേയും ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവിടങ്ങളിലെയും ആൺ-പെൺ വിദ്യാർത്ഥികൾക്കിടയിൽ ലിംഗനീതി ബോധവും ആരോഗ്യകരമായ ആൺ-പെൺ സൗഹൃദവും വളർത്തുന്നതിനുതകുമാറ് 'കലാലയജ്യോതി 'എന്ന പരിപാടി കേരള വനിതാ കമ്മീഷൻ നടത്തി വരുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് 2015 -ൽ പുറപ്പെടുവിച്ച ജെണ്ടർ ഇക്വാളിറ്റി നയത്തിന്റെ അടിസ്ഥാനത്തിൽ 'തുല്യനീതി-നല്ലനാട്' എന്ന പേരിൽ ഒരു പ്രചാരണ പ്രവർത്തനത്തിന് 25-11-2015-ൽ തുടക്കം കുറിച്ചിട്ടുണ്ട്. കാമ്പസുകളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 'ജണ്ടർ ജസ്റ്റീസ് ഓൺ കാമ്പസസ് ' എന്ന പഠന കമ്മിറ്റിയുടെ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്.

### കുട്ടനാട് പാക്കേജ്

25(*294) ശ്രീ. ജി. സുധാകരൻ:

ശ്രീ. എം. എ. ബേബി:

ശ്രീ. സി. കെ സദാശിവൻ:

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജ് പരാജയപ്പെട്ടിട്ടുണ്ടോ ;കാരണം എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കാലാവധി അവസാനിച്ച കുട്ടനാട് പാക്കേജിന്റെ ഇനിയുള്ള നടത്തിപ്പ് എങ്ങനെ എന്നത് സംബന്ധിച്ച് വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പിൽ അഴിമതി നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിലെ വീഴ്ച കൊണ്ട് സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര ഫണ്ട് നഷ്ടമായിട്ടുണ്ടെങ്കിൽ അത് സംബന്ധിച്ച് വിലയിരുത്തുമോ;

(ഇ) പദ്ധതി വീണ്ടും നീട്ടി നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോയെന്നും അത് സംബന്ധിച്ച് കേന്ദ്ര തീരുമാനം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കുട്ടനാട് പാക്കേജ് പരാജയപ്പെട്ടതായി സർക്കാർ കരുതുന്നില്ല. എന്നാൽ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇതിലെ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കുട്ടനാട് പാക്കേജിൻ കീഴിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് മുൻഗണന നൽകേണ്ടതും ബാക്കി അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന തുടർപദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കേണ്ടതാണെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ള പ്രകാരം നടപടികൾ തുടർന്നു വരുന്നുണ്ട്.

(സി) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള പരാതികൾ ശ്രദ്ധയിൽ പ്പെടുമ്പോൾ ഉചിതമായ നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) കുട്ടനാട് പാക്കേജിൻ കീഴിൽ അംഗീകാരം ലഭിച്ച 1268.127 കോടി രൂപയുടെ പദ്ധതികളിൽ കേന്ദ്ര/സംസ്ഥാന സർക്കാർ റിലീസ് ചെയ്ത 654.138 കോടി രൂപയിൽ 622.34 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഇ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 7-10-14, 16-10-14 എന്നീ തീയതികളിലെ കത്തുകളിലൂടെ കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജിന്റെ ജലസേചന വകുപ്പിൻ കീഴിൽ വരുന്ന KEL-1, KEL-2 പദ്ധതികൾക്ക് മാർച്ച് 2015

വരെയും KEL-3, ഓണാട്ടുകര പദ്ധതികൾക്ക് ഡിസംബർ 2016 വരെയും കേന്ദ്രം സമയപരിധി നീട്ടി നൽകിയിട്ടുണ്ട്.

**വിമാന യാത്രക്കൂലി വർദ്ധനവ്**

26 (*295) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ:
ശ്രീ. റ്റി. എ. അഹമ്മദ് കബീർ:
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്സവ സീസണിൽ വിമാന കമ്പനികൾ യാത്രക്കൂലിയിൽ വൻവർദ്ധന വരുത്തി ഗൾഫ് യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതി അവസാനിപ്പിക്കുവാൻ വേണ്ട ഇടപെടൽ നടത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഗൾഫിലെ ചില മേഖലകളിൽ നിന്ന് ചില പ്രത്യേക എയർലൈനുകൾ മാത്രമേ സർവ്വീസ് നടത്തുന്നുള്ളൂ എന്നത് പ്രസ്തുത യാത്രാക്കൂലി വർദ്ധനവിന് കാരണമാകുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ ശ്രമങ്ങൾ നടത്താനാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത യാത്രാക്കൂലി വർദ്ധന പരിഹരിക്കുന്നതിന് അടിയന്തര ശ്രമം നടത്തുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ-സി) കേരളത്തിൽ നിന്നും ഗൾഫ് നാടുകളിലേയ്ക്കുള്ള യാത്ര ചാർജ് വിമാന കമ്പനികൾ ഉൽസവ സീസണിൽ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്കും തിരിച്ചും വർഷം മുഴുവൻ വിവിധ നിലയിലെ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്. തിരക്ക് കുറഞ്ഞ സമയത്ത് യാത്രക്കാരുടെ എണ്ണത്തിലുള്ള കുറവും വിദേശ എയർലൈനുകളുടെ കടുത്ത മൽസരവും കാരണം കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. തിരക്കുള്ള സമയത്ത് നേരത്തേ ബുക്ക് ചെയ്യുന്നവർക്ക് കുറഞ്ഞ നിരക്കിലും അവസാന നിമിഷം ബുക്ക് ചെയ്യുന്നവർക്ക് IATA/DGCA അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുന്ന നിരക്കിലും ടിക്കറ്റ് വാങ്ങേണ്ടി വരും. ലോകത്തെ എല്ലാ എയർലൈനുകളും ടിക്കറ്റ് നിരക്ക് ഈടാക്കുന്നത് ഈ രീതിയിലാണ്. ഗൾഫ് മേഖലയിലേയ്ക്ക് സർവ്വീസ് നടത്തുന്ന മറ്റ് എയർലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ എയർ ഇന്ത്യയും എയർ ഇന്ത്യ എക്സ്പ്രസ്സും തിരക്കുള്ള സമയത്തും കുറഞ്ഞ ടിക്കറ്റ് നിരക്കാണ് ഈടാക്കുന്നത്.

എയർ ഇന്ത്യ എക്സ്പ്രസ്സ് തിരക്കുള്ള സമയത്ത് മറ്റ് എയർലൈൻസിനേക്കാൾ 10-20% വരെ കുറഞ്ഞ നിരക്കിന്റെ ടിക്കറ്റാണ് ഈടാക്കുന്നത് എന്ന് സംസ്ഥാന സർക്കാരിനെ കേന്ദ്ര വ്യോമയാന വകുപ്പ് അറിയിച്ചിട്ടുണ്ട്. തിരക്കുള്ള സമയത്ത് യാത്രക്കൂലി ക്രമാതീതമായി വർദ്ധിപ്പിച്ച് എയർലൈനുകൾ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്നില്ല എന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെടുന്നുണ്ട്. കൂടാതെ വ്യോമയാന മേഖലയുമായി ബന്ധപ്പെട്ട് കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്ക് 10-12-2015-ൽ സമർപ്പിച്ച വിശദമായ മെമ്മോറാണ്ടത്തിൽ വ്യോമയാന കമ്പനികൾ അനിയന്ത്രിതമായി വിമാനനിരക്ക് വർദ്ധിപ്പിക്കുന്നത് തടയുന്നതിനും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കുന്നതിനും കേരളത്തിലെ മൂന്ന് വിമാനത്താവളങ്ങളിലേയ്ക്ക് ഗൾഫ് നാടുകളിൽ നിന്നും കൂടുതൽ ഷെഡ്യൂളുകൾ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

**കുടുംബശ്രീ ഫ്രെയിംശ്രീ**

27 (*296) ശ്രീ. സാജു പോൾ:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ആർ. രാജേഷ്:
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ 'ഫ്രെയിംശ്രീ ' എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഏത് ഏജൻസിയെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി കുടുംബശ്രീ തെരഞ്ഞെടുത്തിരിക്കുന്നതെന്നറിയിക്കുമോ ;

(സി) ഏജൻസികൾ തെരഞ്ഞെടുത്തത് ഏത് രീതിയിലൂടെയാണ്;

(ഡി) പ്രസ്തുത പദ്ധതിയുടെ ഫണ്ടിംഗിനായി തദ്ദേശസ്ഥാപനങ്ങൾ വിഹിതം കൈമാറേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകുമോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്. മാധ്യമ അവബോധത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യത്തിൽ കുടുംബശ്രീ അംഗങ്ങളെ മാധ്യമരംഗത്ത് പ്രവർത്തിക്കുവാൻ പ്രാപ്തമാക്കുകയും ചെയ്യുന്നതിന് കുടുംബശ്രീ സംസ്ഥാന മിഷൻ നടപ്പിലാക്കിവരുന്ന പരിശീലന പദ്ധതിയാണ് മീഡിയാശ്രീ. അതിന്റെ ഭാഗമായി കുടുംബശ്രീ അംഗങ്ങൾക്ക് മാധ്യമ അവബോധവും, സ്ക്രിപ്റ്റിംഗ്, ഗവേഷണം, പ്രീ-പ്രൊഡക്ഷൻ,

പോസ്റ്റ്-പ്രൊഡക്ഷൻ എന്നീ മേഖലകളിലും ക്യാമറ, എഡിറ്റിംഗ്, സൗണ്ട് റിക്കോർഡിംഗ് മുതലായ രംഗങ്ങളിലും നൈപുണ്യ പരിശീലനം നൽകുവാൻ ആരംഭിച്ചിട്ടുള്ള ഒരു സൂക്ഷ്മ സംരംഭക പദ്ധതിയാണ് ഫ്രെയിംശ്രീ.

(ബി) സൗത്ത് ഏഷ്യൻ കോളേജ്, കോഴിക്കോട്.

(സി) പത്രപരസ്യത്തിലൂടെയും കുടുംബശ്രീയുടെ ഔദ്യോഗിക വെബ്സൈറ്റിലും പരസ്യം നൽകി ഇ.ഒ.ഐ. ക്ഷണിച്ച് വിദഗ്ദ്ധ പാനൽ വഴിയാണ് ഏജൻസിയെ തെരഞ്ഞെടുത്തത്.

(ഡി) ഇല്ല.

**കൃഷിഭവനുകൾ വഴിയുള്ള നാളികേരസംഭരണം'**

28 (*297) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. പി. തിലോത്തമൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. കെ. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് കൃഷി ഭവനുകൾ വഴി നാളികേരം സംഭരിക്കുന്നുണ്ടോ; അപ്രകാരം സംഭരിക്കുന്ന നാളികേരത്തിന്റെ വില നിലവാരം എത്ര;

(ബി) കേര കർഷകർക്ക് ഗുണമുണ്ടാകത്തക്ക രീതിയിൽ നാളികേരം, കൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില നിശ്ചയിക്കണമെന്ന ആവശ്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിൽ നാളികേര ബോർഡിന്റെ ഏതെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>) :

(എ) ഉണ്ട്. കിലോയ്ക്ക് 25 രൂപ നിരക്കിലാണ് ഇപ്പോൾ നാളികേരം സംഭരിക്കുന്നത്.

(ബി) ഉണ്ട്. നാളികേരത്തിന്റെ ഉത്പാദന ചെലവിനനുസരിച്ച് കൊപ്രയ്ക്ക് താങ്ങുവില നിശ്ചയിക്കുന്നതിനും താങ്ങുവിലയിൽ താഴെ കമ്പോള വിലയെത്തിയാൽ സംഭരണം ആരംഭിക്കുന്നതിനും നാളികേര വികസന ബോർഡ് കേന്ദ്ര സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ കൃഷി വകുപ്പ് പച്ചത്തേങ്ങ

ഒരു കിലോയ്ക്ക് 25 രൂപ നിരക്കിൽ സംഭരിക്കുന്നത് തുടരുന്നതാണ്.

**നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്റ്റിവിറ്റി**

29 (*298) ശ്രീ. കെ. മുരളീധരൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്റ്റിവിറ്റിക്ക് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ഗ്രാമീണ മേഖലയിൽ, പൊതുവെ പഞ്ചായത്തുകളിൽ അതിവേഗ ഇന്റർനെറ്റ് കണക്റ്റിവിറ്റി എത്തിക്കുക വഴി ഇ-ഗവേണൻസ് കാര്യക്ഷമമാക്കുകയും അതുവഴി ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ കൃത്യസമയത്ത് കാര്യക്ഷമതയോടെ നൽകുവാനും ഗ്രാമ പഞ്ചായത്തുകളിൽ ഇ-ഹെൽത്ത്, ഇ-ഗവേണൻസ്, ഇ-എഡ്യൂക്കേഷൻ എന്നിവയുടെ പ്രവർത്തനം സുഗമമാക്കുവാനും സാധിക്കും. ഓപ്റ്റിക്കൽ ഫൈബർ മുഖാന്തരം ബ്രോഡ്ബാന്റ് ലഭ്യമാക്കുന്നതുവഴി അതിവേഗ ഇന്റർനെറ്റ് സംവിധാനം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും തടസ്സം കൂടാതെ ലഭ്യമാക്കുന്നതിനും സമീപ ഭാവിയിൽത്തന്നെ പഞ്ചായത്തുകളുമായി കൂട്ടിച്ചേർത്ത സ്ഥാപനങ്ങളിൽക്കൂടി NOFN ദീർഘിപ്പിക്കുകയും WiFi സാങ്കേതിക വിദ്യ ഉപയോഗിച്ച് ജനങ്ങൾക്ക് പഞ്ചായത്തുകളിൽ നിന്നുള്ള സേവനങ്ങൾ ലഭ്യമാക്കുവാനും സാധിക്കും.

(സി) നാഷണൽ ഓപ്പ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 20-10-2012-ലെ സ.ഉ.(കൈ) നമ്പർ 21/2012/ ഐ.റ്റി.ഡി, പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി എല്ലാ ഗ്രാമ പഞ്ചായത്ത് കാര്യാലയങ്ങളിലും 50 സ്ക്വയർ ഫീറ്റ് സ്ഥലവും 200 w പവറും ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും BBNL അധികൃതർക്ക് സൗജന്യമായി ലഭ്യമാക്കാൻ എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതുപ്രകാരം എല്ലാ

ഗ്രാമ പഞ്ചായത്തുകളിലും ഈ പദ്ധതിക്കാവശ്യമുള്ള ഉപകരണങ്ങൾ BBNL സ്ഥാപിച്ചിട്ടുണ്ട്. BBNL, BSNL എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് സംസ്ഥാന ഐ.ടി.വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, സംസ്ഥാന ഐ.ടി മിഷൻ, ഇൻഫർമേഷൻ കേരള മിഷൻ (IKM) എന്നിവരുടെ മേൽനോട്ടത്തിൽ ഗ്രാമ പഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും വിന്യസിക്കുകയും ടെസ്റ്റ് ചെയ്യുകയും ചെയ്തു. ഓപ്പ്റ്റിക്കൽ ഫൈബർ കണക്ടിവിറ്റിക്കാവശ്യമായ ഡാറ്റാ പ്ലാൻ ലഭ്യമാക്കുന്നതിനായി BSNL-മായി ചർച്ച നടത്തി വരികയാണ്. കൂടാതെ നാഷണൽ ഓപ്പ്റ്റിക്കൽ ഫൈബർ നെറ്റ് വർക്ക് പദ്ധതി കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN) മായി ബന്ധിപ്പിക്കുന്ന പ്രവൃത്തികൾ ത്വരിത ഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

**നീരയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ**

30 (*300) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. റ്റി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീരയുടെ ബഹുമുഖമായ ഉപയോഗ സാദ്ധ്യതകൾ പരിഗണിച്ച് അതിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സംസ്ഥാനത്ത് തെങ്ങ് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) തെങ്ങുകളിൽ കണ്ടുവരുന്ന ആധുനിക രോഗങ്ങൾ ചെറുക്കുന്നതിനും തെങ്ങുകൃഷി ലാഭകരമാണെന്ന് ബോദ്ധ്യപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): (എ) നീര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, തെങ്ങിൽ നിന്നും നീരയുടെയും തെങ്ങിൻ പൂങ്കുലയിൽ നിന്നും കേരചക്കരയുടെയും ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്ട് കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീലേശ്വരം കേന്ദ്രമാക്കി 2013-14-ൽ ആരംഭിക്കുകയും 2014-15-ൽ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. നീരയുടെ ഉല്പാദന യൂണീറ്റുകൾ സ്ഥാപിക്കുന്നതിനും നീര ഉല്പാദനത്തിൽ പരിശീലനം നൽകുന്നതിനും ധനസഹായം നൽകുവാൻ 22-6-2015-ലെ സ.ഉ.(എം എസ്) നമ്പർ 111/2015/ കൃഷി പ്രകാരം സർക്കാർ

തീരുമാനിച്ചിട്ടുണ്ട്. ടി ഉത്തരവ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. സംസ്ഥാനത്തെ തെങ്ങ് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും സമഗ്ര നാളികേര വികസന പദ്ധതിയായ കേരഗ്രാമം 2014-15 വർഷം മുതൽ കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 56 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കി വരുന്നു.

സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് കേരഗ്രാമം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തടം തുറക്കൽ, തൊണ്ട് അടുക്കൽ, കുമ്മായം, മഗ്നീഷ്യം സൾഫേറ്റ്, ജൈവരാസവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക എന്നിവയ്ക്കായി ഹെക്ടറിന് 25,000 രൂപ ക്രമത്തിൽ ഒരു കേരഗ്രാമത്തിന് 125 ലക്ഷം രൂപ ധനസഹായം നൽകി വരുന്നു. കർഷകർക്ക് തെങ്ങു കയറ്റ യന്ത്രങ്ങൾ 2,000 രൂപ സബ്സിഡി നിരക്കിൽ ഒരു കേരഗ്രാമത്തിന് 100 എണ്ണം വരെ അനുവദിയ്ക്കുന്നതിന് 2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ നിരക്കിൽ ഒരു കേരഗ്രാമത്തിന് 5 ലക്ഷം രൂപയും പ്രസ്തുത പദ്ധതിയിലൂടെ നൽകി വരുന്നു.

(സി) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേര ഗ്രാമം പദ്ധതിയിലൂടെ തെങ്ങുകളിലെ രോഗ-കീട ബാധകൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കർഷകർക്ക് സഹായം നൽകി വരുന്നുണ്ട്. തെങ്ങിൻ തോപ്പുകളിൽ സസ്യ സംരക്ഷണ മുറകൾ സ്വീകരിക്കുന്നതിനും കീട രോഗ നിയന്ത്രണത്തിനും സഹായം നൽകുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം കീട-രോഗ നിരീക്ഷണം നടത്തുകയും ആവശ്യമായ സന്ദർഭങ്ങളിൽ രോഗ നിയന്ത്രണത്തിനുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കുമ്പുചീയൽ രോഗം സ്ഥിരമായി കാണുന്ന പ്രദേശങ്ങളിൽ കാലവർഷാരംഭത്തിൽ തന്നെ രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കുവാൻ കർഷകർക്ക് നിർദ്ദേശം നൽകുന്നുണ്ട്. പെട്ടെന്ന് ഉണ്ടാകുന്ന കീട-രോഗ ബാധ ശ്രദ്ധയിൽപ്പെടുന്ന സ്ഥലങ്ങളിൽ ശാസ്ത്രജ്ഞരും വിദഗ്ധരും അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക്ക് ടീം (MDDT) പരിശോധന നടത്തി കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. MDDT-യുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.


3157/2017

ശിപാർശയനുസരിച്ച് മരുന്ന് തളിക്കുന്നതിന് മരുന്നിന്റെ വിലയും കൂലിച്ചെലവുമുൾപ്പെടെ സാമ്പത്തിക സഹായം നൽകുന്നതിന് കണ്ടിജൻസി പ്രോഗ്രാമിൽ 2015-16 സാമ്പത്തിക വർഷം 200 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഐ.എ.വൈ. കേന്ദ്ര-സംസ്ഥാന ഫണ്ട് അനുപാതം

1 (3203) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എ. വൈ. പ്രകാരമുള്ള വീട് നിർമ്മാണത്തിന്റെ കേന്ദ്ര -സംസ്ഥാന ഫണ്ട് അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സഹായത്തിന്റെ അനുപാതം കുറച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ച് സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ എത്ര തുകയായി വർദ്ധിപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയതിന് എന്ന് മുതൽ പ്രാബല്യം നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഐ.എ.വൈ. യൂണിറ്റ് കോസ്റ്റ് തുകയുടെ കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ അനുപാതം 2014-15 വരെയുണ്ടായിരുന്ന 75:25 എന്നതിൽനിന്നും 2015-16 മുതൽ 60:40 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ഫണ്ട് അനുവദിക്കുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം നിശ്ചയിച്ചറിയിക്കുന്ന അനുപാതത്തിൽ തന്നെ അനുവദിക്കുന്നതാണ്.

(സി) ഐ.എ.വൈ. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് സംസ്ഥാന ഗവൺമെന്റ്

ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയായും എസ്.സി./എസ്.റ്റി. വിഭാഗത്തിന് 3 ലക്ഷം രൂപയായും 2015-16 വർഷം മുതൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

**വി.ഇ.ഒ. പ്രീസർവ്വീസ് ട്രെയിനിംഗ്**

2 (3204) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ.-മാർക്ക് പ്രീസർവ്വീസ് ട്രെയിനിംഗ് സമയത്ത് ലഭിക്കുന്ന സ്റ്റൈപ്പന്റ് എത്ര രൂപയാണ് ;

(ബി) അതാത് സമയത്തെ വി.ഇ.ഒ. ഗ്രേഡ് II അടിസ്ഥാന ശമ്പളമായാണോ പ്രത്യേകം സ്റ്റൈപ്പന്റ് ആയാണോ പ്രസ്തുത തുക നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രീസർവ്വീസ് കോഴ്സ്, ഇൻസർവ്വീസ് കോഴ്സാക്കി അടിസ്ഥാന ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) മറ്റേതെങ്കിലും വകുപ്പിൽ പ്രീസർവ്വീസ് കോഴ്സ് നിലവിലുണ്ടോ ; എങ്കിൽ അവർക്ക് നൽകുന്ന വേതനം എത്രയാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രതിമാസം 10,480 (പതിനായിരത്തി നാനൂറ്റി എൺപത് രൂപാ മാത്രം).

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയുടെ അടിസ്ഥാന ശമ്പളം (അലവൻസുകൾ ഒഴികെ) സ്റ്റൈപ്പന്റായി നൽകി വരുന്നു.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ബാധകമല്ല.

**പി.എം.ജി.എസ്.വൈ. പദ്ധതി**

3 (3205) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മേയ് മാസത്തിനു ശേഷം പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന ചങ്ങരോത്ത്, ചക്കിട്ടപാറ, കൂത്താളി, പേരാമ്പ്ര, മേപ്പയൂർ, തുറയൂർ, അരിക്കുളം, ചെറുവണ്ണൂർ എന്നീ പഞ്ചായത്തുകളിലെ ഏതെല്ലാം ഗ്രാമീണ റോഡുകൾ നവീകരിക്കാൻ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചു എന്നും പ്രസ്തുത ഓരോ

പ്രവൃത്തിക്കും എന്തു തുക വീതമാണ് അനുവദിച്ചതെന്നും അവ ഓരോന്നിന്റെയും നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകളാണ് പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതുതായി തീരുമാനിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) പേരാമ്പ്ര ബ്ലോക്കിലെ നൊച്ചാട് പഞ്ചായത്തിൽ ഉൾപ്പെട്ട 4.6 കി. മീറ്റർ നീളം വരുന്ന വല്ല്യകോട് - മുളയങ്കൽ റോഡാണ് പി.എം.ജി.എസ്.വൈ.- II പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ പുതുതായി തീരുമാനിച്ചത്.

**പി.എം.ജി.എസ്.വൈ. നേരിടുന്ന പ്രതിസന്ധികൾ**

4 (3206) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പണികൾക്ക് ഇന്ന് നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) പി.എം.ജി.എസ്.വൈ. പണികൾക്ക് എത്ര രൂപയുടെ കുടിശ്ശികയാണ് കരാറുകാർക്കുള്ളത് ; ഇതുമൂലം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതും കരാറുകാർ പണി നിർത്തിവയ്ക്കുന്നതും ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) പി.എം.ജി.എസ്.വൈ. പണികളുടെ സുഗമമായ പ്രവർത്തനത്തിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പി.എം.സി. മീറ്റിംഗ് എല്ലാ മാസവും ചേരുകയും പ്രശ്നങ്ങൾക്ക് അടിയന്തര പരിഹാരം കാണുകയും ചെയ്തുവരുന്നു.

(ബി) കുടിശ്ശികയായി 108 കോടി രൂപ നാളിതുവരെ നൽകുവാനുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച റോഡുകൾ**

5 (3207) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ ഇക്കഴിഞ്ഞ 4 വർഷങ്ങളിൽ അനുവദിക്കപ്പെട്ട റോഡുകളുടെ പേരും അനുവദിച്ച തുകയും ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡുകളിൽ നിർമ്മാണം ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണ്; താമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പുതുതായി പി.എം.ജി.എസ്.വൈ. പദ്ധതിയിലുൾപ്പെടുത്താൻ പത്തനംതിട്ട ജില്ലയിൽ നിന്നും നൽകിയിട്ടുള്ള പ്രോജക്ടുകൾ ഏതെല്ലാമാണെന്ന് ബ്ലോക്ക് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത റോഡുകൾ ഒന്നുംതന്നെ പൂർത്തീകരിക്കപ്പെട്ടിട്ടില്ല. റോഡ് നിർമ്മാണത്തിനാവശ്യമായ വീതി ലഭ്യമാകാത്തതും കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി യൂട്ടിലിറ്റീസ് ഷിഫ്റ്റ് ചെയ്യാത്തതുംമൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നു.

(സി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**പി.എം.ജി.എസ്.വൈ. പദ്ധതി**

6 (3208) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ ഘട്ടം തിരിച്ച് വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ കരാറുകാർ ഏറ്റെടുക്കാത്ത നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) കരാറുകാർ ഏറ്റെടുക്കാത്ത നിർമ്മാണ പ്രവൃത്തികൾ റീടെൻഡർ ചെയ്യുന്നതിനും അധികരിച്ച നിരക്ക് അനുവദിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു*

(ബി) വെളിയനാട് എൽ.പി.എസ്.കപ്പോള, കുന്നംകരി-കുമരംകരി, പയറ്റുപ്പാക്ക-ശ്മശാനം എന്നീ പ്രവൃത്തികൾക്കുള്ള കരാർ ആരും തന്നെ ഏറ്റെടുത്തിട്ടില്ല.

(സി) റീ-ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പി.എം.ജി.എസ്.വൈ. രണ്ടാം ഘട്ടം**

7 (3209) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എം. ജി. എസ്. വൈ. രണ്ടാം ഘട്ടത്തിൽ എത്ര കിലോമീറ്റർ റോഡ് നിർമ്മിക്കാനാണ് അനുമതി ലഭിച്ചിട്ടുള്ളത്;

(ബി) ആയത് അനുവദിച്ചത് എന്നാണെന്നും ഇതുവരെ എത്ര കിലോമീറ്റർ റോഡ് പൂർത്തിയായിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഈ വർഷം ആദ്യം എത്ര രൂപയാണ് കേന്ദ്രസർക്കാർ തന്നിട്ടുള്ളത്; ഈ തുക പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് പര്യാപ്തമാണോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തുക വർദ്ധിപ്പിച്ച് തരുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 570 കി. മീറ്റർ റോഡ്.

(ബി) മുൻ കേന്ദ്ര സർക്കാരിന്റെ കാലത്താണ് ഇത് അനുവദിച്ചത്. പ്രസ്തുത റോഡുകൾക്ക് അനുമതി നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പി.എം.ജി.എസ്.വൈ. രണ്ടാം ഘട്ടത്തിന് പദ്ധതിയിൽ നാളിതുവരെ കേന്ദ്ര സർക്കാർ തുക ഒന്നും നൽകിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) തുക അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ബി.പി.എൽ. സർട്ടിഫിക്കറ്റ്**

8 (3210) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരെ (ബി.ഡി.ഒ.) ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമം വ്യക്തമാക്കുമോ;

(ബി) നഗര പ്രദേശങ്ങളിലെ അർഹരായവർക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് നൽകുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 30-9-2015-ലെ സ.ഉ.(കൈ.) 309/15/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിലുള്ള ബി.പി.എൽ. പട്ടികയിൽ അർഹതപ്പെട്ട വളരെയധികം കുടുംബങ്ങൾ ഉൾപ്പെടാതെ വരികയും അനർഹർ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് കേന്ദ്ര/സംസ്ഥാന സർക്കാരിന്റെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ/ചികിത്സാ ആനുകൂല്യങ്ങൾ/ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാകാതെ വരുന്നുണ്ട്. ആയതിനാൽ നിലവിലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ പട്ടികയിൽ ഉൾപ്പെടാൻ അർഹതയുള്ള കുടുബങ്ങളിലെ അംഗങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ ക്ഷേമപ്രവർത്തനങ്ങൾ/ആനുകൂല്യങ്ങൾ/ചികിത്സാ/ വിദ്യാഭ്യാസ സംബന്ധമായ ആവശ്യങ്ങൾ എന്നിവയ്ക്ക് ബി.പി.എൽ. സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന സാഹചര്യത്തിൽ അപേക്ഷ വിശദമായി പരിശോധിച്ച് നിലവിലുള്ള ബി.പി.എൽ. അർഹതാമാനദണ്ഡം ഉറപ്പുവരുത്തി ബി.പി.എൽ. സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

**റോഡു വികസന പദ്ധതികൾ**

9 (3211) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് റോഡു വികസനത്തിനായി ഏതെല്ലാം തരത്തിലുള്ള

പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ താമസിക്കുന്ന മേഖലയ്ക്ക് ഊന്നൽ നൽകുന്ന പ്രത്യേക പദ്ധതികളുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; ഇതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ., നബാർഡ് ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികളാണ് റോഡു വികസനത്തിനായി നടപ്പിലാക്കി വരുന്നത്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക പദ്ധതികളില്ല.

**ആർ.ഐ.ഡി.എഫ്. പദ്ധതികൾ**

10 (3212) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ, ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾക്കായി എം.എൽ.എ.മാരിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചതിനു ശേഷം അതിൽ ഒന്ന് പോലും അനുവദിക്കുകയോ നടപ്പാക്കാതിരിക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ പദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും നടപ്പാക്കുന്നതിനും നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഈ മാനദണ്ഡങ്ങൾ പാലിച്ചാണോ പാലക്കാട് ജില്ലയിൽ പദ്ധതികൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) തരൂർ മണ്ഡലത്തിൽ അനുവദിച്ച കുത്തനൂർ -പേഴുംകാട് തോട് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾക്കായി എം.എൽ.എ.-മാരിൽനിന്നും സ്വീകരിക്കുന്ന നിർദ്ദേശങ്ങൾ പ്രസ്തുത പദ്ധതിയിൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനായി ഗ്രാമവികസന

കമ്മീഷണർ സമർപ്പിക്കുന്നു. നബാർഡ് പ്രവൃത്തികളുടെ ഏകോപനവും മേൽനോട്ടവും നടത്തുന്നത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എസ്.എൽ.ഇ.സി. ആണ്. ധനകാര്യ വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള നബാർഡ് വിഹിതം എസ്.എൽ.ഇ.സി. നിശ്ചയിച്ച് അറിയിക്കുന്ന മുറക്ക് പ്രോജക്ടുകളുടെ കരട് നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്തിൽനിന്നും ഗ്രാമവികസന കമ്മീഷണർ വാങ്ങി സർക്കാരിന്റെ അനുമതിക്ക് നൽകുകയാണ് ചെയ്യുന്നത്. അത്തരത്തിൽ അംഗീകാരം ലഭിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. വാങ്ങി നബാർഡിന്റെ അനുമതിക്ക് അയയ്ക്കുകയും അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു.

(ബി) നബാർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന പദ്ധതി നിർദ്ദേശങ്ങളിൽ ലഭ്യമായ വിഹിതത്തിനുള്ളിൽ വരത്തക്കവിധത്തിൽ സംസ്ഥാന സർക്കാർ മുൻഗണനാ ക്രമത്തിൽ അംഗീകാരം നൽകുന്നു. ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(സി) സർക്കാർ തീരുമാനിക്കുന്ന മുൻഗണനാ ലിസ്റ്റിൻ പ്രകാരമാണ് വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡിന് സമർപ്പിക്കുന്നത്.

(ഡി) തരൂർ മണ്ഡലത്തിൽ അനുവദിച്ച കുത്തനൂർ-പേഴുംകോട് തോട് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ടി പ്രവൃത്തിക്കാവശ്യമായ സ്ഥലം ലഭ്യമല്ലായെന്നുള്ള കാരണത്താൽ 2012-ൽ തന്നെ മേൽ പ്രവൃത്തി പാലക്കാട് ജില്ലാ പഞ്ചായത്ത് ഉപേക്ഷിച്ചു.

**മലയോര വികസന ഏജൻസി**

11 (3213) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര വികസന ഏജൻസി രൂപീകരിച്ചത് എന്നാണ്;

(ബി) മലയോര വികസന ഏജൻസിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) റോഡുകളുടെ വികസനത്തിൽ പ്രസ്തുത ഏജൻസി വഹിക്കുന്ന പങ്ക് എന്താണെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) മലയോര വികസന ഏജൻസി രൂപീകരിച്ചത് 2012 മേയ് 28-ന് ആകുന്നു.

(ബി) 2012-13 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറു അരുവികളിൽ ചെക്കുഡാം നിർമ്മാണം, പഴം, പച്ചക്കറി വികസന പദ്ധതി എന്നിവയിൽ തുടങ്ങി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ, സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽദാന പരിപാടി, കുളങ്ങൾ നവീകരിക്കൽ, കൃഷി വികസനം, ക്ഷീരവികസന പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ ഉപജീവന ആസ്തികൾ സൃഷ്ടിക്കുന്ന സ്വയംതൊഴിൽ പരിപാടികൾ, പരിസ്ഥിതി സംരക്ഷണത്തിലൂടെയുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനം എന്നീ പദ്ധതികൾ നടത്തിവരുന്നു.

(സി) പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ സാധാരണ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും വാണിജ്യപരമായ വികസനത്തിനും വേണ്ടി സംസ്ഥാന വിഹിതം ഫണ്ടിൽ ഒരു റോഡിന് 15.00 ലക്ഷം രൂപ പരമാവധി തുകയും നബാർഡ് അധിഷ്ഠിത ആർ.ഐ.ഡി.എഫ്. റോഡ് പ്രവൃത്തിയിൽ ഉൾപ്പെടുത്തി പുതിയ റോഡുകളുടെ നിർമ്മാണം, റോഡുകളുടെ അപ്ഗ്രഡേഷൻ, ടാറിംഗ്, കോൺക്രീറ്റിംഗ് എന്നിവ മലയോര വികസന ഏജൻസി വഴി നടപ്പിലാക്കി വരുന്നു.

**ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി**

12 (3214) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഏരിയാ ഡെവലപ്മെന്റ് ഏജൻസി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഏജൻസിയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) പ്രസ്തുത ഏജൻസിയുടെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പു സാമ്പത്തികവർഷം വരെ എത്ര തുക വീതം ബഡ്ജറ്റിൽ വകകൊള്ളിച്ചെന്നും എത്ര തുക വീതം ചെലവഴിച്ചെന്നും വർഷം തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത ഏജൻസി മുഖാന്തരം നടപ്പിലാക്കുന്നതിന് വാമനപുരം എം.എൽ.എ. ഏതെങ്കിലും പ്രവൃത്തികളുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ പരിസ്ഥിതി സൗഹൃദ ചെറുകിട കുടിവെള്ള പദ്ധതികൾ, ചെറു അരുവികളിൽ ചെക്കഡാം നിർമ്മാണം, പഴം, പച്ചക്കറി വികസന പദ്ധതി എന്നിവയിൽ തുടങ്ങി റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ, സ്വയംസഹായ സംഘങ്ങൾക്ക് തൊഴിൽദാന പരിപാടി, കുളങ്ങൾ നവീകരിക്കൽ, കൃഷി വികസനം, ക്ഷീരവികസന പ്രവർത്തനങ്ങളിൽ അധിഷ്ഠിതമായ ഉപജീവന ആസ്തികൾ സൃഷ്ടിക്കുന്ന സ്വയംതൊഴിൽ പരിപാടികൾ, പരിസ്ഥിതി സംരക്ഷണത്തിലൂടെയുള്ള പ്രകൃതിവിഭവങ്ങളുടെ പരിപാലനം എന്നീ പദ്ധതികൾ നടത്തിവരുന്നു.

(ബി) 2011-12 മുതൽ 2015-16 വരെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും സർക്കാരിൽനിന്നും ഫണ്ട് റിലീസ് ചെയ്ത തുകയും 10-12-2015-വരെയുള്ള ചെലവ് തുകയുടേയും വിശദീകരണം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) 2015-16 സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പ്രൊപ്പോസൽ പരിശോധനയിലാണ്. 2014-15 സാമ്പത്തിക വർഷത്തിൽ വാമനപുരം നിയോജക മണ്ഡലത്തിൽ ഒരു റോഡു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിരുന്നു. ആയത് പൂർത്തീകരിച്ച് ഫൈനൽ ബിൽ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**ജില്ലാ വികസന സമിതി യോഗം**

13 (3215) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവന്തപുരം കളക്ടറേറ്റിൽ എല്ലാ മാസവും നടത്തുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിനും നിശ്ചിത സമയക്രമം അനുവദിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

തിരുവനന്തപുരം കളക്ടറേറ്റിൽ എല്ലാ മാസവും നടത്തുന്ന ജില്ലാ വികസന സമിതി യോഗത്തിൽ ഓരോ നിയമസഭാ മണ്ഡലത്തിനും നിശ്ചിത സമയക്രമം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുന്ന കാര്യം നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**ഗ്രാമീണ വ്യവസായ സംരംഭകർക്ക് ധനസഹായം**

14 (3216) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമീണ മേഖലയിലെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട് പാക്കേജ് തയ്യാറാക്കുമോ?

ഉത്തരം

ഇത് സംബന്ധിച്ച് സർക്കാരിൽ പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

**ഗ്രാമീണ റോഡുകളുടെ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ**

15 (3217) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതി പ്രകാരം ഓരോ ജില്ലയിലും എത്ര കിലോമീറ്റർ റോഡുകൾ നിർമ്മിച്ചുവെന്നും പുനരുദ്ധരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതികൾ**

16 (3218) ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. എം. ഹംസ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) 2014-15, 2015-16 എന്നീ വർഷങ്ങളിൽ ഇത്തരം പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാരിന്റെ വിഹിതമായ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ; വകയിരുത്ത

പ്പെട്ടതിന്റെ എത്ര ശതമാനം പ്രസ്തുത വർഷങ്ങളിൽ പിൻവലിക്കപ്പെട്ടു;

(സി) ഉത്പാദന-ക്ഷേമ മേഖലയ്ക്ക് വൻകുതിപ്പേകുമായിരുന്ന ഇത്തരം പദ്ധതികൾക്ക് സംസ്ഥാന വിഹിതം അനുവദിക്കാത്തതുമൂലം പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് നടപടികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) നടത്തിയിട്ടുണ്ട്. എല്ലാ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി നിർവ്വഹണത്തെക്കുറിച്ചുള്ള അവലോകനം നടത്തുകയും കാര്യക്ഷമമായ പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്.

(ബി) കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം അതാത് പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ അനുസരിച്ച് ബഡ്ജറ്റിൽ വകയിരുത്തുകയും ഓരോ പദ്ധതികളുടെയും വ്യവസ്ഥയനുസരിച്ച് കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്കോ മുൻകൂറായോ (റീ-ഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിൽ) കേന്ദ്ര വിഹിതത്തോടൊപ്പം സംസ്ഥാന വിഹിതവും അനുവദിക്കുകയാണ് ചെയ്യുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

## കോതമംഗലം ബ്ലോക്കിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ

17 (3219) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ബ്ലോക്കിൽ ഗ്രാമവികസന വകുപ്പിന്റെ സ്വന്തം കെട്ടിടമുള്ള എത്ര വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ഉണ്ട്; ഇവയിൽ ഏതെല്ലാം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; പല ഓഫീസുകളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കാത്തതിന്റെകാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഗ്രാമവികസന വകുപ്പിൽ നിന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കോതമംഗലം ബ്ലോക്ക് വിഭജിച്ച് കോതമംഗലം, കവളങ്ങാട് എന്നീ രണ്ടു ബ്ലോക്കുകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) കോതമംഗലം ബ്ലോക്കിലെ മുഴുവൻ പഞ്ചായത്തുകളിലും തൊഴിലുറപ്പ് പദ്ധതിയുടെ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുമോ?

<u>ഉത്തരം</u>

(എ) 9 എണ്ണം. പോത്താനിക്കാട്, വാരപ്പെട്ടി, അടിവാട്, കടവൂർ, വടാട്ടുപാറ, നേര്യമംഗലം, ചെറുവട്ടൂർ എന്നീ 7 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. പഞ്ചായത്ത് രാജ് ആക്ട് പ്രകാരം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരെ ഗ്രാമപഞ്ചായത്തിന് വിട്ടു കൊടുത്തിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനപ്രകാരമാണ് മറ്റുള്ള ഓഫീസുകൾ ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്.

(ബി) ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിലുള്ള വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തി വരുന്നുണ്ട്.

(സി) ഇല്ല.

(ഡി) പങ്കാളിത്ത ആസൂത്രണ പ്രക്രിയയിലൂടെ ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള 22 ബ്ലോക്കുകളിൽ മാത്രമേ മൊബൈൽ മോണിറ്ററിംഗ് സിസ്റ്റം പരീക്ഷണാർത്ഥം നടപ്പിലാക്കുന്നുള്ളൂ. കോതമംഗലം ബ്ലോക്ക് പ്രസ്തുത പട്ടികയിലുൾപ്പെട്ടിട്ടില്ല.

**ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതച്ചെലവ്**

18 (3220) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2015-16 ലെ ബഡ്ജറ്റിൽ എത്ര രൂപയാണ് പദ്ധതി വിഹിതമായി നീക്കിവച്ചിരുന്നത്;

(ബി) 2015 നവംബർ 30 വരെ എന്തു തുകയാണ് ചെലവഴിച്ചത്; ആകെ തുകയുടെ

എത്ര ശതമാനം;

(സി) പ്രസ്തുത തുക പൂർണ്ണമായി വിനിയോഗിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് 2015-16-ലെ ബഡ്ജറ്റിൽ 622,98,46,000 രൂപയാണ് പദ്ധതി വിഹിതമായി നീക്കി വച്ചിരിക്കുന്നത്.

(ബി) 2015 നവംബർ 30 വരെ മുൻവർഷ നീക്കിയിരുപ്പ് തുക ഉൾപ്പെടെ ആകെ ലഭ്യമായ 52,481.09 ലക്ഷം രൂപയിൽ 16,279.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആകെ ലഭ്യമായ തുകയുടെ 31 ശതമാനമാണ്.

(സി) പരമാവധി തുക വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ച തുക**

19 (3221) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് പദ്ധതികൾക്കായി 2011 മുതൽ എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ ബ്ലോക്ക് പഞ്ചായത്തും പ്രസ്തുത കാലയളവിൽ എന്തു തുക ചെലവഴിച്ചുവെന്നും ആയത് പദ്ധതി തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കുമോ;

(സി) ഏറ്റവും കൂടുതലും കുറവും തുകകൾ ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി പ്രവർത്തനത്തിനായി അനുവദിച്ച തുക നിശ്ചിത സമയത്തിനകം വിനിയോഗിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2011-12 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്തുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2012-13 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തുമാണ്.

2013-14 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തുമാണ്.

2014-15 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ബ്ലോക്ക് പഞ്ചായത്തുമാണ്.

2015-16 സാമ്പത്തിക വർഷത്തിൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്തും ഏറ്റവും കുറവ് തുക ചെലവഴിച്ചത് പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തുമാണ്.

(ഡി) പദ്ധതി ആസൂത്രണത്തിനും വിനിയോഗത്തിനുമായി പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. ഫണ്ടുകൾ തവണകളായി ലഭ്യമാക്കുകയും ചെയ്തു. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനവും, ബ്ലോക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ പദ്ധതി നിർവ്വഹണ പുരോഗതി അവലോകനം നടത്തി ആവശ്യമായ പരിഹാരനിർദ്ദേശങ്ങളും സമയാസമയങ്ങളിൽ നൽകിയിരുന്നു.

**പ്രൊവിഷൻ ഓഫ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ് (പുര)**

20 (T*3222) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊവിഷൻ ഓഫ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയാസ് (പുര) പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പാക്കുന്നത്; ഇതിന്റെ നിർവ്വഹണ ചുമതല ആർക്കാണ്;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ നിർമ്മാണം പൂർത്തിയാക്കിയവയുടെ പരിപാലന ചെലവ് ആരാണ് നിർവഹിക്കുന്നത്; ഇവയുടെ യൂസർ ചാർജ്ജ് തീരുമാനിക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ-സി) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി ഗ്രാമപഞ്ചായത്തിനേയും തൃശ്ശൂർ ജില്ലയിലെ തളിക്കുളം ഗ്രാമപഞ്ചായത്തിനേയുമാണ് 'പുര' പദ്ധതി നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിരുന്നതെങ്കിലും പ്രസ്തുത പദ്ധതി കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നിർത്തലാക്കിയിട്ടുള്ളതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

**പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ**

21 (3223) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിച്ച റോഡുകൾ ഏതൊക്കെയാണ്; അവയുടെ അടങ്കൽ തുകയും ചെലവഴിച്ച തുകയും എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയായവ ഏതെല്ലാം; പൂർത്തീകരിക്കുവാനുള്ളവ ഏതെല്ലാം; ഇനിയും ആരംഭിക്കാത്തവ ഏതെല്ലാം; വിശദമാക്കാമോ;

(സി) പുതുതായി ഏതൊക്കെ റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്നും പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മൂന്ന് റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| ക്രമ നം. | റോഡിന്റെ പേര് | നീളം | ഫേസ് | അടങ്കൽ തുക (ലക്ഷത്തിൽ) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | തോട്ടപ്പള്ളി നോർത്ത്-കസ്തൂർബ | 0.63 | VIII (Batch I) | 52.25 | എഗ്രിമെന്റ് വച്ചിട്ടുണ്ട്. |
| 2 | മാത്തേരി-കരിച്ചീറ | 1.48 | VIII(Batch I) | 118.29 | പല തവണ ടെണ്ടർ ചെയ്തിട്ടും ആരും ടെണ്ടർ സമർപ്പിച്ചിട്ടില്ല. |
| 3 | വണ്ടാനം-വണ്ടാനംകാവ് | 1.80 | | 206.75 | |

(ബി) പ്രസ്തുത പദ്ധതികളിൽ ഒന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല.



3157/2017

തോട്ടപ്പള്ളി നോർത്ത്-കസ്തൂർബ എന്ന റോഡ് ആണ് പൂർത്തീകരിക്കുവാനുള്ളത്. മാത്തേരി-കരിച്ചീറ, വണ്ടാനം-വണ്ടാനം കാവ് എന്നീ റോഡുകൾക്കുള്ള കരാർ ആരും തന്നെ ഏറ്റെടുത്തിട്ടില്ല.

(സി) മേൽപ്പറഞ്ഞ റോഡുകൾക്കല്ലാതെ പുതുതായി ഫണ്ട് അനുവദിച്ചിട്ടില്ല.

**കോഴിക്കോട് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ്**

22 (3224) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റ് ജില്ലാ ഓഫീസിലെ ജീവനക്കാർക്ക് ഡിസംബർ മാസത്തെ ശമ്പളം നാളിതുവരെയും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഓഫീസിലെ ജീവനക്കാർക്ക് ശമ്പളം നൽകാത്തതിന് ആരാണ് ഉത്തരവാദിയെന്ന് വ്യക്തമാക്കാമോ ;

(ഡി) ഇതിന് ഉത്തരവാദിയായവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. 2015 നവംബർ മാസത്തെ ശമ്പളം ഫണ്ടില്ലാത്തത് കാരണം നൽകാൻ കഴിഞ്ഞിട്ടില്ല.

(ബി) ഇതുസംബന്ധിച്ച പരാതി സർക്കാരിൽ ലഭിച്ചിട്ടില്ല.

(സി) കേന്ദ്ര സർക്കാരിൽ നിന്നുള്ള ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡു ലഭിക്കാത്തതാണ് കാരണം.

(ഡി) പരിശോധിക്കാവുന്നതാണ്.

**ഗ്രാമവികസന വകുപ്പിലെ ബി.ഡി.ഒ. തസ്തിക**

23 (3225) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ ബി.ഡി.ഒ. തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമനത്തിന് ഡിഗ്രി നിർബന്ധമാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണെന്ന് വിശദമാക്കുമോ ;

(ബി) ഡിഗ്രി ഇല്ലാത്തതുമൂലം നാളിതുവരെ ആർക്കെങ്കിലും പ്രൊമോഷൻ ലഭിക്കാതെ പോയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് ;

(സി) നിലവിൽ ഡിഗ്രിയില്ലാത്ത 45 വയസ്സിന് മുകളിലുള്ളവർക്ക് ഡിഗ്രി എടുക്കുവാനുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ സീനിയോറിറ്റി മാത്രം മാനദണ്ഡമാക്കി പ്രൊമോഷൻ നടത്താൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 16-2-2011-ലെ ജി.ഒ.(പി) നമ്പർ 44/2011/എൽഎസ്ജിഡി നമ്പർ ഉത്തരവ് പ്രകാരമാണ് ബി.ഡി.ഒ. തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമനത്തിന് ഡിഗ്രി നിർബന്ധമാക്കിയത്.

(ബി) ഡിഗ്രി ഇല്ലാത്തതുമൂലം 89 പേർക്ക് നാളിതുവരെ പ്രൊമോഷൻ ലഭിക്കാതെ പോയിട്ടുണ്ട്.

(സി) ഇല്ല. സ്പെഷ്യൽ റൂൾ നിലവിലുള്ള സാഹചര്യത്തിൽ അതിനനുസൃതമായി മാത്രമേ പ്രൊമോഷൻ നൽകുവാൻ സാധിക്കുകയുള്ളൂ.

**സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്**

24 (3226) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തപ്പെട്ടിട്ടുണ്ടോ ; അംഗത്വം ലഭിച്ച ആകെ മെമ്പർമാർ എത്ര ; വ്യക്തമാക്കുമോ;

(ബി) പെൻഷൻ ആനുകൂല്യം നൽകുന്നതിന് വേണ്ടി 2011 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ ബഡ്ജറ്റിൽ നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവ ലഭ്യമാക്കാമോ ;

(സി) ഈ കാലയളവിൽ എത്ര പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 6989 പേരുടെ അംഗത്വം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി, സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും 90 ലക്ഷം രൂപ 2011-12 സാമ്പത്തിക വർഷത്തിലും 51.40 ലക്ഷം രൂപ, 2012-13 സാമ്പത്തിക വർഷത്തിലും സർക്കാരിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. കൂടാതെ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് പെൻഷൻ കുടിശ്ശിക നൽകുന്നതിനായി സിനിമാ സെസ്സിൽനിന്നും വരുമാനം ലഭിക്കുമ്പോൾ തിരിച്ച് അടയ്ക്കണമെന്ന വ്യവസ്ഥയിൽ രണ്ടുകോടി രൂപ 2014-15 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. പെൻഷൻ നൽകുന്നതിനുവേണ്ടി നാളിതുവരെ മൊത്തം 4,28,96,000 രൂപ ചെലവായിട്ടുണ്ട്. (സർക്കാരിൽനിന്നും ലഭിച്ച ഫണ്ടിനു പുറമേ, അംഗങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള അംശദായം, ചുരുക്കം ചില തീയേറ്ററുകളിൽനിന്നും സെസ്സ് മുഖേന ലഭിച്ച വരുമാനം എന്നിവ ഉപയോഗിച്ചാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയത്.)

(സി) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി നിലവിൽവന്നതിനെത്തുടർന്ന്, 2013 ജനുവരി മാസം മുതൽ പെൻഷൻ നൽകി വരുന്നു. പെൻഷൻ നൽകിയതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | മാസം | പെൻഷൻ ലഭിച്ചവരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | 2013 ജനുവരി | 472 |
| 2 | ഫെബ്രുവരി | 472 |
| 3 | മാർച്ച് | 727 |
| 4 | ഏപ്രിൽ | 758 |
| 5 | മേയ് | 803 |
| 6 | ജൂൺ | 803 |
| 7 | ജൂലൈ | 878 |
| 8 | ആഗസ്റ്റ് | 911 |
| 9 | സെപ്റ്റംബർ | 927 |

| (1) | (2) | (3) |
|---|---|---|
| 10 | ഒക്ടോബർ | 946 |
| 11 | നവംബർ | 956 |
| 12 | ഡിസംബർ | 1069 |
| 13 | 2014 ജനുവരി | 1143 |
| 14 | ഫെബ്രുവരി | 1157 |
| 15 | മാർച്ച് | 1257 |
| 16 | ഏപ്രിൽ | 1354 |
| 17 | മേയ് | 1438 |
| 18 | ജൂൺ | 1482 |
| 19 | ജൂലൈ | 1479 |
| 20 | ആഗസ്റ്റ് | 1478 |
| 21 | സെപ്റ്റംബർ | 1477 |
| 22 | ഒക്ടോബർ | 1476 |
| 23 | 2015 ഏപ്രിൽ | 1470 |
| 24 | മേയ് | 1465 |
| 25 | ജൂൺ | 1463 (2014 നവംബർ-ഡിസംബർ മാസങ്ങളിലെ കുടിശ്ശിക സഹിതം) |
| 26 | ജൂലൈ | 1461 |
| 27 | ആഗസ്റ്റ് | 1458 (2015 ജനുവരി-ഫെബ്രുവരി മാസങ്ങളിലെ കുടിശ്ശിക സഹിതം) |
| 28 | സെപ്റ്റംബർ | 1572 |
| 29 | ഒക്ടോബർ | 1568 |
| 30 | നവംബർ | 1567 |
| 31 | ഡിസംബർ | 1567 |

2014 നവംബർ മുതൽ 2015 മാർച്ച് വരെ മുടങ്ങിയിരുന്ന പെൻഷന്റെ നാലു മാസത്തെ കുടിശ്ശിക നൽകിക്കഴിഞ്ഞു. ഒരു മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. കുടിശ്ശിക നൽകുന്നതിനാവശ്യമായ ഫണ്ടില്ലാത്തതിനാലാണ് അവ നൽകാൻ

കഴിയാത്തത്.

## തൊഴിലുറപ്പു പദ്ധതി പ്രവർത്തനങ്ങൾ

25 (3227) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലര വർഷങ്ങളായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് പട്ടിക ലഭ്യമാക്കുമോ;

(സി) തൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള വേതനം മിനിമം വേജസ് നിയമം അനുശാസിക്കുന്ന വിധം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

## ഉത്തരം

(എ) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കഴിഞ്ഞ നാലര വർഷങ്ങളിലായി അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ആകെ 11,440.598 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഗ്രാമ പഞ്ചായത്ത് | തുക (ലക്ഷത്തിൽ) |
|---|---|
| അമ്പലപ്പുഴ തെക്ക് | 691.010 |
| അമ്പലപ്പുഴ വടക്ക് | 913.460 |
| പുന്നപ്ര തെക്ക് | 1247.220 |
| പുന്നപ്ര വടക്ക് | 1073.180 |
| പുറക്കാട് | 1794.690 |
| തകഴി | 5721.038 |
| ആകെ | 11440.598 |

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ

ദിനങ്ങളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| ഗ്രാമപഞ്ചായത്ത് | തൊഴിൽ ദിനങ്ങൾ | | | | | |
|---|---|---|---|---|---|---|
| | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | ആകെ |
| അമ്പലപ്പുഴ തെക്ക് | 74173 | 63343 | 98910 | 61216 | 47354 | 344996 |
| അമ്പലപ്പുഴ വടക്ക് | 107031 | 83325 | 97837 | 74896 | 51692 | 414781 |
| പുന്നപ്ര തെക്ക് | 82437 | 107639 | 164921 | 130377 | 121349 | 606723 |
| പുന്നപ്ര വടക്ക് | 130068 | 140186 | 173809 | 56342 | 69315 | 569720 |
| പുറക്കാട് | 110753 | 169625 | 275191 | 225686 | 133570 | 914825 |
| തകഴി | 2826 | 8510 | 10169 | 5118 | 1642 | 28292 |
| ആകെ | 507288 | 572628 | 820864 | 553635 | 424922 | 2879337 |

(സി) തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ദ്ധ കൂലി നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്.

**കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം**

26 (3228) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം (ഇ.റ്റി.സി.) ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; അതുമായി ബന്ധപ്പെട്ട ഫയലുകളുടെ കോപ്പി ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഒരു ഉദ്യോഗസ്ഥന്റെ വസ്തുതാവിരുദ്ധമായ നോട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാതിരിക്കാനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രെയിനിംഗ് സെന്റർ കാലതാമസം കൂടാതെ

ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോതമംഗലത്ത് വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കും എന്ന ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഫയലിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

**തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ**

27 (3229) <u>ശ്രീ .കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലുറപ്പ് പദ്ധതികൾക്കായി പഞ്ചായത്ത്/നഗരസഭകളിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വർഷം ഇതുവരെയായി എന്തു തുക ഇതിനായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലുറപ്പ് പദ്ധതികൾക്കായി പഞ്ചായത്തുകളിലും നഗരസഭകളിലുമായി ആകെ 3372.17 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഈ വർഷം ഇതുവരെയായി ഗ്രാമപഞ്ചായത്തുകളിൽ 110028.38

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലക്ഷം രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. നഗരസഭകൾക്കായി 668.08 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുമുണ്ട്.

**തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ**

28 (3230) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അതിൻപ്രകാരം ശരാശരി എത്ര പേർ പണിയെടുക്കുന്നു; വിശദമാക്കുമോ;

(ബി) 2015-16 നടപ്പുവർഷം പ്രസ്തുത പദ്ധതിക്ക് നാളിതുവരെ ലഭിച്ച കേന്ദ്ര സഹായം എത്ര; നാളിതുവരെ എന്തു തുക സംസ്ഥാന വിഹിതമായി നൽകി; കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ നടപ്പുവർഷം നാളിതുവരെ എത്ര തുക തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകി; വിശദാംശം വ്യക്തമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴിലെടുത്തവർക്ക് ഈ നടപ്പുവർഷം നാളിതുവരെ കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക എത്ര; ഏത് മാസം മുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്;

(ഡി) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്ര; ഇപ്രകാരം മരണപ്പെടുന്ന കുടുംബത്തെ സഹായിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഇ) എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; വ്യക്തമാക്കുമോ;

(എഫ്) തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഗുരുതര പരിക്കുകൾ പറ്റിയാൽ ആ തൊഴിലാളികളുടെ മുഴുവൻ ചികിത്സയും സർക്കാർ നിലവിൽ വഹിക്കുന്നുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പേരുടെ ചികിത്സ വഹിച്ചുവെന്നും ആയതിന് ഈ സർക്കാരിന് ചെലവായ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 11-10-2015-ലെ കണക്ക് പ്രകാരം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 3163399 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 1326287 കുടുംബങ്ങളിലെ 1458952 പേർ പണിയെടുക്കുന്നു.

(ബി) 2015-16 നടപ്പ് സാമ്പത്തിക വർഷം 107382.14 ലക്ഷം രൂപ കേന്ദ്ര വിഹിതമായും 2500.44 ലക്ഷം രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. ഇതിൽ 110028.38 ലക്ഷം രൂപ തൊഴിലുറപ്പ് തൊഴിലാളികൾക്ക് അവിദഗ്ധ കൂലിയിനത്തിൽ നൽകിയിട്ടുണ്ട്.

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പ് വർഷം നാളിതുവരെ 19785.15 ലക്ഷം രൂപയാണ് കുടിശ്ശികയിനത്തിൽ നൽകാനുള്ളത്. ഇത് മുഖ്യമായും നവംബർ മാസം മുതൽ കുടിശ്ശികയായ തുകയാണ്.

(ഡി) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ പണിയിലേർപ്പെടവേ മരണപ്പെടുന്ന തൊഴിലാളികളുടെ നിയമപ്രകാരമുള്ള അവകാശികൾക്ക് നിയമം അനുശാസിക്കുന്ന വിധത്തിൽ എക്സ്ഗ്രേഷ്യ (25,000 രൂപ) അടിയന്തരമായി അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) തൊഴിലുറപ്പ് പദ്ധതിയിൽ മുൻവർഷം ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുത്ത എല്ലാ കുടുംബങ്ങൾക്കും രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കവേ പരിക്ക് പറ്റിയാൽ ആവശ്യമായി വരുന്ന മുഴുവൻ ആശുപത്രി ചെലവും വഹിക്കുന്നതിനും അതോടൊപ്പം ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ദിവസങ്ങളിൽ മസ്റ്റർറോൾ പ്രകാരം ലഭിക്കുമായിരുന്ന വേതനത്തിന്റെ 50 ശതമാനം നഷ്ടപരിഹാരമായി നൽകുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ചികിത്സ ലഭ്യമാക്കിയവരുടെ എണ്ണം, തുക എന്നിവ സംബന്ധിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

**കുടിവെള്ള ക്ഷാമം**

29 (3231) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിലെ അതിരൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഹാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ, ചെക്ക് ഡാമുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് ഹാഡ പദ്ധതിയിലൂടെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സ്വീകരിക്കാവുന്നതാണ്.

(ബി) അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന പ്രദേശത്തുനിന്നും സ്ഥലം ജനപ്രതിനിധികളുടെ അപേക്ഷ പരിശോധിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും കുളം നിർമ്മാണ, നവീകരണ പ്രവർത്തികളും ചെക്ക് ഡാം പ്രവൃത്തികളും മലയോര വികസന ഏജൻസിയുടെ പ്രവർത്തന പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിൽ അനുവദിക്കുകയും അത് ജനോപകാരപ്രദമാണെന്ന് മനസ്സിലാകുകയും ചെയ്തിട്ടുണ്ട്.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

30 (3232) <u>ശ്രീ. കെ. ശിവദാസൻ നായർ</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. ബെന്നി ബെഹനാൻ</u>:
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി അനുസരിച്ച് ഭൗതിക നേട്ടങ്ങൾ കൈവരിക്കാൻ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-സി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. *

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

31 (3233) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കരാർ ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാരുടെ കരാർ ഒരു വർഷത്തിൽ നിന്നും 5 വർഷമായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി തൊഴിലാളികളുടെ ജോലി സമയം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) തീരുമാനിച്ചിട്ടില്ല.

(സി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ തൊഴിൽ സമയം രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ ഒരു മണിക്കൂർ വിശ്രമം ഉൾപ്പെടെ 8 മണിക്കൂറായി ക്രമീകരിച്ച് സർക്കാർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ മാറ്റം വരുത്തിയിട്ടില്ല.

**പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന**

32 (3234) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജനയ്ക്കായി കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട സഹായം ഇനിയും ലഭിക്കാനുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോജനയുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തണമായിരുന്നു; പ്രസ്തുത തുക വകയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തികളുടെ എന്ത് തുക കുടിശ്ശിക ആയിട്ടുണ്ട്; ആയതു വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിക്കായി നിലവിലെ 56 കോടി രൂപ അലോക്കേഷനിൽനിന്നും കേന്ദ്ര സർക്കാർ 54 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പി.എം.ജി.എസ്.വൈ.-യുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ടെണ്ടർ പ്രീമിയം, മെയിന്റനൻസ് തുടങ്ങിയവയ്ക്കുള്ള വിഹിതം സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ഈ ഇനത്തിൽ സംസ്ഥാന സർക്കാർ നടപ്പുവർഷത്തെ ബഡ്ജറ്റിൽ 79.44 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പി.എം.ജി.എസ്.വൈ. പദ്ധതിക്ക് 108 കോടി രൂപ നൽകുവാനുള്ള ബാങ്ക് ആതറൈസേഷൻ കുടിശ്ശികയായി നിലവിലുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും തുക നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കുടുംബശ്രീയുടെ നേതൃത്വത്തിൽ ഭക്ഷ്യമേള**

33 (3235) <u>ഡോ. കെ. ടി. ജലീൽ</u> :
<u>ശ്രീമതി കെ. എസ്. സലീഖ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ ഗൾഫ് നാടുകളിൽ ഭക്ഷ്യമേള സംഘടിപ്പിച്ചിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യമേള സംഘടിപ്പിച്ചതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; അത് നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) ഭക്ഷ്യമേള സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട കണക്കുകൾ ലഭ്യമാണോ; എങ്കിൽ അവ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബശ്രീയുടെ നേതൃത്വത്തിൽ 2015 ഏപ്രിൽ 9 മുതൽ 18 വരെ മലയാള മനോരമ ഗൾഫ് കേരള ഫെസ്റ്റ് 2015 എന്ന പേരിൽ ഭക്ഷ്യമേള സംഘടിപ്പിച്ചിരുന്നു. 2015 ഏപ്രിൽ 9 മുതൽ 12 വരെ അബുദാബിയിലും 16 മുതൽ 18 വരെ ദുബായിലുമായിരുന്നു സംഘടിപ്പിച്ചത്.

(ബി) കുടുംബശ്രീ സ്ത്രീകളുടെ കൈപ്പുണ്യത്തിലൂടെ ഉടലെടുക്കുന്ന തനതു രുചികളെ ലോകത്തിന്റെ മുമ്പിൽ തുറന്നു കാട്ടുന്നതിനുള്ള ഒരു ഉദ്യമമായിരുന്നു ഈ ഭക്ഷ്യമേള. കുടുംബശ്രീക്ക് ലോക ശ്രദ്ധയും മാധ്യമ ശ്രദ്ധയും ആർജ്ജിക്കുന്നതിനുള്ള ഒരു അവസരമായിരുന്നു ഇത്. കുടുംബശ്രീ സംരംഭകർക്ക് സ്വയം സംരംഭങ്ങളിൽ ഏർപ്പെടുന്നതിനുള്ള ഒരു ഉത്തേജനം ദുബായ് ഫെസ്റ്റിലൂടെ ലഭിച്ചിട്ടുണ്ട്. പല രാജ്യങ്ങളിൽ നിന്നും സമാനമായ ഭക്ഷ്യമേള നടത്തുന്നതിനുള്ള ക്ഷണം കുടുംബശ്രീക്ക് ലഭിച്ചുവരുന്നു. ഭക്ഷ്യമേളയിൽ നിന്നും ലഭിക്കുന്ന വരുമാനത്തിലുപരി സംരംഭക സ്ത്രീകൾക്ക് ലഭിക്കുന്ന ആത്മവിശ്വാസം, അവസരങ്ങൾ കൂടാതെ വ്യത്യസ്തമായ സംസ്കാരങ്ങളെ പരിചയപ്പെടുന്നതിനും കൂടുതൽ കാര്യങ്ങൾ പഠിക്കുവാനും ഈ മേള അവസരമൊരുക്കിയിട്ടുണ്ട്.

(സി) ഭക്ഷ്യമേള സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് 66,56,776 രൂപ ചെലവായിട്ടുള്ളതായി കണക്കാക്കുന്നു. വിറ്റ് വരവിനത്തിൽ 17,19,827 രൂപ ലഭിച്ചിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

34 (3236) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി സഡക് യോജന, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ വിജയകരമായി പൂർത്തീകരിക്കുന്നതിന് മതിയായ വിഹിതം സംസ്ഥാനത്ത് ലഭ്യമായിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(സി) അർഹമായ കേന്ദ്രവിഹിതം നേടിയെടുക്കുന്നതിനും പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിക്ക് മതിയായ സംസ്ഥാന വിഹിതം സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമായിട്ടില്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക്, അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ ആവശ്യാധിഷ്ഠിതമായി ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഓരോ സാമ്പത്തിക വർഷത്തെയും ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും തൊട്ട് തലേവർഷം ഡിസംബർ 31-ന് മുമ്പ് അയൽക്കൂട്ടതലം മുതൽ നടത്തുന്ന പങ്കാളിത്ത ആസൂത്രണത്തിലൂടെ തയ്യാറാക്കുകയും സമയബന്ധിതമായി കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പദ്ധതിയിൽ കേന്ദ്ര ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്വീകരിച്ചുവരുന്നു.

**കേന്ദ്ര പദ്ധതികൾ**

35 (3237) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾമൂലം കേന്ദ്രപദ്ധതികളുടെ നടത്തിപ്പിൽ പ്രയാസങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആവശ്യമായ സംസ്ഥാനവിഹിതം കൂടി ഉൾപ്പെടുത്തി കേന്ദ്രപദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി നടപ്പിലാക്കുമോ ;

(സി) നിർത്തലാക്കുന്ന കേന്ദ്രപദ്ധതികളുടെ തുടർപ്രവർത്തനം സംസ്ഥാന പദ്ധതികളുമായി യോജിപ്പിച്ച് നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന വിഹിതം ആവശ്യമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന വിഹിതം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്.

(സി) നിർത്തലാക്കുന്ന പദ്ധതികൾ സംബന്ധിച്ച് കേന്ദ്ര സർക്കാരിൽനിന്നും അന്തിമ തീരുമാനം ആകുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതാണ്.

**തൊഴിലുറപ്പ് പദ്ധതി**

36 (3238) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പുപദ്ധതി നടപ്പാക്കുന്നതിനാവശ്യമായ സാങ്കേതിക സഹായവും മേൽനോട്ടവും നൽകുന്നതിൽ വിവിധ വകുപ്പുകൾ ശ്രദ്ധിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ചുള്ള സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളിൽ എന്തെല്ലാം ന്യൂനതകളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്; അവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന തൊഴിലുറപ്പ് നിധി രൂപീകരിക്കുകയും ഇതുമായി ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന ഉദ്ദേശ്യങ്ങൾക്കായി ആയത് വിനിയോഗിക്കുകയും ചെയ്യുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സി.എ.ജി. നൽകിയിട്ടുള്ള ശിപാർശകൾ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ന്യൂനതകളും അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. തൊഴിലുറപ്പ് പദ്ധതിക്കായി അനുവദിക്കുന്ന കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ ദേശസാത്കൃത ബാങ്കിൽ (SBT) നിക്ഷേപിച്ച് ഫണ്ട് വിനിയോഗം മാനേജ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചെയ്യുന്നതിനായി സംസ്ഥാന തൊഴിലുറപ്പ് ഫണ്ട് സൊസൈറ്റി രൂപീകരിച്ച് സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനും ഗ്രാമവികസന കമ്മീഷണർ മെമ്പർ സെക്രട്ടറിയുമായ സൊസൈറ്റിയാണ് പ്രവർത്തിക്കുന്നത്.

(ഡി) ഉണ്ട്. സി.എ.ജി.-യുടെ ശിപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

## പി.എം.ജി.എസ്.വൈ.-2

37 (3239) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്. വൈ.-2 പ്രകാരം സംസ്ഥാനത്തിന് 2013-ൽ കേന്ദ്രഗ്രാമവികസന മന്ത്രാലയം അനുവദിച്ച 570 കി. മീ. റോഡിന്റെ ഡീറ്റൈൽഡ പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചുവോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങൾ ഡി.പി.ആർ സമർപ്പിച്ച് പി.എം.ജി.എസ്.വൈ. -2 പ്രകാരം ഫണ്ട് വാങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതുവരെയായി പി.എം.ജി.എസ്.വൈ.-2 പ്രകാരം സംസ്ഥാന സർക്കാരിന് എത്ര ഫണ്ട് ലഭിച്ചെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സമർപ്പിച്ചിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു. 2015 ഡിസംബർ 31-ന് മുമ്പ് ഡി.പി.ആർ. സമർപ്പിക്കണമെന്നാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) 2015 ഡിസംബർ മാസം 30-ന് മുമ്പ് ഡി.പി.ആർ. തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഫണ്ട് ഒന്നും ലഭിച്ചിട്ടില്ല.

## മലയോര വികസന ഏജൻസിയുടെ പ്രവൃത്തികൾ

38 (3240) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്


3157/2017

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ മലയോര വികസന ഏജൻസി രൂപീകരിച്ച ശേഷം ഓരോ സാമ്പത്തിക വർഷവും കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയാണെന്നും ഓരോ പ്രവൃത്തിയും ഏത് നിയോജക മണ്ഡലത്തിലാണ് ഉൾപ്പെട്ടതെന്നും വ്യക്തമാക്കുമോ;

(ബി) ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ എത്ര പ്രവൃത്തികൾക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഭരണാനുമതി റദ്ദാക്കിയ ഏതെങ്കിലും പ്രവൃത്തികളുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം അറിയിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2012-ൽ മലയോര വികസന ഏജൻസി രൂപീകരിച്ചശേഷം ഓരോ സാമ്പത്തിക വർഷവും കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്തിൽ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിരുന്നു.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ ഭരണാനുമതി നൽകിയ ഗ്രാമീണ റോഡുകളുടെ വികസന പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തിയുടെ ഭരണാനുമതി റദ്ദുചെയ്തുകൊണ്ടും ആർ.ഐ.ഡി.എഫ്.-ൽ ഏറ്റെടുത്തിട്ടുള്ള താഴെപ്പറയുന്ന പ്രവൃത്തി നിർത്തിവെയ്ക്കുന്നതിനും മലയോര വികസന ഏജൻസിയിൽ നിന്നും ഉത്തരവ് നൽകിയിട്ടുണ്ട്.

1. പള്ളുരുത്തിമുക്ക്-നരേന്ദ്രദേവ്-ആദിവാസി കോളനി റോഡ് (ഗ്രാമീണ റോഡ് വികസനം)
2. പെരുവണ്ണാമുഴി-മുതുകാട് റോഡ് (ആർ.ഐ.ഡി.എഫ്.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുജന ആക്ഷേപം ഉണ്ടായതിന്റെ വെളിച്ചത്തിൽ മലയോര വികസന ഏജൻസി ചെയർമാന്റെ നിർദ്ദേശ പ്രകാരമാണ് ഭരണാനുമതി റദ്ദുചെയ്തുകൊണ്ടും പ്രവൃത്തി നിർത്തിവച്ചുകൊണ്ടും മലയോര വികസന ഏജൻസിയിൽ നിന്നും ഉത്തരവ് നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് സാദ്ധ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സോഷ്യോ-ഇക്കണോമിക് ആന്റ് കാസ്റ്റ് സെൻസസ്**

39 (3241) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോഷ്യോ, ഇക്കണോമിക് & കാസ്റ്റ് സെൻസസ് പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള ബി.പി.എൽ. , എ.പി.എൽ. കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സെൻസസ് പ്രകാരം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ജാതി പ്രസിദ്ധപ്പെടുത്തുകയില്ല എന്ന ഉറപ്പിന്മേലാണ് സെൻസസിന് പൊതുജനങ്ങളിൽ നിന്ന് ആവശ്യമായ വിവരശേഖരണം നടത്തിയിട്ടുള്ളത്. ആയതിനാൽ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് സംബന്ധിച്ച ജാതി ഒഴികെയുള്ള വിവരങ്ങൾ Secc2011.nic.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2009 ബി.പി.എൽ. സർവ്വേ പ്രകാരം പ്രസിദ്ധീകരിച്ച പട്ടിക പ്രകാരം

സംസ്ഥാനത്ത് 32,29,823 ബി.പി.എൽ. കുടുംബങ്ങൾ ഉള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(സി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരെയും ഉൾപ്പെടുത്തിയാണ് എസ്.ഇ.സി.സി.-2011 പ്രസിദ്ധീകരിച്ചിരിക്കുന്നത്.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന വിവിധ ക്ഷേമ പദ്ധതികൾക്ക് ഈ പട്ടികയിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവരുന്നു.

**ബഡ്ജറ്റ് വിഹിത വിനിയോഗം**

40 (3242) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ വിവിധ വകുപ്പുകൾ വിനിയോഗിച്ച തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്കു പ്രകാരം 2014-15 വർഷത്തെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(സി) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിൽ 2015 ഒക്ടോബർ 31- വരെ വിവിധ വകുപ്പുകൾ വിനിയോഗിച്ച തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്കു പ്രകാരം 2015-16 വർഷത്തെ ബഡ്ജറ്റ് വിഹിതം എത്രയായിരുന്നുവെന്നും അതിൽ വിവിധ വകുപ്പുകൾ 2015 ഒക്ടോബർ 31 വരെ ചെലവഴിച്ച തുക എത്രയാണെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതത്തിൽ വിവിധ വകുപ്പുകൾ 31-3-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം (ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ ഉൾപ്പെടുത്തിയ കണക്ക് ഉൾപ്പെടെ) 79% ചെലവഴിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്കുപ്രകാരം 2014-15 വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതം 20,000 കോടി രൂപയായിരുന്നു.

വകുപ്പുതിരിച്ച കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതത്തിൽനിന്നും 31-10-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 31% ചെലവഴിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട കണക്ക് പ്രകാരം 2015-16 വർഷത്തെ പ്ലാൻ ബഡ്ജറ്റ് വിഹിതം 20,000 കോടി രൂപയാണ്. വിവിധ വകുപ്പുകൾ 31-10-2015 വരെ ചെലവഴിച്ച കണക്ക് (താൽക്കാലിക കണക്ക്) അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

**പ്ലാനിംഗ് ബോർഡിൽ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം**

41 (3243) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് ബോർഡിൽ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി)
1. പദ്ധതി നിർവ്വഹണത്തെക്കുറിച്ചുള്ള എല്ലാ വിശദാംശങ്ങളും ശേഖരിക്കുക.
2. പദ്ധതി നിർവ്വഹണം യഥാസമയം അവലോകനം ചെയ്യുക.
3. പദ്ധതികളുടെയും അവയുടെ ഘടകങ്ങളുടെയും ഭൗതികവും സാമ്പത്തികവുമായ പുരോഗതി/നിർവ്വഹണ ഘട്ടം എന്നീ വിവരങ്ങൾ നൽകുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. പദ്ധതി നിർവ്വഹണത്തിലെ പോരായ്മകളും കാലതാമസവും അതിന്റെ കാരണങ്ങളും കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
5. ഭരണാനുമതി മുതലുള്ള പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും നിരീക്ഷണം/ അവലോകനം ചെയ്യുക.
6. വിവിധതരത്തിലുള്ള മാനേജീരിയൽ റിപ്പോർട്ടുകൾ ലഭ്യമാക്കുക.

(സി) പദ്ധതി നടത്തിപ്പിന്റെ ഓരോ ഘട്ടവും തൽസമയ നിരീക്ഷണത്തിന് വിധേയമാക്കുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ പ്രതിമാസ യോഗങ്ങളിൽ പോരായ്മകൾ ചൂണ്ടിക്കാട്ടുകയും പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു.

## സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റിന്റെ ഒഴിവുകൾ

42 (3244) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യാതിരുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2-ന്റെ ഒരു ഒഴിവ് നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ബാധകമല്ല.

## സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തിക

43 (3245) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ/അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഒരു ഒഴിവ് നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**2015-16 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്**

44 (3246) <u>ശ്രീ. ജി.സുധാകരൻ:</u>
<u>ശ്രീ. എളമരം കരീം:</u>
<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u>
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണസ്ഥാപനങ്ങളുടെ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതി നിർവ്വഹണത്തെ സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല ഏകോപന സമിതി ഏറ്റവും ഒടുവിൽ നടത്തിയ അവലോകനത്തിന്റെ വിവരങ്ങൾ നൽകാമോ;

(ബി) പദ്ധതി വിഹിതത്തിന്റെ ചെലവ് എത്രത്തോളം തൃപ്തികരമാണ്

(സി) പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ രൂപീകരണം പദ്ധതി പ്രവർത്തനങ്ങളെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായുള്ള അധിക ചെലവ് കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1200 തദ്ദേശഭരണ സ്ഥാപനങ്ങൾ, 1285.70 കോടി രൂപ (21.16%)

ചെലവഴിച്ചതായും ഇതിൽ 978 ഗ്രാമപഞ്ചായത്തുകൾ 748.67 കോടി രൂപയും (23.54%), 147 ബ്ലോക്ക് പഞ്ചായത്തുകൾ 153.19 കോടി രൂപയും (20.92%), 14 ജില്ലാ പഞ്ചായത്തുകൾ 158.72 കോടി രൂപയും (17.47%), 56 മുനിസിപ്പാലിറ്റികൾ 131.71 കോടി രൂപയും (20.56%), 5 കോർപ്പറേഷനുകൾ 93.41 കോടി രൂപയും (23.54%) ചെലവഴിച്ചതായി വിലയിരുത്തിയിട്ടുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് കാരണം ചെലവ് മന്ദഗതിയിലായിരുന്നു. തുടർന്നുള്ള കാലയളവിൽ പദ്ധതി ചെലവ് വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ രൂപീകരണം പദ്ധതി പ്രവർത്തനങ്ങളെ ഈ സാമ്പത്തിക വർഷം ബാധിക്കില്ല. ഇതിനായി വ്യക്തമായ നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

## 2015-16-ൽ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക

45 (3247) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16-ൽ വിവിധ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിക്കാനുള്ള തുക എത്രയാണ്; എത്ര ശതമാനം; ബാക്കി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ 20,000 കോടി രൂപ അനുവദിച്ചിട്ടുള്ളതിൽ 31-10-2015 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 31% ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തോടെ ബാക്കി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## വിഷൻ 2020 പദ്ധതി

46 (3248) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷൻ 2020 എന്ന പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണെന്ന്

അറിയിക്കുമോ; ഇതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) വിഷൻ 2020-ൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തുവാനാണ് സർക്കാർ ഉദ്ദേശിച്ചിരുന്നതെന്ന് അറിയിക്കുമോ;

(സി) ഇവയിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും എന്തു തുക ചെലവാക്കിയെന്നും പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിനുകീഴിൽ ഇപ്രകാരം ഒരു പദ്ധതി നടപ്പിലാക്കിവരുന്നില്ല.

(ബി&സി) ബാധകമല്ല.

**അടിസ്ഥാന സൗകര്യ വികസനം 2030**

47 (3249) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. ആർ . സെൽവരാജ്:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യ വികസനം 2030 എന്ന പേരിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്. (17-11-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ.(സാധാ) നമ്പർ486/15/പ്ലാനിംഗ് പ്രകാരം അടിസ്ഥാന സൗകര്യ മാസ്റ്റർ പ്ലാൻ 2030 പഠനത്തിനുവേണ്ടി ഭരണാനുമതി നൽകിയിട്ടുണ്ട്.)

(ബി) പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ മേഖലകളിലേയും സാമൂഹിക മേഖലകളിലേയും ആവശ്യങ്ങൾ തിട്ടപ്പെടുത്തുക, അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഒരു വികസനതന്ത്രം ആവിഷ്കരിക്കുക, ഇതിനുവേണ്ടിയുള്ള പ്രോജക്ടുകൾ കണ്ടെത്തി ബന്ധപ്പെട്ട വകുപ്പുകളെ വരും ദശകങ്ങളിൽ മുന്നേറുന്നതിനായി പ്രാപ്തമാക്കുക എന്നിവയാണ് അടിസ്ഥാന സൗകര്യ മാസ്റ്റർ പ്ലാൻ 2030-ലൂടെ ലക്ഷ്യമിടുന്നത്.

(സി) പരിപ്രേക്ഷ്യം 2030-നനുസൃതമായി ആരോഗ്യം, വിദ്യാഭ്യാസം, വിവരസാങ്കേതികം, ഗതാഗതം, നഗരവികസനം, ഊർജ്ജം, ജലവിതരണവും ശുചീകരണവും മാലിന്യനിർമ്മാർജ്ജനവും, ഭവനനിർമ്മാണം എന്നീ 8 സെക്ടറുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് അടിസ്ഥാന സൗകര്യ മാസ്റ്റർ പ്ലാൻ 2030 തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംസ്ഥാന ആസൂത്രണ ബോർഡിലെ പ്രോജക്ട് ഫിനാൻസിംഗ് സെൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പരിപ്രേക്ഷ്യം പദ്ധതി 2030-ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി കണ്ടെത്തിയിട്ടുള്ള പ്രോജക്ടുകൾ, അതിനാവശ്യമായ നിക്ഷേപം, ബന്ധപ്പെട്ട മേഖലകളിലെ നിലവിലുള്ള സ്ഥിതി തുടങ്ങിയ കാര്യങ്ങൾ അതത് വകുപ്പുകളിൽ നിന്നും ആരാഞ്ഞിട്ടുണ്ട്. വകുപ്പുകളിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഒരു പ്രൊഫഷണൽ ഏജൻസിയെ കണ്ടെത്തുന്നതിനും ചുമതലപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു.

**തീറ്റപ്പുൽ വികസന പദ്ധതി**

48 (3250) ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീറ്റപ്പുൽ വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. പോഷക മൂല്യമുള്ള തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കാലിത്തീറ്റച്ചെലവ് കുറച്ച് പാലുൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും വേണ്ടി തീറ്റപ്പുൽ കൃഷി വികസന പരിപാടി നടത്തിവരുന്നു. തീറ്റപ്പുൽക്കടകൾ സൗജന്യമായി ക്ഷീരകർഷകർക്ക് നൽകുക, തീറ്റപ്പുൽ കൃഷിക്കായി ധനസഹായം നൽകുക, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഫോഡർ സെമിനാറുകൾ സംഘടിപ്പിക്കുക, അസോള, ചോളം കൃഷിക്കായി സബ്സിഡി അനുവദിക്കുക, സ്ത്രീകൾക്കു മാത്രമായുള്ള സ്വയം സഹായ ഗ്രൂപ്പുകളായ ഗോപാലിക ഗ്രൂപ്പിലൂടെ വനിതകൾക്ക് പുൽകൃഷി ഉത്പാദനവും വിപണനവും നടത്തുന്നതിന് ആവശ്യമായ ധനസഹായം നൽകുക, ഹൈടെക് തീറ്റപ്പുൽ കൃഷിക്കും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹനം നൽകുക എന്നിവ ഈ പദ്ധതി മുഖേന വകുപ്പ് നടപ്പിലാക്കി വരുന്നു.

മിൽമയുടെ എറണാകുളം മേഖലാ യൂണിയന്റെ 2015-16 വർഷത്തെ ബഡ്ജറ്റിൽ 12 ലക്ഷം രൂപ തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ വിതരണത്തിനായി മാറ്റിവച്ചിട്ടുണ്ട്. കൂടാതെ വാണിയമ്പാറ ഡയറി പ്രോജക്ടിനുകീഴിൽ 50 ക്ഷീര കർഷകർക്ക് പുൽകൃഷി വികസനത്തിനായി 10,000 രൂപ വീതം വകയിരുത്തിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ തീറ്റപ്പുൽ വികസന പദ്ധതിക്കായി 2015-16 വർഷത്തിൽ 60 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയനിൽ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ 20 ലക്ഷം രൂപ ചെലവഴിച്ച് 60 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിനുള്ള സ്കീം ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

(സി) നടപ്പുവർഷം ക്ഷീരവികസന വകുപ്പ് 500 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. മിൽമയുടെ മേഖലാ യൂണിയനുകൾ തീറ്റപ്പുൽ കൃഷി വികസനത്തിന് സബ്സിഡി നൽകുകയും പ്രോത്സാഹനങ്ങളും പരിശീലനങ്ങളും സാമ്പത്തിക സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുകയും ചെയ്യുന്നു.

**അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ**

49 (3251) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള വില കുറഞ്ഞ പാൽ കേരളത്തിൽ വ്യാപകമായി വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തൊക്കെ പരിഹാര നടപടികളാണ് കൂടുതലായി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്ന പ്രസ്തുത പ്രവൃത്തിയ്ക്കെതിരായി സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

ഉണ്ട്. പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഇൻഫോർമൽ സാമ്പിളും ഫോർമൽ സാമ്പിളും സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരം ഫുഡ്സേഫ്റ്റി കമ്മീഷണർ നിയമനടപടി സ്വീകരിക്കുകയും പിഴയീടാക്കുകയും ചെയ്യാറുണ്ട്. ക്ഷീരവികസന വകുപ്പും മിൽമയും പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനകൾ കൃത്യമായി നടത്തുന്നുണ്ട്.

**ക്ഷീരകർഷകർ**

50 (3252) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകർക്ക് പെൻഷൻ നൽകുന്ന കാര്യത്തിൽ നയം വ്യക്തമാക്കുമോ;

(ബി) ക്ഷീര സംഘങ്ങളുടെ കെട്ടിടം നിർമ്മിക്കുന്നതിന് എം. എൽ. എ. ഫണ്ടും എൽ. എ. സി. - എ. ഡി. എഫ്.-ഉം നൽകുന്ന കാര്യത്തിൽ ഇന്ന് നിലനിൽക്കുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ക്ഷീര കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റയും തീറ്റപ്പുല്ലും വിതരണം ചെയ്യുന്നതിനും പാലിന് കൂടുതൽ വില നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ക്ഷീരകർഷ ക്ഷേമനിധിയിൽ അംഗത്വം നേടിയ ശേഷം 5 വർഷം ഏതെങ്കിലും ഒരു ക്ഷീര സംഘത്തിൽ പ്രതിവർഷം 500 ലിറ്ററിൽ കുറയാത്ത അളവിൽ പാലളക്കുകയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്ന ക്ഷീരകർഷകന് പെൻഷൻ അപേക്ഷ സമർപ്പിക്കാവുന്നതും ക്ഷീരകർഷക ക്ഷേമനിധി ബോർഡ് തീരുമാനപ്രകാരം പെൻഷൻ അനുവദിക്കുന്ന മുറയ്ക്ക് പ്രതിമാസം 500 രൂപ നിരക്കിൽ

പെൻഷൻ തുക നേരിട്ട് കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നതാണ്. കൂടാതെ, അംഗം മരണപ്പെട്ടുപോകുമ്പോൾ അംഗത്തിന്റെ നിയമാനുസൃതമായ നോമിനിക്ക് പ്രതിമാസം 150 രൂപ നിരക്കിൽ കുടുംബപെൻഷനും ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ നിന്നും അനുവദിച്ചുവരുന്നു.

(ബി) ക്ഷീരസഹകരണ സംഘങ്ങളുടെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുന്നതിന് ഉതകും വിധം മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തി 24-06-2014-ലെ സ.ഉ. (അച്ചടിച്ചത്) 238/2014/ധന. പ്രകാരം ഉത്തരവായിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങളുടെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(സി) ക്ഷീരകർഷകർക്ക് വർഷം മുഴുവനും തീറ്റപ്പുൽ ലഭ്യമാക്കുന്നതിലേയ്ക്കായി ക്ഷീരവികസന വകുപ്പ് തീറ്റപ്പുൽ കൃഷി വികസന പരിപാടി നടപ്പിലാക്കുന്നു. സൗജന്യമായി ക്ഷീരകർഷകർക്ക് പുൽക്കടകൾ ഈ പദ്ധതി വഴി വിതരണം ചെയ്യുക, അസോള, ചോളം തുടങ്ങിയവ കൃഷി ചെയ്യുന്നതിന് സബ്സിഡി നൽകുക, ട്രാൻസ്പോർട്ടേഷൻ കോസ്റ്റ്, ജലസേചനത്തിനുള്ള സഹായം നൽകുക തുടങ്ങിയവ ഈ പദ്ധതി വഴി നടപ്പിലാക്കി വരുന്നു. ക്ഷീരസഹകരണ സംഘങ്ങൾ വഴി വാങ്ങുന്ന കാലിത്തീറ്റയ്ക്ക് കാലിത്തീറ്റ സബ്സിഡി പദ്ധതി മുഖാന്തരം ധനസഹായം ക്ഷീരകർഷകർക്ക് നൽകി വരുന്നു.

കൂടാതെ, മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ പ്രവർത്ത ലാഭത്തിൽ നിന്നും കാലിത്തീറ്റ സബ്സിഡിയും സംഭരിക്കുന്ന പാലിന് ഇൻസെന്റീവും നൽകിവരുന്നു. ഉൽപ്പാദനച്ചെലവും വിപണിയിലെ മാറ്റങ്ങൾക്കും അനുസൃതമായി ക്ഷീരകർഷകരുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മിൽമയുടെ ഭരണസമിതി പാൽവില സംബന്ധിച്ച യുക്തമായ തീരുമാനങ്ങൾ കാലാകാലങ്ങളിൽ കൈക്കൊണ്ടുവരുന്നുണ്ട്.

**നാഷണൽ ഡയറി പ്ലാൻ**

51 (3253) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഡയറി പ്ലാൻ നടപ്പാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്ന നാഷണൽ ഡയറി പ്ലാനിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മിൽമയുടെ 3 മേഖലാ യൂണിയനുകളും റേഷൻ ബാലൻസിംഗ് പ്രോഗ്രാം എന്ന പദ്ധതിയിൻ കീഴിൽ കറവമാടുകൾക്ക് സന്തുലിത ആഹാരക്രമം നടപ്പിലാക്കുന്നു. ഓരോ മേഖലാ യൂണിയനും രണ്ട് വർഷം കൊണ്ട് 200 സൊസൈറ്റികളിലായി 16000-ത്തോളം പശുക്കളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരികയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതുവഴി കർഷകന് പാലിന്റെ ഉല്പാദനച്ചെലവ് കുറയ്ക്കുവാനും പാലുൽപ്പാദന വർദ്ധനവ് കൈവരിക്കുവാനും സാധിക്കുന്നു. ഈ പദ്ധതിയിൽ 31-3-2015 വരെ മലബാർ മേഖലയിൽ 15213-ഉം തിരുവനന്തപുരം മേഖലയിൽ 13652-ഉം എറണാകുളം മേഖലയിൽ 14072-ഉം കാലികൾ ഉൾപ്പെട്ടിട്ടുണ്ട്.

വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ രൂപീകരണം, പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരുജ്ജീവനം, ആധുനികവൽക്കരണം, സംഘങ്ങളെ ശാക്തീകരിക്കുക, കാര്യക്ഷമത കൈവരിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. 2013-14 വർഷത്തിൽ തുടങ്ങി രണ്ടുവർഷം കൊണ്ട് 196 ക്ഷീരസംഘങ്ങൾ രൂപീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം 31-03-2015 വരെ മലബാർ മേഖലയിൽ 36-ഉം, തിരുവനന്തപുരം മേഖലയിൽ 16-ഉം എറണാകുളം മേഖലയിൽ 19-ഉം സൊസൈറ്റികൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

(സി) മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിന്റെയും വില്ലേജ്ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-14 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

**പശുക്കളെ വാങ്ങുന്നതിനും ഷെഡ്ഡുകൾ നിർമ്മിക്കുന്നതിനുമുള്ള**

**പദ്ധതികൾ**

52 (3254) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശുവളർത്തലിൽ താല്പര്യമുള്ള ക്ഷീര കർഷകർക്ക് പശുക്കളെ വാങ്ങുന്നതിനും പശുക്കൾക്ക് ഷെഡ്ഡ് നിർമ്മിക്കുന്നതിനും ഈ സർക്കാർ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ ചേർത്തല താലൂക്കിൽ എത്ര പേർക്ക് ആനുകൂല്യങ്ങൾ ലഭിച്ചുവെന്നതിന്റെ പദ്ധതി ഇനം, പഞ്ചായത്ത്, അനുവദിച്ച വർഷം, ഗുണഭോക്താവിന്റെ വിലാസം, എത്ര തുക ലഭിച്ചു എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ക്ഷീര വികസനത്തെ ലക്ഷ്യമാക്കിയുള്ള ഈ പദ്ധതികളിലൂടെ ചേർത്തല താലൂക്കിൽ ഈ കാലയളവിൽ ഉണ്ടായ പശുക്കളുടെയും പാലിന്റെയും വർദ്ധനവ് എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ക്ഷീരോൽപ്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും പുതിയ സംരംഭകരെയും ആകർഷിക്കുന്നതിനും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരിൽ കാലി വളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനുംവേണ്ടി മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ആവശ്യാധിഷ്ഠിത സഹായവും, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ ഇനങ്ങൾക്ക് ധനസഹായവും നൽകിവരുന്നു. കൂടാതെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലകളിൽ സംയോജിക ക്ഷീരവികസന പരിപാടി നടപ്പിലാക്കുന്നു. കൂടാതെ പ്രാദേശികമായ ക്ഷീരഗ്രാമപദ്ധതിയും നടപ്പിലാക്കുന്നുണ്ട്. മിൽമയുടെ എറണാകുളം മേഖലാ യൂണിയൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 300 വനിതകൾക്ക് പട്ടികജാതി വികസന വകുപ്പിന്റെ ധനസഹായത്തോടെ 300 കാലിത്തൊഴുത്തുകൾ നിർമ്മിച്ചു നൽകി. ഇതിനുപുറമെ എറണാകുളം, തൃശ്ശൂർ,

കോട്ടയം ജില്ലകളുടെ കീഴിൽ 600 കാലിത്തൊഴുത്തുകൾ നിർമ്മിച്ചു നൽകുവാൻ സി.എം.പി. പദ്ധതിയുടെ കീഴിൽ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ പ്രതിവർഷം ക്ഷീരകർഷകരുടെ 3000 കിടാരികളെ ദത്തെടുത്ത് കാലിത്തീറ്റ ഉൾപ്പെടെ 50 ശതമാനം സബ്സിഡിയോടെ നൽകി വളർത്തി വരുന്നു. പ്രതിവർഷം 1000 കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് 5000 രൂപ വീതം ധനസഹായം നൽകുകയും യൂണിയനിൽ നിന്നും റിവോൾവിംഗ് ഫണ്ട് നൽകി ക്ഷീരസംഘങ്ങൾ വഴി പശുക്കളെ വാങ്ങുന്നതിനും മിൽമ, ബാങ്കുകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവരുമായി സഹകരിച്ച് കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് വായ്പയും ലഭ്യമാക്കുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ എൻ.പി.ഡി.ഡി. പദ്ധതി പ്രകാരം 190 കറവപ്പശുക്കളെ വാങ്ങുന്നതിനും 82 കാലിത്തൊഴുത്ത് നിർമ്മാണത്തിനുംവേണ്ടി 52.5 ലക്ഷം രൂപ സഹായം നൽകിയിട്ടുണ്ട്. ഇതുകൂടാതെ കാലിത്തൊഴുത്ത് നിർമ്മാണത്തിന് തിരുവനന്തപുരം ജില്ലയിൽ സി.എം.പി. പദ്ധതിയിൽ 11.25 ലക്ഷം രൂപയും പത്തനംതിട്ട ജില്ലയിൽ ഐ.ഡി.ഡി.പി. പദ്ധതിപ്രകാരം 23.1 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ പട്ടികജാതി വിഭാഗത്തിന് കറവമൃഗങ്ങളെ വാങ്ങിയ ഇനത്തിൽ 2012-2013 മുതൽ 2015-16 വരെ 24.5 ലക്ഷം രൂപയും തിരുവനന്തപുരം മേഖലാ യൂണിയൻ മൊത്തത്തിൽ പട്ടികജാതി വികസന വകുപ്പുമായി ചേർന്ന് കിടാരി വളർത്തൽ പദ്ധതിയിൽ കഴിഞ്ഞ 2 വർഷത്തിൽ 524.75 ലക്ഷം രൂപയും ചെലവാക്കിയിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട വിശദവിവരങ്ങളും* മിൽമയുമായി ബന്ധപ്പെട്ട വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) പശുക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

| ഇനം | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| ഗോധനം(ഒരു പശു) | 6 | .. | 8 | 17 |
| 2 പശു യൂണിറ്റ് | 10(5 യൂണിറ്റ്) | 20(10 യൂണിറ്റ്) | 24(12 യൂണിറ്റ്) | 46(23 യൂണിറ്റ്) |
| 5 പശു യൂണിറ്റ് | 15(3 യൂണിറ്റ്) | 20 (4 യൂണിറ്റ്) | 25 | 25(5 യൂണിറ്റ്) |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| | | | (5 യൂണിറ്റ്) | |
| 10 പശു യൂണിറ്റ് | 10(1 യൂണിറ്റ്) | 30 (3 യൂണിറ്റ്) | 20 (2 യൂണിറ്റ്) | 10(1 യൂണിറ്റ്) |
| 30 കിടാരി യൂണിറ്റ് | 30(1 യൂണിറ്റ്) | - | - | - |
| 10 കിടാരി യൂണിറ്റ് | 10(1 യൂണിറ്റ്) | 10 (1 യൂണിറ്റ്) | 10 (1 യൂണിറ്റ്) | 30(3 യൂണിറ്റ്) |
| 5 കിടാരി യൂണിറ്റ് | - | - | 20 (4 യൂണിറ്റ്) | 20(4 യൂണിറ്റ്) |
| പട്ടികജാതി ഡെയറി യൂണിറ്റ് | - | - | - | 6 യൂണിറ്റ് |
| 2 പശു യൂണിറ്റ്- എസ്.സി.എ. റ്റു എസ്.സി.പി. | - | - | - | 3 യൂണിറ്റ് |

പാലളവ് വർദ്ധനവ്

| വർഷം | പാലളവ് (ലി) | പ്രതിദിന പാലളവ് (ലി) | വർദ്ധനവ് (%) |
|---|---|---|---|
| 2011-12 | 5812209 | 15923.86 | 2.8 |
| 2012-13 | 5987185 | 16403.24 | 3.5 |
| 2013-14 | 6401397 | 17538.07 | 5.2 |
| 2014-15 | 6649401 | 18217.53 | 7.4 |

മിൽമ നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന തിരുവനന്തപുരം മേഖലാ യൂണിയൻ സംഭരിക്കുന്ന പാലിന്റെ അളവിൽ ചേർത്തല താലൂക്കിൽ പ്രതിദിനം ഏകദേശം 1000 ലിറ്റർ പാലിന്റെ വർദ്ധനവുണ്ടായിട്ടുണ്ട്.

**മിൽക്ക് ഷെഡ് വികസന പദ്ധതി**

53 (3255) ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. ബെന്നി ബെഹനാൻ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം


3157/2017

മറുപടി നൽകുമോ:

(എ) മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ-ബി) ക്ഷീരോൽപ്പാദന മേഖലയിലേക്ക് കൂടുതൽ കർഷകരെയും പുതിയ സംരംഭകരെയും ആകർഷിക്കുക, പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, കർഷകരിൽ കാലി വളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുക എന്നിവയാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. പ്രസ്തുത പദ്ധതി മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധന സഹായവും, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ വിവിധ ഇനങ്ങൾക്ക് ധനസഹായവും നൽകിവരുന്നു. എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലകളിൽ സംയോജിക ക്ഷീരവികസന പരിപാടിയും പ്രാദേശികമായി ക്ഷീരഗ്രാമപദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

(സി) നടപ്പുവർഷം 36.25 കോടി രൂപ ഈ ഇനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലകളിലെ ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശവും ഫണ്ടും നൽകിയിട്ടുണ്ട്.

**പാലുൽപ്പാദനത്തിൽ വന്ന വർദ്ധനവ്കുറവ്**

54 (3256) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര ലിറ്റർ പാലിന്റെ ആവശ്യകത ഉണ്ടെന്നും ഇതിൽ എത്ര ലിറ്റർ പാൽ ഇവിടെ ഉത്പാദിപ്പിക്കുന്നുവെന്നും പുറത്തു നിന്ന് എത്ര ലിറ്റർ പാൽ കൊണ്ടുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പാലുത്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ്/കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ലിറ്റർ പാലിന് എത്ര രൂപ ആയിരുന്നുവെന്നും നിലവിൽ എത്ര രൂപയാണെന്നും എത്ര പ്രാവശ്യം ഈ

സർക്കാർ പാൽ വില വർദ്ധിപ്പിച്ചുവെന്നും ഓരോ പ്രാവശ്യമുള്ള വർദ്ധനവിന്റെ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) നിലവിൽ ക്ഷീരോല്പാദകരുടെ എണ്ണം എത്ര; ഇവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം 87.72 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യകത ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. ആയതിൽ 79 ലക്ഷം ലിറ്റർ മുതൽ 82 ലക്ഷം ലിറ്റർ വരെ പാൽ ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. കൂടാതെ ദിനംപ്രതി 3 ലക്ഷം ലിറ്റർ മുതൽ 5 ലക്ഷം ലിറ്റർ പാൽ അന്യ സംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ക്ഷീരസംഘങ്ങളിലെ പാൽ സംഭരണത്തിൽ 26.34% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പാൽവില 23 രൂപ ആയിരുന്നു. മൂന്നുതവണ പാൽ വില വർദ്ധിപ്പിച്ചു. 5-09-2011-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും 14-10-2012-ൽ പാലിന്റെ വില ലിറ്ററിന് 5 രൂപയും 21-07-2014-ൽ പാലിന്റെ വില ലിറ്ററിന് 3 രൂപ വീതവുമാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. നിലവിൽ പാൽ വില ലിറ്ററിന് 36 രൂപയാണ്.

(ഡി) നിലവിൽ ക്ഷീരകർഷ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത 3 ലക്ഷത്തോളം ക്ഷീരകർഷകരുണ്ട്. ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നിവേദനം നൽകിയതിന്റെ ഫലമായി തൊഴുത്ത് നിർമ്മാണം, തറ കോൺക്രീറ്റ് ചെയ്യൽ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ക്ഷീരമേഖല പൂർണ്ണമായും തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പൈതൃക കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും നവീകരണം**

55 (3257) ശ്രീ. എം. പി. വിൻസെൻറ് :

ശ്രീ. വർക്കല കഹാർ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:

ശ്രീ. പി. സി വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൈതൃക കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും നവീകരണത്തിന് കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതും 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കം ഉള്ളതുമായ കെട്ടിടങ്ങളെ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഇവയ്ക്ക് ആവശ്യമായ സംരക്ഷണ ജോലികൾ ചെയ്തു പോരുന്നു. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് മാത്രമായി ഒരു കർമ്മ പദ്ധതി നാളിതുവരെ ആവിഷ്കരിച്ചിട്ടില്ല. കൂടാതെ മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായ സംരക്ഷണ പണികൾ പുരാവസ്തു വകുപ്പ് ചെയ്തുപോരുന്നു. പൈതൃക മന്ദിരങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പ്രവർത്തിച്ചുവരുന്നു.

(ബി&സി) ഒരു ദേശത്തിന്റെ തനത് സംസ്കാരവുമായി ബന്ധപ്പെട്ട പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുകയെന്നത് ആ ദേശത്തിന്റെ തന്നെ ആവശ്യകതയാണ്. കൂടാതെ വരും തലമുറക്ക് പൂർവ്വികരെക്കുറിച്ച് അഭിമാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരവും പൈതൃക നിർമ്മിതികൾ സംരക്ഷിക്കുന്നത് വഴി ലഭിക്കും. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്ത പൈതൃക കെട്ടിടങ്ങളുടെയും മേഖലകളുടെയും കണ്ടെത്തൽ, മറ്റ് അനുബന്ധ നടപടികൾ എന്നിവ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ മുഖാന്തരം നടന്നുവരുന്നു.

**കലാകാരന്മാരുടെ ക്ഷേമത്തിന് കർമ്മപദ്ധതി**

56 (3258) <u>ശ്രീ. പി. സി. വിഷ്ണുനാഥ് :</u>
<u>ശ്രീ. അൻവർ സാദത്ത് :</u>
<u>ശ്രീ. എ. റ്റി. ജോർജ് :</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരൻമാരുടെ ക്ഷേമത്തിന് കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ-സി) സാംസ്കാരികകാര്യ വകുപ്പിന് കീഴിലുള്ള വിവിധ വകുപ്പ്/ അക്കാദമി/

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തരം കലാകാരന്മാർക്കായി താഴെപ്പറയാമർശിക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിലവിൽ 50 വയസ്സിനുമേൽ പ്രായമുള്ള സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കാലാകാരന്മാർക്കും കലാകാരികൾക്കും പ്രതിമാസം 750 രൂപ നിരക്കിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തരം പെൻഷൻ നൽകി വരുന്നു. കൂടാതെ വിവിധ അസുഖങ്ങൾമൂലം കഷ്ടത അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും ചികിത്സാ ധനസഹായം നൽകിവരുന്ന പദ്ധതി സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രശസ്തരായ കലാകാരന്മാരുടെ ആശ്രിതർക്ക് പ്രതിമാസ ധനസഹായ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. അവശത അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതികളുടെ മുഖ്യലക്ഷ്യം.

കേരള ലളിതകലാ അക്കാദമി മുഖാന്തരം കലാകാരന്മാർക്ക് ചികിത്സാ ധനസഹായം, ഏകാംഗ പ്രദർശന ധനസഹായം, കലാ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു.

കേരള ഫോക് ലോർ അക്കാദമി അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാ ധനസഹായവും നാടൻ കലയിൽ ഏറ്റവും പ്രാവീണ്യം നേടിയ കലാകാരന്മാരെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരം, യുവനാടൻകലാ പുരസ്കാരം, ഫോക് ലോർ എം.എ. ഒന്നാം റാങ്ക് ലഭിച്ചവർക്ക് അവാർഡ് എന്നിവ നൽകി വരുന്നുണ്ട്.

കേരള സംഗീത നാടക അക്കാദമി 2011 മുതൽ 3 വർഷത്തേക്ക് പ്രൊഫഷണൽ നാടകം, വാദ്യകല, കഥാപ്രസംഗം, മാജിക് എന്നീ മേഖലകളിലെ കലാകാരന്മാർക്ക് ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷയും മെഡിക്ലെയിമും ഏർപ്പെടുത്തിയിരുന്നു. ഈ പദ്ധതി മുഖേന കലാകാരന്മാർക്ക് മെഡിക്ലെയിം ഇൻഷ്വറൻസ് 50,000 രൂപവരെയും അപകടം മൂലം മരണം, പൂർണ്ണമായ അംഗവൈകല്യം എന്നീ സാഹചര്യങ്ങളിൽ 1 ലക്ഷം രൂപ വരെയും അപകടം മൂലമുള്ള താൽക്കാലിക അംഗ വൈകല്യമോ, പൂർണ്ണമായ ബെഡ്റെസ്റ്റോ ആവശ്യമുള്ള അവസരങ്ങളിൽ ആഴ്ചയിൽ 1000 രൂപ വീതം പരമാവധി 100 ആഴ്ചവരെ നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കിയിരുന്നത്. ഈ ക്ഷേമപ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടുപോകുന്നതിന് 2015-16 ബഡ്ജറ്റിൽ "കലാകാരന്മാർക്കുള്ള ഇൻഷ്വറൻസ് വൈദ്യപദ്ധതി" എന്ന സ്കീമിൽ 40 ലക്ഷം രൂപ കേരള സംഗീത നാടക അക്കാദമിക് സർക്കാർ വകയിരുത്തിയിട്ടുണ്ട്.

സിനിമാ കലാകാരന്മാർക്ക് ചലച്ചിത്ര അക്കാദമി മുഖാന്തരം പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രതിമാസം 1000 രൂപയാണ് പെൻഷൻ. 300-ഓളം പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. കൂടാതെ അടിയന്തര ചികിത്സാ സഹായമായി പരമാവധി 25,000 രൂപ വരെ അനുവദിച്ചുവരുന്നു. ഇതിനുപുറമെ സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെട്ടു ത്തുന്നതിനുമായി 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. ആക്ട് വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം വ്യവസ്ഥകൾക്കനുസൃതമായി അംശദായം അടച്ച് അംഗത്വമെടുത്ത് 60 വയസ്സ് കഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ നൽകിവരുന്നുണ്ട്. മിനിമം പെൻഷൻ ആയിരം രൂപയാണ്. ഇവയ്ക്കുപുറമെ അവശതാ പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാസഹായം, അംഗത്തിന്റെ/ അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം, മരണാനന്തരസഹായം, മക്കളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു.

**സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഓഫീസ് മാനേജർ**

57 (3259) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഓഫീസ് മാനേജർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇപ്പോൾ ഓഫീസ് മാനേജരായി ജോലി ചെയ്യുന്നയാളിന് ഡിപ്പാർട്ട്മെന്റൽ പരീക്ഷായോഗ്യത നേടിയതിനു ശേഷമാണോ ഒന്നാം ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിലേക്ക് പ്രൊമോഷൻ നൽകിയത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തി ഡിപ്പാർട്ട്മെന്റൽ പരീക്ഷായോഗ്യത നേടിയിട്ടുണ്ടെങ്കിൽ ഏതെല്ലാം വിഷയങ്ങളാണ് പ്രസ്തുത പരീക്ഷയിൽ പാസ്സായിട്ടുള്ളതെന്നും പരീക്ഷ ജയിച്ച വർഷം എന്നാണെന്നും സർട്ടിഫിക്കറ്റ് നമ്പരും തീയതിയുമുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത വിവരങ്ങൾ സർവ്വീസ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് കാലയളവിലാണ് ഇവ രേഖപ്പെടുത്തിയതെന്ന പറയാമോ;

(ഇ) പ്രസ്തുത വ്യക്തിയുടെ യോഗ്യത സംബന്ധിച്ച് പി.എസ്.സി.-യുമായി ഏതെങ്കിലും വിധത്തിലുള്ള കത്തിടപാടുകൾ നടത്തിയിട്ടുണ്ടെങ്കിൽ അവിടെനിന്നും ലഭിച്ച മറുപടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(എഫ്) പ്രസ്തുത വ്യക്തി ബിരുദധാരിണിയാണെങ്കിൽ അത് ഏത് വിഷയത്തിലാണെന്നും ഏത് സർവ്വകലാശാലയിൽ നിന്നും ഏത് വർഷമാണ് ബിരുദം നേടിയതെന്നും അത് പാർട് ടൈം/ഫുൾ ടൈം കോഴ്സ് ആയിരുന്നോ എന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) (1) അംഗീകൃത സർവ്വകലാശാല ബിരുദം.

(2) അക്കൗണ്ട് ടെസ്റ്റ് ലോവർ പാസ്സായിരിക്കണം.

(ബി) 1986-ൽ നേടിയ യോഗ്യതയുടെ അടിസ്ഥാനത്തിലാണ് ടിയാന് ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളത്.

(സി)

| | No |
|---|---|
| Keral Service Rules Account Test (Lower) -August 86 | 3486 |
| Kerala Financial Code Volume II Account Test (Lower)- August 86 | 3486 |
| Kerala Budget Manual Code Volume 1 Account Test (Lower)-August 86 | 3486 |
| Keral Account (Higher) Account Test-August 86 | 3486 |
| Keral Account Volume 11 Account Test (Lower)-August 86 | 3486 |

| | |
|---|---|
| Keral Treasury Code I&II Account Test (Lower)-August 86 | 3486 |
| Introduction to Indian Audit and Accounts 1&III Account Test (Higher)-August 86 | 3486 |
| Manual of Office procedure other than Secretariat Account Test-August 86 | 3486 |

(ഡി) ഉണ്ട്. തീയതി രേഖപ്പെടുത്തിയിട്ടില്ല.

(ഇ) ഇല്ല.

(എഫ്) ചരിത്രത്തിൽ ബിരുദമെടുത്തിട്ടുണ്ട്. Bachelor of Arts (External) from Osmania University, Hydrabad S.N.161 dated 1-02-1992 Roll No.044534 (full time course)

**മാതൃഭാഷാ പഠനത്തിന് കർമ്മ പദ്ധതി**

58 (3260) ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. പി. എ. മാധവൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിന് മലയാളം മിഷൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സർക്കാരിന്റെ കീഴിലുള്ള മലയാളം മിഷൻ മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം

പരിചയപ്പെടുത്തുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഭാരതത്തിലെയും വിദേശത്തെയും വിവിധ സ്ഥലങ്ങളിൽ മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നത് പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യമാണ്. ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഠനകേന്ദ്രങ്ങളിലെ അദ്ധ്യാപകർക്ക് പരിശീലനവും പഠനസാമഗ്രികളും പഠന പ്രവർത്തനങ്ങൾക്കുവേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകിവരുന്നു. മലയാളം മിഷന്റെ പാഠ്യപദ്ധതി പ്രകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ കോഴ്സ് (നീലക്കുറിഞ്ഞി) എന്നീ നാലു കോഴ്സുകളിലൂടെ പത്ത് വർഷം നീണ്ടുനിൽക്കുന്ന പഠനത്തിലൂടെ കേരളത്തിലെ പത്താം ക്ലാസിന് തത്തുല്യമായ നിലവാരത്തിലേക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷകൾ നടത്തുകയും വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

(സി) കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിലെയും വിദേശത്തെയും പ്രവാസി മലയാളി സംഘടനകളിൽ നിന്നും ആവശ്യം ഉയരുന്നതിനനുസരിച്ച് ഓരോ മേഖലയിലും പഠനകേന്ദ്രങ്ങൾ സ്ഥാപിച്ചു വരുന്നു. പഠിതാക്കൾക്ക് പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നു. പഠനകേന്ദ്രങ്ങളുടെ ഊർജ്ജിതമായ പ്രവർത്തനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന പഠനകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**ആർട്ട് ഗ്യാലറികൾ**

59 (3261) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. എം. എ. വാഹീദ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ട് ഗ്യാലറികൾ ആരംഭിക്കാൻ കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി, മലപ്പുറം, കാഞ്ഞങ്ങാട് എന്നീ ആർട്ട് ഗ്യാലറികൾക്ക് പുറമെ ആലപ്പുഴ, കൊടുങ്ങല്ലൂർ, മലമ്പുഴ, നെടുമ്പാശ്ശേരി എയർപോർട്ട്, കായംകുളം, കിളിമാനൂർ, മാനന്തവാടി എന്നിവിടങ്ങളിൽ പുതുതായി ആർട്ട് ഗ്യാലറികൾ ആരംഭിച്ചിട്ടുണ്ട്. കൊച്ചി നഗരസഭ സ്ഥലം അനുവദിക്കുന്ന മുറയ്ക്ക് കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ആർട്ട് ഗ്യാലറി കൂടി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആർട്ട് ഗ്യാലറികൾ ഇല്ലാത്ത ഗ്രാമ പ്രദേശങ്ങളിൽ ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി കേരള ലളിതകലാ അക്കാദമിയുടെ "സഞ്ചരിക്കുന്ന ചിത്രശാല" 2016 ജനുവരി ആദ്യവാരം മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. ചിത്രകല, ശിൽപകല, ഫോട്ടോഗ്രാഫി, കാർട്ടൂൺ എന്നിവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും കലാ ആസ്വാദനത്തിന് അവസരം ഒരുക്കുന്നതിനും കലാകാരന്മാർക്ക് അവരുടെ സർഗ്ഗ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും കൂടുതൽ അവസരം ഒരുക്കുന്നതിനുമാണ് ആർട്ട് ഗ്യാലറികൾ സജ്ജീകരിച്ചിരിക്കുന്നത്. പൊതുജനങ്ങളിൽ ചിത്രശില്പ കാഴ്ചയുടെ വിശാലമായ അവസര മൊരുക്കുന്നതിലൂടെ സമൂഹത്തിന്റെ സാംസ്കാരിക ഉന്നതി എന്ന ഉദ്ദേശ്യലക്ഷ്യവും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

(ബി) കേരള ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിലാണ് ആർട്ട് ഗ്യാലറികൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നത്. ഇതിനാവശ്യമായ ഫണ്ടുകൾ അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി അക്കാദമിക്ക് അനുവദിച്ചിട്ടുണ്ട്.

**പ്രാദേശിക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ നടപടി**

60 (3262) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ജില്ലകളിലും പ്രാദേശിക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

പുരാവസ്തു വകുപ്പിന്റെ കീഴിൽ എല്ലാ ജില്ലകളിലും ജില്ലാതല പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം ജില്ലകളിൽ മ്യൂസിയത്തിനുള്ള സ്ഥലം കണ്ടെത്തുകയും അവിടങ്ങളിൽ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. മ്യൂസിയം വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ 'കേരളം മ്യൂസിയ'ത്തെയാണ് പ്രസ്തുത പണികൾ ഏൽപ്പിച്ചിട്ടുള്ളത്. പണികൾ പൂർത്തിയാകുന്ന മുറയ്ക്ക് മ്യൂസിയങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതാണ്. മറ്റ് ജില്ലകളിൽ സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് മാത്രമെ മ്യൂസിയങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കലാഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ**

61 (3263) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കണ്ണപുരം ഗ്രാമപഞ്ചായത്ത് കേരള ഫോക്ക്‌ലോർ അക്കാദമിക്ക് അനുവദിച്ച സ്ഥലത്ത് കലാഗ്രാമം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നിർമ്മിതി കേന്ദ്രം ഫോക്‌ലോർ അക്കാദമിക്ക് സമർപ്പിച്ചിട്ടുള്ള പ്രോജക്ടിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) കണ്ണപുരം കലാഗ്രാമം സ്ഥാപിക്കുന്നതിനായി കേരള ഫോക്ക് ലോർ അക്കാദമിക്ക് അനുവദിച്ച സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർമ്മിതി കേന്ദ്രം തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രോജക്ട് അനുസരിച്ച് സർക്കാർ ഫണ്ട് കൂടാതെയുള്ള മറ്റ് ധനസ്രോതസ്സുകൾ കണ്ടെത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

## കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയം

62 (3264) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിന്റെ നവീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) പ്രസ്തുത മ്യൂസിയം നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ വിപുലമായ സൗകര്യങ്ങളോടെ ആയത് പ്രവർത്തിപ്പിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ;

(സി) കൊല്ലം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ അധീനതയിൽ എത്ര മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നു ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) കൊട്ടാരക്കര തമ്പുരാൻ ക്ലാസിക്കൽ കലാ മ്യൂസിയത്തിൽ മ്യൂസിയം, ഓഫീസ്, ഗ്യാലറികൾ എന്നിവ സജ്ജീകരിച്ച് നവീകരണ പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ട്. ശിൽപ്പങ്ങൾ, ദാരുശിൽപങ്ങൾ എന്നിവ പ്രദർശന യോഗ്യമാക്കുകയും കഥകളി കോപ്പുകളുടെ നവീകരണം, പ്രതിമകളുടെ കേടുപാടുകൾ തീർക്കൽ എന്നിവ കേരള കലാമണ്ഡലം മുഖേനയും നടപ്പാക്കിയിട്ടുണ്ട്. ആകെ 13,73,124 രൂപയുടെ (പതിമൂന്ന് ലക്ഷത്തി എഴുപത്തിമൂവായിരത്തി ഒരുന്നൂറ്റി ഇരുപത്തിനാല് രൂപ മാത്രം) പ്രവർത്തനങ്ങളാണ് മ്യൂസിയത്തിൽ നടപ്പിലാക്കിയത്. മ്യൂസിയം സ്ഥിതി ചെയ്യുന്ന കെട്ടിടം ദേവസ്വം ബോർഡിന്റെ അധീനതയിലായതിനാൽ മ്യൂസിയത്തിന്റെ വിപുലമായ വികസന പ്രവർത്തനങ്ങൾക്ക് ദേവസ്വം ബോർഡിന്റെ അനുമതിയും സഹകരണവും ആവശ്യമാണ്. പ്രസ്തുത മ്യൂസിയം ഉൾപ്പെടുന്ന സ്ഥലം 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം സംരക്ഷിത സ്മാരകമായി ഏറ്റെടുക്കുന്നതിനായി റവന്യൂ വിശദവിവരങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കൊല്ലം ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ അധീനതയിൽ കൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാ മ്യൂസിയം, പെരിനാട് ഗ്രാമപഞ്ചായത്തിലുള്ള നാന്ദിരിക്കൽ വേലുത്തമ്പി ദളവാ മ്യൂസിയം എന്നീ രണ്ട് മ്യൂസിയങ്ങളുണ്ട്.

## രാജാരവിവർമ്മ സ്മാരക നിർമ്മാണം

63 (3265) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ഏതെല്ലാം തരത്തിലുള്ള നിർമ്മാണ രീതികളാണ് അവലംബിച്ചിട്ടുള്ളതെന്നും എന്തെല്ലാമാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പുതിയതായി സംസ്ഥാന ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തു തുകയാണെന്നും ഏത് പ്രവൃത്തിക്ക് വേണ്ടിയാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്മാരകം കാടുകയറി നശിക്കാതിരിക്കാൻ സ്ഥിരം നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ 1,26,41,334 രൂപ ചെലവഴിച്ചിട്ടുണ്ട്. രാജാരവിവർമ്മ സ്മാരക ആർട്ട് ഗ്യാലറി, സ്മൃതി മണ്ഡപം, ഓപ്പൺ എയർ തിയേറ്റർ, ഉദ്യാനം, ഗേറ്റ് വേ എന്നിവയാണ് ഇതേവരെ നിർമ്മിച്ചിട്ടുള്ളത്. ഉദ്യാനം മോടി പിടിപ്പിക്കുന്നതിന്റെ ഭാഗമായി അക്കാദമിയുടെ മുഖ്യപുരസ്കാരങ്ങൾ ലഭിച്ച ശിൽപ്പികൾ നിർമ്മിച്ച കോൺക്രീറ്റ് ശിൽപ്പങ്ങൾ ഉദ്യാനത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. രാജാരവിവർമ്മയുടെ വെങ്കല ഛായാശിൽപ്പം സ്ഥാപിക്കുന്ന നിർമ്മാണ പണികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

(ബി) രാജാരവിവർമ്മ സ്മാരക നിലയത്തിനായി ഇതേവരെ കേന്ദ്ര ഫണ്ടുകളൊന്നും ലഭിച്ചിട്ടില്ല.

(സി) രാജാരവിവർമ്മ സ്മാരക നിലയത്തിന്റെ വികസനത്തിനായി 2015-16 സാമ്പത്തിക വർഷത്തിൽ 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉദ്യാനം മോടിപിടിപ്പിക്കൽ, ഛായാ ശിൽപ്പം സ്ഥാപിക്കൽ, കൂടുതൽ കലാശേഖരം ഒരുക്കൽ, സംരക്ഷണ സൗകര്യം ഉണ്ടാക്കൽ എന്നീ പ്രവൃത്തികൾക്കായാണ് പ്രസ്തുത തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) രാജാരവിവർമ്മ സ്മാരകം കാടുകയറി നശിക്കാതിരിക്കാൻ നടപടി

സ്വീകരിച്ചിട്ടുണ്ട്.

**പുരസ്കാരങ്ങൾ തിരിച്ചുനൽകിയവരുടെ വിവരങ്ങൾ**

64 (3266) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാജ്യത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അസഹിഷ്ണുതയിൽ പ്രതിക്ഷേധിച്ച് സംസ്ഥാനത്ത് നിന്നും പുരസ്കാരങ്ങൾ തിരിച്ചുനൽകിയ കലാകാരൻമാരുടെയും സാമൂഹ്യപ്രവർത്തകരുടെയും പേരു വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

രാജ്യത്ത് വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അസഹിഷ്ണുതയിൽ പ്രതിഷേധിച്ച് സംസ്ഥാനത്ത് നിന്നും പുരസ്കാരങ്ങൾ തിരിച്ചു നൽകിയ കാലാകാരന്മാരുടെയും സാമൂഹ്യ പ്രവർത്തകരുടെയും പേര് വിവരങ്ങൾ സർക്കാർ തലത്തിൽ ശേഖരിച്ചിട്ടില്ല.

**നരേന്ദ്രപ്രസാദ് സ്മാരക നാടക പഠനകേന്ദ്രത്തിന് ധനസഹായം**

65 (3267) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നരേന്ദ്രപ്രസാദ് സ്മാരക പഠനകേന്ദ്രത്തിന്റെ പ്രവർത്തനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിന് എം.എൽ.എ.-യുടെ കത്ത് ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പഠനകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിക്കര നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രത്തിൽ നാടക പരിശീലനത്തിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2015-16 സാമ്പത്തിക വർഷം സർക്കാർ 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കലാകാരന്മാർക്ക് പെൻഷൻ**

66 (3268) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കലാകാരന്മാർക്കാണ് പെൻഷൻ നല്കി വരുന്നതെന്നും പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ടെന്നും ഇവർ ഏതെല്ലാം കലകളെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 8-11-1999-ലെ സ.ഉ.(എംഎസ്.) നമ്പർ 49/99/സി.എ.ഡി. ഉത്തരവ് പ്രകാരമാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്. ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കലാരംഗങ്ങളിൽ ഉള്ളവർക്കും പെൻഷൻ അനുവദിക്കുന്നുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ബി) 2015 ഡിസംബർ മാസം വരെയുള്ള കണക്കനുസരിച്ച് നിലവിൽ 2940 കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും 2917 കലാകാരന്മാർക്ക് മാത്രമേ പെൻഷൻ നൽകി വരുന്നുള്ളൂ. രേഖകൾ സമർപ്പിക്കാത്ത 23 പേരുടെ പെൻഷൻ ബന്ധപ്പെട്ട രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അവർക്ക് നൽകുന്നതാണ്. ഇവർ സംഗീതം, നാടകം, നൃത്തം, സാഹിത്യം, കരകൗശലം, പുരാണ പാരായണം, നാടൻ കലകൾ, ക്ഷേത്ര കലകൾ തുടങ്ങിയ വിവിധ കലകളെയാണ് പ്രതിനിധാനം ചെയ്യുന്നത്.

**വീഡിയോ വാളുകൾ**

67 (3269) <u>ശ്രീ. എം. എ. വാഹീദ് :</u>
<u>ശ്രീ. സി. പി. മുഹമ്മദ് :</u>
<u>ശ്രീ. വി. പി. സജീന്ദ്രൻ :</u>
<u>ശ്രീ. എം. പി. വിൻസെന്റ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനു വേണ്ടി വീഡിയോ വാളുകൾ സ്ഥാപിക്കുന്നതിന് കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സർക്കാരിന്റെ വികസനക്ഷേമ പ്രവർത്തനങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി വീഡിയോവാളുകൾ സ്ഥാപിക്കുന്നതിന് കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ വികസന പദ്ധതികൾ, പൊതുസന്ദേശങ്ങൾ, സാമൂഹികം, സാംസ്കാരികം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ബോധവൽക്കരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് വീഡിയോമാളുകൾ സ്ഥാപിച്ചുവരുന്നത്.

(സി) 2015-16 സാമ്പത്തിക വർഷം 150 ലക്ഷം രൂപ വീഡിയോവാളിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനോടകം 6 ജില്ലകളിൽ വീഡിയോവാളുകൾ സ്ഥാപിക്കുകയും രണ്ട് ജില്ലകളിൽ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കാൻ നടപടി**

68 (3270) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം വിവിധ മാധ്യമങ്ങൾ വഴി സർക്കാരിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കാൻ എന്തെല്ലാം നടപടികൾ സീകരിച്ചിട്ടുണ്ട് ;

(ബി) ഇതിനുവേണ്ടി ഓരോ മാധ്യമങ്ങൾക്കും ഇതുവരെ എത്ര തുക നല്കിയിട്ടുണ്ടെന്നും എത്ര തുക കുടിശ്ശികയുണ്ടെന്നും പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും തിയേറ്ററുകൾ, വീഡിയോ വാൾ, റെയിൽവേ അനൗൺസ്മെന്റ്, സി.സി.ടി.വി, കെ.എസ്.ആർ.റ്റി.സി. പരസ്യം എന്നിവ മുഖേനയും സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിച്ചിട്ടുണ്ട്. കൂടാതെ വികസന സമന്വയം എന്ന പേരിൽ ടാബ്ലോയ്ഡ് പത്രം അച്ചടിച്ച് വിതരണം ചെയ്യുന്നതിന്

മലയാള മനോരമ, മാതൃഭൂമി, മംഗളം എന്നീ ദിനപത്രങ്ങളെ ഏൽപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി അച്ചടി മാധ്യമങ്ങൾക്ക് 77,44,47,972 രൂപയും, ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 22,60,63,044 രൂപയും തിയേറ്റർ പരസ്യം വീഡിയോവാൾ, റെയിൽവേ അനൗൺസ്മെന്റ് എന്നിവ മുഖേന 33,56,004 രൂപയും CCTV, KSRTC Bus മുഖേന 7,62,945 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. വകുപ്പിൽ ലഭ്യമായ ബില്ലുകളുടെ കണക്കുകൾ പ്രകാരം അച്ചടി മാധ്യമങ്ങൾക്ക് 3,12,31,918 രൂപയും ഇലക്ട്രോണിക് മാധ്യമങ്ങൾക്ക് 11,10,823 രൂപയുടേയും ബില്ലുകൾ കുടിശ്ശിക ഇനത്തിൽ നൽകാനുണ്ട്.

**പത്രപ്രവർത്തകർക്കുള്ള പെൻഷൻ വർദ്ധന**

69 (3271) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്ര പ്രവർത്തകർക്കുള്ള പെൻഷൻ എത്ര തവണ വർദ്ധിപ്പിച്ചു; ഇപ്പോൾ നൽകിവരുന്ന പെൻഷൻ എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ജീവിതച്ചെലവ് വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പത്രപ്രവർത്തകർക്കുള്ള മിനിമം പെൻഷൻ 12,000 രൂപയാക്കി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്ര പ്രവർത്തകർക്കുള്ള പെൻഷൻ മൂന്ന് തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിൽ 8000 രൂപയാണ് പത്ര പ്രവർത്തക പെൻഷനായി നൽകി വരുന്നത്.

(ബി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**നോർക്ക സാന്ത്വന പദ്ധതി**

70 (3272) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം


3157/2017

മറുപടി നൽകുമോ:

(എ) നോർക്ക സാന്ത്വനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരികെയെത്തിയ നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് നോർക്ക വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയായ സാന്ത്വന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള തിരികെയെത്തിയ പ്രവാസി മലയാളികളുടെ/കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപ വരെയും, മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാനന്തര ധനസഹായമായി പരമാവധി 1,00,000 രൂപവരെയും തിരികെയത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപ വരെയും പ്രവാസിക്ക്/കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000 രൂപ വരെയും ഒറ്റ തവണയായി നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് സഹായം നൽകി വരുന്നുണ്ട്. നാളിതുവരെ സാന്ത്വന പദ്ധതിയിൽ നിന്നും 8261 പേർക്കായി 25,71,54,267 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഭരണതലത്തിൽ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി വർഷാവർഷം നിശ്ചിത തുക ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തി വരുന്നുണ്ട്.

**എൻ.ആർ.ഐ. കമ്മീഷൻ**

71 (3273) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി ജുഡീഷ്യൽ അധികാരത്തോടുകൂടിയ

എൻ.ആർ.ഐ കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) കമ്മീഷൻ എന്നുമുതൽ നിലവിൽവരും എന്നും അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞോ എന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് അർദ്ധ ജുഡീഷ്യൽ അധികാരത്തോടുകൂടിയ ഒരു എൻ.ആർ.ഐ. കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള ബിൽ സഭ ചർച്ച ചെയ്ത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കുകയും ആയത് ഡിസംബർ 17-ാം തീയതി സഭ വീണ്ടും പരിഗണിക്കുന്നതുമാണ്.

(ബി) പ്രവാസി ഭാരതീയ കേരളീയരുടെ താൽപ്പര്യങ്ങൾ സംസ്ഥാനത്തിനകത്ത് സംരക്ഷിക്കുക, സുരക്ഷിതത്വം ഉറപ്പാക്കുക, അവരുടെ ക്ഷേമത്തിനാവശ്യമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സർക്കാർ എൻ.ആർ.ഐ. കമ്മീഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചത്. കമ്മീഷൻ രൂപീകരണത്തിന് തയ്യാറാക്കിയിട്ടുള്ള കരട് ബിൽ പ്രകാരം കമ്മീഷന്റെ ചുമതലകൾ താഴെപ്പറയുന്നു.

(എ) പ്രവാസി ഭാരതീയരായ കേരളീയരെയും അവരുടെ കുടുംബത്തെയും അവരുടെ അവകാശങ്ങളിൽ, പ്രത്യേകിച്ച് കേരള സംസ്ഥാനത്തെ സ്വത്തുക്കളെയും ജീവനെയും സംബന്ധിക്കുന്ന തർക്കങ്ങളിൽ സഹായിക്കുക.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി ചേർന്ന് പ്രവാസിഭാരതീയരായ കേരളീയരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി പ്രവർത്തിക്കുക.

(സി) പ്രവാസി ഭാരതീയരായ കേരളീയരുടെ കേരളത്തിലുള്ള എല്ലാത്തരം നിക്ഷേപങ്ങളും സംരക്ഷിക്കുവാൻ സഹായിക്കുക.

(ഡി) പ്രവാസി ഭാരീതരായ കേരളീയരുടെയും കേരളത്തിൽ താമസിക്കുന്ന അവരുടെ ഭാര്യയ്ക്കും അല്ലെങ്കിൽ ഭർത്താവിനും മാതാപിതാക്കൾക്കും സാമൂഹ്യ ജീവിതത്തിനും ആരോഗ്യ സംരക്ഷണത്തിനുമായി സാമൂഹ്യ-സേവന സംഘടനകളെ സൗകര്യപ്പെടുത്തുക.

(ഇ) പ്രവാസി ഭാരതീയരായ കേരളീയർക്കെതിരെയുള്ള നീതി

യുക്തമല്ലാത്ത പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും ആയതിന്മേൽ എടുക്കേണ്ട നടപടികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോടോ ഏജൻസികളോടോ ശിപാർശ ചെയ്യുക.

(എഫ്) ഭാരത ഭരണഘടനയിലെ സമത്വാവകാശത്തെയും പ്രവാസി ഭാരതീരായകേരളീയരോടുള്ള ന്യായമായ പെരുമാറ്റത്തേയും ബാധിക്കുന്ന നിലവിലുള്ള നിയമങ്ങളില അപര്യാപ്തതകളും പോരായ്മകളും അത്തരം സാഹചര്യങ്ങൾ നേരിടുന്നതിനായി എടുക്കേണ്ട പരിഹാരനിയമനിർമ്മാണ നടപടികളെയും കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുക.

(ജി) റിക്രൂട്ട്മെന്റ് ഏജൻസികളുടെ ന്യായമല്ലാത്ത പ്രവൃത്തികളെക്കുറിച്ച് അന്വേഷിക്കുന്നതിനും പ്രവാസി ഭാരതീയരായ കേരളീയരോടുള്ള താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള നടപടികൾ ഉറപ്പുവരുത്തുക.

(സി) കമ്മീഷൻ എത്രയും വേഗം രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ 8-12-2015-ന് നിയമസഭയിൽ അവതരിപ്പിച്ചുകഴിഞ്ഞു. സബ്ജക്ട് കമ്മിറ്റി അംഗീകരിച്ച പ്രകാരമുള്ള ബിൽ ഡിസംബർ 17-ാം തീയതി സഭ പരിഗണിക്കുന്നതാണ്.

**ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയവരുടെ പ്രശ്നങ്ങൾ**

72 (3274) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിലുണ്ടായ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലി നഷ്ടപ്പെട്ട് കേരളത്തിൽ തിരിച്ചെത്തിയ നേഴ്സുമാരുടെയും മറ്റുള്ളവരുടെയും കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; അങ്ങനെ വിവിധ രാജ്യങ്ങളിൽ നിന്നും തിരിച്ചു വന്നവരുടെ എണ്ണം രാജ്യവും ഇനവും തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹതഭാഗ്യരിൽ പലരും വിവിധ ബാങ്കുകളുടെ ജപ്തിഭീഷണിയിൽ കഴിയുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇവർക്ക് സർക്കാർ മുൻകൈ എടുത്ത് സർക്കാർ/സ്വകാര്യമേഖലയിൽ ജോലി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്; വിശദമാക്കാമോ;

(ഡി) ഇങ്ങനെ ജോലി നഷ്ടപ്പെട്ടവരുടെ വായ്പാ കുടിശ്ശികകൾക്ക്

മൊറട്ടോറിയം പ്രഖ്യാപിക്കാനും മറ്റൊരു തൊഴിൽ ലഭിക്കുന്നതുവരെ വായ്പ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്നതിനും എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) വിദേശരാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നംമൂലം നാട്ടിൽ തിരിച്ചെത്തി നോർക്ക റൂട്ട്സിന്റെ ഹെൽപ്പ് ഡെസ്കിലും ഓൺലൈനായും രജിസ്റ്റർ ചെയ്ത പ്രവാസികളുടെ കണക്ക് താഴെ കൊടുക്കുന്നു. ഇനം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമല്ല.

| വർഷം | രാജ്യം | എണ്ണം |
|---|---|---|
| മെയ്- 2011 | യെമൻ | 441 |
| ജൂൺ- 2014 | ഇറാഖ് | 418 |
| ആഗസ്റ്റ്- 2014 | ലിബിയ | 532 |
| ഏപ്രിൽ- 2015 | യെമൻ | 2444 |
| | ആകെ | 3835 |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിദേശരാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾമൂലം ജോലി നഷ്ടപ്പെട്ട് ഇറാഖ്, ലിബിയ, യെമൻ തുടങ്ങിയ രാജ്യങ്ങളിൽനിന്നും നാട്ടിലെത്തിയ നഴ്സുമാർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിദേശരാജ്യങ്ങളിലെ ആതുര സേവന രംഗത്തെ പ്രമുഖ സ്ഥാപനങ്ങളുടെ മേധാവികളുമായി നടത്തിയ ചർച്ചകളെത്തുടർന്ന്, അതിനുശേഷം നടത്തിയ തെരഞ്ഞെടുപ്പിലൂടെ അൽ-അഹല്യ, അൽ-അബീർ, ഡി.എം. ഹെൽത്ത് കെയർ, എൻ.എം.സി. ഗ്രൂപ്പ് തുടങ്ങിയ ഹോസ്പിറ്റലുകൾ വഴി 305 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ഇതിൽ 42 പേർക്ക് വിദേശത്തും 19 പേർക്ക് സ്വദേശത്തും ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വായ്പ കുടിശ്ശികകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കേണ്ടത് റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന ബാങ്കുകളാണ്. ഇത്തരത്തിൽ ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയവരുടെ വായ്പ തിരിച്ചടവ് സംബന്ധിച്ച് മൃദുസമീപനം സ്വീകരിക്കണമെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട നോർക്ക വകുപ്പുമന്ത്രിയും

അഭ്യർത്ഥിച്ചിട്ടുണ്ട്.

**പ്രവാസി ക്ഷേമ പദ്ധതികൾ**

73 (3275) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല പ്രവാസി ക്ഷേമ പദ്ധതികൾ മുടങ്ങിപ്പോയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രവാസി ചികിത്സാ സഹായം സർക്കാർ അനുവദിച്ചിട്ടും അപേക്ഷകർക്ക് നല്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ;

(സി) പ്രവാസി പുനരധിവാസ പദ്ധതികൾ പ്രാവർത്തികമാക്കുന്നതിൽ ബാങ്കുകൾ സഹകരിച്ചില്ലെന്ന മുഖ്യമന്ത്രിയുടെ പ്രസ്താവനയെ തുടർന്നും ഇക്കാര്യത്തിൽ പുരോഗതിയുണ്ടായില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രവാസികളുടെ ക്ഷേമപദ്ധതികൾ മുടങ്ങിപ്പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നോർക്ക-റൂട്ട്സ് വഴി നടപ്പാക്കുന്ന സാന്ത്വന പദ്ധതി പ്രകാരം തിരികെയെത്തി ദുരിതമനുഭവിക്കുന്ന പ്രവാസികൾക്ക് നിബന്ധനകൾക്ക് വിധേയമായി ചികിത്സാ സഹായം അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹമാകുന്നതിനുള്ള വരുമാനപരിധി 25,000 രൂപയിൽനിന്നും 1,00,000 രൂപയായും നൽകി വന്നിരുന്ന ധനസഹായം പരമാവധി ഒരുലക്ഷം രൂപയായും വർദ്ധിപ്പിക്കുകയും തൽഫലമായി അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതിനെത്തുടർന്ന് ലഭ്യമായ ഫണ്ട് ഉപയോഗിച്ച് എല്ലാ അപേക്ഷകർക്കും യഥാസമയം ധനസഹായം നൽകാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ടായി.

2015-16-ൽ 307 ലക്ഷം രൂപയാണ് സാന്ത്വന പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ 2014-15 വർഷം 2124 ഗുണഭോക്താക്കൾക്കായി 9,67,84,000 രൂപയും 2015-16 വർഷം നാളിതുവരെ 1199 ഗുണഭോക്താക്കൾക്കായി 6,26,56,000 രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. 2014

നവംബർ 20-ാം തീയതി വരെ സർക്കാർ ഉത്തരവ് ലഭിച്ച ഗുണഭോക്താക്കൾക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കുടിശ്ശിക നിവാരണം ചെയ്യുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിലേക്കായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) തിരികെയെത്തിയ പ്രവാസി മലയാളികളുടെ പുനരധിവാസം മുൻനിർത്തി ആരംഭിച്ച സ്വയം തൊഴിൽ വായ്പാപദ്ധതിയായ NDPREM പദ്ധതി നടത്തിപ്പിന് മുൻവർഷം കാനറാ ബാങ്കും യൂണിയൻ ബാങ്കും മാത്രമാണ് സഹകരിച്ചിരുന്നത്. പദ്ധതിയുമായി സഹകരിക്കുന്നതിന് ബാങ്കുകളോട് എസ്.എൽ.ബി.സി. യോഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട നോർക്ക വകുപ്പുമന്ത്രിയും അഭ്യർത്ഥിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാനറാ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുമായി 2015 നവംബർ 23-ന് ധാരണാപത്രം ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എസ്.ബി.റ്റി. ഉൾപ്പെടെയുള്ള കൂടുതൽ ബാങ്കുകൾ പദ്ധതിയുമായി സഹകരിച്ച് മുന്നോട്ടുവന്നിട്ടുണ്ട്. വായ്പാ ശിപാർശകൾക്ക് അർഹരാണെന്ന് കണ്ടെത്തിയവർക്ക് വായ്പ അനുവദിക്കുന്നതിനായി ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചുകളിലേക്ക് അവരുടെ അപേക്ഷകൾ അയയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജനുവരി ഒന്നുമുതൽ ഓൺലൈൻ വഴി ലോണിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രവാസി പുനരധിവാസ പദ്ധതി**

74 (3276) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിതാഖത്ത്മൂലം മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി പ്രഖ്യാപിക്കപ്പെട്ട പുനരധിവാസ പദ്ധതികളുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

2013 ഏപ്രിൽ ഒന്നുമുതൽ സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെത്തുടർന്ന് തിരികെ എത്തുന്നവരുടെ വിവരശേഖരണത്തിനായി കേരളത്തിലെ എയർപോർട്ടുകളിൽ ഹെൽപ്പ് ഡെസ്കുകളും കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. ഇവയിലൂടെ 22634 പേർ സൗദി അറേബ്യയിൽനിന്നും തിരികെ എത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസി മലയാളികളോട് സ്വയം തൊഴിൽ വായ്പ പദ്ധതിയായ NDPREM പദ്ധതിയുടെ ആനുകൂല്യങ്ങൾ ആവശ്യമെങ്കിൽ അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. 5783

പേർ അധിക വിവരങ്ങൾ ലഭ്യമാക്കിയതിൽ സ്ക്രീനിംഗിലൂടെ 2841 പേർ ഈ പദ്ധതിയുമായി സഹകരിക്കുന്ന ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹരാണെന്ന് കണ്ടെത്തി. ബാങ്കുകളുമായുള്ള ധാരണാപത്രം 31-03-2015-ൽ അവസാനിക്കുകയും 2015 നവംബർ 23-ന് അത് പുതുക്കി ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. വായ്പാ ശിപാർശകൾക്ക് അർഹരാണെന്ന് കണ്ടെത്തിയ 2841 പേർ ലഭ്യമാക്കിയ വിവരങ്ങൾ വായ്പ അനുവദിക്കുന്നതിനായി ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചുകളിലേക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ 2015 ഡിസംബർ 10 മുതൽ ആരംഭിച്ചിട്ടുണ്ട്.

**നിതാഖത്ത് - തിരിച്ചുവന്നവർക്ക് നൽകുന്ന ആനുകൂല്യം**

75 (3277) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത്ത് നിയമംമൂലം വിദേശ ജോലി നഷ്ടപ്പെട്ട് തിരിച്ചു വന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(ബി) ഇവർക്കായി പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013 ഏപ്രിൽ ഒന്നുമുതൽ സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെതുടർന്ന് തിരികെ എത്തുന്നവരുടെ വിവര ശേഖരണത്തിനായി കേരളത്തിലെ എയർപോർട്ടുകളിൽ ഹെൽപ്പ് ഡെസ്കുകളും കൂടാതെ ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിരുന്നു. ഇവയിലൂടെ 22634 പേർ സൗദി അറേബ്യയിൽനിന്നും തിരികെ എത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തിരികെയെത്തി രജിസ്റ്റർ ചെയ്ത പ്രവാസി മലയാളികളോട് സ്വയം തൊഴിൽ വായ്പ പദ്ധതിയായ NDPREM പദ്ധതിയുടെ ആനുകൂല്യങ്ങൾ ആവശ്യമെങ്കിൽ അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. 5783 പേർ അധിക വിവരങ്ങൾ ലഭ്യമാക്കിയതിൽ സ്ക്രീനിംഗിലൂടെ 2841 പേർ ഈ പദ്ധതിയുമായി സഹകരിക്കുന്ന ബാങ്കുകളുടെ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യത്തിന് അർഹരാണെന്ന് കണ്ടെത്തി. ബാങ്കുകളുമായുള്ള ധാരണാപത്രം 31-03-2015-ൽ അവസാനിക്കുകയും 2015 നവംബർ 23-ന് അത് പുതുക്കി ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. വായ്പാ ശിപാർശകൾക്ക് അർഹരാണെന്ന് കണ്ടെത്തിയ 2841 പേർ ലഭ്യമാക്കിയ വിവരങ്ങൾ

വായ്പ അനുവദിക്കുന്നതിനായി ബാങ്കുകൾ നിർദ്ദേശിക്കുന്ന ബ്രാഞ്ചുകളിലേയ്ക്ക് അയയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ഗൾഫിൽനിന്നും തിരിച്ചെത്തിയവർക്ക് ബാങ്ക് വായ്പ**

76 (T*3278) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിതാഖത് ഉൾപ്പെടെയുള്ള നടപടികൾമൂലം ഗൾഫിൽ നിന്നും തിരിച്ചെത്തിയവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾക്കായി ബാങ്കുകൾ പണം നൽകാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ബാങ്കുകളെ പങ്കെടുപ്പിച്ച് താലൂക്ക് തലങ്ങളിൽ അദാലത്ത് നടത്തുന്നതിന് നടപടികൾ സ്വീകരിയ്ക്കുമോ ;

(സി) എത്ര പേർക്ക് ഇത്തരത്തിൽ ലോൺ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തിരിച്ചെത്തിയ പ്രവാസികൾക്കായുള്ള ക്ഷേമപദ്ധതിയായ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തിയാണ് പദ്ധതി നടപ്പാക്കുന്നത്.

(സി) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി പ്രകാരം 1072 പേർക്ക് ലോൺ അനുവദിച്ചിട്ടുണ്ട്.

**പ്രവാസികളെ നാട്ടിലെത്തിക്കാനുള്ള സഹായ പദ്ധതി**

77 (3279) ശ്രീ. എം. ഉമ്മർ:

ശ്രീ. പി. ബി. അബ്ദുൽ റസാക്ക്:

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ശ്രീ. സി. മോയിൻ കുട്ടി:

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക ബുദ്ധിമുട്ടുമൂലം നാട്ടിലെത്താൻ കഴിയാത്ത പ്രവാസികളെ നാട്ടിലെത്തിക്കാനുള്ള സഹായ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) വിവിധ രാജ്യങ്ങളിൽ, സാമ്പത്തിക ബുദ്ധിമുട്ടുമൂലം നാട്ടിലെത്താനാവാൻ കഴിയാത്ത പ്രവാസി മലയാളികളെ സംബന്ധിച്ച വിവരശേഖരണം പൂർത്തിയായിട്ടുണ്ടോ?

ഉത്തരം

(എ&ബി) അഞ്ചോ അതിൽ കൂടുതലോ വർഷങ്ങളായി നാട്ടിൽ വരാൻ സാധിക്കാതെ വിദേശത്ത് ജോലി ചെയ്തുവരുന്ന കേരളീയർക്ക് പ്രവാസികാര്യ വകുപ്പിൽനിന്നും സൗജന്യ യാത്രാ ടിക്കറ്റിനുള്ള സ്കീം നോർക്ക ആരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതിന് 2015 ഒക്ടോബർ 9 മുതൽ നോർക്ക റൂട്ട്സിന്റെ വെബ്സൈറ്റിൽ സൗകര്യമൊരുക്കിയിട്ടുണ്ടായിരുന്നു. ഈ സംവിധാനത്തിൽ നാളിതുവരെ ആരുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

**ചെയർമാൻ ഫണ്ട് പദ്ധതി**

78 (3280) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പ് ചെയർമാൻ ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതു നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി കുടുംബങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെയർമാൻ ഫണ്ട് പദ്ധതിയിലൂടെ ചികിത്സാ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകി വരുന്നുണ്ട്. നാളിതുവരെ ചെയർമാൻ ഫണ്ട് പദ്ധതിയിൽനിന്നും 981 പേർക്കായി 1,83,50,652 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം ഉൾക്കൊള്ളിച്ചാണ് നോർക്ക-റൂട്ട്സ് ചെയർമാൻ ഫണ്ട് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. അർഹതയുള്ള തിരികെയെത്തിയ പ്രവാസികളായിരുന്ന കേരളീയർക്ക് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് ചികിത്സ, മരണാനന്തര, വിവാഹ ധനസഹായങ്ങൾ നൽകിവരുന്നത്.

**പ്രവാസികളുടെ ക്ഷേമം**

79 (3281) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായുള്ള ഓരോ പദ്ധതികളുടെയും മാനദണ്ഡമടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രവാസികൾക്കായി ക്ഷേമനിധി ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) ഉണ്ട്. നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർ, വിദേശത്തുനിന്ന് മടങ്ങിയവർ, കേരളത്തിനുപുറത്ത് ഇന്ത്യയിൽ ജോലി ചെയ്യുന്നവർ, വിദേശത്തുനിന്ന് കേരളത്തിലേയ്ക്ക് മടങ്ങിയെത്തി കേരളത്തിനുപുറത്ത് ഇന്ത്യയിൽ ജോലി ചെയ്യുന്നവർ എന്നീ വിഭാഗത്തിലുള്ളവരാണ് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗങ്ങളായുള്ളത്. ഇവർ അംശദായമായി പ്രതിമാസം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അടയ്ക്കേണ്ട തുക യഥാക്രമം 300, 100, 100, 50 രൂപ വീതമാണ്. പ്രവാസി ക്ഷേമനിധിയിൽ അംഗമായി ചേരുവാനുള്ള പ്രായം, 18-നം 55-നം മദ്ധ്യേയാണ്. 55 വയസ്സ് എന്നുള്ളത് 60 ആയി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രതിമാസ പെൻഷൻ കൂടാതെ ഈ പദ്ധതിയിൻകീഴിൽ കുടുംബ പെൻഷൻ, അവശത പെൻഷൻ, മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, വിദ്യാഭ്യാസ ഗ്രാന്റ് എന്നീ ആനുകൂല്യങ്ങളും നൽകിവരുന്നു.

### ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്

80 (3282) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുക, തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(സി) പദ്ധതി നടത്തിപ്പിനായി കാനറാ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക്,

യൂണിയൻ ബാങ്ക് എന്നിവയുമായി നോർക്ക-റൂട്ട്സ് ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ലഭിക്കുന്ന അപേക്ഷകൾ നോർക്ക-റൂട്ട്സ് പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി അതത് ജില്ലകളിൽ വച്ച് ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കൂടിക്കാഴ്ച നടത്തിയാണ് വായ്പ ലഭ്യമാക്കുന്നത്.

**മൗര്യ രാജധാനി ഹോട്ടൽ**

81 (3283) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സ്റ്റാറ്റ്യൂ-പുളിമൂട് റോഡിൽ സ്ഥിതി ചെയ്യുന്ന മൗര്യ രാജധാനി ഹോട്ടൽ ആരുടെ ഉടമസ്ഥതയിലുള്ള കെട്ടിടമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കെട്ടിടം അനുമതി ഇല്ലാതെ പുതുക്കി പണിതവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കെട്ടിടം പരിശോധിച്ചത് ഏത് ഉദ്യോഗസ്ഥനായിരുന്നു; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ ടോയ്‌ലെറ്റ് ടാങ്ക് പി.ഡബ്ല്യൂ.ഡി റോഡിൽ സ്ഥാപിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ടോയ്‌ലെറ്റ് ടാങ്ക് കോർപ്പറേഷന്റെ ഏത് ഉദ്യോഗസ്ഥനാണ് പരിശോധിച്ച് അനുമതി നൽകിയിട്ടുള്ളതെന്ന വിവരം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത കെട്ടിടം ഫയർ/റസ്ക്യൂ വകുപ്പിന്റെ അനുമതി ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനാനുമതി നിഷേധിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ പി.ഡബ്ല്യൂ.ഡി. റോഡ് കയ്യേറി നിർമ്മിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ കോർപ്പറേഷന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) സ്റ്റാച്യൂ ജനറൽ ഹോസ്പിറ്റൽ റോഡിൽ മൗര്യ രാജധാനി എന്ന ഹോട്ടൽ ശ്രീ. ബിജു രമേശിന്റെ ഉടമസ്ഥതയിലുള്ളതാണ്.

(ബി-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ഖരമാലിന്യ നിർമ്മാർജ്ജനം**

82 (3284) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ ഖരമാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വികസിത രാജ്യങ്ങളിലെ നഗരപ്രദേശങ്ങളിൽ ശാസ്ത്രീയമായി ചെയ്തു വരുന്ന ഖരമാലിന്യ സംസ്കരണ രീതി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഖരമാലിന്യ നിർമ്മാർജ്ജനം സംബന്ധിച്ച് ഏകീകൃതവും ശാസ്ത്രീയവും ആധുനികവുമായ രീതി നടപ്പിലാക്കുന്നതിന് വിപുലമായ ഒരു പദ്ധതി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മാലിന്യങ്ങൾ അവ ഉൽപ്പാദിപ്പിക്കുന്ന സ്ഥലത്ത് തന്നെ തരംതിരിച്ച് സംസ്കരിക്കുന്നതിലേക്കായി ഉറവിട മാലിന്യ സംസ്കരണ പദ്ധതി രൂപം നൽകി നടപ്പിലാക്കി വരുന്നു. കൂടാതെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളിലെ എല്ലാ സാങ്കേതിക രീതികളും അതേപടി കേരളത്തിൽ നടപ്പിലാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.

(സി) കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രത, മാലിന്യത്തിന്റെ തരം, പൊതുസ്ഥലത്തിന്റെ ദൗർലഭ്യം തുടങ്ങിയ കാരണങ്ങളാൽ കേന്ദ്രീകൃത ഖരമാലിന്യ സംവിധാനം മറ്റു സംസ്ഥാനങ്ങളിലെന്നപോലെ ഫലപ്രദമായി നടപ്പിലാക്കാൻ സാധിക്കുകയില്ല. ആയതിനാൽ ഗാർഹികതലങ്ങളിൽ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് തുടങ്ങിയ സംവിധാനങ്ങളും പൊതുജനങ്ങളുടെ എതിർപ്പുകൾ ഇല്ലാത്ത നഗരസഭകളിൽ പൊതു പ്ലാന്റുകളിലും ജൈവ മാലിന്യം സംസ്കരിച്ചുവരുന്നു. പല നഗരസഭകളും അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറി വരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ വിപുല മാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. കൂടാതെ കൊച്ചിയിൽ ബ്രഹ്മപുരത്ത് ആധുനിക രീതിയിലുള്ള ഒരു ഖര മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

**എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസിന് സ്ഥലം**

83 (3285) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്തതും പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിടത്തിൽ പ്രവൃത്തിക്കുന്നതുമായ എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ ഓഫീസിന് നിർമ്മാണം പൂർത്തീകരിക്കുന്ന അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്ന അങ്കമാലി മിനി സിവിൽ സ്റ്റേഷനിൽ എൽ.എസ്.ജി.ഡി. അങ്കമാലി സബ് ഡിവിഷൻ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് അങ്കമാലി എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു. മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഓഫീസുകളിൽ എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസും ഉൾപ്പെടുന്നതായി റവന്യൂ വകുപ്പ് അറിയിച്ചിട്ടുമുണ്ട്.

**കേരള ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ**

84 (3286) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന് (കെ..എസ്.എം.ഡി .എഫ് .സി .) ഇപ്പോൾ എവിടെയെല്ലാം ഓഫീസുകളുണ്ട്;

(ബി) പുതുതായി റീജിയണൽ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(സി) മലപ്പുറം കേന്ദ്രമാക്കി ഒരു റീജിയണൽ ഓഫീസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഓഫീസുകൾ താഴെപ്പറയുന്ന മൂന്ന് സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

1. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കോഴിക്കോട് ഹെഡ്ഡോഫീസ്, കെ.യു.ആർ.ഡി.എഫ്.സി.ബിൽഡിംഗ്, ചക്കോരത്ത് കുളം, വെസ്റ്റ്ഹിൽ പി.ഒ.,കോഴിക്കോട്-673005.
2. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, എറണാകുളം റീജിയണൽ ഓഫീസ്, മൈനോറിറ്റി കോച്ചിംഗ് സെന്റർ ബിൽഡിംഗ്, ടെമ്പിൾ റോഡ്, ആലുവ-683101.
3. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, തിരുവനന്തപുരം റീജിയണൽ ഓഫീസ്, സമസ്ത ജൂബിലി സൗധം,3-ാം നില, റൂം നമ്പർ 302, എസ്.എസ്. കോവിൽ റോഡ്, മേലേ തമ്പാനൂർ-695001.

(ബി&സി) പുതുതായി റീജിയണൽ ഓഫീസുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ഡോഗ് ഷെൽട്ടർ മാറ്റി സ്ഥാപിക്കൽ**

85 (3287) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാ മേഖലയിലെ തെരുവുനായ്ക്കളെ പിടികൂടി സംരക്ഷിക്കുന്നതിനുള്ള ഡോഗ് ഷെൽട്ടർ നേമം നിയോജക മണ്ഡലത്തിലെ തിരുവല്ലം വാർഡിൽ സ്ഥിതി ചെയ്യുന്ന വെറ്ററിനറി ആശുപത്രിയോടനുബന്ധിച്ച് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രസ്തുത മേഖലയിൽ നിന്നും ആയത് മറ്റെവിടേയ്ക്കെങ്കിലും മാറ്റി സ്ഥാപിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. തിരുവനന്തപുരം ജില്ലാ കളക്ടർ, നഗരസഭാ സെക്രട്ടറി, നഗരസഭാ എഞ്ചിനീയർ എന്നിവരടങ്ങുന്ന മൂന്നംഗ ഭരണ നിർവ്വഹണ കമ്മിറ്റി 3-11-2015-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സംരംഭം തുടങ്ങുന്ന മുറയ്ക്ക് ആയതിന്മേൽ ലഭിക്കുന്ന പരാതികളും നിവേദനങ്ങളും പരിഗണിച്ചും പരിശോധിച്ചും മാത്രമേ നടപടികൾ കൈക്കൊള്ളുകയുള്ളൂ.

## സങ്കേതം സോഫ്റ്റ്‌വെയർ

86 (3289) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിനുള്ള സങ്കേതം സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതുകൊണ്ടുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനം വ്യാപകമാക്കാനും, അതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവത്ക്കരണം നടത്താനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കൊച്ചി കോർപ്പറേഷൻ ഒഴികെയുള്ള എല്ലാ നഗരസഭകളിലും സങ്കേതം സോഫ്റ്റ്‌വെയർ നടപ്പാക്കിയിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണ അപേക്ഷ അപേക്ഷകർക്ക് എവിടെ നിന്ന് വേണമെങ്കിലും ഇ-ഫയലിംഗിലൂടെ സമർപ്പിക്കുന്നതിന് സാധിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഓൺലൈനായി അപേക്ഷകൾ പരിശോധിച്ച് ഓൺലൈനായി തന്നെ കെട്ടിടനിർമ്മാണ പെർമിറ്റ് നൽകാവുന്നതാണ്. കൂടാതെ, കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇതുമൂലം ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭ്യമാകും. 2 ഡി ബാർകോഡ് ഉൾപ്പെടുത്തി ആധികാരത ഉറപ്പുവരുത്തിയിട്ടുള്ള കെട്ടിടനിർമ്മാണ പെർമിറ്റും ഒക്കുപ്പൻസി സർട്ടിഫിക്കറ്റും ലഭ്യമാണ്. ഫയൽ സ്റ്റാറ്റസ്, സൈറ്റ് വെരിഫിക്കേഷൻ തീയതി, പെർമിറ്റ് ഫീസ് തുടങ്ങിയവ അപേക്ഷകരെ അറിയിക്കുന്നതിനുള്ള എസ്.എം.എസ്. സംവിധാനവും ലഭ്യമാണ്. ഇതുവഴി കെട്ടിടനിർമ്മാണ അനുമതി സംബന്ധിച്ച നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും സത്വരമായി പെർമിറ്റ് അനുവദിക്കുന്നതിനും നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമുള്ള സമ്പ്രദായം നിലവിൽ വരുത്തുവാൻ കഴിഞ്ഞു.

(സി) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും കെട്ടിടനിർമ്മാണ അനുമതിക്കായുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനത്തിന് 1-11-2014-ൽ തുടക്കം കുറിച്ചിട്ടുണ്ട്. 3-12-2014 മുതൽ സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും കെട്ടിട നിർമ്മാണ അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി മാത്രമേ സ്വീകരിക്കാവൂ എന്നും ഹാർഡ് കോപ്പി സ്വീകരിക്കേണ്ടതില്ലെന്നും ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ട്.

**അംഗീകാരം നൽകാൻ കഴിയാത്ത ഫ്ലാറ്റുകൾ**

87 (3290) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരം നൽകാൻ കഴിയാത്ത അനധികൃതമായി നിർമ്മിക്കപ്പെട്ട എത്ര ഫ്ലാറ്റുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ഫ്ലാറ്റുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നഗരസഭകളെ സംബന്ധിച്ച് ലഭ്യമായ കണക്കുകൾ പ്രകാരം തൃശ്ശൂർ, എറണാകുളം നഗരസഭകളിലായി അനധികൃതമായി നിർമ്മിച്ച മൂന്ന് ഫ്ലാറ്റുകളുണ്ട്. (തൃശ്ശൂർ-1, എറണാകുളം-2). 39 നഗരസഭകളിൽ നിന്നുകൂടി വിവരങ്ങൾ ലഭ്യമാകാനുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി നിർമ്മിക്കപ്പെട്ട 8 ഫ്ലാറ്റുകൾ നിലവിലുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) 31-03-2013-നുമുമ്പ് നിർമ്മാണം പൂർത്തിയാക്കിയ അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് നിലവിലുള്ള ക്രമവൽക്കരണ ചട്ടങ്ങൾ പ്രകാരം 31-12-2015 വരെ സമയപരിധി നിലവിലുണ്ട്.

**സി.സി.എ.-യും വീട്ടുവാടക അലവൻസും**

88 (3291) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ കോർപ്പറേഷനായി ഉയർത്തിയ സാഹചര്യത്തിൽ കോർപ്പറേഷൻ പരിധിയിലെ സർക്കാർ ഓഫീസുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് സിറ്റി കോമ്പൻസേറ്ററി അലവൻസും വർദ്ധിച്ച നിരക്കിലുള്ള വീട്ടു വാടക അലവൻസും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ വർദ്ധിപ്പിച്ച നിരക്കിലുള്ള സി സി എ യും വീട്ടുവാടക അലവൻസും എന്നത്തേയ്ക്ക് കൊടുക്കാൻ കഴിയും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ/പ്രൊപ്പോസലുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല. പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**നഗരവികസനം**

89 (3292) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവികസന വകുപ്പിനായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികൾക്കായി നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ അനുവദിച്ചതും ഓരോന്നിനും വെവ്വേറെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകയും എത്ര വീതമെന്ന് വിശദമാക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികൾക്ക് രാത്രികാല വാസകേന്ദ്രങ്ങൾ നഗരപ്രദേശങ്ങളിൽ നിർമ്മിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്നും എങ്കിൽ അതിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുകയും എത്രയെന്നും പറയുമോ?

<u>ഉത്തരം</u>

(എ-ബി) അനുബന്ധം ആയി* ചേർത്തിരിക്കുന്നു.

(സി) 50 ലക്ഷം രൂപ 2014-15-ലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ 50 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. നഗരകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'രാത്രികാല അഭയ കേന്ദ്രങ്ങളുടെ നിർമ്മാണം' എന്ന പദ്ധതി അനുസരിച്ച് പെരുമ്പാവൂർ നഗരസഭയ്ക്ക് 2013-14 സാമ്പത്തിക വർഷം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

19.05 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക ചെലവഴിക്കപ്പെട്ടിട്ടില്ല.

**വിൻസർ പാലസ് ഹോട്ടൽ**

90 (3293) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാറിൽ വിൻസർ പാലസ് എന്ന പേരിൽ ഒരു ഹോട്ടൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഈ ഹോട്ടലിന്റെ ഉടമയുടെ പേരും വിലാസവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഹോട്ടലിന് എത്ര നിലകളുണ്ട്; എത്ര നിലകൾ നിമ്മിക്കുവാനാണ് കോർപ്പറേഷൻ അനുമതി നൽകിയിരുന്നത്;

(സി) ടി കെട്ടിടത്തിന് ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരമാണ് അനുമതി നൽകിയത്; റിപ്പോർട്ടിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ;

(ഡി) ഫയർ അനുമതി ഇല്ലാത്ത ടി ബിൽഡിംഗിന് പെർമിഷൻ ശിപാർശ ചെയ്ത ഉദ്യോഗസ്ഥനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ കെട്ടിടത്തിന് എത്ര ചതുരശ്ര അടി വിസ്തീർണ്ണം ഉണ്ട്; റോഡിൽ നിന്ന് എത്ര അടി അകലെയാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്;

(എഫ്) കെട്ടിട നിർമ്മാണത്തിൽ നിയമലംഘനം നടത്തിയിട്ടുണ്ടോ ;

(ജി) എങ്കിൽ കെട്ടിടത്തിന്റെ പ്രവർത്തന അനുമതി റദ്ദാക്കുന്നതിനും ഉടമയ്ക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുന്നതിനും ഉത്തരവ് നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ശ്രീ. ബിജു രമേശ്, സംതൃപ്തി, കിഴക്കേകോട്ട, തിരുവനന്തപുരം-23.

(ബി&സി) ലോവർ ബേസ്മെന്റ് + അപ്പർ ബേസ്മെന്റ് + ഗ്രൗണ്ട് ഫ്ലോർ + 12 + മെഷീൻ റൂം (BII+B+G+12+Machine Room) നിലയുള്ള കെട്ടിടമാണ് നിലവിലുള്ളത്. B+G+8$^{th}$ floor + terrace floor നിർമ്മിക്കുന്നതിന് 1-7-2003-ൽ അനുമതി നൽകിയിട്ടുണ്ട്. ബിൽഡിംഗ് ഇൻസ്പെക്ടറുടെയും അസിസ്റ്റന്റ് ടൗൺ പ്ലാനിംഗ് ഓഫീസറുടെയും ശിപാർശ പ്രകാരമാണ് നഗരസഭ അനുമതി നൽകിയിട്ടുള്ളത്. റിപ്പോർട്ടിന്റെ പകർപ്പ് നഗരസഭയിൽനിന്നും ലഭ്യമായിട്ടില്ല.

(ഡി) അനുമതി നൽകിയ BII+B+G+8 നിലയ്ക്ക് മാത്രം ഫയർ എൻ.ഒ.സി. ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകിയിട്ടുള്ളത്.

(ഇ) ഈ കെട്ടിടത്തിന് 7221.68 ച.മീറ്ററാണ് വിസ്തീർണം. കവടിയാർ-പേരൂർക്കട റോഡിൽനിന്നും 5.25 മീറ്ററും പൈപ്പ് ലൈൻ റോഡിൽനിന്നും 4.5 മീറ്റർ മുതൽ 2.6 മീറ്റർ വരെയും അകലമുണ്ട്. പൈപ്പ് ലൈൻ റോഡോട് ചേർത്ത് ലോവർ ബേസ്മെന്റ് ഫ്ലോർ പണിതിരിക്കുന്നു.

(എഫ്) ഉണ്ട്.

(ജി) ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ന്യൂനപക്ഷക്ഷേമ സെല്ലിന്റെ പ്രവർത്തനം**

91 (3294) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തനം ആരംഭിച്ചത് എന്നാണെന്നും അതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ന്യൂനപക്ഷ ക്ഷേമ സെൽ പ്രവർത്തിക്കുന്നുണ്ടോ; എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(സി) കേന്ദ്ര-സംസ്ഥാന സർവ്വീസുകളിലെ ന്യൂനപക്ഷ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കീഴിൽ എത്ര പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; എത്ര പേർക്ക് പരിശീലനം നൽകി; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ജസ്റ്റിസ് രജീന്ദർ സച്ചാർ കമ്മിറ്റിയുടെ ശിപാർശകൾ കേരളത്തിൽ നടപ്പാക്കുന്നതിന്റെ ഭാഗമായി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റിൽ 2008 ഏപ്രിൽ മാസത്തിൽ പൊതുഭരണവകുപ്പിൽ ഒരു ന്യൂനപക്ഷ സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. (22-04-2008-ലെ സ.ഉ. (കൈ)നമ്പർ 137/08/പൊ.ഭ.വ.) ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സെല്ലിനെ 2011 ജനുവരി മുതൽ ന്യൂനപക്ഷക്ഷേമവകുപ്പാക്കി ഉയർത്തി. കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിലെ സമഗ്രമായ ഉന്നമനത്തിനുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളും

അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമാണ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നത്.

(ബി) എല്ലാ ജില്ലകളിലെയും ന്യൂനപക്ഷക്ഷേമ സെല്ലുകളെ ജില്ലാ ന്യൂനപക്ഷ ഓഫീസുകളായി ഉയർത്തി. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനവും മേൽനോട്ടവും ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണ പ്രവർത്തനങ്ങളും പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുകയുമാണ് വകുപ്പിന്റെ പ്രധാന ചുമതല/ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിനായി ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായുള്ള സ്കോളർഷിപ്പ്, മറ്റ് വിവിധ കോഴ്സുകൾക്കുള്ള സ്കോളർഷിപ്പുകൾ, ഫീ-റീഇംപേഴ്സ്മെന്റ് സ്കീമുകൾ, ഹോസ്റ്റൽ സ്റ്റൈപ്പന്റ് സ്കീമുകൾ, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ സ്കീം, വയനാട്, മലപ്പുറം ജില്ലകളിൽ നടപ്പാക്കിവരുന്ന ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകൾക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ മൾട്ടിസെക്ടറൽ ഡവലപ്മെന്റ് പ്ലാൻ, ഭവനനിർമ്മാണ പദ്ധതി (വിധവ/വിവാഹമോചിത/ഉപേക്ഷിക്കപ്പെട്ടവർക്ക്) എന്നിവ നടത്തിവരുന്നു. കൂടാതെ, സംസ്ഥാനത്തുടനീളം ആയിരം പ്രൊമോട്ടർമാരുടെ നിയമനവും അവർക്കുള്ള ബോധവത്കരണവും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട 12 വയസ്സ് മുതൽ 20 വയസ്സ് വരെ പ്രായമുള്ള വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിൽ വ്യക്തിത്വ വികസന ക്യാമ്പുകൾ (ഒരു ക്യാമ്പിൽ 150 വിദ്യാർത്ഥികൾക്ക് പ്രവേശനം), എല്ലാ ജില്ലകളിലെയും ബി.പി.എൽ. വിഭാഗത്തിലെ നിർദ്ധനരായ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് സൗജന്യ പഠന മേശ-കസേര വിതരണം, വനിതാസ്വയം സഹായ സംഘങ്ങൾക്കുള്ള ധനസഹായം, സൈനിക/അർദ്ധസൈനിക, പോലീസ് എന്നീ വിഭാഗങ്ങളിലെ വിവിധ തസ്തികകളിൽ ന്യൂനപക്ഷ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായുള്ള പരിശീലനം എന്നീ പദ്ധതികളും വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലകളിലെ ന്യൂനപക്ഷക്ഷേമ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കിവരുന്നു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നഗരജ്യോതി പദ്ധതി**

92 (3295) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ നഗരജ്യോതി പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നഗരജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുള്ള നഗരസഭകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നഗരസഭകളിലെ നിലവിലുള്ള തെരുവ് വിളക്കുകൾ മാറ്റി പകരം എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് നഗരജ്യോതി പദ്ധതി. നിലവിലുള്ള വിളക്കുകൾക്ക് പകരമായി വിവിധ അളവുകളിൽ പ്രകാശം നൽകുന്ന എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുക, ആവശ്യകതയ്ക്കനുസരിച്ച് വിളക്കുകളുടെ പ്രകാശം നിയന്ത്രിക്കുക, വിളക്കുകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുക എന്നിവയാണ് ഈ പദ്ധതിയിൻകീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) നഗരജ്യോതി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് M/s കിറ്റ്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്. നഗരജ്യോതി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയെ മത്സരാധിഷ്ഠിത ദർഘാസിലൂടെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കെ.എസ്.യു.ഡി.പി. -യെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പി.പി.പി. ആന്യുറ്റി മാതൃകയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധത അറിയിച്ചിരുന്ന 37 നഗരസഭകളെ 3 ക്ലസ്റ്ററുകളായി തിരിച്ച് പ്രസ്തുത നഗരസഭകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത ദർഘാസുകൾ അന്തിമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഷോപ്പിംഗ് കോംപ്ലക്സുകൾ**

93 (3296) <u>ശ്രീ. എ. റ്റി. ജോർജ്:</u>
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u>
<u>ശ്രീ. അൻവർ സാദത്ത്:</u>
<u>ശ്രീ. വി. റ്റി. ബൽറാം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കാൻ കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ്

കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് പി.പി.പി.വ്യവസ്ഥയിൽ നഗരസഭയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള വൻ പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കാനും നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭയുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം.

(സി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27-09-2014-ലെ 2540/14/തസ്വഭവ ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

**കേരളത്തിലെ ഫ്ലാറ്റ് നിർമ്മാണം**

94 (3297) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സങ്ങളായി നിൽക്കുന്ന നിബന്ധനകൾ എന്തൊക്കെയാണ് ; വിശദാംശം നൽകുമോ ;

(ബി) അതിൽ ഏതെല്ലാമാണ് ഭേദഗതിക്കായി നിർദ്ദേശിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

ഉത്തരം

(എ) ആവശ്യമായ സൗകര്യങ്ങളും സുരക്ഷകളും കെട്ടിടങ്ങൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തിലാണ് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനത്തെ ഫ്ലാറ്റ് നിർമ്മാണത്തിന് തടസ്സമായി നിൽക്കാൻ ഉദ്ദേശിച്ച് യാതൊരു നിബന്ധനകളും ടി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) ബാധകമല്ല.

**അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

95 (3298) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പുപദ്ധതി പ്രകാരം ആലപ്പുഴ നഗരസഭയിൽ എത്ര കുടുംബങ്ങൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പ്രസ്തുത പദ്ധതി മുഖേന നൽകിയ തൊഴിലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ നഗരസഭയിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ 11,390 കുടുംബങ്ങൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതി മുഖേന 2011-12, 2012-13, 2014-15 വർഷങ്ങളിൽ തൊഴിൽ നൽകിയിട്ടില്ല. 2013-14 വർഷം 7,640 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും 804 കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും ചെയ്തു.

(സി) വാർഡുസഭകൾ കൂടി പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ശിപാർശ ചെയ്യുകയും നഗരസഭാ കൗൺസിൽ പാസാക്കി ഡി.പി.സി. അംഗീകാരം വാങ്ങിയ പ്രോജക്ടുകൾക്ക് യഥാസമയം ഫണ്ട് അനുവദിക്കുന്നതിനും പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുംവേണ്ടി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലന പരിപാടികൾ നടത്തിവരുന്നു. പ്രതിമാസ പുരോഗതി റിപ്പോർട്ടിന്മേലുള്ള വിശകലനം സംസ്ഥാന തലത്തിൽ നടത്തിവരുന്നു.

**നഗരാസൂത്രണ പദ്ധതികളുടെ കാലാനുസൃതമായ പരിഷ്കരണം**

96 (3299) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരാസൂത്രണ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കാത്തതുമൂലം സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യകതയ്ക്കനുസരിച്ച് മാസ്റ്റർ പ്ലാനുകളും, ഡീറ്റെയിൽഡ് ടൗൺ പ്ലാനുകളും പരിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നഗരാസൂത്രണ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 14 മാസ്റ്റർ പ്ലാനുകളുടെയും വിവിധ ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളുടെയും മേഖലാ നിയന്ത്രണച്ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുകയും മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധ അംഗീകൃത മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നഗരാസൂത്രണ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 14 മാസ്റ്റർ പ്ലാനുകളുടെയും വിവിധ ഡീറ്റയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകളുടെയും മേഖലാ നിയന്ത്രണച്ചട്ടങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുകയുണ്ടായി. മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധ അംഗീകൃത മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അംഗീകരിച്ചതും പ്രസിദ്ധീകരിച്ചതുമായ മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണപദ്ധതികളും പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കേരള നഗരാസൂത്രണ നിയമങ്ങളിൽ സർക്കാർ അംഗീകരിച്ച് മാസ്റ്റർപ്ലാൻ, ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമുകൾ എന്നിവയുടെ വേരിയേഷൻ സമയബന്ധിതമായി നടത്തുന്നതിന് വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്.

2. മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി വിവിധ അംഗീകൃത മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഈ പദ്ധതിയിൽപ്പെടുത്തി 5 അംഗീകൃത മാസ്റ്റർ പ്ലാനുകളും 12 പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകളും ഇതിനകം പുതുക്കി തയ്യാറാക്കിയിട്ടുണ്ട്.

3. ടൗൺ പ്ലാനിംഗ് പദ്ധതികളിലെ ന്യൂനതകൾ പഠിക്കുവാനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 22-12-2014-ലെ G.O.(Rt)No. 3428/2014/ LSGD പ്രകാരം രൂപീകരിച്ച കമ്മിറ്റി 30-1-2015-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

   a) അംഗീകൃത മാസ്റ്റർ പ്ലാനുകളുടെയും ഡീറ്റെയിൽഡ്ടൗൺ പ്ലാനുകളുടെയും മേഖലാ നിയന്ത്രണങ്ങൾ പരിഷ്കരിച്ച് 29-09-2015-ൽ G.O.(Ms)No. 305/2015/LSGD, G.O.(Ms) No.306/2015/LSGD എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

   b) പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളിലും കാലാനുസൃതമായ പരിഷ്കരണങ്ങൾ ഉൾപ്പെടുത്തുന്നതിനുവേണ്ടി 25-02-2015-ലെ G.O. (Rt) No.560/2014/LSGD, 03-09-2015-ലെ G.O.(Rt)No.2679/ 2014/LSGD എന്നീ ഉത്തരവുകൾ പ്രകാരം സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനുകൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയുടെ അദ്ധ്യക്ഷൻ തദ്ദേശസ്വയംഭരണ വകുപ്പ് (നഗരകാര്യ) സെക്രട്ടറിയാണ്. വിശദ നഗരാസൂത്രണപദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റിയുടെ അദ്ധ്യക്ഷൻ മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്) ആണ്.

**നഗരസഭകളിലെ മാസ്റ്റർപ്ലാനുകൾ**

97 (3300) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർ പ്രോജക്റ്റ് സെൽ മുഖേന നടന്നുവരുന്ന പ്രവർത്തനങ്ങൾ

വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ ഏതെല്ലാം നഗരസഭകളിലെ മാസ്റ്റർപ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളത് വിശദമാക്കാമോ;

(സി) കൊയിലാണ്ടി നഗരസഭയിൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് പ്രാവർത്തികമാക്കുക; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നഗര-ഗ്രാമാസൂത്രണ നിയമ പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതത് നഗരസഭകളാണ്. ആയതിന്റെ സാങ്കേതിക ജോലികൾ നഗര-ഗ്രാമാസൂത്രണ വകുപ്പ് (ജില്ലാ കാര്യാലയവും മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്)-ന്റെ കാര്യാലയവും) നിർവ്വഹിച്ച് വരുന്നു. ഈ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ Stake Holder റുമായിട്ടുള്ള ചർച്ചകൾ, സെമിനാറുകൾ, വികസന സെമിനാറുകൾ എന്നിവ പല ഘട്ടങ്ങളിൽ നടത്തുന്നു. വിവിധ സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ, നഗരസഭാ ഉദ്യോഗസ്ഥർ, പ്രതിനിധികൾ എന്നിവരും ഇതുമായി സഹകരിക്കുന്നു. ഇപ്രകാരമുള്ള വിവിധ ചർച്ചകളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്ലാനുകൾ നഗരസഭ പ്രസിദ്ധീകരിക്കുകയും അതിന്മേൽ ലഭിക്കുന്ന ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ ഭേദഗതികളോടെ സർക്കാർ അംഗീകൃതമാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിക്കുന്നു. പങ്കാളിത്ത സമീപനത്തോടെ പ്ലാൻ തയ്യാറാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

പ്ലാനുകൾ തയ്യാറാക്കുന്നതിനും നിയമനടപടികൾ സ്വീകരിച്ച് അംഗീകൃതമാക്കുന്നതിനും സാങ്കേതിക സഹായവും മാർഗ്ഗനിർദ്ദേശവും നൽകുന്നതിന് മുഖ്യനഗരാസൂത്രകൻ (Planning)-ന്റെ മേൽനോട്ടത്തിൽ ഒരു പ്രോജക്ട് സെൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെൽ മുഖേന ആസൂത്രണ രംഗത്തുള്ളവരുടെ സേവനങ്ങളും പുതിയ വികസന സാങ്കേതിക മാർഗ്ഗങ്ങളും ഉപയുക്തമാക്കുകയും ജില്ലാ ഓഫീസുകളിലെ വികസന പദ്ധതികൾ സംബന്ധിച്ച പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുകയും ചെയ്യുന്നു. പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പ്രവർത്തന പുരോഗതി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)

തലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുന്നു.

പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനുകൾ സുഗമമായ രൂപീകരണത്തിനായി പ്രോജക്ട് സെല്ലിന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Handouts, Toolkits, Guidelines എന്നിവ പുറപ്പെടുവിച്ചുവരുന്നു. (7 ടൂൾ കിറ്റുകൾ, 6 ഗൈഡ് ലൈനുകൾ, മാപ്പിന്റെ മാതൃകകൾ എന്നിവ)

(ബി) സംസ്ഥാനത്ത് 20 പട്ടണങ്ങൾക്ക് അംഗീകൃത മാസ്റ്റർ പ്ലാനുകളുണ്ട്. ടി പ്ലാനുകൾ താഴെപ്പറയുന്നവയാണ്:

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. കൊല്ലം
4. പരവൂർ
5. കോട്ടയം
6. ചങ്ങനാശ്ശേരി
7. വൈക്കം
8. കൊച്ചി
9. തൃശ്ശൂർ
10. ഗുരുവായൂർ
11. പാലക്കാട്
12. മലപ്പുറം
13. കോഴിക്കോട്
14. വടകര
15. തലശ്ശേരി
16. ഇടുക്കി ടൗൺ ഷിപ്പ്
17. കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് പ്ലാൻ

18. മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് പ്ലാൻ

19. കോട്ടയം മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്മെന്റ് പ്ലാൻ

20. ഡെവലപ്മെന്റ് പ്ലാൻ ഫോർ വെല്ലൂർ മുളകുളം ഏരിയ

(സി) കൊയിലാണ്ടി നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ നടപടി പുരോഗമിച്ചുവരുന്നു.

**നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷൻ**

98 (3301) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷൻ ആരംഭിക്കാൻ കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നഗരപ്രദേശങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ ആരംഭിക്കുന്നതിന് തൻവർഷം മുതൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്ക് നഗരസഭകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് അനുമതിയും അർഹമായ സാമ്പത്തിക സഹായവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശുചിത്വ മിഷൻ മുഖേന അനുവദിച്ച് നൽകുവാൻ കഴിയും. കൂടാതെ, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയിൽ പബ്ലിക് ടോയ്ലെറ്റുകൾ ഒരു ഘടകമാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തൻവർഷം സംസ്ഥാന പ്ലാനിൽ തുക വകയിരുത്തിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (അർബൻ) പദ്ധതിയുടെ സംസ്ഥാന പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

**നഗരങ്ങളിൽ എല്ലാവർക്കും വീട്**

99 (3302) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) നഗരങ്ങളിൽ എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളെയാണ് പ്രസ്തുത പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നഗരസഭകളെ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. എല്ലാവർക്കും ഭവനം 2022 (പ്രധാനമന്ത്രി ആവാസ് യോജന) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പ്രാഥമിക ഘട്ടത്തിൽ 14 നഗരസഭകളെ തെരഞ്ഞെടുത്തിട്ടുണ്ട്. 2017-ഓടുകൂടി എല്ലാ നഗരസഭകളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൊടുപുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കൽപ്പറ്റ, കാസർഗോഡ് എന്നീ നഗരസഭകളെയാണ് പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ നിലവിൽ തെരഞ്ഞെടുത്തിരിക്കുന്നത്.

(സി) സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങളെയോ ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരങ്ങളെയോ ആണ് ആദ്യഘട്ടത്തിൽ പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിലെ ഏക നഗരസഭയായ തൊടുപുഴ നഗരസഭയെയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**നഗരങ്ങളിൽ എല്ലാവർക്കും വീട്**

100 (3303) <u>ശ്രീ. സി. പി. മുഹമ്മദ്:</u>
<u>ശ്രീ. വി. റ്റി. ബൽറാം:</u>
<u>ശ്രീ. എം. പി. വിൻസെന്റ്:</u>
<u>ശ്രീ. വി. ഡി. സതീശൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

(1) സ്വന്തമായി സ്ഥലമുള്ള എന്നാൽ ഭവനരഹിതമായിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (3 ലക്ഷത്തിൽ താഴെവാർഷികവരുമാനമുള്ളവർ)/താഴ്ന്ന വരുമാനമുള്ള (3-6 ലക്ഷം രൂപവരെ വാർഷികവരുമാനമുള്ളവർ) കുടുംബങ്ങൾക്ക് ഭവനം നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഇ.ഡബ്ല്യു.എസ്.) കുടുംബങ്ങൾക്ക് 30 സ്ക്വ.മീറ്റർ ഭവനം നിർമ്മിക്കുന്നതിനും താഴ്ന്ന വരുമാനമുള്ള കുടുംബങ്ങൾക്ക്(എൽ.ഐ.ജി.) 60 സ്ക്വ.മീറ്റർ ഭവനം നിർമ്മിക്കുന്നതിനുമായി 6.5 ശതമാനം പലിശസബ്സിഡിയിൽ 6 ലക്ഷം രൂപ വരെ 15 വർഷം തിരിച്ചടവ് കാലാവധിയോടുകൂടി ബാങ്കുകൾ വഴി ലോൺ ലഭ്യമാക്കുന്നു.

(2) 300 പേർ/60-70 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നചേരികളിൽ സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ നിബന്ധനകൾക്ക് അനുസൃതമായി ഭവന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

(3) സ്വകാര്യ ഭവനനിർമ്മാണ പദ്ധതികളിൽ 35 ശതമാനം ഭവനങ്ങൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഇ.ഡബ്ല്യു.എസ്.) കുടുംബങ്ങൾക്ക് സർക്കാർ നിബന്ധനകൾക്കനുസൃതമായി താങ്ങാവുന്ന വിലയിൽ ലഭ്യമാക്കുക.

(സി) പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 8-12-2015-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. പദ്ധതി നടപ്പിലാക്കുന്നതിനായി അർബൻ ഹൗസിംഗ് മിഷൻ എന്ന ഏജൻസിയെ സംസ്ഥാനതല നോഡൽ ഏജൻസിയായി നിയമിച്ചു. നോഡൽ ഏജൻസി സംസ്ഥാനതലത്തിൽ നഗരസഭാ പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തി നൽകി. പദ്ധതി നടപ്പിലാക്കുന്നതിനായി വ്യക്തമായ സമയക്രമവും നിർദ്ദേശവും നൽകിയിട്ടുണ്ട്. പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട നഗരസഭകളിലെ സെക്രട്ടറി/ചെയർമാൻ തുടങ്ങിയവർക്കായി ശിൽപ്പശാലകൾ സംഘടിപ്പിച്ചു. നഗരസഭാതലത്തിൽ പദ്ധതി വിഷയം അജണ്ടയാക്കിയ സ്പെഷ്യൽ കൗൺസിലുകൾ സംഘടിപ്പിച്ചു. സർവ്വേയർമാരെ തെരഞ്ഞെടുക്കൽ, പരിശീലനം, സർവ്വേ തുടങ്ങിയ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാർ

101 (3304) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺസർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നതു സംബന്ധിച്ച് ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള EU3/40035/14/ LSGD ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഈ ഫയലിന്റെ കമ്പ്യൂട്ടർ നമ്പർ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നതു സംബന്ധിച്ച നയം വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിച്ചുവരുന്നു. പ്രസ്തുത ഫയലിന് കമ്പ്യൂട്ടർ നമ്പർ ഈ വകുപ്പിലില്ല.

## നഗരപ്രദേശങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ

102 (3305) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നിരുത്സാഹപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾമൂലം അനധികൃത നിർമ്മാണം തടയുന്ന കാര്യത്തിൽ എന്തൊക്കെ നേട്ടമുണ്ടാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) അനധികൃത നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഇതു പ്രകാരം 2014-ൽ എത്ര അപേക്ഷ ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157 പ്രകാരം നിയമവിരുദ്ധമായുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനർ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ചട്ടപ്രകാരം എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും പ്രവർത്തിച്ചുവരുന്നതുമാണ്. കെ.എം.ബി.ആർ.-ലെ ചട്ടം 158 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ അല്ലെങ്കിൽ രൂപഭേദം വരുത്തലോമൂലം മനുഷ്യന് ഭീഷണി ഉണ്ടാകുവാൻ സാദ്ധ്യതയുള്ളതാണെന്ന് നഗരസഭാ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെട്ടാൽ ആയത് തടയുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. കോടതിയിൽനിന്ന് കുറ്റം ചുമത്തപ്പെട്ടാൽ, അനധികൃതമായി നിർമ്മാണം നടത്തിയിട്ടുള്ള നിർമ്മാണ ഉടമയിൽനിന്ന് പിഴ ഈടാക്കുവാനും കെ.എം.ബി.ആർ. ചട്ടം 159-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. സർക്കാരിന്റെ 27-07-2013-ലെ സ.ഉ. (എം എസ്) നമ്പർ 268/2013/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിംഗ് 1-10-2013 മുതൽ പ്രവർത്തിച്ചുവരുന്നു. വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതി പരിശോധനയുടെയും നേരിട്ട് നടത്തുന്ന മിന്നൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളും ചട്ടലംഘനങ്ങളും സംബന്ധിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നു. 2013 ഒക്ടോബറിൽ വിജിലൻസ് വിംഗിന്റെ പ്രവർത്തനം ആരംഭിച്ചതിനുശേഷം സമർപ്പിച്ച ഏകദേശം 1860 ഓളം റിപ്പോർട്ടുകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

അനധികൃത നിർമ്മാണങ്ങൾക്കെതിരെ സ്വീകരിക്കുന്ന മേൽപ്പറഞ്ഞ നടപടികൾമൂലം നഗരപ്രദേശങ്ങളിൽ ഒരു പരിധിവരെ അനധികൃത നിർമ്മാണങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിനും നിയന്ത്രിക്കുന്നതിനും പൊതുജനങ്ങളിൽ അവബോധവും അനധികൃത നിർമ്മാണങ്ങൾ നടത്തുന്നതിൽ നിന്ന് പിൻതിരിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

(സി) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ ചട്ടം 3-ൽ പ്രതിപാദിക്കുന്ന പ്രകാരം അപേക്ഷ

സമർപ്പിക്കേണ്ടതുണ്ട്. ആയത് പരിഗണിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചട്ടം 5-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ 383 എ വകുപ്പ്, അംഗീകൃത ടൗൺ പ്ലാനിംഗ് സ്കീമുകൾ, എൻഷ്യന്റ് മോണുമെന്റ് ആന്റ് ആർക്കിയോളജിക്കൽ സൈറ്റ്സ് ആന്റ് റിമെയിൻസ് ആക്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട്, തീരദേശ മേഖലാ നിയന്ത്രണങ്ങൾ, മറ്റ് നിയമങ്ങൾ, അവയ്ക്കുകീഴിലുള്ള ചട്ടങ്ങൾ, ബൈലോകൾ, നോട്ടിഫിക്കേഷനുകൾ എന്നിവയ്ക്കൊപ്പം ടി കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണത്തിന്റെ ക്രമവൽക്കരണം) ചട്ടങ്ങളിലെ അപ്പൻഡിക്സ് II-ൽ പ്രതിപാദിക്കുന്ന സുരക്ഷാ (സേഫ്റ്റി ആന്റ് സെക്യൂരിറ്റി) വ്യവസ്ഥകളും (കെ.എം.ബി.ആർ. സംബന്ധിച്ച) പാലിച്ചിരിക്കേണ്ടതായിട്ടുണ്ട്. ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടങ്ങൾക്ക് ടി ചട്ടങ്ങളിലെ അപ്പൻഡിക്സ് I പ്രകാരമുള്ള കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കേണ്ടതും ചട്ടങ്ങൾ പ്രകാരമുള്ള വിവിധ വകുപ്പുകളിൽ/ഏജൻസികളിൽ നിന്നുള്ള ക്ലിയറൻസുകൾ വാങ്ങേണ്ടതുമാണ്.

(ഡി) ലഭ്യമായ കണക്കുകൾ പ്രകാരം വിവിധ നഗരസഭകളിലായി 795 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 317 എണ്ണം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർതലത്തിൽ ലഭിച്ച 3 അപേക്ഷകളിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## പെരിന്തൽമണ്ണയിൽ പുതിയ ബസ് സ്റ്റാന്റ്

103 (3306) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണയിൽ നിലവിൽ എത്ര ബസ് സ്റ്റാന്റുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് പുതിയ ബസ് സ്റ്റാന്റ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പദ്ധതി വിഹിതം ഏത് ഫണ്ടിൽ നിന്നാണെന്നും അതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 3 എണ്ണം

(ബി-ഡി) വിവരം ശേഖരിച്ച നൽകുന്നതാണ്.

**ബഹുനില കെട്ടിടങ്ങളുടെ സുരക്ഷാസംവിധാനം**

104 (3307) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനിലകെട്ടിടങ്ങൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള അഗ്നിശമന സംവിധാനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സാഹചര്യങ്ങളിലാണ് പ്രസ്തുത കേന്ദ്ര ചട്ടങ്ങൾ ബാധകമാക്കേണ്ടതില്ലെന്ന് തീരുമാനമെടുക്കുന്നതെന്നും ഏതെല്ലാം സാഹചര്യങ്ങളിൽ ഇപ്രകാരം കേന്ദ്ര ചട്ടങ്ങൾ ഒഴിവാക്കി തീരുമാനമെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) ദേശീയ ബിൽഡിംഗ് കോഡ് പ്രകാരമുള്ള കേന്ദ്ര ചട്ടങ്ങൾ ബഹുനില കെട്ടിടങ്ങളുടെ സുരക്ഷാസംവിധാനത്തിന് നിർബന്ധമില്ലെന്നും സംസ്ഥാനത്ത് മുനിസിപ്പൽ ചട്ടം മാത്രം ബാധകമാക്കിയാൽ മതിയെന്നുമുള്ള നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അനുമതി ലഭിക്കുവാനുള്ള 77 വൻകിട കെട്ടിടങ്ങൾ സംബന്ധിച്ച മാത്രമാണോ പ്രസ്തുത തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ വൻകിട ബഹുനില കെട്ടിടങ്ങളുടെയും സുരക്ഷാ സംവിധാനങ്ങളിൽ കേന്ദ്ര ചട്ടത്തിന് പകരം മുനിസിപ്പൽ ചട്ടമാണ് ബാധകമെന്ന നയമാണോ തുടരുകയെന്ന വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുനില കെട്ടിടങ്ങളിലെ അഗ്നിശമന സംവിധാനങ്ങളെ സംബന്ധിച്ച് നാഷണൽ ബിൽഡിംഗ് കോഡിലെ Part 4 Fire & Life Safety-യിൽ പ്രതിപാദിക്കുന്നുണ്ട്.

(ബി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കേന്ദ്ര ചട്ടങ്ങൾ നിലവിലില്ല.

(സി) ഉദ്ദേശ്യമില്ല.

(ഡി&ഇ) ബാധകമല്ല.

**മുനിസിപ്പാലിറ്റികളിൽ പൊതുശ്മശാനങ്ങൾ**

105 (3308) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഏതെല്ലാം മുനിസിപ്പാലിറ്റികളിൽ പൊതുശ്മശാനങ്ങൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

47 മുനിസിപ്പാലിറ്റികളിലും 5 കോർപ്പറേഷനുകളിലുമായി 52 പൊതുശ്മശാനങ്ങൾ നിലവിലുണ്ട്. പൊതുശ്മശാനം നിലവിലുള്ള നഗരസഭകളുടെ പേര് വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1 | തിരുവനന്തപുരം | 27 | ഗുരുവായൂർ |
| 2 | നെടുമങ്ങാട് | 28 | പാലക്കാട് |
| 3 | ആറ്റിങ്ങൽ | 29 | ചിറ്റൂർ-തത്തമംഗലം |
| 4 | കൊല്ലം | 30 | ഷൊർണ്ണൂർ |
| 5 | പുനലൂർ | 31 | ഒറ്റപ്പാലം |
| 6 | പത്തനംതിട്ട | 32 | മലപ്പുറം |
| 7 | തിരുവല്ല | 33 | തിരൂർ |
| 8 | ആലപ്പുഴ | 34 | മഞ്ചേരി |
| 9 | കായംകുളം | 35 | പൊന്നാനി |
| 10 | ചേർത്തല | 36 | പെരിന്തൽമണ്ണ |
| 11 | മാവേലിക്കര | 37 | കോഴിക്കോട് |
| 12 | കോട്ടയം | 38 | വടകര |
| 13 | ചങ്ങനാശ്ശേരി | 39 | കൽപ്പറ്റ |
| 14 | പാല | 40 | കണ്ണൂർ |
| 15 | തൊടുപുഴ | 41 | തലശ്ശേരി |

| | | | |
|---|---|---|---|
| 16 | കൊച്ചി | 42 | പയ്യന്നൂർ |
| 17 | ആലുവ | 43 | കൂത്തുപറമ്പ് |
| 18 | പെരുമ്പാവൂർ | 44 | കാസർഗോഡ് |
| 19 | നോർത്ത് പറവൂർ | 45 | കാഞ്ഞങ്ങാട് |
| 20 | മൂവാറ്റുപുഴ | 46 | കരുനാഗപ്പള്ളി |
| 21 | തൃപ്പൂണിത്തുറ | 47 | മരട് |
| 22 | കളമശ്ശേരി | 48 | നിലമ്പൂർ |
| 23 | തൃശ്ശൂർ | 49 | നീലേശ്വരം |
| 24 | കുന്നംകുളം | 50 | ഏലൂർ |
| 25 | ചാലക്കുടി | 51 | തൃക്കാക്കര |
| 26 | കൊടുങ്ങല്ലൂർ | 52 | ചാവക്കാട് |

**അർബൻ 2020 പദ്ധതി**

106 (3309) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മുനിസിപ്പാലിറ്റികളിലാണ് അർബൻ 2020 പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ മുനിസിപ്പാലിറ്റിയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി ഏതൊക്കെയെന്നും അടങ്കൽ തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അർബൻ 2020 പദ്ധതിയിൻകീഴിൽ വിവിധ നഗരസഭകൾ സമർപ്പിച്ച 50 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ ഇതിനകം അംഗീകരിച്ചു വെങ്കിലും അവയുടെ ഡി.പി.ആർ.-കൾ തയ്യാറാക്കുന്നതിന് മുന്നോടിയായുള്ള ത്രികക്ഷി കരാറിൽ നിലവിൽ ഒപ്പുവച്ചിട്ടുള്ളത് ചിറ്റൂർ-തത്തമംഗലം, കൽപ്പറ്റ, പെരിന്തൽമണ്ണ, ചാലക്കുടി, ഷൊർണ്ണൂർ, ഇരിഞ്ഞാലക്കുട, അങ്കമാലി, തൃശ്ശൂർ, മരട്, ചേർത്തല, കൊല്ലം, മഞ്ചേരി, ചങ്ങനാശ്ശേരി, പാല, പൊന്നാനി, ചെങ്ങന്നൂർ, ഗുരുവായൂർ എന്നീ 17 നഗരസഭകളാണ്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) അർബൻ 2020 പദ്ധതിയിൻകീഴിൽ 48 നഗരസഭകൾ സമർപ്പിച്ച 128 പ്രോജക്ട് ആശയങ്ങൾക്ക് സംസ്ഥാനതല ഡി.പി.ആർ. കമ്മിറ്റി അംഗീകാരം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൺസൾട്ടൻസി ഏജൻസികൾ മുഖേന വിവിധ നഗരസഭകൾ തയ്യാറാക്കി സമർപ്പിച്ച 50 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾക്ക് ബന്ധപ്പെട്ട ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകാരം നൽകുകയുണ്ടായി. ഇതിൽ 17 നഗരസഭകളുമായി ബന്ധപ്പെട്ട 18 പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള കരാറിൽ ബന്ധപ്പെട്ട നഗരസഭകളും കൺസൾട്ടിംഗ് ഏജൻസികളും ഒപ്പുവച്ചിട്ടുണ്ട്. അതുപ്രകാരമുള്ള ഡി.പി.ആർ. തയ്യാറാക്കൽ പ്രവർത്തനങ്ങളും 32 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട കരാറുകൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും 44 പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകളുടെ അംഗീകാരത്തിന് മുന്നോടിയായുള്ള പരിശോധനയും നടന്നുവരുന്നു.

**ഖരമാലിന്യ സംസ്കരണ പ്ലാന്റ്**

107 (3310) <u>ശ്രീ. ആർ . സെൽവരാജ്</u>:

<u>ശ്രീ. എം. എ. വാഹീദ്</u>:

<u>ശ്രീ. ഷാഫി പറമ്പിൽ</u>:

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. നഗര മാലിന്യങ്ങൾ സംസ്കരിക്കുന്നതിലേക്കായി ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പി.പി.പി. അടിസ്ഥാനത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എറണാകുളത്ത് ബ്രഹ്മപുരത്ത് മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിലേയ്ക്കുള്ള അന്തിമ ഘട്ടത്തിലാണ്. തെർമൽ ടെക്നോളജിയിൽ അധിഷ്ഠിതമായ സാങ്കേതിക വിദ്യ ഉൾപ്പെടുത്തി മാലിന്യം ദുർഗന്ധം വമിക്കാതെ സംസ്കരിക്കുകയും പ്രസ്തുത പ്രക്രിയയുടെ ഭാഗമായി വൈദ്യുതി ഉൽപാദിപ്പിക്കുകയും ചെയ്യാൻ ഇതുവഴി ലക്ഷ്യമിടുന്നു.

**സുസ്ഥിര നഗരവികസന പദ്ധതി**

108 (3311) ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര നഗരവികസന പദ്ധതികൾ നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്രപശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയ്ക്കാവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ്-സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യപശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ എന്നിവയാണ് സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കെ.എസ്.യു.ഡി.പി.-യിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തലത്തിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് തലത്തിലും നഗരസഭാ തലത്തിലും പ്രോജക്ട് ഡയറക്ടർ തലത്തിലും ഗവൺമെന്റ് സെക്രട്ടറി തലത്തിലും തുടർച്ചയായ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർനടപടികളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നിലവിലുള്ള എംപവേർഡ് കമ്മിറ്റി തലത്തിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കിവരുന്നു.

**ക്ലീൻ കേരളയുടെ പ്രവർത്തനങ്ങൾ**

109 (3312) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലീൻ കേരള കമ്പനി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഇതിനായി എത്ര തുകയാണ് ഇതുവരെ ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാകുന്ന ഉപയോഗശൂന്യമായ ഇലക്ട്രോണിക് മാലിന്യങ്ങൾ ശാസ്ത്രീയമായി പുനഃചംക്രമണം ചെയ്തും സംസ്ഥാനത്തെ നഗരസഭാ പ്രദേശങ്ങളിൽ കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനി ശേഖരിച്ച് സംസ്കരിക്കുകയുമുണ്ടായി. നഗര സൗന്ദര്യവത്ക്കരണ പദ്ധതിയുടെ ഭാഗമായി അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലെക്സ് ബോർഡുകൾ നീക്കം ചെയ്ത് മെറ്റാലിക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി 15-01-2015 മുതൽ ആരംഭിക്കുകയുണ്ടായി. റെയിൽവേയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ കീഴിലുള്ള റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയുണ്ടായി.

(ബി) (1) പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയമായി പുനഃചംക്രമണവും - വരുമാനം 9,50,000, ചെലവ് 3,80,060 രൂപ

(2) ഇലക്ട്രോണിക് മാലിന്യങ്ങളുടെ ശേഖരണവും ശാസ്ത്രീയമായി പുനഃചംക്രമണവും - വരുമാനം 30,59,000, ചെലവ് 6,53,000 രൂപ

(3) മെറ്റാലിക് പരസ്യ ബോർഡുകൾ സ്ഥാപിക്കുന്ന പദ്ധതി - വരുമാനം 2689,000, ചെലവ് 41,02,000 രൂപ

(4) റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ -

വരുമാനം 2,67,000, ചെലവ് 2,51,000 രൂപ.

**കാസർഗോഡ് വികസന അതോറിറ്റി**

110 (3313) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വികസന അതോറിറ്റി നിലവിൽ ഉണ്ടായിരുന്നപ്പോൾ എത്ര ആളുകൾ പ്രസ്തുത സ്ഥാപനത്തിൽ നിന്ന് വായ്പ എടുത്തിട്ടുണ്ട്;

(ബി) വായ്പയായി നൽകിയ തുകയുടെയും വായ്പ തിരിച്ചടച്ചവരുടെയും അടയ്ക്കാത്തവരുടെയും ഇനം തിരിച്ചുള്ള കണക്കുകൾ നൽകുമോ;

(സി) ഇപ്പോൾ നിലവിൽ ഇല്ലാത്ത കാസർകോട് വികസന അതോറിറ്റിയിൽ നിന്നും വായ്പ എടുത്തിട്ടുള്ള പലരുടെയും പ്രമാണങ്ങൾ ഇനിയും തിരിച്ച് കിട്ടിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രമാണങ്ങൾ തിരിച്ച് കിട്ടാനുള്ള ആളുകൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ നൽകാമോ; ആയതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് വികസന അതോറിറ്റി നിലവിലുണ്ടായിരുന്നപ്പോൾ ടി അതോറിറ്റിയുടെ പരിധിയിൽപ്പെട്ട കാസർഗോഡ് നഗരസഭാ പരിധിയിലും ഗ്രാമപഞ്ചായത്തുകളിലുമായി ആകെ 267 പേർ വായ്പയെടുത്തിട്ടുണ്ട്.

(ബി) കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ നിന്ന് വായ്പ വാങ്ങിയ 28 പേരിൽ 12 പേർ തുക അടച്ച് തീർത്തിട്ടില്ല. വായ്പയിനത്തിൽ 10,40,978 രൂപ നൽകിയിരുന്നു. ഈയിനത്തിൽ 5,39,000 രൂപ കുടിശ്ശികയുണ്ട്.

ഗ്രാമപഞ്ചായത്തുകളിൽ നിന്ന് വായ്പ നൽകിയതിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| ഗ്രാമ പഞ്ചായത്ത് | വായ്പ നൽകിയ തുക | വായ്പ തിരിച്ചടച്ച വരുടെ എണ്ണം | വായ്പ തിരിച്ചടയ്ക്കാത്ത വരുടെ എണ്ണം |
|---|---|---|---|
| മധൂർ ഗ്രാമ പഞ്ചായത്ത് | 8,99,000 രൂപ | 27 | 24 |
| ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | പഞ്ചായത്തിൽ ലഭിച്ച രേഖകളിൽ തുകയുടെ വിവരം ലഭ്യമല്ല. | 11 | 13 |
| ചെങ്കള ഗ്രാമ പഞ്ചായത്ത് | 15,38,680 രൂപ | 27 | 9 |
| കുമ്പള ഗ്രാമ പഞ്ചായത്ത് | 4,45,000 രൂപ | 6 | 13 |
| മൊഗ്രാൽ-പുത്തൂർ ഗ്രാമ പഞ്ചായത്ത് | 10,38,000 രൂപ | 21 | 32 |
| മുളിയാർ ഗ്രാമ പഞ്ചായത്ത് | 10,42,500 രൂപ | 13 | 43 |

ഉണ്ട്. കാസർഗോഡ് നഗരസഭയിൽ 12 പേരുടേയും ഗ്രാമ പഞ്ചായത്തുകളിൽ 131 പേരുടേയും പ്രമാണങ്ങൾ തിരിച്ചുനൽകിയിട്ടില്ല.

(സി) ഗ്രാമ പഞ്ചായത്തുകളിൽ പ്രമാണങ്ങൾ തിരിച്ചുകിട്ടാനുള്ളവരുടെ പഞ്ചായത്ത് തിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു:

| പഞ്ചായത്തിന്റെ പേര് | എണ്ണം |
|---|---|
| മധൂർ ഗ്രാമ പഞ്ചായത്ത് | 24 |
| ചെമ്മനാട് ഗ്രാമ പഞ്ചായത്ത് | 13 |
| ചെങ്കള ഗ്രാമ പഞ്ചായത്ത് | 6 |
| കുമ്പള ഗ്രാമ പഞ്ചായത്ത് | 13 |
| മൊഗ്രാൽ-പുത്തൂർ ഗ്രാമ പഞ്ചായത്ത് | 32 |
| മുളിയാർ ഗ്രാമ പഞ്ചായത്ത് | 43 |
| ആകെ | 131 |

വായ്പയെടുത്തവരുടെ പ്രമാണങ്ങൾ തിരിച്ചുനൽകാൻ വേണ്ട നടപടി നിലവിലെ നിയമമനുസരിച്ച് സ്വീകരിക്കുന്നതാണ്.

## നഗരസഭകളുടെ മാസ്റ്റർ പ്ലാൻ

111 (3314) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളുടെ മാസ്റ്റർപ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പുരോഗതിയും, വിശദാംശവും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പ്രാബല്യത്തിലുള്ള അംഗീകൃത മാസ്റ്റർ പ്ലാനുകളുടെ പുതുക്കലിനും പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകൾ ആവശ്യമെങ്കിൽ പുതുക്കി തയ്യാറാക്കുന്നതിനും സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻസ് ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീമിൽ ഉൾപ്പെടുത്തി നടപടി കൈക്കൊള്ളുന്നു. സംസ്ഥാനത്ത് നിലവിൽ 18 നഗരസഭകളുടെ മാസ്റ്റർ പ്ലാനുകൾ പുതുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അംഗീകൃത മാസ്റ്റർ പ്ലാനുകൾ പുതുക്കിയവ ചുവടെ ചേർക്കുന്നു:

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. കൊല്ലം
4. കോട്ടയം
5. ചങ്ങനാശ്ശേരി
6. വൈക്കം
7. കൊച്ചി
8. തൃശ്ശൂർ
9. ഗുരുവായൂർ

10. പാലക്കാട്

11. മലപ്പുറം

12. കോഴിക്കോട്

13. വടകര

14. തലശ്ശേരി

പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനുകൾ പുതുക്കി തയ്യാറാക്കിയവ ചുവടെ ചേർക്കുന്നു:

1. പത്തനംതിട്ട

2. ആലപ്പുഴ

3. പാല

4. പെരുമ്പാവൂർ

(ബി) ആലപ്പുഴ നഗരസഭയുടെ മാസ്റ്റർ പ്ലാൻ പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജില്ലാ ടൗൺ പ്ലാനിംഗിൽ നിന്നും ലഭിച്ചിട്ടുള്ള കരട് മാസ്റ്റർ പ്ലാൻ കൗൺസിൽ ചർച്ച ചെയ്യുകയും ആയത് അംഗീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ ടൗൺ പ്ലാനിംഗിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

**രാജീവ് ആവാസ് യോജന പദ്ധതികൾ**

112 (3315) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ആവാസ് യോജന പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) ചേരിരഹിത ഭാരതം വിഭാവന ചെയ്തുകൊണ്ട് നഗരങ്ങളിലെ

പൗരന്മാർക്ക് പാർപ്പിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് രാജീവ് ആവാസ് യോജന. രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. ആദ്യപടിയായി നഗരസഭകളിൽ ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കുന്നു. 15 വർഷം മുൻകൂട്ടിക്കണ്ടുകൊണ്ട് നഗരത്തെ ചേരി രഹിതമാക്കുന്നതിനായി തയ്യാറാക്കുന്ന സമഗ്ര മാർഗ്ഗരേഖയാണ് ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി (എസ്.എഫ്.സി.പി.ഒ.എ.). നിലവിലുള്ള ചേരികൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഭാവിയിലെ ചേരിയിലെ വളർച്ച തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന സമഗ്ര രൂപരേഖയാണിത്. തുടർന്ന് തെരഞ്ഞെടുക്കപ്പെട്ട ചേരികൾക്കായി ഡീറ്റൈയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നു.

താഴെപ്പറയുന്ന നഗരസഭകളിൽ ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്:

1. തിരുവനന്തപുരം
2. കൊല്ലം
3. തൃശ്ശൂർ
4. കോഴിക്കോട്
5. കണ്ണൂർ.

കൊച്ചി നഗരസഭയെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും കർമ്മപരിപാടി തയ്യാറാക്കിയിട്ടില്ല.

(സി) നഗരസഭകളുടെ അനുമതിയോടെ സംസ്ഥാനതല നോഡൽ ഏജൻസിക്ക് സമർപ്പിച്ച കർമ്മ പരിപാടികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല സാങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടെ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു.

രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 160.77 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 86 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 325 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ളവ പ്രാരംഭഘട്ടത്തിലാണ്.

രാജീവ് ആവാസ് യോജന പദ്ധതിക്ക് പകരം പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രഖ്യാപിച്ച സാഹചര്യത്തിൽ ചേരിരഹിത നഗരാസൂത്രണ പദ്ധതി

ഹൗസിംഗ് ഫോർ ആൾ പ്ലാൻ ഓഫ് ആക്ഷനമായി സംയോജിപ്പിക്കുവാൻ കേന്ദ്ര സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരം നിർദ്ദേശിക്കുന്നു.

**ന്യൂനപക്ഷ വിഭാഗ സ്ത്രീശാക്തീകരണം**

113 (3316) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കാനും തൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിനുമായി പദ്ധതി പ്രഖ്യാപിച്ചിരുന്നോ; 2012-13 ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയ തുക, അനുവദിച്ച തുക, ഈ ഇനത്തിൽ ട്രഷറിയിൽ മിച്ചമുള്ള തുക എന്നിവയുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി തുടർന്നുള്ള ഓരോ ബഡ്ജറ്റിലും അനുവദിച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്നും പിൻവലിക്കാത്ത തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) ജില്ലാടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിപ്രകാരം എത്ര സ്വയം സഹായ സംഘങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്; എത്ര പേർക്ക് തൊഴിൽ പരീശിലനം നൽകി; എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) എഴുപത് ശതമാനമെങ്കിലും ന്യൂനപക്ഷ വനിതകൾ അംഗങ്ങളായ സ്വയംസഹായ സംഘങ്ങൾ സമർപ്പിക്കുന്ന സ്ഥിര വരുമാന സാധ്യതയുള്ള പദ്ധതികൾക്ക് പദ്ധതി ചെലവിന്റെ നേർ പകുതിയോ പരമാവധി രണ്ടരലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക സഹായം നൽകുന്ന പദ്ധതി 2012-13 ധനകാര്യ വർഷം നടപ്പാക്കിയിരുന്നു.

ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത് ഒരു കോടി രൂപ. 93,90,625 രൂപ ന്യൂനപക്ഷ ക്ഷേമവകുപ്പ് ഡയറക്ടറേറ്റ് അനുവദിച്ചിരുന്നു. തെരഞ്ഞെടുക്കപ്പെട്ട അഞ്ച് ഗ്രൂപ്പുകൾ യഥാസമയം സംരംഭം തുടങ്ങാത്തതിനാൽ അവർക്ക് സബ്സിഡിയായി അനുവദിച്ച 21,65,622 രൂപ തിരിച്ചടച്ചിട്ടുണ്ട്. ട്രഷറിയിൽ തുകയൊന്നും മിച്ചമില്ല.

(ബി) തുടർന്നുള്ള ബഡ്ജറ്റുകളിൽ ഈ പദ്ധതിക്കായി തുക അനുവദിച്ചിരുന്നില്ല.

(സി) വകുപ്പിന് കീഴിൽ സ്വയംസഹായ സംഘങ്ങളോ തൊഴിൽ പരിശീലന കേന്ദ്രങ്ങളോ ആരംഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തൊട്ടാകെ 46 വനിതാ സ്വയംസഹായ സംഘങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട്. കുടുംബശ്രീ മുഖാന്തരമാണ് പരിശീലനം നൽകിയിരുന്നത്. ഇതുവഴി 365 പേർക്ക് പരിശീലനം നൽകുകയും തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

### ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ

114 (3317) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്;

(ബി) ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഏതെല്ലാം പദ്ധതികൾ പ്രസ്തുത വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻ നാളിതുവരെ എത്ര പേർക്ക് ധനസഹായം നൽകി; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഡി) ധനസഹായത്തിനായി എത്ര അപേക്ഷകൾ നിലവിൽ പെന്റിംഗ് ഉണ്ട്; അവർക്കെല്ലാം ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ കഴിയുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഓഫീസുകൾ താഴെപ്പറയുന്ന മൂന്ന് സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്നു:

I. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കോഴിക്കോട് ഹെഡ് ഓഫീസ്, കെ.യു.ആർ.ഡി.എഫ്.സി. ബിൽഡിംഗ്, ചക്കോരത്ത് കുളം, വെസ്റ്റ് ഹിൽ പി.ഒ., കോഴിക്കോട്- 673005.

II. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, എറണാകുളം റീജിയണൽ ഓഫീസ്, മൈനോറിറ്റി കോച്ചിംഗ് സെന്റർ ബിൽഡിംഗ്, ടെമ്പിൾ റോഡ്, ആലുവ - 683101.

III. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, തിരുവനന്തപുരം റീജിയണൽ ഓഫീസ്, സമസ്ത ജൂബിലി സൗധം, മൂന്നാം നില, റൂം നമ്പർ 302, എസ്.എസ്. കോവിൽ റോഡ്, മേലേ തമ്പാനൂർ - 695001.

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

(സി) കെ.എസ്.എം.ഡി.എഫ്.സി.-യിൽ ഇതുവരെയായി 1711 പേർക്ക് വായ്പാ സഹായം നൽകിയിട്ടുണ്ട്.

ജില്ലാ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:

| ജില്ല | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| (1) | (2) |
| കാസർഗോഡ് | 40 |
| കണ്ണൂർ | 73 |
| വയനാട് | 75 |
| കോഴിക്കോട് | 540 |
| മലപ്പുറം | 305 |
| പാലക്കാട് | 139 |
| തൃശ്ശൂർ | 66 |
| എറണാകുളം | 70 |
| (1) | (2) |
| കോട്ടയം | 41 |
| ഇടുക്കി | 85 |
| പത്തനംതിട്ട | 11 |
| കൊല്ലം | 125 |
| ആലപ്പുഴ | 43 |
| തിരുവനന്തപുരം | 98 |

(ഡി) കെ.എസ്.എം.ഡി.എഫ്.സി.-യിൽ നിലവിലുള്ള പെൻഡിംഗ് അപേക്ഷകളുടെ എണ്ണം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.


3157/2017

| വായ്പ | അപേക്ഷകളുടെ എണ്ണം |
|---|---|
| സ്വയംതൊഴിൽ | 3770 |
| ഉദ്യോഗസ്ഥ വായ്പ | 495 |
| വിദ്യാഭ്യാസ വായ്പ | 508 |
| ഭവന വായ്പ | 606 |

ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത അപേക്ഷകൾ പരിഗണിക്കുന്നതാണ്.

**ന്യൂനപക്ഷ ക്ഷേമം**

115 (3318) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾ, വിവാഹമോചിതർ, ഭവനരഹിതർ എന്നിവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രതിവർഷം എത്ര തുക നീക്കിവച്ചു;

(സി) ഓരോ ജില്ലയിലെയും ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിധവ/വിവാഹ ബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കായി 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലായി ഒരു ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കി വരുന്നു. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ വീടൊന്നിന് രണ്ട് ലക്ഷം രൂപ വീതവും 2015-16 സാമ്പത്തിക വർഷത്തിൽ വീടൊന്നിന് രണ്ടര ലക്ഷം രൂപയുമാണ് ധനസഹായമായി നൽകിവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഈ പദ്ധതിക്കായി നീക്കിവച്ച തുക ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | നീക്കിവെച്ച തുക |
|---|---|
| 2013-14 | 1900 ലക്ഷം രൂപ |
| 2014-15 | 1500 ലക്ഷം രൂപ |
| 2015-16 | 2500 ലക്ഷം രൂപ |

(സി) ഓരോ ജില്ലിയിലെ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ ജനസംഖ്യയ്ക്ക് ആനുപാതികമായി ഗുണഭോക്താക്കളുടെ എണ്ണം സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|
| | | 2013-14 | 2014-15 | 2015-16 |
| 1 | തിരുവനന്തപുരം | 68 | 30 | 50 |
| 2 | കൊല്ലം | 56 | 35 | 50 |
| 3 | പത്തനംതിട്ട | 24 | 14 | 25 |
| 4 | ആലപ്പുഴ | 52 | 63 | 60 |
| 5 | കോട്ടയം | 30 | 20 | 25 |
| 6 | ഇടുക്കി | 50 | 65 | 40 |
| 7 | എറണാകുളം | 55 | 33 | 30 |
| 8 | തൃശ്ശൂർ | 62 | 30 | 50 |
| 9 | പാലക്കാട് | 44 | 48 | 50 |
| 10 | മലപ്പുറം | 204 | 130 | 202 |
| 11 | കോഴിക്കോട് | 107 | 64 | 64 |
| 12 | വയനാട് | 90 | 68 | 64 |
| 13 | കണ്ണൂർ | 56 | 91 | 50 |
| 14 | കാസർഗോഡ് | 52 | 58 | 40 |
| | ആകെ | 950 | 749 | 800 |

**തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

116 (3319) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കായി തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ അവയുടെ അവലോകന റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) 2011 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള കാലയളവിൽ പ്രസ്തുത കേന്ദ്രങ്ങൾക്ക് ബജറ്റിൽ നീക്കിവച്ച തുകയുടെയും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയുടെയും കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ**

117 (3320) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പാക്കിയ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന എത്രപേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നതിന്റെ വിശദ വിവരം നല്കുമോ;

(സി) മദ്രസ അദ്ധ്യാപക ക്ഷേമത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മദ്രസ അദ്ധ്യാപകരുടെ ക്ഷേമത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. മദ്രസ അദ്ധ്യാപക ക്ഷേമനിധി പലിശരഹിതമാക്കി.
2. മദ്രസ അദ്ധ്യാപകർക്ക് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ
3. മദ്രസ അദ്ധ്യാപകരുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും 10,000 രൂപ വീതം ധനസഹായം.
4. മദ്രസാ അദ്ധ്യാപകരുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന വിദ്യാർത്ഥികൾക്ക് 2000 രൂപ വീതം ക്യാഷ് അവാർഡ്.
5. മദ്രസാ അദ്ധ്യാപകർക്ക് ഭവന നിർമ്മാണത്തിന് ന്യൂനപക്ഷ കോർപ്പറേഷനുമായി ചേർന്ന് 2.5 ലക്ഷം രൂപ വരെ പലിശരഹിത വായ്പ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

6. കോർപ്പസ് ഫണ്ട് പലിശരഹിതമാക്കിയതുകൊണ്ടുള്ള നഷ്ടം നികത്താൻ ഈ ഫണ്ടിലേയ്ക്ക് 3,75,33,000 സംഖ്യ സർക്കാർ വിഹിതമായി അനുവദിച്ചു.

**ന്യൂനപക്ഷ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

118 (3321) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ന്യൂനപക്ഷ വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ ഏതെല്ലാം മണ്ഡലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇതിനനുവദിച്ച തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പിന്നാക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്ത് വയനാട് ജില്ലയിലാണ് ഇത് നടപ്പിലാക്കിയത്. 12-ാം പഞ്ചവത്സര പദ്ധതിയിൽ ടി പദ്ധതി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾക്ക് (സുൽത്താൻ ബത്തേരി, മാനന്തവാടി, പനമരം, കൽപ്പറ്റ) പുറമെ മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലും നടപ്പിലാക്കിവരുന്നു. ആരോഗ്യ-വിദ്യാഭ്യാസ-കുടിവെള്ള മേഖലകൾക്കാണ് ഊന്നൽ നൽകുന്നത്. കൂടാതെ സംസ്ഥാനത്താകെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 16 ചെറുകിട പദ്ധതികളും 2014-15 സാമ്പത്തിക വർഷത്തിൽ 42 ചെറുകിട പദ്ധതികളും നടപ്പിലാക്കിവരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ 80 ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 2499 ഭവനങ്ങൾ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ

വിധവ/വിവാഹ മോചിത/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കായി നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. പദ്ധതികളൊന്നും തന്നെ മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കിയിട്ടുള്ളത്.

(ബി) സംസ്ഥാനത്താകെ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിലെ കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി 2013-14 സാമ്പത്തിക വർഷത്തിൽ 16 ചെറുകിട പദ്ധതികൾക്കായി 400 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 42 ചെറുകിട പദ്ധതികൾക്കായി 780 ലക്ഷം രൂപയും ചെലവഴിച്ചു വരുന്നു. 2015-16 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് 1040 ലക്ഷം രൂപ വകയിരുത്തുകയും ആയത് ചെലവഴിക്കുന്നതിനായി 80-ഓളം ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ടി പദ്ധതികളൊന്നും തന്നെ മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പിലാക്കിയിട്ടുള്ളത്. കൂടാതെ 11-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് ജില്ലയിൽ3 ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 1380 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിലെ 4 ബ്ലോക്കുകളിലായി 15 ചെറുകിട കുടിവെള്ള പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകി ടി പദ്ധതി നടപ്പിലാക്കി വരികയാണ്.

## അഗ്രോഫ്രൂട്ട് പ്രോഡക്ട്സ്

119 (3322) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിലെ അഗ്രോഫ്രൂട്ട് പ്രൊഡക്ട്സിലെ പരിശീലനകേന്ദ്രത്തിൽ പരിശീലനം ആരംഭിച്ചിട്ടുണ്ടോ; എത്ര കുട്ടികൾ അഡ്മിഷനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; ഏതെല്ലാം മേഖലയിലെ പരിശീലനമാണ് പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അഗ്രോ ഫ്രൂട്ട്സിൽ നിന്നും വിരമിച്ച തൊഴിലാളികളിൽ എത്ര പേർക്ക് ആനുകൂല്യം നൽകാനുണ്ടെന്നും ഇത് ഏതെല്ലാം ഇനത്തിലുള്ളതാണെന്നും വ്യക്തമാക്കുമോ;

(സി) പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ക്ലിയർ ചെയ്യാത്തതുമൂലം വിരമിച്ച തൊഴിലാളികൾക്ക് ലഭിക്കേണ്ട തുക പൂർണ്ണമായി ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) തൊഴിലാളികളുടെ പി.എഫ്. വിഹിതം പിരിച്ച് പി.എഫ്. ഫണ്ടിൽ അടയ്ക്കാത്ത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനലൂരിലെ അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് കോമ്പൗണ്ടിൽ ആരംഭിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ (അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്-AITI) പരിശീലനം ആരംഭിച്ചിട്ടുണ്ട്. "ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചർ മെഷിനറീസ്" എന്ന കേരള സർക്കാരിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് അംഗീകരിച്ച രണ്ട് വർഷത്തെ കെ.ജി.ഡി.ഇ. കോഴ്സാണ് ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ 32 വിദ്യാർത്ഥികളാണ് കോഴ്സിൽ ചേർന്നിട്ടുള്ളത്.

(ബി) അഗ്രോ ഫ്രൂട്ട് പ്രോഡക്ട്സിൽ നിന്നും വിരമിച്ച 17 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി ഇനത്തിലും ഏൺഡ് ലീവ് സറണ്ടർ ഇനത്തിലുമുള്ള ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുവാനുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) തൊഴിലാളികളുടെ പി.എഫ്. വിഹിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**നിറവ് പദ്ധതി**

120 (3323) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ:
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. 2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജക മണ്ഡലങ്ങൾ "നിറവ്" പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. വിത്തു മുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജക മണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു പരിപാടിയാണ് "നിറവ്". ഓരോ നിയോജക മണ്ഡലത്തിന്റെയും സമഗ്ര വികസനം ലക്ഷ്യമിട്ട് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ-യുടെ നേതൃത്വത്തിൽ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുംവിധം കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) നിറവ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം കാർഷിക മേഖലയിൽ സമഗ്രവികസനം സാദ്ധ്യമാക്കുക എന്നതാണ്. ഓരോ പ്രദേശത്തിന്റെ പ്രത്യേകതകൾക്കനുസൃതമായി കൃഷി വ്യാപിപ്പിക്കുന്നതിനുംമൂല്യവർദ്ധനവിലൂടെയും, ഉല്പന്ന വൈവിധ്യവൽക്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അനുബന്ധ മേഖലകളായ കാലിവളർത്തൽ, കോഴി വളർത്തൽ, മൽസ്യകൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ എന്നിവയിലൂടെ ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിടുന്നതാണ് ഈ പദ്ധതി.

(സി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുവാൻ കാർഷിക അനുബന്ധമേഖലകളുടെ ഏകോപനത്തിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെങ്കിലും വികസന പ്രവർത്തനങ്ങൾ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ധനപുനർവിനിയോഗം വഴി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**ഹൈടെക് കൃഷി**

121 (3324) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക് കൃഷി രീതി വ്യാപിപ്പിക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹൈടെക് പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. സംരക്ഷിത കൃഷി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉത്പ്പന്നങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.
2. ഉന്നത ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.
3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുക.
4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട്ഫ്ളവർ, ലൂസ് ഫ്ലവർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.
6. കുറഞ്ഞ അദ്ധ്വാനം ഉപയോഗിച്ച് കൃഷി സാധ്യമാക്കുക.

(സി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാനായി ഭരണതലത്തിൽ എടുത്ത നടപടികൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാന/ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചു.
2. നിർമ്മാണ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കി.
3. ആർക്ക് ജിസ് സോഫ്റ്റ്വെയർ മുഖേന പോളീഹൗസ് മോണിറ്ററിംഗ് സാധ്യമാക്കി.
4. കർഷക കൂട്ടായ്മകൾ രൂപീകരിച്ചു.

**കർഷക ആത്മഹത്യ**

122 (3325) <u>ശ്രീ. കെ. കെ. നാരായണൻ :</u> താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് ആത്മഹത്യ ചെയ്ത കർഷകർ ആരെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 66 കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കൃഷിയിടത്തിൽ നിന്നും കുടുംബത്തിലേക്ക് പദ്ധതി**

123 (3326) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹനത്തിന് 'കൃഷിയിടത്തിൽ നിന്നും കുടുംബത്തിലേക്ക് ' (Farm to Family) എന്ന പദ്ധതി ബഡ്ജറ്റ് പ്രഖ്യാപനം വഴി നടത്തിയിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പിൽ വരുത്തിയോ; വിശദാംശങ്ങൾ നൽകാമോ;

(സി) 2015-16 ബഡ്ജറ്റിൽ പദ്ധതിക്ക് വകയിരുത്തിയ തുക എത്ര; ട്രഷറിയിൽ നിന്ന് പിൻവലിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കൃഷിയിടത്തിൽ നിന്നും കുടുംബത്തിലേക്ക് (Farm to Family) എന്ന പദ്ധതി 2015-16 -ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കീടനാശിനി ഉപയോഗിക്കാത്ത കാർഷികോല്പന്നങ്ങൾ ഇ-കൊമേഴ്സിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് കുടുംബങ്ങളിലും ഗുണഭോക്താക്കളിലും എത്തിക്കുക എന്നതാണ് ഈ പദ്ധതികളുടെ ഉദ്ദേശ്യം.

(ബി) ഇല്ല. 2-12-2015-ൽ കൂടിയ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ 370.03 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

**ഹൈടെക് കൃഷി പദ്ധതി**

124 (3327) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഹൈടെക് കൃഷി പദ്ധതി ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക എത്രയെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ബി) കർഷകർക്ക് പ്രസ്തുത കൃഷിക്കുള്ള സബ്സിഡി ഇനമായി എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചു എന്നു പറയുമോ?

<u>ഉത്തരം</u>

(എ) ഹൈടെക് കൃഷി പദ്ധതി ആരംഭിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 45 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ഇതിൽ 5.07 കോടി രൂപ അനുവദിച്ചു. 2015-16-ൽ 410.04 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഹരിത ഗ്രാമങ്ങൾ സ്ഥാപിക്കുന്നതും കണിക ജലസേചനം, പരിശീലനം എന്നീ ഘടകങ്ങളും കൂടി ഉൾപ്പെടും.

(ബി) കർഷകർക്ക് ഹൈടെക് കൃഷിക്കുള്ള സബ്സിഡി ഇനത്തിൽ 3.67 കോടി രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചു.

**അഭയ കർഷക പെൻഷൻ**

125 (3328) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പാക്കി വരുന്ന അഭയ കർഷക പെൻഷൻ എത്രപേർക്ക് നൽകി വരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) ടി പെൻഷൻ നൽകുന്നതിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും ആയത് എപ്പോൾ കൊടുത്തു തീർക്കുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) അഭയ കർഷക പെൻഷൻ എന്ന പേരിൽ പെൻഷൻ പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കുന്നില്ല.

**നീര ഉൽപാദനം**

126 (3329) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദനത്തിന് സർക്കാർ സഹായമായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്; ഇതിൽ എത്ര തുക നൽകിയിട്ടുണ്ടെന്നും ഇനി എത്ര തുക നൽകാനുണ്ടെന്നും അറിയിക്കുമോ;

(ബി) കർഷകരുടെ വിഹിതമായി എത്ര തുക നീര കർഷകരിൽ നിന്നും സമാഹരിച്ചിട്ടുണ്ട്;

(സി) നീര ടെക്നീഷ്യന്മാരുടെ പരിശീലനത്തിനായി എത്ര രൂപയുടെ സബ്സിഡിയാണ് സർക്കാർ വാഗ്ദാനം ചെയ്തിരുന്നത്; ഇതിൽ എത്ര തുക നൽകിയിട്ടുണ്ട്;

(ഡി) നീര കർഷകർക്ക് സർക്കാർ വാഗ്ദാനം ചെയ്തിരുന്ന സഹായം യഥാസമയം നൽകാത്തത് ഈ മേഖലയിൽ കർഷകർക്കുണ്ടായ ഉണർവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കർഷകർക്ക് ബഡ്ജറ്റിൽ വകയിരുത്തിയതും സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളതുമായ സഹായം അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നീര ഉല്പാദനത്തിനായി 2015-16-ലെ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിൽ 50 ലക്ഷം രൂപ കൈപ്പുഴ നാളികേര ഉത്പാദക കമ്പനിക്ക് നീര ഉല്പാദന യൂണിറ്റ് സ്ഥാപിച്ചതിന് ധനസഹായമായി അനുവദിക്കുകയും പ്രസ്തുത തുക നാളികേര വികസന ബോർഡിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇനി 29 കോടി 50 ലക്ഷം രൂപ നൽകാനുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) നീര ടെക്നീഷ്യൻമാരുടെ പരിശീലനത്തിനായി ഒരാൾക്ക് 10,000 രൂപയാണ് അനുവദിക്കുന്നത്. പരിശീലനത്തിനായി തുക നൽകിയിട്ടില്ല.

(ഡി) ഇല്ല.

**ജൈവ കൃഷിരീതി വ്യാപിപ്പിക്കാൻ പദ്ധതി**

127 (3330) <u>ശ്രീ. ജോസഫ് വാഴക്കൻ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ കൃഷിരീതി വ്യാപിപ്പിക്കാൻ കർമ്മപദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിലെ കാർഷിക വ്യവസ്ഥയെ സുസ്ഥിരവും, ലാഭകരവും വിപണിയിൽ നിലനിൽക്കാൻ പ്രാപ്തവും എല്ലാവർക്കും വിഷമുക്തമായ വെള്ളം, മണ്ണ്, ഭക്ഷണം എന്നിവ പ്രധാനം ചെയ്യാൻ കെല്പുള്ളതുമാക്കി മാറ്റുക എന്നതാണ് ജൈവ കൃഷിയിലൂടെ മുഖ്യമായും ലക്ഷ്യമിടുന്നത്.

(സി)

1. ജൈവ കൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാൻ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലന പരിപാടികൾ, സെമിനാർ, വർക്ക് ഷോപ്പ് തുടങ്ങിയവ സംഘടിപ്പിച്ചു.

2. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിലുള്ള വിഷാംശത്തിന്റെ അളവ് പരിശോധിക്കാനുള്ള സംവിധാനം വെള്ളായണി കാർഷിക കോളേജിലെ ലബോറട്ടറിയിൽ ശക്തിപ്പെടുത്തി ആയതിന്റെ പരിശോധനാഫലങ്ങൾ പ്രസിദ്ധീകരിച്ച് സംസ്ഥാന ത്തിനകത്ത് തന്നെ ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി.

3. ജൈവ കൃഷി വ്യാപനത്തിനായി കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് അവബോധം നൽകുകയും, സ്കൂൾതലം, വീട്ടുവളപ്പ്, ടെറസ്സ്, പൊതുസ്ഥലങ്ങൾ, കൃഷിയിടങ്ങൾ എന്നിവിടങ്ങളിലെല്ലാം തന്നെ പച്ചക്കറികൃഷി ചെയ്യുവാനുള്ള പ്രോൽസാഹനം നൽകിവരികയും ചെയ്യുന്നു.

4. നടീൽ വസ്തുക്കളും, ജൈവ ഉല്പാദനോപാധികളും സുലഭമായി ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

5. ജൈവ ഉല്പന്നങ്ങളും, ഉല്പാദനോപാധികളും ലഭ്യമാക്കുവാനായി നിലവിൽ

കാസർഗോഡ് ജില്ലയിൽ 5 ഇക്കോഷോപ്പുകൾ ആരംഭിച്ചതിന് പുറമേ ബാക്കി 13 ജില്ലകളിൽ കൂടി 65 ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

6. 2015-16-ൽ പി.ജി.എസ്. (Participatory Guarantee System) പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ് (NCOF) വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയെ പി.ജി.എസ്. പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷനുള്ള അംഗീകൃത ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. അതിൻപ്രകാരം എല്ലാ ജില്ലകളിലേയും ജൈവ കൃഷിക്ക് പി.ജി.എസ്. സംവിധാനത്തിൽ ജൈവ കൃഷി സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള പ്രവർത്തനം പുരോഗമിക്കുന്നു.

7. അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പച്ചക്കറികളിലെ വിഷാംശം പരിശോധിച്ച് പരിശോധനാ ഫലം കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും വിഷാംശം പരിധിയിൽ കുറവായവയെ സേഫ് ടു ഈറ്റ് എന്ന് ലേബൽ ചെയ്ത് ഹോർട്ടികോർപ്പ് ചുരുങ്ങിയ തോതിൽ വിപണിയിൽ ലഭ്യമാക്കുന്നുണ്ട്.

8. ജൈവ കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ്, കൃഷി വകുപ്പിന്റെ ബ്ലോക്കുതല ഫെഡറേറ്റഡ് സമിതി, എ ഗ്രേഡ് ക്ലസ്റ്റർ സംഭരണ കേന്ദ്രങ്ങൾ എന്നിവ പ്രയോജനപ്പെടുത്തുന്നു.

9. സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാന പദ്ധതി നടപ്പിലാക്കുന്നത് പ്രോൽസാഹിപ്പിക്കുന്നതിനായി 2015-16-ൽ സംസ്ഥാനത്ത് ഏറ്റവും മികച്ച നിയോജക മണ്ഡലം/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്തുകൾ എന്നിവക്ക് അവാർഡ് നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

10. അന്താരാഷ്ട്ര മണ്ണ് വർഷമായ 2015-ൽ വിഷവിമുക്തമായ മണ്ണിലൂടെ ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും ആവശ്യ അളവിൽ വളം ചെയ്യുന്നതിനും മണ്ണിലുള്ള പോഷക ഘടകങ്ങൾ തിരിച്ചറിയുന്നതിന് സോയിൽ ഹെൽത്ത് കാർഡുകൾ എല്ലാ കർഷകരിലും എത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

11. ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുവാനും ഏകോപനത്തിനുമായി സംസ്ഥാന

തലത്തിലും ജില്ലാതലത്തിലും ഓർഗാനിക് ഫാമിംഗ് സെല്ലുകളുടെ രൂപീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**ജൈവ പച്ചക്കറി ഉൽപ്പാദന കൂട്ടായ്മകൾ**

128 (3331) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളും, സംഘടനകളും വ്യക്തികളും ജൈവ പച്ചക്കറി ഉൽപ്പാദന കൂട്ടായ്മകൾ സംഘടിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ കൂട്ടായ്മകൾ പ്രശംസനീയമാംവിധം പ്രവർത്തിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇത്തരം കൂട്ടായ്മകൾക്ക് ഇതിനകം എന്തെല്ലാം സഹായങ്ങൾ നൽകി എന്നും എന്തെല്ലാം സഹായങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, സമുദായ സംഘടനകളുടെയും കൂട്ടായ്മകളും റസിഡൻസ് അസോസിയേഷനുകൾ, എൻ.ജി.ഒ.-കൾ, സ്വയം സഹായ സംഘങ്ങൾ കൂടാതെ സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം രൂപീകരിച്ച പച്ചക്കറി കർഷക ഗ്രൂപ്പുകളുടെ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ഡിസ്ട്രിക്ട് ക്ലസ്റ്ററുകൾ തുടങ്ങിയവ പ്രശംസനീയമാം വിധം പ്രവർത്തിച്ചു വരുന്നു.

(സി) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി വ്യാപിപ്പിക്കുവാനായി വിത്തുകളും തൈകളും സൗജന്യമായി നൽകുകയും ബോധവൽക്കരണ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. കൂടാതെ പച്ചക്കറി കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 15,000 രൂപ എന്ന നിരക്കിൽ സഹായധനം കൃഷി ഭവനുകൾ മുഖേന നല്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും ഇതേ നിരക്കിൽ ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നു.

വിവിധ സ്വയം സഹായ സംഘങ്ങൾക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും

സംഘടനകൾക്കും വ്യക്തികൾക്കും ജൈവ പച്ചക്കറി ഉൽപ്പാദനം പ്രോൽസാഹിപ്പിക്കാൻ പച്ചക്കറി വിത്തുകളും 'ജൈവപച്ചക്കറി കൃഷി സഹായി' എന്ന കൈ പുസ്തകവും ആവശ്യാനുസരണം സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ പച്ചക്കറി പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ഉൽപ്പാദനോപാധികളുടെ ലഭ്യതയനുസരിച്ച് വിതരണം നടത്തിയിട്ടുണ്ട്.

**കൃഷി വകുപ്പ് മുഖേന നടത്തിയ വികസന പ്രവർത്തനങ്ങൾ**

129 (3332) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കൃഷി വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടത്തിയ ഓരോ വികസന പദ്ധതിക്കും ചെലവഴിച്ച തുക എത്ര;

(ബി) ഇനി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൃഷി വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടത്തിയ ഓരോ വികസന പദ്ധതിക്കും ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ കൊയിലാണ്ടി മണ്ഡലത്തിൽ സുസ്ഥിര നെൽകൃഷി വികസനം, മണ്ണ് സംരക്ഷണം, സൗജന്യ വൈദ്യുതി, ജൈവകൃഷി വികസനം, തെങ്ങുകൃഷി വികസനം, ഉല്പാദന ബോണസ്, പച്ചക്കറി വികസന പദ്ധതി, കാർഷിക ശാക്തീകരണ പദ്ധതി, ആഗ്രോ സർവ്വീസ് സെന്റർ, ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്, കേര സമൃദ്ധി, നാഷണൽ ബയോഗ്യാസ് വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികസന യോജന, സുഗന്ധവിള വികസന പദ്ധതി, വിള ഇൻഷ്വറൻസ് പദ്ധതി, കർഷക പെൻഷൻ പദ്ധതി മുതലായവ നടപ്പിലാക്കി വരുന്നു.

**കൃഷി ഓഫീസർ തസ്തികയുടെ പുനർനാമകരണം**

130 (3334) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കൃഷി ഓഫീസർ തസ്തികയെ പ്ലാന്റ് ഡോക്ടർ എന്ന് പുനർനാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് അംഗീകൃത സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; പ്രസ്തുത പുനർനാമകരണ നടപടി പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്ത് അഗ്രികൾച്ചർ കൗൺസിൽ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും സർവ്വീസ് സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ; പ്രസ്തുത ആവശ്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൃഷി ആഫീസർമാരെ "പ്ലാന്റ് ഡോക്ടർ " എന്ന് പുനർനാമകരണം ചെയ്യണമെന്നും സംസ്ഥാനത്ത് അഗ്രികൾച്ചർ കൗൺസിൽ സ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് 'അസോസിയേഷൻ ഓഫ് അഗ്രികൾച്ചറൽ ഓഫിസേഴ്സ് കേരള' എന്ന സംഘടന നിവേദനം സമർപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ പരിശോധിച്ച ശേഷം മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയു.

**ബി.എസ്. സി. അഗ്രികൾച്ചർ കോഴ്സ് പ്രവേശനം**

131 (3335) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ ബി. എസ്. സി. അഗ്രികൾച്ചർ കോഴ്സ് പ്രവേശനത്തിനായി എൻട്രൻസ് കമ്മീഷണർ അംഗീകരിച്ച് അനുവദിക്കപ്പെട്ട സീറ്റുകൾ കൂടാതെ, വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് 16 സീറ്റുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് പ്രസ്തുത സർവ്വകലാശാലയുടെ ചാൻസലർ അനുവദിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ&ബി) കേരള കാർഷിക സർവ്വകലാശാലയിൽ 2015-16 അദ്ധ്യയന വർഷം മുതൽ എൻട്രൻസ് പരീക്ഷ എഴുതി വിജയിച്ച വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി 16 സീറ്റ് അനുവദിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് മേൽ പറഞ്ഞ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. സർവ്വകലാശാല ആക്ട് പ്രകാരം ഇക്കാര്യത്തിൽ ചാൻസലറുടെ അംഗീകാരം തേടേണ്ടതില്ല.


3157/2017

**കൃഷി ഓഫീസർമാരുടെ പ്രൊമോഷനുകളിലെ അപാകത**

132 (3336) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിൽ എലിജിബിലിറ്റി പരീക്ഷ വിജയിച്ച് പതിമൂന്ന് ശതമാനം ക്വാട്ടയിൽ സ്ഥാനക്കയറ്റം ലഭിച്ച കൃഷി ഓഫീസർമാരുടെ ഗ്രേഡ്, നോൺ കേഡർ പ്രൊമോഷനുകളിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത രീതിയിൽ സ്ഥാനകയറ്റം ലഭിച്ചവർക്ക് കൃഷി ഡയറക്ടറേറ്റ്, ഫാം ഇൻഫർമേഷൻ ബ്യൂറോ തുടങ്ങിയ സ്ഥലങ്ങളിൽ നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃഷി ആഫീസർ തസ്തികയിൽ നേരിട്ട് നിയമനം ലഭിക്കുന്നവർക്കാണ് നോൺ കേഡർ പ്രൊമോഷന് അർഹത. 13% ക്വാട്ടയിൽ സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നുണ്ട്.

(ബി) ഇവർക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് ഉചിതമായ നിയമനം നൽകിവരുന്നുണ്ട്.

**കൃഷി ആഫീസർമാരുടെ തസ്തികകൾ**

133 (3337) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി ആഫീസർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) ചേലക്കര മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ കൃഷി ആഫീസർ തസ്തിക ഒഴിഞ്ഞുകിടപ്പുണ്ടെന്നും ഇത് സംബന്ധിച്ച് ലഭിച്ച പരാതികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിലും കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ അടിയന്തരമായി കൃഷി ആഫീസർമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൃഷി ആഫീസർമാരുടെ 105 ഒഴിവുകൾ ഉണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവയാണെങ്കിലും കൃഷി ആഫീസർമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതിൻപ്രകാരം ഇന്റർവ്യൂ നടത്തി അർഹരാണെന്നുകണ്ട 85 പേർക്ക് 179 ദിവസത്തേക്ക് നിയമനം നൽകി ഉത്തരവായിട്ടുണ്ട്.

(സി) ചേലക്കര നിയോജകമണ്ഡലത്തിൽ കൃഷി ആഫീസർമാരുടെ ഒഴിവുണ്ടായിരുന്ന ദേശമംഗലം, പഴയന്നൂർ എന്നീ കൃഷി ഭവനുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി ആഫീസറെ നിയമിച്ചിട്ടുണ്ട്. തിരുവില്വാമല കൃഷിഭവനിൽ കൃഷി ആഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. ചേലക്കര നിയോജകമണ്ഡലത്തിൽ കൃഷി ആഫീസറെ നിയമിക്കാത്തത് സംബന്ധിച്ച് പരാതികൾ ഉണ്ടായതായി കാണുന്നില്ല.

(ഡി) കൃഷി ആഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കി ഇന്റർവ്യൂ നടത്തി അർഹരായിട്ടുള്ള 85 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒഴിവുകൾ പരിശോധിച്ച് അവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**കുളങ്ങൾ നന്നാക്കാൻ നടപടി**

134 (3338) <u>ശ്രീ. സി. കെ.നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര അസംബ്ലി നിയോജകമണ്ഡലത്തിൽ ഏതെങ്കിലും കുളം നന്നാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) കുളങ്ങൾ നന്നാക്കാനാവശ്യമായ അടിയന്തര നടപടികൾ

സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) കുളങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും വേണ്ടി കർഷകർ അതാത് കൃഷി ഭവനുകളിൽ വ്യക്തമായ രേഖകൾ സഹിതം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ലഭിച്ച അപേക്ഷകളിൽ നിന്നും അർഹരായ അപേക്ഷകരെ തെരഞ്ഞെടുത്ത്, ഒരു മീറ്റർ ക്യൂബിന് 62.5 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്.

**നിറവ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ**

135 (3339) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിറവ് പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിലെ ചങ്ങരോത്ത്, ചക്കിട്ടപ്പാറ, പേരാമ്പ്ര, ചെറുവണ്ണൂർ, തുറയൂർ, അരിക്കുളം, കൂത്താളി, മേപ്പയൂർ, നൊച്ചാട്, കീഴരിയൂർ പഞ്ചായത്തുകളിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളും അടങ്കൽ തുകയും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

നിറവ് പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ ചങ്ങരോത്ത്, ചക്കിട്ടപ്പാറ, പേരാമ്പ്ര, ചെറുവണ്ണൂർ, തുറയൂർ, അരിക്കുളം, കൂത്താളി, മേപ്പയൂർ, നൊച്ചാട്, കീഴരിയൂർ പഞ്ചായത്തുകളിൽ 2011 മുതൽ നടപ്പിലാക്കിയ പ്രവൃത്തികളും അടങ്കൽ തുകയും സംബന്ധിച്ച റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. *

**റബ്ബർ ബോർഡ് പുനഃസംഘടന**

136 (3340) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ ബോർഡ് പുനഃസംഘടന നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പുനഃസംഘടിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ&ബി) റബ്ബർ ബോർഡ് പുനഃസംഘടിപ്പിക്കുന്നത് കേന്ദ്ര സർക്കാരാണ്.

**സഹസ്ര സരോവർ പദ്ധതി**

137 (3341) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായുള്ള സഹസ്ര സരോവർ പദ്ധതിയിൽപ്പെടുത്തി കുളങ്ങൾ നവീകരിക്കാറുണ്ടോ; എങ്കിൽ ഇതിനായി കുളങ്ങൾ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ;

(ബി) ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട ഏതെല്ലാം കുളങ്ങൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ടെന്നും പുതിയതായി ഏതെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സഹസ്ര സരോവർ പദ്ധതി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമല്ല.

(ബി) ബാധകമല്ല.

**സഹസ്ര സരോവർ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ**

138 (3342) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സഹസ്ര സരോവർ പദ്ധതി പ്രകാരം കൊല്ലം ജില്ലയിൽ ഏതെല്ലാം കുളങ്ങൾ നവീകരിക്കുന്നതിനു പ്രൊപ്പോസൽ ലഭിച്ചിരുന്നു;

(ബി) ഇത് പ്രകാരം ഏതെല്ലാം പദ്ധതികൾക്കാണ് നാളിതുവരെ ഭരണാനുമതി നൽകിയത്; നിയോജക മണ്ഡലം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സഹസ്ര സരോവർ പദ്ധതി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമല്ല.

(ബി) ബാധകമല്ല.

**സമഗ്ര കാർഷിക നയം**

139 (3343) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കാർഷിക നയത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നയം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(സി) കർഷകത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്. സമഗ്ര കാർഷിക നയത്തിന് രൂപം നൽകുകയും ആയത് അംഗീകരിച്ച് 28-03-2015-ലെ സ.ഉ.(പി) നമ്പർ 59/15/കൃഷി ആയി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൃഷി ഭൂമി പരമാവധി ഉപയോഗപ്പെടുത്തി കാർഷികവൃത്തിയിൽ നിന്നും വരുമാനം ഉറപ്പാക്കുക, കർഷകർക്കും കർഷക തൊഴിലാളികൾക്കും മാന്യത ഉറപ്പാക്കുക, കൃഷി ഭൂമിയുടെ സുസ്ഥിര സംരക്ഷണം ഉറപ്പാക്കുക, കൃഷിയും പരിസ്ഥിതി സംരക്ഷണവും നിലനിർത്തുക, കാർഷിക ഗവേഷണങ്ങൾ കൂടുതൽ കർഷകർക്ക് പ്രയോജനകരമാക്കുക, യുവതലമുറയെ കൃഷിയിലേയ്ക്കാകർഷിക്കുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങളാണ് കാർഷിക വികസന നയം നടപ്പാക്കുന്നത് വഴി കൈവരിക്കുവാൻ ലക്ഷ്യമിടുന്നത്.

(സി) കർഷകത്തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ തൊഴിൽ ബാങ്കുകൾ തുടങ്ങുന്നതിന് നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. കാർഷിക രംഗത്ത് 100 ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന എല്ലാ കർഷകത്തൊഴിലാളികൾക്കും പ്രോൽസാഹന ധനസഹായം നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. (നയം 41 -ഉം 42-ഉം അനുബന്ധമായി ചേർത്തിട്ടുണ്ട്. *)

**നിറവ് പദ്ധതിയുടെ നിർവ്വഹണം**

140 (3344) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) നിറവ് പദ്ധതിക്ക് തെരഞ്ഞെടുത്ത നിയോജക മണ്ഡലങ്ങൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ 4 വർഷക്കാലയളവിൽ പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്ര; വിനിയോഗിച്ച തുകയുടെയും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബഡ്ജറ്റ് തുകയ്ക്ക് പുറമേ പ്രസ്തുത പദ്ധതിക്കായി പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ എത്ര തുക അനുവദിച്ചു ; വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ അവലോകന റിപ്പോർട്ട് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) നിറവ് പദ്ധതി നടപ്പാക്കുവാൻ കേരളത്തിലെ 86 നിയോജക മണ്ഡലങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. അവയുടെ പേരു വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലങ്ങളിലെ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു.

(സി) ധനപുനർവിനിയോഗം വഴി തുക ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവെങ്കിലും അപ്രകാരം തുക ലഭിച്ചിട്ടില്ല.

(ഡി) നിറവ് പദ്ധതിയുടെ നടത്തിപ്പ് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ആകയാൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നത് ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലുമാണ്. എന്നാൽ മണലൂർ, ചാത്തന്നൂർ, കൊടുങ്ങല്ലൂർ, ചിറയിൻകീഴ്, കൊയിലാണ്ടി എന്നീ മണ്ഡലങ്ങളുടെ അവലോകനം കൃഷി മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. അവയുടെ അവലോകന റിപ്പോർട്ടുകൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

**കർഷക സേവന കേന്ദ്രങ്ങൾ**

141 (3345) <u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> :
<u>ശ്രീ. കെ. അജിത്</u> :
<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം; പ്രസ്തുത കേന്ദ്രങ്ങളുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കർഷക കേന്ദ്രങ്ങളിൽ എന്തെങ്കിലും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 49 ബ്ലോക്കുകളിൽ കർഷക സേവന കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്:

1. കൃഷി ലാഭകരമാക്കുന്നതിന് അവശ്യം വേണ്ട തൊഴിലാളികൾ, നടീൽ വസ്തുക്കൾ, മെഷിനറികൾ, വളങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ഒരേ കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുന്നു.

2. തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

3. മണ്ണ് പരിശോധന, രോഗ കീടം എന്നിവയുടെ നിർണ്ണയം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുന്നതിൽ സഹായിക്കുന്നു.

4. ട്രാക്ടർ, തെങ്ങ് കയറ്റ യന്ത്രം, വീഡ് കട്ടർ, പവർ സ്പ്രേയർ ഡ്രൈയർ, പമ്പ് സെറ്റ്, പവർ ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ ഈ സേവന കേന്ദ്രങ്ങളിൽ ലഭ്യമാണ്. ഇവ ന്യായമായ വാടകക്ക് ലഭ്യമാക്കുകയും കർഷകരുടെ യന്ത്ര സാമഗ്രികൾ റിപ്പയർ ചെയ്ത് കൊടുക്കുകയും ചെയ്യുന്നു.

5. അഗ്രോ സർവ്വീസ് സെന്റർ വഴി വിവിധ കാർഷികവൃത്തികളായ നിലമൊരുക്കൽ, ഞാറ്റടി തയ്യാറാക്കൽ, കാട് വെട്ടൽ, മരുന്ന് തളി, വിളവെടുപ്പ് എന്നിവയിൽ തൊഴിലാളികളുടെ സേവനം ലഭ്യമാണ്.

(ബി) മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ചവച്ചിട്ടുള്ള അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ ബയോഫാർമസി, നഴ്സറി എന്നിവ തുടങ്ങുന്നതിന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ മൂന്ന് ചക്ര വാഹനങ്ങൾ, മറ്റ് ആവശ്യമായ യന്ത്രോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും സഹായം ലഭ്യമാക്കിയിട്ടുണ്ട്. സൗകര്യങ്ങൾ ലഭ്യമായ അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ്

ലാബുകൾ ആരംഭിക്കുന്നതിന് 9.5 ലക്ഷം രൂപ (ഒരു ലാബിന്) ലഭ്യമാണ്. നിലവിൽ കൂത്തുപറമ്പ്, കോതമംഗലം, പഴയന്നൂർ എന്നീ അഗ്രോ സർവ്വീസ് കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചിട്ടുണ്ട്.

## നെല്ല് ഉൽപാദനം

142 (3347) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ ഉണ്ടായിരുന്ന നെൽവയൽ ഭൂമിയുടെ വിസ്തൃതി എത്ര; ആയത് 2015-16-ൽ എത്ര; നെല്ല് ഉൽപാദനം പ്രസ്തുത കാലയളവിനുള്ളിൽ എത്രയായി കുറഞ്ഞു; വിശദാംശം വ്യക്തമാക്കുമോ;

(ബി) കൃഷിയിറക്കാതെ തരിശായി കിടക്കുന്ന പാടങ്ങൾ ഉപയോഗ ശൂന്യമായതിന്റെ കാരണം വിലയിരുത്തി കൃഷിക്ക് ഉപയുക്തമാക്കാനും തരിശു നിലങ്ങളിൽ മുഴുവൻ കൃഷിയിറക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) നിലവിൽ വിളമേനി (ഉൽപാദന ശേഷി) ഹെക്ടറിന് എത്ര ടൺ; ആയത് വർദ്ധിപ്പിക്കുവാൻ ഈ സർക്കാർ ആവശ്യമായ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സാമ്പത്തിക പ്രതിസന്ധിമൂലം എത്ര നെൽകർഷകർ ആത്മഹത്യ ചെയ്തു; ഇവരുടെ കുടുംബത്തിന് എന്തൊക്കെ ധനസഹായങ്ങൾ നല്കി; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 208160 ഹെക്ടർ നെൽ വയൽ ഉണ്ടായിരുന്നു. ആയത് 2012-13-ൽ 197277 ഹെക്ടറും 2013-14-ൽ 199611 ഹെക്ടറുമാവുകയുണ്ടായി. 2011-12 വർഷം ഉൽപ്പാദനം 568990 മെ.ടൺ ആയിരുന്നത് 2014 -15 ആയപ്പോൾ 562090 മെ.ടൺ ആയിട്ടുണ്ട്. 2011-12-ൽ ഉൽപ്പാദനക്ഷമത (അരിയുടെ) 2733 കിലോ ആയിരുന്നത് 2014-15-ൽ 2836 കിലോഗ്രാമായി വർദ്ധിച്ചിട്ടുണ്ട്.

(ബി) തരിശായി കിടക്കുന്ന നെൽവയലുകളിൽ തരിശുനില നെൽകൃഷി

വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയത് 2011-12 വർഷം 3407 ഹെക്ടർ, 2012-13 വർഷം 1373.4 ഹെക്ടർ 2013-14 വർഷം 1903.95 ഹെക്ടർ 2014-15 വർഷം 1805.8 ഹെക്ടർ എന്നിങ്ങനെ ഘട്ടംഘട്ടമായി തരിശുനിലം നെൽകൃഷി യോഗ്യമാക്കി മാറ്റി വരുന്നുണ്ട്. 2015-16 വർഷം 2000 ഹെക്ടറിൽ തരിശുനില നെൽകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) 2011-12-ൽ അരിയുടെ ഉൽപ്പാദനക്ഷമത 2733 കിലോഗ്രാം ആയിരുന്നത് 2014-15-ൽ 2836 കിലോഗ്രാമായി വർദ്ധിച്ചിട്ടുണ്ട്. നിലവിൽ തരിശായി കിടക്കുന്ന നെൽ വയലുകൾ കൃഷി യോഗ്യമാക്കി മാറ്റി ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിച്ച് നിലവിലുള്ള സ്ഥലങ്ങളിൽ നിന്ന് പരമാവധി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം. അതിനായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖാന്തരം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സുസ്ഥിര നെൽകൃഷി വികസനം:

നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.

വികസന ഏജൻസികൾക്കുള്ള ഫണ്ട്:

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം:

ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം:

ഗ്രൂപ്പ് ഫാമിങ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ

വകയിരുത്തിയിട്ടുണ്ട്.

<u>തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.):</u>

തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 7500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

(ആർ.കെ.വി.വൈ.) പൊക്കാളി നെൽകൃഷി വികസന പദ്ധതി. 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽ കർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉൽപ്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഇൻകം ഗ്യാരണ്ടി സ്കീം**

143 (3348) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട-നാമമാത്ര കർഷകർക്കുവേണ്ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ഇൻകം ഗ്യാരണ്ടി സ്കീം നടപ്പിലാക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക വകയിരുത്തി; എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(സി) ആകെ എത്ര കർഷകർ പദ്ധതിയിൽ അംഗങ്ങളായി; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ചെറുകിട-നാമമാത്ര കർഷകർക്കുള്ള ഇൻകം ഗ്യാരണ്ടി സ്കീം ഇതുവരെ നടപ്പാക്കിയിട്ടില്ല.

(ബി) ഈ പദ്ധതിക്കായി 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ വകയിരുത്തുന്നതാണ് എന്ന് പ്രഖ്യാപിച്ചു എങ്കിലും 2014-15, 2015-16 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ബാധകമല്ല.

**കെരഫെഡ്-എഫ്.ഐ.ടി. സംരംഭം**

144 (3349) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തെങ്ങിൻതടി ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിധ്യവൽക്കരണത്തിനുമായി കേരഫെഡ്-എഫ്.ഐ.ടി. സംരംഭം തുടങ്ങുമെന്ന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; പ്രഖ്യാപനം നടത്തിയത് എപ്പോൾ; സംരംഭം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) പ്രസ്തുത സംരംഭവുമായി ബന്ധപ്പെടുത്തി കഴിഞ്ഞ ഓരോ ബഡ്ജറ്റിലും അനുവദിച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക എത്രയെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ ;

(സി) തെങ്ങുകൃഷി പുനർജീവന പദ്ധതി നിലനിർത്തിയിട്ടുണ്ടോ ; ഇപ്രകാരം എത്ര ലക്ഷം തെങ്ങുകൾ വെട്ടിമാറ്റിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് പ്രഖ്യാപനം നടത്തിയിട്ടുള്ളത്.ഈ സംരംഭം കൃഷി വകുപ്പിലൂടെ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

(ബി) 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത സംരംഭവുമായി ബന്ധപ്പെടുത്തി കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) വിവരം ശേഖരിച്ചു വരുന്നു.

**റബ്ബർ വില സംരക്ഷണം**

145 (3350) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് വില സംരക്ഷണത്തിനായി സർക്കാർ എത്ര തുക നീക്കി വച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; സംസ്ഥാനത്ത് എത്ര റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് റബ്ബർ കർഷകർക്ക് വിലസംരക്ഷണത്തിനായി 25-2-2014 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി പ്രകാരം നടപ്പിലാക്കിയ റബ്ബർ സംഭരണ പദ്ധതിയിൽ, സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ് ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ 2013-14-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നല്കിയിട്ടുണ്ട്. 2014-15-ൽ റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികളായ മാർക്കറ്റ് ഫെഡിനും റബ്ബർമാർക്കിനും ആകെ 12 കോടി രൂപ നൽകിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 10-12-2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. 10-12-2015 വരെ 3,07,594 റബ്ബർ കർഷകർ ഈ പദ്ധതിയിൻകീഴിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. സബ്സിഡിയിനത്തിൽ ലഭ്യമാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | സബ്സിഡി തുക (കോടിയിൽ) |
|---|---|
| തിരുവനന്തപുരം | 2.08 |
| കൊല്ലം | 4.21 |
| ആലപ്പുഴ | 0 |
| പത്തനംതിട്ട | 2.88 |
| കോട്ടയം | 7.27 |
| ഇടുക്കി | 2.66 |
| തൃശ്ശൂർ | 1.65 |
| എറണാകുളം | 4.31 |
| പാലക്കാട് | 4.41 |
| മലപ്പുറം | 6.24 |

| | |
|---|---|
| കോഴിക്കോട് | 1.52 |
| കണ്ണൂർ | 5.91 |
| വയനാട് | 0 |
| കാസർഗോഡ് | 3.16 |
| ആകെ | 46.30 |

**കർഷക കടാശ്വാസ കമ്മീഷൻ**

146 (3351) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
ശ്രീ സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി എത്ര വർഷത്തേയ്ക്ക് ദീർഘിപ്പിക്കുവാൻ തീരുമാനിച്ചെന്ന് വ്യക്തമാക്കാമോ ;

(ബി) കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകരെ ആത്മഹത്യയിൽ നിന്നും രക്ഷിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 2015 മേയ് 21-ാം തീയതി മുതൽ മൂന്ന് വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകുന്നുണ്ട്. കൂടാതെ കൃഷി നശിച്ച കർഷകർക്ക് വീണ്ടും വിതയ്ക്കുന്നതിനായി " കണ്ടിജൻസി പ്രോഗ്രാം ടു മീറ്റ് നാച്ചുറൽ കലാമിറ്റി" എന്ന പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ വിത്ത് നൽകുന്നുണ്ട്.

11-06-2012-ലെ സ.ഉ.(എം.എസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം നിശ്ചയിച്ചിരുന്ന നിരക്കിലാണ് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം നൽകിയിരുന്നത്. SDRF-ൽ നിന്ന് ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം അതതു കാലത്ത് കേന്ദ്ര സർക്കാർ പരിഷ്കരിക്കാറുണ്ട്. അതനുസരിച്ച് 1-03-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ. (എം.എസ്.) നമ്പർ 470/2013/ഡി.എം.ഡി. ഉത്തരവും ഇതേ രീതിയിൽ തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും പ്രകാരം, കൃഷിനാശത്തിന് നൽകി വന്നിരുന്ന ധനസഹായത്തിൽ കുറവ് വരികയുണ്ടായി. ആയത് നികത്തുന്നതിന് ആവശ്യമായ തുക

കൃഷി വകുപ്പിന്റെ ഫണ്ടിൽനിന്ന് ചെലവഴിക്കുന്നതിന് 1-04-2015 മുതൽ പ്രാബല്യത്തിൽ ഉത്തരവായിട്ടുണ്ട്.

**റബ്ബർ കർഷകരെ സഹായിക്കൽ**

147 (3352) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കർഷകരെ സഹായിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കർഷകർക്ക്എത്ര രൂപ ലഭ്യമായിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വിശദമാക്കുമോ?

ഉത്തരം

റബ്ബർ കർഷകരെ സഹായിക്കുന്നതിന് 25-02-2014-ലെ സ.ഉ. (എം.എസ്.) 56/2014/കൃഷി പ്രകാരം വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ 2013-14-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ റബ്ബർ സംഭരണത്തിനായി, 2014-15-ൽ സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനുമായി 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 10-12-2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ**

148 (3353) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഉൾപ്പെടെയുള്ള കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) റബ്ബർ കർഷകരുടെ പ്രശ്നങ്ങൾ പഠിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) റബ്ബർ അധിഷ്ഠിത ഉത്പാദന യൂണിറ്റുകൾ ആരംഭിച്ച് റബ്ബർ കർഷകരെ സഹായിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ഡി) സിന്തറ്റിക് റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കുവാനും കർഷകരെ സഹായിക്കുന്നതിന് കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനും നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) കാർഷിക ഉല്പന്നങ്ങളിൽ റബ്ബറാണ് ഇപ്പോൾ വിലയിടിവ് നേരിടുന്നത്. റബ്ബർ വിലയിടിവ് തടയുന്നതിനായും റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-02-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/ കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്. റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ കേന്ദ്ര സർക്കാർ തീരുമാനമായിട്ടുണ്ട്. റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നുണ്ട്.

നാളികേരത്തിന് ന്യായമായ വില ഉറപ്പ് വരുത്തുന്നതിനായി സംസ്ഥാന സർക്കാർ കൃഷി ഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമേ നെല്ലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയിലുൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്.

(ബി) റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ് എന്ന് ബോധ്യപ്പെട്ടതിനാൽ, സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് നിവേദനത്തിലൂടെ ചുവടെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെടുകയുണ്ടായി.

1. റബ്ബറിന്റെ ഇറക്കുമതി തടയുക.

2. റബ്ബർ വ്യവസായത്തെ Make in India പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. റബ്ബർ ഷീറ്റിന്റെയും, റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.
4. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക്ക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക.
5. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക.
6. ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക.
7. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുക.
8. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക.
9. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കുക.
10. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക എന്നിവയാണ്.

2013-14 കാലയളവിൽ ഇന്ത്യയിലെ റബ്ബർ ഉൽപാദനം 8.41 ലക്ഷം ടൺ ആയിരുന്നു. ഈ കാലയളവിലെ ഉപഭോഗം 9.8 ലക്ഷം ടൺ ആയിരുന്നു. ആഭ്യന്തര വിപണിയിലുണ്ടായ ഈ കമ്മി പരിഹരിക്കുന്നതിന് 3.25 ലക്ഷം ടൺ സ്വാഭാവിക റബ്ബർ ഇറക്കുമതി ചെയ്തു. അതിന്റെ 35% അഡ്വാൻസ് ആതറൈസേഷൻ പദ്ധതി പ്രകാരം മൂല്യവർദ്ധന നടത്തി കയറ്റുമതി ചെയ്യുന്നതിനായിരുന്നു. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കണക്കു പ്രകാരം 2014-15 കാലയളവിൽ ഈ കമ്മി 1.3 ലക്ഷം ടൺ ആകുമെന്ന് കരുതുന്നു.


3157/2017

മാത്രമല്ല റബ്ബർ വിലയിടിവുമൂലം റബ്ബർ വിപണിയിലെത്തുന്നതിന്റെ അളവും കുറവാണ്. ഇതുകാരണം വ്യവസായ ആവശ്യത്തിന് റബ്ബർ ഇറക്കുമതി ആവശ്യമാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരിക്കുന്നു. റബ്ബർ സ്റ്റോക്കിന്റെയും കമ്മിയുടെയും കണക്കുകൾ ശരിയല്ലായെന്ന പരാതി കാരണം ഈ പ്രശ്നം പരിഹരിക്കുന്നതിന് നിർദ്ദേശം നല്കുവാൻ എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയുടെ കീഴിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. റബ്ബർ വ്യവസായത്തെ Make in India പദ്ധതിയിൽ ഉൾപ്പെടുത്തുക എന്ന ആവശ്യം പരിഗണിക്കുന്നതിന് കേന്ദ്ര വാണിജ്യ വകുപ്പ് കേന്ദ്ര വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ ഷീറ്റിന്റെയും, റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുക എന്ന ആവശ്യത്തിന്മേൽ സ്വാഭാവിക റബ്ബറിന്റെ ഇപ്പോഴത്തെ ഇറക്കുമതി ചുങ്കം 20 ശതമാനമോ 30 രൂപയോ ഏതാണോ കുറവ് അതാണ്. സ്വാഭാവിക റബ്ബറിന്റെ ഡ്രൈ ഫോമിന് ചുമത്താവുന്ന ഏറ്റവും കൂടിയ നികുതി (ബൗണ്ട് ഡ്യൂട്ടി) 25% ആണ്. റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് 2 രൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക എന്ന ആവശ്യം എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയിൽ ചർച്ച ചെയ്യുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക എന്ന ആവശ്യം പരിഗണിക്കുന്നതിന് കേന്ദ്ര വാണിജ്യ വകുപ്പ്, കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40% ആയി വർദ്ധിപ്പിക്കുന്നതിന് എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയിൽ ചർച്ച ചെയ്യുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. റബ്ബർ ഉല്പാദനം വർദ്ധിപ്പിക്കുവാനും റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുവാനുമായി റബ്ബർ ബോർഡിൽ നിലവിൽ പ്ലാന്റേഷൻ സബ്സിഡി സ്കീം ഉണ്ട്. സ്വാഭാവിക റബ്ബറിന് വിലസ്ഥിരത ഏർപ്പെടുത്തുവാൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന നിർദ്ദേശം റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങൾക്കും ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. റബ്ബർ തടിയെ കാർഷിക ഉല്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കുക എന്ന നിർദ്ദേശം കേന്ദ്ര ധനകാര്യ വകുപ്പ് പരിഗണിക്കുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് 36 അംഗങ്ങളുള്ള എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയിൽ നിലവിൽ 5 കർഷക പ്രതിനിധികളുണ്ട്. ആവശ്യമെങ്കിൽ ഈ കമ്മിറ്റിക്ക് കൂടുതൽ അംഗങ്ങളെ കോ-ഓപ്റ്റ് ചെയ്യുവാനുള്ള അധികാരമുണ്ടെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) വിവിധ മാർക്കറ്റിംഗ് ഫെഡറേഷനുകൾ വഴി ഇറക്കുമതി നിരക്കിൽ RSS-IV റബ്ബർ സംഭരിക്കുവാനുള്ള സാധ്യതകൾ പരിശോധിക്കുന്നുണ്ട്.

**റബ്ബർ ഉല്പാദനവും വിലയും**

149 (3354) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെയുള്ള റബ്ബർ ഉൽപാദനത്തെയും റബ്ബറിന് കർഷകർക്കു ലഭ്യമാകുന്ന വിലയെയും സംബന്ധിച്ച വിശദാംശങ്ങൾ എല്ലാ വർഷവും ഡിസംബർ മാസം ഒന്നാം തീയതിയെ അടിസ്ഥാനപ്പെടുത്തി ലഭ്യമാക്കാമോ;

(ബി) റബ്ബർ കർഷകരുടെ രക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്നും, ഇതിനായി എന്തു തുക നീക്കിവച്ചെന്നും, ഇതിൽ പ്രതിവർഷം എത്ര തുക വീതം ചെലവഴിച്ചെന്നും വിശദമാക്കാമോ?

ഉത്തരം

(എ) റബ്ബർ ഉല്പാദനം സംബന്ധിച്ച കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | റബ്ബർ ഉല്പാദനം (ടൺ) |
|---|---|
| 2010-11 | 770580 |
| 2011-12 | 798940 |
| 2012-13 | 800050 |
| 2013-14 | 648220 |
| 2014-15 | 507700 |

റബ്ബറിന് കർഷകർക്ക് ലഭ്യമാകുന്ന വില ഡിസംബർ മാസം ഒന്നാം തീയതിയെ അടിസ്ഥാനപ്പെടുത്തിയുള്ളത് ചുവടെ ചേർക്കുന്നു:

| തീയതി, വർഷം | റബ്ബർ വില കിലോയ്ക്ക് RSS - 4 | RSS - 5 |
|---|---|---|
| 1-12-2011 | 198.00 | 194.00 |
| 1-12-2012 | 166.00 | 162.00 |
| 2-12-2013 | 153.50 | 143.50 |
| 1-12-2014 | 117.00 | 112.50 |
| 1-12-2015 | 106.00 | 104.50 |

(ബി) റബ്ബറിന്റെ വിലയിടിവിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനായി 25-02-2014 -ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 56/2014/കൃഷി പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം സംഭരണ ഏജൻസികളായ റബ്ബർമാർക്കിനും മാർക്കറ്റ്ഫെഡിനും കൈകാര്യച്ചെലവിനായി 4 കോടി രൂപ 2013-14-ൽ സഹകരണ സംഘം രജിസ്ട്രാർക്ക് നൽകിയിട്ടുണ്ട്.

2014-15-ൽ റബ്ബർ സംഭരണത്തിനായി സംഭരണ ഏജൻസികളായ മാർക്കറ്റ്ഫെഡിനും റബ്ബർമാർക്കനും ആകെ 12 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 10-12-2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**റബ്ബർ കർഷകർക്കായുള്ള വിലസ്ഥിരതാ ഫണ്ട്**

150 (3355) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി രൂപം നൽകിയ വില സ്ഥിരതാഫണ്ട് പ്രകാരം ഒരു കിലോഗ്രാം റബ്ബറിന് എത്ര രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്;

(ബി) നാളിതുവരെ എത്ര തുകയുടെ ആനുകൂല്യം കർഷകർക്ക് നൽകിയിട്ടുണ്ട്;

(സി) പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്?

<u>ഉത്തരം</u>

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിനായി രൂപം നൽകിയ വില സ്ഥിരതാഫണ്ട് (റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം) പ്രകാരം ഒരു കിലോ റബ്ബറിന് 150 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 10-12-2015 വരെ 46.30 കോടി രൂപ സബ്സിഡിയിനത്തിൽ കർഷകർക്ക് നേരിട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(സി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**അടുക്കള പച്ചക്കറിത്തോട്ടങ്ങൾ**

151 (3356) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുക്കള പച്ചക്കറിത്തോട്ടങ്ങൾ വ്യാപകമാക്കുന്നതിന് പദ്ധതികൾ എന്തൊക്കെയാണ് ;

(ബി) സബ്സിഡി ഇനത്തിൽ പച്ചക്കറിത്തോട്ടങ്ങൾ വീടുകളിൽ സ്ഥാപിക്കുന്നതിന് ചെയ്യുന്ന സഹായങ്ങൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മട്ടുപ്പാവുകളിൽ കൃഷി ചെയ്യുന്നതിന് ഗ്രോബാഗ് വിതരണം, വിദ്യാർത്ഥികൾക്കും വീട്ടമ്മമാർക്കും, സ്കൂൾ, കൃഷി ഭവൻ, മാധ്യമങ്ങൾ, എൻ.ജി.ഒ. എന്നിവ വഴി പച്ചക്കറി വിത്ത് കിറ്റ് വിതരണം തുടങ്ങിയ ഘടകങ്ങൾ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ അടുക്കള പച്ചക്കറിത്തോട്ടങ്ങൾ വ്യാപകമാക്കുന്നതിനായി നടപ്പിലാക്കിവരുന്നു. വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ വഴി 'ഹരിതനഗരി ' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ബി) മേൽപ്പറഞ്ഞ പദ്ധതി ഘടകങ്ങളിൽ പച്ചക്കറി വിത്ത് കിറ്റ് സൗജന്യമായും 25 ഗ്രോബാഗുകളടങ്ങുന്ന 2000 രൂപ വിലയുള്ള യൂണിറ്റിന് 75 ശതമാനം (1500 രൂപ) സബ്സിഡി നിരക്കിൽ പച്ചക്കറിത്തോട്ടങ്ങൾ വീടുകളിൽ സ്ഥാപിക്കുന്നതിനും സഹായം നൽകിവരുന്നു.

**ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ**

152 (3357) ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. കെ. അജിത് :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രഖ്യാപിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ജൈവ കാർഷിക ഉൽപ്പന്നങ്ങൾ ഏറ്റെടുക്കുന്നതിന് ഏതെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ജൈവ കർഷകരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഏതെങ്കിലും കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 2014-15 ലാണ് സമ്പൂർണ്ണ ജൈവ കാർഷിക പദ്ധതി പ്രഖ്യാപിക്കപ്പെട്ടത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. 2016-ഓടുകൂടി കേരളത്തെ സമ്പൂർണ്ണ ജൈവ സംസ്ഥാനമായി പ്രഖ്യാപിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് തുടർന്നുവരുന്നത്.

(ബി) കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം ആരംഭിച്ച ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷൻ മുഖേനയും ക്ലസ്റ്റർതല ശേഖരണ കേന്ദ്രങ്ങൾ മുഖേനയും സംഭരിച്ച് വിപണനം നടത്തുന്ന പച്ചക്കറികളിൽ ഭൂരിഭാഗവും പ്രാദേശികമായി കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറികളാണ്. ഈ സംവിധാനം കൂടുതൽ വിപുലീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജൈവ ഉല്പന്നങ്ങളും ഉല്പാദനോപാധികളും മാത്രം കൈകാര്യം ചെയ്യുവാനായി 5 ഇക്കോഷോപ്പുകൾ കാസർഗോഡ് ജില്ലയിൽ ആരംഭിച്ചു. ബാക്കി 13 ജില്ലകളിൽ കൂടി 65 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ സംസ്ഥാനത്തെ 14 ജില്ലകളിലുമായി 273 സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിച്ചുവരുന്നു. ജൈവ കാർഷിക ഉല്പന്നങ്ങൾ ഉൾപ്പെടെ കർഷകർ

ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും കർഷക പങ്കാളിത്തത്തോടെ നടത്തുന്ന ഈ സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലം ചെയ്താണ് വിപണനം നടത്തുന്നത്. കൂടാതെ 140 പച്ചക്കറി ചില്ലറ വില്പനശാലകളും കൗൺസിലിന് കീഴിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ജൈവകൃഷി പ്രോത്സാഹനത്തിനായി കേന്ദ്ര സഹായമായി 849.38 ലക്ഷം രൂപയുടെ പദ്ധതിക്ക് 2015-16 വർഷം അംഗീകാരം ലഭിച്ചിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.കെ.വി.വൈ. (പരമ്പരാഗത കൃഷി വികാസ് യോജന) മുഖേന 119 ക്ലസ്റ്ററുകളിലൂടെ ജൈവ കൃഷി പ്രോത്സാഹനത്തിനുള്ള വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു.

സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവകൃഷി വ്യാപനം, ജൈവ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖാന്തരം നടപ്പിലാക്കി വരുന്നുണ്ട്.

**കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ**

153 (3358) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാർഷിക വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിളകളുടെ വിലത്തകർച്ച തടയുന്നതിനും വിപണി ഉറപ്പ് വരുത്തുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഉൽപ്പാദനോപാധികളുടെ വിലവർദ്ധനവ്, തൊഴിലാളികളുടെ കുറവ് തുടങ്ങി പ്രസ്തുത മേഖല നേരിടുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് കൃഷി ആകർഷകമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കുറഞ്ഞ ഉല്പാദനം, ഉല്പാദനക്ഷമത, വിപണിയിൽ കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ്, പ്രകൃതിക്ഷോഭം, കീടരോഗബാധ, തൊഴിലാളികളുടെ

അഭാവം തുടങ്ങിയവയാണ് കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇവയെപ്പറ്റി പഠിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തിനായി വിവിധ കാർഷിക വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ കാർഷിക മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു കാർഷിക നയം സർക്കാർ അടുത്തകാലത്ത് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി&സി) കാർഷിക വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വിളകളുടെ വിലത്തകർച്ച തടയുന്നതിനും വിപണി ഉറപ്പ് വരുത്തുന്നതിനും ഉൽപാദനോപാധികളുടെ വിലവർദ്ധനവ്, തൊഴിലാളികളുടെ കുറവ് തുടങ്ങി കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിച്ച് കൃഷി ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

**ഇതായത്ത് നഗറിൽ കാർഷിക വിപണന കേന്ദ്രം**

154 (T*3359) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിലെ മധൂർ പഞ്ചായത്ത് ഇതായത്ത് നഗറിൽ കാർഷിക വിപണന കേന്ദ്രത്തിനായി കെട്ടിടം നിലവിലുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഇവിടെ കാർഷിക വിപണന കേന്ദ്രം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൃഷി വകുപ്പിന്റെ കീഴിൽ മധൂർ പഞ്ചായത്തിൽ ഇതായത്ത് നഗറിൽ കാർഷിക വിപണന കേന്ദ്രം തുടങ്ങിയിട്ടില്ല. ആയതിനായി കൃഷി വകുപ്പിന്റെ കീഴിൽ കെട്ടിടം ഇല്ല.

(ബി) ബാധകമല്ല.

(സി) ഇവിടെ കാർഷിക വിപണന കേന്ദ്രം ആരംഭിക്കുന്ന കാര്യം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പരിഗണനയിലില്ല.

**കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നത്**

155 (3360) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം നാളിതുവരെ ലഭിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എൻഡോസൾഫാൻ ദുരിതബാധിതർ മരണപ്പെടുകയും ആത്മഹത്യ ചെയ്യുകയും ഉണ്ടായി; മരണപ്പെടുന്നവരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ഇ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ഈ സർക്കാർ പ്രഖ്യാപിക്കുന്ന കാർഷിക കടങ്ങൾ എഴുതി തള്ളൽ/കാർഷിക കടങ്ങൾക്കുള്ള മോറട്ടോറിയം/മറ്റ് സഹായങ്ങൾ എന്നിവ ലഭ്യമാക്കുന്നില്ലെന്ന വ്യാപകമായ പരാതിയും മാധ്യമ വാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാർഷിക കടങ്ങൾ എഴുതിത്തള്ളുന്നതിന് കൃഷി വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) 1109 പേർ നാളിതുവരെ എൻഡോസൾഫാൻ ദുരിതബാധിതരായി മരിച്ചിട്ടുണ്ട്. മരിച്ചവരിൽ 670 പേരുടെ ആശ്രിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പ്രകാരമുള്ള പ്രത്യേക ധനസഹായമായി 19.74 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കാർഷിക കടങ്ങൾ ഉൾപ്പെടെയുള്ള കടങ്ങൾ എഴുതിത്തള്ളുന്ന വിഷയം പഠിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി സമിതി രൂപീകരിക്കുകയും സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി മാനദണ്ഡങ്ങൾ ബാധകമാക്കി 10-10-2014-ലെ സ.ഉ. (എം.എസ്.) നമ്പർ 298/14/ ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദുരിതബാധിതരുടെ കടങ്ങൾ സംബന്ധിച്ച് ലഭിച്ച അപേക്ഷകൾ ബാങ്കുകളുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും 50,000 രൂപക്ക് മുകളിൽ കടബാദ്ധ്യതകളുള്ള വ്യക്തികളെ മൂന്ന് ഘട്ടങ്ങളിലായി ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടാശ്വാസത്തിനായി 10,90,76,648 രൂപ ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. തുക അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ&എഫ്) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതിത്തള്ളുന്നതിന് മാനദണ്ഡങ്ങൾ ബാധകമാക്കി 10-10-2014-ലെ സ.ഉ. (എം.എസ്.) നമ്പർ298/14/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷവും ചില ബാങ്കുകൾ ദുരിതബാധിതരുടെ കടബാദ്ധ്യതകൾക്കെതിരെ ജപ്തി മുതലായ നടപടികൾ സ്വീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് കടാശ്വാസ നടപടികൾ പൂർത്തിയാകുന്നതുവരെ ദുരിതബാധിതരുടെ കടബാദ്ധ്യതയ്ക്കെതിരെ ജപ്തി മുതലായ നടപടികൾ സ്വീകരിക്കുവാൻ പാടില്ലെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൃഷിഭൂമി തരിശിടുന്നത് തടയാൻ നടപടി**

156 (3361) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭൂമി തരിശിടുന്നത് തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ കൃഷി ഭൂമി വ്യാപകമായി തരിശായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നിലവിൽ നിയമങ്ങൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനാവശ്യമായ നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) കൃഷിഭൂമി തരിശിടുന്നത് കുറ്റകരമാക്കുന്ന രീതിയിൽ നിയമനിർമ്മാണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി മാറ്റപ്പെടുത്തുന്നത് തടയുവാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. അതിനും പുറമേ നിരവധി തരിശുനില നെൽകൃഷി വികസന പദ്ധതികൾ സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കി വരുന്നതുമൂലം ഘട്ടംഘട്ടമായി തരിശുനിലങ്ങളുടെ വിസ്തൃതി കുറഞ്ഞുവരുന്നുണ്ട്. 2011-12 മുതൽ 2014-15 വർഷം വരെ 8490.15 ഹെക്ടർ തരിശുനില നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിലവിലെ രേഖകൾ അനുസരിച്ച് 1500 ഹെക്ടറോളം നെൽകൃഷിക്കനുയോജ്യമായ കൃഷിഭൂമി തരിശായി പാലക്കാട് ജില്ലയിൽ ഉണ്ട്. വിവിധ പദ്ധതികളിലായി (ആർ.കെ.വി.വൈ., ഗ്രാമ ബ്ലോക്ക് തല പദ്ധതികൾ) തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

**കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലസ്ഥിരത**

157 (3362) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപന്നങ്ങൾക്ക് കാലാകാലങ്ങളിലുണ്ടാകുന്ന വിലയിടിവും വിളനാശവുംമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക ഉൽപന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാർഷിക ഉല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിന് സംസ്ഥാന

സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ കാർഷികോല്പന്നങ്ങളിൽ വിലയിടിവ് പ്രധാനമായും നേരിടുന്നത് റബ്ബറിനാണ്.

സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014-ലെ സ.ഉ. (എം.എസ്.)നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബർ കർഷകരെ സഹായിക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ " റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കുന്നതിന് 3-07-2015-ലെ സ.ഉ.(പി.) നമ്പർ 269/2015/ഫിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ കൃഷിഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്.

ഇതിനുപുറമേ നെല്ലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതിയിലുൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്.

**നെൽകൃഷി ലാഭകരമാക്കാൻ നടപടി**

158 (3363) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി നഷ്ടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നെൽകൃഷി ലാഭകരമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) നിലവിൽ നെൽകൃഷിക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് ആകെ എത്ര ടൺ നെല്ല് ഉല്പാദിപ്പിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഏറ്റവും കൂടുതൽ ഉൽപ്പാദനച്ചെലവ് വരുന്ന ഒരു വിളയാണ് നെല്ല്. നെൽകൃഷി ലാഭകരമാക്കണമെങ്കിൽ ആയതിന്റെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുക എന്നതാണ് ഏറ്റവും പ്രാധാന്യമേറിയ കാര്യം. ആയത് മുന്നിൽ കണ്ടുകൊണ്ട് നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച് കർഷകരുടെ പാടങ്ങൾ ഒരുമിച്ച് ചേർത്ത് പാടശേഖര സമിതികളാക്കി, യന്ത്രവൽക്കരണം, നടീൽ, വിത, വളപ്രയോഗം, മരുന്നുതളി, ജലനിയന്ത്രണം, കൊയ്ത്ത്, മറ്റ് പ്രവൃത്തികൾ എല്ലാംതന്നെ തെരഞ്ഞെടുക്കപ്പെട്ട പാടശേഖരസമിതി കൺവീനർ മുഖാന്തരം ഗ്രൂപ്പടിസ്ഥാനത്തിൽ നടപ്പിലാക്കുകയും അത്തരത്തിൽ ഉൽപ്പാദനച്ചെലവിന്റെ 30-40% വരെ കുറച്ച് നെൽകൃഷി ലാഭകരമാക്കാൻ സാധിക്കുന്നു. 2015-16 വർഷം ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം 180000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി വരുന്നു.

(ബി) നിലവിൽ നെൽകൃഷിക്കായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന ആനുകൂല്യം നൽകി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- <u>സുസ്ഥിര നെൽകൃഷി വികസനം:</u>

നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉൽപ്പാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ, (ഒരു ഹെക്ടറിന് 6000 രൂപ സബ്സിഡി നിരക്കിൽ) നടപ്പിലാക്കി വരുന്നു.

- <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്:</u>

നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി

11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

- <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം:</u>

ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10000 രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

- <u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം:</u>

ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

- <u>തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ.):</u>

തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

- <u>(ആർ.കെ.വി.വൈ.) പൊക്കാളി നെൽകൃഷി വികസന പദ്ധതി :</u>

89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ഡി) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

- സുസ്ഥിര നെൽകൃഷി വികസനം
- വികസന ഏജൻസികൾക്കുള്ള ഫണ്ട്
- പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം.
- തരിശുനില നെൽകൃഷിവികസനം (ആർ.കെ.വി.വൈ.)
- (ആർ.കെ.വി.വൈ.) പൊക്കാളി നെൽകൃഷി വികസന പദ്ധതി.
- ഹെക്ടറിന് 1000 രൂപ തോതിൽ ഉൽപ്പാദന ബോണസ്.

(ഇ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**രാഷ്ട്രീയ കൃഷി വികാസ് യോജന**

159 (3364) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ നിഷ്കർഷിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി പ്രകാരം വാമനപുരം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ഓരോന്നിനും എത്ര തുക വീതം ചെലവാക്കിയെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽപ്പെടുത്തി വാമനപുരം നിയോജക മണ്ഡലത്തിൽ പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെ ആണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാർഷിക അനുബന്ധ മേഖലകളിൽ വളർച്ചാ നിരക്ക് ലഭ്യമാക്കുന്നതിന് സഹായിക്കുന്ന പദ്ധതികളാണ് രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

(ബി) <u>കൃഷി വകുപ്പ്</u>:

നെൽകൃഷി വികസനം - 482.3 ഹെക്ടർ - 14,47,120 രൂപ

തരിശുനില നെൽകൃഷി - 13.04 ഹെക്ടർ- 1,50,045 രൂപ

പച്ചക്കറി കൃഷി - 14.5 ഹെക്ടർ -3,62,500 രൂപ

പച്ചക്കറി തൈ വിതരണം (ഒരു ലക്ഷം തൈ) -2,20,000 രൂപ

വാഴകൃഷി വികസനം - 15 ഹെക്ടർ - 5,25,000 രൂപ

വാഴകൃഷി (ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതി)- 1,99,500 രൂപ

കിഴങ്ങുകൃഷി - 95 ഹെക്ടർ - 19,25,000 രൂപ

തെങ്ങുകൃഷി വികസനം - 225 ഹെക്ടർ -41,71,120 രൂപ

ജാതികൃഷി വികസനം - 1 ഹെക്ടർ - 20,000 രൂപ

വീഡ് കട്ടർ - 2 എണ്ണം - 12,000 രൂപ

കിണറുകളുടെ പുനരുദ്ധാരണം -6 എണ്ണം - 24,000 രൂപ

ജലസേചന പമ്പ്സെറ്റ് -4 എണ്ണം - 19,863 രൂപ

ആർ.കെ.വി.വൈ. പ്രകാരമുള്ള എസ്.എച്ച്.എം. പദ്ധതികൾ - 3,70,500 രൂപ

<u>ക്ഷീരവികസന വകുപ്പ്:</u>

(1) ഹൈജീൻകിറ്റ് വിതരണ പദ്ധതി (ആർ.കെ.വി.വൈ. 2012-13) : 56,812 രൂപ

(2) ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാന പദ്ധതി (ആർ.കെ.വി.വൈ. 2013-14) 6,50,000 രൂപ

<u>ഫിഷറീസ് വകുപ്പ്:</u>

മത്സ്യ സമൃദ്ധി പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ 29.22 ഹെക്ടർ സ്ഥലത്ത് ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കി വരുന്നു. ആയതിന് 244 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും 2,92,200 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ മത്സ്യ കർഷകർക്ക് പരിശീലനം നൽകിയ ഇനത്തിൽ 43,948 രൂപ ചെലവാക്കിയിട്ടുണ്ട്. വാമനപുരം ഗ്രാമപഞ്ചായത്തിൽ അനുവദിച്ച മത്സ്യ കർഷക ക്ലബിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കി വരുന്നു. ആയതിന് 5 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>മൃഗസംരക്ഷണ വകുപ്പ് :</u>

1. മെക്കനൈസേഷൻ ഓഫ് കൊമേർസിയൽ ഡയറി ഫാം (2011-12) -

2. 40,000 രൂപ

3. ഗ്രാമശ്രീ അസിസ്റ്റൻസ് റ്റു എഗ്ഗർ നഴ്സറി (2011-12) - 1,00,000 രൂപ

4. കാറ്റിൽ ഷെഡ് ഫ്ലോറിംഗ് (2011-12) - 5,40,000 രൂപ

5. എസ്.എൽ.ബി.പി. (കഴിഞ്ഞ 5 വർഷം) 35,53,440 രൂപ

(സി) കൃഷി വകുപ്പ് :

നെൽകൃഷി വികസനം - 75 ഹെക്ടർ - 3,37,500 രൂപ

എസ്.എച്ച്.എം. പദ്ധതി പ്രകാരമുള്ള വാഴകൃഷി വികസന പദ്ധതി - 5 ഹെക്ടർ - 1,31,250 രൂപ

പെരിങ്ങമ്മല ജില്ലാ കൃഷി ഫാം - ഏഴാം ബ്ലോക്ക് വികസനം - 142.5 ലക്ഷം രൂപ.

**ഓയിൽ പാം ഇന്ത്യാ ലിമിറ്റഡ്**

160 (3365) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽപാം ഇന്ത്യാ ലിമിറ്റഡിൽ ശമ്പളപരിഷ്കരണ നടപടികൾ ഏതുവരെയായി ; നിലവിലുള്ള ദീർഘകാല കരാറിന്റെ കാലാവധി അവസാനിച്ചിട്ട് എത്ര കാലമായി ;

(ബി) ശമ്പള പരിഷ്കരണത്തിന് പുതിയ കരാർ ഉണ്ടാക്കുന്നതിനായി തൊഴിലാളികൾ സമരത്തിൽ ആണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ 2 വർഷക്കാലമായി പ്രസ്തുത സ്ഥാപനത്തിൽ ഡോക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; എന്നു മുതൽ ഡോക്ടറുടെ സേവനം ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള വേതന വ്യവസ്ഥയുടെ കാലാവധി 30-06-2014-ൽ അവസാനിച്ചു. വേതന പരിഷ്കരണ ശിപാർശ പരിശോധനയിലുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. എസ്റ്റേറ്റ് മെഡിക്കൽ ഓഫീസറുടെ നിലവിലുള്ള ഒഴിവ് നികത്തുന്നതിനുവേണ്ടി പത്രപരസ്യം വഴി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. നടപടി ക്രമങ്ങൾ പൂർത്തിയാക്കിയശേഷമേ ഡോക്ടറെ നിയമിക്കാൻ കഴിയൂ.

**ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് -വർക്കർമാരുടെ നിയമനം**

161 (3366) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓയിൽപാം ഇന്ത്യ ലിമിറ്റഡിൽ പുതിയ വർക്കർമാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പുതുതായി എത്ര വർക്കർമാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്; ആദിവാസികൾക്കായി കണ്ടൻചിറ എസ്റ്റേറ്റിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകളിൽ ആദിവാസികളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) കണ്ടൻചിറ എസ്റ്റേറ്റ് ആദിവാസികൾക്ക് ജോലി നല്കുന്നതിലേക്ക് സ്ഥാപിച്ച എസ്റ്റേറ്റ് ആയിരിക്കെ, അവിടേയ്ക്ക് ആദിവാസികൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 35 ഒഴിവുകളാണ് നിലവിലുള്ളത്. ആവശ്യം കണക്കിലെടുത്ത് ഉചിതമായ എണ്ണം വർക്കർമാരെ ജോലിക്ക് ഏർപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. കണ്ടൻചിറ എസ്റ്റേറ്റിൽ ആദിവാസി വിഭാഗങ്ങൾക്കാണ് ഇക്കാര്യത്തിൽ പരിഗണന നൽകുന്നത്.

**കുട്ടനാട് പാക്കേജ്**

162 (3367) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി എന്ന് തുടങ്ങി എന്നും എന്ന് അവസാനിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പാക്കേജിന്റെ ആകെ അടങ്കൽ തുക എത്രയായിരുന്നു; അതിൽ കേന്ദ്ര-സംസ്ഥാന അനുപാതം എത്രയായിരുന്നു എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ആകെ ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്നും

ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സംസ്ഥാന ബജറ്റിൽ അനുവദിച്ച തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ വീഴ്ചകൊണ്ട് സംസ്ഥാനത്തിന് ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി തുടങ്ങിയത് 2008 ജൂലൈ 24-നും അവസാനിച്ചത് ജൂലൈ 2012-നമാണ്.

(ബി) കുട്ടനാട് പാക്കേജിന്റെ മൊത്തം അടങ്കൽ തുക 1840.40 കോടി രൂപയാണ്. 50 ലക്ഷത്തിനു താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന് മേൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾ അംഗീകാരം ലഭിച്ചു നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്കനുസൃതമായി കേന്ദ്ര-സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്.

(സി) കുട്ടനാട് പാക്കേജിനായി ആകെ ലഭിച്ച/റിലീസ് ചെയ്ത ഫണ്ട് 434.428 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ചത് 403.403 കോടി രൂപയാണ്.

(ഡി) കുട്ടനാട് പാക്കേജിന് പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള (ongoing) കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന് മുകളിൽ തുകയുള്ള പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ തുടർ സ്കീമുകളിൽ ഉൾപ്പെടുത്തിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതികൾ വിവിധ കേന്ദ്ര-സംസ്ഥാന സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാൽ ഓരോ സ്കീമുകളുടെയും മാനദണ്ഡങ്ങൾക്ക് അനുസൃതമായി സംസ്ഥാന വിഹിതത്തിൽ വ്യത്യാസമുണ്ട്.

(ഇ) കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. കുട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി

വരുന്നത്. പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തുന്നതിനുള്ള കാലതാമസവും, പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും ലഭിക്കുന്നതുമായി ബന്ധപ്പെട്ട് കാലതാമസം നേരിട്ടിട്ടുണ്ട്.

**കോൾനില പാക്കേജ്**

163 (3368) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, പൊന്നാനി കോൾനില പാക്കേജിൽ മലപ്പുറം ജില്ലയിലെ ആലംകോട്, നന്നംമുക്ക്, പെരുമ്പടപ്പ്, വെളിയങ്കോട്, മാറഞ്ചേരി, എടപ്പാൾ എന്നീ ഗ്രാമപഞ്ചായത്തുകളിൽ എന്തെല്ലാം പ്രവൃത്തികളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) എത്ര തുകയാണ് കോൾനില പാക്കേജിൽ പ്രസ്തുത ഇടങ്ങളിലേയ്ക്ക് അനുവദിച്ചിട്ടുള്ളത് എന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ ;

(സി) മറ്റേതെല്ലാം ഫണ്ടുകളാണ് മേൽപ്പറഞ്ഞ സ്ഥലങ്ങളിലേയ്ക്ക് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികളെല്ലാം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ബി) അനുബന്ധമായി വച്ചിട്ടുണ്ട്.*

(സി) വെട്ടിക്കടവ് മുതൽ നരണിപ്പുഴ പാലം വരെയുള്ള നൂറടിതോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 27.58 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) തൃശ്ശൂർ കോൾനില ഒന്നാംഘട്ട പ്രവൃത്തി മാർച്ച് 2016-നു മുൻപും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രണ്ടാംഘട്ട പ്രവൃത്തി മാർച്ച് 2018-ന മുൻപും പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച നൂറടി തോടിന്റെ പ്രവൃത്തികൾ ഈ വർക്കിംഗ് സീസണിൽ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ടെക്നോളജി സെന്റർ**

164 (3369) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂക്കൾ എന്നിവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു "ടെക്നോളജി സെന്റർ" സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ; എങ്കിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഡച്ച് സർക്കാരിന്റെ സഹകരണത്തോടുകൂടി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പൂക്കൾ എന്നിവയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഒരു ടെക്നോളജി സെന്റർ സ്ഥാപിക്കുമെന്ന് 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 2013-14 വർഷത്തിൽ ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കിയില്ല.

(ബി) ഈ പദ്ധതിക്കായി 50 ലക്ഷം രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു.

**കീടനാശിനി പ്രയോഗം തടയുന്നതിനുള്ള നടപടി**

165 (3370) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും മാരകമായ കീടനാശിനി പ്രയോഗിച്ചിട്ടുണ്ടെന്ന കാര്യം കൃഷി

വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) വിഷാംശം ഇല്ലാത്ത പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കീടനാശിനികളുടെയും മറ്റു രാസവസ്തുക്കളുടെയും അമിതമായ ഉപയോഗം തടയുന്നതിന് സംയോജിത കീടരോഗ പരിപാലനത്തെക്കുറിച്ച് സംസ്ഥാനത്തിനകത്തുള്ള കർഷകർക്ക് ബോധവത്ക്കരണം വിവിധ ട്രെയിനിംഗ് ക്ലാസുകൾ മുഖേന നൽകുന്നുണ്ട്. ജൈവകൃഷിയുടെ പ്രാധാന്യവും ആവശ്യകതയും മനസ്സിലാക്കുന്നതിനും, ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന പഴങ്ങളിലും പച്ചക്കറികളിലും തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികളിലെ രാസകീടനാശിനി അവശിഷ്ടം പരിശോധിക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന ലബോറട്ടറിയിൽ അത്യാധുനിക സംവിധാനമുണ്ട്. തിരുവനന്തപുരം, കോട്ടയം, എറണാകുളം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും ശേഖരിച്ച പച്ചക്കറി സാമ്പിളുകൾ പരിശോധന നടത്തി ഫലം സർക്കാർ ഔദ്യോഗിക പോർട്ടലിലും പത്രമാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പ് കീടനാശിനി അവശിഷ്ടങ്ങളടങ്ങിയ പച്ചക്കറിയുടെ ഇറക്കുമതി തടയുന്നതിന് ഓരോ ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് പരിശോധന നടത്തുന്നുണ്ട്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പച്ചക്കറികളിൽ അടങ്ങിയിരിക്കുന്ന കീടനാശിനി വിഷാംശം എത്ര എന്ന് കണ്ടുപിടിക്കാൻ പച്ചക്കറി കടകളിൽനിന്ന് സാമ്പിൾ എടുത്തു പരിശോധന നടത്തുന്ന ഒരു പ്ലാൻ സ്കീം "സേഫ് റ്റു ഈറ്റ് " കാർഷിക സർവ്വകലാശാലയും, കൃഷി വകുപ്പും ചേർന്ന് 2013 ജനുവരിയിൽ ആരംഭിച്ചു. പരിശോധനയ്ക്കുള്ള എല്ലാ അത്യാധുനിക സൗകര്യങ്ങളും, കീടനാശിനിയുടെ അവശിഷ്ടത്തിന്റെ അളവ് അളക്കുന്ന ഗ്യാസ് ക്രൊമാറ്റോഗ്രാഫ്, ലിക്വിഡ് ക്രൊമാറ്റോ ഗ്രാഫ്, മാസ്സ് സ്പെക്ടോ മീറ്റർ എന്നീ ഉപകരണങ്ങളുമുള്ള അക്രെഡിറ്റഡ് ലബോറട്ടറിയായ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പച്ചക്കറികൾ പരിശോധിക്കുന്നത്. പച്ചക്കറികൾ പരിശോധിച്ച്

വിഷാംശം പരിധിയിൽ കുറവാണെന്ന് കാണുന്നവയെ " സേഫ് റ്റു ഈറ്റ്" എന്ന് ലേബൽ ചെയ്ത് ഹോർട്ടികോർപ്പ് വിപണിയിൽ ലഭ്യമാക്കുന്നുണ്ട്. ജൈവകൃഷിക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പച്ചക്കറികൃഷി വ്യാപനത്തിനായി സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കി. പച്ചക്കറി സംഭരണത്തിനും വിപണനത്തിനും വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, കൃഷി വകുപ്പിന്റെ ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികൾ, എ ഗ്രേഡ് ക്ലസ്റ്റർ സംഭരണ കേന്ദ്രങ്ങൾ എന്നിവയെ ശക്തിപ്പെടുത്തി.

**കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി**

166 (3371) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ നബാർഡിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും, എന്നത്തേക്ക്പൂർത്തീകരിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജക മണ്ഡലത്തിൽ നബാർഡിന്റെ RIDF XIX സഹായത്തോടെ കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് തലകുളത്തൂർ, ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ സമഗ്ര വികസനം. ഈ പദ്ധതിക്ക് 696.52 ലക്ഷം രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 661.59 ലക്ഷം രൂപ നബാർഡിൽനിന്ന് വായ്പയായും 34.93 ലക്ഷം രൂപ സംസ്ഥാന സർക്കാരുമാണ് നല്കുന്നത്. പദ്ധതിക്ക് മൂന്ന് ഘടകങ്ങളാണ്.

1. കാക്കവയൽ, ദേവസ്വം വയൽ, വള്ളിക്കാട്ടുകാവ് എന്നീ പാടശേഖരങ്ങളിലെ വിവിധങ്ങളായ നിർമ്മാണപ്രവർത്തനങ്ങൾ നാലര കോടി രൂപ ചെലവിൽ കൃഷി വകുപ്പിന്റെ മേൽനോട്ടത്തിലാണ് ചെയ്യുന്നത്.
2. രണ്ട് കോടി ആറര ലക്ഷം രൂപ ചെലവിൽ പട്ടർപാലം പുഴയുടെ പുനരുദ്ധാരണം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ

മുഖാന്തരമാണ് ചെയ്യുന്നത്.

3. മൈനർ ഇറിഗേഷൻ വകുപ്പിന്റെ നേതൃത്വത്തിൽ നാൽപ്പത് ലക്ഷം രൂപ ചെലവിൽ പാവയിൽ ചീർപ്പ്, നാരായണൻ ചിറ മെച്ചപ്പെടുത്തുന്നത് എന്നീ പ്രവർത്തനങ്ങളും എലത്തൂർ നിയോജക മണ്ഡലത്തിൽ ചെയ്തുവരുന്നു.

തെരണ്ട ചീർപ്പ് മുതൽ കുരാച്ചിറ വരെ തോടിന്റെ ആഴം കൂട്ടി പാർശ്വഭിത്തി സംരക്ഷണവും (386 ലക്ഷം രൂപ) കുറ്റ്യാടിപ്പുറത്ത് താഴെ മുതൽ മണലി വയൽ വരെ നടപ്പാത നിർമ്മിക്കാൻ (14.50 ലക്ഷം രൂപ) ഫാം റോഡ് നിർമ്മാണവും തോട് വൃത്തിയാക്കൽ (4.6 ലക്ഷം രൂപ) എന്നിവയാണ് കാക്കവയൽ പാടശേഖരത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ. 13.85 ലക്ഷം രൂപ ചെലവിൽ പമ്പ്ഹൗസും, ഇലക്ട്രിക് മോട്ടോറും, പൈപ്പ് ലൈനും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കി പച്ചക്കറി കൃഷിക്കുവേണ്ടി ജലസേചന സൗകര്യം ഒരുക്കുന്നതാണ് ദേവസ്വം വയൽ പാടശേഖരത്തിനുവേണ്ടി രൂപീകരിച്ചിട്ടുള്ള പദ്ധതി. വള്ളിക്കാട്ടുകാവ് പാടശേഖരത്തിനാണെങ്കിൽ അത്തിയൂർ തോടിന്റെ ആഴം കൂട്ടലും, പാർശ്വസംരക്ഷണവും 31.05 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. മേൽപറഞ്ഞ പ്രവൃത്തികൾ എല്ലാം ഉൾപ്പെടുന്നതാണ് തലക്കുളത്തൂർ പഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളുടെ സമഗ്ര വികസനം എന്ന പദ്ധതി.

ഈ പദ്ധതിക്കുകീഴിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന 4.5 കോടിയുടെ വിവിധ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും 15/9/15-ലെ 54/2015-16-ാം നമ്പർ എഗ്രിമെന്റ് പ്രകാരം കോഴിക്കോട് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറുകാരൻ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. വെള്ളക്കെട്ടുള്ളതുമൂലം പ്രവൃത്തി തുടങ്ങാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. പ്രവൃത്തി തുടങ്ങാൻ ആവശ്യമായ സാധനസാമഗ്രികൾ സജ്ജമാക്കിയിട്ടുണ്ട്.

(ബി) ജനുവരി ആദ്യ വാരത്തോടെ കൃഷി വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഓണാട്ടുകര കാർഷികോത്സവം**

167 (3372) <u>ശ്രീ. ആർ. രാജേഷ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണാട്ടുകര കാർഷികോത്സവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കാർഷികോത്സവം സംഘടിപ്പിക്കുന്നതിന് ഗ്രാന്റ് നൽകും എന്നുള്ള

മന്ത്രിയുടെ പ്രഖ്യാപനം നടപ്പിലായില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത കാർഷികോൽസവത്തിന് ഗ്രാന്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാന്റ് നൽകുമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പ്രഖ്യാപിച്ചതായ പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

**പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

168 (3373) ശ്രീ. വർക്കല കഹാർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിൽ ലഭ്യമാകുന്ന പച്ചക്കറികളിൽ നല്ലൊരു ശതമാനം മറ്റു സംസ്ഥാനങ്ങളിൽനിന്ന് വരുന്നതും അമിതമായ കീടനാശിനി പ്രയോഗത്താൽ വിഷലിപ്തമായതുമായ സാഹചര്യത്തിൽ പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കാനും വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കാനും ലക്ഷ്യമിട്ട് 2012-13 മുതൽ കൃഷി വകുപ്പ് പച്ചക്കറി കൃഷി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. സുരക്ഷിത പച്ചക്കറി കേരള ജനതയ്ക്ക് ലഭ്യമാക്കുന്നതിന് പച്ചക്കറി കൃഷിയുടെ വിസ്തൃതിയും, അവയുടെ ഉല്പാദനവും വർദ്ധിപ്പിക്കുക, പച്ചക്കറിയുടെ ലഭ്യതയും

ആവശ്യകതയുമായി സന്തുലനം ചെയ്ത്, വിത്ത് മുതൽ വിപണിവല്കരണം, മൂല്യ വർദ്ധനം വരെയുള്ള വ്യത്യസ്ത ഘടകങ്ങളെ കൂട്ടിയിണക്കി പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുക, പച്ചക്കറിയുടെ ഉല്പാദനം കൂട്ടി, വിഷവിമുക്തമായ പച്ചക്കറി കൃഷിയിലേക്ക് സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരെ കൊണ്ടുവരിക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യം. 2015-16-ൽ 100953 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്ത് 18.17154 ലക്ഷം ടൺ പച്ചക്കറി ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ട് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(സി) പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ 2012-13 വർഷത്തിൽ 4400 ലക്ഷം രൂപയും, 2013-14 വർഷത്തിൽ 5625 ലക്ഷം രൂപയും, 2014-15 വർഷത്തിൽ 6400 ലക്ഷം രൂപയും 2015-16 വർഷത്തിൽ 6400 ലക്ഷം രൂപയും വിവിധ പദ്ധതികൾക്കായി അനുവദിക്കുകയുണ്ടായി.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ (ആർ.കെ.വി.വൈ.) ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15000 രൂപ സബ്സിഡി നൽകിക്കൊണ്ട് 4357.33 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കി വരുന്നു. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 5.64 കോടി രൂപയുടെ പദ്ധതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**അഗ്രിസോൺ**

169 (3374) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :

<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന്റെ സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിയിലൂടെ കാർഷികമേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ

കൈവരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ;

<u>ഉത്തരം</u>

(എ) കേരള സംസ്ഥാനത്ത് പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന് കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച 'കേരള പരിപ്രേക്ഷ്യ പദ്ധതി 2030' (Kerala Perspective Plan 2030)-ൽ നിർദ്ദേശമുണ്ട്. പരിസ്ഥിതി സൗഹൃദവും സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ഉൾക്കൊള്ളുന്നതുമായ ആദായകരമായ ഒരു തൊഴിൽ എന്ന നിലയിലേക്ക് കാർഷികവൃത്തിയെ കൊണ്ടുവരിക എന്നതാണ് 2030-ലെ ലക്ഷ്യം. ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് സാധാരണ കർഷകരുടെ ഒരു ഉപജീവനമാർഗ്ഗമെന്നതിനുപരി മത്സരാധിഷ്ഠിത കാർഷിക രംഗത്ത് പങ്കാളിയായി വിജയം കൈവരിക്കുവാനാണ് വിഭാവന ചെയ്യുന്നത്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുമെന്നും സാമ്പത്തിക വികസനം സാധ്യമാക്കുമെന്നും ആഗോളാടിസ്ഥാനത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട കണ്ടെത്തലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് 2030 ആകുമ്പോഴേയ്ക്കും കേരളത്തിൽ പ്രത്യേക അഗ്രിസോണുകൾ രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരം സോണുകൾ കാർഷിക സംരംഭകർ സ്വന്തം നിലയിൽ സംസ്ഥാനത്തിന്റെ സഹായത്തോടെ രൂപീകരിക്കേണ്ടതാണ്. കയറ്റുമതി സാധ്യതയേയും ആഭ്യന്തര വിപണിയേയും ലക്ഷ്യമിട്ടുള്ള പ്രവർത്തനമായിരിക്കും അഗ്രിസോൺ വഴി വിഭാവന ചെയ്യുന്നത്.

(ബി) പ്രത്യേക അഗ്രിസോൺ രൂപീകരിക്കുന്നതിന്റെ സാധ്യതകളെ സംബന്ധിച്ച് കൃഷി വകുപ്പ് മുഖേന പഠനമൊന്നും നടത്തിയിട്ടില്ല.

(സി) പ്രത്യേക അഗ്രിസോണുകൾ കാർഷിക സംരംഭകർ സംസ്ഥാനത്തിന്റെ സഹായത്തോടെ സ്വന്തം നിലയിൽ രൂപീകരിക്കുന്നതാണ്. ആഭ്യന്തര വിപണിയെയും കയറ്റുമതി സാധ്യതയെയും ഒരുപോലെ ലക്ഷ്യമിട്ടുകൊണ്ടുള്ള ഉത്പാദന പ്രക്രിയയാണ് ഇത്തരം സോണുകളിൽ വിഭാവന ചെയ്യുന്നത്. ഇതിലൂടെ ആധുനിക സാങ്കേതികവിദ്യകളുപയോഗിച്ച് വർദ്ധിച്ച ഉത്പാദനക്ഷമതയും ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണിയും സംരംഭകർക്ക് മികച്ച വരുമാനവും സംസ്ഥാനത്തിന്റെ കാർഷിക രംഗത്തിന്റെ സാമ്പത്തിക വികസനവുമാണ് പ്രതീക്ഷിക്കുന്നത്.

**കോട്ടപ്പടി ബൈപ്പാസ് നിർമ്മാണത്തിന് സാക്ഷ്യപത്രം**

170 (3375) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടി ബൈപാസ് നിർമ്മാണ പൂർത്തീകരണവുമായി ബന്ധപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം പൊതുമരാമത്ത് വകുപ്പ് അസി .എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ നെൽവയൽ തണ്ണീർത്തട സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്ക് വന്നിരുന്നോ; സമിതി ഇക്കാര്യത്തിൽ അഭിപ്രായം രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു വർഷം പിന്നിട്ടിട്ടും വീണ്ടും രേഖകളുടെ കുറവ് ചൂണ്ടികാണിച്ച് കൃഷി വകുപ്പിൽ നിന്നും നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള സാക്ഷ്യപത്രം നൽകുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് കൃഷി വകുപ്പ് (എൻ.സി.എ) സെക്രട്ടേറിയേറ്റിലുള്ള ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും സാക്ഷ്യപത്രം എന്നത്തേക്ക് നല്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം കോട്ടപ്പടി ബൈപ്പാസ് നിർമ്മാണം പൂർത്തീകരണവുമായി ബന്ധപ്പെട്ട് പ്രാദേശിക നിരീക്ഷണ സമിതിയുടെ ശിപാർശ സഹിതം ലഭ്യമായ അപേക്ഷ സംസ്ഥാനതല സമിതിയുടെ 23-5-2015-ലെ യോഗത്തിൽ പരിഗണിക്കുകയും, പ്രസ്തുത ഭൂമി നികത്തുന്നതുകൊണ്ട് സ്ഥലത്തിനേയോ, വെള്ളത്തിന്റെ ഒഴുക്കിനേയോ ദോഷകരമായി ബാധിക്കുമോ എന്നതിന്മേലുള്ള അഭിപ്രായം ബന്ധപ്പെട്ട കൃഷി ഓഫീസർ, വില്ലേജ് ആഫീസർമാർ എന്നിവരോട് ആവശ്യപ്പെടുവാൻ സമിതി തീരുമാനിക്കുകയും ചെയ്തു. ആയതുപ്രകാരം 25-7-2015-ലെ 190/എൻ.സി.എ.3/14/കൃഷി നമ്പർ കത്ത് പ്രകാരം ടി ഉദ്യോഗസ്ഥരോട് പ്രസ്തുത റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

(ബി&സി) മേൽ പരാമർശിച്ച റിപ്പോർട്ട് ലഭ്യമാകാതിരുന്നതിനാലാണ് മേൽ അപേക്ഷയിന്മേൽ തീരുമാനം കൈക്കൊള്ളുവാൻ കാലതാമസം ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ആയത് ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 17-12-2015-ൽ കൂടുന്ന സംസ്ഥാനതല സമിതി യോഗത്തിന്റെ പരിഗണനയ്ക്കായുള്ള അജണ്ടയിൽ പ്രസ്തുത അപേക്ഷ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനതല സമിതി യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പരിവർത്തനാനുമതി നല്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളു.

**അടക്കായിലെ അദൈക്കയിലെ മഹാളിരോഗം**

171 (3376) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഹാളിരോഗംമൂലം അടക്കാ കച്ചവടക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ ;

(സി) രോഗം പിടിപെട്ട മരങ്ങൾക്ക് യഥാസമയം മരുന്നടിക്കാൻ തൊഴിലാളികളെ കിട്ടാതാവുന്ന കർഷകരെ സഹായിക്കാൻ കൃഷിഭവൻ മുഖേന മരുന്നടിക്കാനുള്ള ഒരു ബ്രിഗേഡ് രൂപീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം ആവശ്യമായ പരിശോധനകൾ നടത്തുകയും രോഗനിയന്ത്രണത്തിനായി ബോർഡോമിശ്രിതം തളിക്കുന്നതിനുള്ള നിർദ്ദേശം കർഷകർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ജൈവവളപ്രയോഗം കാര്യക്ഷമമാക്കുന്നതിനും തോട്ടങ്ങളിൽ വെള്ളക്കെട്ട് നിയന്ത്രിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട്.

(സി) പഞ്ചായത്തുകളിലെ കാർഷിക കർമ്മസേനയുടെയും അഗ്രോസർവ്വീസ്

സെന്ററിന്റെയും സഹായം ഉപയോഗപ്പെടുത്താവുന്നതാണ്.

**ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും കൃഷികളും**

172 (3377) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനിതകമാറ്റം വരുത്തിയ വിത്തിനങ്ങളും കൃഷികളും സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മോൺ സാന്തോ കമ്പനിയുടെ ഗോൾഡൻ റൈസ് എന്ന വിത്ത് സംസ്ഥാനത്ത് പരീക്ഷിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(സി) കൃഷിച്ചെലവ് കുറയ്ക്കാൻ സഹായിക്കുന്നതും കോർപ്പറേറ്റുകൾ നടത്തുന്ന ചൂഷണം ഇല്ലാതാക്കാൻ ഉതകുന്നതുമായ സുഭാഷ് പലേക്കർ കണ്ടുപിടിച്ച ചെലവില്ലാ പ്രകൃതി കൃഷി (സീറോ ബജറ്റ് നാച്വറൽ ഫാമിംഗ്) പോലുള്ള ജൈവകൃഷി രീതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി കാർഷിക മേഖലയിൽ ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരികയാണ്. ജൈവ കാർഷിക നയം സംസ്ഥാനം രൂപപ്പെടുത്തുകയും 2012-13 വർഷം കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകാർഷിക ജില്ലയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. 2016-ഓടെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നുണ്ട്. ജൈവകൃഷിയും സുരക്ഷിത ഭക്ഷ്യോത്പാദനവും ലക്ഷ്യമിട്ടുള്ള പദ്ധതികൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ 2014-15 വർഷം മുതൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുകയാണ്. ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ പി.കെ.വി.വൈ. (പരമ്പരാഗത കൃഷി വികാസ് യോജന) കാസർഗോഡ്, വയനാട് ഒഴികെയുള്ള ജില്ലകളിൽ നടപ്പിലാക്കി വരികയാണ്.

ചെലവു കുറഞ്ഞ മാതൃകാപരമായ നല്ല ജൈവകൃഷി രീതികൾ ഘട്ടംഘട്ടമായി

പാലിച്ച് സമ്പൂർണ്ണ ജൈവ കൃഷിയിലേയ്ക്ക് മാറുന്നതിന് ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, വിപണനം, ജൈവ കാർഷികോത്പാദന ഉപാധികളുടെ ഉത്പാദനവർദ്ധനവും ഗുണനിലവാര പരിശോധന എന്നിവയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ചെലവില്ലാ പ്രകൃതി കൃഷി ശക്തിപ്പെടുത്തുന്ന കാര്യം കൃഷി വകുപ്പിന്റെ പരിഗണനയിലാണ്.

## കൃഷി ഫാമുകളുടെ പ്രവർത്തനം

173 (3378) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ അധീനതയിലുള്ള ഓരോ കൃഷി ഫാമുകളുടെയും ലാഭ-നഷ്ട കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) കൃഷിഫാമുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഓരോ ബഡ്ജറ്റിലും നീക്കിവച്ച തുക എത്രയെന്നും ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക എത്രയെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഈ സർക്കാർ വന്നതിന് ശേഷം ഏതെങ്കിലും സർക്കാർ ഫാമുകൾ പാട്ടത്തിന് നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ ഫാമുകളാണെന്നവിവരവും അതിന്റെ പാട്ടവ്യവസ്ഥയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

### ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ഹോർട്ടികോർപ്പ് പച്ചക്കറി സ്റ്റാളുകൾ

174 (3380) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ കീഴിൽ എത്ര പച്ചക്കറി സ്റ്റാളുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ;

(ബി) മണ്ഡലത്തിലെ നെടുംകണ്ടം, തൂക്കുപാലം, ഉടുമ്പൻചോല, പൂപ്പാറ, ശാന്തൻപാറ, രാജകുമാരി, രാജാക്കാട്, ചെമ്മണ്ണാർ, ഏഴുകും വയൽ, തുടങ്ങിയ സ്ഥലങ്ങളിൽ പച്ചക്കറി സ്റ്റാളുകൾ ഹോർട്ടികോർപ്പിനു കീഴിൽ ആരംഭിക്കുമോ;

(സി) ഹോർട്ടികോർപ്പിനു കീഴിൽ പച്ചക്കറി സ്റ്റാളുകൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ പച്ചക്കറി സ്റ്റാളുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(ബി) മണ്ഡലത്തിലെ നെടുങ്കണ്ടം, തൂക്കുപാലം, ഉടുമ്പൻചോല, പൂപ്പാറ, ശാന്തൻപാറ, രാജകുമാരി, രാജാക്കാട്, ചെമ്മണ്ണാർ, ഏഴുകംവയൽ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും സ്റ്റാളുകൾ തുടങ്ങുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ലാത്തതിനാലും പ്രസ്തുത സ്ഥലങ്ങൾ പച്ചക്കറി ഉൽപ്പാദന മേഖലകളായതിനാലും ഹോർട്ടികോർപ്പിന് പച്ചക്കറി സ്റ്റാളുകൾ നിലവിലില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ സ്റ്റാൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ.

(സി) സ്റ്റാൾ ആരംഭിക്കുന്നതിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അതത് ജില്ലാ സംഭരണ കേന്ദ്രങ്ങളിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിച്ച് വിപണന സാധ്യതകൾ കണക്കിലെടുത്തശേഷമാണ് സ്റ്റാൾ അനുവദിക്കുന്നത്.

**പച്ചക്കറിയുടെ വില വർദ്ധനവ്**

175 (3381) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോയിനം പച്ചക്കറിയുടെയും പൊതുവിപണിയിലെ വില പ്രത്യേകം വിശദമാക്കാമോ ;

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പച്ചക്കറികളുടെ 14-12-2015-ലെ പൊതുവിപണി വില വിവരപ്പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പച്ചക്കറികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി ഹോർട്ടികോർപ്പ് മുഖേന വിപണി ഇടപെടൽ നടത്തുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. 27-11-2015 മുതൽ 31-12-2015 വരെ വിലകൂടിയ പച്ചക്കറി ഇനങ്ങളായ അമര, വെണ്ട, പാവയ്ക്ക, പയർ, വലിയമുളക്, പടവലം, കാരറ്റ്, ബീൻസ്, വെള്ളരി, തക്കാളി, സവാള, ഉള്ളി, ഉരുളക്കിഴങ്ങ് എന്നിവ 30% സബ്സിഡി നിരക്കിലും മറ്റു പച്ചക്കറി ഇനങ്ങൾ പൊതുവിപണി വിലയേക്കാൾ 10 മുതൽ 15 ശതമാനം വരെ സബ്സിഡി നിരക്കിലും ഹോർട്ടികോർപ്പ് മുഖേന വിപണനം നടത്തുന്നുണ്ട്.

**മുലേപ്പാറതോട് സംരക്ഷണം**

176 (3382) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യംപുഴ, തുറവൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നതും കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗപ്രദവുമായ മുലേപ്പാറ തോട് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത തോട് സംരക്ഷിക്കുന്നതിന് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ യാതൊരു നടപടികളും സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) അയ്യംപുഴ, തുറവൂർ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്നതും കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗപ്രദവുമായ മുലേപ്പാറതോട് സംരക്ഷിക്കുന്നതിന് ആർ.കെ.വി.വൈ. നിയമാവലി അനുസരിച്ചുള്ള പദ്ധതിയൊന്നും ലഭിച്ചിട്ടില്ല. ആർ.കെ.വി.വൈ. നിയമാവലി അനുസരിച്ചുള്ള പദ്ധതി ലഭിച്ചാൽ ബന്ധപ്പെട്ട കമ്മിറ്റികളിലേക്ക് ശിപാർശ ചെയ്യുന്നതാണ്.

**ജൈവപച്ചക്കറി ഉത്പാദനം**

177 (3383) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പദ്ധതികളുടെ ഭാഗമായി നിലവിൽ എത്ര ടൺ ജൈവപച്ചക്കറി പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വ്യകതമാക്കുമോ;

(ബി) സർക്കാർ സഹായമില്ലാതെ വിവിധ കൂട്ടായ്മകൾ എത്ര ടൺ പച്ചക്കറി പ്രതിമാസം ഉൽപ്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കി ?

ഉത്തരം


3157/2017

(എ) സർക്കാർ പദ്ധതികളുടെ ഭാഗമായി പച്ചക്കറി വികസന പദ്ധതിയിലൂടെ നിലവിൽ ശരാശരി 11000 മെട്രിക് ടൺ ജൈവ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഭാഗമായി ഏകദേശം 20000 ടൺ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

(ബി) സർക്കാർ സഹായമില്ലാതെ വിവിധ കർഷക കൂട്ടായ്മകൾ വഴി 71385 മെട്രിക് ടൺ പച്ചക്കറി പ്രതിമാസം ഉൽപാദിപ്പിക്കുന്നു.

**കർഷകർക്ക് അഗ്രികാർഡ്**

178 (3384) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് അഗ്രികാർഡ് നൽകുവാനുള്ള പദ്ധതിയിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്ത കർഷകർക്ക് അഗ്രികാർഡ് വിതരണം ചെയ്യുകയുണ്ടായോ;

(സി) അഗ്രികാർഡ് രജിസ്ട്രേഷനായി ഓരോ കർഷകനിൽ നിന്നും എത്ര രൂപ വീതം ഈടാക്കിയിട്ടുണ്ട്;

(ഡി) അഗ്രികാർഡുള്ള കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കർഷക രജിസ്ട്രേഷന്റെ രണ്ടാംഘട്ടത്തിനുവേണ്ടി അപേക്ഷകൾ സ്വീകരിക്കുന്നതിന് നിശ്ചയിച്ചിരുന്ന അവസാന തീയതിയായ 17-8-2013 (ചിങ്ങം1) വരെ 18.7 ലക്ഷം കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 10-12-2015 വരെ 17.58 ലക്ഷം കർഷകരുടെ ഓൺലൈൻ ഡാറ്റാ എൻട്രി പൂർത്തിയായിട്ടുണ്ട്. കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ തുടരുന്നു. 9-5-2014-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 854/2014/AD പ്രകാരം അഗ്രികാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കാനറാ ബാങ്കിനെ തെരഞ്ഞെടുത്തു. കർഷക ഡേറ്റാബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകർക്കും 2014-15 സാമ്പത്തിക വർഷത്തിലെ കർഷക ദിനമായ ചിങ്ങം 1-ന് മുമ്പ് അഗ്രികാർഡുകൾ വിതരണം ചെയ്യുവാനായി കാനറാ ബാങ്കിന് നിർദ്ദേശം

നൽകിയിരുന്നു. എങ്കിലും ഉദ്ഘാടന ദിവസമായ 4-3-2014-ന് 6 കർഷകർക്ക് മാത്രമേ അഗ്രികാർഡ് വിതരണം ചെയ്തിട്ടുള്ളൂ. അതിനുശേഷം കാനറാ ബാങ്ക് അഗ്രികാർഡ് വിതരണം ചെയ്തിട്ടില്ല. തുടർന്ന് 13-8-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1389/2015/കൃഷി പ്രകാരം അഗ്രി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നോഡൽ ബാങ്കായി കേരളാ ഗ്രാമീൺബാങ്കിനെ തെരഞ്ഞെടുത്തു. കേരളാ ഗ്രാമീൺ ബാങ്ക് മുഖേന 256 അഗ്രികാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) കർഷകർക്ക് തികച്ചും സൗജന്യമായാണ് അഗ്രികാർഡ് നൽകുന്നത്.

(ഡി) കാർഡുകൾ അടിസ്ഥാന രേഖയാക്കി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുവാൻ പദ്ധതി വിഭാവന ചെയ്യുന്നു. കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും മറ്റു സഹായങ്ങളും ബാങ്കുകളിൽ നിന്നും 4.1 ശതമാനം പലിശ നിരക്കിൽ കാർഷിക വായ്പ (CropLoan) 7 ശതമാനം പലിശ നിരക്കിൽ മദ്ധ്യാകാല-ദീർഘകാല വായ്പകൾ. ഇതിന്റെ 50 ശതമാനം പലിശ സബ്സിഡി സർക്കാർ നൽകുന്നതാണ്.

**കൃഷിഭവനുകളുടെ പ്രവർത്തനം**

179 (3385) ശ്രീ. ടി. എൻ. പ്രതാപൻ:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. എം. പി. വിൻസെന്റ്:

ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു:

1. സംസ്ഥാനത്തെ എല്ലാ കർഷകരുടെയും, അവരുടെ കൃഷിയെ കുറിച്ചുമുള്ള ഡേറ്റാബേസ് തയ്യാറാക്കുക.

2. കാർഷിക വികസന സമിതികൾ കാര്യക്ഷമമാക്കുക.

3. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുക.

4. എല്ലാ കൃഷിഭവനുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക.

(ബി) വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനും ഡേറ്റാബേസ് പ്രയോജനകരമായിത്തീരും. പദ്ധതികളുടെ നടത്തിപ്പ് കർമ്മപദ്ധതിയിലൂടെ മെച്ചപ്പെടുമെന്ന് കരുതുന്നു.

(സി) ഡേറ്റാബേസ് സംബന്ധിച്ച നടപടി പുരോഗമിച്ചുവരുന്നുണ്ട്. ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. ലീഡ്സ്, ആത്മ പദ്ധതികളിലൂടെ വിജ്ഞാനവ്യാപന പരിപാടിയും മികച്ച രീതിയിൽ നടന്നുവരുന്നുണ്ട്.

## കൃഷിവകുപ്പിന് കേന്ദ്രവിഹിതമായി ലഭിച്ച തുക

180 (3386) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തികവർഷവും കൃഷിവകുപ്പിന് കേന്ദ്രവിഹിതമായി ലഭിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കൃഷിവകുപ്പിന്റെ കീഴിലുള്ള വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങൾക്ക് കേന്ദ്രസർക്കാർ വിഹിതത്തോടൊപ്പം സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്ത് ഓരോ സാമ്പത്തിക വർഷവും വിനിയോഗിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്ന 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ കൃഷി ഡയറക്ടർ മുഖേന വിവിധ കേന്ദ്ര പദ്ധതികൾക്കായി കേന്ദ്ര വിഹിതമായി ലഭിച്ച തുകയും അതാത് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ കേന്ദ്ര പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെയും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ, ദേശീയ ഔഷധ സസ്യമിഷൻ എന്നീ

പദ്ധതികൾക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയും അതാത് സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ കേന്ദ്ര പദ്ധതികൾക്കായി വിനിയോഗിച്ച തുകയുടെയും വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

181 (3387) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) വിവിധ പദ്ധതികൾ മുഖേന വൻതുക ചെലവഴിച്ചിട്ടും നെല്ലുല്പാദനത്തിൽ വർദ്ധനവ് വരാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷിവകുപ്പ് മുഖാന്തരം താഴെപ്പറയുന്ന നെൽകൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

സുസ്ഥിര നെൽകൃഷി വികസനം: നെൽകൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഉൽപാദന ചെലവ് ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015-16 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6,000 രൂപ സബ്സിഡി നിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.

വികസന ഏജൻസികൾക്കുള്ള ഫണ്ട് : നെൽകൃഷി അഭിമുഖീകരിക്കുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

<u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം:</u> ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നൽകി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.

<u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം:</u> ഗ്രൂപ്പ് ഫാമിംഗ് പാടശേഖരങ്ങളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 200 രൂപ നിരക്കിൽ നൽകിവരുന്നുണ്ട്. ഈ ഇനത്തിൽ 166000 ഹെക്ടറിലേക്ക് 332 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

<u>തരിശുനില നെൽകൃഷി വികസനം (ആർ.കെ.വി.വൈ):</u> തരിശുനില നെൽകൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേക്ക് ഹെക്ടറിന് 7500 രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

<u>ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസന പദ്ധതി:</u> 89.248 ഹെക്ടർ പൊക്കാളി നെൽകൃഷി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

നെൽ കർഷകർക്ക് ഹെക്ടറിന് 1,000 രൂപ തോതിൽ ഉൽപാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) 2011-12 മുതൽ 2014-15 വരെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രകാരം ചെലവഴിച്ച തുക:

| നമ്പർ | വർഷം | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 3454.51 |
| 2 | 2012-13 | 4679.60 |
| 3 | 2013-14 | 4177.34 |
| 4 | 2014-15 | 3313.51 |
| 5 | 2015-16 | പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

2011-12 മുതൽ 2014-15 വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം ചെലവഴിച്ച തുക:

| നമ്പർ | വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 2011-12 | 873.874 |
| 2 | 2012-13 | 4883.377 |
| 3 | 2013-14 | 7063.13 |
| 4 | 2014-15 | 5914.814 |
| 5 | 2015-16 | പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

(സി) നെൽവയലുകൾ മാറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാൽ ഓരോ വർഷവും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞ് വരുന്നുണ്ട്. എന്നാൽ നെൽവയലുകളുടെ വിസ്തൃതിയുടെ കുറവ് മുന്നിൽ കണ്ടുകൊണ്ട് നെൽകർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടപ്പിലാക്കുകയും അതുവഴി ഉൽപാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 2010-11-ൽ 522740 മെ.ടൺ ഉൽപ്പാദനം അയിരുന്നത് 2011-12 വർഷം 568993 മെ.ടൺ ആയി ഉയർന്നു. ആയതിനാൽ 2011-12 വർഷം, മുൻ വർഷത്തേക്കാൾ 46253 മെ.ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയുണ്ടായി. 2012-13-ൽ ഉൽപ്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-14-ൽ 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. ഇത്തരത്തിൽ 2013-14 വർഷം മുൻ വർഷത്തേക്കാൾ 56026 മെ.ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഉൽപ്പാദനക്ഷമത 2010-11-ൽ 2452 കി.ഗ്രാം ആയിരുന്നത് 2011-12-ൽ 2733 കി.ഗ്രാം ആയും 2012-13-ൽ 2577 കി.ഗ്രാം ആയിരുന്നത് 2013-14 വർഷം 2827 കി.ഗ്രാമായും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

**സുഗന്ധവ്യഞ്ജന കൃഷി വിളകളിൽ വിഷാംശത്തിന്റെ അളവ്**

182 (3388) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സുഗന്ധവ്യഞ്ജന കൃഷി വിളകളിൽ വിഷാംശത്തിന്റെ അളവ് വർദ്ധിക്കുന്നുവെന്ന കേന്ദ്ര സർക്കാരിന്റെ കണ്ടെത്തൽ

ഈ രംഗത്ത് സംസ്ഥാനത്തിന്റെ വിളകൾക്കുണ്ടായിരുന്ന വിശ്വാസ്യതയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാരിന്റെ ഈ കണ്ടെത്തൽ പലപ്പോഴും സംസ്ഥാന സർക്കാരിന്റെ പരിശോധനാ ഫലങ്ങളോട് ഒത്തുപോകുന്നതല്ലായെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാനത്തു നിന്നും വരുന്ന പഴങ്ങളിലെയും പച്ചക്കറിയിലെയും വിഷാംശത്തിനെയും കീടനാശിനി സാന്നിധ്യത്തെയും കുറിച്ച് ആക്ഷേപം ഉന്നയിക്കുമ്പോഴും തദ്ദേശീയ വിളകളിൽ ഇതിന്റെ പ്രയോഗം തടയാൻ കഴിയാത്തനെതിരെ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) സുഗന്ധവ്യഞ്ജന വിളയായ ഏലത്തിൽ മറ്റുവിളകളെ അപേക്ഷിച്ച് വിശാംശത്തിന്റെ അളവ് കൂടുതലാണെന്ന കണ്ടെത്തൽ കാർഷിക സർവ്വകലാശാല നടത്തിയ പഠനങ്ങളിലും ശരിവയ്ക്കുന്നതായിരുന്നു. എന്നാൽ ഈ റിപ്പോർട്ടുകൾ നമ്മുടെ സംസ്ഥാനത്ത് നിന്നുള്ള ഏലം കയറ്റുമതിയെ പ്രതികൂലമായി ബാധിച്ചിട്ടില്ലായെന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) കേന്ദ്രസർക്കാരിന്റെ പദ്ധതിയിലെ പരിശോധന എലം, കുരുമുളക് എന്നീ രണ്ട് ഉൽപന്നങ്ങളിൽ മാത്രമായിരുന്നു. എന്നാൽ സംസ്ഥാന കൃഷി വകുപ്പിന്റെ നിർദ്ദേശപ്രകാരം കാർഷിക സർവ്വകലാശാലയുടെ 'സേഫ് റ്റു ഈറ്റ് ' എന്ന പദ്ധതിയിൽ സുഗന്ധ വിളകൾ, വ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, കറിമസാലക്കൂട്ടുകൾ, സംസ്കരിച്ച സുഗന്ധവ്യഞ്ജനങ്ങൾ എന്നിങ്ങനെ 36 തരം ഉൽപ്പന്നങ്ങളുടെ പരിശോധന നടത്തിയതുകൊണ്ട് സ്വാഭാവികമായും ഫലങ്ങളിൽ വ്യത്യാസം കണ്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കൃഷി ചെയ്യുന്ന വിളകളിൽ അമിത കീടനാശിനി പ്രയോഗം തടയുന്നതിനും സുരക്ഷിതമായ ഭക്ഷ്യഉൽപന്നങ്ങളുടെ ഉൽപാദന ത്തിനുമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്.

1. അമിത കീടനാശിനി പ്രയോഗത്തിന്റെ ദൂഷ്യഫലങ്ങൾ സംബന്ധിച്ചും വിഷലിപ്തമല്ലാത്ത ഭക്ഷ്യവിളകളുടെ ഉൽപ്പാദനം സംബന്ധിച്ചും കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലനങ്ങൾ, ശിൽപശാലകൾ, സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ

നടപ്പിലാക്കിയിട്ടുണ്ട്.

2. കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ കീടനാശിനികൾ/കളനാശിനികൾ എന്നിവ വിൽപന നടത്താവൂ എന്നും പ്രത്യേകിച്ച് നിയന്ത്രിത കീടനാശിനികളുടെ കാര്യത്തിൽ ഈ ഉത്തരവ് കർശനമായി പാലിക്കണമെന്നുള്ള നിർദ്ദേശത്തോടെയാണ് കീടനാശിനി വിതരണ ഏജൻസികൾക്ക് ലൈസൻസ് നൽകിവരുന്നത്.
3. രാസകീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും സംയോജിത കീടനിയന്ത്രണവും അവലംബിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനായി തെരഞ്ഞെടുത്ത 118 ബ്ലോക്കുകളിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.
4. സുരക്ഷിതമായ ഭക്ഷ്യഉൽപന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൂടുതൽ പ്രാധാന്യം നൽകി ജൈവകൃഷി നടപ്പിലാക്കി.
5. ജൈവകൃഷി അവലംബിക്കുന്ന കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില നൽകി സംഭരിച്ച് പൊതുജനങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സുരക്ഷിത കാർഷിക ഉൽപ്പന്നങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ 65 എക്കോഷോപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.
6. ജൈവകൃഷി നടപ്പിലാക്കുന്ന മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിയോജക മണ്ഡലത്തിനും അവാർഡ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.
7. കേരളത്തിലെ 12 ജില്ലകളിലായി (കാസർഗോഡ്, വയനാട് ഒഴികെ) കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി നടപ്പിലാക്കുന്നതിനും പി.ജി.എസ്. സർട്ടിഫിക്കേഷൻ നൽകുന്നതിനും പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന ജൈവ വളങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിച്ച് അവയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.
8. വരുംതലമുറയിൽ ജൈവകൃഷിയുടെ അവബോധം വളർത്തിയെടുക്കുവാൻ ഒരു വിദ്യാർത്ഥിയെത്തന്നെ ജൈവകൃഷിയുടെ അംബാസിഡറായി പ്രഖ്യാപിച്ചുകഴിഞ്ഞു.

മേൽ വിവരിച്ച പ്രവർത്തനങ്ങളിലൂടെ അമിത രാസവളകീടനാശിനി പ്രയോഗം കുറച്ച് സുരക്ഷിതമായ ഭക്ഷ്യോൽപ്പാദനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ കൃഷിവകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**നെൽകൃഷി വ്യാപന പദ്ധതികൾ**

183 (3389) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്.ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വ്യാപന പദ്ധതികൾക്ക് കോടികൾ ചെലവഴിച്ചിട്ടും വയലുകളുടെ വിസ്തീർണ്ണവും ഉല്പാദനവും കുറയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നെൽകൃഷിയിൽ ശരാശരി ഉല്പാദനം ഹെക്ടറൊന്നിന് മൂന്ന് ടണ്ണിൽ കൂടുതലാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ; എത്ര തുക അനുവദിച്ചു ; വിശദമാക്കുമോ;

(സി) കൃഷി ഭവനുകളിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് അനുസരിച്ച് സംസ്ഥാനത്ത് എത്ര ഹെക്ടർ തരിശ് നിലമാണുണ്ടായിരുന്നത് ; ഇപ്പോൾ എത്ര ഹെക്ടർ തരിശ് നിലമുണ്ട്; തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി ; വിശദമാക്കുമോ?

ഉത്തരം

(എ) നെൽവയലുകൾ മറ്റാവശ്യങ്ങൾക്കായി നികത്തുന്നതിനാലാണ് ഓരോ വർഷം കഴിയുന്തോറും നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞ് വരുന്നത്. എന്നാൽ നെൽ വിസ്തൃതിയുടെ കുറവ് മുന്നിൽ കണ്ടുകൊണ്ട് നെൽപ്പാടങ്ങളിൽ നെൽകർഷകർക്ക് സബ്സിഡി നൽകി വിവിധ നെൽകൃഷി വികസന പദ്ധതികൾ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നടപ്പിലാക്കുകയും അതുവഴി ഉൽപ്പാദനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. അരിയുടെ ഉൽപ്പാദനം 2010-11-ൽ 522740 മെ.ടൺ ആയിരുന്നത് 2011-12 വർഷം 568993 മെ.ടൺ ആയി ഉയർന്നു. ആയതിനാൽ 2011-12 വർഷം മുൻവർഷത്തേക്കാൾ 46253 മെ.ടൺ അരി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയുണ്ടായി. 2012-13-ൽ അരിയുടെ ഉൽപ്പാദനം 508299 മെ.ടൺ ആയിരുന്നത് 2013-14-ൽ 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. ഇത്തരത്തിൽ 2013-14 വർഷം മുൻവർഷത്തേക്കാൾ 56026 മെ.ടൺ അരി അധികമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. അരിയുടെ ഉൽപ്പാദനക്ഷമത 2010-11-ൽ 2452 കി.ഗ്രാം ആയിരുന്നത് 2011-12-ൽ 2733

കി.ഗ്രാമായും, 2012-13-ൽ 2577 കി.ഗ്രാം ആയിരുന്നത് 2013-14 വർഷം 2827 കി.ഗ്രാമായും, 2014-15-ൽ 2836 കി.ഗ്രാമായും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷിയിൽ ശരാശരി ഉൽപ്പാദനം ഹെക്ടർ ഒന്നിന് 3 ടണ്ണിൽ കൂടുതൽ ആക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. * 2010-11-ൽ അരിയുടെ ഉൽപ്പാദന ക്ഷമത 2452 കി.ഗ്രാം ആയിരുന്നത് 2014-15-ൽ 2836 കി.ഗ്രാമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമമനുസരിച്ച് സംസ്ഥാനത്തെ നെൽ വയലുകളുടെ ഡാറ്റാബാങ്ക് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിരുന്നത്. 2014 വർഷം സംസ്ഥാനത്ത് 36686.772 ഹെക്ടർ തരിശുനിലമുള്ളതായി കണക്കാക്കിയിട്ടുണ്ട്. തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

**എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ**

184 (3390) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) കടം തിരിച്ചടയ്ക്കാത്തതുമായി ബന്ധപ്പെട്ട് ബാങ്കുകൾ ജപ്തി നോട്ടീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച്എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

(എ&ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചത് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ (എം എസ്.) 298/14/ആ.ക.വ. നമ്പർ പ്രകാരമാണ്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) അതിനാൽ തുടർ നടപടികളെപ്പറ്റി കൃഷി വകുപ്പിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ലഭ്യമല്ല.

**കാർഷിക മേഖലയിലെ യന്ത്രവൽക്കരണം**

185 (3391) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്തേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കാർഷികമേഖലയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ സാമ്പത്തികവർഷത്തിൽ ഇതിനായി ഓരോ ജില്ലയിലും എത്ര തുക ചെലവഴിച്ചെന്നും എത്ര തുക നീക്കിയിരിപ്പുണ്ടെന്നും അറിയിക്കുമോ;

(ഡി) പുതുതായി കാർഷിക രംഗത്തേക്ക് കടന്നുവരുന്ന യുവാക്കൾക്ക് നല്കുന്ന ധനസഹായപദ്ധതികൾ ഏതെല്ലാമെന്നും ഇതിൽ നിന്ന് ഈ സാമ്പത്തിക വർഷം എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(സി) 2015-16 സാമ്പത്തികവർഷത്തിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) കാർഷികരംഗത്തേക്ക് കടന്നുവരുന്ന യുവാക്കൾക്ക് അവർക്ക് കൃഷി ചെയ്യാനുദ്ദേശിക്കുന്ന വിളയുടെ അടിസ്ഥാനത്തിലും കാർഷിക യന്ത്രവൽക്കരണം, ഹൈടെക് കൃഷി രീതികൾ എന്നിവ അനുവർത്തിക്കുന്നതിനുള്ള താൽപ്പര്യം എന്നിവ മുൻനിർത്തിയും വിവിധ കാർഷിക വികസന പദ്ധതികൾ മുഖേന ധനസഹായം നൽകി വരുന്നു. ഇവയുടെ പേരും ഈ സാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഹോർട്ടികൾച്ചർ കോർപ്പറേഷൻ**

186 (3393) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ കോർപ്പറേഷൻ കഴിഞ്ഞ നാല് സാമ്പത്തിക

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വർഷങ്ങളിലായി എത്ര തുകയുടെ പച്ചക്കറി സംഭരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പച്ചക്കറി പൂർണ്ണമായും സംസ്ഥാനത്തിനുള്ളിലെ കർഷകരിൽ നിന്നാണോ അതോ സംസ്ഥാനത്തിനു പുറത്തു നിന്നുള്ള കർഷകരിൽ നിന്നാണോ സംഭരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്യോഗസ്ഥർ സംസ്ഥാനത്തിനുള്ളിലെ കർഷകർ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്ന് സംഭരിക്കുവാൻ കൂടുതൽ താൽപര്യം കാണിക്കുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആ പ്രവണത പൂർണ്ണമായും ഒഴിവാക്കി സംസ്ഥാനത്തിനുള്ളിലെ കർഷകരിൽ നിന്നു മാത്രം അത് തികയാതെ വരുമ്പോൾ മാത്രം സംസ്ഥാനത്തിനു പുറത്തു നിന്ന് സംഭരിക്കാനും കർശന നിർദ്ദേശം നൽകുമോ;

(ഇ) പച്ചക്കറി സംഭരണത്തിൽ കേരള കർഷകരെ അവഗണിക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നല്കുമോ ?

<u>ഉത്തരം</u>

(എ) ഹോർട്ടികോർപ്പിന്റെ കഴിഞ്ഞ നാല് വർഷങ്ങളിലെ പച്ചക്കറി സംഭരണ തുകയുടെ വിശദാംശങ്ങൾ താഴെച്ചേർക്കും പ്രകാരമാണ്:

| | | |
|---|---|---|
| 2011-12 | - | 1385.13 ലക്ഷം രൂപ |
| 2012-13 | - | 3057.45 ലക്ഷം രൂപ |
| 2013-14 | - | 9183.90 ലക്ഷം രൂപ |
| 2014-15 | - | 6785.07 ലക്ഷം രൂപ |

(ബി) ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ., കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നുമാണ് പരമാവധി ഉൽപ്പന്നങ്ങൾ സംഭരിക്കുന്നത്. ഹോർട്ടികോർപ്പ് 45-ഓളം ഇനം പച്ചക്കറികളാണ് വിപണനം ചെയ്യുന്നത്. ഇപ്രകാരം വിപണനം ചെയ്യുന്ന പച്ചക്കറികളിൽ കേരളത്തിൽ ലഭ്യമല്ലാത്തവ അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ചുവരുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങളാണ് അയൽ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ചുവരുന്നത്. കേരളത്തിലെ കർഷകരിൽ നിന്നും ലഭ്യമാകുന്ന എല്ലാ ഇനം പച്ചക്കറികളും സംഭരിക്കുന്നതിന് ഹോർട്ടികോർപ്പ് ജില്ലാ മാനേജർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നതിനാൽ ഇക്കാര്യത്തിൽ ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

**കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കർമ്മ പദ്ധതി**

187 (3394) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടനിലക്കാരുടെ ചൂഷണമില്ലാതെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇടനിലക്കാരുടെ ചൂഷണമില്ലാതെ കാർഷികോൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ ഉടമസ്ഥതയിലുള്ള 6 കാർഷിക മൊത്ത വ്യാപാര വിപണികളിലും 5 ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും ഇടനിലക്കാരുടെ ചൂഷണമില്ലാതെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ട്.

തിരുവനന്തപുരം ജില്ലയിലുള്ള ആനയറ, എറണാകുളം ജില്ലയിലുള്ള മരട്, കോഴിക്കോട് ജില്ലയിലുള്ള വേങ്ങേരി എന്നീ നഗര കാർഷിക മൊത്തവ്യാപാര വിപണികളിലും തിരുവനന്തപുരം ജില്ലയിലുള്ള നെടുമങ്ങാട്, എറണാകുളം ജില്ലയിലുള്ള മൂവാറ്റുപുഴ, വയനാട് ജില്ലയിലുള്ള സുൽത്താൻ ബത്തേരി എന്നീ ഗ്രാമീണകാർഷിക മൊത്തവ്യാപാര വിപണികളിലും കർഷകർക്ക്

കാർഷികോൽപ്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. കൊല്ലം ജില്ലയിലെ കാളിയൻചന്ത, ആലപ്പുഴ ജില്ലയിലെ കോടന്തുരുത്ത്, കോട്ടയം ജില്ലയിലെ കുറുപ്പന്തറ, ഇടുക്കി ജില്ലയിലെ തൊടുപുഴ, തൃശ്ശൂർ ജില്ലയിലെ പാവറട്ടി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളിലും കർഷകർക്ക് ഉൽപ്പനങ്ങൾ നേരിട്ട് വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ കർഷകർക്ക് ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനായി ട്രാൻസ്പോർട്ട് സബ്സിഡിയും നൽകി വരുന്നു.

സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിലുൾപ്പെട്ട കർഷകരുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 22 ബ്ലോക്ക് തല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ മുഖാന്തരവും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന 231 എ ഗ്രേഡ് ക്ലസ്റ്ററുകൾ മുഖാന്തരവും കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ട് വിപണനം ചെയ്തുവരുന്നു. ഇതുകൂടാതെ സർക്കാർ നിയന്ത്രണത്തിലുള്ള VFPCK (വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള)-യുടെ സ്വാശ്രയ വിപണികളിലും നേരിട്ട് വിപണന സൗകര്യങ്ങൾ ലഭ്യമാണ്. സർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്പ് കർഷകരിൽനിന്നും നേരിട്ട് കാർഷികോൽപ്പന്നങ്ങൾ സംഭരണം നടത്തുന്നതുവഴി ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകർ ഒഴിവാകുന്നു.

(ബി) ഇടനിലക്കാരുടെ ചൂഷണം പരമാവധി ഒഴിവാക്കുന്നതിനും കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമാണ് ഇത് വഴി ലക്ഷ്യമിടുന്നത്. മേൽ വിവരിച്ച സംവിധാനങ്ങളിലൂടെ ഈ ലക്ഷ്യം ഏറെക്കുറെ കൈവരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(സി) സർക്കാർ ഉടമസ്ഥതയിലുള്ള വിപണികളുടെയും ജില്ലാസംഭരണ കേന്ദ്രങ്ങളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനായി മാർക്കറ്റ് വികസന പദ്ധതി പ്രകാരം തുക വകയിരുത്തുകയും ഓരോ വിപണിയുടെയും വികസനത്തിനായി ആവശ്യമുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുന്നു.

**സംയോജിത നീർത്തട വികസന പദ്ധതി**

188 (3395) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ.അൻവർ സാദത്ത്:

ശ്രീ. ജോസഫ് വാഴക്കൻ:

ശ്രീ. പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത നീർത്തട വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, മണ്ണിന്റെ ഫലപുഷ്ടി ശോഷണം തടയുക, ഭൂജലവിതാനം ക്രമാനുഗതമായി ഉയർത്തുക, കാർഷിക അനുബന്ധ മേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുക, ജീവനോപാധി പ്രവർത്തനങ്ങളിലൂടെ ഗ്രാമീണ ജനതയുടെ തൊഴിലും വരുമാനവും മെച്ചപ്പെടുത്തി അവരുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തുക എന്നിവ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) സംസ്ഥാനത്ത് ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനതല പദ്ധതി ഏകോപനത്തിനായി State Level Nodal Agency രൂപീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലും Watershed Cell cum Data Centre (WCDC) രൂപീകരിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തുകളെ പദ്ധതി നിർവ്വഹണത്തിൽ സഹായിക്കാനായി Watershed Development Team (WDT) രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്ന അടിസ്ഥാന ഘടകം നീർത്തടമാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സൺ ആയും വി.ഇ.ഒ. അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന് വിട്ടുകിട്ടപ്പെട്ട ഉദ്യോഗസ്ഥൻ സെക്രട്ടറിയായും നീർത്തട കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

**വെയർഹൗസിംഗ് കോർപ്പറേഷനിൽ അസിസ്റ്റന്റ് മാനേജർ നിയമനം**

189 (3396) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ നിലവിൽ വന്ന സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലേക്കുള്ള അസിസ്റ്റന്റ് മാനേജർ റാങ്ക് ലിസ്റ്റിൽ നിന്നും നിലവിലുള്ള ഒഴിവുകളിൽ കൂടുതൽ പേർക്ക് നിയമനം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(ബി) 2014 ലെ റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ 2015 ൽ പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാനുണ്ടായ കാരണം വിശദമാക്കുമോ ;

(സി) 2014 ലെ അസിസ്റ്റന്റ് മാനേജർ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 2014-ലെ റാങ്ക് ലിസ്റ്റിൽ നിന്നും നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജികൾ തള്ളി ഉത്തരവായിട്ടുള്ളതും വിധിക്ക് അനുസൃതമായി എല്ലാ നിയമനങ്ങളും നടത്തിയിട്ടുള്ളതുമാണ്.

**നോഡൽ വാട്ടർ ടെക്നോളജി സെന്റർ**

190 (3397) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അഗ്രോണോമിക് റിസർച്ച് സ്റ്റേഷന്റെ ആഭിമുഖ്യത്തിൽ ചാലക്കുടിയിൽ നോഡൽ വാട്ടർ ടെക്നോളജി സെന്റർ സ്ഥാപിക്കുന്നതിനും വാട്ടർ മാനേജ്മെന്റ് ഗവേഷണത്തിനുമായി സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പ്രഖ്യാപിച്ചിട്ടുള്ള മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനത്തിൽ വാട്ടർ മാനേജ്മെന്റ് ഗവേഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ; നവീകരണ പ്രവർത്തന ങ്ങൾക്കായി സർക്കാർ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം


3157/2017

(എ-സി) കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷനിൽ നോഡൽ വാട്ടർ ടെക്നോളജി സെന്റർ സ്ഥാപിച്ചിട്ടില്ല. നോഡൽ വാട്ടർ ടെക്നോളജി സെന്റർ വെള്ളാനിക്കര മെയിൻ കാമ്പസിലാണ് നടപ്പിലാക്കിയത്. വെള്ളാനിക്കരയിൽ പ്രസ്തുത ഗവേഷണം നടന്നുവരുന്നു.

## ബി. എസ് സി. (Hons)അഗ്രികൾച്ചറൽ കോഴ്സിന് പ്രവേശനം

191 (3398) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻട്രൻസ് പരീക്ഷ എഴുതി വിജയിച്ച് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള അവസരം നിഷേധിച്ചുകൊണ്ട് കാർഷിക മേഖലയിൽ അവാർഡു നേടിയ കർഷകപ്രതിഭയായ വിദ്യാർത്ഥിക്ക് കേരള കാർഷിക സർവ്വകലാശാല നടത്തുന്ന ബി. എസ് സി. (Hons) അഗ്രികൾച്ചറൽ കോഴ്സിന് സ.ഉ.(എം എസ്) 142/2015/കൃഷി എന്ന 3-9-2015 ലെ ഉത്തരവുപ്രകാരം പ്രവേശനം നൽകാൻ തീരുമാനിച്ചത് ഏതു ചട്ടപ്രകാരമാണെന്നും, പ്രസ്തുത തീരുമാനം കാർഷിക സർവ്വകലാശാലയുടെ ചാൻസലറുടെ അനുമതിയോടെ ആണോ എന്നും വ്യക്തമാക്കുമോ?

### ഉത്തരം

എൻട്രൻസ് പരീക്ഷ എഴുതി വിജയിച്ച കാർഷിക മേഖലയിലെ സംസ്ഥാന സർക്കാരിന്റെ സംസ്ഥാനതല അവാർഡ് നേടിയ കാർഷിക പ്രതിഭയായ വിദ്യാർത്ഥിക്ക് കേരള കാർഷിക സർവ്വകലാശാലയിലെ B.Sc. (Hons) Agriculture കോഴസിന് 2015-16 അദ്ധ്യയന വർഷം മുതൽ തുടർന്നുള്ള വർഷങ്ങളിലും പ്രവേശനം നൽകാൻ തീരുമാനിച്ചത് സർക്കാർ ഉത്തരവും സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിലിന്റെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനങ്ങളും അനുസരിച്ചാണ്.

## വയനാട് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനം

192 (3399) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സാമ്പത്തിക വർഷത്തെ വയനാട് ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിൻെറ പദ്ധതി ഇനത്തിലുള്ള സാമ്പത്തിക ലക്ഷ്യം, നേട്ടം എന്നിവ വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ സാമ്പത്തിക ലക്ഷ്യം നേട്ടം എന്നിവ

വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷം ഇതുവരെ പദ്ധതിയിനത്തിൽ വകുപ്പ് വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1. 20,000 രൂപ ചെലവഴിച്ച് പനമരം വെറ്ററിനറി ഡിസ്പെൻസറിയുടെ ഉദ്ഘാടനം നടത്തി.

2. 60,000 രൂപ ചെലവഴിച്ച് 6 പഞ്ചായത്തുകളിലെ സ്കൂൾ കുട്ടികൾക്കുവേണ്ടി മൃഗസംരക്ഷണ ബോധവൽക്കരണ പ്രോഗ്രാം നടത്തി.

3. 1,64,000 രൂപ ചെലവഴിച്ച് 3 പഞ്ചായത്തുകളിലെ സ്കൂളുകളിൽ അനിമൽ വെൽഫെയർ ക്ലബുകൾ രൂപീകരിച്ചു.

4. 1,00,000 രൂപ ചെലവഴിച്ച് 2 താലൂക്കുകളിൽ താലൂക്കുതല എന്റർപ്രണർ പ്രോഗ്രാം സംഘടിപ്പിച്ചു.

5. 1,40,000 രൂപ ചെലവഴിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തലിന് പരിശീലനം നൽകി.

6. 16,32,400 രൂപ ചെലവഴിച്ച് 50 സ്കൂളുകളിലെ 2500 കുട്ടികളിലൂടെ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കി.

7. 6,07,525 രൂപ ചെലവഴിച്ച് 150 താറാവ് വളർത്തൽ യൂണിറ്റ് സ്ഥാപിച്ചു.

8. 6,25,000 രൂപ ചെലവഴിച്ച് 25 ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിച്ചു.

9. 4,00,000 രൂപ ചെലവഴിച്ച് ഇരുളം പഞ്ചായത്തിനെ മോഡൽ പഞ്ചായത്താക്കി മാറ്റി.

10. 1,50,000 രൂപ ചെലവഴിച്ച് 5 യൂണിറ്റ് കേജ് റിയറിംഗ് ഓഫ് ഗോട്ട് എന്ന പദ്ധതി നടപ്പിലാക്കി.

11. മാനന്തവാടി ബ്ലോക്കിൽ രാത്രികാല അടിയന്തര മൃഗ ചികിത്സാ സേവനം നടപ്പിലാക്കി.

12. കുരങ്ങുപനി നിയന്ത്രണവിധേയമാക്കി.

(ബി) 1. 60,000 രൂപ ചെലവഴിച്ച് 6 പഞ്ചായത്തുകളിലെ സ്കൂൾ കുട്ടികൾക്കുവേണ്ടി മൃഗസംരക്ഷണ ബോധവൽക്കരണ പ്രോഗ്രാം നടത്തി.

2. 1,00,000 രൂപ ചെലവഴിച്ച് 2 താലൂക്കുകളിൽ താലൂക്ക് തല എന്റർപ്രണർ പ്രോഗ്രാം സംഘടിപ്പിച്ചു.

3. 1,40,000 രൂപ ചെലവഴിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള ആട് വളർത്തലിന് പരിശീലനം നൽകി.

4. 1,54,000 രൂപ ചെലവഴിച്ച് 3 പഞ്ചായത്തിലെ സ്കൂളുകളിൽ അനിമൽ വെൽഫയർ ക്ലബുകൾ രൂപീകരിച്ചു.

5. 9,01,500 രൂപ ചെലവഴിച്ച് 50 സ്കൂളുകളിലെ 2500 കുട്ടികളുടെ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കി.

6. 9,00,000 രൂപ ചെലവഴിച്ച് ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് സ്ഥാപിച്ചു.

7. 1,80,000 രൂപ ചെലവഴിച്ച് ഓർഗനൈസിംഗ് റെഗുലർ വിസിറ്റിംഗ് വിത്ത് സൊസൈറ്റീസ് എന്ന പദ്ധതി നടപ്പിലാക്കി.

8. 1,02,000 രൂപ ചെലവഴിച്ച് ഹെൽത്ത് ക്യാമ്പുകൾ നടത്തി.

9. 6,54,180 രൂപ ചെലവഴിച്ച് വിവിധ മൃഗാശുപത്രികളിൽ ഉപകരണങ്ങൾ വാങ്ങി.

10. 1,00,000 രൂപ ചെലവഴിച്ച് ഇൻഫെർട്ടിലിറ്റി ക്യാമ്പുകൾ സംഘടിപ്പിച്ചു.

(സി)

| താലൂക്ക് | ചെലവഴിച്ച തുക |
|---|---|
| വൈത്തിരി | 8,55,000 |
| സുൽത്താൻ ബത്തേരി | 8,06,300 |

| | |
|---|---|
| മാനന്തവാടി | 8,97,500 |

**മൃഗസംരക്ഷണ വകുപ്പിൽ ആർ.എ.എച്ച്.സി. സംവിധാനം**

193 (3400) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ആർ.എ.ഐ .സി നിർത്തലാക്കി പകരം ആർ.എ .എച്ച് .സി . സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിൻെറ ഭാഗമായി എവിടെയെല്ലാമാണ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത് ; വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. 6-7-2013-ലെ സ.ഉ(കൈ) നമ്പർ 225/13, 13-3-2013-ലെ സ.ഉ(കൈ)നമ്പർ 415/13 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ആർ.എ.ഐ.സി.-കൾ ആർ.എ.എച്ച്.സി.-കളായി പുനർനാമകരണം ചെയ്തു. നിലവിൽ ഉണ്ടായിരുന്ന ആർ.എ.ഐ.സി.കൾ തന്നെ ആർ.എ.എച്ച്.സി.-കളായി പ്രവർത്തിച്ചു വരുന്നു.

(ബി) നിലവിലുണ്ടായിരുന്ന 38 ആർ.എ.ഐ.സി.കൾ തന്നെയാണ് ആർ.എ.എച്ച്.സി.കളായി പ്രവർത്തിക്കുന്നത്. പുതുതായി കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. ആർ.എ.എച്ച്.സി-കൾ താലൂക്ക് അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

(സി) പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങൾ താലൂക്കുതല സ്ഥാപനങ്ങളായിരിക്കും. കേന്ദ്രാവിഷ്കൃത പദ്ധതികൾ, ആർ.കെ.വി.വൈ, കന്നുകുട്ടി പരിപാലന പദ്ധതി, പ്രത്യേക പാക്കേജുകൾ തുടങ്ങിയ വകുപ്പുതല പദ്ധതികളുടെ നടത്തിപ്പും മേൽനോട്ടവും റിപ്പോർട്ട് സമാഹരണവും കൂടാതെ പഞ്ചായത്തുതല മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവയും ആർ.എ.എച്ച്.സി.കൾ മുഖേന നടപ്പിലാക്കുന്നതിന് ലക്ഷ്യമാക്കുന്നുണ്ട്. താലൂക്ക് പരിധിയിൽ വരുന്ന മൃഗാശുപത്രികൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെയും സേവനങ്ങളുടെയും നടത്തിപ്പും വെറ്ററിനറി സബ്സെന്ററുകളിൽ വിശദപരിശോധന നടത്തി റിപ്പോർട്ട് ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നൽകുന്നതും ആർ.എ.എച്ച്.സി.-കളുടെ പ്രവർത്തന പരിധിയിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ടി നടപടികളിലൂടെ വെറ്ററിനറി ആശുപത്രി/ ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ സേവനം കൂടുതൽ സമയം

കർഷകർക്കും കന്നുകാലികളുടെ ചികിത്സ, രോഗപ്രതിരോധ നടപടികൾ തുടങ്ങിയവയും ലഭ്യമാകും.

**മൃഗസംരക്ഷണ വകുപ്പിനുള്ള പദ്ധതി വിഹിതം**

194 (3401) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിനായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബജറ്റിൽ അനുവദിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) ആയതിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് വേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തുക ട്രഷറിയിൽ നിന്നും പിൻവലിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കാലിത്തീറ്റ ഉൽപ്പാദനത്തിനും വിതരണത്തിനും സബ്സിഡിക്കുമായി ഇതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ)

| വർഷം | നീക്കിവച്ച തുക (കോടിയിൽ) | | ചെലവഴിച്ച തുക (കോടിയിൽ) | |
|---|---|---|---|---|
| | പ്ലാൻ | നോൺ പ്ലാൻ | പ്ലാൻ | നോൺപ്ലാൻ |
| 2011-12 | 140.02 | 230.4 | 118.9 | 207.36 |
| 2012-13 | 139.63 | 243.72 | 127.12 | 214.48 |
| 2013-14 | 188.24 | 268.54 | 162.06 | 241.68 |
| 2014-15 | 211.77 | 321.1 | 162.54 | 282.56 |
| 2015-16 | 209.46 | 371.99 | - | - |

(ബി)

| വർഷം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 100 |
| 2012-13 | 180 |

| | |
|---|---|
| 2013-14 | 270 |
| 2014-15 | 250 |

(സി)

| വർഷം | പിൻവലിച്ച തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 1576 |
| 2012-13 | 450 |
| 2013-14 | 550 |
| 2014-15 | 1400 |

**കേരളത്തിൽ പാലിന്റെ ഉപഭോഗവും ഇറക്കുമതിയും**

195 (3402) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പാലിന്റെ ആകെ ഉപഭോഗം കണക്കാക്കിയിട്ടുണ്ടോ; ഏറ്റവും അധികം പാൽ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന സാഹചര്യം ഒഴിവാക്കാൻ മൃഗസംരക്ഷണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ പ്രകാരം 2014-15 വർഷത്തിൽ കേരളത്തിലെ പാലിന്റെ ആകെ ഉപഭോഗം 2899.22 ആയിരം ടൺ ആണ്. ഏറ്റവും അധികം പാൽ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്ന സാഹചര്യം ഒഴിവാക്കാൻ കന്നുകുട്ടി പരിപാലന പദ്ധതി, ഗോവർദ്ധിനി പദ്ധതി എന്നിവ വഴി കേരളത്തിൽ ജനിക്കുന്ന പശുക്കുട്ടികളെ ഉൽപ്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിന് സാധിക്കുന്നു. കൂടാതെ കൃത്രിമ ബീജദാന സൗകര്യം നൽകുക വഴി സംസ്ഥാനത്തെ 95% പശുക്കളെയും സങ്കരവർഗ്ഗമാക്കി മാറ്റുവാൻ കഴിഞ്ഞു. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ഫാമുകൾ, പരിശീലന കേന്ദ്രങ്ങൾ എന്നിവ വഴി കർഷകർക്ക് ശാസ്ത്രീയമായി കന്നുകാലി പരിചരണത്തിൽ പരിശീലനവും നൽകിവരുന്നു. കന്നുകാലികളെ വന്ധ്യത പരിഹരിച്ച് പൂർണ്ണ ഉൽപ്പാദനക്ഷമത ലക്ഷ്യമിട്ട് വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ദേശീയ സാമ്പത്തിക പ്രാധാന്യമുള്ള കാലി രോഗങ്ങൾക്കെതിരെ പ്രതിരോധ നടപടികൾ, ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ട് വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾ,

മികച്ചയിനം സാന്ദ്രീകൃത കാലിത്തീറ്റയുടെ ലഭ്യത ഉറപ്പ് വരുത്താൻ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സിന് കീഴിൽ പുതിയ കാലിത്തീറ്റ ഫാക്ടറികൾ തുടങ്ങിയ പദ്ധതികളും സംസ്ഥാനത്തിന്റെ പാലുൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു.

**കുളമ്പുരോഗം ബാധിച്ച് കന്നുകാലികൾ ചത്തൊടുങ്ങിയ സംഭവം**

196 (3403) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷം കുളമ്പുരോഗം ബാധിച്ച് എത്ര കന്നുകാലികളാണ് ചത്തൊടുങ്ങിയത് എന്നും ഇതിൽ എത്ര കന്നുകാലികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകി എന്നും അറിയിക്കുമോ ;

(ബി) കുളമ്പുരോഗം ബാധിച്ച് ചത്തൊടുങ്ങിയ കന്നുകാലികളുടെ വിവരശേഖരണത്തിനായി മൃഗസംരക്ഷണ വകുപ്പിനെയാണോ ചുമതലപ്പെടുത്തിയത്;

(സി) ക്ഷീരവികസന വകുപ്പ് പ്രസ്തുത വിഷയം സംബന്ധിച്ച് ശേഖരിച്ച കണക്കുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതു പ്രകാരം എത്ര കന്നുകളാണ് തൃശ്ശൂർ ജില്ലയിൽ കുളമ്പുരോഗം ബാധിച്ച് മരണമടഞ്ഞത്;

(ഡി) ക്ഷീരവികസന വകുപ്പിനെയും മൃഗസംരക്ഷണ വകുപ്പിനേയും സഹകരിപ്പിച്ച് സംയുകതമായി റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനും പ്രസ്തുത വകുപ്പുകളുടെ ഏകീകരിച്ച പ്രവർത്തനത്തിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മരണപ്പെട്ട കന്നുകാലികൾ

| | | |
|---|---|---|
| പശു | - | 601 |
| കന്നുക്കുട്ടി | - | 857 |
| കിടാരി | - | 225 |
| എരുമ | - | 53 |
| ആകെ | - | 1736 |

നഷ്ടപരിഹാരം

| | | |
|---|---|---|
| പശു/എരുമ | - | 111 |
| കന്നുകുട്ടി | - | 116 |

| | | |
|---|---|---|
| കിടാരി | - | 32 |
| ആകെ | - | 259 |
| കർഷകരുടെ എണ്ണം | - | 227 |
| നഷ്ടപരിഹാരം നൽകിയ തുക | - | 30,50,000 |

(ബി&സി) കുളമ്പുരോഗം ബാധിച്ച് ചത്തൊടുങ്ങിയ കന്നുകാലികളുടെ വിവരശേഖരണത്തിനായി മൃഗസംരക്ഷണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ക്ഷീരവികസന വകുപ്പിൽനിന്നും കണക്കുകൾ ലഭ്യമല്ല.

(ഡി) മൃഗങ്ങളിലെ രോഗവിവര നിർണ്ണയവും ചികിത്സയും സംബന്ധിച്ചുള്ള അറിവും പ്രാഗത്ഭ്യവും മൃഗസംരക്ഷണ വകുപ്പിലാണുള്ളത്.

**മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ**

197 (3404) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കോഴി വളർത്തുന്ന കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങളും സൗകര്യങ്ങളും എന്തെല്ലാം ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കോഴിക്കുഞ്ഞുങ്ങളെയും തീറ്റയും നൽകി, കുഞ്ഞുങ്ങൾ പൂർണ്ണ വളർച്ചയെത്തിയതിനുശേഷം തിരിച്ചെടുക്കുന്ന പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) തിരിച്ചെടുക്കുന്ന കോഴികളിൽ നിന്നും കർഷകന് ലഭിക്കുന്ന ആദായം എത്രയാണെന്നറിയിക്കുമോ?

ഉത്തരം

(എ&ബി) മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കാൻ

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശവും ഈ പദ്ധതികളിലൂടെ കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഉണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാശങ്ങളും തിരിച്ചെടുക്കുന്ന കോഴികളിൽ നിന്നും കർഷകന് ലഭിക്കുന്ന ആദായവും താഴെച്ചേർക്കുന്നു.

<u>ഇന്റഗ്രേഷൻ പദ്ധതി</u> :

സ്വന്തമായി സ്ഥലവും കുറഞ്ഞത് 2000 ചതുരശ്ര അടി വിസ്തീർണ്ണവുമുള്ള ഷെഡും കോഴിവളർത്തലിന് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളുമുള്ള തൽപ്പരരായ കർഷകരെ ഉദ്ദേശിച്ചാണ് ഇന്റഗ്രേഷൻ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ ഇറച്ചിക്കോഴി വളർത്തലും മുട്ടക്കോഴി വളർത്തലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ, മരുന്ന് എന്നിവ കോർപ്പറേഷൻ കർഷകർക്ക് നൽകുന്നു.

40-45 ദിവസം പ്രായമാകുമ്പോൾ ഇറച്ചിക്കോഴികളെ കോർപ്പറേഷൻ തിരിച്ചെടുത്ത് സ്വന്തം മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് കെപ്കോ ചിക്കൻ തയ്യാറാക്കുന്നു. കർഷകർക്ക് കിലോഗ്രാമിന് 10 രൂപ വരെ വളർത്തുകൂലിയായി ലഭിക്കുന്നു.

മുട്ടക്കോഴികൾക്ക് 45 ദിവസം പ്രായമാകുമ്പോൾ കോർപ്പറേഷൻ തിരിച്ചെടുത്ത് വിവിധ പദ്ധതികളിലൂടെ വിതരണം ചെയ്യുന്നു. വളർത്ത് കൂലിയായി ഒരു മുട്ടക്കോഴിക്ക് 8 രൂപ വരെ കർഷകർക്ക് ലഭിക്കുന്നതാണ്.

**ഗവൺമെന്റ് പ്രസ്സുകൾ**

198 (3405) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>:
<u>ശ്രീ. എ. എം. ആരിഫ്</u>:
<u>ശ്രീ. കെ. കെ. നാരായണൻ</u>:
<u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഗവൺമെന്റ് പ്രസ്സുകളെ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; നിലവിലുള്ള പ്രസ്സുകളും സംവിധാനങ്ങളും പ്രിന്റിംഗ് ആവശ്യങ്ങൾക്ക് പര്യാപ്തമാണോ;

(ബി) സർക്കാർ പ്രസിദ്ധീകരണങ്ങൾ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിക്കാതെ അവയുടെ അച്ചടി അന്യസംസ്ഥാനത്തിലേക്ക് മാറ്റുന്നുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഗവൺമെന്റ് പ്രസ്സുകൾ ആധുനികവത്ക്കരിച്ച് നവീന സാങ്കേതിക വിദ്യയിലുള്ള അച്ചടിയന്ത്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്സുകളിൽ യോഗ്യതയും പരിചയസമ്പത്തും തൊഴിൽ നൈപുണ്യവുമുള്ളവരുടെ കുറവ് നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അച്ചടി വകുപ്പിൻ കീഴിൽ ആകെ 11 ഗവൺമെന്റ് പ്രസ്സുകളാണ് നിലവിലുള്ളത്. ഗവൺമെന്റ് സെൻട്രൽ പ്രസ്, തിരുവനന്തപുരം; സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം; സെൻട്രൽ പ്രിസൺ പ്രസ്സ്, പൂജപ്പുര; ഗവൺമെന്റ് പ്രസ്സ് മണ്ണന്തല, തിരുവനന്തപുരം; ഗവൺമെന്റ് പ്രസ് വാഴൂർ, കോട്ടയം; ഗവൺമെന്റ് പ്രസ്സ് എറണാകുളം; ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ; ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട്; ഗവൺമെന്റ് പ്രസ്സ്, കണ്ണൂർ; ഗവൺമെന്റ് പ്രസ്സ്, കൊല്ലം; ഗവൺമെന്റ് പ്രസ്സ്, വയനാട് എന്നീ ഗവൺമെന്റ് പ്രസ്സുകളാണ് നിലവിലുള്ളത്. അതിൽ മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് പ്രസ്സുകളിൽ വെബ്ഓഫ്സെറ്റ് മെഷീനുകൾ 3 എണ്ണവും കോഴിക്കോട്, ഷൊർണ്ണൂർ, വാഴൂർ എന്നീ ഗവൺമെന്റ് പ്രസ്സുകളിൽ റീൽപേപ്പർ ഗോഡൗണുകളും സ്ഥാപിച്ചിട്ടുണ്ട്. പാഠപുസ്തക അച്ചടിക്കും മറ്റും ഇപ്പോഴത്തെ യന്ത്രങ്ങൾ പര്യാപ്തമാണ്. എന്നാൽ സർക്കാർ ലോട്ടറി ടിക്കറ്റുകളുടെ അച്ചടിക്ക് പര്യാപ്തമായ ആധുനിക സംവിധാനങ്ങൾ നിലവിലില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഇല്ല.

**ശ്മശാന നിർമ്മാണത്തിന് ഫണ്ട്**

199 (3406) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകൾ ശ്മശാന നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കി നൽകിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ ഏതെല്ലാം പഞ്ചായത്തുകൾക്ക് പണം അനുവദിച്ചു എന്നും അനുവദിച്ച തുകയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ കൊല്ലം ജില്ലയിലെ കുണ്ടറ, പത്തനാപുരം എന്നീ ഗ്രാമപഞ്ചായത്തുകൾ ശ്മശാന നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നു.

(ബി) പദ്ധതി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കാത്തതിനാൽ കുണ്ടറ, പത്തനാപുരം ഗ്രാമപഞ്ചായത്തുകൾക്ക് തുകയൊന്നും അനുവദിച്ചിട്ടില്ല.

**ത്രിതല പഞ്ചായത്തുകളിൽ ക്ഷേമനിധി ബോർഡ്**

200 (3407) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളായിരുന്നവർക്കുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിഗണിക്കുമോ?

ഉത്തരം

ത്രിതല പഞ്ചായത്തുകളിൽ അംഗങ്ങളായിരുന്നവർക്കുവേണ്ടി ഒരു ക്ഷേമനിധി ബോർഡ് ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മാലിന്യ സംസ്കരണത്തിനായി അനുവദിച്ച തുക**

201 (3408) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ത്രിതലപഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണത്തിനായി കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ സർക്കാർ വിഹിതം എത്രയെന്നും പഞ്ചായത്ത് വിഹിതം എത്രയെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ ത്രിതല പഞ്ചായത്തുകൾക്ക് മാലിന്യ സംസ്കരണത്തിനായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് 10,200 ലക്ഷം രൂപയാണ്. ഇതിൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചതുമായ തുക 5899 ലക്ഷം രൂപയാണ്.

(ബി) 5899 ലക്ഷം രൂപ സർക്കാർ വിഹിതമാണ്. പഞ്ചായത്ത് വിഹിതം സംബന്ധിച്ച് വിവരം ശേഖരിച്ച് വരുന്നു.

**ഒഴിവുകൾ നികത്താൻ നടപടി**

202 (3409) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിഭാഗം തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറക്ക് ഒഴിവുകൾ നികത്താൻ കഴിയും. ഓവർസിയർമാരുടെ ഒഴിവുകളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് കണ്ണൂർ തദ്ദേശ സ്വയംഭരണ വകുപ്പ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയർ അനുവാദം നൽകിയിട്ടുണ്ട്.

**ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ലഭിച്ച വീടുകൾ കൈമാറ്റം ചെയ്യുന്നത്**

203 (3410) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഇ.എം.എസ്.ഭവന പദ്ധതി പ്രകാരം ലഭിച്ച വീടുകൾ കൈമാറ്റം ചെയ്യരുതെന്ന വ്യവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ധനസഹായമായി ലഭിച്ച തുക പലിശ സഹിതം സർക്കാരിൽ തിരിച്ചടച്ചാൽ കൈമാറ്റം ചെയ്യുന്നതിൽ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ആർക്കെങ്കിലും സർക്കാർ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇ.എം.എസ്. ഭവന പദ്ധതി പ്രകാരം ധനസഹായം ലഭിച്ച് നിർമ്മിച്ച വീടും വസ്തുവും അന്യാധീനപ്പെടുന്നത് ഒഴിവാക്കാൻ 7-11-2009-ലെ സ.ഉ. (എം.എസ്) നമ്പർ 207/2009/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഇ.എം.എസ്. ഭവന പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം 10 വർഷ കാലയളവിലേക്ക് ഇവ കൈമാറ്റം നടത്തരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് ഗുണഭോക്താക്കൾ കരാർ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.

(ബി) പൂർണ്ണമായും സർക്കാർ ധനസഹായമായി അനുവദിക്കുന്ന തുക ഉപയോഗിച്ച് നിർമ്മിക്കുന്ന വീടും സ്ഥലവും 10 വർഷത്തേക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണെങ്കിലും അനിവാര്യമായ സാഹചര്യത്തിൽ കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരിച്ചടയ്ക്കുന്ന മുറയ്ക്ക് വായ്പാ കരാർ റദ്ദാക്കി നൽകുന്നതിനുള്ള അനുമതി നൽകി വരുന്നുണ്ട്. എന്നാൽ ഇപ്രകാരം ചെയ്യുന്നത് പൊതുവായ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലല്ല. മറിച്ച് അപേക്ഷകളുടെ മെറിറ്റ് പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ മാത്രമാണ്.

(സി) അർഹമായ അപേക്ഷകളിൽ അനുമതി നൽകിയിട്ടുണ്ട്.

**ജനന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കൽ**

204 (3411) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ജനനം രജിസ്റ്റർ

ചെയ്യാത്തവർക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആളുകൾക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന്, വളരെയെധികം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതും കാലതാമസം വരുത്തുന്നതുമായ നിലവിലെ വ്യവസ്ഥകൾ ലഘൂകരിക്കണമന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിലവിലെ വ്യവസ്ഥകൾ ലഘൂകരിച്ച്, ജനനസർട്ടിഫിക്കറ്റ് വേഗത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യഥാസമയം ജനനം രജിസ്റ്റർ ചെയ്യാത്തവർക്ക് ജനന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ചുവടെ ചേർത്തിട്ടുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. ജനനവും മരണവും അതത് തദ്ദേശ രജിസ്ട്രേഷൻ യൂണിറ്റിൽ 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യേണ്ടതാണ്. 21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ 2 രൂപ പിഴയോടുകൂടി അതാത് തദ്ദേശ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. 30 ദിവസത്തിനകം രജിസ്റ്റർ ചെയ്യാത്ത ജനന-മരണങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതിയോടുകൂടി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ ആർ.ഡി.ഒ.-യുടെ അനുമതിയോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. 1-4-1970-ന് മുമ്പുള്ള ജനന-മരണങ്ങളും ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്.

1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 13 ഉപചട്ടം (3) അനുസരിച്ച് ഏതെങ്കിലും ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10-ൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ജനന-മരണ രജിസ്ട്രാർ അപേക്ഷകന് നൽകേണ്ടതാണ്. നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച തദ്ദേശഭരണ രജിസ്ട്രാർക്കുള്ള അപേക്ഷയോടൊപ്പം ജനനം/മരണം നടന്ന സമയത്തെ താമസ സ്ഥലം തെളിയിക്കുന്ന രേഖകൾ, ജനനം/മരണം നടന്ന സ്ഥലം തെളിയിക്കുന്ന രേഖകൾ, സർട്ടിഫിക്കറ്റ് ഫീസായ 2 രൂപ, തെരച്ചിൽ ഫീസായി ഒരു വർഷത്തേക്ക് 2 രൂപ വീതം എന്നിവ അതത് തദ്ദേശ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകന് നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് നേരിട്ടും ആർ.ഡി.ഒ.-ക്ക് സമർപ്പിക്കാവുന്നതാണ്. ആർ.ഡി.ഒ. യുടെ അനുമതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ രജിസ്ട്രാർ ജനനം/മരണം രജിസ്റ്റർ ചെയ്ത് അപേക്ഷകന് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

**കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്**

205 (3412) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവീസസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

**കേരള പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഓഫീസ്**

206 (3413) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഓഫീസിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ വരി സംഖ്യ ക്രെഡിറ്റ് ചെയ്യപ്പെടാതെ വന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത തുക കെ.പി.ഇ.പി.എഫ്. അക്കൗണ്ടിൽ വകയിരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷൻ എന്തെങ്കിലും സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുണ്ടോ;എങ്കിൽ അത് കെ.പി.ഇ.പി.എഫ്. ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഈ സോഫ്റ്റ്‌വെയറിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) ഇത്തരം പരാതികൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. എ.കെ.എം. വികസിപ്പിച്ചെടുത്ത സ്സോഫ്റ്റ്‌വെയറിലുണ്ടായ അപാകതമൂലമാണ് ഇത് സംഭവിച്ചിട്ടുള്ളത്. ടി അപാകത പരിഹരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ഐ.കെ.എം.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശരിയായ അക്കൗണ്ട് നമ്പർ രേഖപ്പെടുത്താത്തതും ട്രഷറിയിൽ ഒടുക്കുന്ന ചെലാനുകളിൽ ശരിയായ ഹെഡ് ഓഫ് അക്കൗണ്ട് രേഖപ്പെടുത്താത്തതും മിസ്സിംഗ് ക്രെഡിറ്റുകൾക്ക് കാരണമാകാറുണ്ട്.

(സി) 2015-16 വർഷം മുതൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനാൽ ഐ.കെ.എം. സോഫ്റ്റ്‌വെയറിൽ വേണ്ടുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ച് സോഫ്റ്റ്‌വെയറിലെ അപാകതകൾ ഐ.കെ.എം. പരിഹരിച്ചു. മിസ്സിംഗ് ക്രെഡിറ്റ് സംബന്ധിച്ച പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്ഥാപന കെ.പി.ഇ.പി.എഫ്. എന്ന അപ്ലിക്കേഷൻ ഐ.കെ.എം. വഴി പ്രാവർത്തികമാക്കി കെ.പി.ഇ.പി.എഫ്. ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. കെ.പി.ഇ.പി.എഫ്.-ലെ ജോലികൾ ഓൺലൈൻ ആക്കുകയാണ് ഈ സോഫ്റ്റ് വെയറിന്റെ ലക്ഷ്യം.

(ഇ) ഐ. കെ. എം. വികസിപ്പിച്ചെടുത്ത സോഫ്റ്റ്‌വെയറിലെ അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**വാടക കെട്ടിടങ്ങൾ ഉപയോഗിക്കുന്ന ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ**

207 (3414) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്
3157/2017

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടങ്ങളിൽ ചെറുകിട വ്യാപാരസ്ഥാപനങ്ങൾ, വീടുകൾ വാടകയ്ക്കെടുത്ത് താമസിക്കുന്നവർ തുടങ്ങിയ വാടക ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വാടക കെട്ടിടങ്ങളുടെ ഉടമസ്ഥർ യാതൊരു വ്യവസ്ഥയുമില്ലാതെ വാടക നിരക്ക് ഉയർത്തുന്നത് പല ചെറുകിട വ്യവസായ, വ്യാപാര സ്ഥാപനങ്ങൾക്കും പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാകുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല.

(ബി സംസ്ഥാനത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് ക്രമപ്പെടുത്തുന്നതിനും അങ്ങനെയുള്ള കെട്ടിടങ്ങളുടെ വാടക നിയന്ത്രിക്കുന്നതിനും കെട്ടിട ഉടമസ്ഥൻ മാരുടെയും വാടകക്കാരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ച് 1965-ലെ കേരള ബിൽഡിംഗ് (ലീസ്&കൺട്രോൾ) ആക്ടിന് ഭേദഗതി വരുത്തുന്നതിനായി സർക്കാരിന്റെ ഭവന നിർമ്മാണ വകുപ്പ് മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു.

**ആസ്തി വികസന പദ്ധതികൾക്ക് പണം**

208 (3415) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച അമ്പലപ്പുഴ മണ്ഡലത്തിലെ എത്ര പ്രവൃത്തികൾ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭിച്ചുവെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് പണം അനുവദിച്ചുവെന്നും, ഏതെല്ലാം പ്രവൃത്തികൾക്ക് പണം ഡിപ്പോസിറ്റ് ചെയ്യാനുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

13 പ്രവൃത്തികൾ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**മങ്കട പ്രസ്സ് ഫോറത്തിന് റൂം**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

209 (3416) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ മങ്കട ടൗണിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൽ ഒഴിഞ്ഞ് കിടക്കുന്ന മുറി മങ്കട പ്രസ്സ് ഫോറത്തിന് സൗജന്യമായി വിട്ടുനൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ നടപടിക്രമങ്ങളും അനുകൂലമായി പൂർത്തിയായിട്ടും മങ്കട പ്രസ്സ് ഫോറത്തിന് പ്രസ്തുത മുറി വിട്ട് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ വിഷയം പരിശോധിച്ചുവരികയാണ്.

**ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ**

210 (3417) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ട് ഉപയോഗിച്ച് തരൂർ മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) 2014-15 വർഷത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് തദ്ദേശസ്വയംഭരണ വകുപ്പിനെ ഏല്പിച്ചത്; ഏതെല്ലാം പ്രവൃത്തികൾ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്; ബാക്കിയുള്ളവ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) 2015-16 വർഷത്തെ എല്ലാ പ്രവൃത്തികൾക്കും പ്രവർത്തനാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ധനകാര്യവകുപ്പ് നിർദ്ദേശിച്ച രേഖകൾ സഹിതം എസ്റ്റിമേറ്റുകൾ ചീഫ് ഇഞ്ചിനീയർക്ക് നൽകിയത് എന്നാണ്; കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**കുറ്റി കാലേത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

211 (3418) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ എം.എൽ.എ. യുടെ മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ച ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുറ്റി കാലേത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മാസങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാൻ കിഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും എന്നും വിശദമാക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

**തെരുവ് നായ്ക്കളെ നശിപ്പിക്കുന്നതിന് സംവിധാനം**

212 (T*3419) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മൃഗ പ്രജനന നിയമപ്രകാരം, അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിന് വിലക്ക് നിലവിലുണ്ടോ;

(ബി) പേയുള്ളതോ, ആക്രമണകാരികളോ ആയ നായ്ക്കളിൽ നിന്നും പൊതുജനങ്ങൾക്ക് സംരക്ഷണം നല്കുന്ന കാര്യത്തിൽ പ്രസ്തുത നിയമത്തിലോ മറ്റേതെങ്കിലും നിയമത്തിലോ എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) ആക്രമണകാരികളായ തെരുവുനായ്ക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും, അവയിൽ നിന്നുള്ള ഗുരുതര ആക്രമണങ്ങൾമൂലം മനുഷ്യർക്കും മറ്റു വളർത്തു ജീവികൾക്കും ജീവഹാനി ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾ ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥ നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്;

(ഡി) നിലവിലെ സംവിധാനങ്ങൾ ജനങ്ങൾക്കും മറ്റു വളർത്തു ജീവികൾക്കും തെരുവുനായ്ക്കളിൽ നിന്നും സംരക്ഷണം നല്കാൻ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ എന്തു നടപടിയാണ് കൈക്കൊള്ളുന്നതെന്ന്

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര മൃഗ പ്രജനന നിയമപ്രകാരം നായ്ക്കളെ വന്ധ്യംകരിച്ച് പേവിഷ പ്രതിരോധ കുത്തിവെയ്പ്പ് നൽകുന്ന നടപടികളാണ് നിലവിലുള്ളത്.

(ബി) 1960-ലെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമത്തിലെ സെക്ഷൻ 13 പ്രകാരം പേവിഷ ബാധയുള്ള നായ്ക്കളെ കൊന്ന് നശിപ്പിക്കാവുന്നതാണ്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 09-07-2015-ന് കൂടിയ യോഗ തീരുമാന പ്രകാരം അപകടകാരികളും പേവിഷബാധയുള്ളതുമായ നായ്ക്കളെ നിരീക്ഷണ വിധേയമാക്കിയതിനുശേഷം കൊല്ലുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ ജീവന് ഭീഷണിയാകുന്ന തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയുന്നതിനുമായി സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഊർജ്ജിതമായ ശ്രമം നടന്നുവരുന്നു. എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെയും ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെയും എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിനാണ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്.

(ഡി) ഉണ്ട്. നിലവിലെ നിയമത്തിൽ തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനും വാക്സിനേഷൻ നടത്തുന്നതും സംബന്ധിച്ചുള്ള നിർദ്ദേശങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

**നികുതി വർദ്ധനവ്**

213 (3420) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളത് ;

(ബി) വീട്ടുകരം വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വർദ്ധിച്ച കരം എന്നുമുതൽ ഈടാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ;

(സി) പഞ്ചായത്തുകളിൽ നിന്നും നൽകുന്ന സേവനങ്ങൾക്ക് ഏതെല്ലാം തരത്തിൽ ഫീസ് ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പഞ്ചായത്തുകളിൽനിന്നും നൽകുന്ന ലൈസൻസുകൾക്ക് ഫീസ് വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; ആയതിൻെറ മാനദണ്ഡവും ഫീസ് ഘടനയും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളുടെ തനത് വരുമാനത്തിലെ പ്രധാന സ്രോതസ്സ് നികുതികളാണെന്നതിനാൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഗ്രാമപഞ്ചായത്തുകളുടെ നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിൽ, പുതുതായി നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

(ബി) ഇല്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം, ഉപയോഗക്രമത്തിനനുസരിച്ച് ഓരോയിനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് 2011-ൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ടി നിരക്ക് പുതിയ കെട്ടിടങ്ങൾക്ക് 14-1-2011 മുതലും മുമ്പ് വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് 1-4-2013 മുതലും ബാധകമാണ്. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച 27-4-2014-ലെ സ.ഉ.(എം എസ്) നമ്പർ 144/15/തസ്വഭവ ഭേദഗതി ഉത്തരവ് പ്രകാരം 2000 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ളതും വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്തതുമായ വീടുകൾക്ക് നിലവിലുള്ള നികുതി തന്നെ ഈടാക്കിയാൽ മതിയാകുന്നതാണ്. അവർക്ക് നികുതി വർദ്ധനവ് ബാധകമല്ല. വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് വർദ്ധനയ്ക്ക് ആനുപാതികമായി നിലവിലുള്ള സ്ക്വയർ ഫീറ്റ് നിരക്കനുസരിച്ച് നികുതി നൽകണം. 2000 സ്ക്വയർ ഫീറ്റിൽ കൂടുതലുള്ള വീടുകൾക്ക് 1-4-2013 മുതൽ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിക്കുമ്പോൾ നിലവിലുള്ള നികുതിയുടെ 25 ശതമാനത്തിൽ അധികമാകാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 660 സ്ക്വയർ ഫീറ്റുവരെയുള്ള എല്ലാ വാസഗൃഹ കെട്ടിടങ്ങളെയും 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്.

(സി) ശുചിത്വ പരിപാലനം, ജല വിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തി യിട്ടുള്ളിടത്തെല്ലാം 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന

ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തു നികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്നുണ്ട്.

26-ാം ചട്ട പ്രകാരം ചുമത്തപ്പെടുന്ന സേവന ഉപനികുതി 27-ാം ചട്ടത്തിൽ പറയുന്ന നിരക്കുകളിൽ കുറവായിരിക്കാൻ പാടില്ലെന്ന് ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1. ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പുചവറുകൾ, പക്ഷി മൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യവസ്തുക്കൾ തുടങ്ങിയ ഖര മാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4%

2. ജലവിതരണം (തെരുവ് ടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3%

3. തെരുവ് വിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2%

4. ഡ്രെയിനേജ് (അഴുക്കുചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) - കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1%

(ഡി) ഇല്ല.

**ആധുനിക അറവുശാലകൾ**

214 (3421) <u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. കെ. ശിവദാസൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശാസ്ത്രീയമായ സംവിധാനങ്ങളോടു കൂടിയ സ്ലോട്ടർ ഹൗസുകൾ ആരംഭിക്കേണ്ടത് ശുചിത്വമായ മാംസം ലഭ്യമാക്കുന്നതിന് അനിവാര്യമാണ്. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുമുള്ള ഒരു ഗ്രാമപഞ്ചായത്തിനെങ്കിലും അറവുശാല സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(സി) ശാസ്ത്രീയമായ രീതിയിലുള്ള അറവുശാലകളുടെ നിർമ്മാണത്തിനും നവീകരണത്തിനും സാങ്കേതിക സഹായവും ഉപദേശവും നൽകുന്നതിന് ശുചിത്വ മിഷനെ സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഓരോ ഗ്രാമ പഞ്ചായത്തിലും അറവുശാല നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തുന്നതിന് പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തിൽ പുതുതായി അറവുശാല നിർമ്മിക്കുന്നതിന് 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. അറവുശാല നിർമ്മിക്കുന്നതിനുള്ള ധനസഹായമായി 40 ലക്ഷം രൂപ വീതം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിനായി 1000 ലക്ഷം രൂപ 2015-16 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

**തദ്ദേശസ്ഥാപനങ്ങളിലെ കരാർ പണികൾ**

215 (3422) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ കരാർ പണികൾ ഏറ്റെടുത്തവർക്ക് കുടിശ്ശിക ഇനിയും നല്കാനുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ;

(ബി) മുൻഭരണസമിതിയുടെ കാലത്തുള്ള കുടിശ്ശിക കൊടുത്തു തീർക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ അധികാരം ഏറ്റെടുത്ത ഭരണ സമിതികൾക്ക് പണികൾ ടെൻഡർ ചെയ്യുന്നതിന് ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനായി തദ്ദേശസ്ഥാപനങ്ങളിലെ കരാറുകാരുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം**

216 (3423) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീ. വർക്കല കഹാർ</u> :

<u>ശ്രീ. സി. പി. മുഹമ്മദ്</u> :

<u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണത്തിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) താമസിക്കുന്ന വീടിന്റെ അടുക്കളയിലും വീടിനുള്ളിലും മൃതദേഹങ്ങൾ കുഴിച്ചിടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും ബഹു. സുപ്രീം കോടതി വിധിയിൽ നിർദ്ദേശിച്ച പ്രകാരം മൃതശരീരങ്ങൾക്ക് മാന്യമായ സംസ്കാരം ലഭിക്കണമെങ്കിൽ നിർബന്ധമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പൊതുശ്മശാനം സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ശ്മശാനം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തുന്നതിലേക്ക് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നൽകിവരുന്നു. ഇതിലേക്കുള്ള ധനസഹായത്തിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് അർഹരായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചുവരുന്നു. 2015-16 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**ഡ്രൈവർമാരുടെ നിയമനം**

217 (3424) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരെ നിയമിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ; ഇവർക്ക് നിശ്ചയിച്ചിരിക്കുന്ന ശമ്പള ഘടനയെപ്പറ്റിയുള്ള വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ ജോലി ചെയ്ത് വരുന്ന ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ജില്ലാ, ബ്ലോക്ക്,ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിലോ ദിവസവേതനാടിസ്ഥാനത്തിലോ ആകെ എത്ര പേർ ഡ്രൈവർമാരായി ജോലി ചെയ്യുന്നുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്ഥിരം നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തുന്നത്. ഇവരുടെ ശമ്പള സ്കെയിൽ 9190-15780 രൂപയാണ്.

(ബി) പരിശോധിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

**ജില്ലാഗ്രാമപഞ്ചായത്തുകളിലെ ഒഴിവുകൾ**

218 (3425) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാപഞ്ചായത്ത്, ഗ്രാമപഞ്ചായത്തുകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിതരണം**

219 (3426) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ക്ഷേമപെൻഷനുകൾ പോസ്റ്റാഫീസ് അക്കൗണ്ട് വഴി

വിതരണം ചെയ്യുന്നതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിക്ക പോസ്റ്റ് ഓഫീസുകളിലും ഇവ കൈകാര്യം ചെയ്യുന്നതിന് മതിയായ ജീവനക്കാരും ഭൗതിക സാഹചര്യവും ഇല്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. തപാൽ വകുപ്പിന്റെ ഏറ്റവും താഴേത്തട്ടിൽ തുക കൃത്യമായി വിതരണം ചെയ്തോയെന്ന് അറിയുന്നതിനുള്ള സാങ്കേതിക സംവിധാനം സമയബന്ധിതമായി പ്രവർത്തിക്കുന്നില്ല. കൂടാതെ തപാൽ ഓഫീസുകളുടെ വിവിധ കോഡുകൾ മുന്നറിയിപ്പില്ലാതെ ഇടയ്ക്കിടയ്ക്ക് മാറുന്നത് സുഗമമായ വിതരണത്തിന് തടസ്സമാകുന്നു. പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഇക്കാര്യം പരിശോധിച്ചുവരുന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ പ്രവൃത്തികൾ**

220 (3427) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം കായംകുളം അസംബ്ലി മണ്ഡലത്തിൽ 2013, 2014, 2015 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതും ലഭിക്കാനുള്ളതുമായ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ പൂർത്തീകരിച്ചവ, നടന്നുകൊണ്ടിരിക്കുന്നവ, ടെൻഡർ ചെയ്യാനുള്ള പ്രവൃത്തികൾ എന്നിവ ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പല പ്രവൃത്തികളും നിർമ്മാണം ആരംഭിക്കുവാൻ കഴിയാത്ത സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭരണാനുമതി ലഭിച്ച ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കുറ്റിക്കലേത്ത് കടവ് പാലം എന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ല. സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കുന്നതാണ്.

**അംഗപരിമിത സെൻസസ്**

221 (3428) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതരുടെ സെൻസസിനായി എത്ര തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ഏത് സ്ഥാപനത്തെയാണ് ഇതിന്റെ ചുമതല ഏൽപ്പിച്ചിട്ടുള്ളതെന്നും ഏതൊക്കെ ജീവനക്കാരെ കൊണ്ട് എത്ര ഘട്ടങ്ങളിലായാണ് പൂർത്തിയാക്കിയതെന്നും അറിയിക്കാമോ?

ഉത്തരം

(എ) അംഗപരിമിത സെൻസസിന് 13,54,27,750 രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) കേരള സാമൂഹ്യ സുരക്ഷാമിഷനെയാണ് ഇതിന്റെ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. ഒന്നാംഘട്ടം സാമൂഹ്യനീതി വകുപ്പിലെ അങ്കണവാടി വർക്കർമാരും രണ്ടാംഘട്ടം ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആരോഗ്യ വിഭാഗത്തിലുള്ള ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരാണ് നിർവ്വഹിച്ചിട്ടുള്ളത്. രണ്ട് ഘട്ടങ്ങളായാണ് സെൻസസ് എന്യൂമറേഷൻ പൂർത്തീകരിച്ചിട്ടുള്ളത്.

**ഖരമാലിന്യ സംസ്കരണം**

222 (3429) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്തുകളിലൂടെ ഖരമാലിന്യ സംസ്കരണത്തിനായി എന്തെങ്കിലും പദ്ധതികൾ സ്ഥായിയായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മാലിന്യ സംസ്കരണം ഉൾപ്പെടെയുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് പദ്ധതികൾ പരിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾ മാലിന്യ സംസ്കരണത്തിന് തയ്യാറാക്കുന്ന

പ്രോജക്ടുകൾക്ക് സാങ്കേതികാനുമതിയും അർഹമായ സർക്കാർ സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകിവരുന്നു. ഇതിനായി സംസ്ഥാന പ്ലാൻ ഫണ്ടും കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടും ശുചിത്വ മിഷൻ മുഖേന പഞ്ചായത്തുകൾക്ക് ലഭ്യമാക്കിവരുന്നു.

ആവശ്യമുള്ള ഗ്രാമപഞ്ചായത്തുകളിൽ ജൈവമാലിന്യ സംസ്കരണത്തിന് പൊതു പ്ലാന്റ്, നിലവിലുള്ള പ്ലാന്റുകളുടെ നവീകരണം, കമ്മ്യൂണിറ്റി തലത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഗാർഹികതല മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പുനഃചംക്രമണമൂല്യമുള്ള അജൈവ മാലിന്യങ്ങൾ ശേഖരിച്ച്, തരംതിരിച്ച്, പുനരുപയോഗം/പുനഃചംക്രമണത്തിനായി നൽകുന്നതിനുള്ള പഞ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ, ദ്രവമാലിന്യ പരിപാലന സംവിധാനം എന്നിങ്ങനെ പദ്ധതികൾ സ്ഥായിയായി നടപ്പിലാക്കാൻ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ശുചിത്വമിഷൻ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ പാരിസ്ഥിതിക പ്രശ്നങ്ങൾക്കുകൂടി മുൻഗണന നൽകിക്കൊണ്ടുള്ളതാണ്.

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി അനുമതി**

223 (3430) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴിപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ, മുളവുകാട്, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്നും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിരിക്കുന്ന അപേക്ഷകളിൽ ഇതുവരെ തീരുമാനം എടുക്കാത്തവ എത്രയെണ്ണമുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത അതോറിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 502 അപേക്ഷകൾ.

(ബി) 385 അപേക്ഷകൾ.

**കുടുംബശ്രീ മിഷൻ**

224 (3431) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീ പ്രവർത്തകർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്നും വ്യക്തമാക്കുമോ;

(സി) കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക (ലക്ഷത്തിൽ) | ലഭിച്ച തുക | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 | 4500 | 4500 | 7100 |
| 2012-13 | 8417 | 8417 | 6032 |
| 2013-14 | 9000 | 9000 | 8654 |
| 2014-15 | 11549 | 7500 | 8616 |
| 2015-16 (31-10-2015 വരെ) | 12249 | - - | 4906 |

മുൻ വർഷങ്ങളിൽ ലഭിച്ചതും തൊട്ടടുത്ത വർഷങ്ങളിൽ പ്രസ്തുത തുക ചെലവഴിച്ചതിനാലുമാണ് ചില വർഷങ്ങളിൽ ലഭിച്ച തുകയെക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്.

(ബി) ഉണ്ട്. കുടുംബശ്രീ പ്രവർത്തകർക്ക് 2013 മുതൽ ഇൻഷ്വറൻസ് നടപ്പിലാക്കിവരുന്നു.

(സി) കുടുംബശ്രീ പ്രവർത്തകർക്ക് പെൻഷൻ ഏർപ്പെടുത്തുന്ന പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായുള്ള പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

**കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

225 (3432) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം എത്ര രൂപ ചെലവഴിച്ചു;

(ബി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കുടുംബശ്രീ മിഷൻ വിവിധ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(സി) കുടുംബശ്രീകൾക്ക് നൽകാനുള്ള ഗ്രാന്റുകളും സബ്സിഡികളും കുടിശ്ശികയില്ലാതെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കുടുംബശ്രീ മിഷൻ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം ആകെ 62937 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതികൾ | 2006-07 | 2007-08 | 2008-09 | 2009-10 | 2010-11 | ആകെ |
|---|---|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് | 1967 | 2780 | 5047 | 12188 | 8988 | 30970 |
| 2 | എസ്. ജെ .എസ് .ആർ.വൈ. | 596 | 611 | 648 | 877 | 2015 | 4747 |
| 3 | ബി.എസ്.യു.പി. | - | - | 5764 | 4178 | 5156 | 15098 |
| 4 | ഐ .എച്ച് .എസ്.ഡി.പി. | - | 4031 | 1847 | 3699 | 2545 | 12122 |
| | | | | | ആകെ | | 62937 |

(ബി) 2011 മുതൽ 2015 വരെയുള്ള കാലയളവിൽ കുടുംബശ്രീ മിഷൻ വിവിധ പദ്ധതികൾക്കായി ആകെ 90649.5 ലക്ഷം രൂപ 30-11-2015 വരെ ചെലവഴിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ | പദ്ധതികൾ | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | ആകെ |
|---|---|---|---|---|---|---|---|

| നമ്പർ | | | | | | | |
|---|---|---|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് | 7100 | 6032 | 8654 | 8616 | 5352 | 35754 |
| 2 | എസ്. ജെ.എസ്.ആർ.വൈ. | 954 | 1632 | 6445 | 418 | 1303 | 10752 |
| 3 | എൻ.ആർ.എൽ.പി. | - | 68 | 103.03 | 476.17 | 287.91 | 935.11 |
| 4 | എൻ.ആർ.എൽ.എം. | - | 1869 | 3093.49 | 3141.84 | 1268.06 | 9372.39 |
| 5 | എൻയു.എൽ.എം. | - | - | - | - | 280 | 280 |
| 6 | ഐ.എച്ച് .എസ്.ഡി.പി. | 3169 | 2029 | 475 | 6869 | 532 | 13074 |
| 7 | ബി.എസ്.യു.പി. | 4316 | 1392 | 3908 | 1266 | 65 | 10947 |
| 8 | ആർ.എ.വൈ. | 129 | 102 | 1927 | 123 | 1265 | 3546 |
| 9 | ഡി. ഡി.യു.ജി.കെ.വൈ. | - | - | - | 2876 | 626 | 3502 |
| 10 | എം.കെ.എസ്.പി. | 16 | 1253 | 1147 | 35 | 36 | 2487 |
| | | | | | ആകെ | | 90649.50 |

(സി) ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക ലഭ്യമാകുന്ന മുറയ്ക്ക് ഗ്രാന്റുകളും സബ്സിഡികളും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പഞ്ചായത്ത് വകുപ്പുവഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ**

226 (3433) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

പഞ്ചായത്ത് വകുപ്പുവഴി നടപ്പിലാക്കുന്ന ഏക കേന്ദ്രാവിഷ്കൃത പദ്ധതി രാജീവ് ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ (ആർ.ജി.പി.എസ്.എ.) ആണ്. പ്രസ്തുത പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷത്തിൽ 6035.49 ലക്ഷം രൂപ വകയിരുത്തിയതിൽ ലഭിച്ച 1449.12 ലക്ഷം രൂപയിൽ 793.87 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടു. 2015-16 സാമ്പത്തിക വർഷത്തിൽ 10.54 കോടി രൂപ വകയിരുത്തി. എന്നാൽ ചെലവുണ്ടായിട്ടില്ല.

**കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ**

227 (3434) ശ്രീ. ജെയിംസ് മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങളെ വിപുലപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) മിഷനിൽ മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ടോ; കമ്മിറ്റിയംഗങ്ങൾ ആരൊക്കെയെന്നും വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മിഷന്റെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള അവലോകന റിപ്പോർട്ട് നൽകാമോ;

(സി) 2011 ഏപ്രിൽ 1 മുതൽ 2015 നവംബർ 30 വരെയുള്ള കാലയളവിൽ മിഷന് വേണ്ടി നീക്കിവച്ച തുക എത്ര; വിനിയോഗിച്ച തുക എത്ര;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിഷനിൽ നിയമിച്ച താത്കാലിക ജീവനക്കാർ എത്ര; ഇവരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. കുടുംബശ്രീ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ വിവരിക്കുന്നു:

1. കുടുംബശ്രീ സി.ഡി.എസ്. ബൈലാ പരിഷ്കരിക്കുകയും, മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് പൂർത്തീകരിച്ച് പുതിയ ഭാരവാഹികൾ അധികാരത്തിലേറുകയും ചെയ്തു. കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിലേക്ക് തെരഞ്ഞെടുത്ത മുഴുവൻ ഭാരവാഹികൾക്കുമുള്ള പരിശീലന പരിപാടി പൂർത്തിയായി വരുന്നു.

2. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. (ഒന്നാം ഘട്ടം പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - 1043, ആശ്രയ ഗുണഭോക്താക്കൾ - 82483, കുടുംബശ്രീ ചലഞ്ച് ഫണ്ട് ഇനത്തിൽ നൽകിയ തുക – 105.7 കോടി രൂപ). 100-ൽപരം ആശ്രയ തുടർസേവന പദ്ധതികൾ ആരംഭിച്ചു.


3157/2017

3. രണ്ടാംഘട്ട ആശ്രയ പദ്ധതി 600 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചു. ആശ്രയ ചലഞ്ച് ഫണ്ട് 15 ലക്ഷത്തിൽ നിന്ന് 25 ലക്ഷമായി വർദ്ധിപ്പിച്ചു.

4. പഞ്ചായത്തുകളുമായി സഹകരിച്ച് ഹെൽപ് ഡെസ്ക്, ഗ്രാമ കേന്ദ്രം/സേവാ കേന്ദ്രം, പരസ്യ നികുതി പിരിവ്, ഉല്പന്നങ്ങളുടെ വിപണന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിലൂടെ 31000 കുടുംബശ്രീ പ്രവർത്തകർക്ക് തൊഴിലവസരം സൃഷ്ടിച്ചിട്ടുണ്ട്.

5. 60 ബഡ്സ് സ്കൂൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

6. 117 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ കുടുംബശ്രീ ആരംഭിച്ചു.

7. 30000 യുവതീയുവാക്കൾക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിന് ഡി.ഡി.യു.-ജി.കെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശ്യല്ല്യ യോജന) പദ്ധതി കുടുംബശ്രീയിലൂടെ ആരംഭിച്ചു.

8. 972 ഫാർമേഴ്സ് ഫെസിലിറ്റി സെന്ററുകൾ ആരംഭിച്ചു.

9. 216725 വനിതകളെ കൃഷിയിടങ്ങളിൽ എത്തിച്ച് 38706 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. 10000 മാസ്റ്റർ ഫാർമേഴ്സ്, 61836 കൂട്ടുത്തരവാദിത്വ ഗ്രൂപ്പുകളും കുടുംബശ്രീയുടെ കാർഷിക മേഖലയിലെ നേട്ടങ്ങളാണ്.

10. മാധ്യമ അവബോധത്തിന് 'മീഡിയാശ്രീ' പദ്ധതി ആരംഭിച്ചു.

11. വിധവകൾക്കും പ്രയാസം അനുഭവിക്കുന്നവർക്കുമുള്ള പ്രത്യേക തൊഴിൽ പദ്ധതിയായ 'പുനർജ്ജനി' ആരംഭിച്ചു.

12. അശരണരായവർക്കുള്ള പ്രത്യേക സഹായനിധി - 'സ്നേഹനിധി' ആരംഭിച്ചു.

13. കിലയുമായി സഹകരിച്ച് കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവർക്കുള്ള പ്രത്യേക പരിശീലനം സംഘടിപ്പിച്ചു.

14. ജില്ലകളിൽ 'സ്നേഹിത' ഹെൽപ് ഡെസ്ക് പദ്ധതി ആരംഭിച്ചു.

15. സംസ്ഥാനങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീയെ ദേശീയ റിസോഴ്സ് ഓർഗനൈസേഷനായി കേന്ദ്ര സർക്കാർ അംഗീകരിച്ചു.

16. പരിശീലന ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു.

17. 300 എംഇസിമാർ കുടുംബശ്രീയുടെ ഭാഗമായി പ്രവർത്തിക്കുന്നു.

18. യു.എ.ഇ., എത്യോപ്യ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ കുടുംബശ്രീ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായി.

19. കമ്മ്യൂണിറ്റി കോൺട്രാക്ടിന് (5 ലക്ഷം രൂപ വരെയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ) ഏറ്റെടുക്കുവാൻ പ്രത്യേക ഗ്രൂപ്പുകളെ ഉണ്ടാക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

20. സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയം 1500 രൂപയിൽ നിന്നും 5000 രൂപയാക്കി വർദ്ധിപ്പിച്ചു.

21. കുടുംബശ്രീ മികച്ച സി.ഡി.എസ്.-കളെ കണ്ടെത്താൻ 'ഇനി ഞങ്ങൾ പറയാം' എന്ന റിയാലിറ്റി ഷോ നടത്തി.

22. കുടുംബശ്രീയുടെ നേതൃത്വത്തിൽ 4 ഉല്പാദന കൂട്ടായ്മകൾ ആരംഭിച്ചു.

23. കുടുംബശ്രീ പ്രവർത്തകർ ഉല്പാദിപ്പിക്കുന്ന കശുവണ്ടി, മൂന്നാർ സ്ട്രോബറി, അരി, അപ്പാരൽ, സോപ്പ്, ഡിറ്റർജന്റ്, വാഷിംഗ് പൗഡർ, അരിപ്പൊടി, ഗോതമ്പ് പൊടി, തുടങ്ങിയവയുടെ ബ്രാന്റിംഗിനുള്ള നടപടി സ്വീകരിച്ചു.

24. കേന്ദ്ര സഹായത്തോടെ 4 സ്ഥലങ്ങളിൽ ജീവനോപാധി കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചു.

25. 25000 അയൽക്കൂട്ടങ്ങളെ മെന്റർ (മാർഗദർശകത്വം നൽകുന്ന) അയൽക്കൂട്ടങ്ങളാക്കി. അയൽക്കൂട്ട പ്രവർത്തനങ്ങളിൽ മെന്റർ അയൽക്കൂട്ടങ്ങളെ ഉപയോഗിച്ച് പ്രത്യേക പരിശീലനപരിപാടി

ആരംഭിച്ചു.

26. തിരുവനന്തപുരം ആർ.സി.സി.യുടെ സഹായത്തോടെ പത്തനംതിട്ട ജില്ലയിൽ ക്യാൻസർ ബോധവൽക്കരണ പദ്ധതി ആരംഭിച്ചു.

27. തീരദേശ മേഖലയിൽ 'സാഗരശ്രീ' പദ്ധതി നടപ്പിലാക്കിവരുന്നു.

28. കമ്മ്യൂണിറ്റി തിയേറ്റർ മേഖലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്.

29. ആദിവാസികളുടെ മനസ്സറിഞ്ഞ് സൂക്ഷ്മതല ആസൂത്രണ പ്രക്രിയ ആരംഭിച്ചു.

30. സഹകരണ ബാങ്കുകളിലൂടെയുള്ള ഭവനശ്രീ പദ്ധതി ലോൺ തുക സർക്കാർ ഏറ്റെടുത്ത ഒന്നാംഘട്ടമായി 9.47 കോടി രൂപ നൽകി. രണ്ടാം ഗഡു 4.92 കോടി രൂപ ഉടൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

31. എല്ലാ സി.ഡി.എസ്.-കളിലും പ്രവർത്തിക്കുന്ന അക്കൗണ്ടന്റുമാരുടെ പ്രതിമാസ ഓണറേറിയം 8000 രൂപയായി വർദ്ധിപ്പിച്ചു.

32. കേന്ദ്ര സർക്കാരിന്റെ നഗര-ഗ്രാമ ഉപജീവന മിഷനുകളിൽ നോഡൽ ഏജൻസിയായി കുടുംബശ്രീയെ നിയോഗിച്ചു.

33. ഏകീകൃത ചട്ടം ഉണ്ടാക്കി തെരഞ്ഞെടുപ്പ് നടത്തി 1072 സി.ഡി.എസ്.-കളിൽ 13 ലക്ഷം വനിതാ നേതാക്കന്മാർ 2015 ജനുവരി 26-ന് അധികാരമേറ്റു.

34. ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ ഒരു ഡിജിറ്റൈസ്ഡ് എംഐഎസ് സംവിധാനം കുടുംബശ്രീക്കുണ്ട്.

35. പലിശ സബ്സിഡി പ്രകാരം അയൽക്കൂട്ടങ്ങൾക്ക് 7% പലിശയ്ക്ക് ഒരു ലക്ഷം രൂപ വരെ ഈടില്ലാതെ വായ്പ ലഭിക്കുന്നു. (പാലക്കാട്, മലപ്പുറം ജില്ലകളിൽ 30 ലക്ഷം രൂപ വരെയാണ്.)

36. ഐ.റ്റി. മേഖലയിലെ സജീവ സാന്നിദ്ധ്യമായി 62 കുടുംബശ്രീ

ഐ.റ്റി. യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

37. 396 അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. (6 മാസം മുതൽ 3 വയസ് വരെയുള്ള അംഗൻവാടി കുട്ടികൾക്കുള്ള പൂരക പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്.)

38. ആരോഗ്യ മേഖലയിൽ 270 സാന്ത്വനം വോളണ്ടിയർ പ്രവർത്തിക്കുന്നു.

39. അഞ്ഞൂറോളം ക്യാന്റീൻ കാറ്ററിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

40. കുടുംബശ്രീ ട്രാവൽസ് നല്ല നിലയിൽ തിരുവനന്തപുരം, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നു.

41. മലപ്പുറത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ മലപ്പുറംനഗരസഭയുടെ സഹായത്തോടെ കുടിവെള്ള യൂണിറ്റ് ആരംഭിച്ചു.

42. എറണാകുളം റെയിൽവേ സ്റ്റേഷനോട് ചേർന്ന് കുടുംബശ്രീ റിസർവ്വേഷൻ കൗണ്ടറും എറണാകുളം, വർക്കല, തൃശ്ശൂർ, തൃപ്പൂണിത്തുറ എന്നീ സ്ഥലങ്ങളിൽ കുടുംബശ്രീ റെയിൽവേ പാർക്കിംഗും ഏറ്റെടുത്ത് നടത്തുന്നു.

43. കൊച്ചി മെട്രോയിലെ സേവന മേഖലയിൽ കുടുംബശ്രീക്ക് പ്രധാന റോൾ ലഭിച്ചിട്ടുണ്ട്.

44. എറണാകുളത്ത് വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പ് പ്രവർത്തിക്കുന്നു. ഒരു കെട്ടിടം നിർമ്മിക്കാൻ ആവശ്യമുള്ള മുഴുവൻ പ്രവൃത്തികളും ഏറ്റെടുത്ത് നടത്താൻ കഴിയുന്ന ഗ്രൂപ്പുകളാണിത്.

45. കാസർഗോഡ് ജില്ലയിൽ 'സഫലം കശുവണ്ടി സംസ്കരണ സമിതി' കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

46. കഫേശ്രീ എന്ന പേരിൽ 14 ജില്ലകളിൽ റെസ്റ്റോറന്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കഫേശ്രീ - തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ആരംഭിച്ചു.

47. 'ചാരുത' എന്ന ബ്രാന്റിൽ 19 ഹാന്റി ക്രാഫ്റ്റ് ഉല്പന്നങ്ങൾ വിപണിയിൽ എത്തിച്ചു.

48. അലങ്കാര മത്സ്യ കർഷകരെ അണിനിരത്തി ഗ്രാമശ്രീ

ഉൽപ്പാദക സൊസൈറ്റി രൂപീകരിച്ചു.

49. കുടുംബശ്രീയുടെ നേതൃത്വത്തിൽ TISS-മായി സഹകരിച്ച് കമ്മ്യൂണിറ്റി കോളേജ് ആരംഭിച്ചു.

50. അദാലത്തുകൾ സംഘടിപ്പിച്ച് കുറ്റമറ്റ പരാതിരഹിത സി.ഡി.എസ്. പ്രവർത്തനം നടത്തിവരുന്നു.

51. 77 സി.ഡി.എസുകളിൽ ക്രൈം മാപ്പിംഗ് നടത്തി.

52. പൈലറ്റ് പദ്ധതിയായി കുട്ടികളുടെ ക്രൈം മാപ്പിംഗ് ആരംഭിച്ചു.

53. സാമ്പത്തിക സാക്ഷരത കുട്ടികളിൽ എത്തിക്കുന്നതിന് പ്രത്യേക പദ്ധതി പാലക്കാട് ജില്ലയിൽ നടത്തി.

54. അട്ടപ്പാടിയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി ആരംഭിച്ചു.

55. ദാരിദ്ര്യം, സ്ത്രീ ശാക്തീകരണം, തദ്ദേശ സ്വയംഭരണം എന്നീ വിഷയങ്ങളിൽ കുടുംബശ്രീ ആദ്യമായി അന്തർദേശീയ സമ്മേളനം സംഘടിപ്പിച്ചു.

56. എല്ലാ സി.ഡി.എസുകളിലും ജെന്റർ കോർണർ ആരംഭിച്ചു.

57. 6.5 ലക്ഷം കുട്ടികൾ അംഗങ്ങളായ ബാലസഭ പ്രവർത്തിച്ചു വരുന്നു.

58. സ്ത്രീശക്തി പോർട്ടൽ-സ്ത്രീകളുടെ വിജ്ഞാനത്തിനും ചർച്ചകൾക്കുമുള്ള വേദിയായി പരിണമിച്ചുവരുന്നു.

(ബി) മിഷനിൽ മോണിറ്ററിംഗ് കമ്മിറ്റി നിലവിലില്ല. എന്നാൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായും വിവിധ വകുപ്പ് മേധാവികൾ അംഗങ്ങളായി ഗവേണിംഗ് ബോഡിയും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായും ഇതര വകുപ്പ് മേധാവികൾ അംഗങ്ങളായും എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും നിയോജക മണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ. കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപന അദ്ധ്യക്ഷന്മാരുടെ നേതൃത്വത്തിൽ കുടുംബശ്രീ സി.ഡി.എസ്. വിലയിരുത്തൽ സമിതിയും സംസ്ഥാന തലത്തിൽ എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിൽ സംയോജിത മേൽനോട്ട സമിതിയും

രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

(സി) 2011 ഏപ്രിൽ മുതൽ 2015 നവംബർ 30 വരെയുള്ള കാലയളവിൽ മിഷനുവേണ്ടി നീക്കിവച്ച തുകയുടെയും വിനിയോഗിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

തുക ലക്ഷത്തിൽ

| വർഷം | നീക്കിവച്ച തുക | ലഭിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|---|
| 2011-12 | 4500 | 4500 | 7100 |
| 2012-13 | 8417 | 8417 | 6032 |
| 2013-14 | 9000 | 9000 | 8654 |
| 2014-15 | 11549 | 7500 | 8616 |
| 2015-16 | 12249 | 0 | 5352 (30-11-2015 വരെ) |
| ആകെ | 45715 | 29417 | 35754 |

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരാൾക്ക് കെ.എസ്. & എസ്.എസ്.ആർ. ചട്ടങ്ങളിലെ 9A (i) ചട്ട പ്രകാരം ശമ്പള സ്കെയിലിൽ നിയമനം നൽകിയിട്ടുണ്ട്. ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

**കുടുംബശ്രീ അക്കൗണ്ട് ആന്റ് ആഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി**

228 (3435) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കുടുംബശ്രീയുടെ കണക്കെഴുത്ത് പരിശീലനം നൽകുന്നതും, കണക്കുകൾ പരിശോധിക്കുന്നതും ഏത് ഏജൻസിയാണെന്ന് വ്യകതമാക്കുമോ;

(ബി) കുടുംബശ്രീ അക്കൗണ്ട് ആന്റ് ആഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി (കെ.എ.എസ്.എസ്.) എന്ന ഏജൻസി രൂപീകരിച്ചത് എപ്പോഴാണെന്നും അതിന്റെ ഉദ്ദേശ്യം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സൊസൈറ്റിക്ക് കുടുംബശ്രീയുടെ ഓഡിറ്റിംഗ് നടത്തുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ എന്നും ഇല്ലെങ്കിൽ കുടുബശ്രീ ഓഡിറ്റിങ് നടത്തുന്നതിന്

പ്രസ്തുത വിഭാഗത്തെ തുടർന്നും ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ കണക്കെഴുത്ത് പരിശീലനം നൽകുന്നതും കണക്കുകൾ പരിശോധിക്കുന്നതും കുടുംബശ്രീയുടെ പിന്തുണാ സംവിധാനങ്ങളായ കാസ് ഗ്രൂപ്പും പരിശീലന ഗ്രൂപ്പുകളുമാണ്.

(ബി) കുടുംബശ്രീ അക്കൗണ്ട്സ് & ആഡിറ്റിംഗ് സർവ്വീസ് സൊസൈറ്റി (കാസ്) രൂപീകരിച്ചത് 2007-ലാണ്. 22-2-2011-ലെ കുടുംബശ്രീ ഗവേണിംഗ് ബോഡി തീരുമാന പ്രകാരം കുടുംബശ്രീ സംവിധാനത്തിന്റെ അംഗീകൃത ആഡിറ്റിംഗ് ഏജൻസിയായി കാസ് ഗ്രൂപ്പുകളെ അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ഭാഗമായ അയൽക്കൂട്ടങ്ങളുടെയും എ.ഡി.എസ്. സി.ഡി.എസ്. സംവിധാനങ്ങളുടെയും സാമ്പത്തിക പ്രവർത്തനങ്ങൾ/ഇടപാടുകൾ സുതാര്യമായും കാര്യക്ഷമമായും നടത്തുന്നുവെന്ന് ഉറപ്പുവരുത്തുകയെന്നതാണ് ഇതിന്റെ ഉദ്ദേശ്യം.

(സി) കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന്റെ ആഡിറ്റിംഗ് കാസ് അംഗങ്ങൾക്ക് നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. കുടുംബശ്രീയുടെ സംഘടനാ സംവിധാനത്തിന്റെ ആഡിറ്റിംഗ് തുടർന്നും പ്രസ്തുത വിഭാഗത്തെ ഏൽപ്പിക്കുന്നതാണ്.

**പഞ്ചായത്ത് വകുപ്പിലെ സെക്രട്ടറി, സീനിയർ സൂപ്രണ്ട് ഒഴിവുകൾ**

229 (3436) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു വകുപ്പിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സീനിയർ സൂപ്രണ്ട് തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) 2015 മാർച്ച് 31 വരെ പ്രസ്തുത വകുപ്പിൽ സെക്രട്ടറി, സീനിയർ സൂപ്രണ്ട് തസ്തികകളിൽ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പിന്റെ വരുമാന വർദ്ധനവും ഓഡിറ്റിങ്ങും ശക്തിപ്പെടുത്താൻ അസിസ്റ്റന്റ് ഡയറക്ടർമാരുടെ തസ്തിക വർദ്ധിപ്പിച്ച് ചുമതല വിഭജിച്ച് നൽകാൻ

നടപടി സ്വീകരിക്കുമോ;

(ഡി) ടി വകുപ്പിൽ ഏതൊക്കെ തസ്തികകളിലെ ജീവനക്കാരെയാണ് സർക്കാർ ജീവനക്കാരായി അംഗീകരിക്കാത്തത്; കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സീനിയർ സൂപ്രണ്ട് തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട്.

| | | |
|---|---|---|
| ആലപ്പുഴ | - | 1 |
| പാലക്കാട് | - | 1 |

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ ആകെ 41 ഒഴിവുകൾ നിലവിലുണ്ട്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 1 |
| കൊല്ലം | - | 1 |
| പത്തനംതിട്ട | - | 3 |
| ആലപ്പുഴ | - | 2 |
| കോട്ടയം | - | 7 |
| ഇടുക്കി | - | 4 |
| എറണാകുളം | - | 3 |
| തൃശ്ശൂർ | - | 3 |
| പാലക്കാട് | - | 5 |
| മലപ്പുറം | - | 6 |
| കോഴിക്കോട് | - | 0 |
| വയനാട് | - | 2 |
| കണ്ണൂർ | - | 1 |
| കാസർഗോഡ് | - | 3 |

ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(ബി) 31-3-2016 വരെ സീനിയർ സൂപ്രണ്ട് തസ്തികയിലെ പ്രതീക്ഷിത

ഒഴിവുകൾ 3 എണ്ണവും ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ 20 എണ്ണവുമാണ്.

(സി) പെർഫോമൻസ് ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 66 പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാരുടെ തസ്തിക പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ പദവിയിലേക്ക് ഉയർത്തണമെന്നാവശ്യപ്പെട്ട് സർക്കാരിന് സമർപ്പിച്ച ശിപാർശ 10-ാം ശമ്പള പരിഷ്കരണ കമ്മീഷന് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) പഞ്ചായത്ത് വകുപ്പിലെ കണ്ടിജന്റ് ജീവനക്കാരെ (പാർട്ട്ടൈം, ഫുൾടൈം) സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടില്ല. 6-1-1995-ലെ ജി.ഒ.(പി) 01/95/തഭവ പ്രകാരം ഈ വിഭാഗം ജീവനക്കാർ പഞ്ചായത്തിന്റെ ജീവനക്കാരായിത്തന്നെ തുടരുമെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

**കുടുംബശ്രീ ഓഫീസുകളിലെ അക്കൗണ്ടന്റ്മാരുടെ വേതനം**

230 (3437) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഓഫീസുകളിൽ അക്കൗണ്ടന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് നൽകിവരുന്ന വേതനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവരുടെ വേതന വർദ്ധനവ് സംബന്ധിച്ച് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രതിമാസം 8,000 രൂപ.

(ബി) കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റുമാരുടെ വേതന വർദ്ധനവ് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 6000 രൂപയായിരുന്ന ശമ്പളം 8,000 രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

**മാതൃകാ അങ്കണവാടി**

231 (3438) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാതൃകാ അങ്കണവാടി സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത അങ്കണവാടിയുടെ നിർമ്മാണം അടിയന്തരമായി

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) മാവേലിക്കര നിയോജക മണ്ഡലത്തിലെ മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിനായി ചുനക്കര പഞ്ചായത്തിലെ 51-ാം നമ്പർ അങ്കണവാടിക്ക് ഭരണാനുമതി ലഭ്യമാക്കിയിരുന്നെങ്കിലും പ്രസ്തുത അങ്കണവാടി കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ കെട്ടിട നിർമ്മാണം തുടങ്ങുവാൻ കഴിയാത്ത സാഹചര്യമുണ്ടായി. ആയതിനാൽ ടി 51-ാം നമ്പർ അങ്കണവാടിക്ക് പകരം ചുനക്കര ഗ്രാമ പഞ്ചായത്തിലെ 34-ാം നമ്പർ അങ്കണവാടിയെ മാതൃകാ അങ്കണവാടിയാക്കി കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും പുറമ്പോക്ക് ഭൂമി ലഭ്യമാക്കുവാൻ അപേക്ഷ നൽകിയിരുന്നു. ആയത് നാളിതുവരെ അനുവദിച്ചുകിട്ടിയിട്ടില്ല.

**റോഡുകളുടെ പുനരുദ്ധാരണം**

232 (3439) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര തുക വീതം ചെലവഴിച്ചു എന്നും ഏതെല്ലാം റോഡുകൾക്കാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വർഷം തിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഉത്തരം

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വിവാഹബന്ധം വേർപെടുത്തപ്പെട്ടവരുടെ കുട്ടികളുടെ പേര് തിരുത്തുന്നത്**

233 (3440) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹബന്ധം വേർപെടുത്തുകയോ, വേറിട്ടു താമസിക്കുകയോ ചെയ്യുന്നവരുടെ കുട്ടികളുടെ പേരു തിരുത്തുന്നതു സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച നിബന്ധനകൾ ഉദാരമാക്കി 2014 -നു ശേഷം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കുട്ടികളുടെ പേരു തിരുത്തുന്നതിന് സോമലത ടി.വി. , ലതാഹൗസ്, കരിവെള്ളൂർ, പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരുന്നോ;

(ഡി) പ്രസ്തുത അപേക്ഷ നിരസിച്ചുവെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) അപേക്ഷ അനുവദിക്കുന്നതിന് കൂടുതൽ എന്തെങ്കിലും വിവരങ്ങൾ ആവശ്യമുണ്ടോ; എങ്കിൽ അത് രേഖാമൂലം വ്യക്തമാക്കി അപേക്ഷകയ്ക്ക് കത്തു നൽകിട്ടുണ്ടോ; എങ്കിൽ പകർപ്പ് നൽകാമോ?

<u>ഉത്തരം</u>

(എ) വിവാഹബന്ധം വേർപെടുത്തുകയോ വേറിട്ട് താമസിക്കുകയോ ചെയ്യുന്നവരുടെ കുട്ടികളുടെ പേര് തിരുത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. വിവാഹബന്ധം വേർപെടുത്തുകയോ വേറിട്ട് താമസിക്കുകയോ ചെയ്യുന്ന മാതാപിതാക്കളുടെ കേസുകളിൽ കുട്ടിയുടെ പേര് തിരുത്തുന്നതിനായി മാതാപിതാക്കളുടെ സംയുക്ത അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതിനാൽ മാതാവ്/പിതാവ് ഉപേക്ഷിച്ചു പോയിട്ടുള്ള കേസുകളിലും കുട്ടി ആരുടെ സംരക്ഷണയിലാണോ അതിനനുസരിച്ച് മാതാവിന്റെ/പിതാവിന്റെ മാത്രം അപേക്ഷയുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ പേരുതിരുത്തി നൽകാവുന്നതാണ്. ഇത്തരം സന്ദർഭത്തിൽ മാതാവ്/പിതാവ്, കുട്ടിയും തിരിച്ചറിയൽ രേഖയും സഹിതം രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതുമാണ്. തിരുത്തലിനുള്ള എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ജനന രജിസ്റ്ററിൽ പേര് തിരുത്തി നൽകാവുന്നതാണെന്ന് 18-15-2014-ലെ 55767/ആർ.ഡി3/2014/ തസ്വഭവ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) 18-12-2014-ലെ 55767/ആർ.ഡി3/14/തസ്വഭവ നമ്പർ സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) കുട്ടിയുടെ പേര് തിരുത്തുന്നതിനായി ശ്രീമതി സോമലത ടി.വി, ലതാഹൗസ്, കരിവെള്ളൂർ എന്നയാൾ പയ്യന്നൂർ മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ഡി&ഇ) ബാധകമല്ല.

**സമ്പൂർണ്ണ ശുചിത്വ ഫണ്ട്**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

234 (3441) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ ശുചിത്വ ഫണ്ട്, പഞ്ചായത്ത് തലത്തിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കൃത്യമായി വിനിയോഗിക്കാൻ പുതിയ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മലപ്പുറം ജില്ലയിൽ പ്രസ്തുത തസ്തിക നിലവിലുണ്ടായിരുന്ന 5 പഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയ സാഹചര്യത്തിൽ മറ്റു പഞ്ചായത്തുകളിലും തസ്തിക സൃഷ്ടിക്കുവാൻ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) നഗരകാര്യ വകുപ്പിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കുന്നത് മാത്രമായുള്ള നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

**പരിരക്ഷ പദ്ധതി**

235 (3442) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ മൂന്നിയൂർ പഞ്ചായത്ത് നടപ്പിലാക്കി വരുന്ന കിടപ്പിലായ രോഗികളെ വീട്ടിലെത്തി പരിചരിക്കുന്ന 'പരിരക്ഷ' പദ്ധതി സംസ്ഥാനത്തിന് തന്നെ മാതൃകയായ പദ്ധതിയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കുന്നത് വളരെ പ്രയോജനകരമായിരിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സഹായങ്ങൾ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗ്രാമ

പഞ്ചായത്തുകൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്.

**ഗ്രാമസഭകളുടെ നടത്തിപ്പ്**

236 (3443) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമസഭകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രോട്ടോക്കോളുകൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

പ്രോട്ടോക്കോൾ നിലവിലില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരമാണ് ഗ്രാമസഭാ യോഗങ്ങൾ ചേരുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(4), 3(5) എന്നിവ പ്രകാരം ഒരു ഗ്രാമത്തിന്റെ ഭൂപ്രദേശത്തിലുൾപ്പെട്ട നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ഗ്രാമപഞ്ചായത്തംഗം ആ ഗ്രാമസഭയുടെ കൺവീനറായിരിക്കുന്നതും ഏതെങ്കിലും കാരണവശാൽ കൺവീനർക്ക് തന്റെ കടമകൾ നിർവ്വഹിക്കുന്നതിന് ശാരീരികമായോ മറ്റ് തരത്തിലോ സാധിക്കാതെ വന്നാൽ തൊട്ടടുത്തുള്ള ഏതെങ്കിലും നിയോജക മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന അംഗത്തെ കൺവീനറായി പ്രസിഡന്റിന് നിയമിക്കാവുന്നതാണ്.ഗ്രാമസഭയുടെ ഏതൊരു യോഗത്തിലും ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റോ അഥവാ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ വൈസ് പ്രസിഡന്റോ അല്ലെങ്കിൽ അവരുടെ രണ്ടുപേരുടെയും അസാന്നിദ്ധ്യത്തിൽ ഗ്രാമസഭയുടെ കൺവീനറോ അദ്ധ്യക്ഷം വഹിക്കേണ്ടതാണ്. നിലവിൽ ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് പ്രോട്ടോക്കോൾ സംവിധാന മില്ലാത്ത സംഗതിയിൽ സർക്കാരിന്റെ ഔദ്യോഗിക പ്രോട്ടോക്കോൾ അനുസരിച്ച് പരിപാടികൾ സംഘടിപ്പിക്കുവാൻ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഐ.ഒ.സി. പ്ലാന്റിന്റെ പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷ**

237 (3444) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിലെ നിർദ്ദിഷ്ട ഐ. ഒ. സി. പ്ലാന്റ് സ്ഥാപിക്കുന്നതിന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടോ ;എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്ത് പ്രസ്തുത അപേക്ഷ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇത്തരത്തിൽ അപേക്ഷ ലഭിച്ചിട്ടില്ലെന്ന് എളങ്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കുടുംബശ്രീയുടെ പ്രവർത്തനം**

238 (3445) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനും മെച്ചപ്പെടുത്തുന്ന തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കുടുംബശ്രീയ്ക്ക് ഫണ്ട് അനുവദിച്ച് നൽകുന്നതിൽ വീഴ്ച വരുത്തുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിലുണ്ടോ; ഈ സർക്കാർ അധികാരമേറ്റശേഷം കുടുംബശ്രീക്ക് എത്ര ഫണ്ട് അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) സാമൂഹ്യവികസനം ലക്ഷ്യം വച്ച് കുടുംബശ്രീ വഴി നടപ്പിലാക്കി വരുന്ന പദ്ധതികളെയും അവയുടെ പ്രവർത്തനങ്ങളെയും സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കുടുംബശ്രീയുടെ പ്രവർത്തനത്തെ സഹായിക്കുന്നതിനും മെച്ചപ്പെടുത്തുന്ന തിനുമായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

- 1072 സി.ഡി.എസ്., 20196 എ.ഡി.എസ്., 260376 അയൽക്കൂട്ടങ്ങൾ, 44 ലക്ഷം മെമ്പർമാർ, മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ 1257 പ്രത്യേക അയൽക്കൂട്ടങ്ങൾ എന്നിവ രൂപീകരിച്ചു.
- 1200 കോടി രൂപയുടെ ബാങ്ക് ലിങ്കേജ് കഴിഞ്ഞ വർഷം നേടി.
- 2762 കോടി രൂപയുടെ ത്രിഫ്റ്റ്, 9896 കോടി രൂപയുടെ

ആഭ്യന്തരവായ്പ എന്നിവ നൽകി.

- കഴിഞ്ഞ 4 വർഷത്തിനുള്ളിൽ 1846 പുതിയ സംരംഭങ്ങൾ ആരംഭിച്ചു.
- സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സ്ത്രീ സുരക്ഷാ ഭീമയോജന, ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി.
- 189742 അയൽക്കൂട്ടങ്ങൾ കഴിഞ്ഞ 4 വർഷത്തിനിടയിൽ 260000 ആയി വർദ്ധിച്ചു.
- എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ്&കോർഡിനേഷൻകമ്മിറ്റിയും സംസ്ഥാനാടിസ്ഥാനത്തിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ പ്രത്യേക കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിക്കുന്നു.
- 2009-10-ൽ കുടുംബശ്രീക്ക് ബഡ്ജറ്റ് വിഹിതം 30 കോടി ആയിരുന്നത് 123 കോടി രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചു.
- ആസ്ഥാന മന്ദിരം നിർമ്മിക്കുവാൻ 5 കോടി രൂപ 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി.
- ആസ്ഥാന മന്ദിരത്തിന് 50 സെന്റ് സ്ഥലം കൃഷി വകുപ്പ് വാഗ്ദാനം ചെയ്തിട്ടുണ്ട്.
- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. (ഒന്നാം ഘട്ടം പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - 1043, ആശ്രയ ഗുണഭോക്താക്കൾ - 82483, കുടുംബശ്രീ ചലഞ്ച് ഫണ്ട് ഇനത്തിൽ നൽകിയ തുക - 105.7 കോടി രൂപ) 100-ൽപരം ആശ്രയ തുടർസേവന പദ്ധതികൾ ആരംഭിച്ചു.
- രണ്ടാംഘട്ട ആശ്രയ പദ്ധതി 636 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചു. ആശ്രയ ചലഞ്ച് ഫണ്ട് 15 ലക്ഷത്തിൽ നിന്ന് 25 ലക്ഷമായി വർദ്ധിപ്പിച്ചു.
- എസ്.ടി. മേഖലയിൽ 63 പ്രത്യേക ആശ്രയ പദ്ധതികൾ ആരംഭിച്ചു.
- പഞ്ചായത്തുകളുമായി സഹകരിച്ച് ഹെൽപ്പ് ഡെസ്ക്, ഗ്രാമ കേന്ദ്രം/സേവാ കേന്ദ്രം, പരസ്യ നികുതി പിരിവ്, ഉത്പന്നങ്ങളുടെ

വിപണന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിന് 31000 കുടുംബശ്രീ പ്രവർത്തകർക്ക് തൊഴിലവസരം സൃഷ്ടിച്ചു.

- 62 ബഡ്സ് സ്കൂൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.
- 118 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ 2 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.
- 30000 യുവതീയുവാക്കൾക്ക് തൊഴിലവസരം ഉണ്ടാക്കുന്നതിന് ഡി.ഡി.യു.-ജി.കെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശ്യല്ല്യ യോജന) പദ്ധതി കുടുംബശ്രീയിലൂടെ ആരംഭിച്ചു.
- 972 ഫാർമേഴ്സ് ഫെസിലിറ്റി സെന്ററുകൾ ആരംഭിച്ചു.
- 216725 വനിതകളെ കൃഷിയിടങ്ങളിൽ എത്തിച്ച് 38706 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. 10000 മാസ്റ്റർ ഫാർമേഴ്സ്, 61836 കൂട്ടുത്തരവാദിത്വ ഗ്രൂപ്പുകളും കുടുംബശ്രീയുടെ കാർഷിക മേഖലയിലെ നേട്ടങ്ങളാണ്.
- മാധ്യമ അവബോധത്തിന് 'മീഡിയാശ്രീ' പദ്ധതി ആരംഭിച്ചു.
- വിധവകൾക്കും പ്രയാസം അനുഭവിക്കുന്നവർക്കുമുള്ള പ്രത്യേക തൊഴിൽ പദ്ധതിയായ 'പുനർജ്ജനി' ആരംഭിച്ചു.
- അശരണരായവർക്കുള്ള പ്രത്യേക സഹായനിധി-'സ്നേഹനിധി' ആരംഭിച്ചു.
- കിലയുമായി സഹകരിച്ച് കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ എന്നിവർക്കുള്ള പ്രത്യേക പരിശീലനം സംഘടിപ്പിച്ചു.
- 6 ജില്ലകളിൽ 'സ്നേഹിത' ഹെൽപ് ഡെസ്ക് പദ്ധതി ആരംഭിച്ചു.
- 10 സംസ്ഥാനങ്ങളിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് കുടുംബശ്രീയെ ദേശീയ റിസോഴ്സ് ഓർഗനൈസേഷനായി കേന്ദ്ര സർക്കാർ അംഗീകരിച്ചു.
- 19 പരിശീലന ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു.
- 300 എം.ഇ.സി.മാർ കുടുംബശ്രീയുടെ ഭാഗമായി പ്രവർത്തിക്കുന്നു.
- യു.എ.ഇ., എത്യോപ്യ, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളിൽ കുടുംബശ്രീ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടി പൂർത്തിയായി.
- കമ്മ്യൂണിറ്റി കോൺട്രാക്ടിന് (5 ലക്ഷം രൂപ വരെയുള്ള


3157/2017

പൊതുമരാമത്ത് പ്രവൃത്തികൾ) ഏറ്റെടുക്കുവാൻ പ്രത്യേക ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനുള്ള നടപടി ആരംഭിച്ചു.

- സി.ഡി.എസ്. ചെയർപേഴ്സൺമാരുടെ ഓണറേറിയം 1500 രൂപയിൽ നിന്നും 5000 രൂപയാക്കി വർദ്ധിപ്പിച്ചു.
- കുടുംബശ്രീ മികച്ച സി.ഡി.എസുകളെ കണ്ടെത്താൻ 'ഇനി ഞങ്ങൾ പറയാം' എന്ന റിയാലിറ്റി ഷോ നടത്തി.
- കുടുംബശ്രീയുടെ നേതൃത്വത്തിൽ 4 ഉല്പാദന കൂട്ടായ്മകൾ ആരംഭിച്ചു.
- കുടുംബശ്രീ പ്രവർത്തകർ ഉല്പാദിപ്പിക്കുന്ന കശുവണ്ടി, മൂന്നാർ സ്ട്രോബറി, അരി, അപ്പാരൽ, സോപ്പ്, ഡിറ്റർജന്റ്, വാഷിംഗ് പൗഡർ, അരിപ്പൊടി, ഗോതമ്പ് പൊടി, തുടങ്ങിയവയുടെ ബ്രാന്റിംഗിനുള്ള നടപടി സ്വീകരിച്ചു.
- കേന്ദ്ര സഹായത്തോടെ 4 സ്ഥലങ്ങളിൽ ജീവനോപാധി കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടി ആരംഭിച്ചു.
- 25000 അയൽക്കൂട്ടങ്ങളെ മെന്റർ (മാർഗദർശകത്വം നൽകുന്ന) അയൽക്കൂട്ടങ്ങളാക്കി. അയൽക്കൂട്ട പ്രവർത്തനങ്ങളിൽ മെന്റർ അയൽക്കൂട്ടങ്ങളെ ഉപയോഗിച്ച് പ്രത്യേക പരിശീലന പരിപാടി ആരംഭിച്ചു.
- തിരുവനന്തപുരം ആർ.സി.സി.-യുടെ സഹായത്തോടെ പത്തനംതിട്ട ജില്ലയിൽ ക്യാൻസർ ബോധവൽക്കരണ പദ്ധതി ആരംഭിച്ചു.
- തീരദേശ മേഖലയിൽ 'സാഗരശ്രീ' പദ്ധതി നടപ്പിലാക്കിവരുന്നു.
- കമ്മ്യൂണിറ്റി തിയേറ്റർ മേഖലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ട്.
- ആദിവാസികളുടെ മനസ്സറിഞ്ഞ് സൂക്ഷ്മതല ആസൂത്രണ പ്രക്രിയ ആരംഭിച്ചു.
- സഹകരണ ബാങ്കുകളിലൂടെയുള്ള ഭവനശ്രീ പദ്ധതി ലോൺ തുക സർക്കാർ ഏറ്റെടുത്ത് ഒന്നാം ഘട്ടമായി 9.47 കോടി രൂപ നൽകി. രണ്ടാം ഗഡു 4.92 കോടി രൂപ ഉടൻ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

- എല്ലാ സി.ഡി.എസുകളിലും പ്രവർത്തിക്കുന്ന അക്കൗണ്ടന്റുമാരുടെ പ്രതിമാസ ഓണറേറിയം 8000 രൂപയായി വർദ്ധിപ്പിച്ചു.
- കേന്ദ്ര സർക്കാരിന്റെ നഗര-ഗ്രാമ ഉപജീവന മിഷനുകളിൽ നോഡൽ ഏജൻസിയായി കുടുംബശ്രീയെ നിയോഗിച്ചു.
- ഏകീകൃത ചട്ടം ഉണ്ടാക്കി തെരഞ്ഞെടുപ്പ് നടത്തി 1072 സിഡിഎസ്.-കളിൽ 13 ലക്ഷം വനിതാ നേതാക്കന്മാർ 2015 ജനുവരി 26-ന് അധികാരമേറ്റു.
- ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഫർർമേഷൻ ടെക്നോളജിയുടെ സഹായത്തോടെ ഒരു ഡിജിറ്റൈസ്ഡ് എം.ഐ.എസ് സംവിധാനം കുടുംബശ്രീക്കുണ്ട്.
- പലിശ സബ്സിഡി പ്രകാരം അയൽക്കൂട്ടങ്ങൾക്ക് 7% പലിശക്ക് ഒരു ലക്ഷം രൂപ വരെ ഈടില്ലാതെ വായ്പ ലഭിക്കുന്നു. (പാലക്കാട്, മലപ്പുറം ജില്ലകളിൽ 30 ലക്ഷം രൂപ വരെയാണ്.)
- ഐ.റ്റി. മേഖലയിലെ സജീവ സാന്നിദ്ധ്യമായി 62 കുടുംബശ്രീ ഐ.റ്റി. യൂണിറ്റുകൾ പ്രവർത്തിക്കുന്നു.
- 396 അമൃതം ന്യൂട്രിമിക്സ് യൂണിറ്റുകൾ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. (6 മാസം മുതൽ 3 വയസ് വരെയുള്ള അംഗൻവാടി കുട്ടികൾക്കുള്ള പൂരക പോഷകാഹാരമാണ് അമൃതം ന്യൂട്രിമിക്സ്.)
- ആരോഗ്യ മേഖലയിൽ 270 സാന്ത്വനം വോളണ്ടിയർ പ്രവർത്തിക്കുന്നു.
- അഞ്ഞൂറോളം ക്യാന്റീൻ കാറ്ററിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു.
- കുടുംബശ്രീ ട്രാവൽസ് നല്ല നിലയിൽ തിരുവനന്തപുരം, എറണാകുളം, കോട്ടയം എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നു.
- മലപ്പുറത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ മലപ്പുറം നഗരസഭയുടെ സഹായത്തോടെ കുടിവെള്ള യൂണിറ്റ് ആരംഭിച്ചു.
- എറണാകുളം റെയിൽവേ സ്റ്റേഷനോട് ചേർന്ന് കുടുംബശ്രീ റിസർവ്വേഷൻ കൗണ്ടറും എറണാകുളം, വർക്കല, തൃശ്ശൂർ, തൃപ്പൂണിത്തുറ എന്നീ സ്ഥലങ്ങളിൽ കുടുംബശ്രീ റെയിൽവേ പാർക്കിംഗും ഏറ്റെടുത്ത് നടത്തുന്നു.

- കൊച്ചി മെട്രോയിൽ കുടുംബശ്രീ സേവന മേഖലയിൽ പ്രധാന റോൾ നിർവ്വഹിച്ചുവരുന്നു.
- എറണാകുളത്ത് വനിതാ കൺസ്ട്രക്ഷൻ ഗ്രൂപ്പ് പ്രവർത്തിക്കുന്നു. ഒരു കെട്ടിടം നിർമ്മിക്കാൻ ആവശ്യമുള്ള മുഴുവൻ പ്രവൃത്തികളും ഏറ്റെടുത്ത് നടത്തു ഗ്രൂപ്പുകളാണിത്.
- കാസർഗോഡ് ജില്ലയിൽ സഫലം കശുവണ്ടി സംസ്കരണ സമിതി കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.
- കഫേശ്രീ എന്ന പേരിൽ 14 ജില്ലകളിൽ റെസ്റ്റോറന്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കഫേശ്രീ - തൃശ്ശൂർ ജില്ലയിലെ ചാവക്കാട് ആരംഭിച്ചു.
- 'ചാരുത' എന്ന ബ്രാന്റിൽ 19 ഹാന്റി ക്രാഫ്റ്റ് ഉല്പന്നങ്ങൾ വിപണിയിൽ എത്തിച്ചു.
- അലങ്കാര മത്സ്യ കർഷകരെ അണിനിരത്തി 'ഗ്രാമശ്രീ' ഉൽപ്പാദക സൊസൈറ്റി രൂപീകരിച്ചു.
- കുടുംബശ്രീയുടെ നേതൃത്വത്തിൽ TISS-മായി സഹകരിച്ച് കമ്മ്യൂണിറ്റി കോളേജ് ആരംഭിച്ചു.
- അദാലത്തുകൾ സംഘടിപ്പിച്ച് കുറ്റമറ്റ പരാതിരഹിത സി.ഡി.എസ്. പ്രവർത്തനം നടത്തിവരുന്നു.
- 77 സി.ഡി.എസുകളിൽ ക്രൈം മാപ്പിംഗ് നടത്തി.
- പൈലറ്റ് പദ്ധതിയായി കുട്ടികളുടെ ക്രൈം മാപ്പിംഗ് ആരംഭിച്ചു.
- സാമ്പത്തിക സാക്ഷരത കുട്ടികളിൽ എത്തിക്കുന്നതിന് പ്രത്യേക പദ്ധതി പാലക്കാട് ജില്ലയിൽ നടത്തി.
- അട്ടപ്പാടിയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി ആരംഭിച്ചു.
- ദാരിദ്ര്യം, സ്ത്രീ ശാക്തീകരണം, തദ്ദേശ സ്വയംഭരണം എന്നീ വിഷയങ്ങളിൽ കുടുംബശ്രീ ആദ്യമായി അന്തർദേശീയ സമ്മേളനം സംഘടിപ്പിച്ചു.
- എല്ലാ സി.ഡി.എസുകളിലും ജെന്റർ കോർണർ ആരംഭിച്ചു.
- 6.5 ലക്ഷം കുട്ടികൾ അംഗങ്ങളായ ബാലസഭ കുടുംബശ്രീയിൽ പ്രവർത്തിച്ചുവരുന്നു.

- 'സ്ത്രീശക്തി' പോർട്ടൽ-സ്ത്രീകളുടെ വിജ്ഞാനത്തിനും ചർച്ചകൾക്കുമുള്ള വേദിയായി പരിണമിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.
- 2015-ലെ ഡൽഹി ഐ.ഐ.ടി.എഫ്. മേളയിൽ കുടുംബശ്രീക്ക് സ്വർണ്ണമെഡൽ ലഭിക്കുകയുണ്ടായി.

(ബി) കുടുംബശ്രീക്ക് ഫണ്ട് ലഭ്യമാക്കുന്നതിൽ വീഴ്ച വന്നിട്ടില്ല. ഈ സർക്കാർ അധികാരമേറ്റശേഷം കുടുംബശ്രീക്ക് പ്ലാൻ ഫണ്ടിനത്തിൽ 29417 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സാമൂഹ്യ വികസനം ലക്ഷ്യമാക്കി കുടുംബശ്രീ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെയും അവയുടെ പ്രവർത്തനങ്ങളും ചുവടെ വിവരിക്കുന്നു:

<u>പട്ടികവർഗ്ഗ മേഖല :</u>

- പട്ടികവർഗ്ഗക്കാരെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും ടി അയൽക്കൂട്ടങ്ങൾക്ക് 10000 രൂപ വീതം പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള കോർപ്പസ് ഫണ്ടായിനൽകിവരികയും ചെയ്യുന്നു.
- പൊതു ബാലസഭ പോലെ തന്നെ പട്ടിക വർഗ്ഗക്കാർക്കുവേണ്ടി മാത്രം പ്രത്യേക ബാലസഭ രൂപീകരണവും തുടർ പ്രവർത്തനവും പ്രത്യേക ക്യാമ്പുകളും നടത്തിവരുന്നു.
- സ്റ്റൈപ്പന്റോടുകൂടി വിദഗ്ദ്ധ പരിശീലനം ഗുണഭോക്താക്കൾക്ക് നൽകിവരുന്നു.
- വിവിധ വകുപ്പുകളുടെ സഹായത്തോടെ ഊര് അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു.
- കുട്ടികൾ, ഗർഭിണികൾ, വൃദ്ധർ തുടങ്ങിയവർക്ക് പൂരകപോഷണം നൽകിവരുന്നു.
- സമഗ്ര-കായിക-മാനസിക-ആരോഗ്യപ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.
- ബോധവൽക്കരണ ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.
- സംഘകൃഷി ഗ്രൂപ്പുകൾക്ക് കോർപ്പസ് ഫണ്ട് വിതരണം നടത്തിവരുന്നു.
- പ്രൊമോട്ടർ, ഊരുമൂപ്പൻ എന്നിവർക്ക് കുടുംബശ്രീ സംബന്ധമായ പരിശീലനം നടത്തിവരുന്നു.
- സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- പട്ടികവർഗ്ഗ വിഭാഗക്കാർ മാത്രം ഉൾപ്പെടുന്ന പരിശീലന സംരംഭ പ്രവർത്തന സഹായ ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു.
- ആദിവാസി ഗോത്ര കലാ-സാംസ്കാരിക ഗ്രൂപ്പുകളുടെ രൂപീകരണം, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.
- ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനു വേണ്ടി പ്രത്യേക കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ നിലനിർത്തി വരുന്നു.

തീരദേശ മേഖലാ പ്രവർത്തനങ്ങൾ - സാഗരശ്രീ:

തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളി കുടുംബാംഗങ്ങൾക്കായി സാഗരശ്രീ എന്ന പദ്ധതി കുടുംബശ്രീ നടപ്പിലാക്കുന്നുണ്ട്. പദ്ധതിയുടെ കീഴിൽ കേരളത്തനിമയാർന്ന മത്സ്യവിഭവങ്ങളും ലഘുഭക്ഷണവും തയ്യാറാക്കുന്ന സംരംഭകരെ കണ്ടെത്തി പരിശീലനം നൽകുന്നതാണ് ഈ പദ്ധതി.

ബാലസഭ:

ബാലസഭകളിലൂടെ കുട്ടികളുടെ വികസനത്തിനും അവരുടെ നേതൃത്വ പ്രാപ്തി വർദ്ധനവിനുമായി 5 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളുടെ 53492 ബാലസഭകൾ 14 ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. 1069840 കുട്ടികൾ ബാലസഭാംഗങ്ങളാണ്. ബാലസഭ, ബാലസമിതി, ബാല പഞ്ചായത്ത്, ബാല പാർലമെന്റ് എന്നീ ഘടനകളിലൂടെയുള്ള ജനാധിപത്യ-അവകാശാധിഷ്ഠിത പ്രവർത്തനങ്ങളും നടന്നുവരുന്നു.

ആശ്രയ:

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആശ്രയ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. (ഒന്നാംഘട്ടം പൂർത്തീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ - 1043, ആശ്രയ ഗുണഭോക്താക്കൾ - 82483, കുടുംബശ്രീ ചലഞ്ച് ഫണ്ട് ഇനത്തിൽ നൽകിയ തുക- 105.7 കോടി രൂപ). 100-ൽപരം ആശ്രയ തുടർസേവന പദ്ധതികൾ ആരംഭിച്ചു.
- രണ്ടാംഘട്ട ആശ്രയ പദ്ധതി 600 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചു. ആശ്രയ ചലഞ്ച് ഫണ്ട് 15 ലക്ഷത്തിൽ നിന്ന് 25 ലക്ഷമായി വർദ്ധിപ്പിച്ചു.
- എസ്.ടി. മേഖലയിൽ 63 പ്രത്യേക ആശ്രയ പദ്ധതികൾ ആരംഭിച്ചു.

ബഡ്സ്:

- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി ആരംഭിച്ച 62

ബഡ്സ് സ്കൂളുകൾ കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

- 118 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ 2 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

<u>നിർഭയയും ക്രൈം മാപ്പിംഗും:</u>

- സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങളെ പ്രതിരോധിക്കുന്നതിനായി സംസ്ഥാന ഗവൺമെന്റ് സാമൂഹിക നീതി വകുപ്പിന് കീഴിൽ ആരംഭിച്ച പദ്ധതിയായ നിർഭയ പ്രാദേശിക തലത്തിൽ നടപ്പിലാക്കുന്നതിനായി കുടുംബശ്രീയെ നിർവഹണ ഏജൻസിയായി തെരഞ്ഞെടുത്തി.
- നിർഭയ പദ്ധതിക്കുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ അതിക്രമങ്ങളുടെ സംക്ഷിപ്ത ചിത്രം തയ്യാറാക്കുന്നതിന് കുടുംബശ്രീ വികസിപ്പിച്ചെടുത്ത ഉപാധിയാണ് ക്രൈം മാപ്പിംഗ്.
- ഒരു നിർദ്ദിഷ്ട പ്രദേശത്ത് ഉണ്ടാകുന്ന അതിക്രമങ്ങളെക്കുറിച്ച് സമഗ്രമായ ഒരു ചിത്രമുണ്ടാക്കാൻ ക്രൈം മാപ്പിംഗ് സഹായിക്കുന്നു. കൂടാതെ അതിക്രമങ്ങളെ തരംതിരിക്കാനും ഈ രീതി ഫലപ്രദമായി ഉപയോഗിക്കുന്നു.

<u>സ്നേഹിത:</u>

സമൂഹത്തിൽ ഒറ്റപ്പെട്ടവരും നിരാലംബരും പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായ സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും താത്കാലിക അഭയവും നൽകുന്ന ഒരു ഇടമായാണ് ഈ കേന്ദ്രം പ്രവർത്തിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള അതിക്രമങ്ങൾക്കോ ചൂഷണങ്ങൾക്കോ വിധേയരായ സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ പിന്തുണ നൽകുകയെന്നതാണ് ഈ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. ആദ്യഘട്ടമായി തിരുവനന്തപുരം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിൽ സ്നേഹിത പ്രവർത്തനം ആരംഭിച്ചുവരുന്നു.

<u>ജെൻഡർ കോർണർ:</u>

കുടുംബശ്രീ സി.ഡി.എസ്. തലത്തിൽ ആരംഭിച്ച ജെൻഡർ കോർണറുകളും അവയുടെ പ്രവർത്തനങ്ങളും പ്രാദേശിക തലത്തിൽ സ്ത്രീകളുടേതായ ഒരിടം എന്ന ആശയം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്.

<u>കമ്മ്യൂണിറ്റി തിയേറ്റർ:</u>

സാമൂഹ്യ വിഷയങ്ങൾ കൈകാര്യം ചെയ്തുകൊണ്ട് പ്രാദേശിക തലത്തിലും മറ്റ് പൊതുമണ്ഡലങ്ങളിലും നല്ല സന്ദേശങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള ഏറ്റവും ഫലവത്തായ മാതൃകയാണ് കമ്മ്യൂണിറ്റി തീയേറ്റർ.

239 (3446) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതിക്കായി സമർപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാന സഹിതമുള്ള അപേക്ഷകളിൽ അപേക്ഷ ലഭിച്ച് ഇത്ര ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കണമെന്ന് വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) വ്യവസ്ഥ ചെയ്യപ്പെട്ട ദിവസത്തിനകം സർക്കാരിന്റെ തീരുമാനം പ്രസ്തുത സ്ഥാപനങ്ങളെ അറിയിച്ചില്ലെങ്കിൽ സർക്കാർ അനുമതിയില്ലാതെ തന്നെ പ്രസ്തുത സ്ഥാപനങ്ങൾക്ക് അവരുടെ തീരുമാനം നടപ്പിലാക്കാൻ കഴിയുമോ; നടപ്പിലാക്കിയാൽ നിയമപരമായ തടസ്സങ്ങളുണ്ടോ; എന്നീ കാര്യങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) ഒരു പഞ്ചായത്ത് ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും അനുസരിച്ച് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാര സീമ ലംഘിക്കുന്നതാണോ അത് നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ അല്ലെങ്കിൽ അത് നടപ്പിലാക്കിയാൽ മനുഷ്യ ജീവനോ ആരോഗ്യത്തിനോ പൊതു സുരക്ഷയ്ക്കോ അപകടമാകുവാൻ സാധ്യതയുള്ളതാണെന്നോ സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുവാൻ സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള ആവശ്യപ്പെടൽ പഞ്ചായത്തിന്റെ തൊട്ടടുത്ത യോഗത്തിൽ പരിഗണിക്കുവാനുള്ള ഒരു വിഷയമായി 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടി ക്രമം) ചട്ടങ്ങളിലെ 5-ാം ചട്ട പ്രകാരം തയ്യാറാക്കുന്ന അജണ്ടയിൽ ഉൾപ്പെടുത്തേണ്ടതും സെക്രട്ടറിയുടെ അഭിപ്രായമടങ്ങുന്ന കുറിപ്പ് യോഗത്തിൽ ചർച്ച ചെയ്തതിനുശേഷം പഞ്ചായത്ത് അതിന്റെ ആദ്യ തീരുമാനത്തിൽ ഉറച്ചുനിൽക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ പഞ്ചായത്ത് തീരുമാനവും അതിന്മേലുള്ള തന്റെ അഭിപ്രായവും സെക്രട്ടറി സർക്കാരിന്റെ തീരുമാനത്തിനായി രണ്ട് ദിവസത്തിനുള്ളിൽ അയച്ചുകൊടുക്കേണ്ടതാണ്. സർക്കാരിന്റെ തീരുമാനത്തിനായി സെക്രട്ടറി അയച്ചുകൊടുത്ത ഒരു പഞ്ചായത്ത് തീരുമാനത്തിന്മേൽ 15 ദിവസത്തിനകം സർക്കാരിൽ നിന്ന് യാതൊരു നിർദ്ദേശവും ലഭിക്കാത്ത പക്ഷം സർക്കാരിന് ഇക്കാര്യത്തിൽ നിർദ്ദേശമൊന്നും നൽകാനില്ലെന്ന നിഗമനത്തിൽ പ്രസ്തുത തീരുമാനം സെക്രട്ടറി നടപ്പിൽ വരുത്തേണ്ടതും അക്കാര്യം ഉടനടി സർക്കാരിനെ അറിയിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**വാർഷിക പദ്ധതിയിൽ ഭേദഗതി**

240 (3447) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പുരുഷൻ കടലുണ്ടി :
ഡോ. കെ. ടി. ജലീൽ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മുൻ ഭരണസമിതി രൂപവല്ക്കരിച്ച വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്താൻ പുതുതായി നിലവിൽ വന്ന ഭരണ സമിതികൾക്ക് അനുവാദം നല്കുമോ;

(ബി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(സി) പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾക്ക് വിലക്കയറ്റം നേരിടുന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ പ്രാദേശികമായി അവയുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിൽ പദ്ധതിയുടെ ഭേദഗതിക്ക് അനുവാദം നൽകുന്നത് ഉചിതമായിരിക്കില്ലേ?

ഉത്തരം

(എ&ബി) മുൻ ഭരണസമിതി രൂപവൽക്കരിച്ച വാർഷിക പദ്ധതിയിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണനയിലില്ല.

(സി) തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി മാർഗ്ഗരേഖയിൽ ഉല്പാദന മേഖലയ്ക്ക് മുൻഗണന നൽകിയിട്ടുണ്ട്. കൃഷി ഉൾപ്പെടെയുള്ള ഉല്പാദന മേഖലയ്ക്ക് 2015-16 പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

## തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ചെലവഴിച്ച പദ്ധതി വിഹിതം

241 (3448) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു;

(ബി) 31-3-2016 നു മുമ്പായി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് സാധിക്കുമോ;

(സി) പുതുതായി ചുമതലയേൽക്കുന്ന ഭരണസമിതികൾക്ക് ഇതിന് ആവശ്യമായ സഹായം നൽകുമോ;

(ഡി) പദ്ധതി വിഹിതം പൂർത്തീകരിക്കുന്നതിനും പൂർണ്ണമായി ചെലവഴിക്കുന്നതിനും ഏതെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 21.53 ശതമാനം ഇതുവരെ ചെലവഴിച്ചു.

(ബി) ചെലവഴിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സഹായം നൽകിവരുന്നു.

(ഡി) പദ്ധതി വിഹിതത്തിന്റെ സംസ്ഥാന വിഹിതം യഥാസമയങ്ങളിൽ നൽകിവരുന്നു. വിനിയോഗം വിവിധ തലങ്ങളിൽ അവലോകനം ചെയ്ത് പ്രശ്നങ്ങൾ കണ്ടെത്തിയാൽ പരിഹാരങ്ങൾ നിർദ്ദേശിച്ചുവരുന്നു. പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കാൻ ഉതകുന്ന വിധത്തിൽ സർക്കാർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട പദ്ധതി വിഹിതം**

242 (3449) <u>ശ്രീ. എ. കെ. ബാലൻ</u> :

<u>ശ്രീ. പി. കെ. ഗുരുദാസൻ</u> :

<u>ശ്രീ. വി. ശിവൻകുട്ടി</u> :

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടുന്ന പദ്ധതി വിഹിതം സംസ്ഥാന ധനകാര്യ കമ്മീഷൻ നടത്തിയ ശിപാർശകൾക്കനുസൃതമായിട്ടാണോ അനുവദിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) കമ്മീഷന്റെ ശിപാർശപ്രകാരം എത്ര ശതമാനം തുകയാണ് 2011-12 മുതലുള്ള ഓരോ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കേണ്ടി വരുന്നത്; ഓരോ വർഷവും അനുവദിച്ചതും പിൻവലിച്ചതുമായ തുകയുടെ കണക്ക് ലഭ്യമാണോ; വിശദമാക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക കുറയുന്നത് അധികാരവികേന്ദ്രീകരണത്തെ ദുർബലപ്പെടുത്താൻ ഇടയാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശകൾക്കനുസൃതമായി സംസ്ഥാനത്തിന്റെ വിഭവം കണക്കിലെടുത്താണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*. (പിൻവലിച്ച തുകയുടെ കണക്ക് ശേഖരിച്ച് നൽകുന്നതാണ്)

(സി) നീക്കിവയ്ക്കുന്ന തുക കുറയുന്നില്ല എന്നതിനാൽ ബാധകമല്ല.

**പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരണം**

243 (3450) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തീരുമാനം സംബന്ധിച്ച് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത തീരുമാനം ജനങ്ങൾക്ക് എപ്രകാരം പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പഞ്ചായത്തുകളുടെ പ്രവർത്തന രീതി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്.
2. പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കി. ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും 5 വർഷത്തേയ്ക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളും ഓരോ വർഷത്തേക്കുമുള്ള പദ്ധതികളും തയ്യാറാക്കുന്നതിന് പദ്ധതി മാർഗ്ഗരേഖ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി ആസൂത്രണവും അംഗീകാരം നേടലും നടപടി ക്രമങ്ങൾ ലഘൂകരിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാങ്കേതിക ഉപദേശക സമിതി ഒഴിവാക്കി.

3. ISO 9001-2008 സർട്ടിഫിക്കേഷനിലൂടെ മെച്ചപ്പെട്ട സേവനം നടപ്പാക്കിവരുന്നു.

4. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ആഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

5. ഗ്രാമസഭകളുടെ ശക്തമായ സംഘാടനത്തിനായി 'സേവാഗ്രാം' എന്ന പേരിൽ ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിച്ചുവരുന്നു. പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

6. ഇ-ഗവേണൻസിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം അന്തിമഘട്ടത്തിലാണ്.

7. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിന്റെ ഭാഗമായി കില മുഖേന പരിശീലനം നൽകിവരുന്നു.

8. അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ ഉപ്പാക്കുന്നതിനായി സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

9. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

10. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ ജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നു.

11. പൊതുശ്മശാനം, ആധുനിക അറവുശാല നിർമ്മാണം എന്നിവ നിർബന്ധിത പ്രോജക്ടായി ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആവശ്യമായ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് നടപടി സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(i) ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചതിലൂടെ ജോലിഭാരം ലഘൂകരിക്കുന്നതിനും അതുവഴി സേവനങ്ങൾ പെട്ടെന്ന്

നൽകുന്നതിനും സാധിച്ചിട്ടുണ്ട്.

(ii) ISO സർട്ടിഫിക്കേഷനിലൂടെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കിവരുന്നു.

(iii) ഫ്രണ്ട് ആഫീസ് സംവിധാനത്തിലൂടെ ഗ്രാമപഞ്ചായത്തിലെ പ്രവർത്തനങ്ങൾ അഴിമതി രഹിതവും സുതാര്യവുമാക്കിയിട്ടുണ്ട്.

(iv) ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടർവത്ക്കരിച്ചതുവഴി ഗുണനിലവാരമുള്ള സേവനങ്ങൾ സമയബന്ധിതമായി നൽകുന്നതിന് സാധിക്കുന്നുണ്ട്.

**മരങ്ങാട്ടുപള്ളി കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണ പ്രവർത്തനം**

244 (3451) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എ.സി.-എ.ഡി.എസ്. പ്രകാരം ധനകാര്യ വകുപ്പ് ക്ലിയർ ചെയ്ത ഫയൽ നമ്പർ 1/ഡി.ബി.2/15/എൽ.എസ്.ജി.ഡി., 20929/ എൻ.സി.ബി.2/ 15/ധന. എന്ന ഫയലിന്റെ ജി.ഒ. എൽ.എസ്.ജി.ഡി-യിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുണ്ടാകുന്ന കാലതാമസം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ സൂചിപ്പിക്കുന്ന പെരുവ മാർക്കറ്റ് എന്ന വർക്ക്, ഡബ്ലിംഗ് ആയതിനാൽ പ്രസ്തുത വർക്ക് ക്യാൻസൽ ചെയ്യുന്നതിനും ഇതിനോടനുബന്ധിച്ചുള്ള മരങ്ങാട്ടുപള്ളി കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണ പ്രവർത്തനത്തിന് എ. എസ് നൽകുന്നതിനുമുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫയൽ നമ്പർ1/ഡി.ബി.2/15/എൽ.എസ്.ജി.ഡി.യിൽ 20-4-2015-ലെ സ.ഉ.(സാധാ)1185/15/തസ്വഭവ പ്രകാരം പെരുവ മാർക്കറ്റ് നവീകരണത്തിനും ശുചിത്വ കേന്ദ്രത്തിന്റെ നിർമ്മാണത്തിനുമായി 30 ലക്ഷം രൂപയുടെയും മരങ്ങാട്ടുപള്ളി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് 14,50,000 രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ**

245 (3452) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) പ്രസ്തുത ഒഴിവുകൾക്കായുള്ള ഡി.പി.സി നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) പ്രസ്തുത നടപടികൾ പൂർത്തിയാക്കി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആകെ 41 ഒഴിവുകൾ നിലവിലുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 1 |
| കൊല്ലം | 1 |
| പത്തനംതിട്ട | 3 |
| ആലപ്പുഴ | 2 |
| കോട്ടയം | 7 |
| ഇടുക്കി | 4 |
| എറണാകുളം | 3 |
| തൃശ്ശൂർ | 3 |
| പാലക്കാട് | 5 |
| മലപ്പുറം | 6 |
| കോഴിക്കോട് | 0 |
| വയനാട് | 2 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 3 |

(ബി) ഡി.പി.സി. നടപടികൾ പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ഡി.പി.സി. നടപടികൾ പൂർത്തിയാക്കി സ്ഥാനക്കയറ്റം മുഖേന ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പഞ്ചായത്തുകളിൽ മാലിന്യ സംസ്കരണം**

246 (3453) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുകളിൽ വാർഡ് അടിസ്ഥാനത്തിൽ വീടുകളിൽ പൈപ്പുകൾ സ്ഥാപിച്ച് ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും കുടുംബശ്രീകൾ വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനുള്ള പദ്ധതിക്ക് പ്രചാരണം കൊടുക്കുന്നതിനും പ്രസ്തുത പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതിനും പ്രായോഗിക നടപടി സ്വീകരിക്കുമോ ?

ഉത്തരം

വീടുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യങ്ങൾ കമ്പോസ്റ്റിംഗ് സംവിധാനം വഴിയോ ബയോഗ്യാസ് സംവിധാനം വഴിയോ വീടുകളിൽതന്നെ സംസ്കരിക്കുന്നതിന് വിവിധ ഉറവിട മാലിന്യ സംവിധാനങ്ങളും കൂടാതെ സ്ഥാപനതലത്തിലും കമ്മ്യൂണിറ്റി തലത്തിലും ഇത്തരം സംവിധാനം ശുചിത്വ മിഷൻമുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഘട്ടംഘട്ടമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ വീടുകളിൽ നിന്നും ശേഖരിച്ച് രണ്ടോ മൂന്നോ വാർഡുകൾ കേന്ദ്രീകരിച്ച് സജ്ജമാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്.) കേന്ദ്രങ്ങളിൽ എത്തിച്ച് അവ വൃത്തിയാക്കി തരംതിരിച്ച് റീസൈക്ലേഴ്സിന് കൈമാറുക എന്നുള്ളത് ശുചിത്വ മിഷൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ്. ഇപ്രകാരം പ്ലാറ്റിക് വേസ്റ്റ് ശേഖരിച്ച് അവ തരംതിരിച്ച് വിൽക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ/പ്രചാരണ പരിപാടികൾക്കും കുടുംബശ്രീ പോലുള്ള സംഘടനകളെ ഉപയോഗപ്പെടുത്താവുന്നതാണ്.

**കുടുംബശ്രീക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ**

247 (3454) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ

നടത്തിപ്പിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ വർഷവും എത്രയെന്നും വ്യക്തമാക്കാമോ; മാച്ചിംഗ് ഗ്രാന്റ് ഉൾപ്പെടെയുള്ള തുകയിൽ എത്ര രൂപയുടെ കുറവ് വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയുടെ നടത്തിപ്പിനായി ലഭിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 4500 | 7100 |
| 2012-13 | 8417 | 6032 |
| 2013-14 | 9000 | 8654 |
| 2014-15 | 7500 | 8616 |
| 2015-16 (30-11-2015 വരെ) | - | 5352 |

മുൻ വർഷങ്ങളിൽ ലഭിച്ചതിന്റെ ബാക്കി തുക തൊട്ടടുത്ത വർഷങ്ങളിൽ ചെലവഴിച്ചതിനാലാണ് ചില വർഷങ്ങളിൽ ലഭിച്ച തുകയെക്കാൾ കൂടുതൽ തുക ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നത്. മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ തുകയ്ക്ക് കുറവൊന്നും ഉണ്ടായിട്ടില്ല. 2013-14-ൽ 382.32 ലക്ഷം രൂപയും 2014-15-ൽ 422.14 ലക്ഷം രൂപയും 2015-16-ൽ (നവംബർ വരെ) 149.17 ലക്ഷം രൂപയും മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ നൽകിയിട്ടുണ്ട്.

## ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തൽ

248 (3455) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ള ഹെഡ്ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുന്നതിന് ഏതെങ്കിലും ശിപാർശകൾ പരിഗണനയിലുണ്ടോ;

(ബി) ഇപ്രകാരം തസ്തിക ഉയർത്തുന്നതുമൂലം സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ടോ;

(സി) പ്രസ്തുത വകുപ്പിൽ ക്ലറിക്കൽ തസ്തികയുടെ വർദ്ധനവിന് ആനുപാതികമായി

ജൂനിയർ സൂപ്രണ്ട് തസ്തികകൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളായി ഉയർത്തുന്നതുവഴി അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാത്ത പക്ഷം പ്രസ്തുത ശിപാർശ അംഗീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി)ഉണ്ട്. എന്നാൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണമായി നടപ്പാക്കുമ്പോൾ ഇത് പരിഹരിക്കപ്പെടുന്നതാണ്.

(ഡി) ബാധകമല്ല.

**പഞ്ചായത്തുകൾക്ക് ക്വാറികളിൽ നിന്നും പണം ഈടാക്കുന്നതിനുള്ള അനുമതി**

249 (3456) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിങ്കൽ ക്വാറികളിലേക്ക് (പാറമട) വരുന്ന വാഹനങ്ങൾ പഞ്ചായത്ത് റോഡുകൾ നിരന്തരം ഉപയോഗിക്കുന്നതിനാൽ പ്രസ്തുത റോഡുകൾ സംരക്ഷിക്കുന്നതിന്റെ ചെലവിന്റെ ഒരംശം പഞ്ചായത്തുകൾ ക്വാറികളിൽ നിന്നും ഈടാക്കുന്നതിന് അനുമതി നൽകുന്നതിന് എന്തെങ്കിലും നർദ്ദേശം നല്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും നമ്പർ 9391/ആർ.സി3/2012 തസ്വഭവ തീയതി 20-3-2015 പ്രകാരം ലഭിച്ച നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയത്തിൽ പഞ്ചായത്തുകൾക്ക് തീരുമാനം എടുക്കുവാൻ കഴിയത്തക്ക വിധത്തിലുള്ള ഒരു മാർഗ്ഗരേഖ അടിയന്തരമായി നൽകുമോ?

ഉത്തരം

(എ) 20-03-2015-ലെ 9391/ആർ.സി.3/12/തസ്വഭവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്നും 20-3-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 9391/ആർ.സി.3/2012/തസ്വഭവ. പ്രകാരം ലഭിച്ച നിർദ്ദേശം പുളിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.


3157/2017

(സി) ഇക്കാര്യത്തിൽ സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് ഭരണസമിതികൾക്ക് തീരുമാനം എടുത്ത് ക്വാറി ഉടമകളിൽ നിന്നും അംശാദായം ഈടാക്കാവുന്നതാണ്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം**

250 (3457) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിനും, പ്രവർത്തനത്തിനും ഏർപ്പെടുത്തിയ പുതിയ രീതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

12-ാം പഞ്ചവത്സര പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (16-11-2013-ലെ സ.ഉ. (എം എസ്.) 362/13/തസ്വഭവ.) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ വിവരിക്കുന്ന രീതിയിൽ പദ്ധതി രൂപീകരണ-അംഗീകാര-നിർവ്വഹണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്:

1. ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസന രേഖയെ അടിസ്ഥാനമാക്കി 5 വർഷത്തേയ്ക്കുള്ള പ്രോജക്ടുകളുടെ സംഗ്രഹം ഉൾപ്പെടുന്ന പഞ്ചവത്സര പദ്ധതിയും അതിന്റെ അടിസ്ഥാനത്തിലുള്ള വാർഷിക പദ്ധതിയും തയ്യാറാക്കുന്നു.
2. മുൻ വർഷത്തെ പദ്ധതി നിർവ്വഹണത്തിലെ അനുഭവങ്ങൾ ഉൾക്കൊണ്ട് നടപ്പുവർഷം പദ്ധതികളിൽ കാലോചിത മാറ്റങ്ങൾ ആവശ്യമെങ്കിൽ വരുത്തേണ്ടതാണ്.
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ട് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് പൊതു വിഭാഗം വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ 45%-ൽ അധികരിക്കാത്ത തുക പശ്ചാത്തല മേഖലയ്ക്കായി നീക്കിവയ്ക്കാവുന്നതാണ്. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 55%-വും ജില്ലാ പഞ്ചായത്തിന് 50%-വും ആണ്.
4. പട്ടികജാതി വിഹിതത്തിൽ റോഡുകളുടെ കാര്യത്തിൽ കോളനികൾക്കുള്ള റോഡുകൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.
5. എസ്.സി.പി./റ്റി.എസ്.പി. ഫണ്ടിൽ കുറഞ്ഞത് 10 ശതമാനം യുവജന വികസന പരിപാടികൾക്കായി വകയിരുത്തേണ്ടതാണ്.

6. എല്ലാ വാർഡുകളിലും ഗ്രാമ/വാർഡ് കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.
7. പദ്ധതി രൂപീകരണ അംഗീകാര നടപടികൾ പൂർണ്ണമായും വെബ് അധിഷ്ഠിതമാക്കി.
8. പ്രോജക്ട് അംഗീകാര നടപടി കൂടുതൽ ലളിതമാക്കി. പ്രോജക്ട് അംഗീകാരത്തിനുള്ള സാങ്കേതിക ഉപദേശക സമിതിയെ ഒഴിവാക്കുകയും അംഗീകാര നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥന്റെ ചുമതലയിലാക്കുകയും ചെയ്തു.
9. പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിനെക്കുറിച്ച് ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കുമുള്ള പരാതി പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതിനായി സംസ്ഥാനതല അപ്പലേറ്റ് കമ്മിറ്റി രൂപീകരിച്ചു.

**വില്ല്യാപ്പള്ളിയിലെ ടാഗോർ വായനശാല കെട്ടിടം**

251 (3458) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലം ആസ്തി ഫണ്ടിൽപ്പെടുത്തിയിട്ടുള്ള വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിലെ ടാഗോർ വായനശാല കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുകയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് ഭരണാനുമതി നൽകുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ടി പ്രൊപ്പോസലിന് ഭരണാനുമതി നൽകാനുള്ള ഫയൽ ധനവകുപ്പിന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകിയിട്ടില്ല.

(സി) ടാഗോർ വായനശാല കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം പഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട്

ലഭിച്ചതിനെത്തുടർന്ന് ഭരണാനുമതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി തേടുന്നതിനായി ഈ വിഷയം കൈകാര്യം ചെയ്യുന്ന ഇ-ഫയൽ നമ്പർ 383/ഡിബി2/15/തസ്വഭവ സമർപ്പണത്തിലാണ്.

**ഗ്രാമപഞ്ചായത്തുകളുടെ ചെലവ്**

252 (3459) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിലെ ബഡ്ജറ്റിൽ പദ്ധതിവിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് എത്ര തുകയാണ് മാറ്റി വച്ചിരുന്നത്;

(ബി) നാളിതുവരെ എത്ര തുക ചെലവഴിച്ചു; ആകെ തുകയുടെ എത്ര ശതമാനമാണ് ചെലവിട്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16 വർഷത്തിലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി ഗ്രാമപഞ്ചായത്തുകൾക്ക് 2684,32,30,000 രൂപയാണ് മാറ്റിവച്ചിരിക്കുന്നത്.

(ബി) 8-12-2015 വരെ ക്യാരി ഓവർ ഉൾപ്പെടെയുള്ള തുകയിൽ 7476368000 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവ് 23.51% ആണ്.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക**

253 (3460) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി അവസാനിക്കും മുമ്പ് തദ്ദേശ ഭരണസ്ഥാപനങ്ങൾ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ എത്ര ശതമാനം ചെലവഴിച്ചു എന്ന് പറയാമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുകയിൽ ഇനി ചെലവഴിക്കാൻ ബാക്കി എത്ര തുകയുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 21.53 ശതമാനമാണ് ചെലവഴിച്ചത്.

(ബി) 476838.68 ലക്ഷം രൂപയാണ് ചെലവഴിക്കാൻ ബാക്കിയുള്ളത്. (താല്ക്കാലിക കണക്ക്)

**ഗ്രാമപഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ് നൽകൽ**

254 (3461) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഷിക ബഡ്ജറ്റിന്റെ 15 ശതമാനത്തിലധികം കാർഷിക വികസന പരിപാടികൾക്കായി ചെലവഴിച്ച എത്ര ഗ്രാമപഞ്ചായത്തുകൾ ഉണ്ട് എന്നു വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകൾക്ക് പതിനഞ്ചു ശതമാനത്തിലധികമായി ചെലവഴിക്കുന്ന പദ്ധതി വിഹിതത്തിനു തുല്യമായ തുക മാച്ചിംഗ് ഗ്രാന്റായി നൽകുന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) തുക ഇതുവരെ അനുവദിച്ചിട്ടില്ല.

**ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ സ്ഥാപനങ്ങൾ**

255 (3462) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾക്ക് വിട്ടുകിട്ടിയ ആശുപത്രികൾ, സ്കൂളുകൾ, കൃഷിഭവൻ, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ ദൈനംദിന ചെലവുകൾ (സ്റ്റേഷനറി ഉൾപ്പെടെ) വഹിക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുന്നതിന് തടസ്സമുണ്ടോ; ഇതിനായി പ്രത്യേക ഉത്തരവുണ്ടോ; എങ്കിൽ കോപ്പി നൽകുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളെയാണ് പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തിയതെന്നും ഇവർക്ക് പരമാവധി ചെലവഴിക്കാവുന്ന ഫണ്ട് എത്രയെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തടസ്സമില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകളിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. ഇതിനായി പ്രത്യേക ഉത്തരവ് നിലവിലില്ല.

സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

1. കൃഷി ഭവനുകൾ
2. മൃഗാശുപത്രികൾ
3. സർക്കാർ പ്രീ-പ്രൈമറി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ
4. ഡിസ്പെൻസറികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും
5. അംഗൻവാടികൾ

**തുറവൂർ ഇന്ത്യൻ ബാങ്കിൽ നിന്നും നൽകിയ വായ്പകൾ**

256 (3463) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മുഖാന്തിരം അനുവദിച്ച ലോണുകളിൽ തുറവൂർ ഇന്ത്യൻ ബാങ്കിൽ നിന്നും നൽകിയ 18 പേരുടെ വായ്പകൾ മാത്രം എഴുതിതള്ളിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ആ വായ്പകൾ എഴുതിതള്ളാത്തതെന്ന് വിശദമാക്കാമോ;

(ബി) അടിയന്തരമായി പ്രസ്തുത ലോണുകൾ എഴുതിതള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ മുഖാന്തരം അനുവദിച്ച വായ്പകളിൽ ഇന്ത്യൻ ബാങ്കിൽ നിന്നും വായ്പ എടുത്ത ഗുണഭോക്താക്കളുടെ വായ്പ എഴുതിത്തള്ളിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭവനശ്രീ വായ്പ സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി ബാങ്കുകളിൽ നിന്നും കുടിശ്ശികയുടെ കണക്കുകൾ കുടുംബശ്രീ മിഷൻ എസ്.എൽ.ബി.സി. വഴി ശേഖരിച്ചിരുന്നു. ഇത്തരം വിവരങ്ങൾ ജില്ലാ മിഷൻ വഴി പരിശോധിക്കുകയും പരിശോധനയിൽ സി.ഡി.എസ്./മെമ്പർ സെക്രട്ടറി എന്നിവരുടെ സാക്ഷ്യ പത്രമില്ലാതെ ലഭിച്ച വായ്പകൾ ഭവനശ്രീ വായ്പയായി പരിഗണിച്ചിട്ടില്ലാത്തതുമാണ്.

(ബി) പ്രസ്തുത വായ്പകൾ സി.ഡി.എസ്. ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറിയുടെ സാക്ഷ്യപത്രത്തോടുകൂടിയുള്ള ഭവനശ്രീ വായ്പയാണെങ്കിൽ ഇവ ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**എരമം-കുറ്റൂർ അംഗൻവാടി വർക്കറുടെ അവധി**

257 (3464) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ അംഗൻവാടിയിൽ, അംഗൻവാടി വർക്കർ അവധിയിൽ പ്രവേശിച്ച മറ്റൊരു ജോലി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) പരാതി ലഭിച്ചതിനെത്തുടർന്ന് സാമൂഹ്യനീതി ഡയറക്ടർ ഈ വിഷയത്തിൽ ശിശുവികസന പദ്ധതി ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടുകയുണ്ടായി. പ്രസ്തുത റിപ്പോർട്ട് പ്രകാരം പ്രസ്തുത വർക്കർ രണ്ടുവർഷത്തെ ഹോണറേറിയമില്ലാത്ത അവധിയിൽ ആയിരുന്നുവെന്നും തുടർന്നും അവധി ആവശ്യപ്പെട്ടപ്പോൾ അപ്രകാരം അവധി നൽകാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അവധി അപേക്ഷ നൽകാൻ ശിശുവികസന പദ്ധതി ഓഫീസർ വർക്കറെ അറിയിക്കുകയുണ്ടായി. ടിയാളുടെ ഭാഗത്തുനിന്നും യാതൊരു പ്രതികരണവും ലഭിച്ചില്ലെന്നും അന്വേഷണത്തിൽ ടിയാൾ പഞ്ചായത്തിൽ പാർട്ട്ടൈം സ്വീപ്പറായി ജോലി നോക്കുകയാണെന്ന് അറിയാൻ കഴിഞ്ഞുവെന്നും സി.ഡി.പി.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി വർക്കർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം നൽകുകയും ശിശുവികസന പദ്ധതി ഓഫീസർ ടിയാൾക്ക് മെമ്മോ നൽകുകയും ചെയ്തു. മെമ്മോ കൈപ്പറ്റി രണ്ടുദിവസത്തിനകം ടിയാൾ ഓഫീസിൽ ഹാജരായി 27-5-2015-ാം തീയതി പ്രാബല്യത്തിൽ ജോലി രാജിവയ്ക്കുകയുമുണ്ടായി.

**നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ**

258 (3465) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ ജില്ലകൾതോറും നടപ്പിലാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ അതിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്നും ഏതൊക്കെ ജില്ലകളിൽ അപ്രകാരം അഭയകേന്ദ്രങ്ങൾ നിർമ്മിച്ചു വെന്നും വിശദമാക്കാമോ ;

(സി) നിർഭയ പദ്ധതിയുടെ ഷെൽട്ടർ ഹോം എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിക്കായി കേന്ദ്രഗവൺമെന്റിൽ നിന്നും എത്ര തുക ലഭിച്ചുവെന്നും അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചുവെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നിരാലംബരായ സ്ത്രീകൾക്കായുള്ള അഭയകേന്ദ്രങ്ങൾ ജില്ലകൾതോറും നടപ്പിലാക്കുമെന്ന് 2015-16 ബഡ്ജറ്റിൽ

പ്രഖ്യാപിച്ചിട്ടില്ല.

(ബി) നിർഭയ സെല്ലിന്റെ പ്രവർത്തനങ്ങൾക്കായി 10 കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 8 കോടി രൂപ നിർഭയ ഹോമുകളുടെ നിർമ്മാണത്തിനായി '4235-02-103-99' ശീർഷകത്തിലും 2 കോടി രൂപ നിർഭയ സെല്ലിന്റെ ഭരണപരമായ ചെലവുകൾക്കായി '2235-02-103-74(പി)' ശീർഷകത്തിലുമാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത 2 കോടി രൂപയിൽ 1,65,89,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഷെൽട്ടർ ഹോമുകളുടെ നിർമ്മാണച്ചെലവുകൾക്കായി ലഭിച്ച 8 കോടി രൂപയിൽനിന്നും തിരുവനന്തപുരം, എറണാകുളം, വയനാട് എന്നീ ജില്ലകളിലായി 4 നിർഭയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണത്തിനായി 694.7412 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. മുഖേന ചെലവഴിച്ചുവരുന്നു.

(സി) നിർഭയ പദ്ധതിയുടെ ഷെൽട്ടർ ഹോമുകൾ ചുവടെ ചേർക്കുംപ്രകാരം സ്ഥാപിച്ചിട്ടുണ്ട്.

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 3 (പൂജപ്പുര-2, വെഞ്ഞാറമൂട്-1) |
| എറണാകുളം | 1 |
| തൃശ്ശൂർ | 1 |
| മലപ്പുറം | 1 |
| ഇടുക്കി | 1 |
| പാലക്കാട് | 1 |
| കോഴിക്കോട് | 1 |
| വയനാട് | 1 |
| കാസർഗോഡ് | 1 |
| ആകെ | 11 |

നടപ്പുസാമ്പത്തിക വർഷത്തിൽ കേന്ദ്രഗവൺമെന്റിൽനിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ**

259 (3466) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാമൂഹ്യനീതി വകുപ്പ്, കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ എന്തെല്ലാം; എത്ര രൂപ വിവിധ പദ്ധതികളിൽ ചെലവഴിച്ചു; വിശദമാക്കാമോ?

ഉത്തരം

കേന്ദ്രാവിഷ്കൃത പദ്ധതികളായ അനുപൂരക പോഷകാഹാര പദ്ധതി, കിഷോരി ശക്തിയോജന പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി താഴെപ്പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| വർഷം | അനുപൂരക പോഷകാഹാര പദ്ധതി | കിഷോരി ശക്തിയോജന പദ്ധതി |
|---|---|---|
| 2011-12 | 36,93,757 | 2,16,586 |
| 2012-13 | 48,51,099 | 2,16,586 |
| 2013-14 | 27,41,892 | 2,16,586 |
| 2014-15 | 26,61,115 | 2,15,602 |

**മിശ്രവിവാഹിതർക്ക് ആനുകൂല്യങ്ങൾ**

260 (3467) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിശ്രവിവാഹിതർക്ക് അനുവദിച്ചിട്ടുള്ള സാമ്പത്തിക- സാമൂഹ്യക്ഷേമ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത ആനുകൂല്യങ്ങൾക്കായി ഓരോ ബഡ്ജറ്റിലും നീക്കിവച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും കണക്ക ലഭ്യമാക്കുമോ ;

(ബി) മിശ്രവിവാഹിതരായ സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാരായ ദമ്പതികൾക്ക് ഒരേ സ്റ്റേഷനിൽ തന്നെ ജോലി ലഭ്യമാക്കി നൽകണമെന്ന ഉത്തരവ് പാലിക്കപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വിഭാഗക്കാർക്ക് സർക്കാർ- അർദ്ധ സർക്കാർ

സ്ഥാപനങ്ങളിൽ ജോലി സുരക്ഷിതത്വം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ ഉത്തരവ് സഹിതം വിശദമാക്കുമോ ;

(ഡി) പ്രസ്തുത വിഭാഗക്കാർക്ക് ജോലി സംവരണം ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് സാമൂഹ്യനീതി വകുപ്പുവഴി വിവാഹ ധനസഹായമായി 30,000 രൂപ നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇക്കാര്യത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2011-12 | 5,39,000 | 4,30,000 |
| 2 | 2012-13 | 5,39,000 | 5,10,000 |
| 3 | 2013-14 | 5,85,000 | 5,55,000 |
| 4 | 2014-15 | 6,43,000 | 6,20,000 |
| 5 | 2015-16 | 6,76,000 | ചെലവഴിച്ചിട്ടില്ല |

(ബി-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**സ്ത്രീ-സമത്വ ശാക്തീകരണനയം**

261 (3468) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ-സമത്വ ശാക്തീകരണ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത നയം നടപ്പിൽ വരുത്തുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സമൂഹത്തിൽ ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഉറപ്പാക്കുന്നതിനും അവ ശാശ്വതവൽക്കരിക്കുന്നതിനും ആവശ്യമായ മാർഗ്ഗരേഖയാണ് സ്ത്രീ-സമത്വ ശാക്തീകരണനയം. വനിതകളുടെ ശാക്തീകരണം ഉറപ്പാക്കുന്നതോടൊപ്പം സമൂഹത്തിൽ പുരുഷന്മാരുടെ ഉന്നമനവും പ്രസ്തുത നയം വിഭാവന ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത നയം നടപ്പാക്കുന്നതിന്റെ നോഡൽ ഏജൻസിയായ സാമൂഹ്യനീതി വകുപ്പിൽ ഒരു ജെന്റർ സെൽ രൂപീകരിച്ചിട്ടുണ്ട്. പോളിസി നടപ്പാക്കുന്നതിന്റെ ഭാഗമായി പ്ലാനിംഗ്, ബഡ്ജറ്റ് ആന്റ് ആഡിറ്റ് എന്നിവയെക്കുറിച്ചുള്ള വിശദമായ നിർദ്ദേശങ്ങളടങ്ങിയ ജെന്റർ മാന്വൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നയം നടപ്പാക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്ന വകുപ്പ് മേധാവികളുടെ യോഗം വിളിച്ചുകൂട്ടുകയും 2016-17 കാലയളവിൽ പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ആക്ഷൻപ്ലാൻ തയ്യാറാക്കുന്നതിനുള്ള ട്രെയിനിംഗ് ജെന്റർ സെല്ലിന്റെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുന്നതിന് സമൂഹത്തെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി 'തുല്യനീതി നല്ല നാട്' എന്ന സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ സാമൂഹ്യനീതി വകുപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

**വയോജന സംരക്ഷണം**

262 (3469) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച്എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഒറ്റപ്പെട്ട് കഴിയുന്ന വയോജനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) വയോജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി Department of Community Medicine-നുവേണ്ടി ഒരു Qualitative Study (2012-13)-യും Centre for Development Studies ഒരു Quantitative Study-യും നടത്തിയിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിൻകീഴിൽ ഗവൺമെന്റിന്റെ 12 വൃദ്ധസദനങ്ങളും 4 വികലാംഗ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നു. ഒറ്റപ്പെട്ട് കഴിയുന്ന

വയോജനങ്ങൾക്ക് ഈ സ്ഥാപനങ്ങളിൽ താമസിക്കുവാൻ താൽപ്പര്യമുണ്ടെങ്കിൽ അവിടെ വന്ന് താമസിച്ചാൽ താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി ലഭിക്കുന്നതാണ്.

സാമൂഹ്യനീതി വകുപ്പ്, സാമൂഹ്യസുരക്ഷാ മിഷൻ എന്നിവ വഴി വയോമിത്രം എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലീനിക്കും വൈദ്യ സഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പുരോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും തിരിച്ചുകൊണ്ടുപോകുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകുന്നു. വയോജനങ്ങൾക്കാവശ്യമായ വിവരങ്ങൾ നൽകുന്നതിന് വയോമിത്രം ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിക്കുന്നു. പദ്ധതി ഇപ്പോൾ മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലാണ് ആരംഭിച്ചിട്ടുള്ളത്.

വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി ഭാരതീയ ചികിത്സാവകുപ്പുമായി സഹകരിച്ച് ഗവൺമെന്റ് വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്ക് ആയുർവേദ ചികിത്സ നൽകിവരുന്നു. വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഒരു റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

**ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ**

263 (3470) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ട്മെന്റിൽ സി .ഡി .പി.ഒ. തസ്തികയിൽ നിന്ന് കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര പ്രൊമോഷൻ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രൊമോഷനെ തുടർന്ന് സി.ഡി.പി.ഒ. തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) പ്രൊമോഷൻ നടന്ന അത്രയും ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒൻപത് പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) എട്ട് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഒരു ഒഴിവിലേക്ക് ബഹു മാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 29-6-2015-ലെ OA (EKM) No. 960/14-ന്മേലുള്ള വിധിന്യായത്തിന് വിധേയമായി 7-11-2015-ലെ G.O.(Rt) No. 663/2015/SJD സർക്കാർ ഉത്തരവുപ്രകാരം നിയമനം നൽകിയിട്ടുണ്ട്.

**ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി**

264 (3471) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗതികളും അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതിയുടെ ഗുണഭോക്താക്കൾ അഗതികളും അശരണരും മാത്രമല്ല സ്വഭാവവ്യതിയാനങ്ങൾക്ക് അടിമപ്പെട്ട കുട്ടികളോ അഥവാ അടിമപ്പെടാൻ സാദ്ധ്യതയുള്ള കുട്ടികളോ കൂടിയാണ്. ഇങ്ങനെയുള്ള കുട്ടികൾക്ക് ശരിയായ രീതിയിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്ന പദ്ധതിയാണ് ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ അഥവാ ഒ.ആർ.സി.

കുട്ടികളിലെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം തുടങ്ങിയ വകുപ്പുകളും സർക്കാരിതര പ്രസ്ഥാനങ്ങൾ, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവർ ഒന്നിച്ച് ഒത്തൊരുമയോടെ കൈകോർത്തുകൊണ്ട് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ ഇത് നടപ്പിലാക്കിവരുന്നു.

(ബി) 1. സമൂഹത്തിൽ സർക്കാർ, സർക്കാർ ഇതര മേഖലയിൽ കുട്ടികളുടെ വ്യക്തിവികാസത്തിനും സംരക്ഷണത്തിനും നിലകൊള്ളുന്ന

വിവിധ പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനത്തിന്റെ ഏകോപനത്തിന് സാഹചര്യമൊരുക്കുക.

2. കുട്ടികളോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിൽ രക്ഷിതാക്കളെയും അദ്ധ്യാപകരെയും സമൂഹത്തെയും പ്രാപ്തിപ്പെടുത്തുന്നതിനും ബോധവത്കരിക്കുന്നതിനും ആവശ്യമായ നേതൃത്വം നൽകുക.

3. അനാരോഗ്യകരമായ സ്വഭാവദൂഷ്യങ്ങളിലേയ്ക്ക് നയിക്കപ്പെടാവുന്ന സാഹചര്യങ്ങളിൽനിന്നും കുട്ടികളെ ഫലപ്രദമായി സംരക്ഷിക്കുക.

4. ആശാസ്യകരമല്ലാത്ത സ്വഭാവവ്യതിയാനങ്ങൾ സംഭവിച്ചിട്ടുള്ള കുട്ടികളെ കണ്ടെത്തി അവരെ കൗൺസിലിംഗ്, മെന്ററിംഗ്, വിദഗ്ദ്ധ പരിചരണം,സർഗ്ഗാത്മകവും ഗുണകരവുമായ പ്രവർത്തനത്തിലേക്കുള്ള തിരിച്ചുവിടൽ എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക.

(സി) 2010-ൽ കോഴിക്കോട് പ്രവർത്തനമാരംഭിച്ച ഒ.ആർ.സി. പദ്ധതി തൃശ്ശൂർ ജില്ലയിലേയ്ക്ക് വ്യാപിപ്പിക്കുകയുണ്ടായി. 2013-ൽ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ഏറ്റെടുത്ത ഒ.ആർ.സി. പദ്ധതി കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിനുവേണ്ടി കുട്ടികളുടെ സംരക്ഷണത്തിനായി പ്രവർത്തിക്കുന്ന സംയോജിത ശിശു സംരക്ഷണ പദ്ധതിയുമായി സംയോജിപ്പിച്ച് പ്രവർത്തിക്കുന്നതിന് തീരുമാനമാകുകയും വിപുലമായ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (സാമൂഹ്യനീതി വകുപ്പ്) അദ്ധ്യക്ഷതയിൽ സെക്രട്ടറി (സാമൂഹ്യനീതി വകുപ്പ്), സെക്രട്ടറി (ധനകാര്യ വകുപ്പ്), ലേബർ കമ്മീഷണർ, സ്റ്റേറ്റ് നോഡൽ ഓഫീസർ, ORC,UNICEF സ്റ്റേറ്റ് ചീഫ്, ഡയറക്ടർ ഹെൽത്ത് സർവ്വീസസ്സ്, എക്സിക്യൂട്ടീവ്ഡയറക്ടർ, KSSM തുടങ്ങിയവർ മെമ്പർമാരായ സമിതി മാസംതോറും ORC പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

2. ORC പദ്ധതിക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന ചീഫ്മെന്ററായി ശ്രീ. ജേക്കബ് പുന്നൂസ് ഐ.പി.എസ്. (റിട്ട.) നിയോഗിച്ചിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറായി ശ്രീ. പി. വിജയൻ

ഐ.പി.എസ്. പ്രവർത്തിച്ചു വരുന്നു. കൂടാതെ, അഡീഷണൽനോഡൽ ഓഫീസർമാരും സംസ്ഥാന വർക്കിംഗ് കമ്മിറ്റിയും പദ്ധതിയുടെനടത്തിപ്പിന് ശക്തിപകരുന്നു.

3. ORC പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

4. ORC പദ്ധതി കാര്യക്ഷമമാക്കുന്നതിന് SIEMAT, SCERT,IMG, SIET, IT @School, DIET തുടങ്ങിയ സംവിധാനങ്ങളുടെ കൂടി പിന്തുണ ലഭിക്കുന്നുണ്ട്.

5. ജില്ലാ കളക്ടർ, ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം), ജില്ലാപോലീസ് മേധാവി, ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥർ അടങ്ങിയ ജില്ലാതല സമിതി ORC പദ്ധതിയുടെ ജില്ലാ-സ്കൂൾതല പ്രവർത്തനങ്ങൾ മാസംതോറും വിലയിരുത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

6. ജില്ലാതല പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിനുവേണ്ടിഓഫീസുകൾ സജ്ജമാക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

7. ORC പദ്ധതിയുടെ പരിശീലന പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും ആവശ്യാനുസരണം കുട്ടികൾക്ക് വിദഗ്ധപരിചരണം ലഭ്യമാക്കുന്നതിനും കൗൺസലിംഗ് ടെലിഫെസിലിറ്റി, കോൺഫറൻസിംഗ് തുടങ്ങി വിപുലമായ സംവിധാനങ്ങളോടെ ജില്ലകളിൽ ഒ.ആർ.സി. റിസോഴ്സ് സെന്റർ പ്രവർത്തന സജ്ജമായി വരുന്നു.

8. കഴിഞ്ഞ വർഷങ്ങളിൽ ഒ.ആർ.സി. പദ്ധതി ആരംഭിച്ചകോഴിക്കോട്, തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ 10 സ്കൂളുകൾ വീതവും കൊല്ലം-7, ആലപ്പുഴ-5, ഇടുക്കി-5, പത്തനംതിട്ട-5, കോട്ടയം-5, മലപ്പുറം-5, പാലക്കാട്-5, വയനാട്-5, കണ്ണൂർ-5, കാസർഗോഡ്-5 വീതവും സ്കൂളുകൾ തെരഞ്ഞെടുത്തിട്ടുണ്ട്.

9. അദ്ധ്യാപകരെയും മറ്റും പരിശീലിപ്പിക്കുന്നതിനാവശ്യമായപരിശീലകരെ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

10. തെരഞ്ഞെടുക്കപ്പെട്ട ഒ.ആർ.സി. സ്കൂളുകളിലെ മുഴുവൻ നോഡൽ ടീച്ചർമാർക്കും ജില്ലാതല റിസോഴ്സ് പേഴ്സൺമുള്ള ദ്വിദിന പരിശീലന പരിപാടി നടത്തിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ മുഴുവൻ സ്കൂൾ തലവന്മാർക്കും സീമാറ്റ് കേരളയുടെ സഹായത്തോടെ

ശിൽപ്പശാല സംഘടിപ്പിച്ചു.

11. തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ സ്കൂളുകളിലെ അദ്ധ്യാപകർക്കും സ്കൂൾകൗൺസിലർമാർക്കും സ്കൂൾ ഹെൽത്ത് നഴ്സിനും പി.ടി.എ. ഭാരവാഹികൾക്കുംവേണ്ടിയുള്ള ദ്വിദിന പരിശീലന പരിപാടി ജില്ലാതലത്തിൽ നടന്നുവരുന്നു.

12. കുട്ടികളെ അറിയുക എന്നതിന്റെ ഭാഗമായി വികസിപ്പിച്ചെടുത്ത Strength and Difficulty Questionnaire (SDQ) കുട്ടികൾക്കും രക്ഷകർത്താക്കൾക്കും നൽകി കുട്ടികളുടെ കഴിവുകളും പോരായ്മകളും മനസ്സിലാക്കുന്നതാണ്.

13. ഒ.ആർ.സി. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ ആരോഗ്യജീവിത നൈപുണ്യ വിദ്യാഭ്യാസം (Life Skill Education) നടപ്പിലാക്കുന്നതാണ്.

14. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്നവരും കുട്ടികളുടെ ക്ഷേമത്തിൽ തൽപ്പരരുമായ വ്യക്തികൾ ഒ.ആർ.സി. പദ്ധതിയുമായി ചേർന്ന് പ്രവർത്തിക്കുന്നു.

**കിഡ്നി രോഗികൾക്ക് പെൻഷൻ**

265 (3472) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഡ്നി രോഗത്താൽ ഡയാലിസിസ് നടത്തുന്ന രോഗികൾക്ക് സാമൂഹ്യ സുരക്ഷ മിഷനിൽ നിന്നും പെൻഷൻ അനുവദിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര രൂപ വീതമാണ് പെൻഷൻ അനുവദിക്കുന്നതെന്നും, അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) ബി.പി.എൽ. റേഷൻ കാർഡുള്ളവർക്ക് മാത്രമാണ് പ്രസ്തുത പെൻഷൻ അനുവദിക്കുന്നതെങ്കിൽ, എ.പി.എൽ, ബി.പി.എൽ തരംതിരിവിന്റെ കാര്യത്തിൽ വ്യാപകമായ പരാതിയുള്ള റേഷൻ കാർഡ് മാനദണ്ഡമാക്കാതെ ഡയാലിസിസ്

നടത്തുന്ന മുഴുവൻ രോഗികൾക്കും പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1100 രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്. മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

- മാസത്തിലൊരിക്കലെങ്കിലും സ്ഥിരമായി ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബാംഗമായിരിക്കണം.
- ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗ വിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം.
- മറ്റ് സർക്കാർ ധനസഹായം ലഭിക്കുന്നവർക്കും ഈ പ്രത്യേക ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

(സി) സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന കിഡ്നി രോഗികളുടെ പെൻഷൻ പദ്ധതി സഹായം നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം ബി.പി.എൽ. റേഷൻ കാർഡുള്ളവർക്കാണ് നൽകിവരുന്നത്. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27-04-2012-ലെ സ.ഉ.(കൈ)നമ്പർ 112/2012/ ത.സ്വ.ഭ.വ. പ്രകാരം ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഡയാലിസിസിന് വിധേയമാകുന്നവരെയും ഉൾപ്പെടുത്താമെന്ന് പരാമർശിപ്പിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം എ.പി.എൽ. കാർഡ് ബി.പി.എൽ. ആക്കി മാറ്റി വരുന്നവരെ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കാറുണ്ട്.

**പുതിയ തസ്തികകളിലെ നിയമനം**

266 (3473) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ പുതുതായി അനുവദിച്ചിട്ടുള്ള 35 സൂപ്പർവൈസർ, 73 ജൂനിയർ സൂപ്രണ്ട്, 22 എൽ.ഡി. ക്ലാർക്ക് എന്നീ തസ്തികകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ;

(സി) നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിയമനം നടത്തുവാൻ


3157/2017

നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) 73 ജൂനിയർ സൂപ്രണ്ട്, 22 ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകൾ അനുവദിച്ച ഉത്തരവിൽ കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിലെ കാറ്റഗറി 5, (ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II) കാറ്റഗറി 12 (ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് III/ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ) എന്നീ തസ്തികകളുടെ ഫീഡർ കാറ്റഗറിയിൽനിന്നും മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ ഒഴിവാക്കി വിശേഷാൽ ചട്ടം ഭേദഗതി വരുത്തിയതിനുശേഷം മാത്രമേ 73 ജൂനിയർ സൂപ്രണ്ട് തസ്തികകളിലും 22 ക്ലാർക്ക് തസ്തികകളിലും നിയമനം നടത്താവൂവെന്ന നിബന്ധനയുണ്ട്. നിയമനങ്ങൾ വേഗത്തിലാക്കാൻ വേണ്ടിയുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. 35 സൂപ്പർവൈസർ തസ്തികകളിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**ശ്രീമതി ഡോളി ജോർജിന്റെ അപേക്ഷ**

267 (3474) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-2-1990 ൽ ജോലിയിൽ പ്രവേശിച്ച് 30-11-2013 സി.ഡി.പി.ഒ. ആയി റിട്ടയർ ചെയ്ത ശ്രീമതി ഡോളി. കെ. ജോർജിന് സർവ്വീസിലുള്ള മൂന്നാമത്തെ ഗ്രേഡ് ലഭിക്കുന്നതിനായി 22-4-2014 ന് സമർപ്പിച്ച അപേക്ഷയിൽ സാമൂഹ്യനീതി ഡയറക്ടർ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് എ.ജി. 24-1-2014 ലെ ജി. ഇ. 18/ഇ/എസ്. ഡബ്ല്യു /2013-14/9951 കത്ത് മുഖേന സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ശ്രീമതി ഡോളി ജോർജ്ജിന് അർഹതപ്പെട്ട മൂന്നാമത്തെ ഗ്രേഡ് നൽകുവാൻ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത ഗ്രേഡ് നൽകുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രീമതി ഡോളി കെ. ജോർജിന് ഗ്രേഡ് അനുവദിക്കുന്നതിനുള്ള 22-4-2014-ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാളുടെ ഗസറ്റഡ് തസ്തികയിലെ ലീവ് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി അക്കൗണ്ടന്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലീവ് വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് ഗ്രേഡ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി-ഡി) അക്കൗണ്ടന്റ് ജനറലിന്റെ 24-1-2014-ലെ G.E.18/E/SW/2013-14/9951 നമ്പർ കത്ത് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ല. എന്നാൽ അക്കൗണ്ടന്റ് ജനറലിന്റെ 12-2-2014-ലെ G.E.18/E/SW/2013-14/9892 നമ്പർ കത്ത് പ്രകാരം അറിയിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുകയും ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട വിഷയം പ്രതിപാദിക്കുന്ന ജീവനക്കാരുടെ ഗസറ്റഡ് തസ്തികയിൽ പ്രവേശിച്ചതുമൂലമുള്ള ശമ്പള നിർണ്ണയങ്ങൾ, ലീവ് വിവരങ്ങൾ എന്നിവ അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമാക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി ഡയറക്ടർ തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്.

**തന്റേടം ജെണ്ടർ പാർക്ക്**

268 (3475) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് മാത്രമായുള്ള ഒരു സുരക്ഷാ കേന്ദ്രമെന്ന നിലയ്ക്ക് തന്റേടം ജെണ്ടർ പാർക്ക് സ്ഥാപിക്കുമെന്ന് 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതി പ്രസ്തുത കാലയളവിൽ തന്നെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) തുടർന്നുള്ള ബഡ്ജറ്റിലും പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അനുവദിച്ചതും പിൻവലിച്ചതുമായ തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് അറിയിക്കാമോ; പാർക്ക് എവിടെയാണ് സ്ഥാപിക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) പാർക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) പ്രഖ്യാപിച്ചിരുന്നു. സംസ്ഥാനത്തെ ആദ്യത്തെ ജെണ്ടർ പാർക്ക് കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിൽ സാമൂഹ്യനീതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ 2013-ൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ ജെണ്ടർ പാർക്ക് താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ട് പ്രസ്തുത കാലയളവിൽ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ജെണ്ടർ പാർക്ക് എന്ന ആശയം ആദ്യമായി കേരളത്തിലാണ് നടപ്പിലാക്കുന്നത്. അതുകൊണ്ടുതന്നെ ഇത്തരത്തിൽ ഒരു സംരംഭം ആരംഭിക്കുന്നതിനായി വിശദമായ ആർക്കിടെക്ച്ചറൽ/ ഡിസൈൻ തയ്യാറാക്കേണ്ടിയിരുന്നു. ഇതിനായി ആർക്കിടെക്ച്ചറൽ/ഡിസൈൻ ഏജൻസിയെ കണ്ടെത്തുന്നതിന് 2012 അവസാന പാദത്തിൽ തന്നെ താൽപ്പര്യപത്രം ക്ഷണിച്ചെങ്കിലും താൽപ്പര്യപ്പത്ര പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങളുള്ള ഏജൻസിയെ കണ്ടെത്താനായില്ല. തുടർന്ന് മൂന്ന് താൽപ്പര്യപ്പത്രം ക്ഷണിച്ച ശേഷമാണ് യോഗ്യരായ ആർക്കിടെക്ച്ചറൽ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സാധിച്ചത്. തുടർന്ന് 2013 ഒക്ടോബറിൽ മെ. സ്പേസ് ആർട്ട് എന്ന ഏജൻസിയെ ആർക്കിടെക്ച്ചറൽ കൺസൽട്ടന്റായി നിയമിക്കുകയുണ്ടായി. പ്രസ്തുത ഏജൻസി തയ്യാറാക്കി നൽകിയ ഡിസൈൻ, ഡ്രോയിംഗ് എസ്റ്റിമേറ്റ് എന്നിവയിന്മേൽ നിയമപ്രകാരമുള്ള ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയ ശേഷം 2014 അവസാന പാദത്തിൽ തന്നെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2015 ഏപ്രിലിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 15 മാസമാണ് കരാർ പ്രകാരം നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള കാലാവധി.

(ബി) ഉണ്ട്. ജെണ്ടർ പാർക്കിനായി നാളിതുവരെ അനുവദിച്ചിട്ടുള്ളതും പിൻവലിച്ചിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | അനുവദിച്ച നൽകിയ തുക (ലക്ഷത്തിൽ) | പിൻവലിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2012-13 | 600 | 600 |
| 2014-15 | 660 | 660 |

(സി) സംസ്ഥാനത്തെ ആദ്യത്തെ ജെണ്ടർ പാർക്കിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിലാണ് ആദ്യത്തെ ജെണ്ടർ പാർക്ക് നിലവിൽ വരുന്നത്.

(ഡി) സ്ത്രീകളുടെ സാമ്പത്തിക-സാമൂഹിക പുരോഗതി ലക്ഷ്യമിട്ടുകൊണ്ടും ലിംഗസമത്വം നടപ്പാക്കുന്നതിനുവേണ്ട പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിനുവേണ്ടിയുമാണ് ജെണ്ടർ പാർക്ക് നടപ്പിലാക്കുന്നത്.

**മലപ്പുറം ജില്ലയിലെ താലോലം പദ്ധതി**

269 (3476) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലോലം പദ്ധതിയെ കുറിച്ച് വിശദമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിലെ ഏതെങ്കിലും ആശുപത്രികളിൽ താലോലം പദ്ധതി പ്രകാരം ചികിത്സ സൗജന്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ശിശു മരണ നിരക്ക് കൂടുതലുള്ള മലപ്പുറം ജില്ലയിലെ പ്രധാന സർക്കാർ ആശുപത്രികളിൽ താലോലം പദ്ധതി പ്രകാരമുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കുടുംബ വാർഷിക വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ 18 വയസ്സുവരെ പ്രായമുള്ള മാരകരോഗബാധിതരായ കുട്ടികൾക്ക് സംസ്ഥാനത്തെ 18 ആശുപത്രികളിലൂടെ പൂർണ്ണമായ സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക വൈകല്യങ്ങൾ, ഹൃദയ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങൾക്ക് താലോലം പദ്ധതിയിൽ സൗജന്യചികിത്സ ലഭ്യമാണ്. എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെത്തുടർന്ന് കാസർഗോഡ് ജില്ലയിലെ രോഗബാധിതരുടെ ചികിത്സാച്ചെലവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നു. കൂടാതെ ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിക്കും വേണ്ടുന്ന ചെലവുകൾ എന്നിവ സ്വന്തമായി വഹിക്കാൻ കഴിയാത്തവിധം വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക് പദ്ധതിയിലൂടെ സഹായം ലഭ്യമാണ്.

(ബി&സി) മലപ്പുറം ജില്ലയിലെ മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയെ താലോലം പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വയോമിത്രം പദ്ധതി**

270 (3477) ശ്രീ. ബെന്നി ബെഹനാൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി:

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി&സി) നഗരപ്രദേശങ്ങളിൽ വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് വയോമിത്രം പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിലൂടെ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മുതിർന്ന പൗരന്മാർക്ക് മൊബൈൽ ക്ലിനിക്കുകളിലൂടെ സൗജന്യമായി മരുന്നുകൾ, പാലിയേറ്റീവ് സേവനം, കൗൺസലിംഗ്, ഹെൽപ്ഡെസ്കിന്റെ സേവനം എന്നിവ നൽകുന്നുണ്ട്. മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം നൽകുന്ന വിവിധ പരിപാടികളും പദ്ധതിയുടെ ഭാഗമായി നടത്തിവരുന്നുണ്ട്. ഈ പദ്ധതിക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഒരുക്കുന്നത്.

**സോറിയാസിസ്, കുഷ്ഠം എന്നീ രോഗബാധിതർക്കുള്ള ആനുകൂല്യങ്ങൾ**

271 (3478) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോറിയാസിസ്, കുഷ്ഠം എന്നീ രോഗബാധിതരെ ഭിന്നശേഷിയുള്ളവരുടെ ഗണത്തിൽ ഉൾപ്പെടുത്തി അവർക്കുള്ള ആനുകൂല്യങ്ങൾ പ്രസ്തുത രോഗികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

കേന്ദ്ര സർക്കാർ വിഭാവന ചെയ്തിട്ടുള്ള 1995-ലെ Persons with Disabilities Act-ൽ കുഷ്ഠരോഗം ഭേദമായവരെ ഡിസെബിലിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സോറിയാസിസ്, കുഷ്ഠം എന്നീ രോഗങ്ങൾ ബാധിച്ചവരെ ഡിസെബിലിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി പ്രസ്തുത ആക്ടിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തേണ്ടതുണ്ട്.

**വീടുകളിൽ ജോലി ചെയ്യുന്ന കുട്ടികൾ**

272 (3479) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്കിൽ വീടുകളിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാനങ്ങളിലേത് ഉൾപ്പെടെയുള്ള കുട്ടികളുടെ എണ്ണം എത്രയെന്നും ഇതിൽ പെൺകുട്ടികൾ/ആൺകുട്ടികൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ബാലവേല ചെയ്യിപ്പിക്കുന്ന വീട്ടുടമകൾക്കെതിരെ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(സി) കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള സംരക്ഷണം വീട്ടുടമകൾ നൽകുന്നുണ്ടോ;

(ഡി) ഇവർക്ക് വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഭരണഘടനാപരമായ സൗകര്യങ്ങൾ വീട്ടുടമകൾ ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് താലൂക്കിൽ നിലവിൽ ബാലവേലകളൊന്നും കണ്ടെത്തിയിട്ടില്ല. എന്നാൽ 12-6-2014-ൽ ഒരു ആൺകുട്ടി ബാലവേല ചെയ്യുന്നതായി കണ്ടെത്തിയിരുന്നു.

(ബി) 12-6-2014-ൽ കണ്ടെത്തിയ ബാലവേലയ്ക്കെതിരെ STC No. 21/14 നമ്പറായി ബഹുമാനപ്പെട്ട കാസർഗോഡ് സി.ജെ.എം. കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും 3-2-2015-ൽ 10,000 രൂപ പിഴ ശിക്ഷ വിധിക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) മുകളിൽ കൊടുത്തിരിക്കുന്ന മറുപടികളുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**ആശ്വാസകിരണം പദ്ധതി**

273 (3480) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും

സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലും, നഗരൂർ, കിളിമാനൂർ, കരവാരം, മണമ്പൂർ, ഒറ്റൂർ, ചെറുന്നിയൂർ, വക്കം, പുളിമാത്ത്, പഴയകുന്നുമ്മേൽ പഞ്ചായത്തുകളിലും എത്രപേർക്ക് സഹായം ലഭിക്കുന്നുണ്ടെന്ന് പേരും മേൽവിലാസവുമുൾപ്പെടെ പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കാമോ ; ഇനിയെത്ര അപേക്ഷകളിൽമേൽ നടപടി സ്വീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നും സഹായം ലഭ്യമാക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ, ബുദ്ധിമാന്ദ്യമുള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസം മൂലം അവശതയുള്ളവർ, പലവിധകാരണങ്ങളാൽ ശയ്യാവലംബികളായവർ തുടങ്ങിയവർക്ക് പരിചരണം നൽകേണ്ടതിനാൽ മറ്റ് തൊഴിലുകളിൽ ഏർപ്പെടാൻ കഴിയാത്തവരായ ബന്ധുക്കൾ, മറ്റ് സഹായികൾ എന്നിവരെ കെയർഗിവർ എന്ന നിലയിൽ ഗുണഭോക്താക്കളായി കണക്കാക്കി ധനസഹായം അനുവദിക്കുന്നതാണ്. 100 ശതമാനം അന്ധരായവർക്ക് പരസഹായം നൽകുന്നവരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പരിചരിക്കപ്പെടുന്നവർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ആശ്രയ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്നവരോ ബി.പി.എൽ. പട്ടികയിൽപ്പെട്ട കുടുംബത്തിലുള്ളവരോ ആയിരിക്കണം. ആശ്രയ/ ബി.പി.എൽ. പട്ടികയിൽപ്പെടാത്ത വരാണെങ്കിൽ അവരുടെ വാർഷിക കുടുംബവരുമാനം ഗ്രാമപ്രദേശങ്ങളിലുള്ളവർക്ക് 20,000 രൂപയിലും നഗര പ്രദേശത്തിലുള്ളവർക്ക് 22,375 രൂപയിലും അധികരിക്കരുത്. അർഹതയുള്ള വ്യക്തി (കെയർഗിവർ) നിശ്ചിത മാതൃകയിലുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷകൻ പരിചരണം നൽകുന്ന വ്യക്തി ഏതെങ്കിലും അവശതയനുഭവിക്കുന്ന ആളാണെന്ന് ഒരു സർക്കാർ ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റും അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

**മുതിർന്ന പൗരന്മാർ നേരിടുന്ന പ്രശ്നങ്ങൾ**

274 (3481) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതിർന്ന പൗരൻമാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇവരുടെ സംരക്ഷണത്തിനാവശ്യമായ നിയമ നിർമ്മാണങ്ങൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഇവരുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) പഠനം നടത്തിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിനുവേണ്ടി ഡിപ്പാർട്ടുമെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ & സൈക്ക്യാട്രി വിഭാഗം ഒരു ക്വാളിറ്റേറ്റീവ് സ്റ്റഡി 2012-13-ൽ (Needs and Services for the Elderly in Kerala) നടത്തിയിട്ടുണ്ട്. കൂടാതെ Centre for Development Studies ഒരു Quantitative Study-യും (Situation of Elderly in Kerala Evidences from Kerala Ageing Survey 2014) നടത്തിയിട്ടുണ്ട്.

(ബി) മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കേന്ദ്ര നിയമം Maintenance and Welfare of Parents and Senior Citizen Act 2007 അനുസരിച്ച് സംസ്ഥാനത്ത് Kerala Maintenance and Welfare of Parents and Senior Citizen Rules 2009 രൂപീകരിച്ചിട്ടുണ്ട്.

(സി) മുതിർന്നവരെ ശാക്തീകരിച്ച് സമൂഹത്തിൽ സജീവമായ അഥവാ ഫലവത്തും സാർത്ഥകവുമായ പങ്ക് വഹിക്കാൻ പ്രാപ്തരാക്കുന്നതിലൂടെ വ്യത്യസ്ത പ്രായത്തിലുള്ള വിഭാഗങ്ങളുമായി സ്വയം ഇണങ്ങിച്ചേരാൻ സഹായിക്കുക എന്ന ദൗത്യത്തോടെ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം 2013 രൂപീകരിച്ച് ആയതിലെ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഒഴിവുകൾ**

275 (3482) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും

സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിലെ ഒഴിവുകൾ പ്രോജക്ട് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) അങ്കണവാടി വർക്കർ/ഹെൽപ്പർ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

**സാമൂഹ്യനീതി വകുപ്പിന്റെ ക്ഷേമ പെൻഷൻ പദ്ധതികൾ**

276 (3483) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപെൻഷൻ പദ്ധതികളായ ആശ്വാസകിരണം, സ്നേഹസ്പർശം, പ്രത്യാശ, സമാശ്വാസം, സ്നേഹപൂർവ്വം, ശ്രുതിതരംഗം എന്നീ പദ്ധതികൾക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണവും വിതരണം ചെയ്ത തുകയുടെ കണക്കും ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്കുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേരിച്ച് നൽകുന്നതാണ്.

**വികലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം**

277 (3484) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിലാംഗക്ഷേമ കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് 9748/ഡി.2/2013/എസ്. ഡബ്ല്യൂ.ഡി. നമ്പർ ഫയലിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) അംഗീകൃത തസ്തികകളുടെയെല്ലാം ശമ്പള പരിഷ്കരണത്തിന് ധനകാര്യ

വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുമതി ലഭിച്ച് ധനകാര്യ വകുപ്പിൽ നിന്നും ഫയൽ തിരികെ ലഭിച്ചതെന്ന് വിശദമാക്കുമോ;

(സി) എത്ര തവണ ഈ ഫയലിൽ ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ഏതെങ്കിലും ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(ഡി) ശമ്പള പരിഷ്കരണ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനായി ധനകാര്യവകുപ്പ് അനുമതി നൽകിയ പ്രകാരം ഉത്തരവാക്കാനും കൂടുതൽ പേർക്ക് ആനുകൂല്യം കിട്ടേണ്ടതുണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി-ഡി) വികലാംഗ കോർപ്പറേഷനിലെ വിവിധ കാറ്റഗറികളിലെ തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഒരു ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം മാത്രമേ ശമ്പളപരിഷ്കരണം അനുവദിക്കാൻ കഴിയുകയുള്ളൂവെന്ന് 27-10-2014-ൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**വർദ്ധിച്ചുവരുന്ന അനാവശ്യ ധൂർത്തും ആഡംബര വിവാഹങ്ങളും**

278 (3485) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ച വരുന്ന ആഡംബര വിവാഹങ്ങളും അനാവശ്യ ധൂർത്തും ഇല്ലാതാക്കുന്നതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഇത്തരം വിഷയങ്ങൾ നിയന്ത്രിക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കേരള വനിതാ കമ്മീഷന്റെയോ, ദേശീയ വനിതാ കമ്മീഷന്റെയോ നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ആയവ വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ സംസ്ഥാനത്തെ പ്രമുഖരായ രാഷ്ട്രീയ-

സാമുദായിക-സാംസ്കാരിക സംഘടനകളുമായി സർക്കാർ കൂടിയാലോചന നടത്തിയിരുന്നോ; കൂടിയാലോചനയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ അറിയിക്കാമോ; ഏതൊക്കെ സംഘടനകളാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആഡംബര വിവാഹങ്ങളും അനാവശ്യ ധൂർത്തും ഇല്ലാതാക്കുന്നതിന് സർക്കാർ ഉത്തരവുകളൊന്നും നിലവിലില്ല. എന്നാൽ 1961-ൽ പാർലമെന്റിൽ പാസാക്കിയ സ്ത്രീധന നിരോധന നിയമം 2004 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. സ്ത്രീധനം നൽകുന്നതിനെയും വിവാഹധൂർത്തിനെയും നിയന്ത്രിക്കുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനുള്ള പരിപാടികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെയും വ്യാപക പ്രചരണം നടത്തുന്നുണ്ട്. എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന നിരോധന ദിനമായി ആചരിക്കുന്നുണ്ട്. സ്ത്രീധന നിരോധന നിയമം നടപ്പിലാക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജിയണുകളിലായി 3 മേഖലാ ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിയമിക്കുകയും അവരുടെ സേവനം ജനങ്ങൾക്ക് ലഭിക്കുകയും ചെയ്യുന്നുണ്ട്.

ആഡംബര വിവാഹങ്ങളും ധൂർത്തും നിയന്ത്രിക്കുന്നതിന് കേരള വനിതാ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ശിൽപ്പശാലകളും സെമിനാറുകളും നടത്തി വരുന്നുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിനായി കലാലയ ജ്യോതി എന്ന പേരിൽ ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂൾ, കോളേജ് തലങ്ങളിലും നടത്തുന്നുണ്ട്. ഇതുകൂടാതെ പൊതുജനങ്ങൾക്കിടയിൽ ആഡംബര വിവാഹവും ധൂർത്തും നിയന്ത്രിക്കുന്നതിനുള്ള അവബോധം വളർത്തുന്നതിനായി പത്രം, ടി.വി., റേഡിയോ തുടങ്ങിയ മാധ്യമങ്ങളിൽ പരസ്യങ്ങളും നൽകിയിട്ടുണ്ട്. വനിതാ കമ്മീഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം നടത്തുന്ന വിവാഹപൂർവ്വ ബോധവൽക്കരണ ക്ലാസ്സുകളിൽ ആഡംബര വിവാഹവും ധൂർത്തും എങ്ങനെ നിയന്ത്രിക്കാം എന്ന വിഷയം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) ആഡംബര വിവാഹം ഒഴിവാക്കുന്നത് സംബന്ധിച്ച് കേരള

വനിതാ കമ്മീഷൻ ചുവടെ ചേർക്കുംപ്രകാരം ശിപാശ സമർപ്പിച്ചിട്ടുണ്ട്.

1. വിവാഹങ്ങളിലെ ആർഭാടം നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. അത് നിയമനിർമ്മാണത്തിന്റെ ബലത്തോടുകൂടി മാത്രമേ സാദ്ധ്യമാവുകയുള്ളൂ വെന്നതിനാൽ വിവാഹങ്ങളിലെ ധൂർത്തും ആർഭാടവും നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തണം.
2. വിവാഹത്തോടനുബന്ധിച്ച് ഇന്ന് ഒന്നിൽ കൂടുതൽ ചടങ്ങുകൾ നടത്തപ്പെടുന്നുണ്ട്. അത് ഒന്നു മാത്രമായി ചുരുക്കി നിശ്ചയിക്കണം.
3. വിവാഹനിശ്ചയത്തിനും ഒന്നിൽ കൂടുതൽ ചടങ്ങുകൾ നടത്തുന്ന സ്ഥിതിയുണ്ട്. ഇതും ഒരു ചടങ്ങ് മാത്രമായി നിജപ്പെടുത്തണം.
4. വാഹനിശ്ചയത്തിനും വിവാഹത്തിനും ക്ഷണിക്കപ്പെടുന്നഅതിഥികളുടെ എണ്ണം നിയന്ത്രിക്കണം. ഇത് വിവാഹ നിശ്ചയത്തിന് 50 കുടുംബങ്ങൾ എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തുനിന്ന് 25 വീതം) വിവാഹത്തിന് 250 എന്നും (വരന്റെയും വധുവിന്റെയും ഭാഗത്തു നിന്ന് 125 വീതം എന്നും) നിശ്ചയിക്കാവുന്നതാണ്.
5. വിവാഹത്തോടനുബന്ധിച്ചുണ്ടാവുന്ന ഓരോ ഇനം ചെലവുകളും നിയന്ത്രണ വിധേയമാക്കണം. ഓരോ ഇനത്തിലും എത്ര രൂപവരെ ചെലവാക്കാം എന്നത് താഴെ സൂചിപ്പിക്കുന്നു.

   a. വിവാഹക്ഷണക്കത്ത് ഒരെണ്ണത്തിന്- 25 രൂപ

   b. വിവാഹ പന്തൽ/ആഡിറ്റോറിയം വാടക-50,000 രൂപ

   ഇതിൽ കൂടുതൽ ചെലവാക്കിയാൽ കൂടുതലാകുന്ന തുകയ്ക്ക് സമാനമായ തുക പെനാൽറ്റിയായി സർക്കാരിലേയ്ക്ക് അടയ്ക്കണം.

   c. വിവാഹ പന്തൽ/ആഡിറ്റോറിയം അലങ്കാരങ്ങളും വിവാഹ മണ്ഡപത്തിലെ ചടങ്ങുകളും-50,000 രൂപ വരെ

   d. വിവാഹസദ്യ (ഒരാൾക്ക്) - 150 രൂപ വരെ

   e. വധുവിന്റെ വസ്ത്രങ്ങൾക്ക്-20,000 രൂപ വരെ

   f. വരന്റെ വസ്ത്രങ്ങൾക്ക്-15,000 രൂപ വരെ

g. വധുവിന് സ്വർണ്ണാഭരണങ്ങൾക്ക്-10 പവൻ വരെ

h. വരന് സ്വർണ്ണാഭരണങ്ങൾ (താലിമാല അടക്കം)- 5 പവൻ വരെ

6. വിവാഹച്ചെലവുകൾ സംബന്ധിച്ച് വരന്റെ ഭാഗത്തുനിന്നും വധുവിന്റെ ഭാഗത്തുനിന്നും ഡിക്ലറേഷൻ ഫയൽ ചെയ്യുന്നതിന് നിയമം അനുശാസിക്കണം.

7. വിവാഹത്തിന്റെ ചെലവുകൾ ഉദ്ദേശം നിജപ്പെടുത്തി അതുസംബന്ധിച്ച ഡിക്ലറേഷൻ വിവാഹം നടത്തിക്കൊടുക്കുന്ന മതാചാര്യൻ നൽകണമെന്ന് അനുശാസിക്കണം.

8. വിവാഹങ്ങൾ ലളിതമായി നടത്തുന്നതിന് ബോധവൽക്കരണം നടത്താൻ പഞ്ചായത്ത് തലത്തിൽ സമിതികൾ രൂപീകരിക്കണം.

9. നിയമത്തിൽ അനുശാസിക്കുന്നതിനേക്കാൾ കൂടുതൽ ചെലവാക്കിക്കൊണ്ട് ആർഭാടപൂർണ്ണമായി വിവാഹം നടത്തുന്നവരിൽനിന്ന് മൊത്തം ചെലവിന്റെ 25 ശതമാനം പിഴയായി സർക്കാർ ഈടാക്കുന്നതിന് നിയമത്തിൽ വകുപ്പുകൾ ഉണ്ടാകണം.

10. പൊന്നും പട്ടും ഉണ്ടായാൽ മാത്രമേ വിവാഹം ആകുന്നുള്ളൂതുടങ്ങിയ രീതിയിലുള്ള പരസ്യങ്ങൾ നിരോധിക്കണം.

കേരള വനിതാ കമ്മീഷൻ ശിപാർശ പ്രകാരം ആർഭാടവിവാഹങ്ങളും വിവാഹങ്ങളോടോനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമാണെന്ന് മാത്രമല്ല പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതുകൊണ്ട് പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാംവിധമല്ലാതെയായാൽ അങ്ങനെയുള്ള ഏതുനിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹധൂർത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതിനുമുമ്പ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടത് എന്നതിനാൽ മതമേലദ്ധ്യക്ഷന്മാരുമായും രാഷ്ട്രീയ കക്ഷികളുമായും സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും പത്ര-ദൃശ്യ-

ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇത് സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുവാൻ സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**രോഗികൾക്ക് സൗജന്യ ഭക്ഷണം**

279 (3486) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. സി. പി. മുഹമ്മദ്:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ രോഗികൾക്ക് സൗജന്യഭക്ഷണം നൽകാൻ സാമൂഹ്യ നീതി വകുപ്പ് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി&സി) അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരിപ്പുകാരും പലപ്പോഴും സാമ്പത്തിക പരാധീനതകളാൽ ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും ഇവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകണമെന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ 'വിശപ്പുരഹിതനഗരം' പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ പ്രതിദിനം 6000-ത്തോളം പേർക്ക് ഈ പദ്ധതി വഴിയായി ഉച്ചഭക്ഷണം നൽകിവരുന്നു.

**വയോജനങ്ങളുടെ ക്ഷേമം**

280 (3487) ശ്രീ.മോൻസ് ജോസഫ്

ശ്രീ. സി. എഫ്. തോമസ്

ശ്രീ. റ്റി. യു. കുരുവിള

ശ്രീ.തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന അവലോകനം നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിലുള്ളവരുടെ പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് കാലാനുസൃതമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുമോ?

ഉത്തരം

(എ) വയോജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാനത്ത് 16 ഗവൺമെന്റ് വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എൻ.ജി.ഒ.-കൾ നടത്തുന്ന സ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങളിൽ ഇവർക്ക് താമസം, ഭക്ഷണം, മരുന്ന്, വസ്ത്രം എന്നിവ സൗജന്യമായി നൽകുന്നുണ്ട്. അന്തേവാസികൾക്ക് ഭക്ഷണം, വസ്ത്രം എന്നിവയ്ക്ക് 2000 രൂപ വീതവും മരുന്നിന് 1000 രൂപയും നൽകിവരുന്നു. മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013-ൽ നടപ്പിലാക്കിയിട്ടുണ്ട്. 2013-ൽ ആരംഭിച്ച വയോമിത്രം പദ്ധതി പ്രകാരം മുൻസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ താമസക്കാരായ 65 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് നഗര പ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും വൈദ്യസഹായവും മരുന്നും ആംബുലൻസ് സേവനവും പാലിയേറ്റീവ്, ഹോംകെയർ സേവനങ്ങളും നൽകിവരുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഹെൽപ്പ് ഡെസ്കുകൾ രൂപീകരിച്ചിട്ടുണ്ട്. ഗവൺമെന്റ് വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ ആരോഗ്യ പരിപാലനത്തിനായി ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് വയോഅമൃതം എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺ ആക്ട് 2007 (കേന്ദ്ര നിയമം) അനുസരിച്ച് സംസ്ഥാന ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി മൂന്നുമാസത്തിലൊരിക്കൽ ഗവൺമെന്റ് വൃദ്ധസദന സൂപ്രണ്ടുമാരുടെ റിവ്യൂ മീറ്റിംഗ് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ നടത്തുന്നുണ്ട്.

(സി) നിലവിൽ പരാതികൾ കൈകാര്യം ചെയ്യുന്നതിന് മെയിന്റനൻസ് ട്രിബ്യൂണലുകൾ പ്രവർത്തിക്കുന്നുണ്ട്.

**വികലാംഗർക്ക് നിയമനം**

281 (3488) ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. വർക്കല കഹാർ :

ശ്രീ. ആർ . സെൽവരാജ് :

ശ്രീ.പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികലാംഗർക്ക് നിയമനം നൽകാൻ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) എന്നാൽ 16-8-1999-നും 31-12-2003-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച് 179 ദിവസം പൂർത്തീകരിച്ച അംഗപരിമിതരെ സ്ഥിരപ്പെടുത്തുന്നതിനായി 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുകയും പ്രസ്തുത തസ്തികകളിൽ നിയമനം നൽകി വരികയും ചെയ്യുന്നു. കൂടാതെ 1994-നും 1996-നും മദ്ധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ച അംഗപരിമിതരെയും സ്ഥിര/പുനർ നിയമനത്തിന് പരിഗണിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## മാതാപിതാക്കൾ മരിച്ചുപോയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

282 (3489) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കളിൽ ആരെങ്കിലും ഒരാളോ, രണ്ടുപേരുമോ മരണമടഞ്ഞ കേസുകളിൽ അവരുടെ വിദ്യാർത്ഥികളായ മക്കൾക്ക് സർക്കാർ നൽകുന്ന ആനുകൂല്യം എന്തെല്ലാമാണെന്ന അറിയിക്കുമോ; ഈ ഇനത്തിൽ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പിന്റെ വിവരങ്ങൾ വിശദമാക്കുമോ;

(ബി) മേൽ പറഞ്ഞ കേസുകളിൽ ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും എത്ര കുട്ടികൾ സ്കോളർഷിപ്പിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹരായവരായുണ്ടെന്ന് അറിയിക്കുമോ; ഇവർക്ക് ഏതു വർഷം വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തെന്ന് അറിയിക്കുമോ;

(സി) ഇത്തരത്തിൽ ആനുകൂല്യത്തിന് അർഹരായ കുട്ടികളെ എപ്രകാരമാണ് കണ്ടെത്തുന്നത് എന്ന് വിശദമാക്കുമോ; സ്കൂളുകളുകൾക്ക് ഇതു സംബന്ധിച്ച പ്രത്യേക നിർദ്ദേശങ്ങൾ നൽകാറുണ്ടോ; ഇത്തരം നിർദ്ദേശങ്ങൾ പാലിക്കാതെ കുട്ടികളുടെ ആനുകൂല്യം നഷ്ടപ്പെടുത്തുന്ന സ്കൂളുകൾക്കും പ്രധാനാദ്ധ്യാപകർക്കും എതിരെ നടപടി എടുക്കാറുണ്ടോ;

(ഡി) ഇത്തരം കേസുകളിൽ ചേർത്തല മണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ നിന്നും സ്കോളർഷിപ്പിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹരായ കുട്ടികൾക്കുള്ള തുക മറ്റ് മണ്ഡലങ്ങളിലെ വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത സമയത്തുതന്നെ വിതരണം ചെയ്തിരുന്നുവോ എന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതിൽ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) മാതാപിതാക്കളിൽ ഒരാളോ അല്ലെങ്കിൽ രണ്ട് പേരുമോ മരണമടഞ്ഞ ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ ബിരുദം/പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് കേരള സാമൂഹ്യ സുരക്ഷാ

മിഷൻ മുഖേന സ്നേഹപൂർവ്വം പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നുണ്ട്.

സ്നേഹപൂർവ്വം പദ്ധതി ധനസഹായം ഗവൺമെന്റ്/എയ്ഡഡ് സ്ഥാപന മേധാവി മുഖേന ഓൺലൈനായാണ് 2014-15 അദ്ധ്യയനവർഷം മുതൽ സ്വീകരിക്കുന്നത്. ഓൺലൈനായി അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ പേരുൾപ്പെട്ട കമ്പ്യൂട്ടർ ജനറേറ്റഡ് പ്രിന്റ് വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും മേധാവി ഒപ്പിട്ട സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭിക്കുന്ന മുറയ്ക്ക് അപേക്ഷക്ക് അംഗീകാരം നൽകി വിദ്യാർത്ഥിയുടെയും രക്ഷകർത്താവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ധനസഹായം അനുവദിച്ച് നൽകുന്നു. ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്.

1. 5-ാം ക്ലാസ്സുവരെ-പ്രതിമാസം 300 രൂപ
2. 6 മുതൽ 10-ാം ക്ലാസ്സുവരെ-പ്രതിമാസം 500 രൂപ
3. +1, +2 ക്ലാസ്സ്-പ്രതിമാസം 750 രൂപ
4. ഡിഗ്രി/പ്രൊഫഷണൽ കോഴ്സ്-പ്രതിമാസം 1000 രൂപ

(ബി) 2012 നവംബർ മാസത്തിലാണ് സ്നേഹപൂർവ്വം പദ്ധതി ധനസഹായം ആരംഭിക്കുന്നത്. 2013-14 വർഷത്തിൽ അപേക്ഷകൾ നേരിട്ട് സ്വീകരിച്ച് ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത വർഷത്തിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. ചേർത്തല മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽനിന്നും 1408 വിദ്യാർത്ഥികൾക്ക് 2013-14 അദ്ധ്യയന വർഷത്തിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷം മുതൽ അപേക്ഷ സ്ഥാപന മേധാവി മുഖേന ഓൺലൈനായാണ് സ്വീകരിച്ചുവന്നിരുന്നത്. ചേർത്തല മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും 2014-15 വർഷത്തിൽ ഓൺലൈനായി സമർപ്പിച്ച 680 അപേക്ഷകളിൽ അർഹതയുള്ള 542 വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) സ്നേഹപൂർവ്വം പദ്ധതി ആനുകൂല്യത്തിന് അവർ പഠിക്കുന്ന ഗവൺമെന്റ്/ എയ്ഡഡ് സ്ഥാപന മേധാവികൾ അപേക്ഷ പരിശോധിച്ചാണ് ശിപാർശ ചെയ്യുന്നത്.

സ്നേഹപൂർവ്വം പദ്ധതിയിൽ ഉൾപ്പെടാൻ അർഹരായ വിദ്യാർത്ഥികൾ അവരുടെ അപേക്ഷകൾ ആവശ്യമായ രേഖകൾ സഹിതം വിദ്യാഭ്യാസ സ്ഥാപനമേധാവിക്ക് സമർപ്പിക്കുകയാണ് വേണ്ടത്. ഇപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ ഓൺലൈനായി

സാമൂഹ്യ സുരക്ഷാ മിഷനിലേയ്ക്ക് സമർപ്പിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും വകുപ്പ് മേധാവികൾക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കാത്ത സ്കൂളുകൾക്കും പ്രധാന അദ്ധ്യാപകർക്കുമെതിരെ സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നും നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**അനാഥാലയങ്ങളുടെ പ്രവർത്തനം**

283 (3490) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങൾ ഏതെല്ലാം മാനേജ്മെന്റുകളുടെ കീഴിലാണെന്നും അവ സ്വകാര്യ വ്യക്തികളാണോ ചാരിറ്റബിൾ സ്ഥാപനങ്ങളാണോയെന്നും വിശദമാക്കാമോ ;

(ബി) സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്ക് സുഗമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തുകയോ വീഴ്ച വരുത്തുകയോ ചെയ്ത് സ്വകാര്യ - ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് വൻ തുക ധനസഹായം അനുവദിക്കുന്നതായിട്ടുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും ഏതെല്ലാം ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് തുകയുടെ വിശദാംശം ഉൾപ്പെടെ വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ തുക വിനിയോഗിക്കുന്നതിലും അവയുടെ ദൈനംദിന പ്രവർത്തനങ്ങളിലും സത്യസന്ധത പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## നാടോടികൾക്ക് സുരക്ഷിത താമസസൗകര്യം

284 (3491) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. വർക്കല കഹാർ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടോടികൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

### ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## അംഗൻവാടികളുടെ ശോച്യാവസ്ഥ

285(3492) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ നാലരവർഷത്തിനുള്ളിൽ എത്ര പുതിയ അംഗൻവാടി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി നൽകിയെന്ന് പറയാമോ ;

(സി) പണിപൂർത്തിയാക്കാത്ത കെട്ടിടങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) സുരക്ഷിതമല്ലാത്ത വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ എത്രയെന്ന് പറയാമോ ?

### ഉത്തരം

(എ) ശോച്യാവസ്ഥയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികളിൽ കെട്ടിടം നിർമ്മിക്കുന്നതിന് ചുവടെ ചേർക്കും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്:

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|
| 2011-12 | 5452.49 ലക്ഷം | 15,68,76,619 | ശേഷിക്കുന്ന തുക നിർമ്മാണം പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |
| 2012-13 | 1,22,50,000 | 77,00,000 | |
| 2013-14 | 4687.28 ലക്ഷം | 403.19 ലക്ഷം | |
| 2014-15 | 1305.92 ലക്ഷം | 69.96 ലക്ഷം | |
| 2015-16 | 1495 ലക്ഷം | --- | |

അടിസ്ഥാന സൗകര്യമില്ലാതെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സുരക്ഷിതമായ വാടകകെട്ടിടങ്ങളിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് ബന്ധപ്പെട്ട സി.ഡി.പി.ഒ.-മാർക്കും ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും സാമൂഹ്യനീതി ഡയറക്ടർ നിർദ്ദേശം കൊടുത്തിട്ടുണ്ട്. റൂറൽ ഏരിയായിൽ പ്രതിമാസ വാടക 750 രൂപയായും അർബൺ ഏരിയായിൽ 3000 രൂപയായും ഉയർത്തിയിട്ടുണ്ട്. ടി തുകയിൽ അധികരിക്കുന്ന തുക ആവശ്യമായി വരുന്ന പക്ഷം ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം മുഖേന കണ്ടെത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 283 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 594 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

(ഡി) എല്ലാ വർഷവും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന കെട്ടിടങ്ങളിൽ മാത്രമേ അംഗൻവാടികൾ പ്രവർത്തിക്കുന്നുള്ളൂ.

**അനാഥാലയങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റ്**

286 (3493) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റ് വിതരണത്തിൽ കുടിശ്ശിക വന്നിട്ടുണ്ടോ; പ്രസ്തുത ഗ്രാന്റുകൾ ഏതു വർഷം വരെ വിതരണം ചെയ്തു; 2013-14, 2014-15 വർഷങ്ങളിലെ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് റേഷൻ പെർമിറ്റ് വഴി ലഭിക്കേണ്ട അരി, ഗോതമ്പ് എന്നിവ ഭാഗികമായും, പഞ്ചസാര പൂർണ്ണമായും ലഭിക്കാത്ത സാഹചര്യത്തിൽ ഇവ യഥാസമയം വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നടപ്പുസാമ്പത്തിക വർഷം ഉൾപ്പെടെയുള്ള കുടിശ്ശിക തുക നൽകുന്നതിനായി 48,38,65,000 രൂപയുടെ അലോട്ട്മെന്റ് നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**അംഗപരിമിതർക്ക് വാഹനങ്ങൾ നൽകുന്ന പദ്ധതി**

287 (3494) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്ക് മുച്ചക്ര വാഹനങ്ങൾ /സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ എന്നിവ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമാക്കി നൽകിയെന്നും ഏതൊക്കെ ഏജൻസികൾ മുഖേനയാണ് അവ വിതരണം നടത്തിയതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന അംഗപരിമിതർക്ക് സൗജന്യമായി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്ന പദ്ധതിയും സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്രവാഹനത്തിന് സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) അനുബന്ധമായിചേർത്തിരിക്കുന്നു* .

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ആട്ടോമൊബൈൽസിൽനിന്നും 193 പേർക്കും Mera Mobike മുഖേന 4 പേർക്കും സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടറും ആംപെയർ വെഹിക്കിൾ പ്രൈവറ്റ് ലിമിറ്റഡ് മുഖേന 3 ഇലക്ട്രിക് സ്കൂട്ടറും വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.

**അനാഥാലയങ്ങൾക്ക് ഗ്രാന്റ്**

288 (3495) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥാലയങ്ങൾക്ക് നൽകുന്ന ഗ്രാന്റുകളുടെ തുക ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവർക്ക് ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ സഹായങ്ങളാണ് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത അനാഥാലയങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ സാമൂഹ്യനീതി വകുപ്പ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അനാഥാലയങ്ങളിലെ കുട്ടികൾ/സ്ത്രീകൾ/വൃദ്ധന്മാർ എന്നിവരുടെ എണ്ണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2015 മുതൽ അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ് 800 രൂപയിൽനിന്ന് 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ 53 അനാഥാലയങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്നു. ഇവയിൽ ഗ്രാന്റിന് അനുമതിയുള്ള 38 സ്ഥാപനങ്ങൾക്ക് സാമൂഹ്യനീതി വകുപ്പിൽനിന്ന് ഗ്രാന്റ് നൽകി വരുന്നുണ്ട്. നടപ്പുവർഷം കുടിശ്ശിക ഉൾപ്പെടെയുള്ള ഗ്രാന്റ് നൽകുന്നതിന് 1,74,47,110 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. സ്ഥാപനങ്ങളുടെ അംഗീകാരം നൽകുന്നതും, നാലുവർഷത്തെ പ്രവർത്തനത്തിനുശേഷം അംഗീകാരം പുതുക്കി നൽകുന്നതും പശ്ചാത്തല സൗകര്യം, ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്, സാനിട്ടറി സർട്ടിഫിക്കറ്റ് എന്നിവ ബോർഡ് മെമ്പർ പരിശോധിച്ചതിനുശേഷമാണ്. എല്ലാ വർഷവും വകുപ്പിൽനിന്ന് ഗസറ്റഡ് റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സ്ഥാപനത്തിൽ പരിശോധന നടത്താറുണ്ട്. സാമൂഹ്യനീതി ഓഫീസർ, ലോക്കൽ ഫണ്ട് ആഡിറ്റ്, ആഭ്യന്തരം, ആരോഗ്യം എന്നീ വകുപ്പുകളും തുടർപരിശോധനകൾ നടത്താറുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ <u>അംഗീകാരമുള്ള</u> സ്ഥാപനങ്ങളിൽ <u>പ്രവേശിപ്പിച്ചിരിക്കുന്ന അന്തേവാസികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു:</u>

| ക്രമ നമ്പർ | സ്ഥാപനം | ആൺകുട്ടികൾ | പെൺകുട്ടികൾ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|---|---|
| 1 | ഓർഫനേജ് | 1994 | 341 | - | - |
| 2 | ഓൾഡേജ് | - | - | 216 | 135 |
| 3 | പി.എച്ച്.ഹോം | - | - | 40 | - |
| | ആകെ | 1994 | 341 | 256 | 135 |

**ക്ഷേമപെൻഷനുകളുടെ തപാൽ വകുപ്പ് വഴിയുള്ള വിതരണം**

289 (3496) <u>ശ്രീ. ലൂഡി ലൂയിസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തപാൽവകുപ്പ് വഴി ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തപാൽ വകുപ്പിനോട് ആവശ്യപ്പെടുമോ;

(ബി) ഭാവിയിൽ ക്ഷേമപെൻഷനുകൾ തപാൽ വഴി വിതരണം ചെയ്യുന്നത് കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ച് വരുന്നു.

**അങ്കണവാടികളുടെ പുനർനിർണ്ണയം**

290 (3497) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളുടെ എണ്ണം നിർണ്ണയിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം ;

(ബി) അശാസ്ത്രീയമായ പരിധിനിർണ്ണയംമൂലം അംഗൻവാടി വഴി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾക്ക് ദൂരെയുള്ള കേന്ദ്രങ്ങളെ ആശ്രയിക്കേണ്ടി വരുന്നത് മൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ കൂടി കണക്കിലെടുത്ത് ജനസംഖ്യാടിസ്ഥാനത്തിൽ ശാസ്ത്രീയമായി അംഗൻവാടികളുടെ പരിധി പുനർനിർണയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ജനസംഖ്യാ മാനദണ്ഡപ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് അങ്കണവാടികൾ അനുവദിക്കുന്നത്.

<u>റൂറൽ/അർബൻ പ്രദേശങ്ങൾ:</u>

400-800 ജനസംഖ്യ - 1 അങ്കണവാടി

800-1600 ജനസംഖ്യ - 2 അങ്കണവാടി

1600-2400 ജനസംഖ്യ - 3 അങ്കണവാടി

ശേഷമുള്ള ഓരോ 800 ജനസംഖ്യയ്ക്കും ഒരു അങ്കണവാടി വീതം അനുവദിക്കാം.

<u>മിനി അങ്കണവാടി കേന്ദ്രങ്ങൾ:</u>

150-400 ജനസംഖ്യ- 1 മിനി അങ്കണവാടി

<u>ട്രൈബൽ/റിവൈറൈൻ/ഡെസേർട്ട്/ഹില്ലി ആന്റ് മറ്റ് ഒറ്റപ്പെട്ട പ്രദേശങ്ങൾ:</u>

300-800 ജനസംഖ്യ - 1 അങ്കണവാടി

150-300 ജനസംഖ്യ - 1 മിനി അങ്കണവാടി

(ബി) ഇല്ല.

(സി) ബാധകമല്ല.

**കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ**

291 (3498) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കു നേരെയുള്ള ലൈംഗികാതിക്രമങ്ങൾ, ബാലവേല, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം എന്നിവ വർദ്ധിക്കുന്നത് നമ്മുടെ സാമൂഹിക പരിതസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കുട്ടികളുടെ അവകാശ സംരക്ഷണത്തിൽ കാര്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് ഇത് കൈവരിക്കാൻ കഴിഞ്ഞത്;

(സി) കുട്ടികളുടെ അവകാശ സംരക്ഷണത്തിനും അവർക്കുനേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സഹകരണം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി&സി) ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് 2005 കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ കൊണ്ടുവരികയും പ്രസ്തുത നിയമത്തിലെ 17(1) വകുപ്പുപ്രകാരം സർക്കാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപീകരിക്കുകയും കൂടാതെ ജൂവനൈൽ ജസ്റ്റിസ് ആക്ട്, ജൂവനൈൽ ജസ്റ്റിസ് ചട്ടങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനുള്ള നിർവ്വഹണ സംവിധാനങ്ങളായ ജൂവനൈൽ ജസ്റ്റിസ് ബോർഡുകൾ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ എന്നിവയുടെ പ്രവർത്തനത്തിലൂടെ കുട്ടികളുടെ അവകാശ സംരക്ഷണത്തിന് കാര്യമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുട്ടികൾക്കുനേരെയുള്ള ലൈംഗിക അതിക്രമങ്ങൾ, ബാലവേല, കുട്ടികളെ കടത്തൽ, ശൈശവ വിവാഹം തുടങ്ങിയ പ്രവൃത്തികൾ, കുട്ടികളുടെ അവകാശലംഘനത്തിനും നിഷേധത്തിനും കാരണമാകുന്ന ഘടകങ്ങളെന്ന നിലയിൽ അവയ്ക്കെതിരെ കമ്മീഷൻ പരാതികളുടെ അടിസ്ഥാനത്തിലും സ്വമേധയും നടപടി സ്വീകരിക്കുകയും ആവശ്യമായ ശിപാർശകൾ സർക്കാരിനും മറ്റ് അധികാര സ്ഥാപനങ്ങൾക്കും നൽകി വരുന്നുമുണ്ട്. കൂടാത ഈ വിഷയങ്ങളെ അധികരിച്ച് ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ചർച്ചകൾ എന്നിവ നടത്തുകയും കൈപുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതുവഴി പൊതുസമൂഹത്തിന്റെയും സന്നദ്ധ സംഘടനകളുടെയും സഹകരണം

ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**അങ്കണവാടി വർക്കർമാരുടെ ഓണറേറിയം**

292 (3499) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികളിലെ വർക്കർമാരുടെ ഓണറേറിയം 2016 ജനുവരി മുതൽ 10000 (പതിനായിരം) രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ;

(ബി) ഇതിനായുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ടി ജീവനക്കാരുടെ ഓണറേറിയത്തിലെ തദ്ദേശഭരണ വിഹിതം വർദ്ധിപ്പിക്കണമെന്ന സാമൂഹ്യനീതി ഡയറക്ടറുടെ ശിപാർശ അനന്തരനടപടി സ്വീകരിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിരിക്കുകയാണ്.

(3288, 3333, 3346, 3379, 3392 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[9.30 A. M.]

## II. അടിയന്തരപ്രമേയം

**ആരോഗ്യമേഖലയുടെ തകർച്ച**

മി. ഡെപ്യൂട്ടി സ്പീക്കർ: രോഗവ്യാപനത്തിൽ സങ്കീർണ്ണമായ സാഹചര്യങ്ങൾ നേരിടുമ്പോഴും ഡോക്ടർമാരെയും പാരാമെഡിക്കൽ ജീവനക്കാരെയും നിയമിക്കാതിരിക്കുകയും ജീവൻരക്ഷാ മരുന്നുകളുടെ അഭാവം, മരുന്നുകളുടെ വിലക്കയറ്റം, ആശുപത്രികളുടെ ശോച്യാവസ്ഥ എന്നിവമൂലം പൊതു ആരോഗ്യമേഖലയാകെ തന്നെ തകർച്ചയെ നേരിടുകയും ചികിത്സ ലഭിക്കാതെ നിരവധിപേരുടെ ജീവൻ അപഹരിക്കപ്പെടുകയും ചെയ്തതായി പറയപ്പെടുന്നതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. സുനിൽ കുമാർ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഈ അടിയന്തര പ്രമേയത്തിൽ പ്രതിപാദിച്ചിട്ടുള്ള മിക്കവാറും വിഷയങ്ങൾ 14-12-2015-ലെ ചോദ്യോത്തര വേളയിൽ ഏകദേശം 40 മിനിട്ടോളം എടുത്ത് വിശദമായി ചർച്ച ചെയ്തതാണ്. ചില വിഷയങ്ങൾ പുതിയതായി വന്നിട്ടുണ്ട്. ഇന്നലെത്തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സബ്മിഷനിലൂടെ കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ പ്രശ്നത്തെക്കുറിച്ച് വിശദമായ മറുപടി നൽകിയിട്ടുള്ളതാണ്. അച്ചൻകോവിലിൽ രാധിക എന്ന പതിനൊന്ന് വയസ്സുള്ള ഒരു കുട്ടി മരണപ്പെട്ടു എന്നുള്ള കാര്യത്തെ സംബന്ധിച്ചാണ് ഇതിൽ പ്രധാനമായും സൂചിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ ഒരു മാസത്തോളമായി കുട്ടി പനി ബാധിച്ച് വീട്ടിൽ ചികിത്സയിലായിരുന്നു. പനി കൂടിയപ്പോൾ അച്ചൻകോവിൽ പി.എച്ച്.സി.-യിലേക്ക് കൊണ്ടുപോകുന്ന വഴിയിൽ ആ കുട്ടി മരണപ്പെട്ടു എന്നുള്ളതാണ് അവിടെനിന്നും ലഭിച്ചിട്ടുള്ള വിവരം. ആശുപത്രിയിലെത്തി ചികിത്സ നിഷേധിച്ചുവെന്നുള്ളത് ശരിയല്ല. ആശുപത്രിയിലെത്തുന്നതിനു മുമ്പ് തന്നെ കുട്ടി മരണപ്പെട്ടു. വനത്തിന്റെ ഉൾഭാഗത്ത് കുടിൽകെട്ടി താമസിക്കുന്ന പാവപ്പെട്ട ആദിവാസി മേഖലയിലെ കുട്ടിയാണ്. ആ കുട്ടിയെ ആശുപത്രിയിൽ എത്തിക്കുന്നതിന് കാലതാമസം വന്നു. വളരെ സീരിയസ്സായപ്പോൾ ആശുപത്രിയിൽ എത്തിക്കാൻ ശ്രമിച്ചുവെങ്കിലും അതിന് കഴിഞ്ഞില്ല. വാഹനത്തിൽ ആശുപത്രിയിലേക്ക് പോകുംവഴി മരണപ്പെടുക യാണുണ്ടായത്. എന്തായാലും, ഇതുസംബന്ധിച്ച് വിശദമായി അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ഡി.എം.ഒ.-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാനന്തവാടി ആശുപത്രിയിൽ രണ്ടു മാസത്തിനുമുമ്പ് നടന്ന ഒരു സംഭവമാണ് ഇതോടൊപ്പം പറഞ്ഞിട്ടുള്ള മറ്റൊരു കാര്യം. ഗർഭിണിയായ ആദിവാസി യുവതി പ്രസവത്തിനുവേണ്ടി ആശുപത്രിയിൽ പോയപ്പോൾ അവിടെ ഡോക്ടർ ഉണ്ടായിരുന്നുവെങ്കിലും, കോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ഗൈനക്കോളജിസ്റ്റ് ഇല്ലാതിരുന്നതിനാൽ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോകുന്നതിനിടെ ആ യുവതിയുടെ കുട്ടികൾ മരണപ്പെട്ടു എന്നതായിരുന്നു പരാതി. അതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയപ്പോൾ ലഭ്യമായ വിവരം, അവിടെ ഡ്യൂട്ടിയിലുണ്ടായിരുന്ന മെഡിക്കൽ ഓഫീസർ, കോൾ ഡ്യൂട്ടിയിലുണ്ടായിരുന്ന ഗൈനക്കോളജി ഡോക്ടർ വരാത്തതിനാൽ, ആ യുവതിയുടെ ഗർഭത്തിൽ മൂന്നുകുട്ടികൾ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കി ഹൈ-റിസ്ക് കേസ്സായതുകൊണ്ട് മെഡിക്കൽ കോളേജിലേയ്ക്ക് അയച്ചുവെന്നാണ്. മെഡിക്കൽ കോളേജിലേയ്ക്കയച്ച സമയത്ത് വഴിയിൽവച്ച് പ്രസവം നടന്നു. എന്തായാലും കോൾ ഡ്യൂട്ടിയിലുള്ള ഡോക്ടർ വന്നില്ലായെന്നുള്ള സാഹചര്യം കണക്കിലെടുത്ത് അവരെ സസ്പെൻഡ്

ചെയ്തിട്ടുണ്ട്. ആതുപോലെതന്നെ ഡ്യൂട്ടി മെഡിക്കൽ ഓഫീസർക്കും സ്റ്റാഫ് നഴ്സിനുമെതിരെ നടപടിക്കും ശിപാർശ ചെയ്തിട്ടുണ്ട്. ആ കാര്യത്തിൽ കർശനമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

അതോടൊപ്പം തന്നെ ഇന്ന് പ്രധാനമായും ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയമെന്ന് പറയുന്നത് ആവശ്യമായിട്ടുള്ള ഡോക്ടർമാരും സ്റ്റാഫും ഇല്ലായെന്നുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ളത് 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ്. അതനുസരിച്ച് സ്റ്റാഫിനെയും ഡോക്ടർമാരെയും നിയമിക്കുന്നതിനുവേണ്ടി ഗവൺമെന്റ് ഘട്ടംഘട്ടമായി നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് സ്റ്റാഫിനെ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഇതുവരെ നിയമിച്ചിട്ടുണ്ട്. പക്ഷേ, എല്ലാ തലങ്ങളിലും നമുക്കാവശ്യമായ സ്റ്റാഫുണ്ട് എന്ന് ഞാൻ പറയുന്നില്ല. കാരണം, 1961-ലെ സ്റ്റാഫ് പാറ്റേൺ എന്നുപറയുമ്പോൾ അന്ന് ഏകദേശം 100 രോഗികളാണ് ഒരു ആശുപത്രിയിൽ വരുന്നതെങ്കിൽ ഇന്നത് 500-ഉം 600-ഉം ഒക്കെയാകുമ്പോൾ അതിനാവശ്യമായ ഡോക്ടർമാർ ലഭ്യമാകുന്നില്ലായെന്ന പരാതി എല്ലാ എം.എൽ.എ.-മാർക്കും എല്ലാ പ്രദേശത്തുമുണ്ട്. പക്ഷെ, ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 500 ഡോക്ടർമാരുടെ ലിസ്റ്റ് കൊടുത്താൽ ഏകദേശം 150 പേർമാത്രമാണ് ജോയിൻ ചെയ്യുന്നത്. അതിന്റെ പ്രൊസീഡിംഗ്സ് മുഴുവൻ കാണിച്ച് വീണ്ടും പി.എസ്.സി.-ക്ക് എഴുതേണ്ട സാഹചര്യം വരുന്നുണ്ട്. അങ്ങനെയുള്ള ബുദ്ധിമുട്ടാണുള്ളതെങ്കിലും ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നു. സമയബന്ധിതമായിതന്നെ ആ ഇഷ്യൂസ് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്.

മരുന്നുകളുടെ കാര്യം, ഇന്ന് കേരളത്തിലെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഏറ്റവും ഫലപ്രദമായ രീതിയിൽ മരുന്നുകൾ വിതരണം ചെയ്യുന്നുണ്ട്. ഇക്കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്, എല്ലാ ആശുപത്രികളിലും ഗോഡൗണുകളിലും ആവശ്യത്തിനുള്ള മരുന്നുണ്ട്. ആ ഒരു പശ്ചാത്തലത്തിൽ ഇവിടെ അടിയന്തര പ്രമേയത്തിലവതരിപ്പിച്ചിട്ടുള്ള കാര്യങ്ങളിലെല്ലാംതന്നെ ഗവൺമെന്റ് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഈ അടിയന്തര പ്രമേയത്തിന് നോട്ടീസ് കൊടുക്കുമ്പോൾത്തന്നെ അദ്ദേഹം മറുപടി പറയാൻ പോകുന്നത് എന്തായിരിക്കുമെന്ന് നേരത്തെ അറിയാമായിരുന്നു. ഇവിടെ എല്ലാ കാര്യങ്ങളും നന്നായി നടന്നുകൊണ്ടിരിക്കുകയാണ്, ആരോഗ്യരംഗം തഴച്ച് വളർന്നുകൊണ്ടിരിക്കുകയാണ്, ഇവിടെ ഒരു പ്രശ്നവുമില്ല എന്ന് അദ്ദേഹം സ്ഥിരമായി പറയാറുള്ള പല്ലവി ആവർത്തിക്കുമെന്ന് ഞങ്ങൾക്ക് നന്നായിട്ടറിയാമായിരുന്നു. പക്ഷേ, ഈ അടിയന്തര പ്രമേയം ഇവിടെയിരിക്കുന്ന പ്രതിപക്ഷ എം.എൽ.എ.-മാർക്ക് വേണ്ടി മാത്രമുള്ളതല്ല, ഭരണപക്ഷ ത്തിരിക്കുന്നവർക്ക് കൂടിയുള്ളതാണ്. ഒരുകാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സമ്മതിച്ചു, ഡോക്ടർമാരില്ലായെന്നുള്ള പരാതി എല്ലാ എം.എൽ.എ.-മാർക്കും ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു. 1961-ലെ സ്റ്റാഫ് പാറ്റേൺ ആണുള്ളത് എന്നുപറയുന്നത് ശരിയാണ്. പക്ഷേ, 1961-ലെ സ്റ്റാഫ് പാറ്റേൺ ആയിട്ടുപോലും അന്നത്തെ തസ്തിക അനുസരിച്ചുള്ള ഡോക്ടർമാരെ നിയമിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടോ? ആയിരത്തോളം ഡോക്ടർമാരുടെ തസ്തികകളാണ് ഇന്ന് കേരളത്തിലെ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളിൽ ഒഴിവായി കിടക്കുന്നത്. ഇവരെ നിയമിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. മിക്കവാറും ആശുപത്രികളിൽ രാവിലെ കഴിഞ്ഞാൽ ഉച്ചയ്ക്കുശേഷം ഡോക്ടർമാരില്ല. താലൂക്ക് ആശുപത്രികളിൽ സ്പെഷ്യലൈസ്ഡ് ഡോക്ടർമാർ ആരുംതന്നെയില്ല. പലയിടത്തും പേരിന് ഒന്നോ രണ്ടോ ആളുകൾ മാത്രമാണുള്ളത്. ഇന്നലെ ബഹുമാനപ്പെട്ട സി. കൃഷ്ണന്റെ ചോദ്യത്തിന് മറുപടിയായി കണ്ണൂർ ജില്ലയിൽ മാത്രം 79 ഡോക്ടർമാരുടെ ഒഴിവുണ്ടെന്ന് ഗവൺമെന്റ് മറുപടി കൊടുത്തിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിൽ 30-ലധികം ഡോക്ടർമാരുടെ ഒഴിവുണ്ട്. അങ്ങനെ ഓരോ ജില്ലയുമെടുത്ത് പരിശോധിച്ചാൽ ആയിരത്തോളം ഡോക്ടർമാരുടെ ഒഴിവുകൾ നിലനിൽക്കവെയാണ് എല്ലാ സ്ഥലത്തും ഒരു കുഴപ്പവുമില്ലായെന്ന് മന്ത്രി പറയുന്നത്.

ഇവിടെ മന്ത്രി വളരെ ലാഘവത്തോടുകൂടി പറഞ്ഞ കാര്യം ഇന്നലെ അച്ചൻകോവിൽ ആദിവാസി സെറ്റിൽമെന്റ് കോളനിയിലുണ്ടായ സംഭവമാണ്. നമ്മുടെ സംസ്ഥാനത്ത് ഇതൊരു ഒറ്റപ്പെട്ട സംഭവമാണെങ്കിൽ ഇതിനെ ഒറ്റപ്പെട്ട ഒരു സംഭവം എന്നുപറഞ്ഞ് തള്ളിക്കളയാമായിരുന്നു പക്ഷേ, ഇത് ഒറ്റപ്പെട്ട സംഭവമാണോ? നമ്മുടെ സമൂഹത്തിൽ ഏറ്റവുമധികം പാർശ്വവൽക്കരിക്ക

പ്പെടുന്നവരും, ദാരിദ്ര്യമനുഭവിക്കുന്നവരും, കഷ്ടപ്പാടനുഭവിക്കുന്നവരും, കെടുതി അനുഭവിക്കുന്നവരുമായിട്ടുള്ള ആളുകളാണ് ആദിവാസികൾ. ഈ ആദിവാസികൾക്കുവേണ്ടി ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. 'സഡക് യോജന' പദ്ധതിക്കുവേണ്ടി അനുവദിച്ച തുകയായ 239 കോടി രൂപ ആദിവാസി മേഖലയ്ക്ക് നൽകാതെ വകമാറ്റി ചെലവഴിച്ച് അവരെ കഷ്ടപ്പെടുത്തി. കേന്ദ്ര ഗവൺമെന്റ് ആദിവാസി മേഖലയ്ക്കുൾപ്പെടെ ആരോഗ്യ വകുപ്പിന് കൊടുത്തിരിക്കുന്ന തുക ചെലവഴിച്ചിട്ടില്ല. ഇതിന്റെ ഫലമായി സംഭവിക്കുന്നതെന്താണ്? നമ്മുടെ സംസ്ഥാനത്ത് ആദിവാസി മേഖലയിലെ ജനങ്ങൾ, ആശുപത്രികളിൽ രോഗിയായി വരുന്ന ആളുകൾ ചികിത്സ കിട്ടാതെ മരിക്കുകയാണ്. ഭക്ഷണം ലഭിക്കാതെയും ആളുകൾ മരിക്കുന്നുണ്ട്. നേരത്തെ സാമൂഹ്യനീതി വകുപ്പുമന്ത്രി പറഞ്ഞതുപോലെയല്ല കാര്യങ്ങൾ. പേരാവൂരിലുണ്ടായ സംഭവം നമ്മളെ ഞെട്ടിപ്പിക്കുന്നതാണ്. ഇക്കാര്യം നേരത്തെ നമ്മൾ ചർച്ച ചെയ്തതാണ്. ഹോട്ടലുകളിലെ വേസ്റ്റ് ഭക്ഷണം കൊണ്ടിടുന്ന മാലിന്യ കൂമ്പാരത്തിൽനിന്നും കുട്ടികൾ ഭക്ഷണമെടുത്തുകൊണ്ടു പോകുകയാണ്. സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്കുശേഷം ബാക്കി വരുന്ന ചോറ് ബക്കറ്റിലാക്കി വീട്ടിലേക്ക് കൊണ്ടുപോയി ശനി, ഞായർ ദിവസങ്ങളിലേയ്ക്ക് വെള്ളത്തിലിട്ട് പഴംചോറാക്കി കഴിക്കുകയാണ് കുട്ടികൾ. നമ്മുടെ സംസ്ഥാനത്ത് ഇതെല്ലാം നടക്കുകയാണ്. എന്നിട്ടിവർ പറയുന്നത് ഇത് ഒറ്റപ്പെട്ട സംഭവമാണെന്നാണ്. ആദിവാസി വകുപ്പുമന്ത്രി എവിടെ പോയി; ഇവിടെ എന്താണ് സ്ഥിതി? അച്ചൻകോവിലിലെ 10 വയസ്സുള്ള ആദിവാസി പെൺകുട്ടിയാണ് മരണപ്പെട്ടത്. ഇത് വളരെ ഗൗരവമായ ഒരു വിഷയമാണ്. അച്ചൻകോവിലിലെ ആദിവാസി സെറ്റിൽമെന്റ് കോളനിയിലെ പത്തുവയസ്സായ രാധിക എന്ന കുട്ടിക്ക് പനി ബാധിച്ച് ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ ആശുപത്രിയിൽ ഡോക്ടർമാരില്ലാത്തതിന്റെ പേരിൽ ആ കുട്ടിക്ക് തിരിച്ചുപോകേണ്ടിവന്നു. അതിനാൽ ചികിത്സ കിട്ടാതെ ആ കുട്ടി മരിച്ചുപോയി. ഇന്നലെ ആ കുട്ടിയുടെ മൃതദേഹവുമായി ആദിവാസി ഊരിലെ ആളുകൾ മുതലത്തോട് റോഡ് ഉപരോധിച്ചു. ആദിവാസികൾക്ക് ചികിത്സ കിട്ടുന്നില്ലായെന്ന ശക്തമായ പ്രതിഷേധം അവർ ഇന്നലെ മുതലത്തോട് റോഡ് ഉപരോധിച്ചുകൊണ്ട് പ്രകടമാക്കിയിരിക്കുകയാണ്. ഇതൊരു ഒറ്റപ്പെട്ട സംഭവമാണോ? ഒരു ആദിവാസി കുട്ടിയുടെ മരണത്തോടുകൂടി ശ്രീ. വി. എസ്. ശിവകുമാർ എന്ന മന്ത്രിയുടെ കിരീടത്തിലേയ്ക്ക് ഒരു തൂവൽകൂടി ചാർത്തിയിരിക്കുകയാണ്. നേരത്തെ വയനാടിനെക്കുറിച്ച് അദ്ദേഹം ഒരു കാര്യം പറഞ്ഞു. വയനാട് ഇടത്തറ കോളനിയിൽ കൃഷ്ണൻ എന്ന ആദിവാസിയുടെ ഭാര്യ അനിതയ്ക്ക് ഏഴ് വർഷമായി കുട്ടികളുണ്ടാകാതിരുന്നിട്ട് ഏഴാമത്തെ വർഷമാണ്

ഗർഭിണിയായത്. സ്കാനിങ്ങിൽ മൂന്നുകുട്ടികളാണെന്ന് കണ്ടെത്തി. അവരെ ഈ പറയുന്ന ആശുപത്രിയിൽ കൊണ്ടുപോയി. അവിടെ ചികിത്സ നടന്നുകൊണ്ടിരിക്കുകയാണ്. ആ സ്ത്രീയെ പ്രസവവേദനയുമായി ബന്ധപ്പെട്ട് കൊണ്ടുചെന്നപ്പോൾ അവിടെയുള്ള ഡോക്ടർമാർ പരിശോധിക്കാൻ തയ്യാറായില്ല. ആ ആദിവാസി സ്ത്രീയെ വണ്ടിയിൽകയറ്റി അടുത്ത ആശുപത്രിയിൽ കൊണ്ടുപോയി. അവിടെവച്ച് ഒരു കുട്ടിയെ പ്രസവിച്ചു, ആ കുട്ടി മരിച്ചു. വീണ്ടും അടുത്ത ആശുപത്രിയിലേക്ക് പോയി. വഴിയിൽവച്ച് ഒരു കുട്ടിയെക്കൂടി പ്രസവിച്ചു, ആ കുട്ടിയും മരിച്ചു. കോഴിക്കോട് എത്തിയപ്പോഴേയ്ക്കും ആ മൂന്നു കുട്ടികളും മരണപ്പെട്ടുപോയി. ആരാണ് ഇതിന് ഉത്തരം പറയേണ്ടത്? മറ്റൊരു വാർത്ത, മതിയായ ചികിത്സ കിട്ടാതെ അട്ടപ്പാടി തച്ചമ്പള്ളി ഊരിലെ ഒരു ആദിവാസി സ്ത്രീ മരിച്ചു. മുരുകന്റെ ഭാര്യ 66 വയസ്സുള്ള കാളിക്ക് വെള്ളിയാഴ്ച രാത്രി 9.30 മണിക്ക് നെഞ്ചുവേദന അനുഭവപ്പെട്ടതിനെത്തുടർന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ വിവരമറിയിച്ചു. എന്നാൽ ഇവിടെ ഡോക്ടർമാരും ആംബുലൻസും ഉണ്ടായിരുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ആദിവാസികളെ കൂട്ടക്കൊല ചെയ്യുകയാണ്. ആദിവാസി മന്ത്രി എവിടെ? 89 കുട്ടികളാണ് പോഷകാഹാരമില്ലാതെ അട്ടപ്പാടിയിൽ മരണപ്പെട്ടത്.

ശ്രീ. എ. കെ. ബാലൻ : സർ, ആദിവാസികളുടെ പ്രശ്നങ്ങൾ പറയുമ്പോൾ ആ വകുപ്പ് കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രി സഭയിൽ ഉണ്ടാകേണ്ടതല്ലേ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത്രയും പ്രധാനപ്പെട്ട പ്രശ്നമാണെങ്കിൽ ആദിവാസി വകുപ്പുമന്ത്രിക്കുകൂടി നോട്ടീസ് കൊടുക്കണമായിരുന്നു. .....(ബഹളം)........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞങ്ങൾ എഴുതിക്കൊടുത്തിരിക്കുന്ന പ്രമേയത്തിൽ ആദിവാസി മേഖലയുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞിരിക്കുകയാണ്. എന്നിട്ട് ആദിവാസി വകുപ്പുമന്ത്രി എവിടെപ്പോയി? ഇവിടെയൊരു മന്ത്രി ചോദിക്കുകയാണ് നോട്ടീസ് ഉണ്ടോയെന്ന്. ആ മന്ത്രിക്ക് നിയമസഭയിൽ വരാൻ നോട്ടീസുണ്ടോ? എട്ടര മണിക്ക് അസംബ്ലി ആരംഭിക്കില്ലേ; എന്നിട്ട് മന്ത്രി എവിടെ? ആദിവാസികളുടെ വിഷയവുമായി ബന്ധപ്പെട്ട കാര്യം വ്യക്തമായി പറഞ്ഞിരിക്കുകയാണ്. നിയമസഭയിൽ എട്ടര മണിക്ക് ഹാജരാകണമെന്നറിയാത്ത ഏത് മന്ത്രിയാണുള്ളത്? ....(ബഹളം).. കോഴിക്കോട് ജില്ലയിൽ ആദിവാസികളെ ചികിത്സിച്ചതിന്റെ പേരിൽ ഒന്നേമുക്കാൽ കോടി രൂപ ഈ ഗവൺമെന്റ് ഇപ്പോഴും കൊടുത്തിട്ടില്ല. ആദിവാസി ഊരുകളിൽ പോഷകാഹാരങ്ങളില്ല, ആവശ്യമായ മരുന്നില്ല. 1300 ഊരുകളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾപോലും പ്രവർത്തിക്കുന്നില്ല. അവർക്ക് യാതൊരു

ഗത്യന്തരവുമില്ല. മഴയായാലും മഞ്ഞായാലും വെയിലായാലും എന്ത് സംഭവിച്ചാലും ഒരു സുരക്ഷയുമില്ല. അവർക്കുവേണ്ടി ആയിരക്കണക്കിന് കോടി രൂപ ചെലവാക്കുന്നുവെന്ന് ഈ ഗവൺമെന്റ് പറയുന്നു. അവർക്ക് കേന്ദ്രഗവൺമെന്റ് നൽകുന്ന ഫണ്ടുപോലും വകമാറ്റി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ആദിവാസികളോട് ചെയ്യുന്ന കൊടുംക്രൂരതയാണ്. അതിന്റെ അവസാനത്തെ ഉദാഹരണമാണ് രാധിക എന്നുപറയുന്ന പത്തുവയസ്സുകാരി പെൺകുട്ടി ഇന്നലെ ചികിത്സകിട്ടാതെ മരിച്ചത്. തിരുവനന്തപുരം മെഡിക്കൽ കോളേജിനെപ്പറ്റിയും ഹോസ്പിറ്റൽ മെഡിസിറ്റിയെപ്പറ്റിയുമൊക്കെ വീമ്പുപറയുമ്പോൾ ഒരു കാര്യം മനസ്സിലാക്കണം. സമൂഹത്തിൽ ഏറ്റവും അടിത്തട്ടിൽക്കിടക്കുന്ന ഒരു ആദിവാസി പെൺകുട്ടി മരിച്ചാൽ അതിന്റെ ഉത്തരവാദിത്വവും നാണക്കേടും ശ്രീ. വി. എസ്. ശിവകുമാറിനും ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിനുമാണെന്ന കാര്യം ആരും വിസ്മരിക്കരുത്. പട്ടിണി കിടന്ന് ആദിവാസി കുട്ടികൾ മാലിന്യ കൂമ്പാരത്തിൽവന്ന് ഭക്ഷണം തിരയുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം നിങ്ങൾക്കുകൂടിയാണ്. നിങ്ങൾ അല്പമെങ്കിലും വേദനിക്കണം. ഈ സംഭവം നടന്ന സ്ഥലത്ത് നിങ്ങൾ പോയോ? ഇന്നലെ ബഹുമാനപ്പെട്ട സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ചോദിച്ചു, നിങ്ങൾ പോയോ എന്ന്. ഞങ്ങൾ അവിടെയെല്ലാം പോയതാണ്. നൂറുകണക്കിന് ആദിവാസി കുട്ടികൾ മരിച്ചപ്പോൾ ഞങ്ങൾ ഒരു പദ്ധതി ഉണ്ടാക്കി. ആ പദ്ധതികളൊക്കെ എവിടെ, എല്ലാം പോയില്ലേ? മന്ത്രിയിവിടെ പറഞ്ഞു എല്ലാം വളരെ ക്ലിയറാണെന്ന്. ആരോഗ്യ രംഗത്തെപ്പറ്റി പറയുകയാണെങ്കിൽ ലോകം മുഴുവൻ കൊട്ടിഘോഷിക്കപ്പെട്ട ആരോഗ്യ മേഖലയാണ് നമ്മുടേത്.

കേരളത്തിലെ പൊതുജനാരോഗ്യം ലോകത്തിനുതന്നെ മാതൃകയാണ്. ഇന്ന് ആ ആരോഗ്യ മേഖല തകർച്ചയുടെ വക്കിലാണ്. മെഡിക്കൽ കോളേജ് മുതൽ പി.എച്ച്.സി. വരെയുള്ള സർക്കാർ ആരോഗ്യ മേഖലകൾ തകർന്നു കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് പാവപ്പെട്ട രോഗികളെ കുത്തക മരുന്നു കമ്പനികൾക്കും സ്വകാര്യ ഇൻഷ്വറൻസ് ഏജൻസികൾക്കും സ്വകാര്യ ആശുപത്രികൾക്കും ചോരയൂറ്റി കുടിക്കാൻ വേണ്ടി എറിഞ്ഞുകൊടുത്തു കൊണ്ടിരിക്കുകയാണ്. ഇവിടെ കൂണുപോലെ സ്വകാര്യ ആശുപത്രികൾ മുളച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യ ആശുപത്രികളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ട് ഒരു ബിൽ ഉണ്ട്. സ്വകാര്യ ആശുപത്രി ലോബിക്കുവേണ്ടി ആ ബിൽ കൊണ്ടുവരുന്നില്ല. ഇവിടെ നമ്മൾ പലതും കൊട്ടിഘോഷിക്കുന്നു. നാൽപതു ലക്ഷം രൂപയ്ക്ക് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയ ആളുടെ സ്ഥലത്തേക്ക്

മുഖ്യമന്ത്രി പോയത്, നല്ല കാര്യമാണ്. കോട്ടയം മെഡിക്കൽ കോളേജിലെ ഡോക്ടർ ഒരു ലക്ഷം രൂപയ്ക്ക് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിക്കൊടുത്തു. എന്നാൽ നമ്മുടെ സർക്കാർ ആശുപത്രികളിൽ അതിനാവശ്യമായ സൗകര്യം ഒരുക്കുന്നില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുവേണ്ടി ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഇവിടെ പ്രഖ്യാപിച്ചു. പുറത്ത് 50-ഉം 60-ഉം ലക്ഷം രൂപ ചെലവഴിക്കുന്നത് ഇവിടെ രണ്ടോ മൂന്നോ ലക്ഷം രൂപയ്ക്ക് നടക്കും. എന്നാൽ അതിവിടെ നടക്കുന്നില്ല. പാവപ്പെട്ട രോഗികൾക്ക് ഇവിടെ യാതൊരു രക്ഷയുമില്ല. കേരളത്തിലെ ചികിത്സാ പ്രതിരോധ രംഗം വളരെ വിഖ്യാതമാണ്. ആ രംഗം തകർന്നിരിക്കുകയാണ്. പ്രാഥമികാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ടുകൊണ്ട് ഫീൽഡ് വർക്ക് നടക്കുന്നില്ല. സംസ്ഥാനത്ത് ആയിരക്കണക്കിന് ഡോക്ടർമാരുടെ ഒഴിവുണ്ടെന്ന് പറയുന്ന സ്ഥലത്തേയ്ക്ക് ആരെയും നിയമിക്കുവാൻ കഴിയുന്നില്ല. ഡോക്ടർമാരാരും അവിടേയ്ക്ക് പോകുവാൻ ഉദ്ദേശിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പല മാരകമായ രോഗങ്ങളെയും തുടച്ചു നീക്കിയതാണ്. ആരോഗ്യ പ്രതിരോധ മേഖല ഇന്ന് തകർന്നുപോയിയെന്നു ഞങ്ങളിവിടെ പറയാൻ കാരണം, ഡിഫ്ത്തീരിയ, അഞ്ചാം പനി, ടെറ്റനസ് എന്നീ രോഗങ്ങൾ രോഗപ്രതിരോധ പ്രവർത്തനത്തിലൂടെ പതിറ്റാണ്ടുകൾ നീണ്ടുനിന്ന ശക്തമായ ഇടപെടലിലൂടെ തുടച്ചുമാറ്റപ്പെട്ട രോഗങ്ങളാണ്. എന്നാൽ ഇപ്പോൾ ഈ രോഗങ്ങൾമൂലം കേരളത്തിൽ ഇതിനകം 21 രോഗികൾ മരിച്ചുകഴിഞ്ഞിരിക്കുകയാണ്. ഡിഫ്ത്തീരിയ പോലുള്ള രോഗങ്ങൾ എങ്ങനെ തിരിച്ചുവരുന്നു? ഇവിടെ നാം തുടച്ചുമാറ്റപ്പെട്ട പല പകർച്ചവ്യാധികളും തിരിച്ചുവരികയാണ്. നമ്മുടെ രോഗ പ്രതിരോധ ചികിത്സാരംഗം പരിപൂർണ്ണമായും തകർന്നുകഴിഞ്ഞിരിക്കുകയാണ്. ആദിവാസി മേഖലയായ അട്ടപ്പാടി കേരളത്തിലെ ഏറ്റവും അധികം ശിശുമരണ നിരക്കുള്ള സ്ഥലമാണ്. വയനാട് ജില്ലയിലെ പ്രദേശങ്ങൾ ഉൾപ്പെടുന്നതുകൊണ്ട് ജനിച്ചയുടൻ മരിക്കുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചു വരുന്ന ഒരു സംസ്ഥാനമായി കേരളം മാറിക്കൊണ്ടിരിക്കുകയാണ്. ഡെങ്കിപ്പനി ബാധിച്ച് ഇന്ത്യയിൽ ഏറ്റവുമധികം ആളുകൾ മരിക്കുന്നൊരു സംസ്ഥാനം കേരളമായി മാറിയിരിക്കുകയാണ്. Non-Epidemic diseases-മായി ബന്ധപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റ് കേരളത്തിലെ 14 ജില്ലകളെയും ഉൾപ്പെടുത്തി ഒരുവർഷത്തേയ്ക്ക് 9 കോടി 66 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റിന് കൊടുത്തു. 5 ജില്ലയിൽ മാത്രം ആ പദ്ധതി നടപ്പാക്കി. പത്തനംതിട്ട, കോഴിക്കോട്, തൃശ്ശൂർ, ആലപ്പുഴ ഉൾപ്പെടെയുള്ള അഞ്ച് ജില്ലകൾ

ഒഴികെ മറ്റ് 9 ജില്ലകളിലും ആ പദ്ധതി നടപ്പാക്കിയിട്ടില്ല. ഇന്ന് ഡിസംബർ മാസം 16-ാം തീയതിയാണ്. ഈ വർഷം അവസാനിക്കാൻ പോവുകയാണ്. ആ പദ്ധതി ഗവൺമെന്റ് തകിടം മറിച്ചിരിക്കുന്നു. ആ പദ്ധതി നടപ്പാക്കപ്പെടുന്നില്ല. രോഗം വരുന്നത് ഒരു കുറ്റമാണോ? ഒരു കുടുംബത്തിലെ ഒരു വ്യക്തിക്ക് രോഗം വരുന്നത് ഒരു കുറ്റമല്ല. ആർക്ക് രോഗം വന്നാലും ആ രോഗിക്ക് ആവശ്യമായ ചികിത്സ പരിപൂർണ്ണമായോ പരമാവധിയോ സൗജന്യമാക്കിക്കൊടുക്കാൻ ഒരു ഗവൺമെന്റിന് ഉത്തരവാദിത്തമുണ്ട്, സമൂഹത്തിന് ഉത്തരവാദിത്തമുണ്ട്. എന്നാൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്താണ്? മരുന്ന് കിട്ടാനുണ്ടോ? മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എല്ലാം ശരിയാണെന്നു പറയുന്നു. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് 348 മരുന്നുകളുടെ വില നിയന്ത്രണം ഏർപ്പെടുത്തിയെന്നാണ്. ഗവൺമെന്റ് എന്തിനുവേണ്ടിയാണ് ഇത് ന്യായീകരിക്കുന്നത്. മരുന്നുകളുടെ വില നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ആളുകളെ തെറ്റിദ്ധരിപ്പിക്കുകയാണ്. 688 മരുന്നുകൾ വില നിയന്ത്രണപ്പട്ടികയിലുൾപ്പെടുത്തിയെന്നാണ് പറയുന്നത്. യഥാർത്ഥത്തിൽ മരുന്നുകളുടെ ഫോർമുലേഷൻസിനെയാണ് വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മരുന്നുകളുടെ രാസനാമം വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുത്തുന്നില്ല. പാരസെറ്റമോൾ എന്ന രാസനാമത്തിൽ അറിയപ്പെടുന്ന മോളിക്യൂളിൽ 89 ഫോർമുലേഷൻസുണ്ട്. അതിൽ ഒറ്റ ഫോർമുലേഷൻ മാത്രമാണ് വില നിയന്ത്രണപ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, 'പാരസെറ്റമോൾ 150 Mg'. ബാക്കി ഫോർമുലേഷൻസൊന്നും വില നിയന്ത്രണപ്പട്ടികയിലില്ല. അങ്ങനെ മരുന്നു കമ്പനികൾ അവരുടെ താത്പര്യമനുസരിച്ച് വില നിയന്ത്രണപ്പട്ടികയിൽ നിന്നും പുറത്തുകടക്കുന്നതിനാവശ്യമായ ഫോർമുലേഷൻ സുണ്ടാക്കി ജനങ്ങളെയും രോഗികളെയും കബളിപ്പിച്ചു കൊണ്ടിരിക്കുന്നതിനെ തടയാനാവശ്യമായ ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എല്ലാ വർഷവും 450 കോടി രൂപയുടെ മരുന്ന് വാങ്ങേണ്ടതാണ്. ഇത്തവണയും ഇൻഡന്റ് കൊടുത്തു. 200 കോടി രൂപയൊഴിച്ച് ബാക്കി തുക ഇപ്പോഴും ഗവൺമെന്റ് കൊടുത്തിട്ടില്ല. 300 കോടി രൂപ കടമാണ്. ബഡ്ജറ്റിൽ 350 കോടി രൂപ മാറ്റിവച്ചു. ബാക്കി തുക ഈ ഗവൺമെന്റ് കൊടുക്കുന്നുണ്ടോ? പ്രതിസന്ധിയിലായിരിക്കുകയാണ്. ഓപ്പറേഷൻ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ടുകൊണ്ട്, ഹാർട്ട്അറ്റാക്ക് വരുമ്പോൾ ഓപ്പറേഷനിലൂടെ stent ഇടുന്നതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന്റെ ഏജൻസികൾ മെഡിക്കൽ

കോളേജുകളിലും ഗവൺമെന്റ് ആശുപത്രികൾ ഉൾപ്പെടെ ഓപ്പറേഷൻ തീയേറ്ററുകളിലും വട്ടമിട്ട പറക്കുകയാണ്. അഞ്ചും പത്തുമിരട്ടി വിലയുള്ള സാധനങ്ങൾ വാങ്ങിപ്പിക്കുകയാണ്. ആർ.എസ്.ബി.വൈ. പോലുള്ള പദ്ധതിയുള്ളതുകൊണ്ടാണ് മരുന്നില്ലെന്ന് ആരും പരാതിപറയാത്തത്. മരുന്നു വാങ്ങാൻ ആ പണം ഉപയോഗിക്കുന്നതുകൊണ്ട് ആരും പരാതി പറയുന്നില്ല. അതിന്റെ മറവിൽ ഗവൺമെന്റും ചില ഏജൻസികളും ഫാർമസ്യൂട്ടിക്കൽ കമ്പനികളുമായി ചേർന്നു കൊണ്ട് നമ്മുടെ സംസ്ഥാനത്തെ കൊള്ളയടിച്ചു കൊണ്ടിരിക്കുന്നു.കാരുണ്യ ഫാർമസി അടച്ചുപൂട്ടേണ്ട സ്ഥിതിയിലേയ്ക്കെത്തിയിരിക്കുന്നു.

കേരളത്തിലെ താലൂക്ക് ആശുപത്രിയുടെ സ്ഥിതി എന്താണ്? 60 താലൂക്ക് ആശുപത്രികളിലും ആവശ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ ആരുമില്ല. ഏറ്റവും കുറഞ്ഞത് 60 ഡോക്ടർമാരെങ്കിലും ജില്ലാ ആശുപത്രികളിൽ വേണം, 36 ഡോക്ടർമാർ ഒരു താലൂക്കാശുപത്രിയിൽ വേണം. നാല് ഡോക്ടർമാർ ഒരു പി.എച്ച്.സി.-യിലും 7 ഡോക്ടർമാർ ഒരു സി.എച്ച്.സി.-യിലും വേണം. ഈ റൂൾ പ്രകാരമുള്ള ഡോക്ടർമാർ കേരളത്തിലെ ഏതെങ്കിലുമൊരു ആശുപത്രിയിലുണ്ടെന്ന് പറയാൻ കഴിയുമോ? വൈക്കം താലൂക്കാശുപത്രിയിൽ ആറുമാസമായി സൂപ്രണ്ടുമാരില്ല. ഒരു ദിവസം രണ്ടായിരം രോഗികൾ വരുന്ന ആശുപത്രിയാണിത്. അതുപോലെ കടയ്ക്കൽ താലൂക്കാശുപത്രിയും കൊടുങ്ങല്ലൂർ താലൂക്കാശുപത്രിയും ദിവസേന രണ്ടായിരത്തിലധികം രോഗികൾ വരുന്ന ആശുപത്രികളാണ്. ഇത്തരത്തിൽ നിരവധി ആശുപത്രികളുണ്ട്. ഈ ആശുപത്രിയിലേക്ക് വരുന്ന രോഗികളെ നോക്കി അവരുടെ പേരെഴുതാനുള്ള സമയംപോലും കിട്ടുന്നില്ല. ഒരു ഡോക്ടർ മുന്നൂറും നാന്നൂറും രോഗികളെ പരിശോധിക്കേണ്ട ഗതികേടിലാണ്. അവിടെ ആവശ്യത്തിന് ഡോക്ടർമാരും മരുന്നുമില്ല. സംസ്ഥാനത്ത് 22 മെഡിക്കൽ കോളേജുണ്ടെന്ന് പറയുന്നു. നിലവിലുള്ള മെഡിക്കൽ കോളേജിനുപുറമേ പല മെഡിക്കൽ കോളേജും ആരംഭിച്ചു, അവയുടെ സ്ഥിതി എന്താണ്? ഡോക്ടർമാർക്കുവേണ്ടി എം.എൽ.എ.-മാർ സമരം നടത്തുകയാണ്. ബഹുമാനപ്പെട്ട ശ്രീമതി ഗീതാ ഗോപി എം.എൽ.എ. സമരം നടത്തി. അപ്പോൾ അടുത്ത മണ്ഡലത്തിലെ ഒരു ഡോക്ടറെ ഇങ്ങോട്ട് പോസ്റ്റ് ചെയ്തു. ആ മണ്ഡലത്തിലെ എം.എൽ.എ. പ്രശ്നമുണ്ടാക്കിയപ്പോൾ വേറെ മണ്ഡലത്തിലെ ഡോക്ടറെ അവിടെ നിയോഗിച്ചു. അങ്ങനെ അങ്ങോട്ടുമിങ്ങോട്ടുമുള്ള ട്രിപ്പീസ് കളി നടത്തി എത്രകാലം മുന്നോട്ടുപോകാൻ കഴിയും. കേരളത്തിലെ താലൂക്ക് ആശുപത്രിയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരില്ല. പി.എച്ച്.സി.യിലും സി.എച്ച്.സി.-യിലും

ഡോക്ടർമാരില്ല. അവിടെ ആവശ്യമായ പാരാമെഡിക്കൽ സ്റ്റാഫില്ല. ഇതിനാവശ്യമായ ഒരു സംവിധാനവും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഇതെന്നെ മാത്രം ബാധിക്കുന്ന വിഷയമല്ല, എല്ലാവരെയും ബാധിക്കുന്ന വിഷയമാണ്. എൻ.ആർ.എച്ച്.എം.-ന്റെ ഫണ്ട് ചെലവഴിക്കുന്നുണ്ടോ? എൻ.ആർ.എച്ച്.എം. ഫണ്ട് ചെലവഴിക്കാൻ കഴിയാതിരിക്കുകയാണ്. അട്ടപ്പാടി പാക്കേജിന് നാല് കോടി രൂപ കേന്ദ്ര ഗവൺമെന്റ് കൊടുത്തു, രണ്ട് കോടി രൂപ കേരള ഗവൺമെന്റും കൊടുത്തു. കേന്ദ്ര ഗവൺമെന്റ് നൽകിയതിൽ മൂന്ന് കോടി രൂപ ചെലവാക്കി, കേരളാ ഗവൺമെന്റിന്റെ 50 ലക്ഷം രൂപ മാത്രമേ ചെലവാക്കിയുള്ളൂ. കെടുകാര്യസ്ഥത ഈ ഗവൺമെന്റിന്റെ മുഖമുദ്രയായി മാറിയിരിക്കുകയാണ്. ആറു മാസമായി ആലപ്പുഴ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയം ശ്രീ. ജി. സുധാകരൻ എം.എൽ.എ. അടക്കം സഭയിൽ ഉന്നയിച്ചതാണ്. അവിടെ ഡോക്ടർമാരില്ല, ശോചനീയാവസ്ഥ പരിഹരിക്കണമെന്നു പറഞ്ഞു, നടപടി ഉണ്ടായോ? തൃശ്ശൂർ മെഡിക്കൽ കോളേജിൽ ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ സൗകര്യമുണ്ടോ? ഇവിടെ പതിനാല് വെന്റിലേറ്ററുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. ഒരു കൊല്ലമായി സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ? സർക്കാർ ആശുപത്രിയിൽ സ്കാനിംഗ് നടത്തുന്നതിനുവേണ്ടി ഡോക്ടറെ കണ്ടുകഴിഞ്ഞാൽ, ഒന്നരമാസം കഴിഞ്ഞാണ് സ്കാനിംഗ് ചെയ്യുന്നതിന് ഡേറ്റ് കിട്ടുന്നത്. അടിയന്തരമായി കിട്ടേണ്ട ചികിത്സപോലും കിട്ടുന്നില്ല. നെടുമങ്ങാട് മണ്ഡലത്തിലെ സ്ഥിതി എന്താണ്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്..കൺക്ലൂഡ്.. അങ്ങേക്ക് ഏറ്റവും കൂടുതൽ സമയം തന്നു. ഇനി ഒരു മിനിട്ടുപോലും അനുവദിക്കില്ല. ഒരു അടിയന്തര പ്രമേയം അവതരിപ്പിക്കുന്നതിന് എത്ര സമയമാണ് തരേണ്ടത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ആരോഗ്യ രംഗം നേടിയെടുത്ത എല്ലാ നേട്ടങ്ങളും ഇവർ ചവിട്ടിമെതിക്കുകയാണ്. സംസ്ഥാനത്ത് ഡോക്ടർമാരില്ലാതെ, മരുന്ന് ലഭിക്കാതെ, പാരാമെഡിക്കൽ സ്റ്റാഫില്ലാതെ ആരോഗ്യരംഗം തകർന്നുകൊണ്ടിരിക്കുമ്പോൾ, സ്വകാര്യ മെഡിക്കൽ കോളേജുകളും സ്വകാര്യ സ്പെഷ്യാലിറ്റി ആശുപത്രികളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും ലക്ഷക്കണക്കിന് ലക്ഷ്വറി ചികിത്സ ലഭിക്കുന്ന സ്ഥാപനങ്ങളും വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ ആശുപത്രികളെ സ്ലോ പോയിസൻ കൊടുത്ത് കൊല്ലുന്നതുപോലെ കൊന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി എല്ലാം നന്നായി നടക്കുന്നുവെന്ന് നിയമസഭയിൽ പറയും, ഞങ്ങൾ ഇത്രകോടി

രൂപയുടെ മരുന്ന കൊടുത്തു, ഇത്ര ഡോക്ടർമാരെ നിയമിച്ചുവെന്ന് പറയുമ്പോൾ സംസ്ഥാനത്തെ പാവപ്പെട്ട ആദിവസികൾ ചികിത്സ ലഭിക്കാതെ മരിച്ചുകൊണ്ടിരിക്കുമ്പോഴും എല്ലാം ശരിയാണെന്ന നാട്യത്തോടെ അഹങ്കരിച്ചിരിക്കുന്ന ഗവൺമെന്റിന് ചുട്ടമറുപടി കൊടുക്കണം. ഇത് സംസ്ഥാനത്തെ സാധാരണ മനുഷ്യന്റെ ആരോഗ്യ പ്രശ്നമാണ്. ആരോഗ്യമില്ലാത്ത കേരളം കേരളമല്ല. ആരോഗ്യ കേരളം തകർത്തിരിക്കുകയാണ്. ഈ ഗുരുതരമായ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകണം, അങ്ങ് അതിന് താത്പര്യമെടുക്കണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ബഹുമാന്യനായ ശ്രീ. വി. എസ്. സുനിൽ കുമാർ പ്രധാനമായും സൂചിപ്പിച്ചത് അച്ചൻകോവിലിൽ നിന്നുള്ള ഒരു ആദിവാസി പെൺകുട്ടി മരണപ്പെട്ട കാര്യമാണ്. ആശുപത്രിയിൽ എത്തിച്ചേരുന്നതിന് മുമ്പുതന്നെ മരണപ്പെട്ടതായാണ് ലഭ്യമായിട്ടുള്ള വിവരം. അതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കും. മാനന്തവാടിയിലെ പ്രശ്നത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞതാണ്. ഡോക്ടർമാരുടെ മേൽ കർശനമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇവിടെ പ്രധാനമായും സൂചിപ്പിച്ചത് ആദിവാസി മേഖലയിലുള്ള പ്രശ്നത്തെക്കുറിച്ചാണ്. തീർച്ചയായും അട്ടപ്പാടി പോലെയുള്ള ആദിവാസി മേഖലകളിൽ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഇടപ്പെട്ട് എല്ലാ വകുപ്പുകളുടെയും കോ-ഓർഡിനേഷൻ ഉണ്ടാക്കി ഡിപ്പാർട്ടുമെന്റ് തലത്തിലുള്ള കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കുകയാണ്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം അട്ടപ്പാടി പാക്കേജ് തന്നെയുണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നാല് കോടിയോളം രൂപ വിവിധ മേഖലകളിലായി ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്തു. അതുകൊണ്ട് അട്ടപ്പാടി മേഖലയിലെ ശിശുമരണങ്ങൾ വളരെയധികം കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 2013-ൽ റിപ്പോർട്ട് ചെയ്തതിനെക്കാൾ മരണനിരക്ക് വളരെ കുറഞ്ഞിട്ടുണ്ട്. ഒരു മരണംപോലും സംഭവിക്കാത്ത തരത്തിൽ എഫക്ടീവായ പ്രവർത്തനങ്ങൾ അവിടെ നടന്നുകൊണ്ടിരിക്കുന്നു. ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നത് ആവർത്തിക്കാതി രിക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും. പട്ടികവർഗ്ഗ ക്ഷേമവകുപ്പും സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി ഇക്കാര്യത്തെക്കുറിച്ച് ഫലപ്രദമായ റിവ്യൂ

നടത്തി കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അദ്ദേഹം സൂചിപ്പിച്ച മറ്റൊരു പ്രധാനകാര്യം ഡോക്ടർമാരുടെ കുറവാണ്. ആരോഗ്യ വകുപ്പിൽ 1961-ലെ സ്റ്റാഫ് പാറ്റേണാണ് ഉള്ളത്. വളരെയധികം ഗവൺമെന്റുകൾ കേരളത്തിൽ അധികാരത്തിൽ വന്നുവെങ്കിലും ഈ ഗവൺമെന്റിന്റെ കാലത്ത് ചെയ്തിട്ടുള്ള പോസ്റ്റ് ക്രിയേഷൻ ഒരു കാലഘട്ടത്തിലും ചെയ്തിട്ടില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നൂറ് രോഗികളാണ് ആ കാലഘട്ടത്തിൽ ആശുപത്രികളിൽ എത്തിയിരുന്നതെങ്കിൽ ഇന്ന് അത് അഞ്ഞൂറും ആയിരവുമായിട്ടുണ്ട്. അതുമനസ്സിലാക്കി ഗവൺമെന്റിന് സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ടെങ്കിലും ആരോഗ്യവകുപ്പിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിലൂടെ വളരെയധികം പോസ്റ്റ് ക്രിയേഷൻ നടത്തിയിട്ടുണ്ട്. ഡി.എച്ച്.എസ്.-നുകീഴിൽ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫുമുൾപ്പെടെ 2463 പോസ്റ്റ് ഈ ഗവൺമെന്റ് വന്നതിനുശേഷം ക്രിയേറ്റ് ചെയ്തു. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ 1443 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ഇതൊരു കാലഘട്ടത്തിലുമുണ്ടായിട്ടില്ല. 3906 പോസ്റ്റാണ് ഡി.എച്ച്.എസ്.-ന്റെയും ഡി.എം.ഇ.-യുടെയും കീഴിൽ ക്രിയേറ്റ് ചെയ്തത്. നിലവിൽ ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെ 2850 പോസ്റ്റാണുള്ളത്. അതിൽ 185 പോസ്റ്റിലാണ് വേക്കൻസിയുള്ളത്.

[10.00 A. M].

അതോടൊപ്പം കാഷ്വാലിറ്റികളില്ലാത്ത 37 താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി വരികയാണ്. ഒരു ആശുപത്രിയിൽ 4 ഡോക്ടർമാർ വീതം 148 ഡോക്ടർമാരുടെ പോസ്റ്റ് കഴിഞ്ഞ മാസം ക്രിയേറ്റുചെയ്ത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ 148 ഡോക്ടർമാരുടെയും അതിനുപരിയായി 185 പേരുടെയും വേക്കൻസിയുണ്ട്. 2850 അസിസ്റ്റന്റ് സർജൻമാരുള്ളതിൽ 185 പേരുടെ വേക്കൻസികളാണുള്ളത്. 24 ഡെന്റൽ സർജന്മാരെ നിയമിക്കാൻ കഴിഞ്ഞ ക്യാബിനറ്റിൽ തീരുമാനം എടുത്തിട്ടുണ്ട്. ഡെന്റൽ സർജന്മാരില്ലാത്ത താലൂക്ക് ആശുപത്രികളിൽ ഇവരെ നിയമിക്കുമ്പോൾ കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളിലും ഡെന്റൽ സർജന്മാരുണ്ടാകും. നേരത്തെ പറഞ്ഞ 185 പോസ്റ്റും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് മാത്രമല്ല ആന്റിസിപ്പേറ്റ് ചെയ്യുന്ന വേക്കൻസിയടക്കം റിപ്പോർട്ട് ചെയ്യുകയാണ്. ഇതിലെ പ്രശ്നം, 500 അസിസ്റ്റന്റ് സർജന്മാരുടെ വേക്കൻസി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്താൽ 100-150 പേരെ മാത്രമേ ലഭിക്കുകയുള്ളൂ. ഡോക്ടർമാർ ജോയിൻ ചെയ്യുന്നില്ല, അഥവാ വന്നാൽ ജോയിൻ ചെയ്തിട്ട് പി.ജി. കോഴ്സിനായി പോകുന്നു. കഴിഞ്ഞ നവംബറിൽ 150 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയതിൽ 40 പേരാണ് ജോയിൻ ചെയ്തത്.

അത് കഴിയുമ്പോൾ നോൺ ജോയിനിംഗ് റിപ്പോർട്ട് വാങ്ങി വീണ്ടും പി.എസ്.സി.-ക്ക് എഴുതുകയാണ് ചെയ്യുന്നത്. അങ്ങനെയുണ്ടാകുന്ന കാലതാമസമാണ് ഇപ്പോൾ 185 വേക്കൻസികൾ നിലനിൽക്കാൻ കാരണം. 400-ഓളം ഡോക്ടർമാരെ നിയമിക്കണമെന്ന് ഇപ്പോഴും പി.എസ്.സി.-ക്ക് എഴുതിയിട്ടുണ്ട്. നിലവിൽ 185 വേക്കൻസികൾ ആരോഗ്യ വകുപ്പിലുണ്ടെങ്കിലും 175 പേരെ അഡ്ഹോക് ഡോക്ടർമാരായി നിയമിച്ചിട്ടുണ്ട്. അതിനുപുറമെ എൻ.ആർ.എച്ച്.എം. ഡോക്ടർമാരായി 537 പേരെ കൂടുതൽ നിയമിച്ചിട്ടുണ്ട്. അതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം എൻ.യു.എച്ച്.എം. അർബൻ മേഖലകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ തുടങ്ങി. എൻ.യു.എച്ച്.എം.-ലൂടെ 152 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 185 വേക്കൻസികളാണ് ഉള്ളതെങ്കിലും സംസ്ഥാനത്ത് അധികമായി 864 ഡോക്ടർമാരെ വിവിധ ആശുപത്രികളിൽ നിയോഗിച്ചിട്ടുണ്ട്. ഈ 185 വേക്കൻസികളിലും അടിയന്തരമായി നിയമിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. 221 സിവിൽ സർജന്മാരിൽ 42 പേരുടെ വേക്കൻസിയുണ്ട്. ഡോക്ടർമാരുടെ പ്രൊമോഷൻ വഴി അതിലേക്ക് നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോൺഫിഡൻഷ്യൽ റിപ്പോർട്ട് ലഭിക്കാത്തതുകൊണ്ട് ഡി.പി.സി. കൂടുന്നില്ല. അടിയന്തരമായി ഡി.പി.സി. കൂടുന്നതിലേക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, താലൂക്ക് ആശുപത്രികൾ സ്പെഷ്യലൈസ്ഡ് ഹോസ്പിറ്റലുകളാണ്. 16 ഡോക്ടർമാർ വേണ്ട സ്ഥാനത്ത് 10-ഉം 12-ഉം സ്പെഷ്യലൈസ്ഡ് വേക്കൻസികളാണ് നിലവിലുള്ളത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, കേരളത്തിൽ എല്ലാ സ്പെഷ്യാലിറ്റി കളിലുമായി ജൂനിയർ കൺസൾട്ടന്റിന്റെ 79 വേക്കൻസികളുണ്ട്. നിലവിലുള്ള അസിസ്റ്റന്റ് സർജന്മാരിൽ നിന്ന് പ്ലെയ്സ്മെന്റ് വഴിയാണ് അവരെ നിയമിക്കുന്നത്. 79 പേരെ നിയമിക്കുന്നതിലേയ്ക്കു വേണ്ടിയുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കു കയാണ്. ഇതൊരു പ്രൊസീഡിംഗ്സാണ്, നടന്നുകൊണ്ടിരിക്കും. പ്രൊമോഷൻ കിട്ടിപോകുമ്പോൾ നിയമിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള നടപടികളെടുക്കുന്നുണ്ട്. ചില സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ കിട്ടാനില്ല. കിട്ടാനില്ലാത്ത സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ഏത് തരത്തിലും നിയമിക്കാമെന്ന് വിചാരിച്ചാലും കിട്ടാത്ത ചില പ്രശ്നങ്ങളുണ്ട്. അതുപോലെ കൺസൾട്ടന്റ്, അടുത്ത പ്രൊമോഷൻ വേക്കൻസിയാണ്. 205 പേരെ പ്രൊമോട്ട് ചെയ്തുകഴിഞ്ഞു. ഡി.പി.സി. കൂടി ഒരു മാസത്തിനുള്ളിൽ കൺസൾട്ടന്റുമാരെ നിയമിക്കും. 30 സീനിയർ കൺസൾട്ടന്റിന്റെ പ്രൊമോഷൻ ലിസ്റ്റ് ആയിക്കഴിഞ്ഞു. ഉടൻതന്നെ ഓർഡർ ഇഷ്യൂ ചെയ്യും. ഈ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉടൻ നിയമിക്കും. ഇവിടെയാകെ 4906 പോസ്റ്റുകൾ

ക്രിയേറ്റ് ചെയ്തിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ഈ നാലരവർഷക്കാലം കൊണ്ട് 1128 തസ്തികകൾ സൃഷ്ടിച്ചു. 315 തസ്തികകൾ എറണാകുളം മെഡിക്കൽ കോളേജിനുവേണ്ടി സൃഷ്ടിച്ചു, ഇന്നലെ അത് ഓർഡറായിട്ടുണ്ട്. നേരത്തെ അവിടെ 300 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു. 1443 പോസ്റ്റുകളാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സൃഷ്ടിച്ചിട്ടുള്ളത്. ഇതിൽ ബഹുഭൂരിപക്ഷം വരുന്നത് ഡോക്ടർമാരാണ്. ബഹുമാനപ്പെട്ട വി. എസ്. സുനിൽ കുമാർ സൂചിപ്പിച്ച ആലപ്പുഴ മെഡിക്കൽ കോളേജിന്റെ കാര്യമുണ്ട്. കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാരില്ല എന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ശ്രീ. ജി. സുധാകരൻ, ശ്രീ. രമേശ് ചെന്നിത്തല അടക്കമുള്ള ആ പ്രദേശത്തെ എം.എൽ.എ.-മാർ ഉൾപ്പെടെ യോഗം ചേർന്ന് 1062 തസ്തികകൾ സൃഷ്ടിക്കുന്നതിലേയ്ക്കുവേണ്ടി തീരുമാനമെടുത്തു. അതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമഘട്ടത്തിലാണ്. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ 1062 തസ്തികകൾ ഉടൻ തന്നെ സൃഷ്ടിക്കുന്നതാണ്. അതോടെ ആലപ്പുഴ മെഡിക്കൽ കോളേജ് അടക്കമുള്ള മേഖലകളിൽ ആ പ്രശ്നം പരിഹരിക്കാൻ സാധിക്കും. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മെഡിക്കൽ കോളേജിന് മാത്രമായി 380 സ്റ്റാഫ് നഴ്സുമാരുടെ പോസ്റ്റ് ക്രിയേറ്റ് ചെയ്ത് നിയമിച്ചിട്ടുണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രൊമോഷന് വേണ്ടിയുള്ള അസിസ്റ്റന്റ് സർജന്മാരുടെ 340-ഓളം വേക്കൻസികൾ പി.എസ്.സി.ക്ക് എഴുതിയിട്ടുണ്ട്. അവിടെയുള്ള പ്രശ്നം, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ സംവരണ വിഭാഗത്തിൽ എസ്.ടി. വിഭാഗമോ മറ്റോ കിട്ടാതെ വന്നാൽ വീണ്ടും പി.എസ്.സി. ലിസ്റ്റ് വിളിക്കേണ്ടി വരുന്നു. അത് കഴിഞ്ഞും ആളില്ല എങ്കിൽ വീണ്ടും ലിസ്റ്റ് വിളിക്കേണ്ടി വരുന്ന ഒരു സാഹചര്യമുണ്ട്. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ചുചേർത്ത് നടപടി സ്വീകരിക്കുന്നതാണ്. അതോടൊപ്പം അദ്ദേഹം ചൂണ്ടിക്കാണിച്ച മറ്റു ചില കാര്യങ്ങൾ, പി.എച്ച്.സി. വഴി ഫലപ്രദമായ രീതിയിൽ ഫീൽഡ്തല വർക്കുകൾ നടപ്പിലാക്കിയതിന്റെ ഭാഗമായി കഴിഞ്ഞ പ്രാവശ്യത്തേതിനേക്കാൾ വളരെ കുറവ് പകർച്ചവ്യാധികളാണ് ഈ വർഷം ഉണ്ടായത്. പി.എച്ച്.സി. എന്നു പറഞ്ഞാൽ ഉച്ചവരെ അവിടെ ചികിത്സയും അതുകഴിഞ്ഞ് ഡോക്ടർമാരുടെ നേതൃത്വത്തിൽ ഫീൽഡ് വർക്കുമാണ്. 24 പഞ്ചായത്തുകളിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഇല്ലായിരുന്നു. 24 പഞ്ചായത്തുകളിലും പി.എച്ച്.സി.-കൾ സ്ഥാപിച്ച് അവിടെയൊക്കെ ഫീൽഡ്തല വർക്കുകൾ കൂടുതലായി പരിപോഷിപ്പിച്ചു. കേരളത്തിലെ 72 അർബൻ മേഖലകളിൽ 72 അർബൻ പി.എച്ച്.സി.കൾ സ്ഥാപിക്കുകയും മുഴുവൻ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുകയും ചെയ്തു. അർബൻ

മേഖലകളിൽ പ്രത്യേകിച്ച് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് മെഡിക്കൽ കോളേജിലോ ജനറൽ ആശുപത്രിയിലോ താലൂക്ക് ആശുപത്രിയിലോ പ്രവർത്തനം നടത്താൻ കഴിയില്ല. അതുകൊണ്ട് ഫീൽഡ്തല ഉദ്യോഗസ്ഥന്മാരെ നിയമിക്കുകയും പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ ആ കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. പ്രമേയത്തിൽ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് മറുപടി പറയാനുണ്ട്.

5 ജില്ലകളിൽ ജീവിതശൈലി രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കി, ബാക്കിജില്ലകളിൽ നടപ്പിലാക്കിയില്ലെന്ന് പറഞ്ഞു. എൻ.ആർ.എച്ച്.എം. പദ്ധതിയിലൂടെ നമുക്ക് ലഭ്യമാകുന്ന ഫണ്ടുകളുടെ 100 ശതമാനമല്ല 110 ശതമാനമാണ് വിനിയോഗിക്കുന്നതെന്ന ഓരോ വർഷത്തെയും കണക്കുകളുണ്ട്. 5 ജില്ലകളിൽ നടപ്പിലാക്കി വരുന്ന ജീവിതശൈലീരോഗ പദ്ധതികൾ മറ്റ് 9 ജില്ലകളിലും വ്യാപിപ്പിച്ചിട്ടുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉടൻ തന്നെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കും. കേന്ദ്ര ഗവൺമെന്റിൽ നിന്ന് 5 ജില്ലകൾക്കാണ് അനുമതി ലഭിച്ചത്, ബാക്കിയുള്ള 9 ജില്ലകളിലും അതിന്റേതായ പ്രവർത്തനം ആരംഭിക്കുന്നതാണ്. സൗജന്യമായി ചികിത്സ കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. വി. എസ്. സുനിൽ കുമാർ ഇവിടെ സൂചിപ്പിച്ചു. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അടുത്തകാലത്ത് വളരെയധികം റീസ്ട്രക്ച്ചറിംഗ് നടത്തി. അതിന് ഫണ്ട് കിട്ടുന്നില്ലായെന്ന് പറഞ്ഞു, 300 കോടി രൂപയാണ് സൗജന്യമായി മരുന്ന് വിതരണത്തിന് സംസ്ഥാന സർക്കാർ മാറ്റിവച്ചത്. ഇക്കാര്യം 14-12-2015-ന് ഞാൻ സഭയിൽ പറഞ്ഞതാണ്. മറ്റ് പല സംസ്ഥാനങ്ങളിലും 200-240 ഐറ്റം മരുന്നുകളാണ് കൊടുക്കുന്നത്. ഇവിടെ 585 ഐറ്റം മരുന്നുകൾ കൊടുക്കുന്നുണ്ട്. ആ 585 ഐറ്റം മരുന്നുകളിൽ കൺസ്യൂമബിൾസുണ്ട്, ഓപ്പറേഷനു വേണ്ടിയുള്ള എക്യുപ്മെന്റ്സുണ്ട്. ഇതെല്ലാം നമ്മൾ സൗജന്യമായി കൊടുക്കുന്നുണ്ട്. കേരളത്തിൽ ഏതെങ്കിലും ഒരു ആശുപത്രിയിൽ മരുന്നില്ലായെന്ന് പറഞ്ഞാൽ അക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാം. ഒരു ആശുപത്രിയിലും മരുന്നില്ലാത്ത സാഹചര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്..... പ്ലീസ് കൺക്ലൂഡ്..... ഇനി ഒരാളുകൂടി സംസാരിക്കാനുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കേരളത്തിലെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിൽനിന്നും ആശുപത്രികളിൽ എത്തിച്ചതിനു

പരിയായി 22 കോടിയിൽപ്പരം രൂപയുടെ മരുന്നുകൾ കേരളത്തിലെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഗോഡൗണുകളിലുണ്ട്. പേവിഷബാധ, ജീവിതശൈലി രോഗങ്ങൾ, മാനസികാരോഗ്യം തുടങ്ങി എല്ലാ രോഗങ്ങൾക്കുമുള്ള മരുന്നുകളുണ്ട്. ഏതെങ്കിലും ആശുപത്രികളിൽ മരുന്നില്ലായെങ്കിൽ അവർ പറയട്ടെ., ഇന്ന് അന്വേഷിക്കാം. അടിയന്തരമായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ആശുപത്രികളിൽ എത്തിച്ചേരാൻ എന്തെങ്കിലും താമസമുണ്ടായാൽ അവിടെ ലോക്കൽ പർച്ചേസ് നടത്തുന്നതിനും തുക അനുവദിച്ചിട്ടുണ്ട്. മരുന്നില്ലായെന്നുള്ള പരാതി ഒരു സ്ഥലത്തുമില്ല. അക്കാര്യത്തിൽ ഞാൻ ഉറച്ചുതന്നെ പറയുന്നു, ഏതെങ്കിലും ഒരാശുപത്രിയിൽ ഏതെങ്കിലും മരുന്നില്ലായെന്ന് പറയാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പ്ലീസ്....പ്ലീസ്...അങ്ങ് ഒരുപാട് സമയമെടുത്തു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികം അനുവദിച്ചില്ലായെന്ന കാര്യംകൊണ്ട് തടസ്സപ്പെടുന്ന പ്രശ്നമില്ല. ഒരു കമ്പനിയും മരുന്ന് നൽകുന്നില്ലായെന്ന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. ആവശ്യമായ തുക അനുവദിക്കുന്നതാണ്. കാരുണ്യ ഫാർമസിയെക്കുറിച്ച് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞു. കേരളത്തിൽ 35 കാരുണ്യ ഫാർമസികൾ തുടങ്ങുമെന്നാണ് ഗവൺമെന്റ് പറഞ്ഞത്. എന്നാൽ 39 കാരുണ്യ ഫാർമസികൾ തുടങ്ങി. ഇനി 11 എണ്ണം കൂടി തുടങ്ങും. 93 ശതമാനം വിലക്കുറവിൽ ആളുകൾക്ക് മരുന്ന് കൊടുക്കുകയാണ് ചെയ്യുന്നത്. അതോടൊപ്പം 7300 ഐറ്റം മരുന്നുകളാണ് കാരുണ്യ ഫാർമസിയിലൂടെ കേരളത്തിൽ കൊടുത്തുകൊണ്ടിരിക്കുന്നത്. വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞു. ഇന്നലെയും ഡൽഹിയിൽ രണ്ടു ദിവസം മുമ്പ് പ്രധാനമന്ത്രിയെ കണ്ടപ്പോഴും സംസ്ഥാന ഗവൺമെന്റ് ഏറ്റവും പ്രാധാന്യത്തോടുകൂടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ട കാര്യം മരുന്നിന്റെ വില കുറയ്ക്കണമെന്നുള്ളതാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് 348 ഐറ്റം മരുന്നിന്റെ വില കുറച്ചിരുന്നു. ഗവൺമെന്റ് പറഞ്ഞതിനേക്കാൾ കൂടുതൽ ഫലപ്രദമായി കാരുണ്യ ഫാർമസി നടപ്പിലാക്കുകയാണ്. എം.എൽ.എ.-മാർ ആവശ്യപ്പെടുന്ന പ്രധാനപ്പെട്ട ആശുപത്രികളിലൊക്കെ അനുവദിച്ചു കൊണ്ടിരിക്കുന്നു. 11 എണ്ണം കൂടി അനുവദിക്കും. 500 കോടിയിൽപ്പരം രൂപയുടെ

വികസന പ്രവർത്തനങ്ങളാണ് കേരളത്തിലെ ഓരോ മെഡിക്കൽ കോളേജുകളിലും നടക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയ കാര്യങ്ങളിൽ ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ വിശദീകരിച്ച കാര്യങ്ങളെല്ലാം അങ്ങ് വിശദീകരിച്ചു കഴിഞ്ഞു. ഇനി അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഒരു പോയിന്റു കൂടിയേയുള്ളൂ. കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ വികസനത്തെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ ചോദിച്ചു. 3000 കോടി രൂപയുടെ വികസനമാണ് പുതിയതായി മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളത്. ഞാൻ ഓരോ ആശുപത്രിക്കും അനുവദിച്ച തുകയെക്കുറിച്ച് ഇന്നലെ പറഞ്ഞു. നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ 500 കോടി രൂപയുടെ വികസന പ്രവർത്തനം നടക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷന് വേണ്ടിയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു. കടാവർ ലഭ്യമായാൽ ഉടൻതന്നെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടത്തും. കോട്ടയം മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തി. അവിടെ അതിലേയ്ക്ക് പ്രത്യേകമായ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിന് വേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുന്നു. അതോടൊപ്പം തന്നെ കോഴിക്കോട് മെഡിക്കൽ കോളേജിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. മെഡിക്കൽ കോളേജിൽ അതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നമ്മുടെ ആശുപത്രികളിൽ ഇൻഫെർട്ടിലിറ്റി ചികിത്സ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആദ്യമായി എസ്.എ.റ്റി. ആശുപത്രിയിൽ ആരംഭിച്ചു. കോട്ടയം മെഡിക്കൽ കോളേജിലുണ്ട്, മറ്റ് ആശുപത്രികളിൽ വരാൻ പോകുന്നു. അതുപോലെ തന്നെ borns യൂണിറ്റുകൾ മെഡിക്കൽ കോളേജിൽ തുടങ്ങി. ഒന്നും തുടങ്ങിയില്ലായെന്ന് പറഞ്ഞ് അടച്ചാക്ഷേപിച്ചിട്ട് കാര്യമുണ്ടോ? 500 കോടിയിൽപ്പരം രൂപയുടെ വികസന പ്രവർത്തനങ്ങൾ കേരളത്തിൽ നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ നടക്കുകയാണ്. രണ്ടു ദിവസത്തിന് മുമ്പ് നമ്മൾ ഡൽഹിയിൽ പോയപ്പോൾ പ്രധാനമന്ത്രിയോട് പി.എം.എസ്.എസ്.വൈ. സ്കീമിൽ കോഴിക്കോട്, ആലപ്പുഴ മെഡിക്കൽ കോളേജിനുള്ള തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് അനുവദിക്കും. സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് 150 കോടി

രൂപയുടെ വികസന പ്രവർത്തനങ്ങൾ ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ നടക്കുന്നുണ്ട്. ഡോക്ടർമാരില്ല, മരുന്നില്ല തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് സൂചിപ്പിച്ചതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തര പ്രമേയത്തിൽ ഉന്നയിച്ച കാര്യങ്ങളിൽ അങ്ങ് ആദ്യത്തെ 10 മിനിറ്റ് കൊണ്ടുതന്നെ മറുപടി പറഞ്ഞു. അങ്ങേയ്ക്ക് എത്ര സമയം കൂടി വേണം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞ കാര്യങ്ങളിലെ എല്ലാ പോയിന്റിനും ഞാൻ മറുപടി പറഞ്ഞു. ഇവിടെ പ്രശ്നങ്ങളില്ലെന്ന് ഞാൻ പറയുന്നില്ല. സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഗവൺമെന്റാണിത്. 650 കോടി രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ മാറ്റി വച്ചത്. ഈ ഗവൺമെന്റ് വന്നപ്പോൾ 250 കോടി രൂപയായിരുന്നു. ഓരോ വർഷവും സൗജന്യമായി പാവപ്പെട്ടവർക്ക് മരുന്ന് കൊടുക്കുന്നതിന് എത്ര പദ്ധതികളാണുള്ളത്. കേരളത്തിൽ 75 ശതമാനത്തോളം സൗജന്യ ചികിത്സയാണ് കൊടുക്കുന്നത്. അതുകൊണ്ട് നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യങ്ങൾ പരിഹരിക്കുന്നതിനും ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ചെയ്യേണ്ട കാര്യങ്ങൾ അടിയന്തരമായി ചെയ്യുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി ജനവിഭാഗത്തിന്റെ ചികിത്സയ്ക്കുവേണ്ടി സമഗ്ര ആരോഗ്യ ചികിത്സാ പദ്ധതിയിൽ ഈ വർഷം 10 കോടി രൂപയാണ് അനുവദിച്ചത്. പക്ഷെ, ഫണ്ട് മുഴുവൻ തീർന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ. കെ. ലതിക കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒന്നേമുക്കാൽ കോടി രൂപ പെന്റിംഗ് ഉണ്ടെന്ന് പറഞ്ഞുകൊണ്ട് എനിക്ക് കത്ത് തന്നു. അതുപ്രകാരം ഇന്നലെ അതിനാവശ്യമായ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ അട്ടപ്പാടിയിലെ ചികിത്സയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീന്റെ നേതൃത്വത്തിൽ മീറ്റിംഗ് വിളിച്ചുചേർത്തു. അവിടത്തെ ചികിത്സയുമായി ബന്ധപ്പെട്ട പെന്റിംഗുള്ള

എല്ലാ കേസുകൾക്കുമായി അവിടത്തെ ഡി.എം.ഒ. ആവശ്യപ്പെട്ടത് 30 ലക്ഷം രൂപയാണ്. അതിനുള്ള മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്ന രോഗികൾക്കുള്ള ഭക്ഷണത്തിന് പ്രത്യേകമായി ഒരു കോടി രൂപകൂടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അതും അനുവദിച്ച് നൽകിയിട്ടുണ്ട്. അതുകൂടാതെ ചികിത്സക്ക് ആശുപത്രിയിൽ എത്തുന്ന രോഗികളെ സഹായിക്കാൻ വേണ്ടി ബൈസ്റ്റാന്റേഴ്സിന് 50 രൂപയാണ് പ്രത്യേകമായി കൊടുത്തുകൊണ്ടിരുന്നത് അതിപ്പോൾ 200 രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ ഇന്നലെ അച്ചൻകോവിലിൽ 9 വയസ്സുള്ള കുട്ടിയുടെ ചികിത്സയുമായി ബന്ധപ്പെട്ട് ഉണ്ടായ കാര്യം ബഹുമാനപ്പെട്ട അംഗം എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തന്നെ ഡയറക്ടർക്ക് നിർദ്ദേശം കൊടുക്കുകയും ഡിപ്പാർട്ടുമെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെല്ലാവരും അവിടെ പോയിട്ടുമുണ്ട്. അവർക്ക് ആവശ്യമായ എല്ലാ ധനസഹായവും നൽകുമെന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഇന്നലെ ഞാൻ ഉന്നയിച്ച സബ്മിഷൻ മെഡിക്കൽ കോളേജുകളിലെ നടത്തിപ്പിന്റെ കെടുകാര്യസ്ഥതയെ സംബന്ധിച്ചായിരുന്നു. അതിന് നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ മറുപടി നമ്മളെല്ലാം കേട്ടതല്ലേ. അഴകൊഴമ്പൻ മറുപടി. ജനങ്ങളുടെ ദൈനംദിന ജീവിതത്തെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമല്ലേ ആരോഗ്യരംഗം? അതിന്റെ ശോചനീയാവസ്ഥയെ സംബന്ധിച്ച് സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾക്ക് എന്തെങ്കിലും കാര്യമായ മറുപടി പറയാൻ ഈ മന്ത്രിക്ക് കഴിഞ്ഞോ? അപ്പുറത്തിരിക്കുന്ന സുഹൃത്തുക്കളെങ്കിലും അദ്ദേഹത്തെ ഉപദേശിക്കുമെന്ന് ഞാൻ ആശിക്കുന്നു. ഏതെങ്കിലും പ്രശ്നത്തിൽ ഈ സർക്കാരിന് എന്തെങ്കിലുംതാൽപ്പര്യമുണ്ടോ? എല്ലാത്തിനോടും നിഷേധാത്മകമായ സമീപനമല്ലേ സർക്കാർ സ്വീകരിക്കുന്നത്? ആർക്കും ഒരു ദുരാരോപണവും

ഉന്നയിക്കാൻ കഴിയാത്ത മുല്ലപ്പെരിയാർ പ്രശ്നത്തിൽപ്പോലും അടിയന്തര പ്രമേയത്തിന് അനുമതി നൽകാതെ ജനവിരുദ്ധത സ്വയം വെളിവാക്കിയ സർക്കാരല്ലേയിത്. ഏത് കാര്യത്തിലും എങ്ങനെയും തുട്ട് തരപ്പെടുത്താൻ സാദ്ധ്യതയുണ്ടോയെന്ന ചിന്ത മാത്രമാണ് ഈ സർക്കാരിനുള്ളത്. ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ അവതാളത്തിലായതും ഞാൻ നേരത്തെ പറഞ്ഞതിന്റെ തുടർച്ചമാത്രമാണ്. ഒരു കാര്യത്തിലും ഈ സർക്കാരിന് ദൂരക്കാഴ്ചയില്ല. ആരോഗ്യവകുപ്പിന്റെ പ്രവർത്തനത്തിലും ഇതുതന്നെയാണ് കാണുന്നത്. ആരോഗ്യ വകുപ്പിലും അതീവ ശ്രദ്ധയോടുകൂടി നടക്കുന്ന ഏക സംഗതി അഴിമതി മാത്രമാണ്. ഡോക്ടർമാരുടെ നിയമനം, സ്ഥലംമാറ്റം, മരുന്നുവാങ്ങൽ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം, 108 ആംബുലൻസിന്റെ നടത്തിപ്പ് എന്നിവയെയെല്ലാം അഴിമതിക്ക് സർക്കാർ ആയുധമാക്കുകയാണ്. കമിഴ്ന്നുവീണാൽ കാൽപ്പണമെന്നത് ഉമ്മൻ ചാണ്ടി സർക്കാരിന്റെ ആപ്തവാക്യമാണെന്ന് ഞാൻ നേരത്തെയും പറഞ്ഞിട്ടുള്ളതാണ്. ഈ ആപ്തവാക്യം നന്നായിപരിപാലിക്കുന്നതിൽ ആരോഗ്യവകുപ്പും ബദ്ധകങ്കണരായിട്ടാണ് പ്രവർത്തിക്കുന്നത്. അഴിമതിക്കുള്ള പഴുതുകൾ മാത്രം അന്വേഷിച്ചു നടക്കുന്നതുകൊണ്ടല്ലേ ആരോഗ്യമേഖല ഇത്രയേറെ തകർന്നത്? ആശുപത്രികളുടെ കാര്യം എത്ര ദയനീയമാണ്. ആവശ്യത്തിന് ഡോക്ടർമാരുണ്ടോ; വേണ്ടത്ര പാരാമെഡിക്കൽ സ്റ്റാഫുണ്ടോ? മരുന്നുകളുടെ കാര്യമാണെങ്കിൽ പറയാനുമില്ല. എന്തിനേറെപ്പറയുന്നു, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സ്ഥിതിതന്നെ സ്ഥിരമായി ചാനലുകളിലും പത്രങ്ങളിലും വന്നുകൊണ്ടിരിക്കുന്നതല്ലേ? സർക്കാർ പറയുന്നത് എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ കൊണ്ടുവന്നു എന്നാണ്. ഓരോ ജില്ലയിലുമുള്ള ഏതെങ്കിലുമൊരു ആശുപത്രിയുടെ മുമ്പിൽ മെഡിക്കൽ കോളേജ് എന്ന ഒരു ബോർഡ് കെട്ടിത്തൂക്കിയാൽ അത് മെഡിക്കൽ കോളേജ് ആകുമോ; അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എവിടെയെങ്കിലും ഒരുക്കിയിട്ടുണ്ടോ; ആവശ്യത്തിന് ഡോക്ടർമാരുണ്ടോ; നിങ്ങളുടെ ഈ തലതിരിഞ്ഞ നടപടിമൂലം സത്യത്തിൽ നിലവിലുള്ള മെഡിക്കൽ കോളേജുകളുടെ സ്ഥിതിതന്നെ ദയനീയമാകുകയല്ലേ? പല മരുന്നുകളും കർണ്ണാടകത്തിന്റെയും തമിഴ്നാടിന്റെയും അതിർത്തി കടന്ന് കേരളത്തിലെത്തുമ്പോൾ വില നാലും അഞ്ചും ഇരട്ടി വർദ്ധിക്കുകയാണ്.

എന്തുകൊണ്ടാണിത് സംഭവിക്കുന്നത്; എന്തു കൊണ്ടാണ് ഇത് നിയന്ത്രിക്കാൻ സർക്കാരിന് കഴിയാതെ വരുന്നത്; ഇതിനുപിന്നിലും പല ഒത്തുകളികളുമില്ലേ? മരുന്ന് കമ്പനികളുമായി ചേർന്നുള്ള ഒത്തുകളികളിൽ ആരുടെയൊക്കെ പോക്കറ്റുകളാണ് തടിച്ച് കൊഴുക്കുന്നത്. മരുന്ന് ലോബികളുടെയും ഇടനിലക്കാരുടെയും സഹായികളായി സർക്കാർ മാറുകയല്ലേ? സാധാരണ മനുഷ്യർക്ക് ചികിത്സ തേടി ആശുപത്രികളിൽ പോകാൻ കഴിയാത്ത സ്ഥിതിയല്ലേ നിലവിലുള്ളത്. സാധാരണക്കാർ പോകുന്ന പ്രാഥമിക ആരോഗ്യകേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിൽ ഒരിടത്തും ആവശ്യത്തിന് ഡോക്ടർമാരോ നഴ്സുമാരോ മറ്റ് പാരാമെഡിക്കൽ സ്റ്റാഫോ ഇല്ല. മരുന്നുകളുടെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി. കേരളത്തിന്റെ മൊത്തം അവസ്ഥ ഇതാണ്. വിവിധ തലങ്ങളിലെ ആശുപത്രികളുടെ പ്രവർത്തനം കുറ്റമറ്റ നിലയിൽ നടത്താമെന്ന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ തെളിയിച്ചതാണ്. അത് അപ്പുറത്തിരിക്കുന്ന എന്റെ മാന്യ സുഹൃത്തുക്കൾക്കും ബോദ്ധ്യമുള്ളതാണല്ലോ. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയടക്കമുള്ള വിവിധ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളല്ലേ അന്നത്തെ സർക്കാർ ഏർപ്പെടുത്തിയത്? യു.ഡി.എഫ്. ഭരണം വന്നതിനുശേഷം അതൊക്കെ എങ്ങനെയാണ് ഇല്ലാതായത്? എവിടെയും കമ്മീഷൻ അടിക്കാനുള്ള ഈ സർക്കാരിന്റെ ഒടുങ്ങാത്ത ആർത്തിയല്ലേ ഈ ആരോഗ്യ പരിപാലന സംവിധാനത്തെ ആകെ തകർത്തത്? കേരളത്തിന് അഭിമാനകരമായ ഒരു ആരോഗ്യ പരിപാലന ചരിത്രമുണ്ട്. അതിന്റെ ഫലമായിട്ടാണ് കേരളത്തിൽ ശിശുമരണം കുറഞ്ഞുവന്നതും സ്ത്രീകളുടെ ആയൂർദൈർഘ്യം വർദ്ധിച്ചതുമൊക്കെ. കേരളാ മോഡൽ വികസനമെന്ന് രാജ്യാന്തരങ്ങളിൽവരെ പണ്ഡിതന്മാർ വാഴ്ത്തിപ്പാടിയ വികസന മാതൃകയാണ് സംഭാവന നൽകിയത്.

കേരളത്തിന് അഭിമാനകരമായ ആരോഗ്യ പരിപാലന രംഗമുണ്ട്. അത് 1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലത്ത് തുടക്കമിട്ടതാണ്. അങ്ങനെയുള്ള ഒരു മഹത്തായ പാരമ്പര്യത്തിന്റെ വേരുകളാണ് അഴിമതി അലങ്കാരമായി കൊണ്ടുനടക്കുന്ന ഈ സർക്കാർ അറുത്തുമാറ്റിയിരിക്കുന്നത്. രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതിരിക്കാൻ ശ്രദ്ധിക്കുക

എന്ന് ആളുകൾ പറയാറുണ്ട്. എന്താണ് രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ സ്ഥിതി? ഇക്കാര്യത്തിൽ സർക്കാരിന്റെ കെടുകാര്യസ്ഥത മനസ്സിലാക്കാൻ അട്ടപ്പാടിയിലെ ഇനിയും കെട്ടടങ്ങാത്ത നവജാത ശിശുക്കളുടെ മരണം ഒന്നുമാത്രം മതി. ഈ സർക്കാരിന് ജനങ്ങളോടോ അവരുടെ പ്രശ്നങ്ങളോടോ ഒരു സഹാനുഭൂതിയുമില്ലായെന്ന് ഞങ്ങൾക്കറിയാം. അതു കൊണ്ടാണ് ജനങ്ങളുടെ ജീവനേയും നിലനിൽപ്പിനേയുംപോലും ബാധിക്കുന്ന അത്യന്തം ഗൗരവതരമായ ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന് നിങ്ങൾക്ക് തോന്നാത്തത്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി അടിയന്തര പ്രമേയത്തിനുള്ള മറുപടി പറയുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ വിശദീകരണം കേട്ടാൽ ഇവിടെ ഒരു കുഴപ്പവുമില്ല, എല്ലാം ഭംഗിയായി നടക്കുന്നു എന്ന് തോന്നും. അപൂർവ്വം ചില സ്ഥലങ്ങളിൽ ഡോക്ടർമാരുടെ ഒഴിവുണ്ട് എന്നതുമാത്രമാണ് അദ്ദേഹം എടുത്തുപറഞ്ഞ കാര്യം. മറ്റൊരു പോരായ്മയുമില്ലെന്ന വിധത്തിലായിരുന്നു വിശദീകരണം. കാസർഗോഡ് ഇവിടെനിന്നും അകലെയാണ്. എന്നാൽ ആരോഗ്യ വകുപ്പുമന്ത്രി തിരുവനന്തപുരം ജില്ലയിലുള്ള ആൾ എന്ന നിലയിൽ ഞാൻ ചോദിക്കുകയാണ്, ഇവിടെയാണ് ഏറ്റവും പ്രധാനപ്പെട്ട ആരോഗ്യ കേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നത്. ഉത്രാടം തിരുനാൾ, ശ്രീചിത്ര, ആർ.സി.സി., മെഡിക്കൽ കോളേജ് എന്നിവയെല്ലാമുള്ള ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡുകൾപോലും ഭംഗിയായി നിലനിർത്താൻ കഴിയാത്ത, ഈ റോഡുകളിലൂടെ പോകാൻ കഴിയാത്ത സ്ഥിതിയാണുള്ളതെന്ന് ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടത്തെ പ്രതിനിധികൂടി ആയതുകൊണ്ട് ഇത് മന്ത്രിയുടെ ഉത്തരവാദിത്വത്തിൽപ്പെട്ടതല്ലെന്നുപറഞ്ഞ് ഒഴിയാൻ കഴിയില്ല. അതുപോലെ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ പ്രഖ്യാപനമല്ലാതെ അത് പ്രാവർത്തികമാക്കാനുള്ള നടപടിയായില്ല. ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപനങ്ങൾ നടത്തുന്നുവെന്നേയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി കാസർഗോഡ് വന്ന് ജില്ലാ ആശുപത്രിയുടെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിക്കുന്ന കെട്ടിടം ഉദ്ഘാടനം നടത്തിയിട്ട് ഒരു വർഷമായി. ഞങ്ങളൊക്കെ അതിൽ പങ്കെടുത്തതാണ്. എന്റെ മണ്ഡലത്തിലാണ് ജില്ലാ ആശുപത്രി സ്ഥിതി

ചെയ്യുന്നത്. ആ ഡയാലിസിസ് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ഇന്നും കഴിഞ്ഞിട്ടില്ല. അതിനാവശ്യമായ രണ്ട് മെഷീനുകൾ റോട്ടറി ക്ലബ് അനുവദിച്ചിരിക്കുകയാണ്. ഇതിന്റെ പ്രവർത്തനം ആരംഭിച്ചാൽ വീണ്ടും ഒരു യൂണിറ്റുകൂടി നൽകുമെന്ന് അവർ ഉറപ്പ് നൽകിയിരിക്കുകയാണ്. വളരെ വേദനാജനകമായ കാര്യമാണിത്. 25 ലക്ഷം രൂപയെങ്കിലും മുടക്കി അതിനത്യാവശ്യം വേണ്ട സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനുള്ള തടസ്സം കൊണ്ടുമാത്രമാണ് അത് നടക്കാതെപോകുന്നത്.

മറ്റൊരു പ്രധാനപ്പെട്ട വിഷയം ഡെങ്കിപ്പനി പോലുള്ള മാരകമായ രോഗങ്ങൾ പിടിപെടുമ്പോൾ, പ്രത്യേകിച്ച് വടക്കൻ മേഖലകളിലെ ആളുകൾക്ക് ജില്ലാ ആശുപത്രികളെയാണ് ആശ്രയിക്കുവാൻ കഴിയുന്നത്. ആ ജില്ലാ ആശുപത്രിയിൽ ബ്ലഡ് കമ്പോണന്റ്സ്, ബ്ലഡ് സെപ്പറേഷൻ യൂണിറ്റ് എന്നിവയുടെ പ്രവർത്തനം ആരംഭിക്കാൻ നേരത്തെ നടത്തിയ പ്രഖ്യാപനമല്ലാതെ ഇന്നും പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. അത്യാവശ്യം വേണ്ടുന്ന മെഷീനുകൾ ഇവിടെ നൽകിയിട്ടില്ല. അതിന്റെ ഫലമായി മംഗലാപുരത്തെ കെ.എം.സി. (കസ്തൂർബാ മെഡിക്കൽ കോളേജ്)-യിലേക്കാണ് ഈ ബ്ലഡ് സെപ്പറേഷന്റെ ആവശ്യവുമായി, ബ്ലഡ് കമ്പോണന്റ് തിരിച്ചറിയുന്നതിനുവേണ്ടി പോകേണ്ടി വരുന്നത്. പ്ലേറ്റ്‌ലെറ്റ്സ് പോലുള്ള കുറവുകൾ വരുമ്പോൾ അതിനാവശ്യമായ ചികിത്സ ചെയ്യാൻ സംവിധാനമില്ലാതെ പോകുന്നു. ഇത്തരം കാര്യങ്ങൾ വരുമ്പോൾ അതിന് ആശ്രയിക്കാൻ കഴിയുന്ന ജില്ലാ ആശുപത്രിയിലോ കാസർഗോഡ് ജനറൽ ആശുപത്രിയിലോ ഈ സെപ്പറേഷൻ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. അതിനാവശ്യമായ സംവിധാനമുണ്ടാക്കാൻ വേണ്ടിയുള്ള നിരന്തരമായ ആവശ്യവും പരിഗണിക്കപ്പെടാതെ പോകുകയാണ്.

എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട പുതുതായി രൂപീകരിച്ച വെള്ളരിക്കുണ്ട് താലൂക്കിൽ കുടങ്കല്ലിൽ സ്ഥിതിചെയ്യുന്ന സി.എച്ച്.സി.യെ താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ടിട്ട് ഇതുവരെ അത് ഉയർത്തിയില്ല. ഇവിടെ ഡോക്ടർമാരുടെ കുറവിന്റെ കാര്യം പറയുമ്പോൾ 65 ഡോക്ടർമാരാണ് കാസർഗോഡ് ജില്ലയിൽ കുറവുള്ളത്. 45 ഗ്രേഡ്-I നഴ്സുമാരും 36 ഗ്രേഡ്-II നഴ്സുമാരും ഉൾപ്പെടെയുള്ളവരുടെ കുറവുകൾ അവിടെ നില നിൽക്കുകയാണ്. പാരാ മെഡിക്കൽ സ്റ്റാഫിന്റെ കുറവ് വേറെ നിൽക്കുന്നു. മരുന്നുകളുടെ കാര്യത്തിൽ എല്ലാം യഥേഷ്ടമുണ്ടെന്ന് അവകാശപ്പെടുമ്പോഴും വളരെ

പെട്ടെന്ന് അത്യാഹിത വിഭാഗത്തിലേയ്ക്ക് എത്തുമ്പോൾപോലും മരുന്നില്ലാത്ത സാഹചര്യങ്ങൾ നേരിടേണ്ടിവരുന്നു. ഇവിടെ വിശദീകരിച്ചതുപോലെ എല്ലാം ഭംഗിയായി നടക്കുന്നുവെന്ന ധാരണ മന്ത്രി വച്ചുപുലർത്തുന്നത് കേരളത്തിലെ ആരോഗ്യരംഗത്തെ ഇന്നത്തെ സ്ഥിതിയെ കൂടുതൽ അപകടത്തിലാക്കു മെന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്രത്യേകിച്ച് നോക്കെത്താ ദൂരത്താണ് കാസർഗോഡ് എന്നുകരുതി അതിനെ അവഗണിക്കരുതെന്നും ഈ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടിയുണ്ടാകണമെന്നും ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്. ഈ കാര്യങ്ങൾ ശക്തിയായി ഉന്നയിച്ചുകൊണ്ട് ഇവിടെ ചർച്ചക്ക് തയ്യാറാകാത്തതിലുള്ള ശക്തിയായ പ്രതിഷേധമാണ് ഈ സന്ദർഭത്തിൽ രേഖപ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ അതിന്റെ ഭാഗമായി ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോക്ക് നടത്തുകയാണ്.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഇ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

ശ്രീ. സി. കെ. നാണു: സർ, പണ്ട് കേരളത്തിലെ ആളുകൾ ചികിത്സയ്ക്കുവേണ്ടി ആശ്രയിച്ചത് സർക്കാർ ആശുപത്രികളെയാണ്. പക്ഷേ ഇപ്പോൾ വർഷംതോറും സർക്കാർ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയും ജനങ്ങൾ ആശ്രയിക്കുന്നതിൽ, സ്വകാര്യ ആശുപത്രികളിൽ ജനങ്ങൾ ചികിത്സക്ക് പോകുന്നതിന്റെ തോത് വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. സ്വകാര്യ ചികിത്സയെ ജനങ്ങൾ ആശ്രയിക്കേണ്ടിവരുന്നത് കുറച്ചു കഴിയുമ്പോഴേക്കും നമ്മുടെ നാട്ടിൽ ദാരിദ്ര്യമുണ്ടാകുന്ന കാര്യത്തിൽ ഒരു പ്രധാന ഘടകമായി മാറും. അതിനെ സംബന്ധിച്ച് ആരോഗ്യ വകുപ്പും സംസ്ഥാന ഗവൺമെന്റും ഗൗരവമായി പരിശോധിക്കേണ്ടതാണ്. എന്തുകൊണ്ട് ഈ രാജ്യത്തിലെ ഇടത്തരക്കാരും സാധാരണക്കാരുമായ ആളുകൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നു എന്നുള്ളത് ഗൗരവമായി ആലോചിക്കേണ്ടതാണ്. അതുപോലെതന്നെ ഇവിടെ ഡോക്ടർമാരെ നിശ്ചയിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട അങ്കമാലി അംഗം ആവശ്യപ്പെട്ടിട്ടും അവിടത്തെ ആശുപത്രിയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്ന പാറ്റേണിന്റെ അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിയിച്ചില്ല എന്നാണ് അദ്ദേഹം പറയുന്നത്. കേരളത്തിൽ പുതിയ മെഡിക്കൽ കോളേജുകൾ വന്നത് നല്ലതുതന്നെ. എന്നാൽ ആ മെഡിക്കൽ കോളേജുകളിലേയ്ക്ക് പ്രൊഫസർമാരെയും

സീനിയർ ഡോക്ടർമാരെയും നിയമിച്ചത് കേരളത്തിലെ നിലവിലുള്ള ആശുപത്രികളിൽ നിന്നല്ലേ? നിലവിലുള്ള ആശുപത്രികളിൽനിന്ന് വിദഗ്ദ്ധ ഡോക്ടർമാരെ മാറ്റിയാൽ പഴയതുപോലെ അവയെ ആശ്രയിക്കാൻ സാധാരണക്കാരായ രോഗികൾ സന്നദ്ധമാകുമോ? ഇപ്പോൾ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ഡിസ്ട്രിക്ട് ആശുപത്രിയിലുമൊക്കെ ഡോക്ടർമാരെ നിയമിച്ചാൽ അവർ ലീവെടുത്തു പോവുകയാണ്. മൂന്നോ നാലോ മാസം കഴിഞ്ഞാൽ മാത്രമേ ആ ഡോക്ടർമാരുടെ പോസ്റ്റ് വേക്കന്റാണെന്ന് പറയാൻ സാധിക്കൂ. ഇത്തരം പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അതാത് പ്രദേശത്തുള്ള എം.എൽ.എ.-മാരെ ആളുകൾ സമീപിക്കുമ്പോൾ എം.എൽ.എ.-മാർ എന്ത് ചെയ്യും? ഈ വിഷയം സർക്കാർ ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഈ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നം ഇതാണ്. ഇൻഡ്യയിൽ ആരോഗ്യപരിപാലന രംഗത്ത് മുമ്പിൽനിന്ന സംസ്ഥാനമാണ് കേരളം. ഏറ്റവും പ്രധാനമായ മേഖല ആരോഗ്യമേഖലയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ച തരത്തിലുള്ള ഫണ്ട് ലഭിച്ചതുകൊണ്ടൊന്നും ആരോഗ്യമേഖല സംരക്ഷിക്കപ്പെടില്ല. ആരോഗ്യവകുപ്പിന് ഇപ്പോൾ നൽകുന്നതിനേക്കാൾ കൂടുതൽ സാമ്പത്തിക സഹായം നൽകാൻ സർക്കാർ സന്നദ്ധമാകണം. പല സാംക്രമിക രോഗങ്ങളും പടർന്നുപിടിക്കുന്ന അവസരത്തിൽ അതിൽനിന്ന് ജനങ്ങളെ രക്ഷിക്കാനാവശ്യമായ മരുന്നുകൾ അടിയന്തരമായി എത്തിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി തന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയ കാര്യങ്ങൾ, ആരോഗ്യ രംഗത്ത് സംസ്ഥാനം അനുഭവിക്കുന്ന പ്രശ്നങ്ങൾ ജനങ്ങളുടെ മുമ്പാകെ വിശദീകരിച്ചുകൊണ്ട് ഗവൺമെന്റിൽനിന്ന് അത് പരിഹരിച്ച് കിട്ടാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷം അടിയന്തര പ്രമേയം കൊണ്ടുവന്നത്. ഞാൻ ഇവിടെ പറയുന്നത് വടകര ജില്ലാ ആശുപത്രിയുടെ കാര്യമാണ്; അവിടെ ആവശ്യത്തിന് ഡോക്ടർമാരില്ല. താലൂക്കാശുപത്രിയായിരുന്ന അവസരത്തിൽ കോഴിക്കോട് ജില്ലയിൽ ഏറ്റവും കൂടുതൽ സ്ത്രീകൾ പ്രസവത്തിന് ആശ്രയിച്ചിരുന്ന ആശുപത്രിയാണത്. ഇന്ന് ജില്ലാ ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ പ്രസവ സംബന്ധമായി വരുന്നവരെ കിടത്തി ചികിത്സിക്കാനാവശ്യമായ ഡോക്ടർമാരില്ല. ഇതുപോലുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഇക്കാര്യങ്ങളെല്ലാം വളരെ വിശദമായി ചർച്ച ചെയ്യേണ്ടതായിരുന്നു. അതിന് സന്നദ്ധമാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും ഇറങ്ങിപ്പോകുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കേരളം നേരിടുന്ന ഏറ്റവും ഗുരുതരമായ ഒരു സാമൂഹ്യപ്രശ്നത്തെ സംബന്ധിച്ചാണ് ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചത്. ആരോഗ്യമേഖലയിൽ മുൻനിരയിലായിരുന്ന നമ്മുടെ സംസ്ഥാനം ഓരോ ദിവസം കഴിയുന്തോറും പുറകിലേക്ക് പോകുന്നു. നാം നാടുകടത്തിഎന്ന് അവകാശപ്പെടുന്ന പലരോഗങ്ങളുംതിരിച്ചു വന്നുകൊണ്ടിരിക്കുന്നു. നിലവിലുള്ള ആശുപത്രികളിൽ 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ഡോക്ടർമാർ പോലും ഇല്ലായെന്ന് ബഹുമാനപ്പെട്ടമന്ത്രി ഇവിടെ സമ്മതിച്ചിരിക്കുന്നു. അത് വളരെക്കാലമായി നിലനില്ക്കുന്നതാണ് എന്ന് അടച്ചാക്ഷേപിച്ചു കൊണ്ട് പ്രതിപക്ഷത്തെ അടിക്കാനുള്ളവടിയായി അത് ഉപയോഗിക്കുകയല്ല വേണ്ടത്. 1961-ലെ സ്റ്റാഫ് പാറ്റേൺ ഇന്ന് അപര്യാപ്തമാണെന്ന് ഗവൺമെന്റിന് ബോധ്യമുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ആരായുകയല്ലേ വേണ്ടത്? കേരളത്തിന്റെ ആരോഗ്യനില മെച്ചപ്പെടുത്താ നാവശ്യമായ നിർദ്ദേശങ്ങൾ ഒരു പൊതുചർച്ചയിലൂടെ സ്വീകരിക്കുന്നതിനുപകരം ആ ചർച്ച ഇവിടെ ഒഴിവാക്കിയത് എന്തിനാണ്? ബഹുമാനപ്പെട്ട മന്ത്രി അവകാശപ്പെടുന്നതു പോലെ എല്ലാം ഭംഗിയായാണ് നടക്കുന്നതെങ്കിൽ ഒരു ചർച്ചയിലൂടെ അത് ജനങ്ങളെ ബോധ്യപ്പെടുത്താൻ മന്ത്രിക്കും ഗവൺമെന്റിനും അതൊരു അവസരമല്ലേ; പിന്നെന്തിനാണ് ആരോഗ്യമേഖല പോലുള്ള വളരെ പ്രധാനപ്പെട്ട ഒരു മേഖലയിലെ പ്രശ്നം ചർച്ചയ്ക്ക് വന്നപ്പോൾ അത് വേണ്ടെന്ന് വയ്ക്കുന്നത്? ആദിവാസിമേഖലയിൽനിന്നും ഇക്കഴിഞ്ഞ നാലുവർഷക്കാലത്തിനിടയിൽ ഒരു ദിവസമെങ്കിലും നല്ലവാർത്ത കേൾക്കാൻ കഴിഞ്ഞിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങൾ ചെയ്തുവെന്ന് അവകാശപ്പെടുമ്പോഴും ഓരോ ദിവസവും ദുരന്തവാർത്തകൾ നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു; ഇതിനൊരു പരിഹാരം കാണണ്ടേ; അതിന് ചർച്ചയിലൂടെ പരിഹാരം കാണുക എന്നതല്ലാതെ മറ്റെന്ത് നിലപാടാണ് സ്വീകരിക്കുക? ചർച്ചക്കുപോലും തയ്യാറാകാതെ ജനങ്ങളോടുള്ള വെല്ലുവിളി നടത്തിക്കൊണ്ട് പ്രതിപക്ഷത്തെ അടിക്കാനുള്ള വടിയായി മാത്രം അടിയന്തരപ്രമേയ സന്ദർഭത്തെ ഉപയോഗപ്പെടുത്തുന്ന ഗവൺമെന്റ് നിലപാട് ശരിയല്ല; ആ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി)

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വർക്കല കഹാർ)

## III. ശ്രദ്ധ ക്ഷണിക്കൽ

### (1) തെരുവ് നായ്ക്കളുടെ ആക്രമണം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, സംസ്ഥാനത്ത് അതിരൂക്ഷമായി ബാധിച്ചുകൊണ്ടിരിക്കുന്ന ഒരു സാമൂഹ്യപ്രശ്നമാണ് തെരുവുനായ്ക്കളുടെ ശല്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി ആ കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് ഒരപേക്ഷയുണ്ട്. സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ എണ്ണം വർദ്ധിക്കുന്തോറും ജനങ്ങളുടെ ഭീതി വളർന്നുകൊണ്ടിരിക്കുകയാണ്. ഔദ്യോഗിക കണക്കനുസരിച്ച് ഏകദേശം 5 ലക്ഷത്തോളം തെരുവ് നായ്ക്കൾ സംസ്ഥാനത്തുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കണക്കനുസരിച്ച് തെരുവുനായ്ക്കളുടെ കടിയേറ്റ് 90,000-ത്തോളം ആളുകൾ ആശുപത്രിയിലെത്തിയിട്ടുണ്ട്. കഴിഞ്ഞ വർഷം എട്ടോളം ആളുകൾ പേവിഷബാധയേറ്റ് മരണപ്പെടുകയും ചെയ്തു. പൊതുനിരത്തുകൾ മാത്രമല്ല, ആശുപത്രികൾ, പൊതുസ്ഥാപനങ്ങൾ, എം.എൽ.എ. ക്വാർട്ടേഴ്സ്, സെക്രട്ടേറിയറ്റ്, ഗവർണ്ണറുടെ വസതി തുടങ്ങിയ പൊതുസ്ഥാപനങ്ങളിലൊക്കെ തെരുവുനായ്ക്കളുടെ ശല്യം വലിയ നിലയിൽ വർദ്ധിച്ചുവരികയാണ്. തെരുവുനായ്ക്കൾ ജനങ്ങളെ, പ്രത്യേകിച്ച് സ്ത്രീകളെയും കുട്ടികളെയും വളരെയധികം ഉപദ്രവിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യരെ മാത്രമല്ല നമ്മൾ ഓമനിച്ചുവളർത്തുന്ന പശു, ആട് തുടങ്ങിയ വളർത്തുമൃഗങ്ങളെയും തെരുവുനായ്ക്കൾ കടിക്കുകയാണ്. ഇങ്ങനെ തെരുവുനായ്ക്കൾ കടിച്ചതായ വാർത്തകൾ സംസ്ഥാനത്ത് വ്യാപകമായിക്കൊണ്ടിരിക്കുന്നതിനാൽ ഇന്ന് അതൊരു വാർത്തയല്ലാതായി മാറിയിരിക്കുന്നു. തൊട്ടിലിൽ കിടക്കുന്ന കുട്ടികളെപ്പോലും തെരുവുനായ്ക്കൾ കടിക്കുന്നതായിട്ടുള്ള വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. തെരുവുനായ്ക്കൾ കടിക്കുന്നതുമൂലം പലരുടെയും മുഖം വികൃതമാകുകയാണ്. തെരുവുനായ്ക്കളുടെ കടിയേൽക്കുന്നവർ പേവിഷബാധയ്ക്കുള്ള കുത്തിവയ്പിന് പോകേണ്ടിവരികയാണ്. പേവിഷബാധയ്ക്കുള്ള മരുന്ന് എല്ലാ സ്ഥലങ്ങളിലും ആവശ്യത്തിന് ലഭിക്കുന്നില്ല എന്ന റിപ്പോർട്ടാണുള്ളത്. മാത്രമല്ല, ലോകത്തുള്ള ഒരു മരുന്നുകൊണ്ടും പേവിഷം ബാധിച്ച രോഗിയെ രക്ഷപ്പെടുത്താൻ കഴിയില്ല; അവർക്ക് മരണം മാത്രമേ വിധിച്ചിട്ടുള്ളൂ. പേവിഷബാധയേറ്റുള്ള മരണമെന്ന് പറയുന്നത് ഏറ്റവും ബീഭത്സമാണ്. ജയിലറകളിൽ ജയിൽപ്പുള്ളികളെ

ഇടുന്നതുപോലെയാണ് ആശുപത്രികളിലെ സെല്ലിൽ ഈ രോഗം ബാധിക്കുന്ന ആളുകളെ പാർപ്പിക്കുന്നത്. ബന്ധുമിത്രാദികൾക്കുപോലും ദയനീയമായി നോക്കിനില്ക്കാൻ മാത്രമേ സാധിക്കുകയുള്ളൂ. അത്രയും ദയനീയമാണ് പേവിഷബാധയേല്ക്കുന്ന ആളുകളുടെ അവസ്ഥ. തെരുവുകളിൽ ഉടമസ്ഥരില്ലാത്ത നായ്ക്കൾ പെരുകുന്തോറും ജനങ്ങൾക്ക് ഭീതിയേറുകയാണ്. ഈ അവസ്ഥയ്ക്ക് ഇന്നുവരെ ശാശ്വത പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പരിഷ്കൃത രാജ്യങ്ങളിലും ഇത് അനുവദിക്കില്ല. ആ രാജ്യങ്ങളിലൊന്നും തെരുവുനായ്ക്കൾ അലഞ്ഞുതിരിഞ്ഞു നടക്കുന്ന സാഹചര്യമുണ്ടാകില്ല.തെരുവിൽ ഒരു നായയെങ്ങാനും വന്നാൽ അതിന്റെ ഉടമസ്ഥനാരാണെന്ന് കണ്ടെത്തി അയാൾക്കെതിരെ നടപടി സ്വീകരിക്കും. ഇവിടെ ഉടമസ്ഥരില്ലാതെ തെരുവുനായ്ക്കൾ തെരുവുകളിൽ അങ്ങേയറ്റം വിഹരിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള നിയമങ്ങളൊന്നും ഇതിന് എതിരല്ല. ഇൻഡ്യൻ പാർലമെന്റ് 1960-ൽ പാസ്സാക്കിയ 'The Prevention of Cruelty to Animals Act'-ന്റെ സെക്ഷൻ 9(എഫ്)-ലും 11(3)(ബി)-യിലും അപകടകരമായ തെരുവുനായ്ക്കളെ കൊല്ലാമെന്ന് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും കേരള ഹൈക്കോടതിയും പറഞ്ഞിട്ടുള്ളതും അപകടകരമായ തെരുവുനായ്ക്കളെ കൊല്ലണമെന്നുതന്നെയാണ്. നിലവിലുള്ള നിയമത്തിനും കോടതി വിധികൾക്കുമെതിരായിട്ടുള്ള ഒരു വിധിയും ഉണ്ടായിട്ടില്ല. ഇങ്ങനെയുള്ളപ്പോൾ നമ്മൾ ആരെയാണ് ഭയപ്പെടുന്നത്? കഴിഞ്ഞതവണ ഞാൻ ഇവിടെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചു. അതിനുശേഷം ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജൂലൈ മാസം 9-ാം തീയതി തെരുവുനായ്ക്കളുടെ ശല്യത്തിൽനിന്ന് കേരളത്തെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ഒരു യോഗം വിളിച്ചുകൂട്ടുകയും ആ യോഗത്തിൽ എല്ലാ രാഷ്ട്രീയ കക്ഷിനേതാക്കന്മാരും പങ്കെടുക്കുകയുമുണ്ടായി. ആ യോഗത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗസ്ഥരും രാഷ്ട്രീയകക്ഷി നേതാക്കളും ഏകകണ്ഠമായി എടുത്ത തീരുമാനം അപകടകാരികളായ തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യണമെന്നും സംസ്ഥാനത്ത് എ.ബി.സി. റൂൾസ് (Animal Birth Control (Dogs) Rules, 2001) നടപ്പിലാക്കണമെന്നും കൂടാതെ വന്ധ്യംകരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കണമെന്നുമാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, കേന്ദ്രമന്ത്രി ശ്രീമതി മനേകാഗാന്ധി തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയെ ഫോണിൽ വിളിച്ച് പേ പിടിച്ച

നായ്ക്കളെപോലും കൊല്ലാൻ പാടില്ലെന്ന് warn ചെയ്തതായി പത്രത്തിൽ വായിച്ചു. അത് തെറ്റല്ലേ? പേ പിടിച്ച നായകളെ കൊല്ലാമെന്ന് സുപ്രീം കോടതിതന്നെ പറഞ്ഞിരിക്കെ കേന്ദ്രമന്ത്രിക്ക് തിരുവനന്തപുരം കോർപ്പറേഷനിൽ ഇടപെടാൻ എന്താണ് കാര്യം?

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എടുത്ത തീരുമാനം നമുക്ക് നടപ്പിലാക്കേണ്ടതുണ്ട്. അത് നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിക്കുകയും ചെയ്തിരുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മാത്രമല്ല ബഹുമാന്യരായ നഗരവികസന വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും ഇക്കാര്യവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പങ്കെടുക്കുകയും തീരുമാനമെടുക്കുകയും ചെയ്തതാണ്. നിലവിലുള്ള ഒരു നിയമവും തെരുവുനായ്ക്കളെ കൊല്ലുന്നതിന് എതിരായി ഇല്ലെന്ന് നിയമ വകുപ്പ് സെക്രട്ടറി കൃത്യമായി പറയുകയുണ്ടായി. എന്നിട്ടും നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം സൂചിപ്പിക്കുകയാണ്. ശ്രീ. കെ. മുരളീധരൻ സൂചിപ്പിച്ച കാര്യവുംകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം പത്രത്തിൽ വന്ന വാർത്ത ശരിയാണ്. തെരുവുനായ്ക്കളുടെ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്തതിന്റെ അടിസ്ഥാനത്തിൽ, കേന്ദ്ര വനിതാ-ശിശുക്ഷേമ വികസന വകുപ്പുമന്ത്രിയായ ശ്രീമതി മനേകാ ഗാന്ധിയുടെ ഒരു പ്രതിനിധി എന്റെ അടുത്ത് വരികയുണ്ടായി. ഞാൻ അവരോട് കേരളത്തിന്റെ അവസ്ഥ മുഴുവൻ പറഞ്ഞു. അവർ തിരിച്ചുപോയി. എന്നെ സമീപിച്ചതുപോലെ അവർ പലയിടത്തും പോകുകയുണ്ടായി. ഇപ്പോൾ കാണാൻ കഴിയുന്നത്, ബഹുമാന്യയായ കേന്ദ്രമന്ത്രിയുടെ പ്രതിനിധി മാത്രമല്ല ശ്രീമതി മനേകാ ഗാന്ധിതന്നെ നേരിട്ട് ഫോണിൽ വിളിച്ച് ആൾക്കാരെ വിരട്ടുന്നുവെന്നുള്ളത് പ്രതിഷേധാർഹമാണ്. മനുഷ്യജീവനാണ് ഏറ്റവും വലുത്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി അദ്ദേഹത്തിന്റെ പത്രമായ യംഗ് ഇന്ത്യയിൽ തെരുവ് നായ്ക്കളെ വെടിവെച്ചു കൊല്ലേണ്ടതാണെന്ന് എഴുതിയിരുന്നു. അഹിംസയുടെ ഏറ്റവും വലിയ വക്താവായ ലോകം ആരാധിക്കുന്ന മഹാത്മാഗാന്ധിപോലും തെരുവുനായ്ക്കളുടെ ശല്യത്തിൽനിന്നും നമ്മുടെ ജനതയെ രക്ഷിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

ശ്രീ. പി. കെ. ബഷീർ: സർ, .............

മി. ചെയർമാൻ: ശ്രദ്ധ ക്ഷണിക്കൽ ഉന്നയിച്ച ആൾക്ക് ഒരു ചോദ്യം

ചോദിക്കാം. എന്നാൽ അദ്ദേഹത്തോട് മറ്റംഗങ്ങൾ ചോദ്യം ചോദിക്കാൻ പാടില്ല.

ശ്രീ. പി. കെ. ബഷീർ: സർ, ഇതൊരു പ്രധാന പ്രശ്നമായതുകൊണ്ടാണ്. തെരുവ് നായ്ക്കളെ കൊല്ലാൻ പാടില്ലായെന്നും വന്ധ്യംകരണം നടത്തണമെന്നും പറയുന്നു. ഇതിന് എന്തെങ്കിലും ഒരു പരിഹാരമാർഗ്ഗം വേണ്ടേ? എല്ലാവരും തത്വം പറയുകയാണ്. ആരാന്റെ കുട്ടിക്ക് ഭ്രാന്ത് ഉണ്ടാകുമ്പോൾ കാണാൻ നല്ല രസമാണ്. അവനനവന്റെ മക്കളെ പേപ്പട്ടി കടിച്ചുനോക്കണം. അപ്പോൾ അതിന്റെ അവസ്ഥ അറിയാം.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട ഗുരുതരാവസ്ഥ അത്രമാത്രം ഉള്ളതുകൊണ്ടാണ് ഓരോ അംഗങ്ങളും ഇടപെട്ട് സംസാരിക്കുന്നത്. ഇത്തരത്തിൽ ഒരു കേന്ദ്രമന്ത്രി ഇടപെടുന്നത് ശരിയാണോ? നിലവിലുള്ള നിയമം നമുക്ക് അനുകൂലമായിരിക്കുകയും കേരളത്തിലെ സ്ഥിതി പരിതാപകരമായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇക്കാര്യവുമായി ബന്ധപ്പെട്ട് ഗവൺമെന്റും തദ്ദേശഭരണ സ്ഥാപനങ്ങളും മുന്നോട്ടുപോകുമ്പോൾ അങ്ങനെ ചെയ്യരുത് എന്നുപറഞ്ഞ് ഭീഷണിയുടെ സ്വരം ഉയർത്തിക്കൊണ്ട് ഒരു കേന്ദ്രമന്ത്രി ഇടപെടുന്നത് ദു:ഖകരമാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആന്റി റാബീസ് വാക്സിൻ ലോബികൾപോലും രംഗത്തുണ്ടെന്ന് വാർത്ത വന്നിരിക്കുകയാണ്. ഇത് അങ്ങേയറ്റം അപകടകരമാണ്.

മി. ചെയർമാൻ: 8 മിനിറ്റ് കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഈയൊരവസ്ഥയിൽനിന്നും കേരളത്തെ മോചിപ്പിക്കേണ്ടത് ആവശ്യമാണ്. ഇത്രയും ഗുരുതരമായ വിഷയത്തിൽ പരിഹാരമുണ്ടാകണം. ബഹുമാനപ്പെട്ട നഗരകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നും ഒരു പ്രതികരണം ഉണ്ടാകണം. ഈ വിഷയത്തിൽ അടിയന്തരമായി പരിഹാരമുണ്ടാകേണ്ടതാണ്. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവപൂർവ്വം എടുക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് വന്ധ്യംകരണം ഉൾപ്പെടെ നിരവധി പദ്ധതികൾ കൊണ്ടുവന്നുവെങ്കിലും ഇപ്പോഴും നായ്ക്കളുടെ കടിയേറ്റ് നിരവധി പേർക്ക് പരിക്കേൽക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. നിയമപ്രശ്നവും

നായ്ക്കളുടെ അനിയന്ത്രിതമായ പെരുപ്പവും ജനങ്ങളുടെ സ്വൈര്യജീവിതത്തെ ബാധിച്ചിട്ടുണ്ട്. നിയമത്തിന്റെ പിൻബലമില്ലാത്തതിനാൽ തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉദ്ദേശിച്ച രീതിയിലുള്ള പ്രവർത്തനം കാഴ്ചവെയ്ക്കാനാകുന്നില്ല. ഫലമാകട്ടെ കുഞ്ഞുങ്ങളും വൃദ്ധരും അടക്കമുള്ള അനേകംപേർക്ക് ഇതിനകം കടിയേൽക്കുകയും ചെയ്യുന്നു. ഹൃദയം തകരുന്ന കാഴ്ചകൾ നേരിട്ടും മാധ്യമങ്ങൾ വഴിയും നമ്മൾ കാണുന്നു. ജനഹിതവും നിയമവും രണ്ടു വഴിക്കാണെന്ന് പറയാതെ വയ്യ. തെരുവുനായ ശല്യത്തിനെതിരെ നടപടിയാവശ്യപ്പെട്ട് ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി ഉൾപ്പെടെ വ്യക്തികളും സംഘടനകളും സമരവുമായി രംഗത്തുണ്ട്. അതീവ ഗുരുതരമായ ഈ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുമ്പോൾ അതിനെ തടസ്സപ്പെടുത്താൻ മനുഷ്യജീവന് വിലകൽപ്പിക്കാത്ത വിധമുള്ള ആവശ്യങ്ങളുമായി മറ്റുചില സംഘടനകളും അധികാര കേന്ദ്രത്തിലുള്ള ഉന്നതരും നിരന്തരമായി ശ്രമിക്കുകയാണ്. കേന്ദ്രമന്ത്രി ശ്രീമതി മനേകാ ഗാന്ധി സർക്കാരിനെയോ വകുപ്പിനെയോ അറിയിക്കാതെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയെ കഴിഞ്ഞ ദിവസം നേരിട്ട് ഫോണിൽ വിളിച്ച് നിർദ്ദേശങ്ങൾ നൽകിയെന്ന് സെക്രട്ടറി അറിയിക്കുകയുണ്ടായി. ഇത് സർക്കാർ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. കേരളത്തിലെ ജനങ്ങളുടെ അവസ്ഥ മനസ്സിലാക്കാതെയുള്ള കേന്ദ്രമന്ത്രിയുടെഇത്തരംനടപടികൾ പ്രതിഷേധാർഹമാണ്. തെരുവുനായ്ക്കളുടെ ശല്യം രൂക്ഷമായതിനെത്തുടർന്ന് കഴിഞ്ഞ ജൂണിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരോഗ്യം, കൃഷി, പഞ്ചായത്ത്, നഗരകാര്യം എന്നീ വകുപ്പുമന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ സർവ്വകക്ഷി യോഗം ചേർന്നിരുന്നു. തെരുവ് നായ്ക്കളുടെ ശല്യത്തിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് കർശനമായ നടപടികൾ സ്വീകരിക്കാൻ യോഗം തീരുമാനിക്കുകയുണ്ടായി. പേവിഷബാധയേറ്റതും അക്രമകാരികളുമായ നായ്ക്കളെ കൊല്ലാൻ തടസ്സമില്ല. തദ്ദേശ ഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പാലിക്കാൻ സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മൃഗസംരക്ഷണ വകുപ്പ് ഒരു Massive Vaccination and Sterilization Programme നടത്തിവരുന്നുണ്ട്. വീട്ടിൽ വളർത്തുന്നവ ഉൾപ്പെടെയുള്ള എല്ലാ നായ്ക്കളെയും കുത്തിവയ്ക്കാനും സ്റ്റെറിലൈസ് ചെയ്യാനുമാണ് പദ്ധതി. ഇതിനായി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിൽ 50 പോളി ക്ലിനിക്കുകൾ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. 25 ക്ലിനിക്കുകൾകൂടി ഉടൻ തയ്യാറാക്കും. നായ്ക്കളെ പിടിച്ച് ക്ലിനിക്കുകളിൽ എത്തിക്കുന്ന ചുമതല തദ്ദേശഭരണ

സ്ഥാപനങ്ങൾക്കാണ്. തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിന് പദ്ധതി വിഹിതം ഉപയോഗിച്ച് പ്ലാൻ തയ്യാറാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ജില്ലാ പഞ്ചായത്തുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൊല്ലം, കോട്ടയം പോലുള്ള ചില ജില്ലാ പഞ്ചായത്തുകൾ ഇക്കാര്യത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ജില്ലാ കളക്ടർമാർ ഈ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തി സർക്കാരിനെ അറിയിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ വന്ധ്യംകരണം തന്നെയാണ് ഫലപ്രദമായ മാർഗ്ഗമെന്ന് പറയാതെ വയ്യ. ഒരു ജോഡി നായ്ക്കൾ 3 വർഷം കൊണ്ട് 325 കുഞ്ഞുങ്ങളെ പ്രസവിപ്പിക്കുമെന്നാണ് ഇതുസംബന്ധിച്ച ഒരു പഠനം വ്യക്തമാക്കുന്നത്. സംസ്ഥാനത്താകെ 2 ലക്ഷം തെരുവ് നായ്ക്കൾ ഉണ്ടെന്നാണ് കണക്ക്. പ്രജനനം നിയന്ത്രിച്ചില്ലെങ്കിൽ ഉണ്ടാകുന്ന ഭീകരമായ അവസ്ഥയെക്കുറിച്ച് ചിന്തിക്കാൻതന്നെ പ്രയാസമാണ്. അതുകൊണ്ട് മൃഗസംരക്ഷണത്തിന്റെയും മൃഗസ്നേഹത്തിന്റെയും മറവിൽ മനുഷ്യത്വം മറന്നുപോകുന്നവർ എത്രതന്നെ വിരട്ടിയാലും സർക്കാരിന്റെ സർവ്വ അധികാരങ്ങളും ഉപയോഗിച്ച് ഇവയെ നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ വന്ധ്യംകരണത്തിനും പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പിനുംശേഷം ഷെൽട്ടറുകൾ കെട്ടി പാർപ്പിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. പേവിഷബാധയുള്ളതും മറ്റ് മാരകരോഗങ്ങൾ ബാധിച്ചതും അക്രമകാരികളുമായ നായ്ക്കളെ ദയാവധത്തിന് വിധേയമാക്കുന്നതിന് തടസ്സമില്ലെന്ന് ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് തെരുവ് നായ്ക്കളുടെ വംശവർദ്ധനവ് നിയന്ത്രിക്കുന്നതിനും ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനുമുള്ള സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ ഇടപെടൽ വല്ലാതെ ബുദ്ധിമുട്ടിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജൂലൈ 9-ാം തീയതി യോഗം വിളിച്ചുചേർത്ത് ഒരു തീരുമാനം എടുത്തതാണ്. അത് നടപ്പിലാക്കാത്ത സാഹചര്യം ദുഃഖകരമാണ്. ഗവൺമെന്റ് ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും

വകുപ്പുമന്ത്രി ശ്രീ. മഞ്ഞളാംകുഴി അലി ഗവൺമെന്റ് എടുത്ത നടപടികളെക്കുറിച്ച് ഇവിടെ വിശദീകരിച്ചു. ഇന്ന് കേരളത്തിൽ വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കുന്നൊരു പ്രശ്നമാണിത്. കുട്ടികൾക്കും രാവിലെ നടക്കാനിറങ്ങുന്നവർ ക്കുമൊക്കെ വലിയൊരു ഭീഷണിയായി തെരുവ് നായ്ക്കൾ മാറിയിട്ടുണ്ട്. വളരെ നിർഭാഗ്യകരവും വേദനാജനകവുമായിട്ടുള്ള സംഭവങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനൊരു പരിഹാരം ഉണ്ടായേ തീരൂ.മൃഗങ്ങളോട് ക്രൂരതകാട്ടുന്ന സമീപനമൊന്നും ഗവൺമെന്റിനില്ല. പക്ഷെ ജനങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തിയേ മതിയാകൂ. അലഞ്ഞുതിരിഞ്ഞു നടക്കുന്നനായ്ക്കൾ കുട്ടികളെയും പ്രായമായവരെയും നടക്കാനിറങ്ങുന്നവരെയുമൊക്കെ കടന്ന് ആക്രമിക്കുന്ന അവസരവും സാഹചര്യവും ഒഴിവാക്കിയേ പറ്റൂ. അതിന് ഗവൺമെന്റ് നടപടി സ്വീകരിക്കും. കേന്ദ്രത്തിൽ നിന്ന് ചില നിർദ്ദേശങ്ങൾ വരുന്നുണ്ട്. ആ നിർദ്ദേശങ്ങളോട് നമ്മൾ ഏറ്റവും നല്ല രീതിയിൽത്തന്നെയാണ് പ്രതികരിക്കുന്നത്. അർത്ഥശങ്കയില്ലാത്ത വിധത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്, കുട്ടികളുടെയും ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുകയെന്നുള്ളതിനാണ് ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കുന്നത്. അതിനുവേണ്ടി പഞ്ചായത്തുകൾവഴി വന്ധ്യംകരണം പോലുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാണ്, സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അത് കുറേക്കൂടി വിപുലീകരിക്കാൻ ആഗ്രഹിക്കുന്നു. അതിന്റെയൊക്കെ റിസൾട്ട് കിട്ടണമെങ്കിൽ വർഷങ്ങൾ എടുക്കും. അതുവരെയുള്ള ഭീഷണി എങ്ങനെ നേരിടണമെന്നതാണ് പ്രശ്നം. ഏതായാലും അക്രമകാരികളായതും പേ ബാധിച്ചതുമായ നായ്ക്കളെ സംബന്ധിച്ച കാര്യത്തിൽ ഗവൺമെന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, നിയമം അനുശാസിക്കുന്ന നിലയിൽ കോടതി വിധികൾ അനുസരിച്ച് അപകടകാരികളായ തെരുവ് നായ്ക്കളെ കൊല്ലാമെന്ന് പറയുന്നുണ്ട്. അത് അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും സമ്മതിച്ച കാര്യവുമാണ്. അക്കാര്യം കാണിച്ചുകൊണ്ടും എ.ബി.സി. റൂൾസ് ശക്തമായി നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അടിയന്തരമായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഒരിക്കൽക്കൂടി നിർദ്ദേശം കൊടുക്കാം.

### (2) വിവിധ ഭവനനിർമ്മാണ പദ്ധതികളുടെ പൂർത്തീകരണം

<u>ശ്രീ. എ. കെ. ബാലൻ</u>: കേരളത്തിലെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നമാണ് ശ്രദ്ധക്ഷണിക്കലായി ഞാനിവിടെ കൊണ്ടുവരുന്നത്. എന്റെയും മറ്റ് മെമ്പർമാരുടെയും ചോദ്യങ്ങൾക്ക് സംസ്ഥാന ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ നൽകിയ ഉത്തരങ്ങളാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിന്റെ ഉള്ളടക്കമാക്കിയെടുത്തിരിക്കുന്നത്. അത് ഞാൻ ആദ്യമേ പറയുകയാണ്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ ഗുണഭോക്താക്കളിൽ ഏറെയും സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എസ്.സി./എസ്.ടി./ബി.പി.എൽ. വിഭാഗങ്ങളാണ്. ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് അത് പൂർത്തീകരിക്കാൻ ആകാത്തതും പ്രഖ്യാപിക്കപ്പെട്ട പല പദ്ധതികളും നടപ്പാക്കാത്തതും ഭവനരഹിതരുടെ എണ്ണം വർദ്ധിപ്പിക്കുകയാണ്. റവന്യൂ കമ്മീഷണറുടെ കണക്ക് പ്രകാരം 2013-ലെ ഭവനരഹിതരുടെ എണ്ണം 4,70,606 ആയിരുന്നു. ദുർബല വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കായി 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയാണ് സാഫല്യം ഭവനനിർമ്മാണ പദ്ധതി. ഇതിനായി 2012-13 സാമ്പത്തിക വർഷം ഫണ്ട് ലഭ്യമാക്കിയില്ല. ഈ വർഷം അഞ്ച് കോടി രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പാക്കിയില്ല. 2013-14-ൽ പദ്ധതി നാല് പഞ്ചായത്തുകളിലാണ് ആവിഷ്കരിച്ചത്. അതിൽ ഒരു പഞ്ചായത്തിലെ 48 ഫ്ലാറ്റുകൾ മാത്രമാണ് പൂർത്തീകരിച്ചത്. മറ്റുള്ളവയെല്ലാം പാതിവഴിയിലാണ്. 2014-15-ലെ പദ്ധതികൾക്കായി മൂന്ന് പഞ്ചായത്തുകളെ തെരഞ്ഞെടുത്തെങ്കിലും അത് കാര്യക്ഷമമായി മുന്നോട്ടുപോയില്ല. 4 വർഷം കൊണ്ട് 312 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 48 പേർക്കാണ് അതിന്റെ ഗുണം ലഭിച്ചത്. മൂന്നര കോടി രൂപ മാത്രമാണ് ഇതുവരെ ഈ പദ്ധതിക്കായി ചെലവഴിച്ചത്. ആകെ 21 കോടി രൂപ വകയിരുത്തി. അതിൽ റിലീസ് ചെയ്തത് 6 കോടി രൂപയാണ്. രണ്ടോമൂന്നോ സെന്റ് ഭൂമി സ്വന്തമായി കൈവശമുള്ള ദുർബല ജനവിഭാഗങ്ങൾക്കുള്ള ഭവന പദ്ധതിയാണ് ഗൃഹശ്രീ ഭവനപദ്ധതി. 2013-14-ൽ 523 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തെങ്കിലും 485 പേർക്കാണ് നാല് ഗഡുക്കളും അനുവദിച്ചിട്ടുള്ളത്. 2014-15-ൽ 14.19 കോടി രൂപ വകയിരുത്തി. 10.81 കോടി രൂപ റിലീസ് ചെയ്തു. തെരഞ്ഞെടുത്ത 709 ഗുണഭോക്താക്കളിൽ 212 പേർക്ക് മാത്രമാണ് 4 ഗഡുക്കളും നൽകിയത്. സർക്കാർ നിയമസഭയിൽ നൽകിയിട്ടുള്ള മറുപടി പ്രകാരം 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച അന്യസംസ്ഥാന തൊഴിലാളി നൈറ്റ് ഷെൽട്ടർ പദ്ധതി, മൂന്ന് വർഷം കൊണ്ട് മൂന്ന് ലക്ഷം വീടുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതി, ഇന്നൊവേറ്റീവ് ഭവനപദ്ധതി, സാഫല്യം ഭവനപദ്ധതി, ഗൃഹശ്രീ ഭവനപദ്ധതി തുടങ്ങിയവയൊന്നും ലക്ഷ്യം

കണ്ടില്ല. 2015-16 വർഷത്തെ ബഡ്ജറ്റിൽ പെട്രോൾ, ഡീസൽ എന്നിവയിൽ ഒരു ശതമാനം അധിക വിൽപ്പന നികുതി ചുമത്തി അതിന്റെ 50 ശതമാനം പാവപ്പെട്ടവർക്ക് വീട് നൽകുന്നതിന് ഉപയോഗിക്കുമെന്ന് ഗവൺമെന്റ് വാഗ്ദാനം ചെയ്തു. 254 കോടി രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്. പക്ഷെ ഈ പദ്ധതിക്ക് ഇതുവരെ ഭരണാനുമതി പോലും ലഭിച്ചിട്ടില്ല. ഇവകൂടാതെ മറ്റുചില ഭവന പദ്ധതികളും സർക്കാർ പ്രഖ്യാപിച്ചിരുന്നു. 1.72 ലക്ഷം കുടുംബങ്ങൾക്ക് വീട് നൽകുന്ന എല്ലാവർക്കും പാർപ്പിടം പദ്ധതി, മെഡിക്കൽ കോളേജിലെ രോഗികൾക്ക് തുച്ഛനിരക്കിൽ വീട് വാടകക്ക് നൽകുന്ന സാന്ത്വനം പദ്ധതി, മുതിർന്ന പൗരന്മാർക്കുള്ള പകൽ വിശ്രമകേന്ദ്രം ഇതെല്ലാം വെറും കടലാസിൽ മാത്രമാണ്. ഇതിന് ഒരു രൂപപോലും വകയിരുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന ഇന്ദിരാ ആവാസ് യോജന പദ്ധതി പെരുവഴിയിലായി. യൂണിറ്റ് കോസ്റ്റിന്റെ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ചുവെന്ന് സർക്കാർ പറയുന്നുണ്ട്, നല്ലതുതന്നെ. പക്ഷെ എന്തുകൊണ്ടാണ് അനുവദിച്ച വീടുകൾ പാവങ്ങൾക്ക് പൂർത്തീകരിക്കാൻ കഴിയാത്തതെന്ന് പറയാമോ? സംസ്ഥാന വിഹിതം പൂർണ്ണമായി അതാത് വർഷം നൽകാത്തതാണ് പ്രശ്നം.

ഈ സഭയിൽ 4-12-2015-ലെ എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട ഗ്രാമവികസന വകുപ്പുമന്ത്രി നൽകിയ മറുപടി, '2014-15-വരെ 193005 വീടുകളാണ് അനുവദിച്ചത്. അതിൽ 2014-15 വരെ സ്പിൽ ഓവർ ഉൾപ്പെടെ 154272 വീടുകളാണ് പൂർത്തീകരിച്ചത്.' അതായത് 38738 വീടുകൾ ഇനിയും പൂർത്തീകരിക്കാനുണ്ട്. ഇത് ഗവൺമെന്റിന്റെ കണക്കാണ്. 650 കോടിയോളം രൂപയാണ് സർക്കാർ കുടിശ്ശികയാക്കിയിട്ടുള്ളത്. ഈ തുക ഹഡ്കോയിൽനിന്നും വായ്പയെടുത്ത് നൽകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി 9-12-2014-ലെ എന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടി പറഞ്ഞതാണ്. എന്നാൽ, മേൽ സൂചിപ്പിച്ച എന്റെ ചോദ്യത്തിനുള്ള മറുപടിയിൽപറയുന്നത് ഹഡ്കോയിൽനിന്നും വായ്പയെടുക്കാനുള്ള തീരുമാനം ഗവൺമെന്റ് പിൻവലിച്ചുവെന്നാണ്. പകരം സർക്കാർ തന്നെ 500 കോടി രൂപ അനുവദിച്ചുവെന്നും ഇതിൽ 300 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയെന്നും പറയുന്നു. 200 കോടി രൂപ അപ്പോഴും കുടിശ്ശികയാണ്. നാല് വർഷം മുമ്പ് ഒന്നോരണ്ടോ ഗഡുവാങ്ങി പൂർത്തിയാകാതെ കിടക്കുന്ന വീടുകൾക്ക് അന്നത്തെ റേറ്റ് അനുസരിച്ചുള്ള തുക നൽകിയാൽ ഇപ്പോൾ അത് പൂർത്തീകരിക്കാൻ കഴിയില്ല. 2011-12-ലെ 2431 വീടുകൾ ഇപ്പോഴും പൂർത്തീകരിക്കാനുണ്ട്. നാല് വർഷത്തിനിടയിൽ നിർമ്മാണവസ്തുക്കളുടെ വില വളരെയധികം വർദ്ധിച്ചു. ഈ പ്രതിസന്ധിക്ക് പരിഹാരം കാണണം. ഇങ്ങനെ

മുടങ്ങിക്കിടക്കുന്ന എസ്.സി./എസ്.ടി. ജനവിഭാഗങ്ങളുടെ വീടുകളാണ് ഇതിൽ പരിതാപകരമായിട്ടുള്ളത്. പട്ടികജാതി വകുപ്പ് മുഖേന പതിനായിരം വീടുകൾ ഇനിയും നിർമ്മിക്കാൻ ബാക്കിയാണ്. പട്ടികവർഗ്ഗ വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതിയിൽ 8318 വീട് ഇപ്പോഴും ബാക്കിയാണ്. ഭവനനിർമ്മാണ പദ്ധതികളില്ലാത്തതല്ല പദ്ധതികൾക്ക് യഥാസമയം ഫണ്ട് അവദിക്കുന്നില്ല എന്നതാണ് നമ്മുടെപ്രശ്നം. അനുവദിക്കുന്ന ഫണ്ട് തന്നെ ഇന്നത്തെ വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ അപര്യാപ്തവുമാണ്. പദ്ധതികൾ നടപ്പാക്കുന്നതിന് ഈ വകുപ്പുകളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. കഴിഞ്ഞ അഞ്ച് വർഷമായി വിവിധ വകുപ്പുകളിൽ ഭവന നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ മുഴുവൻ തുകയും സർക്കാരിന്റെ അവശേഷിക്കുന്ന കാലാവധിക്കുള്ളിൽ ചെലവഴിക്കണം. വഴിയോരങ്ങളിൽ കിടക്കുന്ന പാവങ്ങൾ, വീട് കിട്ടുമെന്ന് ധരിച്ച് വീട് പൊളിച്ചവർ തുടങ്ങിയവർക്ക് സംരക്ഷണം കൊടുക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. ഈ ചുരുങ്ങിയ സമയത്തിനുള്ളിൽ ഇത് പൂർത്തീകരിക്കുമെന്ന് ഈ സഭയ്ക്ക് ഉറപ്പ് നൽകാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞത് വസ്തുതാപരമല്ല. അങ്ങ് മനസ്സിലാക്കേണ്ടത്, ഈ ഗവൺമെന്റാണ് ഐ.എ.വൈ. സ്കീമിൽ പൊതുവിഭാഗത്തിനും എസ്.സി. വിഭാഗത്തിനും രണ്ട് ലക്ഷം രൂപയും എസ്.ടി. വിഭാഗത്തിന് രണ്ടര ലക്ഷം രൂപയുമാക്കിയത്. അങ്ങയുടെ കാലത്ത് അത് എഴുപത്തി അയ്യായിരം രൂപയും ഒരു ലക്ഷം രൂപയുമായിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പറയുന്നത് വസ്തുതാവിരുദ്ധമല്ല. വിവിധ വകുപ്പുകൾ തന്ന മറുപടിയാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. അതുകൊണ്ടാണ് ഞാൻ ആദ്യംതന്നെ പറഞ്ഞത്, ഗവൺമെന്റ് തന്ന കണക്കനുസരിച്ചാണ് ഈ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കുന്നതെന്ന്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, ബന്ധപ്പെട്ട മന്ത്രി മറുപടി പറയട്ടെ .........പ്ലീസ്........

ശ്രീ. കെ. സി ജോസഫ്: സർ, ഹഡ്കോ വായ്പ അനുവദിച്ചിരുന്നു. ധനകാര്യ വകുപ്പ് മൂന്നൂറ് കോടി രൂപ അനുവദിച്ചതുകൊണ്ട് ഐ.എ.വൈ. സ്കീമിൽ

കുടിശ്ശികയില്ല. മുഴുവൻ തുകയും കൊടുത്തുകഴിഞ്ഞു. ബാക്കി 200 കോടി രൂപ ഉടനെ കിട്ടും. മെമ്പർ പറഞ്ഞതുപോലെ കുടിശ്ശിക കൊടുക്കാനില്ലെന്നുമാത്രമല്ല, എല്ലാ ഗുണഭോക്താക്കൾക്കും ആവശ്യമായ ഫണ്ട് കൊടുത്തുകഴിഞ്ഞിട്ടുണ്ട്. മെമ്പർ പറഞ്ഞത് തെറ്റിദ്ധാരണാജനകവും അടിസ്ഥാനരഹിതവുമാണ്.

11.00 A.M.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സംസ്ഥാന ഗവൺമെന്റിന്റെ ഭവന നിർമ്മാണ പ്രവർത്തനങ്ങളുടെ മുഖ്യ ഏജൻസി ഭവന നിർമ്മാണ വകുപ്പും ഭവന നിർമ്മാണ ബോർഡുമാണ്. പക്ഷേ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ വീടുകൾ കൊടുക്കുന്നതിനുള്ള പദ്ധതികളുണ്ട്. ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞതുപോലെ 30,308 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വീടുകൾ ഇല്ലാത്തവരായി കണക്കിലെടുത്തിരുന്നത്. അതിൽ 30,106 പേർക്കും വീട് അനുവദിച്ചു. അതിന്റെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. അത് പൂർത്തീകരിക്കുന്നതിന് ഞങ്ങൾ പ്രതിജ്ഞാബദ്ധമാണ്. ഐ.എ.വൈ. സ്കീം സംബന്ധിച്ച് ഗ്രാമവികസന വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അതിന്റെ ലിമിറ്റ് വർദ്ധിപ്പിച്ചു. ഹഡ്കോയിൽ നിന്നും വായ്പ ലഭിക്കുന്നതിന് ചില തടസ്സങ്ങളുണ്ടായി. അതെല്ലാം പരിഹരിച്ച് ഐ.എ.വൈ. വീടുകളുടെ നിർമ്മാണം നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽത്തന്നെ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഫിഷറീസ് വകുപ്പിൽ നിന്നും ഈ ഗവൺമെന്റിന്റെ കാലത്താണ് ഏറ്റവും കൂടുതൽ വീടുകൾ അനുവദിച്ചതും പൂർണ്ണമായ രീതിയിൽ പണി നടന്നുകൊണ്ടിരിക്കുന്നതും. ഹൗസിംഗ് ബോർഡിന്റെ കീഴിലുള്ള ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവനപദ്ധതി ഇവയൊക്കെ ഏറ്റവും നല്ല നിലയിൽ മുന്നോട്ട് പോകുകയാണ്. ഈ ഗവൺമെന്റ് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്നത് ശ്രീ. എ. കെ. ബാലൻ ഇവിടെ സൂചിപ്പിച്ച പെട്രോൾ-ഡീസൽ നികുതിയിൽ ചുമത്തുന്ന സെസ്സ് മുഖാന്തരം വീടുകൾ പണിയുന്നതിനാണ്. ഒരു ലിറ്ററിന് ഒരു രൂപാ വച്ച് ഈടാക്കി. 50 പൈസ വീടില്ലാത്തവർക്ക് വീടിനും 50 പൈസ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട 21 റോഡുകൾക്കുമാണ്. വികസനവും കരുതലുമാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. വികസന-അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻവേണ്ടി റോഡ് വികസനത്തിന് 50 പൈസ, കരുതൽ - സ്വന്തമായി വീടില്ലാത്തവർക്ക് വീടുണ്ടാക്കാൻവേണ്ടി 50 പൈസ. വീടുകൾക്കു വേണ്ടിയുള്ള 50 പൈസയുടെ അടിസ്ഥാനത്തിൽ ഒരു ലക്ഷം വീടുകൾ പണിയുന്നതിനുള്ള തീരുമാനമാണ് ഉള്ളത്. ഈ ഒരു ലക്ഷം വീട് എന്നതിൽ

ലക്ഷം വീട് പദ്ധതിയിൽ ഏറ്റവും വേഗത്തിൽ നവീകരിക്കേണ്ട വീടുകളെല്ലാം ഉൾപ്പെടുത്താൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. എം. എൻ. ലക്ഷം വീടുകളിൽ അമ്പതിനായിരത്തിൽപ്പരം വീടുകൾ ഇരട്ടവീടുകളും അടിയന്തരമായി നവീകരിക്കേണ്ടതായിട്ടുമുള്ള വീടുകളുണ്ട്. ആ വീടുകൾ മുഴുവൻ ഉൾക്കൊള്ളിക്കും. ജനസമ്പർക്കപരിപാടിയിൽ വന്നിട്ടുള്ള അപേക്ഷകളുണ്ട്. സീറോ ലാന്റ്ലെസ് സ്കീമിൽ ഭൂമി കൊടുത്തിട്ട് വീട് വയ്ക്കാൻ സാധിക്കാത്തവരുണ്ട്. അങ്ങനെ ഏറ്റവുമധികം അർഹിക്കുന്നവർക്ക് വീട് കൊടുക്കുന്നതിനുവേണ്ടിയാണ് ഈ പദ്ധതി. ഇപ്രാവശ്യവും ഡൽഹിയിൽ പോയ സമയത്ത് കേന്ദ്രമന്ത്രി ശ്രീ. വെങ്കയ്യ നായിഡുവുമായി ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ചു. ഒരു വീടിന് ഒരു ലക്ഷം വീതം കേന്ദ്രഗവൺമെന്റ് തരും. അതോടൊപ്പം വീട് പണിയാൻ എടുക്കുന്ന തുകയ്ക്ക് 6½ ശതമാനം പലിശ സബ്സിഡിയും നൽകും. ആ സ്കീമിൽ ബാങ്കിൽ നിന്ന് വായ്പ എടുത്ത് ഒരു ലക്ഷം വീടുകളുടെ പണി പൂർത്തീകരിക്കുകയും ആ വായ്പയുടെ തിരിച്ചടവിന്റെ പൂർണ്ണ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുത്ത് 50 പൈസ വച്ച് ഒരു വർഷം 200 കോടി രൂപയിലധികം തുക വർഷംതോറും ബാങ്കിലേക്ക് ഗവൺമെന്റുതന്നെ തിരിച്ചടയ്ക്കുകയും ചെയ്യും. ഈ സ്കീമാണ് ഈ ഗവൺമെന്റിന്റെ ഒരു സ്വപ്നപദ്ധതി. 'ഹൗസസ് ഫോർ ആൾ' എന്നതാണ് കൺസെപ്റ്റ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആ സ്കീം നടപ്പിലാക്കും. അതിന്റെ അവസാനഘട്ടത്തിൽ എത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് പ്രത്യേകമായി ശ്രദ്ധിക്കും. എവിടെയെങ്കിലും പോരായ്മകളുണ്ടെങ്കിൽ അത് പരിഹരിക്കും. ലക്ഷം വീട് നവീകരിക്കുന്നത് ഉൾപ്പെടെയുള്ള ഒരു ലക്ഷം വീടിന്റെ പരിപാടിക്ക് പ്രതിപക്ഷത്തിന്റെയും എല്ലാ ഭാഗത്തുനിന്നുള്ളവരുടെയും സഹകരണവും പിന്തുണയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മുഖ്യമന്ത്രിയുടെ മറുപടിയിൽ ഞാൻ പൂർണ്ണമായും സംതൃപ്തനാണ്. ശ്രീ. കെ. സി. ജോസഫിനോട് ഞാൻ ഇതേ ചോദ്യം തന്നെ കഴിഞ്ഞ ശ്രദ്ധക്ഷണിക്കലിനും പറഞ്ഞ സന്ദർഭത്തിൽ ഹഡ്കോയിൽ നിന്ന് 650 കോടിരൂപ ചോദിച്ചിട്ടുണ്ട്, അത് ലഭിക്കുമെന്നാണ് അന്ന് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ എന്റെ ചോദ്യത്തിനുള്ള മറുപടിയായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഹഡ്കോയിൽ നിന്നും വായ്പ എടുക്കുന്നതിനുള്ള തീരുമാനം പിൻവലിച്ചു,; അധിക ധനസഹായത്തിനായി 500 കോടിരൂപ അനുവദിക്കുകയുണ്ടായി; അതിൽ 300 കോടിരൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു എന്നാണ്. 200 കോടിരൂപ ബാക്കിയുണ്ട്. അതിൽ വരുന്ന വീടുകളുടെ

എണ്ണം ബഹുമാനപ്പെട്ട കെ. സി. ജോസഫ് തന്നെ പറഞ്ഞത് 38,733 ആണെന്നാണ്. അതും എന്റെ ചോദ്യത്തിനുള്ള ഉത്തരമാണ്. ഞാൻ ഇതൊന്നും കളവായി പറയുന്നതല്ല. എന്റെ കയ്യിലുള്ള കണക്കാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിൽ ഞാൻ സംതൃപ്തനാണ്. അതിൽ യാതൊരു പ്രശ്നവുമില്ല. എന്റെ ചോദ്യം, വിവിധ ഭവന നിർമ്മാണ ഏജൻസികളുമായി ബന്ധപ്പെട്ടുകൊണ്ട് അവരുടെ ഒരു യോഗം വിളിച്ചുചേർത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ശക്തമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിശ്ചയമായും സ്വീകരിക്കും. ഭവനനിർമ്മാണ പദ്ധതികളുടെ മുഖ്യ ഏജൻസി ഭവനനിർമ്മാണ വകുപ്പും ഭവനനിർമ്മാണ ബോർഡുമാണ്. പക്ഷേ നമ്മുടെ സ്കീമുകൾ കൺട്രോൾ ചെയ്യുന്നത് വിവിധ വകുപ്പുകളാണ്. എസ്.സി./എസ്.ടി. വിഭാഗം, ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, ഗ്രാമവികസന വകുപ്പ് ഇങ്ങനെ വിവിധ മേഖലകളിലായി കിടക്കുകയാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് ഒരു കോ-ഓർഡിനേഷൻ വേണമെന്നുപറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുന്നു. നിശ്ചയമായും അതിനുള്ള നടപടികൾ സ്വീകരിക്കും.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് ഞാൻ പറഞ്ഞത് മനസ്സിലാക്കാത്തതുകൊണ്ടാണ്. നേരത്തേ ധനകാര്യവകുപ്പിൽ നിന്നും പണം കിട്ടാൻ പ്രയാസം ഉണ്ടായതുകൊണ്ട് ഗ്രാമവികസന വകുപ്പ് ഹഡ്കോയെ സമീപിച്ചു. ഹഡ്കോ വായ്പയായി 650 കോടിരൂപ അനുവദിച്ചു. അനുവദിച്ചപ്പോൾ ആ ലോൺ അവെയിൽ ചെയ്യേണ്ട, ധനകാര്യവകുപ്പ് നൽകാമെന്ന് പറഞ്ഞു. 500 കോടിരൂപ ധനകാര്യവകുപ്പ് അനുവദിച്ചു. 300 കോടിരൂപ നൽകി. ബാക്കി ഉടനെ ലഭിക്കും. അതുകൊണ്ടാണ് ഹഡ്കോയിൽ നിന്നുള്ള ലോൺ വേണ്ടെന്നുവച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് നിയമസഭയിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്ന് ബില്ലുകളുണ്ട്, മൂന്ന് ധനകാര്യബില്ലുകളുണ്ട്, സ്റ്റാറ്റ്യൂട്ടറി പ്രമേയമുണ്ട്. അതുകൊണ്ട് സബ്മിഷനുകൾ വളരെ ചുരുങ്ങിയ സമയം ഉപയോഗിച്ച് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട അംഗങ്ങൾ ശ്രദ്ധിക്കണം.

## IV. സബ്മിഷൻ

### (1) ചേരിനിവാസികളുടെ കരം സ്വീകരിക്കൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ പല വില്ലേജ് ഓഫീസുകളും മുമ്പ് കരം സ്വീകരിച്ചുകൊണ്ടിരുന്ന ഭൂമിയുടെ കരം സ്വീകരിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. ഇതിന് പല കാരണങ്ങളാണ് വില്ലേജ് ഓഫീസുകളിൽ നിന്ന് സാധാരണക്കാർക്ക് ലഭിക്കുന്നത്. ഈ സമ്മേളനത്തിൽത്തന്നെ 6-12-2015-ൽ എന്റെ മണ്ഡലമായ മലമ്പുഴയിലെ പുതുപ്പരിയാരം പഞ്ചായത്തിൽപ്പെട്ട ഭൂമിയുടെ കരം സ്വീകരിക്കാത്ത നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അത് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം സഭയിൽ വ്യക്തമാക്കിയിരുന്നു. സെക്രട്ടറിയേറ്റിന് തൊട്ടുതാഴെ പാളയം വാർഡിൽ ലെനിൻ നഗറിലും വിഘ്നേശ്വര നഗറിലും ഉൾപ്പെട്ട 81 കുടുംബങ്ങളുടെ കരം 2008-വരെ സ്വീകരിച്ചിരുന്നു. അതിനുശേഷം കരം സ്വീകരിക്കുന്നില്ല. 1981-ൽ നായനാർ സർക്കാർ 51 കുടുംബങ്ങൾക്കും 1993-ൽ കരുണാകരൻ സർക്കാർ 30 കുടുംബങ്ങൾക്കും പട്ടയം നൽകിയതാണ്. റീസർവ്വേയിൽ സംഭവിച്ച എന്തോ പിഴവാണെന്നാണ് ഇതിനുകാരണമായി പറയുന്നത്. വർഷങ്ങളായി അവിടെ താമസിക്കുന്ന ഇവർക്ക് ഭൂമി വിൽക്കാനോ മക്കൾക്ക് നൽകാനോ ഭൂമി ഈടുവച്ച് ലോൺ എടുക്കാനോ കഴിയാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ഇവരുടെ കരം സ്വീകരിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തൈക്കാട് വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 9-ൽ റീ-സർവ്വേ നമ്പർ 84-ൽ 54.7 ആർ സ്ഥലവും ബ്ലോക്ക് 16-ൽ റീസർവ്വേ 86-ൽ 95.50 ആർ സ്ഥലവും ഉൾപ്പെട്ടതാണ് പാളയം വാർഡിലെ ലെനിൻ നഗറിലും വിഘ്നേശ്വര നഗറിലും ഉൾപ്പെട്ട പരാമർശ വിധേയമായ സ്ഥലം. ടി സ്ഥലത്ത് താമസിക്കുന്ന 81 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ച പ്രകാരം തൈക്കാട് വില്ലേജിൽ റീ-സർവ്വേ നിലവിൽ വന്ന 2008-വരെ കരം അടച്ച് വന്നിരുന്നതാണ്. എന്നാൽ റീ-സർവ്വേ കഴിഞ്ഞ് റിക്കാർഡുകൾ നിലവിൽ വന്നപ്പോൾ ഈ സ്ഥലം പുറമ്പോക്ക് ആയി രേഖപ്പെടുത്തി വന്നതിനാലാണ് 2008-നുശേഷം കരം അടയ്ക്കാൻ സാധിക്കാതെ വന്നത്. റീസർവ്വേ ബ്ലോക്ക് 9-ൽപ്പെട്ട സ്ഥലം പുറമ്പോക്കായും ബ്ലോക്ക് 16-ൽപ്പെട്ട സ്ഥലം കുളം പുറമ്പോക്കായും

രേഖപ്പെടുത്തിയിരിക്കുന്നു. ഈ വിഷയം തന്നെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാർ എന്റെ ശ്രദ്ധയിൽ കൊണ്ടു വന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ഒരു നിർദ്ദേശം നേരത്തേ കൊടുത്തിരുന്നു. പുറമ്പോക്കിൽ നിന്നും ഇനം മാറ്റി റിക്കോർഡുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് കരം എടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### (2) കരാറുകാരുടെ ദുരിതാശ്വാസ കുടിശ്ശിക തുക

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഭീമമായ കുടിശ്ശികയെത്തുടർന്ന് സ്തംഭിച്ചിരിക്കുകയാണ്. കരാറുകാർക്ക് സർക്കാരിൽ നിന്ന് ലഭിക്കാനുള്ള പണം കൃത്യസമയത്ത് കൊടുക്കാൻ കഴിയാത്തതിന്റെ ഫലമായി 20 മാസക്കാലമായി എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭനാവസ്ഥയിലാണ്. അതിൽ വെള്ളപ്പൊക്ക ദുരിതാശ്വാസവും വരൾച്ചാ ദുരിതാശ്വാസവുമുണ്ട്. പണം നൽകാത്തതിന്റെ ഫലമായി ഏറ്റെടുത്ത കാരാറുകാരെല്ലാംതന്നെ പണി ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. പുതിയ കരാറുകളൊന്നും എടുക്കാനും തയ്യാറാകുന്നില്ല. അതുകൊണ്ട് ഈ പദ്ധതിയിൽപ്പെട്ട കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും പുതിയതായി പദ്ധതികൾ ഏറ്റെടുക്കുന്നതിനും ഗവൺമെന്റ് സന്നദ്ധമാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിയിൽ ചെയ്ത പ്രവൃത്തികളുടെ തുക അനുവദിക്കുന്നത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ്. പ്രസ്തുത തുകയുടെ 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. 2015 മുതൽ 2020 വരെയുള്ള കാലയളവിൽ സംസ്ഥാന സർക്കാരിന് അനുവദിച്ചിരിക്കുന്നത് 1022 കോടി രൂപയാണ്. 2015-16 വിഹിതത്തിലെ തുകയിൽ നിന്നും ഇതുവരെ വിവിധ ശീർഷകങ്ങളിലായി 84 കോടി രൂപ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ, പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സർട്ടിഫിക്കറ്റും ഫിറ്റ്നസ് സർട്ടിഫിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് മുൻഗണനാ ക്രമം അനുസരിച്ചും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും അതാത് ജില്ലാ കളക്ടർമാർ തുകകൾ

അനുവദിച്ചുവരുന്നുണ്ട്. നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് വർഷങ്ങൾക്കുശേഷമാണ് പണി പൂർത്തിയാക്കി ഫണ്ടിനായി നിർവ്വഹണ ഏജൻസികൾ അപേക്ഷ സമർപ്പിക്കുന്നത്. ആയതിനാൽ പ്രസ്തുത വർഷം ബന്ധപ്പെട്ട ശീർഷകത്തിൽ അനുവദിക്കപ്പെട്ട തുകയിൽ നിന്ന് മാത്രമേ കുടിശ്ശിക തുക വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചതും കുടിശ്ശിക കൊടുത്തുതീർക്കാനുമുള്ള പദ്ധതികളുടെ കഴിഞ്ഞ മൂന്ന് വർഷത്തെ വിവരങ്ങൾ അടിയന്തരമായി സംസ്ഥാന സർക്കാരിന് സമർപ്പിക്കണമെന്ന് എല്ലാ ജില്ലാ കളക്ടർമാരോടും ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും എത്രയും വേഗത്തിൽ ഫണ്ട് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

### (3) തീരദേശവാസികൾ നേരിടുന്ന ബുദ്ധിമുട്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, തീരദേശവാസികളുടെ വേദനയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. CRZ-ൽപ്പെടുന്ന പഞ്ചായത്തുകളിൽ 300-350 സ്ക്വയർ ഫീറ്റുള്ള വീടുകൾ വയ്ക്കുന്നതിനുള്ള അപേക്ഷകൾപോലും തിരുവനന്തപുരത്തെ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അയയ്ക്കണം. ഈ വർഷം ഒൻപതിനായിരത്തോളം അപേക്ഷകൾ ലഭിച്ചു. അതിൽ രണ്ടായിരം അപേക്ഷകൾ പെൻഡിംഗാണ്. അപേക്ഷകൾ പാസ്സാക്കുന്നതിന് ആറ്, ഏഴ് മാസം എടുക്കുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം, അവിടെ ആകെ ഒരു സെക്ഷനും നാല് സ്റ്റാഫും മാത്രമേയുള്ളൂ. ഈ അതോറിറ്റിയുടെ മീറ്റിംഗ് കൂടുന്നത് മാസത്തിൽ ഒന്നോ രണ്ടോ പ്രാവശ്യമാണ്. അഞ്ഞൂറോളം അപേക്ഷകളിൽ തീരുമാനം എടുത്താലും അതിൽ ഓർഡർ കൊടുക്കാനുള്ള സംവിധാനം അവിടെയില്ല. അതുകൊണ്ട് പാവപ്പെട്ടവർ വിഷമിക്കുകയാണ്. ഫിഷറീസ് വകുപ്പിന്റെ വീടൊഴിച്ച് ബാക്കി എല്ലാ വീടുകൾക്കും ഈ പ്ലാൻ പാസ്സാക്കി കൊടുത്താൽ മാത്രമേ ഹൗസിംഗ് ബോർഡ് ഉൾപ്പെടെ പണം കൊടുക്കുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതാനും മാസങ്ങൾക്ക് മുമ്പ് ഇവിടെ പ്രഖ്യാപിച്ച ഇളവുകൾ കേന്ദ്ര സർക്കാരിൽനിന്നും അടിയന്തരമായി വാങ്ങിയെടുക്കാനും ആ ഇളവുകൾ വരുന്നതുവരെയും കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ എത്രയും വേഗം തീരുമാനമെടുക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ.

ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്. CRZ വ്യവസ്ഥകളിൽ മത്സ്യത്തൊഴിലാളികൾക്ക് ഇളവ് വേണമെന്നുള്ള കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇന്നലെ പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിലും നമ്മുടെ മുഖ്യമായ ആവശ്യം CRZ-ലെ ഇളവുകളും കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള കേരളത്തിന്റെ പ്രൊപ്പോസലിൽ ഫൈനൽ നോട്ടിഫിക്കേഷൻ വേണ മെന്നുള്ളതുമാണ്. CRZ-ന്റെ കാര്യം പറഞ്ഞപ്പോൾത്തന്നെ, പ്രധാനമന്ത്രിക്ക് നല്ലതുപോലെ അറിയാം, ഗുജറാത്തിലും ഇത് വളരെ ഗൗരവമായ പ്രശ്നമാണെന്ന് അദ്ദേഹം പറഞ്ഞു. കേരളത്തിന്റെ നിവേദനം നേരത്തെ കൊടുത്തതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചു. കമ്മിറ്റി കേരളത്തിൽ വന്ന് പഠനം നടത്തിയശേഷം നമുക്ക് അനുകൂലമായ റിപ്പോർട്ട് കൊടുക്കുകയും ചെയ്തു. അതുസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉടൻ തീരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ കാര്യത്തിൽ തീരപ്രദേശത്ത് പരമ്പരാഗതമായി താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് വരാതിരിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. ഇവിടെ പറഞ്ഞതുപോലെ താൽക്കാലികമായ നമ്പർ കൊടുക്കേണ്ടത് ആവശ്യമെങ്കിൽ ആ കാര്യത്തിനും ഗവൺമെന്റിന് ഒരു മടിയുമില്ല. ഈ അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

### (4) എൻഡോസൾഫാൻ ദുരിതബാധിതരുടെ ആവലാതികൾ

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ മേഖലയിലെ ദുരിതമനുഭവിക്കുന്ന ആളുകൾക്കുവേണ്ടി സർക്കാർ ചെയ്യുന്ന പദ്ധതികളെയും പ്രവർത്തനങ്ങളെയും ഞാൻ ശ്ലാഘിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും സാമൂഹ്യനീതി വകുപ്പുമന്ത്രിയുടേയും കൃഷി വകുപ്പ് മന്ത്രിയുടേയുമൊക്കെ നേതൃത്വത്തിൽ അവിടെ വളരെ നല്ല പ്രവർത്തനങ്ങളാണ് നടക്കുന്നത്. അതിന്റെ ഏറ്റവും വലിയ തെളിവാണ് കഴിഞ്ഞ നവംബർ മാസം 25-ാം തീയതിയിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ജഡ്ജ്മെന്റ്. അതിൽ എതിർകക്ഷിക്കുവേണ്ടി ഹാജരായ പ്രമുഖനായ അഭിഭാഷകൻ ശ്രീ. കാളീശ്വരം രാജ് കോടതിയിൽ പറഞ്ഞത്, In the last couple of year's, fairly submit that, there has been substantial relief and rehabilitation granted to the victims of

endosulfan. ഇങ്ങനെയാണ് കോടതിയിൽപോലും പ്രമുഖനായ അഭിഭാഷകൻ പറഞ്ഞിട്ടുള്ളത്. മാത്രവുമല്ല, Endosulfan victims relief and recommendation cell is stated to have conducted regular monthly meetings എന്നുപോലും കോടതിയിൽ പറഞ്ഞിട്ടുണ്ട്. അപ്പോൾ വളരെ നല്ല പ്രവർത്തനമാണ് നടക്കുന്നത്. കഴിഞ്ഞ സർക്കാർ 2006-ൽ മരണപ്പെട്ടവരുടെ 133 കുടുംബങ്ങൾക്ക് 50,000 രൂപ വീതമാണ് വിതരണം ചെയ്തത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ഉടനെതന്നെ കാസർഗോഡ് വന്ന് 134 ആളുകൾക്ക് ഒരു ലക്ഷം രൂപ വീതം പ്രഖ്യാപിക്കുകയും അത് നൽകുകയും ചെയ്തു. ധാരാളം പദ്ധതികൾ അവിടെ നടപ്പിലാക്കിയിട്ടുണ്ട്. 15698 ആളുകൾ പങ്കെടുത്ത ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ കഴിഞ്ഞു. ആ ക്യാമ്പിൽ പങ്കെടുത്ത 3434 ആളുകൾ എൻഡോസൾഫാൻ മൂലം രോഗം അനുഭവിക്കുന്ന ആളുകളാണെന്ന് കണ്ടെത്താനും അവർക്ക് വേണ്ട ചികിത്സയും ബാക്കിയുള്ള ആനുകൂല്യങ്ങളൊക്കെ നൽകാനും സാധിച്ചു. സ്മാർട്ട് കാർഡിലൂടെ ഫ്രീ ട്രീറ്റ്മെന്റ്, സ്നേഹസാന്ത്വനം പദ്ധതിയിലൂടെ ഫ്രീ ട്രാൻസ്പോർട്ടേഷൻ, ഹോം ബേസ്ഡ് പാലിയേറ്റീവ് കെയർ, മൊബൈൽ മെഡിക്കൽ യൂണിറ്റ്സ്, ഫിസിയോതെറാപ്പി യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് മുഖാന്തരം ഫ്രീ റേഷൻ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് മുഖാന്തരം പ്രതിമാസ പെൻഷൻ, എഡ്യൂക്കേഷൻ സ്കോളർഷിപ്പ്, സ്പെഷ്യൽ എക്യുപ്മെന്റ് ഫോർ ബഡ്സ് സ്കൂൾ തുടങ്ങിയവയൊക്കെ നൽകാനും സാധിച്ചു. ഫസ്റ്റ് ഇൻസ്റ്റാൾമെന്റ് എന്ന നിലയ്ക്ക് ഒന്നര ലക്ഷം രൂപ വീതം 197 ആളുകൾക്ക് വിതരണം ചെയ്തു. 902 ബെഡ് റിഡ്ഡണായ ആളുകൾക്കും പണം നൽകാൻ സാധിച്ചു. ഈ സർക്കാർ പരമാവധി ആനുകൂല്യങ്ങൾ നൽകിയിട്ടും ഇപ്പോഴും ആളുകൾ തൃപ്തരല്ല. അതിനെക്കുറിച്ച് ഒരു പഠനം നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും കൃഷി വകുപ്പുമന്ത്രിയേയും പഞ്ചായത്ത് വകുപ്പുമന്ത്രിയേയും ഞാൻ ഒന്നുകൂടി ആത്മാർത്ഥമായി അഭിനന്ദിക്കുവാൻ ആഗ്രഹിക്കുന്നു. ഇത്രയും നല്ല പ്രവർത്തനം ഈ സർക്കാർ ചെയ്തിട്ടും എന്തുകൊണ്ടാണ് അവിടുത്തെ ജനങ്ങൾ അസംതൃപ്തർ; ക്യാമ്പിൽ പങ്കെടുത്ത ആളുകൾക്ക് ഒരുപാട് ആനുകൂല്യങ്ങൾ നമ്മൾ നൽകുന്നുണ്ട്. പക്ഷെ അവിടുത്തെ ജനങ്ങളുടെ ഒരഭിപ്രായം, ഈ ആനുകൂല്യങ്ങളൊക്കെ കൈപ്പറ്റുന്ന ആളുകളെക്കാൾ കൂടുതൽ അർഹരായ ആളുകൾ ഇപ്പോഴും പുറത്ത് നൽക്കുന്നുവെന്നാണ്. അവർക്കുവേണ്ടി ഒരു ക്യാമ്പുകൂടി സംഘടിപ്പിച്ചുകൊണ്ട്, അർഹരായ

ആളുകളുണ്ടെങ്കിൽ അവർക്കുകൂടി ആനുകൂല്യങ്ങൾ നൽകുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അപേക്ഷിക്കുവാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഏറ്റവും മനുഷ്യത്വപരമായി കൈകാര്യം ചെയ്യേണ്ട ഒരു പ്രശ്നമാണ് എൻഡോസൾഫാൻ ദുരിതബാധിതരുടേത്. തങ്ങൾ ചെയ്യാത്തൊരു കുറ്റത്തിന് ജീവിതകാലം മുഴുവൻ ശിക്ഷിക്കപ്പെടുന്നവരാണിവർ. ദുരിതബാധിതർ മാത്രമല്ല അവരുടെ കുടുംബാംഗങ്ങളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വളരെയാണ്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ശിപാർശകൾ ഗവൺമെന്റ് പൂർണ്ണമായിട്ടും അംഗീകരിച്ചു. അതനുസരിച്ച് പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപ, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ, ശാരീരിക വൈകല്യം ബാധിച്ചവർക്ക് 3 ലക്ഷം രൂപ, മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ, കൂടാതെ ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ എന്നിവ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അതിന്റെ രണ്ട് ഗഡുക്കൾ ഇതിനോടകം തന്നെ കൊടുത്തിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതരുടെ കടങ്ങൾ എഴുതിത്തള്ളണമെന്ന ആവശ്യം ഗവൺമെന്റിന്റെ മുൻപിൽ വന്നപ്പോൾത്തന്നെ അത് പരിശോധിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. കളക്ടറുടെ റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ കടങ്ങൾ എഴുതിത്തള്ളാൻ ഉത്തരവായിട്ടുണ്ട്. ഈ കാര്യങ്ങളിൽ അങ്ങേയറ്റത്തെ അനുഭാവപൂർവ്വമായ സമീപനമാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഞാൻ ജനസമ്പർക്ക പരിപാടിയുമായി മൂന്ന് പ്രാവശ്യം ജില്ലയിൽ പോയപ്പോഴും ഇവരുടെ ധാരാളം പരാതികൾ കിട്ടിയിരുന്നു. അതനുസരിച്ച് ഓരോ പ്രാവശ്യവും പുതിയപുതിയ തീരുമാനങ്ങളെടുത്ത് മുമ്പോട്ട് പോയിട്ടുണ്ട്. ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിത പ്രദേശങ്ങളിലെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹികക്ഷേമം, ജലസേചനം, മൃഗസംരക്ഷണം തുടങ്ങിയ സാമൂഹ്യസേവന മേഖലകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 236 പദ്ധതികൾക്ക് ഭരണാനുമതി കൊടുത്തതിൽ 145 എണ്ണം പൂർത്തിയായിട്ടുണ്ട്. കഴിഞ്ഞദിവസം ഈ പ്രശ്നം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വന്നപ്പോൾ എൻഡോസൾഫാൻ പ്രശ്നത്തിലെ സർക്കാർ ഇടപെടൽ തൃപ്തികരമാണെന്ന് ഹൈക്കോടതി അഭിപ്രായപ്പെടുകയുണ്ടായി. എൻഡോസൾഫാൻ സെൽ യോഗങ്ങൾ ഓരോ പ്രാവശ്യം കൂടുമ്പോഴും പുതിയപുതിയ പരാതികൾ ശ്രദ്ധിക്കുകയും അവ പരിഹരിക്കുന്നതിനുള്ള

നടപടികളെടുക്കുകയും ചെയ്യും. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനനാണ് ഇതിന്റെ ചെയർമാനായി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. ഈ ഡിസംബർ 19-ന് വീണ്ടും യോഗം ചേരുന്നുണ്ട്. അവിടെയുള്ള ജനപ്രതിനിധികളും ഈ രംഗത്ത് പ്രവർത്തിക്കുന്ന എൻ.ജി.ഒ.-മാരുമൊക്കെ നൽകുന്ന നിർദ്ദേശങ്ങൾ വളരെ പ്രാധാന്യത്തോടെയാണ് എടുക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള എന്തെങ്കിലും പുതിയ പ്രശ്നങ്ങളുണ്ടെങ്കിൽ അത് എൻഡോസൾഫാൻ സെല്ലിന്റെ യോഗത്തിൽ തീരുമാനിക്കും. പുതിയ ക്യാമ്പ് നടത്തുന്നതിനെക്കുറിച്ചും ആലോചിച്ച് ആവശ്യമെന്നുകണ്ടാൽ തീരുമാനമെടുക്കാം.

## (5) 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന്റെ മൂന്നാം ഖണ്ഡികയുടെ ഭേദഗതി

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ദളിത് ക്രൈസ്തവർക്ക് ഭരണഘടനാപരമായി ലഭിക്കേണ്ട അവകാശങ്ങൾ ലഭിക്കുന്നതിന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കണമെന്ന ആവശ്യമാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 1950 ഓഗസ്റ്റ് 10-ാം തീയതി കൊണ്ടുവന്ന പ്രസിഡൻഷ്യൽ ഓർഡർ പ്രകാരം പട്ടികജാതിയുടെ അവകാശങ്ങൾ നഷ്ടപ്പെട്ടവരാണ് ദളിത് ക്രൈസ്തവർ. ഈ ഉത്തരവുപ്രകാരം 1932-ലെ കമ്മ്യൂണൽ അവാർഡ് പൂനാ കരാർ പ്രകാരം ദളിത് ക്രൈസ്തവർക്ക് ലഭിച്ചിരുന്നതും 1935-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യ ആക്ട് പ്രകാരം നിയമമാക്കപ്പെട്ടതും പട്ടികജാതിക്കാർ മതനിരപേക്ഷമായി അനുഭവിച്ചിരുന്നതുമായ ആനുകൂല്യങ്ങൾ ഒരു വിഭാഗത്തിനുമാത്രമായി ചുരുക്കപ്പെട്ടത് അനീതിയായി മാത്രമേ കാണാൻ കഴിയൂ. ഈ ഉത്തരവ് ഭരണഘടനയുടെ 14-ാം വകുപ്പിൽ പറയുന്ന നിയമത്തിനുമുമ്പാകെയുള്ള സമത്വത്തിന് എതിരാണ്. ആർട്ടിക്കിൾ 15(1)-ൽ പറയുന്ന മതം, വർഗ്ഗം, ജാതി, ലിംഗം, ജന്മസ്ഥലം അല്ലെങ്കിൽ അവയിലേതെങ്കിലും മാത്രം കണക്കാക്കി രാഷ്ട്രം ഏതൊരു പൗരനോടും വിവേചനം കാണിക്കാൻ പാടില്ലെന്നാണ് വീക്ഷിക്കുന്നത്. ആർട്ടിക്കിൾ 25 പ്രകാരം എല്ലാ ആളുകൾക്കും മനസ്സാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതത്തിൽ വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള അവകാശത്തിനും ഒരുപോലെ അർഹതയുണ്ടെന്നാണ് ഉറപ്പുനൽകുന്നത്. 1950 ഓഗസ്റ്റ് 10-ാം തീയതി പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഉത്തരവ് ഇൻഡ്യാ മഹാരാജ്യം അംഗമായ ഐക്യരാഷ്ട്രസഭയിൽ 1948-ൽ

പ്രഖ്യാപിച്ച മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ 18-ാം വകുപ്പിനും എതിരാണെന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്. പ്രസിഡന്റിന്റെ ഉത്തരവുപ്രകാരം പുറത്തിറക്കിയ വിജ്ഞാപനം നിലനിൽക്കുമ്പോഴും ഭരണഘടനയുടെ 341-ാം വകുപ്പ് (2) ഉപവകുപ്പുപ്രകാരം സിഖ്മതം സ്വീകരിച്ച ദളിതർക്ക് പട്ടികജാതി അവകാശം നൽകി. അതുപോലെതന്നെ 1990-ൽ ബുദ്ധമതം സ്വീകരിച്ച ദളിതർക്കും പട്ടികജാതി അവകാശം നൽകിയെങ്കിൽ ആർട്ടിക്കിൾ 341-ാം ഉപവകുപ്പ് (2) പ്രകാരം ക്രിസ്തുമതം സ്വീകരിച്ച ദളിതർക്കും പട്ടികജാതി അവകാശം നൽകേണ്ടതല്ലേ? ഇൻഡ്യൻ ഭരണഘടനയിൽ 1976-ൽ കൊണ്ടുവന്ന 42-ാം ഭേദഗതി ആക്ട് (2) പ്രകാരമുള്ള ഭേദഗതിയിൽ പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി വിഭാവനം ചെയ്തിട്ടുണ്ടെങ്കിൽ 1950 ഓഗസ്റ്റ് 10-ാം തീയതി പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഓർഡറിന്റെ 3-ാം ഖണ്ഡിക ഭരണഘടനാ വിരുദ്ധമാണ്. ഇത് ഭരണഘടനാ വിരുദ്ധമാണെന്നും ഇത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ട് ബീഹാർ നിയമസഭ 2000-ലും ഉത്തർപ്രദേശ് നിയമസഭ 2006-ലും ആന്ധ്രാപ്രദേശ് നിയമസഭ 2009-ലും പ്രമേയം പാസ്സാക്കിയ കാര്യം നമ്മുടെ മുൻപിൽ രേഖയായി നിൽക്കുന്നു. 23-1-2008-ൽ രംഗനാഥ് മിശ്ര കമ്മീഷൻ സുപ്രീംകോടതിയിലും പാർലമെന്റിലും ദളിത് ക്രൈസ്തവ സംവരണത്തിന് അനുകൂലമായ റിപ്പോർട്ട് നൽകി. 4-4-2011-ൽ പട്ടികജാതി കമ്മീഷൻ തങ്ങൾ ദളിത് ക്രൈസ്തവ സംവരണത്തിന് എതിരല്ലെന്നുള്ള സത്യവാങ്മൂലം നൽകി. 18-7-2012-ൽ ഇൻഡ്യയിലെ ന്യൂനപക്ഷ കമ്മീഷൻ സുപ്രീംകോടതിയിൽ ദളിത് ക്രൈസ്തവ സംവരണത്തിന് അനുകൂലമായി സത്യവാങ്മൂലം നൽകി. എന്നാൽ കേന്ദ്ര സർക്കാർ സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകാത്തതിനാൽ 22-3-2004-ൽ 150/2004 നമ്പരായി നൽകപ്പെട്ട ഹർജിയിൽ തുടർനടപടിയൊന്നും ഉണ്ടാകാതെ സുപ്രീംകോടതിയിൽ കഴിഞ്ഞ 11 വർഷമായി പഴയ അവസ്ഥയിൽതന്നെ കിടക്കുകയാണ്.

ദളിത് ക്രൈസ്തവർക്ക് പട്ടികജാതി ആനുകൂല്യം നൽകുന്ന കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ലെറ്റർ നമ്പർ 12016/30/1996 Section VI പ്രകാരം അയച്ച കത്തിനും കേരള സംസ്ഥാനം ഇതുവരെ മറുപടി നൽകിയിട്ടില്ലെന്നാണ് അറിയാൻ കഴിയുന്നത്. ദളിത് ക്രൈസ്തവരുടെ കാര്യത്തിൽ നിലനിൽക്കുന്ന ഈ അസമത്വം പരിഹരിക്കാൻ സംസ്ഥാന സർക്കാർ മുൻകയ്യെടുക്കണം. 1950-ലെ പ്രസിഡൻഷ്യൽ ഉത്തരവുപ്രകാരം നികുതിദായകർ മാത്രമായി തഴയപ്പെട്ട ദളിത് ക്രൈസ്തവർക്ക് അനുകൂലമായി, 1951-ൽ Kaka Kalekhar Commission-നും 1965-ൽ

കുമാരപിള്ള കമ്മീഷനും 1969-ൽ ഇളയപെരുമാൾ കമ്മീഷനും 1970-ൽ സന്താനം കമ്മീഷനും 1982-ൽ മണ്ഡൽ കമ്മീഷനും 1992-ൽ മണ്ഡൽ കമ്മീഷൻ കേസിലെ വിധിയും 2007-ലെ രംഗനാഥ് മിശ്ര കമ്മീഷനും റിപ്പോർട്ടുകളിൽ ദളിത് ക്രൈസ്തവർക്ക് അവകാശം നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. ഭരണഘടന പറയുന്നത് നമ്മുടെ ഭാരതം ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്ക് ആണെന്നാണ്. അതിലെ പൗരൻമാർക്കെല്ലാം സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി ലഭിക്കണം. ചിന്തയ്ക്കും ആശയപ്രകടനത്തിനും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യമുണ്ടാകണം. ഒരു പട്ടികജാതിക്കാരൻ വിശ്വാസത്തിലുറച്ച് ക്രിസ്ത്യാനിയായാൽ പട്ടികജാതി അവകാശങ്ങൾ നിഷേധിക്കാൻ ഭരണഘടന അനുവദിക്കുന്നില്ല. ഒരു പട്ടികജാതിക്കാരൻ ബുദ്ധമതമോ സിഖ്മതമോ സ്വീകരിച്ചാൽ അവന് പട്ടികജാതി അവകാശം ലഭിക്കുമെങ്കിൽ ക്രിസ്തുമതം സ്വീകരിച്ചവനും ആ അവകാശം ലഭിക്കേണ്ടതല്ലേ; അതുകൊണ്ട് ഈ സാഹചര്യം കണക്കിലെടുത്ത് 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിന്റെ മൂന്നാം ഖണ്ഡിക ഭേദഗതി ചെയ്ത് ദളിത് ക്രൈസ്തവർക്കും ഭരണഘടനാപരമായ അവകാശങ്ങൾ ലഭിക്കുന്നതിനുവേണ്ടി ശിപാർശ ചെയ്തുകൊണ്ട് കേരള നിയമസഭ പാസ്സാക്കണമെന്നതാണ് എന്റെ സബ്മിഷൻ.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ജാതി വ്യവസ്ഥ അടിച്ചേൽപ്പിച്ച പിന്നോക്കാവസ്ഥയുടെ ദുരിതം അനുഭവിക്കുകയും അയിത്തംമൂലം കഷ്ടപ്പെടുന്നവരുമായ വിഭാഗങ്ങൾക്കാണ് ഭരണഘടനാപരമായി പ്രത്യേക പരിഗണന നൽകി പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടത്. ഹിന്ദു, സിഖ്, ബുദ്ധ മതത്തിലുള്ളവർക്കാണ് പരിഗണന ലഭിച്ചിട്ടുള്ളത്. പട്ടികജാതിയിൽനിന്നും പരിവർത്തനം ചെയ്യപ്പെട്ടവർ ക്രിസ്തുമതത്തിലും ജാതീയമായി വിവേചനത്തിന് വിധേയരാകുന്നു എന്നത് ഒരു പരിധിവരെ ശരിയാണ്. സാമൂഹ്യമായ ഉയർച്ച പട്ടിക വിഭാഗക്കാരെക്കാൾ ക്രൈസ്തവ മതം സ്വീകരിച്ചവർക്ക് ലഭ്യമായിട്ടുണ്ട് എന്നൊരു ധാരണയിലാണ് ഈ ആനുകൂല്യം ഭരണഘടനാപരമായി ഇവർക്ക് ലഭിക്കാതിരുന്നിട്ടുള്ളത്.അതേസമയംഇവരുടെ സാമൂഹ്യപരവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് സാമ്പത്തികമായ ആനുകൂല്യങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകുന്നുണ്ട്. വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിലും മറ്റ് സാമ്പത്തികമായ ആനുകൂല്യങ്ങളും പ്രത്യേകമായി ഏർപ്പെടുത്തുന്നു. അതുപോലെ സാമ്പത്തിക ഉന്നമനത്തിനായി പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ രീതിയിലുള്ള ഭരണഘടനാപരമായ

അവകാശം ലഭിക്കുന്നതിന് ഭരണഘടന ഭേദഗതി ചെയ്തേ മതിയാകൂ. അത് സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്നതല്ല. അത് കേന്ദ്രതലത്തിൽ തീരുമാനം എടുക്കേണ്ടതാണ്. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ പൂർണ്ണമായ പരിധിയിൽപ്പെടുന്നതാണ്.

### (6) വിദ്യാഭ്യാസ വായ്പ തിരികെ ഈടാക്കുവാനുള്ള ചുമതല

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് വായ്പ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി ആക്ഷേപങ്ങൾ നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസ വായ്പ ലഭ്യമായിട്ടുള്ള വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കാതിരിക്കുന്നതിനെത്തുടർന്ന് ഇതിന്റെ അടവ് മുടങ്ങുകയാണ്. വിദ്യാഭ്യാസ വായ്പയിൽ കുടിശ്ശിക വരുത്തിയിട്ടുള്ള കുട്ടികളിൽനിന്ന് റിക്കവറി നടത്തുന്നതിനായി റിലയൻസ് കമ്പനിയെ ചുമതലപ്പെടുത്തികൊണ്ടുള്ള ഉത്തരവാണ് ഇപ്പോൾ വന്നിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എസ്.ബി.ഐ. അടക്കം വരുന്ന ബാങ്കുകൾക്കുവേണ്ടി ഇപ്പോൾ നോട്ടീസ് അയയ്ക്കുന്നത് റിലയൻസാണ്. ഇതിന്റെ ഭാഗമായി ജില്ലാ കളക്ടറെയോ ഗവൺമെന്റിനെയോ സമീപിച്ചാൽപോലും ഇതിന് തവണ ലഭിക്കാത്ത സാഹചര്യമുണ്ട്. ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള പേപ്പറുകൾ എത്തുന്നത് കാണുന്നതെന്നും അതുകൊണ്ടുതന്നെ എന്താണ് ചെയ്യേണ്ടതെന്ന് അറിയാത്ത സാഹചര്യമാണെന്നുമാണ് ജില്ലാ കളക്ടർമാർ പറയുന്നത്. 216739 കോടി രൂപയാണ് വൻകിട കോർപ്പറേറ്റ് കമ്പനികൾ പൊതുമേഖലാ ബാങ്കുകൾക്ക് കൊടുക്കാനുള്ളത്. എന്നാൽ അത് തിരിച്ചടയ്ക്കുന്നതിനെ സംബന്ധിച്ച് യാതൊരുവിധ ചർച്ചകളുമില്ല. ശ്രീ. വിജയ് മല്യയുടെ കമ്പനിക്ക് മാത്രം ഏതാണ്ട് 6,000 കോടി രൂപ പൊതുമേഖലാ ബാങ്കുകൾക്ക് അടയ്ക്കാനുണ്ട് എന്നിരിക്കെ ഈ റിലയൻസ് കമ്പനിയെ അസറ്റ് റീ കൺസ്ട്രക്ഷന്റെ ഭാഗമായി വിദ്യാഭ്യാസ വായ്പ തിരിച്ചു വാങ്ങുന്നതിനുവേണ്ടി ചുമതലപ്പെടുത്തിക്കൊണ്ടുള്ള നടപടിയിൽ ഗവൺമെന്റ് ഇടപെടണം. ഇവർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുന്നതിനുള്ള സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുപോലും 60 ശതമാനം മാർക്കില്ലെന്ന പേരിൽ വിദ്യാഭ്യാസ വായ്പ ലഭിക്കാത്ത ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നുണ്ട്. വിദ്യാഭ്യാസമാണ് നമ്മുടെ സംസ്ഥാനത്തിന്റെ

പരമപ്രധാനമായ വികസനത്തിന്റെ നാന്ദി എന്നുള്ളതുകൊണ്ട് പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതോടൊപ്പം തന്നെ ഈ റിക്കവറി നടപടികൾ നിർത്തിവയ്ക്കുന്നതിന് ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി ഇ. എസ്. ബിജിമോൾ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്ന് കേരളത്തിലെ എല്ലാ കുടുംബങ്ങളുടേയും ഏറ്റവും വലിയ പരിഗണന കുട്ടികളുടെ വിദ്യാഭ്യാസമാണ്. നമുക്കിന്ന് ധാരാളം സാധ്യതകൾ ഉപരിപഠനത്തിനുണ്ട്. പക്ഷേ എല്ലാ കുടുംബങ്ങൾക്കും സ്വന്തമായി കഴിവനുസരിച്ച് അതിന് പോകാൻ സാധിക്കുന്നില്ല. ഞങ്ങളൊക്കെ പഠിക്കുന്ന സമയത്ത് എഞ്ചിനീയറിംഗിന് കേരളത്തിലുള്ള ആകെ സീറ്റുകൾ 2000-ൽ താഴെയായിരുന്നു. ഇന്ന് അൻപതിനായിരത്തിലധികം സീറ്റുകളുണ്ട്, സാധ്യത വളരെ കൂടുതലാണ്. എന്നാൽ എല്ലാ കുടുംബങ്ങൾക്കും അത് സാധിക്കുകയില്ല. അപ്പോൾ സ്വാഭാവികമായും ബാങ്ക് വായ്പയെ ആശ്രയിക്കുന്നു. ബാങ്ക് വായ്പ എടുത്ത് പഠിക്കുന്നവർ നല്ലൊരു ശതമാനം ആൾക്കാരും ജോലി കിട്ടിയാൽ തിരിച്ചടയ്ക്കും. ജോലി കിട്ടുന്നില്ലെങ്കിൽ മനഃപൂർവ്വം തിരിച്ചടക്കാതിരിക്കുന്നതല്ല, തിരിച്ചടക്കാൻ സാധിക്കുന്നില്ല. അങ്ങനെവരുന്ന സമയത്ത് അവരോട് ഉദാരമായ സമീപനം എടുക്കുന്നതിന് പകരം, തിരിച്ചടക്കുന്നതിന് ചില സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുന്ന ഏർപ്പാടിനോട് സംസ്ഥാന ഗവൺമെന്റിന് യോജിപ്പില്ല. എസ്.ബി.ടി. റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായി കിട്ടാക്കടം തിരിച്ചടക്കുന്നതിന് വേണ്ടിയുണ്ടാക്കിയ കരാറിൽ ഗവൺമെന്റിന് യോജിപ്പില്ല. ഈ സഭ തന്നെ ഐകകണ്ഠ്യേന 2015 ജൂലൈ 29 -ാം തീയതി ഒരു പ്രമേയം പാസ്സാക്കി. അത് റിസർവ് ബാങ്കിനും, ഗവൺമെന്റ് ഓഫ് ഇന്ത്യക്കും അയച്ചുകൊടുത്തു, പക്ഷേ അവിടെ നിന്നും ലഭിച്ചിരിക്കുന്ന മറുപടി ഒട്ടും തൃപ്തികരമല്ല. പൊതുമേഖലാ ബാങ്കായ എസ്.ബി.ടി.-ക്ക് സ്വയം ഭരണാവകാശമുണ്ടെന്നും, കുടിശ്ശിക പിരിച്ചെടുക്കൽ ബാങ്കിന്റെ ദൈനംദിന പ്രവർത്തനത്തിൽപ്പെട്ട ഒന്നാണെന്നും കേന്ദ്ര ധനകാര്യ മന്ത്രാലയം അറിയിച്ചിട്ടുണ്ട്. ഇതിനോട് നമുക്ക് യോജിപ്പില്ല, ഒരു സാമൂഹിക പ്രതിബദ്ധതയോടുകൂടി ഈ കാര്യങ്ങൾ കാണണം.

ബാങ്കിന്റെ തുക തിരിച്ച് പിടിക്കണ്ട എന്നൊന്നും നമ്മൾ പറയുന്നില്ല, അത് തിരിച്ച് പിടിക്കേണ്ടിവരും. അതിന് കുറേക്കൂടി പ്രായോഗികമായ ഒരു സമീപനം സ്വീകരിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. നിശ്ചയമായും ഗവൺമെന്റ് കിട്ടുന്ന വേദികളിലൊക്കെ ഈ ആവശ്യം ഉന്നയിക്കും. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായും യോജിപ്പാണ്.

## (7) കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. എ. അസീസ്: സർ, കശുവണ്ടി വികസന കോർപ്പറേഷന്റെ അടഞ്ഞു കിടക്കുന്ന 30 ഫാക്ടറികൾ തുറക്കണമെന്നതാണ് എന്റെ ആവശ്യം. ഇതേ ആവശ്യം ഈ സഭയിൽ അടിയന്തര പ്രമേയ രൂപത്തിൽ വന്നതാണ്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ നൽകിയ ഉറപ്പ് പാലിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. കാരണം അതിനുള്ള അടിസ്ഥാന സൗകര്യങ്ങളൊന്നും ആരംഭിച്ചിട്ടില്ല. കശുവണ്ടി വികസന കോർപ്പറേഷന്റെ ചെയർമാൻ അടക്കമുള്ള 4 ഡയറക്ടർ ബോർഡ് മെമ്പർമാർ രാജിവെച്ചു. മാനേജിംഗ് ഡയറക്ടറെ സ്ഥലംമാറ്റി. മാനേജിംഗ് ഡയറക്ടർ ഇല്ല, ഡയറക്ടർ ബോർഡ് ഇല്ല, പിന്നെ ഓടിച്ചെന്ന് വാങ്ങാൻ കഴിയുന്ന ഒരു ഉൽപ്പന്നമല്ല കശുവണ്ടി. കശുവണ്ടി ഇന്ന് മാർക്കറ്റിൽ നിന്ന് വാങ്ങാൻ വളരെ പ്രയാസമാണ്. അല്ലെങ്കിൽ കൈവശമിരിക്കുന്ന മുതലാളിമാരിൽ നിന്ന് തോട്ടണ്ടി വാങ്ങേണ്ടി വരും. അങ്ങനെ പെട്ടെന്ന് ഫാക്ടറി ആരംഭിക്കാൻ വേണ്ടി മുതലാളിമാരിൽ നിന്നും തോട്ടണ്ടി വാങ്ങിയാൽ അതിന്മേൽ ധാരാളം അഴിമതികൾ ഉണ്ടാകാനിടയുണ്ട്. ആ അഴിമതികളെക്കുറിച്ച് തന്നെയാണ് ഇന്നിപ്പോൾ സി.ബി.ഐ.യുടെ അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്നത്. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് 6 മാസങ്ങൾക്കുമുൻപ് കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഉൾപ്പെടെ ഈ ഗവൺമെന്റിന് ശിപാർശ ചെയ്തതാണ്. പക്ഷേ മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാപേരും ആരംഭിക്കാമെന്ന് മറുപടി പറഞ്ഞതല്ലാതെ, കാര്യമായി യാതൊരു തീരുമാനവും എടുത്തില്ല. ഇപ്പോഴും ആരംഭിക്കുമെന്ന തന്നെയാണ് പറയുന്നത്. പക്ഷേ അവർ പറയുന്നതുപോലെ ആരംഭിക്കാനുള്ള സാധ്യതകൾ ഇന്ന് ഇല്ലെന്നതാണ് ആ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു പ്രവർത്തകനെന്നുള്ള

നിലയിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഏകദേശം 13000 തൊഴിലാളികളെയും, ആ വ്യവസായ രംഗത്ത് ഒട്ടാകെ പണിയെടുക്കുന്ന മൂന്ന് ലക്ഷം തൊഴിലാളികളെയും ബാധിക്കുന്ന പ്രശ്നമാണ്. ഈ 13000 തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതായതുകൊണ്ട് സ്വകാര്യ മേഖലയിൽ ഇന്ന് ചൂതാട്ടം നടക്കുകയാണ്. ആ ചൂതാട്ടത്തിന് കളം ഒരുക്കിക്കൊടുത്തിരിക്കുന്നത് ഈ ഗവൺമെന്റാണെന്ന നിലയിലാണ് സെക്രട്ടേറിയറ്റ് പടിക്കൽ ഉൾപ്പെടെ സമരം ആരംഭിച്ചത്. ആ സമരം ഏതാനും ദിവസങ്ങൾക്കുമൻപ് ഒത്തുതീർപ്പാക്കി ഫാക്ടറി ആരംഭിക്കുമെന്ന് പറഞ്ഞു, യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ ഇക്കാര്യത്തിൽ അടിയന്തര സ്വഭാവത്തോടുകൂടി ഫാക്ടറികൾ തുറക്കാൻ, അന്ന് അസന്നിഗ്ദ്ധമായി തീയതികൾ പറയണമെന്ന് പറഞ്ഞു, ഡിസംബർ മാസമോ ജനുവരിയോ എന്നു പറഞ്ഞു. ഡിസംബർ മാസത്തിലും ജനുവരിയിലും തുറക്കുമെന്ന് പറയാൻ ഇന്ന് മന്ത്രിമാർക്ക് കഴിയുമോ എന്ന ആശങ്ക എനിക്കുണ്ട്, അങ്ങനെ പറയാൻ കഴിയുമെന്നുണ്ടെങ്കിൽ അത് വ്യക്തമാക്കണം. എത്രയും പെട്ടന്ന് ഫാക്ടറികൾ തുറക്കണം. ഇതാണ് എന്റെ ആവശ്യം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പ്രയാസങ്ങളൊക്കെയുണ്ട്, അത് ആൾ പാർട്ടി ബോർഡായിരുന്നു. ആ ബോർഡ് രാജിവെച്ചു, അതിന്റെ സാഹചര്യം ഈ പറഞ്ഞതു തന്നെയാണ്, പെട്ടന്ന് തൊഴിൽ കൊടുക്കാൻവേണ്ടി കിട്ടാവുന്നിടത്തുനിന്നും കശുവണ്ടി വാങ്ങും. അപ്പോൾ സ്വാഭാവികമായും അതിൽ പറഞ്ഞ നിയമങ്ങളൊക്കെ പാലിച്ചുവെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞില്ല, അല്ലെങ്കിൽ പാലിച്ചില്ലെന്ന സംശയമുണ്ടാകും. അങ്ങനെയാണ് അവിടെ പതിനഞ്ചു കൊല്ലമായി കാര്യങ്ങൾ നടക്കുന്നത്. കിട്ടാവുന്നിടത്തുനിന്നും കശുവണ്ടി വാങ്ങാതിരുന്നാൽ തൊഴിലാളികൾക്ക് ജോലി കൊടുക്കാനും കഴിയുകയില്ല. ഇതൊക്കെ ഒരു ഉത്തമവിശ്വാസത്തിൽ നടന്നു പോകുകയായിരുന്നു. അതിനിടയിൽ എൻക്വയറിയും കാര്യങ്ങളുമൊക്കെ വന്നു, ബോർഡ് രാജിവെച്ചുപോയ സാഹചര്യം ഉണ്ടായി. നിലവിൽ വളരെ പ്രയാസകരമായ ചുറ്റുപാടിലാണ്. ഗവൺമെന്റിന് തൊഴിലാളികളോട് ഉത്തരവാദിത്വമുള്ളതുകൊണ്ട് വെറുതെയിരിക്കുവാൻ കഴിയില്ല. അതുകൊണ്ട് വളരെ ഗൗരവത്തിൽ ഈ വിഷയം ആലോചിക്കുകയും മറ്റു കാര്യങ്ങൾക്ക് തീരുമാനം ഉണ്ടാകുന്നതുവരെ

ഉദ്യോഗസ്ഥതലത്തിലുള്ള ഒരു സംവിധാനമുണ്ടാക്കി പെട്ടെന്ന് ഇ-ടെണ്ടറിലൂടെ കിട്ടാവുന്നിടത്തുനിന്നും തോട്ടണ്ടി ശേഖരിച്ച്, ഫാക്ടറികൾ വേഗം തുറക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയോട് അത് കോ-ഓർഡിനേറ്റ് ചെയ്യാൻ ഫയൽ അദ്ദേഹത്തിനുകൂടി കൊടുക്കുകയാണ്. എമർജൻസിയായ കാര്യമായതുകൊണ്ട് കൊല്ലത്തുള്ള വകുപ്പുമന്ത്രിയും അതുപോലെതന്നെ തൊഴിലാളികളുടെ കാര്യമായതുകൊണ്ട് കോ-ഓർഡിനേറ്റു ചെയ്യാൻ പ്രത്യേകമായി മുഖ്യമന്ത്രിയും അദ്ദേഹത്തോട് ആവശ്യപ്പെട്ടു. ഞാൻതന്നെ നോട്ട് എഴുതിക്കൊടുക്കുകയാണ്. അങ്ങനെയൊരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിൽ ഒരു ചെയർമാനും അതുപോലെതന്നെ കരുത്തനായ ഒരു എം.ഡി.യേയും അപ്പോയിന്റ് ചെയ്യാൻ വേണ്ടി തീരുമാനം എടുത്തിട്ടുണ്ട്. മന്ത്രിസഭാ യോഗത്തിലോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ മുറയ്ക്ക് ഉത്തരവിറക്കും. കിട്ടാവുന്നിടത്തുനിന്നും തോട്ടണ്ടി വാങ്ങി ഫാക്ടറികൾ വേഗം തുറപ്പിക്കാൻ വേണ്ട നടപടികൾ ശീഘ്രഗതിയിൽ മുന്നോട്ടു പോകുകയാണ്. ഫണ്ട് കുറച്ചധികം ആവശ്യമുണ്ട്, അത് കൊടുക്കാമെന്നതന്നെയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഞങ്ങൾ ഇക്കാര്യം ആലോചിച്ച് ഉടനെതന്നെ തീരുമാനമെടുക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: 12.30-നുതന്നെ ധനവിനിയോഗ ബില്ല് എടുത്തേ മതിയാകുകയുള്ളൂ എന്നത് എല്ലാ അംഗങ്ങൾക്കും അറിയാവുന്നതാണ്. 6 സബ്മിഷനുകൾ മാത്രമേ കഴിഞ്ഞിട്ടുള്ളൂ, ഇനിയും 17 എണ്ണം ബാക്കിയുണ്ട്. വളരെ ചുരുക്കി അവതരിപ്പിക്കണം.

## (8) ഭാരതപ്പുഴ നദീതട വികസന അതോറിറ്റി

ശ്രീ. സി. പി. മുഹമ്മദ്: സർ, അനേകം പോഷകനദികളുള്ള കേരളത്തിലെ ഏറ്റവും വലിയ നദിയാണ് ഭാരതപ്പുഴ. ഭാരതപ്പുഴ ഇന്ന് മാലിന്യംകൊണ്ട് നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ പേരാറ് ആകുലമായ ഒരു അഴുക്കുചാലായി മാറിപ്പോയെന്ന് ഇടശ്ശേരി ഗോവിന്ദൻ നായർ പാടിയത് ഭാരതപ്പുഴയെക്കുറിച്ചാണ്. നമ്മുടെ സംസ്കാരത്തിന്റെ, സാഹിത്യത്തിന്റെ, കലയുടെ, സംഗീതത്തിന്റെ, സുകുമാരകലകളുടെ എല്ലാം പ്രഭവകേന്ദ്രം കൂടിയാണ് ഭാരതപ്പുഴയുടെ തീരം. സാഹിത്യ നായകന്മാരും, കലാകാരൻമാരും ഇത്രമാത്രം ജന്മംകൊണ്ട് അനുഗ്രഹീതമായ ഒരു പ്രദേശം കേരളത്തിൽ വേറെയില്ല. ഭാരതപ്പുഴയേയും അതിന്റെ പോഷകനദികളേയും സംരക്ഷിക്കുന്നതിനു വേണ്ടി ഒരു ഭാരതപ്പുഴ നദീതട അതോറിറ്റി

രൂപവൽക്കരിക്കണമെന്ന് അനേകം തവണ ഈ നിയമസഭയിൽ ഞാൻ ആവശ്യപ്പെട്ടതാണ്. ഇപ്പോൾത്തന്നെ ഭാരതപ്പുഴ ഭാരതക്കാടാണെന്നു പറഞ്ഞു കഴിഞ്ഞു. ഭാരതപ്പുഴയെ രക്ഷിക്കാൻ ഭാരതപ്പുഴയേയും അതിന്റെ പോഷകനദികളുടേയും നദീതടങ്ങളെ ഉൾപ്പെടുത്തി ഒരു അതോറിറ്റി രൂപവൽക്കരിക്കാൻ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഭാരതപ്പുഴ നേരിടുന്ന ഒരു പ്രധാന പാരിസ്ഥിതിക പ്രശ്നമാണ് മണൽ ഖനനം. മണൽ ലഭ്യതയിൽ വരുന്ന കുറവ് നദിയുടെ സ്ഥായിയായ നീരൊഴുക്കിനെ ബാധിക്കും. കൂടാതെ നഗരവൽക്കരണം, നദീതടത്തിലെ ആവാസ വ്യവസ്ഥയിലും ഭൂവിനിയോഗത്തിലും വന്ന മാറ്റം, കാർഷികാവശ്യത്തിനായി രാസവളം, രാസ കീടനാശിനി എന്നിവയുടെ ഉപയോഗം എന്നിവ ഭാരതപ്പുഴയിലെ ജലത്തിലെ മാലിന്യത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതായി CWRDM പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. കേരളത്തിൽ രൂപപ്പെടുന്ന വരൾച്ചയ്ക്ക് പരിഹാരമായി സുസ്ഥിരവും സ്ഥായിയുമായ ഒരു ജലവിഭവ മാനേജ്മെന്റ് ഇന്ന് കേരളത്തിന് ആവശ്യമാണ്. ഇതിന്റെ ഭാഗമായി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്, 2003 ഭേദഗതിയിലൂടെനദീതട/തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുന്നതിനുള്ള ബിൽ, 13-ാം കേരള നിയമസഭയുടെ ബിൽ നമ്പർ 184 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ സംസ്ഥാനത്തിന്റെ ജലവിഭവ സംരക്ഷണത്തിനായി വികേന്ദ്രീകൃതമായ ചുവടെപ്പറയുന്ന സ്ഥാപനങ്ങളെയാണ് വിഭാവന ചെയ്തിട്ടുള്ളത്. സംസ്ഥാന നദീതട/തണ്ണീർത്തട അതോറിറ്റി, നദീതട ബോർഡുകൾ, തണ്ണീർത്തട വികസന ബോർഡുകൾ എന്നിവ മേൽസൂചിപ്പിച്ച മൂന്ന് തലങ്ങളിലുള്ള ജന പ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ എന്നിവർക്ക് പുറമെ ജലവിഭവ പാരിസ്ഥിതിക മേഖലകളിൽ വൈദഗ്ധ്യമുള്ളവരെയും സന്നദ്ധ പ്രവർത്തകരേയും ഉൾപ്പെടുത്താനുള്ള നിർദ്ദേശവും പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ജലവിഭവ സംരക്ഷണത്തിനുള്ള വിപുലമായ അധികാരവും സംസ്ഥാന ജല അതോറിറ്റിക്കും ബോർഡുകൾക്കുമുണ്ട്. നദികൾക്ക് പുറമെ തണ്ണീർത്തടങ്ങളുടെ സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനാണ് ഭേദഗതിയിലൂടെ ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളുടെ പ്രവർത്തന ഏകോപനം, നദീതടങ്ങളുടെ പാരിസ്ഥിതിക സംരക്ഷണത്തിനുള്ള ക്യാച്മെന്റ്

മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കൽ, ജല മലിനീകരണം തടയുക, നദീതട ബോർഡുകളുടെ ഭാഗത്തുവരുന്ന ജല സംബന്ധിയായ തർക്കങ്ങൾ പരിഹരിക്കുക, നദികളിലെ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുക എന്നിവയാണ് ബില്ലിന്റെ പ്രധാന ലക്ഷ്യങ്ങൾ. അതിന്റെ അടിസ്ഥാനത്തിൽ ഭാരതപ്പുഴയ്ക്കുവേണ്ടി നദീതട വികസന അതോറിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നില്ല.

## (9) കുന്നുമ്മേൽ കുടിവെള്ള പദ്ധതി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം മണ്ഡലത്തിലെ ഏതാനും മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ വർഷങ്ങൾക്കുമുമ്പ് തുടക്കം കുറിച്ച പദ്ധതിയാണ് കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി. വളയം, വാണിമേൽ, നരിപ്പറ്റ, കായക്കൊടി തുടങ്ങിയ മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാനാണ് ഈ പദ്ധതി ഉപയോഗപ്രദമാകുക. ഇതുമായി ബന്ധപ്പെട്ട് എപ്പോൾ ഇത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയേണ്ടതുണ്ട്. അതോടൊപ്പം ഇത് ഉദ്ദേശിച്ച വേഗതയിൽ നടക്കാത്തതുകൊണ്ട് ഈ മേഖലയിലെ ഗ്രാമീണ റോഡുകൾ പൈപ്പിട്ടതിന്റെ ഭാഗമായി തകർന്നിരിക്കുകയാണ്. അതുകൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെങ്കിൽ ഇത് കമ്മീഷൻ ചെയ്യണം. അതിനാൽ ഇത് വളരെ വേഗതയിൽ മുന്നോട്ട് പോയില്ലെങ്കിൽ വലിയ ബുദ്ധിമുട്ടുകളായിരിക്കും ഞങ്ങൾക്ക് നേരിടേണ്ടിവരുന്നത്. എപ്പോൾ ഇത് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി അറിയിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കുന്നുമ്മലും സമീപ വില്ലേജുകളിലേയ്ക്കുമുള്ള സമഗ്ര കുടിവെള്ള പദ്ധതി നാദാപുരം നിയോജകമണ്ഡലത്തിലെ വളയം, വാണിമേൽ, നരിപ്പറ്റ, നാദാപുരം, തൂണേരി, കായക്കൊടി എന്നീ വില്ലേജുകൾക്കും കൂടാതെ കുറ്റിയാടി നിയോജക മണ്ഡലത്തിലെ കുറ്റിയാടി വില്ലേജിലും ശുദ്ധജലമെത്തിക്കാനാണ് വിഭാവന ചെയ്തിരിക്കുന്നത്. 32.88 കോടി രൂപയുള്ള പദ്ധതിയാണിത്. പദ്ധതിയുടെ പ്രധാന ഘടകങ്ങളായ കിണർ, പമ്പ് ഹൗസ്, പമ്പുസെറ്റുകൾ, ശുദ്ധീകരണശാല, വില്ലേജുകളിലേയ്ക്കുള്ള സംഭരണികൾ, വിതരണ ശൃംഖല എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ജല സംഭരണികളിലേയ്ക്കുള്ള ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

ആകെയുള്ള 17.49 കിലോമീറ്ററിൽ ഏകദേശം 14 കിലോമീറ്ററോളം പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്തുവകുപ്പിൽ നിന്നും ബന്ധപ്പെട്ട പഞ്ചായത്തിൽ നിന്നും റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കുവാനുള്ള കാലതാമസവും പൊതു ജനങ്ങളുടെ എതിർപ്പും കാരണമാണ് പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടത്. പ്രോ-വാട്ടർ പമ്പ് ഹൗസിലേയ്ക്കുള്ള 500 KVA ട്രാൻസ്ഫോമർ ലെയർ-വാട്ടർ പമ്പ് ഹൗസിലേയ്ക്കുള്ള 500 KVA ട്രാൻസ്ഫോമർ എന്നിവ സ്ഥാപിക്കാനുള്ള പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. ട്രാൻസ്ഫോമർ കൺട്രോൾ റൂമുകളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ട്രാൻസ്ഫോമർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ഉടനെ ലഭ്യമാകും. മേൽപ്പറഞ്ഞ ഗ്രാവിറ്റി മെയിനുകളുടെയും ട്രാൻസ്ഫോമറുകളുടെയും പ്രവൃത്തി പൂർത്തീകരിച്ച് 2016 മാർച്ച് മാസത്തോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## (10) പാഠ്യപദ്ധതിയിൽ കൃഷി സംസ്കാരം ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ സംസ്ഥാനത്ത് കാർഷിക മേഖലയിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായെങ്കിൽപ്പോലും ഒരു കാലഘട്ടത്തിലുണ്ടായിരുന്ന കാർഷിക സംസ്കാരം ഏതാണ്ട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് പ്രത്യേകിച്ച് പുതിയ തലമുറയെ സംബന്ധിച്ചിടത്തോളം. അഗ്രികൾച്ചർ എന്ന വാക്കിൽത്തന്നെ, there is a culture in agriculture. കൃഷി സംസ്കാരത്തിന്റെ ഭാഗംകൂടിയാണ്. അതുകൊണ്ടു തന്നെ നമ്മുടെ പുതിയ തലമുറയെ ആ രംഗത്തേയ്ക്ക് ആകർഷിക്കുവാനും, പുതിയ തലമുറയിൽ കാർഷിക സംസ്കാരം രൂപപ്പെടുത്തിയെടുക്കുവാനും, കൃഷി പാഠ്യപദ്ധതിയുടെ ഭാഗമാക്കി കൃഷിയുമായി ബന്ധപ്പെട്ട പാഠങ്ങൾ ആഴ്ചയിൽ ഒരു മണിക്കൂറെങ്കിലും പുതിയ തലമുറയിലേയ്ക്ക് വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ എത്തിക്കാൻ വേണ്ടി മണ്ണുമായി അവരുടെ ബന്ധത്തെ കൂടുതൽ ഊട്ടിയുറപ്പിക്കാൻ പ്രത്യേകിച്ച്, അന്താരാഷ്ട്ര മണ്ണുവർഷമായി 2015 ആചരിക്കുന്ന ഈ കാലയളവിൽ പാഠ്യ പദ്ധതിയുടെ ഭാഗമായി കൃഷിയെ മാറ്റിയെടുക്കുവാൻ വേണ്ടിയുള്ള ശ്രമം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുള്ള ഒരു നിർദ്ദേശമാണ് എനിക്ക് മുമ്പോട്ട് വയ്ക്കാനുള്ളത്. മറ്റൊരു കാര്യം നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമായി കൃഷിയെ മാറ്റുവാൻ കുഞ്ഞുണ്ണി മാഷ് പറഞ്ഞ ഒരു വരികൂടി പറഞ്ഞുകൊണ്ട് ഞാൻ

അവസാനിപ്പിക്കുകയാണ്. 'എഴുതി നേടുന്നത് ഉത്തമം, ഉഴുതു നേടുന്നത് അത്യുത്തമം' എന്ന് കുഞ്ഞുണ്ണിമാഷ് പറഞ്ഞിട്ടുണ്ട്. എഴുതുന്നതോടൊപ്പംതന്നെ ഉഴുതുകൊണ്ടും കൂടുതൽ ഉത്തമമായ ജീവിതത്തിലേയ്ക്ക് പുതിയ തലമുറയെ കൈപിടിച്ച് ഉയർത്തുവാൻ എന്റെ ഈ നിർദ്ദേശം സംസ്ഥാന ഗവൺമെന്റ് അംഗീകരിക്കണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുകയാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ അവതരിപ്പിച്ച സബ്മിഷൻ കാർഷിക സംസ്കാരത്തെ തിരിച്ചെത്തിക്കുന്നതിനും വരുംതലമുറയെ കാർഷിക മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിനുംവേണ്ടി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. പച്ചക്കറി വികസന പദ്ധതിപ്രകാരം കൃഷി ചെയ്യാൻ സൗകര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യുവാനായി പ്രവർത്തന ചെലവുകളുൾപ്പെടെ 500 രൂപ വീതം ധനസഹായം നൽകിവരുന്നു. കൃഷിയിൽ താൽപര്യമുള്ള വിദ്യാർത്ഥികൾ അംഗങ്ങളായുള്ള കാർഷിക ക്ലബ്ബുകളാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. അതോടൊപ്പംതന്നെ വിദ്യാർത്ഥികളുടെ വീട്ടുവളപ്പിൽ കൃഷിചെയ്യുവാനായി നിലവിൽ 20 രൂപ വില വരുന്ന വിവിധയിനം പച്ചക്കറി വിത്തുകൾ അടങ്ങുന്ന പച്ചക്കറി വിത്ത് കിറ്റുകൾ 50 ലക്ഷം വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകിവരുന്നു. അതുപോലെതന്നെ സുരക്ഷിത പച്ചക്കറിയെന്ന മാർഗ്ഗരേഖാ കൈപ്പുസ്തകം നൽകിയും കാർഷിക മേഖയിലേയ്ക്ക് അവരെ കൊണ്ടുവരാനുള്ള എല്ലാ നടപടികളും ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ സ്കൂളുകളിലെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ പരിസര മലിനീകരണം കൂടാതെ സംസ്കരിച്ച് സ്കൂളുകളിൽ ഉച്ചഭക്ഷണം തയ്യാറാക്കുന്നതിനുള്ള ഇന്ധനം ലഭ്യമാക്കുക, പച്ചക്കറി കൃഷിക്കാവശ്യമായ ജൈവവളം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി 2014-2015, 2015-2016 വർഷങ്ങളിലായി 3824 സ്കൂളുകളിൽ ഒരു ക്യൂബിക് മീറ്ററിന് പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ച് നൽകിയിട്ടുണ്ട്. NCERT കേരള സ്കൂൾ പാഠ്യ പദ്ധതി വിഭാവനം ചെയ്തപ്പോൾ കൃഷിയുടെ പ്രാധാന്യവും നവീന കൃഷി രീതികളും പരിഗണിച്ച് പാഠപുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ കോർ മേഖലയായി കൃഷിയും കാർഷിക വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കൃഷിയോടും കാർഷിക മേഖലയോടും സ്കൂൾ വിദ്യാർത്ഥികൾക്ക് താൽപര്യം ഉണ്ടാക്കുന്നതിന് സയൻസ് പാഠപുസ്തകങ്ങളിൽ കൃഷിയെക്കുറിച്ചും കൃഷി അനുബന്ധ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിച്ച് വരുന്നുണ്ട്. 5, 6, 7, 8 ക്ലാസ്സുകളിലെ സയൻസ്

പാഠപുസ്തകങ്ങളിൽ കൃഷിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. 8-ാം ക്ലാസ് സയൻസ് പാഠപുസ്തകത്തിൽ ജൈവ പച്ചക്കറിയെക്കുറിച്ചും അതിന്റെ ഗുണഗണങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നുണ്ട്. കൂടാതെ മൂന്ന്-നാല് ക്ലാസ്സുകളിലേയ്ക്ക് തയ്യാറാക്കിയ പരിസ്ഥിതി പഠന പുസ്തകങ്ങളിലും കൃഷിയനുബന്ധിത പാഠങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആഴ്ചയിൽ കുറഞ്ഞത് ഒരു പിരീഡ് എങ്കിലും വിദ്യാലയങ്ങളിൽ കാർഷിക പാഠം ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് വിശദമായ ചർച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായും വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായും നടത്തിക്കഴിഞ്ഞു. ഇക്കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

### (11) ആന്തൂർ നഗരസഭയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ

ശ്രീ. ജെയിംസ് മാത്യു: സർ, തളിപ്പറമ്പ് ഒരു ചെറിയ മുനിസിപ്പാലിറ്റി ആയിരുന്നു. ആ മുനിസിപ്പാലിറ്റിയെ രണ്ടായി വിഭജിച്ചു. രണ്ടാമത് രൂപീകരിക്കപ്പെട്ട ആന്തൂർ മുനിസിപ്പാലിറ്റിയിൽ യാതൊരു അടിസ്ഥാന സൗകര്യവുമില്ലാതെ പ്രവർത്തിക്കാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. പുതിയ മുനിസിപ്പാലിറ്റിയുടെ പരിധിക്കുള്ളിലുണ്ടാകുന്ന ജനനം, മരണം, വിവാഹം ഇവയൊക്കെ രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി നിലവിലുള്ള തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിൽ ഡിസംബർ - 31 വരെ സൗകര്യമേർപ്പെടുത്തുമെന്ന് ഗവൺമെന്റ് അറിയിച്ചിരുന്നു. എന്നാൽ ഡിസംബർ 31-നുശേഷം ആന്തൂർ മുനിസിപ്പാലിറ്റിയിൽ ഇങ്ങനെയുള്ള രജിസ്ട്രേഷനുകൾ നടക്കണമെങ്കിൽ അടിസ്ഥാന സൗകര്യമുണ്ടാവണം. അടിസ്ഥാന സൗകര്യങ്ങളൊന്നും ഇപ്പോൾ അവിടെയില്ല. കമ്പ്യൂട്ടറൈസ് ചെയ്തിട്ടില്ല, സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്തിട്ടില്ല ഇങ്ങനെയുള്ള യാതൊരു സംവിധാനവും ആ മുനിസിപ്പാലിറ്റിയിൽ ഇല്ല. ഗവൺമെന്റ് കുറച്ച് പണം അനുവദിക്കാൻവേണ്ടി തീരുമാനിച്ചു. അങ്ങനെ അനുവദിച്ച് ഉത്തരവിറക്കിയ പണം അവർക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. കാരണം അവരുടെപേരിൽ ട്രഷറിയിൽ ഒരു അക്കൗണ്ട് തുടങ്ങാൻ സാധിക്കുന്നില്ല. അക്കൗണ്ട് ആരംഭിച്ചാൽ മാത്രം പോരാ ഡി.ഡി.ഒ. ഡെസിഗ്നേറ്റ് ചെയ്യപ്പെടണം. അവിടത്തെ മുനിസിപ്പൽ സെക്രട്ടറിയെ ഡി.ഡി.ഒ. ആയിട്ട് ഡെസിഗ്നേറ്റ് ചെയ്യണം. ഡി.ഡി.ഒ.യെ ഡെസിഗ്നേറ്റ് ചെയ്യേണ്ടത് എ.ജി.യാണ്. എ.ജി.യെ ഡെസിഗ്നേറ്റ് ചെയ്യണമെന്ന് ആവശ്യപ്പെടേണ്ടത് ധനകാര്യവകുപ്പാണ്. ധനകാര്യ വകുപ്പിന് അങ്ങനെയൊരു നിർദ്ദേശം കൊടുക്കേണ്ടത് എൽ.എസ്.ജി.ഡി.യാണ്. എൽ.എസ്.ജി.ഡി.യിൽ നിന്നും അങ്ങനെയൊരു നിർദ്ദേശം പോയിട്ടില്ല.

അതിന്റെ ഫലമായി ഡെസിഗ്നേറ്റ് ചെയ്യപ്പെട്ടിട്ടില്ല. അതുകൊണ്ട് അവർക്ക് ഒരു അക്കൗണ്ട് ഓപ്പൺ ചെയ്യാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ എല്ലാ പുതിയ മുനിസിപ്പാലിറ്റികൾക്കും പണം കൊടുത്തിട്ടുണ്ടെന്ന് പറയും. പണം കൊടുത്തതുകൊണ്ട് എന്ത് പ്രയോജനം? അവർക്ക് അത് വിഡ്രോ ചെയ്യാൻ സാധിക്കണ്ടേ? അപ്പോൾ അതിനുള്ള അടിയന്തര നടപടി അങ്ങ് സ്വീകരിക്കണം. കൂടാതെ ഒരു കാര്യം കൂടിയുണ്ട്. ഒരൊറ്റ ഉദ്യോഗസ്ഥൻ അവിടെയില്ല. അവിടെ മൂന്ന് ഉദ്യോഗസ്ഥരുള്ളത് ഡെപ്യൂട്ടേഷൻ വഴി അപ്പുറത്തുനിന്നും അഡീഷണൽ ചാർജെടുത്ത് വന്നുനിൽക്കുകയാണ്. എന്തിനാണ് ഇങ്ങനെയൊരു മുനിസിപ്പാലിറ്റി വിഭജിച്ചതെന്നാണ് ജനങ്ങൾ ചോദിക്കുന്നത്. അതുകൊണ്ട് ബഹുമാന്യനായ മന്ത്രി ആ നാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതത്തിന് ഒരു പരിഹാരമുണ്ടാക്കിത്തരണമെന്നതാണ് എന്റെ സബ്മിഷൻ.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 30.4.2015-ലെ സർക്കാർ ഉത്തരവു പ്രകാരം തളിപ്പറമ്പ് നഗരസഭയിലെ 16 മുതൽ 35 വരെയുള്ള വാർഡുകൾ ചേർത്താണ് ആന്തൂർ നഗരസഭ രൂപീകരിച്ചത്. ഇവിടെ 20 വാർഡുകളാണുള്ളത്. ആന്തൂർ നഗരസഭയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി തളിപ്പറമ്പ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും അഞ്ചു ലക്ഷം രൂപ സർക്കാർ അനുമതിക്ക് വിധേയമായി നഗരകാര്യ ഡയറക്ടറുടെ 31.10.2015-ലെ ഓർഡർ പ്രകാരം അനുവദിച്ചിട്ടുണ്ട്. 2010-ൽ രൂപീകൃതമായ മുൻസിപ്പാലിറ്റികളായ കരുനാഗപ്പള്ളി, തൃക്കാക്കര, ഏലൂർ, മരട്, കോട്ടയ്ക്കൽ, നിലമ്പൂർ, നീലേശ്വരം എന്നീ നഗരസഭകൾക്ക് സർക്കാർ ഉത്തരവു പ്രകാരം 1.5 കോടി രൂപ വീതം ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ അധികമായി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പുതിയതായി രൂപീകരിച്ച 28 നഗരസഭകൾക്കും ഇപ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വീതം അധിക തുക അനുവദിച്ചു നൽകുന്നതിനുള്ള നഗരകാര്യ ഡയറക്ടറുടെ ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിലവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി ആവശ്യമെങ്കിൽ ഒരു പുതിയ വാഹനം കൂടി വാങ്ങാവുന്നതാണ്. തളിപ്പറമ്പ് നഗരസഭയിൽ സേവനം അനുഷ്ഠിക്കുന്നവരിൽ നിന്നും ഒരു സൂപ്രണ്ട്, ക്ലാർക്ക്, ഓഫീസ് അറ്റൻഡന്റ് എന്നിവരെ ആന്തൂർ നഗരസഭയിലേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിയ്ക്കുന്നതിന് കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർ 3-11-2015-ൽ തളിപ്പറമ്പ് നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി രൂപീകരിച്ച നഗരസഭകളിൽ ആവശ്യമായ

തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളും ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന് കൊടുത്തിട്ടുണ്ട്. ഇന്ന് അല്ലെങ്കിൽ അടുത്ത ആഴ്ചയുള്ള ക്യാബിനറ്റിൽ അതിന് തീരുമാനമാകുമെന്നാണ് പ്രതീക്ഷ. ഇപ്പോൾ പ്രധാനമായിട്ടുള്ള ഒരുപാട് പ്രശ്നങ്ങൾ ഒരുവിധം പരിഹരിച്ചിട്ടുണ്ട്. ഒരു നഗരസഭ പുതുതായി ആരംഭിക്കുമ്പോൾ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. പുതിയ നഗരസഭയ്ക്ക് കൊടുത്ത പ്ലാൻ ഫണ്ടിൽ പോപ്പുലേഷന്റെ റേഷ്യോ അനുസരിച്ചുള്ള എമൗണ്ട് അങ്ങോട്ട് മാറ്റാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ വർഷത്തെ ഇതുവരെയുള്ള പോപ്പുലേഷന്റെ റേഷ്യോ അനുസരിച്ചുള്ള അവരുടെ ഫണ്ടുകൾ അങ്ങോട്ട് മാറ്റി കൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## (12) വിദ്യാഭ്യാസ സംവരണം

<u>ശ്രീ. ലൂഡി ലൂയിസ്</u>: സർ, കേരളത്തിലെ ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആംഗ്ലോ- ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർവ്വകലാശാലകൾക്കുകീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കൊപ്പം വിദ്യാഭ്യാസ സംവരണം ഏർപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലെ വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ലത്തീൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി പ്രൊഫഷണൽ കോളേജുകളിൽ ഈ സർക്കാർ വിദ്യാഭ്യാസ സംവരണം അനുവദിക്കുകയുണ്ടായി. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയോടും എനിക്ക് നന്ദിയുണ്ട്. പക്ഷേ, ഇന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിയമനങ്ങളിലും ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലത്തീൻ സമുദായങ്ങൾക്കൊപ്പമാണ് തൊഴിലവസരങ്ങൾ നൽകിയിരിക്കുന്നത്. കൂടാതെ കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ സമുദായം ലത്തീൻ സമുദായത്തിന്റെ ഭാഗമാണ്. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലുള്ള നിരവധി നിർദ്ധന വിദ്യാർത്ഥികൾ ആശ്രയിക്കുന്ന ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ലത്തീൻ കത്തോലിക്ക് അദർദാൻ ആംഗ്ലോ-ഇന്ത്യൻ എന്നുള്ള വിവേചനപരമായ നിബന്ധന ഇപ്പോഴും നിലനിൽക്കുന്നു. ഈ വിവേചനം ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു സ്ഥാപനവും സ്വന്തമായി ഇല്ലാത്ത ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ

വിദ്യാഭ്യാസ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലത്തീൻ സമുദായത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സംവരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, കേരളത്തിലെ സർക്കാർ സർവ്വീസിലും പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനരംഗത്തും ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിന് സംവരണം അനുവദിച്ചത് ലത്തീൻ കത്തോലിക്കാ വിഭാഗത്തിനോടൊപ്പമാണ്.കൂടാതെ 23-5-2015-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും നിലവിലുള്ള രണ്ട് ശതമാനം സംവരണം മൂന്ന് ശതമാനമാക്കി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. ബിരുദ- ബിരുദാനന്തര കോഴ്സുകളിൽ ഒ.ബി.സി. വിഭാഗത്തിനുള്ള 20 ശതമാനം സംവരണത്തിൽ ആംഗ്ലോ-ഇന്ത്യൻ വിഭാഗം ഉൾപ്പെട്ടിട്ടില്ല. ഇവർ കേന്ദ്ര സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടവരാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലത്തീൻ കത്തോലിക്കാ സമുദായത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിർബന്ധമായും പരിശോധിച്ച് ആവശ്യമായ നടപടികൾ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (13) വിശ്വകർമ്മജർക്ക് പെൻഷൻ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. എ. കെ. ആന്റണി സർക്കാർ 2003-ൽ വിശ്വകർമ്മജ സമുദായത്തെ പരമ്പരാഗത തൊഴിൽ വിഭാഗമായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ നാളിതുവരെ ഒരു തുടർനടപടിയും ഉണ്ടായിട്ടില്ല. ഈ ഉത്തരവുപ്രകാരം ക്രീമിലെയർ സംരക്ഷണം ഇല്ലാതായിരിക്കുകയാണ്. ഈ വിഭാഗത്തിലുള്ളവർക്ക് ക്രീമിലെയറിന്റെ സംരക്ഷണം ഭരണഘടനാപരമായി തന്നെ ലഭിക്കേണ്ടതാണ്. ഈ ഉത്തരവ് 2003-ൽ വന്നുവെന്നുള്ളതല്ലാതെ തൊഴിൽ സംരക്ഷണവും തൊഴിലുറപ്പും ഇതുവരെ വിശ്വകർമ്മജ സമുദായത്തിന്

ലഭിച്ചിട്ടില്ല. ക്രീമിലെയർ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ഈ ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പം ഈ സർക്കാർ പെൻഷൻ പ്രഖ്യാപിച്ചിട്ടുണ്ട്. പെൻഷൻ പ്രഖ്യാപിച്ചിട്ട് രണ്ടുവർഷമായെങ്കിലും ഇതുവരെ കൊടുക്കാനായി സാധിച്ചിട്ടില്ല. ഇപ്പോൾ 60 വയസ്സ് കഴിഞ്ഞവർക്ക് 500 രൂപയാണ് പെൻഷനായി പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിൽ ഏകദേശം 4500-നുതാഴെയാണ് അർഹരായ അപേക്ഷകരുള്ളത്. ഇവർക്ക് അടിയന്തരമായി പെൻഷൻ കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം. മറ്റു പെൻഷനുകളെല്ലാം 600 രൂപ വീതമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ പെൻഷൻ 600 രൂപയാക്കി ഉയർത്തുവാനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിൽകൂടി ഞാൻ ആവശ്യപ്പെടുന്നത്.

പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട അംഗം വി. പി. സജീന്ദ്രൻ ഇവിടെ ഉന്നയിച്ചത് വിശ്വകർമ്മജ വിഭാഗത്തിൽപ്പെട്ട ആളുകൾക്കു നൽകേണ്ട ആനുകൂല്യങ്ങളെക്കുറിച്ചാണ്. ഇരുമ്പുപണി, സ്വർണ്ണപണി, കെട്ടിട നിർമ്മാണം, ലോഹനിർമ്മാണം തുടങ്ങിയ ജോലിയിലേർപ്പെട്ട വിശ്വകർമ്മജരെ പരമ്പരാഗത തൊഴിൽ വിഭാഗമായി അംഗീകരിച്ച് 27-11-2003-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-3-2014-ലെ ഉത്തരവുപ്രകാരം വിശ്വകർമ്മജർക്ക് സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും രണ്ടു ശതമാനം സംവരണം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആദ്യമായിട്ടാണ് ഈ വിഭാഗങ്ങൾക്ക് മാത്രമായി രണ്ടു ശതമാനം സംവരണം നല്കുന്നത്. കൂടാതെ പരമ്പരാഗത തൊഴിലിലേർപ്പെട്ടിട്ടുള്ളതും 60 വയസ്സു കഴിഞ്ഞ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടതും മറ്റു പെൻഷനുകൾ ലഭിക്കാത്തതുമായ വിശ്വകർമ്മജ വിഭാഗത്തിൽപ്പെട്ടവർക്ക് 500 രൂപ പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പെൻഷൻ നൽകുന്നതിനായി പിന്നോക്കവിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുകയും നിലവിലെ മാനദണ്ഡങ്ങൾ പാലിക്കപ്പെട്ട അപേക്ഷകൾക്ക് പെൻഷൻ അനുവദിക്കുന്നതിനായി 316.8 ലക്ഷം രൂപ എസ്.ഡി.ജി. വഴി അനുവദിച്ച് നൽകിയിട്ടുമുണ്ട്. പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദ്യമായിട്ടാണ് ഗവൺമെന്റ് വിശ്വകർമ്മജ വിഭാഗത്തിന് ഈ പെൻഷൻ അനുവദിക്കുന്നതെന്നുള്ള കാര്യം ഞാൻ

സന്തോഷത്തോടെ അങ്ങയെ അറിയിക്കുകയാണ്.

## (14) ക്ഷേമ പദ്ധതികൾ കാര്യക്ഷമമാക്കൽ

ശ്രീ. വി. റ്റി. ബൽറാം: സർ, നമ്മുടെ നാട്ടിൽ മത സ്പർദ്ധയും ജാതിവൈരവും വളർത്തുന്നതിനുവേണ്ടി ആസൂത്രിതമായ ചില പ്രചരണങ്ങൾ സമീപകാലത്തായി ശക്തിപ്പെട്ടുവരികയാണ്. അതിലേറ്റവും പ്രധാനമായി ഇത്തരക്കാർ ഉന്നയിക്കുന്നത് നമ്മുടെ വ്യത്യസ്ത സമുദായങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ചുള്ള ചില കണക്കുകളാണ്. നമുക്കറിയാവുന്നതുപോലെ രാജ്യത്ത് സച്ചാർ കമ്മിറ്റി അടക്കമുള്ള കമ്മീഷനുകളുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മുസ്ലീം ന്യൂനപക്ഷത്തിന്റെ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള ചില പ്രത്യേകമായ പദ്ധതികൾ രാജ്യമെമ്പാടും സംസ്ഥാനത്തും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. മൈനോറിറ്റി വെൽഫയർ ഡിപ്പാർട്ടുമെന്റ് എന്നുപറയുന്ന ഒരു വകുപ്പ് സംസ്ഥാനത്തും കേന്ദ്രത്തിലും പ്രവർത്തിക്കുന്നുമുണ്ട്. ഇത്തരത്തിലുള്ള വകുപ്പുകളുടെയും അവയുടെ കീഴിലുള്ള ബോർഡുകളുടെയും കോർപ്പറേഷനുകളുടെയും ചില പദ്ധതികളുടെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ ആനുകൂല്യങ്ങൾ മുഴുവൻ ന്യൂനപക്ഷങ്ങൾക്കാണെന്നും – ഹിന്ദുക്കളടക്കമുള്ള മറ്റു പിന്നോക്കസമുദായങ്ങൾക്ക് ഒരു ആനുകൂല്യവും ലഭിക്കുന്നില്ലെന്ന തരത്തിലുമുള്ള ആക്ഷേപങ്ങളും പ്രചരണങ്ങളുമാണ് വളരെവ്യാപകമായി ആസൂത്രിതമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റ് കുറെക്കൂടി വ്യാപകമായ പ്രചരണങ്ങളും ബോധവത്ക്കരണങ്ങളും ഔദ്യോഗികമായിത്തന്നെ നടത്തേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ ഗവൺമെന്റിന്റെ കീഴിൽ പട്ടിജാതി ക്ഷേമവകുപ്പ്, പട്ടിവർഗ്ഗ ക്ഷേമ വകുപ്പ്, ഒ.ബി.സി. വകുപ്പ് തുടങ്ങിയവ യൊക്കെയുണ്ട്. ഇത്തരത്തിലുള്ള വകുപ്പുകളുടെ കീഴിലുള്ള നിരവധി ബോർഡുകളും കോർപ്പറേഷനുകളും വിദ്യാഭ്യാസ ആനുകൂല്യങ്ങളുൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ പിന്നോക്ക ഹിന്ദുക്കളടക്കമുള്ള വിഭാഗങ്ങൾക്ക് നൽകിവരുന്നുണ്ട്. മറ്റു തരത്തിലുള്ള സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പ്രോത്സാഹനങ്ങളും നൽകിവരുന്നുണ്ട്. ഇത്തരത്തിൽ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ടാണ് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതെന്നും ആ ആനുകൂല്യങ്ങൾ ഏറ്റവും അർഹതപ്പെട്ടവരിലേയ്ക്ക് ടാർഗറ്റായി നൽകുക എന്നുമുള്ള ഗവൺമെന്റിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി പട്ടിക ജാതി ക്ഷേമ വകുപ്പും പിന്നോക്ക ക്ഷേമ വകുപ്പും അതിന്റെ കീഴിലുള്ള ബോർഡുകളും കോർപ്പറേഷനുകളും വഴി

നടപ്പാക്കിവരുന്ന വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് വിശദമായ ഒരു ബോധവത്ക്കരണം നടത്താനും ഇത്തരം പദ്ധതികൾ അർഹതപ്പെട്ടവരിലേയ്ക്ക് എത്തുന്നുവെന്ന് ഉറപ്പു വരുത്താനുംവേണ്ടി വളരെ ആസൂത്രിതവും കാര്യക്ഷമവുമായ നടപടികൾ സ്വീകരിക്കാൻ വകുപ്പുകൾ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[12.00 Noon]

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾക്ക് വിശദമായ മറുപടി ആവശ്യമാണ്. എന്നാൽ അൽപ്പം കാര്യങ്ങൾമാത്രം സൂചിപ്പിക്കുകയാണ്. സംസ്ഥാന സർക്കാർ സമൂഹത്തിലെ പിന്നോക്ക ദുർബ്ബല വിഭാഗങ്ങളുൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങളുടേയും താൽപ്പര്യം പരമാവധി സംരക്ഷിക്കുവാനും ഈ വിഭാഗങ്ങളുടെ ഏറെ നാളത്തെ ആവശ്യങ്ങൾ പരിഹരിക്കുവാനും ശ്രമിച്ചിട്ടുണ്ട്. ഭൂരിപക്ഷ ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തിക പ്രയാസം അനുഭവിച്ചുവരുന്നവർക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പിന്നോക്കക്ഷേമ വകുപ്പ് രൂപീകരണം അതിൽ ഏറ്റവും ശ്രദ്ധേയമാണ്. യുദ്ധകാലാടിസ്ഥാനത്തിൽ പിന്നോക്കക്ഷേമ വകുപ്പിന് ഡയറക്ടേറ്റ് രൂപീകരിക്കുവാനും അതിനോടൊപ്പം എറണാകുളത്തും കോഴിക്കോട്ടും മേഖലാ ഓഫീസുകൾ ആരംഭിക്കുവാനും വകുപ്പിനുകീഴിൽ ഒട്ടനവധി ക്ഷേമ പ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. ഹിന്ദു സമുദായത്തിലെ മുപ്പതോളം പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഒ.ഇ.സി. വിഭാഗത്തിന് ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യം ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. മറ്റു പിന്നോക്ക ഹിന്ദു സമുദായങ്ങൾക്ക് നിലവിലുണ്ടായിരുന്ന വിദ്യാഭ്യാസ പ്രവേശനത്തിനുള്ള സംവരണം വിശ്വകർമ്മ വിഭാഗത്തിനും ധീവര സമുദായത്തിനും രണ്ട് ശതമാനം വീതവും മൺപാത്ര നിർമ്മാണ വിഭാഗത്തിന് ഒരുശതമാനവും പ്രത്യേകം നൽകിയിട്ടുണ്ട്. നിലവിലുള്ള 5 ശതമാനം സംവരണം 8 ശതമാനമാക്കി ഉയർത്തുവാനും ഈ ഗവൺമെന്റിന് കഴിഞ്ഞു. കാലാകാലങ്ങളിലായി അവഗണിക്കപ്പെട്ടിരുന്ന ഹിന്ദു വിഭാഗത്തിലെ മൺപാത്ര നിർമ്മാണത്തൊഴിലാളി സമുദായങ്ങൾക്ക് പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കാനുള്ള നടപടി സ്വീകരിച്ചു. ഈ വിഭാഗങ്ങൾക്ക് തൊഴിൽ ആവശ്യത്തിന് 25,000 രൂപയുടെ പ്രത്യേക ഗ്രാന്റ് അനുവദിക്കുവാനും വിശ്വകർമ്മ വിഭാഗത്തിലെ 60 വയസ്സുകഴിഞ്ഞ ബി.പി.എൽ.

വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ക്ഷേമപെൻഷൻ പദ്ധതി നടപ്പിലാക്കാനും കഴിഞ്ഞു. ഇതിനായി 316.8 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു. പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്യുന്ന ഹിന്ദു വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണവും വരുമാനവർദ്ധനവും ലക്ഷ്യമിട്ട് 25,000 രൂപവരെ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട 6 ലക്ഷം രൂപയിൽ അധികരിക്കാത്ത വാർഷികവരുമാനമുള്ള വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപവരെ വിദേശ പഠനത്തിനായി ഓവർസീസ് സ്കോളർഷിപ്പ് ഇനത്തിൽ അനുവദിച്ചുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങാൻ കഴിഞ്ഞതും കേരളത്തിലാദ്യമായി പട്ടികജാതി വിഭാഗങ്ങൾക്ക് 3 എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ചതും ശ്രദ്ധേയമാണ്. അതോടൊപ്പംതന്നെ ഈ സമുദായങ്ങളുടെ പൊതുവായിട്ടുണ്ടായിരുന്ന ആവശ്യങ്ങൾ, ക്ഷേമ പ്രവർത്തനങ്ങളോടൊപ്പംതന്നെ അയ്യങ്കാളി ദിനം പൊതു അവധി ദിനമായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു, അത് പ്രഖ്യാപിക്കുവാൻ കഴിഞ്ഞു. അതോടൊപ്പം വിശ്വകർമ്മ വിഭാഗത്തിന് വിശ്വകർമ്മ ദിനം അവധിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. അത് നിയന്ത്രിത അവധിയായി പ്രഖ്യാപിച്ചു. സർക്കാർ പിന്നോക്കക്ഷേമ പട്ടികജാതി വകുപ്പുകളുടെ നേതൃത്വത്തിൽ നടത്തിയ ഇത്തരം പ്രവർത്തനങ്ങളോടൊപ്പം എടുത്തുപറയത്തക്കതാണ് മുന്നോക്കക്ഷേമ കോർപ്പറേഷൻ രൂപീകരണം. അതുപോലെതന്നെ മന്നം ജയന്തി പൊതുഅവധിയായി പ്രഖ്യാപിച്ചതും മുന്നോക്കക്ഷേമ കമ്മീഷനുൾപ്പെടെ നടപ്പാക്കിയതും എല്ലാ വിഭാഗങ്ങളേയും ഒരുപോലെ കണ്ട് കാര്യങ്ങൾ നടപ്പാക്കുന്നു എന്നതിന്റെ തെളിവാണ്. മറിച്ച് ഈ ഗവൺമെന്റ് ഏതെങ്കിലും ഒരു വിഭാഗത്തിനുവേണ്ടി, പ്രത്യേകിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അനർഹമായി ആനുകൂല്യങ്ങൾ നൽകുന്നുവെന്നുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെങ്കിലും നൽകുന്നുണ്ടെങ്കിൽ അത് അവർക്ക് അർഹതപ്പെട്ടതാണ് എന്നുകൂടി സൂചിപ്പിക്കുകയാണ്. അങ്ങനെ എല്ലാ വിഭാഗം ജനങ്ങളുടേയും താൽപ്പര്യം പരമാവധി സംരക്ഷിക്കുവാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. മറ്റ് അനുബന്ധമായ കാര്യങ്ങൾ എന്ന നിലയിൽ വകുപ്പിന്റെ കീഴിൽ നടപ്പാക്കുന്ന പദ്ധതികൾ പ്രത്യേകിച്ച് കൂടുതൽ പ്രചരണം നടത്തുവാനുള്ള, ജനങ്ങളിലേയ്ക്ക് എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

## (15) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

ശ്രീ. ആർ. രാജേഷ്: സർ, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ കാലോചിതമായി പരിഷ്കരിച്ച് വർദ്ധിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. ഇപ്പോൾ ലംപ്സംഗ്രാന്റും സ്റ്റൈപ്പന്റും കുടിശ്ശികയായിട്ടുണ്ട്. ആ കുടിശ്ശികകൂടി കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഒന്നു മുതൽ നാലുവരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 250 രൂപ, 5 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് 500 രൂപ, 8 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 750 രൂപ, പ്ലസ് ടു - 900 രൂപ, ഡിഗ്രി - 950 രൂപ, പി.ജി. - 1250 രൂപ എന്നിങ്ങനെയാണ് ഇപ്പോൾ നൽകുന്നത്. വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ കാര്യത്തിൽ വലിയൊരു വർദ്ധനവുണ്ടാകണം. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വർഗ്ഗീയശക്തികൾ വലിയ കാപട്യം നിറഞ്ഞ പ്രചരണങ്ങൾ അഴിച്ചുവിടുന്നത് ഇത്തരം മേഖലയിലാണ്. മതസ്പർദ്ധ ഉണ്ടാകുന്ന രീതിയിലുള്ള വലിയ പ്രചരണമാണ് അടിസ്ഥാനമില്ലെങ്കിൽക്കൂടി ഇക്കാര്യത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി വിഭാഗത്തിന്റെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നത് സമൂഹത്തിന്റെ പൊതു ആവശ്യമാണ്. അത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് തുകകൾ ഈ ഗവൺമെന്റ് വന്നയുടനെ വർദ്ധിപ്പിച്ചതാണ്. നിലവിലുള്ള സാഹചര്യമെന്നുപറയുന്നത് 25 ശതമാനം വർദ്ധനവാണ് സൂചിപ്പിച്ചിരിക്കുന്നത്. ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് അതായത് 8 മുതൽ 10 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റായി നൽകിയിരുന്നത് 330 രൂപയായിരുന്നു. അത് 750 രൂപയാക്കി വർദ്ധിപ്പിച്ചു. യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് നൽകിയിരുന്ന 240 രൂപ 500 രൂപയാക്കി വർദ്ധിപ്പിച്ചു. അതോടൊപ്പംതന്നെ പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ് അലവൻസ് 1300, 1500 എന്നിങ്ങനെ ആയിരുന്നത് യഥാക്രമം 2000, 2300 രൂപയായി വർദ്ധിപ്പിച്ചു. കൂടാതെ വകുപ്പിന്റെ കീഴിലുള്ള MRS- കളിലെ മെസ് അലവൻസ് പത്താംക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്ക് 1300 രൂപയിൽനിന്നും 2000 രൂപയായും പ്ലസ് ടു വിദ്യാർത്ഥികൾക്ക് 1500

രൂപയിൽനിന്നും 2300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അയ്യങ്കാളി സ്പോർട്സ് എം.ആർ.എസ്.-ലെ ഒരു വിദ്യാർത്ഥിക്ക് ഒരു ദിവസത്തേയ്ക്ക് നൽകിവന്നിരുന്ന മെസ് അലവൻസ് 80 രൂപയിൽനിന്നും 130 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെതന്നെ 22-3-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒൻപത്, പത്ത് എന്നീ ക്ലാസുകളിലെ കുട്ടികൾക്ക് കേന്ദ്ര സഹായത്തോടുകൂടി പ്രീ-മെട്രിക് സ്കോളർഷിപ്പായി പ്രതിവർഷം 2250 രൂപ അനുവദിച്ചുവരുന്നു. ഇത് വളരെ കൂടുതലുണ്ട്. ഇതൊക്കെ സമ്പൂർണ്ണമായ പരിഹാരമാണ് എന്നല്ല. പക്ഷേ ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാർത്ഥികൾക്ക് പരമാവധി സഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. ശ്രീ. വി.റ്റി. ബൽറാം സൂചിപ്പിച്ചതുപോലെ, ഇവിടെയും മറിച്ചുള്ള പ്രചരണങ്ങളുണ്ട്. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കൊടുക്കുന്ന ആനുകൂല്യം കൊടുക്കുന്നില്ലെന്ന് പറയുന്ന എസ്.സി. വിഭാഗം സംഘടനകൾതന്നെയുണ്ട്. അത് തെറ്റാണ്. ന്യൂനപക്ഷ വിഭാഗത്തിലെ വരുമാന പരിധിക്കുതാഴെ ഉള്ളവർക്കു മാത്രമാണ് ആനുകൂല്യങ്ങൾ കൊടുക്കുന്നത്. എസ്.സി. വിഭാഗത്തിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആനുകൂല്യം കൊടുക്കുന്നുണ്ട്. അത്തരത്തിലുള്ള താരതമ്യ പഠനം ഒരിക്കലും നമ്മുടെ സമൂഹത്തിന് നല്ലതല്ല. എസ്.സി./എസ്.ടി. വിഭാഗങ്ങൾ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നുവെന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പരമാവധി കാര്യങ്ങൾ ചെയ്യാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെന്ന് അങ്ങയെ അറിയിക്കുകയാണ്.

## (16) ദേശീയപാതയിലെ അപകട സാധ്യത

<u>ശ്രീ. വർക്കല കഹാർ</u>: സർ, തിരുവനന്തപുരം ജില്ലയിലെ കടമ്പാട്ടുകോണം മുതൽ ആറ്റിങ്ങൽ വരെയുള്ള പ്രദേശം വലിയ അപകട മേഖലയാണ്. 83 പേരാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഈ മേഖലയിലുണ്ടായ വിവിധ അപകടങ്ങളിൽ മരിച്ചത്. ഏറ്റവുമൊടുവിൽ മാമത്തുണ്ടായ അപകടത്തിൽപെട്ടത് ഒരു സ്കൂൾ ബസ്സായിരുന്നു. ആ അപകടത്തിൽ 3 പേർ മരിക്കുകയും മുപ്പതോളം ആളുകൾ ആശുപത്രികളിലുമാണ്. അതിൽ 7 പേരുടെ നില വളരെ ഗുരുതരമാണ്. മാത്രമല്ല, ഓരോ അപകടവും അംഗഭംഗം വന്ന ആളുകളേയും ജീവിതം മുഴുവൻ നരകയാതന അനുഭവിക്കുന്ന ആളുകളേയും സൃഷ്ടിക്കുകയാണ്. ഇതിന് പരിഹാരമായി ഒന്നും ചെയ്യാനില്ലേ എന്നാണ് എല്ലാവരുടേയും ചോദ്യം. ഇത്രയും വലിയൊരു അപകടമേഖലയിൽ ഇതുവരെ സർക്കാരിന് ഒരു നടപടിയും സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുള്ളത് വളരെ സങ്കടകരമായ കാര്യമാണ്. ഞാൻ രണ്ട് വർഷത്തിനുമുമ്പ്

ഇക്കാര്യത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കണ്ടിരുന്നു. അന്ന് ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നുള്ളതിന്റെ റിപ്പോർട്ട് നൽകാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകി. പക്ഷെ ഇക്കാര്യത്തിൽ കാര്യമായ ഒരു നടപടിയും കളക്ടറുടെ ഭാഗത്തുനിന്നും ഉണ്ടായില്ല. ഇപ്പോൾ നിരന്തരം അപകടങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇന്നലെയും അപകടമുണ്ടായി. എല്ലാ ദിവസവും ഒരപകടമുണ്ടാകും. ആ അപകടത്തിൽ ആളുകൾക്ക് അംഗഭംഗം സംഭവിക്കുകയും അപകടകരമായ നിലയിൽ പലർക്കും ആശുപത്രികളിൽ കഴിയേണ്ടിവരികയും ചെയ്യുന്നു. നമുക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. ഞാൻ ദീർഘിപ്പിച്ച് ഒന്നും പറയുന്നില്ല. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇവിടെയുണ്ട്. യഥാർത്ഥത്തിൽ ആഭ്യന്തര വകുപ്പു മന്ത്രി കൂടി ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചു. കാരണം, ഈ രണ്ട് വകുപ്പുകളും ഇക്കാര്യത്തിൽ കാര്യമായി ശ്രദ്ധിക്കേണ്ടതാണ്. ഇന്ന് ലോകത്തിന്റെ എല്ലാ ഭാഗത്തും ആധുനിക സംവിധാനങ്ങളുപയോഗിച്ച് അപകടങ്ങൾ തടയുന്ന സ്ഥിതി വിശേഷമുണ്ട്. അതുകൊണ്ട് നമുക്ക് അതെല്ലാം ചെയ്യാൻ കഴിയണം. റോഡപകട ങ്ങളിൽപ്പെട്ട് ഒരാൾപോലും മരിക്കരുത് എന്നുള്ള ഉദ്ദേശ്യത്തോടെ, അടിയന്തര പ്രാധാന്യത്തോടെ ഇക്കാര്യത്തിൽ വേണ്ട നടപടി ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടേയും ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ സഭയിൽ ഇല്ലെങ്കിലും അദ്ദേഹത്തിന്റെയും ഭാഗത്തുനിന്നുകൂടി ഗഹനമായ ചിന്തയും പ്രവൃത്തിയും നടപടിയും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ശ്രീ. വർക്കല കഹാർ, എം.എൽ.എ. ഇവിടെ ഉന്നയിച്ചത് ഒരു ഗുരുതരമായ പ്രശ്നമാണ്. കടമ്പാട്ടുകോണം മുതൽ ആലംകോട്ടുവരെയുള്ള ഭാഗം ദേശീയപാത വികസന പദ്ധതിയിൽപ്പെടുത്തി ഓച്ചിറ മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ദേശീയപാത വികസനത്തിനാവശ്യമായ സ്ഥലമെടുപ്പിലുണ്ടായ കാലതാമസം കാരണമാണ് ആ പദ്ധതി നടപ്പിലാക്കാൻ സാധിക്കാതിരുന്നത്. ഇപ്പോൾ വളരെ ഊർജ്ജിതമായി ആ പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കളക്ടറെ ചുമതലപ്പെടുത്തി എന്നുപറഞ്ഞു, അതാണ് ശരിയായ വഴി. കാരണം റോഡ് സേഫ്റ്റി അതോറിറ്റി ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. ആ സ്റ്റാറ്റ്യൂട്ടറി ബോഡിയുടെ ജില്ലാചെയർമാൻ ജില്ലാകളക്ടറാണ്. അദ്ദേഹത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. അതിനുള്ള ഫണ്ട് റോഡ് സേഫ്റ്റി അതോറിറ്റി ലഭ്യമാക്കുന്നുണ്ട്. ഇക്കാര്യത്തിൽ ആവശ്യമാണെങ്കിൽ

ബഹുമാനപ്പെട്ട എം.എൽ.എ.യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ബന്ധപ്പെട്ട അതോറിറ്റികളുടേയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം വിളിക്കാവുന്നതാണ്. അതോടൊപ്പംതന്നെ ഈ പ്രദേശത്ത് 8.25 കോടി രൂപയുടെ റോഡ് സുരക്ഷാ പദ്ധതി സർക്കാർ അനുവദിച്ചിട്ടുണ്ട്. ആ പദ്ധതി ഉടനെ നടപ്പാക്കുന്നതാണ്.

### (17) റെയിൽവേ ഗേറ്റും എസ്കലേറ്ററും സ്ഥാപിക്കൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് മുനിസിപ്പൽ ബസ് സ്റ്റാൻഡിന്റെയും ടൗൺ ബസ് സ്റ്റാൻഡിന്റെയും ഇടയ്ക്കാണ് ശകുന്തള റെയിൽവേ ഗേറ്റ് വരുന്നത്. അവിടെ ഇപ്പോൾ പുതിയ മേൽപ്പാലം അനുവദിച്ചതോടുകൂടി ആ റെയിൽവേ ഗേറ്റ് എന്നന്നേയ്ക്കുമായി അടച്ചിട്ടിരിക്കുകയാണ്. ഒരു വശത്ത് ടൗൺ ബസ് സ്റ്റാൻഡ് രണ്ട് സൈഡായി ബൈ സെക്ടഡാണ്. ഏതാണ്ട് 500 മീറ്റർ മാറിയാണ് പുതുതായി നിർമ്മിച്ച പാലം വന്നിട്ടുള്ളത്. ഒരു കാൽനടയാത്രക്കാരന്, പ്രായമേറിയ ഒരാൾക്ക് ഈ റോഡിന്റെ മറുഭാഗത്ത് വരണമെങ്കിൽ ഏതാണ്ട് രണ്ട് കിലോമീറ്ററോളം യാത്രചെയ്യേണ്ട അവസ്ഥയാണുള്ളത്. റെയിൽവേ ഗേറ്റിനായി രണ്ടരക്കോടി രൂപ സംസ്ഥാന സർക്കാർ കെട്ടിവച്ചാൽ 30 വർഷത്തേയ്ക്ക് ഓപ്പറേറ്റ് ചെയ്യാൻ തയ്യാറാണെന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട എം. പി. ശ്രീ. എം. ബി. രാജേഷ് വിളിച്ചുചേർത്ത യോഗത്തിൽ റെയിൽവെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അന്നുതന്നെ സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേർന്നപ്പോൾ രണ്ടരക്കോടി രൂപ കെട്ടിവയ്ക്കാമെന്ന് പറയുകയുമുണ്ടായി. ആ രൂപ കെട്ടിവയ്ക്കാമെന്ന് അറിയിച്ചിട്ടും പെർമിഷനുവേണ്ടി റെയിൽവേയിൽ അടിയന്തരമായി കത്തയയ്ക്കണമെന്ന് അവിടത്തെ വ്യാപാരി വ്യവസായ ഏകോപന സമിതി അംഗങ്ങളും പൊതുജനങ്ങളും എല്ലാവരും ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ എത്രയും പെട്ടെന്ന് ഒരു തീരുമാനമുണ്ടാകണം. അവിടെയുള്ള ഫൂട്ട് ഓവർ ബ്രിഡ്ജിൽ പ്രായമായവർ ക്കൊക്കെ കയറിയിറങ്ങാൻ പ്രയാസമാണ്. താൽക്കാലികമായി ഒരു എസ്കലേറ്റർ സംവിധാനം അവിടെ ഏർപ്പെടുത്തുന്നതിനും പുതിയ റെയിൽവേ ഗേറ്റിന് പെർമിഷൻ ലഭിച്ചിട്ടില്ലെങ്കിൽ അതിന് മറ്റെന്തെങ്കിലും ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനും ഇതുസംബന്ധിച്ച് പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കാനും സർക്കാർ തയ്യാറാകുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, പാലക്കാട് ടൗണിലെ ശകുന്തള ജംഗ്ഷനിൽ റെയിൽവേ ഗേറ്റിനുപകരമായി

ആർ.ഒ.ബി. നിർമ്മിച്ച് 2014 ജൂണിൽ ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുണ്ട്. റെയിൽവേ ഗേറ്റിൽനിന്നും 542 മീറ്റർ അകലെയാണ് ആർ.ഒ.ബി. നിർമ്മിച്ചിട്ടുള്ളത്. അതുകാരണം കാൽനട യാത്രക്കാർ ഏകദേശം രണ്ടുകിലോമീറ്റർ കൂടുതൽ സഞ്ചരിച്ചാൽ മാത്രമേ മറുഭാഗത്ത് എത്താൻ കഴിയുകയുള്ളൂ. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നിരുന്നു. രണ്ടരക്കോടി രൂപ ഇതിന് ചെലവ് വരുമെന്നും റെയിൽവേ അധികൃതർ അറിയിച്ചിരുന്നു. ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട എം. പി. ശ്രീ. എം. ബി. രാജേഷും ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ ഒരുപിടി നിർദ്ദേശങ്ങൾ വയ്ക്കുകയും ഫൂട്ട് ഓവർ ബ്രിഡ്ജിന് എസ്കലേറ്റർ നിർമ്മിക്കാനും റെയിൽവേയുടെ അനുമതിക്കായി അപേക്ഷ സമർപ്പിക്കാനും ആർ.ബി.ഡി.സി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് റെയിൽവേയിൽനിന്നും അനുകൂല മറുപടി ലഭിച്ചില്ലെങ്കിൽ മറ്റ് പരിഹാരമാർഗ്ഗങ്ങൾ എന്താണെന്ന് ആലോചിക്കാൻ ഒരു എക്സ്പേർട്ട് കമ്മിറ്റിയെ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഒരു കൺസൽട്ടൻസിയെ നിയമിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

## (18) ഗ്രാമീണ റോഡുകളുടെ കരാർ

<u>ശ്രീ. എ. റ്റി. ജോർജ്</u>: സർ, കാലാവസ്ഥാവ്യതിയാനംമൂലം നമ്മുടെ സംസ്ഥാനത്തെ ഭൂരിപക്ഷം റോഡുകളും പൊട്ടിപ്പൊളിഞ്ഞും ഗതാഗത യോഗ്യമല്ലാതായും തീർന്നിരിക്കുകയാണ്. ഈ വിഷയം അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

തുടർച്ചയായ മഴകാരണം റോഡിൽ വെള്ളംകെട്ടി കിടക്കുന്നതുമൂലവും റോഡ് നിർമ്മാണത്തിലെ അപാകതമൂലവും വളരെയേറെ റോഡുകൾ ഗതാഗത യോഗ്യമല്ലാതായി മാറിയിരിക്കുന്നു. ഇന്ന് കാണുന്ന ചെറിയ കുഴികൾ നാളെ വലിയ കുഴികളായി മാറുന്നുണ്ട്. ഗതാഗത ബാഹുല്യവും 40 മുതൽ 50 വരെ ടൺ ഭാരംകയറ്റിയ വാഹനങ്ങൾ കടന്നുപോകുന്നതുമൂലവും റോഡുകൾ പെട്ടെന്ന് പൊട്ടി നശിക്കുന്നു. പാറശ്ശാല നിയോജക മണ്ഡലത്തിലെ വാഴിച്ചൽ-അമ്പൂരി റോഡ്, ചുളിയൂർ-ചടച്ചി-മാർത്താണ്ഡംറോഡ്, മണ്ഡപത്തിൻകടവ്-വാഴിച്ചൽ റോഡ്, ആറാട്ടുകുഴി-അമ്പൂരി റോഡ്, മണ്ഡപത്തിൻകടവ്-മുകുന്ദറ റോഡ്, മൈലച്ചൽ-കോരണംകോട് റോഡ്, അമരവിള-ഒറ്റശേഖരമംഗലം റോഡ്, അരുവിപ്പുറം-മാരായമുട്ടം റോഡ്, മുതിയാവിള-ഒറ്റശേഖരമംഗലം റോഡ് എന്നീ റോഡുകൾ

തികച്ചും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. അതുവഴി പോകുന്ന ബസ് സർവ്വീസ് നിർത്തിവച്ചിരിക്കുകയുമാണ്. അടിയന്തരമായി ഷെല്ലാക്ക് ഉപയോഗിച്ച് ചെറിയ കുഴികൾ അടക്കുന്നതിനും ചെറിയ റിപ്പയറുകൾക്ക് imprest account-ൽനിന്നും പണം അനുവദിച്ചും ബി.എം.ആന്റ് ബി.സി. ഉപയോഗിച്ച് നിർമ്മിച്ച റോഡുകൾ പുനർനിർമ്മാണം നടത്തണം. ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് പി.ഡബ്ല്യു.ഡി. ബിറ്റുമിൻ നൽകണം. അതുപോലെ പി.ഡബ്ല്യു.ഡി.-ക്ക് റേറ്റുകളും നൽകണം. ഗ്രാമീണ റോഡുകൾ ടെണ്ടർ എക്സസ് നൽകാത്തതുമൂലം കരാറുകാർ പണി ഏറ്റെടുത്ത് നടത്തുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മഴക്കെടുതിമൂലം നാശം സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ഫണ്ട് അനുവദിക്കുകയും പൊതുമരാമത്ത് വകുപ്പുമന്ത്രി റോഡുകളുടെ നിർമ്മാണത്തിന് സാങ്കേതിക അനുമതി നൽകുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട എ. റ്റി. ജോർജ് ഇവിടെ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ മാത്രമല്ല കേരളത്തിലെ പല ഭാഗത്തും ഇതുപോലെ റോഡുകളിൽ കുഴിയുണ്ടായിട്ടുണ്ട്. അതിന് പ്രധാനകാരണമായി പറയുന്നത് ഇത്തവണ കിട്ടിയ മഴ സാധാരണകിട്ടുന്ന മഴയേക്കാൾ ഏകദേശം 30 ശതമാനംവരെ കൂടുതലാണെന്നാണ്. റിപ്പയറിംഗിന് ഫണ്ട് അനുവദിക്കുകയും എന്നാൽ റിപ്പയറിംഗ് ചെയ്യാൻ സാധിക്കാത്ത വിധത്തിലുള്ള മഴയാണ് ഉണ്ടായത്. ഏതായാലും 40 എം.എം. ചിപ്പിംഗ് കാർപ്പറ്റും ബി.എം.ആന്റ് ബി.സി.യുമാണ് ഇപ്പോൾ ചെയ്യുന്ന മിക്കവാറുമുള്ള റോഡുകൾ. അദ്ദേഹം സൂചിപ്പിച്ചതുപോലെ, അത് നല്ല ഈട് ലഭിക്കുന്ന റോഡുകളായി മാറുന്നതായിരിക്കും.

പാറശ്ശാല മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2014-ൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചാണ്. ഒരു കോടി രൂപവരെയുള്ള പ്രവൃത്തികൾക്ക് സർക്കാർ നേരിട്ട് ബിറ്റുമിൻ നൽകാൻ തീരുമാനിക്കുകയും കൊടുത്തുതുടങ്ങുകയും ചെയ്തിട്ടുമുണ്ട്. പാറശ്ശാല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തുതീർക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്. അധികഭാരം കയറ്റിവരുന്ന ലോറികൾ റോഡുകൾ തകരുന്നതിന് കാരണമാകുന്നുവെന്ന് ബഹുമാനപ്പെട്ട എ. റ്റി. ജോർജ് എം.എൽ.എ.യുടെ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. ഇതിനൊരു പരിഹാരം കണ്ടെത്താൻ ആലോചിക്കുന്നുണ്ട്.

## (19) സേവന-വേതന പരിഷ്കരണം

ശ്രീ. കെ. മുരളീധരൻ: സർ, സർക്കാർ ആശുപത്രികൾ, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ഗ്രാമീണ മേഖലകളിലെ സേവനം തുടങ്ങി വർദ്ധിച്ചുവരുന്ന ആരോഗ്യ സുരക്ഷാസംവിധാനങ്ങളുടെ ശരിയായ നടത്തിപ്പിനും പുരോഗതിക്കുമായി ധാരാളം നഴ്സുമാരെ പി.എസ്.സി. വഴിയും മറ്റ് മാർഗ്ഗങ്ങളിലൂടെയും നിയമിച്ചു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ നിയമിക്കപ്പെടുന്ന വിഭാഗങ്ങളിൽപ്പെടുന്നവരാണ് നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ ജോലി ചെയ്യുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിൽപ്പെടുന്നവരാണ് ഇവരിലധികംപേരും. തൊഴിൽസാദ്ധ്യതയുണ്ടെന്ന് പ്രതീക്ഷിച്ച് ബാങ്ക് വായ്പയും മറ്റുമെടുത്ത് പഠനം പൂർത്തിയാക്കുന്ന യോഗ്യരായിട്ടുള്ളവരെ സ്വകാര്യ ആശുപത്രിയിൽപോലും നിയമിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇക്കൂട്ടർക്ക് ആകെ ആശ്രയം എൻ.ആർ.എച്ച്.എം. മുഖേന ലഭിക്കുന്ന കരാർ വ്യവസ്ഥ പ്രകാരമുള്ള അവസരമാണ്. എന്നാൽ ഇവർക്ക് പ്രതിഫലമായി വളരെ തുച്ഛമായ തുകയാണ് ലഭിക്കുന്നത്. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് കൺസോളിഡേറ്റഡ് പേ വാങ്ങുന്ന ഇവർക്ക് വാർഷിക വേതന വർദ്ധനവോ ഞായറാഴ്ച ഒഴികെയുള്ള അവധി ആനുകൂല്യങ്ങളോ ലഭിക്കുന്നില്ല. ഓരോ വർഷവും അപ്രൈസൽ അനുസരിച്ച് മാത്രമേ കരാർ പുതുക്കി ലഭിക്കുകയുള്ളൂ എന്നതിനാൽ ജോലി സ്ഥിരതയുമില്ല. തുച്ഛമായ വരുമാനത്തിൽനിന്നുതന്നെ തൊഴിലിടങ്ങളിലേയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങേണ്ടതായും വരുന്നു. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായാൽപ്പോലും അവധിയെടുത്താൽ ഇവരുടെ ശമ്പളത്തിൽ കുറവ് വരുത്തുകയും ചെയ്യുന്നു. ദീർഘകാലമായി സേവനം അനുഷ്ഠിക്കുന്ന എൻ.ആർ.എച്ച്.എം. നഴ്സുമാർക്ക് പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടില്ല. 5000 ജനങ്ങൾക്ക് ഒരു ജെ.പി.എച്ച്.എൻ. എന്ന 1960-ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും അനുവർത്തിക്കുന്നത്. കൂടുതൽ തസ്തികകൾ ഈ വിഭാഗത്തിൽ അനുവദിക്കേണ്ടതും ഇക്കൂട്ടർക്ക് ജോലി സ്ഥിരത ഉറപ്പുവരുത്തേണ്ടതും ആരോഗ്യമേഖലയുടെ കെട്ടുറപ്പിന് അത്യാവശ്യമാണ്. സംസ്ഥാനത്തെ ആശുപത്രികളിൽ പലയിടത്തും സ്ഥിരം നഴ്സുമാർ ഇല്ലാത്ത സന്ദർഭത്തിൽ 8 മുതൽ 14 മണിക്കൂർവരെ അധികജോലിയും ജെ.പി.എച്ച്. നഴ്സുമാർക്ക് ചെയ്യേണ്ടിവരുന്നു. അത്യദ്ധ്വാനം ചെയ്യുന്ന ഇവർക്ക് തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. ഇവർക്ക് നൽകുന്ന വേതനത്തിലും സേവന വ്യവസ്ഥകളിലും കാലോചിതമായ

പരിഷ്കാരങ്ങൾ താമസംവിനാ ചെയ്യേണ്ടതാണ്. ഈ സാഹചര്യത്തിൽ എൻ.ആർ.എച്ച്.എം.ന കീഴിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ജോലി സ്ഥിരത ഉറപ്പുവരുത്തുന്നതിനും സേവന വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നതിനും ഇതര നഴ്സുമാർക്കും ആശുപത്രി ജീവനക്കാർക്കും ലഭിക്കുന്ന അത്യാവശ്യം ആനുകൂല്യങ്ങൾ ഇവർക്കും അനുവദിക്കുന്നതിനും തൊഴിൽസമയം നിജപ്പെടുത്തുന്നതിനും സർക്കാർ മാതൃകാപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ 520 ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരും 1271 സ്കൂൾ ഹെൽത്ത് നഴ്സുമാരും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. ഒരു വർഷമാണ് ഇവരുടെ കരാർ കാലാവധി. സാമ്പത്തിക വർഷം ഏപ്രിൽ രണ്ട് മുതൽ മാർച്ച് മുപ്പത്തി ഒന്നുവരെയാണ്. കരാർ കാലാവധി പൂർത്തിയാകുമ്പോൾ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് ഇവരുടെ പ്രവർത്തനമികവ് വിലയിരുത്തി പുനർനിയമനം നടത്തും. സ്കൂൾ കുട്ടികളുടെ ആരോഗ്യ പരിശോധന, ആരോഗ്യ വിദ്യാഭ്യാസം നൽകൽ, സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തുക, അംഗനവാടികൾ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്തുക, കുട്ടികളുടെ വ്യക്തിത്വ വികസനത്തിനാവശ്യമായ ഉപദേശങ്ങൾ നൽകുക തുടങ്ങിയവയാണ് സ്കൂൾ ഹെൽത്ത് ജെ.പി.എച്ച്.എൻ.മാരുടെ പ്രധാനപ്പെട്ട ജോലികൾ. ഗർഭിണികളുടെ ഗർഭകാല പരിചരണം, നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവയ്പ്പുകൾ, പകർച്ചവ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, ജീവിതശൈലി-ബോധന നിയന്ത്രണ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ മറ്റ് ജോലികൾ. ഇവരുടെ പ്രതിമാസ വേതനം 2014-15 സാമ്പത്തിക വർഷത്തിൽ 11,620 രൂപയായിരുന്നത് ഈ വർഷത്തിൽ 10 ശതമാനം വർദ്ധിപ്പിച്ച് 12,800 രൂപയാക്കി. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യങ്ങൾ ചെയ്യേണ്ടത്. സംസ്ഥാന സർക്കാർ റിക്വസ്റ്റ് കൊടുക്കുകയും ഞാൻ തന്നെ ഡൽഹിയിൽ പോയി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയെ കണ്ടശേഷമാണ് ആ വർദ്ധനവ് നടപ്പിലാക്കിയത്. ഇവർക്ക് നിലവിൽ പി.എഫ്. ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. പ്രതിവർഷം ഇവർക്ക് 20 ദിവസത്തെ കാഷ്വൽ അവധിയും ഒരു വർഷംപൂർത്തിയാക്കിയ വനിതാജീവനക്കാർക്ക് 3 മാസത്തെ വേതനത്തോടുകൂടിയ പ്രസവാവധിയും നൽകുന്നുണ്ട്. ഇവരുടെ വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത്

കേന്ദ്ര സർക്കാരാണ്. ദേശീയ ആരോഗ്യ ദൗത്യം, ഒരു സമയ ബന്ധിത ആരോഗ്യ ദൗത്യമായതിനാൽ ഇവർക്ക് സ്ഥിരനിയമനമില്ല.

## (20) പി.എച്ച്. ലാബ് പ്രവർത്തനസജ്ജമാക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലയ്ക്ക് അനുവദിച്ച പബ്ലിക് ഹെൽത്ത് ലാബ് എത്രയും വേഗം ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിന് 15.11.2012-ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 3761/12 നമ്പർ ഉത്തരവുപ്രകാരം സർക്കാർ അനുമതി നൽകിയതാണ്. മുമ്പ് കൃഷി വകുപ്പ് ഉപയോഗിച്ചിരുന്ന സ്ഥലം ആരോഗ്യ വകുപ്പിന് ലാബ് ആരംഭിക്കുന്നതിനായി കൈമാറുകയും ചെയ്തു. കൃഷി ഓഫീസ് പ്രവർത്തിച്ചിരുന്ന പഴയ കെട്ടിടം പൊതുമരാമത്ത് വകുപ്പ് 22 ലക്ഷം രൂപ ചെലവഴിച്ച് ലാബിന് അനുയോജ്യമായ രീതിയിൽ നവീകരിച്ചിരിക്കുകയാണ്. പബ്ലിക് ഹെൽത്ത് ലാബ് അനുവദിച്ച് 3 വർഷം കഴിഞ്ഞിട്ടും ആവശ്യമായ തസ്തിക സൃഷ്ടിക്കാത്തതാണ് ലാബിന്റെ പ്രവർത്തനം തുടങ്ങാൻ തടസ്സമാകുന്നത് എന്നാണ് മനസ്സിലാകുന്നത്. മെഡിക്കൽ ഓഫീസർ ഉൾപ്പെടെ 14 ജീവനക്കാരെങ്കിലുമുണ്ടായാൽ മാത്രമേ ലാബ് തുടങ്ങാൻ കഴിയൂവെന്ന് മനസ്സിലാകുന്നു. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ജില്ലയാണ് മലപ്പുറം. ഇവിടെ രോഗികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. സാന്ത്വന ചികിത്സയും പരിരക്ഷാപദ്ധതിയുമുൾപ്പെടെ ആരോഗ്യരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പാക്കി കൊണ്ടിരിക്കുന്ന മലപ്പുറം ജില്ലയിൽ രോഗനിർണ്ണയത്തിന് വേണ്ടത്ര സൗകര്യങ്ങളില്ല. പകർച്ചവ്യാധികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡെങ്കി, ഡിഫ്തീരിയ, എലിപ്പനി തുടങ്ങിയ രോഗങ്ങൾ സ്ഥിരീകരിക്കണമെങ്കിൽ കോഴിക്കോടുള്ള ലാബിനെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. അതുകൊണ്ട് മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ് പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കാൻ ഇനിയും കാലതാമസം വരികയാണെങ്കിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലെങ്കിലും ജീവനക്കാരെ നിയമിച്ച് എത്രയും വേഗം ലാബ് യാഥാർത്ഥ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മലപ്പുറത്ത് പബ്ലിക് ഹെൽത്ത് ലാബ് ആരംഭിക്കുന്നതിന് സർക്കാർ 5-11-2012-ൽ അനുമതി നൽകുകയും ലാബ് സജ്ജമാക്കുന്നതിന്

6-12-2013-ൽ 22 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലാബ് പ്രവർത്തന സജ്ജമാക്കുന്നതിനാവശ്യമായ 20 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഗവൺമെന്റിൽ സമർപ്പിച്ചിരുന്നുവെങ്കിലും ധനവ്യയ നിയന്ത്രണം നില നിന്നിരുന്നതിനാൽ ധനവകുപ്പിന്റെ അനുമതി ലഭിച്ചിരുന്നില്ല. വീണ്ടും ഈ പ്രൊപ്പോസൽ നൽകി അടിയന്തരമായി ലാബ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മലപ്പുറം, വയനാട്, പത്തനംതിട്ട ജില്ലകളിലാണ് പുതിയതായി ലാബ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ മലപ്പുറം ജില്ലയിൽ അടിയന്തരമായിത്തന്നെ ലാബ് നിലവിൽ വരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### (21) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ ജില്ലാശുപത്രിയാക്കി ഉയർത്തൽ

ശ്രീ. എം. ഹംസ: സർ, ഒറ്റപ്പാലം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയാക്കി ഉയർത്തണമെന്നതാണ് എന്റെ സബ്മിഷനിൽ ആവശ്യപ്പെടുന്നത്. പാലക്കാട് ഒരു മെഡിക്കൽ കോളേജ് വന്നതിനാൽ അവിടെ ജില്ലാ ആശുപത്രിയുടെ ആവശ്യമില്ല. അതുകൊണ്ടുതന്നെ ജില്ലാ ആശുപത്രിയാകാൻ എല്ലാ അർഹതയുമുള്ള, ഏറ്റവും നല്ല കെട്ടിടവും ഓപ്പറേഷൻ തീയറ്ററുമുള്ള, ഭൂമിശാസ്ത്രപരമായി പാലക്കാട് ജില്ലയുടെ ഹൃദയമായിട്ടുള്ള ഒറ്റപ്പാലത്ത് ജില്ലാ ആശുപത്രി സ്ഥാപിക്കാനാവശ്യമായ ഉത്തരവുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അവിടം സന്ദർശിക്കുകയും ആശുപത്രിയിൽ എല്ലാ സൗകര്യങ്ങളുമുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുണ്ട്. ഇന്നുതന്നെ ജില്ലാ ആശുപത്രിയാക്കി ഉയർത്താനുള്ള ഒരു പ്രഖ്യാപനം നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഒറ്റപ്പാലം, പട്ടാമ്പി, ആലത്തൂർ എന്നീ താലൂക്കുകളും നാൽപ്പത്തിയഞ്ചോളം സമീപ പഞ്ചായത്തുകളും ഉൾപ്പെടുന്ന പ്രദേശത്തെ ജനങ്ങൾ ആശ്രയിക്കുന്ന ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ പ്രതിദിനം ഒ.പി. ആയിരത്തി അഞ്ഞൂറും ഐ.പി. നൂറു മുതൽ നൂറ്റി ഇരുപതുവരെയുമാണ്. 173 കിടക്കകളാണ് ഈ ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ളത്. 24 മണിക്കൂർ പ്രവർത്തിപ്പിക്കുന്ന

കാഷ്വാലിറ്റി, മൂന്ന് ഓപ്പറേഷൻ തീയറ്ററുകൾ, ഐ.സി.യു., ഇ.സി.ജി., ഫാർമസി, ഡയാലിസിസ് യൂണിറ്റ്, ലബോറട്ടറി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് മുതലായ വിഭാഗങ്ങൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രിയാണ്. ജനറൽ മെഡിസിൻ, ഗൈനക്കോളജി, ഓർത്തോപീഡിയാട്രിക്സ്, ഒഫ്താൽമോളജി, ഡെന്റൽ, ഇ.എൻ.ടി. മുതലായ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാണ്. സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗത്തിനായി പണികഴിപ്പിച്ച 45000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള കെട്ടിടം ഈ ആശുപത്രിയിൽ നിലവിലുണ്ട്. ഒറ്റപ്പാലം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനും അതോടൊപ്പം ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള പുതുക്കിയ പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (22) ശമ്പള പരിഷ്കരണം

ശ്രീ. കെ. വി. വിജയദാസ്: സർ, പ്രാഥമിക ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ രണ്ടാം ശമ്പള പരിഷ്കരണ കമ്മിറ്റിയുടെ ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ അടിയന്തരമായി നടപ്പിലാക്കണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്. സംസ്ഥാനത്ത് 3670 ക്ഷീര സഹകരണ സംഘങ്ങളിലായി ഏകദേശം 15000 ജീവനക്കാരുണ്ട്. 16 ലക്ഷം ലിറ്റർ പാൽ ദിനംപ്രതി കേരളത്തിലെ പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ വഴി സംഭരിക്കുന്നത് ഈ ജീവനക്കാരാണ്. പാലിന്റെ വില രണ്ട് തവണ വർദ്ധിപ്പിച്ചത് സംഘങ്ങളുടെ ലാഭം വർദ്ധിപ്പിച്ചു. ഒന്നാം ശമ്പളപരിഷ്കരണം നിലവിൽ വന്നിട്ട് 5 വർഷം കഴിഞ്ഞിരിക്കുന്നു. സെക്ഷൻ 86 പ്രകാരം ക്ഷീര സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം നിശ്ചയിച്ചുനൽകേണ്ടത് സർക്കാരാണ്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്ഷീര സഹകരണ സംഘങ്ങൾ ബൾക്ക് മിൽക്ക് കൂളർ സ്ഥാപിച്ചതുമൂലം പാൽ സംഭരണം മൂന്ന് നേരമായി വർദ്ധിപ്പിച്ചു. ഇത് ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ ജോലിഭാരം വർദ്ധിപ്പിച്ചു. ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരസംഘം ക്ഷീരക്ഷേമ പദ്ധതികളും മിൽമാ ത്രിതല പഞ്ചായത്ത് പദ്ധതികളുംമൂലം ക്ഷീരസംഘം ജീവനക്കാരുടെ ജോലിഭാരം പതിൻമടങ്ങ് വർദ്ധിച്ചു. ഈ സാഹചര്യത്തിൽ മിൽമ ജീവനക്കാരുടെ ശമ്പള സ്കെയിലും സംഘം ജീവനക്കാരുടെ ശമ്പള സ്കെയിലും പരിശോധനയ്ക്ക് വിധേയമാക്കണം. ഏറ്റവും കുറഞ്ഞത് 3,475 രൂപയും കൂടിയത് 14,075 രൂപയും മാത്രമാണ് ഇവരുടെ ശമ്പളം. മറ്റ് മേഖലകളിലെ ജീവനക്കാർക്ക്

ശമ്പള പരിഷ്കരണവും ഉത്തരവുകളും നടപ്പിലാക്കുന്നതിന്റെ അടിയന്തരഘട്ടങ്ങളിൽ നിൽക്കുമ്പോൾ ക്ഷീരസംഘം ജീവനക്കാർ അവരുടെ ശമ്പള പരിഷ്കരണത്തിനായി കാത്തിരിക്കുകയാണ്. മിൽമയിൽനിന്നും സംഘം ജീവനക്കാരുടെ പാൽ സംഭരിക്കുന്ന അടിസ്ഥാനത്തിൽ ശമ്പളം നൽകുവാനായി ഒരു വിഹിതം അനുവദിച്ചുതരണമെന്നും ക്ഷീരസംഘം ജീവനക്കാരുടെ ശമ്പളപരിഷ്കരണം ഉടൻ നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഈ സബ്മിഷൻ നോട്ടീസായി ലഭിച്ചിട്ടില്ല, ലിസ്റ്റിലും ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ലിസ്റ്റിലുണ്ട്.

ശ്രീ. കെ. സി. ജോസഫ്: ഇതിനുള്ള മറുപടി നാളെ പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ: ടി സബ്മിഷനുള്ള മറുപടി നാളെ പറയുന്നതിനായി മാറ്റിവയ്ക്കുന്നു.

## V. മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ലിസ്റ്റ് I പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (എം എസ്.) നമ്പർ 103/2014/ഹോം തീയതി 23-5-2014 (എസ്.ആർ.ഒ. നമ്പർ 320/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (പി) നമ്പർ 108/2014/റ്റി.ഡി. തീയതി 10-7-2014 (എസ്.ആർ.ഒ. നമ്പർ 412/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ. (പി) നമ്പർ 109/2014/റ്റി.ഡി. തീയതി 10-7-2014 (എസ്.ആർ.ഒ. നമ്പർ 413/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (ആർ റ്റി.) നമ്പർ 2224/2015/ഹോം തീയതി 3-9-2015 (എസ്.ആർ.ഒ. നമ്പർ 744/2015)
5. സ.ഉ. (എം എസ്.) നമ്പർ 232/2015/ആഭ്യന്തരം തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 768/2015).

6. ജി.ഒ. (ആർ റ്റി.) നമ്പർ 2939/2015/ഹോം തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 778/2015).

7. ജി.ഒ. (എം എസ്.) നമ്പർ 28/2015/ഹൗസിംഗ് തീയതി 23-11-2015 (എസ്.ആർ.ഒ. നമ്പർ 781/2015).

8. ജി.ഒ. (പി) നമ്പർ 206/2015/റ്റി.ഡി. തീയതി 23-11-2015 (എസ്.ആർ.ഒ. നമ്പർ 782/2015)

9. കോഴിക്കോട് ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2013-14-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

10. കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 2013-14-ലെ പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

11. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2004-05, 2013-14 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളുടെ തിരുത്തൽ സ്റ്റേറ്റ്മെന്റ്

12. കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിയുടെ 2014-15-ലെ ഭരണ റിപ്പോർട്ട്

13. കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷന്റെ 2013-14-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

II. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):</u> സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു: _

1. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയുടെ 2014-15-ലെ വാർഷിക റിപ്പോർട്ട്

2. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2002-03 മുതൽ 2013-14 വരെയുള്ള വാർഷിക റിപ്പോർട്ടുകളും 2003-04 മുതൽ 2011-12 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും വാർഷിക കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റുകൾ സഹിതം.

III. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 580/15/ആർ.ഡി. തീയതി 28-10-2015 (എസ്.ആർ.ഒ. നമ്പർ 729/2015)
2. സ.ഉ. (അച്ചടി) നമ്പർ 581/2015/റവ. തീയതി 30-10-2015 (എസ്.ആർ.ഒ. നമ്പർ 789/2015).

IV. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 26/2015/എഫ്. & സി.എസ്.ഡി. തീയതി 15-10-2015 (എസ്.ആർ.ഒ. നമ്പർ 703/2015)
2. ജി.ഒ. (പി) നമ്പർ 200/2015/റ്റി.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 754/2015)
3. ജി.ഒ. (പി) നമ്പർ 204/2015/റ്റി.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 758/2015)
4. ജി.ഒ. (പി) നമ്പർ 205/2015/റ്റി.ഡി. തീയതി 17-11-2015 (എസ്.ആർ.ഒ. നമ്പർ 759/2015)
5. ജി.ഒ. (പി) നമ്പർ 213/2015/റ്റി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 816/2015)
6. ജി.ഒ. (പി) നമ്പർ 214/2015/റ്റി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 817/2015).

V. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട്.

VI. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 27/2014/റ്റി.ഡി. തീയതി 14-2-2014 (എസ്.ആർ.ഒ. നമ്പർ 116/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. ജി.ഒ. (പി) നമ്പർ 208/2014/റ്റി.ഡി. തീയതി 22-12-2014 (എസ്.ആർ.ഒ. നമ്പർ 798/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. ജി.ഒ. (പി) നമ്പർ 209/2014/റ്റി.ഡി. തീയതി 22-12-2014 (എസ്.ആർ.ഒ. നമ്പർ 799/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ.(പി) നമ്പർ 211/2014/റ്റി.ഡി. തീയതി 30-12-2014 (എസ്.ആർ.ഒ. നമ്പർ 815/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
5. ജി.ഒ. (പി) നമ്പർ 212/2014/റ്റി.ഡി. തീയതി 31-12-2014 (എസ്.ആർ.ഒ. നമ്പർ 821/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
6. ജി.ഒ. (പി) നമ്പർ 213/2014/റ്റി.ഡി. തീയതി 31-12-2014 (എസ്.ആർ.ഒ. നമ്പർ 822/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
7. ജി.ഒ. (പി) നമ്പർ 214/2014/റ്റി.ഡി. തീയതി 31-12-2014 (എസ്.ആർ.ഒ. നമ്പർ 823/2014) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
8. ജി.ഒ. (പി) നമ്പർ 56/2015/എഫ്. & പി.ഡി. തീയതി 16-11-2015 (എസ്.ആർ.ഒ. നമ്പർ 771/2015)
9. ജി.ഒ. (പി) നമ്പർ 212/2015/റ്റി.ഡി. തീയതി 30-11-2015 (എസ്.ആർ.ഒ. നമ്പർ 815/2015)
10. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ 2014-15-ലെഭരണ റിപ്പോർട്ട്.

VII. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രിക്കുവേണ്ടി നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി.ഒ. (പി) നമ്പർ 133/2015/കോ-ഓപ്. തീയതി 28-10-2015 (എസ്.ആർ.ഒ. നമ്പർ 718/2015)

2. ജി.ഒ. (പി) നമ്പർ 135/2015/കോ-ഓപ്. തീയതി 9-11-2015 (എസ്.ആർ.ഒ. നമ്പർ 761/2015)

3. ജി.ഒ. (പി) നമ്പർ 136/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 762/2015)

4. ജി.ഒ. (പി) നമ്പർ 138/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 763/2015)

5. ജി.ഒ. (പി) നമ്പർ 139/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 764/2015)

6. ജി.ഒ. (പി) നമ്പർ 141/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 765/2015)

7. ജി.ഒ. (പി) നമ്പർ 137/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 773/2015)

8. ജി.ഒ. (പി) നമ്പർ 140/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 774/2015)

9. ജി.ഒ. (പി) നമ്പർ 151/2015/കോ-ഓപ്. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 776/2015)

10. ജി.ഒ. (പി) നമ്പർ 147/2015/കോ-ഓപ്. തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 790/2015)

11. ജി.ഒ. (പി) നമ്പർ 148/2015/കോ-ഓപ്. തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 791/2015)

12. ജി.ഒ. (പി) നമ്പർ 149/2015/കോ-ഓപ്. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 792/2015)

13. ജി.ഒ. (പി) നമ്പർ 150/2015/കോ-ഓപ്. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 793/2015)

14. ജി.ഒ. (പി) നമ്പർ 152/2015/കോ-ഓപ്. തീയതി 20-11-2015 (എസ്.ആർ.ഒ. നമ്പർ 794/2015)

15. ജി.ഒ. (പി) നമ്പർ 153/2015/കോ-ഓപ്. തീയതി 21-11-2015 (എസ്.ആർ.ഒ. നമ്പർ 795/2015)

16. ജി.ഒ. (പി) നമ്പർ 154/2015/കോ-ഓപ്. തീയതി 25-11-2015 (എസ്.ആർ.ഒ. നമ്പർ 813/2015).

VIII. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന്റെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IX. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (കൈയെഴുത്ത്) നമ്പർ 37/2015/സാം.കാ.വ. തീയതി 4-11-2015 (എസ്. ആർ. ഒ. നമ്പർ 751/2015)

2. ജി.ഒ. (പി) നമ്പർ 214/എ.ഡി./2015 തീയതി 20-11-2015 (എസ്. ആർ. ഒ. നമ്പർ 798/2015)

3. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരള)യുടെ 2013- 14-ലെവാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

X. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി (കാഡ)യുടെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XI. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. കേരള സംസ്ഥാന വഖഫ് ബോർഡിന്റെ 2014-15-ലെ ഭരണ റിപ്പോർട്ട്.

XII. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള വനിതാ കമ്മീഷൻ ശിപാർശകൾ

1. ലയങ്ങളിലെ കുട്ടികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച്

2. മദ്യപാനവും മദ്യാസക്തിയും സംബന്ധിച്ച്.

XIII. ആഭ്യന്തരവും വിജലൻസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി.ഒ. (എം എസ്.) നമ്പർ 233/2015/ഹോം തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 780/2015).

XIV. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കു വേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (അച്ചടി) നമ്പർ 162/2015/തൊഴിൽ തീയതി 26-10-2015 (എസ്. ആർ. ഒ. നമ്പർ 724/2015)

2. സ.ഉ. (അച്ചടി) നമ്പർ 172/2015/തൊഴിൽ തീയതി 12-11-2015 (എസ്. ആർ. ഒ. നമ്പർ 783/2015)

3. ജി.ഒ. (പി) നമ്പർ 173/2015/എൽ.ബി.ആർ. തീയതി 16-11- 2015 (എസ്. ആർ. ഒ. നമ്പർ 784/2015)

4. ജി.ഒ. (പി) നമ്പർ 182/2015/എൽ.ബി.ആർ. തീയതി 20-11-2015 (എസ്. ആർ. ഒ. നമ്പർ 799/2015)

5. സ.ഉ. (അച്ചടി) നമ്പർ 179/2015/തൊഴിൽ തീയതി 18-11-2015 (എസ്.ആർ.ഒ. നമ്പർ 800/2015)

6. ജി.ഒ. (പി) നമ്പർ 185/2015/എൽ.ബി.ആർ. തീയതി 23-11-2015 (എസ്. ആർ. ഒ. നമ്പർ 808/2015)

7. ജി.ഒ. (പി) നമ്പർ 186/2015/എൽ.ബി.ആർ. തീയതി 23-11-2015 (എസ്. ആർ. ഒ. നമ്പർ 809/2015)

8. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2011-12-ലെ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

9. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2012-13, 2013-14 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ, ഭരണ റിപ്പോർട്ടുകൾ എന്നിവ ഡിലേസ്റ്റേറ്റ്മെന്റ് സഹിതം.

XV. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. സ.ഉ. (പി) നമ്പർ 63/2015/ഗതാഗതം തീയതി 12-10-2015 (എസ്.ആർ.ഒ. നമ്പർ 707/2015)

2. ജി.ഒ. (പി) നമ്പർ 68/2015/ട്രാൻ. തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 760/2015)

3. ജി.ഒ. (പി) നമ്പർ 14/2015/പരിസ്ഥിതി തീയതി 11-11-2015 (എസ്.ആർ.ഒ. നമ്പർ 772/2015)

4. ജി.ഒ. (പി) നമ്പർ 71/2015/ട്രാൻ. തീയതി 13-11-2015 (എസ്.ആർ.ഒ. നമ്പർ 775/2015)

5. ജി.ഒ. (പി) നമ്പർ 74/2015/ട്രാൻ. തീയതി 19-11-2015 (എസ്.ആർ.ഒ. നമ്പർ 796/2015)

6. ജി.ഒ. (പി) നമ്പർ 75/2015/ട്രാൻ. തീയതി 21-11-2015 (എസ്.ആർ.ഒ. നമ്പർ 803/2015)

7. ജി.ഒ. (പി) നമ്പർ 90/15/വനം തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 806/2015).

(2) ചട്ടം 47 (2) അനുസരിച്ചുള്ള കടലാസുകൾ

1. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 7301 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളത്തിലെ 1535, 3131 പതിനാലാം സമ്മേളനത്തിലെ 1530 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളത്തിലെ 1671 പതിനാലാം സമ്മേളനത്തിലെ 2795 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VI. റിപ്പോർട്ട് സമർപ്പണം

1. 'ലബോറട്ടറികളുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷനായ ഞാൻ 'ലബോറട്ടറികളുടെ ശാക്തീകരണം' എന്ന വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

2. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തി ഒൻപത് മുതൽ മുപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ

ഡോ. എൻ. ജയരാജ്: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ടും പതിമൂന്നും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ട് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്തിരണ്ട് മുതൽ മുപ്പത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII. സ്റ്റാറ്റ്യൂട്ടറി പ്രമേയം

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29-ാം ആക്ട്) 3 എ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ

പ്രകാരമുള്ള പ്രമേയം

12.30 p.m.]

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഒരു കശുവണ്ടി ഫാക്ടറിയെ സംബന്ധിച്ച് 2015-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ആക്ട് (2015-ലെ 13) പ്രാബല്യത്തിൽ വരുന്ന ദിവസത്തിന് മുമ്പ് അല്ലെങ്കിൽ അതിനുശേഷമുള്ള ഏതെങ്കിലും ദിവസം, മൂന്ന് മാസത്തിൽ കുറയാത്ത ഒരു കാലയളവിൽ അത് അടച്ചിടുകയും അങ്ങനെയുള്ള അടച്ചിടൽ ആ ഫാക്ടറിയിലെ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ഭൂരിപക്ഷം തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തുവെന്നും കശുവണ്ടിഫാക്ടറി പുനരാരംഭിക്കുന്നതിന് സത്വര നടപടി ആവശ്യമാണെന്നും പൊതുതാൽപ്പര്യത്തിൽ അങ്ങനെ പുനരാരംഭിക്കേണ്ടത് ആവശ്യമാണെന്നും സർക്കാരിന് ബോധ്യമാകുന്ന പക്ഷം, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന പ്രസ്തുത കശുവണ്ടി ഫാക്ടറി സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും പ്രഖ്യാപിക്കുന്നതിനായി 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29) 3 എ വകുപ്പ് സർക്കാരിനെ അധികാരപ്പെടുത്തുന്നതിനാലും;

1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29) 3 എ വകുപ്പ് (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം, പ്രസ്തുത വകുപ്പ് പ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ച തീയതി മുതൽ ആറുമാസക്കാലയളവിനുള്ളിൽ നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ പിൻബലത്തിൽ അല്ലാതെ യാതൊരു ഉത്തരവും പ്രസിദ്ധീകരിക്കുവാൻ പാടില്ലാത്തതിനാലും;

2015 ആഗസ്റ്റ് 6-ാം തീയതിയിലെ സ.ഉ.(പി)110/2015/വ്യവ. നമ്പരായി പുറപ്പെടുവിച്ചിട്ടുള്ളതും 2015 ആഗസ്റ്റ് 6-ാം തീയതിയിലെ 1842-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 501/2015 ആയി പ്രസിദ്ധീകരിച്ചതുമായ പ്രസ്തുത ഉത്തരവിന്റെ ഒന്നാമത്തെ പട്ടികയിൽ പരാമർശിച്ച കശുവണ്ടി ഫാക്ടറികൾ അവയ്ക്ക് ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി മുതൽ പ്രാബല്യത്തോടുകൂടി പൊതു താൽപര്യാർത്ഥം, സർക്കാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിരിക്കുന്നതായും അതിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നതായും, പ്രഖ്യാപിച്ചിട്ടുള്ളതിനാലും;

ഇപ്പോൾ, അതിനാൽ, 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിലെ (1974-ലെ 29) 3 എ വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ പരിമിതി വ്യവസ്ഥ പ്രകാരം നിയമസഭയുടെ ഒരു പ്രമേയം പാസ്സാക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ .......

സ്റ്റാറ്റ്യൂട്ടറി പ്രമേയം സഭ ഐകകണ്ഠേന അംഗീകരിച്ചിരിക്കുന്നു.

## VIII. നിയമനിർമ്മാണകാര്യം

(1) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും:

1. 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ
2. 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ
3. 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന ബില്ലുകൾ അവതരിപ്പിക്കുന്നു.

1. 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

2. 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

3. 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

1. 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

2. 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

3. 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

12.32 pm]

ശ്രീമതി കെ. കെ. ലതിക: സർ, ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലുകളെ ഞാൻ എതിർക്കുകയാണ്. ഈ സർക്കാരിന് ദുർവിനിയോഗം ചെയ്യാനാണ് പണം. പട്ടികജാതി വിഭാഗത്തിന്റെ കാര്യങ്ങൾ ഇവിടെ വിശദമായി ചർച്ച ചെയ്തു. കഴിഞ്ഞ ഡി.പി.സി. കൂടിയപ്പോൾ 1.75 കോടി രൂപ പട്ടികജാതി വകുപ്പ് മെഡിക്കൽ കോളേജിന് കൊടുക്കാൻ ബാക്കിയാണെന്നാണ് മനസ്സിലായത്. ഇപ്പോൾ മെഡിക്കൽ കോളേജിന്റെ പൊതുവികസനത്തിനുള്ള പണമെടുത്താണ് പട്ടികജാതി വകുപ്പിന് ചെലവഴിക്കുന്നത്. പൊതുഫണ്ടിൽനിന്നും പട്ടികജാതി വകുപ്പിനുവേണ്ടി പണമെടുക്കാൻ പറ്റില്ലെന്നാണ് മെഡിക്കൽ കോളേജിന്റെ എച്ച്.ഡി.സി. യോഗം ചേർന്നപ്പോൾ തീരുമാനിച്ചത്. ഓരോ വകുപ്പും പരിശോധിച്ചാൽ ഈ ഗവൺമെന്റ് ഏറ്റവും ദുർബല വിഭാഗത്തിന് കൊടുക്കേണ്ട പണം കൊടുക്കാതിരിക്കുകയും അതേ അവസരത്തിൽ വമ്പൻ വിഭാഗത്തെ സഹായിക്കുകയും ചെയ്യുന്നതാണ് കാണാൻ കഴിയുന്നത്. എം.എൽ.എ.-മാർ അവരുടെ മണ്ഡലങ്ങളിലെ വികസനത്തിനായി ഉപയോഗിക്കുന്ന ആസ്തി വികസന ഫണ്ട് ലഭിക്കുന്ന 4515/00800/96/project LAC/ADS എന്ന ശീർഷകത്തിലേയ്ക്ക് 39 കോടി രൂപ അനുവദിക്കാത്തതിന്റെ ഭാഗമായി വർക്കുകൾ നടക്കാതിരിക്കുകയാണ്. എൽ.എസ്.ജി.ഡി.-യുടേത്

മാത്രമല്ല, പി.ഡബ്ല്യൂ.ഡി. യുടെയും വർക്കുകൾ നടക്കാത്ത അവസ്ഥയിലാണ്. മണ്ഡലത്തിലെയും നാട്ടിലെയും വികസന പ്രവർത്തനങ്ങൾ നടക്കാതിരിക്കുകയും തങ്ങൾക്ക് ഇഷ്ടമുള്ള രീതിയിൽ കാര്യങ്ങൾ കൊണ്ടുപോവുകയും ചെയ്യാമെന്നുള്ള അവസ്ഥയാണ്. കഴിഞ്ഞ 14-ാം തീയതി സഭ പിരിഞ്ഞതിനുശേഷമുള്ള ഒരനുഭവം പറയാം. എന്റെ നാട്ടിലെ പിഞ്ചുകുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന് സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്താൻ വന്നു. 2012-ൽ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ എം.ഐ.യു.പി. സ്കൂളിലെ കുട്ടികൾ സാക്ഷാത്കരിച്ച 'തോരാമഴ' എന്ന ചിത്രത്തിന് ഒന്നാംസ്ഥാനം ലഭിച്ചു. അവർക്ക് ഒരുലക്ഷം രൂപയാണ് സമ്മാനം പ്രഖ്യാപിച്ചിരുന്നത്. ഈ അവാർഡ് തുക കിട്ടാൻ വേണ്ടിയാണ് നാലും അഞ്ചും ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾ സമരത്തിന് വന്നത്. ഞാൻ അവരെയുംകൂട്ടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അടുത്തുപോയി. 2-7-2014-ന് ഈ വിഷയം സഭയിൽ അവതരിപ്പിച്ചിരുന്നു. അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി എനിക്ക് നൽകിയ ഉറപ്പ് രണ്ടാഴ്ചകൊണ്ട് സമ്മാനത്തുക ലഭ്യമാക്കുമെന്നായിരുന്നു. പക്ഷേ ആ തുക ലഭിച്ചില്ലെന്ന് മാത്രമല്ല, ഉറപ്പ് പാലിക്കണമെന്ന നോട്ടീസിന് മറുപടിപോലും നൽകിയിട്ടില്ല. ഇപ്പോൾ വീണ്ടും വിദ്യാഭ്യാസ വകുപ്പുമന്ത്രിയെയും ഡി.പി.ഐ.-യെയും കണ്ടപ്പോൾ മൂന്നാഴ്ചത്തെ അവധിയാണ് പറഞ്ഞിരിക്കുന്നത്. വിദ്യാഭ്യാസം, കല, സാംസ്കാരികം തുടങ്ങിയ മേഖലകളെ ഈ ഗവൺമെന്റ് വളരെ നിസ്സാരവൽക്കരിച്ചാണ് കൈകാര്യം ചെയ്യുന്നതെന്ന് സൂചിപ്പിക്കാൻവേണ്ടിയാണ് ഞാൻ ഈ സംഭവം ഇവിടെ പറഞ്ഞത്. ഇപ്പോൾ ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ എന്ന സംവിധാനംതന്നെ ഈ ഗവൺമെന്റ് നിർത്തിയിരിക്കുകയാണ്. കുഞ്ഞുങ്ങളുടെ സർഗ്ഗശേഷി വളർത്തേണ്ട സർക്കാരിന് എങ്ങനെയാണ് ഇത്തരത്തിൽ ഒളിച്ചോടാൻ കഴിയുന്നത്? ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറഞ്ഞിട്ട് കാര്യമുണ്ടെന്ന് തോന്നുന്നില്ല. അതുകൊണ്ട് ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്നും നിർത്തിവച്ച ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവൽ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രാഷ്ട്രീയം നിരോധിച്ചുകൊണ്ടും ആൺ-പെൺ സൗഹൃദങ്ങൾ നിരോധിച്ചുകൊണ്ടും അരുതുകളുടെ കാലഘട്ടം ഉണ്ടാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. മുസ്ലീംലീഗ് എപ്പോഴെല്ലാം വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ടോ അന്നെല്ലാം വർഗ്ഗീയവാദികൾക്ക് ക്യാമ്പസ്സുകൾ കയ്യടക്കാൻ കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് ഫറൂഖ് കോളേജിന്റെ സംഭവം

തന്നെയെടുക്കാം. ആൺകുട്ടികളും പെൺകുട്ടികളും ക്യാമ്പസ്സുകളിൽ പരസ്പരം ഇടപഴകുന്നത് തെറ്റാണെന്നാണ് ഫറൂഖ് കോളേജ് മാനേജ്മെന്റിന്റെ വാദം. അവിടെ ആൺകുട്ടികളും പെൺകുട്ടികളും വെവ്വേറെയാണ് ഇരിക്കുന്നത്. എന്നാൽ വൈകിവന്ന ആൺകുട്ടി പെൺകുട്ടികളുടെ ഭാഗത്ത് ഒഴിവുണ്ടായിരുന്ന സ്ഥലത്ത് ഇരുന്നുപോയി എന്നതാണ് ആ കോളേജിൽ ഇത്രയും പ്രശ്നങ്ങളുണ്ടാക്കാൻ കാരണം. പ്രകോപനം സൃഷ്ടിക്കാതെ വളരെ ലളിതമായി കൈകാര്യം ചെയ്യേണ്ടിയിരുന്ന വിഷയം ഇത്രയും വഷളാക്കിയത് മതാന്ധത ബാധിച്ച മാനേജ്മെന്റിന്റെ സമീപനമാണ്. സ്ത്രീകൾ പഠിക്കാൻ മുന്നോട്ട് വരരുത്; മലാലയെ വെടിവച്ച് കൊല്ലാൻ ശ്രമിച്ച താലിബാൻ മനസ്സുകൾ ഞങ്ങൾ ഇവിടെ സൂക്ഷിക്കുന്നുവെന്ന് മതവർഗ്ഗീയവാദികൾ നമുക്ക് സന്ദേശം നൽകിയാൽ ഇത്തരം താലിബാനിസത്തെ കേരളം അംഗീകരിക്കില്ലെന്ന് വർഗ്ഗീയവാദികൾ മനസ്സിലാക്കാൻ പോവുകയാണ്. പരസ്പരം ആദരിക്കാനും അംഗീകരിക്കാനും തുല്യതയോടെ പെരുമാറാനും ആൺ-പെൺ ജീവിതങ്ങളെ അഭ്യസിപ്പിക്കുന്ന ഒരു കളരിയായി വിദ്യാലയങ്ങളെ നമുക്ക് മാറ്റാൻ കഴിയും. അല്ലാതെ മതവർഗ്ഗീയ നിലപാട് സ്വീകരിക്കുന്ന മാനേജ്മെന്റിനെ പിന്തുണയ്ക്കുകയല്ല സർക്കാർ ചെയ്യേണ്ടത്. ഈ സഭയിൽ സ്ത്രീകളും പുരുഷന്മാരുമായ എം.എൽ.എ.മാർ ഒരുമിച്ചാണിരിക്കുന്നത്. താലിബാനിസത്തെ ഇങ്ങനെ പ്രോത്സാഹിപ്പിച്ചാൽ ഹിന്ദു വർഗ്ഗീയതയുടെ കുഴിയിലേക്ക് നാം വീഴുകയായിരിക്കും ഫലം. പുതിയ ചിന്തകളും പരീക്ഷണങ്ങളും അരങ്ങേറേണ്ട നമ്മുടെ കലാലയങ്ങൾക്ക് ഇന്നെന്തുപറ്റി? വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ പൊതുരംഗത്ത് വന്നവരാണ് ഇവിടെയിരിക്കുന്ന 75 ശതമാനം ആളുകളും. രാഷ്ട്രീയമില്ലാത്ത ക്യാമ്പസ്സുകളിൽനിന്നും നാളെ പുറത്ത് വരുന്നത് മധ്യകാല മതാന്ധതയുടെ സന്തതികളായിരിക്കും. 10-12-2015-ന് പത്രങ്ങളിൽ ശ്രീ. വി. എം. സുധീരന്റെ ഒരു പ്രസ്താവന വന്നു. അതിന്റെ തലക്കെട്ട് വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളുടെ വളർച്ച കുറഞ്ഞ മേഖലകളിൽ 'വർഗ്ഗീയ സംഘടനകൾ ശക്തി പ്രാപിക്കും' എന്നാണ്. അരാഷ്ട്രീയത നിറഞ്ഞ ക്യാമ്പസ്സുകളിൽനിന്നും പാഴ്‌വിത്തുകളാണ് നമുക്ക് ലഭിക്കുക. ഈ പാഴ്‌വിത്തുകളെ വെള്ളാപ്പള്ളിമാരും മറ്റ് മത-സാമുദായിക ഭീകരന്മാരും വശീകരിക്കും. കുറഞ്ഞപക്ഷം ഇവിടത്തെ ഹരിത-സരിത എം.എൽ.എ.-മാരെങ്കിലും ശ്രീ. വി. എം. സുധീരന്റെ ഈ പ്രസ്താവന ചർച്ച ചെയ്യുന്നത് നല്ലതായിരിക്കും.

സംസ്ഥാന നിയമസഭയിൽ സോളാർ-ബാർ പ്രശ്നങ്ങൾ ഉയർത്തി കൊണ്ടുവന്നത് ഞങ്ങളല്ല, ഭരണപക്ഷത്തുള്ളവർ തന്നെയാണ്. മാത്രമല്ല, ഇത്തരം

കാര്യങ്ങൾ ചർച്ച ചെയ്യുന്നതും കൊണ്ടുവരുന്നതും വ്യവസായികളും കച്ചവടക്കാരുമാണ്. പക്ഷേ, ഇവരെ സംരക്ഷിക്കുന്ന സമീപനം ആരാണ് സ്വീകരിച്ചതെന്ന് പറയണം. സരിതയുടെ ഉറ്റതോഴന്മാർ ഞങ്ങളാരുമല്ലായിരുന്നു. ബിജു രാധാകൃഷ്ണനുമായി അടച്ചിട്ട മുറിയിൽ മണിക്കൂറുകൾ ചർച്ച നടത്തി. ആ ചർച്ച എന്തായിരുന്നുവെന്ന് നിയമസഭയിൽ ചോദിച്ചപ്പോൾ അതുപറയാൻ പറ്റില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. നിങ്ങൾ പറയുന്നത് വിശ്വസിച്ച് നിങ്ങളോടൊപ്പം നടക്കുന്നവർക്ക് വേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും അവരുടെ സൗകര്യങ്ങൾ പറ്റുകയും ചെയ്തത് ആരാണെന്ന് കേരളത്തിലെ ജനങ്ങൾക്ക് നല്ല ബോദ്ധ്യമുണ്ട്. ഇവിടെ ഒരു കോടി രൂപ കോഴ വാങ്ങിയെന്ന് പറയുന്ന മാണിസാർ പുറത്ത് പോകേണ്ടിവന്നു. അതേസമയം 10 കോടി രൂപയോളം കോഴ വാങ്ങിയവർക്ക് സൗകര്യം ചെയ്തുകൊടുക്കുന്ന സംവിധാനം അവസാനിപ്പിച്ച് അത്തരക്കാരെ സഭയിൽനിന്നും പുറത്താക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണമെന്ന് പറഞ്ഞുകൊണ്ടും ഒരിക്കൽക്കൂടി ബില്ലിനെ എതിർത്തുകൊണ്ടും നിർത്തുന്നു.

12.40 pm]

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും പണം ലഭിക്കണമെങ്കിൽ ഈ ബിൽ പാസ്സാകണം. പ്രതിപക്ഷത്തെ എം.എൽ.എ.മാർ ഉൾപ്പെടെയുള്ളവരുടെ ആസ്തി വികസന ഫണ്ടായാലും എം.എൽ.എ. ഫണ്ടായാലും അവയെല്ലാം യാഥാർത്ഥ്യമാകണമെങ്കിൽ ഈ ബിൽ പാസ്സാകണം. അതുകൊണ്ട്, പ്രതിപക്ഷമുൾപ്പെടെ ഐകകണ്ഠ്യേന ഈ ബിൽ പാസ്സാക്കാൻ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നകാലം മുതൽ എന്നും ഈ സഭയ്ക്കകത്ത് ഗവൺമെന്റിനെതിരായ ആരോപണങ്ങളുടെ പുകമറ സൃഷ്ടിച്ച് ഗവൺമെന്റിനെ ദുർബ്ബലമാക്കാനുള്ള ശ്രമമായിരുന്നു ഇടതുപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. നാലേമുക്കാൽ വർഷം പിന്നിടുന്ന ഈ സന്ദർഭത്തിൽ അതിനൊന്നും കഴിഞ്ഞില്ലായെന്ന് മാത്രമല്ല, ഇവർ സൃഷ്ടിച്ച എല്ലാ ആരോപണങ്ങളും വിവാദങ്ങളും അടിസ്ഥാനരഹിതമാണെന്ന് തെളിയിച്ചുകൊണ്ടാണ് ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായ ഈ ഗവൺമെന്റ് അതിവേഗം ബഹുദൂരം പോകുന്നതെന്ന കാര്യം ഈ സന്ദർഭത്തിൽ ആവർത്തിച്ച് പറയാനാഗ്രഹിക്കുകയാണ്. വിവാദങ്ങളൊന്നും ഈ സർക്കാരിനെ ബാധിച്ചില്ലെന്ന്

മാത്രമല്ല, സർക്കാർ ഉദ്ദേശിച്ച എല്ലാ വികസന പ്രവർത്തനങ്ങളും മുമ്പോട്ടുകൊണ്ടുപോകാൻ സാധിക്കുകയും ചെയ്തു. സാമൂഹ്യക്ഷേമരംഗം എടുത്ത് പരിശോധിച്ചാൽ, നമ്മുടെ നാട്ടിലെ പാവപ്പെട്ട രോഗികൾ ഉൾപ്പെടെയുള്ള ഏറ്റവും ദുർബ്ബലരായ ആളുകൾക്ക് ചികിത്സാ സഹായം, പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി നൽകുന്ന തുക വർദ്ധിപ്പിച്ചത്, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, മത്സ്യത്തൊഴിലാളികൾ, എന്നിങ്ങനെ ദുർബ്ബലരായ മുഴുവൻ ആളുകളെയും സഹായിക്കുന്നതിന് ഈ ഗവൺമെന്റ് എടുത്ത സമീപനം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലും മുഖ്യമന്ത്രി വരുന്ന സ്ഥലത്തും ജനസമ്പർക്ക പരിപാടിയിലും ഈ സഭയ്ക്കകത്തുപോലും മുഖ്യമന്ത്രിക്ക് ഒരു നിമിഷം ഇരിക്കാൻ പറ്റുമോ; ഭരണകക്ഷി എം.എൽ.എ.-മാർ മാത്രമല്ല, പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാരുൾപ്പെടെ അവരുടെ നാട്ടിൽ രോഗികളായ ആളുകൾക്ക് ചികിത്സാ സഹായം വാങ്ങുന്നതിനുവേണ്ടി വരികയാണ്. സഹായത്തിനായി ആരുവന്നാലും മുഖ്യമന്ത്രി കണ്ണടച്ച് ഒപ്പിട്ടുകൊടുക്കുകയാണ്. ഞങ്ങൾ ഇതിനുമുമ്പ് അഞ്ച് വർഷക്കാലം പ്രതിപക്ഷത്തുണ്ടായിരുന്ന എം.എൽ.എ.മാരാണ്. അന്നും ഇതേ ഒന്നാം നമ്പർ സീറ്റിൽ ഒരു മുഖ്യമന്ത്രി ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട ചെയറും അന്ന് സഭയിലുണ്ടായിരുന്നതല്ലേ? അന്ന് ഏതെങ്കിലുമൊരു ഭരണകക്ഷി എം.എൽ.എ. മുഖ്യമന്ത്രിയുടെ അടുത്ത് പോയി ഒരാൾ മരണപ്പെട്ടു, അല്ലെങ്കിൽ ഹൃദയ ശസ്ത്രക്രിയയുണ്ട്, അല്ലെങ്കിൽ ക്യാൻസർ രോഗിയാണെന്ന് പറഞ്ഞാൽ ഒരു ആയിരം രൂപ എന്നെങ്കിലും എഴുതുന്നത് കണ്ടിട്ടുണ്ടോ; അപ്പോൾ ഇതെല്ലാം കൊടുക്കണമെങ്കിൽ ഈ ധനവിനിയോഗ ബിൽ പാസ്സാക്കണം. അതിന് മാതൃകാപരമായ സമീപനം സ്വീകരിക്കുന്ന ഗവൺമെന്റിനെ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ഏറ്റവും അപകടകരമായ കാര്യം, വികസനരംഗത്ത് കേരളം അതിവേഗം കുതിക്കുകയാണ്. ഇന്ത്യയ്ക്ക് കേരളം ഒരു മോഡലാണെന്നുള്ളത് എല്ലാവരും അംഗീകരിക്കുകയാണ്. ഐക്യരാഷ്ട്രസഭ പോലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രവർത്തികൾക്ക് അഭിനന്ദനമറിയിക്കുകയാണ്. മുഖ്യമന്ത്രിമാരുടെ സമ്മേളനം ചേരുമ്പോൾ ഡൽഹിയിൽ നടക്കുന്ന ചർച്ചകളിൽ കേരള മോഡൽ എന്നാണ് ഇപ്പോഴും ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിനെയെല്ലാം അപകടകരമാക്കുന്ന രീതിയിൽ കേരളത്തിൽ വർഗ്ഗീയത ഇന്ന് വലിയ ഒരു അപകടസ്ഥിതിയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. വർഗ്ഗീയതയ്ക്കെതിരെ നിൽക്കാൻ ആർക്ക് പറ്റും; ദേശീയതലത്തിൽ കോൺഗ്രസിന് മാത്രമെ കഴിയുകയുള്ളൂവെന്ന് ബീഹാറിലെ

തെരഞ്ഞെടുപ്പും മദ്ധ്യപ്രദേശിലെ തെരഞ്ഞെടുപ്പും ഗുജറാത്തിൽ നടന്ന തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പും തെളിയിക്കപ്പെട്ടിരിക്കുകയാണ്. വർഗ്ഗീയത യ്ക്കെതിരെ നിൽക്കാൻ കോൺഗ്രസിന് മാത്രമേ കഴിയൂ. പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിയുടെ ജില്ലയായ മെഹ്സാന ജില്ലയിൽപ്പോലും തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ധാരാളം സീറ്റുകൾ നേടുകയുണ്ടായി. ബീഹാറിൽ ബി.ജെ.പി.-ക്ക് ലഭിച്ച സീറ്റിന്റെ എണ്ണം കുറച്ചുകൂടി കുറയ്ക്കാമായിരുന്നു. പത്തോളം സീറ്റുകൾകൂടി ബി.ജെ.പി.ക്ക് കുറയുമായിരുന്നു. പക്ഷെ, മൂന്നാം മുന്നണിയുണ്ടാക്കി സി.പി.ഐ., സി.പി.ഐ.(എം.) ഉൾപ്പെടെയുള്ള ആളുകൾ മതേതര കക്ഷിയായ മഹാസഖ്യത്തെ ദുർബ്ബലപ്പെടുത്തുന്നതിനുവേണ്ടി ബീഹാറിൽ നടത്തിയ ശ്രമം ഇനിയും ആവർത്തിക്കപ്പെട്ടാൽ ബി.ജെ.പി.-യെ തടുക്കാനുള്ള ദേശീയതലത്തിലുള്ള കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ശ്രമങ്ങൾക്ക് ക്ഷതമുണ്ടാകും. അതുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയും സി.പി.ഐ.(എം.) ഉൾപ്പെടെയുള്ള ഇടതുപക്ഷ പാർട്ടികൾ അവരുടെ സമീപനം ഒന്നുകൂടി തിരുത്തുകയും വർഗ്ഗീയതയ്ക്കെതിരായി നിൽക്കുന്നതിന് കോൺഗ്രസിന് ദേശീയതലത്തിൽ ശക്തികൊടുക്കുകയും വേണം. കേരളത്തിൽ കഴിഞ്ഞദിവസം പ്രധാനമന്ത്രി വരികയുണ്ടായി. കൊല്ലത്ത് മുൻമുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ആർ. ശങ്കറിന്റെ പ്രതിമ അനാച്ഛാദനം ചെയ്യുന്ന പ്രധാനമന്ത്രി പങ്കെടുക്കുന്ന ചടങ്ങിലേയ്ക്ക് മുഖ്യമന്ത്രിയെ അദ്ധ്യക്ഷനായി ക്ഷണിച്ചുവെങ്കിലും പിന്നീട് മുഖ്യമന്ത്രിയെ മാറ്റുകയും ഫലകവും നോട്ടീസും മാറ്റുകയുമുണ്ടായി. ഭരണകക്ഷിയായ കോൺഗ്രസിനെയും യു.ഡി.എഫ്.-നെയും പോലെ ഇടതുപക്ഷ പാർട്ടികൾകൂടി ആ വർഗ്ഗീയ സമീപനത്തിനെതിരു നിന്നുവെന്നതിന് ഇടതുപക്ഷ പാർട്ടികളോട് ഞങ്ങൾ ഈ സന്ദർഭത്തിൽ പ്രത്യേകമായ നന്ദി പ്രകടിപ്പിക്കുകയാണ്. കേരളത്തിന്റെ ഒരു പൊതുവികാരമായി നമുക്കിത് വളർത്തിയെടുക്കേണ്ടതുണ്ട്. അതിനാൽ കേരളത്തിനകത്ത് വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടം അതിശക്തമായ രീതിയിൽ മുമ്പോട്ടു കൊണ്ടുപോകണം. അതോടൊപ്പം ദേശീയതലത്തിൽ വലിയൊരപകടം പതിയിരിക്കുകയാണ്. ഇന്ത്യയിലൊരു അപ്രഖ്യാപിത അടിയന്തരാവസ്ഥ നിലനിൽക്കുകയാണ്. ഇവിടെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയെ പ്രധാനമന്ത്രി പങ്കെടുക്കുന്ന ഒരു ചടങ്ങിന്റെ അദ്ധ്യക്ഷസ്ഥാനത്തുനിന്നും നീക്കിയതിന് ആർ.എസ്.എസ്.-ഉം ബി.ജെ.പി.-യും വിശ്വഹിന്ദു പരിഷത്തും ഉൾപ്പെടെയുള്ള ആളുകൾ വലിയ വർഗ്ഗീയ പ്രചാരണമുണ്ടാക്കുകയും എസ്.എൻ.ഡി.പി.-യുടെ

കൂടെനിന്ന് വർഗ്ഗീയത ആളിപ്പടർത്താൻ ശ്രമിക്കുകയും ചെയ്യുകയാണ്. ഡൽഹി മുഖ്യമന്ത്രിയുടെ ഓഫീസ് റെയ്ഡ് നടത്തി അവിടെയും മതേതരത്വത്തെ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുകയാണ്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. ഗവൺമെന്റ് ദേശീയതലത്തിലൊരു അപ്രഖ്യാപിത അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിനെതിരെ ഒറ്റക്കെട്ടായി നിൽക്കേണ്ട സന്ദർഭമാണ്.

അപകടകരമായ ഒരു കാര്യംകൂടി ഈ സന്ദർഭത്തിൽ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സഹിഷ്ണത ഇന്ത്യാക്കാരന്റെ കരുത്താണെങ്കിൽ അസഹിഷ്ണത ഒരു രോഗമാണ്. ആ രോഗലക്ഷണമാണ് സ്വാമി ആദിത്യാനന്ദ മുതൽ വെള്ളാപ്പള്ളി നടേശൻ വരെയുള്ളവർ പ്രകടിപ്പിക്കുന്നത്. അസഹിഷ്ണത നമ്മുടെരാഷ്ട്ര ശരീരത്തിന് മാരകമായ വ്രണങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. എം. എസ്. സുബ്ബലക്ഷ്മി യുടെ പ്രഭാതവന്ദനം കേട്ടാണ് മതവ്യത്യാസമില്ലാതെ നാമൊക്കെ ഉണരുന്നത്. വാരണാസിയിലെ കാശി വിശ്വനാഥ ക്ഷേത്രത്തിൽ മരിക്കുവോളം ഉസ്താദ് ബിസ്മില്ലാഖാന്റെ ഷെഹനായ് പ്രധാനപ്പെട്ട ചടങ്ങുകളിലെല്ലാം അവിഭാജ്യഘടക മായിരുന്നു. കൃഷ്ണഭക്തി തുളുമ്പുന്ന എത്രയോ മധുരമായ പാട്ടുകളാണ് യൂസഫലി കേച്ചേരി നമുക്ക് സമ്മാനിച്ചത്. ഗുരുവായൂരപ്പനെ വാഴ്ത്തി എത്രയോ ഭക്തിഗാനങ്ങളാണ് യേശുദാസ് പാടിയിട്ടുള്ളത്. ഇവയെല്ലാം ജാതിയും മതവും തിരിച്ച് ആസ്വദിക്കാൻ ശ്രമിച്ചാൽ നമ്മുടെ സംസ്ഥാനത്തെ സ്ഥിതിയെന്താകും? സ്വാമി വിവേകാനന്ദൻ പണ്ട് കേരളമൊരു ഭ്രാന്താലയമെന്ന് പറഞ്ഞതിൽനിന്നും വളരെ വ്യത്യസ്തമായി ശ്രീനാരായണ ഗുരുദേവനും അയ്യങ്കാളിയും പണ്ഡിറ്റ് കറപ്പൻ ഉൾപ്പെടെയുള്ള മഹാനായ സാമൂഹ്യ പരിഷ്കർത്താക്കൾ നേടിയെടുത്ത മഹത്തായ നമ്മുടെ പാരമ്പര്യവും സംസ്കാരവും ഇന്ന് കളഞ്ഞുകുളിക്കാൻ ശ്രമിക്കുകയാണ്. കേരളത്തിൽ ബോധപൂർവ്വമായ വർഗ്ഗീയത അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു. നമ്മൾ പലപ്പോഴും അറിഞ്ഞും അറിയാതെയും ഇത്തരം സാമൂഹിക ശക്തികളുടെ സ്വകാര്യ താൽപ്പര്യങ്ങൾക്ക് വളംവച്ച് കൊടുത്തിട്ടുണ്ടെങ്കിൽ അതിനെതിരായ ശക്തമായ ഒരു സമീപനം കേരളത്തിൽ യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം എന്ന വ്യത്യാസമില്ലാതെ ഉണ്ടാകണം. ബി.ജെ.പി.-ക്ക് തൽക്കാലം തദ്ദേശഭരണ സ്ഥാപനത്തിലെ തെരഞ്ഞെടുപ്പിൽ അൽപ്പം സീറ്റും വോട്ടും കിട്ടിക്കാണും. പക്ഷെ കേരളത്തിലെ ജനങ്ങൾ മതേതര മനസ്സുള്ളവരും സെക്യുലർ മനസ്സുള്ളവരുമാണ്. തൽക്കാലം ഇടതുപക്ഷ പാർട്ടികളുൾപ്പെടെയുള്ള പാർട്ടികൾ കോൺഗ്രസിനെ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുന്നതിനുപകരം വർഗ്ഗീയതയ്ക്കെതിരായി, മുഖ്യമന്ത്രിയെ അദ്ധ്യക്ഷസ്ഥാനത്തുനിന്നും അവഗണിച്ചപ്പോൾ നിങ്ങളെടുത്ത സമീപനത്തെപ്പോലെ കോൺഗ്രസാണ് മതേതരത്വം നിലനിർത്താൻ വേണ്ടിയുള്ള

മുഖ്യധാരാ പാർട്ടിയെന്നതുകൊണ്ട് അതിനോടൊപ്പം നിൽക്കുകയും ദേശീയതലത്തിലും കേരളത്തിലും മതേതരത്വത്തിന് പിന്തുണ നൽകുകയും വേണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും യു.ഡി.എഫ്. ഗവൺമെന്റിനെയും ചില വലിയ കൊടും ക്രിമിനലുകളുടെ കൂടെനിന്നുകൊണ്ട് അവർക്കുവേണ്ടി സ്തുതിഗീതം പാടുന്ന സ്ഥിതി മാറ്റാൻ ശ്രമിക്കണം. ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിന്താങ്ങുന്നു.

12.48 pm]

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുകയാണ്. അഞ്ചാണ്ടുകൊണ്ട് അൻപതുവർഷം നമ്മുടെ സംസ്ഥാനം വാങ്ങിയ കടം ഒറ്റയടിക്ക് തീർക്കാൻ ഏതാണ്ട് ഓവർടൈം പണിയെടുത്ത ഒരു ഗവൺമെന്റ് എന്ന അടിസ്ഥാനത്തിലാണ് ഈ ഗവൺമെന്റിനെ ജനങ്ങൾ നോക്കിക്കാണുന്നത്. അഞ്ച് വർഷംകൊണ്ട് വാരിക്കൂട്ടിയ കടത്തിന് ഒരു കയ്യും കണക്കുമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വളരെ ഭയാനകമായി തുടരുകയാണ്. എല്ലാ ക്ഷേമപെൻഷനുകളും കുടിശ്ശികയായി. വികസന പ്രവർത്തനങ്ങളാകെ നിലച്ചു. വികസനരംഗമാകെ മുരടിപ്പാണ്. ഈ പ്രതിസന്ധിയെ അതിജീവിക്കാൻ സംസ്ഥാനത്തെ ജനങ്ങളുടെമേൽ കടുത്ത ഭാരമടിച്ചേൽപ്പിച്ച ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ഈ ഗവൺമെന്റിന്റെ നാലേമുക്കാൽ വർഷത്തെ ബാലൻസ്ഷീറ്റ് ഈ സന്ദർഭത്തിൽ പരിശോധിക്കേണ്ടതാണ്. ജനങ്ങൾ അത് പരിശോധിക്കുന്നുണ്ടെന്നതിന്റെ തെളിവാണ് തദ്ദേശഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ഇടതു പക്ഷത്തിന് ജനങ്ങൾ നൽകിയ ഉജ്ജ്വലമായ വിജയമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

നമ്മുടെ കാർഷിക മേഖലയിൽ, നെല്ലും തെങ്ങും റബ്ബറുമാണ് പ്രധാനപ്പെട്ട വിളകൾ. റബ്ബർ കൃഷിക്കാർക്ക് ഇന്ന് അനുഭവിക്കേണ്ടിവരുന്ന പ്രയാസം പറയേണ്ടതില്ല. നാളികേര കർഷകരുടെ സ്ഥിതിയും വ്യത്യസ്തമല്ല. നമ്മുടെ എല്ലാ തൊഴിൽ മേഖലകളും തകരുകയല്ലേ; പരമ്പരാഗത വ്യവസായ മേഖല, കയറും കൈത്തറിയും കശുവണ്ടിയും മത്സ്യബന്ധനവുമുൾപ്പെടെയുള്ള കേരളത്തിലെ 50 ലക്ഷം ആളുകൾ ജീവിക്കുന്ന പരമ്പരാഗത തൊഴിൽ മേഖല ഇതുപോലെ തകർന്ന ഒരു ചരിത്രം നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. പരമ്പരാഗത വ്യവസായ മേഖലയെയും പരമ്പരാഗത തൊഴിൽ മേഖലയെയും സംരക്ഷിക്കാൻ ഈ നാലേമുക്കാൽ വർഷത്തെ യു.ഡി.എഫ്. ഭരണത്തിന് എന്തുചെയ്യാൻ കഴിഞ്ഞു

വെന്നത് ഇവിടെ വ്യക്തമാക്കേണ്ടതാണ്. ജനങ്ങളുടെ നിത്യജീവിതത്തിൽ ദുരിതങ്ങൾ വാരിവിതറാൻ മാത്രമാണ് ഈ സംസ്ഥാന ഗവൺമെന്റിന് സാധിച്ചത്. ജനങ്ങൾ വിലക്കയറ്റത്തിന്റെ എല്ലാ പ്രയാസങ്ങളും ഇന്ന് അനുഭവിച്ചു കൊണ്ടിരിക്കുകയല്ലേ?

വിലക്കയറ്റം പിടിച്ചുനിർത്താൻ കമ്പോളത്തിലിടപെടേണ്ട സിവിൽ സപ്ലൈസ് കോർപ്പറേഷനാണെങ്കിലും കൺസ്യൂമർഫെഡ് ആണെങ്കിലും എത്ര ദയനീയമായ ചിത്രമാണ് ഇവിടെ വരച്ചുകാണിക്കുന്നത്. കൺസ്യൂമർഫെഡിൽ വൻ അഴിമതിയാണ് നടക്കുന്നത്. സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലും അഴിമതി കൊടികുത്തി വാഴുകയാണ്. അഴിമതി സർവ്വവ്യാപിയായി ഏതാണ്ട് നമ്മുടെ ജനാധിപത്യ വ്യവസ്ഥിതിയെത്തന്നെ ദുർബ്ബലമാക്കുന്ന ഏറ്റവും വലിയ കാളക്കൂടസർപ്പംപോലെ ഇവിടെ പത്തിവിടർത്തി ആടുകയാണ്. ഇത്രയും ഭയങ്കരമായ അഴിമതി നടന്നിട്ടുള്ള സന്ദർഭം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. ജനങ്ങളുടെ ജീവിതമാകെ ചവിട്ടിമെതിക്കപ്പെടുമ്പോൾ അവർ ജനാധിപത്യ വ്യവസ്ഥിതിയിൽപ്പോലും വിശ്വാസ്യതയില്ലാത്തവരായി മാറുന്നുവെന്നതു തന്നെയാണ് ഈ സ്ഥിതിഗതികളൊക്കെ ഇവിടെ സൃഷ്ടിക്കാൻ കാരണം. നമ്മുടെ സംസ്ഥാനത്തെ ജനജീവിതം അങ്ങേയറ്റം ദുഃസഹമാകുകയാണ്. തൊഴിൽമേഖല അങ്ങേയറ്റം പാപ്പരാവുകയാണ്. ജനങ്ങളുടെമേൽ അമിതഭാരം അടിച്ചേൽപ്പി ക്കുമ്പോൾ അതിൽനിന്ന് മോചനം നേടാൻ ഉജ്ജ്വലമായ പ്രക്ഷോഭങ്ങളിലേയ്ക്കും സമരങ്ങളിലേയ്ക്കും ഇറങ്ങിത്തിരിക്കുന്ന കാഴ്ചയാണ് കാണുന്നത്.

ഈ ഗവൺമെന്റ് ഒരുപാട് കാര്യങ്ങൾ ചെയ്തുവെന്ന് ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ പറഞ്ഞു. എല്ലാ ക്ഷേമപദ്ധതികളും എല്ലാ പെൻഷനുകളും കുടിശ്ശികയല്ലേ? തൊഴിലില്ലായ്മ വേതനം, കർഷകത്തൊഴിലാളി പെൻഷൻ, ഗവൺമെന്റ് പ്രഖ്യാപിച്ച ഭവനനിർമ്മാണ പദ്ധതിവഴി കൊടുക്കേണ്ട പണം ഉൾപ്പെടെ എല്ലാ കാര്യങ്ങളിലും വീഴ്ചയല്ലേ? ഇന്ന് രാവിലെ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ജീവൻരക്ഷാ ഔഷധങ്ങൾ വാങ്ങാൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകേണ്ട 398 കോടി രൂപയുടെ കാര്യം പറയുകയുണ്ടായി. അങ്ങനെ 17,390 കോടി രൂപ ഇത്തരം കാര്യങ്ങൾക്കായി നീക്കിവയ്ക്കേണ്ട സംസ്ഥാന ഗവൺമെന്റ് അതിനോടെല്ലാം കടംപറയുന്ന കാഴ്ചയാണ് കാണുന്നത്. കരാറുകാർക്കും എല്ലാ വികസനകാര്യങ്ങൾക്കും നീക്കിവയ്ക്കേണ്ടതും കൊടുത്തുതീർക്കേണ്ടതുമായ പണം കോടാനുകോടികളാണ്. പത്തമ്പതിനായിരം കോടി രൂപ കടംവാങ്ങിയ ഈ ഗവൺമെന്റ് വീണ്ടും വികസന

കാര്യങ്ങളോട് സലാം പറയുന്ന സ്ഥിതിയാണ് പൊതുവിൽ നമുക്ക് കാണാൻ കഴിയുന്നത്. അങ്ങനെ സംസ്ഥാനത്തിന്റെ വികസന കാര്യത്തിൽ മുരടിപ്പ് സൃഷ്ടിച്ച ഈ ഗവൺമെന്റിന് ജനങ്ങളെ സമീപിക്കാൻ ഒരു അർഹതയുമില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. വർഗ്ഗീയതകളെ പിടിച്ചുകെട്ടാൻ കോൺഗ്രസ്സിനു കഴിയുന്നതിനെക്കുറിച്ച് ഇവിടെ ശ്രീ. ടി. എൻ. പ്രതാപൻ പറയുകയുണ്ടായി. കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിലുണ്ടായ ജനങ്ങളുടെ പ്രതികരണത്തോടെ കോൺഗ്രസ് എന്താണ് മനസ്സിലാക്കുന്നത്? ഇവിടെ ജനങ്ങൾ നല്ലവണ്ണം മനസ്സിലാക്കി. വർഗ്ഗീയത ഉറഞ്ഞുതുള്ളുമ്പോൾ, ആ വർഗ്ഗീയത ഏറ്റവും ഭീകരമായ രൂപത്തിൽ സംസ്ഥാനത്തെ ജനങ്ങളുടെ ഐക്യത്തെ തകർക്കാൻ മുന്നോട്ടുവരുമ്പോൾ അതിനെതിരായി സമരം ചെയ്യാൻ, അതിനോട് ഉജ്ജ്വലമായി പൊരുതാൻ ഇടതുപക്ഷത്തിനാണ് കഴിയുന്നതെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടു. ന്യൂനപക്ഷ വിഭാഗങ്ങളുൾപ്പെടെ ഇടതുപക്ഷത്തിന് വോട്ട് ചെയ്തു. അതല്ലേ കേരളത്തിൽ നാം കണ്ടത്? രാജ്യമൊട്ടാകെയുള്ള സ്ഥിതിയും അതുതന്നെയാണ്. കോൺഗ്രസിന്റെ കൂട്ട് സങ്കുചിത താല്പര്യങ്ങൾ വച്ചുപുലർത്തുന്നവരോടും വളരെ വിലകുറഞ്ഞ രാഷ്ട്രീയ നിലപാട് ഉയർത്തിപ്പിടിക്കുന്നവരോടുമാണ്. അവരുമായി ചേരുന്ന സഖ്യത്തിന് ഒരുപാടുകാലം നിൽക്കാനാവില്ല എന്നുള്ളത് എത്രയോ കാലം ബോധ്യപ്പെട്ടതാണ്. നിങ്ങളുടെ സ്ഥിതിയും വളരെ ദയനീയമായി വരികയാണ്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ന് വളർത്തിക്കൊണ്ടുവരുന്ന വമ്പിച്ച പടനിരയുമാത്രമാണ് വർഗ്ഗീയതയ്ക്കെതിരായി ഉറച്ച നിലപാട് സ്വീകരിക്കാൻ കഴിയുന്നതെന്ന് കാലം തെളിയിക്കുകയാണ്. ഇനിയും തെളിയിക്കാൻ പോകുകയാണ്. ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വർക്കല കഹാർ)

12.54 pm]

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുന്നു. എ.ജി.യുടെ റിപ്പോർട്ട് അനുസരിച്ച് 2015 സെപ്റ്റംബർ 30-ാം തീയതിവരെ റവന്യൂ വരുമാനം 31893.7 കോടിരൂപയായി വളർന്നിരിക്കുകയാണ്. 21.4% കൂടുതൽ. അതോടൊപ്പംതന്നെ ചെലവും കൂടിയിട്ടുണ്ട്. സാമ്പത്തിക വളർച്ചയുമുണ്ടായി. ഇത് കേരളത്തിൽ ഈ ഗവൺമെന്റിന്റെ ഭരണകാലത്തെ ഏറ്റവും വലിയ നേട്ടമായി നാം കാണേണ്ടതാണ്. സാമ്പത്തിക വളർച്ചയും അതോടൊപ്പം തന്നെ സ്വപ്ന

പദ്ധതികളുടെ സാക്ഷാത്ക്കാരവും നമ്മുടെ സംസ്ഥാനത്തുണ്ടായി എന്ന യാഥാർത്ഥ്യത്തെ നമുക്ക് കാണാതിരുന്നുകൂടാ. ഒരു സംസ്ഥാനത്തിന്റെ പ്രതീക്ഷയ്ക്കനുസരിച്ച് ഉയരാൻ കഴിയുകയും പൊതുമേഖലയിലടക്കം വിദ്യാഭ്യാസ സ്ഥാപനങ്ങളും സർവ്വകലാശാലകളും മെഡിക്കൽ കോളേജുകളുമൊക്കെ കൊണ്ടുവന്ന് ധനവിനിയോഗത്തിൽ കൃത്യമായ മാതൃക കാണിച്ച സർക്കാരിനെ നേരിടാൻ ആവനാഴിയിലെ അസ്ത്രങ്ങൾ മുഴുവൻ പ്രയോഗിച്ച് എല്ലാ തെരഞ്ഞെടുപ്പുകളിലും പരാജയമുണ്ടായപ്പോൾ കപ്പൽ തകർക്കാനായില്ലെങ്കിൽ കപ്പിത്താനെ നിർവ്വീര്യമാക്കുകയെന്ന ശൈലിയാണ് ഇപ്പോൾ പ്രയോഗിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിൽ നടക്കുന്നത് ധർമ്മവും അധർമ്മവും തമ്മിലുള്ള പോരാട്ടമാണ്. ബ്ലേഡ് മാഫിയയും മദ്യമാഫിയയും കൊലപാതകികളും തീവ്രവാദശക്തികളും വർഗ്ഗീയശക്തികളുമെല്ലാം ഒരുഭാഗത്ത് നിൽക്കുമ്പോൾ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റ് മറുഭാഗത്ത് നിൽക്കുന്നു. ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം, പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ വിജയത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ വിജയമെന്താണ്? പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം പ്രയോഗിച്ച മുന്നണി സംവിധാനമെന്നുപറയുന്നത്, അവരുടെ ഇടതുപക്ഷ ജനകീയ മുന്നണി സത്യത്തിൽ വെള്ളിക്കോലിലെ വെള്ളിപോലെയാണ്. വെള്ളിക്കോലെന്ന് പേരേയുള്ളൂ, എന്നാൽ അതിൽ വെള്ളിയില്ല. അതുപോലെതന്നെ ഇടതുപക്ഷമതിലില്ല. എല്ലാവിധ തീവ്രവാദ ശക്തികളും വർഗ്ഗീയ ശക്തികളും എസ്.ഡി.പി. അടക്കമുള്ള കക്ഷികൾവരെ മുന്നണിയുണ്ടാക്കി ഇടതുപക്ഷമെന്നൊന്നില്ലാതെയാണ് ഒരു തെരഞ്ഞെടുപ്പ് വിഷയംപോലും അവർ ഉണ്ടാക്കിയതെന്ന് പറയാതിരിക്കാനാവില്ല. കേരളത്തിൽ ഇടതുപക്ഷം ഒരു വല്ലാത്ത രീതിയിലാണ്. കാരണം, അവർ ഇന്ന് പിടിച്ചുനിൽക്കാൻ കഴിയാത്ത ഒരവസ്ഥയിലാണ് മുന്നോട്ടുപോകുന്നത്. കേരളത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ വിപത്ത് എന്നുപറയുന്നത് രാജ്യത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വർഗ്ഗീയ വിഷബീജം വിതറിക്കൊണ്ടുള്ള മുന്നോട്ടുപോക്കാണ്. ഇതിനെതിരെ ശക്തമായി പ്രതികരിക്കാൻ നമുക്ക് കഴിയണം. അതിനുള്ള പ്രതികരണമാണ് നമുക്കുണ്ടാകേണ്ടത്. ഫറൂഖ് കോളേജിൽ സാംസ്കാരിക ജീർണ്ണത സംഭവിക്കുകയാണെന്ന് ഇവിടെ സൂചിപ്പിച്ചു.

ശ്രീ. ആർ. രാജേഷ് : സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ : എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. ആർ. രാജേഷ്: സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എസ്.ഡി.പി.-യുമായി മുന്നണിയുണ്ടാക്കിയെന്നു പറഞ്ഞു. എസ്.ഡി.പി.-യുമായി ഇന്നുവരെ ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നണിയുണ്ടാക്കിയിട്ടില്ല, ഇനി ഉണ്ടാക്കുകയുമില്ല. അത് സഭയുടെ രേഖയിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, എവിടെ വേണമെങ്കിലും തെളിയിക്കാൻ സാധിക്കും. അത്തരം കക്ഷികളുമായിയൊക്കെ കൂട്ടുകെട്ടുണ്ട് എന്നുമാത്രമല്ല, ഇവർ കയ്യടക്കിയെന്നുപറയുന്ന മലബാർ മേഖലയിലെ മിക്ക പഞ്ചായത്തുകളിലും പാർട്ടി ചിഹ്നത്തിലല്ല മത്സരിച്ചത്. എല്ലാവരും പാർട്ടി ചിഹ്നം ഉപേക്ഷിച്ച് ഇവരെയൊക്കെ കൂട്ടുപിടിച്ചാണ് മത്സരിച്ചത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, വെള്ളിക്കോലിലെ വെള്ളിപോലെയാണ് ജനകീയമുന്നണിയിൽ ഇടതുപക്ഷമെന്നുപറയുന്നത്, അതുകൊണ്ട് അത് അവരുടെ വിജയമല്ല.

കേരളത്തിൽ ഒരുഭാഗത്ത് വർഗ്ഗീയതയ്ക്കെതിരെ ശക്തമായ പോരാട്ടം നടക്കുന്നുവെന്ന് ഇവിടെ സൂചിപ്പിച്ചു . ആ വർഗ്ഗീയ ശക്തികൾക്കെതിരെ രാജ്യത്ത് ഉയർത്തിപ്പിടിക്കേണ്ടത് മതസൗഹാർദ്ദം തന്നെയാണ്. രാജ്യത്ത് ഭൂരിപക്ഷ വർഗ്ഗീയതയാണെങ്കിലും ന്യൂനപക്ഷ വർഗ്ഗീയതയാണെങ്കിലും വർഗ്ഗീയത എതിർക്കപ്പെടണം. മതവിശ്വാസിയായി എന്നതുകൊണ്ട് വർഗ്ഗീയവാദിയാകില്ല. ഏതൊരു മതവിശ്വാസവും വർഗ്ഗീയതയല്ല. അങ്ങനെ തെറ്റിദ്ധരിക്കരുത്. ഒരു മതവിശ്വാസവും വർഗ്ഗീയതയെ പ്രോത്സാഹിപ്പിച്ചിട്ടില്ല. വർഗ്ഗീയത ഏത് ഭാഗത്തുണ്ടായാലും അത് ചെറുക്കപ്പെടേണ്ടതാണ്. അത് ചെറുക്കപ്പെടാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ സംസ്ഥാനം വലിയ അപകടത്തിലേയ്ക്ക് നീങ്ങും. അത് ചെറുക്കപ്പെടുക എന്നതാണ് കേരളം ഏറ്റെടുക്കേണ്ട ഏറ്റവും വലിയ ദൗത്യം. ആ ദൗത്യമാണ് ഇന്ന് കേരളത്തിന്റെ മതേതരസമൂഹം ഏറ്റെടുക്കേണ്ടത്. ഇവിടെ സാംസ്കാരിക ജീർണ്ണതയെക്കുറിച്ച് പറഞ്ഞു. ഫറൂഖ് കോളേജിൽ അപകടകരമായ എന്തോ നടക്കുന്നുവെന്നാണ് പറഞ്ഞത്. ഫറൂഖ് കോളേജ് എന്താണെന്ന് അവർക്കാർക്കും അറിയില്ലെങ്കിൽ ഫറൂഖ് കോളേജിലെ ആദ്യകാല വിദ്യാർത്ഥിയായിരുന്ന കേരളത്തിലെ പ്രമുഖ ചരിത്രകാരനായ എം.ജി.എസ്. നാരായണൻ അത് വിശദമാക്കിക്കൊണ്ട് ലേഖനം തന്നെ എഴുതിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞത്, ഞാൻ പഠിച്ച കോളേജ് അതാണ്. ആ കോളേജിൽ ഒരു സാംസ്കാരിക ജീർണ്ണതയും ഉണ്ടായിട്ടില്ല. ഞങ്ങൾ പഠിച്ചതും വളർന്നതും

അവിടത്തെ പശ്ചാത്തലത്തിലാണ് എന്നാണ്. കേരളത്തിൽ മെച്ചപ്പെട്ട സംവിധാനമുള്ള ആ കോളേജിനെ തകർക്കാനുള്ള നീക്കം എന്തിനാണ്? ഇന്ന് ഫറൂഖ് കോളേജിൽ നടക്കുന്നത് ജീർണ്ണതയാണെന്ന് പറയുന്നവർതന്നെയാണ് ചുംബന സമരത്തിനുവേണ്ടി വക്കാലത്ത് പിടിച്ചവർ എന്ന യാഥാർത്ഥ്യം മറക്കരുത്. ചുംബനസമരം ഇന്ന് എവിടെയെത്തി. ആ ചുംബനസമരത്തിന്റെ പതനം കേരളം കണ്ടതുപോലതന്നെ നാളെ ഇത്തരം കാര്യങ്ങളും കാണാതിരിക്കില്ല. അതുകൊണ്ട് ഒരു കാര്യം വ്യക്തമാക്കാം, ഫറൂഖ് കോളേജിൽ സമരം നയിച്ച വ്യക്തി മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പറഞ്ഞിരിക്കുന്നത്, ഞാൻ ഇതിനുമുമ്പ് പഠിച്ച വിദ്യാഭ്യാസ സ്ഥാപനത്തിൽ മതപരമായ ചടങ്ങുകൾക്കാണ് പ്രാമുഖ്യം നൽകുന്നത്, അവിടെ എല്ലാവിധ കാര്യങ്ങൾക്കും മതപരമായ പ്രാമുഖ്യം കൂടിയപ്പോഴാണ് ഞാൻ അവിടംവിട്ട് പോന്നത് എന്നാണ്. അദ്ദേഹം പഠിച്ച സർക്കാർ സ്ഥാപനത്തിൽ മതപരമായ ചടങ്ങുകൾക്ക് പ്രാമുഖ്യം കൂടുന്നുവെന്നതുകൊണ്ട് അവിടെനിന്ന് ഇറങ്ങിപോന്നിട്ട് ന്യൂനപക്ഷ സമുദായം നടത്തുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽ വന്ന് അദ്ദേഹത്തിന്റെ വിപ്ലവം ആരംഭിക്കുകയാണ്. ഫറൂഖ് കോളേജിൽ ആരംഭിക്കുന്ന വിപ്ലവം എന്തിനാണെന്ന് എല്ലാവർക്കും അറിയാം. ആ വിപ്ലവത്തിന്റെ ലക്ഷ്യവും ഞങ്ങൾക്കറിയാം. അതുകൊണ്ട് സാംസ്കാരിക ജീർണ്ണതയെന്നതിന്റെ പേരിൽ എല്ലാവിധ നെറികേടുകൾക്കും സാംസ്കാരിക ജീർണ്ണതകൾക്കും സാമൂഹിക അംഗീകാരം നേടിക്കൊടുക്കാൻ ഇടതുപക്ഷം കൂട്ടുപിടിക്കരുത് എന്നാണ് ഞങ്ങൾക്ക് പറയാനുള്ളത്. കേരളം ഉയർത്തിപ്പിടിച്ച സാംസ്കാരികമായ ഒരു അന്തസ്സുണ്ട്. ആ അന്തസ്സ് നിലനിർത്താൻ കഴിയണം. അതിനുവേണ്ടിയാണ് പരിശ്രമിക്കേണ്ടത്. സർ സെയ്ദ് അഹമ്മദ്ഖാനെ പോലെയുള്ള വളരെ പ്രശസ്തരായ വ്യക്തികൾ ഉയർത്തിക്കൊണ്ടുവന്ന ആ സ്ഥാപനത്തെ തകർക്കാനുള്ള നീക്കത്തിന്റെ പിന്നിലുള്ളത് വിദ്യാർത്ഥി കളാണെന്നാണ് ഇത്രയും നാൾ ഞങ്ങൾ കരുതിയത്. എന്നാൽ വിദ്യാർത്ഥികളല്ല, ഫറൂഖ് കോളേജിനെതിരെയുള്ള ഇത്തരം നീക്കത്തിനുപിന്നിൽ പാർട്ടി ശക്തികൾകൂടിയുണ്ട് എന്ന് വ്യക്തമാക്കുന്നതാണ് ഇന്ന് സി.പി.ഐ.(എം.)-നുവേണ്ടി ഒരു പാർട്ടി മെമ്പർ ഈ നിയമസഭയിൽ പറഞ്ഞത്. ഒരു പാർട്ടിയുടെ നിലപാടായിരുന്നു ഒരു കോളേജിനെ തകർക്കാനുള്ള നീക്കം. ആ രീതിയിലാണ് കാര്യങ്ങൾ പോകുന്നത്. കേരളത്തിൽ ഇത്തരം നീക്കങ്ങൾക്കെതിരെ ശക്തമായി പ്രതികരിക്കേണ്ടബാധ്യതയുണ്ട്. കേരളീയ സമൂഹത്തിൽ ഇന്നുണ്ടായി ക്കൊണ്ടിരിക്കുന്ന എല്ലാ അധാർമ്മികതകൾക്കെതിരെയും ശക്തമായ പ്രതികരണം ഉണ്ടാകണം. ഇതേ ശൈലി തന്നെയാണ് കേരളത്തിൽ രാഷ്ട്രീയ രംഗത്തും

ഉപയോഗിക്കുന്നത്. കാരണം എല്ലാ കൊലപാതകികളെയും പുണ്യവാളൻമാരാക്കി മാറ്റി കേരളത്തിലെ മുഖ്യമന്ത്രിയെവരെ അവഹേളിക്കാൻ ഈ സഭയിൽ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ഇവർ തിൻമയെ കൂട്ടുപിടിച്ചുകൊണ്ട് നൻമയെ പ്രതിരോധിക്കാൻ ശ്രമിക്കുന്നുവെന്നതിന്റെ തെളിവാണ്. കേരളീയ സമൂഹം ഇതിന് ശക്തമായ തിരിച്ചടി നൽകാൻ പ്രാപ്തമാണ്. ഐക്യജനാധിപത്യ മുന്നണിയുടെ കരുത്ത് കള്ള നാണയങ്ങളില്ലാത്ത കരുത്താണ്. ആ കരുത്ത് എവിടെയും തെളിയിക്കപ്പെടാൻ കഴിയും; അതുകൊണ്ടുതന്നെ ഗവൺമെന്റിനുവേണ്ടി ഇവിടെ അവതരിപ്പിച്ച ധനവിനിയോഗ ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

1.00 pm]

<u>ഡോ. എൻ. ജയരാജ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലര വർഷം വികസനത്തിന്റെയും കരുതലിന്റെയും കാലഘട്ടത്തിലൂടെ കടന്നുപോകുന്ന കാഴ്ചയാണ് കേരളം കണ്ടത്. 'ആരാകിലെന്ത് മിഴിയുള്ളവർ നോക്കി നിൽക്കും' എന്ന് പറഞ്ഞതുപോലെ വികസനത്തിന്റേതായ കുതിപ്പ് കണ്ണുള്ളവർക്ക് കാണാൻ കഴിയുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. വികസനത്തിന്റെ മഴവെള്ളപ്പാച്ചിലിൽ നഷ്ടപ്പെട്ടുപോയത് പ്രതിപക്ഷത്തിന്റെ ദുർബലമായ മുഖമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പ്രിയങ്കരനായ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി സൂചിപ്പിച്ചതുപോലെ ദേശീയ വളർച്ചാ നിരക്കിനെക്കാൾ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് വർദ്ധിച്ചുവന്ന കാലഘട്ടത്തിലാണ് കേരളം മുന്നോട്ടുപോകുന്നത്. നമ്മുടെ സംസ്ഥാന വരുമാനത്തിന്റെ സിംഹഭാഗവും ശമ്പളത്തിനും പെൻഷനുംവേണ്ടി മാറ്റി വയ്ക്കുമ്പോൾ അടിസ്ഥാന വികസനത്തിന് പലപ്പോഴും പണം കണ്ടെത്താൻ കഴിയാത്ത സാഹചര്യമുണ്ട്. പക്ഷെ കഴിഞ്ഞ നാലു വർഷക്കാലം പണമില്ലാത്തതുകൊണ്ട് കേരളത്തിന്റെ ഒരു വികസനപ്രവർത്തനവും പുറകോട്ടു പോയില്ലെന്നതാണ് യാഥാർത്ഥ്യം. ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമുൾപ്പെടെയുള്ള സ്വപ്ന പദ്ധതികൾ പ്രഖ്യാപിക്കുക മാത്രമല്ല അത് പ്രായോഗികമായി നടപ്പാക്കാൻ കഴിഞ്ഞുവെന്നത് ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വളരെ അഭിമാനകരമായ കാര്യമാണ്. ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ചിടത്തോളം ആദരണീയനായ മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി നേതൃത്വം നൽകിക്കൊണ്ട് ധനകാര്യ വകുപ്പിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്താൻ

കഴിഞ്ഞു. ഏറ്റവും അഭിമാനമുള്ള കാര്യം നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ നാലര വർഷക്കാലമായി ഒരുസന്ദർഭത്തിലും ട്രഷറി പൂട്ടിയിടേണ്ട സാഹചര്യമുണ്ടാവുകയോ ഓവർഡ്രാഫ്റ്റിലേയ്ക്ക് പോകേണ്ടതായ സാഹചര്യമോ ഉണ്ടായിട്ടില്ല. തീർച്ചയായും ഒരു മികച്ച ധനകാര്യ മാനേജ്മെന്റിന്റെ സൂചകമായി കാണാൻ കഴിയുന്നത് ഈ പ്രതിസന്ധികൾക്കിടയിൽപോലും ട്രഷറി ബാൻ പോലുള്ള സാമ്പത്തിക നടപടികളിലേയ്ക്കോ ഓവർ ഡ്രാഫ്റ്റിലേയ്ക്കോ പോകാൻ നമ്മുടെ സംസ്ഥാനം തയ്യാറായില്ല; അതോടൊപ്പംതന്നെ വികസനത്തിന്റെയും കരുതലിന്റെയും കാലഘട്ടത്തിൽക്കൂടിയാണ് കേരള സംസ്ഥാനം കടന്നുപോയത്. കാരുണ്യ പദ്ധതി പോലുള്ള പദ്ധതികൾ, ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം സാമൂഹ്യപ്രതിബദ്ധതയുടെ മുഖമുദ്രയായി ഒരു ലക്ഷത്തി പതിനൊന്നായിരത്തിൽപ്പരം ആളുകൾക്ക് അവരുടെ ചികിത്സയ്ക്കു വേണ്ടി ഏകദേശം 980 കോടി രൂപയോളം നൽകാൻ കഴിഞ്ഞുവെന്നത് കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ സാമൂഹ്യദർശനത്തിന്റെ കാഴ്ച്ചപ്പാട് പ്രാവർത്തികമാക്കാൻ കഴിഞ്ഞുവെന്നതിന്റെ ഉത്തമ തെളിവാണ്. സാംസ്കാരിക ജീർണ്ണതയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും സാംസ്കാരിക രംഗത്തുള്ള മാറ്റം കേരളം കണ്ടത് കഴിഞ്ഞ നാലര വർഷമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ മലയാളിക്ക് കഴിയും. കഴിഞ്ഞ കാലഘട്ടത്തിൽ സാംസ്കാരികമായ അപജയങ്ങൾക്ക് കൂട്ടുനിൽക്കാൻ പല ആളുകളും മുന്നോട്ടുവന്നപ്പോൾ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവിയുൾപ്പെടെ നേടിയെടുക്കാനും സാംസ്കാരികതയെ കൂടുതൽ ശക്തമായ കരുത്തോടെ മുന്നോട്ടുകൊണ്ടുപോകാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ടെന്നത് എടുത്തുപറയേണ്ട കാര്യമാണ്. ഞാൻ എന്റെ എളിയവാക്കുകൾ അവസാനിപ്പിക്കുകയാണ്. ഒരിക്കൽകൂടി ധനവിനിയോഗ ബില്ലുകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

1.05 pm]

<u>ശ്രീ. എ. എ. അസീസ്</u>: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പുതിയതായി ആരംഭിച്ചതാണ് അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ട് എന്ന ആസ്തി വികസന ഫണ്ട്. ഒരു എം.എൽ.എ.-യ്ക്ക് അഞ്ച് കോടി രൂപയും കൂടാതെ എം.എൽ.എ. ഫണ്ട് ഒരു കോടി രൂപയും അങ്ങനെ ആറു കോടി രൂപ പ്രതിവർഷം ചെലവാക്കാൻ എം.എൽ.എ.-മാർക്ക് കഴിയുന്നുവെന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. അങ്ങനെ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്താൻ ഭരണ പ്രതിപക്ഷ എം.എൽ.എ. മാർക്കെല്ലാം

സാധിക്കുന്നുണ്ട്. പ്രതിപക്ഷ അംഗങ്ങളെല്ലാവരും തന്നെ അവരുടെ വികസന പ്രവർത്തനത്തിന്റെ ഭാഗമായി ബോർഡുകൾ പ്രദർശിപ്പിച്ചതാണ്. അതുപോലെ ക്ഷേമ പദ്ധതികൾ, ക്ഷേമ പെൻഷനുകളെല്ലാം തന്നെ ബാങ്കുകൾ വഴി കുടിശ്ശികയില്ലാതെ കൊടുക്കുന്നു. കുടിശ്ശികയുണ്ടെന്ന് പറയുന്നത് അറിവില്ലായ്മയാണ്. ക്ഷേമ പെൻഷനുകൾ കുടിശ്ശിക കൂടാതെ നൽകുന്നതിനുള്ള തീരുമാനമെടുക്കുകയും അത് നടപ്പാക്കുകയും ചെയ്ത ഗവൺമെന്റാണ് ഇത്. ഇത്തരത്തിൽ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിന്റെ ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുന്നു.

1.06 pm

<u>ശ്രീ. സി. പി. മുഹമ്മദ്</u>: സർ, ഈ ധനവിനിയോഗ ബില്ലുകളെ ഞാൻ അനുകൂലിക്കുന്നു. കേരളത്തിലെ ഐക്യജനാധിപത്യമുന്നണി സർക്കാർ അഞ്ചുകൊല്ലം തികക്കാൻ ഇനി നാല് മാസം മാത്രമെ ബാക്കിയുള്ളൂ. ഈ കാലമത്രയും ട്രഷറി പൂട്ടാതെ, ഓവർഡ്രാഫ്റ്റ് ഇല്ലാതെ രാജ്യത്തെ ധനകാര്യ മാനേജ്മെന്റിന് കാവൽ നിന്ന ബഹുമാന്യനായ ശ്രീ. കെ. എം. മാണിയെ ഞാൻ ആദ്യമായി അഭിനന്ദിക്കുന്നു. രണ്ടുപേർ മൂത്രമൊഴിക്കാൻ പോയാൽ ഈ ഗവൺമെന്റ് തകർന്നുവീഴുമെന്ന് പ്രവചിച്ച വിനാശത്തിന്റെ പ്രവാചകൻമാരെ നിരാശപ്പെടുത്തിക്കൊണ്ട് ഈ ഗവൺമെന്റ് കാലാവധി തികയ്ക്കാൻ പോകുകയാണ്. ഒരു സഭയിലെ മുഖ്യമന്ത്രിയെയും പ്രതിപക്ഷ നേതാവിനെയും ഒരുപോലെ താഴെയിറക്കാൻ ശ്രമിച്ച് പരാജയപ്പെട്ട ഒരു പ്രതിപക്ഷമാണ് ഈ സഭയിലുള്ളതെന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയിൽ മാണിസാർ ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസം നടത്തിയ കോപ്രായങ്ങളെ ഞാൻ എടുത്തുദ്ധരിക്കുന്നില്ല, അത് ഈ നാട്ടിലെ ജനങ്ങൾ കണ്ടതാണ്. കാറൽ മാർക്സിനും ഏംഗൽസിനും ശേഷം കേരളത്തിലെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഏറ്റവും കൂടുതൽ അവതരിപ്പിച്ച ഉദ്ധരണികൾ ബിജു രമേശ്-രാധാകൃഷ്ണൻമാരുടേതാണ്. സർക്കാരിന്റെ മദ്യ നയംമൂലം കോടികൾ നഷ്ടപ്പെട്ട ഒരു അബ്ക്കാരി മേധാവിയായ ബിജു രമേശിനെയും അതുപോലെ 48 ക്രിമിനൽ കേസുകളിലെ പ്രതിയും ഭാര്യയെ മൃഗീയമായി കൊന്നതിന് തടവുശിക്ഷ അനുഭവിക്കുന്നയാളുമായ ബിജു രാധാകൃഷ്ണനെയും മുൻനിർത്തിയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന പ്രതിപക്ഷം രാജ്യത്ത് യു.ഡി.എഫ്-നെ എതിർക്കുന്നത്. ഇപ്പോൾ എ.കെ.ജി. സെന്ററിന്റെ സാക്ഷാൽ ഐശ്വര്യം ബിജു രമേശ്-രാധാകൃഷ്ണൻമാരാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സയാമീസ് ഇരട്ടകളുടെ പേരിൽ ബിജു രമേശായ നമ: ബിജു രാധാകൃഷ്ണായ നമഃ എന്ന് നാമജപം നടത്തിയാണ് മാർക്സിസ്റ്റ് പാർട്ടി കാലക്ഷേപം കഴിക്കുന്നത് എന്നത് നാണംകെട്ട പരിപാടിയാണ്. സി.ഡി. തെരഞ്ഞ് എറണാകുളത്തുനിന്ന് കോയമ്പത്തൂർ വരെ നടത്തിയ സി.ഡി.-പെൻഡ്രൈവ് യാത്ര പോലെ നാണംകെട്ട യാത്ര കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. സി.ഡി. കിട്ടുമെന്ന് കരുതിയ സഖാക്കളുടെ തൊലിക്കട്ടിക്ക് മുന്നിൽ കാണ്ടാമൃഗംപോലും ആദരാഞ്ജലികൾ അർപ്പിക്കുമെന്ന് പറയുകയാണ്. ഉമ്മൻ ചാണ്ടിയാകുന്ന ചന്ദന മരത്തെ ചുറ്റാൻ ശ്രമിക്കുന്ന മൂർഖൻ പാമ്പിനെയും ഉമ്മൻ ചാണ്ടിയാകുന്ന വെള്ളിനക്ഷത്രത്തെ പാഴ്മരം കൊണ്ട് മറയ്ക്കാൻ ശ്രമിക്കുന്ന ഇരുട്ടിന്റെ സന്തതികളെയും ഈ രാജ്യത്തെ ജനങ്ങൾ നിലക്ക് നിർത്തുമെന്ന കാര്യത്തിൽ സംശയമില്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ന്റെ പൂപ്പാക്കൊരാനേണ്ടാർന്ന്' എന്ന നോവലിലെ കഥാപാത്രമായ കുഞ്ഞിതാച്ചുമ്മ നാഴികയ്ക്ക് നാൽപ്പതുവട്ടം പറയും "എനിക്ക് എന്തും പറയാൻ ലൈസൻസുണ്ട് ' എന്ന്. നമ്മുടെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദന് ആരെയും ഏത് സമയത്തും സ്ഥലം, കുലം, മുഖം, ന്യായം നോക്കാതെ എന്തും പറയാനുള്ള ലൈസൻസുള്ള മഹാനുഭാവനാണ്. അതുകൊണ്ട് അദ്ദേഹം പറയുന്നതിനൊന്നും ഞാൻ ഈ വേദിയിൽ മറുപടി പറയുന്നില്ല.

നാലുമാസം കഴിഞ്ഞാൽ ഈ നിയമസഭയിലുള്ള കക്ഷികളെല്ലാം കുരുക്ഷേത്രത്തിലേക്ക് പോവുകയാണ്. 2006 മുതൽ 2015 വരെ ഒരു തെരഞ്ഞെടുപ്പിലും ജയിക്കാത്ത മാർക്സിസ്റ്റ് പാർട്ടി ഈ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം ജീവൻ വച്ചതുപോലെ നടക്കുകയാണ്. സത്യത്തിൽ എന്താണ് നടക്കുന്നത്? പഞ്ചായത്തു തെരഞ്ഞെടുപ്പിൽ നാല് പഞ്ചായത്ത് അധികം കിട്ടി എന്നുപറഞ്ഞ് ഞെളിയേണ്ട. ബ്ലോക്ക് പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഒപ്പത്തിനൊപ്പമാണ്. രാഷ്ട്രീയമായി തെരഞ്ഞെടുപ്പ് നടക്കുന്ന ജില്ലാ പഞ്ചായത്തിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും വോട്ടെടുത്ത് പരിശോധിച്ചാൽ 22,000 വോട്ടിന്റെ വ്യത്യാസമാണ് ഞങ്ങളും നിങ്ങളും തമ്മിലുള്ളത്. തന്നെയുമല്ല, കേരളത്തിലെ പല നിയോജകമണ്ഡലങ്ങളിലും ഐക്യജനാധിപത്യമുന്നണിയിൽ വേറിട്ട് പല പാർട്ടികളും മത്സരിക്കുകയുണ്ടായി. നിങ്ങൾതന്നെ പല നിയോജക മണ്ഡലങ്ങളിലും സ്വതന്ത്രരായാണ് മത്സരിച്ചത്. അതുകൊണ്ട് രാഷ്ട്രീയമായ ഒരു യഥാർത്ഥ കണക്കെടുത്താൽ നിങ്ങളെക്കാൾ മുമ്പിലാണ് ഞങ്ങൾ എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. കഴിഞ്ഞ 5 വർഷം ഞങ്ങൾ 'കരുതലും വികസനവുമാണ്'

നടത്തിയതെങ്കിൽ നിങ്ങൾ സമരവും വിരട്ടലുമാണ് നടത്തിയത്. നിർഗുണന്മാരും ദുർഗുണന്മാരും അരങ്ങുതകർത്തിരുന്ന കഴിഞ്ഞ എൽ.ഡി.എഫ്. ഭരണത്തിൽ ഹിന്ദി ന്യൂസ് വായനക്കാരി പറയുന്നതുപോലെ 'ശൂന്യ ശൂന്യ' എന്നുള്ള സ്ഥിതിയായിരുന്നു എന്നുള്ളത് നിങ്ങൾ വിസ്മരിക്കരുത്. ഞങ്ങൾ എത്രയോ ചികിത്സാ സഹായത്തിനു വേണ്ടി അന്നത്തെ മുഖ്യമന്ത്രിയുടെ അടുത്ത് വരുമ്പോൾ 'ആട്ടുകല്ലിനെ കാറ്റുപിടിച്ചതുപോലെ' അദ്ദേഹം ഇരിക്കലായിരുന്നു. പാവങ്ങളോട് കരുണയുള്ള മുഖ്യമന്ത്രിയോട് ആനുകൂല്യം പറ്റുന്നത് ഞങ്ങളെക്കാൾ ഏറെയും നിങ്ങളുടെ കൂട്ടത്തിലുള്ളവരാണ്. ഞങ്ങളതിനെ എതിർക്കുന്നില്ല. ഞങ്ങൾ എതിർത്താലും അത് അംഗീകരിക്കുന്ന മുഖ്യമന്ത്രിയല്ല ഇന്നത്തെ മുഖ്യമന്ത്രിയെന്ന് നിങ്ങൾ മനസ്സിലാക്കണം. കഴിഞ്ഞ നാലേമുക്കാൽ വർഷവും ഈ രാജ്യത്ത് വികസനത്തിന്റെ പൂക്കാലമായിരുന്നു. ഈ വികസന പ്രവർത്തനങ്ങൾ പരിസമാപ്തിയിലെത്തിക്കാൻ കേരളത്തിലെ ജനങ്ങൾ ഐക്യജനാധി പത്യമുന്നണിയെ വീണ്ടും അധികാരത്തിലെത്തിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അടുത്ത തെരഞ്ഞെടുപ്പിൽ ആരാണ് നിങ്ങളുടെ നേതാവ് എന്നുകൂടി നിങ്ങൾ പറയണം. ശ്രീ. സീതാറാം യെച്ചൂരി പറയുന്നത് അദ്ദേഹമാണ് നേതാവ് എന്നാണ്. നിങ്ങളുടെ കൂട്ടത്തിലുള്ളവർ പറയുന്നത് ശ്രീ. പിണറായി വിജയൻ എന്നാണ്. ഏതായാലും ഞങ്ങളത് വീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. ഇവിടെ വർഗ്ഗീയത അഴിഞ്ഞാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ ലോകത്തുതന്നെ ഏറ്റവും സഹിഷ്ണുതയുള്ള മതമാണ് ഹിന്ദുമതം. 'ലോകാ സമസ്താ സുഖിനോ ഭവന്തു' - ലോകത്തിലെ എല്ലാവർക്കും സുഖം ഭവിക്കട്ടെ എന്നുപറഞ്ഞ ഋഷീശ്വരന്മാർ, 'യത്ര വിശ്വം ഭവത്യേകനീഡം' യജുർവേദത്തിലെ മനോഹരമായ വാക്യങ്ങൾ, വിശ്വം മുഴുവൻ ഒരു പക്ഷിക്കൂടാണെന്നും, ആ പക്ഷിക്കൂട്ടിൽ എങ്ങനെ പക്ഷികൾ കൊക്കുരുമ്മി ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുന്നുവോ ഈ ലോകത്തിലെ മുഴുവൻ മനുഷ്യസമുദായവും അങ്ങനെ ജീവിക്കണമെന്ന് പഠിപ്പിച്ച ഹിന്ദുമതം. 'അസതോമ സദ്ഗമയാ, തമസോമാ ജ്യോതിർഗമയാ, മൃത്യോമാ അമൃതം ഗമയാ' എന്ന ബൃഹദാരണ്യോപനിഷത്തിലെ അതിപ്രശസ്തമായ ശ്ലോകം 'അസത്യത്തിൽ നിന്ന് സത്യത്തിലേക്കും ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേയ്ക്കും മരണത്തിൽ നിന്ന് അമരത്വത്തിലേയ്ക്കും നിങ്ങളെ ഞാൻ നയിക്കുന്നു' എന്നും "ഓം ശാന്തി: ഓം ശാന്തി: ഓം ശാന്തി:" എന്നുള്ള ഹൈന്ദവ ദർശനത്തിന്റെ മഹാവാക്യങ്ങൾ നായാടി മുതൽ നമ്പൂതിരി വരെ ഒന്നാക്കാൻ നടക്കുന്ന ശ്രീ. വെള്ളാപ്പള്ളി അടക്കമുള്ള ബി.ജെ.പി.-യുടെ നേതാക്കന്മാരെ, യഥാർത്ഥ

ഹിന്ദുമതത്തെക്കുറിച്ച് പഠിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ പിന്താങ്ങുന്നു.

1.13 pm]

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ ഈ ധനവിനിയോഗ ബില്ലുകളെ ശക്തമായി എതിർക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ കഴിഞ്ഞ നാലര വർഷക്കാലത്തെ അനുഭവമെടുത്താൽ, നമ്മുടെ കേരളം സാമ്പത്തിക രംഗത്തും രാഷ്ട്രീയരംഗത്തും സാമൂഹ്യരംഗത്തും തകർന്നുകൊണ്ടിരിക്കുകയാണെന്നു കാണാം. ഇവിടെ കാര്യലാഭത്തിനുവേണ്ടി പ്രസംഗങ്ങളിലൂടെ വ്യക്തിപൂജ നടത്താൻ കുറെ ആളുകളുണ്ടായാൽ തെറ്റുകൾ തിരുത്താനും ശരിയായ നിലപാട് സ്വീകരിക്കാനും കഴിയാതെ വരും. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നോക്കിയാൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽനിന്ന് പോകുന്ന അവസരത്തിൽ കേരളത്തിന്റെ പൊതുകടം 78,673 കോടി രൂപയായിരുന്നു. ഇപ്പോൾ അത് 145152.77 കോടി രൂപയാണ്. കഴിഞ്ഞ നാലര വർഷത്തെ ഭരണത്തിൽ ഏതാണ്ട് 64 തവണ കടപ്പത്രം പുറത്തിറക്കി. ഇപ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ പൊതുനില എടുത്താൽ നാലര വർഷംകൊണ്ട് ഏതാണ്ട് 66,000-ൽപ്പരം കോടി രൂപയുടെ കടബാധ്യത വർദ്ധിച്ചു. 1957 മുതൽ ഇന്നുവരെയുള്ളകടബാധ്യത നാലര വർഷംകൊണ്ട് അതുവരെയുണ്ടായിരുന്നതിന്റെ ഇരട്ടിയായി വർദ്ധിച്ചു. 1957 മുതലുള്ള ഗവൺമെന്റിന്റെ ആകെ കടബാധ്യതയെന്നു പറയുന്നത് 78,673 കോടി രൂപയാണ്. ഇപ്പോൾ നാലര വർഷം കൊണ്ട് 66,673 കോടി രൂപ വർദ്ധിച്ചു. നിങ്ങൾ ഏതു ലോകത്താണ് ജീവിക്കുന്നത്, ഇതാണോ ഒരു ഭരണത്തിന്റെ സവിശേഷത? കേരളത്തിന്റെ സാമ്പത്തിക രംഗത്ത് പുരോഗതി കൈവരിക്കാൻ വ്യാവസായിക-കാർഷിക രംഗത്തുള്ള സമഗ്ര പുരോഗതി അനിവാര്യ ഘടകമാണ്. ഈ രംഗത്തെവിടെയെങ്കിലും എന്തെങ്കിലും വളർച്ചയുണ്ടോ? കാർഷിക മേഖലയെടുത്താൽ, റബ്ബർ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. അരുവിക്കര തെരഞ്ഞെടുപ്പ് വന്നപ്പോൾ 150 രൂപയ്ക്ക് റബ്ബർ സംഭരിക്കുന്നു. ഒരു കിലോ റബ്ബർ സംഭരിച്ചോ?നാളികേര കൃഷിക്കാർ മുഴുവൻ തകർന്നുകിടക്കുന്നു. നെൽകൃഷിക്കാർക്ക് വാങ്ങിയ നെല്ലിന്റെ പണം കൊടുക്കുന്നില്ല. കർഷകർ നെൽകൃഷിയൊക്കെ ഉപേക്ഷിച്ച് പോവുകയാണ്. ഏലം കൃഷിക്കാർ മുഴുവൻ തകർന്നുകിടക്കുന്നു. ഏതെങ്കിലും ഒരു പുതിയ വ്യവസായം നിങ്ങൾ ആരംഭിച്ചോ? പരമ്പരാഗത വ്യവസായങ്ങൾ ഏതെങ്കിലും സംരക്ഷിച്ചോ? കശുവണ്ടിയുടെ ട്രേഡ് യൂണിയൻ നേതാവാണ് ശ്രീ. എ. എ. അസീസ്. എന്താണു കശുവണ്ടി തൊഴിലാളികളുടെ സ്ഥിതി; ഏതു മേഖലയുടെ പ്രശ്നമാണ് പരിഹരിച്ചത്? വിദ്യാഭ്യാസ

രംഗം ഇപ്പോൾ പരീക്ഷ നടത്താനും സർട്ടിഫിക്കറ്റ് കൊടുക്കാനും ഇ-ടെണ്ടർ വിളിച്ചിരിക്കുകയാണ്. ഇതാണ് നമ്മുടെ നാടിന്റെ സ്ഥിതി. ഈ രംഗങ്ങളെല്ലാം തകർന്നുകിടക്കുകയാണ്. വ്യാവസായിക രംഗത്ത് ഉത്പാദനം കുറഞ്ഞു വരികയാണ്.

നിങ്ങൾ കഴിഞ്ഞ നിയമസഭാ സമ്മേളനത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങൾ വളരെ ലളിതമായിട്ടുള്ളൊരു കാര്യമല്ലെ പറഞ്ഞത്. ശ്രീ. കെ. എം. മാണിക്ക് നേരെ ഒരാക്ഷേപം ഉന്നയിക്കപ്പെട്ടു. അദ്ദേഹത്തെ മാറ്റിനിർത്തി നമുക്ക് ബഡ്ജറ്റിന്റെ കാര്യം ചർച്ച ചെയ്യാമെന്ന് പറഞ്ഞു. ഇപ്പൊഴെന്താണ് സ്ഥിതി? അദ്ദേഹത്തിന്റെ സീറ്റ് അവിടുന്ന് നിങ്ങൾ മാറ്റിയില്ലേ; അദ്ദേഹത്തിന് രാജി വയ്ക്കേണ്ടി വന്നില്ലേ? നിങ്ങൾ ഒരു ശരിയായ നിലപാട് സ്വീകരിച്ചിട്ടാണോ ഇങ്ങനെ ചെയ്തത്? അതേ ഫലം ശ്രീ. കെ. ബാബുവിന്റെ കാര്യത്തിൽ നിങ്ങൾ പ്രയോഗിക്കുന്നില്ലല്ലോ. ഇതിനെയെല്ലാം പ്രതിപക്ഷം ഇങ്ങനെ അനുകൂലിച്ചുതരണമെന്നാണോ നിങ്ങൾ ധരിച്ചിരിക്കുന്നത്. ഇവിടെ ഇപ്പോൾ ഒരു ബിജു രാധാകൃഷ്ണൻ വന്നു. ഈ ബിജു രാധാകൃഷ്ണനെ കൊണ്ടു നടന്നത് ആരാണ്; പറയാൻ കഴിയുമോ? അതിന്റെ കാര്യങ്ങളിലേക്കൊന്നും ഞാൻ ഇപ്പോൾ പോകുന്നില്ല. ഒരു കാര്യമേ എനിക്ക് ശ്രീ. സി. പി. മുഹമ്മദിനോട് പറയാനുള്ളൂ. അധികം വെല്ലുവിളിക്കരുത്. അത് കുറച്ചു ബുദ്ധിമുട്ടുണ്ടാക്കുന്നൊരു കാര്യമാണ്. ആലോചിച്ചു വെല്ലുവിളിച്ചാൽ മതി. മറ്റൊരു കാര്യം ഇവിടെ പറഞ്ഞത്, മുഖ്യമന്ത്രിയെ കളങ്കപ്പെടുത്താൻവേണ്ടി ഈ പ്രശ്നം ഉന്നയിച്ചുവെന്നാണ്. ഞങ്ങൾ ചോദിക്കട്ടെ, ബിജു രാധാകൃഷ്ണനെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചുകൊണ്ട് ആ പ്രതികാരം വീട്ടാനാണെന്നുള്ള നിങ്ങളുടെ വാദഗതി ആരെങ്കിലും അംഗീകരിക്കുമോ? എങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രിക്ക് നേരെയല്ലേ പ്രയോഗിക്കേണ്ടത്? ബിജു രാധാകൃഷ്ണൻ ഉന്നയിച്ചിരിക്കുന്നത് ആഭ്യന്തര വകുപ്പുമന്ത്രിക്കു നേരെയാണോ? എന്തുകൊണ്ടാണ് ശ്രീ. രമേശ് ചെന്നിത്തലക്ക് നേരെ ഉന്നയിക്കാതിരുന്നത്? അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും 60 കേസ് എടുക്കുകയും ജയിലിലടക്കുകയും ചെയ്തതിന്റെ ഒന്നാമത്തെ ഉത്തരവാദിത്വം ആഭ്യന്തര വകുപ്പിനല്ലേ; ശ്രീ. രമേശ് ചെന്നിത്തലയ്ക്കു നേരെ പറഞ്ഞോ? എന്തുകൊണ്ടാണ് അദ്ദേഹം ഇത്തരം പ്രശ്നം ഉന്നയിക്കപ്പെട്ടത് എന്നാണ് നിങ്ങൾ ആലോചിക്കേണ്ടത്? ആ ജീർണ്ണതകളെയൊന്നും അനുകൂലിക്കാൻ ഞങ്ങൾക്കു സാധിക്കില്ല. അതുതന്നെയാണ് പ്രശ്നം. ഞാൻ യഥാർത്ഥത്തിൽ ആ പ്രശ്നമൊന്നും പരാമർശിക്കാൻ ഉദ്ദേശിച്ചതല്ല. വെറുതെ ഇങ്ങനെ സ്ഥാനത്തും അസ്ഥാനത്തും വേണ്ടാതെ വലിച്ചിഴച്ച് അവസാനം നിങ്ങൾ നാണക്കേടും വാങ്ങി പോകാൻ നിൽക്കരുത്. ജനങ്ങളുടെ പ്രശ്നങ്ങൾ കേന്ദ്രീകരിച്ച് ചർച്ച ചെയ്യണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി വെല്ലുവിളിക്കുന്നുണ്ട്, അത് മുസ്ലീം ലീഗിന്റെ നയമാണോ? ഫറൂഖ് കോളേജ് നല്ല കോളേജാണ്; ഒരുപാട് പ്രശസ്തിയുള്ള കോളേജാണ്. ഞങ്ങൾക്ക് ആ കോളേജിനെക്കുറിച്ച് ഒരു അവമതിപ്പുമില്ല. ശ്രീമതി കെ. കെ. ലതികയും അത് പറഞ്ഞിട്ടുണ്ട്. ആ പ്രശ്നത്തെ സംബന്ധിച്ച് പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. അത് തെറ്റായി വ്യാഖ്യാനിക്കേണ്ട കാര്യമെന്താണുള്ളത്? കേരളത്തിലെ ഏറ്റവും മെച്ചപ്പെട്ട കോളേജുകളിലൊന്നു തന്നെയാണ് ഫറൂഖ് കോളേജ്. എനിക്ക് തോന്നുന്നത് മുസ്ലീം ലീഗിന്റെ കാര്യങ്ങളായിരിക്കില്ല നിങ്ങൾ പറഞ്ഞിട്ടുണ്ടാകുക. തെരഞ്ഞെടുപ്പിന്റെ കാര്യം നിങ്ങൾ പറഞ്ഞു, മലപ്പുറം ജില്ലയിൽ കോൺഗ്രസും മുസ്ലീം ലീഗും ഒന്നിച്ചാണോ? എന്താണ് നിങ്ങൾ തമ്മിൽ മത്സരിക്കാൻ കാരണം? ഇപ്പോൾ ഇവിടെ പറഞ്ഞതുപോലെ വളരെ യോജിച്ച് സൗഹൃദത്തോടെയാണോ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നിങ്ങൾ നിന്നത്. ഞങ്ങൾക്കതിൽ ഒരു നയമുണ്ട്. പാലക്കാട് ജില്ലയിൽ നിങ്ങൾ കോണി ചിഹ്നത്തിൽ മത്സരിച്ചോ? പാലക്കാട് ജില്ലയിൽ കോണി ഉപേക്ഷിച്ചത് എന്തുകൊണ്ടാണ്? നിങ്ങൾ മനസ്സിലാക്കണം, എസ്.ഡി.പി.ഐ.-യെയും ആർ.എസ്.എസ്.-നെയും എതിർക്കുന്നത് ഇടതുപക്ഷം മാത്രമാണ്. പരതി നോക്കിയാൽ നിങ്ങൾക്ക് കാണാം. അതുകൊണ്ട് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇതൊക്കെപ്പറഞ്ഞ് വെറുതെ ഉള്ള ഇമേജ് കളഞ്ഞുകുളിക്കാൻ പുറപ്പെടരുത്. അത് കാത്തുസൂക്ഷിക്കാൻ നോക്കിക്കോ, ഇപ്പോൾ ഞാൻ അത്രയേ പറയുന്നുള്ളൂ.

രാജ്യത്തിന്റെ ഇപ്പോഴത്തെ പൊതുനില എത്ര ഉത്കണ്ഠയും അപകടകരവുമാണ്. വർഗ്ഗീയ ശക്തികളുടെ തീവ്രവാദം; സംഘപരിവാർ അധികാരം പിടിച്ചു. ആർ.എസ്.എസ്. ആണ് അധികാരം പിടിച്ചിരിക്കുന്നത്. ഇവിടെയും ആർ.എസ്.എസ്.-ന്റെ പ്രധാനിയെ ബി.ജെ.പി.-യുടെ നേതാവാക്കാനാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശ്രമങ്ങൾ. ആർ.എസ്.എസ്.ന്റെ വർഗ്ഗീയതയെ എതിർക്കാൻ നിങ്ങൾക്ക് ത്രാണിയുണ്ടോ? ഗോവധം നിരോധിക്കണമെന്ന് കോൺഗ്രസിന്റെ നേതാവ് എ.ഐ.സി.സി. അംഗം ശ്രീ. ദിഗ്‌വിജയ് സിംഗ് പറഞ്ഞു. ഗോമാംസം ഭക്ഷിക്കുന്നവർ രാജ്യം വിട്ടുപോകണമെന്നാണ് കോൺഗ്രസുകാരനായ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി ശ്രീ. ഹരീഷ് റാവത് പറഞ്ഞത്. ഇവിടെ നിങ്ങൾ ഇപ്പോൾ വലിയ പ്രസംഗം നടത്തിയല്ലോ. മഹാത്മജിയെ വധിച്ച ഗോഡ്സെയുടെ പ്രതിമ പൂനെയിലും ഡൽഹിയിലും സ്ഥാപിക്കുന്നു. നിങ്ങൾക്ക് ശക്തമായി എതിർക്കാൻ സാധിച്ചോ; നിങ്ങൾ

എതിർക്കുന്നുണ്ടോ? ഗുജറാത്ത് നിങ്ങളുടെ ശക്തികേന്ദ്രമായിട്ടും എങ്ങനെയാണ് ബി.ജെ.പി. പിടിച്ചത്.? ഗുജറാത്തിൽ ആർ.എസ്.എസ്. വർഗ്ഗീയഭ്രാന്ത് ഉയർത്തിക്കൊണ്ടുവന്നതു കൊണ്ടാണ് ബി.ജെ.പി.ക്ക് അധികാരത്തിലെത്താൻ സാധിച്ചത്. ഗാന്ധിജിയുടെ ജന്മസ്ഥലത്ത് ആ വർഗ്ഗീയതയെ എതിർക്കാൻ കോൺഗ്രസ് തയ്യാറായില്ല. കോൺഗ്രസ് അതുമായി സമരസപ്പെട്ടുപോയി. അതിന്റെ ഫലം കോൺഗ്രസ് ഗുജറാത്തിൽ നിന്നും വാഷ് ഔട്ട് ചെയ്തു എന്നതാണ്. ശ്രീ. നരേന്ദ്ര മോഡി ഗുജറാത്ത് പിടിച്ചു. ഇപ്പോൾ അവിടെ ബി.ജെ.പി.-യല്ലേ, നിങ്ങളാണോ ഭരിക്കുന്നത്? ഗുജറാത്ത് ഭരിക്കുന്നത് കോൺഗ്രസാണോ?കേരളത്തെക്കുറിച്ച് പറയുമ്പോൾ വാർഡും പഞ്ചായത്തുമെല്ലാം പറയാം. ഒരു വാർഡിൽ കോൺഗ്രസ് ജയിച്ചിട്ടുണ്ടാകും, ഇല്ലെന്നു പറയുന്നില്ല. പക്ഷേ നിങ്ങൾ മനസ്സിലാക്കേണ്ട കാര്യം അർ.എസ്.എസ്. - സംഘപരിവാറിനെ എതിർക്കാനുള്ള ത്രാണി നിങ്ങൾക്കില്ല. കേരളത്തിന്റെ സ്ഥിതി തന്നെയെടുക്കാം, ആർ. ശങ്കർ കോൺഗ്രസിന്റെ നേതാവാണ്. ആർ.എസ്.എസ്.-ബി.ജെ.പി.ക്ക് ഇവിടെ ദേശീയ പാരമ്പര്യമുള്ള നേതാക്കളാരുമില്ല. ആർ.എസ്.എസ്. ആർ. ശങ്കറിനെ റാഞ്ചിക്കൊണ്ടുപോയി. സംഘപരിവാർ അവരുടെ നേതാവായി ഇപ്പോൾ അദ്ദേഹത്തെ ഉയർത്തിക്കൊണ്ടുവന്നിരിക്കുകയാണ്. കൊല്ലത്ത് ആർ. ശങ്കറിന്റെ പ്രതിമ ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിച്ചു. ആരാണ് ക്ഷണിച്ചത്? ശ്രീ. വെള്ളാപ്പള്ളി നടേശൻ. ആരാണ് പങ്കെടുക്കേണ്ട എന്ന് പറഞ്ഞത്? അത് പറഞ്ഞതു തന്നെയാണോ, ഇത് സത്യം തന്നെയാണോ? അതിൽ തെറ്റായ രീതികളൊക്കെ അവലംബിക്കുന്നുണ്ട്. ഇതൊന്നും ഒരു ഭൂഷണമല്ല. ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യേയും ശക്തിയായി എതിർക്കാനല്ല മറിച്ച് അവർ എടുത്തുകൊണ്ടിരിക്കുന്ന നിലപാട്, ആർ. ശങ്കറിനെ ഉപയോഗിച്ചുകൊണ്ട് നടത്തിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ കളിയിൽ തെറ്റായിട്ടുള്ള ചില താല്പര്യങ്ങൾ സംരക്ഷിക്കാൻ എടുത്ത നിലപാടിന്റെ ഭാഗമാണത്. ശ്രീ. വെള്ളാപ്പള്ളി നടേശൻ അപമാനിച്ചപ്പോൾ പ്രതികരിക്കാൻ മുഖ്യമന്ത്രിക്ക് കഴിഞ്ഞോ? ഞാൻ പങ്കെടുക്കുന്നില്ല എന്ന് അദ്ദേഹം കേന്ദ്ര ഗവൺമെന്റിന് കത്തെഴുതി. എന്തുകൊണ്ട് പങ്കെടുക്കുന്നില്ല? പ്രധാനമന്ത്രിയുടെ ഓഫീസ് പറഞ്ഞിട്ടാണോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് പങ്കെടുക്കാതിരുന്നത്? ശ്രീ. വെള്ളാപ്പള്ളി നടേശൻ അത് നിഷേധിക്കുന്നു, ദയവു ചെയ്ത് മാറിപ്പോകണമെന്ന് പറയുന്നു. നിങ്ങൾക്ക് വികാരങ്ങളില്ലേ; നിങ്ങൾക്ക് പ്രതികരണശേഷിയില്ലേ? നിങ്ങൾ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്.

ആർ.എസ്.എസിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ, വേറെ രാഷ്ട്രീയ ലക്ഷ്യങ്ങൾ സംരക്ഷിക്കാനുള്ള ഉപകരണമായി പ്രവർത്തിക്കുകയാണ് നിങ്ങൾ. രണ്ട് ദിവസക്കാലം വർഗ്ഗീയത നടപ്പിലാക്കാൻ മുഴുവൻ സമയം നൽകിയ ശ്രീ. നരേന്ദ്ര മോഡി, സംസ്ഥാനത്തെ 13 മന്ത്രിമാർക്ക് അനുവദിച്ചത് 15 മിനിട്ട്, മുഖ്യമന്ത്രി നിവേദനം കൊടുത്തത് എയർപോർട്ടിന്റെ കോറിഡോറിൽ വച്ച്. എത്രമാത്രം തെറ്റായ നിലപാട് സ്വീകരിച്ചു. പ്രതികരിക്കാൻ കഴിഞ്ഞില്ല. വർഗ്ഗീയശക്തികൾക്ക് അനുകൂലമായ നിലപാട് സ്വീകരിക്കുന്ന, മതനിരപേക്ഷതയെ തകർക്കുന്ന ന്യൂനപക്ഷഹത്യക്ക് വേണ്ടിയുള്ള സംഘപരിവാറിന്റെ പരിശ്രമങ്ങൾക്ക് കൂട്ടുനിൽക്കാൻ ഇടതുപക്ഷമില്ല. അതുകൊണ്ട് തന്നെ ഞങ്ങൾ ഈ ധനാഭ്യർത്ഥനയെ ശക്തമായി എതിർക്കുന്നു.

1.26 pm ]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന മൂന്ന് ധനവിനിയോഗ ബില്ലുകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്. 1495 കോടി രൂപയിലധികം വരുന്ന ഈ ധനാഭ്യർത്ഥനയിൽ 832 കോടി രൂപയും ക്ഷേമപെൻഷൻ കൊടുക്കാൻ വേണ്ടിയാണെന്ന കാര്യം ശ്രീ. ഇ. പി. ജയരാജൻ പോലും വിസ്മരിച്ചതിൽ ദുഃഖമുണ്ട്. 32 ലക്ഷം കുടുംബങ്ങൾക്കാണ് ഇന്ന് ക്ഷേമപെൻഷൻ കൊടുക്കുന്നത്. ആ പെൻഷൻ മാസശമ്പളം കൊടുക്കുന്നതുപോലെ എല്ലാമാസവും 15-ാം തീയതി കൊടുക്കുന്നതിനുള്ള തീരുമാനമാണ്. അതിനു വേണ്ടിയുള്ളതാണ് ഈ ധനവിനിയോഗ ബില്ലിലെ 60 ശതമാനത്തോളം തുക എന്നുള്ള കാര്യത്തിൽ എനിക്ക് അഭിമാനമുണ്ട്. റബ്ബറിനുവേണ്ടി എന്തു ചെയ്തുവെന്ന് ശ്രീ. ഇ. പി. ജയരാജൻ ചോദിച്ചു. റബ്ബറാണ് ഇന്ന് നമ്മുടെ നാട്ടിൽ ഏറ്റവുമധികം തകർച്ചയിൽ നിൽക്കുന്ന ഒരു മേഖല. റബ്ബറെന്നു പറഞ്ഞാൽ തോട്ടം ഉടമകളും വൻകിടക്കാരും മാത്രമല്ല ലക്ഷക്കണക്കിന് ചെറുകിട കർഷർ, ലക്ഷക്കണക്കിന് തൊഴിലാളികൾ, അവരെക്കുറിച്ച് ഗവൺമെന്റിന് നല്ല ബോദ്ധ്യമുണ്ട്. ഇതിനുമുമ്പ് ഒരിക്കലും ചെയ്തിട്ടില്ലാത്ത വിധത്തിൽ 150 രൂപ ചെറുകിട കർഷകർക്ക് ഉറപ്പുവരുത്തുന്ന സ്കീമാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇന്ന് മാർക്കറ്റിൽ റബ്ബർ വിൽക്കുന്ന കർഷകന് 53 രൂപയാണ് ഒരു കിലോ റബ്ബറിന് സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്നത്. മാണിസാർ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് പ്രത്യേകം താല്പര്യമെടുത്ത് കൊണ്ടുവന്ന സ്കീം, അന്ന് 125 രൂപയായിരുന്നു. 25 രൂപ സബ്സിഡി കൊടുത്താൽ മതിയായിരുന്നു. ഇന്ന് 125-ന്റെ സ്ഥാനത്ത് 97 രൂപയായി. ഒരു കിലോ റബ്ബറിന് 53 രൂപ സബ്സിഡി ഗവൺമെന്റ് കൊടുക്കണം. ഏറ്റവും ഫലപ്രദമായിട്ടുള്ള സ്കീമാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഡ്ജറ്റ് പാസ്സാക്കിയിട്ട് മാണി സാർ പറഞ്ഞ പ്രധാനപ്പെട്ട കാര്യമാണത്. സഭ അംഗീകരിച്ച് മാസം ഇത്രയായല്ലോ, എത്ര രൂപ കൊടുത്തു?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കഴിഞ്ഞ ആഴ്ച വരെ 36 കോടി രൂപ കൊടുത്തുകഴിഞ്ഞു. ബഡ്ജറ്റിൽ പ്രഖ്യാപിച്ച മൂന്നൂറ് കോടി രൂപയും കൊടുക്കുന്നതാണ്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ചോദിച്ചതിന്റെ ഉദ്ദേശ്യം ഞാൻ മനസ്സിലാക്കുന്നു. അതിന് കാലതാമസം വരുമെന്ന കാര്യം ഞാൻ സമ്മതിക്കുന്നു. ഒരു കിലോ റബ്ബറിന് സബ്സിഡിയായി 40-53 രൂപ കൊടുക്കുന്നതായതുകൊണ്ട് അതിന്റെ നടപടിക്രമങ്ങളിൽ അൽപ്പം താമസമുണ്ടായിട്ടുണ്ട്. ഇപ്പോൾ ഇനിഷ്യൽ സ്റ്റേജ് കഴിഞ്ഞതുകൊണ്ട് വേഗത്തിൽ അതിന്റെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകും. റബ്ബറിന്റെ വില എത്ര കുറഞ്ഞാലും ഇവിടത്തെ കർഷകന് 150 രൂപ ഉറപ്പുവരുത്തുന്ന നിലപാടാണുള്ളതെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. നാളികേരത്തിന്റെ കാര്യം പറഞ്ഞു, നാളികേര കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നുള്ളത് അറിയാം. ഇന്നലെ പ്രധാനമന്ത്രിക്ക് കൊടുത്ത നിവേദനത്തിലും റബ്ബറിനോടൊപ്പംതന്നെ പ്രാധാന്യത്തോടുകൂടി നാളികേരത്തിന്റെ കാര്യവും പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്, 120 കൊല്ലം പഴക്കമുള്ള അബ്കാരി ചട്ടങ്ങൾ ഭേദഗതിചെയ്ത് കേര കർഷകന് ഏറ്റവുമധികം പ്രയോജനം ചെയ്യുന്ന നീര ഞങ്ങൾ പ്രാവർത്തികമാക്കി.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരുപാട് കാര്യങ്ങൾ ഇങ്ങനെ ചെയ്തു. പക്ഷെ, ചികിത്സ നന്നായി രോഗി മരിച്ചുവെന്ന് പറഞ്ഞതുപോലെയാണ്. നാളികേരത്തിന്റെയും റബ്ബറിന്റെയും വില എവിടെയാണ് നിൽക്കുന്നത്?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, നാളികേരത്തിന് ഇതുവരെ കിട്ടാത്ത വിലയാണ് ഇപ്പോഴുള്ളത്. നാളികേരം കൊടുക്കുന്നവർക്കറിയാം, കൃഷിഭവൻ മുഖാന്തരം 25 രൂപയ്ക്ക് സംഭരിക്കുന്നുണ്ട്. നാളികേരം കൊടുക്കുന്നവർക്കേ അക്കാര്യം അറിയാൻ സാധിക്കൂ. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർക്കറിയാം.

ഡോ. ടി. എം. തോമസ് ഐസക്: സർ, മന്ത്രി ഇങ്ങനെ പറയുമ്പോൾ എനിക്ക് സംസാരിക്കാതിരിക്കാൻ നിവൃത്തിയില്ല. റബ്ബർ 150 രൂപക്ക് എടുക്കുന്നുവെന്ന് പറയുന്നു. മാർക്കറ്റിൽ 100 രൂപയ്ക്ക് താഴെയാണ് വില. ഈ തറവില സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ മാർക്കറ്റ് വില 100

രൂപയിൽ താഴെ പോകില്ലായിരുന്നു. നിങ്ങൾ 25 രൂപ കൊടുത്ത് സംഭരിക്കുന്നുണ്ടെങ്കിൽ നാളികേരത്തിന്റെ വില ഇങ്ങനെ താഴ്ന്നുകിടക്കില്ല. ഇവിടെ പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ടെങ്കിലും അവ പ്രാവർത്തികമാകാത്തതുകൊണ്ട് കമ്പോളം കമ്പോളത്തിന്റെ വഴിക്ക് പോകുന്നു.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി നാളികേരത്തിന് 25 രൂപ കിട്ടുമെന്ന് സഭയിൽ ഉറപ്പുപറഞ്ഞല്ലോ. അങ്ങനെ കിട്ടുന്നില്ലെങ്കിൽ കൃഷിക്കാർ നാളികേരവുമായി നിങ്ങളുടെ അടുത്ത് വരട്ടെ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. മോഹനൻ</u>): സർ, എന്റെയടുത്ത് കൊണ്ടുവന്നോട്ടെ. എത്ര മെട്രിക് ടൺ ആണെങ്കിലും ഞാൻ എടുത്തുകൊള്ളാം.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, നാളികേര കർഷകന്റെ ബുദ്ധിമുട്ടും ഗവൺമെന്റ് കണക്കിലെടുക്കുന്നു. പക്ഷേ, ഒരുകാര്യം നിങ്ങൾ മനസ്സിലാക്കണം. കർഷകർക്ക് ആശ്വാസം നൽകുന്നതിന് കാർഷിക മേഖലയിൽനിന്ന് മുമ്പോട്ടുവന്ന നിർദ്ദേശമാണ് നീര. ഈ ഗവൺമെന്റ് ഇച്ഛാശക്തിയോടുകൂടി പ്രവർത്തിച്ച് അത് പ്രാവർത്തികമാക്കി. അനേകായിരം നാളികേര കർഷകർക്ക് തെങ്ങ് ഒന്നിന് എത്ര രൂപയുടെ വരുമാനം കിട്ടുന്നുണ്ടെന്നുള്ള കാര്യം നിങ്ങൾ അന്വേഷിക്കണം.

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, നീരയുടെ നില പരിതാപകരമായി തുടരുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം വിശദമായി പരിശോധിച്ച് പറയുന്നതാണ് നല്ലത്. നീര പ്രായോഗികമല്ല, പരാജയമായിക്കൊണ്ടിരിക്കുകയാണ്. തെങ്ങ് ചെത്തി തന്നെയാണ് നീരയും ഉല്പാപിപ്പിക്കുന്നത്. തെങ്ങിൽ കയറാൻ ആളെ കിട്ടുന്നില്ല. എന്നുമാത്രമല്ല, വിദേശ മദ്യത്തേക്കാൾ വിലയുണ്ട് ഒരു ബോട്ടിൽ നീരയ്ക്ക്. അത് മാർക്കറ്റ് ചെയ്യാൻ കഴിയില്ല. ഇങ്ങനെയുള്ള ഒട്ടനവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അതുകൊണ്ട്, നീര ഉല്പാദനം തുടങ്ങിയതോടെ ഇവിടെ എന്തോ സംഭവിച്ചുവെന്ന് വിചാരിക്കരുത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ഞാൻ നീര ഉത്പാദിപ്പിക്കുന്ന കമ്പനികളുമായും സൊസൈറ്റികളുമായും ഇടയ്ക്കിടയ്ക്ക് ആശയവിനിമയം നടത്തുന്നുണ്ട്. കർഷകനും തെങ്ങ് കയറുന്ന തൊഴിലാളികൾക്കും നല്ല വരുമാനം ലഭിക്കുന്നുണ്ട്. ഞാൻ നീലേശ്വരത്തെ തെങ്ങ് ഗവേഷണ കേന്ദ്രത്തിൽ പോയി. അവിടെ സ്ത്രീകൾക്കുവരെ നീര ചെത്തിനുള്ള പരിശീലനം നൽകുകയാണ്. പരിശീലനം പൂർത്തിയാക്കിയ സ്ത്രീകളെ അവിടെവച്ച് കണ്ടു. കിട്ടുന്ന വരുമാനത്തെക്കുറിച്ച് അവർ സന്തോഷത്തോടു കൂടിയാണ് പറയുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞങ്ങൾക്ക് ഇക്കാര്യത്തിൽ യാതൊരു തർക്കവുമില്ല. നീര നല്ല കാര്യമാണ്. അത് പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതില്ല. ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു പ്രൊഡ്യൂസർ കമ്പനി എന്റെ മണ്ഡലത്തിലുള്ളതാണ്. പക്ഷെ, ഇപ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നം എന്താണെന്നുള്ളത് കൃഷി വകുപ്പുമന്ത്രി അറിയണം. അമ്പത് ലക്ഷം രൂപ സബ്സിഡി കിട്ടാനുണ്ട്. പ്രായോഗികമായി പ്രൊഡ്യൂസർ കമ്പനി വലിയ പ്രയാസത്തിലാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ചില കമ്പനികൾക്ക് കൊടുത്തുകഴിഞ്ഞു. കിട്ടാത്ത കമ്പനികൾക്ക് അമ്പത് ലക്ഷം രൂപ വച്ച് കൊടുക്കുന്നതായിരിക്കും അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുകൊണ്ട് ആ കമ്പനി ഏതാണെന്ന് അന്വേഷിച്ചുതന്നെ കൊടുക്കും. കാരണം കൊടുക്കാൻ നമ്മൾ തീരുമാനിച്ചതാണ്. ചില കമ്പനികൾക്ക് കിട്ടിയെന്നുള്ള കാര്യം എനിക്ക് നേരിട്ട് അറിയാം. കിട്ടാത്ത കമ്പനികളുണ്ട്, അവയ്ക്ക് എത്രയും വേഗം നൽകും. ഇവിടെ ആർ. ശങ്കറിന്റെ പ്രതിമ അനാച്ഛാദനത്തെക്കുറിച്ച് ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞു.

## IX. അറിയിപ്പ്

സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, സഭയുടെ consensus മനസ്സിലാക്കി അൽപ്പംകൂടി സമയം നീട്ടിക്കൊടുക്കുകയാണ്. 01.30 എന്നുള്ളത് വേവ് ചെയ്തിരിക്കുന്നു.

### (നിയമനിർമ്മാണകാര്യം - തുടർച്ച)

ശ്രീ. ഉമ്മൻ ചാണ്ടി : സർ, മറ്റാരുടെയും ഇടപെടലില്ലെങ്കിൽ അഞ്ചുമിനിട്ട് കൊണ്ട് ഞാൻ അവസാനിപ്പിക്കാം. ചോദിച്ചാൽ എനിക്ക് വഴങ്ങാതിരിക്കാൻ കഴിയില്ല. ആർ. ശങ്കർ ജീവിച്ചിരുന്ന കാലത്ത് ഒരിക്കൽപോലും അന്നത്തെ ജനസംഘത്തിന്റെ ആശയങ്ങളോട് താൽപ്പര്യം കാണിച്ചിട്ടുള്ള ആളല്ല. ജീവിതകാലം മുഴുവൻ കോൺഗ്രസ്സിനുവേണ്ടി പ്രവർത്തിച്ചിട്ടുള്ള രാഷ്ട്രീയ നേതാവാണ്. അദ്ദേഹത്തെ ആര് വിചാരിച്ചാലും ആർ.എസ്.എസ്സോ സംഘപരിവാറോ ആക്കാൻ സാധിക്കില്ല. ഇന്നലെ, കൊല്ലത്ത് അദ്ദേഹത്തിന്റെ പ്രതിമ അനാച്ഛാദനം ചെയ്യുന്ന പരിപാടി നടക്കുമ്പോൾ അദ്ദേഹത്തിന്റെ മകനും മകളും എവിടെയായിരുന്നു? ഇവിടെ കോൺഗ്രസിന്റെ പ്രാർത്ഥനാ യജ്ഞത്തിലാണ് അവർ പങ്കെടുത്തത്. അതാണ് ആ കുടുംബത്തിന്റെ മഹത്വം, ആർ. ശങ്കറിന്റെ പൈതൃകം അതാണ്. ആർ.

ശങ്കറിനെ സംഘപരിവാറും ആർ.എസ്.എസ്സും തട്ടിക്കൊണ്ടുപോയിയെന്ന് നിങ്ങൾ പറയുമ്പോൾ ഇക്കാര്യം മറക്കരുത്. അദ്ദേഹത്തിന്റെ മകനും മകളും കൊല്ലത്തെ പരിപാടിയിൽ പങ്കെടുക്കാതെ തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ പങ്കെടുത്തു. ആ കുടുംബത്തെ നിങ്ങൾ അപമാനിക്കരുത്, ആർ. ശങ്കറിനെ നിങ്ങൾ അപമാനിക്കരുത്.

ശ്രീ. ഇ. പി. ജയരാജൻ : സർ, ആർ. ശങ്കർ കോൺഗ്രസ്സിന്റെ അഭിവന്ദ്യ നേതാവ് തന്നെയാണ്. അദ്ദേഹത്തിന്റെ പ്രതിമ അനാച്ഛാദനം ആർ.എസ്.എസ്സും വെള്ളാപ്പള്ളി നടേശനും ചേർന്ന് നടത്തുമ്പോൾ അതിനെ പ്രതിരോധിക്കാനും ഈ നടപടി തെറ്റാണെന്ന് പരസ്യമായി പ്രഖ്യാപിക്കാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെപോയി അത് തടയാനുമുള്ള നടപടി സ്വീകരിച്ചോ; കോൺഗ്രസിന്റെ പ്രസിഡന്റ് പോയോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നമ്മുടെ രാജ്യം ഒരു ജനാധിപത്യ രാജ്യമാണ്. വിവിധമായ സ്വാതന്ത്ര്യവും അവകാശവുമുണ്ട്. അവിടെ പ്രതിമ സ്ഥാപിക്കുന്നത് തടയാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ടോ; അത് തടയാൻ സാധിക്കുമോ? പക്ഷെ, പ്രധാനമന്ത്രി പങ്കെടുക്കുന്ന ചടങ്ങായിട്ടുപോലും സ്വന്തം പിതാവിന്റെ പ്രതിമ ആയിട്ടുപോലും അതിൽ പങ്കെടുക്കാതെ അദ്ദേഹത്തിന്റെ മക്കൾ, ശ്രീ. മോഹൻ ശങ്കറും അദ്ദേഹത്തിന്റെ സഹോദരിയും ഇവിടെ വന്നുവെന്ന് പറയുമ്പോൾ ആ കുടുംബത്തിന്റെ മഹത്വം അതാണ്, ആർ. ശങ്കറിന്റെ മഹത്തായ പാരമ്പര്യമാണത്. അതിനെപോലും നിങ്ങൾ വിലയിടിച്ച് കണ്ടത് വളരെ തെറ്റായിപ്പോയി, ഒരിക്കലും ചെയ്യരുത്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷത്തുനിന്ന് ആരോ ആർ. ശങ്കറിനെ അപമാനിച്ചുവെന്നുള്ള അടിസ്ഥാന രഹിതമായ കാര്യങ്ങൾ ആവർത്തിക്കുകയാണ്. ആർ. ശങ്കറിനെ അപമാനിച്ചത് വെള്ളാപ്പള്ളി നടേശനാണ്. കോൺഗ്രസുകാർ ആർ. ശങ്കറിനെ വേദനിപ്പിച്ചുവെന്നും ഒരു വെങ്കല പ്രതിമപോലും ഉണ്ടാക്കാൻ കഴിഞ്ഞില്ലെന്നും പറഞ്ഞത് വെള്ളാപ്പള്ളി നടേശനാണ്, പ്രതിപക്ഷമല്ല. അദ്ദേഹത്തിനോട് മറുപടി പറയണം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നിങ്ങൾ അപമാനിച്ചിട്ടില്ലായെന്ന് പറയുന്നതിനെ മുഖവിലയ്ക്കെടുത്തുകൊണ്ട് ഞാൻ നന്ദി പറയുകയാണ്. പക്ഷെ, വെള്ളാപ്പള്ളി നടേശൻ ചെയ്തതിന് മറുപടി പറയാൻ ഞങ്ങൾ ബാധ്യസ്ഥരല്ല. പക്ഷെ, ആ കുടുംബത്തിന്റെ മഹത്വവും അദ്ദേഹത്തിന്റെ പാരമ്പര്യവും.....

ശ്രീ. സി. ദിവാകരൻ: സർ, വെള്ളാപ്പള്ളി നടേശനുവേണ്ടി പ്രധാനമന്ത്രിക്ക് കത്തെഴുതിയത് മുഖ്യമന്ത്രിയല്ലേ. ഞങ്ങളാണോ എഴുതിയത്?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, ശ്രീ. സി. ദിവാകരൻ ചോദിച്ചത് നന്നായി. 17-12-2014 -ലാണ് ഞാൻ കത്തെഴുതിയത്. ഒരു കൊല്ലം മുമ്പാണ്. അന്ന് ഇന്നത്തെ പുതിയ സാഹചര്യങ്ങളൊന്നുമില്ല. എസ്.എൻ.ഡി.പി.-യും എസ്.എൻ. ട്രസ്റ്റും ചേർന്ന് അതിന്റെ നേതാവായ ആർ. ശങ്കറിന്റെ പ്രതിമ അനാച്ഛാദനം ചെയ്യാൻ പ്രധാനമന്ത്രിയെ കിട്ടണമെന്നും അതിനുവേണ്ടി കത്തയയ്ക്കണമെന്നും പറഞ്ഞാൽ ഞാൻ അയയ്ക്കേണ്ടേ? ഇന്നത്തെ സാഹചര്യമല്ല ഒരു കൊല്ലത്തിന് മുമ്പ് ഉണ്ടായിരുന്നത്.

<u>ശ്രീ. സി. ദിവാകരൻ</u> : സർ, അന്ന് നിങ്ങൾ തമ്മിൽ നല്ല ബന്ധമായിരുന്നോ?

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ശ്രീ. സി. ദിവകാരനുള്ളതുപോലെ എനിക്കും അന്ന് നല്ല ബന്ധമായിരുന്നു. ഏതായാലും ആര് വിചാരിച്ചാലും ആർ. ശങ്കറിനെ ഒരിക്കലും സംഘപരിവാറിനോ ആർ.എസ്.എസ്സിനോ തട്ടിയെടുക്കാൻ പറ്റില്ല. കേരളത്തിലെ ജനങ്ങൾ വിട്ടുകൊടുക്കില്ല. ഈ വിവാദം ഉണ്ടായപ്പോൾ കേരളത്തിലെ എല്ലാ വിഭാഗം ആളുകളും യോജിച്ചു. ഇതുപോലുള്ള വിഭാഗീയതയുടെ മുമ്പിൽ കീഴടങ്ങുന്ന മനസ്സല്ല കേരളത്തിനുള്ളത്. അതുകൊണ്ടാണ് എല്ലാവരും അക്കാര്യത്തിൽ യോജിച്ചത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, അങ്ങയെ ആ ഫങ്ഷനിൽനിന്ന് ഒഴിവാക്കി യതിനെതിരെ പ്രതിപക്ഷത്തിന്റെ ശക്തമായ പ്രതിഷേധം അങ്ങ് വായിച്ചതാണ്. ഞങ്ങൾക്ക് അക്കാര്യത്തിൽ സങ്കുചിതമായ യാതൊരു രാഷ്ട്രീയ താൽപ്പര്യവുമില്ല. ഞങ്ങൾ ബഹുമാനിക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രിയെയാണ്. മുഖ്യമന്ത്രിയെ അപമാനിച്ചതിനെതിരെയാണ് ഞങ്ങൾ പ്രതിഷേധിച്ചത്. എന്നാൽ, പ്രധാനമന്ത്രി തെറ്റായ സമീപനമാണ് ഈ പരിപാടിയിൽ സ്വീകരിച്ചതെന്ന് അങ്ങ് ഈ നിയമസഭയിൽ പറഞ്ഞില്ലെങ്കിൽ ഡൽഹിയിൽ നടക്കുന്നതുപോലെ അങ്ങയുടെ സെക്രട്ടേറിയറ്റും സി.ബി.ഐ. റെയ്ഡ് ചെയ്യും. അതാണ് നടക്കാൻ പോകുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, നിങ്ങൾ പൂർണ്ണമായും ആ നടപടിയെ അപലപിച്ചു. അതിനെ എതിർത്തു. അതിൽ സന്തോഷമുണ്ട്. പക്ഷെ, ഞാനുംകൂടി ഉൾപ്പെട്ട നാടകമാണെന്നും പറഞ്ഞ നേതാക്കളുണ്ട്. അത് മറന്നുപോകരുത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞങ്ങൾ പറഞ്ഞിട്ടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെ പറഞ്ഞവരുമുണ്ട്. ശ്രീ. സി. ദിവാകരൻ അല്ല. അന്നുതന്നെ ഞാൻ പത്രക്കാരെ വിവരം അറിയിച്ചു. അനാച്ഛാദന ചടങ്ങിൽ പങ്കെടുക്കാൻ എന്നെ ക്ഷണിച്ചു, ഞാൻ സമ്മതിച്ചു. ക്ഷണിച്ചവർതന്നെ എന്നോട് വരണ്ടായെന്ന് പറഞ്ഞപ്പോൾ ഞാൻ പങ്കെടുക്കുന്നില്ലെന്ന് പ്രധാനമന്ത്രിയുടെ ഓഫീസിനെ അറിയിച്ചു. പക്ഷെ, ആ കത്തിൽ ഒരു വാചകംകൂടി ഞാൻ ചേർത്തു. കോൺഗ്രസ്സിന്റെ നേതാവായ, കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയായ ആർ. ശങ്കറിന്റെ പ്രതിമ അനാച്ഛാദന ചടങ്ങിൽ പങ്കെടുക്കാൻ സാധിക്കാത്തതിൽ എനിക്ക് ദു:ഖമുണ്ട് എന്നൊരു വാചകം ഞാൻ അതിനകത്ത് ചേർത്തു. എന്റെ എല്ലാ പ്രതിഷേധവും ആ ഒരു വാചകത്തിൽ ഒതുക്കിനിർത്തി. പ്രധാനമന്ത്രി കേരളത്തിൽ വരുമ്പോൾ അദ്ദേഹത്തിന്റെ പരിപാടിക്ക് ഒരു തടസ്സവും ഉണ്ടാകരുതെന്ന് ഞാൻ ആഗ്രഹിച്ചു. കാരണം കേരളത്തിന്റെ പാരമ്പര്യവും സംസ്കാരവും അതാണ്. നമ്മൾ ആരെയും അപമാനിക്കുകയോ അവഹേളിക്കുകയോ ചെയ്യുകയില്ല. ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രിയാണ്. പക്ഷേ അദ്ദേഹത്തിന്റെ നയങ്ങളോടും സമീപനങ്ങളോടും എതിർപ്പുണ്ട്. അത് എവിടെയും പ്രകടിപ്പിക്കും.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങയെ അപമാനിച്ചതിന്റെ പിന്നിൽ ആരാണ്; ആരാണ് ഈ ഗൂഢാലോചന നടത്തിയത്; കേരളത്തിന്റെ മുഖ്യമന്ത്രി പങ്കെടുക്കേണ്ടായെന്ന് തീരുമാനിക്കാൻ ആരാണ് ഇതിൽ കളിച്ചത്? അതാണ് കേരളത്തിലെ ജനങ്ങൾക്ക് അറിയേണ്ടത്. കേരളത്തിലെ ജനങ്ങൾക്കു വേണ്ടിയാണ് ഞങ്ങൾ പ്രതിഷേധം രേഖപ്പെടുത്തിയത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അന്നുതന്നെ എന്റെ പത്രക്കുറിപ്പിൽ പറഞ്ഞിരുന്നു. എന്നെ വിളിച്ചവർ തന്നെ വരണ്ടായെന്ന് പറഞ്ഞു. എന്നെ വിളിച്ചത് ശ്രീ. വെള്ളാപ്പള്ളി നടേശൻ. ഞാൻ ചെല്ലുന്നതിൽ അവർക്കുള്ള ബുദ്ധിമുട്ടുകൾ അദ്ദേഹം തന്നെ എന്നെ അറിയിച്ചു.

ശ്രീ. എ. കെ. ബാലൻ: സർ, അതിന് കാരണമെന്താണ്? കേരളത്തിൽ ഒരു പഞ്ചായത്ത് പ്രസിഡന്റിനാണ് ഈ അനുഭവം വന്നതെങ്കിൽ അടങ്ങിയിരിക്കുമായിരുന്നോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഈ കാര്യം പറയാനിരുന്നതല്ല. എന്റെ നെഞ്ചിൽ കല്ല് കൊണ്ടിട്ടും പ്രതിഷേധിക്കരുതെന്ന് പറഞ്ഞ ആളാണ് ഞാൻ. നിങ്ങൾ അത് ഓർക്കണം. മുഖ്യമന്ത്രിയായ എന്നെ കല്ലെറിഞ്ഞതിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ ഹർത്താലിന് ആഹ്വാനം ചെയ്യുമെന്ന് പറഞ്ഞപ്പോൾ, എന്നോട് സ്നേഹമുണ്ടെങ്കിൽ അത് ചെയ്യരുതെന്ന് ഞാൻ പറഞ്ഞു. ആ സമീപനമാണ് ഞാൻ ഇക്കാര്യത്തിലും സ്വീകരിച്ചിട്ടുള്ളത്.

ഇവിടെ ഒരു വിവാദമുണ്ടാക്കി ഇതൊരു തർക്കവിഷയമാക്കി മാറ്റുന്നതിന് പ്രധാനമന്ത്രിയുടെ പരിപാടി തീരുന്നതുവരെ ഞാനായി ഒന്നും ചെയ്യരുതെന്നായിരുന്നു എന്റെ അഭിപ്രായം. അതേസമയം അറിയിക്കേണ്ടത് അറിയിക്കുകയും ചെയ്തു. അദ്ദേഹം പോകുന്ന അവസരത്തിൽ ഞാൻ എനിക്കുള്ള എല്ലാ വികാരങ്ങളും പ്രകടിപ്പിച്ചുകൊണ്ടുള്ള കത്ത് അദ്ദേഹത്തിന് കൊടുത്തു. ഇന്ന് ഞാൻ ആ കത്ത് പബ്ലിഷ് ചെയ്തിട്ടുണ്ട്. എനിക്ക് ഇത്രയും മാത്രമേ പറയാനുള്ളൂ. ആർ. ശങ്കറിനെ അപമാനിക്കാൻ അവർ ശ്രമിച്ചെങ്കിൽ ആ ശ്രമത്തിന് നമ്മൾ കൂട്ടാളികളല്ല. അതിനെതിരെ ഉണർന്നുപോരാടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ജി. സുധാകരൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ വസ്തുതാപരമല്ലാത്ത കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്. ആർ. ശങ്കറിന്റെ കുടുംബത്തോട് നമുക്കെല്ലാം ബഹുമാനമുണ്ട്. വ്യക്തിപരമായി എനിക്ക് ശ്രീ. മോഹൻ ശങ്കറെ അറിയാം. ഞാൻ കോളേജിൽ പഠിക്കുമ്പോൾ എനിക്ക് താഴെ പഠിച്ച ആളാണ് അദ്ദേഹം. അദ്ദേഹത്തേയോ അദ്ദേഹത്തിന്റെ കുടുംബത്തേയോ ഞങ്ങളാരും ആക്ഷേപിച്ചില്ല. മാത്രമല്ല, മുഖ്യമന്ത്രിയെ പങ്കെടുപ്പിക്കാത്തതുൾപ്പെടെയുള്ള ശ്രീ. നരേന്ദ്ര മോദിയുടെയും വെള്ളാപ്പള്ളി നടേശന്റെയും ആശയത്തെ എതിർത്തുകൊണ്ട് നിൽക്കുന്ന ഞങ്ങൾ ആർ. ശങ്കറിന്റെ കുടുംബത്തെ അപമാനിച്ചു എന്നുപറഞ്ഞത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കണം. അതാണ് പോയിന്റ് ഓഫ് ഓർഡർ. അത് പിൻവലിക്കണം. ഞങ്ങൾ ആക്ഷേപിക്കുകയല്ല, അദ്ദേഹത്തെ ബഹുമാനിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ആർ. ശങ്കറിനെ ഞങ്ങൾ അപമാനിച്ചിട്ടില്ല. അദ്ദേഹത്തെ ബഹുമാനിക്കുകയാണ് ചെയ്തത്. ഇപ്പോൾ അനാച്ഛാദനം ചെയ്ത ആർ. ശങ്കറിന്റെ പ്രതിമ സ്ഥാപിച്ചിരിക്കുന്ന ആ സ്ഥലം പതിച്ചുകൊടുത്തത് എൽ.ഡി.എഫ്.ന്റെ കാലത്താണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ശ്രീ. സി. ദിവാകരൻ, അത് തെറ്റാണ്. നിങ്ങൾ ആ സ്ഥലം പതിച്ചുകൊടുക്കാൻ വിചാരിച്ചിരുന്നോ എന്നറിയില്ല. അത് പതിച്ചുകൊടുത്തത് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ റവന്യൂ വകുപ്പുമന്ത്രിയും ഞാൻ മുഖ്യമന്ത്രിയുമായിട്ടുള്ള ക്യാബിനറ്റാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഞങ്ങളാണ് അന്ന് ആ ഫയൽ ഓപ്പൺ ചെയ്തത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, നിങ്ങൾ തയ്യാറായി. പക്ഷേ പിന്നീട് അത് പിൻവലിച്ചു.

ഡോ. ടി. എം. തോമസ് ഐസക്: സർ, വിഷയം അല്പമൊന്ന് മാറുകയാണ്. എങ്കിലും ഈ ബിൽ വോട്ടിനിടുന്നതിന് മുമ്പ് വ്യക്തത വേണമല്ലോ. അങ്ങ് ആദ്യം പറഞ്ഞുതുടങ്ങിയത് ഇവിടെ കുടിശ്ശിക തീർത്ത് .... (ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഈ ബില്ലുകളെക്കുറിച്ചുള്ള കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞിട്ടാണ് പൊതുവായ കാര്യത്തിലേയ്ക്ക് വന്നത്. അതിനും മറുപടി പറഞ്ഞു. ഈ മൂന്ന് ബില്ലുകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബില്ലും 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബില്ലും 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

## 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

### 2-ഉം 3-ഉംവകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം വകുപ്പും 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ..................

2-ഉം വകുപ്പും 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം വകുപ്പും 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ. ...........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതി ഇല്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ. ...........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2015-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ശ്രീ. സി. ദിവാകരൻ : സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദു സമദ് സമദാനി
6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. എ. പി. അനിൽകുമാർ
10. ശ്രീ. അനൂപ് ജേക്കബ്
11. ശ്രീ. അൻവർ സാദത്ത്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. സി.എൻ. ബാലകൃഷ്ണൻ
16. ശ്രീ. വി. റ്റി. ബൽറാം
17. ശ്രീ. പി. കെ. ബഷീർ
18. ശ്രീ. ബെന്നി ബെഹനാൻ
19. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
20. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീ. എ. റ്റി. ജോർജ്
22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ.സി. ജോസഫ്

26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. വർക്കല കഹാർ
28. ശ്രീ. കെ. എൻ. എ. ഖാദർ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. കോവൂർ കുഞ്ഞുമോൻ
31. ശ്രീ. റ്റി. യു. കുരുവിള
32. ശ്രീ. ലൂഡി ലൂയിസ്
33. ശ്രീ. സി. മമ്മൂട്ടി
34. ശ്രീ. കെ. എം. മാണി
35. ശ്രീ. സി. പി. മുഹമ്മദ്
36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. സി. മോയിൻകുട്ടി
38. ശ്രീ. ആര്യാടൻ മുഹമ്മദ്
39. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
40. ഡോ. എം. കെ. മുനീർ
41. ശ്രീ. കെ. മുരളീധരൻ
42. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
43. ശ്രീ. ഉമ്മൻ ചാണ്ടി
44. ശ്രീ. ടി. എൻ. പ്രതാപൻ
45. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
46. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
47. ശ്രീ. രമേശ് ചെന്നിത്തല
48. ശ്രീ. പാലോട് രവി
49. ശ്രീ. റോഷി അഗസ്റ്റിൻ
50. ശ്രീ. കെ. എസ്. ശബരീനാഥൻ
51. ശ്രീ. വി. പി. സജീന്ദ്രൻ

52. ശ്രീ. വി.ഡി. സതീശൻ
53. ശ്രീ. ഷാഫി പറമ്പിൽ
54. ശ്രീ. കെ. എം. ഷാജി
55. ശ്രീ. എൻ. ഷംസുദ്ദീൻ
56. ശ്രീ. കെ. ശിവദാസൻ നായർ
57. ശ്രീ. വി. എസ്. ശിവകുമാർ
58. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
59. ശ്രീ. സണ്ണി ജോസഫ്
60. ശ്രീ. സി. എഫ്. തോമസ്
61. ശ്രീ. തോമസ് ഉണ്ണിയാടൻ
62. ശ്രീ. പി. ഉബൈദുള്ള
63. ശ്രീ. എം. ഉമ്മർ
64. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
65. ശ്രീ. എം. എ. വാഹീദ്
66. ശ്രീ. എം. പി. വിൻസെന്റ്
67. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. അജിത്
3. ശ്രീ. എ. എം. ആരിഫ്
4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. ബി. ഡി. ദേവസ്സി

10. ശ്രീ. സി. ദിവാകരൻ
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. എം. ഹംസ
13. ശ്രീ. ജെയിംസ് മാത്യു
14. ശ്രീ. ജി. എസ്. ജയലാൽ
15. ശ്രീ. ഇ. പി. ജയരാജൻ
16. ശ്രീ. ജോസ് തെറ്റയിൽ
17. ശ്രീ. സി. കൃഷ്ണൻ
18. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
19. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
20. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
21. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
22. ശ്രീമതി കെ. കെ. ലതിക
23. ശ്രീ. എ. പ്രദീപ്കുമാർ
24. ശ്രീ. പുരുഷൻ കടലുണ്ടി
25. ശ്രീ. കെ. കെ. നാരായണൻ
26. ശ്രീ. കെ. രാധാകൃഷ്ണൻ
27. ശ്രീ. പി. ടി. എ. റഹീം
28. ശ്രീ. എസ്. രാജേന്ദ്രൻ
29. ശ്രീ. ആർ. രാജേഷ്
30. ശ്രീ. റ്റി. വി. രാജേഷ്
31. ശ്രീ. കെ. രാജു
32. ശ്രീ. രാജു എബ്രഹാം
33. ശ്രീ. മുല്ലക്കര രത്നാകരൻ
34. ശ്രീ. സി. കെ. സദാശിവൻ

35. ശ്രീമതി കെ. എസ്. സലീഖ
36. ശ്രീ. എസ്. ശർമ്മ
37. ശ്രീ. വി. ശശി
38. ശ്രീ. ബി. സത്യൻ
39. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
40. ശ്രീ. ജി. സുധാകരൻ
41. ശ്രീ. വി. എസ്. സുനിൽ കുമാർ
42. ശ്രീ. കെ. സുരേഷ് കുറുപ്പ്
43. ശ്രീ. പി. തിലോത്തമൻ
44. ഡോ. ടി. എം. തോമസ് ഐസക്
45. ശ്രീ. ഇ. കെ. വിജയൻ
46. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ -67

പ്രതികൂലിക്കുന്നവർ - 46

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ : 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ,....

മി. സ്പീക്കർ: ധനകാര്യ ബില്ലിന്റെ മൂന്നാംവായനയ്ക്കുശേഷം സാധാരണ സംസാരിക്കാറില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഏതു ബില്ലാണെങ്കിലും സംസാരിക്കാം. I want to raise an issue. അങ്ങ് പറയുകയുണ്ടായി 802 കോടി രൂപ പെൻഷൻ കൊടുക്കുന്നതിനായി മാറ്റിവച്ചിട്ടുണ്ടെന്നും കൃത്യമായി 15-ാം തീയതിക്കകം കൊടുക്കുമെന്നും. 7,40,000 രൂപയേ പെൻഷനുവേണ്ടി വച്ചിട്ടുള്ളൂ. 802 കോടി രൂപ Excess demand grant regularise ചെയ്യാൻവേണ്ടിയുള്ളതാണ്. ഈ Appropriation Bill പാസ്സാക്കുമ്പോൾ ആലോചിക്കേണ്ട ഒരു കാര്യമാണിത്. ക്ഷേമ പെൻഷനുവേണ്ടി പണമൊന്നും ഇതിൽ വകയിരുത്തിയിട്ടില്ല.

മി. സ്പീക്കർ: 2015-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

2-ാം 3-ാം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ...................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതിനുള്ള മറുപടി പറയുകയാണ്. ഈ സഭ പാസ്സാക്കിയ ബഡ്ജറ്റിനേക്കാൾ 832 കോടി രൂപ അധികമായി പെൻഷൻ കൊടുക്കാൻവേണ്ടി വച്ചിരിക്കുകയാണ്. അത് അംഗീകരിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതല്ല ഈ സപ്ലിമെന്ററിയിലുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സപ്ലിമെന്ററിയിൽ 832 കോടി രൂപ ഉണ്ട്.

മി. സ്പീക്കർ: 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ...................

ശ്രീ. എ. കെ. ബാലൻ : സർ, 2015-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തിന് ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
2. ശ്രീ. പി. കെ. അബ്ദു റബ്ബ്
3. ശ്രീ. പി. ബി. അബ്ദുൾ റസാക്
4. ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
5. ശ്രീ. എം. പി. അബ്ദു സമദ് സമദാനി
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. അടൂർ പ്രകാശ്
8. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
9. ശ്രീ. മഞ്ഞളാംകുഴി അലി
10. ശ്രീ. എ. പി. അനിൽകുമാർ
11. ശ്രീ. അനൂപ് ജേക്കബ്
12. ശ്രീ. എ. എ. അസീസ്
13. ശ്രീ. കെ. ബാബു
14. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
15. ശ്രീ. സി.എൻ. ബാലകൃഷ്ണൻ
16. ശ്രീ. വി. റ്റി. ബൽറാം
17. ശ്രീ. പി. കെ. ബഷീർ
18. ശ്രീ. ബെന്നി ബെഹനാൻ
19. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
20. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
21. ശ്രീ. എ. റ്റി. ജോർജ്

22. ശ്രീ. ഹൈബി ഈഡൻ
23. ശ്രീമതി പി. കെ. ജയലക്ഷ്മി
24. ഡോ. എൻ. ജയരാജ്
25. ശ്രീ. കെ.സി. ജോസഫ്
26. ശ്രീ. പി. ജെ. ജോസഫ്
27. ശ്രീ. കെ.എൻ.എ. ഖാദർ
28. ശ്രീ. കോവൂർ കുഞ്ഞുമോൻ
29. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
30. ശ്രീ. റ്റി. യു. കുരുവിള
31. ശ്രീ. ലൂഡി ലൂയിസ്
32. ശ്രീ. സി. മമ്മൂട്ടി
33. ശ്രീ. കെ. എം. മാണി
34. ശ്രീ. കെ. പി. മോഹനൻ
35. ശ്രീ. സി. മോയിൻകുട്ടി
36. ശ്രീ. ആര്യാടൻ മുഹമ്മദ്
37. ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
38. ഡോ. എം. കെ. മുനീർ
39. ശ്രീ. കെ. മുരളീധരൻ
40. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
41. ശ്രീ. ഉമ്മൻ ചാണ്ടി
42. ശ്രീ. ടി. എൻ. പ്രതാപൻ
43. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
44. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

45. ശ്രീ. രമേശ് ചെന്നിത്തല
46. ശ്രീ. പാലോട് രവി
47. ശ്രീ. റോഷി അഗസ്റ്റിൻ
48. ശ്രീ. കെ. എസ്. ശബരീനാഥൻ
49. ശ്രീ. വി. പി. സജീന്ദ്രൻ
50. ശ്രീ. വി. ഡി. സതീശൻ
51. ശ്രീ. ഷാഫി പറമ്പിൽ
52. ശ്രീ. എൻ. ഷംസുദ്ദീൻ
53. ശ്രീ. കെ. ശിവദാസൻ നായർ
54. ശ്രീ. വി. എസ്. ശിവകുമാർ
55. ശ്രീ. എം. വി. ശ്രേയാംസ് കുമാർ
56. ശ്രീ. സണ്ണി ജോസഫ്
57. ശ്രീ. സി. എഫ്. തോമസ്
58. ശ്രീ. തോമസ് ഉണ്ണിയാടൻ
59. ശ്രീ. പി. ഉബൈദുള്ള
60. ശ്രീ. എം. ഉമ്മർ
61. ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
62. ശ്രീ. എം. എ. വാഹീദ്
63. ശ്രീ. എം. പി. വിൻസെന്റ്
64. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>പ്രതികൂലിക്കുന്നവർ :</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. കെ. അജിത്
3. ശ്രീ. എ. എം. ആരിഫ്

4. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
5. ശ്രീ. എ. കെ. ബാലൻ
6. ശ്രീമതി ഇ. എസ്. ബിജിമോൾ
7. ശ്രീ. ഇ. ചന്ദ്രശേഖരൻ
8. ശ്രീ. വി. ചെന്താമരാക്ഷൻ
9. ശ്രീ. ബി. ഡി. ദേവസ്സി
10. ശ്രീ. സി. ദിവാകരൻ
11. ശ്രീമതി ഗീതാ ഗോപി
12. ശ്രീ. എം. ഹംസ
13. ശ്രീ. ജെയിംസ് മാത്യു
14. ശ്രീ. ജി. എസ്. ജയലാൽ
15. ശ്രീ. ഇ. പി. ജയരാജൻ
16. ശ്രീ. ജോസ് തെറ്റയിൽ
17. ശ്രീ. സി. കൃഷ്ണൻ
18. ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
19. ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
20. ശ്രീ. കെ കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
21. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
22. ശ്രീമതി കെ. കെ. ലതിക
23. ശ്രീ. കെ. കെ. നാരായണൻ
24. ശ്രീ. എ. പ്രദീപ് കുമാർ
25. ശ്രീ. പുരുഷൻ കടലുണ്ടി
26. ശ്രീ. കെ. രാധാകൃഷ്ണൻ
27. ശ്രീ. പി. ടി. എ. റഹീം

28. ശ്രീ. എസ്. രാജേന്ദ്രൻ
29. ശ്രീ. ആർ. രാജേഷ്
30. ശ്രീ. റ്റി. വി. രാജേഷ്
31. ശ്രീ. കെ. രാജു
32. ശ്രീ. രാജു എബ്രഹാം
33. ശ്രീ. മുല്ലക്കര രത്നാകരൻ
34. പ്രൊഫ. സി. രവീന്ദ്രനാഥ്
35. ശ്രീ. സി. കെ. സദാശിവൻ
36. ശ്രീമതി കെ. എസ്. സലീഖ
37. ശ്രീ. എസ്. ശർമ്മ
38. ശ്രീ. വി. ശശി
39. ശ്രീ. ബി. സത്യൻ
40. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
41. ശ്രീ. ജി. സുധാകരൻ
42. ശ്രീ. വി. എസ്. സുനിൽ കുമാർ
43. ശ്രീ. കെ. സുരേഷ് കുറുപ്പ്
44. ശ്രീ. പി. തിലോത്തമൻ
45. ഡോ. ടി. എം. തോമസ് ഐസക്
46. ശ്രീ. ഇ. കെ. വിജയൻ
47. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ -64

പ്രതികൂലിക്കുന്നവർ - 47

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

2.00 P.M.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(1) 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കാം. ചെയർ ഒരു കാര്യം പ്രത്യേകം എടുത്ത് പറയുന്നു. ഇനി നമുക്ക് മൂന്ന് ബില്ലുകളുണ്ട്. വളരെ കൂടുതൽ ആളുകൾ സംസാരിക്കാനുമുണ്ട്. ഈ ബില്ലിനുമാത്രം 8 പേർ സംസാരിക്കാനുണ്ട്. സ്വയം നിയന്ത്രിച്ച് ചുരുങ്ങിയ സമയം എടുക്കണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

2.01 pm]

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബോർഡിന്റെ പ്രവർത്തനം ഈ നിലയിൽ പോയാൽ പോരായെന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. ഇതുമായി ബന്ധപ്പെട്ട് മറ്റ് ഇതര ഡിപ്പാർട്ടുമെന്റുകളുമായി ഇന്നലെയും ഇന്നും കഴിഞ്ഞ ദിവസങ്ങളിലും ചർച്ചകൾ

വരികയുണ്ടായി. ഇവിടുത്തെ തസ്തികയുമായി ബന്ധപ്പെട്ട് കുറെയേറെ നിയമനങ്ങൾ നടത്തുന്നതിനുവേണ്ടി ശിപാർശ ചെയ്യുവെന്നല്ലാതെ ഇതിന്റെ അളവിലും തോതിലും പ്രവർത്തനത്തിലും നിയന്ത്രണത്തിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് ബോദ്ധ്യമുണ്ടെങ്കിലും അത് ബോദ്ധ്യത്തിൽ മാത്രമാണ് നിൽക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇപ്പോൾ കേരളത്തിൽ ഏറ്റവും വലിയ പ്രശ്നമായി ഉയർന്നിരിക്കുന്ന പൊല്യൂഷനുമായി ബന്ധപ്പെട്ടുവരുന്ന പ്രവർത്തനങ്ങളും ആ മേഖലകളും വളരെയേറെ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. പഞ്ചായത്ത്/മുനിസിപ്പൽ വകുപ്പുമന്ത്രിമാർ ഇടപെട്ടുകൊണ്ട് ഇന്നു രാവിലെയും ഇവിടെ ഇതിനെക്കുറിച്ച് ചർച്ച നടന്നു. മാലിന്യത്തിന്റെ പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ തന്നെ ഇതിനോട് അനുബന്ധമായി വരുന്ന പരിതസ്ഥിതിയും റോഡ് സേഫ്റ്റിയും ഉൾപ്പെടെയുള്ള നിരവധി പ്രശ്നങ്ങൾ കടന്നു വരുന്നുവെന്ന് വളരെ വ്യക്തമായി നമുക്ക് അറിയാൻ സാധിക്കും. ഉദാഹരണത്തിന് ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് റോഡ് സേഫ്റ്റി അതോറിറ്റിയുണ്ട്. റോഡിലൂടെ പോകുന്ന ബസ് ഒരു സ്ഥലത്ത് ചവിട്ടി നിർത്തിയാൽ ആ വാഹനത്തിന്റെ പുറകിൽ നിൽക്കുന്ന വാഹനങ്ങളും മുൻപിൽ നിൽക്കുന്ന വാഹനങ്ങളും എത്രയെണ്ണമാണെന്ന് പരിശോധിച്ചാൽ നമുക്ക് അറിയാം. അങ്ങനെ വാഹനങ്ങൾ നിർത്തുന്ന അവസരത്തിൽ, നിർത്തിയിരിക്കുന്ന വാഹനങ്ങളുടെയും തുടർന്നുവരുന്ന വാഹനങ്ങളുടെയും ഇന്ധന ചെലവ്, വർദ്ധിച്ചുവരുന്ന പുക, സാമ്പത്തിക നഷ്ടം, സമയ നഷ്ടങ്ങൾ ഇത്തരത്തിൽ ഓരോന്നും കണക്കുകൂട്ടിയാൽ ഓരോ സംഭവങ്ങളിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്താനും ഇടപെടാനും കഴിയുന്ന മേഖലകൾ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ഉണ്ടെന്ന് എല്ലാവർക്കും ബോധ്യമുള്ളതാണ്. പക്ഷെ അതിലേയ്ക്കൊന്നും കടക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല. അതിലേയ്ക്ക് കടക്കുവാൻ വേണ്ടിയിട്ടുള്ള ഒരു പ്രവർത്തനം, ഏകോപിപ്പിക്കുന്ന നിലയിലേയ്ക്ക് ചെല്ലണമെങ്കിൽ ഉദ്യോഗസ്ഥന്മാരുടെ ഈ അളവിനെക്കൊണ്ട് നമുക്ക് സാധിക്കുകയില്ല. അതുകൊണ്ടുതന്നെ ഒരു ബോർഡ് ആയിട്ടുള്ള ഇതിന്റെ പ്രവർത്തനം ഈ രീതിയിൽ നിന്നാൽ മതിയോ? കേരളം അഭിമുഖീകരിക്കാൻ പോകുന്ന ഏറ്റവും വലിയ പ്രശ്നം ഇതാണെന്ന് സമൂഹത്തിൽ എല്ലാവരും ചിന്തിക്കുമ്പോൾ എന്തുകൊണ്ട് നമ്മുടെ ശ്രദ്ധ അങ്ങോട്ടേയ്ക്ക് തിരിയുന്നില്ലായെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. റോഡ് സുരക്ഷ, ഗതാഗത സംരക്ഷണം മുതലായ കാര്യങ്ങൾ

കാണുന്നതുപോലെ, വീടുകൾ, പഞ്ചായത്തുകൾ തുടങ്ങി ഒട്ടേറെ മേഖലകളിലെ മാലിന്യ പ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ കേരളം ഇന്ന് അഭിമുഖീകരിക്കുന്ന മൗലീകമായ ഒരു പ്രശ്നമായി ഇതും കാണേണ്ടതാണ്. പട്ടണ പ്രദേശത്തായാലും മറ്റ് ഇതര സ്ഥാപനങ്ങളിലായാലും ഈ ബോർഡിന്റെ പ്രവർത്തനം വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല, ശ്രദ്ധിക്കാൻ ഉദ്യോഗസ്ഥന്മാരുമില്ല. ഗവൺമെന്റിന് ഇതിനെ നിയന്ത്രിക്കുവാനോ ശ്രദ്ധിക്കുവാനോ പ്രവർത്തിപ്പിക്കുവാനോ കഴിയുന്ന സാഹചര്യം ഉണ്ടാകുന്നില്ലായെന്നുള്ള യാഥാർത്ഥ്യം നമ്മൾ കാണേണ്ടതുണ്ട്. അതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിക്കുന്നത്? ഏതാനും ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ പി.എസ്.സി.യിലേയ്ക്ക് വിടാൻ പറയുന്നതോടുകൂടി നമ്മുടെ പ്രശ്നങ്ങൾ തീരുമോ? ചില വകുപ്പുകളെ ഏകോപിപ്പിച്ച് അവരുമായി ചർച്ച നടത്തി ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കണ്ടെത്തുവാനും ഏറ്റെടുക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട്.

ഇപ്പോൾ CRZ പോലുള്ള ചില പ്രശ്നങ്ങളുണ്ട്. തീരദേശ പ്രദേശങ്ങളിലുള്ളവർക്ക് വീട് വയ്ക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുവാൻ ആലോചിക്കുന്ന അവസരത്തിൽത്തന്നെ എന്തുകൊണ്ടാണ് അങ്ങനെ ചിന്തിക്കുവാൻ ഇടയായത്; ഏത് സാഹചര്യത്തിലാണ് പുതിയൊരു കമ്മീഷൻ രൂപപ്പെടാൻ ഇടയായത് ഇതൊക്കെ കണക്കിലെടുക്കേണ്ട കാര്യങ്ങളാണ്. അതുപോലെതന്നെ മറ്റ് ഇതര മേഖലകളിലേയ്ക്ക് വരുമ്പോൾ അത് EFL ആണെങ്കിലും ESZ ആണെങ്കിലും ESA ആണെങ്കിലും എന്തുകൊണ്ടാണ് വനപ്രദേശങ്ങളിൽ ഈ രൂപത്തിലേയ്ക്ക് ചിന്തിക്കുന്നത് എന്നത് ആലോചിക്കേണ്ട വിഷയമാണ്. നമ്മൾ ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമായ മേഖലയെപ്പറ്റിയും എന്നാൽ ഇപ്പോൾ ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുന്ന മേഖലയെപ്പറ്റിയും ചിന്തിക്കുകയാണെങ്കിൽ ഓരോ വശത്തും യാതൊരു ബന്ധവുമില്ലാതെ വിരുദ്ധമായ സമീപനങ്ങൾ സ്വീകരിക്കുന്ന സാഹചര്യങ്ങൾ കാണാൻ സാധിക്കും. ഇത് തിരിച്ചറിഞ്ഞുകൊണ്ട് നമുക്ക് വ്യക്തമായ സമീപനം സ്വീകരിക്കാൻ സാധിക്കണം. ഉദാഹരണത്തിന്, എന്റെ മണ്ഡലത്തിലെ വട്ടവട പ്രദേശത്തെ യൂക്കാലി മരങ്ങൾ മുറിച്ചുമാറ്റണമെന്നുള്ളത് കൃഷി വകുപ്പിന്റെ പ്രധാനപ്പെട്ട ബാധ്യതയായി മാറിയിരിക്കുന്നു. അവർ സബ്സിഡി കൊടുക്കുകയാണ്. അവിടെ ഹോർട്ടികോർപ്പ് കൃഷി ചെയ്യാൻ താൽപ്പര്യപ്പെട്ട് പച്ചക്കറി കൃഷി ചെയ്തുകൊണ്ടിരിക്കുകയാണ്. ആ അവസരത്തിൽ,

ഇതുമായി ബന്ധപ്പെട്ട് ശ്രീമതി നിവേദിത പി. ഹരൻ (റിട്ടയേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥ) ഒരു റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് കൊടുത്തു. ഏതെങ്കിലും ഒരു കമ്മീഷന്റെ പേരിൽ റിട്ടയേർഡായ ഒരു ഉദ്യോഗസ്ഥൻ ഒരു റിപ്പോർട്ട് തയ്യാറാക്കി കൊടുക്കുകയും യാതൊരു ഉത്തരവോ നിയമമോ ഇല്ലാതെ ആ റിപ്പോർട്ട് അതേപടി അംഗീകരിക്കുകയും അതിന്റെ ഭാഗമായി ഗവൺമെന്റിന്റെ നയങ്ങൾക്ക് വിരുദ്ധമായ ചില സമീപനങ്ങൾ സ്വീകരിക്കുകയും ചെയ്യുകയാണ്. നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യൂക്കാലി മരം മുറിക്കാൻ കഴിയില്ല. കേരളത്തിൽ മാത്രം EFL, ESZ, ESA, എന്നുള്ള നിലയിൽ, പൊല്യൂഷനുമായി ബന്ധപ്പെട്ട്, പൊരുത്തപ്പെട്ട് എന്തുകൊണ്ടത് മറ്റൊരു ബോർഡായി മാറുന്നു; ആ ഡിപ്പാർട്ടുമെന്റിനെ നിയന്ത്രിക്കുന്നത് വേറൊരു വകുപ്പായി മാറുന്നു; സംയോജിതമായി ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു നയമായി എന്തുകൊണ്ട് നമുക്കിതിനെ കൊണ്ടുപോകാൻ കഴിയുന്നില്ല? ഒരു ഡിപ്പാർട്ടുമെന്റ് വേണമെന്ന് പറയുന്നു, മറ്റൊരു ഡിപ്പാർട്ടുമെന്റ് വേണ്ടെന്ന് പറയുന്നു, വേറൊരു ഡിപ്പാർട്ടുമെന്റ് ചില നിയമങ്ങൾ പാസ്സാക്കുന്നു, നിയമവും ചട്ടവുമില്ലാതെ ചില ഉദ്യോഗസ്ഥർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. ക്യാബിനറ്റ് അതേപടി അംഗീകരിക്കുന്നതോടുകൂടി, കോസ്റ്റൽ മേഖലയിലാണെങ്കിൽ വീട് വയ്ക്കുന്നതിന് തടസ്സം, EFL, ESA തുടങ്ങിയ മേഖലകളിൽ വരുന്ന തടസ്സം, നിവേദിത പി. ഹരന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഏറ്റെടുത്തതിന്റെ ഭാഗമായി യൂക്കാലി മരം മുറിക്കാൻ കഴിയാത്ത സാഹചര്യം, അങ്ങനെ പരസ്പര വിരുദ്ധമായ സമീപനങ്ങളും ഇടപെടലുകളുമെല്ലാം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുവെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങളിലെല്ലാം പരിഹാരം കാണുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി നേതൃത്വം നൽകുവാൻ കഴിയുന്ന സാഹചര്യത്തിലേക്ക് നമ്മുടെ ബോർഡുകൾ ഉയരേണ്ടതുണ്ട്. അതിന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകൈ എടുക്കണമെന്നും ഈ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ കഴിയണമെന്നുംമാത്രം പറഞ്ഞുകൊണ്ട് ഡിസെന്റ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

2.08 pm]

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ആദ്യദിവസം ഇതുസംബന്ധിച്ച് കുറേ കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിരുന്നതാണ്. ഇപ്പോൾ ഡിസെന്റ് രേഖപ്പെടുത്തിയതിന്റെ ഭാഗമായി ചുരുങ്ങിയ ചില കാര്യങ്ങൾ

മാത്രമേ സൂചിപ്പിക്കാനുള്ളൂ. അതിൽ ഒന്നാമത്തേത്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അധികാരം വർദ്ധിപ്പിക്കണമെന്നുള്ളതാണ്. പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ കീഴിൽ വരാത്ത മാലിന്യപ്രശ്നങ്ങൾ ഇന്ന് നമ്മുടെ സംസ്ഥാനം നേരിടുന്നുണ്ട്. നമ്മുടെ ഭക്ഷണകാര്യങ്ങളിലുണ്ടായിട്ടുള്ള വലിയ പ്രശ്നങ്ങൾ, ഭക്ഷ്യ സുരക്ഷാ വിഭാഗം പൊല്യൂഷൻ കൺട്രോൾ ബോർഡുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട ഒരു കാലഘട്ടത്തിലേയ്ക്കാണ് നമ്മൾ കടന്നുവരുന്നത്. പച്ചക്കറികളിൽ മുഴുവൻ ഫ്യൂരിഡാനാണ്. റെഡോക്സൈഡ് പുരട്ടിയ സോർട്ടെക്സ് അരിയാണ് നമുക്ക് ഇന്ന് കിട്ടുന്നത്. പാല് കേടുകൂടാതിരിക്കാൻ അതിൽ യൂറിയ ചേർക്കുകയാണ്. ഇറച്ചിക്കോഴികൾ ഹോർമോൺ നിറച്ചതാണ്. ഈ കോഴികളെ അമ്പത് ദിവസം കഴിഞ്ഞും കൊന്നില്ലെങ്കിൽ അവ വീർത്ത് പൊട്ടിപ്പോകും. മുന്തിരിയും ആപ്പിളും മുഴുവൻ എൻഡോസൾഫാൻ മയമാണ്. മുളകുപൊടിയും മല്ലിപ്പൊടിയും മസാലപ്പൊടിയുമുണ്ടാക്കുന്ന ബഹുഭൂരിപക്ഷം കമ്പനികളും മായം ചേർത്ത് ഇന്ന് വിൽക്കുകയാണ്. ഇഷ്ടികയാണ് പ്രധാനപ്പെട്ട അസംസ്കൃതവസ്തു. ഇതുസംബന്ധിച്ച് നിയമങ്ങളുണ്ട്. ഏത് നിയമം എവിടെ നടപ്പാകുന്നു? മുളകുപൊടിയിൽ മാലിന്യം കണ്ടെത്തിയ ഒരു ഉദ്യോഗസ്ഥയ്ക്കെതിരെ ഇവിടെ നടന്ന പടപ്പുറപ്പാട് നമുക്കറിയാം. പൊതുസമൂഹം എതിർക്കുമെന്നതുകൊണ്ട് മാത്രമാണ് ആ ഉദ്യോഗസ്ഥ രക്ഷപെട്ടത്. ഇന്ന് കോടാനുകോടി രൂപയുടെ ടേൺ ഓവറുള്ള ഇത്തരം കമ്പനികൾ നമ്മുടെ നാട്ടിലുണ്ട്. ഇവർക്കെതിരെ കാര്യമായ നിയമനടപടികൾ വരുന്നില്ലെന്നതാണ് നമ്മുടെ നാട് നേരിടുന്ന മുഖ്യപ്രശ്നം. ഇത്തരക്കാരെ കർശനമായി ജയിലിലടയ്ക്കുകയും പിഴശിക്ഷ കൊടുക്കുകയും ചെയ്യണം. അത് അഞ്ഞൂറ് രൂപയോ രണ്ടായിരം രൂപയോ അല്ല, ഒരു കോടിയോ പത്ത് കോടിയോ രൂപ പിഴശിക്ഷ കൊടുക്കുന്ന രീതിയിൽ നിയമനിർമ്മാണ കാര്യങ്ങളിൽ മാറ്റങ്ങളുണ്ടാകണം. ഇവിടെ മാലിന്യങ്ങൾ എവിടെയും വലിച്ചെറിയാം. അതിന് എന്ത് ശിക്ഷയാണുള്ളത്? ഹോട്ടൽ മാലിന്യങ്ങളും കാറ്ററിംഗ് മാലിന്യങ്ങളും വഴിനീളെ വലിച്ചെറിഞ്ഞാൽ അവർക്ക് എന്ത് ശിക്ഷയാണ് നമ്മൾ കൊടുക്കുന്നത്? ഇവിടെ ഒരു ശിക്ഷയുമില്ല. ചെറിയ പെറ്റി കേസ് മാത്രമേ ചുമത്തുന്നുള്ളൂ. അത് നമ്മുടെ നാടിനെ നരകതുല്യമാക്കി മാറ്റുകയാണ്. പണ്ട് പട്ടണപ്രദേശങ്ങളിൽ മാത്രമാണെങ്കിൽ ഇന്ന് പട്ടണവും ഗ്രാമവും തമ്മിൽ വലിയ വ്യത്യാസങ്ങളൊന്നുമില്ല. ഇന്ന് എല്ലായിടത്തും മാലിന്യങ്ങൾ വലിച്ചെറിയുന്നുണ്ട്. അവിടെ പിടിക്കപ്പെടുന്ന ചെറിയ വാഹനങ്ങൾക്കാണെങ്കിലും പെറ്റി കേസ് മാത്രം ചുമത്തിവിടുന്ന ഒരു

അവസ്ഥയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്. ഇവിടെ നിയമങ്ങളിൽ മാറ്റങ്ങളുണ്ടാകണം. പെറ്റികേസല്ല വേണ്ടത്, ആ വാഹനം കണ്ടുകെട്ടണം. അതിനുള്ള ഒരു നിശ്ചയദാർഢ്യം ഗവൺമെന്റിനുണ്ടാകണം. അവർക്ക് വലിയ തുക പിഴശിക്ഷ നൽകണം. സ്ഥാപനങ്ങൾ ഉറവിടത്തിൽത്തന്നെ മാലിന്യ സംസ്കരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തണം. അതിനുള്ള സംവിധാനം ഇന്ന് എവിടെയുണ്ട്? കാറ്ററിംഗ് സ്ഥാപനങ്ങൾ ഉറവിടത്തിൽത്തന്നെ മാലിന്യസംസ്കരണം നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്ന ഏതെങ്കിലും നിയമങ്ങൾ ഇവിടെയുണ്ടോ? ഒരു നിയമവുമില്ല. ആർക്കും മാലിന്യങ്ങൾ വലിച്ചെറിയാം. ഇത്തരം മാലിന്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ലോകത്തിലുള്ള എല്ലാ രാജ്യങ്ങളും തയ്യാറെടുക്കുന്നതിന്റെ ഭാഗമായി നമ്മുടെ രാജ്യവും തയ്യാറെടുക്കണം. വളരെയധികം വൈകിപ്പോയ ഈ ഘട്ടത്തിൽപ്പോലും അതിനെപ്പറ്റി ചിന്തിക്കാൻ കഴിയുന്നില്ലായെന്നുപറയുന്ന ദുഃസ്ഥിതി നമ്മുടെ മുന്നിലുണ്ടെന്നുപറയുന്നതാണ് വളരെ ഗൗരവമായി നമ്മൾ കാണേണ്ട ഒരു പ്രശ്നം.

കോളിഫോം ബാക്ടീരിയ ഏതെങ്കിലും ഒരു നദിയിൽ മാത്രമല്ല ഉള്ളത്. നമ്മുടെ നാട്ടിൽ കക്കൂസില്ലാത്ത പതിനായിരക്കണക്കിന് വീടുകളുണ്ട്. അവർക്ക് പ്രാഥമിക കാര്യങ്ങൾ നിർവ്വഹിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കാനുള്ള സർക്കാർ സഹായം പരിമിതമാണ്. പ്രഖ്യാപിക്കപ്പെട്ട പദ്ധതികളൊക്കെ നിരവധിയുണ്ട്. പൊതുനിരത്തുകൾ കക്കൂസ് മാലിന്യം കൊണ്ട് നിറയുകയാണ്. അതെല്ലാം നമ്മുടെ നദികളിലേയ്ക്കും തോടുകളിലേയ്ക്കുമാണ് പോകുന്നത്. അത് ഭൂഗർഭജലത്തിൽ കലർന്നാൽ അവിടേയും മാലിന്യം വർദ്ധിക്കുകയാണ്. അതുകൊണ്ട് ഗവൺമെന്റ് കക്കൂസ് മാലിന്യമടക്കമുള്ള മാലിന്യങ്ങൾ സംസ്കരിക്കാനും കോളിഫോം ബാക്ടീരിയയുടെ അളവിനെ നിയന്ത്രിക്കാനും വേണ്ട സംവിധാനങ്ങൾ വളരെ ഗൗരവത്തോടുകൂടി നടത്തേണ്ടിയിരിക്കുന്നു. നമ്മുടെ മത്സ്യമാർക്കറ്റുകളിൽ മത്സ്യം ഇപ്പോൾ കൂടുതലും വരുന്നത് പുറത്തുനിന്നാണ്. മത്സ്യം അമോണിയ ലായനിയിലാണ് സൂക്ഷിക്കുന്നത്. എത്ര ആഴ്ച വേണമെങ്കിലും കേടു കൂടാതെയിരിക്കും. ഇതിനെതിരെ എന്ത് നിയമമാണുള്ളത്; ഇത് സംബന്ധിച്ച് പരിശോധിക്കപ്പെടുന്നുണ്ടോ? അത് മലിനീകരണ നിയന്ത്രണ ബോർഡിന് പരിശോധിക്കാൻ അധികാരമില്ല. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്, മലിനീകരണ നിയന്ത്രണ ബോർഡിന് കൂടുതൽ അധികാരങ്ങളുണ്ടാകണം. ജില്ലാതലത്തിൽ അവർക്ക് അതിനുള്ള സംവിധാനങ്ങളുണ്ടാകണം. കൂടുതൽ ജീവനക്കാരും കൂടുതൽ ലാബുകളുമുണ്ടാകണം. മലിനീകരണ നിയന്ത്രണ

ബോർഡിന്റെ അധികാരപരിധി വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ഇന്ന് നമ്മുടെ നാട് നേരിടുന്ന ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി മുന്നോട്ടുപോകാൻ കഴിയൂ. ഇങ്ങനെയുള്ള സമഗ്രമായ ചർച്ചകളും, ആലോചനകളും നമുക്കുണ്ടാകണം.

പ്രകൃതി സംരക്ഷണം ഒരു സംസ്കാരമായി മാറണം. നമ്മുടെ പാഠപുസ്തകങ്ങളിൽ പ്രകൃതി സംരക്ഷണം പാഠ്യഭാഗമാക്കണം. നമ്മുടെ കുട്ടികളിൽ, യു.പി. സ്കൂളിലോ ഹൈസ്കൂളുകളിലോ കോളേജുകളിലോ അത് പാഠ്യഭാഗമാക്കണം. എന്നാൽ മാത്രമേ പ്രകൃതിസംരക്ഷണം നമ്മുടെ സംസ്കാരത്തിന്റെ ഭാഗമായി മാറുകയുള്ളൂ. എങ്കിൽ മാത്രമേ എല്ലാ ജനങ്ങൾക്കും ഇതുസംബന്ധിച്ചൊരു അവബോധമുണ്ടാവുകയുള്ളൂ. കഴിഞ്ഞ ദിവസങ്ങളിൽ ലോകം നേരിടുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തതാണ്. പുകയിൽ നിന്നുള്ള മാലിന്യത്തെ കുറിച്ച് ശ്രീ. എസ്. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ചു. പുകയിൽ നിന്നുള്ള മാലിന്യവും മാലിന്യങ്ങൾ കത്തിക്കുമ്പോഴുണ്ടാകുന്ന കാർബൺ മോണോക്സൈഡുപോലും അന്തരീക്ഷത്തെ മലിനമാക്കുന്നു. ഇൻസിനറേറ്റർ നിർത്തേണ്ട കാലഘട്ടം അതിക്രമിച്ചു. ഇന്നും നമ്മൾ ഇൻസിനറേറ്ററിനെ ആശ്രയിക്കുകയാണ്. കാർബൺ മോണോക്സൈഡ് ഉൾപ്പെടെയുള്ള വലിയ ദുരന്തങ്ങൾ നമ്മുടെ നാട് നേരിടുകയാണ്. നമ്മൾ ഇവിടെ ധാരാളം ചർച്ച ചെയ്ത കാര്യമാണ്. ഓസോൺ പാളിയിലെ വിള്ളൽ മൂലമുണ്ടാകുന്ന അൾട്രാവൈലറ്റ് രശ്മികൾ മുതലായ കണ്ടെന്റുകളുടെ വർദ്ധനവ് ഇന്ന് ലോകം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്. നമുക്കെന്തുചെയ്യാൻ കഴിയും എന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. മൂന്നാം ലോക രാജ്യങ്ങളുടെ മുകളിൽ വച്ചുകെട്ടുന്ന സാമ്രാജ്യത്വ ശക്തികളുടെ പരിശ്രമമെന്ന നിലയിൽ മാത്രമല്ല കാണേണ്ടത്. ഇതിൽ നമുക്കെന്ത് ചെയ്യാൻ കഴിയും, അതുകൊണ്ട് മാലിന്യപ്രശ്നം പരിഹരിക്കേണ്ടതും പ്രകൃതി സംരക്ഷിക്കേണ്ടതും നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാക്കണം. അതോടൊപ്പം നമ്മുടെ രാസകീടനാശിനികൾ നിയന്ത്രിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അങ്ങനെ നമുക്ക് പുതിയ സംസ്കാരം വീണ്ടെടുക്കാനുള്ള തീരുമാനങ്ങൾ ഉണ്ടാകണം. അതിനനുസരിച്ചുള്ള നിയമ നിർമ്മാണങ്ങളുടെ വേദിയാകാൻ നമ്മുടെ നിയമസഭക്ക് കഴിയട്ടെ എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

2.16 pm]

<u>ശ്രീ. ബി. സത്യൻ</u>: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഒരു അവധാനതയോടുകൂടി ഈ രാജ്യത്തെ മാറിയ സാഹചര്യങ്ങളെ പൊതുവിൽ

വിലയിരുത്തിക്കൊണ്ടും പ്രത്യേകിച്ച് കേരളത്തിന്റെ ഇന്നത്തെ കാർഷിക വ്യാവസായിക പൊതുരംഗത്ത് വന്നിട്ടുള്ള മാറ്റങ്ങളും വളർച്ചയുമെല്ലാം മുന്നിൽകണ്ടുകൊണ്ടുള്ള ഒരു തയ്യാറെടുപ്പും ഇതിൽ കാണുന്നില്ല. ഒരു ബോർഡും അതിൽ വരുന്ന ചില ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടുമാത്രം നിർഭാഗ്യവശാൽ ചർച്ച ചെയ്യപ്പെടേണ്ട ഒരു അവസ്ഥയിൽ നിൽക്കുകയാണ്. അങ്ങയോട് അത് പറയാനും പറ്റില്ല. കാരണം ഇത് പാസാക്കി പി.എസ്.സി.ക്ക് വിടുമ്പോൾഅതിന്റെ അന്തഃസത്തയെ സ്വാഭാവികമായി ചോദ്യചെയ്യപ്പെടാനാകില്ല. ഇതൊരു ഭരണഘടനാസ്ഥാപനമാണ്. അതുവഴി നിയമനം നടത്തുന്നതിന് എന്തിനാണ് എതിർക്കുന്നതെന്ന ചോദ്യമുണ്ടാകാം. അതിനോട് ഞാൻ എതിർപ്പ് പ്രകടിപ്പിക്കുന്നില്ല. ഒരു നിയമനമായാലും അത് പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി തന്നെ നടക്കുന്നതിനോട് യോജിക്കുകയാണ്. ഇന്ന് കാലംതെറ്റി മഴ പെയ്യുന്നു, പ്രകൃതിക്ഷോഭം ആരും പ്രതീക്ഷിക്കാതെ വരുന്നു, ഇടിമിന്നൽ ആരും പ്രതീക്ഷിക്കാതെ വരുന്നു, സംഭവിക്കുന്നതൊന്നും ആരും കരുതുന്നതല്ല. ചെന്നൈയിലുണ്ടായ സംഭവങ്ങൾ തന്നെ നമ്മുടെ മുന്നിലുണ്ട്. എന്ത് തരത്തിലുള്ള പ്രതിരോധമാണ് നമുക്കുണ്ടാക്കാൻ കഴിയുന്നത്. കോഴിക്കോട് അഴുക്കുചാലിൽ പെട്ടുപോയ രണ്ട് അന്യസംസ്ഥാന തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ സ്വന്തം ജീവൻ ത്യജിച്ച നൗഷാദ് നമ്മുടെ മുന്നിൽ നിൽക്കുകയാണ്. എന്ത് സുരക്ഷിതത്വമാണ്? മാലിന്യംകൊണ്ട് കുമ്പാരമായി മാറുന്ന നഗരവും പട്ടണവും ഗ്രാമപ്രദേശവും. അഴുക്ക് ചാലുകൾ കുമ്പാരം കൊണ്ടുമൂടുകയാണ്. തമ്പാനൂരിൽ മഴപെയ്തുകഴിഞ്ഞാൽ വെള്ളപ്പൊക്കമാണ്. അങ്ങ് ഒരു പ്രകൃതിസ്നേഹി കൂടിയാണ്. അങ്ങേയ്ക്ക് അറിയാവുന്ന കാര്യമാണ് തമ്പാനൂരിൽ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ, അവിടെയെല്ലാം പൊല്യൂട്ടഡാണ്. വായു മാലിനമായിരിക്കുന്നു, ജലം മാലിന്യംകൊണ്ട് നിറഞ്ഞിരിക്കുന്നു, അന്തരീക്ഷം മാലിന്യവിമുക്തമേയല്ല. വാഹനങ്ങളിൽനിന്നും പുറപ്പെടുന്ന പുക മുതൽ എല്ലാം മാലിന്യവത്ക്കരിക്കപ്പെട്ടിരിക്കുന്നു. മാലിന്യത്തിൽപ്പെട്ട് നിൽക്കുന്ന ജീവിതങ്ങളായി മാറുന്ന കാഴ്ചയിലേയ്ക്ക് നോക്കുമ്പോൾ, ഒരു ജനകീയമുഖം ഈ ബോർഡിനുണ്ടോ? പൊല്യൂഷനെ നിയന്ത്രിക്കുന്ന ഒരു ബോർഡ് എന്ന് പറയുമ്പോൾ അതിന് എന്ത് അർത്ഥമാണ്; സമസ്ത മേഖലകളിലും ഇടപെടാൻ കഴിയുമെന്ന് ഇവിടെ പറഞ്ഞു. ഇവിടെ എൻഫോഴ്സ്മെന്റ് എത്ര ദുർബലമാണ്, നമ്മൾ കാണുന്നതല്ലേ? ഇവിടെ പല ആശുപത്രികളും തുടങ്ങുന്നത് കായലോരത്തിന് സമീപമാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങൾ, റിസോർട്ടുകൾ, ഹോട്ടലുകൾ, സുപ്രധാനമായ ഈ പട്ടണത്തിലെ ആശുപത്രികൾപോലും, അവരുടെ ബയോ

മെഡിക്കൽ മാലിന്യങ്ങൾ തള്ളുന്നത് അങ്ങ് കണ്ടിട്ടുണ്ടാകും. അങ്ങ് ഇതെല്ലാം പഠിക്കുന്ന ആളാണല്ലോ? എത്ര പ്രകൃതി രമണീയമായ കായലാണ് ടി.എസ്. കനാൽ. ആക്കുളം കായൽ എത്ര മനോഹരമായ കായലായിരുന്നു. കുറേ സ്വകാര്യ വ്യക്തികൾ കയ്യടക്കി. അതിന്റെ സമീപത്തായി വന്നുചേരുന്ന മാലിന്യങ്ങൾ സംസ്കരിക്കാനോ മാലിന്യമുക്തമാക്കിയെടുക്കാനോ കഴിയാതെ നമ്മൾ നിൽക്കുകയാണ്. ബോർഡ് എന്നുപറയുമ്പോൾ അതിന്റെ എൻഫോഴ്സ്മെന്റ്, നടത്തിപ്പ്, ഇടപെടാൻ കഴിയത്തക്ക നിലയിലുള്ള ഒരു ജനകീയ മുഖം ഇതിന് ഉണ്ടാക്കിയെടുക്കണ്ടേ? തദ്ദേശഭരണ സ്ഥാപനങ്ങളാണ് ലൈസൻസ് കൊടുക്കുന്നത്. ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും നഗരസഭകൾക്കുമൊന്നും പഴയ അവസ്ഥയല്ല, അധികാരങ്ങളാണ്. ബാർ ലൈസൻസ് കൊടുക്കണമെങ്കിൽ ഒരു തദ്ദേശഭരണ സ്ഥാപനം ശിപാർശ ചെയ്യണമെന്നുണ്ടായിരുന്നു. ഇടയ്ക്ക് അബ്കാരി ആക്ടിൽ ഭേദഗതി വരുത്തി എന്ന് ഞാൻ മനസ്സിലാക്കുന്നു. അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെ/പഞ്ചായത്തിന്റെ എൻ.ഒ.സി. നിർബന്ധമായും വാങ്ങണം. അതിൽ കുറവും കുഴപ്പവുമൊക്കെയുണ്ട്. പഞ്ചായത്തുകളിൽ ആരംഭിക്കുന്ന റിസോർട്ടുകൾ, ഹോട്ടലുകൾ, അറവുശാലകൾ അതുപോലെ വലിയ കെട്ടിടങ്ങൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നുമുള്ള ഖരമാലിന്യങ്ങൾ, ബയോമെഡിക്കൽ വേസ്റ്റ് തുടങ്ങിയ കാര്യങ്ങളെല്ലാം എങ്ങനെ സംസ്കരിക്കപ്പെടുന്നു എന്നതിനെക്കുറിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശോധന നടത്തുന്നുണ്ടോ? അങ്ങനെയൊന്നും പരിശോധിക്കില്ല. സ്റ്റാറ്റ്യൂട്ടറിയായി നിലനിൽക്കുന്ന ഇതെല്ലാം കേവലം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉത്തരവാദിത്വമാണ് എന്നുപറഞ്ഞ് അവരെ മാറ്റിനിർത്തി തദ്ദേശഭരണ സ്ഥാപനങ്ങളും ഗവൺമെന്റും ഒരു ഭാഗത്തും മറ്റ് സ്ഥാപനങ്ങൾ മറ്റൊരു ഭാഗത്തും നിൽക്കുകയാണ്. ജനങ്ങളാണ് ഇതുകൊണ്ട് പൊറുതിമുട്ടുന്നത്. മാലിന്യവത്കരിക്കപ്പെടുന്ന എല്ലാ കാര്യങ്ങളിലും ബോർഡിന് ഇടപെടാം. ഇപ്പോൾ നാട്ടിൽ പ്രവർത്തിക്കുന്ന, പ്രയാസമുണ്ടാക്കുന്ന എല്ലാക്കാര്യങ്ങളിലും ബോർഡിന് ഇടപെടാം. പക്ഷേ ഞാൻ നേരത്തേ പറഞ്ഞത് ഒന്നുകൂടി ആവർത്തിക്കുന്നു. എൻഫോഴ്സ്മെന്റ്, പരിശോധന, അതുപോലെ ഇതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ ഒന്നുംതന്നെ സുതാര്യമല്ല. പരാതികൾ വരുന്നു, പോയി നോക്കുന്നു, പിന്നീടത് പഴയ പടിയാകുന്നു എന്നതാണ് സ്ഥിതി. അതാണ് ഞാൻ ഇവിടെ ഒന്നുരണ്ട് വിഷയങ്ങൾ സൂചിപ്പിച്ചത്. മാലിന്യരഹിതമായിട്ടുള്ള ഒരു ഗ്രാമം/പ്രദേശം/നഗരം രൂപപ്പെടുത്തിയെടുക്കണമെങ്കിൽ അതനുസരിച്ച് ഒരു മാസ്റ്റർപ്ലാൻ വേണം. ഇവിടെ ഫ്ലാറ്റുകൾ

നിർമ്മിക്കുന്ന കാര്യം അങ്ങേക്ക് അറിയാവുന്നതാണല്ലോ; ഫ്ലാറ്റുകളിലേയ്ക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം കൊടുക്കുകയാണ്. പല സന്ദർഭങ്ങളിലും നാട്ടിൽ കുടിവെള്ളക്ഷാമം ഉണ്ടാകുന്നത് അന്വേഷിച്ച് ചെല്ലുമ്പോൾ ഈ വെള്ളം ഊറ്റിയെടുത്ത് വലിയ ടാങ്കുകളിൽ സംഭരിച്ച് ഫ്ലാറ്റുകളിലുള്ള ആളുകൾക്ക് ഉപയോഗിക്കാൻ കൊടുക്കുന്നതിനെത്തുടർന്നുണ്ടാകുന്ന പ്രശ്നങ്ങൾ നമ്മുടെ മുന്നിലുണ്ട്. അത് വേറൊരു വിഷയം. പക്ഷേ അവിടെ വസിക്കുന്ന ആളുകൾ പുറത്തേയ്ക്ക് തള്ളുന്ന വേസ്റ്റുകൾ എവിടെയാണ് സംസ്കരിക്കപ്പെടുന്നത്? അങ്ങനെ സംസ്കരിക്കുന്ന കാര്യം പറയുമ്പോൾ അതിന് മുനിസിപ്പൽ നിയമമുണ്ട്, പഞ്ചായത്തിന് നിയമമുണ്ട്, കോർപ്പറേഷന് നിയമമുണ്ട് എന്നുപറയുന്നു. പക്ഷേ ആ നിയമം ആര് നടപ്പിലാക്കും? ഇതെല്ലാം തുടർ പരിശോധന നടത്താനും ജലവും വായുവും മാലിന്യവിമുക്തമാക്കി മാറ്റാനുമുള്ള വിഷയങ്ങളിൽ നമുക്ക് ഇടപെടണ്ടേ? ഇപ്പോൾ മൊബൈൽ ടവറുകൾ സൃഷ്ടിക്കുന്ന വലിയ മാലിന്യപ്രശ്നമുണ്ടല്ലോ; അതിനെ സംബന്ധിച്ച് ആധികാരികമായി പറയുന്നു, മൊബൈൽ ടവറിൽ നിന്നും വികേന്ദ്രീകരിക്കപ്പെടുന്ന കിരണങ്ങൾ ആരോഗ്യപ്രശ്നം ഉണ്ടാക്കുന്നില്ലെന്നും ഉണ്ടാക്കുന്നുവെന്നുമൊക്കെയുള്ള അഭിപ്രായങ്ങൾ വരുന്നുണ്ട്. ബാറ്ററി, ഇലക്ട്രോണിക്സ് സാധനങ്ങൾ എന്നിവ വഴി മാലിന്യങ്ങളുണ്ടാകുന്നു. പ്ലാസ്റ്റിക്കിനെക്കുറിച്ച് അറിയാമല്ലോ; നഗരത്തിലെ ഓടകളിൽ പ്ലാസ്റ്റിക് കുപ്പികളും പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കുന്ന മറ്റു സാധനങ്ങളും വലിച്ചെറിയുന്നതാണ് പലപ്പോഴും വെള്ളപ്പൊക്കത്തിനുതന്നെ കാരണമാകുന്നതെന്ന് നമ്മൾ കാണുകയാണ്.ശാസ്ത്രീയമായ രൂപത്തിൽ ഇതിന്റെയെല്ലാം തുടർപ്രവർത്തനങ്ങളിൽ ഇടപെടാനും മാറ്റിയെടുക്കാനും പറ്റുന്ന നിലയിൽ ബോർഡിന്റെ പ്രവർത്തനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തിയെടുക്കാൻ കഴിയണം. അങ്ങനെ കഴിയണമെങ്കിൽ അതിന് പറ്റുന്ന നിലയിലുള്ള സംവിധാനങ്ങളുണ്ടാകണം.

ഏതാണ്ട് 166-ഓളം വരുന്ന ഒഴിവുകൾ അവിടെ ഉണ്ടെന്നാണ് മനസ്സിലാക്കുന്നത്. സ്വന്തമായി ഒരു ആസ്ഥാനമോ ആവശ്യമായ സൗകര്യങ്ങളോ ഈ ബോർഡിന് തലസ്ഥാനത്തോ നമ്മുടെ സംസ്ഥാനത്തോ ഉണ്ടോയെന്ന് എനിക്കറിയില്ല. പട്ടത്ത് അതിന്റെ ഓഫീസ് പ്രവർത്തിക്കുന്നുവെന്ന് അറിയുന്നു. വാഹനങ്ങൾ, ഉദ്യോഗസ്ഥന്മാർ, ശാസ്ത്രജ്ഞൻമാർ അവരെ സഹായിക്കേണ്ടുന്ന അനുബന്ധ സൗകര്യങ്ങൾ, ജില്ലകളിലും അതുപോലെതന്നെ റീജിയണൽ ഓഫീസുകളിലുമൊക്കെയായി വിന്യസിച്ച് ഇതിൽ പറയപ്പെടുന്നതുപോലെയുള്ള കാര്യങ്ങൾ ചെയ്യാൻ പറ്റുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചട്ടങ്ങളും നിയമങ്ങളും 1981-ൽ

ഉണ്ടാക്കിയതാണ്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് 1986-ൽ ഒരു നിയമം ഉണ്ടാക്കിയിട്ടുണ്ട്. ശബ്ദമലിനീകരണം സംബന്ധിച്ച് 2000-ൽ ചട്ടം ഉണ്ടാക്കിയിട്ടുണ്ട്. 2011-ൽ പ്ലാസ്റ്റിക്കുകൾ കൈകാര്യം ചെയ്യുന്നതും അതിന്റെ വേസ്റ്റുകൾ ഉണ്ടാക്കുന്ന മാലിന്യപ്രശ്നങ്ങളും അത് നശിപ്പിക്കുന്നതും സംബന്ധിച്ച് പ്രത്യേകം ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പക്ഷേ ഈ നിയമങ്ങളും ചട്ടങ്ങളും നിലനിൽക്കുന്നുവെങ്കിലും അത് പ്രായോഗികമായി പ്രവൃത്തിപഥത്തിലേയ്ക്ക് കൊണ്ടുവരാനും നടപ്പിലാക്കാനും ആവശ്യമായ നിയന്ത്രണവും ക്രമീകരണവും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കണം. തദ്ദേശഭരണ സ്ഥാപനങ്ങൾ ഭരണഘടനാ ഭേദഗതിയിലൂടെ വന്നിട്ടുള്ളവയാണ്. ഭരണഘടനയുടെ 73, 74 എന്നീ ഭേദഗതികളിലൂടെ വന്നതാണ് പഞ്ചായത്തീരാജ് സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും നഗരസഭയും. അവരുമായി ചേർന്നു കൊണ്ടുള്ള ഒരു ഏകോപിതമായ പ്രവർത്തനത്തിന് ഊന്നൽ കൊടുക്കാനും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്താനും കഴിയണം.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, അങ്ങ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഒരു വലിയ പ്രശ്നത്തെ ചൂണ്ടിക്കാണിക്കുകയാണ്. ഗുരുവായൂർ നഗരസഭ മലിനീകരണപ്രശ്നം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട നഗരസഭകളിൽ ഒന്നാണ്. അവിടെ താമസിക്കുന്നയാളുകൾ ഉണ്ടാക്കുന്ന മാലിന്യങ്ങളല്ല; ഓരോ വർഷവും അവിടെ വന്നുകൊണ്ടിരിക്കുന്ന കോടിക്കണക്കിന് തീർത്ഥാടകർമൂലം ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കുക എന്നത് ഒരു നഗരസഭയുടെ മാത്രം ഉത്തരവാദിത്വമായിട്ടാണ് എപ്പോഴും കാണുന്നത്. നമ്മുടെ സംസ്ഥാന ഭരണ സംവിധാനത്തിൽ ഇത്തരത്തിൽ അധിക ജോലികൾ ചെയ്യുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, അത് ഗുരുവായൂർ മാത്രമാകണമെന്നില്ല, ശബരിമല പോലെയുള്ള വലിയ തീർത്ഥാടന കേന്ദ്രങ്ങളുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായ ഒരു ഗ്രാന്റ് അനുവദിക്കണമെന്ന ആവശ്യത്തോട് അങ്ങ് എങ്ങനെയാണ് പ്രതികരിക്കുന്നത്?

<u>ശ്രീ. ബി. സത്യൻ</u>: സർ, അത് വേണം. ഗുരുവായൂർ മാത്രമല്ല ശബരിമലയിലും നാം കണ്ടതാണ്. ശബരിമലയിലെ കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണല്ലോ; ഞാൻ അതിലേക്ക് പോകുന്നില്ല. അങ്ങനെയുള്ള അതീവ ശ്രദ്ധ വരേണ്ട കേന്ദ്രങ്ങൾ സംരക്ഷിക്കാനും അവിടെ പൊല്യൂട്ടഡ് ആകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. അവിടെ ജലം, വെള്ളം, വായു എന്നിവയെല്ലാം പൊല്യൂട്ടഡ് ആകുകയാണ്. അങ്ങനെയുള്ള സീസണുകളിൽ ശബരിമലയിലും

ഗുരുവായൂരിലുംപോലുള്ള കേന്ദ്രങ്ങളിലേയ്ക്ക് ഈ പൊല്യൂഷൻ കൺട്രോൾ ബോർഡിന് തന്നെ എന്തുകൊണ്ട് ഔട്ട്ലെറ്റ് ഓപ്പൺ ചെയ്തുകൂടാ? ഞാൻ അവസാനിപ്പിക്കുകയാണ്. ആ നിലയിൽ വരണം. ഇതെല്ലാം പരിശോധിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കേന്ദ്രമുണ്ടെന്നു പറയുന്നു. പക്ഷേ അതിന്റെ ഹെഡ് ഓഫീസ് ഉണ്ടായിട്ട് കാര്യമില്ല, ജില്ലകളിലുണ്ടാകണം. ഏറ്റവും മലീമസമാകാൻ പോകുന്ന സ്ഥലങ്ങളിൽ ഇനിയെങ്കിലും അതുസംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാട് ബോർഡിന് ഉണ്ടാകണം.അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കേവലം പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയുള്ള നിയമനം കൊണ്ടുമാത്രം പരിഹരിക്കപ്പെടുന്ന വിഷയമല്ല എന്നുള്ളതുകൊണ്ട് ഈ വിഷയത്തിലുള്ള എന്റെ ഡിസെന്റ് രേഖപ്പെടുത്തുന്നു.

2.27 pm]

<u>ശ്രീ. കെ. അജിത്</u>: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. മലിനീകരണ നിയന്ത്രണ ബോർഡ് കേരളത്തിൽ പ്രവർത്തിക്കുന്നു എന്നുള്ളതുതന്നെ വളരെ അത്ഭുതകരമാണ്. നമുക്ക് അത് അറിയാൻ കഴിയില്ല. കേരളത്തിലെ മലിനീകരണം ഇന്ന് വലിയ ചർച്ചാ വിഷയമായി ക്കൊണ്ടിരിക്കുകയാണ്. നഗരങ്ങൾ മുഴുവൻ മാലിന്യക്കൂമ്പാരങ്ങൾ കൊണ്ടിടുന്നു. ഗ്രാമപ്രദേശങ്ങളും അതിന്റെ ചുവടുപിടിച്ച് മുന്നോട്ടുപോയി ക്കൊണ്ടിരിക്കുന്നു. മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നുവെന്നതിൽ ഞങ്ങൾക്ക് യാതൊരു എതിർപ്പുമില്ല. പക്ഷേ ബോർഡിന്റെ പ്രവർത്തനത്തിലുള്ള ബുദ്ധിമുട്ടുകളും അതുമായി ബന്ധപ്പെട്ടുള്ള ചില വിഷയങ്ങളുമാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ മലിനീകരണ നിയന്ത്രണ ബോർഡ് ഇപ്പോൾ വലിയ ബുദ്ധിമുട്ടിലാണ്. നഗരങ്ങളിലുണ്ടാകുന്ന വ്യവസായശാലകൾ ഉൾപ്പെടെയുള്ള ചെറുതും വലുതുമായ എല്ലാ ആവശ്യങ്ങൾക്കും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുവാദം വേണം. പക്ഷേ വർഷങ്ങളോളം കെട്ടിക്കിടന്നാലും അനുവാദം ലഭിക്കുന്നില്ലെന്നത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പൊതുവിഷയമായി സൂചിപ്പിക്കുകയാണ്. പൊതുശ്മശാനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഒരു നിർണ്ണയത്തിൽ എത്തുമ്പോൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് ആവശ്യമായി വരും. പലപ്പോഴും ഉദ്യോഗസ്ഥന്മാരുടെ അപര്യാപ്തതമൂലവും അതുമായി ബന്ധപ്പെട്ട് വരുന്ന പ്രശ്നങ്ങളുമൊക്കെ ഞങ്ങളെപ്പോലെയുള്ള ജനപ്രതിനിധികൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഉണ്ടാകുന്നുണ്ട്.

കേരളത്തിൽ ഏതാണ്ട് മൂന്നരക്കോടിയോളം ജനങ്ങൾ കുടിവെള്ളത്തിന് ആശ്രയിക്കുന്നത് നദികളെയാണ്. നമ്മുടെ 44 നദികൾ ഇന്ന് പൂർണ്ണമായി മലിനീകരണംകൊണ്ട് മരണാവസ്ഥയിലെത്തിയിരിക്കുകയാണ്. കേരളത്തിലെ ഏറ്റവും വലിയ കായലായ വേമ്പനാട് കായൽ ഇന്ന് മാലിന്യക്കൂമ്പാരമായിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഉത്ഭവസമയത്ത് 36400 ഹെക്ടർ വിസ്തീർണ്ണമുണ്ടായിരുന്ന വേമ്പനാട് കായൽ ഇന്ന് 12204 ഹെക്ടറായി ചുരുങ്ങി എന്നാണ് അതിനെക്കുറിച്ചുള്ള പഠനം റിപ്പോർട്ട് കാണിക്കുന്നത്. വേമ്പനാട് കായലിലെ 100 മില്ലിലിറ്റർ ജലത്തിൽ 3500 കോളിഫോം ബാക്ടീരിയകളുണ്ടെന്ന് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഒരു ദിവസം കൊച്ചിനഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഏതാണ്ട് 25 ലക്ഷം കോടി ലിറ്റർ മലിനജലം വേമ്പനാട് കായലിലും അനുബന്ധ കായലിലും എത്തിച്ചേരുന്നു. മൂവാറ്റുപുഴ, മീനച്ചിൽ, പമ്പ, അച്ചൻകോവിൽ എന്നീ ആറുകളിലൂടെയൊക്കെ ഒഴുകിയെത്തുന്ന മാലിന്യങ്ങൾ ഇന്ന് വേമ്പനാട് കായലിനെ മരണത്തിന്റെ പടുകുഴിയിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കുട്ടനാട് മേഖലയിലെയും അപ്പർ കുട്ടനാട് മേഖലയിലെയുമൊക്കെ കാർഷിക ഇടങ്ങളിൽ വരുന്ന ഏതാണ്ട് 600 ടൺ രാസമാലിന്യങ്ങൾ ഇന്ന് വേമ്പനാട് കായലിൽ എത്തിപ്പെടുകയാണ്. വേമ്പനാട് കായലിൽ 162 ഇനം മൽസ്യങ്ങൾ ഉണ്ടായിരുന്നത് ഇന്ന് 61 ഇനം മൽസ്യങ്ങളായി ചുരുങ്ങിയിരിക്കുകയാണ്. എല്ലാം വലിയ വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. കരിമീൻ ഉൾപ്പെടെയുള്ള മൽസ്യങ്ങൾ വേമ്പനാട് കായലിൽ ഇല്ലാതായി വരികയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കക്ക ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലാണ്. 97 ശതമാനം കക്ക വേമ്പനാട് കായലിൽ നിന്നുമാണ് ലഭിക്കുന്നത്. ഇന്ന് അനിയന്ത്രിതമായിട്ടുള്ള മാലിന്യപ്രശ്നങ്ങളും ഖനനവുമെല്ലാം കക്ക ഉൾപ്പെടെയുള്ള ജീവജാലങ്ങളെ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. കായലിന്റെയും മറ്റും സമീപവാസികളായി ജീവിക്കുന്ന എറണാകുളം, ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിലെ ജനങ്ങൾക്ക് കാൻസർ പടർന്നുപിടിച്ചു കൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ആറ് പഞ്ചായത്തുകളിൽ വ്യാപകമായി കാൻസർ പടർന്നുപിടിച്ചിരിക്കുകയാണ്. ചേർത്തലയിലും ആലപ്പുഴയും കുട്ടനാട്ടിലുമൊക്കെ ഇത് വലിയ ചർച്ചാവിഷയമായി കൊണ്ടിരിക്കുകയാണ്. വേമ്പനാട് കായലിൽ നിന്നുൾപ്പെടെയുള്ള മാലിന്യക്കൂമ്പാരങ്ങളിൽ നിന്നുള്ള ദുരന്തങ്ങളാണ് കാൻസറിലേയ്ക്ക് കൊണ്ടു ചെന്നെത്തിച്ചിരിക്കുന്നത്. ഒരു വീട്ടിൽ രണ്ടുപേർക്ക് കാൻസർ വരുന്ന അവസ്ഥയിലേക്ക് ഭയാനകമായ ദുരന്തമായി മാറിയിരിക്കുകയാണ്. നമുക്കറിയാം, നമ്മുടെ വഴിയോരങ്ങൾ മുഴുവൻ മാലിന്യക്കൂമ്പാരങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്. മനുഷ്യർ അവരുടെ ദൈനംദിന ആവശ്യം കഴിഞ്ഞുവരുന്ന എല്ലാ വേസ്റ്റുകളും അവിടെ ഉപേക്ഷിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട മെമ്പർ, വേമ്പനാട് കായലിലെ മാലിന്യത്തെക്കുറിച്ചും കായൽ നശിച്ചുപോകുന്നതിനെക്കുറിച്ചും സംസാരിക്കുന്നത് വളരെ ശരിയായ ഒരു വസ്തുതയാണ്. വേമ്പനാട് കായലും ശാസ്താംകോട്ട കായലും അഷ്ടമുടി കായലും ഐക്യരാഷ്ട്രസഭ സംരക്ഷിക്കാൻ തീരുമാനിച്ച രാംസർ സൈറ്റുകളെന്ന് അറിയപ്പെടുന്ന ഇനത്തിൽപ്പെട്ട മൂന്ന് ജലാശയങ്ങളാണ്. ആ മൂന്ന് ജലാശയങ്ങളിൽ അദ്ദേഹം പറഞ്ഞതുപോലെ ഏറ്റവും വലിയ കായലാണ് വേമ്പനാട് കായൽ. കേരളത്തിലെ 44 നദികളിൽ അനേകം നദികൾ വന്നുചേരുന്നത് വേമ്പനാട് കായലിലാണ്. അതിന്റെ നാശത്തെക്കുറിച്ചും അത് രാംസർ സൈറ്റിൽ ഉൾപ്പെട്ടതാണെന്നതുസംബന്ധിച്ചും ഐക്യരാഷ്ട്രസഭ സംരക്ഷിക്കണമെന്ന് തീരുമാനിക്കപ്പെട്ട ജലാശയങ്ങളിൽ ഒന്നാണെന്നതുമായ വിവരം അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കെ. അജിത്: സർ, തീർച്ചയായും ഉണ്ട്. ഞാൻ പറഞ്ഞുവരുന്നത് അതുതന്നെയാണ്.ഇത് സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം പൊതുസമൂഹത്തിനുണ്ട്. പൊതുസമൂഹം ഇതിൽ നിന്നും മാറിനിൽക്കുകയാണ്. അദ്ദേഹം സൂചിപ്പിച്ചതുപോലെ, ഈ നദികളെല്ലാം വന്നുചേരുന്നത് വേമ്പനാട് കായലിലേയ്ക്കാണ്. വേമ്പനാട് കായലിന്റെ ആവാസ വ്യവസ്ഥയിലുണ്ടായ മാറ്റം പ്രകൃതിദുരന്തങ്ങൾക്ക് തുല്യമായ രീതിയിൽ അവിടെയുള്ള മനുഷ്യ-ജീവജാലങ്ങളിലേയ്ക്ക് ബാധിച്ചിരിക്കുകയാണ്. ഇതിന്റെ വലിയൊരു അപകടം വരാൻ പോകുന്ന തലമുറ ഏറ്റുവാങ്ങാൻ പോകുകയാണ്. ഇപ്പോൾതന്നെ കുട്ടനാട് പ്രദേശത്തെ രാസമാലിന്യങ്ങളുടെ കെടുതി അവിടുത്തെ ജനങ്ങളിൽ വന്നുഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ വഴിയോരങ്ങളിലുണ്ടാകുന്ന വിഷയങ്ങൾ ഇവിടെ സൂചിപ്പിച്ചു. നമ്മുടെ നാഷണൽ ഹൈവേയിൽക്കൂടി.........

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദാണ് ഈ ബില്ലിന്റെ മന്ത്രിയെന്നാണ് എന്റെ വിശ്വാസം. അദ്ദേഹത്തിന്റെ ദീർഘകാല രാഷ്ട്രീയ അനുഭവങ്ങളും കാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള കഴിവുംവച്ച് എന്തെങ്കിലും ഗുണങ്ങൾ ഉണ്ടാകട്ടെ. ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് ചോദിക്കാനുള്ളത്, പരസ്പര വിരുദ്ധങ്ങളായ ലക്ഷ്യങ്ങളുള്ള ഒരു ഗവൺമെന്റിലെ പല മന്ത്രിമാരും യാതൊരുതരത്തിലുമുള്ള ദീർഘവീക്ഷണവും ഇല്ലാതെ മലിനീകരണം സൃഷ്ടിക്കുന്ന നിയമങ്ങൾ ഇവിടെ പാസ്സാക്കിക്കൊണ്ടിരിക്കുകയാണ്. വേമ്പനാട് കായലിലെ സീപ്ലെയിനിന്റെ മഹാത്മ്യത്തെക്കുറിച്ച് ഒരു മന്ത്രി ഇന്നലെ സംസാരിച്ചു. അദ്ദേഹം അവിടെ താമസിക്കുന്ന ആൾകൂടിയല്ല. അവിടെ കരിമീനോ വല്ലതും കഴിക്കാൻ വന്നിട്ടുള്ളതല്ലാതെ ആ ഭാഗവുമായി യാതൊരു ബന്ധവുമില്ല. ഞങ്ങളൊക്കെ അവിടെ ഉള്ളവരാണ്. ഞങ്ങളൊക്കെ അതിനെ എതിർക്കുകയാണ്. കാരണം, അവിടെ പൊല്യൂഷനുണ്ടാകുമെന്നത് ഉറപ്പായ കാര്യമാണ്. നല്ല യുക്തിബോധമുണ്ടെന്ന്

കരുതിയ നമ്മുടെ നഗരകാര്യ വകുപ്പുമന്ത്രി പറയുന്നത്, ഫ്ലാറ്റുകൾ ഉയർന്നുവന്നുകൊണ്ടേയിരിക്കണം എന്നാണ്. ഫ്ലാറ്റുകൾ കൂടുമ്പോൾ പ്രകൃതിദുരന്തം ഉണ്ടാകുന്നവരെയൊക്കെ താമസിപ്പിക്കാൻ പറ്റുമെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. ഫ്ലാറ്റുകൾ ഉണ്ടാകുമ്പോൾ വരുന്ന പരിസര മലിനീകരണത്തെപ്പറ്റി അങ്ങേയ്ക്ക് അറിയാമോ; ഞാൻ ഈ നിയമസഭയിൽ ശക്തിയായി എതിർത്തതാണ്, ഓരോ വിഷയത്തിനും സർവ്വകലാശാല എന്ന് പറയുന്നത് സർവ്വകലാശാല എന്ന കൺസെപ്റ്റിനുതന്നെ എതിരാണ്. എന്തെങ്കിലും ആയിക്കോട്ടെ. എഞ്ചിനീയറിംഗിന് - ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി. അവിടെല്ലാം ചോദ്യപ്പേപ്പറുകൾ ടെണ്ടർ ചെയ്ത് കൊടുക്കുകയാണ്. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ ലക്ഷ്യങ്ങളുള്ള, വൈജ്ഞാനികമായ മലിനീകരണവും പരിസര മലിനീകരണവും സൃഷ്ടിക്കുന്ന ചില നിയമങ്ങൾ അപ്പം ചുടുന്നതുപോലെ ചുട്ടെടുത്തുകൊണ്ടിരിക്കുന്ന ഈ സഭയിൽ, ആലപ്പുഴക്കാരനായ ഞാൻ അവിടുത്തെ മലിനീകരണത്തെക്കുറിച്ച് കൂടുതൽ പറയുന്നില്ല. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന് എന്തെങ്കിലും നന്മ മനസ്സിലുണ്ടെങ്കിൽ അദ്ദേഹത്തിന് രക്ഷയുണ്ടാകുമെന്നല്ലാതെ ഈ സർക്കാർ പരിസര മലിനീകരണം തടയുമെന്ന് എന്തെങ്കിലും പ്രതീക്ഷ അങ്ങേയ്ക്കുണ്ടോ; അവരുടെ സമീപനം പരസ്പരവിരുദ്ധമാണ്.

<u>ശ്രീ. കെ. അജിത്:</u> സർ, യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം രാഷ്ട്രീയ മലിനീകരണം ഉണ്ടായിരിക്കുകയാണ്. പത്രമാധ്യമങ്ങൾ തുറന്നുനോക്കാൻ കഴിയാത്ത തരത്തിലേയ്ക്ക്, രാഷ്ട്രീയ മാലിന്യങ്ങൾ കുമ്പാരമായി യു.ഡി.എഫ്.ലേയ്ക്ക് കടന്നുകൂടിയിരിക്കുകയാണ്. ഇപ്പോൾ പത്രമാധ്യമങ്ങളിൽ ഒന്നും ചർച്ച ചെയ്യാൻ പറ്റുന്നില്ല. അവിടെ മുഴുവൻ സരിത എസ്. നായരും ബിജു രാധാകൃഷ്ണനും സോളാറുമൊക്കെയാണ് ചർച്ചാ വിഷയങ്ങൾ. ഇവരെല്ലാം ഒരു കാലഘട്ടത്തിൽ ഇവരുടെ വലിയ കൂട്ടുകാരായിരുന്നു. എന്തുകൊണ്ടാണ് ഇപ്പോൾ അവർ എതിരായത്.? ആ വിഷയത്തിലേയ്ക്ക് പോകുന്നില്ല. രാഷ്ട്രീയ മാലിന്യങ്ങൾ കൂടി ഈ കാലഘട്ടത്തിൽ നീക്കം ചെയ്യണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

ഞാൻ സൂചിപ്പിച്ചുവന്ന വിഷയം, നമ്മുടെ നാഷണൽ ഹൈവേയിൽ കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ യാത്ര ചെയ്താൽ 500 - 1000 പട്ടികൾ വണ്ടിയിടിച്ച് മരിച്ച്, വീർത്ത്, ചീഞ്ഞ് കിടക്കുന്നത് കാണാം. പട്ടിയെ കൊല്ലാനോ പട്ടിയെ എന്തെങ്കിലും ചെയ്യാനോ നമ്മുടെ നാട്ടിലെ നിയമം നമ്മളെ അനുവദിക്കുന്നില്ല. ഈ വീർത്തുകിടക്കുന്ന പട്ടികളെല്ലാം പരിസര മലിനീകരണം ഉണ്ടാക്കുന്നു. ആരാണ് ഇതിന് ഉത്തരവാദി; ആര് എടുത്ത് മാറ്റും? ജനങ്ങൾ ചൂണ്ടുന്നത് പഞ്ചായത്തുകാരെയാണ്. പഞ്ചായത്തുകാർ ഗവൺമെന്റിനെയാണ്

ച്ചുണ്ടുന്നത്. വഴിയാത്രക്കാർക്ക് നടക്കാൻ ബുദ്ധിമുട്ടാണ്. അതിലൂടെ ഉണ്ടാകുന്ന മാലിന്യങ്ങൾക്കും രോഗങ്ങൾക്കും പരിഹാരം കണ്ടെത്താൻ എന്ത് നിയന്ത്രണമാണ് നമുക്കുള്ളത്; അതിന് എന്ത് പോംവഴിയാണ് നമുക്കുള്ളത്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പട്ടി ചത്ത് വഴിയിൽ കിടക്കുന്നത് സംസ്കരിക്കുന്നത് നഗരസഭ ചെയ്യട്ടെ അല്ലെങ്കിൽ പഞ്ചായത്ത് ചെയ്യട്ടെ എന്ന പൊതുബോധത്തിൽ യഥാർത്ഥത്തിൽ ഒരു മാറ്റമുണ്ടാകേണ്ടതല്ലേ. കാരണം, പൗരന് ഒരു ഉത്തവാദിത്തബോധമുണ്ടെങ്കിൽ ആരെങ്കിലും വന്ന് ചെയ്യട്ടെ, ഞങ്ങൾക്ക് ബാധ്യതയില്ലെന്ന നിലപാടിലേയ്ക്ക് പോകുമോ?

ശ്രീ. കെ. അജിത്: സർ, ഞാൻ സൂചിപ്പിച്ചുവന്നത് അതാണ്. അത് പൊതുസമൂഹം ഏറ്റെടുക്കേണ്ട ഒരു വിഷയമാണ്. അതിന് നിമയനിർമ്മാണത്തിലൂടെയോ അല്ലെങ്കിൽ ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഭാഗമായോ ഒരു സംവിധാനം ഉണ്ടാകണം. കാരണം, രാജ്യം മുഴുവൻ ഇങ്ങനെ ദുർഗന്ധം വമിപ്പിക്കുന്ന ഒരവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഈ മാലിന്യക്കൂമ്പാരത്തോടൊപ്പം നമ്മുടെ മുന്നിലുള്ള മറ്റൊരു വിഷയമാണ് ഇ-വേസ്റ്റുകൾ. ഇന്ന് വീടുകളെല്ലാംതന്നെ പൊടികൂമ്പാരങ്ങളുടെ ഭാഗമായി വരുകയാണ്. എല്ലാ വീടുകളിലും ആയിരക്കണക്കിന് രൂപയുടെ കളിക്കോപ്പുകളും ഇലക്ട്രോണിക്സ് ഉപകരണങ്ങളുമൊക്കെ വാങ്ങിച്ചു വച്ചിട്ട് അത് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. അത് പഴയതായിക്കഴിഞ്ഞാൽ എടുത്തുകളയാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. വർഷങ്ങൾക്ക് മുമ്പ് ഇവിടെ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി, ഇതെല്ലാംകൂടി വാരിക്കെട്ടി ഹൈദരാബാദിന് കൊണ്ടു പോകുമെന്ന്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും കളക്ട് ചെയ്യുമെന്നും വീട്ടുകാർ അവിടെ കൊടുത്താൽ മതിയെന്നും അതിന് ഇത്ര രൂപാ വീതം നൽകുമെന്നും പറഞ്ഞു. പക്ഷെ ആ പദ്ധതികൾ എങ്ങും എത്തിയിട്ടില്ലെ ന്നതാണ് യാഥാർത്ഥ്യം. അത് ഇന്നും കേരളത്തിലെ ഭരണ സംവിധാനത്തിൽ ഒതുങ്ങി നിൽക്കുകയാണ്. അതിനെക്കുറിച്ച് ഒരു പുനർചിന്തനം നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ ആവശ്യമായ ജീവനക്കാരുടെ പോരായ്മയും ഞാൻ ആദ്യംതന്നെ സൂചിപ്പിച്ചു. അതും വലിയ വിഷയമാണ്. അത് ഉണ്ടാകാനുള്ള നടപടിക്രമങ്ങളിലേയ്ക്ക് വരണം. ഇ-വേസ്റ്റ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കണം. മനുഷ്യവിസർജ്ജ്യങ്ങൾ

ഗ്രാമപ്രദേശങ്ങളിലെ തോടുകളിലും വയലുകളിലും ചതുപ്പുകളിലും കൊണ്ടിടുന്ന ഒരു പ്രവണത കേരളത്തിലുണ്ട്. എറണാകുളം നഗരത്തിലേത് കോട്ടയം നഗരത്തിലും കോട്ടയം നഗരത്തിലേത് എറണാകുളം നഗരത്തിലും കൊണ്ടിടുന്നു. ആലപ്പുഴയിലേത് കൊല്ലത്തും കൊല്ലത്തേത് ആലപ്പുഴയിലും കൊണ്ടിടുന്നു. അങ്ങനെയൊരു അവസ്ഥയിലേക്ക് പോകുന്നു. കർക്കശമായ നിയമങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടെന്ന് പറയപ്പെടുന്നു. നിയമം ആരാണ് പാലിക്കപ്പെടാതെ പോകുന്നത്; ആരാണ് നിയമം നടപ്പാക്കേണ്ടത്; ഇതിന്റെ നടപടിക്രമങ്ങൾ എന്താണ്? അങ്ങനെ മാലിന്യം കൊണ്ടുവരുന്ന ആളുകളെ, വാഹനത്തെ പിടിച്ചുകഴിഞ്ഞാൽ രാഷ്ട്രീയ സമ്മർദ്ദ ഇടപെടലുകളിലൂടെ അവർ രക്ഷപെടുന്നു. ഒരു വലിയ മാഫിയാ സംഘമാണ് ഈ മാലിന്യങ്ങൾ കൊണ്ടിടുന്നത്. അത് പലപ്പോഴും ഗ്രാമപ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളിലാണ് കൊണ്ടിടുന്നത്. അത് പരിസ്ഥിതിക്കും പ്രശ്നമാണ്. അതിന്റെ ദോഷങ്ങൾ പലപ്പോഴും ഏറ്റുവാങ്ങുന്നത് പാവപ്പെട്ട പഞ്ചായത്ത് മെമ്പറാണ്. നേരം വെളുക്കുന്നതുവരെ അതിന് കാവലിരിക്കുകയെന്നത് പഞ്ചായത്ത് മെമ്പറുടെ ഉത്തരവാദിത്വമാണ്. കാവൽ നിന്നു കഴിഞ്ഞ് നാട്ടിൽ ആർക്കെങ്കിലും പൈസ കൊടുത്ത് അത് മാറ്റിക്കുന്നതും പഞ്ചായത്ത് മെമ്പറാണ്. ഇതിന് ഒരു പഞ്ചായത്ത് മെമ്പർക്ക് ഏറ്റവും കുറഞ്ഞത് 15,000 രൂപ ചെലവാകും. ഇതിലെല്ലാം കർക്കശമായ നടപടിക്രമങ്ങളും നിയമങ്ങളും വരണം. ഫ്ലാറ്റിൽ ജീവിക്കുന്ന ആകാശ ജീവികളെ ഇവിടെ സൂചിപ്പിച്ചു, നമ്മുടെ നാട്ടിൽ മാലിന്യങ്ങൾ കൊണ്ടിടുന്ന പ്രധാന കക്ഷികൾ അവരാണ്. അവരെ നിയന്ത്രിക്കാൻ ഇവിടെ ഫ്ലാറ്റ് നിർമ്മിക്കുമ്പോൾ അതിനകത്ത് നിയമങ്ങൾ വരുന്നു, ഫയർ എഞ്ചിൻ പോകാനുള്ള നിയമങ്ങൾ വേണമെന്നും വേണ്ടെന്നും പറയുന്നു, അങ്ങനെയുള്ള തർക്കങ്ങൾ നടക്കുന്നു. പക്ഷെ, ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ അവിടെ ആവശ്യമായ മാലിന്യ സംസ്കരണ പദ്ധതികൾ ഉണ്ടാകണമെന്നതിനെക്കുറിച്ച് കർക്കശം പിടിക്കുന്നില്ല എന്നതും, കേരളത്തിൽ വീട് പണിയാൻ പോകുന്നയാൾ വീട് പണിതുകൊണ്ടിരിക്കുമ്പോൾ തന്നെ കാർ പോർച്ച് പണിയുകയാണ്. എത്രയോ വർഷങ്ങൾക്ക് ശേഷമായിരിക്കും അയാൾ കാർ വാങ്ങിക്കുക. പക്ഷെ വീട് പണിയുന്ന സമയത്ത് കാർ പോർച്ച് പണിയുകയാണ്. കേരളത്തിലെ നിയമങ്ങളിലൂടെ നമുക്ക് വീടുകൾ നിർമ്മിക്കുമ്പോൾ സമ്പൂർണ്ണമായി അവിടൊരു മാലിന്യ സംസ്കരണ പ്ലാന്റ് നിർബന്ധമായും ഉണ്ടാകണം. ഇല്ലെങ്കിൽ ബിൽഡിംഗ് പെർമിറ്റ് കൊടുക്കില്ലെന്ന കർക്കശമായ നിയമം കൊണ്ടുവന്നാൽ നമ്മുടെ നാട്ടിലെ മാലിന്യ പ്രശ്നത്തിന് വലിയൊരു പരിഹാരമാകും. നമ്മുടെ മാലിന്യങ്ങളെല്ലാം വാല്യുബിൾ പ്രോഡക്ട്സാണ്. കൃത്യമായി അതിനെ

ഉപയോഗിച്ചുകഴിഞ്ഞാൽ അത് വരുമാന മാർഗ്ഗങ്ങളാണ്. അതിനെ ആ രൂപത്തിൽ ഉപയോഗിക്കുന്ന എൻ.ജി.ഒ.-കൾ നാട്ടിലുണ്ട്. അവരെ കേന്ദ്രീകരിച്ച് അവരുടെ സഹായ സഹകരണത്തോടുകൂടി അതിനാവശ്യമായ സാമ്പത്തിക സഹായംകൂടി കൊടുത്തുഴിഞ്ഞാൽ ഇതിനെ നമുക്ക് കൃത്യമായി ഉപയോഗിക്കാൻ കഴിയുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

2.40 pm]

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നമ്മുടെ സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനുവേണ്ടിയാണ് ഈ ബിൽ. മലിനീകരണ നിയന്ത്രണ ബോർഡ് ഉൾപ്പെടെയുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്നതുതന്നെയാണ് ഗവൺമെന്റിന്റെ പോളിസി. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഉൾപ്പെടെ, ജില്ലാ സഹകരണ ബാങ്കുകളുടെ നിയമനങ്ങളടക്കം പൊതുപരീക്ഷയുടെ കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി ശ്രമം ഉണ്ടായിട്ടുണ്ട്. ഇനിയും നിരവധി പൊതുമേഖലാ സ്ഥാപനങ്ങളിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമനം കൊണ്ടുവരണം. നിയമസഭയുടെ ഈ സെഷനിൽത്തന്നെ യൂണിവേഴ്സിറ്റിക്ക് കീഴിലെ അനധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനുള്ള ബില്ല് വരുകയും അത് പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെയില്ല. ആ ബിൽ പാസ്സാക്കിയതിനുശേഷം ചില യൂണിവേഴ്സിറ്റികൾ നേരത്തെ നടത്തിയ നോട്ടിഫിക്കേഷന്റെ അടിസ്ഥാനത്തിലും ഇന്റർവ്യൂ നടത്തിയതിന്റെ പേരിലും, റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്യാത്ത യൂണിവേഴ്സിറ്റികൾ പോലും തിരക്കിട്ട് നിയമനങ്ങൾ നടത്താനായി ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അക്കാര്യം ഗവൺമെന്റ് വളരെ ഗൗരവമായി കാണുമെന്ന് വിശ്വസിക്കുകയാണ്.

മലിനീകരണ നിയന്ത്രണ ബോർഡിൽ ചെയർമാനും മെമ്പർ സെക്രട്ടറിക്കും പുറമേ ബോർഡിലെ എല്ലാ ഓഫീസുകളിലുംകൂടി 301 തസ്തികകളാണുള്ളത്. 83

എഞ്ചിനീയർമാരും 64 സയന്റിസ്റ്റുകളും ഉൾപ്പെടെ 301 തസ്തികകളുള്ളതിൽ നിലവിൽ 121 തസ്തികകളിൽ മാത്രമാണ് സ്ഥിരം ജീവനക്കാരുള്ളത്. ബാക്കി 150 തസ്തികകളിൽ നിയമനം നടത്തേണ്ടതായിട്ടുണ്ട്. കാലാകാലങ്ങളിലുണ്ടായ ഒഴിവുകൾ നികത്താനായി നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടെങ്കിലും നിയമനങ്ങൾ സാധ്യമാക്കാനുള്ള നിയമനിർമ്മാണം പലകാരണങ്ങളാൽ നടക്കുകയുണ്ടായില്ല. ഇപ്പോഴും ശൂഷ്കമായ തസ്തികകളിലൂടെയാണ് ബോർഡിന്റെ പല പ്രവർത്തനങ്ങളും നടക്കുന്നത്. ഏകദേശം അമ്പതിനായിരത്തിലധികം സ്ഥാപനങ്ങളാണ് ബോർഡിന്റെ ഓൺലൈൻ അനുമതി മേഖലയിലുള്ളത്. ബോർഡിലെ ജീവനക്കാരുടെ ഒഴിവുകൾ കാരണം ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നിരീക്ഷിക്കാൻ സാധിക്കുന്നില്ല. വ്യവസായശാലകളിലെയും ആശുപത്രികളിലെയും ജല, വായു സാമ്പിളുകളുടെ വിശദമായ പരിശോധന ലബോറട്ടറികളിലെ ശൂഷ്കമായ മാനവശേഷി കാരണം അസാധ്യമാകുകയാണ്. പരിസ്ഥിതി സംരക്ഷണവും മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട പൊതുജനങ്ങളുടെ പരാതികളിന്മേൽ ശ്രദ്ധിക്കുവാനും പരിഹാരം കണ്ടെത്താനും തുടർനടപടികൾ കണ്ടെത്താനും ബോർഡിലെ ജീവനക്കാരുടെ അഭാവംമൂലം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് ബോർഡിലെ മാനവശേഷി സംബന്ധിച്ച് നടത്തിയ പഠനത്തിൽ അധികതസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഏതാണ്ട് 108 ഒഴിവുകൾ അടിയന്തരമായി നികത്തിയില്ലെങ്കിൽ ബോർഡിന്റെ പലസ്റ്റാറ്റ്യൂട്ടറി പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാതെവരും. പി. എസ്. സി.ക്ക് വിട്ടാൽ ഉടൻതന്നെ അവിടെ നിയമനം നടത്തുവാനുള്ള നടപടിയുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ളവർ മുൻകയ്യെടുക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. 52,413 സ്ഥാപനങ്ങളാണ് ബോർഡിന്റെ പ്രവർത്തനാനുമതി നേടിയിട്ടുള്ളത്. ബോർഡിന്റെ സ്ഥാപനാനുമതി നേടിയിട്ടുള്ള മറ്റു സ്ഥാപനങ്ങൾ 25,000 വരും. ബോർഡിന്റെ പരിഗണനയിലുള്ള പരാതികൾ സംബന്ധിച്ച ഫയലുകൾ 30,000 ആണ്. ജീവനക്കാരില്ലാത്തതിനാൽ അവ പരിഹരിക്കപ്പെടുന്നില്ല. ബോർഡുമായി ബന്ധപ്പെട്ട് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ചെന്നൈയിൽമാത്രം 105 കേസുകളുണ്ട്. ബോർഡുമായി ബന്ധപ്പെട്ട് 2012 മുതൽ 2015 വരെ കേരളാ ഹൈക്കോടതിയിലുള്ള കേസുകൾ 1,231 ആണ്. ഒരുവർഷം ശരാശരി 300 കേസുകളാണ് മലിനീകരണവുമായി ബന്ധപ്പെട്ട് വരുന്നത്. അതുകൊണ്ട്

പൊതുജനങ്ങളുടെ പരാതികൾ പലപ്പോഴും കൃത്യമായി പരിഹരിക്കപ്പെടാൻ പറ്റാത്ത സാഹചര്യമുണ്ട്. ഇതൊക്കെയാണ് ബോർഡിന് അടിയന്തരമായി ചെയ്തുകൊടുക്കേണ്ടത്. എങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ പല തീരുമാനങ്ങളുംനടപടികളും വിവാദമാകാറുണ്ട്. ഞാനുൾപ്പെടെ പരാതിക്കാരനാണ്.

ചാലക്കുടിപുഴയോട് ചേർന്നുകിടക്കുന്ന വൈന്തലയിലുള്ള നിറ്റാ ജലാറ്റിൻ കമ്പനി പതിറ്റാണ്ടുകൾക്ക് മുൻപ് സ്ഥാപിച്ചതാണ്. ഇത് പൂർണ്ണമായും ഗവൺമെന്റ് ഉടമസ്ഥതയിലുള്ളതല്ല. കെ.എസ്.ഐ.ഡി.സി.-യുടെ ഷെയറുള്ള ഒരു അർദ്ധസർക്കാർ സ്ഥാപനമെന്നു പറയാം. ഭൂരിപക്ഷ ഷെയറും സ്വകാര്യ സ്ഥാപനങ്ങളുടെയാണ്. കോടിക്കണക്കിന് രൂപയാണ് അവരുടെ ഒരുവർഷത്തെ ലാഭം. ചാലക്കുടിപുഴയിൽനിന്നും അവർ അനധികൃതമായാണ് വെള്ളമെടുക്കുന്നത്. ജലസേചന വകുപ്പിൽതന്നെ ഇതുമായി ബന്ധപ്പെട്ട പരാതിയുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ഉൾപ്പെടെ ഞങ്ങളെല്ലാം പരാതി ഉന്നയിച്ചതാണ്. നിറ്റാ ജലാറ്റിൻ കമ്പനി അവിടെനിന്നും പുറത്തേക്ക് വിടുന്ന വായുവും മലിനജലവും ചാലക്കുടിപുഴയെ പൂർണ്ണമായും നശിപ്പിക്കുകയാണ്. വിഷലിപ്തമായ ജലമാണ് നിറ്റാ ജലാറ്റിൻ കമ്പനിയിൽനിന്നും ചാലക്കുടിപുഴയിലേയ്ക്ക് ഒഴുക്കുന്നത്. ഇതിനെതിരെ വലിയ ബഹുജന പ്രക്ഷോഭം നടന്നു. എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രക്ഷോഭത്തിന്റെ കൂടെയുണ്ടായി. സാമൂഹ്യ-സാംസ്കാരിക രംഗത്തുള്ളവരും പരിസ്ഥിതി സംഘടനകളും കേരളത്തിലെ ഒട്ടുമിക്ക അച്ചടി-ദൃശ്യ മാധ്യമങ്ങളും നിറ്റാ ജലാറ്റിൻ കമ്പനിയിലെ മലിനീകരണത്തെക്കുറിച്ച് വളരെ വികാരപരമായി എഴുതുകയുണ്ടായി. ഒരുഘട്ടത്തിൽ കമ്പനിക്കെതിരെയുണ്ടായ സമരം പോലീസ് അടിച്ചമർത്താൻ ശ്രമിച്ചു. വലിയ സ്വാധീനമുള്ളവരാണ് ഈ കമ്പനിയുടെ മാനേജ്മെന്റ്. കോടിക്കണക്കിന് രൂപയുടെ ഒരുവർഷത്തെ ലാഭത്തിൽ കമ്പനിക്കെതിരായി വരുന്ന വികാരങ്ങൾ കൈകാര്യം ചെയ്യുന്നതിനായി അവർ പ്രത്യേകം വിഹിതം മാറ്റിവയ്ക്കും. അത്രമാത്രം സ്വാധീനമുള്ളവരാണ്. ഞാനും ശ്രീ. പി. എ. മാധവൻ എം.എൽ.എ, ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ, ശ്രീ. എം. പി. വീരേന്ദ്രകുമാർ തുടങ്ങിയ പൊതുപ്രവർത്തകർ ഇക്കാര്യത്തിൽ ഇടപെടുകയുണ്ടായി. സുഗതകുമാരി ടീച്ചർ, ശ്രീ. സി. ആർ. നീലകണ്ഠൻ ഉൾപ്പെടെയുള്ള പരിസ്ഥിതി പ്രവർത്തകരും കവികളും ഈ കമ്പനി പ്രദേശം സന്ദർശിച്ചു. മേധാപട്കർ വരെ അവിടെ വരികയുണ്ടായി. കമ്പനി ഓരോ ദിവസവും

ചാലക്കുടിപുഴയിലേയ്ക്ക് തള്ളിവിടുന്ന മലിനജലം അപകടകരമായ രീതിയിലാണ് ആ നദിയെ ഇല്ലാതാക്കുന്നത്. തൃശ്ശൂർ ജില്ലയിലേയും എറണാകുളം ജില്ലയിലേയും ഏറ്റവും വലിയ കുടിവെള്ള സ്രോതസ്സുകളുടെ കേന്ദ്രംകൂടിയാണ് ചാലക്കുടിപുഴ. ഈ മലിനജലം അവിടെനിന്നും എടുത്തിട്ടാണ് കുടിക്കാനായി ലക്ഷക്കണക്കിന് നാളുകൾക്ക് കൊടുക്കുന്നത്. നിത്യരോഗികളാണ് ആ പ്രദേശത്തുള്ളവർ. ഏറ്റവുംകൂടുതൽ ക്യാൻസർരോഗമുള്ളവർ ഈ കമ്പനിയുടെ ചുറ്റുവട്ടത്ത് താമസിക്കുന്നവരാണ്. അവിടെപോയാൽ ശ്വാസംമുട്ടാതെ നമുക്ക് പോരാൻ സാധിക്കില്ല. ഞാനടക്കം അവിടെ സമരത്തിന് പോയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമിച്ച ഒരു കമ്മിറ്റിയുടെ ഭാഗമായി ജില്ലാ കളക്ടർ ഉൾപ്പെടെ ഞങ്ങളെല്ലാവരും കമ്പനി സന്ദർശിച്ചതാണ്. അവിടെ പോയാൽ നമുക്കെല്ലാവർക്കും ചൊറിച്ചിലും ശ്വാസംമുട്ടും വരും.ആസ്ത്മാരോഗികളുടെയും ക്യാൻസർ രോഗികളുടെയും ഒരു നീണ്ടനിര ആ പ്രദേശത്തെ സർവ്വേയിൽ കാണാൻകഴിഞ്ഞിട്ടുണ്ട്. ആ കമ്പനിയെ വഴിവിട്ട് സഹായിക്കുന്ന സമീപനം ചില ഘട്ടങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചിട്ടുണ്ടെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കമ്പനിക്ക് ശരിക്ക് ലൈസൻസില്ല. ഗ്രാമപഞ്ചായത്തുപോലും ഇതുവരെ ലൈസൻസ് പുതുക്കി കൊടുക്കാതെ, ഹൈക്കോടതിയിൽ തന്നെ പല കേസുകളും ഉണ്ടായിട്ടും, കോടതിയടക്കം രൂക്ഷ വിമർശനം നടത്തിയിട്ടും മലിനീകരണ നിയന്ത്ര ബോർഡ് വഴിവിട്ട രീതിയിൽ അവരെ സഹായിക്കുന്ന സമീപനമുണ്ടായി. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുമതലയെന്താണ്; മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രധാനപ്പെട്ട ചുമതല മലിനീകരണം തടയുക എന്നുള്ളതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മലിനീകരണം തടയുകയാണ് വേണ്ടത്. അല്ലാതെ കമ്പനി അടയ്ക്കുക എന്നുള്ളതല്ല. കേരളത്തിൽ നിരവധി സ്ഥാപനങ്ങൾ മലിനീകരണത്തിന്റെ പേരിൽ അടച്ചിട്ടുണ്ട്. പിന്നീട് അതൊന്നും തുറന്നിട്ടില്ല. ഉദാഹരണമൊന്നും ഞാൻ പറയുന്നില്ല. അവിടെ ഒരു കല്ലുപോലും പിന്നീടാരും വച്ചിട്ടുമില്ല. ആയിരക്കണക്കിന് ആളുകൾക്ക് ജോലികിട്ടിക്കൊണ്ടിരുന്ന പല സ്ഥാപനങ്ങളും മലിനീകരണത്തിന്റെ പേരിൽ പൂട്ടി. ട്രീറ്റ്മെന്റ് പ്ലാന്റ് അടക്കം മലിനീകരണം തടയാനുള്ള ഏറ്റവും നല്ല മാർഗ്ഗങ്ങൾ ഇന്ന് നിലവിലുണ്ട്. അത് ഉപയോഗിക്കുക എന്നുള്ളതല്ലാതെ കമ്പനികൾ പൂട്ടുക എന്നുള്ള സമീപനത്തോട് അങ്ങേയ്ക്ക് യോജിപ്പുണ്ടോ?

<u>ശ്രീ. ടി. എൻ. പ്രതാപൻ</u>: സർ, കമ്പനികൾ പൂട്ടുക എന്ന സമീപനത്തോട് ആർക്കും യോജിപ്പില്ല. കമ്പനികൾ മലിനീകരണം തടയേണ്ടേ? ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞത് സത്യം തന്നെയാണ്. മാറിയ ശാസ്ത്ര സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിൽ വായുമലിനീകരണവും ജല മലിനീകരണവും തടയുന്നതിന് നിരവധി പുതിയ സാങ്കേതിക വിദ്യകൾ കണ്ടുപിടിച്ചിട്ടുണ്ട്. അത് പണം ചെലവാക്കി ഇൻസ്റ്റാൾ ചെയ്യുന്നതിനുപകരം, പഴയതുപോലെതന്നെ തുടർന്ന് ജനങ്ങളെ വിഷലിപ്തമായ വെള്ളം കുടിപ്പിച്ചും, വിഷം കലർന്ന വായു ശ്വസിപ്പിച്ചും, ജനങ്ങളെ മരിക്കാൻ അനുവദിക്കുന്നതിന് കൂട്ടുനിൽക്കാൻ കഴിയില്ല. നിറ്റാ ജലാറ്റിൻ കമ്പനിയുടെ പ്രധാനപ്പെട്ട പ്രശ്നം അതാണ്, ആ കമ്പനിക്ക് കിട്ടുന്ന ലാഭവിഹിതത്തിൽനിന്നും അത് മോഡേണൈസ് ചെയ്യാൻവേണ്ടി പണം കൊടുക്കുന്നില്ല. അതിനുപകരം അവരുടെ ലാഭം അവർതന്നെ എടുക്കുകയാണ്. നാട്ടുകാർ എങ്ങനെ മരിച്ചാലും വിരോധമില്ല എന്നുള്ള നിലയിലാണ്. മൂന്നു നാലു വർഷമായി അവിടെ തുടർച്ചയായി സമരം നടക്കുകയാണ്. ഒരു ജനതയെ വെള്ളത്തിൽ വിഷം കലർത്തിയും, വായുവിൽ വിഷം കലർത്തിയും കൊന്നുകൊണ്ടിരിക്കുമ്പോൾ അത് കണ്ടില്ലെന്നു നടിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമീപനത്തോടാണ് വിരോധം, അല്ലാതെ ഈ നാട്ടിൽ ഒരു തരത്തിലുള്ള വികസനവും വരാൻ പാടില്ലെന്ന് ഒരാളും പറയുന്നില്ല. ബഹുമാനപ്പെട്ട ചെയറിന് അറിയാമല്ലോ; നമ്മുടെ നദികളുടെ സ്ഥിതി എന്താണ്? പെരിയാർ ഉൾപ്പെടെയുള്ള നമ്മുടെ പ്രധാനപ്പെട്ട എല്ലാ നദികളും മാലിന്യക്കുമ്പാരങ്ങളായി മാറുകയാണ്. എറണാകുളം ജില്ലയിലെ പ്രധാന വ്യവസായകേന്ദ്രമായ ഏലൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും പെരിയാറിലേക്ക് ഒഴുകിവരുന്ന മലിനജലം ആ നദിയിൽ ഉണ്ടായിരുന്ന മത്സ്യസമ്പത്തിനെ പൂർണ്ണമായും ഇല്ലാതാക്കി. നദികളെ ആശ്രയിച്ചു ജീവിച്ചിരുന്ന ഒരു ജനതയെ നദിക്കരയിൽ നിന്നും ഇല്ലാതാക്കി മാറ്റി. നമ്മുടെ എല്ലാ സംസ്കാരങ്ങളുടെയും പ്രധാനപ്പെട്ട കേന്ദ്രബിന്ദു എന്നുപറയുന്നത് നദീതീരങ്ങളാണ് എന്നുള്ള കാര്യം നമുക്കറിയാം. ആ സ്ഥലങ്ങളിൽ നദികൾ മരിക്കുകയാണ്, നദികളെ കൊല്ലുകയാണ്. നദികളെ കൊലചെയ്യാൻവേണ്ടി കൂട്ടുനിൽക്കുന്നവരുടെ കൂട്ടത്തിൽ മലിനീകരണ നിയന്ത്രണ ബോർഡു കൂടിയുണ്ടെന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. അത് ഏതെങ്കിലും ഒരു കാലത്തല്ല, ഏതു കാലത്തേയും സ്ഥിതി ഇതാണ്. ആ രീതിയിൽ നിന്നു മാറണം, മലിനീകരണ നിയന്ത്രണ ബോർഡ് ഉണ്ടാക്കിയ നിയമങ്ങൾ എന്താണ്? ജല മലിനീകരണ നിവാരണത്തിനും നിയന്ത്രണത്തിനുമുള്ള നിയമം, 1974-ൽ നമ്മൾ പാസ്സാക്കി, 1978-ലും 1988- ലും ഭേദഗതി കൊണ്ടുവന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പറഞ്ഞു വരുന്നത് വളരെ കറക്ടാണ്. എറണാകുളം ജില്ലയിലെ ആലുവ, ഏലൂർ മേഖലകളിലെ ഗുരുതരമായിട്ടുള്ള മലിനീകരണ പ്രശ്നം ഈ സഭ പലവട്ടം ചർച്ച ചെയ്ത കാര്യമാണ്. അവിടെ വളരെ വലിയ കമ്പനികളുണ്ട്, രാസമാലിന്യം പെരിയാറിലേക്ക് ഒഴുക്കുന്ന നിരവധി കമ്പനികൾ ഇപ്പോഴുമുണ്ട്. പെരിയാറിന്റെ നിറമാറ്റത്തെ സംബന്ധിച്ച് മാധ്യമങ്ങൾ തുടർച്ചയായി വാർത്തകൾ നൽകുന്നു. മത്സ്യം ചത്തു പൊങ്ങിയത് മാത്രമല്ല, എറണാകുളം ഉൾപ്പെടെ പല നഗരങ്ങളിലേക്കും ശുദ്ധജലം നൽകുന്ന പെരിയാർ മലിനമായിക്കൊണ്ടിരിക്കുന്നുവെന്നത് വളരെ ഗുരുതരമായിട്ടുള്ള പ്രശ്നമാണ്, അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ കറക്ടാണ്. ഇപ്പോൾ സുപ്രീംകോടതിയുടെ നിർദ്ദേശത്തിനു വിധേയമായി 'സീറോ വേസ്റ്റ്' പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ട് പ്ലാന്റുകൾ നിർമ്മിക്കണമെന്ന നിർദ്ദേശം പല ഫാക്ടറികളും നടപ്പിലാക്കിയിട്ടില്ല, അത് പരിശോധിക്കുന്നതിന് ചുമതലപ്പെട്ട മലിനീകരണ നിയന്ത്രണ ബോർഡ് വേണ്ടത്ര ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്നില്ല എന്ന വിമർശനം അങ്ങയുടെ ശ്രദ്ധയിൽ ഉണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട കെ. വി. അബ്ദുൾ ഖാദർ എം.എൽ.എ. പറഞ്ഞത് തന്നെയാണ് ഞാനും പറഞ്ഞത്. നമ്മുടെ കേരളത്തിൽ കുടിവെള്ള ക്ഷാമം ഇത്രയും രൂക്ഷമല്ലാത്തതിന് കാരണം എന്താണ്? നമ്മുടെ 44 നദികളിൽ നിന്നുമുള്ള വെള്ളമാണ് എല്ലായിടത്തും കൊടുക്കുന്നത്, അല്ലാതെ ഭൂഗർഭജലം വേറെ രീതിയിൽ എടുത്തിട്ടല്ല കൊടുക്കുന്നത്. ഏറ്റവും കൂടുതൽ അപകടകരമായ രീതിയിൽ ജലം മലീമസമാകുന്നതിൽ ഒരു പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നത് നദികളിലേക്ക് മലിനജലം ഒഴുക്കിവിടുന്ന വ്യവസായ സ്ഥാപനങ്ങളാണ്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് ഒരു ഗ്രീൻ മിനിസ്റ്റർ ആണെന്നാണ് ഞങ്ങളുടെ ധാരണ, എവർഗ്രീനായി അങ്ങ് നിൽക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ സീറോ പൊല്യൂഷനുവേണ്ടി നിൽക്കുന്ന ആളാണ്. പക്ഷേ ശ്രീ. കെ. വി. അബ്ദുൾ ഖാദർ പേടിക്കേണ്ട, കൊച്ചി മേഖലയിൽ ഒരു വ്യവസായവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. മിക്കവാറും വ്യവസായങ്ങളൊക്കെ പൂട്ടി, അത് വേറെ കാരണങ്ങൾ കൊണ്ടാണ്. പക്ഷേ നമ്മുടെ രാജ്യത്ത് ഇൻവെസ്റ്റ്മെന്റ് വരണം, വ്യവസായം ഉണ്ടാകണം, പരിസ്ഥിതിയും വ്യവസായങ്ങളും ഒരുമിച്ച് കൊണ്ടുപോകണം. പാരീസിൽ നടന്ന ഇന്റർനാഷണൽ കോൺഫറൻസിന്റെ

നയം, അവിടെ ഉയർന്നുവന്ന അഭിപ്രായങ്ങൾ അതാണ്. ആധുനിക കാലഘട്ടത്തിൽ ഇൻവെസ്റ്റ്മെന്റ് ഉണ്ടാകണം,ഇൻഡസ്ട്രിയുണ്ടാകണം അതോടൊപ്പംതന്നെ ഏറ്റവും പ്രധാനമായി നമ്മൾ കണക്കാക്കേണ്ടത് എൻവയോൺമെന്റൽ പ്രോബ്ലംസ് തന്നെയാണ്. എൻവയോൺമെന്റൽ പ്രോബ്ലംസിനെ അഡ്രസ്സ് ചെയ്തുകൊണ്ട്, ഇൻവെസ്റ്റ്മെന്റിനെ സഹായിക്കുന്ന സംവിധാനം ഉണ്ടാകുക എന്നതാണ് ലോകത്തെമ്പാടുമുള്ള നയം. ഇവിടെ അതുണ്ടാകണം എന്നേയുള്ളൂ.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി, അങ്ങ് ഡൽഹിയിൽ ദീർഘകാലം പൊതുപ്രവർത്തകനായിരുന്ന ആളാണ്. പാർലമെന്റിൽ മെമ്പർ മാത്രമല്ല, ഇന്ത്യയിലെ എല്ലാ സംസ്ഥാനത്തും പോയ ആളാണ്. അങ്ങ് ചൈനയിൽ പോയിട്ടുണ്ടല്ലോ? ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ ഇൻവെസ്റ്റ്മെന്റ് വരുന്ന പ്രധാനപ്പെട്ട സ്ഥലം ചൈനയാണ്. ഞങ്ങളൊക്കെ ചൈനയിൽ പോയിട്ടുണ്ട്. ചൈനയിൽ ഒരു മൾട്ടിസ്റ്റോർഡ് കെട്ടിടം പണിയുമ്പോൾ ആ കെട്ടിടത്തിൽ പതിക്കപ്പെടുന്ന സൂര്യതാപത്തിന്റെ അടിസ്ഥാനത്തിൽ വരുന്ന അന്തരീക്ഷത്തിലെ ഊഷ്മാവിന്റെ വ്യതിയാനത്തി നനുയോജ്യമായി കാൽക്കുലേറ്റ് ചെയ്ത്, അതിൽ മരങ്ങളും, ചെടികളും വച്ചതിനുശേഷംമാത്രമേ, ചൈനയിലെ ഒരു മുനിസിപ്പാലിറ്റിയോ/കോർപ്പറേഷനോ അവർക്ക് ബിൽഡിംഗ് പണിയുന്നതിന് അനുമതി കൊടുക്കുകയുള്ളൂ. ഈ സിസ്റ്റം ഇന്ത്യയിലോ കേരളത്തിലോ ഇല്ല. അതില്ലാത്തിടത്ത്, അത് വരാൻ നിഷ്കർഷിക്കാത്ത കാലംവരെ നമ്മൾ പൊല്യൂഷൻ അപകടത്തിലാണെന്നു പറയുകയും, പരിസ്ഥിതി സൗഹൃദ വികസനം വേണമെന്ന് പറയുകയും, എല്ലാം ലംഘിക്കുന്നവർക്ക് അനുമതി കൊടുക്കുകയും, ഇതൊന്നും കണ്ടില്ലെന്നു നടിക്കുകയും ചെയ്താൽ ആത്യന്തികമായി കുറേ സ്വകാര്യ വ്യക്തികൾക്കും, സ്വകാര്യ സ്ഥാപനങ്ങൾക്കും, സ്വകാര്യ കമ്പനികൾക്കും ലാഭം കിട്ടും. മനുഷ്യന്റെ ജീവനും, ആയുസ്സും, ആരോഗ്യവും നഷ്ടപ്പെട്ടുപോകും. അത് അങ്ങയെപ്പോലെ എവർഗ്രീൻ ആയിരിക്കുന്ന ഒരാൾ കണ്ടില്ലെന്നു നടിക്കരുത്. അതുകൊണ്ട് പരിസ്ഥിതി സൗഹാർദ്ദ വികസനമെന്നു പറയുന്നതിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താതിരിക്കുന്നത് ശരിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....., പ്ലീസ്.... ശ്രീ. ടി. എൻ. പ്രതാപൻ, ഇനി രണ്ട് മൂന്ന് ബില്ലുകൂടിയുണ്ട്. അങ്ങേയ്ക്കിനി രണ്ട് മൂന്ന് മിനിട്ട് മാത്രമേയുള്ളൂ.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, എല്ലാ സഭാസമ്മേളനങ്ങളിലും ഉയർന്നു കേൾക്കുന്നതാണ് കേരളത്തിലെ മരിച്ചുപോയ നദികളെക്കുറിച്ചുള്ള, ഗാന്ധാരീ വിലാപം പോലുള്ള ഈ രോദനം. പക്ഷേ ഏതെങ്കിലും ഒരു നദി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ഒരു പദ്ധതി ഇവിടെ പ്രഖ്യാപിക്കുന്നില്ല. ഏതെങ്കിലും ഒരു നദിയെ തെരഞ്ഞെടുത്ത് ആ നദിയെ പൂർണ്ണമായും സംരക്ഷിച്ച്, അതിന്റെ ജലം, ചൈതന്യമുൾപ്പെടെ നിലനിർത്തുന്ന നിലയിലുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യാൻ വേണ്ടിയുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; അത് പ്രായോഗികമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സമീപനം സ്വീകരിക്കുവാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇവിടെ പൊല്യൂഷന്റെ കാര്യത്തെപ്പറ്റി പറയുമ്പോഴും, അദ്ദേഹത്തിന്റെ മനസ്സിനകത്ത് പൊല്യൂഷന്റെ പേരിൽ പല വികസനവും പല ഫാക്ടറികളും അടച്ചുപൂട്ടുന്നുവെന്ന രോദനം കിടക്കുന്നുണ്ട്. ആ രീതി മാറേണ്ട സമയമായി, നേരെ തിരിച്ചാണ് വരേണ്ടത്. കാരണം പ്രകൃതിക്കാണ് ഇന്ന് ലോകത്തെമ്പാടും ഒന്നാം സ്ഥാനം കൊടുക്കുന്നത്. ഏത് ഇൻഡസ്ട്രി ആണെങ്കിലും പ്രകൃതിക്ക് ഊനംതട്ടുന്ന ഇൻഡസ്ട്രികൾ ലോക മാനവരാശിക്ക് അപകടം സംഭവിക്കുന്നതാണെന്നാണ് ഇന്നു കണ്ടെത്തിയിരിക്കുന്ന കാര്യം. ഇൻഡസ്ട്രിയുടെ പേരിൽ അവിടെ ജോലി എടുക്കുന്നവരുടെ പേര് മാത്രം പറഞ്ഞാൽ പോരാ, നമുക്ക് ശേഷമുള്ള തലമുറ എങ്ങനെ ജീവിക്കണമെന്നതിനെപ്പറ്റി നമ്മൾ ചിന്തിക്കേണ്ടതുണ്ട്. ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞ നദികളുടെ കാര്യമെടുത്താൽ ഏറ്റവും പ്രധാനപ്പെട്ട ഒരു നദിയാണ് പമ്പാനദി. പമ്പാനദി ഏറ്റവും പൊല്യൂട്ടഡ് ആകുന്നത് അവിടുത്തെ തീർത്ഥാടകരെക്കൊണ്ടാണ്. അവിടെ വരുന്ന തീർത്ഥാടകരായ ആളുകൾ അവിടെയുള്ള ആചാരത്തിനു വിരുദ്ധമായി അവരുടെ വസ്ത്രങ്ങളും, സകലസാധനങ്ങളും അതിനകത്ത് നിക്ഷേപിക്കുകയാണ്. അങ്ങനെ നിക്ഷേപിക്കുന്നത് കുറ്റകരമാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു വിധിയിലൂടെ വളരെ ശക്തമായിപ്പറഞ്ഞപ്പോൾ, നമ്മുടെതന്നെ ദേവസ്വം ബോർഡിന്റെ മെമ്പർമാർ അടക്കമുള്ള ആളുകൾ ഇത് ഭക്തൻമാരോടുള്ള വെല്ലുവിളിയാണെന്ന രീതിയിലേക്ക് അതിനെ വ്യാഖ്യാനിക്കുകയാണ്. വാസ്തവത്തിൽ പമ്പാനദിയെ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ തീർത്ഥാടകരായ ആളുകൾ അവിടെയില്ലാത്ത ആചാരമുണ്ടാക്കുന്നതിനെതിരായി നമ്മുടെ ഗവൺമെന്റ് അതിശക്തമായ നടപടി സ്വീകരിക്കണം. അതിനാവശ്യമായ നടപടി ഉണ്ടാകുമോ എന്നുള്ളതാണ്. ഇതുസംബന്ധിച്ചുള്ള അങ്ങയുടെ അഭിപ്രായം പറയണം, അങ്ങ് ഒരു ഗ്രീൻ എം.എൽ.എ. ആണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഒരിക്കലും പരിസ്ഥിതിക്ക് എതിരായല്ല പറഞ്ഞത്, ഞാൻ പറഞ്ഞത് It will go hand in hand. രണ്ടും ഒരുമിച്ച് പോകണം. നമ്മുടെ നാട്ടിലെ പരിസ്ഥിതി നിലനിർത്തി കൊണ്ടുതന്നെ, പരിസ്ഥിതി ആഘാതങ്ങൾ മാറ്റിക്കൊണ്ടുതന്നെ ഇൻവെസ്റ്റ്മെന്റിനു വേണ്ട സൗകര്യമുണ്ടാകണമെന്നാണ് ഞാൻ പറഞ്ഞത്, അതാണ് ലോകത്തെമ്പാടുമുള്ള മാതൃക. അതാണ് ആവശ്യം, ഇവിടെ അത് വന്നിട്ടില്ലെങ്കിൽ നമ്മൾ വരുത്തുക എന്നുള്ളതാണ് പ്രധാനം.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി കൊച്ചിയിൽ വ്യവസായങ്ങളൊന്നുമില്ല എന്ന രൂപത്തിൽ പറഞ്ഞു, അത് പൂർണ്ണമായും ശരിയല്ല. 1989-ലെ 'The Hazards Waste Management and Handling Rules' അനുസരിച്ച് 423 വ്യവസായങ്ങളിൽ 80%-ഉം സ്ഥിതി ചെയ്യുന്നത് കൊച്ചിയിലാണ്. ഇവിടുത്തെ പ്രശ്നമെന്താണ്? ഇവിടെ ഫാക്ടറികൾ ഉണ്ടാകേണ്ട എന്നല്ല പറഞ്ഞത്, ഫാക്ടറികൾ ഉണ്ടാകണം. പക്ഷേ ഈ ഫാക്ടറികളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളുണ്ടാകണം, അത് ഉണ്ടാകുന്നില്ല. കാരണം, ലാഭം അമിതമായി ആഗ്രഹിക്കുന്നു, അതാണ് പ്രശ്നം. അതുകൊണ്ട് സംസ്കരണ സംവിധാനങ്ങൾ ഈ ഫാക്ടറികളിലുണ്ടാകണം എന്നുള്ള രീതിയിൽ നമുക്ക് നിയമനിർമ്മാണമുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, ഈ ബില്ല് അഞ്ചാറ് ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ടിയുള്ള ഒരു ബില്ലാണ്. അങ്ങ് പൂർണ്ണമായും തെറ്റിദ്ധരിക്കരുത്.

3.00 P.M]

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട ചെയർ, ഇത് അങ്ങയുടെ സബ്ജക്ടാണ്, അങ്ങ് അവിടെയിരിക്കുന്നതുകൊണ്ട് അങ്ങേക്ക് വേണ്ടി ഞങ്ങൾ എല്ലാപേരും കൂടി സംസാരിക്കുകയാണ്, അങ്ങാണ് ഗ്രീൻ.

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ, ഈ ലക്കം കലാകൗമുദിയിൽ 'പമ്പയിലെ മാലിന്യം' എന്നൊരു ലേഖനമുണ്ട്. 2007-2008-ൽ പതിനായിരത്തിലേറെ ഉണ്ടായിരുന്ന കോളിഫോം ബാക്ടീരിയയുടെ യൂണിറ്റ് ഇപ്പോൾ 2500 ആക്കി, അവിടെയുള്ള ആറിന് തടയണയൊക്കെയിട്ട് അതിഗംഭീരമായ ഒരു പ്രോഗ്രാം ആയിരുന്നു. അതിനെ തടയാൻ കഴിയുമെന്ന് തെളിയിച്ചു, പിന്നെ ദേവസ്വം ബോർഡ് അത് ഉപേക്ഷിച്ചു. അപ്പോൾ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാതെ ഇതുപോലെ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടവർ

തെറ്റ കാണിക്കുന്നുണ്ടെങ്കിൽ അവരെപ്പറ്റി പരിശോധിക്കുവാനും ഗവൺമെന്റ് തയ്യാറാകേണ്ടേ? ഒരു ദേവസ്വം ബോർഡ് മെമ്പർ ആയാൽ അയാൾ ദൈവമല്ല എന്നു നമ്മൾ പണ്ടുതന്നെ പറഞ്ഞു. ദേവസ്വം ബോർഡ് മെമ്പർ ആയിക്കഴിഞ്ഞാൽ മെമ്പർ ആകുന്ന ആളിന്റെ നെറ്റിക്കുനേരെ ചൂണ്ടുന്ന ആ പരിപാടി അവസാനിപ്പിക്കുകകൂടി വേണം. എങ്കിലേ അവിടെ ശരിയായിട്ടുള്ള പരിസരമലിനീകരണം നമുക്ക് വിഭാവനം ചെയ്യാൻ കഴിയൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : തലസ്ഥാന നഗരിയിൽപ്പെട്ട ഒരു പ്രധാനപ്പെട്ട നദിയാണ് കിള്ളിയാർ. മലിനീകരണവുമായി ബന്ധപ്പെട്ട് കിള്ളിയാറിനെ സംരക്ഷിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് 2 കോടി രൂപ മുടക്കി റൈറ്റ്സ് എന്നുപറയുന്ന ഒരു പൊതുമേഖലാ സ്ഥാപനത്തെ റിപ്പോർട്ട് സമർപ്പിക്കുവാൻവേണ്ടി ഏൽപ്പിച്ചു. ഇതുവരേയും ഒന്നും നടന്നില്ല.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞതു തന്നെയാണ് ഈ സഭയുടെ പൊതുവികാരം. അതുതന്നെയാണ് ശ്രീ. പി. ശ്രീരാമകൃഷ്ണനും സൂചിപ്പിച്ചത്. ഞാൻ അദ്ദേഹത്തെ സപ്പോർട്ട് ചെയ്യുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്ന സമയത്ത് കൊണ്ടുവന്ന ഒരു പദ്ധതിയാണ് ഗംഗാ ആക്ഷൻ പ്ലാൻ. ഇപ്പോഴത്തെ ഗവൺമെന്റ് അതുമായി മുമ്പോട്ട് പോകുന്നുണ്ടെങ്കിലും ഇപ്പോഴും അത് ഫലപ്രദമായി നടപ്പിലാക്കാൻ ഇൻഡ്യാ ഗവൺമെന്റിനുപോലും സാധിച്ചിട്ടില്ലെന്നുള്ള കാര്യം പ്രത്യേകം എടുത്ത് പറയേണ്ടതാണ്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാന്യരായ ശ്രീ. പി. ശ്രീരാമകൃഷ്ണനും ഡെപ്യൂട്ടി സ്പീക്കറും ആഭ്യന്തര വകുപ്പുമന്ത്രിയും ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ നദികളെ സംരക്ഷിക്കുകയെന്നതാണ് ആദ്യം പരിഗണിക്കേണ്ട പ്രധാനപ്പെട്ട കാര്യം. അതുകൊണ്ടാണ് ഒരു അർദ്ധ ജൂഡീഷ്യറി അധികാരമുള്ള നദീസംരക്ഷണ നിയമം കൊണ്ടുവരണമെന്ന് ഈ നിയമസഭയിൽ ഞാൻ ഒരു സബ്മിഷനിലൂടെ ആവശ്യപ്പെട്ടത്. ഇതിനായി സംസ്ഥാന വ്യാപകമായി കാമ്പയിൻ നടത്താൻ ശ്രീമതി മേധാ പട്കർ ഉൾപ്പെടെയുള്ള പരിസ്ഥിതി പ്രവർത്തകരെ കൊണ്ടുവന്ന് ശ്രീ. വി. ഡി. സതീശൻ, ശ്രീ. വി. ടി. ബൽറാം, ശ്രീ. എം. വി. ശ്രേയാംസ് കുമാർ, ശ്രീ. കെ. എം. ഷാജി തുടങ്ങിയവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ഒരു നദീ സംരക്ഷണ ജാഥ നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ ആദ്യം നമുക്ക് ഭാരതപ്പുഴ

തന്നെ എടുക്കാം. ഭാരതപ്പുഴയുടെ സംരക്ഷണം പോലെ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പമ്പാനദിയുടെ സംരക്ഷണവും. കോളിഫോം ബാക്ടീരിയ ഏറ്റവും കൂടുതലുണ്ടാകുന്നത് ഈ നദിയിൽ നിന്നാണെന്ന് ബഹുമാനപ്പെട്ട മുൻമന്ത്രി പറഞ്ഞകാര്യം സത്യമാണ്. അതുകൊണ്ട് ഈ നദികളെ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിന് മലിനീകരണ നിയന്ത്രണ ബോർഡിന് ഒരു വലിയ പങ്കുണ്ട്. മലിനീകരണം നടക്കുമ്പോൾ സ്വാധീനങ്ങൾക്കും സമ്മർദ്ദങ്ങൾക്കും വഴങ്ങി അതിന് കൂട്ടുനിൽക്കുന്ന നടപടികൾ ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. അതിന് പരിഹാരം കാണുന്നതിന് ജീവനക്കാരെ നിയമിക്കേണ്ടത് അത്യാവശ്യമാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, പരിസ്ഥിതി വാദം നല്ലതുതന്നെയാണ്. നമുക്ക് മലിനീകരണം ഒഴിവാക്കണം, അത് നദിയിൽ നിന്നാണെങ്കിലും വായുവിൽ നിന്നാണെങ്കിലും ഇതിൽ നിന്നെല്ലാം മലീനീകരണം ഒഴിവാക്കേണ്ടത് ജീവജാലങ്ങളുടെയെല്ലാം നിലനിൽപ്പിന് ആവശ്യം തന്നെയാണ്. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. നദികളെ സംരക്ഷിക്കുന്നതിന് നമ്മൾ ജാഥകൾ നടത്തുകയല്ല വേണ്ടത്. നദികളെ സംരക്ഷിക്കുന്നതിനായി എന്താണ് അതിന്റെ അപകടമെന്ന് മനസ്സിലാക്കി ആ അപകടം ഒഴിവാക്കാനുള്ള പ്രായോഗിക നടപടികളെപ്പറ്റി ആലോചിക്കണം. പക്ഷേ അവിടെ നമ്മൾ കൂട്ടായിട്ട് വേണം ഇറങ്ങാൻ, അല്ലാതെ ഐ.എൻ.റ്റി.യു.സി., സി.ഐ.റ്റി.യു.-പോലുള്ള തൊഴിലാളി സംഘടനകളുടെ നേതൃത്വത്തിൽ അവരുടെ തൊഴിൽ പോകുമെന്ന് പറഞ്ഞ് സമരവും ജാഥയും നടത്തുകയല്ല വേണ്ടത്. അത് ഒരിക്കലും ശരിയല്ല. പരിസ്ഥിതിവാദം നല്ലതാണ് അതൊരു ഫാഷനായി കൊണ്ടുനടക്കുകയും ഇല്ലാത്ത ആശങ്കകൾ പെരുപ്പിച്ച് കാണിച്ച് ഒന്നും നടപ്പാക്കാൻ സമ്മതിക്കാതിരിക്കുകയും ചെയ്യുന്ന തരത്തിലേയ്ക്ക് ഇത് തരംതാഴുന്നു, ഇത് നമ്മുടെ സമൂഹത്തിനുതന്നെ അപകടകരമാണെന്ന കാര്യം അങ്ങേക്ക് അറിയാമോ?

<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : സർ, അങ്ങ് ഉദ്ദേശിച്ചത് രണ്ട് രീതിയിലാണ്. ശരിയായ രീതിയിൽ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടുമാത്രമെ നമുക്ക് മുന്നോട്ടുപോകാൻ കഴിയൂ. പരിസ്ഥിതിയെ ധ്വംസനം നടത്തിക്കൊണ്ടും ഭാവി തലമുറയ്ക്ക് കരുതിവയ്ക്കേണ്ട കരുതൽധനം, വിത്തെടുത്ത് കുത്തുംപോലെ കുത്തി താൽക്കാലികമായ ലാഭത്തിനും താൽക്കാലിക കൈയടിക്കുംവേണ്ടി വിനിയോഗിച്ചാൽ അത് സർവ്വനാശത്തിന്റെ തുടക്കമായിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ : തൽക്കാലം നദീ സംരക്ഷണം ഇത്രയും പോരെ.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. നാലോ അഞ്ചോ ദിവസത്തെ പേമാരിമൂലം ചെന്നൈയിലുണ്ടായ ദുരന്തം നമുക്കൊരു പാഠമാണ്. വലിയ കെട്ടിടങ്ങൾ പണിയുമ്പോഴും ഭൂമിയിൽ പരിവർത്തനങ്ങൾ നടത്തുമ്പോഴും പരിസ്ഥിതിയെ സംരക്ഷിക്കുന്ന രീതിയിലുള്ള പരിവർത്തനപ്രവൃത്തികളും നിർമ്മാണ പ്രവർത്തനങ്ങളും നടത്തുമ്പോഴാണ് ചെന്നൈപോലുള്ള ദുരന്തങ്ങൾ വഴിമാറുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതുപോലെ രാജീവ് ഗാന്ധി ഇൻഡ്യയുടെ പ്രധാനമന്ത്രിയായിരുന്ന കാലത്ത് ഗംഗാആക്ഷൻ പ്ലാൻ ഉണ്ടാക്കിയതുപോലെ കേരളത്തിലെ പമ്പാനദിയുൾപ്പെടെയുള്ള പ്രധാന നദികളെയെല്ലാം സംരക്ഷിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രികൂടിയാണ് ഈ വകുപ്പിന്റെ ചുമതല വഹിക്കുന്നത്. അതിരപ്പിള്ളി പദ്ധതിക്ക് വീണ്ടും അനുമതി ലഭിച്ചതായി ചില പത്രങ്ങളിൽ വായിക്കാനിടയായി. ഞാൻ അതിലുള്ള അശങ്ക ബഹുമാനപ്പെട്ട മന്ത്രിയുമായി പങ്കുവയ്ക്കുകയാണ്. പതിറ്റാണ്ടുകൾക്കുമുമ്പാണ് ഒരു മോഡൽ സ്റ്റഡിയുടെ ഭാഗമായി ഒരു റിപ്പോർട്ട് സമർപ്പിച്ചത്. അതിനുശേഷം ഒരുപാട് കാലം മുന്നോട്ടുപോയി. നമുക്ക് മഴ കുറഞ്ഞു, ആഗോള താപനത്തിൽ വ്യതിയാനമുണ്ടായി. ഇത്തരത്തിലുള്ള മാറ്റങ്ങളുണ്ടായശേഷം മുപ്പത് വർഷങ്ങൾക്കുമുമ്പുള്ള പഴയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അതിരപ്പിള്ളി പദ്ധതിക്ക് വീണ്ടും അനുമതി ലഭിച്ചുവെന്നുള്ളത് സൂക്ഷിക്കണം, കാരണം അവിടെയുള്ള പ്രകൃതി, വനവിഭവങ്ങൾ, ആദിവാസികൾ, അവിടെനിന്നും ഒഴുകി വരുന്ന വെള്ളത്തിന് തടസ്സമുണ്ടായാൽ കുടിവെള്ളത്തെ ആശ്രയിച്ച് കഴിയുന്ന കോടിക്കണക്കിന് വരുന്ന ആളുകളെ ബാധിക്കും. അതുകൊണ്ട് അതിരപ്പിള്ളി പദ്ധതിയുമായി മുന്നോട്ടുപോകുന്നത് സൂക്ഷിച്ച് വേണമെന്നുള്ള ജനങ്ങളുടെ ആശങ്ക ഒരിക്കൽക്കൂടി പങ്കുവയ്ക്കുന്നു. അതിരപ്പിള്ളി പ്രദേശത്തെ വെള്ളച്ചാട്ടത്തെയും അവിടത്തെ വനവിഭവങ്ങളെയും വനവാസികളെയുമെല്ലാം ഇല്ലാതാക്കുന്ന ഈ പദ്ധതി ബഹുമാനപ്പെട്ട മന്ത്രി ഒരുവട്ടംകൂടി ചർച്ച നടത്തിയശേഷമേ നടപ്പിലാക്കാൻ പാടുള്ളൂ. പഴയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പ്രായോഗികമല്ലെന്നാണ് ഞങ്ങളുടെയെല്ലാം അഭിപ്രായം. അതുകൊണ്ട് ഇക്കാര്യത്തിൽ അങ്ങ് ഒരു പുനർവിചിന്തനത്തിന് തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പരിസ്ഥിതി നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത് നല്ല കാര്യമാണ്. അതുപോലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് മുന്നോട്ടുപോകണം. അടുത്ത് വീണ്ടും യു.ഡി.എഫ്.-ന്റെ

നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇങ്ങനെ സർക്കാർ ഖജനാവിൽ നിന്നും പണം കൊടുക്കുന്ന എയ്ഡഡ് മേഖലയിലേതടക്കമുള്ള മുഴുവൻ സ്ഥാപനങ്ങളുടേയും, ജനങ്ങളുടെ നികുതി പണം കൊണ്ട് ശമ്പളം കൊടുക്കുന്ന എല്ലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പി.എസ്.സി.ക്ക് വിടുകയും വേണം. അവിടയെല്ലാം നിയമനങ്ങൾ ഉറപ്പാക്കുന്നതിനുള്ള മുന്നോടിയായാണ് സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടതും മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചതും. ശ്രീ. വി. എസ്. സുനിൽകുമാർ, നിങ്ങൾ തെറ്റിദ്ധരിക്കേണ്ട, നാലുമാസം കൂടി കഴിയുമ്പോൾ കേരളത്തിൽ വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരും. അതിന് മുമ്പുള്ള ഒരു സൂചനകൂടിയാണ് ഈ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നത്. ശ്രീ. വി. എസ്. സുനിൽകുമാറിനെപ്പോലെയും ശ്രീ. പി. ശ്രീരാമകൃഷ്ണനെപ്പോലെയും ശ്രീ. രാജു എബ്രാഹാമിനെപ്പോലെയുമുള്ള ചെറുപ്പക്കാർ ഇതിന്റെ കൂടെ നിൽക്കണം. ഇത് നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ചെയ്യാൻ കഴിയാത്ത ഒരു കാര്യം കൂടിയാണ് എന്നുപറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഈ ബില്ലിലൂടെ സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മയെയാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. സംസ്ഥാനത്തെ മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. എന്നാൽ 2012-ൽ പ്രസിദ്ധീകരിച്ച ഈ ബിൽ മന്ത്രിസഭയുടെ കാലാവധി കഴിയുന്നതുവരെ നീട്ടിക്കൊണ്ടുപോയത് ഈ സർക്കാരിന്റെ താൽപര്യമില്ലായ്മയുടെയും ഇച്ഛാശക്തിയില്ലായ്മയുടെയും ഉദാഹരണമാണ്. 2010-ൽ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനങ്ങളും പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചതാണ്. ഈ സർക്കാരിന് നാലര വർഷം ലഭിച്ചിട്ടും ഈ തീരുമാനം നടപ്പിലാക്കാൻ താൽപര്യം കാണിച്ചില്ല. ഇപ്പോൾ ഏറ്റവും അവസാനമാണ് സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.ക്ക് വിടാൻ തയ്യാറായത്. ഇപ്പോഴും നമ്മുടെ കേരളത്തിൽ

പി.എസ്.സി.യെ നോക്കുകുത്തിയാക്കിക്കൊണ്ട് വ്യാപകമായ തോതിൽ പിൻവാതിൽ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 7-12-2015-ൽ സെക്രട്ടേറിയറ്റിൽ സെക്യൂരിറ്റി ഗാർഡുകളായി ജോലി നോക്കിയിരുന്ന ആറു ജീവനക്കാരെ സ്ഥിരപ്പെടുത്തിക്കൊണ്ട് ജനറൽ അഡ്മിനിസ്ട്രേഷൻ വകുപ്പ് ഒരു ഓർഡർ ഇറക്കി. നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കെയാണ് സെക്രട്ടേറിയറ്റിൽ സെക്യൂരിറ്റി ഗാർഡുമാരായി ആറ് പേർക്ക് സ്ഥിരനിയമനം നൽകിയിരിക്കുന്നത്. അതിൽ രണ്ടുപേർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലും ഒരാൾ ചീഫ് സെക്രട്ടറിയുടെ ഓഫീസിലും ജോലി ചെയ്യുന്നവരാണ്. ഇത് സംബന്ധിച്ച് നമ്മുടെ നാട്ടിൽ പരക്കുന്ന ഒരു വർത്തയുണ്ട്. സോളാർ കേസുമായി ബന്ധപ്പെട്ട വിഷയം കത്തിപ്പടരുമ്പോൾ ദൃക്സാക്ഷികളായ ഇവർ ചില കാര്യങ്ങൾ വെളിപ്പെടുത്തുമോയെന്ന ഭയംകൊണ്ടാണ് നിങ്ങൾ അവരെ ധൃതിപിടിച്ച് സ്ഥിരപ്പെടുത്തിയതെന്നാണ് ആക്ഷേപം. അത് സംബന്ധിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പ്രതികരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ എനിക്കു മുമ്പ് സംസാരിച്ച ശ്രീ. ടി. എൻ. പ്രതാപൻ അടുത്ത തവണയും യു.ഡി.എഫ്. സർക്കാർ ഭരണത്തിൽ വരുമെന്നാണ് പറഞ്ഞത്. ആർക്കും സ്വപ്നം കാണാനുള്ള അവസരമുണ്ട്. ശ്രീ. ടി. എൻ. പ്രതാപനും സ്വപ്നം കാണുന്നു. പക്ഷേ, അതൊരു മലർപൊടിക്കാരന്റെ സ്വപ്നമായി കേരളത്തിൽ മാറാൻപോകുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ഡോ. എൻ. ജയരാജ്)

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, മുമ്പ് നടത്തിയ പല പ്രസംഗങ്ങളിലും പിൻവാതിൽ നിയമനങ്ങളുമായി ബന്ധപ്പെട്ട് തെളിവു സഹിതം നിരവധി കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിനൊന്നും ന്യായമോ യുക്തിസഹജമോ ആയ ഒരു മറുപടി ഈ സഭയിൽ ലഭിച്ചിട്ടില്ല എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സെക്യൂരിറ്റി ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് വളരെ ഗുരുതരമായ ഒരു ആരോപണമാണ് അങ്ങ് ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്. ഈ ആരോപണത്തോട് ഏതെങ്കിലും നിലയിൽ ഈ ഗവൺമെന്റ് പ്രതികരിക്കുമെന്ന് അങ്ങ് പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ് : സർ, ഇപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി സഭയിലില്ല. പക്ഷെ, മന്ത്രിസഭയിലെ മുഖ്യമന്ത്രി കഴിഞ്ഞാൽ അടുത്ത പ്രധാനപ്പെട്ട ആളെന്ന് നമുക്ക് പറയാൻ കഴിയുന്ന ബഹുമാന്യനായ രമേശ് ചെന്നിത്തല സഭയിലുണ്ട്. അദ്ദേഹം ഇതു കേട്ടിട്ടും പ്രതികരിച്ചിട്ടില്ല. ഏതായാലും ഈ കാര്യത്തിൽ മുൻനിരയിലിരിക്കുന്ന ബഹുമാന്യരായ മന്ത്രിമാർ പ്രതികരിക്കു

മെന്നാണ് എനിക്ക് തോന്നുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോഴാണ് ശാസ്ത്ര സാങ്കേതിക കൗൺസിലിൽ ഇപ്പോൾ ആറു പേരെ നിയമിച്ചിരിക്കുന്നത്. അതിൽ രണ്ടു പേരും മുഖ്യമന്ത്രിയുടെ ഓഫീസിലാണ്. സോളാർ കേസിലെ ദൃക്സാക്ഷികളാണ്. ഇതിനെക്കുറിച്ച് വാർത്ത വന്നിട്ടുണ്ട്. ഈ കാര്യങ്ങൾ നാട്ടിൽ പാട്ടാണ്. എന്നിട്ടും ഈ കാര്യത്തിൽ ഒരു പ്രതികരണവും നടത്താൻ സഭയിലുള്ളവർ തയ്യാറാകുന്നില്ല,യൂത്ത് കോൺഗ്രസ്സും പ്രതികരിക്കുന്നില്ല എന്നതാണ് വാസ്തവം.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, എന്റെ പ്രിയപ്പെട്ട സ്നേഹിതൻ യു.ഡി.എഫ്. സർക്കാർ അടുത്തതവണ വരുമെന്നുപറഞ്ഞത് മലർപൊടിക്കാരന്റെ സ്വപ്നം പോലെയാണെന്നാണ് പറഞ്ഞത്. കടലാമ കരയിൽ മുട്ടയിടാൻ വന്നതിനുശേഷം കരയിൽ മുട്ടയിട്ട് തിരിച്ചു പോകുമ്പോൾ കുഴിയിൽ കുഴിച്ചിട്ട മുട്ടയോട് തിരിഞ്ഞുനിന്നിട്ട് ഒരു പ്രാർത്ഥനയുണ്ട്. "കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ വെള്ളാരങ്കല്ലിന്മേൽ കണ്ടുമുട്ടാം" എന്നാണ് പറയുന്നത്. എണ്ണിക്കോ കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ വെള്ളാരങ്കല്ലിന്മേൽ നമുക്ക് കണ്ടുമുട്ടാം. നാലു മാസം കഴിഞ്ഞാൽ കേരളത്തിൽ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരെ, നിങ്ങളെ പോലെ ഒരു നുണ ആയിരംതവണ ആവർത്തിക്കുന്ന ബീഭത്സ സിദ്ധാന്തത്തി നെതിരെ കേരളത്തിൽ യു.ഡി.എഫ്. സർക്കാർ വരും. അത് മലർ പൊടിക്കാരന്റെ സ്വപ്നമല്ല. അത് കടലാമ കരയിൽ മുട്ടയിട്ട് പോകുമ്പോൾ മുട്ടയിൽ കിടക്കുന്ന ഭ്രൂണത്തോടുപറഞ്ഞ കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ വെള്ളാരങ്കല്ലിന്മേൽ കണ്ടുമുട്ടാം എന്നുതന്നെയായിരിക്കും.

ശ്രീ. ജി. സുധാകരൻ : സർ, കള്ളനും കാറ്റും ചതിച്ചില്ലെങ്കിൽ എന്നു പറഞ്ഞാൽ കള്ളനും കാറ്റും അവിടെത്തന്നെയുണ്ട്. സ്വാഭാവികമായും നിങ്ങൾ തിരിച്ചുവരില്ലായെന്നുള്ള കാര്യം നിങ്ങൾതന്നെ പറഞ്ഞു .

ശ്രീ. റ്റി. വി. രാജേഷ് : സർ, ശ്രീ. ടി. എൻ. പ്രതാപൻ നിയമനത്തെക്കുറിച്ചാണ് പറഞ്ഞത്. ഈ നിയമനം നടത്തിയതിന്റെ ഭാഗമായി ചെറുപ്പക്കാരെല്ലാവരും വോട്ട് ചെയ്യുവെന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങയുടെ തൊട്ടപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട പത്തനംതിട്ട എം.എൽ.എ. 15-12-2015-ന് ഇവിടെ അവതരിപ്പിച്ച ഒരു സബ്മിഷനിൽ ഇവിടെ നിയമനം നടക്കുന്നില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതുംകൂടി അങ്ങ് ഓർത്തിരിക്കുന്നത് നല്ലതാണ്. ഇപ്പോൾ രാത്രിയാണ്, ഇനി ഒരിക്കലും പകൽ ഉദിക്കില്ല എന്ന് ശ്രീ. ടി. എൻ. പ്രതാപൻ കരുതിയാൽ പകൽ ഉദിക്കുകയും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വരികയും ചെയ്യും.

ശ്രീ. കെ. ശിവദാസൻ നായർ : സർ, അങ്ങ് എന്തെങ്കിലും കേട്ടതിനുശേഷം ആ കുറ്റം എന്റെ മേൽ ആരോപിക്കരുത്. മസ്ദൂർ വിഭാഗത്തിലെ തൊഴിലാളികളുടെ നിയമനം മറ്റ് ജില്ലകളിൽ നടത്തിയതുപോലെ പത്തനംതിട്ട ജില്ലയിൽ നടക്കുന്നില്ല എന്നാണ് പറഞ്ഞത്. ആ നിയമനം നടത്തണമെന്നു പറയുമ്പോൾ അതിനൊരു കാരണവുമുണ്ട്. ആ കാരണം പറയാതെ അങ്ങ് ഞാൻ പറഞ്ഞത് വ്യത്യസ്തമായ രീതിയിൽ വളച്ചൊടിച്ച് പറയേണ്ട ഒരു കാര്യവുമില്ല.

ശ്രീ. റ്റി. വി. രാജേഷ്: സർ, ശ്രീ. ടി. എൻ. പ്രതാപൻ ഞങ്ങളെ വെല്ലുവിളിച്ചിരിക്കുകയാണ്. കള്ളനും കാറ്റും ചതിച്ചിട്ടില്ലെങ്കിൽ യു.ഡി.എഫ്. സർക്കാർ വരുമെന്നാണ് അദ്ദേഹം പറയുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, ശ്രീ. ടി. എൻ. പ്രതാപൻ പ്രസംഗത്തിൽ പറയാൻ ഉദ്ദേശിച്ച കാര്യം ഇപ്പോൾ പറഞ്ഞെന്നുമാത്രമെയുള്ളു. അത് കാര്യമാക്കേണ്ട വിഷയമല്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി കേരളത്തിൽ തിരിച്ച് അധികാരത്തിൽ വരുമെന്ന് ഏറ്റവും നന്നായി അറിയാവുന്ന കേരളത്തിലെ കോൺഗ്രസ്സിന്റെ ഒരു നല്ല എം.എൽ.എ. ആണ് ശ്രീ. ടി. എൻ. പ്രതാപൻ.

ശ്രീ. റ്റി. വി. രാജേഷ് : സർ, നാലു മാസം കഴിഞ്ഞാൽ ഇലക്ഷൻ നടക്കും അപ്പുറത്തെ ട്രഷറി ബഞ്ചിൽ ഇടതുപക്ഷത്തിന്റെ കരുത്തനായ ഒരു മുഖ്യമന്ത്രിയും അതുപോലെ മന്ത്രിമാരും ഉണ്ടാകുമെന്നുള്ള കാര്യമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, അതാരാണെന്ന് വ്യക്തമാക്കണം.

ശ്രീ. റ്റി. വി. രാജേഷ് : സർ, അത് ഞങ്ങൾ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ വ്യക്തമാക്കുന്നതാണ്. ആര് മുഖ്യമന്ത്രി ആകണമെന്ന് ഞങ്ങൾ ആലോചിച്ച് തീരുമാനിക്കും. കരുത്തനായ മുഖ്യമന്ത്രിയും മന്ത്രിമാരും ഉണ്ടാവുമെന്നാണ് ഞാൻ പറഞ്ഞത്. ഏതായാലും നിങ്ങളുടെ മുഖ്യമന്ത്രി ആരായിരിക്കണമെന്ന് നിങ്ങൾ തീരുമാനിക്കണം. ഇതിനകത്ത് ഒരു പ്രശ്നമില്ല. തെരഞ്ഞടുപ്പിനുശേഷം പാർട്ടിയും മുന്നണിയും ആലോചിച്ച് ആ കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്. കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്ന കാര്യത്തിൽ കരുത്തനായ, കർമ്മധീരനായ ഒരു മുഖ്യമന്ത്രിയുണ്ടാകുമെന്നാണ് എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്. ശ്രീ. ടി. എൻ. പ്രതാപൻ ഉൾപ്പെടെയുള്ളവർ ചേർന്ന് ഹരിത എം.എൽ.എ.മാരുടെ സംഘമുണ്ടാക്കി പുഴയും കായലും ജലാശയങ്ങളും സംരക്ഷിക്കാൻ ഇറങ്ങിപ്പുറപ്പെട്ടതാണ്. എന്നിട്ട് ഇപ്പോൾ എന്തായി? ഇവിടെ

യു.ഡി.എഫ്. ആണല്ലോ ഭരിച്ചുകൊണ്ടിരിക്കുന്നത്. നാലര വർഷമായിട്ടും കേരളത്തിലെ ജലാശയങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിൽ ഈ സർക്കാരിന് പരിപൂർണ്ണ പരാജയമാണ് സംഭവിച്ചത്. ഈ സർക്കാർ നിയന്ത്രിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡ് ഇക്കാര്യത്തിൽ പരാജയമാണെന്നാണ് ബഹുമാന്യനായ ടി. എൻ. പ്രതാപൻ പറഞ്ഞത്. അടുത്ത തവണ യു.ഡി.എഫ്. വന്നിട്ട് കാര്യങ്ങൾ ശരിയാക്കാമെന്നാണ് അദ്ദേഹം പറഞ്ഞതിൽനിന്നും വ്യക്തമാകുന്നത്. ഏതായാലും പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ കേരളത്തിലെ ജനങ്ങൾ വിധി എഴുതിയിട്ടുണ്ട്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും എൽ.ഡി.എഫ്. ആണ് വിജയിച്ചത്.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, മലിനീകരണ നിയന്ത്രണ ബോർഡ് പരാജയമാണെന്ന് ഞാൻ പറഞ്ഞിട്ടില്ല. മലിനീകരണ നിയന്ത്രണ ബോർഡ് ചില കാര്യങ്ങളിൽ സൂക്ഷ്മത പാലിച്ചിട്ടില്ല എന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട വി. എസ്. സുനിൽകുമാർ, അങ്ങയുടെ പാർട്ടിയുടെ നേതാവാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനെ മുഖ്യമന്ത്രിയാക്കണമെന്ന് പറഞ്ഞത്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ മുൻനിറുത്തി മത്സരിപ്പിക്കുമെന്ന് സി.പി.ഐ. പറഞ്ഞു,. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിൽ ആര് മുന്നണിയെ നയിക്കണമെന്നും ആര് മുഖ്യമന്ത്രിയാകണമെന്നും തീരുമാനിക്കാനുള്ള അവകാശം ഞങ്ങൾക്കാണ്. അതുമാത്രമെ ഞാൻ പറയുന്നുള്ളൂ. ഇവിടെ ഞാൻ പറഞ്ഞുവരുന്ന ഒരു കാര്യം, ദശലക്ഷക്കണക്കിന് അയ്യപ്പന്മാർ പാപം കഴുകിക്കളയാൻവേണ്ടി പുണ്യനദിയായ പമ്പയിൽ മുങ്ങി നിവരുമ്പോൾ അവർക്ക് പുണ്യമല്ല മാരകമായ അസുഖമാണുണ്ടാകുന്നത്. അതാണ് ബഹുമാന്യരായ അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചത്. അവിടെ വിസ്സർജ്ജ്യ ടാങ്കുകളിൽ നിന്നും മാലിന്യങ്ങൾ ഒഴുകുകയാണ്. വലിച്ചെറിയുന്ന മാലിന്യങ്ങളും ഈ വിസർജ്ജ്യ ടാങ്കുകളിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങളെല്ലാം ചേർന്ന് യഥാർത്ഥത്തിൽ വളരെ ഭയാനകമായ ഒരു സ്ഥിതിയാണ് ഇന്ന് പമ്പയിൽ സംഭവിക്കുന്നത്. അവിടെ ആരംഭിച്ച ശുചീകരണ പദ്ധതി യഥാർത്ഥത്തിൽ അട്ടിമറിക്കപ്പെടുകയാണ് ചെയ്തത്. അതിന്റെ തിക്തമായ അനുഭവങ്ങൾ അവിടുത്തെ ഭക്തജനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നിരിക്കുകയാണ്. പമ്പയിലെ മാലിന്യങ്ങൾ തടയുന്നതിനെക്കുറിച്ച്

ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. പമ്പാ ആക്ഷൻ പ്ലാൻ ആരംഭിച്ചിട്ട് പതിറ്റാണ്ടുകളായി. എന്നാൽ ഈ പമ്പയെ ശുദ്ധീകരിക്കാൻ ഫലപ്രദമായ ഒരു നടപടിയും ഇപ്പോൾ നടക്കുന്നില്ല. അവിടെ പോയിവരുന്നവർ അങ്ങനെയാണ് പറയുന്നത്. അപ്പോൾ ഈ കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കാൻ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ആശുപത്രി മാലിന്യങ്ങൾ മൂലമുണ്ടാകുന്ന മലിനീകരണം. കേരളത്തിൽ ആശുപത്രി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പാലക്കാട് ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലെ മാന്തുരുത്തിയിൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ മേൽനോട്ടത്തിൽ 'ഇമേജ്' എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഇത്തരമൊരു സ്ഥാപനത്തിൽമാത്രം കൂടുതൽ ബയോമെഡിക്കൽ മാലിന്യങ്ങൾ സംസ്കരിക്കാൻ കഴിയില്ല. അതുകൊണ്ട് കൂടുതൽ സ്ഥാപനങ്ങൾ കൊണ്ടുവരാൻ കഴിയണം. ആശുപത്രി മാലിന്യങ്ങളുടെ കാര്യത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനമുണ്ടാക്കാൻ സർക്കാർ തയ്യാറാകണമെന്നുള്ള നിർദ്ദേശമാണുള്ളത്. അതിന് മലിനീകരണ നിയന്ത്രണ ബോർഡ് മുൻകയ്യെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഇപ്പോൾ പല വിദേശ രാജ്യങ്ങളിലും പത്തോ പതിനഞ്ചോ ആശുപത്രികൾ പൂൾ ചെയ്തുള്ള സംവിധാനമാണുള്ളത്. കേരളത്തിൽ ആശുപത്രികളുടെ എണ്ണം വളരെ കൂടുതലാണ്. അതുകൊണ്ട് പൂൾ സിസ്റ്റത്തെക്കുറിച്ച് സർക്കാർ അടിയന്തരമായി ആലോചിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.അതോടൊപ്പംതന്നെ വഴിയിൽ മാലിന്യങ്ങൾ ഉപേക്ഷിക്കപ്പെടുന്ന ഒരു സ്ഥിതിയുണ്ട്. ഇതുകൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ഇൻഫെക്ഷൻ വരാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിൽ കർശനമായ നിലപാട് സ്വീകരിക്കാൻ തയ്യാറാകണം. അതോടൊപ്പം ആശുപത്രി മാലിന്യങ്ങൾ പ്രത്യേകിച്ചും ബയോവേസ്റ്റ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ബയോഡീഗ്രേഡബിളാക്കുന്നതിനുള്ള സംവിധാനത്തെക്കുറിച്ചുകൂടി ആലോചിക്കണം. ഇന്ന് വികസിത രാജ്യങ്ങളിൽ പലയിടത്തും ബാക്ടീരിയൽ ഡീകമ്പോസ്റ്റ് ഷെൽ എന്നുപറയുന്ന ശാസ്ത്രീയ സംവിധാനമാണുപയോഗിക്കുന്നത്. ആ സാധ്യതയെക്കുറിച്ച് മലിനീകരണ നിയന്ത്രണബോർഡ് ആലോചിക്കണം. അത്തരം സംവിധാനങ്ങൾ നടപ്പിലാക്കു ന്നതിനുള്ള സത്വര ഇടപെടലുകളുണ്ടാകണം എന്നുകൂടി അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നാഷണൽ ഹൈവേയിലെ പല ഭാഗങ്ങളും വിജനമാണ്. നാഷണൽ

ഹൈവേയുടെ ഓരങ്ങളിലുള്ള തോടുകളിലും ജലാശയങ്ങളിലും രാത്രിയായി കഴിഞ്ഞാൽ വൻതോതിൽ മാലിന്യങ്ങൾ ഡമ്പ് ചെയ്യുകയാണ്. എന്റെ മണ്ഡലത്തിലെ പരിയാരം മെഡിക്കൽ കോളേജിനുമുന്നിൽ അരക്കിലോമീറ്റർ ദൂരം വിജനമായ സ്ഥലമാണ്. അലക്കുംപാലം എന്ന സ്ഥലത്ത് ഒരു തോടുണ്ട്. അലക്കുംതോട് എന്നാണ് പറയുന്നത്. അവിടെ രാത്രികാലങ്ങളിൽ മാലിന്യങ്ങൾ കൊണ്ടിടുന്നത് പതിവായിരുന്നു. നാട്ടുകാർ സംഘടിച്ചിരുന്ന് മാലിന്യങ്ങൾ നിക്ഷേപിക്കുന്നവരെ പിടികൂടി. പക്ഷെ നാട്ടുകാരില്ലാത്ത രാത്രി സമയങ്ങളിൽ മാലിന്യങ്ങൾകൊണ്ട് തള്ളുകയാണ് ചെയ്യുന്നത്. പെരിയാർ ഏലൂർ ഭാഗത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന സർവെയലൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. നമുക്ക് പ്രധാനപ്പെട്ട 44 ജലാശയങ്ങളാണുള്ളത്. ഈ ജലാശയങ്ങളെ സംരക്ഷിക്കാൻ കഴിയണമെങ്കിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെല്ലാം ഇതുപോലെയുള്ള സർവെയലൻസ് ക്യാമറകൾ സ്ഥാപിക്കണം. അതുപോലെതന്നെ റോഡുകളിലും ഇത്തരം ക്യാമറകൾ സ്ഥാപിക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. ഫണ്ടിന്റെ അഭാവമാണ് പ്രശ്നമെങ്കിൽ എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും റിവർ മാനേജ്മെന്റ് ഫണ്ടും ഉപയോഗിക്കാം. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡുവഴിയും ഫണ്ട് മൊബിലൈസ് ചെയ്യാൻ കഴിയും. തദ്ദേശ ഭരണസ്ഥാപനങ്ങളേയും ഇതിൽ പങ്കാളികളാക്കാൻ കഴിയും. ഈ ഫണ്ടുകളെല്ലാം ഉപയോഗപ്പെടുത്തി നമ്മുടെ ജലാശയങ്ങളിലും റോഡുകളിലും പ്രത്യേകിച്ചും വിജനമായ സ്ഥലങ്ങളിലും മാലിന്യങ്ങൾ തള്ളുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കാൻ നമുക്ക് കഴിയണം. ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ഇതൊന്ന് കേൾക്കണമെന്നാണ് എന്റെ അഭ്യർത്ഥന. മാലിന്യങ്ങൾ തള്ളുന്നതായി പരാതി പറഞ്ഞാൽ മാലിന്യങ്ങൾ നിക്ഷേപിച്ചവർക്കെതിരെ പോലീസിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ ഉണ്ടാകുന്നില്ല. എം.എൽ.എ.-മാരായ ഞങ്ങൾ പല തവണ പരാതി കൊടുത്തു. പരാതി കൊടുത്തപ്പോഴൊന്നും പോലീസ് ഈ വിഷയത്തിൽ ശക്തമായി ഇടപെടാൻ തയ്യാറാകുന്നില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുമതലയുള്ള മന്ത്രി മുൻകയ്യെടുത്ത് ജനപ്രതിനിധികൾ, പോലീസ് സംവിധാനം എന്നിവ ഉപയോഗിച്ച് ഇക്കാര്യത്തിൽ ഒരു ജോയിന്റ് ഡ്രൈവ് നടത്താൻ തയ്യാറാകണം എന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്.

അതുപോലെതന്നെ മലിനീകരണത്തെക്കുറിച്ച് പറയുമ്പോൾ ഞങ്ങളുടെ പ്രദേശത്തുള്ള ഒരുവിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

തളിപ്പറമ്പ് നിയോജക മണ്ഡലത്തിന്റെഅതിർത്തിയായ ധർമ്മശാലയിലെ മാങ്ങാട്ടുപറമ്പ് വ്യവസായ കേന്ദ്രത്തിൽനിന്നുള്ള അന്തരീക്ഷ മലിനീകരണം ഒരു മുഖ്യവിഷയമായി മാറിയിരിക്കുകയാണ്. ഇവിടം വായു മലിനീകരണ കേന്ദ്രമായി മാറുന്നുവെന്ന വാർത്തകൾ വന്നു.തലശ്ശേരി ബ്രണ്ണൻ കോളേജിലെ അദ്ധ്യാപകനും കണ്ണൂർ സർവ്വകലാശാലയിലെ ക്ലൈമറ്റ് വിഭാഗം ഡയറക്ടറുമായ ഡോ. എം. കെ. സതീശ് കുമാർ അതുമായി ബന്ധപ്പെട്ട് അവിടെ ഒരു പഠനം നടത്തുകയുണ്ടായി. ആ പഠനത്തിൽ വ്യക്തമായത് മാങ്ങാട്ടുപറമ്പിൽ വൻതോതിൽ മലിനീകരണം നടക്കുന്നുവെന്നുള്ളതാണ്. ഇതൊരു ഇൻഡസ്ട്രിയൽ ബെൽറ്റാണ്. അവിടെ നിയമപ്രകാരമുള്ള പുകക്കുഴലുകൾ സ്ഥാപിക്കാത്തതും മലിനജലം സംസ്കരിക്കാൻ സംവിധാനമില്ലാത്തതുമായ സ്ഥാപനങ്ങളുണ്ട്. അന്യസംസ്ഥാന തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് വൃത്തിഹീനമായ താമസ സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. ഇത്തരത്തിലുള്ള പലകാരണങ്ങളാൽ അവിടെ മലിനീകരണപ്രശ്നങ്ങൾ രൂക്ഷമാണ്. അന്തരീക്ഷ മലിനീകരണംമൂലം പല മാരകരോഗങ്ങൾക്കും ഇടവരുത്തും. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ മുൻകയ്യെടുക്കണം. ഇതിന്റെ ഒരു റിപ്പോർട്ട് ആവശ്യപ്പെടണമെന്നുമാത്രമല്ല ഇക്കാര്യത്തിൽ ശക്തമായി ഇടപെട്ടുകൊണ്ട് ജനങ്ങളുടെ ജീവനും ആരോഗ്യസുരക്ഷയും ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം എന്നുകൂടി ആവശ്യപ്പെടുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ പ്രതികരിക്കും എന്നുകരുതുന്നു.

മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുതുകൊണ്ടുമാത്രമായില്ല. നിയമനത്തിന്റെ കാര്യത്തിൽ അത് പറയാതിരിക്കാൻ കഴിയില്ല. ബഹുമാന്യനായ കെ. ശിവദാസൻ നായർ മസ്ദൂർ നിയമനത്തെക്കുറിച്ച് സബ്മിഷൻ അവതരിപ്പിച്ചു. അത് അങ്ങയുടെ വകുപ്പിൽ തന്നെയാണ്. കെ.എസ്.ഇ.ബി.-യുടെ ചുമതല വഹിക്കുന്ന മന്ത്രിയാണ്. ഇത് പത്തനംതിട്ട ജില്ലയുടെ മാത്രം പ്രശ്നമല്ല. ആയിരക്കണക്കിന് വരുന്ന റാങ്ക് ഹോൾഡേഴ്സ് നാളെ സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവാണ് മാർച്ച് ഉദ്ഘാടനം ചെയ്യുന്നത്. കെ.എസ്.ഇ.ബി.-യിൽ ഏഴായിരത്തോളം ഒഴിവുകൾ നിലനിൽക്കുകയാണ്. ഇപ്പോൾ നിരവധി സെക്ഷൻ ഓഫീസുകൾ ബൈഫർക്കേറ്റ് ചെയ്തു. അതിനനുസൃതമായി മസ്ദൂർ മാരുടെയും ലൈൻമാൻമാരുടെയും ഒഴിവുകൾ നികത്തപ്പെടുന്നില്ല. അപ്പോൾ ഇത് പത്തനംതിട്ടയുടെ മാത്രം വിഷയമല്ല. ശ്രീ. വി. റ്റി. ബൽറാം, ശ്രീ. ഷാഫി

പറമ്പിൽ എന്നീ അംഗങ്ങൾ സബ്മിഷനുകൾ ഉന്നയിച്ചു. അപ്പോൾ നിയമനം നടക്കാത്തതിനെക്കുറിച്ച് ഭരണകക്ഷി എം.എൽ.എ.-മാർക്കുപോലും ആവലാതികളും പരിവേദനങ്ങളുമായി ഈ സഭയിൽ സബ്മിഷൻ ഉന്നയിക്കേണ്ടിവരുന്ന അവസ്ഥ എന്തുകൊണ്ട് ഉണ്ടായിയെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. ഞാൻ ഇവിടെ പലതവണ വ്യക്തമാക്കിയതാണ്, കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് അഞ്ചുവർഷംകൊണ്ട് 165000 നിയമനങ്ങളാണ് പി.എസ്.സി. മുഖാന്തിരം നടന്നത്. എന്നാൽ 2015 ഡിസംബർ 15 വരെ നടന്ന നിയമനങ്ങളുടെ കണക്ക് വ്യക്തമാക്കാമോ എന്ന ഞങ്ങളുടെ അൺസ്റ്റാർഡ് ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകിയിട്ടുണ്ട്. അതിൽ ഡിസംബർ 15 വരെ 139000 നിയമനങ്ങൾ മാത്രമാണ് നടന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. ഇനി സർക്കാരിന് മൂന്നു മാസം മാത്രമാണ് ബാക്കിയുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്തുനടന്നനിയമനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പതിനായിരക്കണക്കിന് എണ്ണത്തിന്റെ കുറവാണുണ്ടായിരിക്കുന്നത്. അപ്പോൾ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന കാര്യത്തിൽപ്പോലും ഈ സർക്കാരിന് ആത്മാർത്ഥതയില്ല. 2012-ൽ കൊണ്ടുവന്ന ഈ ബിൽ നിയമമാക്കാൻ മൂന്നു വർഷമാണ് എടുത്തത്. സർവ്വകലാശാല ബില്ലിന്റെ കാര്യത്തിൽ 5 വർഷമാണെടുത്തത്. യഥാർത്ഥത്തിൽ പരമാവധി നിയമനം നടത്താതിരിക്കുക എന്നുള്ളതാണ് സർക്കാരിന്റെ സമീപനം. പുറത്ത് പുകമറ സൃഷ്ടിക്കുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇവിടെ ഒരവസരവും ഉണ്ടാകുന്നില്ല. എമർജിങ് കേരള എന്തായി; ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ടോ? 2012-ൽ കൊട്ടിഘോഷിച്ചുകൊണ്ടുവന്ന എമർജിങ് കേരള-40,000 കോടി രൂപയുടെ പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതാണ്. എന്തെല്ലാം ആയിരുന്നു - കാർ പ്ലാന്റ്, മൊബൈൽ പ്ലാന്റ്, വൻകിട വ്യവസായ സംരംഭങ്ങൾ, ടെക്സ്റ്റൈൽ പാർക്കുകൾ, എന്തായി; എമർജിങ് കേരള എവിടെ? ഈ സർക്കാരിന്റെ കാലാവധി അവസാനിക്കാൻ ഏതാനും മാസങ്ങൾക്കൂടിയേ ബാക്കിയുള്ളൂ, കേരളത്തിൽ 100 പേർക്ക് തൊഴിൽ നൽകുന്ന ഒരു പുതിയ സംരംഭം ആരംഭിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; അപ്പുറത്തിരിക്കുന്ന ആർക്കെങ്കിലും പറയാൻ കഴിയുമോ; ഞാൻ വഴങ്ങിത്തരാൻ തയ്യാറാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, ഐ.റ്റി. മേഖല മാത്രം എടുക്കരുത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പോകുന്ന സമയത്ത് ഐ.റ്റി. മേഖലയിലെ വിറ്റുവരവ് 3000 കോടി രൂപയായിരുന്നു. ഇന്ന് 11000 കോടി രൂപയാണ് വിറ്റുവരവ്. എന്നുമാത്രമല്ല കേരളത്തിലെ ഇൻഫോ

പാർക്കുകളിലും ഐ.റ്റി. പാർക്കുകളിലും ഇനി ഒരു ഇഞ്ചുഭൂമിപോലും ഇല്ല. കാരണം എല്ലായിടത്തും ഓരോ വ്യവസായികളും പൂർണ്ണമായും അവരുടെ സ്ഥാപനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതുപോലെ ചെറുകിട വ്യവസായ മേഖലയിൽ 12.5 ശതമാനമാണ് വളർച്ച. അങ്ങ് വളർച്ചയുണ്ടായിട്ടില്ലായെന്ന് പറയരുത്. അതുപോലെ സ്റ്റാർട്ട്-അപ് വില്ലേജുകൾ കേരളത്തിൽ പൂർണ്ണമായും നൽകിക്കഴിഞ്ഞു എന്നുമാത്രമല്ല ഇനിയും അപേക്ഷകർ വന്നുനിൽക്കുകയാണ്. നമ്മൾ പ്രതീക്ഷിച്ചതിനെക്കാൾ കൂടുതൽ നൽകേണ്ടിവന്നു. വൻകിട വ്യവസായ മേഖലയിൽ, പെട്രോളിയം കെമിക്കൽ രംഗത്ത് 2000 കോടിയോളം രൂപയുടെ പദ്ധതികൾ, ഇവയൊക്കെത്തന്നെ ഇതിന്റെ ഭാഗമായി നടക്കുന്നതാണ്. അപ്പോൾ കേരളത്തിൽ വികസനം ഉണ്ടായിട്ടില്ലെന്ന് പറയുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കലാണ്.

മി. ചെയർമാൻ: ശ്രീ. റ്റി. വി. രാജേഷ്, അങ്ങ് ബില്ലുമായി ബന്ധപ്പെട്ട് വളരെ വിശദമായി സംസാരിച്ചുകഴിഞ്ഞു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ വിശദീകരിക്കുന്നില്ല. അവസാനിപ്പിക്കാൻ പോകുകയാണ്. കേരളത്തിലെ ഐ.റ്റി മേഖലയിൽ നടന്ന വികസനമെന്താണെന്ന് സ്മാർട്ട് സിറ്റിയുടെ കാര്യം നോക്കിയാൽ മതി. ഞങ്ങൾ അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം സ്മാർട്ട് സിറ്റി യാഥാർത്ഥ്യമാക്കുമെന്ന് പറഞ്ഞതാണ്. ഇപ്പോൾ നാലര വർഷമായി. സ്മാർട്ട് സിറ്റിയുടെ സ്ഥിതിയെന്താണ്; സ്മാർട്ട് സിറ്റി ഈ സർക്കാരിന്റെകാലത്ത് ഉദ്ഘാടനം ചെയ്യുമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ചേർത്തല ഇൻഫോ പാർക്ക്, കൊരട്ടി ഇൻഫോ പാർക്ക്, കുണ്ടറ ടെക്നോപാർക്ക്, പയ്യന്നൂരിലെ പുല്ലുപാറ ടെക്നോ പാർക്ക്, അവിടെയെല്ലാം എന്താണ് സംഭവിച്ചത്; അവിടെ പുതിയതായി ഒരു കല്ല് വയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞോ? കോഴിക്കോട് സൈബർ പാർക്കിന്റെ കാര്യം എന്തായി? ഞാൻ ചോദിക്കട്ടെ, കേരളത്തിൽ കഴിഞ്ഞ സർക്കാർ 10 പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചതാണ്. ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനം ആരംഭിക്കാൻ ഈ സർക്കാരിന് കഴിഞ്ഞോ? കോമളപുരം സ്പിന്നിംഗ് മില്ലിന് 40 കോടി രൂപ കൊടുത്തതാണ്. അത് തുറന്ന് പ്രവർത്തിപ്പിക്കാൻ ഈ സർക്കാരിന് കഴിഞ്ഞോ? ഒരു പുതിയ പൊതുമേഖലാ സ്ഥാപനം ഇവിടെ ആരംഭിച്ചോ? ഇതൊരു ഡിബേറ്റിംഗ് സബ്ജക്റ്റാണെങ്കിൽ ഡിബേറ്റ് ചെയ്യാൻ ഞങ്ങൾ തയ്യാറാണ്. കേരളത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയമാണ്. ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണി എമർജിങ് കേരളയെക്കുറിച്ച് പറയാത്തത് എന്താണ്; എമർജിങ് കേരളയുടെ ഭാഗമായി കേരളത്തിൽ വന്ന വ്യവസായ സ്ഥാപനങ്ങളുടെ എണ്ണമെത്ര; എത്ര പേർക്ക് തൊഴിൽ ലഭിച്ചു; ഒന്ന് വിശദീകരിക്കാമോ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, എമർജിംഗ് കേരളയുടെ ഭാഗമായാണ് കേരളത്തിൽ മെഗാപ്രോജക്ടുകൾ വന്നത്. ആ പ്രോജക്ടിൽ ഒന്നായിരുന്നു മെട്രൊ. എമർജിംഗ് കേരള എന്നുപറയുന്നത് ഒരു വ്യവസായം തുടങ്ങുകയോ അല്ലെങ്കിൽ ആരെങ്കിലുമായി എം.ഒ.യു. ഒപ്പുവയ്ക്കുകയോ അല്ല. കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി പാരിസ്ഥിതികമായ പ്രശ്നങ്ങളെല്ലാം ഉയർത്തിപ്പിടിച്ചുകൊണ്ട്, കേരളത്തിനനുസൃതമായ ഒരു നിക്ഷേപ സൗഹൃദ സാഹചര്യം സൃഷ്ടിക്കുകയാണ്. അതിൽ നിക്ഷേപകരെ ക്ഷണിക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ മെഗാപ്രോജക്ടുകൾ വച്ചു. ആ മെഗാപ്രോജക്ടുകളിൽ മെട്രോയും വിഴിഞ്ഞവും ഉണ്ടായിരുന്നു. നിങ്ങൾ അന്ന് വിഴിഞ്ഞം പദ്ധതിയെ വിഴിഞ്ഞം പോർട്ട് എന്നുപറഞ്ഞ് കൊണ്ടുവന്നു. അതിലേയ്ക്ക് ഒരിക്കലും നിക്ഷേപകർ എത്തിയിരുന്നില്ല. ഒട്ടേറെ വൻകിട പദ്ധതികൾ കേരളത്തിൽ വന്നു. പെട്രോ കെമിക്കൽ പദ്ധതിയൊക്കെ വന്നതിനുശേഷമാണ് ഈ പദ്ധതി വന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഹുമാന്യനായ അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ ഇതുസംബന്ധിച്ച് പറഞ്ഞതുകൊണ്ട് ഞാൻ അതെക്കുറിച്ച് രണ്ടുവാക്ക് സംസാരിച്ചോട്ടെ. ഞങ്ങളൊക്കെ യുവജനസംഘടനകളുടെ എളിയ പ്രവർത്തകന്മാരാണ്. പറയാതിരിക്കാൻ പറ്റില്ല. എമർജിംഗ് കേരളയുടെ ഭാഗമായി എം.ഒ.യു. ഒപ്പുവച്ച ധാരാളം പദ്ധതികളെക്കുറിച്ച് ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ആ പദ്ധതിയിൽ നിങ്ങളുടെ തനത് പദ്ധതിയെന്നുപറയാൻ ഏതെങ്കിലും ഒന്നുണ്ടോ? മെട്രോ ആരുടെ കാലത്താണ് ആരംഭിച്ചത്? മെട്രോയ്ക്ക് മുൻകയ്യെടുത്തത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. കണ്ണൂർ എയർപോർട്ടിനായി സ്ഥലം അക്വയർ ചെയ്തതും അതിന് ഇൻപ്രിൻസിപ്പൽ അംഗീകാരമായതും സഖാവ് നായനാരുടെ കാലത്താണ്, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. ഈ സർക്കാരിന്റെ തനത് പദ്ധതി എന്നുപറയാൻ ഒരു പദ്ധതിയുടെ പേര് പറയാൻ പറ്റുമോ? ഞങ്ങളാണ് വിഴിഞ്ഞം പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചത്. നിങ്ങളുടെ പദ്ധതികൾ വെറും ആകാശകുസുമങ്ങൾ മാത്രമാണെന്നാണ് ഞാൻ പറയുന്നത്. ആകാശകുസുമങ്ങൾ സുഗന്ധം പരത്തില്ല. വെറും ആകാശകുസുമങ്ങളാണ്. കഴിഞ്ഞ നാലേമുക്കാൽ വർഷമായി ഏതെങ്കിലും ഒരു പദ്ധതി നടപ്പാക്കിയോ? ഞാൻ ഓരോ പദ്ധതിയെക്കുറിച്ചും പറയാം. എയർ കേരളാ എക്സ്പ്രസ്സ് പദ്ധതി എന്തായി? അത് ആശയമാണ്. ഈ ആശയം എപ്പോഴാണ് പ്രവൃത്തിപഥത്തിലേയ്ക്ക് വരിക? ശ്രീ. അമിത് ഷാ പറഞ്ഞതുപോലെ 25 വർഷം എടുക്കുമോ?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഒന്ന് മെട്രോ, അത് നിങ്ങളുടെ ആശയമെന്നു പറഞ്ഞു. നിങ്ങൾ അതിനുവേണ്ടി ഒന്നും ചെയ്തിട്ടില്ല. സ്മാർട്ട് സിറ്റി നിങ്ങളുടെ പദ്ധതിയല്ല. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എയർ കേരള എന്ന ആശയം നിങ്ങൾ മുന്നോട്ടുവച്ചുവെന്ന് പറയുകയുണ്ടായി. അതിന് തടസ്സം നിൽക്കുന്നത് കേന്ദ്ര നിയമമാണ്. ആ നിയമം മാറ്റുന്നതിനുവേണ്ടി, ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന കേരള പോളിസിയിൽ, കേരളം മുൻകയ്യെടുത്ത് മറ്റ് സംസ്ഥാനങ്ങളുടെ സജഷൻ മുന്നോട്ടുവയ്ക്കുന്നതിനുവേണ്ടി ചീഫ് സെക്രട്ടറിയും ശ്രീ. വി. ജെ. കുര്യനെപ്പോലെയുള്ള ആളുകളും ഉൾപ്പെടുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അടുത്ത അഞ്ചുവർഷം യു.ഡി.എഫ്.-ന്റെ കരുത്തനായ മുഖ്യമന്ത്രി അത് നടപ്പാക്കുമെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പുനൽകുകയാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, താങ്കൾ ഇപ്പോൾ എയർ കേരളയെക്കുറിച്ചും കേന്ദ്ര നിയമത്തെക്കുറിച്ചും പറയുകയുണ്ടായി. അടുത്ത അഞ്ചുവർഷം ഡൊമസ്റ്റിക് സർവ്വീസ് നടത്തിയ എക്സ്പീരിയൻസ് ഉള്ള കമ്പനിക്ക് മാത്രമേ അനുവാദമുള്ളൂവെന്നുള്ള കാര്യം ബഹുമാന്യനായ ബെന്നി ബെഹനാനും മറ്റെല്ലാവർക്കും അറിയാവുന്നതാണ്. ഇത്തരത്തിൽ അന്താരാഷ്ട്ര വിമാന സർവ്വീസ് നടത്താൻ സാധിക്കും. അത് അറിയാത്ത ആൾ ബഹുമാന്യനായ മുഖ്യമന്ത്രിയാണ്. യഥാർത്ഥത്തിൽ, ജനങ്ങളുടെ കണ്ണിൽ പൊടിയിടലും പ്രചരണങ്ങളും മാത്രമല്ലാതെ ഇവിടെ ഒന്നും നടക്കുന്നില്ല. മെട്രോയുടെ കാര്യം പറഞ്ഞു. 240 ഏക്കർ ഭൂമിയുള്ള സ്മാർട്ട് സിറ്റിക്ക് സെസ്സ് പദവി നേടിക്കൊടുത്തത് സഖാവ് വി. എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. നിങ്ങൾക്കും ഭരിക്കാൻ നാലരവർഷം അവസരം ലഭിച്ചില്ലേ?

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ബഹുമാന്യനായ ബെന്നി ബെഹനാൻ ഇവിടെ പറഞ്ഞകാര്യം കേട്ടുകൊണ്ട് ഞാൻ പ്രതികരിക്കുന്നതാണ്. നിങ്ങളുടെ ഗവൺമെന്റ് സ്വതന്ത്രമായിട്ട് ആലോചിച്ച് പ്രഖ്യാപിച്ച പദ്ധതി ഉണ്ടായിരുന്നു. കഴിഞ്ഞ പാർലമെന്റ് ഇലക്ഷനുമുമ്പ് വോട്ട് പിടിക്കാൻ നിങ്ങൾ ഉപയോഗിച്ചതാണ് കോഴിക്കോട്ടും തിരുവനന്തപുരത്തും മോണോ റെയിൽ പദ്ധതി. പാർലമെന്റ് ഇലക്ഷൻ കഴിഞ്ഞതോടുകൂടി മോണോ റെയിൽ പദ്ധതി പ്രയോഗികമല്ലെന്ന് നിങ്ങൾതന്നെ പറഞ്ഞ് ഉപേക്ഷിച്ചു. പിന്നീട് നിങ്ങൾ ലൈറ്റ് മെട്രോ പദ്ധതിയെക്കുറിച്ചും പറഞ്ഞു. ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുമെന്ന് നിങ്ങൾ പറയുന്നു. അത് അടുത്ത ഇലക്ഷൻ ലക്ഷ്യം വച്ചുള്ള കാമ്പയിൻ മെറ്റീരിയലാണ്. എന്നാൽ ആ പദ്ധതി

നടപ്പാക്കണമെങ്കിൽ അതിനെ സംബന്ധിച്ച് ഡി.എം.ആർ.സി.-യുടെ ഡി.പി.ആർ. അനുസരിച്ച് ടോട്ടൽ കോസ്റ്റിന്റെ 20 ശതമാനം സംസ്ഥാന സർക്കാരും 20 ശതമാനം കേന്ദ്ര ഗവൺമെന്റും ബാക്കി 60 ശതമാനം വായ്പയായും കൊണ്ടുവരണം. 20 ശതമാനം കേന്ദ്ര ഗവൺമെന്റ് തരണമെങ്കിൽ നിങ്ങൾ അതിന് കോപ്രിഹെൻസീവ് മൊബിലിറ്റി പ്ലാൻ സബ്മിറ്റ് ചെയ്യണം. അതിനുള്ള ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ അവസാന നിമിഷംവരെ സംസ്ഥാന സർക്കാർ 20 ശതമാനത്തിന്റെ ഒരു നയാ പൈസ വച്ചിട്ടില്ല. എന്നിട്ട് ബഹുമാന്യനായ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുമെന്ന് ഇപ്പോഴും പറയുന്നു. അടുത്ത ഇലക്ഷനുവേണ്ടിയുള്ള ഒരു ക്യാമ്പയിൻ മെറ്റീരിയൽ അല്ലാതെ അതിനപ്പുറത്ത് എന്തെങ്കിലും നടപ്പാക്കാൻ ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ടോ?

ശ്രീ. ബെന്നി ബെഹനാൻ: സർ,യു.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷമാണ് ലൈറ്റ് മെട്രോ എന്ന വാക്ക് അങ്ങ് കേട്ടത്. അതുവരെ നിങ്ങൾ ആ വാക്ക് കേട്ടിട്ടില്ല. ഇവിടെ സ്മാർട്ട് സിറ്റിയെ സംബന്ധിച്ച് പറഞ്ഞു. ശ്രീ. എസ്. ശർമ്മ ഇവിടെയുണ്ട്. സ്മാർട്ട് സിറ്റി എന്ന ആശയം ഞങ്ങൾ കൊണ്ടുവന്നതാണ്. തെരഞ്ഞെടുപ്പ് വന്നതുകൊണ്ട് അത് നടപ്പാക്കാൻ സാധിച്ചില്ല. ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ കേരളത്തിന്റെ മുഖ്യമന്ത്രിയായപ്പോൾ അതിന് തറക്കല്ലിട്ടതാണ്. നാലുവർഷം ആ തറക്കല്ലിൽ റീത്ത് സമർപ്പിച്ച വ്യക്തിയാണ് ഞാൻ. ഇത് ശ്രീ. എസ്. ശർമ്മയ്ക്ക് അറിയാമായിരിക്കും. ശ്രീ. എസ്. ശർമ്മ അതിന്റെ ബോർഡ് മെമ്പറായിരുന്നു. അതിനുശേഷം ആ പദ്ധതിക്കുള്ള പണി തുടങ്ങിയത് യു.ഡി.എഫ്. ഗവൺമെന്റാണ്. ജനുവരിയിൽ അതിന്റെ ഫസ്റ്റ് ഫേസ് ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. യുവജന വിദ്യാർത്ഥി രംഗത്തുനിന്നും കടന്നുവന്ന ശ്രീ. റ്റി. വി. രാജേഷിനെപ്പോലെയുള്ള ആളുകൾ വൈക്കം മുഹമ്മദ് ബഷീറിന്റെ എട്ടുകാലി മമ്മൂഞ്ഞ് എന്ന കഥാപാത്രത്തെപ്പോലെ വെറുതെ അവകാശമുന്നയിക്കരുത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, സ്മാർട്ട്സിറ്റിയുടെ ഫസ്റ്റ് ഫേസ് നടപ്പിലാക്കാൻ നാലേ മുക്കാൽ വർഷം വേണ്ടിവന്ന സർക്കാരിന്റെ അപാരമായ കഴിവിനുമുന്നിൽ ഞാൻ നമിക്കുകയാണ്. അതിന്റെ ഫസ്റ്റ് ഫേസ് ഉദ്ഘാടനം നടത്താൻ നിങ്ങൾക്ക് കഴിയുമാറാകട്ടെ.

ശ്രീ. എസ്. ശർമ്മ: സർ, ശ്രീ. ബെന്നി ബെഹനാൻ, ഉള്ളത് ഉള്ളതുപോലെ പറഞ്ഞുപോകുന്നതാണ് നല്ലത്. ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന പിരീഡിൽ ഈ ആശയം മുന്നോട്ടുവച്ചുവെന്നത് ശരിയാണ്. ഡി.പി. വേൾഡിന് ഇൻഫോപാർക്ക് വിട്ടുകൊടുത്തുകൊണ്ട് 33,000 പേർക്ക് നിങ്ങൾ തൊഴിൽകൊടുത്തു. എന്നാൽ

ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇൻഫോപാർക്ക് വിട്ടുകൊടുക്കാതെ 90000 പേർക്ക് തൊഴിലവസരം നൽകി. നിങ്ങൾ ഒരു സ്മാർട്ട്സിറ്റി കൊണ്ട് 33000-ത്തോളം പേർക്ക് തൊഴിൽ കൊടുത്തുവെങ്കിൽ പുതിയ എഗ്രിമെന്റ് അനുസരിച്ച് 3 സ്മാർട്ട് സിറ്റിയുടെ തൊഴിലവസരമുള്ള 90,000 പേർക്കാണ് ഞങ്ങൾ തൊഴിൽ നൽകിയത്. അതിന് തറക്കല്ലിട്ടത് 2009-ലാണ്. അതിനുശേഷം ഡി.പി. വേൾഡ് സ്ഥലത്തിന് 12 ശതമാനം സെയിൽസ് റൈറ്റ് വേണമെന്ന തർക്കമുന്നയിച്ചപ്പോൾ അത് പറ്റില്ലെന്ന് പറഞ്ഞു. ആ തർക്കം ഉന്നയിച്ച് നിയമത്തിനുമുന്നിൽ പോയപ്പോൾ കേരളം എടുത്ത തീരുമാനമാണ് ശരിയെന്ന് സമ്മതിച്ചു. അപ്പോൾ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാറായി. അവർ ഉടൻതന്നെ നിർമ്മാണ പ്രവർത്തനത്തിന് കല്ലിട്ട് നടപടികൾ സ്വീകരിച്ച് പണികൾ ആരംഭിക്കാമെന്ന് പറഞ്ഞെങ്കിലും അത് നടപ്പിലാക്കിയില്ല. അപ്പോൾ അവരുടെ രീതി എന്താണെന്ന് മനസ്സിലായല്ലോ? പറഞ്ഞ സമയത്ത് വാക്കുപാലിച്ച് നിർമ്മാണ പ്രവർത്തനം തുടങ്ങാൻ കഴിയാതെ പോയതിൽ ബഹുമാന്യനായ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനോടും കേരള ഗവൺമെന്റിനോടും ക്ഷമചോദിക്കുന്നുവെന്നുപറഞ്ഞ് കത്ത് അയച്ചു. ഇത് നമ്മുടെ കുറ്റമല്ല. നമ്മൾ സംസ്ഥാനത്തിനുവേണ്ടി വാദിക്കുകകയായിരുന്നു.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ, അവശേഷിക്കുന്ന ഒരു സംശയം കൂടി എനിക്കുണ്ട്. സ്മാർട്ട്സിറ്റിയുടെ കാര്യത്തിൽ എന്നെക്കാളും നന്നായി അറിയാവുന്ന ഒരാളാണ് എറണാകുളത്തെ എം.എൽ.എ. ശ്രീ. ബെന്നി ബെഹനാൻ. നിങ്ങളുടെ കഴിവുകേടിന്റെ പര്യായമാണ് സ്മാർട്ട് സിറ്റി.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 246 ഏക്കർ ഭൂമി വേണം. 10 സെന്റ് ഭൂമി നിങ്ങൾ കൊടുത്തിരുന്നോ? ഞങ്ങളുടെ കാലത്ത് 246 ഏക്കർ ഭൂമി കൊടുത്തിരുന്നു. അതിൽ 100 ഏക്കർ സ്ഥലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റേതാണ്. 246 ഏക്കർ ഭൂമി റിയൽ എസ്റ്റേറ്റിന് വേണ്ടിയാണ് ഇവർ തീരുമാനിച്ചത്. അത് പറ്റില്ലെന്ന് ഞങ്ങളും തീരുമാനിച്ചു. കള്ളം പറയേണ്ട. ഫ്രീയായിട്ട് ഞങ്ങളുടെ കാലത്താണ് കൊടുത്തത്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, സ്മാർട്ട്സിറ്റിയുടെ കാര്യത്തിൽ ഇന്ത്യയ്ക്ക് മാതൃകയാകുന്ന വിധത്തിൽ സെസ്സ് എന്നുപറയുന്ന ദോഷകരമായൊരു കാര്യം ജനങ്ങൾക്ക് എങ്ങനെ അനുകൂലമാക്കാം എന്നതിന് ക്ലാസിക്കൽ ഉദാഹരണമാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒപ്പുവച്ച സ്മാർട്ട്സിറ്റി കരാർ. അതിൽ ഒരു സംശയവുമില്ല. ഞാൻ എന്റെ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ചില അംഗങ്ങൾ

വസ്തുതാവിരുദ്ധമായ കാര്യങ്ങൾ പറഞ്ഞതുകൊണ്ടാണ് ഞാൻ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത്. കുറച്ചധികം സമയമെടുത്തതിൽ ക്ഷമിക്കണം. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണ്. ഈ ബില്ലിന്റെ കാര്യത്തിൽ സർക്കാരിനുള്ള ഇച്ഛാശക്തി ഇല്ലായ്മ ഒന്നുംകൂടി ഞാൻ പ്രകടിപ്പിക്കുന്നു. നിർത്തുന്നു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, 2 (ബി) ഭേദഗതിയെ അനുകൂലിക്കുന്നു. വളരെ ചെറുതെന്ന് തോന്നുമെങ്കിലും ഗൗരവതരമായ ഒരു വിഷയമാണ് ബിൽ ആയി നിയമസഭയുടെ മുമ്പിൽ വന്നിട്ടുള്ളത്. പോസ്റ്റ് ക്രിയേറ്റ് ചെയ്ത് പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട ചെറിയ കാര്യങ്ങൾ മാത്രമാണ് ഇതിൽ അവതരിപ്പിക്കുന്നത്. ധനകാര്യ മെമ്മോറാണ്ടത്തിൽ ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്ന് യാതൊരു ചെലവുമുണ്ടാകില്ല എന്നാണ് പറയുന്നത്. അഞ്ച് പൈസ ചെലവില്ലാതെ 180-ലധികം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിന് അങ്ങ് എന്ത് മാജിക്കാണ് നടത്താൻ പോകുന്നത് എന്നറിയാൻ താൽപ്പര്യമുണ്ട്. സംസ്ഥാനത്തിന്റെ ഖജനാവ് കാലിയാണ്, ആകെ ദാരിദ്ര്യത്തിലാണ്, ദൈനംദിന പ്രവർത്തനങ്ങളൊക്കെ നടത്തുന്നത് കടം വാങ്ങിയാണ്, പെൻഷൻ കൊടുക്കാൻപോലും പൈസയില്ല. ദൈനംദിന കാര്യങ്ങൾ നടക്കണമെങ്കിൽ ഇനിയും വായ്പ വാങ്ങുകയും വായ്പയുടെ അളവ് കൂട്ടുകയും ചെയ്യണം. പക്ഷെ നമ്മളെ സംബന്ധിച്ച് ഈ കാര്യങ്ങൾ അടിയന്തരമായി ചെയ്യേണ്ടതുണ്ട്. നാലേമുക്കാൽ വർഷം ഒന്നും ചെയ്യാതെ പോയി എന്നതും വാസ്തവമായ കാര്യമാണ്. വേണമെങ്കിൽ നേരത്തെതന്നെ ഇക്കാര്യങ്ങൾ ചെയ്യാമായിരുന്നു. ഇതിൽ ചില താൽപ്പര്യങ്ങൾ വന്നിട്ടുണ്ടോയെന്ന് നോക്കിയാൽ ചില താൽപ്പര്യങ്ങളെയും താൽപ്പര്യക്കാരെ യുമൊക്കെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി പലപ്പോഴും ഇതൊക്കെ മാറിയിട്ടുണ്ട്. എൺപതിനായിരത്തിലധികം ചെറുതും വലുതുമായിട്ടുള്ള സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മലിനീകരണം എന്ന വാക്കുതന്നെ മാലിന്യം എന്ന രൂപത്തിൽ തെറ്റിദ്ധരിക്കത്തക്കവിധത്തിലുള്ള ചർച്ചകളാണ് നടക്കുന്നത്. അതിന് ആരെയും കുറ്റം പറഞ്ഞിട്ട് കാര്യമില്ല. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ജോലി മാലിന്യം സംസ്കരിക്കലാണ് എന്ന തരത്തിലേയ്ക്ക് പലപ്പോഴും നമ്മുടെ ചിന്തകൾ തന്നെ മാറിപ്പോകത്തക്ക വിധത്തിലാണ്. പ്രപഞ്ചവും പ്രകൃതിയുമായി ബന്ധപ്പെട്ടുവരുന്ന സമസ്തവും അടങ്ങുന്നതാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവാദിത്വം. ഭൂമിയുടെ നിലനിൽപ്പുമായി ബന്ധപ്പെട്ടതാണ് എന്ന വ്യാഖ്യാനത്തിനപ്പുറം

പൊല്യൂഷൻ എന്നാൽ മാലിന്യം എന്നുപറയുന്ന തരത്തിലേയ്ക്ക് നമ്മൾ ചിന്തിക്കുന്ന സാഹചര്യമുണ്ട്. ഈ ബില്ലിന് എന്തെങ്കിലും പ്രസക്തിയുണ്ടാകുമോയെന്ന് അറിയില്ല. കേന്ദ്ര ഗവൺമെന്റ് പുതിയൊരു നിയമം കൊണ്ടുവന്നിട്ടുണ്ട്. നാഷണൽ എൻവയോൺമെന്റൽ മാനേജ്മെന്റ് അതോറിറ്റി (NEMA) രൂപീകരിച്ചുകൊണ്ടുള്ള ബിൽ ഏതാണ്ട് ആയിക്കഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് എൻവയോൺമെന്റൽ മാനേജ്മെന്റ് അതോറിറ്റി (SEMA)നമ്മൾ രൂപീകരിക്കുകയാണ്. SEMA-യും NEMA-യും വന്നുകഴിഞ്ഞാൽസ്വാഭാവികമായും മലിനീകരണ നിയന്ത്രണ ബോർഡിന്റെ റോൾ എന്തായിരിക്കുമെന്ന സംശയമുണ്ട്. അതുമായി ബന്ധപ്പെട്ട് സ്വാഭാവികമായും ഇത് അബോളിഷ് ചെയ്യപ്പെടേണ്ടതായിവരും. SEMA-യിലും NEMA-യിലുമായി ഇതിലുള്ളവരെ പുനർവിന്യസിക്കുക എന്നതായിരിക്കും നമുക്ക് ചെയ്യാൻ കഴിയുന്ന അഭിലഷണീയമായ കാര്യം.NEMA-യും SEMA-യും വരുന്നതോടുകൂടി നമ്മൾ ഇവിടെ ചർച്ച ചെയ്യപ്പെടുന്ന എല്ലാ കാര്യങ്ങളിലും വ്യത്യാസമുണ്ടാകും. മലിനീകരണ നിയന്ത്രണബോർഡിന്റെ പ്രവർത്തനങ്ങളിലും വേരിഷയേഷനുണ്ടാകും. അല്ലെങ്കിൽ മലിനീകരണ നിയന്ത്രണ ബോർഡ് നോക്കുകുത്തി യായിപ്പോകുന്ന സാഹചര്യമായിരിക്കും യഥാർത്ഥത്തിൽ ഉണ്ടാകുന്നത്. നമ്മൾ നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് വലിയ ഒരു പ്രക്രിയ പൂർത്തിയാക്കുമ്പോഴേക്കും കേന്ദ്ര ഗവൺമെന്റ് അവരുടെ നിയമവുമായി നമ്മുടെ മുന്നിലെത്തും.കേന്ദ്രനിയമത്തിൽ ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് പേരുണ്ടാകണം. മലിനീകരണ നിയന്ത്രണ ബോർഡിലെ നിലവിലുള്ള ജീവനക്കാരുടെ വകുപ്പ് മാറ്റി വിന്യസിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട്. നമ്മൾ സ്വീകരിക്കുന്ന നിലപാടുകൾ എത്രമാത്രം ശരിയാണ് എന്നതിനെപ്പറ്റിയും ഗൗരവതരമായ ഒരു ചർച്ച നടത്തുന്നത് നന്നായിരിക്കും. 180 താൽക്കാലിക ജീവനക്കാരെയോ 83 എഞ്ചിനീയർമാരെയൊ 64 സയന്റിസ്റ്റുമാരെയോ വച്ചുകൊണ്ടുമാത്രം മലിനീകരണ നിയന്ത്രണ ബോർഡിൽ വന്നിരിക്കുന്ന എൺപതിനായിരത്തിലധികം റിക്വസ്റ്റ് പരിഹരിക്കാൻ കഴിയില്ല, നമുക്ക് ഈ നിയമങ്ങളെ എൻഫോഴ്സ് ചെയ്യാൻ കഴിയില്ല. ഒട്ടനവധി നിയമങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടാണ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉത്തരവാദിത്വങ്ങൾ. അതിന്റെ ചട്ടവും നിയമവുമൊക്കെ പരിശോധിക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉത്തരവാദിത്വമാണ്. 121 ജീവനക്കാരോ അല്ലെങ്കിൽ ഇനി പോസ്റ്റ് ചെയ്യുമെന്ന് പറയുന്ന 180 ജീവനക്കാരോകൂടി വന്നാൽപ്പോലും നമുക്ക് തൃപ്തികരമായ വിധത്തിൽ

ജീവനക്കാരുണ്ടാകില്ല എന്നതാണ് യഥാർത്ഥ വസ്തുത. നമ്മുടെ റിക്വയർമെന്റ് സാറ്റിസ്ഫൈ ചെയ്യാനോ ഈ നിയമങ്ങൾ എൻഫോഴ്സ് ചെയ്യാനോ കഴിയില്ല. മലിനീകരണ നിയന്ത്രണ ബോർഡിന് ഡസൻ കണക്കിന് നിയമവും ചട്ടവും നടപ്പിലാക്കാൻ ഉത്തരവാദിത്വമുണ്ട്. നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടാൽ പി.എസ്.സി. ടെസ്റ്റും ഇന്റർവ്യൂവും നടത്തി പോസ്റ്റിംഗ് ആയിവരുമ്പോൾ വളരെ കാലതാമസമുണ്ടാകും. അപ്പോഴേക്കും നമ്മുടെ ആവശ്യങ്ങളും വർദ്ധിക്കും. 80,000 എന്നത് അതിന്റെ ഇരട്ടിയോ മൂന്നിരട്ടിയോ ആകും. അത്രയധികം രജിസ്ട്രേഷനുകൾ മലിനീകരണ നിയന്ത്രണ ബോർഡിലേയ്ക്ക് എത്തിച്ചേരുന്ന സാഹചര്യമുണ്ടാകും. നമ്മുടെ ആവശ്യങ്ങൾ എന്താണ് എന്നുള്ളത് സംബന്ധിച്ച് നമുക്ക് വ്യക്തമായ ധാരണ ഇല്ലാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ നിലവിലുണ്ട്. NEMA-യുമായും SEMA-യുമായും ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്ന നിയമങ്ങൾകൂടി ഇതിന്റെ ഭാഗമായി പരിഗണിക്കപ്പെടേണ്ടതുണ്ട്. അങ്ങനെ വന്നാൽ മലിനീകരണ നിയന്ത്രണ ബോർഡിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകാൻ സാധ്യതയുള്ളത് എന്നുള്ള കാര്യങ്ങൾകൂടി മുൻകൂട്ടി മനസ്സിലാക്കാൻ കഴിയണം. ഒരു വിവരശേഖരണം ഈ രംഗത്ത് ഏറ്റവും അനിവാര്യമാണ്. ഈ രംഗത്ത് വകുപ്പുകളുടെ കോ-ഓർഡിനേഷനുണ്ടാകണം. നമ്മൾ വളരെ ഗൗരവമായി ഫുഡ് സേഫ്റ്റിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതാണ്. ഒരു വശത്ത് മലിനീകരണ നിയന്ത്രണവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ മറ്റൊരു വശത്ത് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ടും ഫെർട്ടിലൈസേഴ്സിന്റെ ഉപയോഗവും അതിന്റെ വ്യാപനവും നിയന്ത്രണവുമായി ബന്ധപ്പെട്ടും ചർച്ചകൾ നടക്കുന്നു. ക്യാബിനറ്റ് ഒരു സബ്കമ്മിറ്റിയെ നിയോഗിച്ച് ആ സബ്കമ്മിറ്റിയുടെ കീഴിലോ മുഖ്യമന്ത്രിയുടെ കീഴിലോ ഈ കാര്യങ്ങൾ കൊണ്ടുവരുന്ന സംവിധാനം ഉണ്ടാകുന്നില്ലെങ്കിൽ, വകുപ്പുകളുടെ കോ-ഓർഡിനേഷനില്ലെങ്കിൽ നമുക്കിത് വേണ്ടത്ര വിജയിപ്പിക്കാൻ കഴിയില്ല.

ഡൽഹിയിൽ ഡീസൽ വാഹനങ്ങൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് വന്നു. അതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ പോയി. സുപ്രീം കോടതി ഡൽഹിയിൽ ഡീസൽ വാഹനങ്ങൾ നിരോധിച്ച നടപടി ശരിവയ്ക്കുകയാണ് ചെയ്തത്. ഡീസൽ വാഹനത്തിനുവേണ്ടി ഇൻവെസ്റ്റ് ചെയ്ത വ്യക്തിയെ സംബന്ധിച്ച് ഇത് വലിയ നഷ്ടമുണ്ടാക്കും. വ്യക്തികൾക്കുണ്ടാകുന്ന നഷ്ടത്തെക്കാളുപരി നമുക്ക് പൊതുവായ താൽപ്പര്യങ്ങൾ സംരക്ഷിക്കേണ്ടതുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. കേരളം പോലൊരു സംസ്ഥാനത്ത് ഡീസൽ വാഹനങ്ങളുടെ നിരോധനം വരുന്ന സാഹചര്യമുണ്ടായാൽ അത് വളരെയേറെ ബുദ്ധിമുട്ടുകളുണ്ടാക്കും. ഡൽഹി

മെട്രോപൊളിറ്റൻ സിറ്റിയാണ്. ഡീസൽ വാഹനങ്ങൾ നിരോധിച്ചതിനെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകിയിട്ടുപോലും അതുമായി ബന്ധപ്പെട്ട ആളുകൾക്ക് നീതി ലഭിക്കുന്ന സാഹചര്യമുണ്ടായില്ല. സ്വാഭാവികമായി അവർ നിയമത്തിന് വഴങ്ങി. ഡീസൽ വാഹനങ്ങൾ വിൽക്കുക അല്ലെങ്കിൽ അവിടെനിന്ന് നീക്കം ചെയ്യുക എന്ന നിലപാടായിരിക്കും അവർ സ്വീകരിക്കുന്നത്. ഭാവിയിൽ നമ്മുടെ നാട്ടിലും ഡീസൽ വാഹനങ്ങൾ നിരോധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. വൻകിട രാജ്യങ്ങളിൽ അവർ മുൻകൂട്ടി കാണുന്ന കാര്യങ്ങൾ ഇരുട്ടടിപോലെ വികസ്വര രാജ്യങ്ങളിലേയ്ക്ക് എത്തിച്ചേരുന്ന ദയനീയ സാഹചര്യം നമ്മുടെ മുന്നിലുണ്ട്. അതുകൊണ്ട് പൗരൻമാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭരണകൂടങ്ങൾക്ക് ദീർഘവീക്ഷണത്തോടെ ഇത്തരം കാര്യങ്ങൾ നോക്കിക്കാണാൻ കഴിയണം. പാരീസ് ഉച്ചകോടിയുമായി ബന്ധപ്പെട്ട് ഒട്ടനവധി വീക്ഷണങ്ങൾവരുന്നുണ്ട്. ഒരു ഇരുട്ടടി പോലെ ഇക്കാര്യങ്ങൾ പൗരൻമാർക്കുനേരെ എത്തുന്നതിനുമുമ്പ് ദീർഘവീക്ഷണത്തോടെ കാര്യങ്ങൾ മനസ്സിലാക്കാനാവശ്യമായ നിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിനുള്ള കാഴ്ചപ്പാടുണ്ടാകണം.

ഇവിടെ ചർച്ചയിൽ പങ്കെടുത്ത് പല ബഹുമാനപ്പെട്ട അംഗങ്ങളും ഇ-വേസ്റ്റിന്റെ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞു. സി.എഫ്.എൽ. ബൾബിന്റെ പ്രചരണവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് തന്നെ മുൻകൈയെടുത്ത് ഒട്ടനവധി കാര്യങ്ങൾ ചെയ്തിരുന്നു. സ്റ്റേറ്റ് തന്നെ സി.എഫ്.എൽ. ബൾബുകൾ വിതരണം ചെയ്തിരുന്നു. പക്ഷെ ഇപ്പോൾ പറയുന്നത് സി.എഫ്.എൽ. ബൾബുകൾ കടുത്ത പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നുണ്ട് എന്നാണ്. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായി ഇ-വേസ്റ്റ് എങ്ങനെ മാനേജ് ചെയ്യണമെന്ന കാര്യത്തിൽ ഭരണകൂടം പകച്ചുനിൽക്കുന്നു. പഞ്ചായത്തുകൾക്ക് ഇ-വേസ്റ്റ് മാനേജുമെന്റുമായി ബന്ധപ്പെട്ട് ഒന്നും ചെയ്യാൻ കഴിയില്ല. കാരണം ഇതിന്റെ സാങ്കേതികവിദ്യകളൊന്നും അവരുടെ കൈയിലില്ല. പല വികസിത രാജ്യങ്ങളും ഇ-വേസ്റ്റ് മാനേജ്മെന്റ് വികസ്വര രാജ്യങ്ങളുടെയും ദരിദ്ര രാജ്യങ്ങളുടെയും മേൽ കെട്ടിവയ്ക്കുന്നതിനാണ് ശ്രമിക്കുന്നത്. കപ്പൽ കണക്കിന് ഇ-വേസ്റ്റ് പല രാജ്യങ്ങളുടെയും തീരത്തേക്ക് അടുക്കുന്നുവെന്ന വാർത്ത നമ്മൾ ചെറുതായി കാണരുത്. ഇ-വേസ്റ്റ് വികസ്വര രാജ്യങ്ങളിലോ ദരിദ്ര രാജ്യങ്ങളിലോ ഡമ്പ് ചെയ്യുകയെന്ന നയസമീപനമാണ് പലപ്പോഴും വൻകിട രാജ്യങ്ങൾ സ്വീകരിക്കുന്നത്. വികസനമെന്ന വാക്കിന് ഒരു പുതിയ ഡെഫിനിഷനുണ്ടാകണം. വികസനമുണ്ടായി, പുതിയ കണ്ടുപിടിത്തങ്ങളുണ്ടായി എന്നുപറയുമ്പോൾ നമ്മൾ

പലപ്പോഴും കണ്ണടച്ച് ആ വികസനങ്ങളുടെ പിന്നാലെ ഓടുന്ന സാഹചര്യമാണുള്ളത്. അതുണ്ടാക്കുന്ന സൈഡ് എഫക്ട് എന്താണെന്ന് ചിന്തിക്കാനുള്ള സാവകാശംപോലും നമുക്കില്ല. വികസ്വര രാജ്യത്തിന്റെ പട്ടികയിൽനിന്ന് വികസിത രാജ്യത്തിന്റെ പട്ടികയിലേയ്ക്ക് എത്തിച്ചേരുന്നതിന് ഇ-ഡെവലപ്മെന്റ് ആവശ്യമാണെന്നുപറഞ്ഞ് ആ ഡെവലപ്മെന്റിന്റെ പിന്നാലെ ഓടി അവിടെയെത്തി ആ ഡെവലപ്മെന്റിനെ തൊട്ടുകഴിയുമ്പോഴാണ് ഇതുണ്ടാക്കുന്ന ദുരന്തങ്ങൾ ഇന്നയിന്നതാണെന്നറിയുകയും സ്വാഭാവികമായും അതിൽനിന്നും പിന്നോട്ടുപോകാൻ കഴിയാത്തവിധം ആ ദുരന്തത്തിൽ നമ്മൾ കുടുങ്ങുകയും ചെയ്യുന്നത്. ഇപ്പോൾ എൽ.ഇ.ഡി. ലൈറ്റുകളുടെ വ്യാപനവുമായി ബന്ധപ്പെട്ട് വലിയ പ്രചാരം നടക്കുന്നുണ്ട്. സി.എഫ്.എൽ. ബൾബുകൾ മാറ്റി എൽ.ഇ.ഡി. സ്ഥാപിക്കാൻ പറയുന്നു. എൽ.ഇ.ഡി. ലൈറ്റുകൾ ഉണ്ടാക്കുന്ന ദുരന്തങ്ങൾ എന്തൊക്കെയാണെന്നത് അറിയില്ല. ട്യൂബ്, സി.എഫ്.എൽ. തുടങ്ങിയവയുടെ ഡിസ്പോസലുമായി ബന്ധപ്പെട്ട്, ജലത്തിൽ കലർന്നാൽ അതുണ്ടാക്കാവുന്ന ദുരന്തങ്ങൾ മനുഷ്യസമൂഹത്തിന്റെയും മനുഷ്യരാശിയുടെയും മണ്ണിന്റെയും ജലത്തിന്റെയുമൊക്കെ നിലനിൽപ്പിനുതന്നെ വെല്ലുവിളി ഉയർത്തുന്ന ദുരന്തങ്ങളിലേയ്ക്കാണ് ഇ-വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ എത്തിനിൽക്കുന്നത് എന്നുള്ളതുകൊണ്ട് വികസനം എന്നുപറയുന്ന വാക്കിന് പുതിയ ഡെഫിനിഷൻ ആവശ്യമാണ്. വലിയ കെട്ടിടങ്ങൾ ഉണ്ടാക്കുന്നതോ, പുതിയ കണ്ടുപിടിത്തങ്ങൾ നമ്മുടെ രാജ്യത്തേയ്ക്ക് കൊണ്ടുവരുന്നതോ ആണ് വികസനമെന്നാണെങ്കിൽ ആ കാഴ്ചപ്പാടിനപ്പുറം വരാൻ പോകുന്ന തലമുറയ്ക്ക് നിലനിൽക്കാൻ തക്കവണ്ണം പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയുമൊക്കെ നിലനിൽപ്പിന് വെല്ലുവിളിയാകാത്തവിധം ഇന്ന് നാം അനുഭവിക്കുന്ന സൗഭാഗ്യങ്ങൾ, മാലിന്യവിമുക്തമായ അന്തരീക്ഷം, സൗന്ദര്യമുള്ള ഒരു ലോകം, മനുഷ്യരാശിയുടെ നിലനിൽപ്പിന് വെല്ലുവിളിയല്ലാത്ത പ്രകൃതിയൊക്കെയാകും വരാൻപോകുന്ന തലമുറ വികസനമെന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. അതുകൊണ്ട് വരുംതലമുറ വികസനമെന്ന വാക്കിന്റെ ഡെഫിനിഷൻ മാറ്റിയെഴുതുമെന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ ജലാശയങ്ങളും മലനിരകളും മണ്ണും സംരക്ഷിക്കുന്നതിന് ഐക്യരാഷ്ട്രസഭ ഇടപെടണമെന്നും അതിന് മാധവ് ഗാഡ്ഗിലും കസ്തൂരി രംഗനും വടിയുമായി ഇറങ്ങിത്തിരിക്കണമെന്നുമുള്ള ധാരണയ്ക്കപ്പുറം ജലാശയങ്ങളുടെയും മലകളുടെയും നദികളുടെയും സംരക്ഷണം എന്നുപറയുന്നത് മനുഷ്യന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന് പറയുന്ന ഉൾബോധത്തിലേയ്ക്ക് വരാൻ പോകുന്ന തലമുറയെയെങ്കിലും എത്തിക്കുന്ന

തരത്തിലുള്ള ഇടപെടൽ നമുക്ക് ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ ദൃഷ്ടിയിൽ അഴുകുന്നതാണ് മാലിന്യം. ഇത്തരം മാലിന്യമാണ് നാട്ടിലെ എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്ന് പറയുന്ന കൺസപ്റ്റിനപ്പുറത്തേയ്ക്ക് കാര്യങ്ങൾ എത്തണം. അഴുകുന്നത് യഥാർത്ഥത്തിൽ നമുക്ക് ഉപദ്രവകാരിയല്ല. 500-1000 വർഷം ഒരു കോട്ടവും തട്ടാതെ മണ്ണിനും പ്രപഞ്ചത്തിനും മനുഷ്യനും വിപത്താകുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളും അജൈവ മാലിന്യങ്ങളുമാണ് നമുക്ക് വെല്ലുവിളിയെന്ന തിരിച്ചറിവിലേയ്ക്ക് പൊതുസമൂഹത്തെ എത്തിക്കുന്നതിന് നമ്മുടെ കുട്ടികളിൽ നിന്നുതന്നെ അത് ആരംഭിക്കേണ്ടതുണ്ട് എന്നുള്ളതാണ് എന്റെ അഭിപ്രായം. മണ്ണിര കമ്പോസ്റ്റടക്കം ഉറവിടങ്ങളിൽ മാലിന്യം സംസ്കരിക്കുന്നത് ഉൾപ്പെടെയുള്ളവ ഇവിടെ ഏറെ ചർച്ച ചെയ്യപ്പെട്ടതാണ്. ആഭ്യന്തര വകുപ്പുമന്ത്രി ഇടപെട്ടുകൊണ്ട് പറഞ്ഞത് ഇൻവെസ്റ്റുമെന്റും ഇൻഡസ്ട്രിയും ഉണ്ടാകണമെന്നാണ്. ഇൻവെസ്റ്റുമെന്റും ഇൻഡസ്ട്രിയും ഉണ്ടാകുന്നതിൽ തർക്കമില്ല. ഇക്കാര്യങ്ങളിൽ ഒരു ലോങ് വിഷനും പ്ലാനിംഗും ഉണ്ടാകണം. ഡയറക്ട് ആന്റ് ഇൻഡയറക്ട് ഇഫക്ട് സംബന്ധിച്ച സ്റ്റഡി ഉണ്ടാകണം. അതല്ലാതെ ഇൻവെസ്റ്റുമെന്റും ഇൻഡസ്ട്രിയും ഉണ്ടാകുമ്പോൾ അവ നമ്മുടെ നിലനിൽപ്പിനെ ബാധിക്കുമെന്നുണ്ടെങ്കിൽ അത്തരം കാര്യങ്ങളിലേയ്ക്ക് ഒരു കാരണവശാലും പോകാൻ പാടില്ല. മനുഷ്യരാശിയുടെ നിലനിൽപ്പാണ് ഏറ്റവും പ്രധാനമായിട്ടുള്ളതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗം ഏറ്റവും ശക്തമായി അഭിപ്രായവ്യത്യാസം രേഖപ്പെടുത്തിയിട്ടുള്ളത് ശുചിത്വ മിഷന്റെ ഫണ്ട് വേണ്ടവിധം വിനിയോഗിച്ചില്ലെന്ന കാര്യത്തിലാണ്. മാലിന്യ സംസ്കരണവും ലൈസൻസും പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും നഗരസഭകളുടെയും പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും ഉത്തരവാദിത്തമാണെന്ന തരത്തിൽ ഈ ഉത്തരവാദിത്തങ്ങൾ ആരുടെമേൽ വയ്ക്കുമെന്ന ചിന്തയ്ക്കപ്പുറം വ്യക്തി ശുചിത്വം പോലെയും വീടിന്റെ ശുചിത്വം പോലെയും പരിസര ശുചിത്വം പോലെയും പ്രധാനമാണ് എന്റെ ചുറ്റുവട്ടങ്ങളുടെ ശുചിത്വവുമെന്ന ഉൾബോധത്തിലേയ്ക്ക് പൊതുസമൂഹത്തെ എത്തിക്കുന്നതിനുള്ള ചർച്ചകളും ബോധവൽക്കരണ പ്രവർത്തനങ്ങളും ആവശ്യമാണ്. 150 പേരുടെ പോസ്റ്റ്ക്രിയേഷനപ്പുറം പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ ഉത്തരവാദിത്വം കുറച്ചുകൂടി ഗൗരവമായി ചർച്ച ചെയ്യുന്നതിനുള്ള വേദിയായി ഇത് മാറേണ്ടതുണ്ട്. ഗൗരവതരമായി

ഉയർന്നുവരേണ്ട വിഷയം ഞാൻ തുടക്കത്തിൽ സൂചിപ്പിച്ചതാണ്. 301 ആളുകൾക്കും പൊല്യൂഷൻ കൺട്രോൾ ബോർഡിനും അതിന്റെ ലക്ഷ്യത്തിലെത്തിച്ചേരാൻ കഴിയുന്നതിന് ഒട്ടനവധി അപര്യാപ്തതകളും കുറവുകളും നിലനിൽക്കുന്നുണ്ട്. നിയമം ഉണ്ടാക്കുക എന്നതിനേക്കാൾ ഉപരിയായി നിലനിൽക്കുന്ന നിയമം നടപ്പിലാക്കുക എന്നതാണ് നമ്മുടെ മുമ്പിലുള്ള വെല്ലുവിളിയെന്ന് സൂചിപ്പിച്ചു കൊണ്ടും ഭേദഗതി അവതരിപ്പിച്ചുകൊണ്ടും നിർത്തുന്നു.

4.00 P.M.

ശ്രീ. പി. ഉബൈദുള്ള : സർ, 1(എ) ഭേദഗതിയെ പിന്താങ്ങുന്നു. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടാനുള്ള തീരുമാനം, യു.ഡി.എഫ്. സർക്കാരിന്റെ സാമൂഹിക പ്രതിബദ്ധതയും ഇച്ഛാശക്തിയും തെളിയിക്കുന്നതാണ്. ഈ ചരിത്ര ദൗത്യത്തിന് നേതൃത്വം കൊടുക്കാൻ മുൻകൈയെടുത്ത ബഹുമാനപ്പെട്ട മന്ത്രിയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ പല നദികളും തടാകങ്ങളും ജൈവ മാലിന്യങ്ങളാലും വ്യാവസായിക മാലിന്യങ്ങളാലും മലിനമാകുന്നുവെന്നത് യാഥാർത്ഥ്യമാണ്. ഈ വിഷയം ഇവിടെ എല്ലാവരും വിശദമായി പ്രതിപാദിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. എന്നാൽ ഈ മലിനീകരണം തടയുന്നതിനായി പൊല്യൂഷൻ കൺട്രോൾ ബോർഡ് വേണ്ട വിധത്തിൽ ആക്ട് ചെയ്യുന്നില്ലെന്ന പരാതിയും വ്യാപകമായിട്ടുണ്ടെന്നതും ശരിയാണ്. ഫാക്ടറികളിൽനിന്നും പുറന്തള്ളുന്ന മാലിന്യങ്ങൾ ശുദ്ധീകരിച്ചശേഷം മാത്രമെ പുറത്ത് വിടാവൂവെന്ന് പൊല്യൂഷൻ കൺട്രോൾ നിയമങ്ങൾ അനുശാസിക്കുന്നത് ഇവിടെ പാലിക്കപ്പെടുന്നില്ല. ഇതുകാരണം ഇന്ന് നദികളിലും തടാകങ്ങളിലും രാസ മാലിന്യങ്ങളാണ് ഒഴുകിക്കൊണ്ടിരിക്കുന്നത്. ഇതുണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ചെറുതല്ല; മനുഷ്യരെയും കാർഷിക വിളകളെയും മത്സ്യ സമ്പത്തിനെയും പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. നദികളിലും തടാകങ്ങളിലും മത്സ്യങ്ങൾ ചത്തൊടുങ്ങുന്നത് നിത്യസംഭവമായിരിക്കുന്നു. കടൽത്തീരങ്ങളിലും മത്സ്യങ്ങൾ ചത്തൊടുങ്ങുന്നു. ഇത് തടയുന്നതിനായി മലിനീകരണ നിയന്ത്രണ ബോർഡ് ഓരോ ഫാക്ടറിയിലും കൃത്യമായി പരിശോധന നടത്തുകയും ചെലവ് കുറഞ്ഞ മാലിന്യ ശുദ്ധീകരണ സംവിധാനങ്ങളെക്കുറിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം. ഇത്തരം ഇടപെടലുകൾക്ക് ബോർഡിന്

തടസ്സമായി നിൽക്കുന്നത് ജീവനക്കാരുടെ കുറവാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഒരു സ്റ്റേറ്റ് ഓഫീസും 3 റീജിയണൽ ഓഫീസും 14 ജില്ലാ ഓഫീസുകളിലുമായി 120 ജീവനക്കാർ മാത്രമാണ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ ഇപ്പോൾ ജോലി ചെയ്യുന്നതെന്നാണ് അറിയുന്നത്. എന്നാൽ ബോർഡ് ലൈസൻസ് നൽകിയിട്ടുള്ള അമ്പതിനായിരത്തിൽപ്പരം സ്ഥാപനങ്ങൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ധാരാളം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാൻ പുറത്ത് നിൽക്കുകയാണ്. ഈ സ്ഥാപനങ്ങളുടെയെല്ലാം നിയന്ത്രണത്തിനും മേൽനോട്ടത്തിനും ഇപ്പോഴത്തെ സ്റ്റാഫ് സ്ട്രെങ്ത് പര്യാപ്തമല്ലാത്തതിനാൽ ജീവനക്കാരുടെ എണ്ണത്തിൽ ആവശ്യാനുസൃതമായ വർദ്ധനവ് ഉണ്ടാകേണ്ടതുണ്ട്. പുതിയതായി നിയമിക്കുന്ന ജീവനക്കാർക്ക് മറ്റ് ജോലിക്ക് നിയമിക്കുന്നതുപോലെ ബേസിക് ക്വാളിഫിക്കേഷൻ മാത്രംപോര, പരിസ്ഥിതി പ്രശ്നങ്ങളിലും മലിനീകരണ സംബന്ധമായ കാര്യങ്ങളിലും പ്രത്യേകം യോഗ്യത നേടിയവരും ഈ വിഷയത്തിൽ അവഗാഹം ഉള്ളവരുമായ ആളുകൾ വന്നാൽ മാത്രമെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളു. പി.എസ്.സി. നിയമനത്തിൽ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യമാണിത്. ആക്ട് പാസ്സായാലും ചട്ടം വരാൻ കുറച്ച് കാലതാമസം വരുന്നുണ്ട്. ആക്ട് പാസ്സായി സ്പെഷ്യൽ റൂൾ ഉണ്ടാക്കുമ്പോൾത്തന്നെ ഇത്തരത്തിൽ പ്രത്യേക യോഗ്യത നേടിയവരെയാണ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിയമിക്കേണ്ടതെന്ന് ഉൾപ്പെടുത്തുന്നത് വളരെ സഹായകരമാകും. ചട്ടം വന്നാൽ മാത്രമെ നിയമവ്യവസ്ഥ നടപ്പിലാക്കാൻ സാധിക്കുകയുള്ളു. എത്രയും വേഗം റൂൾസ് ഉണ്ടാക്കാനുള്ള നടപടികൂടി ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ഭാഗത്തുനിന്നുമുണ്ടാകണം. അല്ലെങ്കിൽ ഇത് അനന്തമായി നീണ്ടുപോകും.

നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്നപ്പോൾ ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം പി.എസ്.സി.ക്ക് വിടാൻ തീരുമാനിച്ചു. ഈ സഭാ കാലയളവിലാണ് യൂണിവേഴ്സിറ്റികളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത്. ഇത് ഗവൺമെന്റിന്റെ ഇച്ഛാശക്തിയുടെ ഭാഗമാണ്. മുൻ ഗവൺമെന്റുകൾക്കൊന്നും കഴിയാത്ത വിധത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ബോർഡുകളിലെയും യൂണിവേഴ്സിറ്റിയിലെയും നിയമനം പി.എസ്.സി.-ക്ക് വിടാമെന്ന തീരുമാനം ഈ ഗവൺമെന്റിന്റെ സാമൂഹിക പ്രതിബദ്ധത തെളിയിക്കുന്നതും തൊഴിൽ രഹിതരായ

യുവാക്കളോട് കാണിക്കുന്ന നീതിയുമായി നമുക്ക് കാണാൻ കഴിയും. യൂണിവേഴ്സിറ്റികളിലെ അനദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ട അതേ കാലയളവിൽത്തന്നെ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നിയമനവും പി.എസ്.സി.-ക്ക് വിടാൻ ഈ ഗവൺമെന്റ് മുന്നോട്ടുവന്നുവെന്നത് ഏറെ വിപ്ലവകരമായ നടപടിയായിട്ടാണ് പുറത്തുള്ള ചെറുപ്പക്കാർവരെ നോക്കിക്കാണുന്നത്. നമ്മുടെ സംസ്ഥാനത്ത് അവശേഷിക്കുന്ന ബോർഡുകളുടെയും കോർപ്പറേഷനുകളുടെയുംകൂടി നിയമനം പി.എസ്.സി.-ക്ക് വിടണം. നേരത്തെ ഇവിടെ ശ്രീ. ടി. എൻ. പ്രതാപൻ സൂചിപ്പിച്ചതുപോലെ ഈ ഗവൺമെന്റിന്റെ കാലത്ത് അത് കഴിയില്ലെങ്കിൽപ്പോലും നാലുമാസം കഴിഞ്ഞ് വീണ്ടും അധികാരത്തിൽ വരുന്ന യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെങ്കിലും ബാക്കിയുള്ള കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങൾകൂടി പി.എസ്.സി.-ക്ക് വിടുന്നതോടുകൂടി പി.എസ്.സി.യുടെ ജോലിഭാരം വർദ്ധിക്കുകയാണ്. ഇപ്പോൾ പി.എസ്.സി.യിൽ ആവശ്യത്തിന് ഉദ്യോഗസ്ഥർ ഇല്ലാത്തതിന്റെ പ്രയാസം നമ്മൾ അനുഭവിക്കുകയാണ്. അതാണ് പലപ്പോഴും നിയമനങ്ങൾക്ക് കാലതാമസ മുണ്ടാകുന്നതെന്നാണ് പറയപ്പെടുന്നത്. ഏതായാലും ഇങ്ങനെ പൊതുമേഖലാ സ്ഥാപനങ്ങളിലുൾപ്പെടെയുള്ള എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടുന്നതോടുകൂടി പി.എസ്.സി.-ക്ക് ഉണ്ടാകുന്ന ജോലിഭാരത്തിനനുസൃതമായി അവരുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. പി.എസ്.സി.-ക്ക് അതിനാവശ്യമായ സാങ്കേതിക സഹായവും ഗവൺമെന്റ് ചെയ്തുകൊടുക്കണമെന്ന് ഞാനിതുമായി ബന്ധപ്പെട്ട് ഉന്നയിക്കുകയാണ്. പി.എസ്.സി. നിയമനവുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളിപ്പോൾ നിലനിൽക്കുകയാണ്. എസ്.ഐ. സെലക്ഷനുമായി ബന്ധപ്പെട്ട ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നില്ലായെന്നുള്ള പരാതി നിലനിൽക്കുന്നുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടുകാണുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എന്തായാലും നിലവിലുള്ള എസ്.ഐ. ലിസ്റ്റിൽനിന്നും അടിയന്തരമായി നിയമനം നടത്താനുള്ള നടപടിയുണ്ടാകണമെന്നുകൂടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ലിസ്റ്റിൽ നിന്ന് 84 പേർക്ക് ഇപ്പോൾത്തന്നെ അഡ്വൈസ് മെമ്മോ കൊടുത്തിട്ടുണ്ട്. പഴയ ലിസ്റ്റിൽനിന്ന് ആളെ നിയമിക്കണോ പുതിയ ലിസ്റ്റിൽനിന്ന് വേണമോ എന്നുള്ള തർക്കവും നിലനിൽക്കുകയാണ്. കോടതിവിധി പ്രകാരം പഴയ ലിസ്റ്റിൽനിന്ന് 84 പേർക്ക് അഡ്വൈസ് മെമ്മോ കൊടുക്കുകയും അവരെ നിയമിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇന്ന് ഉച്ചയ്ക്ക് ഒരു കോൺഫറൻസിൽവച്ച് ഡി.ജി.പി.-യോട് അന്വേഷിച്ചപ്പോൾ ഇതുസംബന്ധിച്ച എല്ലാ നടപടികളും ആയിട്ടുണ്ടെന്നാണ് മനസ്സിലായത്. പഴയ ലിസ്റ്റിൽനിന്നും വീണ്ടും ആളുകളെ എടുക്കണമെന്ന കാര്യത്തിൽ പുതിയ റാങ്ക് ലിസ്റ്റിലുള്ളവരുടെ ഒബ്ജക്ഷൻ നിലനിൽക്കുന്നുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, ഏതായാലും ആ ഒരു പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെന്ന് മാത്രമേയുള്ളൂ. അതോടൊപ്പം ഇവിടെ പി.എസ്.സി. നിയമനത്തിൽ വേറൊരു ചെറിയ പ്രശ്നം നിലനിൽക്കുന്നുണ്ട്. സംവരണ ക്വാട്ടയിൽ പിന്നോക്ക സമുദായത്തിൽപ്പെട്ട അപേക്ഷകരില്ലെങ്കിൽ Non Candidate Available (N.C.A) നിയമനത്തിന് വീണ്ടും നോട്ടിഫിക്കേഷൻ വരുന്നതിന് രണ്ട് വർഷമെടുക്കുകയാണ്. ഈ നോട്ടിഫിക്കേഷൻ വരാൻ സമയം ദീർഘിപ്പിക്കുന്നതുമൂലം ഉദ്യോഗാർത്ഥികൾക്ക് വലിയ നഷ്ടമുണ്ടാകുന്നു. ഒരു കമ്മ്യൂണിറ്റിയിൽപ്പെട്ട ആളുകളില്ലെങ്കിൽ മറ്റ് കമ്മ്യൂണിറ്റിക്ക് കൊടുക്കാനുള്ള അവസരം രണ്ട് വർഷം കഴിഞ്ഞാണ് ലഭിക്കുന്നത്. അങ്ങനെ വരുമ്പോൾ ദീർഘമായ ഒരു കാലാവധി വരികയാണ്. അതുകൊണ്ട് എൻ.സി.എ. നിയമനങ്ങൾക്കുള്ള കാലാവധി രണ്ടുവർഷമെന്നുള്ളത് മൂന്നുമാസമെന്നാക്കി ചുരുക്കേണ്ടതാണ്. ഇതിന്റെ കാലാവധി മൂന്ന് മാസമാക്കിയാൽപ്പോലും ആറ് മാസംകൊണ്ട് പുതിയ നോട്ടിഫിക്കേഷൻ വരും. അതുകൊണ്ട് എൻ.സി.എ. നിയമനങ്ങൾക്കുള്ള കാലാവധി മൂന്ന് മാസമായി ചുരുക്കാൻ പി.എസ്.സി.യോട് ശിപാർശ ചെയ്യണമെന്ന കാര്യംകൂടി ഞാനിവിടെ ഉന്നയിക്കുകയാണ്. സമയക്കുറവുകാരണം മറ്റ് വിഷയങ്ങളിലേക്കൊന്നും കടക്കുന്നില്ല. വളരെ പ്രാധാന്യമർഹിക്കുന്ന ഇത്തരത്തിലുള്ള ഒരു നിയമനിർമ്മാണം നടത്തുന്നതിനു വേണ്ടി മുന്നോട്ടുവന്ന, പൊല്യൂഷൻ കൺട്രോൾ ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിനുവേണ്ടി മുന്നോട്ടുവന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഈ ഗവൺമെന്റിനെയും ഒരിക്കൽക്കൂടി അഭിനന്ദിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പല നിർദ്ദേശങ്ങളും ഉന്നയിച്ചു. ആ നിർദ്ദേശങ്ങൾ മുഴുവൻ ഞാൻ സ്വാഗതം ചെയ്യുകയാണ്. ചില രാഷ്ട്രീയ കാര്യങ്ങളൊഴികെ ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ വളരെയധികം പ്രശംസിക്കപ്പെടേണ്ടതാണ്. പൊല്യൂഷൻ കൊണ്ടുണ്ടാകാവുന്ന പ്രശ്നങ്ങൾ എത്രമാത്രമാണെന്ന് ഈ ചർച്ചയിൽനിന്ന് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ഇത് നമ്മുടെ അസംബ്ലി പ്രൊസീഡിംഗ്സിൽ നിലനിൽക്കുന്നത് നമ്മുടെ ഭാവിക്കും ഇന്നത്തെ പ്രശ്നപരിഹാരത്തിനും വളരെയധികം പ്രയോജനം ചെയ്യുമെന്നതുകൊണ്ട് ആ മെമ്പർമാരെ മുഴുവൻ അഭിനന്ദിക്കാൻ ഞാനാദ്യമായി ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ ശ്രീ. എസ്. രാജേന്ദ്രൻ, ശ്രീ. രാജു എബ്രഹാം തുടങ്ങിയവർ പല നിർദ്ദേശങ്ങളും വച്ചു. പ്രധാനപ്പെട്ട കാര്യമെന്ന് പറയുന്നത് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്നതിനെ സംബന്ധിച്ചാണ്. ഈ ബോർഡിന്റെ അധികാരമെന്ന് പറയുന്നത് The Water Prevention and Control of Pollution Act, 1974 ആണ്. രണ്ടാമത്തേത്, Air Prevention and Control of Pollution Act, 1981 ആണ്. ഇതു രണ്ടും സെൻട്രൽ ആക്ടാണ്. പിന്നെ Environment Protection Act-ന്റെ ചില ഭാഗങ്ങളുമുണ്ട്. പ്രധാനമായും ഈ രണ്ട് ആക്ടുകളാണ് ഈ ബോർഡിന്റെ പരിധിയിൽ വരുന്നത്. ഇവിടെ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിലെ കാര്യങ്ങളെന്ന് പറയുന്നത് ഈ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നുള്ളതാണ്. 2012-ൽത്തന്നെ ഇങ്ങനെയൊരു തീരുമാനം ബോർഡ് എടുത്തുവെങ്കിലും അസംബ്ലിയിൽ സൗകര്യം കിട്ടാത്തതുകൊണ്ട് നീണ്ടുപോയതാണ്. എന്റെ മുൻഗാമിയായ ശ്രീ. സി. എൻ. ബാലകൃഷ്ണനാണ് ഈ ബിൽ അന്ന് സർക്കുലേറ്റ് ചെയ്തത്. ആ ബിൽ തന്നെയാണ് ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് ഞാൻ ജനറലായിമാത്രം ചില കാര്യങ്ങൾ പറയുകയാണ്. ജലാശയങ്ങളിലെ മലിനീകരണത്തെ സംബന്ധിച്ചാണ് പ്രധാനമായും ഇവിടെപ്പറഞ്ഞത്. ഈ മലിനീകരണം എത്രമാത്രം നമ്മുടെ ജീവിതത്തെ ബാധിക്കുന്നുവെന്ന കാര്യങ്ങളും സംസാരിച്ച മെമ്പർമാരെല്ലാം വിശദീകരിച്ചു. അതുമുഴുവൻ അംഗീകരിക്കുന്നതുകൊണ്ട് ഞാനതിന് മറുപടി ഒന്നുംതന്നെ പറയുന്നില്ല. അത് ഞാൻ പൂർണ്ണമായും ഉൾക്കൊള്ളുന്നുണ്ട്. അതിലൊരു വിമർശനമുണ്ടായത് ഈ ബോർഡിന് വേണ്ടത്ര പ്രവർത്തിക്കാൻ സാധിക്കുന്നില്ലായെന്ന ഒരഭിപ്രായം

അവസാനം സംസാരിച്ച ശ്രീ. പി. ഉബൈദുള്ള ഉൾപ്പെടെയുള്ള ചില ആളുകൾ പറഞ്ഞു. ഇതിന്റെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കണം, നമുക്ക് പൂർണ്ണമായും ഇതിന്റെ പ്രയോജനം ലഭിക്കണമെന്നുള്ള നിലയിൽ അവർ പറഞ്ഞു. അത്രയും പ്രധാനപ്പെട്ട കാര്യമാണ് എന്നുള്ളതുകൊണ്ട് പൂർണ്ണമായി ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മാലിന്യങ്ങളെക്കുറിച്ച് ശ്രീ. കെ. രാജുവും അതുപോലെതന്നെ പിന്നീട് സംസാരിച്ച ആളുകളൊക്കെ പറഞ്ഞു. ശ്രീ. കെ. രാജു, മലിനീകരണ നിയന്ത്രണ ബോർഡിന് കുറേക്കൂടി അധികാരങ്ങൾ വേണമെന്നുള്ളതും ചൂണ്ടിക്കാണിച്ചു. പക്ഷെ, ഈ ബോർഡ് വന്നത് Water Prevention and Control of Pollution, 1974 അനുസരിച്ചാണ്. ഈ ആക്ട് വന്ന അതേവർഷംതന്നെ നമ്മുടെ സംസ്ഥാനത്ത് പൊല്യൂഷൻ കൺട്രോൾ ബോർഡും നിലവിൽവന്നു എന്നതാണ് ഇതിന്റെയൊരു പ്രാധാന്യം. ഇന്ത്യാ ഗവൺമെന്റിന്റെ ദേശീയാടിസ്ഥാനത്തിലുള്ള പൊല്യൂഷൻ കൺട്രോൾ ബോർഡ് വരുന്നതിനുമുമ്പുതന്നെ നമ്മുടെ സംസ്ഥാനത്ത് ഒരു ബോർഡുണ്ടാക്കുവാൻ നമുക്ക് സാധിച്ചുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം. ഇന്ത്യയിൽ ആദ്യമായി ഈ ആക്ടിന്റെ അടിസ്ഥാനത്തിൽ ഒരു ബോർഡുണ്ടാക്കിയതും കേരളത്തിലാണ്. പക്ഷെ ഈ ബോർഡിന്റെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ പോകുന്നില്ലെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നുണ്ട്. ഇനിയും കുറേക്കൂടി കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. പക്ഷെ, ഒരുകാര്യം നാം ഓർക്കേണ്ടത് അവിടെ ഇന്നുള്ള ജീവനക്കാർ വളരെയധികം കഠിനാദ്ധ്വാനം ചെയ്യുന്നുണ്ട്. കാരണം, നമ്മുടെ സാങ്ഷൻഡ് സ്ട്രെങ്ത് എന്നുപറയുന്നത് 301 ആണ്. ആ 301 തസ്തികകളിൽ ഇന്ന് പകുതിയിലധികം തസ്തിക വേക്കന്റായി കിടക്കുകയാണ്. അവിടെ നിയമനം നടത്താൻ സാധിക്കാത്ത ഒരു സാഹചര്യമാണ്. വേണമെങ്കിൽ നമുക്ക് നിയമനം നടത്താം, നിയമത്തിൽ പറഞ്ഞിരിക്കുന്നത് നിയമനം നടത്തേണ്ടത് ബോർഡാണെന്നാണ്. നിയമനം നടത്താൻ ബോർഡിന് പൂർണ്ണമായ അധികാരമുണ്ട്. പക്ഷെ, അതിനൊക്കെ ആക്ഷേപങ്ങൾ വരും. മുമ്പൊക്കെ അങ്ങനെ ചെയ്തിട്ടുണ്ട്. ആക്ഷേപങ്ങൾ വരുമെന്നതുകൊണ്ടാണ് നമ്മളത് ചെയ്യാതിരിക്കുന്നത്. ഇടയ്ക്ക് ഇതിലെ നിയമനങ്ങൾ എൽ.ബി.എസ്.ന് കൊടുക്കാൻവേണ്ടി തീരുമാനിച്ചു. ഇവിടെ സയന്റിസ്റ്റുകളും അതുപോലുള്ള ആളുകളുമൊക്കെ ആവശ്യമുള്ളതുകൊണ്ട് എൽ.ബി.എസ്.നോട് നിയമനങ്ങൾ നടത്താൻ ആവശ്യപ്പെട്ടു. പക്ഷെ എൽ.ബി.എസ്. അതിനുവേണ്ടി നടപടിയെടുക്കുന്ന സന്ദർഭത്തിൽ ചില

സ്ഥലങ്ങളിൽനിന്ന് അത് ശരിയല്ലെന്ന ആക്ഷേപങ്ങൾ വന്നു. അതിന്റെയടിസ്ഥാനത്തിൽ ഞാൻ ആ തീരുമാനം ക്യാൻസൽ ചെയ്തു. സയന്റിസ്റ്റുമാരുടെയും ക്ലർക്കുമാരുടെയും മറ്റ് തസ്തികകളിലുള്ളവരുടെയും ലക്ഷക്കണക്കിന് അപേക്ഷകളുണ്ടായിരുന്നു. ആക്ഷേപത്തിനിടവേണ്ട എന്നുള്ളതു കൊണ്ട് ഞങ്ങൾ അത് ക്യാൻസൽ ചെയ്യുകയാണുണ്ടായത്. അതുകൊണ്ട് ഈ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് വിടുകയല്ലാതെ നിവർത്തിയില്ല എന്നുള്ളതു കൊണ്ടാണ് പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനമെടുത്തത്. കാര്യക്ഷമത കുറയുന്നുവെന്ന് പറയുമ്പോൾ ഒരു കാര്യം ആലോചിക്കണം. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപോലെ അൻപതിനായിരത്തിലധികം സ്ഥാപനങ്ങൾ ഇവിടെ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇരുപത്തിഅയ്യായിരത്തോളം സ്ഥാപനങ്ങൾ അതിനു പുറമേയുമുണ്ട്. ഇതെല്ലാം നോക്കാനും ഇൻസ്പെക്ഷൻ നടത്താനും timely കാര്യങ്ങൾ നടത്താനുമുള്ള സ്റ്റാഫില്ല. അതുകൊണ്ടാണ് പ്രവർത്തനം കാര്യക്ഷമമാകാത്തതും നമ്മൾ ഉദ്ദേശിച്ചതുപോലെ കൊണ്ടുപോകാൻ കഴിയാത്തതും. എന്നാൽ എന്റെ അഭിപ്രായത്തിൽ നിലവിലുള്ള ജീവനക്കാരെ വാസ്തവത്തിൽ അഭിനന്ദിക്കേണ്ടതാണ്. ഇത്രയും ചുരുങ്ങിയ ജീവനക്കാരെ വച്ചുകൊണ്ട് ഇത്രയുമധികം കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നു എന്നതുതന്നെ വലിയ കാര്യമായിട്ടാണ് ഞാൻ കാണുന്നത്. ഇവിടെ കാര്യക്ഷമത കുറവുണ്ട് എന്ന് പറഞ്ഞത് ഞാൻ സമ്മതിക്കുന്നു. അതിനുള്ള കാരണം ഇതാണെന്ന് മാത്രമേ ഞാൻ ഈ അവസരത്തിൽ പറയുന്നുള്ളൂ.

പിന്നെ ഇവിടെ പറഞ്ഞ പ്രകൃതി സംരക്ഷണമടക്കമുള്ള ബാക്കി കാര്യങ്ങളൊക്കെ ഞാൻ അംഗീകരിക്കുകയാണ്. അതുകൊണ്ട് മറുപടിയൊന്നും പറയേണ്ടതില്ലല്ലോ. എന്റെ അഭിപ്രായംതന്നെയാണ് നിങ്ങളൊക്കെ പറഞ്ഞത്. ഇവിടെ സംസാരിച്ച പല മെമ്പർമാരും ബയോമെഡിക്കൽ പ്ലാന്റിനെക്കുറിച്ച് പറഞ്ഞു. അതുസംബന്ധിച്ച് നമുക്കുള്ള ഒരു പ്രയാസം എവിടെയാണോ പ്ലാന്റ് തുടങ്ങുന്നത് അവിടെ എതിർപ്പാണ്. ഇപ്പോൾ കഞ്ചിക്കോട്ട് ഐ.എം.എ.യുടെ ഒരു പ്ലാന്റാണ് നമുക്കുള്ളത്. അത് വാസ്തവത്തിൽ ഇന്ന് നമുക്ക് തികയില്ല എന്നുമാത്രമല്ല, അവിടെയാണ് ഇപ്പോൾ ഹോസ്പിറ്റൽ മാലിന്യങ്ങളൊക്കെ ഡിസ്പോസ് ചെയ്യുന്നത്. പക്ഷെ അത് പോര. അതുകൊണ്ട് എറണാകുളത്തും കോഴിക്കോട്ടും തിരുവനന്തപുരത്തും ഓരോ പ്ലാന്റ് സ്ഥാപിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ പലതരത്തിലുള്ള ഒഫിഷ്യൽസ് വരും. അവർ പൊല്യൂഷൻ ഉള്ളിടത്ത് ഇല്ലായെന്ന് പറയും. ഇങ്ങനെയുള്ള കറപ്ഷനുണ്ടെന്നുള്ളത് ശരിയാണ്. അതിനെതിരായി വല്ല നിലപാടും സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, അങ്ങനെയുള്ള ആക്ഷേപം കിട്ടിക്കഴിഞ്ഞാൽ അതിനെതിരായി നടപടി കൈക്കൊള്ളും. അതിൽ യാതൊരു സംശയവും വേണ്ട. വേണ്ടത്ര ഇൻസ്പെക്ഷൻ നടക്കുന്നില്ല, സമയത്ത് വരുന്നില്ല എന്നുള്ള പരാതികൾ എന്റെ കയ്യിൽ കിട്ടിയിട്ടുണ്ട്. പക്ഷെ അതിനുള്ള കാരണം ജീവനക്കാരുടെ എണ്ണം കുറവാണെന്നതാണ്. പതിനായിരക്കണക്കിന് പരാതികളാണ് വരുന്നത്. നിലവിലുള്ള ജീവനക്കാർക്ക് ഈ പരാതികളെല്ലാം പോയി അന്വേഷിക്കാൻ സാധിക്കുമോ? അതുകൊണ്ടുള്ള ആക്ഷേപങ്ങൾ ധാരാളമുണ്ട്. അത് ഞാൻ സമ്മതിക്കുകയാണ്. പക്ഷെ ഇവിടെ അഴിമതി നടക്കുന്നുവെന്ന കാര്യം എന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

ശ്രീ. ബി. സത്യൻ ഇവിടെ പറഞ്ഞ മറ്റൊരു കാര്യം, ലോക്കൽ ബോഡീസുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു കോ-ഓർഡിനേഷൻ വേണമെന്നാണ്. അത് ശരിയാണ്. കോ-ഓർഡിനേഷൻ കുറെയൊക്കെ ഉണ്ടാകുന്നുണ്ട്. അത് പോരെങ്കിൽ കൂടുതൽ കോ-ഓർഡിനേഷനുവേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യാം എന്നുമാത്രമേ ഞാൻ അതിനെക്കുറിച്ച് പറയുന്നുള്ളൂ. ശ്രീ. കെ. അജിത് സംസാരിച്ചപ്പോൾ ജനറലായി പലതും പറഞ്ഞ കൂട്ടത്തിൽ ലൈസൻസ് യഥാസമയം കിട്ടുന്നില്ലായെന്ന് പറഞ്ഞു. ആ ആക്ഷേപം ശരിയാണ്. ലൈസൻസ് യഥാസമയം കൊടുക്കാൻ സാധിക്കാത്തതിനുള്ള കാരണവും സ്റ്റാഫിന്റെ കുറവാണ്. പിന്നെ അദ്ദേഹത്തിന്റെ ഒരു സജഷനെന്നു പറയുന്നത്, ഫ്ലാറ്റുകൾ ഉണ്ടാക്കുമ്പോൾ ആ ഫ്ലാറ്റിൽത്തന്നെ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനംകൂടി ഏർപ്പാട് ചെയ്യണമെന്നതാണ്. അത് നല്ലൊരു നിർദ്ദേശമാണ്. നഗരകാര്യ വകുപ്പുമന്ത്രി ഇപ്പോൾ ഇവിടെയില്ല. ഇക്കാര്യം ഞാൻ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താം. ഇതെല്ലാം എന്റെ വകുപ്പിലോ ഇതിന്റെ പരിധിയിലോ വരുന്നതല്ല. ഇതിനകത്ത് എയർ പൊല്യൂഷനും വാട്ടർ പൊല്യൂഷനും മാത്രമേ വരുന്നുള്ളൂ.

ശ്രീ. ഇ. കെ. വിജയൻ: സർ, നമുക്ക് ഒട്ടേറെ നദികളും പുഴകളുമുണ്ട്. ഏതെങ്കിലും ഒരു നദി ശുദ്ധജലമായി പ്രഖ്യാപിക്കുന്ന രീതിയിലേയ്ക്ക് ഒരു പരിപാടി ആസൂത്രണം ചെയ്യാമോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, നമ്മൾ ഉദ്ദേശിക്കുന്നത് ഒരു നദിയല്ല, 44 നദികളാണ്. അങ്ങ് പറഞ്ഞ കാര്യം നമുക്ക് ആലോചിക്കാം. വേണമെങ്കിൽ എന്റെ നാട്ടിൽക്കൂടി ഒഴുകുന്ന ചാലിയാർപ്പുഴയാക്കാം. അതല്ലെങ്കിൽ ഭാരതപ്പുഴയാക്കാം. അത് നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. രാജു എബ്രഹാം : സർ, കേരളത്തിൽ ആദ്യമായിട്ട് ഒരു റിവർ ആക്ഷൻ പ്ലാൻ നടപ്പിലാക്കാൻ ശ്രമിച്ചത് പമ്പയിലാണ്. ഗംഗ ആക്ഷൻ പ്ലാൻ നടക്കുന്നിടത്ത്

അന്നത്തെ ഞങ്ങളുടെ പരിസ്ഥിതി കമ്മിറ്റി 1996-ൽ പോയി കണ്ടതിന്റെയടിസ്ഥാനത്തിൽ 325 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിൽ കൊടുത്തു. പക്ഷേ കേന്ദ്രം അതിന് അനുകൂലമായി കാര്യമായ പ്രതികരണം നടത്തിയില്ല. ഇപ്പോൾ അതിന്റെ പദ്ധതി 2-ാം ഘട്ടം ആലോചിച്ചു. പക്ഷേ മുന്നോട്ടു നീങ്ങുന്നില്ല. അത് ദൗർഭാഗ്യവശാൽ അങ്ങയുടെ വകുപ്പിലല്ല. ഈ പ്രോജക്റ്റ് തയ്യാറാക്കിയത് പൊല്യൂഷൻ കൺട്രോൾ ബോർഡാണ്. പക്ഷെ നടപ്പിലാക്കുന്നത് ജലവിഭവ വകുപ്പാണ്. ജലവിഭവ വകുപ്പിൽ ഈ കഴിഞ്ഞ 5 വർഷമായിട്ടും അതിന്റെ മീറ്റിംഗ്പോലും നടന്നിട്ടില്ല. അപ്പോൾ പി.സി.ബി. മുൻകയ്യെടുത്തു നടത്തേണ്ട ഒരു പ്രവർത്തനം വകുപ്പു മാറിയതുകൊണ്ട് കേരളത്തിലെ ആദ്യത്തെ റിവർ ആക്ഷൻ പ്ലാൻ ശവപ്പെട്ടിയിലായിരിക്കുന്നു. ഈ ദുരവസ്ഥ മാറ്റാൻ അങ്ങുകൂടി ഉൾപ്പെടുന്ന കാബിനറ്റ് തീരുമാനിച്ച് ഒരു നല്ല പദ്ധതി തയ്യാറാക്കാൻ തയ്യാറാകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഈ പറഞ്ഞത് നല്ലൊരു നിർദ്ദേശമാണ്. അത് ആലോചിക്കാവുന്നതാണ്. നീറ്റാ ജലാറ്റിൻ കമ്പനിയെ സംബന്ധിച്ച മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ കാര്യക്ഷമത പരിശോധിക്കാനായി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിനെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി അധികാരപ്പെടുത്തി. ആ സ്ഥാപനം നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അക്കാര്യങ്ങളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് വേണ്ട നടപടിയെടുത്തു കൊണ്ടിരിക്കുകയാണ്. അതിരപ്പിള്ളിയെക്കുറിച്ച് രണ്ട് അഭിപ്രായം സഭയ്ക്കകത്തും പുറത്തുമുണ്ട്. അത് സംബന്ധിച്ച് പഠനം നടത്തി സംസ്ഥാനത്തിന് ഏതാണ് പ്രയോജനം ചെയ്യുക എന്നുനോക്കി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഗവൺമെന്റ് ഒരു തീരുമാനം എടുക്കുകയുള്ളൂ.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, അതിന് കേന്ദ്ര ഗവൺമെന്റിന്റെ പരിസ്ഥിതി അനുമതി വീണ്ടും കിട്ടിയെന്ന വാർത്ത വായിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകുമോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പല പ്രാവശ്യം അനുമതി കിട്ടിയതാണ്. മൂന്ന് പ്രാവശ്യം കേന്ദ്ര ഗവൺമെന്റ് അനുമതി തന്നതാണ്. പിന്നെയും എതിർപ്പുകൾ വരും. ഏതായാലും ഇതിനെ സംബന്ധിച്ചിടത്തോളം അന്തിമമായി എന്താണ് തീരുമാനമെടുക്കേണ്ടതെന്ന് ഗവൺമെന്റ് ആലോചിച്ച് ഒരു തീരുമാനം കൈക്കൊള്ളും.

ശ്രീ. കെ. മുരളീധരൻ: സർ, ഇത് നടപ്പാക്കണമെന്ന അഭിപ്രായവുമുണ്ട്.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്:</u> സർ, ഇതാണ് ഞാൻ പറഞ്ഞത് ഇക്കാര്യത്തിൽ രണ്ടഭിപ്രായമാണുള്ളതെന്ന്. ഒരു പാർട്ടിയിൽതന്നെ രണ്ടഭിപ്രായമല്ലേ. പ്രതിപക്ഷത്തും അനുകൂലിക്കുന്നവരും എതിർക്കുന്നവരുമുണ്ട്, പേര് ഞാൻ പറയുന്നില്ല. പമ്പയിലെ മാലിന്യത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. ജലാശയങ്ങളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മുഴുവനും പൊല്യൂഷൻ കൺട്രോൾ ബോർഡല്ല ചെയ്യുന്നത്. ശ്രീ. രാജു എബ്രഹാം ചൂണ്ടിക്കാണിച്ചതുപോലെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെയും പൊല്യൂഷൻകൺട്രോൾ ബോർഡിന്റെയും ഇറിഗേഷൻ ഡിപ്പാർട്ടു മെന്റിന്റെയും വാട്ടർ അതോറിറ്റിയുടേയും പോലീസിന്റെയും പി.ഡബ്ല്യൂ.ഡി.യുടെയും കയ്യിലാണ്. എല്ലാകാലത്തും ഇങ്ങനെതന്നെയാണ്.അതിന് ഒരു ഏകീകരണം വേണമെന്നാണ് ശ്രീ. രാജു എബ്രഹാം ചൂണ്ടിക്കാണിച്ചത്. നീറ്റാ ജലാറ്റിൻ കമ്പനിയുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു നാഷണൽ അതോറിറ്റിയെ നിയമിച്ചിട്ടുണ്ട്. അവർ പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ പൊല്യൂഷൻ കൺട്രോൾ ബോർഡ് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പമ്പയിലെ കാര്യം ഇവിടെ എല്ലാവരും പറഞ്ഞതാണ്. ശ്രീ. റ്റി. വി. രാജേഷ് പറഞ്ഞ വ്യവസായ സ്ഥാപനത്തിന്റെ കാര്യത്തിൽ അവിടെ സ്റ്റഡി നടത്തി പരിഹരിക്കാൻ വേണ്ട പരമാവധി നടപടികൾ കൈക്കൊള്ളും. അതുപോലെതന്നെ റാങ്ക് ഹോൾഡേഴ്സിന്റെ കാര്യം ശ്രീ. രാജേഷ് ഇവിടെ ചൂണ്ടിക്കാട്ടി. അദ്ദേഹം പറഞ്ഞ കണക്ക് എവിടെനിന്നുള്ളതാണെന്ന് എനിക്കറിയില്ല, ഏഴായിരത്തി ചില്വാനം വേക്കൻസി യുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പി.എസ്.സി. ലിസ്റ്റിൽ നിന്ന് ജോലി കിട്ടാത്ത ആളുകൾ കൂടുതലുള്ളത് പത്തനംതിട്ടയിലാണെന്നാണ് അദ്ദേഹം പറഞ്ഞത്. അത് ശരിയാണ്. അവിടെ 225 സാങ്ഷൻഡ് പോസ്റ്റാണുള്ളത്. അതിന് 226 പേരെ നിയമിച്ചുകഴിഞ്ഞു. രണ്ട് സെക്ഷൻ തുടങ്ങിയിട്ടുണ്ട്. അതിൽ പന്ത്രണ്ട് വേക്കൻസി വരും. പന്ത്രണ്ട് വേക്കൻസിയിൽ സർപ്ലസ്സുള്ള ഒരു വേക്കൻസി മാറ്റിയാൽ ബാക്കി പതിനൊന്ന് വേക്കൻസിയുണ്ട്. യഥാർത്ഥത്തിൽ എല്ലാ സ്ഥലത്തും സാങ്ഷൻഡ് സ്ട്രെങ്ത് അനുസരിച്ച് പി.എസ്.സി.-യിൽ നിന്നെടുക്കാൻ കൊടുത്തു, അതനുസരിച്ച് നിയമിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ ഡിപ്പാർട്ടുമെന്റിനുമുള്ള പ്രശ്നം പി.എസ്.സി.-യോട് ഒരു പോസ്റ്റിന് ആളെ ആവശ്യപ്പെട്ടാൽ അവർ ടെസ്റ്റ് നടത്തി ആറ് പേരെ ഉൾപ്പെടുത്തിയാണ് റാങ്ക് ലിസ്റ്റുണ്ടാക്കുന്നത്. ഒരു ഉദാഹരണം പറയാം. അദ്ദേഹംതന്നെ ഗതാഗത വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അടുത്ത് ഒരു സബ്മിഷൻ കൊണ്ടുവന്നത് ഞാൻ ഓർക്കുന്നുണ്ട്. കണ്ടക്ടർമാരുടെ മൂവായിരം പോസ്റ്റിന് പതിനെട്ടായിരം ആളുകളെ ഉൾപ്പെടുത്തിയ ലിസ്റ്റാണ് പി.എസ്.സി. തയ്യാറാക്കിയത്.

അതേസമയം കെ.എസ്.ആർ.ടി.സി.-യിൽ വേറൊരു കേസുകൂടി ഉണ്ടായിരുന്നു. തെറ്റിദ്ധരിച്ച് ഒൻപതിനായിരത്തി മൂന്നൂറ് പോസ്റ്റെന്ന് കാണിച്ച വേറൊരു കേസും ഉണ്ടായിരുന്നു. വേക്കൻസി തെറ്റായി റിപ്പോർട്ട് ചെയ്തതുകൊണ്ടാണ് അഡ്വൈസ് മെമ്മോ കിട്ടിയത്. ഒരു പോസ്റ്റിന് ആറ് പേരുടെ ലിസ്റ്റിട്ടാൽ എങ്ങനെയാണ് എല്ലാവർക്കും ജോലി കൊടുക്കാൻ സാധിക്കുക? ശ്രീ. എ. കെ. ബാലൻ ഇലക്ട്രിസിറ്റി വകുപ്പ് കൈകാര്യം ചെയ്തിരുന്നതാണ്. അദ്ദേഹത്തിന് അക്കാര്യം ഓർമ്മ കാണുമെന്ന് തോന്നുന്നു. ആവശ്യത്തിൽ കൂടുതൽ സിവിൽ എഞ്ചിനീയർ വേക്കൻസിക്ക് പി.എസ്.സി.ക്ക് എഴുതി. പി.എസ്.സി. എല്ലാവരെയും നിയമിക്കണമെന്ന് പറഞ്ഞു. എന്നാൽ അത്രയും വേക്കൻസി ഇല്ലായിരുന്നു. ആ പ്രശ്നം ഒഴിവാക്കാൻ എല്ലാവരെയും ജോയിൻ ചെയ്യിച്ചശേഷം പിറ്റേദിവസം ടെർമിനേറ്റ് ചെയ്തു. അതിനുശേഷം പിന്നീട് വരുന്ന പോസ്റ്റുകളിൽ അവരെ നിയമിക്കാൻ സാധിച്ചു. ശ്രീ. എ. കെ. ബാലന്റെ സമയത്താണ് അത് ചെയ്തത്, തുടർന്ന് ഞാനും കുറേപ്പേർക്ക് ജോലി കൊടുത്തു. ഇത്തരത്തിലുള്ള തെറ്റ് പറ്റിക്കഴിഞ്ഞാൽ ഇങ്ങനെയല്ലാതെ തിരുത്താൻ വേറെ മാർഗ്ഗമില്ല. പി.എസ്.സി. സമ്മതിക്കില്ല. ഇതാണ് ഒരു പ്രശ്നം.

രണ്ടാമത്തെ പ്രധാന പ്രശ്നം, ഒരാളിനു പകരം ആറ് പേരുടെ ലിസ്റ്റാണ് പി.എസ്.സി. തരുന്നതെന്നതാണ്. കെ.എസ്.ഇ.ബി.യിലുള്ള മറ്റൊരു പ്രശ്നം, ഇടുക്കി ഡാം കൺസ്ട്രക്ട് ചെയ്യുന്ന സമയം മുതലുള്ള യൂണിയൻകാർ കേസു നടത്തി, കൂടാതെ വേറെയാളുകളും കേസ് നടത്തി അവസാനം ഇടുക്കി പദ്ധതിയുടെ സമയം മുതലുള്ള ആളുകളെ റെഗുലറൈസ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിവന്നു. ആ വിധിയുടെ അടിസ്ഥാനത്തിൽ ലേബർ കമ്മീഷണറോട് ലിസ്റ്റുണ്ടാക്കി ക്വാളിഫൈഡായവരെ മുഴുവൻ അപ്പോയിന്റ് ചെയ്യാൻ പറഞ്ഞു. ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതുവരെയും ഒരാളെയും അപ്പോയിന്റ് ചെയ്യാൻ പാടില്ലെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവ്. ഈ ഉത്തരവും നിലനിൽക്കുകയാണെന്ന കാര്യം മനസ്സിലാക്കണം. എന്നാലും ഞങ്ങൾ പറയുന്നത് ഇനി കുറേ പോസ്റ്റുകൾ പ്രൊമോട്ട് ചെയ്യാനുണ്ട്. പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിന് ജോലി കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീമതി ഇ.എസ്. ബിജിമോൾ വളരെ നല്ലൊരു പ്രസംഗമാണ് നടത്തിയത്. അതിനെക്കുറിച്ച് പരാമർശിക്കാതെ നിവൃത്തിയില്ല. 180 പേരെ നിയമിക്കാൻ ഖജനാവിന് ചെലവില്ലെന്നാണ് പറഞ്ഞത്. അങ്ങനെയല്ല. ഈ ജീവനക്കാർക്ക് ഇപ്പോൾ ശമ്പളം കൊടുക്കുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡാണ്. Exchequer-ൽ നിന്നുള്ള പണം അതിനാവശ്യമില്ല. പക്ഷേ അഡീഷണലായി

ചെലവ് വരുന്നത് ടി.എസ്.സി.ക്കാണ്, പരസ്യത്തിനും ബാക്കിയുള്ളതിനും. ഗവൺമെന്റ് സഞ്ചിതനിധിയിൽ നിന്ന് ഒരു സംഖ്യ അവർക്ക് കൊടുക്കുന്നുണ്ട്. ആ സംഖ്യകൊണ്ട് ചെലവാക്കാവുന്നതാണ്. തികയാതെ വന്നാൽ ഗവൺമെന്റ് നൽകും. ശമ്പളവും പെൻഷനും അടക്കം ബാക്കിയുള്ള ആനുകൂല്യങ്ങളെല്ലാം ബോർഡിന്റെ ഫണ്ടിൽ നിന്നാണ് കൊടുക്കുന്നത്. അതോറിറ്റിയുടെ കാര്യം പറഞ്ഞു. ദേശീയ അതോറിറ്റി വന്നാൽ അതിന്റെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്നും ഇത് പൂട്ടിപ്പോകില്ലേയെന്നും ചോദിച്ചു. പൂട്ടിപ്പോകേണ്ട കാര്യമില്ല. കാരണം നാഷണൽ എൻവയോൺമെന്റൽ അതോറിറ്റി പോലെ സംസ്ഥാനത്ത് സംസ്ഥാന എൻവയോൺമെന്റൽ അതോറിറ്റി നിലവിൽ വരും. അക്കാര്യം മെമ്പർ തന്നെ ചൂണ്ടിക്കാണിച്ചതാണ്. ഇതിന് കീഴിൽ പരിസ്ഥിതി സംരക്ഷണത്തിനായിട്ടുള്ള പി.സി.ബി., സി.ആർ.ഇസഡ് അതോറിറ്റി, ഇ.ഐ.എ. അതോറിറ്റി ഇവ മൂന്നിന്റെയും ഒരു കോ-ഓർഡിനേഷനുണ്ടാകും. അതിൽ പറഞ്ഞിട്ടുള്ള രണ്ട് കാര്യങ്ങൾ, വാട്ടർ പൊല്യൂഷൻ ആക്ട്, എയർ പൊല്യൂഷൻ ആക്ട് അക്കാര്യങ്ങളൊക്കെ ഈ അതോറിറ്റി നടത്തും. സെൻട്രൽ ആക്ട് അനുസരിച്ച് ഈ അതോറിറ്റിക്ക് അതിനുള്ള അധികാരമുണ്ട്. ആ അതോറിറ്റിയുടെ അധികാരത്തിൽ കൈകടത്തുന്ന ഒരു വ്യവസ്ഥയും ആ ബില്ലിലില്ല. അതുകൊണ്ട് ആ പ്രശ്നവും ഉത്ഭവിക്കുന്നില്ല. പിന്നെ പൊതുവായി ജലാശയങ്ങളുടെയും മാലിന്യങ്ങളുടെയും കാര്യങ്ങളാണ് ഇവിടെ മെമ്പർമാർ ചൂണ്ടിക്കാണിച്ചത്. അതെല്ലാവരും വ്യത്യസ്തമായ രൂപത്തിലാണ് അവതരിപ്പിച്ചത്. ഗവൺമെന്റ് അക്കാര്യങ്ങളെ സ്വാഗതം ചെയ്യുകയാണ്. അതിൽ എന്തെല്ലാം ചെയ്യാൻ കഴിയുമോ അതൊക്കെ ഗവൺമെന്റ് ചെയ്യുമെന്ന് മാത്രമാണ് പറയുന്നത്. അവസാനമായി സംസാരിച്ച ശ്രീ. പി. ഉബൈദുള്ളയും ചില നിർദ്ദേശങ്ങളൊക്കെ വച്ചു. സ്റ്റാഫ് കുറവാണെന്നും ജനങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് ബോർഡിന്റെ പ്രവർത്തനം വരുന്നില്ല എന്നും മൊത്തത്തിൽ പലരും പറഞ്ഞു, ആ കൂട്ടത്തിൽ ശ്രീ. പി. ഉബൈദുള്ളയും പറഞ്ഞു. അത് ശരിയാണ്. അതിനുള്ള കാരണം സ്റ്റാഫിന്റെ എണ്ണം കുറഞ്ഞതുകൊണ്ടാണ്. അതുകൊണ്ട് ഈ ബിൽ പാസ്സായിക്കഴിഞ്ഞാലുടൻതന്നെ എത്രയും പെട്ടെന്ന് ഇത് നടപ്പാക്കാനുള്ള നടപടി ഗവൺമെന്റ് കൈക്കൊള്ളുമെന്ന് മാത്രമാണ് പറയാനുള്ളത്.

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. റ്റി. വി. രാജേഷ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

128. ഖണ്ഡം 2(എ)-യിൽ, "ബോർഡ്" എന്ന വാക്കിനു പകരം"കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്"എന്നീവാക്കുകളും "സംസ്ഥാന ബോർഡ്" എന്നീ വാക്കുകൾക്കുപകരം" കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്"എന്നീ വാക്കുകളും ചേർക്കുക.

131. ഖണ്ഡം 2(എ)-യിൽ, "വേണ്ടിയുള്ള" എന്ന വാക്കിനുപകരം "ആയി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

133. ഖണ്ഡം 2(സി)-യിൽ, "കീഴിലുള്ള സർവ്വീസുകൾ" എന്നീ വാക്കുകൾക്കു പകരം "കീഴിലുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

130. ഖണ്ഡം 2(എ)-യിൽ, "കരുതപ്പെടുന്നതുമാണ്" എന്നതിന് പകരം "കരുതപ്പെടേണ്ടതാണ്" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

135. ഖണ്ഡം 2(ഡി) ആയി താഴെപ്പറയുന്നത് ചേർക്കുക :

"(ഡി) "സർക്കാർ" എന്നാൽ "കേരള സർക്കാർ" എന്നർത്ഥമാകുന്നു.

സർക്കാർ എന്നാണ് define ചെയ്തിരിക്കുന്നത്. കേരള സർക്കാർ എന്നുള്ളത് definition-ൽ വന്നിട്ടില്ല.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതിയും, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതിയും സ്വീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖയുടെ 128-ാം നമ്പർ ഭേദഗതിയും, ശ്രീ. കെ. എൻ. എ. ഖാദറിന്റെ 130-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 135-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 131, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

136. (3)-ാം ഉപവകുപ്പിൽ "(1)-ാം" എന്ന അക്കത്തിനും ബ്രാക്കറ്റിനും ചിഹ്നങ്ങൾക്കും പകരം "(2)-ാം" എന്ന അക്കവും ബ്രാക്കറ്റും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ഖണ്ഡം 3(1)-ൽ, "ബോർഡിന്റെ സർവ്വീസിൻ കീഴിലുള്ള" എന്നവാക്കുകൾക്ക് പകരം "ബോർഡിൽ നിയമനം നടത്തേണ്ട ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും" എന്നീ വാക്കുകൾ ചേർക്കുക.

144. ഖണ്ഡം 3(1)-ൽ, "പട്ടിക തയ്യാറാക്കുന്നത്" എന്നീ വാക്കുകൾക്കു പകരം"പട്ടിക തയ്യാറാക്കുന്നതും നിയമനശിപാർശ നൽകുന്നതും" എന്നീ വാക്കുകൾ ചേർക്കുക.

152. ഖണ്ഡം 3(2)(എ)-യിൽ, "എന്നിവ ഒഴികെയുള്ള തസ്തിക കളിലേക്ക്"എന്നീ വാക്കുകൾക്കുപകരം "എന്നിവ ഉൾപ്പെടെ എല്ലാ ഉദ്യോഗസ്ഥരുടേയും ജീവനക്കാരുടേയും, തസ്തികകളിലേക്ക്" എന്നീ വാക്കുകൾ ചേർക്കുക.

156. ഖണ്ഡം 3(2)ബി-യിൽ, "സർവ്വീസുകളിൻകീഴിലുള്ള" എന്ന വാക്കിന് പകരം "എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും" എന്നീ വാക്കുകൾ ചേർക്കുക.

172. ഖണ്ഡം 3(3)-ൽ, "ഉപദേശം" എന്ന വാക്കിനുപകരം "ഉപദേശങ്ങളും നിയമന ശിപാർശകളും" എന്നീ വാക്കുകൾ ചേർക്കുക

175. ഖണ്ഡം 3(3)-ലെ ക്ലിപ്തനിബന്ധനയിൽ "സർക്കാരിന് ഉണ്ടാക്കാവുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "നിയമം പ്രാബല്യത്തിൽ വന്ന് മൂന്നു മാസകാലയളവിനുള്ളിൽ സർക്കാർ ഉണ്ടാക്കേണ്ടതാണ്", എന്നീ വാക്കുകൾ ചേർക്കുക.

182. ഖണ്ഡം 3(4)-ൽ, "അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്" എന്നീ വാക്കുകൾക്ക് പകരം "അതിന്മേൽ സർക്കാർ പരിശോധന നടത്തി തീരുമാനം എടുക്കുകയും ആയത് ഗവർണ്ണറുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ഗവർണ്ണറുടെ തീരുമാനം അന്തിമവുമാണ്:" എന്നീ വാക്കുകൾ ചേർക്കുക.

189. ഖണ്ഡം 3 (4)-ന് ശേഷം താഴെപ്പറയുന്ന പുതിയ ഉപഖണ്ഡം ചേർക്കുക:

"(5) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും സെലക്ട് ലിസ്റ്റ് തയ്യാറാക്കി നിയമന ശിപാർശ നൽകുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ഉണ്ടാകുന്ന ബാധ്യതകൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് യഥാസമയം നൽകേണ്ടതാണ്."

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

140. ഖണ്ഡം 3(1)-ൽ, "തസ്തികകളിൽ" എന്ന വാക്കിനുശേഷം "ഉദ്യോഗസ്ഥരേയും ജീവനക്കാരെയും" എന്നീ വാക്കുകൾ ചേർക്കുക.

169. ഖണ്ഡം 3(3)-ൽ, "തങ്ങൾക്ക്" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. എം. ഉമ്മർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

141. ഖണ്ഡം 3(1)-ൽ, "നിയമനം വഴി" എന്നീ വാക്കുകൾക്ക് പകരം "നിയമനം നടത്തുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

143. ഖണ്ഡം 3(1)-ൽ, "നിയമിക്കുന്നതിനു വേണ്ടി" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

145. ഖണ്ഡം 3(1)-ൽ, "കർത്തവ്യമായിരിക്കുന്നതാണ്" എന്നതിനുപകരം "ചുമതലയായിരിക്കുന്നതാണ്" എന്നത് ചേർക്കുക.

159. ഖണ്ഡം 3(2)(ബി)-യിൽ, "നിയമനംവഴി" എന്ന വാക്ക് നീക്കം ചെയ്യുക.

161. ഖണ്ഡം 3(2)(ബി)-യിൽ, "തത്വങ്ങളിന്മേലും" എന്നതിനുപകരം "നടപടിക്രമങ്ങളിന്മേലും" എന്ന് ചേർക്കുക.

171. ഖണ്ഡം 3(3)-ൽ, "തങ്ങൾക്ക്" എന്ന വാക്കിനുപകരം "പബ്ലിക് സർവ്വീസ് കമ്മീഷന്" എന്നീ വാക്കുകൾ ചേർക്കുക.

173. ഖണ്ഡം 3(3)-ൽ, "കർത്തവ്യമായിരിക്കുന്നതാണ്" എന്നതിനുപകരം "ചുമതലയായിരിക്കുന്നതാണ്" എന്നത് ചേർക്കുക.

174. ഖണ്ഡം 3(3)-ന്റെ ക്ലിപ്തനിബന്ധന ഒഴിവാക്കുക.

176. ഖണ്ഡം 3(4)-ൽ, "ഏതെങ്കിലും" എന്ന വാക്കിനുമുൻപായി "3-ാം ഉപവകുപ്പ് പ്രകാരമുള്ള കാര്യത്തിൽ" എന്നത് ചേർക്കുക.

184. ഖണ്ഡം3(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "ഉപദേശത്തിനെതിരായി" എന്നതിനു പകരം "നിർദ്ദേശത്തിനെതിരായി" എന്ന് ചേർക്കുക.

ശ്രീ. ആർ. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

149. ഖണ്ഡം 3(2)(എ)-യിൽ, "തസ്തികകളിൽ വാച്ച്മാൻ, പാർട്ട്-ടൈം സ്വീപ്പർ എന്നിവ ഒഴികെയുള്ള" എന്നത് ഒഴിവാക്കുക.

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

154. ഖണ്ഡം 3(2)(എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) ബോർഡിന്റെ സർവ്വീസുകളിൻകീഴിലുള്ള തസ്തികകളിൽ എല്ലാ തസ്തികകളിലേയ്ക്കും നേരിട്ടുള്ള നിയമനം സംബന്ധിച്ച എല്ലാ കാര്യങ്ങളിലും,"

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

155. ഖണ്ഡം 3(2)ബി-യിൽ, "ബോർഡിന്റെ സർവ്വീസുകളിൻകീഴിലുള്ള തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിന്" എന്നീ വാക്കുകൾക്കുപകരം "ബോർഡിലെ നേരിട്ട നിയമനം നടത്തേണ്ട തസ്തികകളിലേക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടിക തയ്യാറാക്കുന്നതിന് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

165. ഖണ്ഡം 3(2)(ബി)-യ്ക്കുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത് :—

"(സി) ബോർഡിന്റെ സർവ്വീസിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമിതനായ ഒരു ജീവനക്കാരനെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് മുമ്പായും,"

167. ഖണ്ഡം 3(3)-ൽ,

(i) "(1)-ാം " എന്നത് "(2)-ാം " എന്ന് മാറ്റുക

(ii) "തങ്ങൾക്ക് റഫർ ചെയ്യുന്ന" എന്നതിനു പകരം "കൂടിയാലോചിക്കുന്ന" എന്നത് ചേർക്കുക.

178. ഖണ്ഡം 3(4)-ലെ "ഏതെങ്കിലും" എന്ന വാക്കിനുശേഷം "വിഷയത്തിൽ" എന്ന വാക്ക് ചേർക്കുകയും ക്ലിപ്തനിബന്ധനയിലെ "റെഫർ ചെയ്യേണ്ടതാണ്" എന്നതിനുപകരം "അറിയിക്കേണ്ടതാണ്" എന്നത് ചേർക്കുകയും ചെയ്യുക.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

177. ഖണ്ഡം 3(4)-ൽ, "ഏതെങ്കിലും അഭിപ്രായ വ്യത്യാസമുള്ളപക്ഷം" എന്നതിനുപകരം "(2)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും കാര്യത്തിൽ അഭിപ്രായവ്യത്യാസമുള്ളപക്ഷം " എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

188. ഖണ്ഡം 3(4)-ന്റെ ക്ലിപ്തനിബന്ധനയുടെ അവസാനഭാഗത്ത് താഴെപ്പറയുന്നത് ചേർക്കുക:

"അങ്ങനെ റഫർ ചെയ്യുന്ന കാര്യങ്ങളിൽ കമ്മീഷന് വിശദീകരണങ്ങൾ സർക്കാരിനെ അറിയിക്കാവുന്നതും എന്നാൽ അതിൻമേലുള്ള സർക്കാർ തീരുമാനം അന്തിമവുമായിരിക്കും."

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദറിന്റെ 142-ാം നമ്പർ ഭേദഗതി ശ്രീ. എം. ഉമ്മറിന്റെ 141-ാം നമ്പർ ഭേദഗതിക്ക് സമാനമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. ശ്രീ. വി. ശിവൻകുട്ടി ഭേദഗതികൾ അവതരിപ്പിച്ചില്ല. എങ്കിലും അദ്ദേഹത്തിന്റെ 157-ാം നമ്പർ ഭേദഗതിയിൽ താഴെപ്പറയുന്ന ഒരു ചെറിയ ഭേദഗതി വരുത്തി ഔദ്യോഗിക ഭേദഗതിയായി സ്വീകരിക്കാവുന്നതാണ്.

157. ഖണ്ഡം 3(2)ബി-യിൽ "നേരിട്ടുള്ള നിയമനംവഴി" എന്നതിന് പകരം "നേരിട്ടുള്ള നിയമനം, ഉദ്യോഗക്കയറ്റം, തസ്തികമാറ്റം എന്നിവ വഴിയുള്ള നിയമനങ്ങൾ" എന്നാക്കി അംഗീകരിക്കാവുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടിയുടെ 170-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

170. ഖണ്ഡം 3(3)-ൽ, "തങ്ങൾക്ക് റഫർ ചെയ്യുന്ന" എന്നതിനുപകരം "തങ്ങളുടെ ഉപദേശമോ നിർദ്ദേശമോ തേടുന്ന" എന്നുചേർക്കുക.

മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 138, 144, 152, 156, 172, 175, 182, 189 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 140, 169 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 143, 145, 159, 161, 171, 173, 174, 176, 184 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 165, 167, 178 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

190. (എ) (1)-ാം ഉപവകുപ്പിൽ, " കൂടിയാലോചിച്ച്" എന്ന വാക്കിനുപകരം "കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനം വഴി", എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

(ബി) (2)-ാം ഉപവകുപ്പിൽ, (സി) ഖണ്ഡത്തിൽ "വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്നീ വാക്കുകൾക്ക് പകരം "വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

190 എ. ഖണ്ഡം 4 (1)-ൽ, "ഉദ്ദേശ്യങ്ങൾ" എന്നതിനുപകരം "ഉദ്ദേശ്യ ലക്ഷ്യങ്ങൾ" എന്നത് ചേർക്കുക.

203. ഖണ്ഡം 4(3)-ൽ, " ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നതിനുപകരം "റദ്ദുചെയ്യാൻ" എന്നത് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. ഖണ്ഡം 4 (1)-ൽ, "കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്"

എന്നീ വാക്കുകൾക്കുപകരം "കൂടിയാലോചിച്ച് സർക്കാരിന് സമർപ്പിക്കുകയും സർക്കാർ തീരുമാനം അന്തിമവും ആയതുപ്രകാരം ചട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

193. ഖണ്ഡം 4(2)(എ)-യിൽ, "നടപടിക്രമവും" എന്ന വാക്കിനുപകരം "നടപടിക്രമം സർക്കാർ തീരുമാനിച്ച് ഉത്തരവും പുറപ്പെടുവിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

196. ഖണ്ഡം 4(2)(ബി)-യിൽ, "കാര്യങ്ങളും" എന്ന വാക്കിനുപകരം "കാര്യങ്ങൾസർക്കാർ തീരുമാനിച്ച് യഥാസമയം ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

192. ഖണ്ഡം 4(2)(എ)-യിൽ, "നടപടിക്രമവും" എന്നതിനുപകരം "നടപടിക്രമം" എന്നത് ചേർക്കുക.

195. ഖണ്ഡം 4(2)(ബി)-യിൽ, "കാര്യങ്ങളും" എന്നതിന് പകരം "കാര്യങ്ങൾ" എന്നത് ചേർക്കുക.

198. ഖണ്ഡം 4(2)(സി)-യിൽ, "കാര്യവും" എന്നതിന് പകരം "സംഗതി" എന്നത് ചേർക്കുക.

199. ഖണ്ഡം 4(2)(സി)-യിൽ, "വ്യവസ്ഥ ചെയ്യാവുന്നതുമാണ്" എന്നീ വാക്കുകൾക്ക് പകരം "എന്നിവ വ്യവസ്ഥ ചെയ്യാവുന്നതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

204. ഖണ്ഡം 4(3)-ൽ, " രൂപഭേദം വരുത്തലോ"എന്നീ വാക്കുകൾക്ക്"രൂപഭേദപ്പെടുത്തലോ" എന്നീ വാക്കുകൾ ചേർക്കുക.

205. ഖണ്ഡം 4(3)-ൽ, " ചട്ടത്തിൻ കീഴിൽ" എന്നീ വാക്കുകൾക്ക് പകരം "ചട്ടപ്രകാരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജി. സുധാകരൻ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 4(2)(എ)-യ്ക്കു ശേഷം താഴെപ്പറയുന്നത് (ബി) ആയി ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(ബി) വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ പാലിക്കേണ്ട സംവരണ

തത്വവും സംവരണ തസ്തികകളിലേക്ക് പ്രത്യേക റിക്രൂട്ട്മെന്റ് ആവശ്യമായി വരുന്ന ഘട്ടത്തിൽ അതിനനുവർത്തിക്കേണ്ട നടപടിക്രമവും;"

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

200. ഖണ്ഡം 4(3)-ൽ, " സമ്മേളനത്തിലായിരിക്കുമ്പോൾ" എന്ന വാക്കിന് ശേഷം ", " ചിഹ്നവും അതിന്റെ മുൻപാകെ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

206. ഖണ്ഡം 4(3)-ൽ, " ഏതിന്റെയെങ്കിലും" എന്ന വാക്കിനുപകരം "ഏതെങ്കിലും സംഗതിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ശ്രീ. ജി. സുധാകരന്റെ ഭേദഗതിയുണ്ട്. അതിൽ പറഞ്ഞിട്ടുള്ള കാര്യം, 'വിവിധ തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ പാലിക്കേണ്ട സംവരണ തത്വവും സംവരണ തസ്തികയിലേയ്ക്ക് പ്രത്യേക റിക്രൂട്ട്മെന്റ് ആവശ്യമായി വരുന്ന ഘട്ടത്തിൽ അതിനനുവർത്തിക്കേണ്ട നടപടിക്രമവും' എന്ന് ഉൾപ്പെടുത്തണമെന്നുള്ളതാണ്. അത് നമ്മൾ ചട്ടം ഉണ്ടാക്കുന്ന സമയത്ത് കെ.എസ്.എസ്.ആർ. ബാധകമാക്കും. കെ.എസ്.എസ്.ആർ. ബാധകമാണെന്ന് ചട്ടത്തിൽ ഉൾപ്പെടുത്തിയാൽ മതി. എന്നാൽ ഇതുമാത്രമല്ല, ഇതല്ലാത്ത ആനുകൂല്യങ്ങളുംകൂടി കെ.എസ്.എസ്.ആർ.-ലുണ്ട്. അതുകൂടി ബാധകമാകും. ഭേദഗതിയിലെ സ്പിരിറ്റ് അംഗീകരിക്കുന്നു. പക്ഷെ, അത് ചട്ടത്തിൽ വരും. ശ്രീ. തോമസ് ഉണ്ണിയാടന്റെ 205-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. എന്റെ 190-ാം നമ്പർ ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 190-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടന്റെ 205-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 190 (എ), 203 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 191, 193, 196 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 192, 195, 198, 199, 204 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. സുധാകരൻ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 200, 206 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

106. ശീർഷകത്തിൽ, "2012-ലെ" എന്നതിനുപകരം "2015-ലെ" എന്ന് ചേർക്കുക.

107. ശീർഷകത്തിൽ,"സർവ്വീസുകളെ" എന്ന വാക്കിനുപകരം "ഉദ്യോഗസ്ഥ നിയമനങ്ങളെ" എന്ന വാക്ക് ചേർക്കുക.

108. ശീർഷകത്തിൽ, "കൂടുതൽ ചുമതലകൾ" എന്നീ വാക്കുകൾക്കുപകരം "അധിക അധികാരങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

110. ദീർഘ ശീർഷകത്തിൽ :

"(i) ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ"എന്നീ വാക്കുകൾക്കുപകരം "ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ" എന്നു ചേർക്കുക.

113. ദീർഘശീർഷകം താഴെ പറയും പ്രകാരം മാറ്റുക:

"കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങളെ സംബന്ധിച്ച് ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി നിയമനങ്ങളിലേക്ക് ശിപാർശ ചെയ്യുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അധിക

അധികാരങ്ങൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ.”

116. പീഠികയിൽ, (i) "ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ" എന്നീ വാക്കുകൾക്കുപകരം "ബോർഡിലെ എല്ലാവിധ നിയമനങ്ങളെ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "ചില കൂടുതൽ ചുമതലകൾ" എന്ന വാക്കിന് പകരം "അധിക അധികാരങ്ങൾ" എന്നും ചേർക്കുക.

(iii) "വിനിയോഗിക്കുന്നതിന് " എന്ന വാക്കിനുപകരം "നിർവ്വഹിക്കുന്നതിന്" എന്ന വാക്ക് ചേർക്കുക.

121. പീഠിക താഴെ പറയും പ്രകാരം മാറ്റുക:

"പീഠിക.—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അധിക അധികാരങ്ങൾ വിനിയോഗിക്കുന്ന തിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;”

124. ഖണ്ഡം (1)-ൽ "കൂടുതൽ ചുമതലകൾ" എന്ന വാക്കിനുപകരം "അധിക അധികാരങ്ങൾ" എന്ന വാക്ക് ചേർക്കുക.

127. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് 2015 ഡിസംബർ 16-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:

"2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിലെ നിയമനം സംബന്ധിച്ച ചുമതലകൾ) ബിൽ".

ഈ ബില്ലിന്റെ ഉദ്ദേശ്യംതന്നെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ വേണ്ടിയാണ്. ബില്ലിന്റെ പേരിൽത്തന്നെ ആ ഉദ്ദേശ്യം വ്യക്തമാക്കുന്ന ഭേദഗതിയാണ് ശീർഷകത്തിലും ദീർഘ ശീർഷകത്തിലും ഞാൻ അവതരിപ്പിക്കുന്നത്.

115. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:

"കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിയമിക്കേണ്ട ജീവനക്കാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചു നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ.”

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

111. ദീർഘശീർഷകത്തിൽ, "ചില” എന്ന വാക്ക് ഒഴിവാക്കുക.

117.പീഠികയിൽ, "ചില" എന്ന വാക്ക് ഒഴിവാക്കുക.

അതിൽ 'ചില കൂടുതൽ' എന്ന വാക്കിന്റെ ആവശ്യമുണ്ടോ. അത് ഇംഗ്ലീഷിൽ ചേരുമ്പോൾ വരുന്നതാണ്. പക്ഷേ, മലയാളത്തിലേയ്ക്ക് വരുമ്പോൾ പബ്ലിക്ക് സർവ്വീസ് കമ്മീഷന് 'കൂടുതൽ ചുമതലകൾ' എന്നുപോരെ. 'ചില കൂടുതൽ' എന്ന വാക്കുകൾ ആവശ്യമുണ്ടോ?

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:

"കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ"

119. പീഠികയിൽ, “ വിനിയോഗിക്കുന്നതിന്” എന്ന വാക്കിനുപകരം “ നിർവ്വഹിക്കുന്നതിന്” എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നതാണ്.

120. പീഠികയിൽ, " ചെയ്യുന്നത് " എന്നതിനുപകരം " ചെയ്യേണ്ടത് " എന്നത് ചേർക്കുക.

126.ഖണ്ഡം 1(2)-ൽ "ഉടൻ" എന്ന വാക്കിനുപകരം "2015 ഡിസംബർ 16-ാം തീയതി" എന്നീ വാക്കുകളും അക്കങ്ങളും ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ഖണ്ഡം 1(1)-ൽ "ആക്റ്റിന്" എന്നതിനുപകരം "നിയമത്തിന്" എന്നും "ആക്റ്റ്" എന്നതിനുപകരം "നിയമം" എന്നും ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. കാരണം, ഈ ബില്ലിൽ 2012 എന്നുള്ളത് 2015 എന്ന് ആക്കണമെന്നാണ്. ഇത് രണ്ടാമത് ഒരു അമെന്റ്മെന്റിൽ വരുന്നുണ്ട്. അത് ഈ ടൈറ്റിലിൽ വന്നാൽ ഒരു ബുദ്ധിമുട്ടുണ്ട്. അസംബ്ലിയിൽ 2012-ൽ രജിസ്റ്റർ ചെയ്തത് ബിൽ 2012 എന്ന പേരിലാണ്. അതിന്റെ പേരിലാണ് ഗവർണ്ണർക്ക് പോയത്. അതുകൊണ്ട് അത് തിരിച്ചുവന്നുകഴിഞ്ഞാൽ വാസ്തവത്തിൽ സ്വയം മാറ്റപ്പെടുന്നതാണ്. അതുകൊണ്ട് ഇതിന്റെ യാതൊരു ആവശ്യവുമില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 106, 107, 108, 110, 113, 116, 121, 124, 127 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 109, 115 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 111, 117 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 114, 119 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 120, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2012-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പാസാക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സാക്കി.

## X. പ്രമേയം

### കാര്യോപദേശക സമിതി റിപ്പോർട്ടിലെ ഭേദഗതി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നാളെ സഭ പരിഗണിക്കാൻ തീരുമാനിച്ചിരുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബില്ലിന്റെ പരിഗണന പ്രതിപക്ഷകക്ഷി നേതാക്കളുടെ അപേക്ഷ പരിഗണിച്ച് മാറ്റിവയ്ക്കുന്നു. കാര്യോപദേശക സമിതിയുടെ 23-മത് റിപ്പോർട്ടിലെ ശിപാർശകൾ മേൽപ്പറഞ്ഞ രീതിയിൽ ഭേദഗതി ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിച്ചു.

### (നിയമനിർമ്മാണകാര്യം - തുടർച്ച)

### (2) 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഇവിടെ ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. എ. കെ. ബാലൻ, ശ്രീ. ജി. സുധാകരൻ എന്നീ ബഹുമാന്യരായ മൂന്ന് അംഗങ്ങൾ ഒരേ വിഷയത്തെ സംബന്ധിച്ച് ക്രമപ്രശ്നം തന്നിട്ടുണ്ട്. ഇനിയും രണ്ട് ബില്ലുണ്ട്. അതുകൊണ്ട് വളരെ ചുരുക്കി അവതരിപ്പിക്കണം.

## XI. ക്രമപ്രശ്നം

### ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിലെ പിഴവ്

ശ്രീ. എ. കെ. ബാലൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ക്രമപ്രശ്നമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നല്ല വിശ്വാസത്തിൽ ഈ ക്രമപ്രശ്നത്തെ എടുക്കണം. 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ, ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സംസ്ഥാനത്തെ 26 ശതമാനത്തോളം വരുന്ന മുന്നോക്ക വിഭാഗങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംവരണ നയങ്ങളിലോ പദ്ധതികളിലോ ഉൾപ്പെട്ടിട്ടില്ല. ചരിത്രപരവും സാമൂഹികപരവുമായ കാരണങ്ങളാൽ ഈ വിഭാഗങ്ങളിലെ നല്ലൊരു ശതമാനം പേരും സാമ്പത്തികമായി പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരാണ്. അത് ശരിയാണ്. തൊട്ടടുത്ത വരിയാണ് ഏറ്റവും വലിയ അപകടം. 'പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക, ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിച്ചുവരുന്ന സംവരണം, മുന്നോക്ക വിഭാഗങ്ങളിലെ യുവജനങ്ങളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ സാധ്യതകളെ പരിമിതപ്പെടുത്തുന്നതാണ്' എന്നുപറയുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 46 പ്രകാരം സാമൂഹിക നീതിയിൽനിന്നും ചൂഷണത്തിൽനിന്നും എസ്.സി/എസ്.ടി. വിഭാഗത്തെ സംരക്ഷിക്കാൻ ഭരണഘടന ഉറപ്പുതരുന്നതിന്റെ ഭാഗമാണ് റിസർവ്വേഷൻ. യഥാർത്ഥത്തിൽ ഇതിനെ ചോദ്യം ചെയ്യുന്നതാണ് ബില്ലിലെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണം. ഗുജറാത്തിൽ പട്ടേൽ വിഭാഗത്തിന്റെ സംവരണ വിരുദ്ധ സമരത്തിന്റെ മറ്റൊരു പ്രേതം ഈ നിയമനിർമ്മാണവുമായി ബന്ധപ്പെട്ടുകൊണ്ട് ഉണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. ഇത് ആർ.എസ്.എസ്.-ന്റെ ആശയമാണ്. ജാതീയമായ ചേരിതിരിവ് ഉണ്ടാക്കാൻ നിയമ വകുപ്പിലെ ജാതി ഭ്രാന്തന്മാരാണ് ഇതിന് പിന്നിലുള്ളത്. പട്ടിക ജാതിക്കാരുടെയും പട്ടിക വർഗ്ഗത്തിന്റെയും ന്യൂനപക്ഷത്തിന്റെയും സംവരണമാണിത്. മുന്നോക്ക സമുദായത്തിലെ പാവപ്പെട്ട ആൾക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സന്ദേശം എങ്ങനെയാണ് പുറത്തുകൊടുക്കാൻ കഴിയുന്നത്. ഞാൻ പ്രതിനിധീകരിക്കുന്ന എന്റെ പാർട്ടിയുടെയും ഇടതുപക്ഷത്തിന്റെയും

സംവരണനയം മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് ന്യായമായ സംവരണം ഉറപ്പുവരുത്താൻ ഭരണഘടന ഭേദഗതി ചെയ്യണമെന്നുള്ളതാണ്. അങ്ങനെ ഒരു തത്വം സ്വീകരിച്ച ഞങ്ങളുടെ മനസ്സിൽ മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്കെതിരായി ഏതെങ്കിലും രൂപത്തിലുള്ള ചിന്താഗതി ഉണ്ടാകില്ല. ഈ കമ്മീഷനോട് ഞങ്ങൾക്ക് യാതൊരു വിയോജിപ്പുമില്ല. പക്ഷെ, ഉദ്ദേശ്യ കാരണങ്ങളെ പട്ടികജാതി/ പട്ടികവർഗ്ഗകാർക്കും ന്യൂനപക്ഷങ്ങൾക്കും സംവരണം കൊടുത്തതാണ് മുന്നോക്ക സമുദായത്തിലെ യുവാക്കൾക്ക് പ്രശ്നം ഉണ്ടാക്കിയതെന്ന സന്ദേശം കൊടുത്തുകഴിഞ്ഞാൽ കേരളത്തിൽ എന്തായിരിക്കും സ്ഥിതി? അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ദേശ്യകാരണങ്ങളിലെ ആ ഭാഗം അതിൽ നിന്ന് ഡിലീറ്റ് ചെയ്തുകൊണ്ട് ഇത് മാറ്റി എഴുതണമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഞങ്ങൾക്ക് പറയാനുള്ളത് പറയണ്ടേ? ....(ബഹളം)...

<u>മി. സ്പീക്കർ</u>: പ്ലീസ്.... പ്ലീസ്..... ശ്രീ. വി. എസ്. സുനിൽ കുമാറിനെ വിളിക്കാം. ....(ബഹളം)... പ്ലീസ്...... ശ്രീ. വി. എസ്. സുനിൽ കുമാർ, ചെയർ പറയുന്നത് കേൾക്കണം. ശ്രീ. വി. എസ്. സുനിൽ കുമാറിനെയും ശ്രീ. ജി. സുധാകരനെയും വിളിക്കും. ചെയർ റൂളിംഗും നൽകും. മുഖ്യമന്ത്രിക്ക് പറയാനുള്ളത് പറയട്ടെ.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻചാണ്ടി</u>): സർ, ശ്രീ. എ. കെ. ബാലൻ പറഞ്ഞ കാര്യത്തോട് പൂർണ്ണമായും യോജിപ്പാണുള്ളത്. ഒരിക്കലും വരാൻ പാടില്ലാത്ത ഒരു പിശക് ഇതിനകത്ത് കടന്നുകൂടിയതാണ്. ഗവൺമെന്റിനും നിങ്ങൾക്കും തെറ്റുപറ്റി. നമുക്കെല്ലാവർക്കും തെറ്റുപറ്റി. ഈ സഭയിൽ ചർച്ച ചെയ്ത സമയത്ത് ആരും ഇക്കാര്യം നോട്ട് ചെയ്തില്ല. സബ്ജക്ട് കമ്മിറ്റിയിൽ ചെന്നപ്പോഴും വിയോജനക്കുറിപ്പ് എഴുതിയപ്പോഴും ഇത് രേഖപ്പെടുത്തിയില്ല. ഇത് ആദ്യമായി നോട്ട് ചെയ്തത് ശ്രീ. എ. കെ. ബാലനാണ്. അദ്ദേഹത്തിന്റെ നോട്ടീസ് ലഭിച്ചപ്പോൾ പിശക് മനസ്സിലായി. അപ്പോൾത്തന്നെ അത് തിരുത്തുന്നതിനുള്ള നടപടിയെടുത്തു. ഉദ്ദേശ്യകാരണങ്ങളുടെ വിവരണം സംബന്ധിച്ച് തർക്കമില്ലാത്ത വിധത്തിലാക്കാൻ വേണ്ടിയുള്ള തിരുത്തിയ കോപ്പി ഇവിടെ ഏല്പിച്ചുകഴിഞ്ഞു. അതിവിടെ സർക്കുലേറ്റ് ചെയ്യും. അവശത അനുഭവിക്കുന്ന വിഭാഗങ്ങളിലെ ജനങ്ങളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹാരം

നിർദ്ദേശിക്കുന്നതിനുമായി ശ്രീ. ഗോപാലമേനോൻ, ഐ.എ.എസ്.-നെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിക്കുകയുണ്ടായി. അത് സംബന്ധിച്ചുള്ള റിപ്പോർട്ട് കിട്ടി. ആ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ഒരു പരാമർശം, അവശത അനുഭവിക്കുന്ന മുന്നോക്ക വിഭാഗക്കാർക്ക് സംവരണം നൽകുക ഭരണഘടനാപരമായി സാദ്ധ്യമല്ല എന്നത് വാസ്തവമാണ് എന്നാണ്. അങ്ങനെ സംവരണം നൽകിയാൽ അത് ഭരണഘടനാ വിരുദ്ധമാകുകയും ചെയ്യും. 2006-ൽ 12 ശതമാനം സീറ്റുകൾ സ്വകാര്യ പ്രൊഫഷണൽ കോളേജുകളിൽ മുന്നോക്ക വിഭാഗക്കാർക്ക് സംവരണം ചെയ്തത് സുപ്രീം കോടതി ഭരണഘടനാ വിരുദ്ധമാണെന്ന് കാണുകയുണ്ടായി. ശ്രീ. ഗോപാല മേനോൻ കമ്മീഷന്റെ നിഗമനങ്ങളുടെ അടിസ്ഥാനത്തിലാണ് മുന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള ഒരു കമ്മീഷൻ രൂപീകരിക്കാനിടയായത്. അതിന്റെ ഉദ്ദേശ്യകാരണങ്ങളിൽ സ്ഥാനം പിടിച്ച ആ വാചകം തെറ്റിപ്പോയി. അത് പിൻവലിക്കുന്നു. ആ കുറ്റം ഞാൻ സമ്മതിക്കുന്നു. പക്ഷേ നമുക്കെല്ലാവർക്കും തെറ്റുപറ്റിയെന്ന കാര്യം നിങ്ങൾ മറക്കരുത്. ഇത് ഈ സഭയിൽ ചർച്ചയ്ക്ക് വന്നതാണ്. ആരും അത് പോയിന്റ് ഔട്ട് ചെയ്തില്ല. ഇവിടെ സബ്ജക്ട് കമ്മിറ്റിയിൽ വന്നിട്ടും ആരും ചൂണ്ടിക്കാണിച്ചില്ല. ശ്രീ. എ. കെ. ബാലൻ ചൂണ്ടിക്കാണിച്ച ആ നിമിഷംതന്നെ ഞങ്ങൾ അത് മാറ്റാൻ തീരുമാനിച്ചു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ. എ. കെ. ബാലൻ മാത്രമല്ല ശ്രീ. വി. എസ്. സുനിൽകുമാറും ശ്രീ. ജി. സുധാകരനും ഇതേ കാര്യംതന്നെ എഴുതി തന്നിട്ടുണ്ട്.

<u>ശ്രീ. ഉമ്മൻചാണ്ടി:</u> സർ, ആദ്യം പോയിന്റ് ഔട്ട് ചെയ്തത് ശ്രീ. എ. കെ. ബാലനാണെന്ന് പറഞ്ഞുവെന്നേയുള്ളൂ. ശ്രീ. ജി. സുധാകരന്റെയും ശ്രീ. വി. എസ്. സുനിൽ കുമാറിന്റെയും നോട്ടീസ് അങ്ങ് എനിക്ക് അയച്ചത് എന്റെ കയ്യിലുണ്ട്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഇത് ആദ്യം തയ്യാറാക്കിയതിൽ തെറ്റുപറ്റി. സബ്ജക്ട് കമ്മിറ്റിയിൽ നോക്കിയില്ല, നിയമസഭ നോക്കിയില്ല. ഇപ്പോൾ മെമ്പർമാർ ചൂണ്ടിക്കാണിച്ചപ്പോൾ മനസ്സിലായി. പക്ഷേ ഇങ്ങനെ ഒരു നോട്ട് ആദ്യം വന്നല്ലോ. ഈ നോട്ട് ആരാണ് തയ്യാറാക്കിയത്; ഏത് മന്ത്രിയാണ് ഈ നോട്ട് അപ്രൂവ് ചെയ്തത്. ആ നോട്ട് തയ്യാറാക്കിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. ഉമ്മൻചാണ്ടി: സർ, അതിന് ഫയൽ എല്ലാം പരിശോധിക്കേണ്ട ഒരു സംഗതിയാണ്. ഏതായിരുന്നാലും ശ്രദ്ധയിൽപ്പെട്ട ആ നിമിഷംതന്നെ അതിൽ മാറ്റം വരുത്തി. അത് പൂർണ്ണമായും അംഗീകരിക്കുന്നു. പക്ഷേ ഇത് പരിശോധിക്കുന്നതിൽ നമുക്കൊക്കെവന്ന ഒരു പിശകാണെന്നുള്ള കാര്യം മറക്കരുത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, എനിക്ക് ഒരു കാര്യം പറയാനുണ്ട്. ... (ബഹളം).... നിങ്ങൾ മിണ്ടാതിരിക്ക് ഞാൻ എഴുതിക്കൊടുത്ത ഒരു കാര്യമാണ്. നിങ്ങൾക്ക് എന്താണ് പ്രശ്നം? എന്ത് അവകാശമാണ് നിങ്ങൾക്ക്? അങ്ങനെ പേടിപ്പിക്കുകയൊന്നും വേണ്ട, എനിക്ക് പറയാനുള്ളത് പറയും.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങേയ്ക്ക് പറയാനുള്ളത് ചുരുക്കിപ്പറയൂ.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ചുരുക്കിപ്പറയാം. ഞങ്ങൾ മൂന്നു പേരും ഇതിന് ക്രമപ്രശ്നം ഉന്നയിച്ചവരാണ്. ഇതിനകത്തുള്ള പ്രശ്നം യാദൃശ്ചികമായി സംഭവിച്ചതല്ല. ഇവിടെ ദേവസ്വം ബോർഡിലെ റിക്രൂട്ട്മെന്റ് ബോർഡിന്റെ ബിൽ വന്നപ്പോൾ അതിലും ഇതുപോലെ നിയമ വകുപ്പിന്റെ ഭാഗത്തുനിന്നും ഗുരുതരമായൊരു വിഷയമുണ്ടായി. ഇവിടെ മൂന്നുപേരെ എടുക്കുമ്പോൾ അതിൽ ഒരാൾ പട്ടികജാതിക്കാരനായിരിക്കണമെന്നും ഒരാൾ വനിതയായിരിക്കണമെന്നും അതിനകത്ത് വ്യക്തമായി വിവക്ഷിച്ചിരുന്നു. എന്നിട്ട് ഇവർ ചെയ്തത്, ഒരു പട്ടികജാതി വനിതയെ എടുത്തുകൊണ്ട് പട്ടികജാതിക്കാർക്ക് കിട്ടേണ്ട സംവരണം അവർ എടുത്തുകളഞ്ഞു.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽകുമാർ, ഈ ബില്ലിന്റെ കാര്യത്തിലേക്ക് വരണം.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇത് നേരത്തെ ഈ നിയമ വകുപ്പിന്റെ മുന്നിലുണ്ടായ ഒരു കാര്യമാണ്. ആ നിയമ വകുപ്പിനകത്ത് പട്ടികജാതിക്കാർക്കും പിന്നോക്കക്കാർക്കും സംവരണം കൊടുക്കുന്നതിനെ എതിർക്കുന്ന സവർണ്ണവാദികളായ ചിലർ ഇരിക്കുന്നുണ്ട്. അവർ ആർ.എസ്.എസ്.ന്റെ മനസ്സുള്ളവരാണ്. അതാണ് ഇവിടത്തെ പ്രശ്നം. ഇത് ആദ്യത്തെ വിഷയമല്ല. ഇത് ലാഘവത്തോടുകൂടി എടുക്കേണ്ട കാര്യമല്ല. ഇത് ഭരണഘടനാ ബന്ധമുള്ള കാര്യമാണ്. ഇതിനെതിരെ നടപടിയെടുക്കണം. (മൈക്ക് ഓഫ്)

മി. സ്പീക്കർ: യെസ്....യെസ്.... അങ്ങ് പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട ജി. സുധാകരൻ, അങ്ങ് എന്തെങ്കിലും പറയുന്നുണ്ടോ? ......(ബഹളം).... ശ്രീ. വി. എസ്. സുനിൽകുമാർ, അങ്ങ് പറഞ്ഞുകഴിഞ്ഞു. ഇനി സഭയുടെ സമയം കളയുന്നത് ശരിയല്ല. ......(ബഹളം).... ഇനി റൂളിംഗ് ആവശ്യമില്ലല്ലോ. ......(ബഹളം).... ഇനി പ്രതിപക്ഷ ഉപനേതാവ് സംസാരിക്കട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂളിംഗ് വേണ്ട. ഇത്തരത്തിലുള്ള തെറ്റുകൾ ചിലപ്പോൾ സംഭവിച്ചേക്കാം. അങ്ങനെ സംഭവിച്ച് നമ്മുടെ ശ്രദ്ധയിൽപ്പെട്ടാൽ അതിനാവശ്യമായ തിരുത്തൽ വരുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. അതേ സന്ദർഭത്തിൽ ഈ തെറ്റ് എങ്ങനെ നമ്മളെയാകെ മിസ്ഗൈഡ് ചെയ്തു; ഏത് ഉദ്യോഗസ്ഥൻ ചെയ്തു; അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിച്ചാൽ മതി. മുഖ്യമന്ത്രി ഇത് പരിശോധിക്കണം. അല്ലെങ്കിൽ ഇത്തരം സംഭവങ്ങൾ ഇനിയും ആവർത്തിക്കും. നമ്മളെ എല്ലാവരെയും ഇരുട്ടിൽ നിർത്തിക്കൊണ്ട് ഇങ്ങനെ ഉദ്യോഗസ്ഥഭരണം ഇവിടെ അനുവദിക്കാൻ പാടില്ല.

ശ്രീ. ഉമ്മൻചാണ്ടി: സർ, ഇക്കാര്യം തീർച്ചയായും പരിശോധിക്കാം. അതിൽ യാതൊരു സംശയവുമില്ല.

മി. സ്പീക്കർ: ശ്രീ. ജി. സുധാകരൻ, എന്താണ് പറയാനുള്ളത്?

ശ്രീ. ജി. സുധാകരൻ: സർ, എന്റെ അവകാശമാണ്.

മി. സ്പീക്കർ: അങ്ങയെ ഞാൻ വിളിച്ചു.

ശ്രീ. ജി. സുധാകരൻ: സർ, വിളിച്ചു. നമ്മൾ ഇവിടെ ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. ശാന്തമായി എല്ലാവരും ഇരിക്കണം. സാധാരണ ബിൽ അവതരിപ്പിച്ചുകഴിഞ്ഞാൽ എല്ലാവരുടെയും തടസ്സവാദങ്ങൾ ഓരോന്നായി കേൾക്കണം. എന്നിട്ടാണ് മറുപടി പറയേണ്ടത്. എനിക്ക് ഒരുപാട് സമയമൊന്നും വേണ്ട. ശ്രീ. എ. കെ. ബാലനും ശ്രീ. വി. എസ്. സുനിൽകുമാറും ശ്രീ. കോടിയേരി ബാലകൃഷ്ണനും സംസാരിച്ചു. ഞാനും പറയുന്നതിന്റെ ഉള്ളടക്കം അതാണെങ്കിലും, ഭരണഘടനാ ലംഘനമെന്ന് പറയുന്നത് ഒരു ചെറിയ കാര്യമാണോ? ആർട്ടിക്കിൾ XV-ലെ ഫണ്ടമെന്റൽ റൈറ്റ്സിലാണ് ഇത് ആദ്യം വരുന്നത്. അത് ഒരു മിനിട്ടുകൊണ്ട് വായിക്കാൻ അനുവദിക്കണം. അതിലെ (4)-ാമത്തെ സബ് സെക്ഷനിൽ പറയുന്നത്, 'സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിനു

വേണ്ടിയോ പട്ടികജാതിക്കാർക്കും പട്ടിക ഗോത്രവർഗ്ഗത്തിനും വേണ്ടിയോ ഏതെങ്കിലും പ്രത്യേക അവസ്ഥ ഉണ്ടാക്കുന്നതിൽനിന്നും ഈ പൊതുന്യായം തടസ്സപ്പെടുത്തുന്നു.' അങ്ങനെയാണ് സംവരണം വന്നത്. അതിലെ (5)-ാമത്തെ സബ് സെക്ഷനിൽ വീണ്ടും പറയുകയാണ്, 'വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന ഏതെങ്കിലും വിഭാഗങ്ങളിൽപ്പെട്ട പൗരന്മാരുടെ ഉന്നമനത്തിനുവേണ്ടിയോ എസ് സി/എസ് ടി വിഭാഗങ്ങൾക്കുവേണ്ടിയോ നിയമം വഴി ഏതെങ്കിലും പ്രത്യേക അവസ്ഥ ഉണ്ടാക്കുന്നതിൽനിന്നും ന്യൂനപക്ഷങ്ങളെ ബാധിക്കുന്നതൊഴിച്ചുള്ള കാര്യങ്ങളിലൊന്നും ഒരു തടസ്സവുമില്ല.' ഇത് ഡയറക്ടീവ് പ്രിൻസിപ്പൾസ് ഓഫ് സ്റ്റേറ്റ് പോളിസിയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഫണ്ടമെന്റൽ റൈറ്റ്സ് മാത്രമല്ല. അതാണ് ശ്രീ. എ. കെ. ബാലൻ വായിച്ച 46-ാം മത്തെ ആർട്ടിക്കിൾ. അതുമുഴുവനും ഞാൻ വായിക്കുന്നില്ല. അവിടെയും ഇത് പറയുകയാണ്. ഭരണഘടനയിലെ ഈ പ്രൊവിഷൻ മുന്നോക്ക വിഭാഗങ്ങളിലെ പാവങ്ങളായ യുവാക്കളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ സാദ്ധ്യതകളെ പരിമിതപ്പെടുത്തുമെന്നാണ് പറയുന്നത്. നിയമവകുപ്പ് സെക്രട്ടറിയെ സസ്പെന്റ് ചെയ്യണം; നിയമ വകുപ്പ് സെക്രട്ടറിയെ സസ്പെന്റ് ചെയ്യാതെ മുഖ്യമന്ത്രി എന്ത് പറഞ്ഞാലും, ഭൂരിപക്ഷപ്രകാരം നിങ്ങൾ സംരക്ഷിക്കും. ആരാണ് നിയമ വകുപ്പ് സെക്രട്ടറിയെന്ന് എനിക്ക് അറിയില്ല. അദ്ദേഹത്തിന് അവിടെ ഇരിക്കാൻ യാതൊരു അവകാശവുമില്ല. ഇതുപോലെയുള്ള കാര്യങ്ങൾ അപൂർവ്വമായി മാത്രമേ സഭയിൽ വരുന്നുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതിന്റെ ഗൗരവം മനസ്സിലാകും. ഭരണഘടനയെ നിരാകരിക്കുകയാണ്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട ജി. സുധാകരൻ, ഇനി രണ്ട് ബില്ലുകളുണ്ട്. ......പ്ലീസ്.....

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അതെ രണ്ട് ബില്ലുകളുണ്ട്. 2000 ബില്ലുകൾ പാസ്സാക്കിയാലും ഭരണഘടനയെ ലംഘിക്കാൻ പറ്റുമോ? ഇത് സവർണ്ണ ഫാസിസത്തിന്റെയും ബി.ജെ.പി.-യുടെയും സമീപനമാണ്. നേരെമറിച്ച്, 50 ശതമാനം സംവരണം അംഗീകരിച്ചിട്ട് ബാക്കിയുള്ള 50 ശതമാനത്തിൽ നിന്ന് പത്തുശതമാനം സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന മുന്നോക്ക വിഭാഗക്കാർക്ക് കൊടുക്കാൻ ഭരണഘടന ഭേദഗതി ചെയ്യണമെന്നുള്ള ആവശ്യമാണ് ഉന്നയിക്കേണ്ടത്. ഞങ്ങൾ ഈ ആവശ്യം ഉന്നയിക്കുകയാണ്; അല്ലാതെ മുന്നോക്ക-പിന്നോക്ക വൈരമല്ല ഇവിടെ ഉണ്ടാക്കേണ്ടത്. ഇത് ആർ.എസ്.എസ്.-ന്റെയും വെള്ളാപ്പള്ളിയുടെയും അജണ്ടയാണ്. എം. പി. പരമേശ്വരൻ അദ്ദേഹത്തിന്റെ ഇന്റർവ്യൂവിൽ പറഞ്ഞു മുസ്ലീങ്ങൾ ന്യൂനപക്ഷമല്ല, ബ്രാഹ്മണരാണ് ന്യൂനപക്ഷമെന്ന്.

മി. സ്പീക്കർ: ......യെസ്..പ്ലീസ്.... ഇത് ക്രമപ്രശ്നം മാത്രമാണ്.

ശ്രീ. ജി. സുധാകരൻ: സർ, ഇത് പുരോഗമന വിരുദ്ധമാണ്. ജനാധിപത്യത്തെ അപമാനിക്കലാണ്. അതുകൊണ്ട് നിയമവകുപ്പ് സെക്രട്ടറിയെ സസ്പെൻഡ് ചെയ്ത് അയാൾക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ : ഇവിടെ ഉന്നയിച്ചത് സീരിയസ്സായ ഒരു പ്രശ്നമാണ്. ഇവിടെ മൂന്നുപേർ ക്രമപ്രശ്നം തന്നു. യഥാർത്ഥത്തിൽ മൂന്നുപേരും ക്രമപ്രശ്നം അവതരിപ്പിച്ചതിനുശേഷമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയേണ്ടിയിരുന്നത്. ഇത് ചെയർ നേരത്തെ അനുവദിച്ചതാണ്. ഇവിടെ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നതിനുമുമ്പുതന്നെ ബില്ലിലെ വിവാദ പരാമർശങ്ങൾ മുഴുവൻ മാറ്റി വേറെ എഴുതി സർക്കുലേറ്റ് ചെയ്യുന്നതിന് മുഖ്യമന്ത്രി തന്നുകഴിഞ്ഞു. തന്നുകഴിഞ്ഞ സാഹചര്യത്തിലാണ് ആദ്യം ക്രമപ്രശ്നംതന്ന ശ്രീ. എ. കെ. ബാലനെ സംസാരിക്കാൻ വിളിച്ചതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ സംസാരിക്കാൻ വിളിച്ചത്. എന്തായാലും ചെയർ ഇതിന് പ്രത്യേക റൂളിംഗ് നല്കുന്നില്ല. ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയ നിയമവകുപ്പിന് തെറ്റു പറ്റിയിട്ടുണ്ട്. മേലാൽ ഇത്തരത്തിൽ സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നുകൂടി ചെയർ പറയുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബില്ല് മൂവ് ചെയ്തുകഴിഞ്ഞു.

മി. സ്പീക്കർ : വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണന് സംസാരിക്കാവുന്നതാണ്. അതിനുമുമ്പ് ചെയർ ഒരുകാര്യം പറയുന്നു. ഈ ബില്ലിൽ ഒൻപതുപേർ സംസാരിക്കാനുണ്ട്. കൂടാതെ അടുത്ത ബില്ലിൽ എട്ടുപേരുമുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി കഴിഞ്ഞിട്ടാണ് ഈ ബില്ല് വന്നിരിക്കുന്നത്. സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കാനുള്ള ബിൽ ഇവിടെ അവതരിപ്പിക്കുന്ന സന്ദർഭത്തിലാണ് ഈ നോട്ട് അതിനകത്തുള്ളത്. സബ്ജക്റ്റ് കമ്മിറ്റി ചർച്ച കഴിഞ്ഞ് അവതരിപ്പിച്ചതിൽ ഈ നോട്ടില്ല. പിന്നെങ്ങനെയാണ് പൂർവ്വകാല പ്രാബല്യത്തോടുകൂടി ആദ്യത്തേതിൽ ഒരു മാറ്റം വരുത്തുക; സാങ്കേതികമായി എങ്ങനെ സാധിക്കും? ഇത് എങ്ങനെ അതിനകത്ത് ചേർക്കും? അന്ന് ബില്ല് സബ്ജക്ട് കമ്മിറ്റിക്ക് വിടുന്ന സന്ദർഭത്തിൽ ഈ നോട്ടുണ്ടായിരുന്നു. എന്നാൽ തിരിച്ചുവന്നപ്പോൾ ഇതില്ല. നേരത്തെ നമ്മൾ എടുത്ത

തീരുമാനത്തിനുമേൽ ഇപ്പോൾ ഇങ്ങനെയൊരു മാറ്റം വരുത്താൻ സാധിക്കുമോ; എന്താണ് ഇതിന്റെ നടപടിക്രമം, അതൊന്ന് അറിയണ്ടേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, യഥാർത്ഥത്തിൽ ഈ ക്രമപ്രശ്നം ഇപ്പോൾ ഉന്നയിക്കാൻ പാടില്ല. ബില്ലിന്റെ അവതരണവേളയിൽ മാത്രമാണ് ക്രമപ്രശ്നം ഉന്നയിക്കേണ്ടിയിരുന്നത്. അന്ന് ആരും ഉന്നയിച്ചില്ല. സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ അവിടെയും ആരും ഉന്നയിച്ചില്ല. ഇത് അന്ന് പബ്ലിഷ് ചെയ്തു. മാറ്റിയതും പ്രത്യേകം പബ്ലിഷ് ചെയ്യുമെന്ന് ചെയർ അറിയിക്കുന്നു. (........ബഹളം..........)

ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ, അങ്ങ് സംസാരിക്കുന്നോ? അങ്ങ് വിയോജനക്കുറിപ്പ് എഴുതിയതാണ്, അങ്ങയെ സംസാരിക്കാൻ വിളിച്ചുകഴിഞ്ഞു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷന്റെ ബിൽ സഭയിൽ അവതരിപ്പിച്ചു. അവതരിപ്പിച്ച ദിവസം നിർഭാഗ്യവശാൽ പ്രതിപക്ഷത്തിന് ചർച്ചയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. പ്രതിപക്ഷം സഭ ബഹിഷ്കരിച്ച സന്ദർഭത്തിലാണ് പ്രതിപക്ഷത്തിന്റെ സഹകരണമില്ലാതെ ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടാനുള്ള തീരുമാനമെടുത്തത്. അതാണ് ഏറ്റവും പ്രധാനപ്പെട്ട തെറ്റ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ശ്രീ എ. കെ. ബാലന്റെയും ശ്രീ. ജി. സുധാകരന്റെയും ശ്രീ. വി. എസ്. സുനിൽ കുമാറിന്റെയും ക്രമപ്രശ്നത്തിന് മറുപടി നല്കുന്ന സന്ദർഭത്തിൽ പറഞ്ഞു, പ്രതിപക്ഷത്തിനും ഭരണകക്ഷിക്കും ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കി ഇവിടെ അവതരിപ്പിക്കുന്നതിൽ തെറ്റുപറ്റിയെന്ന്. ഇവിടെ പ്രതിപക്ഷത്തിന് യാതൊരു തെറ്റും പറ്റിയിട്ടില്ലായെന്ന് അസന്നിഗ്ദ്ധമായി പറയാൻ കഴിയും. കാരണം ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നത് ഗവൺമെന്റാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

സാധാരണഗതിയിൽ ഗവൺമെന്റ് ബിൽ കൊണ്ടുവരുമ്പോൾ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ച് കൃത്യമായി മനസ്സിലാക്കിക്കൊണ്ടാണ് കൊണ്ടുവരുന്നത്. ആ ഉദ്ദേശ്യലക്ഷ്യം എന്താണെന്ന് മനസ്സിലാക്കാതെയാണ് ഈ ബിൽ അവതരിപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പ് തയ്യാറായത് എന്നുള്ളതാണ് ഏറ്റവും

ഗുരുതരമായ തെറ്റ്. അത് ഗുരുതരമായ തെറ്റാണോ ബോധപൂർവ്വം ചെയ്തതാണോ എന്നാണ് നാം സംശയം പ്രകടിപ്പിക്കുന്നത്. നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ, പിന്നോക്ക ജനവിഭാഗങ്ങളും മുന്നോക്ക ജനവിഭാഗങ്ങളും തമ്മിൽ വലിയ സ്പർദ്ധ നിലനിൽക്കുന്ന ഒരു സംസ്ഥാനമല്ല കേരളം. അങ്ങനെയുള്ളൊരു സംസ്ഥാനത്ത് മുന്നോക്ക-പിന്നോക്ക സ്പർദ്ധ വർദ്ധിപ്പിക്കാൻ സഹായകരമായിട്ടുള്ളൊരു ബിൽ നമ്മുടെ നിയമസഭയിൽ ചർച്ച ചെയ്ത് പാസ്സാക്കുന്നത് കേരളത്തിന്റെ ചരിത്രത്തിനും പാരമ്പര്യത്തിനും കോട്ടം തട്ടിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിച്ചുവരുന്ന സംവരണം മുന്നോക്ക വിഭാഗത്തിലെ യുവജനങ്ങളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ സാദ്ധ്യതകളെ പരിമിതപ്പെടുത്തുന്നുണ്ട് എന്നാണ് ഈ ബില്ലിന്റെ ഉദ്ദേശ്യകാര്യങ്ങളിൽ പറഞ്ഞിട്ടുള്ളത്. ഇത് ആരാണ് കണ്ടെത്തിയത്; ഏത് സർവ്വെയിലാണ് കണ്ടെത്തിയത്; ഇത് എങ്ങനെയാണ് കണ്ടെത്തിയത്; ആരാണ് പറഞ്ഞത്; ആരാണ് ഈ നിഗമനത്തിലെത്തിയത്? കേരളത്തിലെ മുന്നോക്ക ജനവിഭാഗങ്ങളിലെ വിദ്യാഭ്യാസ, തൊഴിൽ സാധ്യത പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക ന്യൂനപക്ഷങ്ങൾക്ക് കൊടുത്ത റിസർവേഷൻ കൊണ്ടാണെന്ന് ആര് കണ്ടെത്തി? ഈ നിഗമനം എങ്ങനെ ഈ ബില്ലിൽ വന്നു; എവിടെ നിന്നാണ് ഇത് ഉത്ഭവിച്ചത്; കൺസേൺഡ് ഡിപ്പാർട്ടുമെന്റ് ഇത് കണ്ടില്ലേ; നിയമവകുപ്പിനെ മാത്രം കുറ്റംപറഞ്ഞ് കുരിശിലേറ്റിയതുകൊണ്ട് നമുക്ക് രക്ഷപ്പെടാൻ സാധിക്കുമോ; ഈ ബില്ലിന് അംഗീകാരം കൊടുത്തത് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റല്ലേ, ബഹുമാനപ്പെട്ട മന്ത്രിസഭയല്ലേ, അക്കാര്യം നിർവ്വഹിക്കുന്ന കാര്യത്തിൽ വകുപ്പിന്റെ തെറ്റ് എന്താണെന്ന് കൂടി അന്വേഷിക്കേണ്ടേ? നിയമവകുപ്പിന് ഇക്കാര്യത്തിൽ ഉണ്ടായ വീഴ്ച കണ്ടെത്തുന്നതിനോടൊപ്പംതന്നെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിന് പറ്റിയ തെറ്റ് ആര് കണ്ടുപിടിക്കും? ഇവിടെ വലിയ അട്ടിമറിക്കുള്ള ശ്രമം നടത്തുകയാണ്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർമാർ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിൽ വർഗ്ഗീയ ധ്രുവീകരണത്തിന് സഹായകരമായിട്ടൊരു ബിൽ അവതരിപ്പിച്ചെടുക്കുകയാണ്. മുന്നോക്ക കമ്മീഷൻ രൂപീകരിച്ചുകൊണ്ട് മുന്നോക്ക ജനവിഭാഗങ്ങളിലെ പിന്നോക്കം നിൽക്കുന്ന ആളുകളുടെ താൽപ്പര്യം സംരക്ഷിക്കാനാവില്ലായെന്നത് ഇവിടെ വ്യക്തമായിരിക്കുകയാണ്. സാധാരണഗതിയിൽ മുന്നോക്ക ജനവിഭാഗമാകട്ടെ, പിന്നോക്ക ജനവിഭാഗമാകട്ടെ ആ വിഭാഗത്തിലെ പിന്നോക്ക ജനവിഭാഗങ്ങൾക്കാണ് എന്തെങ്കിലും പരിഗണന കൊടുക്കേണ്ടത്. എന്നാൽ

മുന്നോക്ക ജാതിയിലെ പിന്നോക്ക ജനവിഭാഗക്കാർക്ക് യാതൊരുവിധ പരിഗണനയും ഈ മുന്നോക്ക കമ്മീഷൻ കൊടുക്കുന്നില്ലായെന്നുള്ളതാണ് ഈ ബില്ലിൽ കാണാൻ സാധിക്കുന്നത്. മുന്നോക്ക ജനവിഭാഗത്തിലെ പിന്നോക്ക ജനവിഭാഗങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുകയെന്നുള്ള ലക്ഷ്യം ഈ ബില്ലിൽ കാണുന്നില്ല. മറിച്ച് ഈ ബില്ലിലൂടെ മുന്നോക്ക-പിന്നോക്ക ജനവിഭാഗങ്ങളെ തമ്മിലടിപ്പിക്കാൻ വേണ്ടിയുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ മുന്നോക്ക കമ്മീഷൻ രൂപീകരിച്ചുകൊണ്ട്, അതിന്റെ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് മുന്നോക്ക ജനവിഭാഗങ്ങളുടെ സകലമാന പ്രശ്നങ്ങളും പരിഹരിക്കപ്പെടും എന്നുള്ളൊരു തോന്നൽ ഉണ്ടാക്കി എടുത്തിരിക്കുകയാണ്. മുന്നോക്ക കമ്മീഷൻ രൂപീകരിച്ചതോടുകൂടി കേരളത്തിലെ മുന്നോക്ക ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്ന മിഥ്യാധാരണ മുന്നോക്ക ജനവിഭാഗങ്ങളുടെ ഇടയിൽ ഉണ്ടാക്കാൻവേണ്ടിയുള്ള ശ്രമമാണ് നടത്തുന്നത്.

മുന്നോക്ക ജനവിഭാഗങ്ങൾക്കുവേണ്ടി സംവരണം നടപ്പിലാക്കുന്നതിനെ കുറിച്ചുള്ള ചർച്ചകൾ വളരെ മുൻപേ തന്നെ സഭയിൽ നടന്നിട്ടുണ്ട്. 2000-ലാണ് അതുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഒരു ചർച്ച ഈ സഭയിൽ നടന്നത്. ക്രീമിലെയറുമായി ബന്ധപ്പെടുത്തി പിന്നോക്ക ജനവിഭാദങ്ങളുടെ ആനുകൂല്യം നഷ്ടപ്പെടുന്നതുസംബന്ധിച്ച ചർച്ചകൾ നമ്മുടെ നിയമസഭയിൽ നടക്കുകയുണ്ടായി. അന്ന് ചട്ടം 130 അനുസരിച്ചുള്ള ഒരു പ്രമേയം അന്നത്തെ മുഖ്യമന്ത്രിയായ സഖാവ് ഇ. കെ. നായനാർ അവതരിപ്പിച്ചതും അതിനെത്തുടർന്നുള്ള ചർച്ചയും ഞാൻ ഓർത്തുപോകുകയാണ്. ആ ചർച്ചയിൽ പറഞ്ഞകാര്യം, പിന്നോക്ക ജനവിഭാഗങ്ങൾക്ക് കിട്ടേണ്ട സാമ്പത്തിക ആനുകൂല്യവും റിസർവേഷനു മടക്കമുള്ളവ നിലനിർത്തുന്നതോടൊപ്പംതന്നെ മുന്നോക്ക ജനവിഭാഗങ്ങൾ ജാതിയിൽ മുന്നോക്കമായതുകൊണ്ട് സാമ്പത്തികമായി വലിയ പ്രയാസങ്ങൾ അനുഭവിക്കുന്നവരുണ്ടെന്നും അത്തരത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പാവപ്പെട്ട ആളുകളെക്കൂടി സഹായിക്കാൻ വേണ്ടിയുള്ള പ്രത്യേക റിസർവേഷൻ ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ട സഭയാണ് നമ്മുടേത്. കേവലം മുന്നോക്ക കമ്മീഷനെ കൊണ്ടുവന്നതുകൊണ്ട് മുന്നോക്ക ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ലായെന്നും ആ മുന്നോക്ക വിഭാഗങ്ങൾക്ക് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കാൻ

വേണ്ടി പ്രത്യേക റിസർവ്വേഷൻ സമ്പ്രദായം വേണമെന്നും അതിന് ഭരണഘടനാ ഭേദഗതി വേണമെന്നും നമ്മൾ ഇവിടെ യൂനാനിമസായിട്ട് തന്നെ പ്രമേയം പാസ്സാക്കുകയും കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുക്കുകയും ചെയ്തു. പക്ഷെ ആ പ്രമേയം പാസ്സാക്കിയതല്ലാതെ ആ പ്രമേയത്തിന് അനുകൂലമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കുവാൻ പിന്നീട് കേന്ദ്ര ഗവൺമെന്റുകൾ തയ്യാറായിട്ടില്ല. പാവപ്പെട്ട മുന്നോക്ക ജനവിഭാഗത്തിലെ ആളുകളെ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള യാതൊരു നിലപാടും സ്വീകരിക്കാൻ കേന്ദ്രം ഭരിച്ച ഭരണാധികാരികളൊന്നുംതന്നെ തയ്യാറായിട്ടില്ല. ഒരു കമ്മീഷൻ രൂപീകരിച്ചതു കൊണ്ട് അവരെ സംരക്ഷിക്കാൻ കഴിയുമെന്ന ധാരണ മിഥ്യാധാരണയാണെന്ന് അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. മുന്നോക്ക കമ്മീഷൻ രൂപീകരിച്ചുകൊണ്ട് അവർ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ്? മുന്നോക്ക ജനവിഭാഗങ്ങളുടെ എല്ലാ പ്രശ്നങ്ങളും പഠിക്കണമെന്നാണ് അവരോട് പറഞ്ഞിരിക്കുന്നത്. മുന്നോക്ക വിഭാഗങ്ങളുടെ മുന്നോക്കപ്രശ്നങ്ങൾ എന്തിനാണ് പഠിക്കുന്നത്; അങ്ങനെയുള്ള കാര്യങ്ങൾ വല്ലതും പഠിക്കേണ്ടതിന്റെ ആവശ്യമുണ്ടോ? മുന്നോക്ക ജനവിഭാഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന ആളുകളുടെ സാമൂഹിക-വിദ്യാഭ്യാസ നിലവാരമെന്താണ്; അല്ലെങ്കിൽ അവരുടെ സാമ്പത്തിക സ്ഥിതിയെന്താണ്? അത് പഠിച്ച് അതിന് പരിഹാരം ഉണ്ടാക്കാനുള്ള നിർദ്ദേശം വയ്ക്കാനല്ലേ പറയേണ്ടത്. മറിച്ച് മുന്നോക്കവിഭാഗത്തിലെ ചില ആളുകളെ തൃപ്തിപ്പെടുത്തേണ്ട കമ്മീഷനായിട്ട് ഈ കമ്മീഷൻ മാറുകയല്ലേ? കുറേ കമ്മീഷനുകൾ കേരളത്തിലും കേന്ദ്രത്തിലുമുണ്ട്. റിട്ടയർ ചെയ്യുന്ന ആളുകൾക്ക് കയറി ഇരിക്കാൻ പറ്റുന്ന ഒരുപാട് കമ്മീഷനുകളുണ്ട് - കേന്ദ്രകമ്മീഷനുകളും അതിനെ ചുവടുപിടിച്ചുകൊണ്ട് സംസ്ഥാന കമ്മീഷനുകളുമുണ്ട്. ഇവിടെത്തന്നെ നിരവധി കമ്മീഷനുകളുണ്ട്. പിന്നോക്ക കമ്മീഷനും എസ്.എസി./എസ്.ടി. കമ്മീഷനും വനിതാ കമ്മീഷനും ഹ്യൂമൻ റൈറ്റ്സ് കമ്മീഷനും വിവരാവകാശ കമ്മീഷനുമൊക്കെയുണ്ട്. ഈ കമ്മീഷനുകളെല്ലാം വച്ചുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ഒരു പ്രയോജനവുമില്ലെന്ന് ഞാൻ പറയുന്നില്ല. ഈ കമ്മീഷനുകൾക്കുവേണ്ടിയുള്ള എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റുകളെല്ലാം തന്നെ ഈ പാവപ്പെട്ട ആളുകൾക്ക് കൊടുക്കുകയാണെങ്കിൽ അവർ രക്ഷപ്പെടുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇപ്പോഴത്തെ മുന്നോക്ക സമുദായ കമ്മീഷന്റെ ചെയർമാൻ ഇപ്പോൾ ആരാണെന്ന് അറിയാമോ? ശ്രീ. രാജശേഖരൻ, ഭരണ കക്ഷിയുടെ ഇടഞ്ഞുനിൽക്കുന്ന ആർ.എസ്.പി.യുടെ ആളുകളെ തൃപ്തിപ്പെടുത്താൻവേണ്ടി ഒരു പോസ്റ്റ് ഉണ്ടാക്കി കൊടുത്തിരിക്കുകയാണ്. അങ്ങനെയുള്ള ഒരു കമ്മീഷനാണെന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ആരെയെങ്കിലുമൊക്കെ കയറ്റി ഇരുത്താൻ വേണ്ടി ഓരോ കമ്മീഷനുകൾ ഉണ്ടാക്കുകയാണ്. കേരളത്തിൽ നൂറുക്കണക്കിന് കോർപ്പറേഷനും ക്ഷേമനിധി ബോർഡുകളുമുണ്ട്. അതുപോലെതന്നെ എല്ലാ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം കമ്മീഷനുകളാണുള്ളത്. ഇപ്പോൾ പിന്നോക്ക കമ്മീഷനായി, എസ്.സി./എസ്.ടി കമ്മീഷനായി, മുന്നോക്ക കമ്മീഷനായി. ഇനി കേരളത്തിൽ ഓരോ ജാതിക്കും ഓരോ കമ്മീഷൻ വേണ്ടിവരുമെന്ന സ്ഥിതിയുണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ രാജ്യത്ത് ഭരണഘടനാപരമായി പട്ടികജാതി-പട്ടികവർഗ്ഗ സമൂഹത്തിന് 25 ശതമാനം സംവരണമുണ്ട്. മണ്ഡൽ കമ്മീഷൻ വന്നതിനുശേഷം ഇവിടത്തെ 50 ശതമാനം വരുന്ന പിന്നോക്ക വിഭാഗ ന്യൂനപക്ഷങ്ങൾക്ക് 25 ശതമാനം സംവരണം. ആകെ 50 ശതമാനം. അതുകഴിഞ്ഞാൽ ഇന്ത്യയിലെ കേരളത്തിലടക്കം ഉയർന്ന വിഭാഗത്തിൽപ്പെട്ടവർ എത്ര? ആ വിഭാഗത്തിൽപ്പെടുന്നവരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗക്കാർ എത്ര? ഇതിനെ സംബന്ധിച്ച ശാസ്ത്രീയമായ പഠനം സംസ്ഥാന ഗവൺമെന്റ് നടത്തിയിട്ടുണ്ടോ? അങ്ങനെ ഒരു വിഭാഗമുണ്ട്. അതിൽ ചില സംസ്ഥാനങ്ങൾ അഞ്ചു ശതമാനം കൊടുക്കും, ചിലത് പത്തു ശതമാനം കൊടുക്കും. പക്ഷെ അത് ശാസ്ത്രീയമായി ഒരു പഠനം നടത്താതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഉയർന്ന ജാതിയിലുള്ള ആളുകളുടെ കണക്ക് വയ്ക്കാതെ,ഇതുപോലുള്ള ഒരു സ്റ്റേറ്റിനു മുൻപാകെ കൊണ്ടുവന്നാൽ, അതുസംബന്ധിച്ച് നമ്മുടെ പുറത്തുള്ള എതിരാളികൾക്ക് അനുകൂലമായിട്ടുള്ള നിലപാടല്ലേ ഇത് ഉണ്ടാക്കുക?

ശ്രീ. കെ. രാധാകൃഷ്ണൻ: ദേശീയ തലത്തിൽ ഇപ്പോൾ പട്ടികജാതിക്കാർക്ക് പതിനഞ്ച് ശതമാനവും പട്ടികവർഗ്ഗക്കാർക്ക് ഏഴര ശതമാനവും ഉൾപ്പെടെ ഇരുപത്തിരണ്ടര ശതമാനമാണ് റിസർവ്വേഷൻ. 27 ശതമാനമാണ് പിന്നോക്ക ജനവിഭാഗങ്ങൾക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നത്. ഇത് ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കേണ്ടതാണ്. കമ്മീഷനുകൾ ഉള്ളതുകൊണ്ടുമാത്രം എല്ലാ ആളുകളുടേയും പ്രശ്നങ്ങൾ പരിഹരിക്കപ്പെടുമെന്നുള്ള ധാരണ നമ്മുടെ സമൂഹത്തിൽ വളർത്തിയെടുക്കുന്നത് ശരിയല്ല. 1993-ലാണ് പിന്നോക്ക കമ്മീഷൻ നമ്മുടെ സംസ്ഥാനത്ത് നിലവിൽ വന്നത്. ആ കമ്മീഷന്റെ പ്രവർത്തനം പിന്നീട് വിലയിരുത്തുകയുണ്ടായി. അതിന്റെ പ്രവർത്തനംകൊണ്ട് പിന്നോക്ക

ജനവിഭാഗങ്ങൾക്ക് വലിയ കാര്യമില്ലായെന്ന് കണ്ടപ്പോഴാണ് 2000-ൽ അതിന് ഭേദഗതി കൊണ്ടുവരാൻ അന്നത്തെ ഗവൺമെന്റ് തയ്യാറായത്. 2006-ൽ എസ്.സി/എസ്.ടി കമ്മീഷൻ കൊണ്ടുവന്നു. ആ കമ്മീഷൻ എന്താണ് ചെയ്യുന്നതെന്ന പരിശോധന നമ്മൾ നടത്തേണ്ടതാണ്. കേരളത്തിൽ രൂപീകരിച്ച ഓരോ കമ്മീഷനുകളുടേയും പ്രവർത്തനമെന്താണ്, അതുകൊണ്ട് ഗുണമുണ്ടോയെന്ന പഠനം നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. യാതൊരു ഗുണവുമില്ലാതെ വെറുതെ കമ്മീഷനുകൾ വയ്ക്കുകയും ചില ആളുകളെയെല്ലാം തൃപ്തിപ്പെടുത്തി മുന്നോട്ടുപോകുകയും ചെയ്യുന്ന സ്ഥിതിയാണ് ഇപ്പോൾ നമുക്ക് കാണാൻ കഴിയുന്നത്. സംവരണം എന്നതിനെക്കുറിച്ചുള്ള കാഴ്ചപ്പാട് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ സംവരണമെന്ന് പറയുന്നത് സാമ്പത്തികമായ കാര്യത്തെക്കുറിച്ചുണ്ടാക്കിയ ധാരണയല്ല. സാമ്പത്തികാധിഷ്ഠിതമായല്ല ഇവിടെ സംവരണമുണ്ടായത്. സംവരണമുണ്ടാകാൻ കാരണമെന്താണ്? സാമൂഹികമായും വിദ്യാഭ്യാസപരമായും നൂറ്റാണ്ടുകളായി അടിമകളായി കഴിഞ്ഞ ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരണമെന്നുണ്ടെങ്കിൽ അവർക്ക് പ്രത്യേക പരിഗണന കൊടുക്കണമെന്നുള്ള കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സംവരണമുണ്ടായത്. ഇപ്പോൾ സംവരണം എല്ലാ ആളുകൾക്കും വേണമെന്നുള്ള സ്ഥിതിയിലേയ്ക്ക് വരികയാണ്. മുമ്പ് സംവരണത്തിന്റെ പട്ടികയിലേക്ക് വരാനുള്ള ആളുകൾ ആരൊക്കെയാണെന്ന് കണക്കെടുത്ത സന്ദർഭത്തിൽ പല പാവപ്പെട്ട സമുദായത്തിലെ ആളുകളും ആ ലിസ്റ്റിൽ ചേരാൻ തയ്യാറായില്ല. അതിന് കാരണം തൊട്ടുകൂടായ്മയുള്ള ആളുകളുടെകൂടെ ഞങ്ങളേയും ഉൾപ്പെടുത്താൻ പാടില്ലായെന്നാണ് വാദിച്ചിരുന്നത്. അവർ ഇപ്പോഴെന്താണ് പറയുന്നത്? അടുത്തകാലത്ത് ഗുജറാത്തിൽ നടന്ന സമരം ആരുടേതായിരുന്നു; ഇപ്പോൾ ഡൽഹിയിൽ നടന്നുകൊണ്ടിരിക്കുന്ന സമരം ആരുടേതാണ്? എല്ലാ ഉന്നതജാതികൾക്കും റിസർവ്വേഷൻ വേണമെന്ന് പറഞ്ഞുകൊണ്ടുള്ള സമരമാണ്. ഒരു കാലഘട്ടത്തിൽ അൺടച്ചബിളായിട്ടുള്ള, അസ്പൃശ്യ ജാതിക്കാരായിട്ടുള്ള, സാമൂഹ്യരംഗത്തും വിദ്യാഭ്യാസരംഗത്തും എല്ലാരംഗത്തും പിന്നോക്കം നിന്നിരുന്ന ആളുകളെ മുന്നിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടിയാണ് റിസർവ്വേഷൻ കൊണ്ടുവന്നത്. അന്ന് ആ റിസർവ്വേഷൻ പട്ടികയിലൊന്നും വരാൻ സന്നദ്ധത പ്രകടിപ്പിക്കാത്ത ആളുകൾ ഇപ്പോൾ സംവരണത്തിനായി സമരം ചെയ്യുകയാണ്. അതാണ് ഗുജറാത്തിലെ പട്ടേൽമാരുടെ സമരത്തിൽ നമ്മൾ കണ്ടത്. ഞങ്ങൾക്ക് സംവരണം തന്നില്ലെങ്കിൽ ഇന്ത്യയിലെ വിവിധ കൊമേഴ്സ്യൽ ബാങ്കുകളിലും ഷെഡ്യൂൾഡ്

ബാങ്കുകളിലും തങ്ങൾ നിക്ഷേപിച്ച തുക പിൻവലിക്കുമെന്നതായിരുന്നു ആ സമരത്തിന്റെ മുദ്രാവാക്യം. ഇന്ത്യാഗവൺമെന്റിനെ പേടിപ്പിച്ചതാണ്. റിസർവ്വേഷനുവേണ്ടി വാദിച്ചപ്പോൾ അവർ പറഞ്ഞത്, ഇന്ത്യയിലെ വിവിധ ബാങ്കുകളിലുള്ള ഞങ്ങളുടെ നിക്ഷേപം പിൻവലിക്കുമെന്നാണ്. അത്രയും സമ്പന്നരായ ആളുകളും റിസർവ്വേഷനുവേണ്ടി സമരം ചെയ്യുകയാണ്. റിസർവ്വേഷൻ എന്നുള്ള സങ്കല്പംതന്നെ പുനഃപരിശോധിക്കേണ്ടതാണ്. ആർക്കാണ് റിസർവ്വേഷൻ കൊടുക്കേണ്ടത്? നൂറ്റാണ്ടുകളായി അടിമകളായി കഴിഞ്ഞിരുന്ന ആളുകൾക്കാണോ സാമ്പത്തിക അടിസ്ഥാനത്തിലാണോ റിസർവ്വേഷൻ കൊടുക്കേണ്ടതെന്ന് നമ്മുടെ ദേശീയ നേതാക്കൾ ചർച്ച ചെയ്തു. സാമ്പത്തികമല്ല റിസർവ്വേഷന്റെ മാനദണ്ഡമാക്കേണ്ടത്, സാമൂഹികമായും വിദ്യാഭ്യാസപരമായും അടിച്ചമർത്തപ്പെട്ട പാവപ്പെട്ട ആൾക്കാർക്കാണ് സംവരണം കൊടുക്കേണ്ടതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുണ്ടെങ്കിൽ അവരെ ഉയർത്തിയെടുക്കാൻവേണ്ടി പ്രത്യേക പദ്ധതികൾ നമുക്ക് നടപ്പിലാക്കാം. മുന്നോക്കജാതിയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിന് എന്താണ് ചെയ്യേണ്ടതെന്ന് നമ്മൾ ചർച്ച ചെയ്യേണ്ടതാണ്. എല്ലാവരുടേയും കയ്യിൽ തവിയുണ്ട്, പക്ഷേ കലത്തിൽ ഒന്നുമില്ലെങ്കിൽ കോരിയെടുക്കാൻ പറ്റുമോ? അതുതന്നെയല്ലേ മുന്നോക്കവിഭാഗത്തിലെ പിന്നോക്കത്തിന്റെ സ്ഥിതിയും. മുന്നോക്കത്തിലെ പിന്നോക്കക്കാരെക്കുറിച്ച് നമ്മൾ ഇവിടെ പറയുകയാണ്. അവർക്കെന്തെങ്കിലും കൊടുക്കാൻ നമ്മൾ സന്നദ്ധമാകുന്നുണ്ടോ? മുന്നോക്കത്തിലെ പിന്നോക്കക്കാരെ മുന്നോട്ടു കൊണ്ടുവരുന്നതിന് എന്ത് സംവിധാനമാണ് ഉണ്ടാക്കാൻ ശ്രമിക്കുന്നത്? ഒരു കമ്മീഷനെ വച്ച് തെളിവെടുത്തതുകൊണ്ട് മുന്നോക്കത്തിലെ പിന്നോക്ക വിഭാഗക്കാരെ മുഴുവൻ സംരക്ഷിക്കാമെന്നുള്ള മിഥ്യാധാരണയൊന്നും വേണ്ടായെന്ന് സൂചിപ്പിക്കാനാണ് ഞാനിത് പറയുന്നത്. ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾ മുന്നോക്കവിഭാഗത്തിലെ പിന്നോക്കക്കാർക്ക് എന്ത് സഹായം ചെയ്യുമെന്നുള്ളതാണ് നമ്മൾ ചർച്ച ചെയ്യേണ്ടത്.

കേരളം പോലെയുള്ള സംസ്ഥാനത്ത് ഇത്തരം കമ്മീഷനുകൾ അവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുമ്പോൾ മറ്റ് ജനവിഭാഗങ്ങളുടെ ഇടയിലുണ്ടാകുന്ന അതൃപ്തി വളർത്തിയെടുക്കാതിരിക്കാൻ ശ്രദ്ധിക്കണം. എല്ലാ വിഭാഗത്തിലുംപെട്ട പാവപ്പെട്ട ആളുകളെ സംരക്ഷിക്കാനുള്ള സംവിധാനമുണ്ടാക്കാൻ കഴിയണം. മറിച്ച് ഓരോ മനുഷ്യന്റെയും മനസിൽ സങ്കുചിത ചിന്ത വളർത്തിയെടുക്കാൻ വേണ്ടിയുള്ള

ഒരു നിലപാടുമായി നമുക്ക് ഇത്തരം സംവിധാനങ്ങളെ കാണാൻ കഴിയില്ല. അത് കേരളത്തിന് ദോഷമുണ്ടാക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. സംവരണ സമുദായങ്ങൾക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന സംവരണം നിർത്തലാക്കണമെന്നതിനെ സംബന്ധിച്ച് ദേശീയതലത്തിൽ ചർച്ച നടക്കുകയാണ്. ഇപ്പോൾ സംവരണ ആനുകൂല്യം കിട്ടിക്കൊണ്ടിരിക്കുന്ന പാവപ്പെട്ട ആൾക്കാരിൽനിന്നും അത് എടുത്തുകളയണമെന്നുള്ള ആവശ്യം ഉന്നയിക്കുകയാണ്. അത് ഉന്നയിക്കുന്നത് ആരാണെന്നുള്ളത് നല്ലതുപോലെ വ്യക്തമായി. നമ്മുടെ രാജ്യത്തെ ചാതുർവർണ്ണ്യ വ്യവസ്ഥ സ്ഥാപിക്കപ്പെടണമെന്ന് ആഗ്രഹിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശക്തികളെല്ലാം ഇന്ന് പറയുന്നത് റിസർവ്വേഷൻ ഇല്ലാതാക്കണമെന്നാണ്. ജാതിപരമായ പിന്നോക്കാവസ്ഥയിൽ കിടന്ന പാവപ്പെട്ട ആളുകൾക്ക് കൊടുത്തിരുന്ന റിസർവ്വേഷൻകൊണ്ടാണ് അവർ സമൂഹത്തിൽ അല്പമെങ്കിലും മുന്നോട്ട് വരുന്നത്. വിദ്യാഭ്യാസ രംഗത്തും, തൊഴിൽ രംഗത്തും തെരഞ്ഞെടുക്കപ്പെടുന്ന വേദികളിലേയ്ക്കും അവർ പടിപടിയായി വരികയാണ്. മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം നമ്മുടെ രാജ്യം ആചരിച്ചു. ഇന്ത്യൻ പാർലമെന്റിലും വിവിധ അസംബ്ലികളെല്ലാംതന്നെ അദ്ദേഹത്തെക്കുറിച്ച് ചർച്ച നടത്തുകയുണ്ടായി. നമ്മുടെ നിയമസഭയിൽ പ്രതിപക്ഷ ഉപനേതാവാണ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) ചർച്ചയ്ക്ക് തുടക്കം കുറിച്ചതെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. അത്തരമൊരു സന്ദർഭത്തിൽ നാം ചർച്ച ചെയ്ത കാര്യങ്ങൾ, സ്വാതന്ത്ര്യം കിട്ടി 68 വർഷങ്ങൾ കഴിഞ്ഞിട്ടും, ഈ റിസർവ്വേഷനെല്ലാമുണ്ടായിട്ടും നമ്മുടെ സമൂഹത്തിലെ പിന്നാമ്പുറങ്ങളിൽ കഴിയുന്ന ആളുകളുടെ സ്ഥിതിയെന്താണെന്ന് ഇന്നലത്തെ പത്രത്തിൽ അങ്ങ് വായിച്ചുകാണും, പഞ്ചാബിൽ അവിടുത്തെ സവർണ്ണ മേധാവികൾ പാവപ്പെട്ട ദളിത് യുവാക്കളെ പിടിച്ചുകൊണ്ടുപോയി തുണ്ടംതുണ്ടമായി വെട്ടിമുറിച്ച് ഒരാൾ മരിക്കുകയും ഒരാൾ മരിക്കാറായി കിടക്കുകയും ചെയ്യുന്ന സ്ഥിതിയാണ്. ദളിതരോടുള്ള സമീപനം ഇപ്പോഴും മാറിയിട്ടില്ല. റിസർവ്വേഷനും ഈ സംവിധാനവുമെല്ലാം ഉണ്ടായിട്ടുപോലും അവരോടുള്ള സമീപനത്തിൽ ഇപ്പോഴും മാറ്റമില്ലാതെ നിൽക്കുകയാണ്. അപ്പോഴാണ് സംവരണം പാടില്ലെന്നുള്ള വാദം ശക്തമായി വരുന്നത്. മുന്നോക്ക-പിന്നോക്ക, എസ്.സി/എസ്.ടി വിഭാഗങ്ങളെയെല്ലാം തമ്മിലടിപ്പിക്കാനുള്ള ബോധപൂർവ്വമായുള്ള ശ്രമം നമ്മുടെ രാജ്യത്ത് വളർന്ന് വരുന്നുണ്ടെന്നത് മനസ്സിലാക്കാൻ കേരളംപോലുള്ള ഒരു സംസ്ഥാനത്തിന് കഴിയേണ്ടതുണ്ട്. കേരളത്തിലെ എസ്.സി/എസ്.ടി പിന്നോക്ക ജനവിഭാഗങ്ങൾ, മതന്യൂനപക്ഷങ്ങളിൽപ്പെട്ട ആളുകൾ, മുന്നോക്ക ജാതിയിൽപ്പെട്ട

ആളുകളെല്ലാം ഒരുമിച്ച് ചേർന്നുകൊണ്ടാണ് സാമൂഹിക മാറ്റത്തിനുവേണ്ടി പ്രവർത്തിച്ചത്. ഈ സമൂഹത്തിലെ ഏറ്റവും അധഃസ്ഥിതരായിട്ടുള്ള ആളുകളുടെ വിമോചനത്തിനുവേണ്ടി കേരളത്തിനുമുന്നിൽ പോരാടിയ ആളുകളെല്ലാംതന്നെ മുന്നോക്ക-പിന്നോക്ക ജനവിഭാഗങ്ങളിലുള്ള ആളുകളാണ്. ശ്രീനാരായണ ഗുരുദേവനും, അയ്യൻകാളിയും, കേളപ്പജിയേയും എ.കെ.ജി.യും ഇ.എം.എസ്.-ഉം പോലെയുള്ള നേതാക്കളാണ്, സാമൂഹ്യ അനാചാരങ്ങൾക്കെതിരെ, വിവേചനത്തിനെതിരെ, അടിച്ചമർത്തലിനെതിരെ വലിയ പ്രക്ഷോഭമുണ്ടാക്കിയത്. അതുകൊണ്ട് തന്നെയാണ് കേരളത്തിൽ ജാതിവ്യത്യാസം മറന്ന് എല്ലാമനുഷ്യനും ഒന്നായി മാറിയത്. അങ്ങനെ ഒന്നായതിനെ വീണ്ടും ഭിന്നിപ്പിക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് മനസിലാക്കി, അതിന് കൂട്ടുനിൽക്കുന്ന നിയമനിർമ്മാണം നമുക്കുണ്ടാകാൻ പാടില്ല, അതിനെ സഹായിക്കുന്ന നിലപാട് നാം സ്വീകരിക്കാൻ പാടില്ല. നമ്മുടെ നാടിന്റെ ഐക്യവും ഒരുമയും കാത്തുസൂക്ഷിക്കാൻ,സമൂഹത്തിലെ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻവേണ്ടി ആയിരിക്കണം നമ്മുടെ പ്രവർത്തനങ്ങൾ. തീർച്ചയായും ആ രീതിയിൽ ഈ ബില്ല് സഹായകരമാണോയെന്നുള്ള സംശയമാണ് എന്റെ വിയോജനക്കുറിപ്പിൽ ഞാൻ രേഖപ്പെടുത്തുന്നത്. ഈ ബില്ല് തത്വത്തിൽ ഞങ്ങൾ അംഗീകരിക്കുന്നതോടൊപ്പം മുന്നോക്ക ജനവിഭാഗങ്ങളിലെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് യാതൊരു തരത്തിലുള്ള സഹായവും ഇതിൽ പറയുന്നില്ലായെന്നുള്ളതുകൊണ്ടുതന്നെ എന്റെ വിയോജനക്കുറിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. തീർച്ചയായും ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തുമെന്നുള്ള പ്രതീക്ഷയോടുകൂടി, യാതൊരുതരത്തിലും മുന്നോക്ക വിഭാഗത്തിലെ പാവപ്പെട്ട ആളുകൾക്ക് ഗുണമില്ലാത്ത അപ്രസക്തമായ ഒരു ബില്ലായിരിക്കും ഈ ബില്ല് എന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2015-ലെ മുന്നോക്ക ജനവിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിന്മേൽ ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക/ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണം മുന്നോക്കവിഭാഗങ്ങളിലെ യുവജനങ്ങളുടെ വിദ്യാഭ്യാസപരവും തൊഴിൽപരവുമായ സാദ്ധ്യതകളെ പരിമിതപ്പെടുത്തുന്നുവെന്ന വാചകം ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽനിന്ന് എടുത്തുകളഞ്ഞുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചതുകൊണ്ട് ഞാൻ അത് പരാമർശിക്കുന്നില്ല. ബില്ലിലെ ആ പരാമർശം ഏറ്റവും വലിയ തെറ്റാണ്, ഭരണഘടനാ വിരുദ്ധമാണ്.

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തുന്നതിനും അവർക്കായി വിവിധ ക്ഷേമപ്രവർത്തനങ്ങൾ സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിനുമായി ഒരു നാലംഗ കേരള സംസ്ഥാന മുന്നോക്ക സമുദായ കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ചുവെന്നതും ഭരണഘടനാ വിരുദ്ധമാണ്. ഈ ബില്ലിനോട് വിയോജിക്കുന്നു. സാമ്പത്തിക ഭദ്രത ഇല്ലാതിരുന്ന കാലത്തും സാമൂഹിക മുന്നേറ്റം ഉണ്ടാക്കിയ നാടാണ് കേരളം. അതാണ് ചരിത്രം. ചരിത്രം പഠിക്കുക എന്നാൽ നമ്മുടെ സംസ്കാരം പഠിക്കുക എന്നതുതന്നെയാണ്. ജാതിയുടെ പേരിൽ നൂറ്റാണ്ടുകളായി അനുഭവിച്ചുവന്നിരുന്ന വിവേചനവും അവസര നിഷേധവും ഒരു ജനവിഭാഗത്തെ സമൂഹത്തിന്റെ പിൻനിരയിലേക്ക് തള്ളിമാറ്റി എന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. ആ ചരിത്ര സത്യമാണ് ഈ പിന്നോക്കാവസ്ഥ ഇന്നും നിലനിൽക്കുന്നുണ്ടെന്ന് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.

സ്വകാര്യ മേഖലയിലും സംവരണം വേണമെന്ന ഡിമാന്റുമായി ഞങ്ങൾ മുന്നോട്ടുപോകുന്നു. ഭരണഘടന ഭേദഗതി ചെയ്യണമെന്നൊരു ഡിമാന്റും അതിന്റെ കൂടെയുണ്ട്. ഭരണഘടന ഭേദഗതി ചെയ്യാതെ ഇതൊന്നും നടപ്പിലാക്കാൻ കഴിയില്ലെന്ന വിശ്വാസക്കാരനാണ് ഞാൻ. മൊത്തം ജനതയുടെ പുരോഗതിയിലൂടെ മാത്രമേ നമുക്ക് സമത്വമെന്ന ചിന്തയുണ്ടാക്കാനും അത് ഉറപ്പുവരുത്താനുമാകൂ. സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർക്കുമാത്രമേ സംവരണം നൽകാൻ ഭരണഘടന അനുശാസിക്കുന്നുള്ളൂ. ഭരണഘടന ശിൽപ്പി ഡോ. ബി. ആർ. അംബേദ്കർതന്നെ വളരെ ദീർഘവീക്ഷണത്തോടെയാണ് ബൃഹത്തായ ഇന്ത്യൻ ഭരണഘടന ജനങ്ങൾക്ക് സമർപ്പിച്ചത്. ലോകത്തിന്റെ മാതൃകയായ ഭരണഘടനയെ ചോദ്യം ചെയ്യലാണ് ഈ ബിൽ. എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതി വിഭാവനം ചെയ്യുന്ന വിശാലമായ ഭരണഘടനയാണ് നമ്മുടേത്. എന്നിട്ടും സാമൂഹ്യ, വിദ്യാഭ്യാസ, സാമ്പത്തിക രംഗങ്ങളിൽ എല്ലാ വിഭാഗത്തിനും മുഖ്യധാരയിലേക്ക് കടന്നുവരാൻ കഴിഞ്ഞില്ല എന്നുള്ളത് നാണക്കേടാണ്. 69 വർഷമായി മാറിമാറിവരുന്ന ഗവൺമെന്റുകൾക്ക് അതിനൊരു മാറ്റം വരുത്താൻ കഴിഞ്ഞില്ല. അർഹരിൽ അർഹരായ ജനവിഭാഗങ്ങൾക്കിടയിൽ കൃത്യമായി വികസനം എത്തിച്ചേരുമ്പോഴാണ് ഭരണഘടന ലക്ഷ്യ പ്രാപ്തിയിലെത്തുക. ഇവിടെ അത് നടക്കുന്നില്ല. 'മാനവൻ എന്ന ഒരു മതമേയുള്ളൂ' എന്ന് ഈ ലോകത്തോട് വിളിച്ചുപറഞ്ഞ ശ്രീനാരായണ ഗുരുവിനെപ്പോലും ഒരു ജാതിക്കാരനാക്കി വിദ്വേഷത്തിന്റെ വസൂരിവിത്ത് വിതച്ചുകൊണ്ട് ജാതിക്കോമരങ്ങൾ ഉറഞ്ഞുതുള്ളുമ്പോൾ പിടിച്ചുകെട്ടാൻ കഴിയാതെ പേടിച്ച് പിച്ചും പേയും പറയുന്നവരായി ഈ സർക്കാർ മാറി എന്നതുകൊണ്ടാണ് ഇതുസംഭവിക്കാതെ പോകുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട മെമ്പർ ഡോ. ബി. ആർ. അംബേദ്കർ രൂപകല്പന ചെയ്ത ഇന്ത്യൻ ഭരണഘടനയെക്കുറിച്ചാണ് ഇവിടെ സൂചിപ്പിച്ചുകൊണ്ടിരിക്കുന്നത്. സാമൂഹ്യപരവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്കാണ് ഭരണഘടനയിൽ പരിഗണന നൽകണമെന്ന് പറഞ്ഞിട്ടുള്ളത്. പക്ഷെ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏതെങ്കിലും ആനുകൂല്യം നൽകണമെന്ന് ഭരണഘടനയിൽ എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഡോ. ബി. ആർ. അംബേദ്കർ അത് പറയാതിരുന്നത് ബോധപൂർവ്വമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ചരിത്രപരമായ സാമൂഹ്യകാരണങ്ങളാൽ പാർശ്വവൽക്കരിക്കപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഭരണഘടന വിഭാവന ചെയ്യുന്ന രീതിയിൽ പൊതുമണ്ഡലത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം ഭരിച്ച സർക്കാരുകൾ പരാജയപ്പെട്ടുവെന്ന് സമ്മതിക്കുന്നതിന് തുല്യമാണ് നിങ്ങളുടെ ചോദ്യം. മുന്നോക്കവിഭാഗത്തിന്റെ മാത്രം ക്ഷേമത്തിനും സാമ്പത്തിക ഉന്നമനത്തിനും പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രമിക്കുന്നത് ഭരണഘടനയുടെ അടിസ്ഥാനതത്വങ്ങളെ വെല്ലു വിളിക്കലാണ്, അത് ജനാധിപത്യവിരുദ്ധമാണ്. ദിശാബോധമില്ലാത്ത ഈ നിയമനിർമ്മാണത്തോട്, അപ്രസക്തമായ 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കു വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിനോട് എനിക്ക് വിയോജിപ്പുണ്ട്.

ശ്രീ. ജി. സുധാകരൻ: സർ, മുന്നോക്ക-പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട പാവങ്ങളെ തമ്മിലടിപ്പിക്കാൻ വർഗ്ഗീയവാദികൾ ഉന്നയിക്കുന്ന വാദമാണ് ഭരണഘടനയിൽ പറയുന്ന സംവരണം. കാരണം മുന്നോക്കക്കാർക്ക് ജോലിക്ക് പരിമിതിയുണ്ട് എന്നുപറയുന്നത് ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ വന്ന ഏറ്റവും തെറ്റായ കാര്യമാണ്. അത് ഗവൺമെന്റ് പിൻവലിച്ചുവെന്നുള്ളത് ശരിയാണ്. പക്ഷെ, അങ്ങനെയൊരു ആശയം ഉയർന്നുവന്നിരിക്കുകയാണ്. ഗവൺമെന്റിന് ഇങ്ങനെയുള്ള ചിന്താഗതിയുണ്ട്. ഇത് തയ്യാറാക്കിയ ആൾ ആരാണെന്ന് കണ്ടെത്താൻ കഴിയുമോയെന്നും അയാൾക്കെതിരെ നടപടിയുണ്ടാകു മോയെന്നും ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചോദിച്ചു. അതിന് മറുപടി പറഞ്ഞിട്ടില്ല. ആർ.എസ്.എസ്. ഈ രാജ്യത്ത് പ്രചരിപ്പിക്കുന്ന ആശയങ്ങളോട് യോജിപ്പുള്ള ഒരുപാട് മന്ത്രിമാർ ഇതിനകത്തുണ്ട്. ഒരുപാട് കെ.പി.സി.സി. നേതാക്കന്മാരുണ്ട്. അതുകൊണ്ടാണ് 'വെള്ളാപ്പള്ളിയെ വേദനിപ്പിക്കാൻ ഞാനില്ല,

വെള്ളാപ്പള്ളി എന്തുകൊണ്ടാണ് എന്നെ ഒഴിവാക്കിയത് എന്നുള്ളതിന് മറുപടി പറയേണ്ടത് ഞാനല്ല' തുടങ്ങിയ ഒഴിഞ്ഞുമാറുന്ന വാദഗതികൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതിന്റെ കാരണം. എന്നാൽ കൊല്ലം ഇഷ്യൂവിൽ സി.പി.ഐ.(എം)-ഉം സി.പി.ഐ.-ഉം ധൈര്യമായി അണിനിരന്നു. കോൺഗ്രസ് ബി.ജെ.പി.-യായി മാറിയ വടക്കേ ഇന്ത്യയിലെ പ്രതിഭാസം കേരളത്തിൽ ആരംഭിച്ചതിന്റെ ഭാഗമായിട്ടാണ് ഇത്തരമൊരു പരാമർശം ബില്ലിൽ കടന്നുകൂടിയത്. ബോധപൂർവ്വമായ ആ വീഴ്ച കാരണമാണ് സബ്ജക്ട് കമ്മിറ്റി പാസ്സാക്കി വന്ന ബില്ലിൽ നിന്ന് ആ പേജ് എടുത്തുകളയേണ്ടിവന്നത്. അങ്ങ് ഈ വർഗ്ഗത്തിന്റെ പ്രതിനിധിയാണല്ലോ; അങ്ങയിൽനിന്നും ഇക്കാര്യം ശക്തമായി പറഞ്ഞു കേൾക്കട്ടെ. എന്താണ് അങ്ങ് പറയുന്നത്?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇതുസംബന്ധിച്ച തെറ്റ് ബോദ്ധ്യപ്പെട്ടപ്പോൾ, ക്രമപ്രശ്നം ഉന്നയിക്കുന്നതിന് മുമ്പുതന്നെ അത് പിൻവലിച്ചുകൊണ്ട് നമുക്കെല്ലാം പുതിയ കോപ്പി സർക്കുലേറ്റ് ചെയ്തു. അതിനു ശേഷം ക്രമപ്രശ്നം ഉന്നയിച്ചു. അതിന് മുഖ്യമന്ത്രി മറുപടി പറഞ്ഞു. മുഖ്യമന്ത്രി മറുപടി പറയുമ്പോൾത്തന്നെ അത് പിൻവലിച്ചുകൊണ്ടുള്ള പുതിയ വിശദീകരണം വരികയും ചെയ്തു. അതിപ്പോൾ നമ്മുടെ മുമ്പിലുണ്ട്. അത് ചെയ്തതിനുശേഷവും അതേ വിഷയം തന്നെ വീണ്ടും ആവർത്തിച്ച് ഉന്നയിക്കുന്നത് ഓർഡറിലാണോ; ഒരു നിയമനിർമ്മാണം നടക്കുകയാണ്. നിയമനിർമ്മാണം നടക്കുമ്പോൾ ലെജിസ്ലേഷന്റെ ചില നടപടിക്രമങ്ങളുണ്ട്. ഈ പരാമർശം പിൻവലിച്ച് സർക്കുലേറ്റ് ചെയ്ത് മുഖ്യമന്ത്രി വിശദീകരിച്ചതിനുശേഷവും അതേ വാദമുന്നയിക്കുന്നത് ഓർഡറിലാണോ; ലെജിസ്ലേഷന് ചേരുന്നതാണോ?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: തെറ്റു സംഭവിച്ചു. അത് തിരുത്തി.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, സഹിഷ്ണുതയുടെ മേൽ അസഹിഷ്ണുത ആധിപത്യം ഉറപ്പിക്കുമ്പോൾ നമ്മൾ ക്ഷിപ്രകോപികളും ക്ഷിപ്രവികാര ജീവികളുമായി മാറും. അതാണ് ആധുനികകാലം. തെറ്റ് വന്നു, തിരുത്തി. അത് സ്വാഗതാർഹമാണ്. പക്ഷേ പ്രശ്നം മാറുന്നില്ല, സ്ഥായിയായ പ്രശ്നം നമുക്ക് തിരുത്താൻ കഴിയില്ല. അത് തിരുത്തണമെങ്കിൽ ഭരണഘടന ഭേദഗതി ചെയ്യണം. എല്ലാ പൗരനും നിയമത്തിനുമുന്നിൽ തുല്യരാണ്. തുല്യ അവസരങ്ങൾക്ക് അവകാശികളുമാണ്. 130 കോടിയോളം വരുന്ന ജനതയുടെ ഭാവി നിർണ്ണയിക്കുന്ന രാഷ്ട്രീയ മാസ്റ്റർ പ്ലാനാണ് ഇന്ത്യൻ ഭരണഘടന. ഇന്ത്യൻ ഭരണഘടനയെ അങ്ങനെയൊന്നും തൊട്ടുകളിക്കാൻ പറ്റുകയില്ല. അത്രയ്ക്ക് മഹത്വവും

ബഹുസ്വരതയുമുള്ള ഭരണഘടനയെ ഈ ബില്ലിലൂടെ അവഹേളിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇതോടൊപ്പം മറ്റൊന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നാനൂറിലധികം പേർ വ്യാജ സർട്ടിഫിക്കറ്റിൽ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്നുണ്ട്. അവരെക്കുറിച്ചുള്ള എന്തെങ്കിലും പഠനം ഈ സർക്കാർ നടത്തിയിട്ടുണ്ടോ? ദേശമോ കാലമോ മാറിയതുകൊണ്ടോ ഭരണം മാറിയതുകൊണ്ടോ സെക്കുലറിസത്തിന്റെ അന്തഃസത്ത മാറുകയില്ല എന്ന് ഭരണഘടനാ ശിൽപ്പി ഡോ. അംബേദ്കർ തന്നെ നമ്മോട് പറഞ്ഞിട്ടുണ്ട്. ഗോത്രവർഗ്ഗത്തിൽപ്പെട്ടവരും പട്ടികജാതിയിൽപ്പെട്ടവരും പിന്നോക്ക സമുദായത്തിൽപ്പെട്ടവരും ഒഴികെയുള്ളവരെയാണ് മുന്നോക്കവിഭാഗമായി കണക്കാക്കുന്നത്. ജാതീയതയാണ് ഇവിടെ വലിയ വില്ലനെന്നത് മറക്കരുത്. ജാതിയുടെ പേരിൽ നൂറ്റാണ്ടുകളായി അനുഭവിച്ചുവന്നിരുന്ന വിവേചനവും അവസരനിഷേധവുമാണ് ഒരു ജനവിഭാഗത്തെ സമൂഹത്തിന്റെ പിൻനിരയിലേക്ക് തള്ളിമാറ്റിയതെന്ന വസ്തുത ആർക്കും നിഷേധിക്കാനാവില്ല. ഈ ചരിത്രസത്യമാണ് പിന്നോക്കാവസ്ഥയ്ക്ക് കാരണം. നൂറ്റാണ്ടുകളായി നിലനിന്നുപോന്ന ചാതുർവർണ്യ വ്യവസ്ഥയും ജാതിവിവേചനവും ഇല്ലാതാക്കാൻ ഇത്ര ബൃഹത്തായ ഭരണഘടന ഉണ്ടായിട്ടും, സ്വാതന്ത്ര്യം ലഭിച്ച് 69 വർഷം കഴിഞ്ഞിട്ടും നമുക്കായിട്ടില്ല. എന്നുമാത്രമല്ല, സമൂഹം തള്ളിക്കളഞ്ഞ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുതിയ രൂപത്തിൽ തിരിച്ചുവരുന്നു. അതിന് തടയിടാൻ നമുക്ക് പദ്ധതികൾ ഇല്ല. ഒറീസ, ബീഹാർ, കർണ്ണാടക എന്നിവിടങ്ങളിൽ ദളിതർക്ക് നേരെയുള്ള മർദ്ദനവും ബലാൽസംഗവും കൂട്ടക്കൊലയും നിലനിൽക്കുന്നു. ഇത് മാറ്റാൻ ഭരിക്കുന്നവർക്ക് ഇച്ഛാശക്തിയുണ്ടാകണം. മുന്നോക്ക സമുദായത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് സംവരണം ഉൾപ്പെടെയുള്ള സംരക്ഷണ പദ്ധതികൾ ഉണ്ടാകേണ്ടതാണെന്ന് നിരന്തരമായി പുരോഗമന പ്രസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. സാമൂഹികമായി മുന്നോക്കമായിരിക്കുമ്പോഴും സാമ്പത്തിക അസമത്വംകൊണ്ട് പാർശ്വവൽക്കരിക്കപ്പെട്ടവരെ സംരക്ഷിക്കാൻ ഈ കമ്മീഷനിൽ ഒരു ചുമതലയും കാണുന്നില്ല. ബില്ലിലെ 9(ഇ) വകുപ്പ് വ്യവസ്ഥ ചെയ്യുന്നത് മുന്നോക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനും സാമൂഹിക-സാമ്പത്തിക പുരോഗതിക്കും ആവശ്യമായ നടപടികൾ ശിപാർശ ചെയ്യാനാണ്. ഈ ബില്ലിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ ഉന്നമനമല്ല ലക്ഷ്യമിടുന്നത്. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് യാതൊരു പരിഗണനയുമില്ലാത്തതുകൊണ്ട് ഈ ബിൽ നിയമമായാൽ അത്

നിഷ്ഫലമാവുകയേയുള്ളൂ. ആസൂത്രണ പരിപാടികളുടെ ഉദ്ദേശ്യമാണ് സൂചിപ്പിക്കുന്നത്. ഞാൻ കൂടുതൽ പറയുന്നില്ല. ചാതുർവർണ്യ വ്യവസ്ഥ പുനഃസ്ഥാപിക്കാൻ നടത്തുന്ന ഏത് ശ്രമവും തളിരിലേ നുള്ളിക്കളയേണ്ടതാണെന്ന് വർത്തമാനകാല അനുഭവങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. നമ്മളെങ്ങനെ നമ്മൾ ആയെന്ന് ഓർക്കുക. അത് ഓർത്തുകൊണ്ട് 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ ബില്ലിനോട് ഞാൻ എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

<u>ശ്രീമതി കെ. എസ്. സലീഖ:</u> സർ, മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിന്മേലുള്ള എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെതന്നെ, കേരള നിയമസഭയുടെ ചരിത്രത്തിൽ വളരെ അസാധാരണമായിട്ടുണ്ടായ ഒരു സംഭവമായിരിക്കും ഒരു ബിൽ അവതരിപ്പിക്കുമ്പോൾ കേരളം പോലൊരു സംസ്ഥാനത്ത് വരാൻ പാടില്ലാത്ത കാര്യങ്ങൾ അതിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സംഭവിച്ചുപോയത്. അത് ചൂണ്ടിക്കാണിച്ച സന്ദർഭത്തിൽത്തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് തിരുത്തി പ്രസ്താവന ഇറക്കുകയും ചെയ്തു. അങ്ങനെ സംഭവിച്ചില്ലായിരുന്നുവെങ്കിൽ അത് കേരളത്തോട് കാണിക്കുന്ന ഏറ്റവും വലിയ ഒരു അനീതിയായി മാറുമായിരുന്നുവെന്നതാണ് ഇതുസംബന്ധിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്. സാമുദായിക സംവരണത്തിന്റെ അടിസ്ഥാനംതന്നെ പ്രൊഫഷണൽ ട്രീറ്റ്മെന്റാണ്. Equal opportunity for unequal others എന്നാണ് പരക്കെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു തത്വം. ഇത് സാർവ്വദേശീയമായിത്തന്നെ ജനാധിപത്യ, നാഗരിക സമൂഹത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. മത-സാമൂഹിക നവോത്ഥാന കാലഘട്ടത്തിൽ ആരംഭിച്ച് ദേശീയ പ്രസ്ഥാനത്തിന്റേയും ഉത്തരവാദിത്ത ഭരണ പ്രക്ഷോഭത്തിന്റേയും കാലഘട്ടത്തിൽ വളർന്ന് പന്തലിച്ച ഒരു രാഷ്ട്രീയ ആവശ്യമായിരുന്നു സാമൂഹികമായി അവശരായ സമുദായങ്ങളിൽ ഉൾപ്പെടുന്നവർക്ക് സംവരണം ഏർപ്പെടുത്തണമെന്നുള്ളത്. പക്ഷെ, ഈ പുതിയ കാലത്ത് ഭരണഘടനാപരമായി രാജ്യത്ത് നിലനിൽക്കുന്ന ഇത്തരം സംവരണ വ്യവസ്ഥയ്ക്കെതിരെ പോലും പുതിയ വെല്ലുവിളികൾ ഉയർന്നുവരുന്ന ഒരു സാഹചര്യമുണ്ട്, പ്രത്യേകിച്ച് സവർണ്ണ ജാതി പ്രഭുക്കളിൽ നിന്ന്. ആർ.എസ്.എസ്., സംഘപരിവാർ സംഘടനകളുൾപ്പെടെ ഇത്തരം വിഷയങ്ങൾ ഉയർത്തിക്കൊണ്ടു വരികയാണ്. ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം അത് ശക്തിപ്പെട്ടുവരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യത്തിന് നേരെ നമ്മൾ കണ്ണടച്ചിട്ട് കാര്യമില്ല. ചിന്തയിൽ മനുസ്മൃതിയുടെ ആശയങ്ങൾ

കൊണ്ടുനടക്കുന്ന ഇവർ ഇന്ത്യയുടെ ബഹുസ്വരതയേയും ഏകത്വത്തേയും നാശത്തിലേക്കാണ് നയിക്കുന്നതെന്ന് തിരിച്ചറിയാൻ, സംവരണത്തിന്റെ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നതിന്റെ കാരണങ്ങൾ മനസ്സിലാക്കാൻ കഴിയാത്ത, സാമാന്യ മര്യാദപോലും കാണിക്കാത്ത ഒരാളായി ശ്രീ. വെള്ളാപ്പള്ളി നടേശൻ ഉൾപ്പെടെ ഈ സന്ദർഭത്തിൽ മാറിയെന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന ഒരു കരട് രാഷ്ട്രീയ വിലയിരുത്തലാണെന്നുകൂടി ഈ അവസരത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ബില്ലിൽത്തന്നെ പറയുന്ന മുന്നോക്ക സമുദായത്തിൽപ്പെട്ട 26 ശതമാനം ആളുകളുണ്ടെന്ന്. അതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകളുടെ അവസ്ഥയെക്കുറിച്ച് ഈ ബില്ലിനകത്ത് ഒരു കാര്യവും സൂചിപ്പിക്കപ്പെട്ടിട്ടില്ല. മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം എന്ന കാഴ്ചപ്പാട് ഇടതുപക്ഷം നേരത്തെതന്നെ മുന്നോട്ടുവച്ചിട്ടുണ്ട്. അവശ സമുദായങ്ങൾക്കുള്ള സംവരണം സാമൂഹ്യനീതിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. മുന്നോക്ക സമുദായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം നൽകേണ്ടതുണ്ട് എന്നത് ഇന്നത്തെ ഒരു സാഹചര്യത്തിൽ നമ്മൾ കാണേണ്ടതായിട്ടുണ്ട്. കാർഷിക രംഗത്തുണ്ടായിട്ടുള്ള തളർച്ച മുന്നോക്കക്കാരായുള്ള ആളുകളുടെ ജീവിതത്തിൽ വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നത് നമുക്കറിയാം. കാരണം, വലിയ ജീവിത ചെലവുകളാണ് നമ്മുടെ രാജ്യത്തുള്ളത്. ഉന്നത ജാതിയിൽ ജനിച്ചുപോയി എന്നതിന്റെ പേരിൽ പ്രയാസങ്ങൾ അനുഭവിക്കുന്ന നിരവധി കുടുംബങ്ങൾ കേരളത്തിലുൾപ്പെടെ ഉണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. ജീവിത ചെലവുകൾ ദുസ്സഹമായി കുതിച്ചുയരുമ്പോൾ ഈ വിഭാഗത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുന്ന ഒരവസ്ഥയുണ്ട്. മക്കളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും കുടുംബത്തിൽ ആർക്കെങ്കിലും അസുഖങ്ങൾ വരുമ്പോൾ വേണ്ടരീതിയിൽ ചികിത്സ കൊടുക്കാൻ കഴിയാത്ത കാര്യത്തിലുമൊക്കെ പ്രയാസം അനുഭവിക്കുന്ന ആളുകളുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നുവെന്ന ഒറ്റ കാരണം മാത്രമല്ല, ഉന്നത ജാതിയിൽ ജനിച്ചുപോയി എന്നതിന്റെ പേരിലും പ്രയാസം അനുഭവിക്കുന്ന ആളുകളുണ്ട്. അതുകൊണ്ട് മുന്നോക്ക വിഭാഗക്കാർക്കായി ഒരു കമ്മീഷൻ കൊണ്ടുവരുമ്പോൾ ഇത്തരം ആളുകളെ നിർണ്ണയിക്കാൻ ഒരു കമ്മീഷനെക്കൊണ്ട് എങ്ങനെയാണ് സാധ്യമാകുക എന്നത് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. അക്കാര്യം ഇങ്ങനെയൊരു കമ്മീഷനെവച്ചുകൊണ്ട് തീരുമാനിക്കേണ്ടതാണോ എന്നതാണ് സംശയം. നമ്മുടെ സംസ്ഥാനത്ത് നിരവധി കമ്മീഷനുകളുണ്ട്. ഓരോ

കമ്മീഷനുകളും ശിപാർശ ചെയ്യുന്നതിനുവേണ്ടിയുള്ള കമ്മീഷനുകളായി മാത്രം മാറിയ ഒരു സാഹചര്യമാണ് ഏറെക്കുറെ നമുക്ക് കാണാൻ കഴിയുന്നത്. അതിൽ നിന്ന് വ്യത്യസ്തമായ സമീപനം ഉണ്ടാകണമെങ്കിൽ ഗവൺമെന്റ് ഈ ബിൽ കൊണ്ടുവരുമ്പോൾ അതിന്റേതായ വ്യക്തമായ കാഴ്ചപ്പാടുകൾ ഉണ്ടാകണം. അത് ഇതിനകത്ത് ഉണ്ടായിട്ടില്ല എന്നതാണ് പ്രത്യേകിച്ച് പറയാനുള്ളത്. വിയോജനക്കുറിപ്പിൽ ഈ കാര്യങ്ങൾ വളരെ വ്യക്തമായിത്തന്നെ സൂചിപ്പിച്ചിട്ടുണ്ട്.

സാമൂഹിക-സാമ്പത്തിക പുരോഗതിക്ക് ആവശ്യമായ നടപടികൾ ശിപാർശ ചെയ്യൽ മാത്രമാണ് ഇതിനകത്ത് സൂചിപ്പിക്കുന്നത്. സാമൂഹികമായി മുന്നോക്കം നിൽക്കുന്നവരായതുകൊണ്ടാണ് അവരെ മുന്നോക്ക വിഭാഗമായി ഗണിക്കുന്നത്. അതിൽ സംശയമൊന്നുമില്ല. മുന്നോക്ക വിഭാഗങ്ങളിലെ പാർശ്വവൽക്കരിക്ക പ്പെട്ടവർക്ക് യാതൊരു വിധത്തിലുള്ള പരിഗണനയും ഈ ബില്ലിൽ ഇല്ല. ഇത് നിയമമായാൽ നിഷ്ഫലമാകുകയേയുള്ളൂവെന്നുള്ള അഭിപ്രായമാണ് അക്കാര്യത്തെ സംബന്ധിച്ചുള്ളത്. സാമൂഹിക-സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ പരിപാടികൾ ഉപദേശിക്കണമെന്ന് പറയുന്നുണ്ട്. ഇവിടെ പാവപ്പെട്ടവരെ അവഗണിക്കുകയും സാമൂഹിക വികസനത്തിന് ഊന്നൽ നൽകുകയും ചെയ്തിരിക്കുന്നുവെന്നത് തികച്ചും അസാധാരണമായ ഒരു കാര്യമായാണ് ചൂണ്ടിക്കാണിക്കാനുള്ളത്. അധ:സ്ഥിതരാക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി എന്താണ് ഇതിൽ ലക്ഷ്യം വച്ചിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഏതൊക്കെ വിഭാഗക്കാരാണ് മുന്നോക്കക്കാരെന്ന് നിർണ്ണയിക്കേണ്ടത് ഒരു ജനാധിപത്യ ഭരണം നടത്തുന്ന സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഒരു കമ്മീഷനെ ഏൽപ്പിച്ചതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് പറയുന്നത് ഈ ബില്ലിന്റെ ഒരു ദൂഷ്യവശമായാണ് എനിക്ക് തോന്നിയിട്ടുള്ളത്. അതോടൊപ്പം ഇതിന്റെ നേതൃസ്ഥാനം ഏൽപ്പിക്കുന്നത് സുപ്രീംകോടതിയിലേയോ ഹൈക്കോടതിയിലേയോ ജഡ്ജിയെയോ അല്ലെങ്കിൽ ജഡ്ജിയായിരുന്നവരെയോ ആണ്. മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പാർശ്വവൽക്കരിക്കപ്പെട്ട ആളുകളുടെ സാമ്പത്തിക ഉന്നമനമാണ് ലക്ഷ്യമാക്കുന്നതെങ്കിൽ .......

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ നോട്ടിഫിക്കേഷൻ അനുസരിച്ച് പട്ടികജാതി-പട്ടികവർഗ്ഗം ഏതാണെന്ന് ഡിഫൈൻ ചെയ്തിട്ടുണ്ട്. ന്യൂനപക്ഷം ഏതാണെന്നുള്ളതും കേന്ദ്ര ആക്ട് അനുസരിച്ച് നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ഈ ബില്ലിൽ പറയുന്ന മുന്നോക്കക്കാർ ആരാണെന്ന് നിർവ്വചിക്കപ്പെടുന്നത് ഏത് അർത്ഥത്തിലാണ്, അത് എങ്ങനെയാണ് സാധ്യമാകുകയെന്നാണ് അങ്ങ് മനസ്സിലാക്കുന്നത്?

ശ്രീമതി കെ. എസ്. സലീഖ: സർ, ബിൽ വായിച്ചുനോക്കിയാൽ മനസ്സിലാകുന്നത്, അക്കാര്യം കമ്മീഷൻ നടത്തട്ടെയെന്നാണ് ഇതിൽ വിവക്ഷിക്കുന്നത്. അത് എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയുമെന്നും അങ്ങനെ ശിപാർശ ചെയ്ത ഒരു കാര്യത്തിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് തീരുമാനം എടുക്കുകയെന്നതിനെ സംബന്ധിച്ചും മനസ്സിലാകുന്നില്ല. അതാണ് നേരത്തെ ഞാനിവിടെ സൂചിപ്പിച്ചത്. അങ്ങനെയുള്ള ഒരു കമ്മീഷന്റെ നേതൃസ്ഥാനത്ത് ഇരിക്കാൻ സുപ്രീംകോടതിയിലേയോ ഹൈക്കോടതിയിലേയോ ജഡ്ജി അല്ലെങ്കിൽ ജഡ്ജിയായിരുന്നതോ ആയ ഒരാളായിരിക്കണമെന്ന് പറയുകയാണ്. സാമ്പത്തികമായി പാർശ്വവൽക്കരിക്കപ്പെട്ടവരുടെ സാമ്പത്തികമായ ഉന്നമനമാണ് ലക്ഷ്യംവയ്ക്കുന്നതെങ്കിൽ സാമ്പത്തിക ശാസ്ത്രജ്ഞരോ രാഷ്ട്രീയ നേതാക്കളോ ആസൂത്രണ വിദഗ്ദ്ധരോ ആ രംഗത്ത് വരുന്നതായിരിക്കും ഏറ്റവും ഗുണകരമായ കാര്യമെന്നുള്ള ഒരഭിപ്രായമാണ് എനിക്കുള്ളത്. വൈകിയ വേളയിൽ ദീർഘമായൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇക്കാരണംകൊണ്ടുതന്നെ ദിശാബോധമില്ലാത്ത ഈ നിയമനിർമ്മാണം അപ്രസക്തമായതിനാൽ 2015-ലെ മുന്നോക്ക വിഭാഗക്കാർക്ക് വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിനെ തത്വത്തിൽ അംഗീകരിക്കുന്നുണ്ടെങ്കിൽപ്പോലും എന്റെ വിയോജനക്കുറിപ്പ് ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. ആർ. രാജേഷ്: സർ, 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബില്ലിനെ തത്വത്തിൽ സ്വാഗതം ചെയ്യുന്നു. എന്നാൽ വിയോജിപ്പും രേഖപ്പെടുത്തുകയാണ്. ചില കാര്യങ്ങളിൽ വിയോജിപ്പുണ്ട്. ഈ മുന്നോക്ക കമ്മീഷൻകൊണ്ട് മുന്നോക്ക സമുദായത്തിനുവേണ്ടി പ്രത്യേകിച്ചൊന്നും ചെയ്യാൻ കഴിയില്ല. അങ്ങനെ ചെയ്യാൻ കഴിയുമെന്ന തോന്നൽ മാത്രമാണ് ഉണ്ടാക്കുക. ദിശാബോധമില്ലാത്ത ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഒരു മുന്നോക്ക കമ്മീഷൻ ബിൽ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും അതിൽ പ്രഥമ പരിഗണന കൊടുക്കേണ്ടത് മുന്നോക്ക ജനവിഭാഗത്തിൽത്തന്നെ പിന്നോക്കം നിൽക്കുന്ന ആളുകൾക്കായിരിക്കണം. അവരെക്കുറിച്ചുള്ള ഒരു പരാമർശം ബില്ലിൽ ഉണ്ടാകണം. പാർശ്വവൽക്കരിക്കപ്പെട്ട ആളുകൾക്കാണ് നമ്മൾ പ്രത്യേകമായ പരിഗണന കൊടുക്കേണ്ടത്. അങ്ങനെ പരിഗണന കൊടുക്കാത്ത ഒരു ബിൽ കൊണ്ടുവന്ന് അത് നിയമമായി മാറുമ്പോൾ നാം ആഗ്രഹിക്കുന്ന പ്രയോജനം ആ ബില്ലുകൊണ്ട് ഉണ്ടാകില്ല. വിശക്കുന്നവനാണ് ഭക്ഷണം കൊടുക്കേണ്ടത്. കുംഭ നിറഞ്ഞിരിക്കുന്ന ആൾക്കല്ല ഭക്ഷണം കൊടുക്കേണ്ടത്. കുംഭ നിറഞ്ഞിരിക്കുന്ന

ആളിനേയും വിശക്കുന്നവനേയും ഒരേ നിലയിൽ കാണുകയെന്ന സമീപനം സ്വീകരിക്കാൻ പാടില്ല. ഇവിടെ ഒരേ നിലയിലാണ് കണ്ടുകൊണ്ടിരിക്കുന്നത്. സംവരണത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. സംവരണംകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം പരിപൂർണ്ണമായി അവസാനിക്കുന്നതല്ല. സമൂഹത്തിന്റെ ആകെ വികാസത്തിലൂടെയാണ് എല്ലാ മനുഷ്യരുടേയും പുരോഗതി ഉണ്ടാകുക. എല്ലാവരുടേയും സാമൂഹിക സാമ്പത്തിക പുരോഗതി ക്രമാനുഗതമായി ഉണ്ടാകണം. കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും വിദ്യാഭ്യാസ മേഖലയിലുമൊക്കെ പുരോഗതി സമാന്തരമായി ഉണ്ടാകുമ്പോഴാണ് എല്ലാ മനുഷ്യരുടേയും പുരോഗതി ഉണ്ടാകുക. പട്ടികജാതി - പിന്നോക്ക സമുദായങ്ങൾക്ക് സംവരണം കൊടുക്കുന്നതിന് സാമ്പത്തികമായ പിന്നോക്കാവസ്ഥ മാത്രമല്ല അവരുടെ സാമൂഹികമായ പിന്നോക്കാവസ്ഥകൂടി സുപ്രധാനമായ ഒരു ഘടകമാണ്. സാമൂഹ്യമായി പിന്തള്ളപ്പെട്ടുപോയ ഒരു ജനവിഭാഗമെന്ന നിലയിലാണ് പട്ടികജാതി, പിന്നോക്ക വിഭാഗത്തെ ഭരണഘടനാപരമായ സംവരണത്തിലൂടെ സമത്വത്തിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. സാമ്പത്തിക പിന്നോക്കാവസ്ഥകൊണ്ടു മാത്രമല്ല, ഹിന്ദു സമൂഹത്തിലെ ചാതുർവർണ്യ വ്യവസ്ഥയുടെ ഭാഗമായുണ്ടായ ജാതീയമായ വ്യത്യാസങ്ങളും പിന്നോക്കാവസ്ഥയ്ക്ക് കാരണമാണ്. അത് പരിഹരിക്കുന്നതിനും കൂടിയാണ് പട്ടികജാതി, പിന്നോക്ക സമുദായങ്ങൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ സംവരണം ഏർപ്പെടുത്തിയതിലൂടെ മുന്നോക്ക ജനവിഭാഗങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾക്ക് തടസ്സമുണ്ടാകുമെന്ന വാദം തികച്ചും ബാലിശമാണ്. മുന്നോക്കക്കാരെ തടസ്സപ്പെടുത്താൻ വേണ്ടിയല്ല ഇത്. മുന്നോക്കക്കാർ സഞ്ചരിക്കുമ്പോൾ അവരോടൊപ്പം എത്തിച്ചേരുന്നതിനായി പിന്നോക്ക ജനവിഭാഗത്തിന് കൊടുക്കുന്ന ഒരു കൈത്താങ്ങാണ് സംവരണം. സാമൂഹ്യമായ സമത്വത്തിനുവേണ്ടിയുള്ള വലിയൊരു പരിശ്രമമാണത്. സംവരണത്തെ സംബന്ധിച്ച് എന്റെ പാർട്ടിക്ക് മാത്രമല്ല, ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുതന്നെ യോജിച്ച കാഴ്ചപ്പാടാണുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ഇന്ന് കൊടുക്കുന്ന സംവരണം തുടർന്നുപോകണം. പിന്നോക്ക ജനവിഭാഗങ്ങളിലെ ക്രീമിലെയർ ഒഴിവാക്കിക്കൊണ്ട് പിന്നോക്ക ജനവിഭാഗങ്ങളിലുള്ള സാധാരണക്കാർക്ക് സംവരണം നൽകുകയും പിന്നീട് ഒഴിവുണ്ടെങ്കിൽ ക്രീമിലെയറിനെ പരിഗണിക്കുകയും ചെയ്യണം. മുന്നോക്ക ജനവിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്കുകൂടി 10 ശതമാനം സംവരണം കൊടുക്കണമെന്ന് 20 വർഷം മുൻപ് ഇടതുപക്ഷ

ജനാധിപത്യ മുന്നണി നിർദ്ദേശം വച്ചിരുന്നു. അങ്ങനെ കൊടുത്തുകൊണ്ട് മാത്രമേ നമുക്ക് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ കഴിയൂ. ബഹുമാന്യനായ ടി. ശിവദാസമേനോൻ ധനകാര്യ വകുപ്പുമന്ത്രി ആയിരിക്കുമ്പോഴാണ് സമൂഹത്തിലെ ഉന്നതകുലജാതരെന്ന് ജാതി വ്യവസ്ഥിതിയുടെ ഭാഗമായി പരിഗണിക്കുന്ന നമ്പൂതിരി സമുദായത്തിലെ ആളുകൾക്ക് പെൻഷൻ കൊടുക്കാനാവശ്യമായ പ്രധാനപ്പെട്ടൊരു നടപടിയിലേയ്ക്ക് നമ്മുടെ സംസ്ഥാനം നീങ്ങിയത്. സാമൂഹ്യമായി മുന്നോക്കാവസ്ഥയിൽ ജനിച്ചെങ്കിലും സാമ്പത്തികമായി പിറകിൽ നിൽക്കുന്ന അവരെ സാഹായിക്കുന്നതിനാണ് അത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വർക്കല കഹാർ)

ഈ ബില്ലിന്റെ പൂർണ്ണമായ ഉള്ളടക്കത്തിലേയ്ക്ക് ക്ലോസ് ബൈ ക്ലോസ് എടുക്കുമ്പോൾ വരാമെന്നുള്ളതുകൊണ്ട് വിശദമായി പോകുന്നില്ല. സബ്ജക്ട് കമ്മിറ്റിയിൽ പോയിവന്ന ബില്ലിലുണ്ടായ ഒരു പരാമർശം നമ്മുടെ നാടിനെ സംബന്ധിച്ച് വളരെ ഗൗരവമുള്ളതാണ്. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കാൻ പാടില്ല എന്നുപറഞ്ഞുകൊണ്ടാണ് ക്രമപ്രശ്നം ഉന്നയിച്ചത്. പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക/ന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭിച്ചുവരുന്ന സംവരണം മുന്നോക്ക വിഭാഗങ്ങളിലെ യുവജനങ്ങളുടെ വിദ്യാഭ്യാസവും തൊഴിൽപരവുമായ സാധ്യതകളെ പരിമിതപ്പെടുത്തുന്നതാണെന്നാണ് ആ പരാമർശം. ആ ഭാഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒഴിവാക്കിയതിനെ പരിപൂർണ്ണമായും സ്വാഗതം ചെയ്യുന്നു. അങ്ങനെ സ്വാഗതം ചെയ്യുമ്പോഴും ഒരു നിയമനിർമ്മാണ സഭയിലേയ്ക്ക് വന്ന ഒരു ബില്ലിൽ എങ്ങനെയാണ് ഇത്തരത്തിൽ ഗൗരവമുള്ളൊരു പരാമർശം വന്നതെന്നുള്ളതിനെ സംബന്ധിച്ച് പരിശോധിക്കേണ്ടതാണ്. അതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ വളരെ വ്യക്തമായി ചോദിച്ചത്. അത് ലോ സെക്രട്ടറിയുടെ കുഴപ്പമാണെങ്കിൽ അദ്ദേഹത്തിനെതിരെ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; ലോ സെക്രട്ടറിയുടെ പേരിൽ നടപടിയെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇത് നിയമവകുപ്പിന്റെ പ്രശ്നമല്ലായെന്നാണെങ്കിൽ ഇതിൽ ഭരണപരമായ ഉത്തരവാദിത്തമുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ആ യാഥാർത്ഥ്യത്തിൽനിന്ന് ഒളിച്ചോടിപ്പോകാൻ കഴിയില്ല. ഇങ്ങനെയൊരു പരാമർശത്തെ സംബന്ധിച്ച് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതുകൊണ്ട് മാത്രമല്ലേ ഒഴിവാക്കേണ്ടി വന്നത്; ഞങ്ങൾ ക്രമപ്രശ്നം ഉന്നയിക്കുന്നതിനു മുൻപുതന്നെ

അതിവിടെ സർക്കുലേറ്റ് ചെയ്തുവെന്നാണ് ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചത്. പക്ഷേ ഞങ്ങൾ ക്രമപ്രശ്നം ഉന്നയിക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു അതിവിടെ സർക്കുലേറ്റ് ചെയ്തത്. ക്രമപ്രശ്നമായി ഉന്നയിച്ചില്ലെങ്കിൽ എന്താകുമായിരുന്നു സ്ഥിതി; ഈ പരാമർശം ഒഴിവാക്കാതെ നിയമസഭക്ക് പുറത്തേയ്ക്ക് ഇത് പോകുമ്പോൾ ഉണ്ടാകുമായിരുന്ന അനന്തര ഫലങ്ങളെക്കുറിച്ച് നിയമസഭ ചർച്ച ചെയ്യണം. പട്ടികജാതി, പിന്നോക്ക ജനവിഭാഗങ്ങൾ, മതന്യൂനപക്ഷങ്ങൾ എന്നിവർക്ക് കൊടുക്കുന്ന സംവരണമാണ് ഭൂരിപക്ഷ സമുദായത്തിന്റെ ഉന്നമനത്തിന് തടസ്സമെന്നു പറയുന്ന പരാമർശം മുന്നോക്ക കമ്മീഷന്റെ ബില്ലിൽ കടന്നുവരുന്നത് സമൂഹത്തിൽ ഒരു സാമുദായിക കലാപത്തിന് തുടക്കംകുറിക്കും. അതിൽ നിയമ വകുപ്പുസെക്രട്ടറിക്ക് മാത്രമാണ് പങ്കെന്നുള്ളത് ഞങ്ങൾ വിശ്വസിക്കുന്നില്ല. അക്കാര്യത്തിൽ ട്രഷറി ബെഞ്ചിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തമുണ്ട്. ആർ.എസ്.എസ്.നുവേണ്ടി ഗുരു ഗോൾവാൾക്കർ എഴുതിയ 'വിചാരധാര'യിലെ സ്റ്റേറ്റുമെന്റാണ് പട്ടികജാതി, പിന്നോക്ക ജനവിഭാഗത്തിന് സംവരണം കൊടുക്കാൻ പാടില്ലെന്നുള്ളത്. ജനാധിപത്യപരമായി ഒരു ഭരണകൂടം നിലവിൽ വന്നതിനുശേഷം 10 വർഷക്കാലം കൂടി മാത്രമേ പട്ടികജാതി, പിന്നോക്ക ജനവിഭാഗത്തിന് സംവരണം കൊടുക്കാൻ പാടുള്ളൂവെന്ന ഗുരു ഗോൾവാൾക്കറുടെ സ്റ്റേറ്റുമെന്റ് എങ്ങനെയാണ് ഈ മുന്നോക്ക കമ്മീഷന്റെ ബില്ലിൽ വന്നത്; ഇത് ആരാണ് തയ്യാറാക്കിയത്; നമ്മുടെ നിയമവകുപ്പിലും ട്രഷറി ബെഞ്ചിലും ഗുരു ഗോൾവാൾക്കറിന്റെയും മുഞ്ചെയുടെയും പ്രേതങ്ങളോ ആത്മാവുകളോ സന്നിവേശിച്ചിരിക്കുന്നവരുണ്ടെന്ന് ഞങ്ങൾ സംശയിക്കുകയാണ്. ഗുരു ഗോൾവാൾക്കറിന്റെയും മുഞ്ചെയുടെയും ഗോഡ്സെയുടെയും പിൻഗാമികൾ സെക്രട്ടേറിയറ്റിന്റെ ഇടനാഴികളിലൂടെ നമ്മുടെ ഭരണ സംവിധാനത്തിലേയ്ക്ക് കടന്നുവരുന്നത് അപകടകരമായൊരു സ്ഥിതി വിശേഷമാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ഒരു നിയമം സഭയിൽ അവതരിപ്പിക്കുമ്പോൾ ചില ഉദ്ദേശ്യങ്ങളുണ്ട്. ആ ഉദ്ദേശ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് നിയമം ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. നേരത്തെ ഉണ്ടായിരുന്ന ഉദ്ദേശ്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഡ്രാഫ്റ്റ് ചെയ്ത ഒരു നിയമമാണ് ഇവിടെ വന്നിരിക്കുന്നത്. അതാണ് സബ്ജക്ട് കമ്മിറ്റിക്ക് പോയി തിരിച്ചു വന്നിരിക്കുന്നത്. ഉദ്ദേശ്യകാരണങ്ങളുടെ വിവരണം പുതുക്കി എന്നല്ലാതെ നിയമം പുതുക്കിയിട്ടില്ല. നിയമ വ്യവസ്ഥയിൽ ഒരു മാറ്റവും വരുത്താതെ ഉദ്ദേശ്യകാരണങ്ങൾ മാത്രം പുതുക്കിയതുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉള്ളതായിട്ട് ബഹുമാനപ്പെട്ട അംഗത്തിന് തോന്നുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. മാത്യു റ്റി. തോമസ് പറഞ്ഞതിന്റെ ലളിതമായിട്ടുള്ള മലയാളം ഇപ്പോൾ രൂപപ്പെട്ടിട്ടുള്ള ബില്ലിന്റെ ഉദ്ദേശ്യം മാറിയിരിക്കുന്നു. മാറിയ ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിൽ പുതിയ വകുപ്പുകളാണ് ഇനി വരേണ്ടത് എന്നുള്ളതാണ്.

ശ്രീ. ആർ. രാജേഷ്: സർ, അത് നിയമപരമായ പ്രശ്നമാണ്. ആ പ്രശ്നമാണ് അഭിഭാഷകനായ ശ്രീ. മാത്യു റ്റി. തോമസ് ഇവിടെ ചൂണ്ടിക്കാണിച്ചത്. മുസ്‌ലീം ലീഗുകൂടി അറിഞ്ഞുകൊണ്ടായിരിക്കില്ല ഈ ബില്ല് കൊണ്ടുവന്നത്. ലീഗിന് ഇതിൽ പങ്കുണ്ടെന്ന് ഞങ്ങൾ പറയുന്നില്ല. കാരണം ന്യൂനപക്ഷങ്ങളുടെ സംവരണംകൂടി എടുത്തുകളയുന്നതിൽ അവർ പ്രത്യക്ഷമായൊരു പങ്ക് വഹിക്കുമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. പക്ഷേ, കോൺഗ്രസിന്റെ സംവരണവിരുദ്ധ മനോഭാവം ഈ ബില്ലിലുണ്ട്. അതുകൊണ്ടാണല്ലോ നമ്മുടെ രാജ്യം റിപ്പബ്ലിക്കായി അധികാരത്തിലേയ്ക്ക് വന്നതിനുശേഷവും പിന്നോക്ക ജനവിഭാഗത്തിന് സംവരണം കൊടുക്കുന്നതിനായി വി. പി. സിംഗിന്റെ ഗവൺമെന്റ് വരുന്നതുവരെ കാത്തിരിക്കേണ്ടി വന്നത്. ആ ഗവൺമെന്റിനെ അട്ടിമറിക്കാൻ കോൺഗ്രസ് ആരോടൊപ്പമാണ് ചേർന്നതെന്നുള്ളത് കോൺഗ്രസിന്റെ സംവരണവിരുദ്ധ മനോഭാവത്തെയാണ് കാണിക്കുന്നത്. ആ മനോഭാവം ഇപ്പോഴും തുടർന്നുപോകുന്ന എന്നാണ് നമുക്ക് കാണാൻ കഴിയുക. ആർ.എസ്.എസ്., സംഘപരിവാർ എന്നിവർ നമ്മുടെ സമൂഹത്തിലേക്ക് ഇട്ടുകൊടുക്കുന്ന ആശയങ്ങൾ ഈ ബില്ലിന്റെ ഭാഗമായി കടന്നുവരുമ്പോൾ നമ്മുടെ സർക്കാർ ഇവർക്ക് കീഴടങ്ങുന്നുവെന്നാണ് കാണിക്കുന്നത്. അതുകാരണം വലിയ നഷ്ടമാണ് കോൺഗ്രസിന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഗുജറാത്തിൽ സർദാർ വല്ലഭായി പട്ടേലിനെ ശ്രീ. നരേന്ദ്ര മോഡിയും അമിത്ഷായും ബി.ജെ.പി.-യുമൊക്കെ ചേർന്ന് കൊണ്ടുപോയി. സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന കേന്ദ്രമായിരുന്ന സബർമതി ആശ്രമവും പോർബന്തറുമൊക്കെ ഹൈന്ദവ വർഗ്ഗീയ വാദികൾ കൊണ്ടുപോകുകയാണ്. ഏറ്റവും ഒടുവിൽ കോൺഗ്രസിന്റെ മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കറിനെക്കൂടി കൊണ്ടുപോകാനുള്ള വലിയ പരിശ്രമത്തിലാണ് ആർ.എസ്.എസ്. അവരോട് മൃദു സമീപനം കാണിക്കുകയാണിവിടെ. ഇങ്ങനെ മുട്ടുകാലിൽ ഇഴഞ്ഞ് ജീവിക്കുന്നതിനേക്കാൾ നല്ലത് നിവർന്നുനിന്ന് മരിക്കുന്നതാണ്. ആർ.എസ്.എസ്.-ന്റെ വർഗ്ഗീയ നിലപാടുകൾ നമ്മുടെ സമൂഹത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പരിശ്രമം ട്രഷറി ബെഞ്ചിൽ ആരൊക്കെയോ ചേർന്ന് നടത്തുന്നു. പട്ടികജാതി, പിന്നോക്ക ജനവിഭാഗത്തിനും

മതന്യൂനപക്ഷങ്ങൾക്കും സംവരണം കൊടുക്കേണ്ടതില്ല എന്നുള്ളത് ഓൾ ഇൻഡ്യ കോൺഗ്രസ് കമ്മിറ്റിയുടെകൂടി അഭിപ്രായമാണോ? ഞാനതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇതിലെ കുറ്റക്കാരായ ഉദ്യോഗസ്ഥരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഇത് മുന്നോക്ക ജനവിഭാഗത്തിലെ ആളുകളുടെ ഏതെങ്കിലും വ്യവഹാരപരമായ കാര്യങ്ങൾ പരിഗണിക്കുന്നതിന് മാത്രമുള്ളതല്ല, അവരുടെ സാമൂഹ്യമായ പുരോഗതിക്കുകൂടി വേണ്ടിയുള്ള ബില്ലാണ്. അപ്പോഴതിന്റെ ചെയർപേഴ്സൺ സ്ഥാനത്തേക്ക് കടന്നുവരേണ്ടത് സുപ്രീംകോടതിയുടെയോ ഹൈക്കോടതിയുടെയോ ഒക്കെ ഉന്നതമായ നീതിപീഠത്തിൽ ഉണ്ടായിരുന്ന ആൾ മാത്രമല്ല എന്ന അഭിപ്രായമാണുള്ളത്. ഉയർന്ന രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായുള്ളവരോ മികച്ച സാമൂഹ്യ സേവനമോ പൊതുകാര്യമോ അക്കാഡമിക് നിലവാരമോ ഒക്കെയുള്ള ആളിനെയോ ഭരണപരമായ കഴിവുകളും സമൂഹത്തിലെ ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയാൻ കഴിയുന്നതുമായ ആളിനെയാവണം ഇതിന്റെ നേതൃസ്ഥാനത്തേയ്ക്ക് കൊണ്ടുവരേണ്ടത്. ഈ മുന്നോക്ക കമ്മീഷൻ ബിൽ ആത്യന്തികമായി മുന്നോക്ക ജനവിഭാഗത്തിലെ ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്നതല്ല. ഒരു തിരഞ്ഞെടുപ്പ് ഗിമ്മിക്ക് എന്നതിനപ്പുറത്തേയ്ക്ക് മറ്റൊരു സാധ്യതയും ഇതിനില്ല. മുന്നോക്ക ജനവിഭാഗത്തിലെ സാധാരണക്കാരും പാവപ്പെട്ടവരുമായ ആളുകളുടെ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയാത്ത ഈ ബില്ലിനെ എതിർക്കുന്നു. ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ യഥാർത്ഥത്തിൽ ഒരു മരീചിക സൃഷ്ടിക്കലാണ്. നമ്മുടെ നാട്ടിൽ സംവരണം നിലനിൽക്കുന്നുവെന്നുള്ളതുകൊണ്ടാണ്, മുന്നോക്കക്കാരായിട്ടുള്ള അഭ്യസ്തവിദ്യരായിട്ടുള്ളവർക്കും മറ്റും അവസരങ്ങൾ കിട്ടാത്തതെന്ന പ്രചരണം ഇന്ത്യയിലാകെ വളരെ ശക്തമാണ്. അതിന്റെ ഭാഗമായിട്ടാണ് മുന്നോക്ക വിഭാഗത്തിൽപ്പെട്ട പട്ടേൽ സമുദായക്കാർ സംവരണത്തിന്റെ ആനുകൂല്യം വേണമെന്നുപറഞ്ഞ് വലിയ പ്രക്ഷോഭം നടത്തുന്നത്. ഇന്ത്യയിൽ ഈ

സംവരണങ്ങൾ മുന്നോക്കക്കാർക്കും ഏർപ്പെടുത്തിയാൽ മുന്നോക്ക വിഭാഗത്തിന് തൊഴിൽ അവസരങ്ങൾ കൂടുമോ? നമ്മുടെ നാട്ടിലെ വിവിധ മേഖലകളിൽ പുരോഗതിയുണ്ടാകുകയും തൊഴിൽ അവസരങ്ങൾ കൂടുകയും ചെയ്താൽ മാത്രമേ എല്ലാ വിഭാഗക്കാർക്കും തൊഴിൽ അവസരങ്ങൾ ഉണ്ടാകുവെന്നുള്ളതാണ് യാഥാർത്ഥ്യം. സംവരണം വന്നതു വഴി നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്ക് സമൂഹത്തിന്റെ മുൻനിരയിലേക്ക് കടന്നുവരുന്നതിനുള്ള ഒരു അവസരമാണ് നമ്മുടെ ഭരണഘടന കൊടുത്തത്. ഇത്രയും കാലം സംവരണം നിലനിന്നിട്ടും നമ്മുടെ നാട്ടിലെ പട്ടികജാതി വിഭാഗക്കാരുടെ സ്ഥിതിയെന്താണ്? കേരളം ഇതിനൊക്കെ ഒരു മാതൃകാ സംസ്ഥാനമാണെന്നാണ് വെയ്പ്. എന്നാൽ കേരളത്തിലുൾപ്പെടെ നമ്മൾ ആലോചിച്ചുനോക്കണം, മത്സരമുള്ള ഒരു വിഭാഗത്തിൽ ഏത് പട്ടികജാതിക്കാരനാണ് മുൻപിൽ വന്നിരിക്കുന്നത്. നമ്മുടെ നാട്ടിൽ അറിയപ്പെടുന്ന അഭിഭാഷകരായി, ചാർട്ടേർഡ് അക്കൗണ്ടന്റുമാരായി, വലിയ ബിസിനസ്സുകാരായി, കച്ചവടക്കാരായി ഏതെങ്കിലും പട്ടികജാതിക്കാരൻ വന്നിട്ടുണ്ടോ; അതിന്റെ അർത്ഥമെന്താണ്? ഇപ്പോഴും ആ ജനവിഭാഗം വലിയ പിന്നോക്കാവസ്ഥയിൽ കിടക്കുന്നു എന്നുള്ളതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഒരു കള്ളുഷാപ്പ് മുതലാളിപോലും പട്ടികജാതിയിൽ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, കെ. ആർ. നാരായണൻ എന്നു പറയുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളെ ഇന്ത്യയുടെ പ്രസിഡന്റായി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് കൊണ്ടുവന്നത്. ഇന്ത്യയുടെ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ വന്നത് അങ്ങേക്കറിയാമല്ലോ, ഇന്ത്യയുടെ പ്രസിഡന്റ് സ്ഥാനത്തേയ്ക്കുപോലും ഒരു പിന്നോക്ക വിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാരൻ വന്നു എന്നത് അഭിമാനത്തോടെ അങ്ങ് സ്മരിക്കുന്നത് നല്ലതായിരിക്കും.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, കേരളത്തിലെ കോൺഗ്രസ്സിന്റെ നോമിനി ഡോ. പി. സി. അലക്സാണ്ടർ ആയിരുന്നു. അവിടെ നിന്നും സി.പി.ഐ. (എം)-ന്റെ ശക്തമായിട്ടുള്ള ഇടപെടൽ കൊണ്ടാണ് കെ. ആർ. നാരായണനെ പ്രസിഡന്റാക്കിയത്. (...........മൈക്ക് ഓഫ്........)

<u>ശ്രീ. സി. കെ. നാണു</u>: സർ, നമ്മൾ ഇവിടെ സംസാരിക്കുന്നത് നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട ഇന്ത്യാ രാജ്യത്തിലെ പട്ടികജാതി/ പട്ടിക വർഗ്ഗത്തിന്റെയും അതുപോലെ പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെയും പുരോഗതിക്കുവേണ്ടി കഴിഞ്ഞകാല ഗവൺമെന്റുകൾ സ്വീകരിച്ച സംവരണത്തെ കുറിച്ചാണ്. അതിലേതെങ്കിലും ഒന്നോ രണ്ടോ വ്യക്തികളെ, ഇവിടെ ഇദ്ദേഹം പറഞ്ഞതുകൊണ്ട് പറയുകയാണ്, ആ പാവപ്പെട്ട സമൂഹത്തിനെ തെറ്റിദ്ധരിപ്പിക്കാൻ വേണ്ടി ഉന്നതമായ ജോലികൾ കൊടുത്തതുകൊണ്ടുമാത്രം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നില്ല. അത് മനസ്സിലാക്കാൻ നമുക്ക് സാധിക്കില്ലേ; ആർക്കെങ്കിലും ഒന്നു കൊടുത്തുവെന്നു പറഞ്ഞതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നുണ്ടോ?

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാന്യനായ അംഗം ശ്രീ. എ. കെ. ബാലൻ നമ്മുടെ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു പരാമർശം നടത്തുകയുണ്ടായി. മലയാളികളുടെ അഭിമാനമായ കെ. ആർ. നാരായണനെ ഇന്ത്യൻ പ്രസിഡന്റ് സ്ഥാനത്തേക്ക് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് കൊണ്ടുവന്നത്. അദ്ദേഹം സഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഡോ. പി. സി. അലക്സാണ്ടർ ആയിരുന്നു കോൺഗ്രസ്സ് സ്ഥാനാർത്ഥിയെന്ന് പറഞ്ഞു. അത് സഭയുടെ രേഖയിൽ ഉണ്ടാകാൻ പാടില്ല, അത് നീക്കം ചെയ്യണം. ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങയുമായി മൽസരിച്ച് അങ്ങയെ തോൽപ്പിച്ചതാണ് എന്നുപറഞ്ഞ് കെ. ആർ. നാരായണനുമായി വിഷമം ഉണ്ടാകാൻ പാടില്ല. അടുത്തതവണ എന്തായാലും യു.ഡി.എഫ്. വരും. ഇനി എന്നെങ്കിലുമൊരുകാലത്ത് കേരളത്തിൽ എൽ.ഡി.എഫ്. വരുന്ന ഒരു അവസരത്തിൽ അങ്ങ് മുഖ്യമന്ത്രിയാകുന്നതിന് ഞങ്ങളാരും എതിരല്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഡോ. പി. സി. അലക്സാണ്ടർ അതിന് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടാണ് ബി.ജെ.പി.യിൽ പോയി രാജ്യസഭാ മെമ്പർ ആയത്. അത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, അങ്ങ് പറഞ്ഞ ഒരു കാര്യം ശരിയാണ്. ഈ സമുദായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരുപാട് പേർ ഇപ്പോഴും പിന്നോക്കാവസ്ഥയിലാണ്. ആ സമുദായത്തിൽ നിന്നും ഉയർന്നുവന്ന പലരും വിവാഹം കഴിക്കുമ്പോൾ സ്വന്തം സമുദായത്തിനെ മറക്കുന്നുവെന്നുള്ള യാഥാർത്ഥ്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u> സർ, അതൊക്കെ ഓരോരുത്തരുടെ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളാണ്. ഡോ. ബി. ആർ. അംബേദ്ക്കറും, കെ.ആർ. നാരായണനു മൊക്കെ അസാധാരണമായ എക്സപ്ഷൻസാണ്. ഡോ. ബി. ആർ. അംബേദ്ക്കർ, ബ്രിട്ടീഷ് ഭരണകാലത്ത് ജാതിവ്യവസ്ഥ അതിന്റെ എല്ലാ ക്രൂരതയോടും നിലനിന്നിരുന്ന സമയത്താണ് അതിനെയെല്ലാം അതിജീവിച്ച് കൊളംബിയാ യൂണിവേഴ്സിറ്റിയിൽ പോയതും വലിയ വിദ്യാഭ്യാസം നേടിയതും ഇന്ത്യയുടെ ഭരണഘടനയുടെ ശില്പിയായതും. അതുപോലെതന്നെ കെ. ആർ. നാരായണൻ അസാധാരണമായ പ്രതിഭാവിലാസം പ്രകടിപ്പിക്കുകയും ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ പോകുകയും ചെയ്തിട്ടുണ്ട്. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് അന്നും ഇന്നും ലോകത്തിലെ ഏറ്റവും മിടുക്കൻമാരും മിടുക്കികളുമായ വിദ്യാർത്ഥി- വിദ്യാർത്ഥിനികൾ പഠിക്കാൻ ആഗ്രഹിക്കുന്ന സ്ഥലമാണ്. അവിടെ അദ്ദേഹത്തിന് ഒരു ടാറ്റാ സ്കോളർഷിപ്പുകൊണ്ട് പോകാൻ കഴിഞ്ഞു, ഹാരോൾഡ് ലാസ്കയുടെ ശിഷ്യനായി പിന്നീട് തിരിച്ചുവന്ന് പണ്ഡിറ്റ് നെഹ്റു നേരിട്ട് ഇന്റർവ്യൂ നടത്തി അദ്ദേഹത്തെ എടുത്തു. അതിന് വേറെയൊരു കഥകൂടിയുണ്ട്, അത് ഞാൻ ശ്രീ. ടി. എൻ. പ്രതാപനോട് പറയാം. കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഹനുമന്തയ്യാ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് ഒരു കത്തെഴുതി, നമ്മുടെ ഐ.എഫ്.എസ്.ലും മറ്റും പട്ടികജാതിക്കാരായിട്ടുള്ള ആളുകളില്ല, അതിനെക്കുറിച്ച് പ്രധാനമന്ത്രി പ്രത്യേകം താൽപ്പര്യം കാണിക്കണമെന്നു പറഞ്ഞു. അതിന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു മറുപടി എഴുതിയത്, പട്ടികജാതിക്കാരനായിപ്പോയി എന്നുള്ളതുകൊണ്ട് ഒരാളെ ഐ.എഫ്.എസ്.-ൽ എടുക്കാൻ ഞാൻ തയ്യാറല്ല, അയ്യാളുടെ മിടുക്ക് നോക്കി മാത്രമേ എടുക്കാൻ ഞാൻ തയ്യാറുള്ളൂ എന്നാണ്. ഇനി നിങ്ങളുടെ ഒരു അറിവിലേക്കുവേണ്ടി ഞാൻ പറയാം, ഇന്ത്യാരാജ്യത്തെ ഐ.എഫ്.എസ്.ലുള്ള ഏറ്റവും പ്രഗത്ഭനായ ഒരു ഉദ്യോഗസ്ഥൻ, ഒരു പട്ടികജാതിക്കാരനാണെന്നുള്ള വിവരം താങ്കൾ മനസ്സിലാക്കണമെന്നു പറഞ്ഞു. കെ. ആർ. നാരയണനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. അപ്പോൾ അതൊക്കെ അസാധാരണമായ സാഹചര്യങ്ങളിൽ വരുന്ന കാര്യമാണ്. ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി, ശ്രീമതി പ്രതിഭാപാട്ടീൽ പ്രസിഡന്റായി എന്നുള്ളതുകൊണ്ട് ഇന്ത്യയിലെ സ്ത്രീകളുടെ സ്ഥിതിയെല്ലാം വളരെ ഉന്നതിയിലായി എന്നു പറയാൻ കഴിയുകയില്ലല്ലോ. അങ്ങനെ നമ്മൾ ജനറലൈസു ചെയ്യരുത്. അതൊക്കെ അസാധാരണമായ സാഹര്യത്തിൽ വരുന്ന കാര്യങ്ങളാണ്. ഞാൻ

പറയുന്നത് സംവരണത്തിന്റെ ആനുകൂല്യം പിൻവാതിലിലൂടെ കവർന്നെടുക്കുകയല്ലേ? നമ്മുടെ നാട്ടിൽ ഉദാരവൽക്കരണത്തിന്റെ ഫലമായി വന്ന സ്വകാര്യവൽക്കരണത്തിലൂടെ പൊതുമേഖലാസ്ഥാപനങ്ങളുടെ സ്വകാര്യ വൽക്കരണം നടക്കുമ്പോൾ ആരും ശ്രദ്ധിക്കാതെ പോകുന്നതും ആരും ഒരുപക്ഷെ മനസ്സിലാക്കാതെ പോകുന്നതുമായ കാര്യം ഈ സ്വകാര്യവൽക്കരണം നടക്കുന്നതോടുകൂടി സംവരണത്തിന്റെ ആനുകൂല്യം പിൻവലിക്കപ്പെടുകയാണ്. ഇന്ത്യൻ ഭരണഘടന ഇന്ത്യയിലെ പട്ടികജാതിക്കാർക്കും, പിന്നോക്കക്കാർക്കും ഉറപ്പുനൽകുന്ന അവകാശങ്ങൾ പുറം വാതിലിലൂടെ കവർന്നെടുക്കപ്പെടുന്നു. അതുപോലെ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഏൽപ്പിക്കേണ്ടിവരുമ്പോൾ, ഉദാഹരണത്തിന്, കോട്ടയത്തുള്ള ബി.എസ്.എൻ.എൽ. സർക്കാർ സ്ഥാപനമാണ്. അവിടെ സ്ഥിരം ജീവനക്കാരെക്കാൾ കൂടുതൽ കരാർ തൊഴിലാളികളാണ്. ഈ കരാർ തൊഴിലാളികളുടെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നുണ്ടോ? ഔട്ട്സോഴ്സിംഗ് എന്നുപറയുന്ന ഉദാരവൽക്കരണത്തിലൂടെ നമ്മുടെ സമൂഹത്തിലെ പട്ടികജാതിക്കാരെ തുത്തുമാറ്റുകയാണ്. ശ്രീ. ജി. സുധാകരൻ ഇവിടെ ചൂണ്ടിക്കാണിച്ചുവല്ലോ. നമ്മുടെ നാട്ടിലെ എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും എത്ര പട്ടികജാതിക്കാരെ നിയമിച്ചിട്ടുണ്ട്. അപ്പോൾ സംവരണത്തിന്റെ ആനുകൂല്യമുണ്ടായിട്ടുപോലും നമ്മുടെ നാട്ടിലെ പട്ടികജാതിക്കാർ സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് വരുന്നില്ല. ജാതിയുടെ അവശത അനുഭവിച്ചവർക്കുമാത്രമേ അതിനെപ്പറ്റി അറിയാൻ കഴിയുകയുള്ളൂ. നിരന്തരമായ പ്രചരണമാണ് മുന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിലവസരങ്ങൾ കിട്ടുന്നില്ലായെന്നുള്ളത്. യഥാർത്ഥത്തിൽ അവർക്ക് സംവരണം ഏർപ്പെടുത്തിയാൽ മാത്രമേ അവസരങ്ങൾ കിട്ടുകയുള്ളൂ. ഈ നാട്ടിൽ ലക്ഷക്കണക്കിന് തൊഴിലില്ലാത്ത ചെറുപ്പക്കാർ എല്ലാ ജാതിയിലുംപെട്ടവർ ഉണ്ടായത് ഈ സംവരണം കൊണ്ടാണോ? സംവരണം കൊണ്ടല്ല, നമ്മുടെ നാട്ടിലെ സർക്കാരുകൾ കാലാകാലങ്ങളായി തുടർന്നുവന്ന തെറ്റായനയസമീപനത്തിന്റെയും അതിന് ആക്കംകൂട്ടുന്ന ഉദാരവൽക്കരണ ത്തിന്റെയും ഫലമായിട്ടാണ് ഇന്ത്യയിൽ വ്യാപകമായി തൊഴിലില്ലായ്മയും പാപ്പരീകരണവും നടക്കുന്നത്. യഥാർത്ഥത്തിൽ അതിൽ നിന്നെല്ലാം ശ്രദ്ധതിരിക്കാനുള്ള ഒരു കാര്യമാണ് മുന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് ആനുകൂല്യം കിട്ടുന്നില്ലായെന്നുള്ള പ്രചരണം. യഥാർത്ഥത്തിൽ മുന്നോക്ക സമുദായത്തിൽപ്പെട്ട ഒട്ടനവധി പാവങ്ങളുണ്ട്. ആ പാവങ്ങൾക്ക് അവസരം കിട്ടാത്ത ധാരാളം സന്ദർഭങ്ങളുണ്ട്. അവരിൽ പലരും ഇന്ന് പാപ്പരായിട്ടുണ്ട്. അവർക്കെല്ലാം ഒരു തലോടലെന്ന നിലയിൽ ഈ കമ്മീഷന്റെ പ്രവർത്തനം ആശ്വാസകരമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

അതുപോലെ ഇന്ന് വിദ്യാർത്ഥികൾക്കിടയിൽ മുന്നോക്ക വിഭാഗക്കാർക്ക് കുമാരപിള്ള കമ്മീഷന്റെ ആനുകൂല്യമുണ്ട്. കുമാരപിള്ള കമ്മീഷൻ കാലാനുസൃതമായി പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. നമ്മുടെ നാട്ടിലെ പാവങ്ങളായിട്ടുള്ള മുന്നോക്ക വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കിട്ടുന്ന കുമാരപിള്ള കമ്മീഷന്റെ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കണം. മുമ്പ് പരിഷ്കരിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ്. അതിനാൽ ആ കമ്മീഷൻ പുനഃപരിശോധനക്ക് വിധേയമാക്കണം. ഈ ബില്ലിലൂടെ ഒരു മരീചിക സൃഷ്ടിക്കാൻ മാത്രമാണ് കഴിയുന്നതെങ്കിലും അല്പമെങ്കിലും ആശ്വാസം ഈ നാട്ടിലെ മുന്നോക്ക സമുദായത്തിൽപ്പെട്ട പാവങ്ങൾക്ക് കിട്ടുമെന്നുണ്ടെങ്കിൽ തീർച്ചയായും അത് സ്വാഗതാർഹമാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങേയ്ക്ക് 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എല്ലാ ജനവിഭാഗങ്ങൾക്കും തുല്യനീതിയെന്ന ഉമ്മൻ ചാണ്ടി സർക്കാരിന്റെ ധീരമായ നിലപാടിന്റെ ഭാഗമായിട്ടാണ് ഇന്ത്യയിൽ ആദ്യമായി ഇത്തരത്തിൽ ഒരു കമ്മീഷൻ നിലവിൽ വരുന്നത്. വികസന ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിലും സാമൂഹിക പ്രാധാന്യമുള്ള നിയമനിർമ്മാണങ്ങളുടെ കാര്യത്തിലും ചരിത്രത്തിൽ ഇടംനേടുന്ന ഒരു സർക്കാരാണിത്. അതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭ പാസ്സാക്കിയ നിയമ നിർമ്മാണങ്ങളോ അതിന്റെ ഭാഗമായി നിലവിൽവന്ന പദ്ധതികളോ ജനങ്ങളിലെത്തിക്കാതിരിക്കാൻവേണ്ടി പ്രതിപക്ഷം വളരെ ആസൂത്രിതമായി ചർവിതചർവ്വണം പോലെ ആവർത്തിച്ച് ചില ആരോപണങ്ങൾ ഉന്നയിക്കുന്നത്. ആ ആരോപണങ്ങളൊന്നും ജനങ്ങളുമായി ബന്ധപ്പെട്ടുള്ളതോ, ആദിവാസികളുടെ ഭൂമിക്ക് വേണ്ടിയോ, പാവപ്പെട്ടവന് തൊഴിലിന് വേണ്ടിയോ, അവരുടെ മറ്റ് ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ വേണ്ടിയുള്ളതല്ല. ഇവിടെ 252 ദിവസം നിയമസഭ സമ്മേളിച്ചു. 172 ദിവസം പ്രതിപക്ഷം ഇറങ്ങിപ്പോയി. നിങ്ങൾ ഇറങ്ങിപ്പോകാൻ കാരണമായ വിഷയങ്ങളൊന്ന് പരിശോധനയ്ക്ക് വിധേയമാക്കണം.

നിയമ നിർമ്മാണങ്ങൾ നടന്നപ്പോൾ ചർച്ച കൂടാതെ നിരവധി നിയമങ്ങൾ ഇവിടെ പാസ്സാക്കി. അന്ന് നിങ്ങൾ ചർച്ചകളിൽ പങ്കെടുത്തിരുന്നെങ്കിൽ നിങ്ങൾ ഉദ്ദേശിച്ച കാര്യങ്ങളെ സംബന്ധിച്ച് നിങ്ങൾക്കും ഞങ്ങൾക്കുമൊക്കെ ഇവിടെ ഉന്നയിക്കാൻ കഴിയുമായിരുന്നു. ഇത്തരം ഒരു നിർണ്ണായക നിയമ നിർമ്മാണം നടന്നുകൊണ്ടിരുന്ന സമയത്ത് നിങ്ങൾ ബിജു രാധാകൃഷ്ണന്റെ പേരിലാണ് ഇറങ്ങിപ്പോയത്. ഇവിടെ മുന്നോക്ക വിഭാഗത്തിൽപ്പെടുന്ന പാവപ്പെട്ടവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വിദ്യാഭ്യാസപരമായ പിന്തുണയും സാമ്പത്തിക സഹായവുമൊക്കെ നൽകുന്ന ഒരു നിയമം ചർച്ച ചെയ്യേണ്ട സമയത്ത് നിങ്ങൾക്ക് അതായിരുന്നില്ല പ്രശ്നം. ബിജു രാധാകൃഷ്ണനോ അല്ലെങ്കിൽ ബിജു രമേശനോ ആയിരുന്നു നിങ്ങളുടെ വിഷയം. അല്ലെങ്കിൽ ഏതെങ്കിലും മന്ത്രിയുടെ ഭാര്യയുടെ പ്രസ്താവനയായിരുന്നു വിഷയം. അല്ലെങ്കിൽ ബാലകൃഷ്ണപിള്ളയുടെ സ്കൂളിലെ അദ്ധ്യാപകന്റെ ഏതെങ്കിലും സ്ഥലത്തുകൂടി കടന്നുപോയ ഏതെങ്കിലും ആയുധമായിരുന്നു പ്രശ്നം. നിയമസഭയിൽനിന്നും 172 ദിവസം നിങ്ങൾ ഇറങ്ങി പോകാനുണ്ടായ വിഷയം എടുത്തുനോക്കിയാൽ, ഇതുപോലുള്ള നിയമ നിർമ്മാണങ്ങളുടെ പേരിലുള്ള അഭിപ്രായ വ്യത്യാസങ്ങളുടെ പേരിലല്ല നിങ്ങൾ സഭ സ്തംഭിപ്പിച്ചിട്ടുള്ളത്. നിങ്ങൾ സഭ സ്തംഭിപ്പിച്ചിട്ടുള്ളത് ബിജു രാധാകൃഷ്ണന്റെയും ബിജു രമേശന്റെയും അതുപോലുള്ള ആരുടെയെങ്കിലും പേരിലാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അപ്പോൾ നിങ്ങൾ പാർലമെന്റ് സ്തംഭിപ്പിക്കുന്നത് എന്തിന്റെ പേരിലാണ്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ലോകസഭ സ്തംഭിപ്പിച്ചത്, പാവപ്പെട്ടവന്റെ ഭൂമി കോർപ്പറേറ്റുകൾക്കുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയേറ്റെടുക്കൽ നിയമം ഞങ്ങൾ കൊണ്ടുവന്നതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്ന ശ്രീ. നരേന്ദ്രമോദിയുടെ സർക്കാരിനെതിരായിട്ടാണ്. രാജ്യത്ത് വളർന്നുവരുന്ന അസഹിഷ്ണു തയ്ക്കെതിരെയും രാഷ്ട്രീയ പകപോക്കലിനെതിരെയുമാണ് ഞങ്ങൾ വിഷയം കൊണ്ടുവരുന്നത്. ഇൻഡ്യയുടെ ഫെഡറൽ സംവിധാനത്തെ തകർത്തുകൊണ്ട് ഡൽഹി മുഖ്യമന്ത്രിയുടെ ഓഫീസിൽ ഇരച്ചുകയറുന്ന പോലീസിന്റെ നടപടികൾക്കെതിരായിട്ടാണ്. ബിജു രാധാകൃഷ്ണന്റേയോ ബിജു രമേശന്റേയോ ഞങ്ങളുടെ നയം കൊണ്ട് പൂട്ടിപ്പോയ ബാർ മുതലാളിമാരുടേയോ വക്കാലത്തേറ്റെടുത്തല്ല ഈ നിയമനിർമ്മാണ സഭയിൽ ഇടപെടൽ നടത്തിയിട്ടുള്ളതെന്ന് വളരെ വിനീതമായി ഞാൻ അറിയിക്കട്ടെ. ആ വിഷയത്തെപ്പറ്റി നമുക്ക് ഡിബേറ്റ് ചെയ്യാം.

ശ്രീ. എ. കെ. ബാലൻ: സർ, വളരെ വിനീതമായിട്ട് ശ്രീ. പി. സി. വിഷ്ണുനാഥിനോട് ഞാൻ ഒരു ചോദ്യം ചോദിക്കുകയാണ്. ഞങ്ങൾ ഈ സഭ സ്തംഭിപ്പിച്ചതിന്റെ ഭാഗമായിട്ടല്ലേ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി രാജി വയ്ക്കുന്ന സ്ഥിതിയിലേക്ക് കേരളമെത്തിയത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ബഹുമാന്യനായ ശ്രീ. എ. കെ. ബാലൻ ......(....മൈക്ക് ഓഫ്......)

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മാത്രമല്ല ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിലെ സ്റ്റാഫുകളായ ജോപ്പനെയും ജിക്കുവിനെയും സലിം രാജിനെയും പോലെയുള്ള അഴിമതിക്കാരെ പുറത്താക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ലേ? (....മൈക്ക് ഓഫ്......)

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, വസ്തുതാപരമായി ഒരു കാര്യം പറയുമ്പോൾ നിങ്ങളതിൽ അസഹിഷ്ണുത കാണിക്കേണ്ട. നിങ്ങൾ ജുഡീഷ്യൽ കമ്മീഷനെ സ്വാഗതം ചെയ്തവരാണോ? നിങ്ങൾ അതിനെ എതിർത്തവരല്ലേ? ജുഡീഷ്യൽ കമ്മീഷനെ പ്രഖ്യാപിച്ചതിനുശേഷം സന്ധ്യ എന്ന് പറയുന്ന ചേച്ചി കൈനറ്റിക് ഹോണ്ടയുമായി വരുന്നതുവരെ മുഖ്യമന്ത്രിയുടെ വീട്ടിന്റെ മുന്നിൽ നിങ്ങൾ സമരം ചെയ്തത് എന്തിന്റെ പേരിലാണ്? നിങ്ങൾ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി തടയാൻ പോയത് ജുഡീഷ്യൽ കമ്മീഷൻ പ്രഖ്യാപിച്ചതിനുശേഷമല്ലേ?

<u>മി. ചെയർമാൻ</u> : ശ്രീ. എ. പ്രദീപ്കുമാർ, ദയവായി സീറ്റിലിരിക്കു......

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ആളുകളുടെ ഓർമ്മക്കുറവാണെന്നാണ് നിങ്ങൾ ധരിക്കുന്നത്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, എന്റെ മകളുടെ വിവാഹത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നപ്പോൾ അദ്ദേഹത്തെ നിങ്ങൾ തടയാൻ ശ്രമിച്ചില്ലേ? മര്യാദയാണോ നിങ്ങൾ കാണിച്ചത്. എന്നിട്ട് ആളുമാറി ശ്രീ. എ. കെ. ആന്റണിയെയാണ് തടഞ്ഞത്. ഇത്ര മര്യാദകേട് ഞങ്ങൾ കാണിച്ചില്ലല്ലോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, നിങ്ങൾക്ക് ഒരു ധാരണയുണ്ട്. ഒരു കള്ളം ആവർത്തിച്ച് പറഞ്ഞാൽ സത്യമാക്കിയെടുക്കാമെന്നുള്ള ഒരു ഗീബൽസ്യൻ മെത്തേഡ് നിങ്ങൾക്കുണ്ട്. നിങ്ങൾ സമരം ചെയ്തതിന്റെ ഉൽപ്പന്നമാണ് സോളാർ കമ്മീഷനെങ്കിൽ നിങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ചീമുട്ട എറിയുമോ; മുഖ്യമന്ത്രിയെ കരിങ്കൊടി കാണിക്കുമോ; മുഖ്യമന്ത്രിയുടെ നെഞ്ചത്ത് കല്ലെറിയുമോ; ജനസമ്പർക്ക പരിപാടി തടയുമോ? ലോകസഭയുടെ നോട്ടിഫിക്കേഷൻ വന്നപ്പോഴാണ് പാർലമെന്റ് ഇലക്ഷൻ പ്രഖ്യാപിച്ചതുകൊണ്ട് തൽക്കാലത്തേക്ക് സമരം നിർത്തിവയ്ക്കുന്നുവെന്നും അതിനുശേഷം വീണ്ടും കാണാമെന്നുംനിങ്ങൾ പറഞ്ഞത്. പതിനാറ് സീറ്റിൽ തോറ്റതുകൊണ്ട് പിന്നെ ആ വഴിക്ക് വന്നിട്ടില്ല.

നിങ്ങൾ പറഞ്ഞിട്ടുള്ളത് ജനങ്ങൾ മറന്നുകാണുമെന്ന് കരുതി വീണ്ടും ചില പുതിയ കാര്യങ്ങളുമായിട്ട് വരികയാണ്. എന്റെ പോയിന്റ് അതൊന്നുമല്ല. ഈ നിയമസഭയിൽ നിർണ്ണായകമായ നിയമനിർമ്മാണങ്ങൾ നടന്നിട്ടുണ്ട്. ചില മാധ്യമങ്ങളും നിങ്ങൾക്ക് കൂട്ടുണ്ടായിരുന്നു. മാധ്യമങ്ങൾ എപ്പോഴും എസ്റ്റാബ്ലിഷ്മെന്റിന് എതിരാണ്. ഇവിടത്തെ മാധ്യമങ്ങൾക്ക് മന:പൂർവ്വമായി യു.ഡി.എഫ്.നോട് എന്തെങ്കിലും വിരോധമുണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. അവർക്ക് എപ്പോഴും ഒരു പ്രതിപക്ഷത്തിന്റെ സ്വഭാവമുണ്ട്. പക്ഷേ ചില ആളുകൾക്ക് നിങ്ങൾ നിയമസഭാസീറ്റ് കൊടുക്കാമെന്ന വാഗ്ദാനത്തിന്റെ പേരിൽ മന:പൂർവ്വം നിങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവരുണ്ട്. അല്ലാത്ത ആളുകളുമുണ്ട്. ഇതിനെ രണ്ടിനേയും രണ്ടായി നമുക്ക് കാണാം. അങ്ങനെയുള്ള ചില മാധ്യമങ്ങളെ കൂട്ടു പിടിച്ചിട്ടാണ് ഈ പ്രചാരണം. ആ പ്രചാരണങ്ങളൊന്നും ഈ ഗവൺമെന്റിന്റെ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ കഴിഞ്ഞിട്ടില്ലായെന്നുള്ളതാണ് വസ്തുത. നിങ്ങളെ കുറ്റം പറയുമ്പോൾ പരിഭവിക്കരുത്. ഞങ്ങൾ നിങ്ങളെ കുറ്റപ്പെടുത്തുമ്പോൾ നിങ്ങൾ എപ്പോഴും പറയുന്ന ഒരു കാര്യമാണ്, നിങ്ങളുടെ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞോയെന്ന്. അങ്ങനെ നിങ്ങൾ ഒഴിഞ്ഞുമാറി പോകുന്നോ ഇല്ലയോ അതല്ല പ്രശ്നം; മുൻ നിയമസഭാ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണൻ, മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്കുവേണ്ടി നിങ്ങൾ എന്തു ചെയ്തുവെന്നാണ് അദ്ദേഹം ചോദിച്ചത്. അഞ്ച് വർഷം നിങ്ങളും അധികാര ത്തിലുണ്ടായിരുന്നു. ഇരുപത് വർഷം മുമ്പേ നിങ്ങൾ മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് സംവരണം വേണമെന്ന നയം പറഞ്ഞു. അതിനുശേഷം രണ്ട് തവണയായി പത്തുവർഷം നിങ്ങളുടെ ഗവൺമെന്റ് അധികാരത്തി ലുണ്ടായിരുന്നു. ഈ പത്തുവർഷം അധികാരത്തിലിരുന്നപ്പോൾ മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്കുവേണ്ടി നിങ്ങളെന്തു ചെയ്തു?

ഉമ്മൻചാണ്ടി സർക്കാർ വന്നതിനുശേഷമാണ് മുന്നോക്ക സമുദായ കോർപ്പറേഷൻ രൂപീകരിച്ചത്. ഈ ഗവൺമെന്റ് എന്തുചെയ്തുവെന്ന് ഞാൻ വ്യക്തമാക്കാം. ഇന്ത്യയിൽ ആദ്യമായി മുന്നോക്ക സമുദായത്തിനായി കോർപ്പറേഷൻ രൂപീകരിച്ച എന്നുമാത്രമല്ല ഈ ഗവൺമെന്റ് മുന്നോക്ക സമുദായത്തിലെ പാവപ്പെട്ട ഹൈസ്കൂൾ തലത്തിലെ വിദ്യാർത്ഥികൾക്ക് രണ്ടായിരം രൂപയും, ഹയർ സെക്കണ്ടറി തലത്തിൽ 3000 രൂപയും, ബിരുദതലത്തിൽ 5000 രൂപയും, ബിരുദാനന്തര ബിരുദതലത്തിൽ 6000 രൂപയുമാണ് സ്കോളർഷിപ്പ് കൊടുത്തത്. പ്രൊഫഷണൽ കോളേജുകളിൽ 7000 രൂപയും, പ്രൊഫഷണൽ

കോളേജിലെ പി.ജി. കോഴ്സിനുവേണ്ടി 8000 രൂപയും സ്കോളർഷിപ്പ് കൊടുത്തു. CA, ICWA, CS എന്നിവക്ക് 10,000 രൂപ കൊടുത്തു. അതിനു മുകളിലുള്ള സ്ഥാപനങ്ങളിൽ 50,000 രൂപ വരെ കൊടുത്തു. സാമൂഹികമായ കാരണങ്ങളാൽ മുന്നോക്ക സമുദായത്തിൽ സംവരണത്തിന്റെ ആനുകൂല്യം ഇല്ലാത്ത, അവശത അനുഭവിക്കുന്ന, ദുരിതമനുഭവിക്കുന്ന പാവപ്പെട്ടവർക്ക് തുല്യനീതി കിട്ടാൻവേണ്ടി ഇത്രയും വിദ്യാഭ്യാസ സഹായം കേരളത്തിന്റെ ചരിത്രത്തിൽ ഈ ഗവൺമെന്റ് അല്ലാതെ ഏതെങ്കിലും ഗവൺമെന്റ് കൊടുത്തിട്ടുണ്ടെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ഇത് നമ്മൾ ഒരുമിച്ച് പറയണം. കാരണം, ബി.ജെ.പി.ക്കാർ പറയുന്നത് ഇവിടെ ന്യൂനപക്ഷങ്ങൾക്കു മാത്രമാണ് ഈ ഗവൺമെന്റും എൽ.ഡി.എഫ്. ഗവൺമെന്റും എല്ലാ സഹായവും കൊടുക്കുന്നതെന്നാണ്. എൽ.ഡി.എഫ് ഗവൺമെന്റ് കൊടുത്തിട്ടില്ല, പക്ഷേ യു.ഡി.എഫ് ഗവൺമെന്റ് കൊടുത്തിട്ടുണ്ട് എന്നുപറഞ്ഞു കൊണ്ട് ബി.ജെ.പി.യുടെ ആരോപണത്തെ നിങ്ങൾ ചെറുക്കണം. കാരണം നമ്മൾ രണ്ടുപേരും കൊടുത്തിട്ടില്ലായെന്നു പറയുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് കൊടുത്തു എന്നെങ്കിലും പറഞ്ഞ് തൽക്കാലം ബി.ജെ.പി.-യുടെ ആരോപണങ്ങളെ നിങ്ങൾക്ക് നമ്മളോടൊപ്പം നിന്നുകൊണ്ട് പ്രതിരോധിക്കാൻ കഴിയും. അല്ലെങ്കിൽ ബി.ജെ.പി.-ക്കാർ വെള്ളാപ്പള്ളിയെ കൊണ്ട് പറയിപ്പിക്കുന്നത് എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ഇവിടത്തെ ഭൂരിപക്ഷസമുദായത്തെ അവഗണിക്കുന്നുവെന്നാണ്. അപ്പോൾ പറയേണ്ടത് എൽ.ഡി.എഫ്.ഉം യു.ഡി.എഫ്.ഉം എന്നല്ല, ഞങ്ങൾക്ക് ചെയ്യാൻ സാധിച്ചില്ലെങ്കിലും യു.ഡി.എഫ്. സർക്കാർ ചെയ്യുന്നുണ്ട് എന്നാണ്. ഇനി അവസരം കിട്ടിയാൽ ഞങ്ങളുംകൂടെ ചെയ്തു കൊള്ളാമെന്നൊരു സമീപനം നിങ്ങൾ ബി.ജെ.പി.-യെ പരാജയപ്പെടുത്താൻ വേണ്ടിയെങ്കിലും എടുക്കണം. അങ്ങനെയാണ് ബുദ്ധിപരമായി രാഷ്ട്രീയം കളിക്കേണ്ടത്. ബി.ജെ.പി.-യേയും സംഘപരിവാറിനേയും ബുദ്ധിപരമായി പ്രതിരോധിക്കണമെങ്കിൽ രണ്ടുകൂട്ടരും ചെയ്യുന്നില്ല എന്നുപറയുമ്പോൾ നിങ്ങൾ അതിന്റെകൂടെ ചേരരുത്. അതിനുപകരം ഞാൻ ഇപ്പോൾ പറഞ്ഞ കണക്കുകൾ പറയണം. ഇവിടെ ഹൈസ്കൂളിലെ കുട്ടികൾക്കും ഡിഗ്രിയ്ക്ക് പഠിക്കുന്ന കുട്ടികൾക്കും സ്കോളർഷിപ്പ് കൊടുക്കുന്നുണ്ട് എന്നെല്ലാം പറഞ്ഞുകൊണ്ട് ...... (ബഹളം).....

മി. ചെയർമാൻ: അദ്ദേഹം വഴങ്ങുന്നില്ല. ദയവായി സീറ്റിലിരിക്കൂ....

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മുന്നോക്ക സമുദായ കോർപ്പറേഷൻ രൂപീകരിച്ചതിൽ മൂന്ന് കാര്യങ്ങൾ പ്രധാനമായിട്ടുണ്ട്. വിദ്യാസമുന്നതി, സംരംഭക സമുന്നതി, നൈപുണ്യസമുന്നതി തുടങ്ങിയ മൂന്ന് സ്കോളർഷിപ്പുകൾ ഈ ഗവൺമെന്റ്

വന്നതിനുശേഷമാണ് നടപ്പിലാക്കിയത്. മുന്നോക്ക സമുദായത്തിലെ പാവപ്പെട്ട വർക്ക് സംരംഭങ്ങൾ തുടങ്ങാൻവേണ്ടി ആറുലക്ഷം രൂപ വരെ വായ്പ നൽകിയിട്ടുണ്ട്. ആളുകളുടെ കണക്കുകൾ വേണമെങ്കിൽ നാളെ തരാം, അവരുടെ പേരും ഏത് ജില്ലയുടെതാണെന്നുമുള്ള വിവരം തരാം. കല്ല്യാശ്ശേരിയിലേയും മാവേലിക്കര യിലേയും പൊന്നാനി മണ്ഡലത്തിലേതുമടക്കം അതിനപേക്ഷിച്ച ആളുകളുടെ കണക്കുതരാൻ ഞങ്ങൾ തയ്യാറാണ്. ഇതൊക്കെ നിങ്ങൾക്ക് 10 രൂപ കൊടുത്ത് അപേക്ഷിച്ചുകഴിഞ്ഞാൽ വിവരാവകാശനിയമ പ്രകാരം കിട്ടുന്ന മറുപടിയാണ്. മുന്നോക്കസമുദായത്തിലെ പാവങ്ങൾക്കുവേണ്ടി നിങ്ങൾ എന്തു ചെയ്തു? വെറുതെ ബില്ലുകൊണ്ടുവന്നാൽ മതിയോയെന്ന് നിങ്ങൾ ചോദിച്ചതുകൊണ്ടു മാത്രമാണ് ഞാൻ ഇതുപറയുന്നത്. നൈപുണ്യസമുന്നതി എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ അവിടെ ഉദ്യോഗാർത്ഥികൾക്ക് Advanced Soft Skills and English Language Training, IT, ITES, Banking Finance, Retailing Hospitality Management ഇതിലൊക്കെ പരിശീലനം കൊടുക്കുകയും ജോബ് ഫെയർ സംഘടിപ്പിക്കുകയും 50 ശതമാനത്തിനു മുകളിൽ ആളുകൾക്ക് പ്ലെയ്സ്മെന്റ് കൊടുക്കുകയും ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കിയത് ഈ ഗവൺമെന്റാണ്. ബി.ജെ.പി.ക്കാരും, ശ്രീ. കുമ്മനം രാജശേഖരനും, ശശികല ടീച്ചറും, ശ്രീമതി ശോഭാ സുരേന്ദ്രനുമൊന്നും പറയുന്നതു പോലെയല്ല. മുന്നോക്കസമുദായത്തിലെ പാവപ്പെട്ട ആളുകൾക്ക് ഇത്രയധികം കാര്യങ്ങൾ ഉൾപ്പെടുന്ന ഒരു കോർപ്പറേഷൻ രൂപീകരിച്ച് കൊടുക്കാൻ തയ്യാറായത് ഈ ഗവൺമെന്റാണ്. ഇവിടെ ഇനിയും കുറെ കാര്യങ്ങൾ ചെയ്യുവാനുണ്ട്. സിൻഹ കമ്മീഷൻ റിപ്പോർട്ട് ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. സിൻഹ കമ്മീഷൻ റിപ്പോർട്ട് യാഥാർത്ഥ്യമാകുമ്പോൾ സെൻട്രൽ കോർപ്പറേഷൻ കൂടി നടപ്പിലാക്കണം. കാരണം സ്റ്റേറ്റ് ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ട് മാത്രമാണ് മുന്നോക്കസമുദായ കോർപ്പറേഷനു പ്രവർത്തിക്കാൻവേണ്ടി കിട്ടുന്നത്. അതേ സമയം മറ്റു കോർപ്പറേഷനുകൾക്ക് സെൻട്രൽ കോർപ്പറേഷൻ ഉണ്ടായതുകൊണ്ട് സെൻട്രൽ ഗവൺമെന്റിന്റെ പദ്ധതിയിലും സെൻട്രൽ ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ടിലും നിന്നുമുള്ള ഫണ്ട് കിട്ടും.

കേരള സംസ്ഥാന മുന്നോക്ക സമുദായ വിഭാഗങ്ങൾക്കുവേണ്ടിയുള്ള കമ്മീഷൻ ബില്ലിന്റെ ചുമതലകൾ ഇതിൽ പറയുന്നുണ്ട്. അതിലെ സെക്ഷൻ 9-ൽ, (എ) മുന്നോക്ക വിഭാഗങ്ങളെ കണ്ടെത്തി ഒരു ലിസ്റ്റുണ്ടാക്കണം. അങ്ങനെ കണ്ടെത്താൻ പ്രയാസമുള്ളതുകൊണ്ട് ഗവൺമെന്റ് ഒരു കാര്യം ചെയ്തു. ക്രൈസ്തവ വിഭാഗ

ത്തിലെയും ഹൈന്ദവ സമൂഹത്തിലെയും സംവരണത്തിന്റെ ആനുകൂല്യമില്ലാത്ത മുഴുവൻ വിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഉത്തരവുവഴി അവർക്ക് മുഴുവൻ ആനുകൂല്യങ്ങളും കൊടുത്തു. ഇപ്പോൾ ഈ കമ്മീഷന്റെ ചുമതലയിലേയ്ക്ക് അത് വരികയാണ്. അതോടൊപ്പം തന്നെ, (ബി) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ക്ഷേമകാര്യങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക. (സി) മുന്നോക്ക വിഭാഗമായി ഉൾപ്പെടുത്താനുള്ള ഏതെങ്കിലും വിഭാഗത്തിന്റെ അഭ്യർത്ഥനകൾ പരിശോധിക്കുകയും അതുസംബന്ധിച്ച പരാതികൾ കേൾക്കുകയും ഉചിതമെന്നു തോന്നുന്ന ഉപദേശം സർക്കാരിന് നൽകുകയും ചെയ്യുക. (ഡി) മുന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും സംസ്ഥാനത്ത് അവരുടെ വികസനത്തിലുണ്ടായ പുരോഗതി വിലയിരുത്തുകയും ചെയ്യുക. ഈ കമ്മീഷൻ രൂപീകരിക്കുന്നതിന് മുൻപ് ഇത്തരം സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് ഈ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയും സമഗ്രമായി പരിശോധിക്കുന്നതിനുവേണ്ടിയും ഇത്തരമൊരു കമ്മീഷൻ ഈ ഗവൺമെന്റ് നിശ്ചയദാർഢ്യത്തോടുകൂടി തുല്യനീതി നടപ്പിലാക്കുന്നതിനുവേണ്ടി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾ 40 കോടി രൂപ ഈ സർക്കാർ ബഡ്ജറ്ററി സപ്പോർട്ടായിട്ട് കോർപ്പറേഷന് കൊടുത്തിട്ടുണ്ട്. പക്ഷേ, 40 കോടി രൂപ അപര്യാപ്തമാണ്. അതിനേക്കാൾ കൂടുതലായി ആവശ്യങ്ങളും നിവേദനങ്ങളും വരുമ്പോൾ സെൻട്രൽ കമ്മീഷൻ കൂടി വരികയാണെങ്കിൽ സെൻട്രൽ ഗവൺമെന്റിന്റെ ബഡ്ജറ്ററി സപ്പോർട്ട് കൂടി നമുക്ക് ഇതിന് ലഭിക്കുന്നതായിരിക്കും. അതുപോലെ ഈ സംരംഭത്തിന്റെയും, നൈപുണ്യത്തിന്റെയും, വിദ്യാഭ്യാസ സഹായത്തിന്റെയും കാര്യം വന്നു. ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് ഹെൽത്ത് കെയർ, ഭൂമിയില്ലാത്തവർക്ക് ഭൂമി എന്നിവ കൊടുക്കണം. ബി.പി.എൽ. ലിസ്റ്റിലുള്ള മുന്നോക്കസമുദായങ്ങൾക്ക് പഞ്ചായത്തിലെ ഒരു ആനുകൂല്യത്തിനും അർഹതയില്ല. ഗ്രാമസഭ കൂടുമ്പോൾ വീട് ഇല്ലാത്തവർക്കുള്ള ആനുകൂല്യത്തിന് അപേക്ഷ കൊടുക്കാൻ പറയുമ്പോൾ ബി.പി.എൽ. വിഭാഗത്തിലുള്ളവരാണെങ്കിൽ പ്പോലും മുന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് അപേക്ഷിക്കാൻ കഴിയുകയില്ല, അവർക്ക് അതിന്റെ ആനുകൂല്യം കിട്ടുകയില്ല. അപ്പോൾ മുന്നോക്ക സമുദായത്തിലെ ബി.പി.എൽ.-കാരന് വീട് കിട്ടാൻ, വസ്തു ഇല്ലാത്തവർക്ക് വസ്തു ലഭിക്കാനൊക്കെയുള്ള സംവിധാനങ്ങൾ ഉണ്ടാകണമെങ്കിൽ കൂടുതൽ സാമ്പത്തിക

സഹായം ആവശ്യമാണ്. ഇവിടെ മുമ്പുപറഞ്ഞതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. ഈ ബില്ലിന്റെ പ്രിപ്പറേഷനിൽ ഉദ്ദേശിച്ച കാര്യങ്ങളിൽ ഒരു വീഴ്ച വന്നു. അതിനെക്കുറിച്ച് ശ്രീ. എ. കെ. ബാലന്റെ ക്രമപ്രശ്നം വന്നു. മുഖ്യമന്ത്രി യാതൊരു ദുരഭിമാനവുമില്ലാതെ തെറ്റ് ബോദ്ധ്യപ്പെട്ട് തിരുത്തുകയാണ് ചെയ്തത്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനുശേഷം പ്രതിപക്ഷത്തുള്ളവരിൽ അഞ്ചുപേരാണ് വിയോജനക്കുറിപ്പ് കൊണ്ടുവന്നത്. അന്ന് ചർച്ച നടത്താതെ ഇറങ്ങിപ്പോയി. ഈ വിയോജനക്കുറിപ്പ് ഞാൻ വായിക്കാം. 'മുന്നോക്ക സമുദായത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ...' എന്ന് തുടങ്ങുന്ന ഈ വിയോജനക്കുറിപ്പിൽ എവിടെയെങ്കിലും ഈ ഉദ്ദേശ്യകാരണങ്ങളെ സംബന്ധിച്ച് നിങ്ങൾ ഇവിടെ ക്രമപ്രശ്നമായി ഉന്നയിച്ച ഒരു വാചകമുണ്ടോ? അപ്പോൾ നിങ്ങൾക്കും അതിനകത്ത് വീഴ്ച വന്നു. സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയിൽ നിങ്ങൾ അത് ശ്രദ്ധയിൽ കൊണ്ടുവന്നില്ല. എന്നാൽ ഞങ്ങൾ അത് തിരുത്തി. അതിനെ ദുർവ്യാഖ്യാനം ചെയ്യാൻ ശ്രമിക്കാതെ ആ വീഴ്ച പരസ്പരം അംഗീകരിക്കുകയാണ് നമ്മൾ ചെയ്യേണ്ടത്. പിന്നോക്ക സമുദായക്കാരുടെ കാര്യത്തിൽ നിങ്ങൾ എന്താണ് ചെയ്തത്. നിങ്ങൾ വന്നു നന്നായി പ്രസംഗിക്കും. അടവുനയം തന്ത്രപരമായി വ്യാഖ്യാനിച്ച് മുതലെടുപ്പ് നടത്തും.

പിന്നോക്കക്ഷേമ വകുപ്പ് രൂപീകരിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഇന്ന് ശ്രീ. വി. റ്റി. ബൽറാം അവതരിപ്പിച്ച സബ്മിഷന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. പി. അനിൽകുമാർ ഈ നിയമസഭയിൽ നൽകിയ മറുപടിയിൽനിന്നും കഴിഞ്ഞ നാലര വർഷമായി ഈ ഗവൺമെന്റ് പിന്നോക്ക സമുദായത്തിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കാം. പിന്നോക്കക്ഷേമ വകുപ്പിന് ഡയറക്ടേറ്റ് രൂപീകരിച്ചു, മേഖലാഓഫീസുകൾ കൊണ്ടുവന്നു. ഹിന്ദു സമുദായത്തിലെ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന മുപ്പതോളം സമുദായങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. അവരൊന്നും വലിയ വോട്ട് ബാങ്കുള്ളവരല്ല. ചിലപ്പോൾ ഒരു കോൺസ്റ്റിറ്റ്യൂവൻസിയിൽ ആയിരമോ രണ്ടായിരമോ ആളുകളുണ്ടാകും. അവരുടെ വോട്ട് ബാങ്കിന്റെ ശക്തി നോക്കിയില്ല, ഹൈന്ദവ സമുദായത്തിലെ ഏതാണ്ട് മുപ്പതോളം സമുദായങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകി. വിശ്വകർമ്മ സമുദായത്തിന് എഴുപതോളം മെഡിക്കൽ സീറ്റ് ലഭിച്ചു. വിശ്വകർമ്മ സമുദായത്തിന് രണ്ട് ശതമാനം സംവരണം നിങ്ങൾ കൊണ്ടുവന്നതാണോ; എന്തുകൊണ്ടാണ് നിങ്ങൾ കൊണ്ടുവരാതിരുന്നത്? ഇതൊക്കെ ജനങ്ങളിലേയ്ക്ക് എത്തിച്ചുകഴിഞ്ഞാൽ തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക്

തിരിച്ചടിയുണ്ടാകുമെന്ന് അറിയാം. അതുകൊണ്ടാണ് നിങ്ങൾ ബിജു രാധാകൃഷ്ണൻ, ബിജു രമേശ് എന്നിങ്ങനെ ആവർത്തിച്ച് പറഞ്ഞുനടക്കുന്നത്. ഇതൊക്കെ പറയുമ്പോൾ നിങ്ങൾക്ക് പ്രശ്നമാണ്. കാരണം ധീവര സമുദായത്തിന് രണ്ടുശതമാനം സംവരണം നിങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞില്ല. വിശ്വകർമ്മ സമുദായത്തിന് സംവരണം കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞില്ല. കുടുംബി സമുദായത്തിന് സംവരണം നൽകാൻ നിങ്ങൾക്ക് കഴിഞ്ഞോ? മൺപാത്ര നിർമ്മാണ വിഭാഗത്തിന് ഒരു ശതമാനം സംവരണം നൽകി. നിങ്ങൾ അഞ്ചുകൊല്ലം ഭരിച്ചിട്ട് എന്താണ് ചെയ്തതെന്ന് ആലോചിക്കു. ഒന്നുംചെയ്യാതെ വെറുതെ ഇരുന്നിട്ട് വർത്തമാനം പറയുകയാണ്. വിശ്വകർമ്മ വിഭാഗത്തിലെ 60 വയസ്സുകഴിഞ്ഞ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യേക ക്ഷേമപെൻഷൻ കൊടുത്തു. ഭൂമിയുടെ സൃഷ്ടാക്കളായ വിശ്വകർമ്മ വിഭാഗത്തിന് ക്ഷേമപെൻഷൻ പദ്ധതി നടപ്പിലാക്കി, 316 ലക്ഷം രൂപ അനുവദിച്ചു. പരമ്പരാഗത ബാർബർ ജോലി ചെയ്യുന്ന ഹിന്ദു വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് 25,000 രൂപവരെ ഗ്രാന്റ് കൊടുത്തു. ഈ സഭ അറിയേണ്ട കാര്യമാണ്. ഈ സഭയിൽ അനാവശ്യ കാര്യങ്ങൾ പറയുമല്ലോ. നല്ല കാര്യങ്ങൾകൂടി പറയട്ടെ. ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട, 6 ലക്ഷം രൂപയിൽ അധികരിക്കാത്ത വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപവരെ വിദേശപഠനത്തിന് ഓവർസീസ് സ്കോളർഷിപ്പ് അനുവദിച്ചു. ചെയറിലിരിക്കുന്ന അങ്ങ് വേടർ സമുദായത്തിനുവേണ്ടി വാദിക്കുന്ന ആളല്ലേ. അവർക്കെല്ലാം ആനുകൂല്യങ്ങൾ കൊടുത്തത് ഈ ഗവൺമെന്റല്ലേ? ലോകത്ത് ആദ്യമായി കർഷക സമരത്തിന് നേതൃത്വം കൊടുത്ത മഹാനായ അയ്യങ്കാളി 'എന്റെ സമുദായത്തിൽനിന്നും ബി.എ ബിരുദം നേടിയ പത്തുപേർ ഉണ്ടായിക്കാണണം, അതെന്റെ സ്വപ്നമാണ് ' എന്നുപറഞ്ഞു. ഇവിടെ എൻ.എസ്.എസ്.-നും എസ്.എൻ.ഡി.പി.-ക്കും എം.ഇ.എസ്.-നും മറ്റെല്ലാ സഭകൾക്കും കോളേജുണ്ട്. എന്നാൽ ഈ ഗവൺമെന്റ് വരുന്നതുവരെ കേരളത്തിൽ ഒരു പട്ടികജാതി സമുദായത്തിനും ഒരു എയ്ഡഡ് കോളേജ് ഇല്ലായിരുന്നു. ഈ ഗവൺമെന്റ് പട്ടികജാതി വിഭാഗത്തിൽപ്പെട്ട സമുദായങ്ങൾക്ക് മൂന്ന് എയ്ഡഡ് കോളേജുകൾ അനുവദിച്ചു. നിങ്ങൾ വെറുതെ വർത്തമാനം പറഞ്ഞാൽ മതിയോ? ഇതൊക്കെ ജനങ്ങളോട് പറയാൻ പോയാൽ കുഴപ്പമാകും. നേരത്തെ പറഞ്ഞ മഹാന്മാരുടെ പേരുകൾ നിയമസഭാ രേഖയിൽ ആവർത്തിച്ചുവരുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ പേരുപറയുന്നില്ല. നിങ്ങൾ ആ മഹത്തുക്കളുടെ പേരുംപറഞ്ഞ് നടക്കുകയാണ്. അയ്യങ്കാളിയുടെ പേരിൽ

പത്തനാപുരത്ത് കോളേജ് അനുവദിച്ച ഐക്യ ജനാധിപത്യ മുന്നണിയുടെ സർക്കാരാണ് കേരളത്തിലുള്ളത്. പാലക്കാട് മെഡിക്കൽ കോളേജ് ഈ ഗവൺമെന്റല്ലേ കൊണ്ടുവന്നത്; 70 ശതമാനം സീറ്റ് പട്ടികജാതിക്കാർക്ക് നീക്കിവച്ചുകൊണ്ട് മെഡിക്കൽ കോളേജ് അനുവദിച്ചില്ലേ? കെ.പി.എം.എസ്.-ന് കോളേജ് കൊടുത്തില്ലേ? ബി.ജെ.പി.-യും സംഘ്പരിവാറും പറയുന്നത് ശരിയാണോ; ശ്രീ. കുമ്മനം രാജശേഖരനും ശശികല ടീച്ചറും പറയുന്നത് ശരിയാണോ? ഈ സമുദായങ്ങൾക്ക് ഇത്രയധികം ആനുകൂല്യങ്ങൾ, കാലങ്ങളായി അവർ അനുഭവിച്ചിരുന്ന അവഗണനകൾക്കെല്ലാം നാലര വർഷംകൊണ്ട് പരിഹാരം കാണാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ്.

ശ്രീ. രാജു എബ്രഹാം: .......... ( മൈക്ക് ഓഫ്)

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പറഞ്ഞതിനോട് അങ്ങ് യോജിക്കുകയാണെന്ന് അറിയാം. എന്നെ അഭിനന്ദിക്കാനാണ് ശ്രമിക്കുന്നത് എന്നറിയാം. പക്ഷേ സമയമില്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇത്രയും നല്ല കാര്യങ്ങൾ പറയുന്ന എന്നെ അഭിനന്ദിക്കാതിരിക്കാൻ കഴിയുമോ? എന്നെ അഭിനന്ദിക്കാൻ എഴുന്നേറ്റ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. ഇവിടെ ന്യൂനപക്ഷങ്ങൾക്കുവേണ്ടി അനർഹമായി ഒന്നും ചെയ്തിട്ടില്ല. എന്നാൽ പട്ടികജാതിക്കാർക്കും പിന്നോക്കക്കാർക്കും ഭൂരിപക്ഷ സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും കാലാകാലങ്ങളായി നിഷേധിച്ച അവകാശങ്ങൾ അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞ നിശ്ചയദാർഢ്യത്തോടുകൂടിയാണ് ഈ ബിൽ സഭയുടെ മുൻപാകെ കൊണ്ടുവരുന്നത്. ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങേയ്ക്ക് 1 (എ) നമ്പർ ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഞാൻ 1(എ) ഭേദഗതിയെ അനുകൂലിക്കുന്നു. നമ്മുടെ നിയമസഭയുടെ ചരിത്രത്തിൽ ധാരാളം ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ കേരള നിയമസഭയുടെ ചരിത്രത്തിൽ എന്നല്ല ഇന്ത്യയിലെ ഒരു നിയമസഭയുടെ ചരിത്രത്തിലും ഭരണഘടനാവിരുദ്ധമായ ഒരു ബിൽ ഇതുവരെ അവതരിപ്പിക്കപ്പെട്ടിട്ടില്ല. ഭരണഘടനാവിരുദ്ധമായ ഒരു ബിൽ അവതരിപ്പിച്ച് ചരിത്രത്തിൽ ഇടംനേടി എന്നതല്ലാതെ നാടിനുവേണ്ടി യാതൊരു നേട്ടവും ഉണ്ടാക്കിയിട്ടില്ല എന്നുള്ളതാണ് ഈ ബില്ലിന്റെ ഏറ്റവും വലിയ

പ്രത്യേകത. ഭരണഘടനാവിരുദ്ധമായ ബിൽ എന്നുപറയാൻ കാരണം, ഞങ്ങൾ ഇവിടെ ക്രമപ്രശ്നം ഉന്നയിച്ചപ്പോഴും വിശദീകരണക്കുറിപ്പ് നൽകി വീണ്ടും ഉന്നയിക്കുമ്പോഴും പല ആളുകൾക്കും വിരോധമാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് ആണെങ്കിൽ മഹാവിഷ്ണുവിന്റെ അവതാരമെടുത്തതുപോലെയാണ്. അദ്ദേഹത്തിന്റെ പാർട്ടി അവതരിച്ചതിനുശേഷമാണ് കേരളത്തിൽ എല്ലാം ഉണ്ടായത്. കഴിഞ്ഞ 5 വർഷം ഞങ്ങൾ എന്തുചെയ്തു എന്നാണ് ശ്രീ. പി.സി. വിഷ്ണുനാഥ് ചോദിക്കുന്നത്. ഞങ്ങൾ വാക്കൗട്ട് നടത്തിയതിൽ അദ്ദേഹത്തിന് വലിയ വിഷമമാണ്. ഞങ്ങൾ അഴിമതിക്കും വിലക്കയറ്റത്തിനുമെതിരെ വാക്കൗട്ട് നടത്തി. വർഗ്ഗീയതക്കെതിരെ പല കാര്യങ്ങളും ചെയ്തു. നിങ്ങൾ പാർലമെന്റിൽ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത്? നാഷണൽ ഹെറാൾഡ് അഴിമതി നടത്തിയവർക്കുവേണ്ടി, അഴിമതി തുടച്ചുനീക്കിയവർക്കുവേണ്ടി നടുത്തളത്തിൽ ഇറങ്ങി കോൺഗ്രസ്സുകാർ XXX*. നാഷണൽ ഹെറാൾഡ് കേസിൽ അഴിമതി നടത്തിയവർക്കുവേണ്ടി വാദിക്കുന്നവരാണ് ഇവിടെ ഞങ്ങൾ വാക്കൗട്ട് നടത്തിയതിനെക്കുറിച്ച് പറയുന്നത്. പ്രതിപക്ഷം ഭരണഘടനാപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, നാഷണൽ ഹെറാൾഡ് കേസ് എന്താണെന്ന് ആദ്യം മനസ്സിലാക്കണം. ആ കേസ് അന്വേഷിച്ച് കഴമ്പില്ലായെന്ന് മനസ്സിലാക്കി തള്ളിക്കളഞ്ഞപ്പോൾ പുതിയൊരു ഡയറക്ടറെ നിയമിച്ച് വീണ്ടും അന്വേഷിക്കുകയും അതിന്റെ പേരിൽ ശ്രീ. സുബ്രഹ്മണ്യം സ്വാമിയെക്കൊണ്ട് വീണ്ടുമൊരു കേസ് കൊടുപ്പിക്കുകയും ചെയ്തു. കോടതി പറയുന്നതിനോട് ഞങ്ങൾ എതിരല്ല. പക്ഷേ ബോധപൂർവ്വം ബി.ജെ.പി. ഗവൺമെന്റ് കോൺഗ്രസ്സിന്റെ നേതാവ് ശ്രീമതി സോണിയാ ഗാന്ധിക്കും ശ്രീ. രാഹുൽ ഗാന്ധിക്കുമെതിരെ രാഷ്ട്രീയ പകപോക്കൽ നടത്തുകയാണ്. അതിനെതിരായിട്ടാണ് ഞങ്ങൾ ശക്തമായ സമരം സംഘടിപ്പിച്ചിട്ടുള്ളത്.

ശ്രീ. രാജു എബ്രഹാം: സർ, 2,000 കോടി രൂപയുടെ നാഷണൽ ഹെറാൾഡ് ശ്രീമതി സോണിയാ ഗാന്ധിയും മകനുംകൂടി 96 കോടി രൂപയ്ക്കുവാങ്ങി എന്നുപറഞ്ഞാൽ അത് തട്ടിപ്പോ വെട്ടിപ്പോ അല്ലെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

---

* പിൻവലിച്ചു.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ആ 96 കോടി രൂപ അദ്ദേഹംതന്നെ ട്രഷറർ ആയിരിക്കുന്ന കോൺഗ്രസ്സിന്റെ ഫണ്ടിൽനിന്നും കടമായി വാങ്ങിക്കൊടുക്കുകയാണ് ചെയ്തത് എന്ന കാര്യംകൂടി അറിയണം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം വി. എസ്. സുനിൽകുമാർ നാഷണൽ ഹെറാൾഡ് കേസ്സുമായി ബന്ധപ്പെട്ട് ഇന്ത്യൻ പാർലമെന്റിൽ കോൺഗ്രസ്സുകാരായ പാർലമെന്റംഗങ്ങൾ നടുത്തളത്തിൽ XXX* എന്നുള്ള പരാമർശം നടത്തുകയുണ്ടായി. ഇന്ത്യൻ പാർലമെന്റിനും പാർലമെന്റംഗങ്ങൾക്കും അപമാനകരമായ ആ പ്രസ്താവന ഒന്നുകിൽ പിൻവലിക്കണം അല്ലെങ്കിൽ ബഹുമാനപ്പെട്ട ചെയർ രേഖകളിൽനിന്നും നീക്കം ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ആ പദം പിൻവലിക്കുന്നു. നാണംകെട്ട് പാർലമെന്റിൽ സമരം നടത്തുകയാണ് എന്നു പറയുന്നു. നിങ്ങളും പ്രസംഗിക്കുമ്പോൾ നിലവാരം പുലർത്തണം. ഞങ്ങൾ വാക്കൗട്ട് നടത്തിയത് തോന്ന്യാസത്തിനു വേണ്ടിയാണോ; ഞങ്ങൾ വേറെ വല്ല കേസും പറഞ്ഞ് വാക്കൗട്ട് നടത്തിയോ? അത് പറഞ്ഞപ്പോൾ ശ്രീ. വി. ഡി. സതീശൻ എവിടെയായിരുന്നു; പ്രതിപക്ഷത്തിന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിനെ അപഹസിക്കുമ്പോൾ തിരിച്ചുകിട്ടുമെന്ന് ആലോചിക്കണം. ഞാൻ ശ്രീ. വി. ഡി. സതീശനെ ബഹുമാനിക്കാതെ പറയുന്നതല്ല. ഞാൻ താങ്കളെ ബഹുമാനിക്കുന്ന ഒരാളായതുകൊണ്ട് പറയുന്നതാണ്. ഒരു കേസ് അന്വേഷിച്ചു കണ്ടെത്തി യില്ലായെന്നും രണ്ടാമത് അന്വേഷിച്ചുവെന്നും ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി പറഞ്ഞു. ഇവിടെ നടന്നത് എന്തായിരുന്നു; അദ്ദേഹത്തിന്റെ പോലീസ് അന്വേഷിച്ച് നിരപരാധിയാണെന്ന് പറഞ്ഞു. പക്ഷേ ബഹുമാനപ്പെട്ട കോടതി എന്താണ് പറഞ്ഞത്? രാജിവച്ച് പുറത്തിരിക്കുകയല്ലേ. അപ്പോൾ കോൺഗ്രസ്സുകാർ നിരപരാധികളാക്കാൻ വളരെ മിടുക്കന്മാരാണ്. 2 ജി സ്പെക്ട്രം കേസ്സിൽ എന്തായിരുന്നു സ്ഥിതി; ആരെയൊക്കെ നിരപാരാധികളാക്കി? അഴിമതി നടത്തിയിട്ടുള്ള ആളുകൾ അഴിമതി മൂടിവയ്ക്കാൻവേണ്ടി ഭരണമുപയോഗിച്ച ചരിത്രമൊക്കെയുണ്ട്. ബി.ജെ.പി.-ക്കാർ ചെയ്യുന്നതിനോട് യോജിച്ചുകൊണ്ട് പറയുകയല്ല. പക്ഷേ ഞങ്ങൾ ഇവിടെ ചെയ്യുന്ന കാര്യങ്ങളെ അപഹസിക്കുമ്പോൾ തിരിച്ചും ചില കാര്യങ്ങളുണ്ടാകുമെന്ന് ഓർക്കണം. ഒരു വിരൽ ഇങ്ങോട്ട് ചൂണ്ടുമ്പോൾ നാലു വിരലുകൾ അങ്ങോട്ടാണ് എന്നുള്ള കാര്യംകൂടി ശ്രീ. പി. സി.

* പിൻവലിച്ചു.

വിഷ്ണനാഥ് ഓർക്കണം. അതുകൊണ്ട് പറഞ്ഞതാണ്. ഞാൻ ഇവിടെ പറയാൻ ഉദ്ദേശിച്ച കാര്യമായിരുന്നില്ല. ആ വിഷയത്തിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. പറയുമ്പോൾ എല്ലാവരുടേയും പേരുകൾ പറയണം. ഇന്ന് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ ഉന്നയിക്കപ്പെട്ട കാര്യത്തെക്കുറിച്ച് ശ്രീ റ്റി. വി. രാജേഷ് പറഞ്ഞു, ആർ.എസ്.എസ്.-ന്റെ വിചാരധാരയിൽ പറയുന്ന കാര്യമാണ്. ആർ.എസ്.എസ്.-ന്റെ നേതാവായ ശ്രീ. മോഹൻ ഭാഗവത് ഇന്ത്യയിൽ വാസ്തവത്തിൽ ജാതി വിവേചനമില്ല, അതുകൊണ്ട് സംവരണം അസമത്വമാണ്, അത് എടുത്തുകളയണമെന്ന് ഒരു ഇന്റർവ്യൂവിൽ പറഞ്ഞ അതേ വാക്കുകളാണ് ഇതിൽ എഴുതിച്ചേർത്തിരിക്കുന്നത്. മാത്രമല്ല മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയ സമയത്ത് പാവപ്പെട്ട പിന്നോക്കക്കാർക്ക് സംവരണം കൊടുക്കുന്നത് മുന്നോക്കക്കാരുടെ അവസരം നിഷേധിക്കപ്പെട്ടുമെന്ന് പറഞ്ഞ് കലാപമുണ്ടാക്കിയവർ ഉയർത്തിയ അതേ വാദഗതിയാണ് ഈ ബില്ലിൽ വന്നിരിക്കുന്നത്. ഇത് യാദൃശ്ചികമാണോ? സാധാരണ നിലയിൽ ഒരു ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളോ, വകുപ്പുകളോ, ചട്ടങ്ങളോ ഭരണഘടനാവിരുദ്ധമാണോ എന്ന് പരിശോധിക്കേണ്ട ഉത്തരവാദിത്വം നിയമ വകുപ്പിനാണ്. നിയമ വകുപ്പ് അത് പരിശോധിച്ചിട്ടുണ്ടോ; ഇത് പൈലറ്റ് ചെയ്ത മന്ത്രിയും അദ്ദേഹത്തിന്റെ വകുപ്പും പരിശോധിച്ചോ? ഇത് യാദൃശ്ചികമായി വന്നതാണെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. ഇതൊരു മനോഭാവത്തിന്റെ ഉള്ളിൽനിന്നും വന്ന കാര്യമാണ്. ഇവിടെ പറഞ്ഞത്, നിങ്ങൾ എന്തുകൊണ്ട് അപ്പോൾ ഉന്നയിച്ചില്ല എന്നാണ്. ഞങ്ങളുടെ വിയോജനക്കുറിപ്പിൽ ഇത് ഭരണഘടനാ വിരുദ്ധമാണെന്നും ദിശാബോധമില്ലാത്ത ബിൽ ആണെന്നും വ്യക്തമായി പറയുന്നുണ്ട്. നിങ്ങൾ കൊണ്ടുവന്ന ബില്ലിലെ അപാകത ഞങ്ങൾ കണ്ടുപിടിച്ചില്ലെന്ന് നിങ്ങൾ പറയുകയാണ്. നിയമ വകുപ്പ് സെക്രട്ടറി മാത്രമല്ല, വെള്ള ഖദർ മുണ്ടിനുള്ളിൽ കാക്കി ട്രൗസറിട്ട ഏതോ ആളുകൾ ഇവിടെ ഇരിക്കുന്നുണ്ട്. അവരെ കണ്ടുപിടിക്കണം. ഇത് ആദ്യത്തെ സംഭവമല്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, ഈ ബിൽ പൈലറ്റ് ചെയ്തപ്പോഴോ നിയമ വകുപ്പ് പരിശോധിച്ചപ്പോഴോ ഈ അപാകത കണ്ടുപിടിച്ചില്ല എന്നുപറഞ്ഞു. ശ്രീ. വി. എസ്. സുനിൽകുമാർ, അങ്ങയുടെ മുന്നണിയിലെ എം.എൽ.എ.മാർ സബ്ജക്ട് കമ്മിറ്റിയിൽ വന്ന് ഡിസന്റ് എഴുതിയതാണ്. ഈ ബിൽ വായിച്ച് ഡിസന്റ് എഴുതിയപ്പോൾ ഇത് കണ്ടുപിടിച്ചില്ല. നിങ്ങളുടെ എം.എൽ.എ.മാർ ആരെങ്കിലും അവരുടെ വെള്ള വസ്ത്രത്തിനടിയിൽ കാവി വസ്ത്രമിട്ടിട്ടുണ്ടെന്ന് വ്യാഖ്യാനിച്ചാൽ ശരിയാകുമോ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, ഞങ്ങൾക്ക് നിയമ വകുപ്പിന്റെ ചുമതല ഇല്ല. ഡിസന്റ് എഴുതേണ്ടതും പ്രസംഗിക്കേണ്ടതും എന്താണെന്ന് ഞങ്ങൾ തീരുമാനിക്കും. നിങ്ങളെ വട്ടത്തിലാക്കുകയാണെന്ന് വിചാരിച്ചോളൂ, ബുദ്ധിമുട്ടുണ്ടോ? പിൻവലിച്ചുപോയില്ലേ, എന്താണ് കാരണം? നിങ്ങൾക്ക് നേരത്തെ ചെയ്യാമായിരുന്നില്ലേ? വെറുതെ വീണിടത്ത് കിടന്ന് ഉരുണ്ട് അധികം മണ്ണാക്കേണ്ട ശ്രീ. ടി. എൻ. പ്രതാപൻ. ഗവൺമെന്റിന്റെ ജോലി നിങ്ങൾ ചെയ്തില്ലെങ്കിൽ ഞങ്ങളുടെ ജോലി ഞങ്ങൾ ചെയ്യും. അതാണ് ഞങ്ങളിവിടെ ചെയ്തത്. ഞങ്ങളിത് ചെയ്തതുകൊണ്ടാണ് ഇത് വന്നത്. അല്ലെങ്കിൽ നിങ്ങൾ ഈ രാജ്യത്തിന് അപമാനമാകുമായിരുന്നു.

ശ്രീ. രാജു എബ്രഹാം: സർ, നിയമ വകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ മാത്രം തലയിൽ വച്ചുകെട്ടാനുള്ള ശ്രമമല്ല നമ്മൾ നടത്തേണ്ടത്. മന്ത്രിമാരും ഭരണകക്ഷിയിലെ ചില എം.എൽ.എ.മാരും അറിഞ്ഞുകൊണ്ട് ബോധപൂർവം എഴുതിയതാണെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, തീർച്ചയായും. ഇത് പൈലറ്റ് ചെയ്തിട്ടുള്ള മന്ത്രി സത്യപ്രതിജ്ഞാ ലംഘനം നടത്തിയിരിക്കുകയാണ്. ഭരണഘടനാപരമായി തന്റെ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ട മന്ത്രിയുടെ മുന്നിൽ ഫയൽ വരുമ്പോൾ അദ്ദേഹം ഒപ്പിടണം, നിയമ കാര്യവകുപ്പും ബന്ധപ്പെട്ട വകുപ്പും പരിശോധിക്കണം, പദാനുപദം നോക്കണം. ഇത്രയൊക്കെ ചെയ്തിട്ടും നിങ്ങൾ കണ്ടുപിടിക്കാത്ത കാര്യം ഞങ്ങൾ കണ്ടുപിടിച്ച് ഇവിടെ ചർച്ചയ്ക്ക് വന്നപ്പോൾ നിങ്ങളുടെയുംകൂടി കുറ്റമാണ് എന്നുപറയുന്ന ഏർപ്പാട് വേണ്ട, ആ ന്യായമൊന്നും ഇവിടെ വേണ്ട. ഞാൻ നിയമസഭയിൽ ഒരു സബ്മിഷൻ അവതരിപ്പിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് മറുപടി പറഞ്ഞത്. കേരളത്തിലെ എയ്ഡഡ് സ്കൂൾ/കോളേജുകളിൽ പട്ടികജാതിക്കാരും പട്ടികവർഗ്ഗക്കാരുമായി എത്ര പേരുണ്ട് എന്ന ചോദ്യം സഖാവ് എ. കെ. ബാലൻ ഇവിടെ ചോദിച്ചിരുന്നു. 1 ലക്ഷത്തിലധികം എയ്ഡഡ് സ്കൂൾ അദ്ധ്യാപകരിൽ 239 പേരും 6800 സർക്കാർ എയ്ഡഡ് കോളേജ് അദ്ധ്യാപകരിൽ 39 പേരും പട്ടികജാതിക്കാരാണെന്ന മറുപടിയാണ് ലഭിച്ചത്. 2013-ലെ ഹൈക്കോടതി വിധി പറയുന്നത് സർക്കാർ എയ്ഡഡ് സ്കൂളുകളിൽ സംവരണം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ്. അതിനെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, ഇവിടെ ന്യൂനപക്ഷ സ്കൂളുകളും കോളേജുകളുമാണ് അധികമെന്നുള്ളതുകൊണ്ടും

ബാക്കി വരുന്ന സ്കൂളുകളും കോളേജുകളും മറ്റ് മതവിഭാഗത്തിന്റേതായതുകൊണ്ടും ഈ സംവരണം അവിടെമാത്രം നടപ്പാക്കുന്നത് തെറ്റായിരിക്കുമെന്ന ഉപദേശമാണ് നിയമ വകുപ്പ് നൽകിയിരിക്കുന്നത് എന്നാണ്. ആ ഉപദേശം പുനഃപരിശോധിക്കണമെന്ന് മുഖ്യമന്ത്രിയോട് ഞാൻ പറഞ്ഞിരുന്നു. ഇവിടെ ഒരുസ്ഥലത്തും സംവരണം വേണ്ടെന്ന് വിചാരിക്കുന്ന സവർണ്ണരായിട്ടുള്ള കുറെ ആളുകൾ നിയമോപദേശം നൽകിയിരിക്കുന്ന നിയമ വകുപ്പിലുണ്ട്, ആർ.എസ്.എസ്.-ന്റെ പ്രേതം അവിടെ കൂടിയിരിക്കുകയാണ്, ഈ ഗവൺമെന്റിൽ ഇരിക്കുകയാണ്. ഇന്ന് മുഖ്യമന്ത്രി ഞങ്ങൾക്കെതിരെ എന്തൊക്കെ പറഞ്ഞു. ആർ. ശങ്കറിന്റെ പ്രതിമ അനാച്ഛാദന ചടങ്ങിൽ എന്തുകൊണ്ട് അദ്ദേഹത്തെ വിളിച്ചില്ല എന്നതുമായി ബന്ധപ്പെട്ട് അദ്ദേഹം കുറ്റപ്പെടുത്താൻ ശ്രമിച്ചത് ഞങ്ങളെയാണ്. ഒരക്ഷരം ആർ.എസ്.എസ്.-നെതിരെ പറയാൻ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്ക് നട്ടെല്ലുണ്ടായോ? തൊഗാഡിയയുടെ കേസ് പിൻവലിച്ചുകൊടുക്കാൻ ഒരു മടിയുമില്ലാത്ത മുഖ്യമന്ത്രിക്ക് ആർ.എസ്.എസ്.-നെതിരെ മിണ്ടാൻ പനിക്കും, മിണ്ടിയിില്ലല്ലോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, മഹാത്മാഗാന്ധിയെയല്ല പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയാണ് വധിക്കേണ്ടത് എന്നുപറഞ്ഞതിനുശേഷം ഏതെങ്കിലും കോൺഗ്രസുകാരൻ ഇതുവരെ പ്രതികരിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. എസ്. സുനിൽകുമാർ:</u> സർ, കോൺഗ്രസുകാർ പ്രതികരിക്കില്ല. അവരുടെ കാലിനടിയിലെ മണ്ണ് പോകുന്നത് കണ്ടപ്പോൾ .......

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഇന്ന് നിയമസഭയിലുണ്ടായ ചർച്ച നമ്മളെല്ലാവരും കേട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയമസഭയിലെ ഇന്നത്തെ പ്രസംഗം സഭാരേഖയിലുള്ളതാണ്. ബഹുമാനപ്പെട്ട ചെയർ അത് പരിശോധിക്കണം. കെ.പി.സി.സി.-യുടെ പ്രസിഡന്റായിരുന്ന, ഐക്യകേരളം രൂപീകരിച്ചതിനുശേഷമുള്ള കോൺഗ്രസിന്റെ ആദ്യ മുഖ്യമന്ത്രിയായിരുന്ന ആർ. ശങ്കറിനെ ആർ.എസ്.എസ്.ന്റെ പാളയത്തിൽ കൊണ്ടുകെട്ടാൻ ഒരു ശക്തിവിചാരിച്ചാലും നടക്കില്ലെന്ന് നാല് തവണയെങ്കിലും പ്രസംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനുശേഷം ആർ.എസ്.എസ്.-നെതിരെ ഒരക്ഷരം പറഞ്ഞില്ല എന്നൊക്കെ പറഞ്ഞ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ? ബഹുമാനപ്പെട്ട ചെയർ അത് പരിശോധിച്ച് രേഖയിൽനിന്ന് നീക്കം ചെയ്യണം.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഈ സഭയിലുള്ള ഞങ്ങളാരും അത് കേട്ടില്ല. ഈ സഭയിൽ ഞങ്ങളെ കുറ്റപ്പെടുത്താനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചത്. ആർ. ശങ്കറിന്റെ പ്രതിമ അനാച്ഛാദന ചടങ്ങിൽ മുഖ്യമന്ത്രിയെ പങ്കെടുപ്പിക്കാത്തതിൽ പ്രതിഷേധം അറിയിച്ചവരല്ലേ ഞങ്ങൾ. അവിടെ അദ്ദേഹത്തെ ക്ഷണിക്കാത്തത് തെറ്റായിപ്പോയിയെന്ന് പറഞ്ഞവരല്ലേ ഞങ്ങൾ. ഇപ്പോഴും അദ്ദേഹം വെളിപ്പെടുത്താത്തത് എന്താണ്? അദ്ദേഹം ഒരു അഭിമുഖത്തിൽ പറഞ്ഞത് വെള്ളാപ്പള്ളി നടേശൻ നിരപരാധിയാണെന്നാണ്. ബി.ജെ.പി.-യും പ്രധാനമന്ത്രിയുടെ ഓഫീസുമാണ് ഇതിനുപിന്നിലെന്ന് അദ്ദേഹം പറഞ്ഞതായി ഒരു ഇംഗ്ലീഷ് വാരികയിൽ വന്നിട്ടുണ്ട്. അദ്ദേഹം വെള്ളാപ്പള്ളി നടേശനെ വെള്ള പൂശിക്കൊണ്ടിരിക്കുകയാണ്. വെള്ളാപ്പള്ളി നടേശനെതിരെ ഒരക്ഷരവുംമിണ്ടാൻഅദ്ദേഹത്തിനിപ്പോഴും ധൈര്യമില്ല. ആർ.എസ്.എസ്.-നെതിരെ മിണ്ടാൻ അദ്ദേഹത്തിന് ധൈര്യമില്ല. തൊഗാഡിയയുടെ കേസ് പിൻവലിച്ചു കൊടുക്കാൻ ഒരു പ്രശ്നവുമില്ല. എം.ജി. കോളേജിലെ സംഭവവുമായി ബന്ധപ്പെട്ട് പോലീസുകാർക്കെതിരായ കേസ് പിൻവലിച്ചുകൊടുക്കാൻ ഒരു പ്രശ്നവുമില്ല. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുവരെ ഇവരുടെ വിചാരം ഇടതുപക്ഷത്തിന്റെ കാലിനടിയിലെ മണ്ണുപോയി, ഞങ്ങൾ വീഴും, അവർ ജയിക്കും എന്നുള്ളതായിരുന്നു. പക്ഷേ തിരിച്ച് സംഭവിച്ചപ്പോൾ ഒരു തന്ത്രമെന്ന നിലയിൽ ഒരു ആക്ടിങ് ബി.ജെ.പി.-ക്കും ആർ.എസ്.എസ്.-നുമെതിരെ ഇപ്പോൾ മുന കൂർപ്പിച്ചുകൊണ്ടുവരികയാണ്. ആത്മാർത്ഥമായി ആർ.എസ്.എസ്.നെയും ബി.ജെ.പി.-യെയും എതിർക്കാൻ ഇവർക്ക് ഇഷ്ടമില്ല. അതിനുള്ള ധൈര്യവും ഇവർക്കില്ല.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ആർ.എസ്.എസ്.നെ സഹായിക്കുന്നതാണ്. 'സെക്രട്ടേറിയറ്റിൽ ബി.ജെ.പി. നേതാവിന് മുഖ്യമന്ത്രിയുടെ പുനർനിയമനം'- പത്രവാർത്തയാണ്. സെക്രട്ടേറിയറ്റിലെ ബി.ജെ.പി. അനുകൂല സംഘടനയായ സെക്രട്ടേറിയറ്റ് എംപ്ലോയീസ് സംഘിന്റെ രക്ഷാധികാരി കെ. രാധാകൃഷ്ണന് വിരമിക്കൽ കാലാവധി കഴിഞ്ഞതിനുശേഷം മുഖ്യമന്ത്രി സംഘ്പരിവാറിനോട് കൂറ് കാണിച്ച് അദ്ദേഹത്തിന് കാലാവധി എക്സ്റ്റന്റ് ചെയ്ത് കൊടുത്തിരിക്കുന്നു. ഇതും ആർ.എസ്.എസുമായുള്ള ബന്ധത്തിന്റെ തെളിവല്ലേ?

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: സർ, ആർ.എസ്.എസ്.-ന്റെ ഔദ്യോഗിക നയം ഒരു നിയമത്തിന്റെ ഉദ്ദേശ്യകാരണത്തിൽ ചേർക്കാൻ മാത്രം ധൈര്യം കാണിച്ച ഗവൺമെന്റിനും അതിന്റെ മന്ത്രിക്കും ആർ.എസ്.എസ്.-ന്റെ ഒരു

പ്രവർത്തകനെ ഉദ്യോഗസ്ഥനായി വയ്ക്കുന്നതിന് മടിയുണ്ടാകുമോ? കാലാവധി കഴിഞ്ഞവരെ മാത്രമല്ല, ചിലപ്പോൾ മരിച്ചുപോയവരെയും തിരിച്ചുകൊണ്ടുവരും. അത്രയ്ക്ക് മിടുക്കൻമാരാണ്. മണ്ഡൽ കമ്മീഷന്റെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചില്ലേ? ഇവിടെ സംവരണത്തിനുവേണ്ടി മണ്ഡൽ കമ്മീഷൻ നടപ്പാക്കാൻ ശ്രമിച്ചപ്പോൾ അന്ന് വി.പി. സിംഗ് ഗവൺമെന്റിനെ താഴെയിറക്കാൻവേണ്ടി നിങ്ങൾ ആർ.എസ്.എസ്.-നോടൊപ്പം കൂടിയവരല്ലേ? ശ്രീ. സി. പി. മുഹമ്മദ്, അങ്ങ് ഞാൻ പറയുന്നത് കേൾക്കണം, അങ്ങ് ചരിത്രകാരനല്ലേ, ശ്രീ. സി. പി. മുഹമ്മദ് ചരിത്രകാരനാണ്, എനിക്കറിയാം. പാർലമെന്റിൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് നടന്ന കലാപത്തിനുശേഷം വി. പി. സിംഗ് ഇന്ത്യൻ പാർലമെന്റിൽ വിശ്വാസപ്രമേയം അവതരിപ്പിച്ചപ്പോൾ ബി.ജെ.പി.യോടൊപ്പം വോട്ട് ചെയ്ത രാഷ്ട്രീയപ്പാർട്ടി കോൺഗ്രസായിരുന്നു. അത് ചരിത്രമാണ്. ഞാനോ ശ്രീ. സി. പി. മുഹമ്മദോ വിചാരിച്ചാൽ അത് നിഷേധിക്കാൻ കഴിയില്ല. ഇപ്പോൾ നിങ്ങൾ മുന്നോക്ക ജനവിഭാഗത്തിലെ പിന്നോക്കക്കാർക്കുവേണ്ടി കൊണ്ടുവരുന്ന കാര്യം ഞങ്ങൾ നായനാർ ഗവൺമെന്റിന്റെ കാലത്ത് പറഞ്ഞതല്ലേ? ഞങ്ങൾ ഒരു പ്രമേയം പാസാക്കി അയച്ചില്ലേ? നിങ്ങളുടെ ഗവൺമെന്റ് സർവ്വപ്രതാപിയായി അവിടെ ഇരിക്കുമ്പോൾ ഭരണഘടനാ ഭേദഗതി വരുത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടില്ലേ? 50 ശതമാനത്തിന് പുറമേ മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സംവരണം ഏർപ്പെടുത്താൻ വേണ്ടിയുള്ള ഭരണഘടനാ ഭേദഗതി വേണമെന്നാവശ്യപ്പെട്ടുകൊണ്ട് നിയമസഭ പാസ്സാക്കിയിട്ടുള്ള പ്രമേയം നിങ്ങളുടെ ഗവൺമെന്റിന് അയച്ചുകൊടുത്തത് ചവറ്റുകുട്ടയിലെറിഞ്ഞിട്ട് ഇപ്പോൾ ഒരു കമ്മീഷനുണ്ടാക്കി ഞെളിഞ്ഞിരിക്കുകയാണ്. ഇതൊന്നും യാതൊരു അർത്ഥവുമുള്ള കാര്യമല്ല. ഇതിന്റെ പിന്നിൽ വലിയ സ്ഥാപിത താൽപ്പര്യങ്ങളാണ്. ഇവർ എതിർക്കേണ്ടവരെ എതിർക്കുന്നവരല്ല. ഇവിടെ ചെയ്യുന്നത് ഒരു സമുദായത്തിൽപ്പെട്ടവരുടെ പിന്നോക്കാവസ്ഥയ്ക്കോ അല്ലെങ്കിൽ അതിന്റെ ഉന്നമനത്തിനോ എതിരെ മറ്റൊരു മതവിഭാഗമോ മറ്റ് ജാതിയോ ആണെന്ന് പ്രചരിപ്പിക്കുകയാണ്. ഇതിവിടെ എല്ലാ വർഗ്ഗീയസംഘടനകളും ചെയ്യുന്ന കാര്യമാണ്. അതുതന്നെയാണ് ഇവിടെ നിങ്ങളും ചെയ്തിരിക്കുന്നത്. നിങ്ങളുടെ ഉദ്ദേശ്യകാരണത്തിൽ പറഞ്ഞിരിക്കുന്നതും അതുതന്നെയാണ്. ഇതുസംബന്ധിച്ച് മുസ്ലീംലീഗുകാർ ആട്ടുകല്ലിൽ കാറ്റ് പിടിച്ചതുപോലെ ഇരിക്കുകയാണ്. ഇപ്പോൾ ഒരക്ഷരം മിണ്ടുന്നില്ല. അല്ലെങ്കിൽ ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും ശ്രീ. പി. കെ. ബഷീറുമൊക്കെ ചന്ദ്രഹാസം ഇളക്കുന്ന ആളുകളാണല്ലോ? അവർ മിണ്ടാത്തത് എന്താണ്? നിങ്ങൾക്ക് ഇതിൽ

അഭിപ്രായമില്ലേ? മുസ്ലീംലീഗിലെ ആളുകളുടെ ഓടക്കുഴൽ നിന്നുപോയോ, ശബ്ദംപോയോ? നിങ്ങൾ ഒന്നും മിണ്ടുന്നില്ലല്ലോ? മതന്യൂനപക്ഷത്തിനും പിന്നോക്ക-പട്ടികജാതിക്കാർക്കും സംവരണം കൊടുക്കുന്നതുകൊണ്ടാണ് മുന്നോക്കക്കാർക്ക് അവസരം കിട്ടാത്ത തെന്നുപറയുന്ന, ഈ ഒരു സ്പർദ്ധയുടെ സിദ്ധാന്തം ഇതിനകത്ത് എഴുതിവച്ചിട്ടുണ്ട്. ഇത് ഏത് കാലത്ത് നടക്കുന്ന കാര്യമാണ്? വർഗ്ഗീയ ശക്തികൾ ചെയ്യുന്ന കാര്യം അതാണ്.

ശ്രീ. എം. ഉമ്മർ: സർ, ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുമ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ അതിന്റെ അംഗങ്ങളൊക്കെ ഉണ്ടായിരുന്നല്ലോ? അങ്ങയുടെ പാർട്ടിക്കാരും ഇതിൽ ഉണ്ടായിരുന്നു. സബ്ജക്ട് കമ്മിറ്റി ഒരുപാട് കടമ്പകൾ കടന്നു. ഇപ്പോൾ നമ്മൾ എത്രയോ നേരം പ്രസംഗിച്ച് പോകുകയാണ്. ബിൽ എന്ന് പറയുന്നത് പല ഘട്ടങ്ങളാണ്. ആ ഘട്ടങ്ങളിൽ മാത്രമല്ല, സബ്ജക്ട് കമ്മിറ്റിയിൽ നമ്മളാരും എന്തുകൊണ്ട് ഇക്കാര്യങ്ങൾ ചർച്ച ചെയ്തില്ല. അതിന്റെ ഉത്തരവാദിത്വം നമുക്ക് തുല്യമല്ലേ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. കെ. എൻ. എ. ഖാദറും നിങ്ങളുടെ പാർട്ടിയുടെ ആളല്ലേ? ഇതിന്റെ ചെയർമാൻ ആരാണ്? ഡോ. എം. കെ. മുനീറാണ്, ലീഗിന്റെ ആളാണ്. മുസ്ലീം ലീഗിന്റെ ആൾ ചെയർമാൻ ആയിരുന്നിട്ട് നിങ്ങൾ ഇത് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ശ്രീ. എം. ഉമ്മർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, നിങ്ങൾ ഇരുന്ന് ചെയ്ത കാര്യമാണ്. നിങ്ങൾ മലർന്നുകിടന്ന് തുപ്പണ്ട. ഞാൻ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞോട്ടെ. ഞങ്ങൾ ഇത് സഭയിൽ കൊണ്ടുവന്നവരാണ്. നിങ്ങളുടെ ഉത്തരവാദിത്വം നിങ്ങൾ ഞങ്ങളുടെതലയിൽ കെട്ടിവയ്ക്കാൻ നോക്കേണ്ട. സബ്ജക്ട് കമ്മിറ്റിയെപ്പോലെ തന്നെയാണ് സഭ. സഭയിൽ കൊണ്ടുവന്നത്, സി.പി.എം.-ന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറിയാണ്. സി.പി.എം.-ന്റെ മുൻമന്ത്രി കൊണ്ടുവന്നത് പരമാധി കാരമുള്ള സഭയിലാണ്. ഞങ്ങളുടെ ഉത്തരവാദിത്വം ഞങ്ങൾ ചെയ്തിരിക്കുകയാണ്. നിങ്ങളുടെ ചെയർമാനായ ഡോ. എം. കെ. മുനീറിനെ മുസ്ലീംലീഗിൽനിന്നും പുറത്താക്കുകയാണ് വേണ്ടത്. അതാണ് നിങ്ങൾ ചെയ്യേണ്ടത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർ, ഈ ബിൽ കഴിഞ്ഞ ദിവസം സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം വന്നപ്പോൾ സഭാനടപടികൾ തടസ്സപ്പെട്ടു, നടന്നില്ല. അന്ന് ഈ അപകടകരമായിട്ടുള്ള ഉള്ളടക്കം ഇതിനകത്ത് ഉണ്ടെന്നത് ബഹുമാനപ്പെട്ട പട്ടികജാതി-പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാറിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവന്നിരുന്നു. അതിൽ ഇടപെടാമെന്നും പരിശോധിക്കാമെന്നും അദ്ദേഹം

പറഞ്ഞതാണ്. അതിനുശേഷം അത് വേണ്ട നിലയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കൈകാര്യം ചെയ്തില്ല. ഇത് ബോധപൂർവ്വമാണ് വന്നതെന്നാണ് കാണിക്കുന്നത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നമ്മുടെ രാജ്യത്ത് ചാതുർവർണ്യ വ്യവസ്ഥ നിലനിന്നിരുന്ന ഒരു സ്ഥലമാണ്. സഹസ്രാബ്ദങ്ങളായി, ഇന്ത്യയിൽ ഉണ്ടായിരുന്ന ചാതുർവർണ്യ വ്യവസ്ഥയുടെ ഭാഗമായാണ് ഇവിടെ സാമൂഹ്യമായി പിന്നോക്കാവസ്ഥ ഉണ്ടായത്. ഹിന്ദുവിഭാഗത്തിലെ സവർണ്ണരും അവർണ്ണരും ഉണ്ടായത് ചാതുർവർണ്യ വ്യവസ്ഥ വന്നതുകൊണ്ടാണ്. ബ്രാഹ്മണൻ തലയുടെ സ്ഥാനത്ത്, ക്ഷത്രിയൻ ബാഹുക്കളുടെ സ്ഥാനത്ത്, വൈശ്യൻ ശരീരത്തിലെ സ്ഥാനത്ത്, ശൂദ്രൻ പാദങ്ങളുടെ സ്ഥാനത്ത് ഇതിലൊന്നും ഉൾപ്പെടാത്ത പഞ്ചമന്മാർ എന്നുപറയുന്ന ഒരു വിഭാഗം, അങ്ങനെ സമൂഹത്തെ വേർതിരിച്ച ഒരു കാലമുണ്ടായിരുന്നു. ആ സഹസ്രാബ്ദങ്ങളിൽ അടിച്ചമർത്തപ്പെട്ട ജനവിഭാഗ മായിരുന്നു ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ഹിന്ദുജനവിഭാഗ ത്തിലെ പിന്നോക്കക്കാർ. ആ പിന്നോക്കക്കാർക്കുവേണ്ടി, അവരെ മനുഷ്യരാക്കാൻവേണ്ടി, അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരാൻ വേണ്ടി ഒരുപാട് പോരാട്ടങ്ങൾ നടന്നിട്ടുണ്ട്. അങ്ങയുടെ മണ്ഡലമായ വർക്കലയിൽ ശ്രീനാരായണ ഗുരുവിനെപ്പോലെയുള്ള ആളുകൾ നടത്തിയിട്ടുള്ള നവോത്ഥാനപ്രസ്ഥാനം, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി തുടങ്ങിയ ആളുകൾ നടത്തിയിട്ടുള്ള പോരാട്ടങ്ങൾ, കോൺഗ്രസ്സുകാർ, കോൺഗ്രസ്സ് സോഷ്യലിസ്റ്റുകൾ, കമ്മ്യൂണിസ്റ്റുകാർ തുടങ്ങിയവരൊക്കെ നടത്തിയിട്ടുള്ള ഐതിഹാസികമായ സമരങ്ങൾ എന്നിവയിലൂടെയാണ് ഹിന്ദുജനവിഭാഗത്തിലെ പിന്നോക്കക്കാർക്ക് കേരളത്തിൽ മനുഷ്യനായി തലയുയർത്തിപ്പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. ഇതിൽ ആർ.എസ്.എസ്.-നോ ബി.ജെ.പി.-ക്കോ ഒരു പങ്കുമില്ല. യാതൊരു സംശയവുമില്ലാത്ത കാര്യമാണ്. എന്നാൽ ഇവിടെ കാലാന്തരത്തിൽ മുന്നോക്കക്കാരായിട്ടുള്ള ആളുകൾ പലരും സാമ്പത്തികമായി പിന്നോക്കം വന്നു. അതൊരു യാഥാർത്ഥ്യമാണ്. പക്ഷേ നമ്മൾ ഒരു കാര്യം മനസ്സിലാക്കണം, ഇന്നിപ്പോൾ വെള്ളാപ്പള്ളി നടേശൻ പറയുന്നത് ഹിന്ദുക്കളുടെ ശത്രു മുസ്ലീങ്ങളും ക്രിസ്ത്യാനികളുമാണെന്നാണ്. സമത്വ മുന്നേറ്റയാത്ര എന്നുപറയുന്നത് മുസ്ലീങ്ങളുടെയും ക്രിസ്ത്യാനികളുടെയും പ്രധാന മുദ്രാവാക്യമാണ്. ഇവിടെ മുസ്ലീങ്ങൾക്ക്, മതന്യൂനപക്ഷങ്ങൾക്ക് അമിതമായി ആനുകൂല്യങ്ങൾ കൊടുക്കുന്നു. നിങ്ങൾ ഇതിനകത്ത് എഴുതിവച്ച കാര്യമാണ് ഞാൻ പറയുന്നത്. അതാണ് വെള്ളാപ്പള്ളി നടേശൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഇതിനെതിരെ

കേസ്സെടുത്തു. അത് മുന്നോട്ടുപോയിട്ടില്ല. കേസ്സെടുത്തുവെന്ന് പറയുന്നത് സർക്കസ്സിലെ അടിപോലെയാണ്. ശബ്ദം മാത്രമേയുള്ളൂ, വേദനിക്കില്ല. സർക്കസ്സിലെ കോമാളികളുടെ അടി കണ്ടിട്ടില്ലേ? വെള്ളാപ്പള്ളി നടേശനെ സർക്കസ്സിൽ അടിക്കുന്നതുപോലെ ഒറ്റ അടി. ഭയങ്കര ശബ്ദം. വെള്ളാപ്പള്ളി നടേശൻ വേദനിച്ചതുപോലെ അഭിനയിക്കുന്നു. ഒരു പ്രശ്നവുമില്ല. പ്രധാനമന്ത്രിയുടെ പരിപാടികളിൽ അദ്ദേഹം പങ്കെടുക്കുന്നു. ഒരു പ്രശ്നവുമില്ല. ഇവിടത്തെ മതന്യൂനപക്ഷങ്ങളാണ് നമ്മുടെ ശത്രുക്കളെന്ന് വെള്ളാപ്പള്ളി നടേശൻ രാജ്യം മുഴുവൻ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. സത്യത്തിൽ ഹിന്ദുവിഭാഗത്തിന്റെ സാമൂഹ്യപിന്നോക്കാവസ്ഥയുടെ ശത്രു ഇവിടത്തെ ഇസ്ലാം ആയിരുന്നോ, ഇവിടത്തെ ക്രിസ്ത്യാനിയായിരുന്നോ? ഇവിടത്തെ ഈഴവനും പറയനും പുലയനുമൊക്കെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരാതിരിക്കാൻ കാരണക്കാരായിട്ടുള്ള ആളുകൾ ഹിന്ദുസമുദായത്തിലെ, മുന്നോക്കവിഭാഗത്തിലെ സവർണ്ണഹിന്ദുക്കളുടെ ഭരണവും അവരുടെ സാമൂഹ്യ ആചാരങ്ങളുമാണ് ഹിന്ദുജന വിഭാഗത്തെ പിന്നോക്കാവസ്ഥയിലേയ്ക്ക് നയിച്ചത്. അംബേദ്കർ കേരളത്തിൽ ആയിരുന്നുവെങ്കിൽ ബുദ്ധമതത്തിലേക്ക് പോകുമായിരുന്നില്ല. അദ്ദേഹം കമ്മ്യൂണിസ്റ്റ് ആയിരുന്നുവെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അദ്ദേഹം എന്തായാലും ബുദ്ധമതത്തിലേയ്ക്ക് പോകില്ല. കാരണം കേരളത്തിലെ പട്ടികജാതിക്കാർക്ക് പിന്നീട് പീഡനങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടില്ല. ക്ഷേത്രത്തിലേയ്ക്ക് പ്രവേശനം കിട്ടി, വഴി നടക്കാൻ അവകാശം കിട്ടി, പല അവകാശങ്ങളും കിട്ടി. ഇന്ന് ആദിവാസികൾ മരിക്കുന്നുണ്ടെങ്കിലും പല അവകാശങ്ങളും കിട്ടി. കേരളത്തിൽ ഇന്ന്, 2015-ൽ ഒരു പട്ടികജാതിക്കാരൻ അമ്പലത്തിൽ കയറിയാൽ ആരും ചുട്ടുകൊല്ലാൻ ധൈര്യപ്പെടില്ല. പക്ഷേ കോൺഗ്രസ്സും ബി.ജെ.പി.-യും മാറിമാറി ഭരിച്ച അവസരത്തിൽ ഹരിയാന, യു.പി. തുടങ്ങിയ സ്ഥലങ്ങളിൽ......

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, കേരളത്തിലെ ഈ സാമൂഹ്യമായ പരിഷ്കരണത്തിന്റെയൊക്കെ കാരണം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളാണെന്ന് അങ്ങ് ഇവിടെ പറഞ്ഞുപോകുകയാണ്. പശ്ചിമബംഗാൾ മൂന്ന് പതിറ്റാണ്ടിലേറെക്കാലം കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിച്ച നാടാണല്ലോ? പശ്ചിമബംഗാളിൽ രജീന്ദ്ര സച്ചാർ കമ്മിറ്റി റിപ്പോർട്ട് അടക്കം പറയുന്നത് ന്യൂനപക്ഷങ്ങളായ മുസ്ലീം വിഭാഗങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിന്റെ പിന്നിലാണെന്നാണ്. ഇവിടെയുണ്ടായ എല്ലാ മാറ്റങ്ങൾക്കും സംവരണത്തിനുമൊക്കെ കാരണം ഇടതുപക്ഷ പ്രസ്ഥാനമാണെങ്കിൽ നിങ്ങളുടെ ഈറ്റില്ലമായ ബംഗാളിൽ എന്തുകൊണ്ട് സാദ്ധ്യമായില്ല. അത് പറയേണ്ടതല്ലേ, അങ്ങനെ തെറ്റിദ്ധരിപ്പിച്ച് പോകാമോ?

ശ്രീ. സി. കെ. നാണു: സർ, ഇവിടെ അടിസ്ഥാനപരമായ പ്രശ്നത്തിൽനിന്ന് മാറിനിൽക്കുകയാണ്. ഇന്ത്യാരാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മതപരിവർത്തന മുണ്ടായിരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെയും പിന്നോക്കവിഭാഗത്തിന്റെയും നേർക്ക് ക്രൂരമായ മർദ്ദനങ്ങളുണ്ടായ അവസരത്തിൽ മനുഷ്യരെന്നുള്ള നിലയ്ക്ക് ജീവിക്കാൻവേണ്ടി മതപരിവർത്തനം നടത്തിയ പല സന്ദർഭങ്ങളുണ്ട്. ഇന്ത്യാരാജ്യത്ത് വിഭജനം നടന്ന അവസരത്തിൽ കേരളത്തിലേയ്ക്ക് അഭയാർത്ഥികൾ വന്നിട്ടില്ല. പക്ഷേ പശ്ചിമബംഗാൾ, ആസാം പോലുള്ള സംസ്ഥാനങ്ങളിൽ ഇന്ത്യാവിഭജനം നടന്ന അവസരത്തിൽ ലക്ഷക്കണക്കിന് ആളുകൾ അഭയാർത്ഥികളായി വന്നു. വർഷങ്ങളായി മനുഷ്യരെപ്പോലെ ജീവിക്കാൻ സാധിക്കുന്നില്ല. കേരളത്തിൽ നമുക്ക് ആ അനുഭവമുണ്ടായില്ല. അത് നിങ്ങൾക്കും അറിയാം. ഇന്ന് ബംഗ്ലാദേശിന്റെ ഭാഗത്തുനിന്ന് വന്നവർ ഇവിടെവന്ന് ജീവിക്കാൻ ആവശ്യമായ കഷ്ടപ്പാടുകളിൽ ഏർപ്പെട്ടു. സച്ചാർ കമ്മിറ്റി റിപ്പോർട്ടായാലും എന്തായാലും മുസ്ലീം ന്യൂനപക്ഷത്തെയും ഹിന്ദുസമുദായത്തിലെ പിന്നോക്കവിഭാഗത്തെയും സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു. നമ്മുടെ നാട്ടിലെ ഭൂരിപക്ഷം വരുന്ന ഹിന്ദുസമുദായത്തിൽപ്പെട്ടവർ, കേളപ്പജിയുടെ നേതൃത്വത്തിൽ ഗുരുവായൂരും ശ്രീനാരായണ ഗുരുദേവന്റെയും ടി. കെ. മാധവന്റെയും നേതൃത്വത്തിൽ വൈക്കത്തും ക്ഷേത്രപ്രവേശനത്തിന് പോയ അവസരത്തിൽ ഒന്നര കൊല്ലം അവിടെയും ഒരു കൊല്ലത്തിലധികം ഈ സ്ഥലങ്ങളിലും അവരെ തടഞ്ഞുനിർത്തിയതും മർദ്ദിച്ചതുമൊക്കെ ഇവിടത്തെ മുസ്ലീങ്ങളോ ക്രിസ്ത്യാനികളോ അല്ല. ഇവിടത്തെ ഭൂരിപക്ഷം വരുന്ന ഉയർന്ന വിഭാഗത്തിൽപ്പെട്ടവരുടെ ഏജന്റുമാരായിരുന്നു. ആ ഏജന്റുമാരിൽനിന്നും നമ്മുടെ സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന പിന്നാക്കവിഭാഗത്തിൽപ്പെട്ട ഹിന്ദുക്കളെ രക്ഷിച്ചത് ശ്രീനാരായണ ഗുരുദേവന്റെ നേതൃത്വത്തിലും അന്നത്തെ സ്വാതന്ത്ര്യ സമര കാലത്ത് കേളപ്പജിയുടെ നേതൃത്വത്തിലും ഒക്കെയാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന് എതിരായി അതിനെ തകർക്കാൻ ശ്രീ. വി. എസ്. സുനിൽകുമാർ പറഞ്ഞതുപോലെ നടപടി വരികയുണ്ടായി. വി. പി. സിംഗ് കൊച്ചിയിൽ വന്നപ്പോൾ പ്രധാനപ്പെട്ട രാഷ്ട്രീയ കക്ഷികൾ അദ്ദേഹത്തെ സഹായിച്ചില്ല. അന്ന് കേരളത്തിലെ എസ്.എൻ.ഡി.പി. നേതൃത്വം, ഇവിടത്തെ ന്യൂനപക്ഷ സംഘടനകൾ, ജനതാദൾ ഉൾപ്പടെയുള്ള സംഘടനകൾ അദ്ദേഹത്തിന് സ്വീകരണം നൽകി. അന്ന് കേരളത്തിലെ എസ്.എൻ.ഡി.പി. നേതൃത്വം നിലനിന്നിരുന്നത് നമ്മുടെ നാട്ടിലെ പിന്നാക്ക

വിഭാഗത്തിൽപ്പെട്ട ഈഴവരുടെയും തിയ്യരുടെയും താൽപ്പര്യങ്ങൾക്ക് വേണ്ടിയായിരുന്നു. ഇന്ന് എസ്.എൻ.ഡി.പി. നേതൃത്വം നിലകൊള്ളുന്നത് ആ ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾക്ക് വേണ്ടിയാണോയെന്ന് പരിശോധിക്കണം. ഓരോ ജനവിഭാഗത്തിന്റെ താൽപ്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവർക്ക് ചില ഘട്ടങ്ങളിൽ അപകടങ്ങളുണ്ടാകാം. ഒരുപക്ഷേ അവർക്ക് മന്ത്രിയോ മറ്റോ ആകാൻ സാധിച്ചിട്ടുണ്ടാകില്ല. ആർ. ശങ്കറിനെ സംബന്ധിച്ച ആക്ഷേപം...(ബഹളം)..... ഇവിടെ പറയേണ്ട ആളുകൾ പറയുന്നില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ആർ. ശങ്കർ മരണംവരെ ധരിച്ചിരുന്നത് ഖദറാണ്. അദ്ദേഹം എന്തായിരുവെന്ന് മനസ്സിലാകുന്നത് അദ്ദേഹം ധരിച്ചിരുന്ന ഖാദി വസ്ത്രം കണ്ടാണ്. മറ്റൊന്നുമായി ബന്ധപ്പെടാൻ ശങ്കർ ജീവിച്ചിരുന്ന സമയം അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. 1969-നുശേഷം ആരുമായി ചേർന്നുവെന്നതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ഇപ്പോൾ കാര്യങ്ങൾ തിരിഞ്ഞില്ലേ?

ശ്രീ. എം. ഉമ്മർ: സർ, ഞങ്ങൾ ഇടപെടാതിരിക്കുന്നത് ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ ചിന്താപ്രവാഹത്തിന് തടസ്സമുണ്ടാകേണ്ടെന്ന് കരുതിയാണ്. അദ്ദേഹം വളരെ മനോഹരമായി പ്രസംഗിക്കുകയാണ്. കമ്മിറ്റിയിലുള്ള ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. പുരുഷൻ കടലുണ്ടി, ശ്രീമതി കെ. എസ്. സലീഖ, ശ്രീ. ആർ. രാജേഷ്, ശ്രീ. ചിറ്റയം ഗോപകുമാർ തുടങ്ങിയവർ ആരെങ്കിലും മോശക്കാരാണോ? ഇവരാരും ഒരക്ഷരം മിണ്ടാതെ ഇപ്പോൾ ഇവിടെ ഇങ്ങനെ പറയുന്നത് ശരിയാണോ? അന്ന് ഒരു വാക്ക് പറഞ്ഞെങ്കിൽ തീരാവുന്ന പ്രശ്നമേ ഉണ്ടായിരുന്നുള്ളൂ. അത് പറയാതെ മുസ്ലീം ലീഗിന്റെ നേരെ തട്ടിക്കയറുന്നത് ശരിയല്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, സിനിമാ നടൻ സോമൻ പറയുന്നതുപോലെ ഒരു വാക്ക് പറയാമായിരുന്നില്ലേയെന്ന് ചോദിക്കുകയാണോ; അങ്ങനെ പറയുന്നത് ശരിയല്ല. ഭരണഘടനയുടെ അന്ത:സത്തയ്ക്കും ജനാധിപത്യ തത്ത്വങ്ങൾക്കും ഈ ബിൽ എതിരാണ്. ദിശാബോധമില്ലാത്ത നിയമനിർമ്മാണം അപ്രസക്തമാണെന്ന് ഞങ്ങൾ വ്യക്തമായി പറയുകയാണ്. ശ്രീ. സി. കെ. നാണു കാര്യങ്ങൾ പറഞ്ഞപ്പോൾ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി പറഞ്ഞ കാര്യങ്ങൾ തിരിഞ്ഞുവന്നില്ലേ. .......(ബഹളം) ........

ശ്രീ. ഇ. പി. ജയരാജൻ: സർ, പശ്ചിമബംഗാളിൽ ഇടതുപക്ഷ പാർട്ടികൾക്ക് നേരെ ആർ.എസ്.എസ്.-ന്റെ വിമർശനമുണ്ടായി. ഇന്ത്യാ-പാക് വിഭജന കാലഘട്ടം മുതൽ ബംഗ്ലാദേശിൽനിന്ന് ഇന്ത്യയിലേയ്ക്ക് വരുന്ന മുസ്ലീങ്ങൾക്ക് സംരക്ഷണം കൊടുത്ത് ഇന്ത്യയിൽ അവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ ബംഗാൾ സുപ്രധാന പങ്ക് വഹിക്കുകയും അവർക്ക് റേഷൻ കാർഡ് കൊടുക്കുകയും വോട്ടർ പട്ടികയിൽപ്പെടുത്തുകയും ചെയ്തു. അതാണ് കമ്മ്യൂണിസ്റ്റുകാർ ചെയ്ത തെറ്റെന്നാണ് ആർ.എസ്.എസ്.-കാർ പറയുന്നത്. അത് മുസ്ലീംലീഗ് ഏറ്റെടുക്കാൻ പാടില്ലായിരുന്നു.

ശ്രീ. സി. കെ. നാണു: സർ, സഖാവ് ജ്യോതിബസു പശ്ചിമ ബംഗാളിന്റെ മുഖ്യമന്ത്രി ആകുന്നതിനുമുമ്പ് ശ്രീ. പി. സി. സെൻ, ഡോ. ബി. സി. റോയ് എന്നിവരെപ്പോലുള്ള പ്രഗത്ഭരായ കോൺഗ്രസ്സിന്റെ നേതാക്കന്മാരായിരുന്നു പശ്ചിമബംഗാളിന്റെ മുഖ്യമന്ത്രിമാർ. അവരുടെ നേതൃത്വത്തിലും കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിലുമാണ് അഭയാർത്ഥികളായിവന്ന മുസ്ലീങ്ങളെ സംരക്ഷിച്ചത്. നമ്മളെപ്പോലെയല്ല, അവർക്ക് കൊടുക്കേണ്ടതെല്ലാം കൊടുത്തു. എവിടെ പിന്നാക്കവിഭാഗമായി മുസ്ലീംങ്ങളുണ്ടോ, കൂടുതൽ ദാരിദ്ര്യമുണ്ടോ സച്ചാർ കമ്മീഷൻ റിപ്പോർട്ട് ആയാലും ഏത് റിപ്പോർട്ടായാലും അതിന്റെ അടിസ്ഥാനത്തിൽ സംവരണം നടത്തണം. പ്രതിപക്ഷത്തിരിക്കുന്നവർ എല്ലാക്കാലത്തും ന്യൂനപക്ഷങ്ങളുടെകൂടെ നിന്നവരാണ്. വോട്ട് കിട്ടിയാലും ഇല്ലെങ്കിലും നാളെയും അവരുടെ കൂടെത്തന്നെ നിൽക്കും. ......(ബഹളം)......

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, ഞാൻ വഴങ്ങുന്നില്ല. ഞാൻ പറഞ്ഞതിനുശേഷം പറയാം. കമ്മ്യൂണിസ്റ്റുകാരെയും ഇടതുപക്ഷ ത്തെയും സംബന്ധിച്ചിടത്തോളം മതന്യൂനപക്ഷ സംരക്ഷണം എന്നുപറയുന്നത് അവരുടെ വർഗ്ഗസമരത്തിന്റെ ഭാഗമാണെന്ന് മുസ്ലീംലീഗുകാർ മനസ്സിലാക്കണം. .....(ബഹളം)...... എക്സ്-കമ്മ്യൂണിസ്റ്റുകാരായിരിക്കും ഏറ്റവും വലിയ പിന്തിരിപ്പന്മാർ. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് ശ്രീ. കെ.എൻ.എ. ഖാദർ. അദ്ദേഹം ശുദ്ധനാണെങ്കിലും പലപ്പോഴും ദുഷ്ടന്റെ ഫലം ചെയ്യും. ഇവിടെ ഇന്ന് വെള്ളാപ്പള്ളി നടേശന്റെ നേതൃത്വത്തിൽ വർഗ്ഗീയ ധ്രുവീകരണത്തിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മതന്യൂനപക്ഷങ്ങളാണ് ഹിന്ദുക്കൾക്കെതിരെന്ന് പറഞ്ഞ് വളരെ പ്രതിലോമകരമായ മുന്നേറ്റത്തിന് ശ്രമിക്കുമ്പോൾ ഞങ്ങൾ പറയുന്ന കാര്യം, ഇവിടത്തെ ഹിന്ദു ജനവിഭാഗത്തിന്റെ

സാമൂഹ്യപിന്നോക്കാവസ്ഥക്ക് കാരണം മുസ്ലീംങ്ങളോ ക്രിസ്ത്യാനിയോ ആയിരുന്നില്ല, ഹിന്ദു ജനവിഭാഗത്തിലെ സവർണ്ണർ തന്നെയായിരുന്നുവെന്നാണ്. എന്നാൽ കേരളത്തിലെ സവർണ്ണരിൽ പിന്നാക്കത്തിൽപ്പെട്ട ആളുകൾക്കുവേണ്ടി ബിൽ കൊണ്ടുവരികയാണ്. കോൺഗ്രസ് ഭരിച്ച ഹരിയാനയിലും ഗുജറാത്തിലും രാജസ്ഥാനിലും ഉത്തർപ്രദേശിലും ഇപ്പോഴും പട്ടികജാതിക്കാരനായ ഒരാൾ അമ്പലത്തിൽ കടന്നാൽ അയാളെ കത്തിച്ചുകളയും. കർണ്ണാടകത്തിൽ ബ്രാഹ്മണർ ഉണ്ട ഇലകളുടെ മുകളിലൂടെ പട്ടികജാതിക്കാർ ഉരുളുകയാണ്. ഈ സംസ്ഥാനങ്ങളിലെല്ലാം ഇപ്പോഴും പട്ടികജാതിക്കാർക്ക് ഹിന്ദുമത വിഭാഗത്തിലെ സവർണ്ണരിൽനിന്നും വലിയ കടന്നാക്രമണം നേരിടേണ്ടിവരികയാണ്. ഉത്തർ പ്രദേശിൽ രണ്ട് കുട്ടികളെ ചുട്ടെരിച്ച് കൊന്നത് അവിടത്തെ സവർണ്ണരായ ഹിന്ദുക്കളാണ്. കേരളത്തിൽ അത്തരത്തിൽ സംഭവിക്കാത്തതിനു കാരണം കമ്മ്യൂണിസ്റ്റുകാരും പഴയ കോൺഗ്രസ്സുകാരും സോഷ്യലിസ്റ്റുകളും ഗുരുദേവനും ചെയ്ത സാമൂഹ്യ നവോത്ഥാന പ്രസ്ഥാനത്തിന്റെ കരുത്തുകൊണ്ടാണ്. അതിനെ തകർക്കാനാണ് വെള്ളാപ്പള്ളി ശ്രമിക്കുന്നത്. ആ വെള്ളാപ്പള്ളിക്ക് എതിരെയാണ് തോക്കടയ്ക്കുന്ന സമീപനം കോൺഗ്രസ്സുകാർ നടത്തിക്കൊണ്ടിരിക്കുന്നത്. വെള്ളാപ്പള്ളിക്ക് എതിരെ ഒന്നും ചെയ്യാനുള്ള ധൈര്യമില്ല. ഇവിടത്തെ എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും സംവരണം വേണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടും നടപ്പാക്കാൻ ധൈര്യമുണ്ടോ? ഞങ്ങൾ പിന്തുണയ്ക്കാമെന്ന് പറഞ്ഞതാണ്. അടുത്ത സഭയിൽ ഇതുസംബന്ധിച്ച ബിൽ കൊണ്ടുവരുമോ; എന്തുകൊണ്ട് കൊണ്ടുവരാൻ കഴിയില്ല. കഴിഞ്ഞ സമ്മേളനത്തിൽ ഞാനൊരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ഇവിടത്തെ ഹിന്ദു ജനവിഭാഗത്തിലെ മുന്നാക്കക്കാർക്കുവേണ്ടി മാത്രമായൊരു സംവരണമുണ്ടോ? ശബരിമല, ഗുരുവായൂർ തുടങ്ങിയ അമ്പലങ്ങളിൽ മുന്നാക്ക ഹിന്ദുവിഭാഗങ്ങൾക്കായി സംവരണം ചെയ്യുന്ന പൂജാവിധികളുണ്ടോ; അതിന് മാറ്റം വരണം. ഇതുമായി ബന്ധപ്പെട്ട എന്റെ സബ്മിഷന് മുഖ്യമന്ത്രി വ്യക്തമായ മറുപടി പറഞ്ഞില്ല. അതിന് ധൈര്യമില്ല. ആർ.എസ്.എസ്.-ഉം വിശ്വഹിന്ദു പരിഷത്തും എസ്.എൻ.ഡി.പി. -യിലെ ആർ.എസ്.എസ്.-കാരായ ആളുകളും ചേർന്ന് വർഗ്ഗീയ സ്പർദ്ധ വളർത്തിയെടുക്കാൻ ശ്രമിക്കുമ്പോൾ നിരവധി സാമൂഹ്യ നവോത്ഥാന നിയമങ്ങൾ കൊണ്ടുവന്ന ഈ നിയമസഭയിൽ, അതുപോലെയുള്ള രാഷ്ട്രീയ മാറ്റങ്ങൾക്ക് കൊടുങ്കാറ്റ് വിതയ്ക്കാൻ കഴിയുന്ന നിയമങ്ങൾ കൊണ്ടുവരാൻ കഴിയുമോയെന്ന് ചോദിക്കുമ്പോൾ നിങ്ങൾ

അതിനുനേരെ മുഖംതിരിക്കുകയാണ്. ഞാൻ ആവർത്തിച്ചുപറയുന്നു, നിങ്ങൾ കമ്മ്യൂണിസ്റ്റുകാർക്ക് എതിരെ എന്തും പറയാൻ തയ്യാറാകുമ്പോൾ അതേ ശക്തിയിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് വ്യക്തിവിരോധംകൊണ്ട് പറയുകയല്ല, അങ്ങ് ഇപ്പോഴും ആർ.എസ്.എസ്.-നോടും ബി.ജെ.പി.-യോടും വെള്ളാപ്പള്ളി നടേശന്റെ പ്രതിലോമനയത്തോടും മൃദുസമീപനം സ്വീകരിക്കുന്ന കോൺഗ്രസ് നേതാവാണെന്ന് ഞാൻ മുഖത്തുനോക്കി പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോഴും ഒന്നും പറയുന്നില്ല. എന്തുകൊണ്ട് അതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നില്ല. ശ്രീ. വി. എം. സുധീരൻ പറയുന്നതുപോലെ അങ്ങേയ്ക്ക് പറയാൻ ധൈര്യമുണ്ടോ? മുഖ്യമന്ത്രി ആയതുകൊണ്ടും ബഹുമാന്യത കൊണ്ടുമാണ് പറയാത്തതെന്ന് അങ്ങ് പറയുന്നത് ശരിയായിരിക്കാം. പക്ഷേ പറയേണ്ട കാര്യങ്ങൾ പറയേണ്ട സമയത്ത് പറയേണ്ടതുപോലെ പറയാൻ കഴിയുക എന്നുള്ളത് ഒരു രാഷ്ട്രീയനേതാവിന്റെ നല്ല ധർമ്മമാണ്. അങ്ങ് ആ ധർമ്മം നിഷേധിക്കുകയാണ്. അങ്ങയെ ഞങ്ങളൊരിക്കലും ക്രിസ്ത്യാനി മുഖ്യമന്ത്രി ആയോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മുസ്ലീം മന്ത്രിയായോ കാണുന്നവരല്ല. പക്ഷേ താങ്കളെ ക്രിസ്ത്യാനി മുഖ്യമന്ത്രിയായും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ മുസ്ലീം മന്ത്രിയായും കാണുന്ന ഒരു സമൂഹത്തെ വളർത്തിയെടുക്കുന്ന വെള്ളാപ്പള്ളി നടേശനെ പോലുള്ള ആളുകൾക്കെതിരെ മിണ്ടാത്തത് നിങ്ങളുടെ അധികാരമെന്ന ഒറ്റ ലക്ഷ്യത്തിനുവേണ്ടി നടത്തുന്ന ചില രണ്ടാംതരം രാഷ്ട്രീയ കളിയുടെ ഭാഗമായിട്ടാണ്. ഇത് മാറ്റേണ്ട സമയമായിരിക്കുന്നു. കേരളം മാറി ചിന്തിക്കുകയാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

ഇവിടെ ഹിന്ദു വിഭാഗത്തിൽപ്പെട്ട സവർണ്ണ വിഭാഗത്തിലെ മുന്നോക്കക്കാരിലെ പിന്നോക്കക്കാർക്കുവേണ്ടി അവർക്കാവശ്യമായ സഹായം നൽകേണ്ടതാവശ്യമാണ്. പക്ഷേ, അതു നൽകുമ്പോൾ നിങ്ങളൊരിക്കലും ചെയ്യാൻ പാടില്ലാത്ത കാര്യമാണ് ചെയ്യുന്നത്. ഒരു വലിയ സാമൂഹിക മാറ്റത്തിനുവേണ്ടിയുള്ള ഒരു ബിൽ ആക്കി കൊണ്ടുവരുന്നതിനുപകരം സമൂഹത്തിൽ സ്പർദ്ധ വളർത്താൻ ഉപകരിക്കുന്ന വിധത്തിലൊരു ബിൽ ആക്കി കൊണ്ടുവരാൻ ശ്രമിച്ചുവെന്നുള്ള ഒരു വലിയ കുറ്റം നിങ്ങൾ ചെയ്തിരിക്കുകയാണ്. നിങ്ങൾ ഭരണഘടനാവിരുദ്ധമായി കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടുപോകാൻ ശ്രമിക്കുകയാണ്. മുന്നോക്ക വികസന കോർപ്പറേഷൻ, മുന്നോക്കക്കാരിലെ മുന്നോക്കക്കാർക്കുവേണ്ടിയുള്ള

കോർപ്പറേഷനായി മാറരുത്. ഇവിടെ ശ്രീ. കെ. രാധാകൃഷ്ണനും ശ്രീ. കെ. സുരേഷ് കുറുപ്പും ഇക്കാര്യം സൂചിപ്പിച്ചു. മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി ലക്ഷ്യമിടുന്ന പദ്ധതിയാണ് നിങ്ങൾ കൊണ്ടുവരാനുദ്ദേശിക്കുന്നത്. ഇവിടെ പിന്നോക്ക വികസന കോർപ്പറേഷനുണ്ടായി. പിന്നോക്ക വികസന കോർപ്പറേഷൻ കൊടുത്ത ഫണ്ട് ശ്രീ. വെള്ളാപ്പള്ളി നടേശന്റെ മൈക്രോ ഫിനാൻസ് സ്ഥാപനം എന്താണ് ചെയ്തത്; നിങ്ങൾ അന്വേഷിച്ചോ? 3% പലിശയ്ക്ക് കൊടുത്ത പിന്നോക്ക വികസന കോർപ്പറേഷന്റെ 5 കോടി രൂപ 18% പലിശയ്ക്ക് ശ്രീ. വെള്ളാപ്പള്ളി നടേശൻ മാറ്റിക്കൊടുത്തു. നടപടി എടുത്തോ; നടപടി എടുക്കാൻ ധൈര്യമുണ്ടോ? ഇവിടെ എസ്.എൻ.ഡി.പി.-യുടെ കോളേജുകളിൽ ഈഴവരായ പാവപ്പെട്ട കുട്ടികൾക്ക് സീറ്റ് കിട്ടുന്നുണ്ടോ; എൻ.എസ്.എസ്.ന്റെ കോളേജുകളിൽ പാവപ്പെട്ട നായർ കുട്ടികൾക്ക് സീറ്റ് കിട്ടുന്നുണ്ടോ; ഇവിടെ മുസ്ലീങ്ങളുടെ പേരിൽ ആരംഭിച്ചിരിക്കുന്ന സ്കൂളുകളിലും കോളേജുകളിലും പാവപ്പെട്ട മുസ്ലീം കുട്ടികൾക്ക് സീറ്റ് ലഭിക്കുന്നുണ്ടോ; അവിടെ ജോലി ലഭിക്കുന്നുണ്ടോ? ഇവിടെ പല ജാതിയുടെപേരിലും ഇതുപോലെ സ്ഥാപനങ്ങൾ ആരംഭിച്ചതുകൊണ്ട് മാത്രം കാര്യമില്ല. നാളെ ഇനി നാട്ടാനയ്ക്ക് വേണ്ടി ഒരു കോർപ്പറേഷൻ വരും, കാട്ടാനയ്ക്ക് വേണ്ടിയും കോർപ്പറേഷൻ വരും. പലർക്കുവേണ്ടിയും കോർപ്പറേഷനും കമ്മീഷനുമൊക്കെ വരും. അതുകൊണ്ടൊന്നും കാര്യമില്ല. ജാതി തിരിച്ച് ഇങ്ങനെ കമ്മീഷൻ കൊണ്ടുവരുന്നതുതന്നെ അസംബന്ധമായ കാര്യമാണ്. സാമൂഹിക മാറ്റത്തിനുവേണ്ടി ഒരുമിച്ച് പോരാടാൻ തയ്യാറാകണം. അതിനാവശ്യമായ ആത്മാർത്ഥമായ സമീപനമുണ്ടാകണം. അതിനുവേണ്ടി ശക്തമായ ചങ്കുറപ്പോടും കരളുറപ്പോടുംകൂടി കാര്യങ്ങൾ നിശ്ചയിക്കാൻ കഴിയുന്ന ഭരണനേതൃത്വമുണ്ടാകണം. അത്തരം ഭരണനേതൃത്വം കേരളത്തിൽ നടത്തിയിട്ടുള്ള നിയമനിർമ്മാണങ്ങളാണ് കേരളത്തെ മുന്നോട്ടുനയിച്ചത്. കേരളത്തിൽ കമ്മ്യൂണിസ്റ്റുകാർ ഭരിച്ചപ്പോൾ പി. റ്റി. ഭാസ്കര പണിക്കരുടെ കാലത്ത് പള്ളിക്കൂടമുണ്ടാക്കി. സർക്കാർ മേഖലയിൽ സംവരണം കൊണ്ടുവന്നു. സൗജന്യ വിദ്യാഭ്യാസത്തിനുവേണ്ടി തീരുമാനമെടുത്തു. പട്ടികജാതിക്കാർക്കും കർഷകത്തൊഴിലാളികൾക്കും പെൻഷൻ ഏർപ്പെടുത്തി. അങ്ങനെ നിയമങ്ങൾ കൊണ്ടുവന്ന് പിന്നോക്കക്കാരനെ മുന്നോട്ടുകൊണ്ടു വരുന്നതിൽ മുഖ്യമായ പങ്കുവഹിച്ച ഇടതുപക്ഷ പ്രസ്ഥാനം കേരളത്തിലെ നവോത്ഥാന പ്രസ്ഥാനത്തിന് മുഖ്യമായ, ചരിത്രപരമായ പങ്കുവഹിച്ച ഒരു പ്രസ്ഥാനമാണ്. അവരെ കോൺഗ്രസ്സുകാർ ഇങ്ങനെ അപഹസിക്കരുത്.

<u>ശ്രീ. ജി. സുധാകരൻ:</u> സർ, മുന്നോക്ക സമുദായങ്ങളെന്ന് വിളിക്കുന്ന, ചരിത്രപരമായ കാരണങ്ങളാൽ പ്രത്യേക ഭരണഘടനാ പരിരക്ഷകൾ ഒന്നും നൽകാൻ സാധിക്കാത്ത കേരളത്തിലെ നായർ, ബ്രാഹ്മണർ മുതലായ വിഭാഗങ്ങളിലെ ബഹുഭൂരിപക്ഷം ആളുകളും ദരിദ്ര നാരായണന്മാരും പാവപ്പെട്ടവരും ഇടത്തരക്കാരുമാണെന്നതുകൊണ്ട് അവരുടെ തൊഴിൽ സാധ്യതയ്ക്കും സാമ്പത്തിക വളർച്ചയ്ക്കുംവേണ്ടി എന്തെല്ലാം പദ്ധതികളാണ് കമ്മീഷൻ അവരുടെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തേണ്ടത് എന്നുള്ളതിനെപ്പറ്റി എന്തെങ്കിലും നിർദ്ദേശം വയ്ക്കാൻ അങ്ങേയ്ക്ക് സാധിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ,തീർച്ചയായും ഞങ്ങളൊരിക്കലും ഈ ബില്ലിന് എതിരല്ല. ഞങ്ങൾ ഈ ബില്ലിന്റെ അന്തഃസത്തയെ എതിർക്കുന്നവരല്ലെന്ന് പറയാനാഗ്രഹിക്കുകയാണ്. പക്ഷെ, നിങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വളരെ വികലവും രാജ്യവിരുദ്ധവുമായതുകൊണ്ടാണ് ഞങ്ങൾ ഇതിനോട് വിയോജിക്കുന്നത്. നിങ്ങളുടെ കള്ളത്തരങ്ങൾ, നിഗൂഢമായ താൽപ്പര്യങ്ങൾ, രാഷ്ട്രീയ താൽപ്പര്യങ്ങൾ, ഭരണം നിലനിർത്താൻ വേണ്ടി ജാതി സംഘടനകളെ കയ്യിലിട്ട് അമ്മാനമാടി ഓരോ ജാതികളെയും പോക്കറ്റിലാക്കാൻ ശ്രമിക്കുന്ന തരത്തിലുള്ള കുടില തന്ത്രത്തിന്റെ ഭാഗമായാണ് ഈ ബിൽ കൊണ്ടുവരുന്നതെങ്കിൽ ഞങ്ങൾക്ക് ഇതിനോട് യോജിപ്പില്ല. മറിച്ച്, സാമൂഹ്യമായ നീതി നടപ്പാക്കാൻ വേണ്ടിയാണെങ്കിൽ അതിന്റെ എല്ലാ കാര്യങ്ങളോടും ഞങ്ങൾ യോജിക്കും. ആ രൂപത്തിലല്ല നിങ്ങളിത് കൊണ്ടുവരുന്നതെന്നുള്ളതുകൊണ്ടാണ് ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നത്. ഞാനെന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഇങ്ങനെ പോയാൽ സഭ എപ്പോൾ തീരും?

<u>മി. ചെയർമാൻ:</u> അംഗങ്ങൾ 40 മിനിട്ട് സംസാരിച്ചാൽ എന്തുചെയ്യാൻ സാധിക്കും?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ചെയർ നിയന്ത്രിക്കേണ്ടതല്ലേ?

<u>മി. ചെയർമാൻ:</u> അങ്ങനെ അസ്വസ്ഥപ്പെടാൻ പാടില്ല, ഇത് ബിൽ ആണ്, നിയന്ത്രിക്കാൻ പാടില്ലെന്ന് നിങ്ങൾ തന്നെയല്ലേ നേരത്തെ പറഞ്ഞത്? ശ്രീ. എ. കെ. ബാലനാണ് നേരത്തെ അംഗങ്ങൾ സംസാരിക്കുന്നതിൽ ഇടപെടാൻ പാടില്ലെന്ന് പറഞ്ഞത്. പ്ലീസ്......

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, കേരള സംസ്ഥാനത്തിലെ മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള ഒരു ബില്ലാണിത്. തീർച്ചയായും 2 (ബി) നമ്പർ ഭേദഗതിയെ ഞാൻ അനുകൂലിക്കുകയാണ്. സദുദ്ദേശ്യത്തിൽ കൊണ്ടുവന്ന ഒരു ബില്ലാണിത്. പക്ഷെ, ചർച്ചയുടെ ട്രാക്ക് തെറ്റിപ്പോയി. ബില്ലുമായി ബന്ധപ്പെട്ട ചർച്ചകളല്ല ഇവിടെ നടന്നത് മുഴുവൻ. ഇൻഡ്യാ രാജ്യത്ത് ഇതുവരെ നടന്ന സംഭവ വികാസങ്ങളെക്കുറിച്ചായിരുന്നു ചർച്ച. ഈ ബില്ലിന്റെ ഉള്ളടക്കം ആരും മനസ്സിലാക്കിയില്ല എന്നുള്ളത് വളരെ ദുഃഖകരമാണ്. ഹിന്ദു സമുദായത്തിലെ സവർണ്ണർ മാത്രമല്ല, ക്രിസ്ത്യൻ വിഭാഗത്തിലെ ലത്തീൻ ഒഴികെയുള്ള ക്രിസ്ത്യൻ വിഭാഗങ്ങളെയും ഉൾക്കൊണ്ടിട്ടുള്ളതാണ് മുന്നോക്ക സമുദായമെന്ന് പറയുന്നത്. മുന്നോക്ക സമുദായ കോർപ്പറേഷനാണെങ്കിലും അതുപോലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കമ്മീഷനാണെങ്കിലും ഇവർക്കെല്ലാം ബാധകമായിട്ടുള്ള രീതിയിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. നമുക്കറിയാം, കേരളത്തെ സംബന്ധിച്ച് മറ്റ് സംസ്ഥാനങ്ങൾക്കില്ലാത്ത ഒരു പ്രത്യേകതയുണ്ട്. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിൽ മുന്നോക്ക ക്ഷേമത്തിനുവേണ്ടിയുള്ള കോർപ്പറേഷനോ കമ്മീഷനോ ഒന്നുമില്ല. കാരണം, ഇപ്പോഴും സവർണ്ണ മേധാവിത്വം പലയിടങ്ങളിലുമുണ്ട്. കഴിഞ്ഞ ദിവസം നമ്മൾ പത്രത്തിൽ വായിച്ചു, ബീഹാറിൽ പഞ്ചായത്തിൽ സംവരണാടിസ്ഥാനത്തിൽ വരുന്ന പഞ്ചായത്ത് പ്രസിഡന്റുമാർ പഞ്ചായത്ത് പ്രസിഡന്റിന്റെ കസേരയിലിരിക്കില്ല, ഗ്രാമമുഖ്യനാണ് വന്ന് കസേരയിലിരിക്കുന്നത്. അങ്ങനത്തെ ഒരു ചിട്ട ഇപ്പോഴും ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലുമുണ്ട്. പക്ഷെ കേരളത്തിലങ്ങനെയല്ല. കേരളത്തിൽ പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും എന്തൊക്കെയാണ് അവകാശങ്ങളെന്നറിയാം, അവകാശങ്ങൾക്കുവേണ്ടി പോരാടിയ ജനാധിപത്യ സർക്കാരുകളാണ് ഇവിടെയുണ്ടായിട്ടുള്ളത്. ഇപ്പുറത്തിരിക്കുന്നവരും അപ്പുറത്തിരിക്കുന്നവരുമൊക്കെ ജനാധിപത്യത്തിലും മതേതരത്വത്തിലുമൊക്കെ വിശ്വസിക്കുന്നവരാണ്. ഈ സഭയിലുള്ള പാർട്ടിക്കാരാണ് കാലാകാലങ്ങളായി കേരള സംസ്ഥാനം ഭരിച്ചിട്ടുള്ളത്. അങ്ങനെയുള്ള ഭരണത്തിന്റെ ഫലവും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ അവകാശങ്ങളെക്കുറിച്ച് അറിയാനുള്ള സാഹചര്യവും ഉള്ളതുകൊണ്ട് അവർക്കവകാശപ്പെട്ട നിയമങ്ങൾ ലഭിച്ചുകൊണ്ടിരിക്കും. എന്നാൽ

മുൻകാലങ്ങളിൽ, ഇപ്പോഴത്തെ സവർണ്ണ വിഭാഗത്തിൽപ്പെട്ടവരുടെ മുൻതലമുറക്കാർ അവരുടെ ഇഷ്ടംപോലെ ജീവിച്ചു. അങ്ങനെയൊക്കെ ജീവിച്ചതിന്റെ ഫലമായി, കൃഷിഭൂമി പാട്ടത്തിന് കൊടുത്തു, പഴയ തറവാടിന്റെ പാരമ്പര്യം പറഞ്ഞുകൊണ്ടിരുന്നു. അവസാനം കൃഷിഭൂമിയൊക്കെ പാട്ടക്കാർ കൊണ്ടുപോയി തറവാടുകൾ ക്ഷയിച്ചു. പണ്ടുകാലത്ത് ആനയുണ്ടായിരുന്ന എന്ന് പറയുന്ന തറവാടുകളിലൊക്കെ കുഴിയാനകളായി മാറി. അങ്ങനെ ദാരിദ്ര്യം വന്ന്, ഒരു തെറ്റും ചെയ്യാത്ത ഇന്നത്തെ തലമുറയ്ക്ക് മുൻതലമുറക്കാർ ചെയ്ത തെറ്റിന്റെ ഫലമായി ജീവിക്കാൻ സാഹചര്യമില്ലാതായി, വീട് പട്ടിണിയായി. അങ്ങനെയൊക്കെവന്ന സാഹചര്യത്തിലാണ് മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെ സഹായിക്കുന്നതിനുവേണ്ടി ചില നിയമങ്ങൾ നമ്മൾ കൊണ്ടുവരാൻ തീരുമാനിച്ചത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന് പരിമിതികളുണ്ടെന്നുള്ളത് ശരിയാണ്. കാരണം, ഇതൊരു സംസ്ഥാനത്ത് മാത്രമായി ഒതുക്കാൻ കഴിയില്ല. ഇതിനൊരു ശാശ്വത പരിഹാരമുണ്ടാക്കണമെങ്കിൽ നമ്മുടെ ഭരണഘടന ഭേദഗതി ചെയ്യണം. ഭരണഘടന അനുസരിച്ചാണെങ്കിൽ 50% മെറിറ്റും 50% പിന്നോക്ക വിഭാഗത്തിനുള്ള സംവരണവുമാണ്. അതിൽ പിന്നോക്കക്കാർക്ക് അവകാശപ്പെട്ട 50 ശതമാനത്തിൽ തൊടാൻ കഴിയില്ല. പിന്നെയുള്ള 50% മെറിറ്റിൽനിന്ന് പത്തോ പതിനഞ്ചോ ശതമാനം മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നൽകുക. അതുമാത്രമേ ഇതിന് ശരിക്കൊരു ശാശ്വത പരിഹാരമായുള്ളൂ. അത് നമ്മളെക്കൊണ്ട് സാധിക്കുന്ന കാര്യമല്ല. കേന്ദ്രത്തിൽ ചെയ്യേണ്ട കാര്യമാണ്.

ഏതായാലും 1991-ൽ കേന്ദ്രത്തിലെ കോൺഗ്രസ് ഗവൺമെന്റാണ് മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തിയത്. അത് സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടു. ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞത് 50 ശതമാനം സംവരണത്തിൽ തൊടാൻ പാടില്ല, ഇനി കൂടുതലായി വേണമെങ്കിൽ ഭരണഘടനയിൽ ഭേദഗതി വേണമെന്നാണ്. അങ്ങനെ മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പത്ത് ശതമാനം സംവരണമെന്ന അന്നത്തെ കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന നിയമം റദ്ദാക്കപ്പെട്ടു. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് സിൻഹ കമ്മീഷനെ നിയമിച്ചത്. സിൻഹ കമ്മീഷന്റെ റിപ്പോർട്ട് കേന്ദ്രത്തിന്റെ കയ്യിലുണ്ട്. എത്രയും പെട്ടെന്ന് അത് പാസ്സാക്കിയെടുത്താൽ മാത്രമേ അതിന്റെ ഗുണം മുന്നോക്ക സമുദായത്തിലെ

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ലഭിക്കുകയുള്ളൂ. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഇവരെ സഹായിക്കാൻ, ഇതുകൊണ്ട് എല്ലാം നേടിയെന്ന് പറയുന്നില്ല, സംസ്ഥാനത്തിന്റെ പരിധിയ്ക്കകത്തുനിന്നുകൊണ്ടാണ് ഈ രണ്ട് നിയമങ്ങൾ കൊണ്ടുവന്നത്. ഒന്ന് മുന്നോക്ക സമുദായ കോർപ്പറേഷൻ, രണ്ട് മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ. കോർപ്പറേഷനെ സംബന്ധിച്ച് പറയുമ്പോൾ കോർപ്പറേഷനും പരിമിതമായ അവകാശങ്ങൾ മാത്രമേയുള്ളൂ. വിദ്യാഭ്യാസ വായ്പ, തൊഴിൽ വായ്പ തുടങ്ങിയവ കൊടുക്കാനേ കമ്മീഷന് കഴിയൂ. അല്ലാതെ പൂർണ്ണമായും സഹായിക്കാൻ കഴിയില്ല. മുന്നോക്ക സമുദായത്തിലെ അർഹരായവർക്ക് വിദ്യാഭ്യാസം, സ്വയംതൊഴിൽ, ബിസിനസ്സ് തുടങ്ങിയവയ്ക്കുള്ള സാമ്പത്തിക സഹായം നൽകേണ്ടതാണ്. ഒരു നിയമം പാസ്സാക്കി കഴിഞ്ഞാലും കാലക്രമേണയാണ് ആ നിയമം ഫുൾസ്വിംഗിൽ വരുന്നത്. കെട്ടിടം നിർമ്മിക്കുമ്പോൾ ആദ്യമേ എല്ലാം തികഞ്ഞ കെട്ടിടമല്ല. കെട്ടിടത്തിന്റെ ഷെയ്പ്പൊക്കെയാകുമ്പോൾ അതിൽ താമസം തുടങ്ങിയശേഷമാണ് പരിഷ്കാരങ്ങൾ വരുത്തുന്നത്. ഒരു ഉദാഹരണം പറയാം. 1995-ൽ പഞ്ചായത്തീരാജ് നിയമം പാസ്സാക്കി. ആദ്യം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും സ്ത്രീകൾക്കും 33 ശതമാനം സംവരണമേ ഉണ്ടായിരുന്നുള്ളൂ. അധികാരങ്ങൾ വളരെ കുറവായിരുന്നു. നിലവിലുള്ള അധികാരം വിട്ടുകൊടുക്കാൻ പലർക്കും മടിയായിരുന്നു. 2015 എത്തിയപ്പോൾ സ്ത്രീകൾക്കും ദളിത് വിഭാഗത്തിൽപ്പെട്ടവർക്കും 50 ശതമാനം സംവരണക്വാട്ട വർദ്ധിപ്പിക്കാൻ കഴിഞ്ഞു, കൂടുതൽ അധികാരങ്ങൾ അവർക്ക് കൊടുക്കാൻ കഴിഞ്ഞു. നിയമം കൊണ്ടുവരുമ്പോൾ നിയമം കാലക്രമേണ മാത്രമേ പരിഷ്കരിക്കാൻ കഴിയൂ. ഇത് ഒരു തുടക്കമാണ്.

ശ്രീ. വി. റ്റി. ബൽറാമും ശ്രീ. ആർ. രാജേഷും കൊണ്ടുവന്ന രണ്ട് സബ്മിഷനുകളിൽ, കേന്ദ്രത്തിൽ മോദി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഡൽഹിയിൽ മഴപെയ്താൽ ഇവിടെ കുട പിടിക്കുന്ന ബി.ജെ.പി. എന്ന രാഷ്ട്രീയപ്പാർട്ടിയും അതിനെക്കാളുപരിയായി സംഘ്പരിവാറുകാരും ഇപ്പോൾ ഇവിടെ പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത് എൽ.ഡി.എഫ്. വന്നാലും യു.ഡി.എഫ്. വന്നാലും എല്ലാ അധികാരങ്ങളും പിന്നോക്ക സമുദായത്തിന് മാത്രം കൊടുത്തുകൊണ്ടിരിക്കുന്നുവെന്നാണ്. മുന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് കിട്ടുന്നില്ലെന്നശക്തമായ പ്രചരണം നടത്തുകയാണ്. ചില സന്ന്യാസിമാരുൾപ്പെടെ, ഇവരൊക്കെ എന്ത് സന്ന്യാസിമാരാണെന്ന് അറിയില്ല. സാധാരണ ഹിന്ദുമതത്തിൽ

സന്ന്യാസം സ്വീകരിക്കുകയെന്നു പറഞ്ഞാൽ ലൗകികജീവിതത്തിനോട് വിരക്തിയുള്ളവരാണ് സന്ന്യാസം സ്വീകരിക്കുന്നത്. കാവിയിട്ടുകൊണ്ട് പൊതുയോഗങ്ങളിൽ പ്രസംഗിക്കുന്നതുകേട്ടാൽ ആരുടെയും രക്തം തിളച്ചുപോകും. അത്രയ്ക്ക് മോശമായ രീതിയിലാണ് പറയുന്നത്. അടുത്ത കാലത്ത് ചിലർ പറഞ്ഞു, ക്ഷേത്രങ്ങളുടെ ഫണ്ടെടുത്ത് കേരളാ ഗവൺമെന്റിന്റെ ഖജനാവിലേക്ക് മുതൽക്കൂട്ടുന്നുവെന്ന്. ഒരു പൈസയും ഹിന്ദുക്കൾക്ക് കൊടുക്കുന്നില്ല, അതുമെടുത്ത് മറ്റുമതക്കാർക്ക് കൊടുക്കുന്നുവെന്നാണ് പറയുന്നത്. പിന്നോക്കക്കാരുടെയും ന്യൂനപക്ഷക്കാരുടെയും അമ്പലങ്ങളിലും പള്ളിയിലുമൊക്കെ അവർക്ക് കിട്ടുന്ന പൈസ അവർക്കുവേണ്ടി ചെലവാക്കുന്നു. എന്നാൽ ദേവസ്വങ്ങൾക്ക് കിട്ടുന്ന ഫണ്ട് മുഴുവൻ ഖജനാവിലേയ്ക്ക് കൊടുത്ത് അതും ന്യൂനപക്ഷങ്ങൾക്ക് കൊടുക്കുന്നുവെന്ന പ്രചരണമുണ്ട്. ആ പ്രചരണങ്ങൾ കുറേയൊക്കെ ആളുകളിൽ ചിന്താക്കുഴപ്പമുണ്ടാക്കിയെന്നത് യാഥാർത്ഥ്യമാണ്. ബി.ജെ.പി. ജയിക്കുന്നത് ബി.ജെ.പി. എന്ന പാർട്ടിയുടെ വോട്ട് കൊണ്ടൊന്നുമല്ല. നിരന്തരമായ പ്രചരണങ്ങൾ കൊണ്ടാണ്. യാഥാർത്ഥ്യമെന്താണ്? തിരുവനന്തപുരത്തെ ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന് കോടിക്കണക്കിന് രൂപയുടെ സ്വത്താണുള്ളത്. സ്വത്ത് കണക്കാക്കാൻ സാധിച്ചിട്ടില്ല. കാരണം മാർത്താണ്ഡവർമ്മയുടെ കാലത്ത് സ്വരൂപിച്ച സ്വർണ്ണമുൾപ്പെടെയുണ്ട്. അതിന്റെ വില ഇപ്പോൾ കണക്കാക്കാൻ കഴിയില്ല. രണ്ടുലക്ഷംകോടിയിൽ കുറയാത്ത സംഖ്യ അവിടെ സൂക്ഷിച്ചുവെന്നുപറയുന്നു. രണ്ട് ലക്ഷം കോടിയിൽ നിന്ന് ഒരു ശതമാനം പോലുമെടുക്കാതെയാണ് ഗവൺമെന്റ് ആ സ്വത്ത് സംരക്ഷിക്കുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ ഖജനാവിൽനിന്ന് കാശ് അങ്ങോട്ടാണ് കൊടുക്കുന്നത്. ശ്രീ. വി. ഡി. സതീശന്റെ സബ്മിഷന് മറുപടിയായി ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത് ഏതാണ്ട് 62 കോടിരൂപ, രണ്ട് ലക്ഷം കോടി രൂപയുടെ സ്വത്ത് സംരക്ഷിക്കാൻ വേണ്ടി അങ്ങോട്ടുകൊടുക്കുകയാണെന്നാണ്. എന്നാൽ പ്രചരണം ദേവസ്വങ്ങളുടെ ഫണ്ടെടുക്കുന്നുവെന്നാണ്. ശബരിമലയിൽ വടശ്ശേരിക്കര മുതൽ പമ്പ വരെയുള്ള റോഡ് ടാർ ചെയ്യുന്നത് തിരുവനന്തപുരം നഗരത്തിലെ റോഡ് ടാർ ചെയ്യുന്ന അതേ പി.ഡബ്ല്യു.ഡി. ഫണ്ടുപയോഗിച്ചാണ്. അല്ലാതെ ശബരിമലയുടെ വരുമാനമെടുത്തല്ല. അതുപോലെ ഗുരുവായൂർ ക്ഷേത്രം, കാടാമ്പുഴ ക്ഷേത്രം തുടങ്ങി സ്വന്തമായി ദേവസ്വങ്ങളുള്ള ക്ഷേത്രങ്ങളിൽ ദേവസ്വങ്ങളുടെ ഫണ്ടിലേക്കാണ് കാശ് ചെല്ലുന്നത്. അത് ആ ക്ഷേത്രങ്ങളുടെ

നൻമയ്ക്കുവേണ്ടിയാണ് വിനിയോഗിക്കുന്നത്. കെ. കരുണാകരൻ കേരളത്തിൽ മുഖ്യമന്ത്രിയും ദേവസ്വം വകുപ്പുമന്ത്രിയുമായിരുന്നപ്പോൾ ക്ഷേത്രത്തിൽ വിനിയോഗിച്ച ശേഷം ഗുരുവായൂർ ദേവസ്വത്തിൽ അധികമായി വന്ന തുക മലബാറിലെ ക്ഷേത്രങ്ങൾക്ക് നൽകിയിരുന്നു. മലബാറിലെ ക്ഷേത്രങ്ങൾ തിരുവനന്തപുരത്തേയും കൊച്ചിയിലേയും ക്ഷേത്രങ്ങൾ പോലല്ല. പല ക്ഷേത്രങ്ങളും ക്ഷയിച്ചതാണ്.

ശ്രീ. ജി. സുധാകരൻ: സർ, മലബാറിൽ മാത്രമല്ല, ആ ഫണ്ട് തിരുവിതാംകൂറിനും കൊടുക്കുന്നുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, മലബാറിന് പ്രയോറിറ്റി കൊടുക്കാൻ കാരണം ക്ഷേത്രങ്ങളിൽ വരുമാനം കുറവായിരുന്നു. പൂജാരിമാർക്ക് പത്ത് രൂപ വരെ മാത്രം ശമ്പളമുണ്ടായിരുന്ന കാലമുണ്ടായിരുന്നു. മലബാറിൽ ദേവസ്വം ബോർഡ് രൂപീകരിക്കണമെന്ന് നിരന്തരമായി ഹൈക്കോടതി പറഞ്ഞു. ദേവസ്വം ബോർഡ് രൂപീകരിക്കണമെങ്കിൽ വരുമാനം വേണ്ടേ? തിരുവിതാംകൂറിലാണെങ്കിൽ ശബരിമല ക്ഷേത്രം മാത്രം മതി, നല്ല വരുമാനമാണ്. വൈക്കം ക്ഷേത്രം, ഏറ്റുമാനൂർ ക്ഷേത്രം തുടങ്ങിയ ക്ഷേത്രങ്ങളിൽ നിന്നുള്ള വരുമാനവുമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട അംഗം സംസാരിച്ചുവരുന്നത്, ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് വർഗ്ഗീയവികാരം ആളിക്കത്തിച്ച് ക്ഷേത്ര സ്വത്ത് സർക്കാർ കൊള്ളയടിക്കുന്നുവെന്ന വ്യാപകമായ പ്രചരണമാണ് നടത്തി വരുന്നത് എന്നാണ്. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവനയോടുകൂടി കള്ളത്തരം മുഴുവൻ പൊളിഞ്ഞുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് ഗുരുവായൂർ ദേവസ്വം 2006-ൽ 125 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരുന്നുവെന്നുള്ളത് കള്ള പ്രചരണമാണ്. കണക്കെല്ലാം എടുത്തപ്പോൾ അവർ ട്രഷറി സേവിംഗ്സിൽ 123 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. മൂന്നു വർഷം കഴിഞ്ഞപ്പോൾ matured ആയി പലിശ സഹിതം തിരിച്ചുവാങ്ങി. സാധാരണ സേവിംഗ്സിൽ എല്ലാവരും ഡെപ്പോസിറ്റ് ചെയ്യുന്നതുപോലെ, ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്നതുപോലെ ചെയ്യുന്നതാണ്. ഒരു നയാപൈസപോലും കേരളത്തിലെ ഒരു ക്ഷേത്രത്തിന്റെ വരുമാനത്തിൽനിന്നും ഗവൺമെന്റ് എടുത്തിട്ടില്ലെന്ന് ഈ സാഹചര്യത്തിൽ വ്യക്തമായിരിക്കുകയാണ്. എന്നിട്ട് വീണ്ടും കള്ള പ്രചരണം തന്നെയല്ലേ നടക്കുന്നത്?

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഞാൻ പറഞ്ഞല്ലോ ചില ആളുകൾ, ശശികല ടീച്ചർ എന്തൊക്കെ വൃത്തികേടുകളാണ് പ്രസംഗിക്കുന്നത്. എല്ലാം ന്യൂനപക്ഷങ്ങൾക്ക് വാരിക്കോരി കൊടുക്കുകയാണ് നമുക്കൊന്നും ഒന്നും ഇല്ലാതാകുമെന്നൊക്കെയുള്ള രീതിയിലാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. വി. ഡി. സതീശന്റെ സബ്മിഷനോടെ ആളുകൾക്കിടയിലെ ചിന്താഗതി കുറേയൊക്കെ മാറ്റി. ഗുരുവായൂർ ദേവസ്വത്തിലുള്ള അധിക വരുമാനം ആദ്യം മലബാറിന് കൊടുത്തു പിന്നീട് കേരളത്തിലെ മുഴുവൻ ക്ഷയിച്ച ക്ഷേത്രങ്ങളെയും പുനരുദ്ധരിക്കാൻ കൊടുക്കുന്നുണ്ട്. ദേവസ്വങ്ങളുടെ ഫണ്ട് മുഴുവൻ ക്ഷേത്രങ്ങൾക്കുവേണ്ടിയാണ് വിനിയോഗിക്കുന്നതെങ്കിൽ അതിനെതിരായാണ് ക്ഷേത്രങ്ങളുടെ പേരിൽ ഇവിടെ ദുഷ്പ്രചരണം നടത്തിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഇവിടുത്തെ ക്ഷേത്രങ്ങളിൽ ഒരു തെറ്റിദ്ധാരണ പരത്തുന്നത് ദേവസ്വം വകുപ്പാണെങ്കിലും എല്ലാ സ്ഥലത്തും ക്ഷേത്രങ്ങളുടെ നടത്തിപ്പിനുവേണ്ടി പ്രത്യേകം ഹിന്ദുക്കളുടെ കമ്മിറ്റികളുണ്ടായിരിക്കും. മലബാർ ദേവസ്വത്തിലും ക്ഷേത്രത്തിൽ അവരുടെ കമ്മിറ്റികളുണ്ട്. നിശ്ചയിക്കാൻ എക്സിക്യൂട്ടീവ് ഓഫീസറൊക്കയുണ്ടെങ്കിലും നാട്ടുകാരുടെ കമ്മിറ്റികളാണ് ഭരണം നടത്തുന്നത്. ഹിന്ദുക്കളുടെ കയ്യിൽത്തന്നെയാണ് ഭരണം. ആ രൂപത്തിലല്ല എന്ന പ്രചരണം നടക്കുന്നുണ്ട്.

<u>ശ്രീ. വി. റ്റി. ബൽറാം</u>: സർ, ഗുജറാത്ത് അടക്കമുള്ള മറ്റ് പല സംസ്ഥാനങ്ങളിലുമുള്ള ക്ഷേത്രങ്ങളൊക്കെ ഇതേ രീതിയിൽ പൊതു നിയന്ത്രണത്തിലാണ് എന്നുള്ള കാര്യം താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഗുജറാത്തിലെ പ്രധാനപ്പെട്ട ക്ഷേത്രമായ ദ്വാരകാദീശക്ഷേത്രത്തിന്റെ ദേവസ്ഥാനത്തിന്റെ ചെയർമാൻ അവിടത്തെ ജില്ലാ കളക്ടറാണ്. അതിന്റെ അഡ്മിനിസ്ട്രേറ്റർ അവിടത്തെ ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്. അവിടത്തെ ക്ഷേത്രവിശ്വാസികളുടെയിടയിൽനിന്നും പഞ്ചായത്ത് പ്രതിനിധികളുടെയിടയിൽനിന്നുമൊക്കെയായി മൂന്ന് പ്രതിനിധികളെ സർക്കാർ നോമിനേറ്റ് ചെയ്യുന്നുണ്ട്. അപ്പോൾ ഗുജറാത്തടക്കമുള്ള സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള പരാതി ഉയർന്നുവരാത്തതും കേരളത്തിൽമാത്രം അതേ സംഘടനകൾ പരാതി ഉന്നയിക്കുന്നതും കേരളത്തിൽ അധികാരത്തിന്റെ ഭാഗമായി അവർക്കൊരിക്കലും നോമിനേറ്റ് ചെയ്യപ്പെട്ട് ഗവൺമെന്റ് റെപ്രസെന്റേറ്റീവുകളായി ഇത്തരം ദേവസ്വം ഭരണസമിതികളിലേയ്ക്ക് കടന്നുവരാൻ കഴിയില്ലെന്ന യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞുകൊണ്ടാണ് എന്നത് താങ്കൾ അംഗീകരിക്കുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, തീർച്ചയായും. ബി.ജെ.പി.-യെ സംബന്ധിച്ച് പറഞ്ഞാൽ രണ്ട് പ്രബലരായിട്ടുള്ള മുന്നണികൾ നിൽക്കുമ്പോൾ ആ രണ്ട് മുന്നണികളേയും തോൽപ്പിച്ച് അധികാരത്തിൽ വരാൻ കഴിയില്ലെന്ന് മനസ്സിലാക്കിയപ്പോഴാണ് അവർ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് കുറേ നുണപ്രചരണങ്ങൾ നടത്തിയിട്ടുള്ളത്. ഇവിടെ ഏറ്റവും സീനിയറായിട്ടുള്ള ശ്രീ. സി. കെ. നാണു സൂചിപ്പിച്ചതുപോലെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ നടത്തുന്നത് അമ്പലവുമായി ബന്ധപ്പെട്ട കമ്മിറ്റികളാണ്. ആ കമ്മിറ്റികളിൽ ഹിന്ദുക്കൾ തന്നെയാണുള്ളത്. ക്ഷേത്രങ്ങളിലൊക്കെ ഗവൺമെന്റ് സ്വത്ത് അങ്ങോട്ട് കൊടുക്കുമ്പോഴാണ് ഇവിടെ ഇതൊന്നുമില്ലായെന്നുള്ള രീതിയിൽ പ്രചരണം നടന്നുകൊണ്ടിരിക്കുന്നത്. അപ്പോൾ ഇതിനെയൊക്കെ തടയിടാനും അതോടൊപ്പംതന്നെ മുന്നോക്ക സമുദായത്തിലെ മറ്റിതര സമുദായങ്ങൾക്ക് അർഹമായിട്ടുള്ള സഹായം കിട്ടാനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിനെ വേറെ രീതിയിലൊന്നും കാണേണ്ട ആവശ്യമില്ല.

ശ്രീ. പി. റ്റി. എ. റഹീം: സർ, കേരളത്തിന്റെ സഞ്ചിത നിധിയിൽനിന്ന് ദേവസ്വം ബോർഡിന് പണം കൊടുക്കണമെന്ന് ഭരണഘടനയിലെ ആർട്ടിക്കിൾ 290-ൽ പറയുന്നുണ്ട് എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. മുരളീധരൻ : തീർച്ചയായും കൊടുക്കുന്നുണ്ട്. ശബരിമല ക്ഷേത്രത്തിന്റെ റോഡ് നവീകരണത്തിനും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ സ്വത്ത് സംരക്ഷിക്കാനും പണം കൊടുക്കുന്നുണ്ട്. ദേവസ്വം ബോർഡിന് ഗ്രാന്റ് കൊടുക്കുന്നുണ്ട്. അത് നമ്മുടെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളതാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ഗുരുവായൂർ ദേവസ്വം ബോർഡിനും മലബാർ ദേവസ്വം ബോർഡിനും സംസ്ഥാന ഗവൺമെന്റ് ഗ്രാന്റ് കൊടുക്കുന്നുണ്ട്. ഈ പറഞ്ഞത് അതിനെല്ലാത്തിനും ഉപരിയായി ചെയ്യുന്ന കാര്യങ്ങളാണ്.

ശ്രീ. കെ. മുരളീധരൻ : സർ, ഈ ഗവൺമെന്റ് വന്നതിനുശേഷം വിവിധ ക്ഷേത്രങ്ങൾക്കായി ഗ്രാന്റ് കൊടുക്കുന്നുണ്ട്. ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന് മന്ത്രി പറഞ്ഞതുപോലെ 106.03 കോടി രൂപ കൊടുക്കുന്നുണ്ട്. അതൊക്കെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളതാണ്. അതാണ് നമ്മൾ ഇവിടെ ചെയ്യുന്നത്. അതിൽ കൂടുതലായി ഒന്നും ഇവിടെ ചെയ്തിട്ടില്ല. പക്ഷെ ഇവിടെ പറയുന്നത് ദേവസ്വത്തിന്റെ ഫണ്ടെടുത്ത് ന്യൂനപക്ഷത്തിന് കൊടുക്കുന്നു എന്നാണ്.

അങ്ങനെ രാഷ്ട്രീയമായ ഒരു കടന്നുകയറ്റത്തിന് ശ്രമിക്കുമ്പോൾ അതിനെയൊക്കെ തടയിടാനും യാഥാർത്ഥ്യം ജനങ്ങളെ ബോധ്യപ്പെടുത്താനുമൊക്കെ ഇതുപോലെയുള്ള നിയമം സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. കെ. ശിവദാസൻ നായർ: സർ, വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കുന്നതിനുവേണ്ടി നടത്തുന്ന മറ്റൊരു വലിയ പ്രചരണം ഹജ്ജിന് പോകുന്നവർക്ക് ഗവൺമെന്റ് സഹായം ചെയ്യുന്നു, എന്നാൽ എന്തുകൊണ്ട് ശബരിമലയിൽ പോകുന്നവർക്ക് സഹായം ചെയ്യുന്നില്ല എന്നൊക്കെയാണ്. ഇന്ത്യയിൽത്തന്നെ വൈഷ്ണവദേവി ക്ഷേത്രത്തിലേയ്ക്ക് പോകുന്ന തീർത്ഥാടകരുടെ മുഴുവൻ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. അത് മറന്നുകൊണ്ടല്ലേ ഇത്തരത്തിലുള്ള പ്രചരണങ്ങൾ നടത്തുന്നത്?

ശ്രീ. കെ. മുരളീധരൻ : സർ, പ്രചരണം നടത്തുന്നതിന്റെ ഉദ്ദേശ്യം വേറൊന്നുമല്ല, രാഷ്ട്രീയമാണ്. ബി.ജെ.പി.-യുടെ ഇതുവരെയുള്ള സംഘടനാ സംവിധാനം മാറ്റിയെന്നൊക്കെ നമ്മൾ പത്രത്തിൽ വായിച്ചു. വിശ്വഹിന്ദ് പരിഷത്തിന്റെയും ആർ.എസ്.എസ്.-ന്റെയും നിയന്ത്രണത്തിൽ ആ പാർട്ടിയെ കൊണ്ടുപോകുകയാണ്. അതിനാണ് ചില കടുത്ത വർഗ്ഗീയവാദികളെ ഇതിന്റെ തലപ്പത്ത് കൊണ്ടുവരാൻ നോക്കുന്നത്. ഇവിടെ ശ്രീ. നരേന്ദ്രമോദിയുടെ സന്ദർശനത്തിൽ അദ്ദേഹം പ്രസംഗിച്ചതും ജാതിയെക്കുറിച്ചാണ്. മുന്നോക്ക/ പിന്നോക്ക ഹിന്ദു എന്നുള്ള രീതിയിൽത്തന്നെയാണ് ഇന്നലെ അദ്ദേഹം ശിവഗിരിയിലും ബി.ജെ.പി.യുടെ പൊതുസമ്മേളനത്തിലും സംസാരിച്ചത്. നമ്മൾ പാവപ്പെട്ട മതവിഭാഗങ്ങളെ സഹായിക്കുന്നവരാണ്. ന്യൂനപക്ഷങ്ങളെ സഹായിക്കാൻ നിയമം കൊണ്ടുവരുന്നതുപോലതന്നെ ഭൂരിപക്ഷ സമുദായത്തിലെ പാവപ്പെട്ടവരെ സഹായിക്കാനും ഇവിടെ നിയമമുണ്ട്. അങ്ങനെ ഫോക്കസ് ചെയ്തുകൊണ്ട് മുന്നോട്ട് നീങ്ങേണ്ട ഒരു സന്ദർഭമാണിത്. പക്ഷേ ദൗർഭാഗ്യമെന്നു പറയട്ടെ, ഇന്നത്തെ ചർച്ചയിൽ ഇതെല്ലാം മാറിയും മറിഞ്ഞുമൊക്കെ പോയി. ഈ ബില്ലിൽ ഒരു വാചകം കടന്നുകൂടിയത് ശരിയാണ്. അത് ദൗർഭാഗ്യകരമാണ്. അതിൽ നമ്മുടെയെല്ലാപേരുടേയും നോട്ടപ്പിശകുണ്ടായി. സഭയിൽ ബഹളത്തിന്റെയിടയിൽ പ്രമേയം പാസ്സാക്കി സബ്ജക്ട് കമ്മിറ്റിക്ക് വിട്ടു. സബ്ജക്ട് കമ്മിറ്റിയിൽപ്പോയി ചർച്ച ചെയ്തപ്പോഴും ശ്രദ്ധിച്ചില്ല. ഇപ്പോൾ അത് നമ്മുടെ ശ്രദ്ധയിൽപ്പെട്ടു. അപ്പോൾത്തന്നെ നമ്മളത് മാറ്റി. അങ്ങനെ മാറ്റുമ്പോൾ ബി.ജെ.പി.ക്ക് ഇല്ലാത്ത പ്രാധാന്യം കൊടുക്കണോ? ആർ.എസ്.എസ്.കാർ

ഇവിടെയും കയറാൻ നോക്കുന്നുണ്ട്. അതിന് ഒരു ഉദാഹരണം പറയാം, ഈ ബില്ലിനെ രാഷ്ട്രീയവുമായി കൂട്ടിക്കുഴയ്ക്കാൻ ഇഷ്ടപ്പെടുന്ന ഒരാളല്ല ഞാൻ. പക്ഷെ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇവിടെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമായിരുന്ന ബീഫ് വിഷയം. സത്യത്തിൽ ഗ്രാമപഞ്ചായത്തും ബീഫുമായിട്ട് എന്താണ് ബന്ധമെന്ന് നമ്മൾ ചിന്തിക്കും. നാളെ ഇവിടെ ആരെങ്കിലും ബീഫ് പാചകം ചെയ്താൽ പോലീസ് വന്ന് അന്വേഷണം നടത്തും, ബീഫ് പാചകം ചെയ്ത ആളെ പശു ഇറച്ചിയാണ് പാചകം ചെയ്തതെന്നുപറഞ്ഞ് അറസ്റ്റ് ചെയ്ത് കൊണ്ടുപോകും എന്നൊക്കെയുള്ള പ്രചരണമുണ്ടായി. അങ്ങനെ പ്രചരണമുണ്ടായപ്പോൾ സ്വാഭാവികമായും അവരുടെ ഉദ്ദേശ്യകാര്യം സാധിച്ചു. അതായത് ഞങ്ങളുടെ കുറച്ച് വോട്ട് നഷ്ടപ്പെടുത്താൻ കഴിഞ്ഞു. ഞങ്ങൾക്ക് സ്ഥിരമായി വോട്ട് ചെയ്തിരുന്ന ഒരു വിഭാഗത്തിന്റെ വോട്ട് മാറി ചെയ്തു. അതുകൊണ്ട് ഞങ്ങൾക്ക് പരാജയമുണ്ടായി. അത് മറ്റ് ചിലർക്ക് പ്രയോജനമുണ്ടായി. ഈ പറയുന്ന ശക്തികൾ കുറേ ജയിച്ചുവന്നു. ഉദാഹരണത്തിന് തിരുവനന്തപുരം കോർപ്പറേഷനിൽ നമുക്ക് രണ്ടുപാർട്ടിക്കാർക്കും കുറവുപറ്റി. എൽ.ഡി.എഫ്.-ന് 51 സീറ്റുണ്ടായിരുന്നത് 42 ആയി. യു.ഡി.എഫ്.-ന് 41 സീറ്റുണ്ടായിരുന്നത് 21 ആയി. എന്നാൽ 6 പേരുണ്ടായിരുന്ന ബി.ജെ.പി. 35 ആയി. കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ മുഖ്യപ്രതിപക്ഷം ബി.ജെ.പി.-യാണ്. കോഴിക്കോട് കോർപ്പറേഷനിൽ ഒരു മീൻചന്ത സീറ്റ് മാത്രമാണ് അവർക്കുണ്ടായിരുന്നത്. 2010-ലെ തെരഞ്ഞെടുപ്പിൽ ആ മീൻചന്ത സീറ്റും കിട്ടിയില്ല. ഇത്തവണ 7 സീറ്റാണ് ബി.ജെ.പി.-ക്ക് കിട്ടിയത്. താനൂർ, മലപ്പുറം മുനിസിപ്പാലിറ്റികളിൽ മുഖ്യ പ്രതിപക്ഷം ബി.ജെ.പി.-യാണ്. ഇവിടെ കോൺഗ്രസ്സും ബി.ജെ.പി.യുമായി രഹസ്യബന്ധമെന്നൊക്കെ പറഞ്ഞപ്പോൾ ഒരു വിഭാഗം വോട്ട് ഞങ്ങൾക്ക് നഷ്ടമായി. ആ വോട്ട് എൽ.ഡി.എഫ്.-ന് പോയപ്പോൾ യു.ഡി.എഫ്.ന് കിട്ടിക്കൊണ്ടിരുന്ന ഒരു വിഭാഗത്തിന്റെ വോട്ട് ബി.ജെ.പി.ക്കാരനും കൊണ്ടു പോയി. ഞങ്ങൾക്ക് നഷ്ടമുണ്ടായി എന്നുള്ളത് ശരിയാണ്. പക്ഷെ ഇത് അപകടമാണ്. നമുക്ക് ഇലക്ഷനിൽ രാഷ്ട്രീയം പറഞ്ഞും വികസനം പറഞ്ഞും ചർച്ച ചെയ്യാമല്ലോ. അതിനുപകരം ഇല്ലാത്തൊരു ആർ.എസ്.എസ്.-ന്റെ ശക്തി പറഞ്ഞുകൊണ്ട്, അവർ ഇപ്പോൾ ശക്തിയാക്കാൻ നോക്കുകയാണ്. ഇന്ത്യയിൽ ബി.ജെ.പി.ക്ക് ഏറ്റവും ശക്തിയായ സംസ്ഥാനങ്ങളിൽ അവർ താഴോട്ട് പോകുകയല്ലേ? ബീഹാറിൽ ശ്രീ. നരേന്ദ്രമോദി 45 യോഗങ്ങളിൽ പ്രസംഗിച്ചു, 40 ഇടത്തും തോറ്റു. ശ്രീ. നരേന്ദ്രമോദിയുടെ സ്വന്തം നാട്ടിൽ മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ജയിച്ചുവെങ്കിലും പഞ്ചായത്തുകൾ മുഴുവൻ തോറ്റു.

മധ്യപ്രദേശിൽ കോൺഗ്രസ് കഴിഞ്ഞ പാർലമെന്റ് ഇലക്ഷനിൽ ഒരു ലക്ഷം വോട്ടിന് തോറ്റ സീറ്റിൽ ഇത്തവണ 80000 വോട്ടിന് ബൈ-ഇലക്ഷനിൽ ജയിച്ചു. എല്ലായിടത്തും ബി.ജെ.പി.-ക്ക് അഡ്രസ്സുള്ള സംസ്ഥാനങ്ങൾ തോൽക്കുമ്പോൾ ഇവിടെമാത്രം എന്തുകൊണ്ടാണ് ഇവർ ജയിക്കാൻ കാരണം. അരൊക്കെയാണ് ബി.ജെ.പി.-യുടെ ബന്ധുക്കളും ശത്രുക്കളുമെന്നുള്ള ഡിബേറ്റ് നമ്മൾ നടത്തുമ്പോൾ അതിനെ മുതലെടുക്കാൻ കഴിയുന്നത് ഇപ്പോൾ ബി.ജെ.പി.-ക്കാണ്. ഉദാഹരണത്തിന് വി. പി. സിംഗിന്റെ കാര്യമെടുക്കാം. അന്ന് ഞാനും ആ സഭയിൽ അംഗമായതുകൊണ്ടാണ് പറയുന്നത്. അന്ന് വി. പി. സിംഗിനെക്കാൾ മുമ്പ് ഗവൺമെന്റുണ്ടാക്കാൻ ക്ഷണിച്ചത് രാജീവ് ഗാന്ധിയെയാണ്. ഞാനും ശ്രീ. രമേശ് ചെന്നിത്തലയുമുൾപ്പടെ 197 എം.പി.മാർ കോൺഗ്രസ്സിലുണ്ടായിരുന്നു. ഏറ്റവും വലിയ കക്ഷിയുടെ നേതാവെന്ന നിലയിൽ അന്ന് രാഷ്ട്രപതിയായിരുന്ന വെങ്കിട്ടരാമൻ രാജീവ് ഗാന്ധിയെ ഗവൺമെന്റുണ്ടാക്കാൻ ക്ഷണിച്ചു. അപ്പോൾ രാജീവ് ഗാന്ധി പറഞ്ഞു, എനിക്ക് ഗവൺമെന്റുണ്ടാക്കാൻ സാധ്യമല്ലായെന്ന്. അപ്പോൾപ്പിന്നെ 142 അംഗങ്ങളുള്ള രണ്ടാമത്തെ കക്ഷിനേതാവെന്ന നിലയിൽ ജനതാദൾ അംഗമായ വി. പി. സിംഗിനെ വിളിച്ചു. അദ്ദേഹം പറഞ്ഞു ഞാൻ ഗവൺമെന്റുണ്ടാക്കാമെന്ന്. അപ്പോൾ രാഷ്ട്രപതി ചോദിച്ചു, 197-പേരുള്ളവന് ഗവൺമെന്റുണ്ടാക്കാൻ സാധിക്കുന്നില്ല പിന്നെങ്ങനെ 142-പേരുള്ളവൻ ഗവൺമെന്റുണ്ടാക്കുമെന്ന്. അപ്പോൾ 86 പേരുള്ള ബി.ജെ.പി. അവരുടെ കൂടെയുണ്ടായിരുന്നു. അന്ന് ഇ.എം.എസ്. ആണ് അഖിലേന്ത്യാ സെക്രട്ടറി. ഇടതുപക്ഷത്തിന് അന്ന് ലോകസഭയിൽ 50 എം.പി.മാരുണ്ടായിരുന്നു. ഇവരെയൊക്കെ ചേർത്തിട്ടാണ് വി. പി. സിംഗ് ഗവൺമെന്റുണ്ടാക്കിയത്. അപ്പോൾ ഞങ്ങൾ പ്രതിപക്ഷത്തായിരുന്നു. ഞങ്ങൾ എല്ലാ വോട്ടെടുപ്പിലും വി. പി. സിംഗ് സർക്കാരിന് എതിരായി വോട്ട് ചെയ്തു. അവസാനം ബി.ജെ.പി. പിന്തുണ പിൻവലിച്ചപ്പോൾ ഞങ്ങൾ വി. പി. സിംഗിനെ പിന്താങ്ങേണ്ട ആവശ്യമുണ്ടോ? ഞങ്ങളോട് അന്ന് വി. പി. സിംഗ് സഹായം ചോദിച്ചില്ല. പ്രതിപക്ഷത്തിരിക്കുമ്പോൾ ഗവൺമെന്റ് നയങ്ങൾക്കെതിരായി വോട്ട് ചെയ്യും. അല്ലെങ്കിൽ അവരെ പ്രതിപക്ഷമെന്ന് പറയാമോ? ആ നിലയിൽ ഞങ്ങൾ ആ 11 മാസക്കാലവും വി. പി. സിംഗ് സർക്കാരിനെതിരായി വോട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. സി. കെ. നാണു: സർ, നിങ്ങൾ വി. പി. സിംഗ് ഗവൺമെന്റിന് ആദ്യം പിന്തുണ നൽകിയിരുന്നു. ഇടതുപക്ഷ കക്ഷികളുമുണ്ടായിരുന്നു. നിങ്ങൾ തെറ്റുന്നത് വി. പി. സിംഗ് ഗവൺമെന്റ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിയപ്പോഴാണ്.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്നുള്ള പ്രകടനപത്രിക വച്ചിട്ടാണ് വി. പി. സിംഗ് പ്രധാനമന്ത്രിയായത്. വി. പി. സിംഗിന്റെ ഗവൺമെന്റ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞത് നടപ്പാക്കിയപ്പോൾ ബി.ജെ.പി. എതിർത്തു. അത് മനസ്സിലാക്കാം. പക്ഷേ കോൺഗ്രസും എതിർത്തു. ആ റിപ്പോർട്ട് കീറിയതിൽ എൻ.എസ്.യു.(ഐ) യുണ്ടായിരുന്നു, എ.ബി.വി.പി. യുണ്ടായിരുന്നു. ഒരു ചെറുപ്പക്കാരന്റെ ദേഹത്ത് മണ്ണെണ്ണയൊഴിച്ച് കത്തിച്ചിട്ട് ആത്മഹത്യ എന്ന് വരുത്തിത്തീർത്തു. ആ സംഭവത്തിനുശേഷം ബി.ജെ.പി.-യുമായി ഇന്ത്യയിലെ ജനതാദൾ പിന്നീട് സാധാരണ നിലയ്ക്ക് ബന്ധപ്പെട്ടിട്ടില്ല. ഇപ്പോൾ ഞങ്ങൾ പലരും പലയിടത്തായി.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, വി. പി. സിംഗ് ഗവൺമെന്റിന് ബി.ജെ.പി. പിന്തുണയുണ്ടായിരുന്നു. ബീഹാറിൽ വച്ച് ശ്രീ. എൽ. കെ. അദ്വാനിയുടെ രഥയാത്ര തടയുകയും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയും ചെയ്തതിൽ പ്രതിഷേധിച്ചിട്ടാണ് ബി.ജെ.പി. അവിശ്വാസപ്രമേയം കൊണ്ടുവന്നത്. അതിനെയാണ് നിങ്ങൾ പിന്തുണച്ചത്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ഇവിടെ ശ്രീ. സി. കെ. നാണുവിന് ഒരു മിസ്റ്റേക്ക് പറ്റിയതാണ്. ഗവൺമെന്റ് രൂപീകരിക്കുമ്പോൾ വി. പി. സിംഗിന്റെ പാർട്ടിയുടെ അംഗസംഖ്യ 142 ആയിരുന്നു. 86 അംഗങ്ങളുള്ള ബി.ജെ.പി.യുടെയും 50 അംഗങ്ങളുള്ള ഇടതുപക്ഷത്തിന്റെയും പിന്തുണയോടുകൂടി ഗവൺമെന്റ് ഉണ്ടാക്കിയപ്പോൾ പാർലമെന്റിൽ വിശ്വാസവോട്ട് തേടണമെന്ന് രാഷ്ട്രപതി പറഞ്ഞു. അങ്ങനെ സത്യപ്രതിജ്ഞ ചെയ്ത ഗവൺമെന്റിന്റെ ആദ്യത്തെ വിശ്വാസ പ്രമേയ വോട്ടെടുപ്പുസമയത്ത് ഞങ്ങൾ നിഷ്പക്ഷത പാലിച്ചു. രേഖകൾ പരിശോധിച്ചാൽ മതി. ഞാൻ പറഞ്ഞതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ പരസ്യമായി ക്ഷമ ചോദിക്കാൻ ഞാൻ തയ്യാറാണ്. അന്ന് എന്താണ് നിഷ്പക്ഷത പാലിക്കാൻ കാരണം? ഒരു ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്യുകയാണ്. എന്തായാലും ജനവിധി അന്ന് കോൺഗ്രസിനെതിരാണ്. അന്ന് രാജീവ് ഗാന്ധി പറഞ്ഞത് ജനം കോൺഗ്രസിന് എതിരായതുകൊണ്ട് ഞങ്ങൾ ഗവൺമെന്റ് ഉണ്ടാക്കുന്നില്ലെന്നാണ്. അങ്ങനെ ഗവൺമെന്റുണ്ടാക്കുന്നത് ശരിയല്ല, ഞങ്ങൾക്ക് മുന്നോട്ടുകൊണ്ടുപോകുവാനും കഴിയില്ലായിരുന്നു. വി. പി. സിംഗ് ഗവൺമെന്റുണ്ടാക്കിയപ്പോൾ ആദ്യമായി വിശ്വാസപ്രമേയം വരികയാണ്. തുടക്കത്തിൽത്തന്നെ എതിർക്കേണ്ട കാര്യമെന്താണ്? ഒരു ഗവൺമെന്റ് അധികാരത്തിൽ വന്നാൽ ആ ഗവൺമെന്റ് വിശ്വാസവോട്ടെടുപ്പിൽ പരാജയപ്പെടുകയാണെങ്കിൽ പിന്നെ വീണ്ടും

ഇലക്ഷന് പോകണ്ടേ? ഏതായാലും ഞങ്ങൾ വോട്ടെടുപ്പിൽ പങ്കെടുക്കുന്നില്ലെന്ന് അന്ന് പറഞ്ഞു. പിന്നീട് ആർ.എസ്.എസ്.ന്റെ അജണ്ട നടപ്പാക്കാൻ തുടങ്ങിയപ്പോൾ ഞങ്ങൾ എതിർക്കാൻ തുടങ്ങി. അവിടത്തെ വോട്ടെടുപ്പ് നോക്കിയാൽ മതി. അന്നത്തെ വോട്ടെടുപ്പിലൊക്കെ ശ്രീ. എൽ. കെ. അദ്വാനിയും ഇടതുപക്ഷവും വി. പി. സിംഗിന് അനുകൂലമായി വോട്ട് ചെയ്തപ്പോൾ ഞങ്ങൾ സഭയിൽ എതിരായി വോട്ട് ചെയ്തു. പിന്നെ രഥയാത്ര തടഞ്ഞത്, അത് അവർ തമ്മിലുള്ള കാര്യം. അന്ന് വി. പി. സിംഗ് കോൺഗ്രസിനോട് പിന്തുണ ചോദിച്ചോ? ഒരു വർഗ്ഗീയ കക്ഷിയായ ബി.ജെ.പി. പിന്തുണ പിൻവലിച്ചതുകൊണ്ട് നിങ്ങൾ സഹായിക്കണമെന്ന് ഞങ്ങളോട് പറഞ്ഞോ? ആവശ്യമില്ലാതെ വലിഞ്ഞു കയറി വോട്ട് കൊടുക്കേണ്ട കാര്യമുണ്ടോ?

ശ്രീ. സി. പി. മുഹമ്മദ്: സർ, 1969-ൽ കോൺഗ്രസ് രണ്ടായി പിളർന്നതിനുശേഷം അതുവരെ ഒറ്റപ്പെട്ടുകിടന്നിരുന്ന ആർ.എസ്.എസ്.-നും ബി.ജെ.പി.-ക്കും രാഷ്ട്രീയ അധികാരം കൊടുത്ത് ശ്രീ. എ. ബി. വാജ്പേയിയെ വിദേശകാര്യ വകുപ്പുമന്ത്രിയാക്കിയത് മൊറാർജി ദേശായി ആണെന്ന് അങ്ങേയ്ക്ക് അറിയുമോ ?

ശ്രീ. കെ. മുരളീധരൻ: സർ, ഈ സഭയിലെ സീനിയർ അംഗം കൂടിയായ ബഹുമാനപ്പെട്ട നാണുവേട്ടന് വിഷമമുണ്ടാകരുതെന്ന് വിചാരിച്ചാണ് പറയാതിരുന്നത്. കോൺഗ്രസേതര ഗവൺമെന്റുകൾക്ക് നേതൃത്വം നൽകിയ മൊറാർജി ദേശായിയും വി. പി. സിംഗുമാണ് ഇവിടെ വർഗ്ഗീയ കക്ഷികൾക്ക് വളമിട്ട് കൊടുത്തത്. അവരെ താഴെയിറക്കിയതിന് ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ബി.ജെ.പി. പിന്തുണയോടെ വി. പി. സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായി. പ്രതിപക്ഷമെന്നുള്ള നിലയ്ക്ക് ഞങ്ങൾക്ക് ഇവരെ താങ്ങേണ്ട ആവശ്യമില്ലായിരുന്നു. വി. പി. സിംഗ് ഗവൺമെന്റിനെതിരെ വിശ്വാസ വോട്ടാണ് കൊണ്ടുവന്നത്. ശ്രീ. എൽ. കെ. അദ്വാനി അവിശ്വാസമല്ല കൊണ്ടുവന്നത്. വി. പി. സിംഗ് വിശ്വാസവോട്ട് തേടിയപ്പോൾ ഞങ്ങൾ അതിനെ എതിർത്തു. കാരണം ഞങ്ങളോട് പിന്തുണ ചോദിക്കാത്ത ഒരു പ്രധാനമന്ത്രിയെ വലിഞ്ഞുകയറി പിന്തുണയ്ക്കേണ്ട ഒരു കാര്യം ഞങ്ങൾക്കില്ല.

ശ്രീ. സി. കെ. നാണു: സർ, പ്രധാനപ്പെട്ട ഒരു ചോദ്യം ഞാൻ ചോദിച്ചു. അതിന് മറുപടി പറയാൻ താങ്കൾക്ക് ബുദ്ധിമുട്ടാണെന്ന് എനിക്കറിയാം. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്ന അവസരത്തിൽ വിവിധ സോഷ്യലിസ്റ്റ് പാർട്ടികളാണ് ഇന്ത്യയിലുണ്ടായിരുന്നത്. ആ സമയത്ത് ഇന്ത്യയുടെ ജനാധിപത്യം തകർന്നു, സംശയമില്ലല്ലോ. സ്വതന്ത്ര പത്രപ്രവർത്തനമില്ല, സ്വതന്ത്ര നീതിന്യായ

പ്രവർത്തനമില്ല, തൊഴിലാളികൾക്ക് സംഘടിച്ചുകൂടാ. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം തകർന്നോയെന്ന് ലോകം ചോദിച്ചു. നേതാക്കളായ മൊറാർജി ദേശായി, ജയപ്രകാശ് നാരായൺ അടക്കം എല്ലാവരും ജയിലിലാണ്. അങ്ങനെയുള്ള ഒരു ഘട്ടത്തിൽ .......

ശ്രീ. കെ. മുരളീധരൻ: സർ, ബഹുമാനപ്പെട്ട നാണുവേട്ടന്റെ വിഷമം ഞാൻ മനസ്സിലാക്കുന്നു. ഞാൻ സത്യം പറഞ്ഞുവെന്നേയുള്ളൂ. അടിയന്തരാവസ്ഥയിൽ ചില സ്ഥലങ്ങളിൽ കോൺഗ്രസിന് പാളിയിട്ടുണ്ട്, ശരിയാണ്. പക്ഷേ 1977-ൽ കേരളം പോലെയുള്ള സംസ്ഥാനത്ത് 20 എം.പി. സീറ്റുകളും 111 എം.എൽ.എ.-മാരുമുണ്ടായിരുന്നപ്പോൾ,സി.പി.ഐ.(എം)-ന്...., ഇന്ന് ഇടതുപക്ഷം എന്ന് പറഞ്ഞാൽ നിങ്ങളും കൂടെയുണ്ടല്ലോ.

ശ്രീ. സി. കെ. നാണു: സർ, അടിയന്തരാവസ്ഥയിൽ നിന്ന് ഇന്ത്യാരാജ്യത്തെ രക്ഷിക്കാൻ വേണ്ടി മാത്രമാണ് അങ്ങനെ ചെയ്തത്. ആ സാഹചര്യമുണ്ടായിരുന്നില്ലെങ്കിൽ കോൺഗ്രസും ബി.ജെ.പി.യും ഓരോ പാർട്ടികളാകുമായിരുന്നു. 1969-ൽ കോൺഗ്രസ് പിളർന്നപ്പോൾ ഇന്ത്യൻ ജനാധിപത്യത്തെ രക്ഷിക്കാൻ ഞങ്ങൾ മഹാസഖ്യമുണ്ടാക്കി. ഞങ്ങൾ പറഞ്ഞ കാരണം ശരിയായിരുന്നു. നിങ്ങൾ അതിനുശേഷം അടിയന്തരാവസ്ഥ കൊണ്ടുവന്നു. ഇന്ത്യാരാജ്യത്തെ ജനാധിപത്യം രക്ഷിക്കാൻ ഞങ്ങളുടെ മുന്നണി പോരായിരുന്നു, അതാണ് ജനതാ പാർട്ടിയുണ്ടാക്കിയത്. ആ ജനതാ പാർട്ടി ഇന്ത്യയെ രക്ഷിച്ചതുകൊണ്ടാണ് സ്വതന്ത്രമായ നിയമസഭ, പത്രം, ഈ രാജ്യത്തിലെ ജനാധിപത്യം ഇവയൊക്കെയുണ്ടായത്.

ശ്രീ. കെ. മുരളീധരൻ: സർ, 1969-ൽ അടിയന്തരാവസ്ഥ ഉണ്ടായിരുന്നില്ല. 1969-ൽ മൊറാർജി ദേശായി ജനസംഘവും സ്വതന്ത്ര പാർട്ടിയുമായി കൂട്ടുകൂടി. കോൺഗ്രസ് പാർട്ടി 1969-ൽ പിളർന്നപ്പോൾ സി.പി.ഐ.(എം)-ഉം സി.പി.ഐ.-ഉം അന്ന് ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റിനെ പിന്തുണച്ചു. അങ്ങനെയാണ് ആ ഗവൺമെന്റ് അന്ന് നിലനിന്നത്. അന്ന് ഒരു അടിയന്തരാവസ്ഥയും ഉണ്ടായിരുന്നില്ല. സ്വകാര്യ ബാങ്കുകൾ നാഷണലൈസ് ചെയ്തുകൊണ്ട് ഇന്ത്യയിൽ സാമ്പത്തികമായ വിപ്ലവം ഉണ്ടാക്കിയപ്പോൾ ഇടതുപക്ഷത്തിന്റെ പിന്തുണയോടെ അന്ന് ഇന്ദിരാഗാന്ധി സഭയിൽ വിജയിച്ചു. ഞാൻ ആ സബ്ജക്ടിലേയ്ക്ക് പോകുന്നില്ല.

ശ്രീ. സി. കെ. നാണു: സർ, 1967-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിനുവേണ്ടി കൊച്ചിയിലാണ് എ.ഐ.സി.സി.-യുടെ യോഗം

ചേർന്നത്. വി. കെ. കൃഷ്ണമേനോൻ മാനിഫെസ്റ്റോ അവതരിപ്പിച്ചു. . 1967-ലെ പാർലമെന്റിലെ തെരഞ്ഞെടുപ്പിനെ കോൺഗ്രസ് നേരിട്ടത് സോഷ്യൽ കൺട്രോൾ ഉപയോഗിച്ചുകൊണ്ടാണ്.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ ആ സബ്ജക്ടിലേയ്ക്ക് കടക്കുന്നില്ല. ബില്ലിലേയ്ക്ക് വരികയാണ്. ഇന്ന് ചെറിയ ഒരു മിസ്റ്റേക്കിന്റെ പേരിൽ കോൺഗ്രസ്-ബി.ജെ.പി. സഖ്യമെന്നൊക്ക പറഞ്ഞ്, ഒരു അഭ്യർത്ഥന മാത്രമേ എനിക്കുള്ളൂ, നാലുമാസം കഴിഞ്ഞ് തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നമ്മളാരും ഈ ഭാഗത്ത് വന്നാലും അപ്പുറത്തു പോയാലും പ്രശ്നമില്ല. കാരണം നമ്മൾ രണ്ടും ജനാധിപത്യ കക്ഷികളാണ്. പക്ഷേ ഈ സഭയിൽ ബി.ജെ.പി. യുടെ ജയ്ശ്രീറാം എന്ന് കേൾപ്പിക്കുന്ന ഒരു ഏർപ്പാടുണ്ടാക്കരുത്. അതുകൊണ്ട് വെറുതെ ആവശ്യമില്ലാതെ കോൺഗ്രസ്-ബി.ജെ.പി. സഖ്യമെന്ന് പറയരുത്. ഞങ്ങൾ തമ്മിൽ ഒരു സഖ്യവുമില്ല. വട്ടിയൂർക്കാവ് മണ്ഡലത്തിൽ എന്റെ എതിർകക്ഷി ബി.ജെ.പി.-യാണ്. എനിക്ക് അവിടെ ഇടതുപക്ഷത്തിനെ കൊണ്ടല്ല ശല്യം, മുഴുവൻ ബി.ജെ.പി.- ക്കാരെ കൊണ്ടാണ്. ഇടതുപക്ഷത്തിന് അത്ര ശക്തിയൊന്നുമില്ല. ഒരു കാലത്തും ബി.ജെ.പി.യുമായി ഒരു ബന്ധവുമുണ്ടാകില്ല. മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയും സംരക്ഷിക്കാൻ ഇവിടെ ജനാധിപത്യ കക്ഷികളുണ്ട് എന്നൊരു സന്ദേശമായിരിക്കണം ഇവിടെ വരേണ്ടത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്താങ്ങുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ നിയമത്തെക്കുറിച്ച് നടന്ന ചർച്ചകളെ ഞാൻ സ്വാഗതം ചെയ്യുകയാണ്. സാമൂഹിക നീതി എല്ലാവർക്കും ഉറപ്പുവരുത്താൻ വേണ്ടിയുള്ള നിയമമാണിത്. നമ്മുടെ രാജ്യത്ത് വർഷങ്ങളായി നിൽക്കുന്ന പിന്നോക്ക--ദളിത് വിഭാഗങ്ങൾക്കെല്ലാം സംവരണവും പ്രത്യേകമായ പിന്തുണയും സഹായവുമെല്ലാം ചെയ്യുന്ന സംവിധാനത്തെയൊന്നും ബാധിക്കാത്ത വിധത്തിൽ, ഒരു കുറവും വരാത്ത വിധത്തിൽ മുന്നോക്ക സമുദായത്തിലെ പിന്നോക്കക്കാർക്ക് ഒരു സഹായം നൽകുന്നതിനുവേണ്ടിയുള്ള നിയമമാണിത്. അതിനെക്കുറിച്ച് ഒരു ആശങ്കയും വേണ്ട. നിലവിലുള്ള ഏതെങ്കിലും ആനുകൂല്യം കുറയ്ക്കുകയോ അതിനെ ബാധിക്കുന്ന സാഹചര്യം ഉണ്ടാകുകയോ ചെയ്യില്ലായെന്ന് ഇതിനെക്കുറിച്ച് ചർച്ച ചെയ്തപ്പോഴെല്ലാം വ്യക്തമാക്കിയിട്ടുള്ള കാര്യമാണ്. അതിനെക്കുറിച്ച് ആർക്കും ഒരു ആശങ്കയും വേണ്ട, ഒരു സംശയവും അതിന്റെ പേരിലുണ്ടാകില്ലെന്ന് തന്നെയാണ് പറയാനുള്ളത്. ബില്ലിലെ

ഉദ്ദേശ്യകാരണങ്ങളിൽ വന്ന ഒരു തെറ്റ്, അത് ഇവിടത്തെ ചർച്ചകളിൽ ഏറ്റവും അധികം മുഴച്ചുനിന്നു. ശ്രീ. എ. കെ. ബാലൻ ശ്രദ്ധയിൽപ്പെടുത്തിയ സമയത്തുതന്നെ ഞങ്ങൾ തിരുത്തുകയും ചെയ്തു. തെറ്റ് വന്നാൽ ഏറ്റവും വേഗത്തിൽ തിരുത്തുകയെന്നുള്ളതാണ് അഭികാമ്യമായിട്ടുള്ളത്. എന്നിട്ടും ഞങ്ങളെ വിടാതെ ആക്രമിക്കുന്നവരോട് ഒന്നേ ചോദിക്കാനുള്ളൂ. ഞങ്ങൾക്ക് പറ്റിയ അതേ തെറ്റ് മറ്റൊരു രൂപത്തിൽ നിങ്ങൾക്കും പറ്റിയില്ലേ? ഇത് ഓർഡിനൻസായി ഇറക്കിയതാണ്. ഈ രാജ്യത്തെ നിയമമാണിത്. ഇവിടെ ബിൽ അവതരിപ്പിച്ചതാണ്, ഇവിടെ ചർച്ച ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ഡിസെന്റിംഗ് നോട്ട് എഴുതി തന്നതാണ്. നിങ്ങൾക്ക് സത്യം പറയാതിരിക്കാൻ കഴിയുമോ? ഞങ്ങൾക്ക് തെറ്റ് പറ്റിയെന്ന് ഞാൻ തുറന്നുപറഞ്ഞു. എന്നിട്ടും അത് മാറ്റിയിട്ടും വീണ്ടും കുറ്റപ്പെടുത്തുന്നതുകൊണ്ടാണ് ഞാൻ ഇത് ആവർത്തിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, അതുകൂടി പൂർണ്ണമായും നിങ്ങൾ എടുത്തോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിങ്ങൾക്കുള്ളത് തന്നിട്ടേ ഞങ്ങൾ എടുക്കുകയുള്ളൂ. അല്ലാതെ ഞങ്ങൾ ഒറ്റയ്ക്ക് എടുക്കില്ല. ഇവിടെ സംഭവിച്ച കാര്യം തുറന്നു പറഞ്ഞു. എന്നിട്ടും ഇത്തരത്തിൽ പറഞ്ഞതുകൊണ്ടുമാത്രം ഞാൻ പറഞ്ഞതാണ്. സാമൂഹിക നീതി എല്ലാ വിഭാഗത്തിനും കൊടുക്കണമെന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമാണ്. ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ഡിഗ്രി, പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും 10 ശതമാനം സംവരണം ഈ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ അഭിമാനത്തോടുകൂടി പറയുകയാണ്. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടെയും എസ്.സി./എസ്.ടി. വിഭാഗത്തിൽ പ്പെട്ടവരുടെയും ഒരു സീറ്റ് പോലും എടുക്കാതെ അവരെ ഒരു വിധത്തിലും ബാധിക്കാത്ത വിധത്തിൽ.....

ശ്രീ. എ. കെ. ബാലൻ : സർ, അതെല്ലാം അംഗീകരിക്കുന്നതാണ്. ഭരണഘടന ഭേദഗതി ചെയ്യാതെ അതിന് കഴിയുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് തോന്നുന്നുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇന്ന് ആ കുട്ടികൾക്ക് അഡ്മിഷൻ കിട്ടികൊണ്ടിരിക്കുകയാണ്. ജോലിക്കുള്ള സംവരണത്തെക്കുറിച്ച് ഞാൻ പറഞ്ഞില്ല. അത് ശ്രീ. എ. കെ. ബാലൻ പറഞ്ഞത് ശരിയാണ്. ഇവിടത്തെ

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ന് അനുഭവിക്കുന്ന സംവരണ ആനുകൂല്യങ്ങൾ അതിനെ ബാധിക്കാത്ത വിധത്തിൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് കൊടുക്കണമെന്നുള്ള അഭിപ്രായമാണുള്ളത്. അത് കേരളത്തിൽ വിജയകരമായി നടപ്പിലാക്കിയെന്നുള്ള അഭിമാനത്തോടു കൂടിയാണ് ഈ നിയമം ഇവിടെ കൊണ്ടുവരുന്നത്. ഇക്കാര്യം എല്ലാവരുമായി ചർച്ച ചെയ്തു. ഡിഗ്രിക്കും പി.ജി.-ക്കും 10 ശതമാനം സംവരണം കൊടുക്കുന്നതിനോട് എല്ലാവരും യോജിച്ചു. പ്ലസ്.ടു.-വിന് കൊടുക്കാൻ നോക്കിയിട്ട് പറ്റിയില്ല. കാരണം അവിടെ സ്പെയ്സില്ല. അപ്പോൾ അവിടെ ബുദ്ധിമുട്ട് വരും. ഇന്ന് നിങ്ങൾ ഗവൺമെന്റിനെ കടന്നാക്രമിച്ചല്ലോ; ഇവിടെ എല്ലാ ഗവൺമെന്റുകളും മാറിമാറി വന്നിട്ടില്ലേ? പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒരൊറ്റ കോളേജുപോലും കേരളത്തിൽ ഇല്ലായിരുന്നു. ഈ ഗവൺമെന്റാണ് മൂന്ന് കോളേജുകൾ അനുവദിച്ചത്. അനുവദിച്ചു കഴിഞ്ഞപ്പോൾ രണ്ട് കോളേജുകൾക്ക് സ്ഥലമില്ലാത്തതു കൊണ്ട് ഗവൺമെന്റ് ഭൂമി കൊടുത്തു. മൂന്നാമത്തെ കോളേജിന് സ്ഥലമുണ്ട്, കെട്ടിടം നിർമ്മിക്കാൻ സാമ്പത്തികമില്ല. അവർക്ക് കെട്ടിടം നിർമ്മിക്കാൻ ഒരു കോടി രൂപ കൊടുത്തു. വിദ്യാഭ്യാസമാണ് ഏത് പുരോഗതിയുടെയും അടിസ്ഥാന ഘടകം. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ശാശ്വതമായി പുരോഗതി കൈവരിക്കാൻ സാധിക്കൂ. അക്കാര്യത്തിൽ വിദ്യാഭ്യാസ സ്ഥാപനം എല്ലാ വിഭാഗകാർക്കും ഉണ്ടാകണമെന്നാണ് ഈ ഗവൺമെന്റിന്റെ ആഗ്രഹം. ഞങ്ങൾ മൂന്ന് കോളേജ് കൊടുത്തു. ഇനിയും കോളേജ് കൊടുക്കുന്നതിനുള്ള നടപടി എടുക്കുമെന്ന് വ്യക്തമാക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായാണ് പട്ടികജാതി വകുപ്പ് ഒരു മെഡിക്കൽ കോളേജ് തുടങ്ങുന്നത്. അക്കാര്യത്തിൽ ഞങ്ങൾ അഭിമാനം കൊള്ളുകയാണ്. ഒരു മെഡിക്കൽ കോളേജിൽ 10 ശതമാനം സീറ്റ് കിട്ടുന്നുണ്ടെങ്കിൽ അതിൽനിന്ന് വ്യത്യസ്തമായി പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നുള്ള 70 ശതമാനം വിദ്യാർത്ഥികൾക്കും മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടുന്നുവെന്ന് പറഞ്ഞാൽ അതാണ് ഞങ്ങളുടെ കമ്മിറ്റ്മെന്റ്. നിങ്ങൾ ഞങ്ങളുടെ നേരെ വിരൽ ചൂണ്ടിയല്ലോ? ഞങ്ങൾ 70 ശതമാനം സീറ്റുകൾ പട്ടികജാതി/പട്ടികവർഗ്ഗകാർക്ക് ലഭിക്കത്തക്ക വിധത്തിലുള്ള സംവിധാനത്തോടു കൂടി ഇന്ത്യയിൽ ആദ്യത്തെ മെഡിക്കൽ കോളേജ് ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. എയിഡഡ് സ്കൂളിലും കോളേജിലും റിസർവേഷൻ നടപ്പിലാക്കാത്തത് എന്താണെന്ന് ചോദിച്ചു. ശ്രീ. വി. എസ്. സുനിൽ കുമാർ, ഈ ഗവൺമെന്റ് വരുന്നതിനുമുമ്പ് നിങ്ങളായിരുന്നല്ലോ

അധികാരത്തിലിരുന്നത്. നിങ്ങൾ കൊണ്ടുവന്നില്ലല്ലോ; നിങ്ങൾ നടപ്പിലാക്കിയില്ലല്ലോ? ഇപ്പോൾ നിങ്ങൾ കോടതി വിധിയെപ്പറ്റി പറയുന്നു. ആ വിധിക്ക് സ്റ്റേ വന്നു. പട്ടികജാതി/പട്ടികവർഗ്ഗകാർക്ക് നീതി കൊടുക്കാൻ നിങ്ങൾക്ക് ഒരു കോടതി വിധി വേണോ? അപ്പോൾ നിങ്ങളും മടിച്ചുനിന്നു. പ്രായോഗികമായിട്ടുള്ള ചില ബുദ്ധിമുട്ടുകളുണ്ട്. ആ വിധി മൈനോറിറ്റി സ്ഥാപനങ്ങൾക്ക് ബാധകമല്ല. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും മൈനോറിറ്റി സ്ഥാപനങ്ങളാണ്. ഭൂരിപക്ഷ സ്ഥാപനങ്ങളിൽ നടപ്പിലാക്കാത്ത ഒരു നടപടി ഭൂരിപക്ഷ സമുദായത്തിനെന്ന് പറഞ്ഞ് കൊണ്ടുവരുന്നതിനോടുള്ള വിയോജിപ്പുകൊണ്ടാണ് അക്കാര്യത്തെ സംബന്ധിച്ച് ഞങ്ങൾ ആലോചിക്കുന്നത്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, ഹൈക്കോടതി വിധിയുണ്ടെന്നാണ് അങ്ങ് പറഞ്ഞത്. അത് സത്യമാണ്. ആ വിധി സ്റ്റേയിലാണെന്ന് അങ്ങ് പറയുകയുണ്ടായി. പക്ഷെ, മൈനോറിറ്റി സ്റ്റാറ്റസുള്ള ഒരു സ്ഥാപനത്തിലും ഭരണഘടനാപരമായ സംവരണം നടപ്പിലാക്കാൻ പാടില്ലെന്ന് ഒരു ഭരണഘടനയിലും പറഞ്ഞിട്ടില്ല. നിയമോപദേശം പുന:പരിശോധിക്കാമെന്ന് അങ്ങ് പറഞ്ഞു. നിയമ വകുപ്പ് പറഞ്ഞിരിക്കുന്ന നിയമോപദേശം യഥാർത്ഥ വസ്തുതയുടെ അടിസ്ഥാനത്തിലാണോയെന്നുള്ളത് അങ്ങ് പരിശോധിക്കുമോയെന്ന് വീണ്ടും ഞാൻ ചോദിക്കുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, മൈനോറിറ്റി റൈറ്റ്സിനെക്കുറിച്ച് വ്യക്തമായിട്ടുള്ള സുപ്രീംകോടതി വിധിയുണ്ട്. അത് വളരെ വ്യക്തമാണ്. ഒരു കാര്യം ഞാൻ പറയാം. ഇവിടെ നടന്ന വലിയ തെറ്റ്, ഇവിടത്തെ റെക്കഗ്നൈസ്ഡ് സ്കൂളിൽ ഫീസ് നിയന്ത്രിക്കുന്നതിനുള്ള വ്യക്തമായ ചട്ടങ്ങളുണ്ട്. അത് പ്രൈമറി സ്കൂളിൽ ഇത്ര രൂപ, അപ്പർ പ്രൈമറി സ്കൂളിൽ ഇത്ര രൂപ, ഹൈസ്കൂളിൽ ഇത്ര രൂപയേ വാങ്ങിക്കാവൂ എന്നാണ്. പക്ഷെ, മൈനോറിറ്റി കമ്മ്യൂണിറ്റീസ് നടത്തുന്ന സ്ഥാപനങ്ങൾക്ക് അത് ബാധകമല്ല. ഇവിടെ മഹാഭൂരിപക്ഷം സ്കൂളുകളും റെക്കഗ്നൈസ്ഡ് സ്കൂളുകളാണ്. അവിടെ ഇത് ബാധകമല്ല. മെജോറിറ്റി കമ്മ്യൂണിറ്റി നടത്തുന്ന സ്കൂളുകളിൽ തുച്ഛമായ ഫീസ് മാത്രമേ മേടിക്കാവൂ. ഫീസ് കുറയുന്നതിൽ സന്തോഷമേയുള്ളൂ. പക്ഷെ, ഫീസ് കുറയുന്നതുകൊണ്ടുള്ള ബുദ്ധിമുട്ട് എന്താണ്? അത്രയും അടിസ്ഥാന സൗകര്യങ്ങൾ മാത്രമെ മെജോറിറ്റി കമ്മ്യൂണിറ്റി നടത്തുന്ന സ്കൂളുകളിൽ ഏർപ്പെടുത്താൻ സാധിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. മൈനോറിറ്റി സ്ഥാപനങ്ങളിൽ ഇത് comply ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാകും. അങ്ങനെയാണെങ്കിൽ നമ്മൾ ഒരു നിയമനിർമ്മാണം കൊണ്ടുവന്നാൽ മതി. അവർ ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ പോകട്ടെ. നമുക്ക് എന്താണ് പ്രശ്നം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് പറ്റില്ല. സുപ്രീം കോടതി വ്യക്തമായി വിധിപറഞ്ഞ, well established ആയിട്ടുള്ള ഒരു സിസ്റ്റത്തെ വെല്ലുവിളിക്കാനാവില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, Self Financing Institution-നുമായി ബന്ധപ്പെട്ട് സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പാർലമെന്റ് ഒരു ഭരണഘടനാ ഭേദഗതി കൊണ്ടുവന്നിരുന്നു. ആ ഭരണഘടനാ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് except in the cases of minority institutions എന്നാണ്. കാരണം minority institution-നെ അതിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുകയാണ്. അതിനുള്ള കാരണം ആർട്ടിക്കിൾ 30-ന്റെ പ്രൊട്ടക്ഷൻ minority institutions-നുണ്ട്. അത് നോക്കാതെ എൽ.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി ഇവിടെ നിയമം കൊണ്ടുവന്നു. ആ നിയമം ഹൈക്കോടതി റദ്ദാക്കി. ആർട്ടിക്കിൾ 30-ന്റെ പ്രൊട്ടക്ഷൻ minority institutions-നുണ്ടെന്ന് പറഞ്ഞു. നമ്മൾ ഒരു തീരുമാനമെടുത്താലോ, ഈ നിയമസഭ ഒരു നിയമ നിർമ്മാണം നടത്തിയാലോ നിലവിലുള്ള സുപ്രീം കോടതി വിധിയുടെയും ഭരണഘടനയുടെ ആർട്ടിക്കിൾ 30-ന്റെയും പശ്ചാത്തലത്തിൽ ഒരു കാരണവശാലും അതിന് ഒരു തരത്തിലുമുള്ള പ്രൊട്ടക്ഷനും ലഭിക്കുകയില്ല. വെറുതെ എന്തിനാണ് ആളുകളെ കബളിപ്പിക്കാൻ ശ്രമിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, Minority നടത്തുന്ന എയ്ഡഡ് സ്ഥാപനങ്ങളിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് സംവരണം പാടില്ലായെന്ന് ഹൈക്കോടതി പറഞ്ഞിട്ടില്ല. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെയൊരു നിയമനിർമ്മാണം കൊണ്ടുവന്നാൽ ഹൈക്കോടതി സ്വാഭാവികമായും നമുക്ക് അനുകൂലമാകും. പിന്നീട് സുപ്രീം കോടതിയിൽ പോകണം. അപ്പോൾ നമുക്കത് ആലോചിക്കാം. എന്താണ് അതിലുള്ള ബുദ്ധിമുട്ട്?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, സുപ്രീം കോടതിയുടെ വിധിക്കെതിരായി ഹൈക്കോടതി അനുകൂലമാകുമെന്നാണോ?

ശ്രീ. എ. കെ. ബാലൻ: സർ, ഹൈക്കോടതിയിൽ അങ്ങനെയൊരു വിധിയില്ലല്ലോ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നിങ്ങൾ അതിന് തയ്യാറായോ? ഇവിടുത്തെ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് നിങ്ങൾ വിശ്വസിക്കുന്ന ഒരാനുകൂല്യം കൊടുക്കാൻ കോടതി വേണോ? നിങ്ങൾക്ക് കമ്മിറ്റ്മെന്റ് ഇല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, അന്ന് ആ വിധിയില്ലല്ലോ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞങ്ങൾ എടുത്തിട്ടുള്ള പല നടപടികളുടെയും ഒരു ഭാഗമായിട്ടുമാത്രമാണ് ഈ നിയമനിർമ്മാണം. നമ്മളിപ്പോൾ Kerala State Welfare Corporation for Forward Communities എന്നൊരു കോർപ്പറേഷനുണ്ടാക്കി. ആ കോർപ്പറേഷനും ഇതേ പ്രിൻസിപ്പിളാണ്. Backward Community-യിൽപ്പെട്ടതോ എസ് സി/എസ് ടി വിഭാഗത്തിനോ ഉള്ള ഒരാനുകൂല്യവും കുറക്കാതെ Forward Communities-ന് ആനുകൂല്യങ്ങൾ കൊടുക്കുന്ന ഒരു കോർപ്പറേഷൻ. അതിന്റെ ചുവടുപിടിച്ചാണ് ഈ പുതിയ കമ്മീഷന്റെ പ്രവർത്തനങ്ങൾ. ഇവിടെ നിയമവകുപ്പ് സെക്രട്ടറിയെ കുറ്റപ്പെടുത്തുകയുണ്ടായി. ഇന്നുള്ള നിയമവകുപ്പ് സെക്രട്ടറി ഇക്കാര്യത്തിൽ ഒരു വിധത്തിലും കുറ്റക്കാരനല്ല. അത് പരിശോധിച്ചിട്ടുണ്ട്. ഒരു തെറ്റുപറ്റി, അക്കാര്യം ഞാനിവിടെ പറയുകയും ചെയ്തു. ഇവിടെ ചർച്ച നടന്നപ്പോൾ നിങ്ങൾ പല വിധത്തിലുള്ള ആക്ഷേപങ്ങളിലേക്കുവന്നു. സെക്രട്ടേറിയറ്റിൽ ഒരു ബി.ജെ.പി.-ക്കാരന് ഞാൻ എക്സ്റ്റൻഷൻ കൊടുത്തുവെന്ന് ശ്രീ. ആർ. രാജേഷ് ഇവിടെ പറഞ്ഞു. ഫിനാൻസ് വകുപ്പിൽ ബഡ്ജറ്റിൽ ജോലിചെയ്യുന്ന ഒരുദ്യോഗസ്ഥനോട് ഞാൻ അന്വേഷിച്ചു. ബഡ്ജറ്റിന്റെ വർക്ക് തുടങ്ങിക്കഴിഞ്ഞ് അതിന്റെ മദ്ധ്യത്തിൽവച്ച് റിട്ടയർ ചെയ്യുന്നതിന്റെ പേരിൽ രണ്ട് മാസത്തെ എക്സ്റ്റൻഷന് ഫിനാൻസ് സെക്രട്ടറി ഫയൽ അയച്ചു. ആ ഫയൽ അംഗീകരിച്ചു. അതാണ് പ്രശ്നം. ബഡ്ജറ്റിന്റെ മദ്ധ്യത്തിൽവച്ച് അതിന്റെ ചുമതലയുള്ള ഒരുദ്യോഗസ്ഥൻ റിട്ടയർ ചെയ്യുന്നത് ഒഴിവാക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. അതാണിവിടെ വലിയൊരു പരാതിയായി വന്നത്. ശ്രീ. വി. എസ്. സുനിൽ കുമാർ തൊഗാഡിയയുടെ കാര്യം പറഞ്ഞു. ഒരു അസത്യം നൂറുവട്ടം ആവർത്തിച്ചാൽ ആരെങ്കിലും വിശ്വസിക്കുമെന്നുള്ള തത്വം വച്ചിട്ടാണെങ്കിൽ ആയിക്കോട്ടെ. ശ്രീ. വി. എസ്. സുനിൽകുമാർ, ചാർജ്ജ് ഷീറ്റ് കൊടുക്കാത്തതിന്റെ പേരിൽ തൊഗാഡിയയുടെ കേസ് ഡിസ്ചാർജ്ജ് ചെയ്യുകയാണ് ചെയ്തത്. അതിന് ആരാണ് ഉത്തരവാദി. അഞ്ച് വർഷം നിങ്ങൾ അധികാരത്തിലിരുന്നിട്ട് ചാർജ്ജ് ഷീറ്റ് കൊടുത്തില്ല. അതിന്റെ പേരിൽ ഡിസ്ചാർജ്ജ് ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. എന്നിട്ട് വീണ്ടും ഞങ്ങളെ കുറ്റപ്പെടുത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ്. ശ്രീ. വെള്ളാപ്പള്ളി

നടേശനോട് മൃദുസമീപനം സ്വീകരിക്കുന്നുവെന്ന് വളരെ ആവേശത്തോടുകൂടിയാണ് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത്. ശ്രീ. വി. എസ്. സുനിൽ കുമാർ, എന്റെ ഭാഷ അല്പം മര്യാദയുടെ ഭാഷയാണ്. അത് വെള്ളാപ്പള്ളി നടേശനോട് മാത്രമല്ല സുനിൽ കുമാറിനോടും എല്ലാവരോടും ആ ഒരു സമീപനമാണ്. കാരണം എല്ലാവരുമായി ബന്ധപ്പെട്ടും സഹകരിച്ചും വന്നിട്ടുള്ള ഒരു സാഹചര്യമാണ് എന്റേത്. കൊല്ലത്ത് നടന്ന സംഭവത്തെക്കുറിച്ച് വ്യക്തമായി ഞാൻ പ്രതികരിച്ചിട്ടുണ്ട്. ഒരു കാരണവശാലും അംഗീകരിക്കാൻ സാദ്ധ്യമല്ലാത്ത ഒരു സമീപനമായിരുന്നു അത്. അത് അറിയിക്കേണ്ടവരെ അറിയിച്ചിട്ടുമുണ്ട്. അപ്പോഴും കേരളത്തിന്റെ പാരമ്പര്യത്തിന് നിരക്കാത്ത വിധത്തിലാകരുതെന്ന് എനിക്ക് നിർബന്ധമുണ്ടായിരുന്നു. അതുകൊണ്ടുതന്നെ ആ മിതത്വം പാലിച്ച് പറയേണ്ടത് പറയേണ്ടിടത്ത് ഞാൻ പറഞ്ഞിട്ടുണ്ട്. ഏതായാലും ബി.ജെ.പി.-ആർ.എസ്.എസ്. ബന്ധത്തെക്കുറിച്ച് നിങ്ങളിൽനിന്നും പഠിക്കേണ്ട കാര്യം കോൺഗ്രസിനോ യു.ഡി.എഫ്.-നോ ഇല്ല. 1977-ൽ ഞാൻ സ്ഥാനാർത്ഥിയാകുമ്പോൾ എന്റെ നിയോജകമണ്ഡലത്തിൽ ഇടതുപക്ഷത്തിന്റെ സ്ഥാനാർത്ഥിക്കുവേണ്ടി അന്ന് പ്രസംഗിച്ചത് ആരൊക്കെയാണെന്ന് എനിക്കറിയാം. അടിയന്തരാവസ്ഥയുടെ പേരിൽ നിങ്ങൾ അന്ന് ഒന്നിച്ചു.

ശ്രീ. എ. കെ. ബാലൻ: സർ, നമ്മളന്ന് ഒന്നിച്ചു. അടിയന്തരാവസ്ഥയുടെ ഭാഗമായി ഇന്ദിരാഗാന്ധിയുടെ സ്ഥാനാർത്ഥിത്വത്തിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ആന്റണിയും നിങ്ങളും നമ്മുടെ കൂടെ വന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അങ്ങനെയല്ല. 1977-ൽ നിങ്ങൾ ആരുടെ കൂടെയായിരുന്നു മത്സരിച്ചത്? ......(ബഹളം)..... അടിയന്തരാവസ്ഥയെ എതിർക്കുക എന്ന് അന്ന് പറഞ്ഞു. അന്ന് അടിയന്തരാവസ്ഥ പിൻവലിച്ചിട്ടാണ് ഇന്ത്യയിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നത്. അന്ന് അടിയന്തരാവസ്ഥയില്ല. ......(ബഹളം).....

ശ്രീ. എ. കെ. ബാലൻ: സർ, 1977 ന്റെ തുടർച്ചയായിട്ടാണ് 1980-ൽ നമ്മൾ ഒന്നായി ഭരിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, 1989-ൽ അഴിമതിക്കെതിരെ എന്നുപറഞ്ഞു. ........... (ബഹളം)..........

ശ്രീ. എ. കെ. ബാലൻ: സർ, 1977-ന്റെ തുടർച്ചയല്ലേയത്; അന്നത്തെ രാഷ്ട്രീയ സാമൂഹ്യ അന്തരീക്ഷമതാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അവസരത്തിനൊത്ത് നിങ്ങളുടെ നയം മാറും. ഇന്നുവരെ ബി.ജെ.പി.-യുമായി കൂടാനുള്ള ഔദാര്യം ഒരു ഭാഗത്തുനിന്നും

കാണിച്ചിട്ടില്ലാത്ത ഞങ്ങൾക്ക് നിങ്ങളിൽ നിന്നും ഒന്നും പഠിക്കാനില്ല. ഈ നിയമം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങയുടെ 1 (എ) നമ്പർ ഭേഗദതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ്കുറുപ്പ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ..........

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

129. ഖണ്ഡം 2(എ)-യിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള" എന്നീ വാക്കുകൾക്ക് പകരം "മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടിയും അവരുടെ ക്ഷേമങ്ങൾക്കും ഉന്നമനങ്ങൾക്കും വേണ്ടിയുള്ള " എന്നീ വാക്കുകൾ ചേർക്കുക.

135. ഖണ്ഡം 2 (ബി)-യിൽ, "ഏതെങ്കിലും വിഭാഗം" എന്നീ വാക്കുകൾക്കുപകരം "എല്ലാ വിഭാഗങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

140. ഖണ്ഡം 2 (ഡി)-യിൽ, "കമ്മീഷനിലെ ഒരു അംഗം" എന്നീ വാക്കുകൾക്കുപകരം

"കമ്മീഷൻ കണ്ടെത്തിയിട്ടുള്ളമുന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽപ്പെട്ട ഒരു അംഗം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

130. ഖണ്ഡം 2(എ)-യിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ" എന്നതിനു പകരം "മുന്നോക്കസമുദായങ്ങളിലെ പിന്നോക്കക്കാരുടെ ഉന്നമനത്തിനു വേണ്ടിയുള്ള കമ്മീഷൻ" എന്ന് ചേർക്കുക.

കമ്മീഷന്റെ നിർവ്വചനത്തിൽ 'മുന്നോക്ക സമുദായത്തിലെ പിന്നോക്കക്കാരുടെ ഉന്നമനത്തിനുവേണ്ടിയുള്ള കമ്മീഷൻ' എന്ന് ഭേദഗതി ചെയ്യണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

131.ഖണ്ഡം 2(എ)-യ്ക്ക് ശേഷം താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(ബി) ഗസറ്റ് എന്നാൽ സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റ് എന്ന് അർത്ഥമാകുന്നു";

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

131 എ. ഖണ്ഡം 2(എ)-യിൽ, "മുന്നോക്ക" എന്നതിനുശേഷം "സമുദായ" എന്നു ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

132. ഖണ്ഡം 2(ബി)-യിൽ, "9-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം കമ്മീഷൻ കണ്ടെത്തിയിട്ടുള്ള" എന്നീ വാക്കുകൾ ഒഴിവാക്കുക.

9-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം കമ്മീഷൻ കണ്ടെത്തുകയാണ്. ഈ വിഭാഗത്തെ കണ്ടെത്താൻ കമ്മീഷന് അധികാരമുണ്ടോ; സർക്കാരല്ലേ മുന്നോക്കവിഭാഗത്തെ കണ്ടെത്തേണ്ടത് ? 'കമ്മീഷൻ കണ്ടെത്തിയിട്ടുള്ള' എന്നത് ഒഴിവാക്കണം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

133. ഖണ്ഡം 2(ബി)-യിൽ, "9-ാം വകുപ്പ് (എ) ഖണ്ഡപ്രകാരം കമ്മീഷൻ കണ്ടെത്തിയിട്ടുള്ള" എന്നീ വാക്കുകൾക്ക് പകരം "പട്ടിക ഗോത്രവർഗ്ഗ ത്തിൽപ്പെട്ടവരും

പട്ടികജാതിയിൽപ്പെട്ടവരും പിന്നോക്ക സമുദായത്തിൽപ്പെട്ടവരും ഒഴികെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ഇതിൽ മുന്നോക്ക വിഭാഗമെന്ന സർക്കാർ ഗസറ്റ് വിജ്ഞാപനം മുഖേനപ്രസിദ്ധപ്പെടുത്തുന്ന എന്ന് കഴിഞ്ഞിട്ട് 'കമ്മീഷൻ കണ്ടെത്തിയിട്ടുള്ള എന്നത് 'പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ടവരും പട്ടികജാതിയിൽപ്പെട്ടവരും പിന്നോക്ക സമുദായത്തിൽപ്പെട്ടവരും ഒഴികെയുള്ള എന്നിവർ മുന്നോക്ക വിഭാഗത്തിൽപ്പെടുന്നു' എന്നാണ് അതിന്റെ ഭേദഗതി.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

134. ഖണ്ഡം 2(ബി)-യിൽ, "കണ്ടെത്തിയിട്ടുള്ള മുന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള" എന്നീ വാക്കുകൾക്കുപകരം "കണ്ടെത്തുന്ന ലിസ്റ്റിൽ ഉൾപ്പെടുന്ന" എന്നീ വാക്കുകൾ ചേർക്കുക.

141. ഖണ്ഡം 2 (ഇ )-യിൽ, "ചട്ടങ്ങളാൽ" എന്ന വാക്കിനുപകരം "ചട്ടങ്ങളാലോ റെഗുലേഷനുകളാലോ ഉത്തരവുകളാലോ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 2 (സി)-ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിയ്ക്കുകയും ചെയ്യുക:

“ (ഡി) "സർട്ടിഫിക്കറ്റ്" എന്നാൽ പത്താം വകുപ്പ് പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ് എന്നർത്ഥമാകുന്നു.”

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 129, 135, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 131(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 132-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 134, 141 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...................

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 3-ാം വകുപ്പ്

ശ്രീ. ജോസഫ് വാഴക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142. അദ്ധ്യായം II-ലെ ശീർഷകത്തിൽ, "മുന്നോക്ക" എന്നതിനുശേഷം "സമുദായ" എന്നു ചേർക്കുക.

153 എ. ഖണ്ഡം 3(2)(എ) താഴെ പറയും പ്രകാരം മാറ്റുക:

(എ) സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ ജില്ലാ കോടതിയിലെയോ ജഡ്ജി ആയിരിരുന്നിട്ടുള്ളതോ, ഹൈക്കോടതിയിലെ സീനിയർ അഭിഭാഷകൻ ആയ ഒരാൾ, അദ്ദേഹം കമ്മീഷന്റെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്."

ശ്രീമതി കെ. എസ്. സലീഖ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

143. ഖണ്ഡം 3-ൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള എന്നീ വാക്കുകൾ കാണപ്പെടുന്നിടങ്ങളിലെല്ലാം" എന്നതിന് പകരം "മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കു വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

144. ഖണ്ഡം 3(1)-ൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള"എന്നീ വാക്കുകൾക്ക് പകരം "മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്കവിഭാഗങ്ങൾക്കു വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

167. ഖണ്ഡം3(2)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

“ (ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, മുന്നോക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടുകയും അവർക്കുവേണ്ടുന്ന സഹായങ്ങൾ നൽകുന്ന കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുള്ള മുന്നോക്ക സമുദായത്തിൽപ്പെട്ട മൂന്ന് അംഗങ്ങളിൽ ഒരു വനിത ഉണ്ടായിരിക്കേണ്ടതുമാണ്; "

181. ഖണ്ഡം 3(2)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി അല്ലെങ്കിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ ഒരു വർഷത്തിൽ കുറയാതെ സേവനം അനുഷ്ഠിക്കുന്ന സർവ്വീസിലുള്ള ഒരാൾ, അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;"

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

146. ഖണ്ഡം 3 (1)-ൽ "അതിന്" എന്ന വാക്ക് ഒഴിവാക്കുക.

149. ഖണ്ഡം 3(2)(എ)-യിൽ,"സുപ്രീം കോടതിയിലെയോ ഹൈക്കോടതി യിലെയോ" എന്നീ വാക്കുകൾക്കു പകരം "ഹൈക്കോടതിയിലെ"എന്നവാക്ക് ചേർക്കുക.

151. ഖണ്ഡം 3(2)(എ)-യിൽ, "ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ" എന്നതിനുപകരം "ആയിസേവനമനുഷ്ഠിച്ചു വരുന്നതോ, വിരമിച്ചതോ" എന്നത് ചേർക്കുക.

158. ഖണ്ഡം 3(2)(ബി)-യിൽ, “ മുന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള” എന്നീ വാക്കുകൾ ഒഴിവാക്കുക.

172. ഖണ്ഡം 3(2)(സി)-യിൽ, "അഡീഷണൽ" എന്ന വാക്കിനുപകരം "ജോയിന്റ്" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

147. ഖണ്ഡം 3(1)-ൽ "നിർവ്വഹിക്കുന്നതിനും വേണ്ടി" എന്നതിനു ശേഷം, “ നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകളാൽ " എന്നത് ചേർക്കുക.

148. ഖണ്ഡം 3(2)(എ)-യിൽ, "സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ" എന്നതിനുപകരം "സുപ്രീം കോടതിയിലോ ഹൈക്കോടതിയിലോ" എന്നത് ചേർക്കുക.

157. ഖണ്ഡം 3(2)(ബി)-യിൽ, “ സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന” എന്നീ വാക്കുകൾ ഒഴിവാക്കുക.

161. ഖണ്ഡം 3(2)(ബി)-യിൽ, 'കാര്യങ്ങളിൽ' എന്ന വാക്കിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള" എന്ന വാക്കുകൾ ചേർക്കുക.

180. ഖണ്ഡം 3(2)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) സർക്കാരിലെ ജോയിന്റ് സെക്രട്ടറിയോ തത്തുല്യ പദവിയിലുള്ളതോ ആയ ഒരാൾ, അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;"

ശ്രീ. എം. ഹംസ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

150. ഖണ്ഡം 3(2)(എ)-യിൽ, "ആയിരിക്കുന്നതോ ആയിരുന്നിട്ടുള്ളതോ ആയ ഒരാൾ " എന്നീ വാക്കുകൾ ഒഴിവാക്കുക.

163. ഖണ്ഡം 3(2)(ബി)-യിൽ, "രണ്ട്" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

170. ഖണ്ഡം3(2)(സി)-യിൽ, "ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി അല്ലെങ്കിൽ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ മൂന്ന്

വർഷത്തിൽകുറയാതെ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാൾ" എന്നതിനുപകരം "ഒരു ഐ.എ.എസ്. റാങ്കുള്ള ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

159. ഖണ്ഡം 3(2)(ബി)-യിൽ, " സംബന്ധിച്ച" എന്ന വാക്കിനുശേഷം " കാര്യങ്ങളിലും സാമൂഹ്യ-സാമ്പത്തിക വിഷയങ്ങളിലും" എന്നീ വാക്കുകൾ ചേർക്കുക.

165. ഖണ്ഡം 3(2)(ബി)-യിൽ, "അംഗങ്ങൾ" എന്ന വാക്കിനുശേഷം "അതിലൊരാൾ വനിത ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

169. ഖണ്ഡം3(2) (ബി)-ക്കുശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നത് പുനരക്കം ചെയ്യുകയും ചെയ്യുക:

"(സി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു മുന്നോക്ക വിഭാഗ പ്രതിനിധി;"

178. ഖണ്ഡം 3(2)(സി) താഴെപ്പറയും പ്രകാരം മാറ്റുക :

"(സി) ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെയോ ഇതര സർക്കാർ വകുപ്പുകളിലെ തത്തുല്യ പദവിയിലോ സേവനം അനുഷ്ഠിക്കുന്ന ഒരു ഉദ്യോഗസ്ഥൻ;"

ശ്രീ. ഇ. പി. ജയരാജൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

168. ഖണ്ഡം3(2)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ബി) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, മുന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ പ്രത്യേക പരിജ്ഞാനമുള്ള മുന്നോക്ക സമുദായത്തിൽപ്പെട്ട നാല് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും അവരിൽഒരാൾ വനിത ആയിരിക്കേണ്ടതുമാണ് ."

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

174. ഖണ്ഡം 3(2)(സി)-യിൽ, "മൂന്നു വർഷത്തിൽ കുറയാതെ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാൾ, അദ്ദേഹം" എന്നതിനുപകരം "കുറയാത്ത പദവിയുള്ള ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

175. ഖണ്ഡം 3(2)(സി)-യിൽ, "അനുഷ്ഠിച്ചിട്ടുള്ള" എന്ന വാക്കിനു പകരം "അനുഷ്ഠിച്ചുവരുന്ന" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

182. ഖണ്ഡം 3(2)(സി) താഴെപ്പറയും പ്രകാരം മാറ്റുക:

"(സി) ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി അല്ലെങ്കിൽ ടി സമാന തസ്തികകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരാൾ, അതുമല്ലെങ്കിൽ ഗസറ്റഡ് റാങ്കിൽ കുറയാത്ത സർക്കാർ നിർദ്ദേശിക്കുന്ന ഒരാൾ, അദ്ദേഹം കമ്മീഷന്റെ മെമ്പർ സെക്രട്ടറി ആയിരിക്കുന്നതാണ്;"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 143-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 142, 153 (എ), എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 144, 167, 181 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 146, 149, 151, 158, 172 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 147, 148, 157, 161, 180 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 150, 163, 170 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 159, 165, 169, 178 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...................

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

186. ഖണ്ഡം 4(1)-ൽ, "മൂന്ന് വർഷക്കാലം" എന്നീ വാക്കുകൾക്കുപകരം "രണ്ട് വർഷക്കാലം" എന്നീ വാക്കുകൾ ചേർക്കുക.

217. ഖണ്ഡം 4(3)(എഫ്)-ന് ശേഷം (ജി) എന്ന പുതിയ ഇനം ചേർക്കുക:

"(ജി) ഏതെങ്കിലും കൈക്കൂലി കേസ്സിലോ, സ്ത്രീപീഡന കേസ്സുകളിലോ മറ്റു ക്രിമിനൽ കേസ്സുകളിലോ ഉള്ള കുറ്റങ്ങൾക്ക് കുറ്റം സ്ഥാപിക്കപ്പെട്ട് തടവു ശിക്ഷക്ക് വിധിക്കപ്പെടുകയോ;"

225. ഖണ്ഡം 4(5)-ൽ, "ഉപാധികളും" എന്ന വാക്കിനുശേഷം "സർക്കാർ" എന്നവാക്ക് ചേർക്കുക.

ചെയർപേഴ്സനും അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും ബത്തകളും

അവരുടെ സേവനത്തിന്റെ മറ്റു നിബന്ധനകളും ഉപാധികളും എന്നുകഴിഞ്ഞ് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ് എന്നതാണ് ഇതിൽ വന്നിട്ടുള്ളത്. അവിടെ "ഉപാധികളും" എന്ന വാക്കിനുശേഷം "സർക്കാർ" നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണെന്ന് വരേണ്ടതാണ്. "ഉപാധികളും" എന്ന വാക്കിനുശേഷം "സർക്കാർ" എന്നുകൂടി ചേർക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം.

ശ്രീ. വി. ഡി. സതീശൻ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

189. ഖണ്ഡം 4(1)-ൽ, "മൂന്ന് വർഷക്കാലം" എന്നീ വാക്കുകൾക്കു ശേഷം "പൂർത്തിയാകുന്നതു വരെ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. ഖണ്ഡം 4(1)-ന് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ, ചെയർപേഴ്സന്റെയോ മറ്റ് അംഗങ്ങളുടെയോ പ്രായപരിധി അറുപത്തി ഏഴിൽ അധികരിക്കാൻ പാടുള്ളതല്ല."

205. ഖണ്ഡം 4(3)(സി)-യിൽ, "അധികാരമുള്ള" എന്ന വാക്കിനുമുമ്പ് "ഒരു മെഡിക്കൽ ബോർഡ് അത് അംഗീകരിക്കുകയും" എന്ന് ചേർക്കുക.

208. ഖണ്ഡം 4(3)(ഇ)-യിൽ, "അനുമതി" എന്ന വാക്കിനുമുൻപ് "മുൻകൂട്ടിയുള്ള"എന്ന് ചേർക്കുക.

222. ഖണ്ഡം 4(4)-ൽ, "സർക്കാർ" എന്ന വാക്കിന് മുമ്പ് "ആറ് മാസത്തിനുള്ളിൽ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

193. ഖണ്ഡം 4(2)-ൽ, "സ്വന്തം കൈപ്പടയിൽ" എന്നത്ഒഴിവാക്കുക.

197. 4(3)(ബി)-യിൽ, "സർക്കാരിന്റെ അഭിപ്രായത്തിൽ" എന്നത് ഒഴിവാക്കുക.

211. ഖണ്ഡം 4(3)(എഫ്)-ൽ—

(i) " സർക്കാരിന്" എന്നതിനുപകരം "സർക്കാരിനോ ഏതെങ്കിലും കോടതിക്കോ" എന്നത് ചേർക്കുക.

(ii) " അഭിപ്രായമുള്ള പക്ഷമോ" എന്നതിനുപകരം "ബോധ്യപ്പെടുന്ന പക്ഷമോ" എന്നത് ചേർക്കുക.

219. ഖണ്ഡം 4(4)-ൽ, "ഒരു ഒഴിവ്" എന്നതിനു പകരം, "ഏതൊരു ഒഴിവും" എന്നത് ചേർക്കുക.

224. ഖണ്ഡം 4(5)-ൽ, "അവരുടെ" എന്ന വാക്കിനുശേഷം "ചുമതലകളും," എന്ന വാക്കും ചിഹ്നവും ചേർക്കുക.

എന്റെ 211-ാം നമ്പർ ഭേദഗതിയിൽ ചെയർപേഴ്സനെയും അംഗങ്ങളെയും സ്ഥാനത്തുനിന്ന് നീക്കുന്നതു സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. തൽസ്ഥാനത്ത് തുടരുന്നത് മുന്നോക്ക വിഭാഗങ്ങളുടെ താൽപ്പര്യത്തിനോ പൊതു താൽപ്പര്യത്തിനോ ഹാനികരമായി തീരത്തക്കവിധം ചെയർപേഴ്സന്റെയോ അംഗത്തിന്റെയോ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തതായി സർക്കാരിന് അഭിപ്രായമുള്ള പക്ഷമോ എന്നാണ് ബില്ലിൽ പറഞ്ഞത്. സർക്കാരിനെ എന്നതിനുപകരം സർക്കാരിനോ ഏതെങ്കിലും കോടതിക്കോ എന്നുചേർക്കണമെന്നാണ് ഞാൻ അവിടെ ഭേദഗതിയായി നിർദ്ദേശിക്കുന്നത്. കോടതിയുടെ തീരുമാനം വന്നാലും ആ നടപടി സ്വീകരിക്കേണ്ടിവരും. അഭിപ്രായമുള്ള പക്ഷമോ എന്നതിനുപകരം ബോധ്യപ്പെടുന്ന പക്ഷമോ എന്നും ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

195. ഖണ്ഡം 4(3)(എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) കോടതിയാൽ നിർദ്ധനനായി വിധിക്കപ്പെടുകയോ";

ശ്രീ. ആർ. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

198. ഖണ്ഡം 4(3)(ബി) താഴെപ്പറയും പ്രകാരം മാറ്റുക:

"(ബി) സാന്മാർഗ്ഗിക ദൂഷ്യം, സാമ്പത്തിക/ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്കോ പിഴശിക്ഷയ്ക്കോ വിധിക്കപ്പെടുകയോ;

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

201. ഖണ്ഡം 4(3)(ബി)-യിൽ,—

(i) "സർക്കാരിൻെറ അഭിപ്രായത്തിൽ " എന്നത് നീക്കം ചെയ്യുക.

(ii) "കുറ്റത്തിന്" എന്ന വാക്കിനുശേഷം "അധികാരമുള്ള ഒരു കോടതിയിൽ" എന്നത് ചേർക്കുക.

216.ഖണ്ഡം 4(3)(എഫ്)-ന്റെ ക്ലിപ്തനിബന്ധനയ്ക്കുശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നുമാത്രമല്ല, ചെയർപേഴ്സന്റെ കാര്യത്തിൽ ഒരു ഹൈക്കോടതി ജഡ്ജിയുടെഅതുസംബന്ധമായ അന്വേഷണ റിപ്പോർട്ടിന്റെ കൂടി അടിസ്ഥാനത്തിലേ നീക്കം ചെയ്യൽ ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളൂ"

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

202. ഖണ്ഡം 4(3)(ബി)-യിൽ, "ഉൾപ്പെടുന്നത് "എന്ന വാക്കിനുപകരം "ഉൾപ്പെടെയുള്ള" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 4(3)(ഡി)-യിൽ,—

(i) ആദ്യം വരുന്ന "ജോലിചെയ്യാൻ" എന്നതിനുമുൻപ് "ഈ ആക്റ്റിലെ 9-ാം വകുപ്പിൻ കീഴിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള" എന്നത് ചേർക്കുക.

(ii) രണ്ടാമതുവരുന്ന "ജോലി ചെയ്യാൻ" എന്നതിനു മുൻപ് "അത്തരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

207. ഖണ്ഡം 4(3)(ഇ)-യിൽ, " കമ്മീഷനിൽ നിന്ന്" എന്നതിനുപകരം "കമ്മീഷൻ ചെയർപേഴ്സന്റെ" എന്നത് ചേർക്കുക.

210.ഖണ്ഡം 4(3)(ഇ)-ക്കുശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

" എന്നാൽ ചെയർപേഴ്സന്റെ കാര്യത്തിൽ സർക്കാരിൽ നിന്നും അനുമതി തേടാതെ കമ്മീഷന്റെ തുടർച്ചയായുള്ള മൂന്നുയോഗങ്ങളിൽ ആദ്ധ്യക്ഷം വഹിക്കാതിരിക്കുകയോ;"

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

210 എ. ഖണ്ഡം 4(3)(എഫ്)-ൽ, "മുന്നോക്ക" എന്ന വാക്കിനുശേഷം " സമുദായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 4(3)(എഫ്)-ൽ, "അഭിപ്രായമുള്ളപക്ഷമോ" എന്ന വാക്കിനുപകരം "കാര്യകാരണ സഹിതം ബോദ്ധ്യപ്പെടുന്ന പക്ഷമോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

218. ഖണ്ഡം 4(4)-ൽ, "(2)-ാം ഉപവകുപ്പ്" എന്നതിനുപകരം, "(2), (3) ഉപവകുപ്പുകൾ" എന്നത് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 186, 217, 225 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 191, 205, 208, 222 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 193, 197, 211, 219, 224 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 201, 216 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 202-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 207, 210 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 210.എ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

226. ഖണ്ഡം 5(1)-ൽ, "നടത്തിപ്പിനാവശ്യമായ" എന്നതിനുപകരം "പ്രവർത്തനത്തിന് ആവശ്യമെന്ന് കരുതുന്ന" എന്നത് ചേർക്കുക.

ശ്രീ. ആർ. രാജേഷ് :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 5(1)(എ) ഒഴിവാക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

228. ഖണ്ഡം 5(1)(എ)-യിൽ, "ജോയിന്റ് സെക്രട്ടറിയുടെ" എന്നീ വാക്കുകൾക്കു പകരം "അഡീഷണൽ സെക്രട്ടറിയുടെ" എന്നീ വാക്കുകൾ ചേർക്കുക.

236. ഖണ്ഡം 5(2)-ൽ, "വ്യവസ്ഥകളും" എന്ന വാക്കിനുശേഷം "സർക്കാർ"എന്ന വാക്ക് ചേർക്കുക.

242. ഖണ്ഡം 5(3)-ൽ, "നടത്താവുന്നതാണ്" എന്ന വാക്കിനുപകരം "നടത്താവുന്നതും ഒരു വർഷത്തിനുശേഷം നിയമനങ്ങളുടെ ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തേണ്ടതുമാണ്." എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

233. ഖണ്ഡം 5(1)(സി)-യിൽ, "പ്രകാരമുള്ള" എന്ന വാക്കിനുശേഷം "സർക്കാർ സർവ്വീസിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

237. ഖണ്ഡം 5(3)-ൽ, "ആദ്യം" എന്ന വാക്ക് ഒഴിവാക്കുക.

ഇത് ചെറിയൊരു കാര്യമാണ്. പക്ഷെ കമ്മീഷൻ രൂപീകരിക്കുമ്പോൾ ആദ്യം ഡെപ്യൂട്ടേഷൻ നിയമനം നടത്താവുന്നതാണെന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. ആദ്യം എന്നുപറയേണ്ട കാര്യമുണ്ടോ? ഡെപ്യൂട്ടേഷൻ വഴി നിയമനം നടത്താവുന്നതാണെന്ന് പറഞ്ഞാൽ പോരേ.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

238. ഖണ്ഡം 5(3)-ൽ, "ഡെപ്യൂട്ടേഷൻ" എന്ന വാക്കിനുപകരം "അന്യത്രസേവനം" എന്ന വാക്ക് ചേർക്കുക.

244. ഖണ്ഡം 5(4)-ൽ, " ജീവനക്കാർക്ക്" എന്ന വാക്കിനുപകരം " ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും" എന്നീ വാക്കുകൾ ചേർക്കുക.

മലയാളത്തിന് ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുത്തിരിക്കുന്ന ഈ സമയത്ത് ഡെപ്യൂട്ടേഷൻ എന്ന വാക്കിനുപകരം മലയാളപദമായ അന്യത്ര സേവനം എന്ന വാക്ക് ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 228, 236, 242 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 238, 244 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

ശ്രീ. പി. എ. മാധവൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

246. ഖണ്ഡം 6-ൽ, " ബത്തകളും പെൻഷനും" എന്നതിനുശേഷം "അലവൻസും, സിറ്റിംഗ് ഫീസും" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

247. ഖണ്ഡം 6-ലെ, " നൽകേണ്ടതാണ്" എന്ന വാക്കിനുപകരം "വിനിയോഗിക്കേണ്ടതാണ് "എന്ന വാക്ക് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല

മി. സ്പീക്കർ: ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോട്ടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോട്ടുകൂടി പിൻവലിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

248. ഖണ്ഡം 7-ൽ, " നടപടിക്രമമോ"എന്ന വാക്കിനുശേഷം "തീരുമാനമോ" എന്ന വാക്ക് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 248-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

250. ഖണ്ഡം 8(1)-ൽ,—

(i) " അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക,

(ii) " സമയത്തും" എന്നതിനുശേഷം "സംസ്ഥാനത്തിനുള്ളിലെ യുക്തമെന്ന് തോന്നുന്ന" എന്നത് ചേർക്കുക,

(iii) "ചേരേണ്ടതാണ്"എന്നതിനുപകരം "വിളിച്ചു ചേർക്കേണ്ടതാണ്" എന്ന് ചേർക്കുക.

256. ഖണ്ഡം 8(3)-ൽ, "മെമ്പർ-സെക്രട്ടറിയോ മെമ്പർ-സെക്രട്ടറി" എന്നത് " മെമ്പർ സെക്രട്ടറിയോ, മെമ്പർ സെക്രട്ടറി" എന്ന് മാറ്റുക.

കമ്മീഷൻ യോഗങ്ങൾ ചെയർപേഴ്സന് യുക്തമെന്ന് കരുതുന്ന സ്ഥലത്ത് ചേരാമെന്നാണ് എട്ടാം വകുപ്പിൽ പറയുന്നത്. ഈ യോഗങ്ങൾ കേരളത്തിനകത്തുതന്നെ വേണമെന്നും കൂടാതെ ചേരേണ്ടതാണെന്നല്ല വിളിച്ചു ചേർക്കേണ്ടതാണെന്നാക്കി മാറ്റണമെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

251. ഖണ്ഡം8(1) താഴെപ്പറയും പ്രകാരം മാറ്റുക:

“ (1) ചെയർപേഴ്സൺ യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സമയത്തും സ്ഥലത്തും മുൻകൂർ നോട്ടീസ് നൽകി ആവശ്യമുള്ളപ്പോഴെല്ലാം കമ്മീഷൻ യോഗം ചേരേണ്ടതാണ്: എന്നാൽ, കുറഞ്ഞത് നാൽപ്പത്തി അഞ്ച് ദിവസത്തിൽ ഒരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരേണ്ടതാണ്.”

257. ഖണ്ഡം 8(3)-ൽ, "കമ്മീഷന്റെ മറ്റേതെങ്കിലും" എന്നീ വാക്കുകൾക്ക് പകരം "നിർദിഷ്ട" എന്ന വാക്ക് ചേർക്കുക.

251-ൽ യോഗം ചേരേണ്ടതിനെ സംബന്ധിച്ച് പറയുന്നിടത്ത് ചെയർപേഴ്സന് ഇന്ന സ്ഥലം എന്നുപറയുന്നത് മുൻകൂർ നോട്ടീസ് നൽകിയിട്ടുവേണം എന്നുകൂടി അതിനകത്ത് ചേർക്കണമെന്നുള്ള നിർദ്ദേശമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

252.ഖണ്ഡം8(1)-ന്റെ ക്ലിപ്തനിബന്ധനയിൽ, "മൂന്ന്" എന്ന വാക്ക് ഒഴിവാക്കുക.

253. ഖണ്ഡം 8(1)-ന് ശേഷം ചുവടെ ചേർക്കുന്ന ഉപഖണ്ഡം ചേർത്ത് മറ്റുള്ളവ പുനരക്കം ചെയ്യുക:

"(2) കമ്മീഷന്റെ സിറ്റിംഗിനുള്ള ക്വാറം മൂന്നായിരിക്കുന്നതാണ് "

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

252 എ. ഖണ്ഡം8(1)-ന്റെ ക്ലിപ്തനിബന്ധനയിൽ, "മൂന്ന് " എന്നത് "രണ്ട് " എന്നാക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

255. ഖണ്ഡം 8(2)-ൽ, "നിയന്ത്രിക്കുന്നതിന്" എന്ന വാക്കിന് പകരം "ക്രമീകരിക്കുവാൻ" എന്ന വാക്ക് ചേർക്കുക.

ഡോ. എൻ. ജയരാജ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

258. ഖണ്ഡം 8(3)-ന് ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

" (4) യോഗത്തിന്റെ മിനിമം ക്വാറം ചെയർമാൻ, ഒരു മെമ്പർ, മെമ്പർ സെക്രട്ടറി എന്നിവർ ചേർന്നതാകണം. അല്ലാത്ത യോഗ തീരുമാനങ്ങൾ അസാധുവാകുന്നതാണ്."

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

259. ഖണ്ഡം 8(3)-ന് ശേഷം ഖണ്ഡം 8(4) ആയി താഴെ പറയുന്നത് ചേർക്കുക:

" (4) കമ്മീഷന്റെ യോഗത്തിനുള്ള ക്വാറം രണ്ട് ആയിരിക്കുന്നതാണ്." മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 256-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 251, 257 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 252, 253 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 252.എ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 258-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

260. ഖണ്ഡം 9-ൽ " താഴെ പറയുന്ന" എന്നതിന് പകരം "ചുവടെ ചേർക്കുന്ന" എന്നത് ചേർക്കുക .

265. ഖണ്ഡം9(എ)-യിൽ, "ലിസ്റ്റ്"എന്നതിനുപകരം "പട്ടിക" എന്നത് ചേർക്കുക.

275. ഖണ്ഡം 9(ബി)-യിൽ, "ശിപാർശ ചെയ്യുകയും" എന്നതിനു ശേഷം "പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും" എന്നതു ചേർക്കുക.

280. ഖണ്ഡം 9 (സി)-യിൽ, "അഭ്യർത്ഥനകൾ" എന്നതിനുപകരം "ഹർജികൾ" എന്ന് ചേർക്കുക.

283. ഖണ്ഡം (9)(സി)-യിൽ, "ഉപദേശം" എന്നതിനുപകരം "റിപ്പോർട്ട്"എന്ന് ചേർക്കുക.

289. ഖണ്ഡം9(ഡി)-യിൽ, "നടപടികളിൽ" എന്നതിനുപകരം "പദ്ധതികളിൽ" എന്നത് ചേർക്കുക.

292. ഖണ്ഡം 9(ഇ)-യിൽ, "ഫലവത്തായി" എന്നതിനുപകരം, "കാര്യക്ഷമമായി" എന്നത് ചേർക്കുക.

293. ഖണ്ഡം 9(ഇ)-യിൽ, "കൈക്കൊള്ളേണ്ട" എന്നതിനുപകരം,

"സ്വീകരിക്കേണ്ട" എന്നത് ചേർക്കുക.

296. ഖണ്ഡം 9 (ഇ)-യിൽ, "വാർഷികമായോ കമ്മീഷന് യുക്തമെന്നു കരുതുന്ന സമയത്തോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

307. ഖണ്ഡം 9(ജി)-യിൽ, "വിഭാഗങ്ങളെ" എന്നതിനുപകരം" വിഭാഗങ്ങളുടെ പുരോഗതി" എന്നത് ചേർക്കുക.

308. ഖണ്ഡം 9(ജി)-യിൽ, "അനുയോജ്യമായ" എന്നതിനുപകരം "യുക്തമായ" എന്നത് ചേർക്കുക.

315. ഖണ്ഡം 9(എച്ച്)-ൽ, " കാലാകാലങ്ങളിലോ പ്രത്യേകമായോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. ആർ. രാജേഷ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

261. ഖണ്ഡം 9 (എ) ഒഴിവാക്കുക.

297. ഖണ്ഡം 9 (ഇ)-യിൽ, "വാർഷികമായോ കമ്മീഷന് യുക്തമെന്നു കരുതുന്ന സമയത്തോ സർക്കാരിന്" എന്നതിന് പകരം "സർക്കാരിന് വാർഷിക" എന്ന് ചേർക്കുക.

കമ്മീഷന് യുക്തമെന്ന് കരുതുന്ന സമയത്തല്ല സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കേണ്ടത്.സർക്കാരിന് വാർഷികമായി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് എന്റെ ഭേദഗതി.

ശ്രീ. കെ. രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

263.ഖണ്ഡം 9(എ)-യിൽ, "മുന്നോക്ക", "വിഭാഗങ്ങളെ" എന്നീവാക്കുകൾക്കിടയിൽ " വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന" എന്നീവാക്കുകൾ ചേർക്കുക.

286. ഖണ്ഡം 9(ഡി)-യിൽ, "മുന്നോക്ക," "വിഭാഗങ്ങളുടെ" എന്നീ വാക്കുകൾക്കിടയിൽ "വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന" എന്നീവാക്കുകൾ കൂട്ടിച്ചേർക്കുക.

291. ഖണ്ഡം 9(ഇ)-യിൽ, "മുന്നോക്ക", "വിഭാഗങ്ങളുടെ" എന്നീ വാക്കുകൾക്കിടയിൽ ചുവടെ പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക:"വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന"

301. ഖണ്ഡം 9(എഫ്)-ൽ, "മുന്നോക്ക", "വിഭാഗങ്ങളുടെ" എന്നീ വാക്കുകൾക്കിടയിൽ ചുവടെ പറയുന്ന വാക്കുകൾ കൂട്ടിചേർക്കുക: "വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന"

312. ഖണ്ഡം 9(എച്ച്)-ൽ, " മുന്നോക്ക", "വിഭാഗങ്ങളെ" എന്നീ വാക്കുകൾക്കിടയിൽ ചുവടെ പറയുന്ന വാക്കുകൾ കൂട്ടി ചേർക്കുക:" വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന"

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

266.ഖണ്ഡം 9-ൽ, ഇനം (എ)-യുടെ അവസാന ഭാഗത്ത് താഴെപ്പറയുന്നത് ചേർക്കുക: " സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക സാമ്പത്തിക സ്ഥിതികൾ പഠിച്ച് സർക്കാർ ജോലിയിലടക്കമുള്ള സംവരണം ഇത്തരം വിഭാഗങ്ങൾക്ക് ആവശ്യമുള്ളപക്ഷം സർക്കാരിലേക്ക് ശിപാർശ ചെയ്യുക,." ;

327. ഖണ്ഡം 9 (ജെ)-യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക, അതായത്:—

"(കെ) മുന്നോക്ക വിഭാഗങ്ങളിൽ പെടുന്ന സാമ്പത്തിക പരാധീനത

അനുഭവിക്കുന്നവർക്ക് സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങൾലഭ്യമാക്കുന്നതിന്

പ്രത്യേക പരിരക്ഷ വേണമെങ്കിൽ അത് സർക്കാരിലേക്ക് ശിപാർശ ചെയ്യുക "

ശ്രീമതി കെ. എസ്. സലീഖ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

267. ഖണ്ഡം 9(എ) താഴെപ്പറയും പ്രകാരം മാറ്റുക:

" (എ) കേരള സംസ്ഥാനത്ത് മുന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി സാമ്പത്തികമായി മുന്നോക്കംനിൽക്കുന്ന വിഭാഗ ത്തെയും പിന്നോക്കം നിൽക്കുന്ന വിഭാഗത്തെയും കണ്ടെത്തിപിന്നോക്കം നിൽക്കുന്നവർക്ക് മുന്തിയ പരിഗണന നൽകുക";

284. ഖണ്ഡം (9)(സി)-യിൽ, "സർക്കാരിന് നൽകുകയും ചെയ്യുക" എന്ന വാക്കുകൾക്കുപകരം "സർക്കാരിന് നൽകുകയും സർക്കാർ അത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുകയും ചെയ്യുക"; എന്നീ വാക്കുകൾ ചേർക്കുക.

298. ഖണ്ഡം 9 (ഇ)-യിൽ, "വാർഷികമായോ കമ്മീഷന് യുക്തമെന്ന കരുതുന്ന സമയത്തോ സർക്കാരിന് റിപ്പോർട്ട് നൽകുകയും ചെയ്യുക"എന്നീ വാക്കുകൾക്ക് പകരം "വാർഷികമായി നൽകുകയും സർക്കാർ പ്രസ്തുതശിപാർശകൾ യഥാസമയം തന്നെ നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുക;" എന്നീ വാക്കുകൾ ചേർക്കുക.

304. ഖണ്ഡം 9(എഫ്)-ൽ, "എന്നിവ നടത്തുക" എന്നീ വാക്കുകൾക്കുപകരം"എന്നിവ നടത്തി പ്രസ്തുത റിപ്പോർട്ട് സർക്കാരിന് യഥാസമയം നൽകുക"എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

268. ഖണ്ഡം 9 (എ) താഴെപ്പറയും പ്രകാരം മാറ്റുക:

" (എ) കേരള സംസ്ഥാനത്തിലെ മുന്നോക്ക സമുദായങ്ങളിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഗ്രാമവികസന വകുപ്പിന്റെ സർവ്വേയിലൂടെ കണ്ടെത്തിയതു സംബന്ധിച്ച് ഉയരുന്ന പരാതികൾ പരിശോധിച്ച് സർക്കാരിന് ഉചിതമായ ശിപാർശ നൽകുക";

ശ്രീ. എ. കെ. ബാലൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

269. ഖണ്ഡം 9(എ)-യ്ക്ക് ശേഷം (ബി) ആയി താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

" (ബി) മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏതൊക്കെ മേഖലകളിൽ സംവരണാനുകൂല്യങ്ങൾനൽകുന്നത് ഉചിതമായിരിക്കുമെന്ന കാര്യത്തിൽ സർക്കാരിന് ഉപദേശം നൽകുക;"

മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ പ്രശ്നങ്ങൾ പഠിക്കുകയും അപഗ്രഥിക്കുകയും ക്ഷേമകാര്യങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുകയെന്നുള്ളതാണ് ബില്ലിൽ പറയുന്നത്. യഥാർത്ഥത്തിൽ വേണ്ടത് സംവരണവുമായി ബന്ധപ്പെട്ട ശിപാർശ കൊടുക്കുകയാണ്. അതുകൊണ്ട് മുന്നോക്ക സമുദായത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏതൊക്കെ മേഖലകളിൽ സംവരണാനുകൂല്യങ്ങൾ നൽകുന്നത് ഉചിതമായിരിക്കു

മെന്ന കാര്യത്തിൽ സർക്കാരിന് ഉപദേശം നൽകണം. ഈ ബില്ലിൽ ഒരിടത്തും മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് സംവരണമെന്ന വാക്കുകൾ ഇല്ല. ബാക്കിയുള്ളതെല്ലാം കോർപ്പറേഷനെക്കൊണ്ട് ചെയ്യിക്കാൻ പറ്റുന്നതാണ്. അതുകൊണ്ട് ഈ ഭേദഗതി കൂടി ഇതിൽ ഇൻകോർപ്പറേറ്റ് ചെയ്താൽ മാത്രമേ എന്തെങ്കിലും ഗുണമുണ്ടാകുകയുള്ളൂ.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

270. ഖണ്ഡം 9(ബി)-യിൽ, "പിന്നോക്കം" എന്നത് "പിന്നാക്കം" എന്നും "പഠിക്കുകയും" എന്ന വാക്കിന് മുൻപ് "കണ്ടെത്തുകയും" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

282. ഖണ്ഡം (9)(സി)-യിലെ "കേൾക്കുകയും" എന്നതിന് ശേഷം "പഠിക്കുകയും അപഗ്രഥിക്കുകയും ചെയ്യുകയും ഇത് സംബന്ധിച്ച്" എന്ന് കൂടി ചേർക്കുക.

288. ഖണ്ഡം 9(ഡി)-യിലെ "ആസൂത്രണ നടപടികളിൽ" എന്നതിനുപകരം "ആസൂത്രണ നടപടികൾ സംഘടിപ്പിക്കാവുന്നതും സർക്കാരോ മറ്റ് ഏജൻസികളോ സംഘടിപ്പിക്കുന്നവയിൽ" എന്ന് ചേർക്കുക.

294. ഖണ്ഡം 9(ഇ)-ൽ, "നടപടികളെ സംബന്ധിച്ച" എന്നതിനുപകരം, "നടപടികളെ സംബന്ധിച്ചും സർക്കാർ ആവശ്യപ്പെടുന്ന സംഗതിയിലും" എന്ന് ചേർക്കുക.

303. ഖണ്ഡം 9(എഫ്)-ൽ, "വിദ്യാഭ്യാസപരവുമായ" എന്നതിനു പകരം"വിദ്യാഭ്യാസപരവും സാംസ്കാരികവുമായ" എന്ന് ചേർക്കുക.

313. ഖണ്ഡം 9(എച്ച്)-ൽ,—

(i)“ കാര്യത്തെ", എന്നതിന് പകരം "കാര്യത്തെയോ കാര്യങ്ങളെയോ" എന്ന് ചേർക്കുക.

(ii) “ 9(ഐ) യിലെ "അങ്ങനെയുള്ള" എന്ന വാക്ക് ഒഴിവാക്കുക

322. ഖണ്ഡം 9-ൽ, ഇനം (ഐ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ഇനം (ജെ) ആയി ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

"(ജെ) നിലവിൽ മുന്നോക്ക വിഭാഗങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതും, എന്നാൽ പിന്നാക്ക വിഭാഗമായി ഉൾപ്പെടുത്താൻ ആവശ്യപ്പെടുന്നതുമായ ഏതെങ്കിലും വിഭാഗത്തിന്റെ അഭ്യർത്ഥനകളിന്മേൽ പിന്നാക്ക വിഭാഗകമ്മീഷനുമായും സർക്കാരുമായും ആവശ്യമായ കൂടിയാലോചനനടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക".

ഇതിൽ 288-ാം നമ്പർ ഭേദഗതി കമ്മീഷന് മുന്നോക്ക വിഭാഗങ്ങളുടെ വികസന ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശം നൽകുകയും ചെയ്യാമെന്ന് അതിന്റെ ചുമതലകൾ നിർവ്വചിക്കുന്ന 9 (ഡി) യിൽ പറയുന്നുണ്ട്. എന്നാൽ ഇത്തരം ആസൂത്രണനടപടികൾ കമ്മീഷന് വേണമെങ്കിൽ നേരിട്ട് സംഘടിപ്പിക്കുകയും ചെയ്യാം എന്ന അർത്ഥത്തിലാണ് എന്റെ ഭേദഗതി.

322-ാം നമ്പർ ഭേദഗതിയിൽ 9(ഐ) കഴിഞ്ഞ് ഒരു പുതിയ ചുമതല എഴുതിച്ചേർക്കുന്നതാണ്. നിലവിൽ മുന്നോക്കമായി നിൽക്കുന്നവർ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്ന ഒരു ഘട്ടം വരുമ്പോൾ ഈ കമ്മീഷനുമായി കൂടിയാലോചിക്കാനുള്ള ചുമതല കൂടിയുണ്ട് എന്ന് 9(ഐ) കഴിഞ്ഞ് (ജെ) ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

271. ഖണ്ഡം 9(ബി)-യിൽ, "അപഗ്രഥിക്കുകയും" എന്നതിനുശേഷം "സംയോജിത" എന്നത് ചേർക്കുക.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

272. ഖണ്ഡം 9(ബി)-യിൽ,—

(i) "ക്ഷേമകാര്യങ്ങൾ" എന്നതിനുപകരം "അവരുടെ ക്ഷേമത്തിനുവേണ്ടി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച്" എന്നീ വാക്കുകൾ ചേർക്കുക.

(ii) "ചെയ്യുകയും" എന്ന വാക്കിനുപകരം "നൽകുകയും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

273. ഖണ്ഡം 9(ബി)-യിൽ, "ക്ഷേമകാര്യങ്ങൾ" എന്ന വാക്കിനുപകരം "ക്ഷേമകാര്യങ്ങളും, ക്ഷേമ പദ്ധതികളും" എന്നീ വാക്കുകൾ ചേർക്കുക.

310. ഖണ്ഡം 9(ജി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ജി) മുന്നോക്ക വിഭാഗങ്ങളിലെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്നവരുടെയും, പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ഉന്നമനത്തിനായി സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക."

326. ഖണ്ഡം 9-ൽ, ഇനം (ജെ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ഇനം(കെ) ആയി ചേർക്കുക:

"(കെ) ഖണ്ഡം 9(എ) പ്രകാരം കമ്മീഷൻ കണ്ടെത്തിയ മുന്നോക്കവിഭാഗങ്ങളിലുള്ളവരിൽ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസം, തൊഴിൽ എന്നിവ കൈവരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന്പര്യാപ്തമായപദ്ധതികൾആവിഷ്കരിക്കുന്നതിന് അനുയോജ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുക"

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

276. ഖണ്ഡം 9 (ബി)-യ്ക്കു ശേഷം താഴെപ്പറയുന്ന ഇനം ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:

"(സി) മുന്നോക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ജോലിസംവരണം എന്നിവ ഉറപ്പു വരുത്തുന്നതിനുള്ള ശിപാർശകൾ സർക്കാരിനു നൽകുന്നതോടൊപ്പം മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവരിൽ ഭൂരഹിതരായ വർക്ക് ഭൂമി നൽകുവാനും വീടില്ലാത്തവർക്ക്ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുവാനും ആവശ്യമായ ശിപാർശകൾ സർക്കാരിനു നൽകുവാനും പെൺമക്കളുടെ വിവാഹത്തിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ശിപാർശകൾ സർക്കാരിനു നൽകുവാനും സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക."

<u>ശ്രീ. എ. എം. ആരിഫ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

285. ഖണ്ഡം (9)(ഡി)-യിൽ, " മുന്നോക്ക വിഭാഗങ്ങളുടെ സാമൂഹിക" എന്നതിനുപകരം "മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിക്കുന്നവരുടെ ക്ഷേമത്തിനും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

290. ഖണ്ഡം 9(ഇ)-യിൽ,

(i) "മുന്നോക്ക വിഭാഗങ്ങളുടെ" എന്നതിനുശേഷം "മൊത്തത്തിലുള്ള" എന്നത് ചേർക്കുക.

(ii) "ക്ഷേമത്തിനും" എന്നതിനുശേഷം "പിന്നോക്കം നിൽക്കുന്നവരുടെ" എന്നത് ചേർക്കുക.

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

300. ഖണ്ഡം 9 (എഫ്)-ൽ, "മുന്നോക്ക വിഭാഗങ്ങളുടെ സാമൂഹികവും" എന്നതിനുപകരം "മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ" എന്നത് ചേർക്കുക.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

305. ഖണ്ഡം 9-ൽ, ഇനം(എഫ്)-ന്റെ അവസാനം താഴെ പറയുന്നത് ചേർക്കുക: "സെമിനാറുകൾ, സിമ്പോസിയം, ബോധവൽക്കരണ ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക."

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

309. ഖണ്ഡം 9-ൽ, ഇനം (ജി) താഴെപ്പറയും പ്രകാരം മാറ്റുക:

" (ജി) മുന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക; പ്രത്യേകിച്ചും മുന്നോക്കവിഭാഗ ങ്ങളിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് വരുമാനപരിധി സംബന്ധമായി കാലാകാലങ്ങളിൽ സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്."

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

317. ഖണ്ഡം 9-ൽ, ഇനം (ഐ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ഇനം (ജെ) ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക: "(ജെ) മുന്നോക്ക വിഭാഗങ്ങളുടെ ശാക്തീകരണത്തിന് ആസൂത്രണനടപടികൾ തയ്യാറാക്കുക".

ശ്രീ. കെ. മുരളീധരൻ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

320. ഖണ്ഡം 9-ൽ, ഇനം (ഐ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ഇനം (ജെ)ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക: "(ജെ) മുന്നോക്ക വിഭാഗങ്ങളുടെ സംരക്ഷണത്തിനും ശാക്തീകരണത്തിനുംകർമ്മ പദ്ധതികൾ തയ്യാറാക്കുക".

ശ്രീ. കെ. ശിവദാസൻ നായർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

321. ഖണ്ഡം 9-ൽ, ഇനം (ഐ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ഇനം (ജെ) ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക: "(ജെ) മുന്നോക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസപരമായ പുരോഗതിക്ക് ആസൂത്രണ നടപടികൾ തയ്യാറാക്കുക".

ശ്രീ. ജെയിംസ് മാത്യു :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

323. ഖണ്ഡം9(ജെ)-യിൽ," മുന്നോക്കവിഭാഗങ്ങളുമായി" എന്നതിനു പകരം " മുന്നോക്ക സമുദായങ്ങളിലെ പിന്നോക്കം നിൽക്കുന്നവരുമായി" എന്നത് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സ്വീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 260, 265, 275, 280, 283, 289, 292, 293, 296, 307, 309, 315 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 261, 297 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ അവതരിപ്പിച്ച 263, 286, 291, 301, 312 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 266, 327 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 267, 284, 298, 304 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 270, 282, 288, 294, 303, 313, 322 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 272-ാം എന്നീ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 273, 310, 326 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 276-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എം. ആരിഫ് അവതരിപ്പിച്ച 285-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 290-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബാബു എം. പാലിശ്ശേരി അവതരിപ്പിച്ച 300-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച 305-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 320-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 323-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

328. ഖണ്ഡം 10-ൽ,—

(i) "സംസ്ഥാനത്ത് താമസിക്കുന്ന" എന്നീ വാക്കുകൾക്കുപകരം

"സംസ്ഥാനത്തെ" എന്ന വാക്ക് ചേർക്കുക.

(ii) "സർക്കാർ" എന്ന വാക്ക് ഒഴിവാക്കുക.

(iii) "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനുമുൻപായി "അധികാരികൾ

മുഖേന," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

329. ഖണ്ഡം 10-ൽ, "താമസിക്കുന്ന" എന്ന വാക്കിനുപകരം

"താമസിക്കുന്നവരും വിദേശത്തും മറ്റു സംസ്ഥാനങ്ങളിലും തൊഴിൽ തേടി പോയിട്ടുള്ളവരുമായ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

330. ഖണ്ഡം 10-ൽ, "ഫാറത്തിലും" എന്ന വാക്കിനുശേഷം "അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥകൂടി സൂചിപ്പിക്കുന്ന" എന്നീ വാക്കുകൾ കൂടി ചേർക്കുക.

ശ്രീ. എ. കെ. ബാലൻ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

332. ഖണ്ഡം 10 താഴെപ്പറയും പ്രകാരം മാറ്റുക:

"10. സർട്ടിഫിക്കറ്റ്:—മുന്നോക്ക സമുദായത്തിലെ പിന്നോക്കം നിൽക്കുന്നവർ എന്ന് തെളിയിക്കുന്നതിനായി ദാരിദ്ര്യരേഖക്കു താഴെയുള്ളവർ എന്ന് തെളിയിക്കുന്ന റേഷൻ കാർഡോ അതില്ലാത്തവർക്ക് വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റോ മതിയാകുന്നതാണ്."

നിലവിൽ സംവരണാനുകൂല്യം ഇല്ലാത്തവരെല്ലാം മുന്നോക്കക്കാരാണ്. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നുവെന്നുള്ള രേഖയാണ് ഇതിന് ആവശ്യമായി ഉള്ളത്. അതിന് നിലവിലുള്ള ബി.പി.എൽ. റേഷൻ കാർഡോ തദ്ദേശ ഭരണ സ്ഥാപനങ്ങളിലുള്ള ബി.പി.എൽ. ലിസ്റ്റോ അതുമല്ലെങ്കിൽ വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റോ ഇതിൽ ഏതെങ്കിലുമൊന്ന് മതിയാകും. അതിനപ്പുറം വേറൊരു സർട്ടിഫിക്കറ്റ് ഉണ്ടാക്കുന്നതിന് ഈ വിഭാഗം ഇനി വേറൊരു ഓഫീസറുടെ പിന്നാലെ നടക്കണമോ? അത് ഒഴിവാക്കേണ്ടതാണ്. അതുകൊണ്ട് സാമ്പത്തികശേഷി നിശ്ചയിക്കാൻ ഇന്ന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ വില്ലേജ് ഓഫീസറാണ്. അദ്ദേഹത്തിന്റെ വരുമാന സർട്ടിഫിക്കറ്റ് മാത്രം മതിയാകും. ഇതാണ് എന്റെ ഭേദഗതി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 330-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 332-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 11-ാം വകുപ്പ്

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

334. ഖണ്ഡം 11-ൽ, "റിപ്പോർട്ടുകൾ" എന്ന വാക്കിനുശേഷം "ലഭിച്ച് ആറ് മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

കമ്മീഷൻ ഒരു റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചാൽ നിയമസഭയ്ക്ക് ഒരു അവകാശവുമില്ല. ആ കമ്മീഷൻ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്ന റിപ്പോർട്ട് നിയമസഭയിൽ എപ്പോൾ വയ്ക്കണമെന്ന് പറഞ്ഞിട്ടില്ല. ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരം റിപ്പോർട്ടുകൾ നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണെന്ന് മാത്രമേ പറഞ്ഞിട്ടുള്ളു. അതുകൊണ്ട് ഖണ്ഡത്തിൽ പരാമർശിക്കുന്ന പ്രകാരമുള്ള റിപ്പോർട്ടുകൾ ലഭിച്ച് ആറ് മാസത്തിനുള്ളിൽ നിയമസഭയ്ക്ക് മുമ്പാകെ വയ്ക്കണം എന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്.

<u>ശ്രീമതി കെ. എസ്. സലീഖ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

335. ഖണ്ഡം 11-ൽ, "ശിപാർശകൾ സ്വീകരിക്കാതിരിക്കുവാനുള്ള" എന്നീ വാക്കുകൾക്കുപകരം "ശിപാർശകൾ സ്വീകരിക്കുന്നത് സംബന്ധിച്ചും സ്വീകരിക്കാതിരിക്കുന്നതും സംബന്ധിച്ചുള്ള" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

336. ഖണ്ഡം 11-ൽ, "വയ്പ്പിക്കേണ്ടതാണ്" എന്നതിനുപകരം "സമർപ്പിക്കേണ്ടതാണ്" എന്നത് ചേർക്കുക.

സമർപ്പിക്കേണ്ടതാണെന്ന് പറയുന്നതാണ് ഉചിതം. അതിന്റെ തലവാചകം തന്നെ റിപ്പോർട്ട് വയ്പ്പിക്കൽ എന്നാണ്, അത് ശരിയല്ല.

<u>ശ്രീ. ജോസഫ് വാഴക്കൻ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

337(എ) ഖണ്ഡം 11-ൽ, "വയ്പ്പിക്കേണ്ടതാണ്" എന്ന വാക്കിനുപകരം "വയ്ക്കേണ്ടതാണ്" എന്നു ചേർക്കുക.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 334-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 335-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 337 എ. നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

339. ഖണ്ഡം 12(1)-ൽ, "ഒരു വ്യവഹാരം" എന്നീ വാക്കുകൾക്കു പകരം " വ്യവഹാരങ്ങൾ" എന്ന വാക്ക് ചേർക്കുക.

344. ഖണ്ഡം 12(1)(ഡി)-യിൽ, "ആവശ്യപ്പെടുക" എന്നതിനുപകരം "ആവശ്യമെങ്കിൽ ലഭ്യമാക്കുക" എന്നത് ചേർക്കുക.

346. ഖണ്ഡം 12(2)-ൽ, "കമ്മീഷന്," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "ഏതെങ്കിലും" എന്ന വാക്ക് ചേർക്കുക.

353. ഖണ്ഡം 12(4)-നുശേഷം (5) ആയി താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

"(5) കമ്മീഷനിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും പൊതുവായ അച്ചടക്കം സംബന്ധിച്ച വിഷയത്തിൽ തീരുമാനമെടുക്കുകയും അച്ചടക്ക ലംഘനമുണ്ടായതായി ബോധ്യപ്പെടുന്ന സാഹചര്യത്തിൽആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

340. ഖണ്ഡം 12(1)(എ)-യിൽ, "ഏതൊരാളെയും" എന്നതിനുമുമ്പായി "കമ്മീഷന്റെ അധികാരപരിധിയിൽ ഉൾപ്പെടുന്ന" എന്നത് ചേർക്കുക.

347. ഖണ്ഡം 12(2)-ൽ, "സർക്കാരിന്റെ" എന്നതിനുമുമ്പായി "അതുമായി ബന്ധപ്പെട്ട" എന്നത് ചേർക്കുക.

348. ഖണ്ഡം 12(2)-ൽ, "അന്വേഷണ ഏജൻസിയുടേയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

350. ഖണ്ഡം 12(3)-ൽ, "അന്വേഷണ ഏജൻസിയുടെയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

351. ഖണ്ഡം 12(3)-ൽ, "ഉദ്യോഗസ്ഥനോ ഏജൻസിയോ" എന്നീ വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

341. ഖണ്ഡം 12(1)(എ)-യിൽ, "ഉറപ്പുവരുത്തുകയും" എന്ന വാക്കിനുശേഷം "നിയമാനുസൃതമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ജോസഫ് വാഴക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

343. ഖണ്ഡം 12(1)(ഡി)-യിൽ, "ആഫീസിൽ നിന്നോ" എന്നതിനു ശേഷം "മറ്റു സ്ഥാപനത്തിൽ നിന്നോ" എന്നത് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

345. ഖണ്ഡം 12(1)(ഡി)-ക്കുശേഷം (ഇ)ആയി താഴെപ്പറയുന്നവ ചേർക്കുകയും ബാക്കിയുള്ളവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(ഇ) ഏതെങ്കിലും കോടതി, കമ്മീഷനോട് എന്തെങ്കിലും രേഖകൾ നൽകുവാനോ, കോടതി മുമ്പാകെയുള്ള വ്യവഹാരങ്ങളിൽ ഹാജരാകുവാനോ ആവശ്യപ്പെട്ടാൽ ആയതിന് തയ്യാറാകുകയും ചെയ്യുക;"

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 339, 344, 346, 353 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 340, 347, 348, 350, 351 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 343-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്.സലീഖ അവതരിപ്പിച്ച 345-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 13-ാം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

354. ഖണ്ഡം 13-ൽ, "ആളുകൾ" എന്ന് എവിടെയെല്ലാം ഉപയോഗിച്ചിരിക്കുന്നുവോ അവിടെയെല്ലാം "വ്യക്തികൾ" എന്നു ചേർക്കുക.

ആളുകൾ എന്നത് ശരിയായ പ്രയോഗമല്ല. അത് മാറ്റി വ്യക്തികൾ എന്ന് ആക്കണമെന്നതാണ് എന്റെ ഭേദഗതി.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

355. ഖണ്ഡം 13-ൽ, "ആളെ" എന്നതിനുപകരം "വ്യക്തിയെ" എന്നും 'ആളിനെതിരായി" എന്നതിനുപകരം "വ്യക്തിക്കെതിരായി" എന്നും "ആളിനോട്" എന്നതിനുപകരം "വ്യക്തിയോട്" എന്നും ചേർക്കുക.

358. ഖണ്ഡം 13(ബി)-യിൽ, "പ്രസക്തിയുള്ളതോ, "എന്നതിനുപകരം "പ്രസക്തിയുണ്ടെന്ന് കരുതുന്നതോ" എന്നത് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

357. ഖണ്ഡം 13-ൽ, "പ്രസ്തുത ആളിനെതിരായി ഉപയോഗിക്കുവാൻ പാടുള്ളതല്ല" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "പ്രസ്തുത ആളിനെതിരായി നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്:" എന്നീവാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. ബെന്നി ബെഹനാന്റെ 354-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ ഖാദർ അവതരിപ്പിച്ച 355, 358 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 14-ാം വകുപ്പ്

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

359. ഖണ്ഡം 14-ൽ, "ദോഷകരമായി" എന്ന് എവിടെയെല്ലാം ഉപയോഗിച്ചിരിക്കുന്നുവോ അവിടെയെല്ലാം "ഹാനികരമായി" എന്ന്ചേർക്കുക.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

360. ഖണ്ഡം 14-ൽ, "ആളുകളെ" എന്ന് ഉപയോഗിച്ചിരിക്കുന്നിടത്തെല്ലാം "വ്യക്തികളെ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

361. ഖണ്ഡം 14(എ)-യിൽ "ആളുകളുടെ സ്വഭാവത്തെപ്പറ്റി" എന്നീ വാക്കുകൾക്ക് പകരം "വ്യക്തിയുടെയോ വ്യക്തികളുടെയോ സ്വഭാവത്തെപ്പറ്റിയോ കമ്മീഷന്റെ പരിഗണനയിലുള്ള മറ്റേതെങ്കിലും കാര്യത്തെപ്പറ്റിയോ" എന്നീ വാക്കുകൾ ചേർക്കുക.

363. ഖണ്ഡം 14(ബി)-യിൽ, "ഹാജരാക്കുന്നതിനുമുള്ള" എന്ന വാക്കിന് പകരം "ഹാജരാക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

ശ്രീമതി കെ. എസ്. സലീഖ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

364. ഖണ്ഡം 14(ബി)-യിൽ, "ന്യായമായ ഒരു അവസരം" എന്നീ വാക്കുകൾക്ക് പകരം "മതിയായ ഒരു അവസരം"എന്നീ വാക്കുകൾ ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 361, 363 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 364-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

365. ഖണ്ഡം 15(1)-ൽ, "ധനവിനിയോഗം നടത്തിയതിനുശേഷം" എന്ന വാക്കുകൾക്കു പകരം "ധനവിനിയോഗ ബിൽ അവതരിപ്പിച്ച് പാസ്സായതിനു ശേഷം" എന്നീ വാക്കുകൾ ചേർക്കുക.

367. ഖണ്ഡം 15(2)-ൽ, "നൽകേണ്ടതായ" എന്ന വാക്കിനുപകരം "വിനിയോഗിക്കേണ്ടതായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

366. ഖണ്ഡം 15 (1)-ൽ, "ആവശ്യമെന്ന് " എന്ന വാക്കിനുപകരം "യുക്തമെന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. വി. വിജയദാസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

368. ഖണ്ഡം 15(1)-നുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക: "എന്നാൽ, മുന്നോക്കവിഭാഗങ്ങൾക്കുവേണ്ടിയുള്ള സമഗ്രമായ ക്ഷേമ പ്രവർത്തനങ്ങൾക്ക് സർക്കാർ നൽകുന്ന ഗ്രാന്റിനുപുറമെ സുമനസ്സുകളായ മുന്നോക്ക വിഭാഗക്കാരിൽനിന്ന് സ്വമേധയാ ധനസഹായം സ്വീകരിക്കാവുന്നതും ആയതിന് നികുതിയിളവ് നൽകാവുന്നതുമാണ്."

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 365, 367 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 366-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

369. ഖണ്ഡം 16(1)-ൽ, "റിക്കാർഡുകളും" എന്നതിന് ശേഷം "രജിസ്റ്ററുകളും" എന്നത് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

370.ഖണ്ഡം 17-ൽ,—

(i) "തയ്യാറാക്കേണ്ടതും" എന്ന വാക്കിനുശേഷം "ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി" എന്നത് ചേർക്കുക.

(ii) താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"പ്രസ്തുത വാർഷിക റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനമുൻപായി, കമ്മീഷന്റെ യോഗത്തിന് മുൻപാകെ സമർപ്പിച്ചിരിക്കേണ്ടതും, യോഗത്തിൽ വച്ച് അംഗീകരിച്ചിരിക്കേണ്ടതുമാണ്."

17-ാം വകുപ്പിൽ വാർഷിക റിപ്പോർട്ടിനെക്കുറിച്ചാണ് പറയുന്നത്. കമ്മീഷൻ പൂർണ്ണമായി അംഗീകരിച്ച റിപ്പോർട്ടാണ് സർക്കാരിന് സമർപ്പിക്കേണ്ടത്. എന്റെ ഭേദഗതി അംഗീകരിച്ചാൽ നന്നായിരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 370-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 18-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

371. ഖണ്ഡം 18-ൽ, "അവ നിയമസഭ മുൻപാകെ സമർപ്പിക്കേണ്ടതാണ്" എന്നീ വാക്കുകൾക്കുപകരം "നിയമസഭ സമ്മേളനത്തിലാണെങ്കിൽ ആ സമ്മേളനത്തിലോ, അല്ലാത്തപക്ഷം തൊട്ടടുത്തുവരുന്ന സമ്മേളനത്തിലോ നിയമസഭ മുൻപാകെ സമർപ്പിക്കേണ്ടതാണ്." എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

372. ഖണ്ഡം 18-ൽ, "കഴിയുന്നത്ര വേഗം" എന്നതിനുപകരം "അടുത്ത നിയമസഭാ സമ്മേളനത്തിൽ" എന്ന് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 371-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അവതരിപ്പിച്ച 372-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

(ഭേദഗതി ഇല്ല.)

മി. സ്പീക്കർ: 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

373. ഖണ്ഡം 20(1)-ൽ, "പിൽക്കാല പ്രാബല്യത്തോട്ടുകൂടിയോ മുൻകാല പ്രാബല്യത്തോട്ടുകൂടിയോ" എന്നതിനുപകരം "ആക്ടിന്റെ പ്രാബല്യത്തിനു വിധേയമായി"എന്ന് ചേർക്കുക.

374. ഖണ്ഡം 20(2)(എ)-യിൽ, "ബത്തകളും" എന്നതിനുശേഷം "പെൻഷനും" എന്ന വാക്ക് ചേർക്കുക.

376. ഖണ്ഡം 20(2)(ബി)-യിൽ, "സർക്കാർ" എന്ന വാക്കിനുപകരം "സർക്കാരോ സർക്കാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ" എന്നീ വാക്കുകൾ ചേർക്കുക.

377. ഖണ്ഡം 20(2)(ബി)-യിൽ, "ഫാറവും" എന്ന വാക്കിനുശേഷം "സർക്കാരിന് സമർപ്പിക്കേണ്ടതായ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

375. ഖണ്ഡം 20(2)(ബി) ഒഴിവാക്കുക.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

378. ഖണ്ഡം 20(3)-ൽ, "രൂപഭേദം വരുത്തുകയോ" എന്നതിന് ശേഷം "അല്ലെങ്കിൽ" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

379. ഖണ്ഡം 20 (3)-ൽ, "ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് " എന്നീ വാക്കുകൾക്കുപകരം "ആ ചട്ടം വേണ്ടതില്ലെന്ന് "എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

381. ഖണ്ഡം 20 (3)-ൽ, "അതത് സംഗതി പോലെ" എന്നീ വാക്കുകൾക്കു പകരം "യഥാവിധി" എന്ന് ചേർക്കുക.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 373, 374, 376, 377 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 378-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 379-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു. 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പിനു ശേഷമുള്ള പുതിയ വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

382. ഖണ്ഡം 20-നു ശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കുക:

"20 എ. മറ്റു നിയമങ്ങളുടെ ബാധകമാക്കൽ തടയുന്നില്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തത്സമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിന് പുറമെയും അതിന് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

20 ബി. ഒഴിവുകൾ, മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കുന്നതല്ലെന്ന്.—കമ്മീഷന്റെ രൂപീകരണത്തിലുള്ള ന്യൂനതയോ അല്ലെങ്കിൽ കമ്മീഷനിൽ നിലനിൽക്കുന്ന ഏതെങ്കിലും ഒഴിവ് മൂലമോ മാത്രം കമ്മീഷന്റെ ഏതെങ്കിലും പ്രവൃത്തിയോ നടപടിക്രമമോ തീരുമാനമോ അസാധുവാകുന്നതല്ല.

20 സി. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരം, ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനോ, ചെയർപേഴ്സണോ ഏതെങ്കിലും അംഗത്തിനോ ഏതെങ്കിലും ഉദ്യോഗസ്ഥനോ കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രവർത്തിക്കുന്ന കമ്മീഷനിലെ മറ്റേതെങ്കിലും ജീവനക്കാരനോ എതിരായി യാതൊരു അന്യായമോ വ്യവഹാരമോ മറ്റ് നിയമനടപടിയോ നിലനിൽക്കുന്നതല്ല."

വകുപ്പ് ഇരുപതിനുശേഷം എ, ബി, സി എന്നിങ്ങനെ മേൽപ്പറഞ്ഞ മൂന്ന് വകുപ്പുകൾ ചേർക്കേണ്ടതാണ് എന്നാണ് എന്റെ ഭേദഗതി. ഈ മൂന്നുംകൂടി വരുമ്പോൾ മാത്രമേ നിയമം സമ്പൂർണ്ണമായി തീരുകയുള്ളൂ. മറ്റ് നിയമങ്ങൾ ബാധകമാകുന്നത് ഈ നിയമം തടയാൻ പാടില്ല. ഒഴിവുകൾ മുതലായവ കമ്മീഷന്റെ നടപടികളെ അസാധുവാക്കാൻ പാടില്ല. ഉത്തമവിശ്വാസത്തിൽ ചെയ്ത എല്ലാ പ്രവൃത്തികൾക്കും സംരക്ഷണം ഉണ്ടായിരിക്കണമെന്നുള്ളത് ഒരു ആവശ്യകതയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 382-ാം നമ്പർ ഭേദഗതി ഭാഗികമായി സ്വീകരിച്ചിരിക്കുന്നു. എ-യ്ക്കും ബി-യ്ക്കും ഉള്ള ഭേദഗതി നിർദ്ദേശങ്ങൾ സ്വീകരിക്കുന്നില്ല. സി-യുടെ ഭേഗദതി നിർദ്ദേശം ഭേദഗതികളോടെ സ്വീകരിക്കാവുന്നതാണ്.

മി. സ്പീക്കർ: അത് ബില്ലിന്റെ ഭാഗമല്ലാത്തതിനാൽ അഡോപ്റ്റ് ചെയ്യേണ്ടതില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് റീ-ഡ്രാഫ്റ്റ് ചെയ്ത് എടുക്കുകയാണ്.

ബില്ലിലെ ഇരുപതാം ഖണ്ഡം ഇരുപത്തിയൊന്നാം ഖണ്ഡമായി പുനരക്കം ചെയ്യേണ്ടതും അങ്ങനെ പുനരക്കംചെയ്ത 21-ാം ഖണ്ഡത്തിനുമുമ്പായി താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതുമാണ്. അതായത്,

" 20. ഉത്തമവിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം-ഈ ആക്ട് പ്രകാരം, ഉത്തമവിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് കമ്മീഷനിലെ ഏതെങ്കിലും അംഗങ്ങൾക്കോ മറ്റുദ്യോഗസ്ഥർക്കോ ജീവനക്കാർക്കോ എതിരായി യാതൊരു വ്യവഹാരമോ നിയമനടപടികളോ നിലനിൽക്കുന്നതല്ല."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു. ബില്ലിന്റെ ഭാഗമായി അഡോപ്റ്റ് ചെയ്യുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 20-ാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 21-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

384. ഖണ്ഡം 21-ൽ, "ഗസറ്റിൽ വിജ്ഞാപനം ചെയ്ത ഉത്തരവു വഴി" എന്നതിന് പകരം "ഗസറ്റ് വിജ്ഞാപനം മുഖേന" എന്ന് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

385. ഖണ്ഡം 21(1)-ൽ, "അങ്ങനെയുള്ള" എന്ന വാക്കിന് പകരം "അത്തരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

386. ഖണ്ഡം 21(1)-ൽ, "വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്" എന്ന വാക്കിന് പകരം "നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

387. ഖണ്ഡം 21(1)-ന്റെ ക്ലിപ്തനിബന്ധനയിൽ "പ്രാരംഭ തീയതി" എന്നതിനുപകരം "പ്രസിദ്ധീകരണ തീയതി" എന്നത് ചേർക്കുക.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>22-ാം വകുപ്പ്</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

388. ഖണ്ഡം 22-ൽ, “ കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ" എന്ന വാക്കിനുശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ............

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

<u>ശ്രീമതി കെ. എസ്. സലീഖ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. ശീർഷകത്തിൽ, "വിഭാഗങ്ങൾക്കുവേണ്ടിയുള്ള" എന്ന വാക്കിനുപകരം "വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

110. ദീർഘ ശീർഷകത്തിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നതിനുപകരം "മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടിയും അവരുടെ ക്ഷേമങ്ങൾക്കും ഉന്നമനങ്ങൾക്കും വേണ്ടി" എന്ന് ചേർക്കുക.

121. പീഠികയിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നീ വാക്കുകൾക്ക് പകരം "മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടിയും അവരുടെ ക്ഷേമങ്ങൾക്കും ഉന്നമനങ്ങൾക്കും വേണ്ടി" എന്നീ വാക്കുകൾ ചേർക്കുക.

124. ഖണ്ഡം 1(1)-ൽ "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള" എന്നീ വാക്കുകൾക്ക് പകരം "മുന്നോക്ക വിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടിയും അവരുടെ ക്ഷേമങ്ങൾക്കും ഉന്നമനങ്ങൾക്കും വേണ്ടിയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

126. ഖണ്ഡം 1 (2)-ൽ, "2015 മേയ് 16-ാം തീയതി" എന്നതിന് പകരം "2015 ഡിസംബർ 16-ാം തീയതി" എന്നത് ചേർക്കുക.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക :

"2015-ലെ മുന്നോക്ക സമുദായങ്ങളിലെ പിന്നോക്കക്കാരുടെ ഉന്നമനത്തിനു വേണ്ടിയുള്ള കമ്മീഷൻ ബിൽ".

109. ദീർഘ ശീർഷകത്തിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നതിനു പകരം "മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമ്പത്തിക ഉന്നമനത്തിനായി" എന്ന് ചേർക്കുക.

125. ഖണ്ഡം 1 (1) താഴെപ്പറയും പ്രകാരം മാറ്റുക :

"(1) ഈ ആക്ടിന് 2015-ലെ മുന്നോക്ക സമുദായങ്ങളിലെ പിന്നോക്കക്കാരുടെ ഉന്നമനത്തിനുവേണ്ടിയുള്ള കമ്മീഷൻ നിയമം എന്ന് പേര് പറയാം."

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

111. ദീർഘ ശീർഷകത്തിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നതിനു പകരം "മുന്നോക്ക വിഭാഗങ്ങളെ ശാക്തീകരിക്കുന്നതിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പിലാക്കുകയും ചെയ്യുന്നതിനു വേണ്ടി" എന്ന് ചേർക്കുക.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. ദീർഘ ശീർഷകത്തിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നതിനു പകരം "മുന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി" എന്ന് ചേർക്കുക.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

113. ദീർഘ ശീർഷകത്തിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നതിനു പകരം "മുന്നോക്ക വിഭാഗങ്ങളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി" എന്നു ചേർക്കുക.

120. പീഠികയിൽ, " മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നതിനുപകരം " മുന്നോക്ക വിഭാഗങ്ങളുടെ സമഗ്രമായ ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടി" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

114. ദീർഘ ശീർഷകത്തിൽ, "മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നതിന് പകരം "മുന്നോക്ക വിഭാഗങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി" എന്ന് ചേർക്കുക.

116. പീഠികയിൽ, " മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടി" എന്നതിനുപകരം " മുന്നോക്ക വിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി" എന്നു ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

115. ദീർഘ ശീർഷകത്തിൽ, "രൂപീകരിക്കുന്നതിനും" എന്ന വാക്കിനുപകരം "രൂപീകരിച്ചു പ്രവർത്തിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

122. പീഠികയിൽ, "രൂപീകരിക്കുന്നതിനും" എന്ന വാക്കിനുപകരം "രൂപീകരിച്ചു പ്രവർത്തിക്കുന്നതിനും" എന്നീ വാക്കുകൾ ചേർക്കുക.

128. ഖണ്ഡം 1(2)-ലെ "കരുതപ്പെടേണ്ടതാണ്" എന്നതിനുപകരം "കരുതേണ്ടതാണ് " എന്നത് ചേർക്കുക.

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

124 എ. ഖണ്ഡം 1(1)-ൽ "മുന്നോക്ക" എന്ന വാക്കിനുശേഷം "സമുദായ" എന്നു ചേർക്കുക.

ശ്രീ. എം. ഹംസ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

127. ഖണ്ഡം 1 (2)-ലെ "മേയ്" എന്ന വാക്കിനു പകരം "ഡിസംബർ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 107, 110, 121, 124, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 108, 109, 125 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 113, 120 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 114, 116 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 115, 122, 128 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 124 എ നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ഇതിലെ ഒരു ക്ലോസുപോലും നമുക്ക് എൻഫോഴ്സ് ചെയ്യാൻ പറ്റുന്നതല്ല. അത് നമ്മുടെ കമ്മീഷന്റെ പൊതുസ്ഥിതിയാണ്. യഥാർത്ഥത്തിൽ 22 ക്ലോസ് ഉള്ളതിൽ ചുമതലകൾ സംബന്ധിച്ച ഒൻപതാമത്തെ ക്ലോസ് വളരെ പ്രധാനപ്പെട്ടതാണ്. ആ ചുമതലകളിൽ എവിടെയെങ്കിലും മുന്നോക്ക സമുദായങ്ങളിലെ പാവപ്പെട്ടവർക്ക് സംവരണം കൊടുക്കണമെന്ന് ശിപാർശ ചെയ്യാൻപോലും ഈ കമ്മീഷന് അധികാരമില്ല. മുന്നോക്ക വിഭാഗങ്ങളെ കണ്ടെത്താൻ ലിസ്റ്റ് തയ്യാറാക്കുക, ക്ഷേമ കാര്യങ്ങൾ ശിപാർശ ചെയ്യുക, സർക്കാരിനെ ഉപദേശിക്കുക, സംസ്ഥാനത്ത് ഈ വിഭാഗത്തിനുണ്ടാകുന്ന പുരോഗതി വിലയിരുത്തുക, യുക്തമെന്ന് സർക്കാരിന് തോന്നുന്ന റിപ്പോർട്ട് കൊടുക്കുക, മുന്നോക്ക വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പ്രശ്നങ്ങൾ വിശകലനം ചെയ്യുക, അനുയോജ്യമായ നടപടികൾ സ്വീകരിക്കുക, പ്രത്യേകമായ റിപ്പോർട്ട് കൊടുക്കുക, ഇതല്ലാതെ ഇതിനകത്ത് വേറൊന്നുമില്ല. യഥാർത്ഥത്തിൽ, നിയമസഭാ തെരഞ്ഞെടുപ്പ് വരാൻ പോകുന്ന സാഹചര്യത്തിൽ മുന്നോക്ക വിഭാഗക്കാർക്ക് പുതിയതായി എന്തോ ഒരു മല ഇവിടെ ഉണ്ടാക്കാൻ പോകുന്നുവെന്ന ഒരു തെറ്റിദ്ധാരണ ഉണ്ടാക്കുന്നതിനപ്പുറം ഇത് മുന്നോക്കക്കാരിലുള്ള ഏതെങ്കിലും ഒരാൾക്ക്, മുന്നോക്കക്കാർക്കുവേണ്ടിയുള്ള കോർപ്പറേഷന് ചെയ്യാൻ പറ്റുന്നതിനപ്പുറം എന്തെങ്കിലും ഒരു കാര്യം ഈ

നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊള്ളുന്ന കമ്മീഷന് ചെയ്യാൻ പറ്റില്ല. അതുകൊണ്ട് ഇത് വെറുമൊരു രാഷ്ട്രീയ മിമിക് ആണ്. ഇത് യഥാർത്ഥത്തിൽ ഈ വിഭാഗത്തിന് ഒരു ഗുണവും ചെയ്യില്ല. മാത്രമല്ല, ഞങ്ങളെല്ലാം ഇവിടെ അവതരിപ്പിച്ച ഒരു ഭേദഗതിയുണ്ട്, മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവരുടെ ക്ഷേമത്തിനുവേണ്ടിയുള്ള ഒരു കമ്മീഷൻ എന്നുപറഞ്ഞാൽ ആ പേരിലെങ്കിലും ഒരു ഫീലിംഗ് ഉണ്ടാകും. അതുപോലും അംഗീകരിച്ചില്ല. അതുകൊണ്ട് ഈ ബിൽ പാസ്സാക്കുന്നതിൽ അതിശക്തമായ വിയോജിപ്പാണ് എനിക്കുള്ളത്.

മി. സ്പീക്കർ: 2015-ലെ മുന്നോക്ക വിഭാഗങ്ങൾക്കുവേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ ..........

പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സായി.

ഇന്നത്തെ കാര്യപരിപാടി അനുസരിച്ച് ഇനിയും ഒരു ബിൽ കൂടിയുണ്ട്. സമയം ഇത്രയും ആയതുകൊണ്ട് ആ ബിൽ നാളത്തേയ്ക്ക് മാറ്റണമെന്ന് പൊതുവായ ഒരഭിപ്രായം ഇരുഭാഗത്തുനിന്നും വന്നിട്ടുണ്ട്. അതുകൊണ്ട് ഇന്ന് ഉൾപ്പെടുത്തിയിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ സഭയുടെ പൊതുവായ അഭിപ്രായം പരിഗണിച്ച് നാളത്തേയ്ക്ക് മാറ്റുകയാണ്. നാളത്തെ ആദ്യ ബില്ലായി ഇത് പരിഗണനയ്ക്കെടുക്കുന്നതാണ്.

ഓർഡർ, ഓർഡർ, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 17-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 08.53-ന് പിരിഞ്ഞു.)

**********